# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


### വാല്യം 1

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

### വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

### വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

### വാല്യം 4

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ

### വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

### വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

### വാല്യം 7

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

### വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്

### വാല്യം 9

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

### വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

### വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

### വാല്യം 12

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ

**വാല്യം 13**

### ഓച്ചിറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

**വാല്യം 14**

### കരുനാഗപ്പള്ളി ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

**വാല്യം 15**

### ശാസ്താംകോട്ട ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

**വാല്യം 16**

### വെട്ടിക്കവല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

**വാല്യം 17**

### പത്തനാപുരം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി

**വാല്യം 18**

### അഞ്ചൽ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

**വാല്യം 19**

### കൊട്ടാരക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

**വാല്യം 20**

### ചിറ്റുമല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

**വാല്യം 21**

### ചവറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

**വാല്യം 22**

### അഞ്ചാലുംമൂട് ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ

**വാല്യം 23**

### മുഖത്തല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

**വാല്യം 24**

### ഇത്തിക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

**വാല്യം 25**

### ചടയമംഗലം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

**വാല്യം 26**

### മല്ലപ്പള്ളി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

**വാല്യം 27**

### പുളിക്കീഴ് ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

## വാല്യം 57

### കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

## വാല്യം 58

### അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

## വാല്യം 59

### ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

## വാല്യം 60

### നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

## വാല്യം 61

### ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

## വാല്യം 62

### ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

## വാല്യം 63

### കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

## വാല്യം 64

### തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

## വാല്യം 65

### അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

## വാല്യം 66

### പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

## വാല്യം 67

### ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

## വാല്യം 68

### അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

## വാല്യം 69

### കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

## വാല്യം 70

### വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

## വാല്യം 71

### ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

### വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

### വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

### വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

### വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

### വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

### വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

### വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

### വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

### വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

### വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

### വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

### വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

### വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

**വാല്യം 85**

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പൂത്തൂർ
7. വിൽവട്ടം

**വാല്യം 86**

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

**വാല്യം 87**

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

**വാല്യം 88**

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

**വാല്യം 89**

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

**വാല്യം 90**

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

**വാല്യം 91**

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

**വാല്യം 92**

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

**വാല്യം 93**

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

**വാല്യം 94**

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

**വാല്യം 95**

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

**വാല്യം 96**

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

**വാല്യം 97**

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

**വാല്യം 98**

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

**വാല്യം 99**

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

### വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

### വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

### വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

### വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

### വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി

### വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്.

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

### വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

### വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

### വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

### വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി

### വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

### വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

### വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

### വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

## വാല്യം 128

### തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

## വാല്യം 129

### മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

## വാല്യം 130

### പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

## വാല്യം 131

### ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പനങ്ങാട്
8. കൂരാച്ചുണ്ട്

## വാല്യം 132

### പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

## വാല്യം 133

### ചേളന്നൂർ ബ്ലോക്ക് .

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

## വാല്യം 134

### കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

## വാല്യം 135

### കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

## വാല്യം 136

### കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

## വാല്യം 137

### മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

## വാല്യം 138

### സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

## വാല്യം 139

### കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

## വാല്യം 140

### പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന

# നഗരസഭകൾ

| വാല്യം 153 |
|---|

## തിരുവനന്തപുരം ജില്ല
1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

| വാല്യം 154 |
|---|

## കൊല്ലം ജില്ല
1. കൊല്ലം
2. പുനലൂർ
3. പരവൂർ

| വാല്യം 155 |
|---|

## പത്തനതിട്ട ജില്ല
1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

| വാല്യം 156 |
|---|

## ആലപ്പുഴ ജില്ല
1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

| വാല്യം 157 |
|---|

## കോട്ടയം ജില്ല
1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

| വാല്യം 158 |
|---|

## ഇടുക്കി ജില്ല
1. തൊടുപുഴ

| വാല്യം 159 |
|---|

## എറണാകുളം ജില്ല
1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

| വാല്യം 160 |
|---|

## തൃശ്ശൂർ ജില്ല
1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

| വാല്യം 161 |
|---|

## പാലക്കാട് ജില്ല
1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

| വാല്യം 162 |
|---|

## മലപ്പുറം ജില്ല
1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

| വാല്യം 163 |
|---|

## കോഴിക്കോട് ജില്ല
1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

| വാല്യം 164 |
|---|

## വയനാട് ജില്ല
1. കൽപ്പറ്റ

| വാല്യം 165 |
|---|

## കണ്ണൂർ ജില്ല
1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

| വാല്യം 166 |
|---|

## കാസർഗോഡ് ജില്ല
1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# പുറത്തൂർ ഗ്രാമപഞ്ചായത്ത്


നകീയാസൂത്രണം

## മഗ്ര വികസന രേഖ



16

# പുറത്തൂർ ഗ്രാമപഞ്ചായത്ത്



17

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

## പുറത്തൂർ ഗ്രാമപഞ്ചായത്ത്

# വികസനരേഖ

വികസന സെമിനാർ

പുറത്തൂർ ഗവ. ഹൈസ്ക്കൂൾ

# ഡി. ആർ. പി. മാർ



എം. ഹുസ്സൈൻ മാസ്റ്റർ
കൺവീനർ



കെ. ഗോപി



സി.എം. പുരുഷോത്തമൻ



കെ.വി. സുധാകരൻ



കെ.കെ.മുഹമ്മദലിഹാജി



വി. അസ്കറലി



എം.പി. ഹംസ മാസ്റ്റർ



പി. മുഹമ്മദ് അയ്യൂബ്



വി. വി. മണികണ്ഠൻ



പി. മുഹമ്മദ് കുട്ടി
(കുഞ്ഞാൻബാവ)

## പുറത്തൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി



**എൻ. പി. എ. റഹിം**
പ്രസിഡണ്ട്



സെക്രട്ടറി



**രാമനുണ്ണി**
വൈസ്പ്രസിഡന്റ്



**പി. രാധാകൃഷ്ണൻ**
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ

## മെമ്പർമാർ


അബ്ദുള്ളകുട്ടി


ഇബ്രാഹിംകുട്ടി


ജയലളിത


കെ.സി. ബാവ


സി.എച്ച്.ബാലകൃഷ്ണൻ


കദീജ


പി.പി. കോയ


ചന്ദ്രിക


മീരാഭായി


ഫാത്തിമ

1. ആമുഖം ..... 1

2. പഞ്ചായത്ത് പൊതുവിവരം ..... 5

3. സാമൂഹിക-സാംസ്കാരിക ചരിത്രം ..... 6

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം ..... 15

5. സാമൂഹിക-സാമ്പത്തിക മേഖലകൾ ..... 17

5-1. കൃഷിയും ജലസേചനവും ..... 18

5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും ..... 27

5-3 വ്യവസായം ..... 41

5-4 വിദ്യാഭ്യാസം ..... 47

5-5 കുടിവെള്ളവും പൊതുജന ആരോഗ്യവും ..... 56

5-6 ഗതാഗതം, ഊർജ്ജം, മാർക്കെറ്റിംഗ് ..... 65

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും ..... 78

5-8 സംസ്കാരം ..... 85

5-9 വനിത ..... 89

5-10 സഹകരണം ..... 94

5-11 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം ..... 101

5-12 വിഭവ സമാഹരണം ..... 104

6. ഉപസംഹാരം ..... 107

7. അനുബന്ധങ്ങൾ ..... 109

7-1 വികസനരേഖ പിന്നിട്ട പാതകൾ ..... 109

7-2 നവമ്പർ ഒന്നിന്റെ സന്നദ്ധ പ്രവർത്തനങ്ങൾ ..... 110

22

## ഡി. ആർ. പി. മാർ

1. ..................... എം. ഹുസൈൻ മാസ്റ്റർ (കൺവീനർ)
2. ............................................... കെ. ഗോപിനാഥ്
3. ............................................... വി. അഷ്കർ അലി
4. ............................................... കെ.വി.സുധാകരൻ
5. ..................................... സി. എം. പുരുഷോത്തമൻ
6. ............................................... വി.വി.മണികണ്ഠൻ
7. ............................................... കെ.കെ.മുഹമ്മദലി
8. ............................................... എം.പി. ഹംസ
9. ..................................... പി.കെ.മുഹമ്മദ് അയ്യൂബ്
10. ............................................... പി. മുഹമ്മദ് കുട്ടി

## ഓഫീസ് നിർവ്വഹണം

.................. ഇ. എൻ. ചന്ദ്രൻകുട്ടി (സ്റ്റാറ്റിസ്റ്റിക്സ)
................ പി.കെ.ദിവാകരൻ(പഞ്ചായത്ത് ഓഫീസ്)
.......................................... കുഞ്ഞുമോൾ എൻ. എൻ.

## ഡി. ടി. പി. ലേ ഔട്ട്


കേരളാ ഓഡിയോ വിഷ്വൽ ആന്റ്
റിപ്രോഗ്രാഫിക് സെന്റർ,
മൂല്ലശ്ശേരി ബിൽഡിംഗ്
തിരൂർ - 1.

**പ്രിന്റിംഗ്**

PRAHELIKA PRINTING PRESS
B.P. ANGADI, TIRUR-676 102
Phone: 24173

ആർട്ട്: വിജയൻ ചേലാട്ട്

1

# ആമുഖം

## A. നമ്മുടെ പഞ്ചായത്ത്.

പടിഞ്ഞാറ് അറബിക്കടലിന്റെയും തെക്ക് ഭാരതപ്പുഴയുടേയും ഓളങ്ങളുടെ തലയോടലേറ്റും, കിഴക്ക് തൃപ്രംങ്ങോട് പഞ്ചായത്തും വടക്ക് വെട്ടം പഞ്ചായത്തും അതിർത്തികളായി 24.8 Sq. KM വിസ്തീർണ്ണ മുള്ളതാണ് നമ്മുടെ പഞ്ചായത്ത്.

ഇതിൽ 13 വാർഡുകളാണുള്ളത്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് തിരൂർ-പൊന്നാനി പുഴയാൽ വേർതിരിക്കപ്പെട്ടതാണ് 10, 13 വാർഡുകൾ. ഈ വാർഡുകളുടെ പടിഞ്ഞാറു ഭാഗത്ത് അറബികടലും കിഴക്ക് തിരൂർ-പൊന്നാനി പുഴയും തെക്ക് അഴിമുഖവും ആയതിനാൽ ഈ പ്രദേശം ഒരു ഉപദ്വീപായി കാണേണ്ടതാണ്. പ്രകൃതി രമണീയമാണ് ഈ പ്രദേശം. തെക്ക് ഭാഗത്തായി തിരൂർ-പൊന്നാനി പുഴ ഭാരതപുഴയുമായി ചേർന്ന് അറബികടലിൽ പതിക്കുന്ന അഴിമുഖതീരത്ത് ചില സായംസന്ധ്യകളിൽ പടിഞ്ഞാറെ ചക്രവാളത്തിലെ സൂര്യാസ്തമയവും, അതോടൊപ്പമുള്ള ചന്ദ്രോദയവും ഇതിന്ന് മാറ്റ് കൂട്ടുന്നതരത്തിലുള്ള പൊന്നാനി തുറമുഖത്തെ ലൈറ്റ് ഹൗസിന്റെ ഒളിമിന്നലും ആരെയും ആകർഷിക്കുന്നതാണ്.

പഞ്ചായത്തിൽ ആകെ 7857 കെട്ടിടങ്ങളും 14 പൊതുകിണറുകളും, 2 പൊതുകുളങ്ങളും 4 കടത്തുകളും ആണ് നിലവിലുള്ളത്. (പട്ടിക (1.3),(1.4), (1–14a) എന്നിവ ശ്രദ്ധിക്കുക).

### 1.3 കടത്ത് സംബന്ധിച്ച വിവരങ്ങൾ

Ref: A II, Annexure I, XVIII.

| കടത്തിന്റെ പേര് | കടത്തിൽ നിന്നുള്ള വരുമാനം (വർഷത്തിൽ) | മറ്റു വിവരങ്ങൾ |
|---|---|---|
| 1. ഗോമുഖം തെക്കെ കടവ് | 5700.00 | - |
| 2. നായർ തോട്ട കടവ് | 9580.00 | - |
| 3. മുട്ടന്നൂർ ബോട്ടു ജട്ടി കടവ് | 210.00 | - |
| 4. കുറ്റിക്കാട്ടു കടവ് | 230.00 | - |

(ലേല തുകക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും)

## 1.4 കുളങ്ങളെയും കിണറുകളെയും സംബന്ധിച്ച വിവരങ്ങൾ

### കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണത്തിനനുസരിച്ച് - സെന്റിൽ)

| വാർഡ് | 10 സെന്റിന് താഴെ | 10–20 | 20–30 | 30–40 | 40–50 | 50 സെന്റിന് മുകളിൽ | കിണറുകൾ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | – | – | – | – | – | – | 1 |
| 2 | – | – | – | – | – | – | – |
| 3 | – | – | – | – | – | – | 1 |
| 4 | – | – | – | – | – | – | – |
| 5 | – | – | – | – | – | – | – |
| 6 | – | – | – | – | – | – | 3 |
| 7 | – | – | – | – | – | – | 2 |
| 8 | – | – | – | – | – | – | 1 |
| 9 | – | – | – | – | – | – | 1 |
| 10 | – | – | – | – | – | – | 3 |
| 11 | – | – | – | – | – | – | 1 |
| 12 | – | 1 | – | – | – | – | 1 |
| 13 | – | 1 | – | – | – | – | – |
| ആകെ എണ്ണം | – | 2 | – | – | – | – | 14 |

## 1.14(a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ ( 1995 –1996)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ളത് | മേൽക്കൂരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | മറ്റുള്ളവ | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | | |
| 1 | 958 | – | 199 | 322 | 436 | 1 | |
| 2 | 758 | – | 74 | 202 | 482 | – | |
| 3 | 386 | – | 55 | 202 | 129 | – | |
| 4 | 385 | – | 44 | 152 | 189 | – | |
| 5 | 856 | – | 135 | 289 | 432 | – | JRY - 1 |
| 6 | 599 | – | 76 | 142 | 381 | – | JRY Hari.Wlfr. - 3 |
| 7 | 563 | – | 139 | 208 | 215 | 1 | |
| 8 | 967 | – | 241 | 334 | 392 | – | JRY - 3 |
| 9 | 722 | – | 130 | 290 | 301 | 1 | JRY - 1 |
| 10 | 1036 | – | 104 | 213 | 717 | 2 | |
| 11 | 627 | – | 81 | 301 | 245 | – | മറ്റു ഡിപ്പാർട്ട്മെന്റ് - 3 |
| 12 | പതുതായി നിലവിൽ വന്ന വാർഡുകളായതിനാൽ XII, XIII വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ | | | | | | |
| 13 | XI വാർഡ് വരെയുള്ളതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | | | | | | |
| ആകെ | 7857 | – | 1278 | 2655 | 3919 | 5 | 11 |

## B. വികസന പശ്ചാത്തലം

നമ്മുടെ പഞ്ചവത്സര പദ്ധതികൾക്ക് നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നേടാൻ കഴിയാതെ വരുന്നതിന്റെ ഒരു പ്രധാന കാരണമായി വിദഗ്ദ്ധർ ചൂണ്ടികാണിക്കുന്നത് ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള ജനപങ്കാളിത്തത്തിന്റെ അഭാവമാണ് എന്നാണ്. പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചതോടൊപ്പംതന്നെ ഈ പ്രശ്നവും സജ്ജീവമായി പരിഗണിക്കപ്പെട്ടിരിക്കുന്നു. ഇതിന് വേണ്ടി ഒട്ടേറെ കമ്മീഷനുകളെ നിയോഗിക്കുകയും റിപ്പോർട്ടുകൾ പസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

വികസനത്തെകുറിച്ച് ജനങ്ങൽ കൂടുതൽ അറിയുകയും പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്തെങ്കിൽ മാത്രമേ ആസൂത്രണ പ്രക്രിയ ജനകീയവൽകരിക്കാൻ കഴിയു. ജനാധിപത്യത്തിന്റെ അടിസ്ഥാനം തന്നെ ഭരണ പ്രക്രിയയിലെ ജനപങ്കാളിത്തമാണ്. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതി ലൂടെ ജനാധിപത്യം കൂടുതൽ ശക്തവും അർത്ഥപൂർണ്ണ വുമായിത്തീരും.

ഈ ആശയത്തിൽ നിന്നാണ് പഞ്ചായത്ത്രാജ് സംവിധാനത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങിയത്. ഏതാനും സംസ്ഥാനങ്ങളിൽ മാത്രമേ ഈ സംവിധാനം വിജയകരമായി നടപ്പാക്കിയുള്ളൂ.

"ഗ്രാമ സ്വരാജി" ലൂടെ ജനങ്ങളുടെ സർഗ്ഗാത്മശേഷി കെട്ടഴിച്ചു വിടുകയും രാഷ്ട്ര പുനർനിർമ്മാണത്തിൽ അവരുടെ പങ്കാളിത്തവും ഉത്തരവാദിത്വവും വർദ്ധിപ്പിച്ചുകൊണ്ട് വികസ്വരമായ ഒരു സ്വതന്ത്ര ഇന്ത്യ കെട്ടിപ്പടുക്കുവാൻ കഴിയുമെന്ന് സ്വാതന്ത്ര്യ സമരകാലത്ത് ഗാന്ധിജിയും നെഹ്റുവുമടക്കം പലരും ഊഹിച്ചിരുന്നു. എന്നാൽ സംഭവിച്ചത് മറ്റൊന്നായിരുന്നു.

ഇപ്പോൾ കേരളത്തിൽ, ഭരണഘടനയുടെ 73-74 ഭേദഗതികളിലൂടെ ഒരു പുതിയ സംവിധാനത്തിൽ രൂപീകരിക്കപ്പെട്ട പഞ്ചായത്ത് സമിതികൾ ഇന്ത്യൻ ഭരണക്രമത്തിന്റെ അവിഭാജ്യ ഘടകങ്ങളായി മാറിയിരിക്കുന്നു. സ്ത്രീകൾക്ക് മൂന്നിലൊന്നും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക സംവരണവും ഏർപ്പെടുത്തി എന്നത് മാത്രമല്ല 29 വിഷയങ്ങളിലായി അധികാരങ്ങൾ പഞ്ചായത്തുകൾക്ക് നൽകിയതും ഈ ഭേദഗതികളുടെ പ്രത്യേകതകളാണ്.

ഈ പശ്ചാതലത്തിൽ 1996 ജൂലായ് 14 ന് ചേർന്ന സംസ്ഥാന പ്ലാനിംഗ് സമിതിയാണ് ജനകീയ ആസൂത്രണത്തിന് തിരശ്ശീല ഉയർത്തിയത്. ഇതോടുകൂടി അധികാരങ്ങൽ മുകളിൽ നിന്നും കീഴോട്ടൊഴുകി. അതോട് കൂടി ജനകീയ ആവശ്യങ്ങളിൽ തീരുമാനം എടുക്കാനും നടപ്പിലാക്കുവാനും സാധാരണ ജനങ്ങൾക്ക് അവസരം ലഭിക്കുകയാണ്. അങ്ങനെയാണ് 9-ാം പദ്ധതിയുടെ ആസൂത്രണം ജനകീയ വൽക്കരിക്കപ്പെട്ടത്. ഇതിന്റെ നടത്തിപ്പിന്നായി സാധാരണക്കാർക്ക് ആവേശവും ഉണർവ്വും നൽകാൻ സംസ്ഥാന ആസൂത്രണ ബോർഡും തൊട്ട് താഴെ ജില്ലാ ആസൂത്രണ സമിതിയും ഇണർന്ന് പ്രവർത്തിക്കാൻ തുടങ്ങി. പഞ്ചായത്തുകൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരം 175-ാം വകുപ്പിലെ 1,2,3 ഉപ വകുപ്പുകൾ പ്രകാരം ലഭിച്ചു.

1996 സപ്തംബർ 11,12,13 തിയതികളിൽ നടന്ന ജില്ലാതല റിസോഴ്സ് ഗ്രൂപ്പിന്നുള്ള പരിശീലന പരിപാടികൾക്ക് ശേഷമാണ് പുറത്തൂർ ഗ്രാമ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി പഞ്ചായത്തിൽ നടന്ന വിശേഷാൽ ഗ്രാമ സഭകൾ 13 വാർഡിലും ആവേശം തിരതല്ലുന്ന തരത്തിൽ തങ്ങളുടെ ആവശ്യങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്ന കാര്യത്തിൽ ഒന്നിനൊന്ന് മെച്ചപ്പെട്ടതായിരുന്നു. 1996 സെപ്തംബർ 21 മുതൽ ഒക്ടോബർ രണ്ടു വരെയുള്ള ദിവസങ്ങളിൽ ആണ് ഗ്രാമസഭകൾ നടന്നത്. ആസൂത്രണ പ്രക്രിയകളിൽ പഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും ഡി. ആർ. പി മാരും സജ്ജീവമായിത്തന്നെ രംഗത്തുണ്ട്. അവരെ സഹായിക്കാൻ ഒരു രണ്ടാം നിരയായി വളരെയധികം പ്രവർത്തകർ ഓരോ വാർഡിലുമുണ്ട്. നവംബർ ഒന്നിൻെറ പുനരർപ്പണ ദിനത്തിൽ എല്ലാവാർഡിലും ഒന്നും രണ്ടും സന്നദ്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ഇതിൻെറ ഉൽഘാടനം 8-ാം വാർഡിൽ പ്രായംചെന്ന പട്ടികജാതി കർഷകത്തൊഴിലാളിയായ ശ്രീ. കുഞ്ഞാമി ആയിരുന്നു. സന്നദ്ധ പ്രവർത്തനങ്ങളുടെ വാർഡു തിരിച്ച പട്ടിക അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്.

തുടർന്ന് ഈ സെമിനാർ നടക്കുന്നതുവരെയുള്ള ദിവസങ്ങളിൽ വളരെ ചിട്ടയോടെയുള്ള പ്രവർത്തനവുമായാണ് മുന്നേറിയത്. പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.

17-9-96 ന് പുറത്തൂർ ഗവ.ഹൈസ്ക്കൂളിൽ നടന്ന ഒന്നാം ഘട്ട എൽ. ആർ. പി. ക്യാമ്പിൽ 100 പേരും, 3-11-96 ന് നടന്ന രണ്ടാംഘട്ട ക്യാമ്പിൽ 115 പേരും പങ്കെടുക്കുകയുണ്ടായി. 1996 നവംബർ 4ൻെറ പഞ്ചായത്തു പഠന പര്യടനത്തിൽ 27 പേർ പങ്കെടുക്കുകയുണ്ടായി. തിരൂർ-പൊന്നാനി പുഴയാൽ വേർതിരിക്കപ്പെട്ട പ്രദേശമായ 10,13 വാർഡുകൾ ഒഴികെ മറ്റു 11 വാർഡുകളും സന്ദർശിച്ചുകൊണ്ട് ഒറ്റദിവസത്തിലാണ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പഠന പര്യടനം പൂർത്തിയാക്കിയത്. നവംബർ 5നു നടന്ന ഏകദിന കുടുംബ സർവ്വേയും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എടുത്തുപറയാവുന്നവയാണ്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങൾക്ക്, നിർദ്ദേശിക്കപ്പെട്ട മാർഗ്ഗങ്ങളിലൂടെ 9-ാം പഞ്ചവത്സര പദ്ധതിയുടെ നടപ്പുകാലഘട്ടത്തിൽ പരിഹാരം കണ്ടെത്തുന്നതിന് ഈ സെമിനാറിൽ നിന്നും രൂപീകരിക്കുന്ന ടാസ്ക് ഫോർസുകളുടെ സഹായ ത്തോടെ പദ്ധതികളും സ്കീമുകളും ഉണ്ടാക്കി വിജയിപ്പിക്കുന്നതിന് കക്ഷിഭേദം കൂടാതെ ഒരു വികസന രാഷ്ട്രീയത്തിന്റെ വാക്താക്കളായി തോളോടു തോൾ ചേർന്ന് നമുക്ക് മുന്നേറാം.

2

# പഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പുറത്തൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മംഗലം, പുറത്തൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | തിരൂർ |
| താലൂക്ക് | : | തിരൂർ |
| അസംബ്ലി മണ്ഡലം | : | തിരൂർ |
| പാർലമെന്റ് മണ്ഡലം | : | പൊന്നാനി |
| വിസ്തീർണ്ണം | : | 24.8 Sq.Km. |
| വാർഡുകൾ | : | 13 |
| അതിരുകൾ | | |
| വടക്ക് | : | വെട്ടം പഞ്ചായത്ത് |
| തെക്ക്. | : | ഭാരതപ്പുഴ |
| പടിഞ്ഞാറ്. | : | അറബിക്കടൽ |
| കിഴക്ക്. | : | തൃപ്രംങ്ങോട് പഞ്ചായത്ത്. |
| ജനസംഖ്യ | | |
| പുരുഷന്മാർ | : | 21110 |
| സ്ത്രീകൾ | : | 21435 |
| ആകെ | : | 42545 |
| ആകെ കെട്ടിടങ്ങൾ | | |
| വീടുകൾ | : | 6044 |
| ഓല | : | 3408 |
| ഓട് | : | 2059 |
| കോൺക്രീറ്റ് | : | 577 |
| പീടികകൾ, പൊതുസ്ഥാപനങ്ങൾ etc | : | 1813 |
| ആകെ | : | 7857 |
| പ്രസിഡന്റിന്റെ പേര് | : | എൻ.പി. അബ്ദുറഹീം. |
| വൈസ്. പ്രസിഡന്റിന്റെ പേര് | : | സി.എം. രാമനുണ്ണി. |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | പി. രാധാകൃഷ്ണൻ. |

3

# പുറത്തൂരിന്റെ രാഷ്ട്രീയ സാംസ്കാരിക ചരിത്രം

പുറത്തൂരിനെ സംബന്ധിച്ച് അതിന് ഒരു നീണ്ട രാഷ്ട്രീയ സാംസ്കാരിക ചരിത്രപശ്ചാത്തലം അവകാശപ്പെടാനില്ല. പടിഞ്ഞാറ് ഭാഗത്തുള്ള നീണ്ട കടപ്പുറവും തെക്കൻ പ്രദേശങ്ങളിലൂടെ ഒഴുകി അഴിമുഖത്തു ചേരുന്ന ഭാരതപ്പുഴയും അതിന്റെ കൈവഴിയായ തിരൂർ-പൊന്നാനി പുഴയുമൊക്കെ ഇവിടത്തെ ഗ്രാമീണ സംസ്കാരത്തെ ഒരു പരിധി വരെ സ്വാധീനിച്ചിട്ടുണ്ട്. ടിപ്പുസുൽത്താന്റെ പടയോട്ടകാലത്ത് പൊന്നാനിയിലേക്കുള്ള പാത ഒരുക്കിയതാകാം കടപ്പുറത്തുകൂടി ഒരു റോഡ് വളരെ മുമ്പെ കാണുന്നുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങളോ മറ്റോ കണ്ടെത്താൻ കഴിയുന്നില്ല. സിംഹാസനങ്ങളും കിരീടങ്ങളും രാജ്യം ഭരിച്ചിരുന്ന കാലത്ത് ഓരോ പ്രദേശവും ഓരോ രാജാവിന്റെയോ അതല്ലെങ്കിൽ നാട്ടുരാജാക്കന്മാരു ടേയോ കീഴിലായിരുന്നു. എന്നാൽ ഈ കടലോരഗ്രാമം ഏതു നാട്ടുരാജാവിന്റെ കീഴിലാണെന്ന് ഒരു കാലഘട്ടത്തിൽ വ്യക്തമാക്ക പ്പെട്ടിരുന്നില്ലത്രേ. ഒന്നിലും പെടാത്ത ആർക്കും പ്രത്യേകിച്ച് ഭരണനിയന്ത്രണമില്ലാതിരുന്ന, വിഭവ സമൃദ്ധമല്ലായിരുന്ന ഈ ദരിദ്രഗ്രാമം പുറത്തുള്ള ഒരു "ഊര്" എന്ന നിലക്ക് അറിയപ്പെട്ടു. ഇത് ലോപിച്ച് പുറത്തൂരായി മാറി. അത്തരത്തിലുള്ള ഒരു പ്രദേശമാണ് ഇന്നത്തെ നമ്മുടെ പുറത്തൂർ.

കാവിലക്കാട്, മൂട്ടനൂർ, എടക്കനാട്, തൃത്തല്ലൂർ എന്നീ സ്ഥലങ്ങൾ ഉൾപ്പെട്ട പ്രദേശം "മാർത്തുംകാട്" എന്നാണ് അടുത്ത കാലം വരെ അറിയപ്പെട്ടിരുന്നത്. ഇവിടങ്ങളിലൊക്കെ ഓലമേഞ്ഞതും ഓലകൊണ്ട് മറച്ചിരിന്നതുമായ ചെറ്റ കുടിലുകളാണത്രേ സർവത്ര ഉണ്ടായിരുന്നത്. ഓടിട്ട വീടുകൾ വളരെ അപൂർവമായിരിന്നു. ഭവനനിർമ്മാണ സാധനങ്ങൾ എത്തിക്കാനുള്ള ഗതാഗത സൗകര്യമില്ലായ്മയും ജനങ്ങളുടെ ദാരിദ്ര്യവു മാണ് ഇതിന് കാരണം. ഓലപ്പുരകളെ മാടങ്ങൾ എന്നാണ് വിളിച്ചുപോന്നി രുന്നതത്രേ. മാടങ്ങളുടെ കൂട്ടം എന്ന അർത്ഥത്തിലാണ് ഈ പ്രദേശം മാടത്തുംകാട് എന്നറിയപ്പെട്ടതും പിന്നീടത് ലോപിച്ച് "മാർത്തുംകാട്" ആയതും. ഗതാഗത സൗകര്യം തീരെ കുറവായിരുന്നു. ജല ഗതാഗതത്തെയാണ് പണ്ടുകാലത്ത് ആശ്രയിച്ചത്. ഈ അടുത്തകാലം വരെയും ബസ് യാത്രക്ക് ഈ പ്രദേശത്തുള്ളവർ ചമ്രവട്ടം വരെയും പെരുന്തല്ലൂർ

ആലത്തൂർ വരെയും നടന്ന് പോയിരുന്നത് ഇപ്പോഴത്തെ തലമുറ യുടെയും അനുഭവമാണല്ലോ. തിരൂരിലേക്കും പൊന്നാനിയി ലേക്കും ഉണ്ടായിരുന്ന ബോട്ടു സർവ്വീസും അടുത്തകാലത്താണല്ലോ നിലച്ചത്.

ദിവാൻഭരണവും രാജഭരണവും അവയുടെയൊക്കെ പ്രതാപങ്ങളും അനുഭവി ച്ചറിഞ്ഞവരാണ് നമ്മുടെ മുൻതലമുറ അവരെയൊക്കെ അടക്കി ഭരിക്കുകയായിരുന്നു അന്നത്തെ രാജഭരണം. കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടായിരുന്നവർ അതുപയോഗിച്ച് മനുഷ്യനെ അടിമകളാക്കുകയായിരുന്നു അന്നൊക്കെ. രാജഭരണത്തിന്റെ അവസാന കാലഘട്ടത്തിൽ സാമൂതിരിക്ക് കീഴിൽ തന്നെ പ്രാദേശിക ഭരണം നടത്തുന്ന രാജാക്കന്മാരുണ്ടായിരുന്നു. പുറത്തൂരും ഇത്പോലുള്ള എട്ട് പ്രദേശങ്ങളും (എട്ട് ദേശങ്ങൾ) വെട്ടത്തുരാജാവിന്റെ കീഴിലായിരുന്നു. വെട്ടത്തുരാജാവ് പൊതുവെ മഹാമനസ്കനും നല്ല ഭരണാധികാരിയും ആയിരുന്നുവെന്ന് പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ അന്ത്യനാളുകൾക്ക് അൽപ്പം മുമ്പ് കേരളാധീശ്വര പുരത്തുകാരനായ ഒരു യുവരാജാവിന് തന്റെ മകളെ വിവാഹം ചെയ്തുകൊടുത്തുവെന്നും അതിൽ പിന്നെ മകളുടെ ഭർത്താവും കേരളധീശ്വരത്തു കാരനുമായ ഈ യുവരാജാവാണ് വെട്ടത്തുനാട് ഭരിച്ചെതെന്നുമാണ് ചരിത്രം. ഇദ്ദേഹം പ്രജകളോട് പരുഷമായ സമീപനമായിരുന്നുവത്രെ. ഭരണത്തിന് ചില പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് ഏതാനും അധികാരങ്ങൾ അതാത് പ്രദേശത്തുള്ളവർക്ക് നൽകിയത്രെ. ഇക്കാലത്ത് ''മാർത്തുംകാട്'' പ്രദേശത്ത് നായന്മാരുൾപ്പെടെയുള്ള സവർണ്ണർ കുറവായിരുന്നുവത്രെ. ഈ പ്രദേശത്തുണ്ടായിരുന്ന നായർ കുടുംബത്തെ സ്വാധീനിക്കാനായി ഭരണപരമായ ചില അധികാരങ്ങൾ അവർക്ക് നൽകിയതായി പറയപ്പെടുന്നു. ഇവരുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിന് ഭൂസ്വത്തുക്കൾ നൽകിയും വരുമാനമാർഗ്ഗങ്ങൾ ഉപദേശിക്കുകയും ചെയ്തു. രാജാവിന്റെ വിശ്വസ്തത നേടാൻ നായർ കുടുംബം നടത്തിയ ശ്രമങ്ങൾ ഒട്ടൊക്കെ വിജയിക്കുകയും രാജാവിന്റെ കീഴിൽ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആ പ്രദേശത്തെ നാടുവാഴി സ്ഥാനം ഈ നായർ കുടുംബത്തിന്ന് നൽകുകയും ചെയ്തു. മാടങ്ങളുടെ നാട്ടിൽ അവക്ക് കീഴിൽ അധികാരങ്ങൾ കയ്യാളാൻ ഒരു നാടു വാഴി ഉണ്ടായി. മരുമക്കത്തായ സമ്പ്രദായ പ്രകാരം കാരണവരായ ആണുങ്ങളായിരിക്കും നാടുവാഴിയെന്നും നിശ്ചയിച്ചു. അങ്ങിനെ മാടങ്ങളുടെ നാട്ടിലെ സ്ഥാനിനായർ മാടത്തും കീഴിൽ മൂപ്പിൽ നായരായി മാറി. ഭിന്നിപ്പിച്ച് ഭരിക്കുകയെന്ന ഭരണതന്ത്രം വെട്ടത്ത് രാജാവും പ്രയോഗത്തിൽ വരുത്തി. ഇതേ കുടുംബത്തിലെ ഏതാനും പേരെ നിസ്സാര കാരണം പറഞ്ഞ് ''ഭ്രഷ്ട്'' കൽപിച്ച് നീക്കി നിർത്തി. മുൻപെയുള്ള കുടുംബ വൈരാഗ്യം കാരണമാണത്രേ. ഈ നടപടിയിൽ കുടുംബത്തിലെ മറുഭാഗം രാജാവിനൊപ്പം നിന്നു. നാടുവാഴി നായർ കുടുംബത്തിന്റെ അംഗസംഖ്യ ചുരുക്കി വരുമാനം മറ്റുള്ളവർക്ക് മാത്രം കിട്ടാൻ കൂടിയാണ് കുടുംബം ചെറുതാക്കാനുള്ള ഈ നടപടി ഉണ്ടായതത്രേ. മാത്രമല്ല ഈ കുടുംബത്തിലെ ആണുങ്ങൾക്ക് ഉണ്ണിയെന്ന സ്ഥാനപേർ കൂടി നൽകി. നേരത്തെ പറഞ്ഞ മാർത്തുംകാടിന്റെ പഴയ സ്ഥാനികൾ സാമൂതിരി കൽപിച്ച ചക്കൻ ചേന്നൻ എന്നിവരായിരുന്നുവത്രെ. പ്രാദേശിക രാജാവ് മൂപ്പിൽ നായർക്ക് ഈ സ്ഥാനം നൽകിയപ്പോൾ "ചക്കൻ-ചേന്നൻ" എന്ന സ്ഥാനപ്പേരുള്ള മൂപ്പിൽ നായർ എന്നാണ് മാടത്തും കീഴിൽ മൂപ്പിൽ നായരെ രേഖപ്പെടുത്തിയത്. പുറത്തൂർ പ്രദേശത്തിന്റെ നാടുവാഴികളായി മാറിയ മാടത്തും കീഴിൽ മൂപ്പിൽ നായർ ഭയങ്കാവ് ക്ഷേത്രത്തിന്റേയും അധിപനായി. ഒട്ടേറെ പേർ ക്ഷേത്രാരാധനക്ക് ഭയങ്കാവ് ഭഗവതി ക്ഷേത്രത്തിൽ വന്നെത്തുക പതിവായിരുന്നു.

ക്ഷേത്രത്തോട് ബന്ധപ്പെട്ട ചടങ്ങുകൾക്കും ഭരണപരമായ കാര്യങ്ങൾ മുന്നോട്ട് നീക്കുന്നതിനുമായി കൂടുതൽ സവർണ്ണരെ പ്രത്യേകിച്ച് നായൻമാരെ പുറത്തൂർ പ്രദേശത്തേക്ക് കൊണ്ട് വരാനുള്ള ശ്രമങ്ങൾ സ്ഥാനി മൂപ്പിൽ നായർ കൈകൊണ്ടു. തങ്ങൾക്ക് കൊടുങ്ങല്ലൂരുമായുള്ള ബന്ധം ഇതിനുപയോഗപ്പെടുത്തി. കൊടുങ്ങല്ലൂർ ക്ഷേത്രവുമായി ബന്ധപ്പെട്ടിരുന്ന അഭ്യാസികളും പോരാളികളുമായ ചില നായർ കുടുംബത്തെ

പുറത്തൂരിലേക്ക് കൊണ്ടുവന്നു. ഇവരെ ജലഗതാഗത മാർഗ്ഗമാണ് ക്ഷേത്ര പരിസരത്ത് എത്തിച്ചതെന്ന് പറയപ്പെടുന്നു. പോർക്കളത്ത് കുറുപ്പൻമാരായ ഇവർക്ക് പുറത്തൂരിൽ ക്ഷേത്ര പരിസരത്ത് എത്തുവാനും തിരിച്ച് പോകാനും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിരുന്നു. ഈ യാത്രാ സൗകര്യത്തിന്നും വിസ്തൃതമായ നെൽകൃഷി പ്രദേശത്തിന്റെ സൗകര്യത്തിനുമായി മൂപ്പിൽ നായർ നിർമ്മിച്ച തോടാണത്രേ വീതി കൂടിയ ഇന്നത്തെ നായർതോട്. നായർ നിർമ്മിച്ചത് കാരണം ഇതിന്ന് 'നായർ തോട്' എന്ന പേരുവന്നു. പിന്നീട് പ്രാദേശിക കൃഷിക്കാരുടെ സൗകര്യാർത്ഥം ഈ തോടിന്ന് പല കൈവഴികളുമുണ്ടായി. നായർ തോട് അവസാനി ക്കുന്നത് ഭാരതപുഴയുടെ കൈവഴിയായ തിരൂർ– പൊന്നാനി പുഴയിലാണ്.

ഭയങ്കാവ് ക്ഷേത്രത്തിനും അവിടെ വർഷത്തിൽ മൂന്നു തവണ നടക്കുന്ന ഉത്സവങ്ങൾക്കും പുറത്തൂരിന്റെ സാംസ്കാരിക ചരിത്രത്തിൽ പ്രത്യേക സ്ഥാനമുണ്ട്. തുലാം മാസം ഒന്നാം തിയതിയും മകരമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച ദിവസവുമാണ് വേല എന്ന പേരിൽ ഇവിടെ ഉത്സവം നടക്കാറുള്ളത്. കാളരൂപങ്ങളെ അമ്പല നടയിലേക്ക് മനോഹരമായി കെട്ടി എഴുന്നള്ളിക്കുന്ന കാള വേലയാണ് ഇതിൽ പ്രാധാന്യം. കൃഷിയോട് ബന്ധപ്പെട്ട ഒന്നാണ് കാള കെട്ടൽ എന്ന് വിശ്വസിക്കുന്നു. മുൻകാലങ്ങളിൽ കുതിരകളെ സവാരിക്ക് ഉപയോഗിക്കും പോലെ സവാരിക്കും യുദ്ധത്തിനും കാളകളെ ഉപയോഗപ്പെടു ത്തിയിരുന്നുവെന്ന് പറയപ്പെടുന്നു. കാള എഴുന്നള്ളത്തിലും കൊടി വരവിലും ആഘോഷതിമർപ്പോടെ മുസ്ലീം വിഭാഗമടക്കമുള്ള എല്ലാ ജനവിഭാഗങ്ങളും പങ്കെടുക്കുന്നത് മുമ്പും ഇന്നും പതിവാണ്. കുംഭമാസത്തിൽ ഏഴ് ദിവസമെങ്കിലും നീണ്ടുനിൽക്കുന്ന കൂത്താണ് മറ്റൊരുത്സവം. പാവക്കൂത്തിലൂടെ രാമായണ കഥയാണ് അവതരിപ്പിക്കുക. ഹിന്ദുക്കളിലെ വ്യത്യസ്ത തറവാട്ടുകാരെയും സമുദായങ്ങളെയും കൂട്ടിയിണക്കുന്ന ഉത്സവ ചടങ്ങുകളാണിവിടെ. വേല ദിവസം മേൽ സൂചിപ്പിച്ച പ്രകാരം എഴുന്നള്ളി ക്കപ്പെടുന്ന കാളപുറത്ത് കയറാനുള്ള അവകാശം ഇവിടത്തെ പറയസമുദായത്തിലെ കാരണവന്മാർ ക്കാണ്. വേല ദിവസം വെളിച്ചപ്പെടാനുള്ള അവകാശവും കുറ്റിപ്പുറത്തുള്ള ഇതേ സമുദായത്തിലെ പറങ്കുന്ന് കാരണവർക്കാണ്. കൂത്ത് ദിവസം രാത്രി ഭദ്രകാളിയെ വർണ്ണ ഭംഗിയോടെ കളമിടുന്ന കൈവിരുത് അത്ഭുതമാണ്. ധാരികനെ കൊന്ന് ശിരസ്സ് കയ്യിലേന്തിനിൽക്കുന്ന കോപിഷ്ടയായ കാളിയെ വ്യത്യസ്ത വർണ്ണങ്ങളിൽ കളമിടുവാനുള്ള അവകാശം വെളിച്ചപ്പെടുന്ന കുറുപ്പന്മാർക്കാണ്. കൂത്തിന്റെ ഒരു പ്രധാന ചടങ്ങാണ് എഴുന്നള്ളത്ത്. ദീപശിഖയേന്തി(പന്തം) കൊടുങ്ങല്ലൂരിൽ നിന്ന് വന്നവരെന്ന് പറയപെടുന്ന നായർ മുന്നിലും കൂത്തുവിളക്ക് ഏന്താനുള്ള അവകാശിയായ കറുകയിൽ നായർ പിന്നിലും അതിന്ന് പുറകിലായി ക്ഷേത്ര സ്ഥാനിയായ മൂപ്പിൽ നായരും അണിനിരക്കുന്നു. അദ്ദേഹത്തിന്റെ പിന്നിൽ താല മെടുക്കാൻ അവകാശപ്പെട്ട പൂട്ട വളപ്പ് തറവാട്ടിലെസ്ത്രീകളും പിന്നിൽ വിളക്കേന്തിയ നമ്പീശനും പൂജാരിയുമൊക്കെ അണിചേരുന്നു. വാളും ചിലങ്കയും പട്ടും ചുറ്റിയ വെളിച്ച പാടും ചെണ്ടക്കാരുമൊക്കെയായി മൂന്നു തവണ അമ്പലം പ്രദക്ഷിണം വെക്കുന്ന എഴുന്നള്ളത്ത് ചടങ്ങ് ഊട്ടുപുരയിലെത്തി അവസാനിക്കുന്നു.

ക്ഷേത്രം ഊരാളനായ മൂപ്പിൽ നായർക്ക് നാടുവാഴിത്ത അധികാരം കൂടി ഉണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലോ. വ്യത്യസ്ത കാലഘട്ടങ്ങളിൽ അധികാരത്തിൽ ഇരുന്ന ചില മൂപ്പിൽ നായൻമാർ നാടുവാഴി എന്ന നിലക്ക് കർക്കശ സ്വഭാവം കാണിച്ചതിന് ചില ഉദാഹരണങ്ങളുണ്ട്. ദേശ വാസികളുടെ തർക്കങ്ങൾ പറഞ്ഞുതീർക്കുന്നതിനും പരിഹരിക്കുന്നതിനും അതിലിടപ്പെടുന്നതിനും അവകാശം ഉണ്ടായിരുന്നു. വിശാലമായ ക്ഷേത്രപറമ്പിനപ്പുറം ഇതിനായി ഒരു കച്ചേരി നിലവിലുണ്ടായിരുന്നുവത്രേ.

ഒരിക്കൽ ഒരു വീട്ടിലെ കാളകൂറ്റൻ നായരുടെ പശു കൂട്ടങ്ങളെ ഉപദ്രവിച്ചുവത്രേ. ഇത് മനപൂർവ്വം ചെയ്യിച്ചതാണെന്ന് തെറ്റിദ്ധരിച്ച് അന്നത്തെ സ്ഥാനി നായർ പ്രസ്തുത വീട്ടിലെ കാരണവരെ ചോദ്യം ചെയ്യുകയും വധശിക്ഷ വിധിക്കുകയും ചെയ്തതായി പറയപ്പെടുന്നു. മൂപ്പിൽ നായർക്ക് മറ്റുള്ളവരുടെ മേൽ ഉണ്ടായിരുന്ന

ഭരണാധിപത്യത്തെ സൂചിപ്പിക്കുന്ന ഒരു സംഭവമാണിത്.

ഇതിനിടെ മൂപ്പിൽ നായരുടെ അമിതാധികാര വാഴ്ചയുടെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ഭരണപ്രദേശത്തു തന്നെ തൃത്തല്ലൂർ ആസ്ഥാനമാക്കി കൊണ്ട് മറ്റൊരു ദേശവാഴി ഒരു പറ്റം ജനങ്ങളെ അടക്കിഭരിച്ചിരുന്നുവത്രേ. എടമിറ്റത്ത് പണിക്കർ എന്ന് പ്രസിദ്ധനായ ഈ ദേശവാഴിക്ക് വേണ്ടത്ര സമ്പത്തും പ്രാദേശിക ജനങ്ങളുടെ പടയണിയും ഉണ്ടായിരുന്നു. ഇദ്ദേഹത്തെ മഞ്ചലിൽ ആനയിച്ചുകൊണ്ട് ദൂരസ്ഥലങ്ങളിൽ എത്തിക്കാൻ ബാധ്യതപ്പെട്ട കരുത്തരായ മഞ്ചലുകാരും ഉണ്ടായിരുന്നുവത്രേ. നിർദ്ദിഷ്ഠമായ പരിധി ക്കകം മഞ്ചലുമായി നിശ്ചിത സ്ഥലത്ത് എത്തിയിരി ക്കണമെന്ന കർശന നിർദ്ദേശം പാലിക്കപ്പെട്ടിരുന്നു. മുസ്ലീംങ്ങൾക്കിടയിലും അക്കാലത്തിവിടെ ജനസംഖ്യ യിലധികമുണ്ടായിരുന്ന ഈഴവ സമുദായങ്ങളിലും പണിക്കർക്ക് നല്ല സ്വാധീന മായിരുന്നു. ആളും അർത്ഥവും ആജ്ഞാ ശക്തിയുമുള്ള പണിക്കർ ഈ പ്രദേശത്തെ ജനങ്ങളുടെ പേടിസ്വപ്നമായിരുന്നു. ചോദ്യം ചെയ്യാനാകാത്ത ഒരു മനുഷ്യ ശക്തി തന്നെയായിരുന്നു എടമിറ്റത്ത് പണിക്കർ. നല്ല മെയ് വഴക്കവും കളരി അഭ്യാസവും കൈമുതലായുള്ള അദ്ദേഹത്തിന് ധാരാളം ഭൂസ്വത്തുക്കളുണ്ടായിരുന്നു. തന്നെ ചോദ്യം ചെയ്യുന്ന ആരെയും പണിക്കർ വെറുതെ വിടുമായിരുന്നില്ല. ശത്രുക്കളെ ജയിക്കാൻ എത്ര പണം വേണമെങ്കിലും ചെലവാക്കാൻ തയ്യാറുള്ള ഈ ദേശവാഴി പലരുമായും ഏറ്റുമുട്ടിയിട്ടുണ്ട്. തവനൂർ-മാത്തൂർ തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളിലെ നാടുവാഴികളെ മാത്രമല്ല പുറത്തൂരിലെ തന്നെ സ്ഥാനിയും നാടുവാഴി യുമായ മൂപ്പിൽ നായരെപ്പോലും പണിക്കർ വെല്ലുവിളിച്ചിട്ടുണ്ട്. മഞ്ചൽ ചുമക്കുന്നവരും മറ്റു സിൽബന്ധികളുമായി ഒരു സൈന്യ വ്യൂഹം തന്നെ പണിക്കരുടെ നിയന്ത്രണത്തിലുണ്ടായിരുന്നു. നല്ല വിദ്യാഭ്യാസവും ഇംഗ്ലീഷിൽ പാണ്ഡിത്യവും ഉണ്ടായിരുന്ന പണിക്കർക്കെതിരെ സംസാരി ക്കുവാൻ നാട്ടുകാരോ നിയമങ്ങളെ പോലും വെല്ലുവിളി ക്കുന്ന ഇദ്ദേഹത്തിനെതിരെ നടപടി കൈക്കൊള്ളുവാൻ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കു പോലും ധൈര്യം ഉണ്ടായിരുന്നില്ല. കുറേനാള ത്തെ വിജയപ്രദമായ ഭരണത്തിനു ശേഷം അദ്ദേഹം ഇവിടം വിട്ടു. എടമിറ്റത്ത് ഗോപാലപണിക്കർ എന്ന ദേശവാഴിയുടെ ആസ്ഥാനം ഇപ്പോഴത്തെ പുറത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന് പരിസരത്തുള്ള കരുമാനത്ത് വീട്ടിലായിരുന്നു. കണ്ണന്തളി അമ്പലം ഇതിനോട് ബന്ധപ്പെട്ടതായിരുന്നു. പിൽക്കാലത്ത് പണിക്കരുടെ ഭൂസ്വത്തുക്കൾ പൊന്നാനിയിലെ മുസ്ലിംങ്ങൾക്ക് അന്യാധീന പ്പെടുകയും സാമ്പത്തികാടിത്തറ തകരുകയും ചെയ്തുവത്രേ. ധീരശൂരപരാക്രമി എങ്കിലും ഇദ്ദേഹത്തി നുണ്ടായിരുന്ന ചില ദൗർബല്യങ്ങളും പതനത്തിനു കാരണമത്രേ. എന്നിരുന്നാലും പുറത്തൂരിലാദ്യമായി ഒരു സ്കൂൾ സ്ഥാപിച്ചത് പണിക്കർ മുൻകൈെടുത്താണ്. ഇന്നത്തെ ദേവീവിലാസം സ്കൂൾ 1915-ൽ അദ്ദേഹം സ്ഥാപിച്ചതാണെത്രേ. സ്കൂളിന്റെ ആസ്ഥാനം ഇന്നത്തെ പുറത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ കിഴക്ക് ഭാഗത്ത് ആയിരുന്നു. പിന്നീട് പലതവണ സ്ഥലവും ഉടമസ്ഥാവകാശവും മാറിയെങ്കിലും ദേവീ വിലാസം സ്കൂൾ ഇന്നും നിലനിൽക്കുന്നു. ദീർഘകാലം ഇതിന്റെ മാനേജർ ശ്രീ. എം. രാമനുണ്ണി നായരായിരുന്നു. അദ്ദേഹം തന്നെ സ്കൂളിന്റെ ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചു. ശ്രീ. എടമിറ്റത്ത് പണിക്കരുടെ പേരക്കുട്ടികൾ ഇപ്പോഴും തൃത്തല്ലൂലുണ്ട്.

നാടിനെയും ദേശത്തേയും അടക്കി ഭരിച്ച ഇത്തരം ഫ്യൂഡൽ പ്രമാണിമാരുടെ ഭരണം ദേശീയപ്രസ്ഥാനത്തിനും ജനാധിപത്യ പ്രസ്ഥാന ത്തിനും വഴി മാറി. ജനമനസ്സിൽ കരുപിടിച്ച ജനാധിപത്യബോധവും പുരോഗമനചിന്തയും നമ്മുടെ നാട്ടിൽ വരുത്തിയ മാറ്റം വലുതാണ്. പുറത്തൂരിന്റെ രാഷ്ട്രീയ ചരിത്രത്തിലേക്കുകൂടി കടന്നുചെല്ലാതെ ഈ കുറിപ്പ് പൂർണ്ണമാകില്ല.

ഇവിടെ ആദ്യകാലങ്ങളിൽ ഹിന്ദുക്കളാ യിരുന്നു ജനസംഖ്യയിലേറെയും. മുസ്ലീം ജനസംഖ്യ കുറവായിരുന്നു. ഹിന്ദുക്കളിൽ തന്നെ ഭൂരിഭാഗവും അവർണ്ണരായിരുന്നു. ചെന്നര

32

പെരുന്തിരുത്തി കോവിലകത്തുള്ള വർമ്മമാരാണ് ഇപ്പോഴുള്ള ഏക ക്ഷത്രിയ കുടുംബം. എന്നാൽ രാജഭരണത്തിൽ ഈ കുടുംബത്തിന് ഈ പ്രദേശവുമായി യാതൊരു ബന്ധവും കാണുന്നില്ല. നമ്പൂതിരി, വാരിയർ,മാരാർ കുടുംബങ്ങളും നാമമാത്രമാണ്. ഇവരിലധികവും വാളമരുതൂരിലാണ്. ഇവിടെയുള്ള നമ്പൂതിരി കുടുംബമാകട്ടെ വർഷങ്ങൾക്കു മുമ്പ് ശുക പുറത്ത്നിന്നും വന്നവരാണെത്രേ. വാളമരുത്തൂരിലെ മഹിഷാസുരമർദ്ദിനിക്ഷേത്രം ഇരുപതില്ലങ്ങൾക്ക് അവകാശപ്പെട്ടതായിരുന്നെങ്കിലും പിന്നീടത് വെളുത്താട്ട് ഇല്ലത്തുകാർക്കായി. സാധാരണയായി മറ്റു പ്രദേശങ്ങളിൽ അമ്പലത്തോട് ബന്ധപ്പെട്ട് ധാരാളം അമ്പലവാസി കുടുംബങ്ങൾ കാണാറുണ്ട്. എന്നാൽ പുറത്തൂരിലെ പ്രധാന ക്ഷേത്രമായ ഭയങ്കാട് പരിസരത്ത് പോലും അമ്പലവാസികളിൽപെട്ട എല്ലാ സമുദായങ്ങളും ഇല്ലെന്നത് ഒരു വിരോധാഭാസമാണ്. മുസ്ലീംങ്ങളുടെ ഏറെ പഴക്കമുള്ള ആരാധനാലയങ്ങളാണ് പടിഞ്ഞാറക്കരയിലെ കാട്ടിലപള്ളിയിലും മുട്ടന്നൂരിലെ ജുമാ മസ്ജിദും. പുറത്തൂർ പ്രദേശത്തിന്റെ ആദ്യകാല തലസ്ഥാനം മുട്ടന്നൂരാണെന്ന് അനുമാനിക്കുന്നു. ഒരു ആവേൻ കോട്ടയും ഇവിടെയുണ്ട്. പൊന്നാനി നഗരവുമായാണ് ഈ പ്രദേശത്തുകാർക്ക് ബന്ധം. സാധനങ്ങൾ വാങ്ങുന്നതിന്നും വിൽക്കുന്നതിനും മറ്റുമുള്ള മാർക്കറ്റ് പൊന്നാനിയായിരുന്നു പണ്ട് കാലത്ത് പൊന്നാനി തുറമുഖത്തിന് പ്രതാപമുണ്ടായിരുന്നു. ഇന്ത്യ വിഭജിക്കപ്പെടും മുമ്പ് പാകിസ്ഥാനിൽ നിന്നും ബർമ്മയിൽ നിന്നും ധാരാളം കച്ചവടക്കാർ അരി തുടങ്ങിയ ചരക്കുകളുമായി ഉരു മാർഗ്ഗം പൊന്നാനി തുറമുഖത്തെത്താറു ണ്ടായിരുന്നത്രേ. അവരുടെ വാണിജ്യബന്ധം പല സുഹൃദ് ബന്ധത്തിനും വഴിയൊരുക്കി. പുറത്തൂരിലുള്ള ചരക്കുവിൽപ്പനക്കാരുമായി പോലും ഇവർക്ക് ബന്ധമുണ്ടായിരുന്നു. അരിക്കച്ചവടക്കാരെ "കാച്ചിക്കാർ" എന്ന് പറഞ്ഞുപോന്നു. കറാച്ചിയിൽ നിന്നെത്തിയിരുന്ന വ്യാപാരികളെയാണ് "കാച്ചിക്കാർ" എന്ന് പറഞ്ഞ്പോന്നത്. ആഴ്ചയിൽ രണ്ടു മൂന്ന് കപ്പലുകൾ പൊന്നാനി തുറമുഖത്ത് അരിയുമായി എത്താറുണ്ടത്രേ. ചാക്കിന് അഞ്ച് രൂപ, ആറ് രൂപ വിലയുണ്ടായിരുന്ന ഈ അരി പാലക്കാട്, ചാവക്കാട്, പട്ടാമ്പി, കൂറ്റനാട് എന്നീ സ്ഥലങ്ങളിലേക്ക് പൊന്നാനി തുറമുഖത്തുനിന്നും കയറ്റിപോയിരുന്നു. പലർക്കും അരികടമായി വിറ്റിരുന്നു. ഇന്നും കാച്ചിക്കാർക്ക് പണം കൊടുക്കാനുള്ള ആളുകൾ നമ്മുടെ പ്രദേശത്ത് ഉണ്ടത്രേ. പട്ടിയേക്കൽ അപ്പുകുട്ടി, കുട്ടപ്പ എന്നിവർ അന്ന് കപ്പലിൽ നിന്നും ഉരുവിൽ നിന്നും അരി ഇറക്കുന്ന പണി എടുത്തിരുന്നത്രേ. ഒരിക്കൽ അരി ഇറക്കുന്നതിനിടയിൽ കാലിന് പരിക്കുപറ്റിയ കുട്ടപ്പ ഈയിടെയാണ് മരണപ്പെട്ടത്. സ്വാതന്ത്യം കിട്ടിയതിനു ശേഷവും ബർമ്മക്കാരും കറാച്ചിക്കാരും അവരുടെ സുഹൃത്തുക്കളെ തേടി പൊന്നാനിയിലും പുറത്തൂരും എത്താറുണ്ടാ യിരുന്നുവത്രേ. നല്ല സൗഹൃദ് ബന്ധം ഇവർ നിലനിർത്തിയിരുന്നതായി പഴമക്കാർ ഓർക്കുന്നു. അറേബ്യൻ രാജ്യങ്ങളിൽ നിന്നുമുള്ള കച്ചവടക്കാർക്ക് പൊന്നാനി തുറമുഖവുമായി ബന്ധമുണ്ടാ യിരുന്നുവത്രേ. ചൈനയിലെ കുടിൽ വ്യവസായ ശാലകളിൽ ഉത്പാദിപ്പിക്കപ്പെട്ട ഭരണികളും പാത്രങ്ങളും ഈ പ്രദേശത്ത് സുലഭമായി എത്താറുണ്ട്. ചൈനയിൽ തന്നെ പച്ചക്കറി കൃഷിയായ ചീനമുളക് തുടങ്ങിയ പല ഉത്പന്നങ്ങളും പൊന്നാനി തുറമുഖം വഴി വ്യാപകമായി എത്തിയ പ്രദേശമാണെത്രേ നമ്മുടേത്. ഈ കച്ചവട ബന്ധം മുസ്ലീം മതത്തിലേക്ക് പലരെയും ആകർഷിക്കാൻ വഴിവെച്ചെന്ന് പറയപ്പെടുന്നു. പുറത്തൂരിനേയും ഇത് തെല്ലൊക്കെ സ്വാധീനിച്ചിട്ടു ണ്ടെത്രെ. നമ്മുടെ പ്രദേശത്ത് മുൻകാലങ്ങളിൽ കൃസ്ത്യൻ കുടുംബങ്ങൾ തീരെ ഇല്ലായിരുന്നുവെന്ന് പറയാം. രണ്ട് കുടുംബങ്ങളാണ് ഈ അടുത്ത കാലത്ത് പുറത്തൂരിൽ സ്ഥിരതാമസമുണ്ടായി രുന്നവർ. അടുത്ത പ്രദേശങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ഇവർ ഈ പ്രദേശം വിട്ട് പോയി.

ഹിന്ദുക്കളും മുസ്ലിംങ്ങളും ഒത്തൊരുമയോടെ കഴിഞ്ഞ ചരിത്രമാണ് പുറത്തൂരിനുള്ളത്. ഭയങ്കാവ് ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ ഉത്സവത്തിന് ആഘോഷത്തിമർപ്പോടെ മുസ്ലിം വിഭാഗം പങ്കെടുക്കുന്നത് കാണാം. ഓണം പോലുള്ള ആഘോഷാവസരങ്ങളിൽ മുസ്ലിം സുഹൃത്തുക്കളെ ഓണം ഉണ്ണാൻ വിളിക്കുന്ന പതിവ് പണ്ട് മുതലേ നിലനിൽക്കുന്നു. അപ്രകാരം തന്നെ പെരുന്നാളിനും

നോമ്പ് തുറക്കലിനും ഹിന്ദു സുഹൃത്തുക്കൾ ഇല്ലാതെ ആഘോഷം പങ്കിടാൻ കഴിയാത്ത മുസ്ലിം വിഭാഗമാണ് നമുക്കുള്ളത്. ഇത്തരം ആഘോഷാവസരങ്ങളിൽ കർഷക തൊഴിലാളികൾ പോലും അന്ന് പണിക്ക് പോകാതിരി ക്കുന്നതും ഒരു പതിവാണ്. വിവാഹങ്ങളിലും മരണാനന്തര ചടങ്ങുകളിലും പരസ്പരം പങ്കെടുക്കുകയും ഇടപെടുകയും ചെയ്യുന്ന രീതി ഇന്നും നിലനിൽക്കുന്നു. കാർഷിക രംഗത്തും പഴയ തലമുറയിൽ പ്പെട്ട ഹിന്ദു മുസ്ലിം കർഷക കാരണവൻമാരുടെ മാനസിക ബന്ധം സൗഹാർദ്ദം കൊണ്ട് അരക്കിട്ടുറപ്പിച്ച തായിരുന്നു. അക്കാലത്ത് മുട്ടന്നൂർ പോലുള്ള സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെട്ടിരുന്ന കാളപൂട്ട് ആഘോഷം ഇതിന് ഉദാഹരണമാണ്.മതസൗഹാർദ്ദം എന്ന ഉറപ്പുള്ള ചങ്ങലയുടെ ശക്തമായ കണ്ണികളായി ഹിന്ദുവും മുസൽമാനും തോളോടു തോളുരുമ്മി ജീവിച്ച ചരിത്രം ഇന്നും നില നിൽക്കുകയാണ്. പരസ്പരം സ്നേഹിക്കുന്ന മനുഷ്യഹൃദയത്തിന് മതിൽ പണിയാൻ ഇവിടെ ഒരുശക്തിക്കും കഴിഞ്ഞിട്ടില്ല.

ദേശീയ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ട് സ്വാതന്ത്ര്യസമരത്തിലേക്കെടുത്തു ചാടിയവരുടെ ചരിത്രം പല പ്രദേശങ്ങളിലും കാണാം. എന്നാൽ ഇവിടെ അത്തരം ഒരു സംഘടിത ശക്തി മുന്നോട്ടു വന്നതായോ ആരെങ്കിലും അതിനു നേതൃത്വം കൊടുത്തതായോ ആരും ഓർക്കുന്നില്ല. മുസ്ലീം തറവാട്ടിലെ അംഗമെങ്കിലും കോൺഗ്രസ്സു കാരനായി രംഗത്തു വന്നത് ഇന്നത്തെ പഞ്ചായത്തു പ്രസിഡണ്ട് അബ്ദുറഹീമിന്റെ പിതാവ് ശ്രീ: ഇ.പി.കാതറാണ്. ഇദ്ദേഹത്തിന് ജയിൽ വാസം വരിക്കേണ്ടതായും വന്നിട്ടുണ്ട്. ശ്രീ: ചെമ്പ ചോയുണ്ണി, ശ്രീ: പണ്ടാറവളപ്പിൽ ചോയി എന്നിവരും ആദ്യകാല കോൺഗ്രസ്സുകാരായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആശയാദർശങ്ങൾ ഉൾക്കൊണ്ട ഈ തലമുറയാണ് പുറത്തൂരിലെ മുൻകാല രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ സാരഥികൾ. പിന്നീട് ശ്രീ:കുറുപ്പംവീട്ടിൽ ചോയിയാപ്പയും, കോൺഗ്രസ്സ് അനുഭാവിയായി. ഇതിനിടെ ഖിലാഫത്ത് പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്ത് ആളിപ്പടർന്നുവല്ലോ. ബ്രിട്ടീഷുകാർക്കെതിരെയുള്ള ഒരു പ്രത്യക്ഷ സമരം എന്ന നിലക്കാണ് പുറത്തൂരിലെ പല പ്രമുഖരും ആവേശപൂർവം ഇതിൽ പങ്കെടുത്തതെന്ന് പ്രായമുള്ളവർ ചൂണ്ടിക്കാണിക്കുന്നു. പുത്തൻപുരയിൽ പക്കുട്ടി, മാങ്ങോട്ടിൽ പരീക്കുട്ടി, പൂപ്പറമ്പിൽ ചേക്കു, പുല്ലേപ്പുറത്ത് കുഞ്ഞവറാൻ, പുതുവാട്ടിൽ അലവി മുസ്ല്യാർ എന്നിവരാണ് ഇതിൽ സജീവമായി പങ്കെടുത്ത് അറസ്റ്റു വരിച്ചത്.കോടതി പൊളിച്ച് കൊടി കെട്ടും വരെ എത്തിയ ഈ സംഭവത്തിൽ പങ്കെടുക്കുമ്പോൾ ഇവരുടെ പ്രധാന മുദ്രാവാക്യം "ബ്രട്ടീഷുകാർ ഇന്ത്യ വിടുക" എന്നതായിരുന്നുവത്രേ. കൊടി കെട്ടാനും പ്രധാന നേതൃത്വം കൊടുക്കുവാനും മുന്നോട്ട് വന്നത് ജനാബ് പക്കുഞ്ഞിയാണെന്ന് ബന്ധപ്പെട്ടവർ ഓർക്കുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ മുഖ്യജിഹ്വ മാതൃഭൂമി പത്രമായിരുന്നുവല്ലോ. ആ പത്രത്തിന്റെ പ്രചാരകർ എന്ന നിലക്ക് ശ്രി. ചെമ്പ ചോയിണ്ണിക്കും സഹോദരൻ ഗോവിന്ദനും അറസ്റ്റ് വരിക്കേണ്ടിവന്നിട്ടുണ്ട്.

ഇതിനിടക്കാണ് പുറത്തൂരിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വേരൂന്നി തുടങ്ങിയത്. 1942 കാലഘട്ടത്തിൽ-യുദ്ധകാലത്ത് നാട്ടിൽ പട്ടിണി കൊടുമ്പിരികൊണ്ടപ്പോൾ കാർഷികോല്പന്നങ്ങൾ കൂടുതൽ ഉത്പാദിപ്പിക്കാനും പൂഴ്ത്തി വെച്ച ധാന്യങ്ങൾ എടുത്ത് വിതരണം ചെയ്യാനും ആഹ്വാനം ഉണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ തന്നെ വിപ്ലവ ചിന്തയുള്ള ചില യുവാക്കളും ഇതിനു പിന്നിലുണ്ടായിരുന്നു. പുരത്തൂരിൽ ഈ ആശയങ്ങൾ പ്രചരിപ്പിക്കാനായി കണ്ണൂരിൽ നിന്ന് എത്തിയ ഒരു ഗോപാലൻ നമ്പ്യാരാണ് പ്രധാനമായും ഈ സന്ദേശം പ്രചരിപ്പിച്ചത്.

അരിയില്ലാപാവങ്ങൾക്ക് വെച്ചുണ്ണാൻ ഗവൺമെന്റ്
ഉരിയരി പോലും കിട്ടാനില്ല പൊന്ന്കൊടുത്താലും
കരിനം കോളറ ലോകരെയൊക്കെ കൊന്ന്മുടിക്കുന്നു

ഗോപാലൻ നമ്പ്യാരുടെ ഈ പാട്ടും പ്രവർത്തനവും അന്നത്തെ പട്ടിണി കൊണ്ട് വീർപ്പുമുട്ടുന്ന യുവാക്കൾക്ക് ആവേശം പകർന്നു. ഇദ്ദേഹം താമസിച്ചത് ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എം. സി. ബാലകൃഷ്ണനുണ്ണി നായരുടെ വീട്ടിലായിരുന്നു. കാവിലക്കാട്ടിൽ സദാസമയവും ഉണ്ടാകുമായിരുന്നു; പത്രങ്ങൾ

വായിച്ച് കാര്യങ്ങൾ ഗ്രഹിക്കാറുള്ള തന്നെയും ഗോപാലൻ നമ്പ്യാരുടെ ആശയം ആകർഷിച്ചതായി. ശ്രീ. ഏ പി. കുഞ്ഞുണ്ണി ഓർക്കുന്നു. കമ്മ്യൂണിസ്റ്റ് ആശയക്കാരനായിരുന്ന ഇയാളെപോലെ ശ്രീ. എം. സി. ബാലകൃഷ്ണനുണ്ണി നായരും ശ്രീ. ഏ.പി. കുഞ്ഞുണ്ണിയും ആ വഴിക്ക് നീങ്ങാൻ തുടങ്ങി. ക്രമേണ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കാനും തുടങ്ങി. ഇതിനിടെ പുരോഗമന ചിന്താഗതി ക്കാരനായ വള്ളത്തോൾ ചന്ദ്രനുമായി ബന്ധപ്പെടാന വസരം കിട്ടി. അദ്ദേഹം കുറെ ദിവസം പുറത്തൂരിൽ പ്രവർത്തിക്കുകയും പലരുമായും ബന്ധപ്പെടുകയും ചെയ്തു. ഇതോടെ ശ്രീ. പി വേലയുധ കുറുപ്പ്, ശ്രീ കെ.വി. അപ്പുകുട്ടി, ശ്രീ. പണ്ടാറവളപ്പിൽ വേലായുധൻ, പി. പി. അപ്പുക്കുട്ടി എന്നിവരും കമ്മ്യൂണിസ്റ്റ് ആശയക്കാരായി. ശ്രീ പണ്ടാറവളപ്പിൽ വേലായുധൻ പിന്നീട് പോലീസിൽ ചേർന്നു. ഈ സമയത്ത് കർഷക പ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും പ്രചരണങ്ങൾ സംസ്ഥാന വ്യാപകമായി രഹസ്യമായി നടക്കുന്നുണ്ടായിരുന്നു. പുറത്തൂരിലെ പ്രചരണ ത്തിനും മറ്റും ഒരു ടീം ആയി പ്രവർത്തിക്കാനുള്ളവർ ഉണ്ടായി. ശ്രീ. ടി. മാധവൻ വൈദ്യരും ഇതിനിടെ ഈ പ്രവർത്തകസംഘത്തിൽ ബന്ധപ്പെട്ടു.

ആയിടക്കാണ് മറ്റൊരു സംഭവം. ക്ഷേത്രപ്രവേശന വിളമ്പരത്തിനുശേഷവും ഒരു വിഭാഗം ഹിന്ദുക്കളെ തൊട്ടു കൂടായ്മ കല്പിച്ച് അമ്പലത്തിൽ കയറുന്നതിന് വിലക്ക് കൽപ്പിച്ചു. അവർണ്ണരായ ഹിന്ദുക്കൾക്ക് ക്ഷേത്രകുളത്തിൽ കുളിക്കുവാനുള്ള അവകാശം പോലും നിഷേധിക്കുകയായിരുന്നു. ഇതിനു ശക്തിയായി പ്രതിഷേധിച്ച്കൊണ്ട് അവർണ്ണ ഹിന്ദുക്കളെ അണിനിരത്തി ഭയങ്കാവ് ക്ഷേത്രകുളത്തിൽ കുളിക്കാനും ക്ഷേത്രത്തിനകത്ത് കടന്ന് ദർശനം നടത്താനും നേതൃത്വം നൽകി. എം. സി. ബാലകൃഷ്ണനുണ്ണിനായർ, പി വേലയുധകുറുപ്പ്, എ. പി. കുഞ്ഞുണ്ണി, ടി. മാധവൻവൈദ്യർ തുടങ്ങിയ കമ്മ്യൂണിസ്റ്റ്കാരും കലത്തേത്ത് അയ്യപ്പുട്ടി, എം. ടി. കുഞ്ഞുണ്ണിനായർ തുടങ്ങിയ കോൺഗ്രസ്സുകാരും അഭ്യസ്ത വിദ്യനും യുവാവുമായ ശ്രീ. എ. വി. ശങ്കുണ്ണിയും ഇതിനു ശക്തമായ നേതൃത്വം നൽകി. ഒട്ടേറെ അവർണ്ണ ഹിന്ദുക്കളെ ആകർഷിക്കാൻ ഈ സമരത്തിനുകഴിഞ്ഞു.

" പഴങ്കുളം കേസ് " ഇത് ഒരു പ്രധാന കർഷക സമരമായിരുന്നു. ജന്മിയുടെ പീഡനത്തി നെതിരെ കുടിയന്മാരുടെ പ്രതിഷേധമുയർന്ന പ്രത്യക്ഷ സമരം.

പാട്ടത്തിന് എടുത്ത് നടന്നിരുന്ന ഭൂമി പൊടുന്നവെ ഒഴിപ്പിക്കുവാൻ ഒരു ശ്രമമുണ്ടായി. ജന്മിയോടുള്ള പ്രതിഷേധം ആളിക്കത്തുന്ന വിധം പാട്ടകുടിയന്മാരുടെ പ്രതിഷേധം സമരമായി. ഒഴിപ്പിക്കൽ തടയാനുള്ള ശക്തമായ ശ്രമമുണ്ടായി. ബാലകൃഷ്ണനുണ്ണി നായർ , മാധവൻ വൈദ്യർ, കൊച്ചാപ്പു മാസ്റ്റർ, പി. നാരായണൻ നായർ, കെ. വി. കുഞ്ഞിമുഹമ്മത്, കുന്നശ്ശേരി കരുവാട്ടിൽ സൂപ്പി, നായ്കരുമ്പിൽ കൃഷ്ണൻ കുട്ടി എന്നിവർ സജീവ നേതൃത്വം നൽകി. പിന്നീട് ഇതുമായി ബന്ധപ്പെട്ട കേസ് നടത്തിയതും അന്നത്തെ കർഷക സംഘത്തിന്റെ നേതൃത്വത്തിലായിരുന്നു. ഇതേ സമയത്ത് തന്നെ മുട്ടന്നൂരിൽ ഏറാടി എന്ന ജന്മിക്കെതിരെ എരിഞ്ഞികാട്ടുപറമ്പിൽ കുഞ്ഞിക്കുട്ട്യാലിയും പൂപ്പറമ്പിൽ ബാവക്കുട്ടിഹാജിയും തിരിഞ്ഞു. ഇതും പിന്നീട് വ്യവഹാരത്തിൽ കലാശിച്ചു. പാട്ട കുടിയന്മാരായിരുന്നു പുറത്തൂരിലധികവും അതുകൊണ്ട് തന്നെ സ്വാഭാവികമായും പാട്ട ബാക്കിക്കെതിരെയും മറ്റുമുള്ള ജന്മി നടപടിക്കെതിരെ സർവത്ര പ്രതിഷേധമുയർന്നു. ഒറ്റപ്പെട്ട പല സംഭവങ്ങളും ജന്മിക്കെതിരെ ഉണ്ടായി. കമ്മ്യൂണിസ്റ്റുകാർ കൃഷിക്കാരെ സംഘടിപ്പിച്ചുകൊണ്ട് രംഗത്തിറങ്ങി. ഭൂനയ ബില്ലിനു വേണ്ടിയുള്ള ശബ്ദവും വ്യാപകമായി കൃഷിക്കാരിൽ നിന്നും ഉയർന്നു.

ഇക്കാലത്ത് കാവിലക്കാട് അങ്ങാടിക്ക് സമീപമുണ്ടായിരുന്ന ഒരു വായനശാല വിവാദ വിഷയമായി. ഷെഡ്ഡ് രൂപത്തിൽ(ഓല) പണിത വായനശാല പള്ളിയുടെ സ്ഥലത്താണെന്ന വിവാദമുയർന്നു. എന്നാൽ ഇതിന് ഒരു വർഗ്ഗീയ ചായ്‌വേ കിട്ടിയില്ല. കോൺഗ്രസ്സ് നേതാവായ ശ്രീ. ഇ. പി. കാതറിൻെറ നേതൃത്വത്തിൽ

വായനശാല ഇവിടെ നിന്നും മാറ്റി സ്ഥാപിക്കാൻ ധാരണയായി . ഇതിൽ കർഷകസംഘം പ്രവർത്തകരും കമ്മ്യൂണിസ്റ്റുകാരും സംയുക്തമായി പങ്കെടുത്തു. പ്രാദേശിക കാര്യങ്ങളിൽ താൽപര്യപൂർവ്വം ഇടപെടാറുള്ള ശ്രീ. നായ്ക്കരുമ്പിൽ യാഹു വായനശാല അദ്ദേഹത്തിൻെറ കൈവശഭൂമിയിൽ സ്ഥാപിച്ചു കൊള്ളാൻ അനുമതി നൽകി. വിവാദമുയർത്തിയവർക്കെതിരെ മൗനമായ പ്രതിക്ഷേധം എന്ന നിലക്ക് വായനശാലയുടെ കാൽ പലരും ചേർന്ന് പറിച്ചെടുത്ത് അതേപടി തൻെറ സഹോദരൻ കൂടിയായ യാഹുവിൻെറ സ്ഥലത്ത് സ്ഥാപിക്കാൻ കാദർ സാഹിബ് നേതൃത്വം നൽകി. ധാരാളം ആളുകൾ രാഷ്ട്രീയ മത വ്യത്യാസമന്യേ അണിനിരന്നു. കുറഞ്ഞ സമയം കൊണ്ട് വായനശാല പൊളിച്ച് അതേപടി സ്ഥാപിച്ചു. പി.വി. കുഞ്ഞു, അന്നത്തെ മൂപ്പിൽ നായരുടെ മകൻ അപ്പു, എ.പി. കുഞ്ഞുണ്ണി, പി.വി വേലായുധൻ, പി. വേലായുധക്കുറുപ്പ്, ടി.വി. അച്ചുണ്ണി, ദേവീവിലാസം സ്കൂളിൻെറ ഹെഡ്മാസ്റ്ററും മാനേജരുമായ ശ്രീ: രാമനുണ്ണി നായർ തുടങ്ങിയവർ ഇതിന് നേതൃത്വം നൽകി. പുറത്തൂരിൻെറ സാംസ്കാരിക ചരിത്രത്തിൽ ഇത് ഒരു വലിയ സംഭവമായിരുന്നുവെന്ന് പല പ്രമുഖരും ഓർക്കുന്നു. ഈ വായനശാല ഉദ്ഘാടനം ചെയ്തതാകട്ടെ കുറ്റിപ്പുറത്ത് കേശവൻനായരായിരുന്നുവത്രേ. ഷർട്ട് ധരിക്കാത്ത ഇദ്ദേഹം നടത്തിയ ഉദ്ഘാടനം ഇന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ: അബ്ദുറഹിം ആവേശത്തോടെ സ്മരിക്കുന്നു. ഇക്കാലത്ത് വായനശാലക്ക് തൊട്ടടുത്ത് പോസ്റ്റാഫീസിലെകൂടി പോസ്റ്റ് മാസ്റ്ററായിരുന്ന ശ്രീ: രാമനുണ്ണി നായരായിരുന്നുവത്രേ വായനശാലയുടെ നടത്തിപ്പിലും ശ്രദ്ധവെച്ചത്. പുറത്തൂർ പഞ്ചായത്ത് ഗ്രാമീണവായനശാല ഗ്രന്ഥാലയം എന്ന പേരിൽ രജിസ്റ്റർ ചെയ്ത ഈ സ്ഥാപനം ഇന്നും നന്നായി പ്രവർത്തിക്കുന്നു. പിന്നീടുള്ള കാലഘട്ടം സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളുടേയും പൊതുപ്രവർത്തനങ്ങളുടേയും വേദിയായി മാറുകയായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കെട്ടിപ്പടുക്കാൻ രംഗത്തുണ്ടായിരുന്ന പലരും മൺമറഞ്ഞു. ശ്രീ: സി. ചോയുണ്ണിക്ക് താമ്രപത്രം ലഭിച്ചിട്ടുണ്ട്. ശ്രീ: ഇ.പി. കാദർ സാഹിബ് മറ്റു പാർട്ടികളോടോ പാർട്ടിക്കാരോടോ പകയോ വിദ്വേഷമോ കാണിക്കാത്ത പക്വമതിയായിരുന്നു. പൊതുകാര്യങ്ങളിൽ കമ്മ്യൂണിസ്റ്റുകാരെക്കൂടി സഹകരിപ്പിക്കാൻ ശ്രമം നടത്തിയിരുന്നു.

കോരു കേസ്, പഴങ്കുളം കേസ്, പാട്ടബാക്കിക്കെതിരെ നിരന്തര പോരാട്ടം, സാമൂഹ്യ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം എന്നീ രീതികളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ: ബാലകൃഷ്ണൻ നായർ സർവ്വ സമ്മതനായിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃ നിരയിലുള്ള മാധവൻ വൈദ്യർ, എ. പി. കുഞ്ഞുണ്ണി, പി. വേലായുധക്കുറുപ്പ്, പി. നാരായണൻ നായർ, എം. പി. കൊച്ചാപ്പു മാസ്റ്റർ, കെ. വി. അപ്പുകുട്ടി, പി. പി. അപ്പുകുട്ടി, പി. വി. കുഞ്ഞു, കെ. വി. കുഞ്ഞു, ടി. വി. അച്ചുണ്ണി തുടങ്ങിയവരും ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കോൺഗ്രസ്സുകാരിൽ പ്രമുഖരായ ശ്രീ: കെ. പി. ദാമോദരമേനോൻ, പൂട്ട വളപ്പിൽ രാമൻ നായർ തുടങ്ങിയ പലരും ഇടക്കാലത്ത് കമ്മ്യൂണിസ്റ്റു പാർട്ടിയിലുണ്ടായിരുന്നു.

കോൺഗ്രസ്സും മുസ്ലീം ലീഗും ഇവിടെ രാഷ്ട്രീയ പ്രവർത്തനം ആദ്യം മുതലേ തുടങ്ങിയിട്ടുണ്ടായിരുന്നു. ശ്രീ: സി. കെ. നാണു, സി. ചോയുണ്ണി, എം. ടി. കുഞ്ഞുണ്ണി നായർ യു. പി നാരായണൻ, പി. വി. കുഞ്ഞുണ്ണി, എം.പി.സെയ്താലികുട്ടി, എം. വി. ബാവ എന്നിവർ കോൺഗ്രസ്സിൻെറ നേതൃനിരയിലും ശ്രീ: മുളക്കപറമ്പിൽ മൊയ്തീൻകുട്ടി, കെ. വി. എം. കുട്ടു, ഇ. കുഞ്ഞുമുഹമ്മദ്, കല്ലിങ്ങലകത്ത് കടകശ്ശേരി വലിയ ബാപ്പുഹാജി, കെ. വി ബാപ്പുഹാജി പില്ലേപ്പുറത്ത് മുഹമ്മത് എന്ന ബാപ്പു, തായാട്ടിൽ മുഹമ്മദ് കുട്ടി, എന്നിവർ മുസ്ലീംലീഗിൻെറയും നേതൃനിരയിലുണ്ടായിരുന്നു.

ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ആകെയുള്ള എട്ടു സീറ്റുകളിൽ അഞ്ചു സീറ്റ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ലഭിച്ചു. ആറാം വാർഡിൽ മത്സരിച്ചു ജയിച്ച ശ്രീ. എം. സി. ബാലകൃഷ്ണനുണ്ണി നായർ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ടായി.

ഇതിനിടെ കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിരിഞ്ഞു. ഇതോടെ പാർട്ടിയുടെ സ്ഥാപകനും നീണ്ടകാല രാഷ്ട്രീയ പ്രവർത്തകനുമായിരുന്ന ശ്രീ. ബാലകൃഷ്ണനുണ്ണി നായർ സി.പി.ഐ. യിൽ ചേർന്നുവെങ്കിലും കുറഞ്ഞ സമയത്തെ പ്രവർത്തനത്തിന് ശേഷം രാഷ്ട്രീയത്തിൽ നിന്നും വിട്ടുനില്ക്കുകയാണ് ചെയ്തത്. ഭയങ്കാവ് ക്ഷേത്രത്തിൻെറ മൂപ്പിൽ നായരായിരിക്കവെയാണ് ഇദ്ദേഹം മരണപ്പെട്ടത്.

കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി മാർക്കിസ്റ്റ് പാർട്ടി രൂപം കൊണ്ടപ്പോൾ അതിൻെറ സംഘാടകരായി രംഗത്ത് വന്നത് ശ്രീ. എ. പി .കുഞ്ഞുണ്ണി, കുറുപ്പ്, പി.വി. കുഞ്ഞു, പി.പി. അപ്പുക്കുട്ടി, ടി.വി. അച്ചുണ്ണി എന്നിവരാണ്. സ. മാധവൻ വൈദ്യർ നിഷ്പക്ഷമായി നിന്നെങ്കിലും വഴിയെ മാർക്സിസ്റ്റ് പാർട്ടിയോടൊപ്പം വന്ന് പാർട്ടിക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന കയർ തൊഴിലാളി സമരം, കൊയ്ത്തു സമരം, എന്നിവ പോലീസുമായി ഏറ്റുമുട്ടുന്നതിൽ വരെ കലാശിച്ചു.

പുറത്തൂർ മുമ്പത്ത് നടന്ന ചകിരി തൊഴിലാളി സമരം ഒരു സംഭവമായിരുന്നു. പാർട്ടിക്ക് നേതൃത്വം നൽകിയിരുന്ന സ. പി. അയ്യപ്പനെ തടഞ്ഞുവെക്കുകുണ്ടായി. ഇതിൽ പ്രതിഷേധിച്ച് പ്രക്ഷുബ്ധമായ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ നന്നെ പാടുപെട്ടു. സമരത്തോടനുബന്ധിച്ച് പലരേയും അറസ്റ്റ് ചെയ്തു. സ.കുറുപ്പിനെ അദ്ദേഹത്തിന്റെ മകളുടെ വിവാഹ നിശ്ചയത്തലേന്ന് പോലീസ് അറസ്റ്റ് ചെയ്തു. പലരും ഇടപെട്ടാണ് പിറ്റേ ദിവസം ജാമ്യത്തിൽ വിടാൻ പോലീസ് തയ്യാറായത്.

ഇതിനു മുമ്പ് ശ്രീ. കാട്ടയിൽ നാരായണന്റെ ഭൂമി സംബന്ധമായ കേസിൽ റസീവറായി വന്ന അഡ്വ: കെ.കെ. രാധാകൃഷ്ണനെ തടഞ്ഞ സംഭവമുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ യുവനേതൃത്വമാണ് ഇത്തരം ഒരു സമരമുഖത്തേക്ക് ജനങ്ങളെ നയിച്ചത്. റസീവർ ചമ്രവട്ടത്ത് പോയി ബസ് കേറും വരെ മുദ്രാവാക്യം മുഴക്കി ഒട്ടനവധി പേർ ചമ്രവട്ടം വരെ പോയി . പാർട്ടി പൂർണ്ണമായി അംഗീകരിക്കാത്ത ഒരു സമരമായിരുന്നു ഇത് എങ്കിലും വിഷയത്തിന്റെ പ്രാധാന്യം ബോധ്യപ്പെട്ട് പിന്നീട് പാർട്ടി സഹകരിച്ചു.

പുറത്തൂരിൽ 1969 കാലത്ത് ഒരു കൊലക്കേസ് നടക്കുകയുണ്ടായി. ഇവിടുത്തുകാരു മായുണ്ടായ തർക്കത്തിൽ ഇടപെടാൻ വന്ന പൊന്നാനിക്കാരൻ കുരുക്കൾ (അഭ്യാസി) ഒന്നു രണ്ടു പേരെ കുത്തിമലർത്തി. തുടർന്നുണ്ടായ സംഘട്ടനത്തിൽ കുരുക്കൾ മരണപ്പെടുകയാണുണ്ടായത്. ഗുരുതരമായി പരിക്കുപറ്റിയ ഇദ്ദേഹത്തെ പൊന്നാനി ആശുപത്രിയിലേക്ക് തോണിക്ക് കൊണ്ടുപോയതുൾ പ്പെടെയുള്ള സംഭവങ്ങൾ ശ്രീ. എൻ. പി. അബ്ദുറഹീം ഇന്നും ഓർക്കുന്നു.

അവസാനമായി നടന്ന കൊയ്ത്തു സമരം, വയലിൽ പോലീസുമായി ഏറ്റുമുട്ടാനിടവെച്ചു. ഒട്ടേറെ പേരെ പോലീസ് പിടിച്ചുകൊണ്ടുപോയി ലോക്കപ്പിലിട്ട് മർദ്ദിച്ചു. ശ്രീ. കറുകയിൽ ബാലൻ, പി.വി. കുഞ്ഞു എന്നീ സഖാക്കളെ ക്രൂരമായി മർദ്ദിച്ചു. ശ്രീ. എൻ. പി. അബ്ദു റഹീം, പി. രാമചന്ദ്രകുറുപ്പ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടും കോടതിയിൽ ഹാജരാക്കാത്തതിനെതിരെ തിരൂരിലെത്തിയ സഖാവ് എ.കെ.ജി. ഇടപെടേണ്ടി വന്നു. പോലീസ് മർദ്ദനത്തിനിരയായവരെ എ.കെ.ജി. യുടെ ഇടപെടലിന്റ ഫലമായി പൊന്നാനി കോടതിയിൽ ഹാജരാക്കാൻ പോലീസ് നിർബന്ധിക്കപ്പെട്ടു. പത്തുസെന്റ് വളച്ചുകെട്ടൽ ഉൾപെടെയുള്ള ഇത്തരം കാർഷിക സമരങ്ങൾക്ക് പുറത്തൂരിന്റെ മണ്ണ് എത്രയോ തവണ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

4

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 6128 ഏക്കറും 20 സെൻററുമാണന്നു കണക്കാക്കിയിരിക്കുന്നു. പടിഞ്ഞാറ് അറബിക്കടലും, കിഴക്ക് തൃപ്രങ്ങോട് പഞ്ചായത്തും, വടക്ക് വെട്ടം പഞ്ചായത്തും, തെക്ക് നിളയും അതിരുകളാണ്. 10,13, വാർഡുകൾ പഞ്ചായത്തിന്റെ പ്രധാന ഭാഗത്തു നിന്നും 5 കി.മീറ്റർ നീളത്തിൽ തിരൂർ–പൊന്നാനി പുഴയാൽ വേർതിരിക്കപ്പെട്ടു കിടക്കുന്നു. തിരൂർ – പൊന്നാനി പുഴയിൽ 20 ഏക്കറോളം വിസ്തീർണ്ണമുളള മുരിക്കിൻമാടുദ്വീപു സ്ഥിതിചെയ്യുന്നു.

തികച്ചും ഒരു തീരദേശ സമതലമാണെങ്കിലും, വേലിയേറ്റം മൂലം വെളളം കയറി ഉപയോഗ ശൂന്യമായിക്കിടക്കുന്ന, താണപ്രദേശം പുഴയോരത്ത് കാണാം. തിരൂർ–പൊന്നാനി പുഴയുടേയും അറബിക്കടലിന്റെയും ഇടയിലുളള 10,13 വാർഡുകളെ നെടുകെ ഛേദിച്ചുകൊണ്ട് ചരിത്ര പ്രസിദ്ധമായ ടിപ്പുസുൽത്താൻ റോഡു കടന്നു പോകുന്നു. ഭാരതപ്പുഴയും തിരൂർ–പൊന്നാനിപ്പുഴയും, അറബിക്കടലിനോട് സംഗമിക്കുന്ന അഴിമുഖം മനോഹരമാണ്. സായം സന്ധ്യയിൽ അഴിമുഖത്തെ സൂര്യാസ്തമയം, മനം കുളിർക്കുന്ന ഒരു കാഴ്ച തന്നെയാണ്.

മുരിക്കിൻമാട് ദ്വീപിൽ, 45 കുടുംബങ്ങൾ താമസിക്കുന്നു. പ്രകൃതിസുന്ദരമായ ഈ ദ്വീപിനെ, ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ചെടുക്കാവുന്നതാണ്.

പുഴയോരത്തും കടലോരത്തും മണലു കലർന്ന മണ്ണും പൂഴിമണ്ണുമാണ്. തെങ്ങാണ് പ്രധാന കൃഷി. പഞ്ചായത്തിലെ പ്രധാന റോഡായ ആലത്തിയൂർ–പളളിക്കടവു റോഡിനു കിഴക്കുവശം ഫലഭൂയിഷ്ഠമായ പശിമരാശി മണ്ണുമാണ്. പുരയിടങ്ങളിലെയും, നെൽപാടങ്ങളിലെയും മണ്ണു ഒരേ സ്വഭാവമുളളതു തന്നെ.

## ജനപ്രകൃതി.

കുടുംബ സർവ്വെ റിപ്പോർട്ട് പ്രകാരം 21110 പുരുഷന്മാരും, 21435 സ്ത്രീകളും അടക്കം മൊത്തം ജനസംഖ്യ 42545 ആണ്. പടിഞ്ഞാറൻ പ്രദേശത്ത് കയർ, മത്സ്യത്തൊഴിലാളികളും, കിഴക്കൻ മേഖലയിൽ കർഷകരും കർഷകത്തൊഴിലാളി കളുമാണേറെയും. സർക്കാർ ജീവനക്കാർ വളരെ കുറവാണ്. പരമ്പരാഗത കയർ മേഖലയിലെയും കാർഷിക മേഖലയിലെയും പുത്തൻ സാഹചര്യം മൂലം തൊഴിൽ

രഹിതരുടെ എണ്ണം കൂടിവരികയാണ്. നിർമ്മാണ രംഗത്തേക്കാണ് പുത്തൻ തലമുറ കടന്നു ചെല്ലുന്നത്. 1991 ലെ കാനേഷുമാരിയനുസരിച്ച് 4279 പട്ടിക ജാതിക്കാരുണ്ട്, ഈ പഞ്ചായത്തിൽ സാക്ഷരത 93% നു മേലെയാണ്.

## ജലപ്രകൃതി

"വെള്ളം വെള്ളം സർവ്വത്ര. തുള്ളികുടിപ്പാ നില്ലത്രേ" എന്ന വരികളെ അനുസ്മരിപ്പിക്കുന്നു, പഞ്ചായത്തിലെ ജലപ്രകൃതി. വെള്ളം ധാരാളമുണ്ട്. ശുദ്ധജലം ആവശ്യത്തിനു പോലുമില്ല. കിണറുക ളിലും, കുളങ്ങളിലും, തോടുകളിലും ഭൂരിഭാഗവും ഓരുജലമാണ് ലഭിക്കുന്നത്. 1,2,6,7,8,9 വാർഡുകളിൽ ശുദ്ധജലക്ഷാമം അതിരൂക്ഷമാണ്. 2.5 കി. മീറ്ററോളം ദൈർഘ്യമുള്ള നായർതോട്, 1 1/4 കി മീറ്റർ നീളമുള്ള വലിയതോട്, 500 മീറ്റർ നീളമുള്ള കുമ്മട്ടിത്തോട്, പാഞ്ചേരിത്തോട്, കരിയിലത്തോട്, വേട്ടുവൻ വളപ്പുതോട്, പുത്തൻവീട് തോട് എന്നിവ യിൽ എല്ലാം ഉപ്പുവെള്ളം കയറുകയും അത് തോടു കൾക്കിരുവശങ്ങളിലുമുള്ള നെൽ പാടങ്ങളിലും കിണറുകളിലും വ്യാപിക്കുകയും ചെയ്യുന്നു.

സ്വകാര്യ ഉടമയിൽ ധാരാളം കുളങ്ങളും കിണ റുകളുമുണ്ട്. പൊതുകുളങ്ങൾ ഗോമുഖവും ആറോ ട്ടിൽ കുളവുമാണ്. കുടിവെള്ള പ്രശ്ന പരിഹാരത്തി ന് ഇവയിലെ ജലം പ്രയോജനപ്പെടുത്താവുന്നതാണ്. കെ.ഡബ്ല്യു.എ. യുടെ ശുദ്ധജല പദ്ധതി വളരെ കുറച്ച് പ്രദേശങ്ങളിൽ മാത്രം പ്രയോജനപ്പെടുന്നു.

# സാമൂഹിക സാമ്പത്തിക മേഖലകൾ

HD



5.1

# കൃഷി

## ആമുഖം

പ്രകൃതിയുടെ വരദാനമായ ഭാരതപ്പുഴയുടെ വടക്കുമാറി കാർഷികവിളകൾക്കനുഗ്രഹീതമായ ഭൂപ്രകൃതിയിൽ ഏതാണ്ട് സമതലത്തോടുകൂടി രണ്ടായിരത്തി നാനൂറ്റി എൺപത്തി ഒന്ന് ഹെക്ടർ വിസ്തീർണ്ണത്തിൽ പുറത്തൂർ ഗ്രാമപഞ്ചായത്ത് ഒതുങ്ങുന്നു. മുഖ്യ ഉപജീവനമാർഗ്ഗം കാർഷിക വൃത്തി തന്നെ. നെല്ലും തെങ്ങും മുഖ്യവിളകളാണെങ്കിലും വാഴ, കമുക്, പച്ചക്കറികൾ എന്നിവയും ചെറിയ തോതിൽ കാണാൻ കഴിയും. ജലസമ്പത്തുകൊണ്ട് ധന്യമായിരുന്ന പ്രകൃത്യാൽ തോടുകളും കുളങ്ങളും ഇന്ന് ഓർമ്മയിൽ മാത്രമാണ്. കലപ്പയേന്തിയ കർഷകരും, ഈണത്തിൽ പാട്ടുപാടി ഞാറ്റടിവെക്കുന്ന കർഷകതൊഴിലാളിയും ഇന്ന് നാഗരികതക്കു വഴി മാറുന്നു. കൊട്ടതേക്കും, കയറ്റുകൊട്ടയും, കൂത്തുടുപ്പും ഓർമ്മകൾമാത്രം. കോവിലകം, ദേവസ്വം, ഭൂമികളായിരുന്നു കൂടുതലും. ഭൂപരിഷ്കരണനിയമം ഒട്ടുമിക്ക കുടുംബങ്ങളെയും, കുടികിടപ്പുകാരും, ചെറുകിട, നാമമാത്രഭൂ ഉടമകൾക്കു മാറ്റി. അഞ്ച് ഏക്കറിലധികം വരുന്ന ഭൂ ഉടമകൾ ഏതാണ്ട് ഒരു ശതമാനത്തിൽപോലും എത്തുന്നില്ല. ഗൾഫിന്റെ ആധിപത്യവും, യുവ തലമുറയുടെ നാഗരികതയിലേക്കുള്ള കാൽവെപ്പും, അശാസ്ത്രീയ കെട്ടിടനിർമ്മാണവും, പ്രകൃതിയുടെ ഹരിതവർണ്ണത്തിൽ മങ്ങലേ ല്പ്പിച്ചിടത്ത് നാം എത്തി നില്ക്കുന്നു. ഇവയെ തനിമയിലെത്തിക്കുവാൻ നമുക്കൊരുമിച്ചു നീങ്ങാം.

## മണ്ണ്

ഘടനയനുസരിച്ച് പത്ത്, പതിമൂന്ന് വാർഡുകളിൽ മണലും, മറ്റു പ്രദേശങ്ങളിൽ പശിമരാശിയുള്ള മണൽ മണ്ണും, മണൽചേർന്ന കളിമണ്ണും കാണപ്പെടുന്ന സമതലപ്രദേശങ്ങളാണ്. തട്ടു ഭൂമികൾ, പറമ്പ്, പാടം, എന്ന വ്യത്യാസം മാത്രം. പ്രകൃത്യാൽ തോട്, കുളം, ഇവക്കുണ്ടായ നാശവും, അശാസ്ത്രീയ കെട്ടിടനിർമ്മാണം മൂലമുണ്ടായിട്ടുള്ള വയൽ നികത്തലും, വയലുകളിലെ മണ്ണെടുപ്പും, നീർക്കെട്ടുണ്ടാക്കി-മണ്ണിന്റെ ഘടനക്കുമാറ്റം വരുത്തിയിട്ടുണ്ട്. ഏതാണ്ട് 367 ഹെക്ടർ മണൽമണ്ണ് 918 ഹെക്ടർ മണൽചേർന്ന കളിമണ്ണ് 552 ഹെക്ടർ പശിമരാശിയുള്ള മണൽ മണ്ണ് അടങ്ങിയതാണ് ഭൂപ്രകൃതി.

## ഭൂവിനിയോഗം

മൊത്തം വിസ്തീർണ്ണത്തിൽ തരിശുഭൂമി കഴിച്ചുള്ള പ്രദേശങ്ങളിൽ ധാന്യ,നാണ്യ, ഇടവിളകൾ താഴെ ചേർത്ത പ്രകാരം കൃഷിചെയ്തു വരുന്നു.

നെൽകൃഷി 300 ഹെക്ടർ ഇതിൽ

| | |
|---|---|
| 250 ഹെക്ടർ – | 2 വിള |
| 50 ഹെക്ടർ – | 3 വിള |
| തെങ്ങ് | 1200 ഹെക്ടർ |
| കവുങ്ങ് | 5 " |
| കശുമാവ് | 8 " |
| വാഴ | 50 " |
| മരച്ചീനി | 4 " |
| മധുരക്കിഴങ്ങ് | 4 " |
| കുരുമുളക് | 1 " |
| പയർ | 2 " |
| എള്ള് | 20 " |
| കിഴങ്ങുവർഗ്ഗം | 5 " |

പുറമെ കൃഷിയോഗ്യതരിശ് കൃഷിയോഗ്യമല്ലാത്ത തരിശ് ഭൂമിയുമുണ്ട്.

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഭൂമിയുടെ വിസ്തീർണ്ണം( ഏക്കറിൽ)

| | | |
|---|---|---|
| പുരയിടം | | 1537.15 |
| നിലം | | 1509.18 |
| പുറമ്പോക്ക് | *പുറത്തൂർ* | 1513.61 |
| | *മംഗലം* | 0.2985 |
| തരിശ് | | 17230 |
| ആകെ | *പുറത്തൂർ* | 4732.24 |
| | *മംഗലം* | 0.2985 |
| ആകെ | | 1513.61 |

ഉടമസ്ഥരുടെ എണ്ണം

| | |
|---|---|
| 1 – 10 സെന്റ് | 1475 |
| 10–25 സെന്റ് | 642 |
| 25–50 സെന്റ് | 560 |
| 50–100 സെന്റ് | 180 |
| 1–2 ഏക്കർ | 40 |
| 2–5 ഏക്കർ | 20 |
| 5 ഏക്കറിന് മുകളിൽ | 5 |

നിലം 70% തൂർത്ത് വീട് വെച്ചും പറമ്പാക്കി മാറ്റി

## പ്രശ്നങ്ങൾ

കാർഷിക മേഖലയിലെ മുരടിപ്പിന്ന് കാരണമായ പല പ്രശ്നങ്ങളുമുണ്ടെന്ന് വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നു വന്നിട്ടുള്ള റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നു. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയും, വൈദ്യുതിയുടെ ശേഷിക്കുറവും പ്രധാന കാരണങ്ങളായി എടുത്തുകാട്ടുന്നു. പുഴയോര പ്രദേശങ്ങളിലെ ഉപ്പുവെള്ളക്കയറ്റവും, ഉല്പാദനത്തിൽ വന്നിട്ടുള്ള കുറവും ഉല്പാദനചിലവിൽ വന്നിട്ടുള്ള വർദ്ധനവും അത്യാധുനികകാർഷിക യന്ത്രങ്ങളുടെ ലഭ്യതക്കുറവും ഉള്ളവതന്നെ കൃഷിയിടങ്ങളിലെത്തിക്കുന്നതിനുള്ള മാർഗ്ഗ തടസ്സവും, വിദഗ്ദ്ധരായ തൊഴിലാളികളുടെ അഭാവവും, ഉള്ളവരിൽ തന്നെയുള്ള വർദ്ധിച്ച വേതന ഡിമാന്റും കൃഷിരീതിയിലുള്ള അജ്ഞതയും, മിക്ക കർഷകരും എടുത്തു കാട്ടിയിട്ടുണ്ട്. കൃഷി ഭവൻ പ്രവർത്തനത്തിന്റെ പോരായ്മകളും, വിത്ത്, വളം, കീടനാശിനി ഇവക്കുണ്ടാകുന്ന അമിത വിലക്കയറ്റ വും, കാർഷിക വായ്പയുടെ ലഭ്യതക്കുറവും, പരിമിതിയും, വിപണന സംസ്കരണ രംഗത്തെ സാധ്യത കമ്മിറ്റിയും ചൂണ്ടിക്കാണിക്കപ്പെടുന്ന പ്രശ്നങ്ങളാണ്. നെൽവയലുകൾ നികത്തി കെട്ടിടമുണ്ടാക്കുന്നതു കൊണ്ടും വയലുകളിൽ നിന്ന് ക്രമാതീതമായി മണ്ണു നീക്കുന്നതു കൊണ്ടുമുണ്ടാകുന്ന നീർക്കെട്ട് പ്രശ്നവും ധാന്യവിളകൾ ചീയുന്നതിനും, തെങ്ങിന്റെ കൂമ്പുചീയലിനും കാരണമാകുന്നു. ജലനിർഗ്ഗമനചാലുകൾ ഇല്ലാത്തതിനാൽ രോഗകീടബാധ വർദ്ധിക്കുന്നതിനു കൂടി കാരണമാകുന്നു. വിവിധമേഖലകളിലെ പ്രധാന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

### കൃഷി.

1. കാർഷിക പ്രവൃത്തിയോടുള്ള താല്പര്യക്കുറവാണ് പ്രധാന പ്രശ്നം. കാർഷിക മേഖലയിലേക്ക് ഇറങ്ങി വരാൻ യുവതലമുറ ശ്രമിക്കുന്നില്ല. കൃഷി പ്രവൃത്തി സ്റ്റാൻഡേർഡ് കുറഞ്ഞ ഒരു തൊഴിലായാണ് യുവതലമുറ കാണുന്നത്. പറമ്പു കിളക്കുവാനറിയു

H 2

ന്നവർക്കും, കന്നുപൂട്ടാനറിയുന്നവർക്കും, വരമ്പുവൊക്കെ നരിയുന്നവരും, പഴയ തലമുറയിലെ ചുരുക്കം ചിലരൊഴിച്ചാൽ, യുവതലമുറ ഈ രംഗത്തേക്കു കടന്നു വരുന്നില്ല.

2. കൃഷിയിടങ്ങൾക്ക് മുമ്പുണ്ടായിരുന്ന പ്രകൃതി ദത്തമായ മുഖഛായയിൽ വന്ന മാറ്റം – ഇതു കൊണ്ട് കൃഷി നടത്തുന്നില്ല. അശാസ്ത്രീയമായി കെട്ടിടങ്ങളും മതിലുകളും നിർമ്മിക്കുന്നതും കൃഷിയിടങ്ങളിലെ മണ്ണ് ഉടമക്കിഷ്ടപ്പെടും വിധത്തിൽ നീക്കം ചെയ്യുന്നതും കൃഷിയിടത്തിൽ ക്രമാതീതമായി വെള്ളം കെട്ടിനിന്ന് നീർവാർച്ച തടസ്സപ്പെടുന്നതും ധാന്യ വിള ചീയുന്നതിനും രോഗകീടബാധ വർദ്ധിക്കുന്നതിനും ഇത് കാരണമാകുന്നു.

3. കർഷകരുടെ ഇടയിലുള്ള സഹകരണക്കുറവ് – ഇതു മൂലം ശാസ്ത്രീയ മുറകളുപയോഗിച്ചുള്ള കൂട്ടു കൃഷി സമ്പ്രദായം ശരിയാംവണ്ണം നടപ്പിലാക്കാൻ സാദ്ധ്യമാകുന്നില്ല.

4. ഉൽപ്പാദന ഉപാധികളുടെ ആവശ്യാനുസരണമുള്ള ലഭ്യത – കാലാവസ്ഥയ്ക്കനുകൂലമായ വിത്ത്, ജൈവ വളം, കീടനാശിനി, രാസ വളം മുതലായവ സമയാസമയം ലഭിക്കുന്നില്ല. ഉള്ളവ തന്നെ മൂല്യം കുറഞ്ഞതും അമിത വിലയുള്ളതുമാണ്.

5. വർദ്ധിച്ച കൂലി നിരക്ക് – കൃഷി സ്വയം തൊഴിലായി അംഗീകരിക്കാത്ത കർഷകർക്ക് തൊഴിലാളിയെ വെച്ച് തൊഴിലെടുപ്പിക്കാൻ വർദ്ധിച്ച കൂലി നിരക്ക് കൊണ്ട് സാദ്ധ്യമാകുന്നില്ല. കൂലിനിരക്കിൽ ഏകീകരണ സ്വഭാവമില്ല.

6. അശാസ്ത്രീയതയും അജ്ഞതയും : – കാലാകാലങ്ങളിൽ കാർഷികാഭിവൃദ്ധിക്കായി എന്തെല്ലാം ചെയ്യണമെന്നറിയാത്തതുകൊണ്ട് അശാസ്ത്രീയമായ കാർഷിക മുറകൾ അനുവർത്തിക്കുന്നു. ഉദാഹരണമായി തെങ്ങുകൾ തമ്മിലുള്ള അകലം, വളപ്രയോഗ സമയങ്ങളിൽ ധാന്യ വിളകൾ നടീൽ സമയത്തും ചീനപ്പു കാലങ്ങളിലും, പൊട്ടിൽ സമയത്തു പോലും ഫാക്ടംഫോസു പോലുള്ള കോംപ്ലക്സു വളങ്ങൾ കർഷകർ ഉപയോഗിച്ചു വരുന്ന ചേരുവകളറിയാതെ കീടനാശിനി അസമയങ്ങളിൽ പ്രയോഗിക്കുന്നു. വിളക്കുറവിനും, ധന നഷ്ടത്തിനും, പരിസര മലിനീകരണത്തിന്നും ഇവ ഇടയാക്കുന്നു.

7. വിളകളെ നശിപ്പിക്കുന്ന എലി തുടങ്ങിയ ക്ഷുദ്ര ജീവികൾ തെങ്ങ്, കവുങ്ങ്, വാഴ, നെല്ല് മറ്റ് ഇടവിളകളായ കിഴങ്ങു വർഗ്ഗങ്ങൾ ഇവയ്ക്ക് എലി തുടങ്ങിയ ക്ഷുദ്ര ജീവികളുടെ ആക്രമണം രൂക്ഷമായിരിക്കുകയാണ്. ശാശ്വതമായി ഇവയെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഇല്ലാത്തതിനാൽ വിളനാശം പ്രശ്നമുണ്ടാക്കുന്നു.

8. മണ്ണ് പരിശോധന:– ഇതിനുള്ള സൗകര്യം അപര്യാപ്തമാണ്. അതിനാൽ ഭൂമിയിൽ സസ്യ മൂലകങ്ങൾ മനസ്സിലാക്കിക്കൊണ്ട് കൃഷി ചെയ്യുന്നതിന് കഴിയുന്നില്ല.

9. കാർഷിക വായ്പ:– കാർഷിക വായ്പകൾ ലഭിക്കുന്നുണ്ടെങ്കിലും പ്രാദേശിക കാർഷിക ചിലവുകൾക്കാനുപാദികമല്ല. യഥാസമയങ്ങളിൽ ലഭിക്കുന്നുമില്ല. നിബന്ധനകളുടെ ഊരാക്കുടുക്കിൽപ്പെട്ട് കാലതാമസം വരുന്നത് സർവ്വസാധാരണമാണ്.

10. ജൈവവളങ്ങൾ :– കന്നുകാലി സമ്പത്ത് കുറഞ്ഞതും, വൃക്ഷനാശവും കുക്കിംഗ് ഗ്യാസിന്റെ അതിപ്രസരവും, കന്നുകാലി വളവും പച്ചില വളവും, ചാരവും നഷ്ടപ്പെടുത്തിയിട്ടുണ്ട്. കമ്പോസ്റ്റ് സമ്പ്രദായം തീരെയില്ല.

11. കൂട്ടുകൃഷി സമ്പ്രദായത്തിന്റെ പരാജയം :– നാളികേര വികസന സമിതിയും, പാടശേഖര സമിതികളും നിലവിലുണ്ടെങ്കിലും സുശക്തമായ പ്രവർത്തനം എങ്ങും നടക്കുന്നില്ല. ഇത് സഹകരണ മനോഭാവത്തെയും ഉല്പാദനത്തേയും കാര്യമായി ബാധിക്കുന്നു. ധനപരമായ പ്രോത്സാഹനങ്ങൾ ഇന്ന് നിലച്ച മട്ടാണ്. കുമ്മായം, വളം, കീടനാശിനി, കുറ്റിപമ്പ് മറ്റു സസ്യ സംരക്ഷണ ഉപകരണങ്ങൾ ഇവയ്ക്കെല്ലാം നൽകിയിരുന്ന സബ്സിഡികളും ഉൽപ്പാദന ബോണസ്സുകളും യഥാസമയത്ത് കിട്ടാത്തതും നിരക്കിൽ വർദ്ധനവ് വരുത്തുന്നതും പ്രശ്നങ്ങളായി ചൂണ്ടിക്കാട്ടുന്നു.

12. വിപണന സംസ്കരണ സാദ്ധ്യതക്കുറവ് :– ഉൽപ്പാദന സമയത്ത് കർഷകർക്ക് മാന്യമായ വില ലഭിക്കാത്തത് കാർഷിക മേഖലയിലെ

മുരടിപ്പിന് പ്രധാന കാരണമായി കാണിക്കുന്നു. സ്വകാര്യ ഏജൻസികളും ഇടത്തട്ടുകാരും കാർഷിക വിപണന രംഗം കൈയ്യടക്കിയിരിക്കുന്നു. സ്വകാര്യ കച്ചവടക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ഉൽപ്പന്നങ്ങൾ വില്ക്കേണ്ട സ്ഥിതി നിലനിൽക്കുന്നതായി എല്ലാ കർഷകരും പരാതിപ്പെടുന്നു. സംസ്കരണ സൗകര്യങ്ങൾ ഇവിടെ തീരെയില്ലാത്തതും പ്രസക്തമാണ്.

13 തീരപ്രദേശങ്ങളിലെ കൃഷിനാശം പഞ്ചായത്തിലെ 1-2-6-7-8-9 വാർഡുകളിലെ പ്രകൃത്യാൽ തോടുകളിൽ കൂടി ഒഴുകിയെത്തുന്ന ഉപ്പുവെള്ളം തെങ്ങൊഴികെയുള്ള വിളകൾക്ക് നാശം വരുത്തുന്നു. ഇതു മൂലം ഏതാണ്ട് 300 ഹെക്ടർ സ്ഥലം തരിശിടേണ്ട സ്ഥിതി നില്ക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്.

14. തരിശിടൽ - ഏകദേശം പല വാർഡുകളിലായി 100 നും 150 നും ഇടക്ക് ഹെക്ടർ 3 പൂവൽ നെൽകൃഷി എടുക്കാവുന്ന പ്രദേശങ്ങൾ തരിശായി കിടക്കുന്നു. ചില കൃഷിക്കാർ ഇവിടങ്ങളിൽ ഒന്നാം വിള മാത്രം എടുക്കുന്നതായി സൂചിപ്പിക്കുന്നു. അമിതമായ കൂലിച്ചിലവും, കൃഷിയോടുള്ള താത്പര്യക്കുറവും, അദ്ധ്വാന ശേഷി കൂടാതെ അന്യ സ്ഥലങ്ങളിൽ നിന്നും കിട്ടുന്ന ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതയും തരിശിടലിന് കാരണമായി എടുത്തു കാട്ടിയിട്ടുണ്ട്.

15. പച്ചക്കറി കൃഷി - സാങ്കേതികമായും, സാമ്പത്തികമായും ഉള്ള പ്രോത്സാഹന കുറവു കൊണ്ട് പച്ചക്കറി കൃഷി ശരിയായി നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന് പല ഗ്രാമ സഭകളിലും സൂചിപ്പിച്ചിട്ടുണ്ട്. വളരെ സാധ്യതയുള്ള പുഴയോര പച്ചക്കറി കൃഷി ഇന്ന് നാമമാത്രമായി വരുന്നു. മുൻകാലങ്ങളിലുണ്ടായിരുന്ന പച്ചക്കറികളിൽ പല ഇനങ്ങളും അപ്രത്യക്ഷമായിട്ടുണ്ട്.

16. ഇടവിള കൃഷി - എല്ലാ വാർഡിൽ നിന്നും ഇടവിള കൃഷികളെ പരാമർശിച്ചിട്ടുണ്ട്. വെറ്റില, മുത്താരി, കൂവ, ചോളം, കമ്പം, എള്ള്, പയറു വർഗ്ഗങ്ങൾ, പലയിനം വാഴകൾ, വെള്ളരി വർഗ്ഗ പച്ചക്കറികൾ ഇവയ്ക്കു യോജിക്കുന്ന ഭൂപ്രകൃതിയും മണ്ണും ഉണ്ടെന്നും അവർക്ക് കാലാകാലങ്ങളിൽ പ്രോത്സാഹനമില്ലാത്തതും, വിത്തുകളും മറ്റും യഥാസമയം കിട്ടാത്തതും അത്തരം കൃഷിയെ നിരുത്സാഹപ്പെടുത്തിയതായി കാണിച്ചിട്ടുണ്ട്.

17. ഔഷധ സസ്യങ്ങളും സുഗന്ധവിളകളും - ഇവയും പേരിനു മാത്രം കൃഷി ചെയ്യുന്നതായി ചേർത്തിട്ടുണ്ട്. കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്ന ഔഷധച്ചെടികളും വിത്തുകളും - അത്യുൽപ്പാദന ശേഷിയുള്ള കുരുമുളക് വള്ളികളും, അവർക്കുള്ള പരിചരണ നിർദ്ദേശങ്ങളും കിട്ടാത്തതിനാൽ കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി സൂചനയുണ്ട്.

## ജലസേചനം

എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രധാന പ്രശ്നം ജലസേചനത്തിന്റെ അപര്യാപ്തതയാണ്.

1. ചെകുത്താൻ കുന്ന് പദ്ധതി - പഞ്ചായത്തിലെ 10, 13 വാർഡുകളൊഴികെ മറ്റെല്ലാ പ്രദേശങ്ങളിലും കൃഷിക്ക് വിഭാവനം ചെയ്ത ഈ പദ്ധതി കൃഷിക്കാരന് ശാപമായി എന്ന് വരെ പരാമർശിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയപ്പോൾ സാങ്കേതികത്വത്തിൽ വന്ന പിഴവ് നീർക്കെട്ടുണ്ടാക്കുന്നതിനും ജലം പാഴാക്കി കളയുന്നതായും സൂചിപ്പിച്ചുട്ടുണ്ട്. ഒരു വശത്ത് നെൽക്കൃഷി ഉണങ്ങുമ്പോൾ മറുഭാഗത്ത് പമ്പു ചെയ്യുന്ന വെള്ളം പ്രകൃതിയാൽ തോടുകളിലൂടെ ഒഴുകി അറബിക്കടലിൽ എത്തുന്നു. പമ്പുകൾ പ്രവർത്തിപ്പിക്കാത്തതും കനാലുകൾ അറ്റകുറ്റപ്പണി നടത്താത്തതും ഷട്ടറുകൾ നശിച്ചതും ആവശ്യമായ സ്ഥലങ്ങളിൽ ജലമെത്തിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന വാച്ച്മാൻ തസ്തിക നിർത്തലാക്കിയതും കാരണങ്ങളാണ്. ചെകുത്താൻ കുണ്ട് പദ്ധതിൽ പഞ്ചായത്തിലെത്തിച്ചേരുന്ന കനാലുകൾക്ക് അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതിനാൽ മണ്ണ് വന്ന് തൂർന്ന് കുറ്റിപ്പൊന്തകൾ വളർന്നും ഉപയോഗ ശൂന്യമായി കിടക്കുന്നു. ചില കനാലുകൾക്ക് ഉയരത്താഴ്ചകളിലുള്ള അശാസ്ത്രീയത മൂലം വെള്ളം ശരിക്കും ഒഴുകുന്നതിന് തടസ്സമുണ്ട്. അതുകൊണ്ട് ഈ തോടുകൾ ഉപയോഗപ്രദമാക്കി ത്തീർക്കേണ്ടത് അത്യാവശ്യമാണ്.

അനുബന്ധം - 12

## മണ്ണെണ്ണയുടെ ഉപഭോഗം

| വർഷം | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി കൊടുത്ത മണ്ണെണ്ണ (ലിറ്റർ) | കാർഡ് വഴി കൊടുത്ത മണ്ണെണ്ണ (ലിറ്റർ) |
|---|---|---|---|
| 1991-92 | 304 | 24368 | 147422 |
| 92-93 | 379 | 27167 | 150506 |
| 93-94 | 488 | 28663 | 175245 |
| 94-95 | 554 | 34099 | 188623 |
| 95-96 | 453 | 32904 | 150171 |

## ഊർജ്ജക്കമ്മി

ജലസേചനത്തെ ബാധിക്കുന്ന പ്രധാന പ്രശ്നം ഊർജ്ജക്കുറവാണ്. ചെറിയ മോട്ടോറുകൾ പോലും പ്രവർത്തിക്കാൻ സാധിക്കുന്നില്ല. വോൾട്ടേജ് ക്ഷാമം എല്ലാ വാർഡുകളിലും അനുഭവിക്കുന്നു. മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പമ്പുകൾക്ക് ആവശ്യമായ മണ്ണെണ്ണ സൗജന്യ നിരക്കിൽ ലഭിക്കാത്തത് മുഖ്യവിഷയമാണ്. ഏക്കറിന് കഴിഞ്ഞ കാലങ്ങളിൽ 5 ലിറ്റർ അനുവദിച്ചത് തീരെ അപര്യാപ്തമാണ്. അതു തന്നെ കൊടുക്കുന്ന സംവിധാനത്തിൽ വളരെയേറെ അപാകതയുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സൗരോർജ്ജ മോട്ടോറുകൾ പലയിടത്തും സൗജന്യ നിരക്കിൽ വിതരണം ചെയ്തതായി അറിയാൻ കഴിഞ്ഞെങ്കിലും ഈ പഞ്ചായത്തിൽ ആർക്കും ലഭിക്കാതിരുന്നത് ആക്ഷേപമായി കാണിക്കുന്നു. മണ്ണെണ്ണയുടെ ഉപഭോഗം, അനുബന്ധം 12 ൽ കൊടുത്തിട്ടുണ്ട്.

## ജലസേചന സ്രോതസ്സുകൾ -

ഗ്രാമസഭാ പ്രശ്നങ്ങളിലും പഠന പര്യടന കാഴ്ചകളിലും പൊതു സ്വകാര്യ കുളങ്ങൾ വറ്റാത്തതായി ഉണ്ടെന്നും അവയിൽ നിന്നും ജലസേചന സൗകര്യങ്ങൾ ഇപ്പോൾ കിട്ടുന്നില്ലെന്നും കാണിക്കുന്നു. ഗോമുഖം പൊതുകുളം ജലസേചന യോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം വാർഡുകളിലെ പ്രധാന സ്വകാര്യ കുളങ്ങളായ പുത്തൻകുളം, ചിറയ്ക്കൽ കുളം, കളത്തിൽ കുളം, പാക്കിനിക്കുളം, മെക്കോട്ടിക്കുളം, കുറുമ്പടിക്കൽ കുളം, മുതിരക്കണ്ടത്തിൽ കുളം, കളത്തിൽപ്പറമ്പ് കുളം, പറമ്പത്ത് കുളം, കുണ്ടിലെ കുളം, വടക്കേ പീടികക്കൽ കുളം, ചാലിപ്പറമ്പ് കുളം, കോട്ടക്കുളം, പണ്ടാരക്കുളം, വടക്കേ അനന്താവിൽ കുളം, മൂത്രക്കൽ കുളം, പേരേത്ത് കുളം, മങ്കുത്തി കുളം എന്നീ കുളങ്ങൾ വറ്റാത്തതാണെങ്കിലും അവയിൽ നിന്നും ജലമെടുക്കുന്നതിന് അസൗകര്യമുള്ളതായി ചൂണ്ടിക്കാട്ടുന്നു.

മിക്ക വാർഡുകളിലും പുതിയ കൈത്തോടുകളിലില്ലാത്തതും പ്രകൃത്യാൽ തോടുകൾക്ക് ജലസേചന ജലനിർഗ്ഗമന സൗകര്യങ്ങളില്ലാത്തതും കാർഷിക വിളനാശത്തിന് പ്രശ്നങ്ങളുണ്ടാക്കുന്നതായി സൂചിപ്പിക്കുന്നു.

പുളിവെള്ളം തടയുന്നതിന് കൂട്ടായി റഗുലേറ്റർ കം ബ്രിഡ്ജിന്റെയും ജലസേചന - കുടിവെള്ള - ഗതാഗത സൗകര്യ വർദ്ധനക്കുള്ള പ്രധാന പദ്ധതിയായ ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് പണിയാരംഭിക്കാത്തതും കർഷകരുടെ പ്രധാന പ്രശ്നങ്ങളായി സൂചിപ്പിച്ചിട്ടുണ്ട്.

വിവിധ ഗ്രാമസഭകളിൽ നിന്നും ഉന്നയിച്ചിട്ടുള്ള കാർഷിക പ്രശ്നങ്ങളുടെ പരിഹാര സാധ്യതകൾ ക്രോഡീകരിച്ച് ഈ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖയിലേക്ക് സമർപ്പിക്കുന്നു.

## സാധ്യതകൾ -

1 കൃഷി :

എ. പ്രോത്സാഹനം : കാർഷികവൃത്തി നിർബ്ബന്ധ വിദ്യാഭ്യാസത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ കാർഷിക പ്രായോഗിക പരിശീലന സ്കൂൾ ആരംഭിക്കുക. പരിശീലനം സിദ്ധിക്കുന്നവർക്ക് നിശ്ചിത വേതനത്തോടു കൂടി ജോലിസ്ഥിരത ഉറപ്പു വരുത്തി കാർഷിക സന്നദ്ധ സേവകരാക്കി അംഗീകരിക്കുക.

2 ഭൂഘടന വ്യത്യാസം തടയുന്നതിനും, നീർവാർച്ച ഉണ്ടാക്കുന്നതിനും വേണ്ടി വയൽ നികത്തി കെട്ടിടമുണ്ടാക്കുന്നതും, മതിലുകൾ നിർമ്മിക്കുന്നതും, വയലുകൾ താഴ്ത്തുന്നതും ശാശ്വത നിയമം മൂലം തടയുക. ഗ്രാമപഞ്ചായത്ത് സമിതിക്കും, പാടശേഖര സമിതികൾക്കും

ഇതു നിയന്ത്രിക്കുന്നതിനുള്ള അധികാരം നൽകേണ്ടതാണ്.

3 പാടശേഖര സമിതി: എല്ലാ നെൽകൃഷിക്കാരെയും പ്രാദേശിക പാടശേഖര സമിതിക്കു കീഴിൽ കൊണ്ടു വരിക. സമിതികൾ വിഭാവനം ചെയ്യുന്ന കാർഷിക രീതികൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുക. സമിതികളുടെ നിയന്ത്രണം ഗ്രാമ പഞ്ചായത്ത് സമിതികളും കൃഷിഭവൻ ഉദ്യോഗസ്ഥരും അടങ്ങിയ കാർഷിക സമിതിക്ക് രൂപം നൽകി കൈമാറുക. പ്രവർത്തിക്കുന്ന പാടശേഖര സമിതികൾക്ക് പ്രവർത്തന ഫണ്ടിലേക്കായി അംഗങ്ങളുടെ ക്ഷേമപ്രവർത്തിനായി ഫണ്ടായി 15000 ത്തിൽ കുറയാത്ത സംഖ്യ വർഷത്തിൽ അനുവദിക്കേണ്ടതാണ്.

4 തൊഴിലാളി പ്രശ്നം. – പഞ്ചായത്ത് പരിധിക്കുള്ളിൽ കാർഷിക തൊഴിൽ വേതന നിരക്ക് ഏകീകരിക്കുക.

5 വിജ്ഞാന വ്യാപനം – കർഷകർക്ക് മാസത്തിൽ ഒരിക്കൽ നിർബ്ബന്ധമായും കൃഷിഭവൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഓരോ വാർഡിലും വിവിധഭാഗങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. കൃഷി അസിസ്റ്റന്റ്മാരുടെ പ്രവർത്തനം ഒരു കൃത്യ അനുപാതത്തിൽ ഓരോ കർഷകനും യഥാസമയങ്ങളിൽ കിട്ടുന്നു എന്ന് ഉറപ്പ് വരുത്തുക

6 ക്ഷുദ്രജീവികളുടെ നിർമാർജ്ജനം– എലി മുതലായ വിളനശീകരണ ക്ഷുദ്ര ജീവികളെ നിർമാജ്ജനം ചെയ്യുന്നതിന് എല്ലാ കർഷകരേയും ഉൾപ്പടുത്തിക്കൊണ്ട് സംഘടിത പ്രവർത്തനങ്ങൾ നടത്തുക.

7 മണ്ണ് പരിശോധന. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു മണ്ണ് പരിശോധന യൂണിറ്റ് പ്രവർത്തനം തുടങ്ങുക.

8 കാർഷിക വായ്പകൾ.– കാർഷിക വികസന ബാങ്കിൽ നിന്നും പ്രാഥമിക സഹകരണ ബാങ്കിൽ നിന്നും മറ്റുധന സഹായ ബാങ്കുകളിൽ നിന്നും പ്രാദേശിക ചിലവുകൾക്ക് ആനുപാതികമായി ഹൃസ്വ, ദീർഘകാല വായ്പകൾ, നിബന്ധനകൾ ലഘൂകരിച്ച് കൊണ്ട് ഷെയറുകൾ പിടിച്ചു നിർത്താതെ യഥാകാലങ്ങളിൽ കിട്ടുന്നതിന് സംവിധാനമുണ്ടാക്കുക. വിള ഇൻഷ്വറൻസ് എല്ലാ കാർഷിക വിളകൾക്കും നിർബന്ധമാക്കുക.

9 ജൈവ വളങ്ങൾ. ഓരോ കർഷക കുടുംബത്തിനും കാലിവളർത്താൻ പ്രോത്സാഹനത്തിനായി കാലികൾക്കും തൊഴുത്തിനും സബ്സിഡി അനുവദിക്കുക.

വൃക്ഷത്തൈ സൗജന്യമായി വിതരണം ചെയ്ത് നട്ടുപിടിപ്പിക്കുന്നുവെന്ന് സമിതികൾ മുഖേനയെങ്കിലും ഉറപ്പുവരുത്തുക. പച്ചിലച്ചെടി വിത്തുകൾ കൃഷി ഭവനിലൂടെ യഥാസമയം സൗജന്യമായി വിതരണം ചെയ്യുക.

കുടുംബത്തിലൊരു സ്ഥിരം കമ്പോസ്റ്റ് കുഴി – ഇതിന് നിശ്ചിത ആനുകൂല്യം ഗവൺമെന്റിൽ നിന്ന് അനുവദിപ്പിക്കുക. തൊഴുത്തുകളിൽ കന്നുകാലി വളം സുക്ഷിക്കുന്നതിന് മേൽക്കൂരയോട് കൂടിയ ടേങ്കിന് നിശ്ചിത ഫണ്ട് വിഭാവനം ചെയ്യുക.

10 വികസന സമിതികളുടെ പ്രവർത്തനം:

എല്ലാ സമിതികളും നിർബന്ധമായി രജിസ്റ്റർ ചെയ്യുക. ഉൽപാദന ഉപാധികൾ കർഷകർക്ക് സൗജന്യ നിരക്കിൽ സമിതികൾ മുഖേന കാലാ കാലങ്ങളിൽ നൽകുക. കാർഷികോപകരണങ്ങൾ സമിതികൾക്ക് നൽകുക. കാർഷികോപകരണങ്ങൾ, കാർഷിക ഉൽപന്നങ്ങൾ ഇവ സുക്ഷിക്കുന്നതിനും ഓരോ സമിതിക്കും ഓഫീസ് അടങ്ങിയ കെട്ടിടങ്ങൾ ഗവർമെൻറ്റ് ഫണ്ടിൽ നിന്ന് നിർമ്മിച്ചു കൊടുക്കുക. പുറത്തൂർ കൃഷി ഭവന് ആവശ്യമായ സൗകര്യത്തോടു കൂടി സർക്കാർ കെട്ടിടം നിർമ്മിച്ചു നൽകുക.

11 വിപണന സംസ്കരണ സൗകര്യം.

സർക്കാർ താങ്ങുവില അനുവദിച്ചു കൊണ്ട് സഹകരണ സംഘം മുഖേന എല്ലാ കാർഷിക ഉൽപന്നങ്ങളും കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുക. പഞ്ചായത്ത് പരിധിക്കുള്ളിൽ സർക്കാരിന്റെതായ ഒരു നെല്ല് സംസ്ക്കരണ യൂണിറ്റും കൊപ്ര സംസ്കരണ യൂണിറ്റും ആരംഭിക്കുക.

46

12 തരിശിടൽ തുടർച്ചയായി രണ്ടു വിള നെൽകൃഷി ചെയ്യാത്ത കർഷകരുടെ ഭൂമികൾ ഉൽപാദന ലക്ഷ്യം ലാക്കാക്കി പാടശേഖര സമിതികൾ മുഖേന കൂട്ടു കൃഷി സമ്പ്രദായത്തിൽ കൃഷിയിറക്കുന്നതിന്ന് നിബന്ധന കൊണ്ടു വരുക. തരിശിടൽ പ്രവണത നിയമം മൂലം തടയുക.

13 പച്ചക്കറി കൃഷി

വീടുകളിൽ പച്ചക്കറി കൃഷി നിർബന്ധമാക്കുക. മൊത്തം കുടുംബങ്ങൾക്ക് പച്ചക്കറി വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യമായി കൊടുത്ത് കൃഷി നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിന്ന് വാർഡടിസ്ഥാന ത്തിൽ അന്വേഷണ സ്കോഡുകൾക്ക് രൂപം കെടുക്കുകയും കൂടുതൽ ഉൽപാദിപ്പിക്കുന്ന നല്ല കർഷകർക്ക് പ്രോൽസാഹന സമ്മാനങ്ങ ളും അവർക്ക് വിപണന സൗകര്യം താങ്ങു വിലയോടു കൂടി ഉറപ്പു വരുത്തുക.

14 ഇടവിളകൃഷികൾ

ഇടവിളകൃഷികൾ പ്രോൽസാഹിപ്പിക്കുന്നതിനും ഫലവത്തായി നടപ്പിലാക്കുന്നതിനും ആനുകൂല്യം കൊടുക്കുക. കൃഷിഭവൻ മുഖേന എള്ള്, പയറ്, ചേമ്പ്, ചേന മുതലായ കിഴങ്ങു വർഗ്ഗങ്ങളടങ്ങിയ കിറ്റുകൾ അനുയോജ്യമായ സമയത്ത് വിതരണം ചെയ്യുകയും കിറ്റു വാങ്ങിയ കർഷകർ ഫലവത്തായി കൃഷി ചെയ്തിട്ടുണ്ടന്ന ഉറപ്പ് വരുത്തുകയും വേണം. കിറ്റുകൾ വാങ്ങി ദുരുപയോഗം ചെയ്യുന്ന കർഷകരിൽ നിന്നും വിലതിരിച്ചു പിടിക്കുന്ന സംവിധാനവും ഉണ്ടാക്കണം. ഇത് സമിതികളുടെ നിയന്ത്രണത്തിലായിരിക്കണം.

15. ഔഷധ സസ്യങ്ങളും സുഗന്ധ വിളകളും

10,. 13 വാർഡുകളിൽ രാമച്ച കൃഷി ആരംഭിക്കുക, ഔഷധ ചെടികൾ വിതരണം ചെയ്യുക, വെറ്റില വള്ളികളും, കുരുമുളക് വള്ളികളും കാലാകാലങ്ങളിൽ വിതരണം ചെയ്ത് കൃഷി ചെയ്യിപ്പിക്കുക.

16 നഴ്സറി

അത്യുല്പാദന ശേഷിയുള്ള കമുകിൻ തൈകളും, തെങ്ങിൻ തൈകളും മറ്റു വിത്തുകൾ, തൈകൾ എന്നിവ ഗുണമേന്മയോടുകൂടി കിട്ടുന്നതിന് സർക്കാർ ചെലവിൽ പഞ്ചായത്തു പരിധിക്കുള്ളിൽ നഴ്സറി ആരംഭിക്കുക.

17 കൃഷിഭവൻ എക്സ്റ്റൻഷെൻ സെന്റർ

ചേന്നരയിൽ പുറത്തൂർ കൃഷിഭവന്റെ കീഴിൽ ഒരു എക്സ്റ്റൻഷെൻ സെന്റർ സ്ഥാപിക്കുക.

## ജലസേചനം

ജലസേചന പ്രക്രിയക്കായി പഞ്ചായത്ത് വിവിധ വാർഡുകളിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികൾ

1. ചമ്രവട്ടം ക്രോസ്‌വെ കം ബ്രിഡ്ജ്. പരിഗണനയിലിരിക്കുന്ന ഈ പദ്ധതി ജലസേചന സൗകര്യം മെച്ചപ്പെടുത്തു ന്നതിനായി എത്രയും പെട്ടെന്ന് പണി കഴിപ്പിക്കുന്നതിന് സർക്കാറിൽ സമ്മർദ്ദം ചെലുത്തുന്നതിന് ശുപാർശ ചെയ്യുന്നു. പദ്ധതി നിലവിൽ വന്നാൽ അയ്യപ്പക്ഷേത്രത്തിന് സമീപത്ത് മോട്ടോറുകൾ സ്ഥാപിച്ച് ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കാ വുന്നതാണ്. ബഹുമുഖ പദ്ധതിയായ ക്രോസ്‌വെ നടപ്പിൽ വന്നാൽ, ജലസേചന, കുടിവെള്ള, ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായി
2. മേൽ പദ്ധതി പ്രവർത്തന താമസമുള്ളതാകയാൽ ജലസേചന സൗകര്യത്തിനായി താല്കാലിക തടയിണ നിർദ്ദേശിക്കുന്നു. ചമ്രവട്ടം കടവിനു പടിഞ്ഞാറു മാറി പുഴയ്ക്ക് കുറുകെ മണൽ ചാക്കുകൾ നിരത്തി ഉൾഭാഗം മണൽ നിറച്ച് ഒഴുകിപ്പോകുന്ന ജലം വേനൽക്കാലത്തു തടഞ്ഞു നിർത്തുക. സർക്കാർ ഫണ്ടും ജന പങ്കാളിത്തവും, പഞ്ചായത്ത് സമിതിയുടെ മേൽ നോട്ടവും പ്രവർത്തനത്തിനുപയോഗിക്കാം.
3. ജലസേചനത്തെ ബാധിക്കുന്ന ഊർജ്ജക്കുറവ് നിർത്തുന്നതിനായി ആലത്തിയൂരിനു കീഴിൽ 66 കെ.വി. സബ് സ്റ്റേഷൻ നിർദ്ദേശിക്കുന്നു. പൂക്കയിൽ സബ്സ്റ്റേഷന്റെ പരിധി 110 കെ.വി ആക്കി ഉയർത്തുന്നതും നിർദ്ദേശിക്കപ്പെടുന്നു.
4. ജലസേചനത്തിനു നൽകുന്ന മണ്ണെണ്ണ ഏക്കറിന്

25 ലിറ്റർ ഡിസംബർ മുതൽ മെയ് അടക്കമുള്ള മാസങ്ങളിൽ കിട്ടുന്നതിനുള്ള സംവിധാനം. നിലവിലുള്ള നടപടിക്രമങ്ങൾ മാറ്റം വരുത്തി പ്രാദേശിക കാർഷികസമിതികളുടെ ശുപാർശയോടുകൂടി കൃഷിഭവൻ മുഖേന കൊടുക്കേണ്ടതാണ്.

5. സൗരോർജ്ജ മോട്ടോറുകൾ സബ്സിഡിയോടുകൂടി വിതരണം ചെയ്യുക.

6. ഗോമുഖം കുളം

ആഴം കൂട്ടി ഭിത്തികെട്ടി 15 എച്ച്. പി. മോട്ടോർ സ്ഥാപിക്കുന്ന പദ്ധതി, സമീപ പ്രദേശത്തെ തെങ്ങുകൾക്കും പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന രാമച്ചം കൃഷി സംരക്ഷണവും ഉറപ്പ് വരുത്താം.

നിലവിലുള്ള വറ്റാത്ത താഴെ പറയുന്ന സ്വകാര്യ കുളങ്ങൾ.

പുത്തൻ കുളം, ചിറക്കൽ കുളം, കളത്തിൽ കുളം, പാക്കിനി കുളം, മേക്കോട്ടി കുളം, കുറുച്ചടീക്കൽ കുളം, മുതിരകണ്ടത്തിൽ കുളം, കളത്തിൽപറമ്പ് കുളം, പറമ്പത്ത് കുളം, കുണ്ടിലെ കുളം, വടക്കെ പീടിയേക്കൽ കുളം, ചാലിപറമ്പ് കുളം, വടക്കെ അനന്താവിൽ കുളം, മുത്രക്കൽ കുളം, കോട്ടകുളം, പണ്ടാരകുളം, ചേരേത്ത് കുളം, മങ്കുത്തികുളം.

ഇത്രയും കുളങ്ങൾ സ്വകാര്യ വ്യക്തികളു ടേതാണ്. ജലസമ്പത്ത് ധാരാളമുണ്ട്. ഇവയ്ക്ക് പൊതുസ്വഭാവത്തിൽ വരുത്തുവാനുള്ള സംവിധാനമുണ്ടായാൽ ചുരുങ്ങിയത് 5 എച്ച്. പി. മോട്ടോർ സ്ഥാപിച്ച് ജലസേചനം നടത്താം - ഏറ്റവും കുറഞ്ഞത് ഓരോ കുളത്തിന് സമീപമുള്ള 50 ഏക്കർ ധാന്യവിളകളും ഇടവിളകളും ജലസേചനത്തിന് സൗകര്യപ്രദമാകും.

7 കളൂർ പ്രദേശത്ത് ഭാരതപ്പുഴയും മണ്ഡൽചാലും ചേരുന്ന സ്ഥലത്ത് കെട്ടി മണ്ടൽചാലിലെ കൃഷി മുഴുവനായി സംരക്ഷിക്കാം - പുളിവെള്ളം കയറുന്നത് തടയാം.

3-ാം വാർഡിൽ പരുവ കുറ്റിക്ക് സമീപമെത്തി നില്ക്കുന്ന പദ്ധതി കനാൽ മങ്കുത്തി കുളം വഴി ആശാരി പടി മുനമ്പം റോഡിൽ പുത്തൻവീട്ടിൽ അലി എന്നവരുടെ വീടിന് സമീപമുള്ള തോടുമായി ബന്ധിപ്പിക്കാം. ഈ തോടിന് കോലമ്പുഴ ഇല്ലത്ത്പടി എന്നീ പ്രദേശങ്ങളിലേക്ക് സബ് കനാൽ നിർമ്മാണം. ഇത് നടപ്പിലായാൽ ചുരുങ്ങിയത് 100 ഹെക്ടർ സ്ഥലത്ത് 2,3 വിളകൾ കൃഷിയോഗ്യം.

കളൂർ മഠത്തിൽപ്പടി റോഡിന് സമീപത്ത് കൂടി പദ്ധതി കനാലിൽ നിന്ന് മണ്ഡകത്തിങ്ങൽ സുബ്രഹ്മണ്യന്റെ കടവരെ എത്തുന്ന സബ് കനാൽ - ഏകദേശം 40 ഹെക്ടർ കൃഷി സ്ഥലത്ത് മുണ്ടകൻ വിളയ്ക്ക് ജലസേചനസൗകര്യം.

പുതുപ്പള്ളി ശങ്കരൻ നായർപടി മുതൽ പഴംകുളം വരെ സബ് കനാൽ - 50 ഹെക്ടർ മുണ്ടകൻ പുഞ്ചകൃഷിക്ക് ജലസേചനവും നീർക്കെട്ടിന് പരിഹാരവും.

മുണ്ടകപാടം മുതൽ ഇടക്കഴി തോട് വരെ സബ്കനാൽ 25 ഹെക്ടർ മുണ്ടകൻ പുഞ്ചകൃഷിക്ക് ഉപയുക്തം

പരുപകുറ്റി മുതൽ കോലമ്പുഴ വരെ സബ് കനാൽ 25 ഹെക്ടർ മുണ്ടകൻ കൃഷി ജലസേചനം

വെട്ടാരം നമ്പ്രം മുതൽ പുഴ വരെ തോട് പുനർനിർമ്മാണം നീർകെട്ടിന് പരിഹാരം

കുറുമ്പടി ഇ. എഫ്. കനാൽ അറ്റകുറ്റ പണി. ഷട്ടർ നിർമ്മാണം ഭിത്തികെട്ടൽ - ഏതാണ്ട് 50 ഹെക്ടർ മുണ്ടകൻ കൃഷിക്ക് ജലസേചന സൗകര്യം

8. ഇടക്കഴി തോട്, നായർതോട്, തോട്ടും പാടം തോട് വെള്ളരിക്കെത്തോട് ഇവ കനാലുകളുമായി ബന്ധിപ്പിക്കൽ. ഇതു പ്രാധാന്യമർഹിക്കുന്നു. തോടുകൾ ചെളിയെടുത്ത് സൈഡ് ഭിത്തികൾ കെട്ടി കനാൽ വെള്ളം തോട്ടിലേക്കു പ്രവേശിപ്പിച്ചാൽ ഏകദേശം 3,4,11,12 ഈ വാർഡുകളിൽ മുണ്ടകൻ വിളയ്ക്ക് 300 ഹെക്ടറിനു താഴെ ജലസേചന സൗകര്യം. തോടുകളിൽ താഴെ സ്ഥലങ്ങളിൽ വി.സി.ബി. അനിവാര്യമാണ്. ജലസേചന, ജലനിർഗ്ഗമന സൗകര്യം ഇതുകൊണ്ട് വർദ്ധിപ്പിക്കാം.

1. നായർ തോടിന് - ആട്ടയിൽ പടി വി.സി.ബി.

2. പഴംകുളത്തിന് വടക്കുവശം വി.സി.ബി
3. പള്ളംനിലത്തിനടുത്ത് വി.സി.ബി
4. ചേരും ഇരുത്തുതോട്ടിൽ എം.വി അബൂബക്കറിന്റെ പരിസരം വി.സി.ബി
5. അയ്യനിതോടിൽ കോട്ടികശാല അറമുഖന്റെ പരിസരത്ത് വി.സി.ബി
6. പാലക്കൽ പള്ളിക്കു സമീപം വി.സി.ബി. പുതുക്കി പണിയൽ
7. വെള്ളരികൈതോടിന് കളൂർ കുളത്തിന് സമീപം വി.സി.ബി പദ്ധതി ജലം തടയാൻ
8 തോട്ടുപാടം തോടിന് പുത്തൻ വീട്ടിൽ അലിയുടെ പരിസരത്ത് വി.സി.ബി. പദ്ധതി ജലം തടയാൻ
9 തോട്ടുപാടം തോടിന്–മേൽ വളപ്പിൽ പടിയിൽ വി.സി.ബി. ഉപ്പുവെള്ളം തടയലും,പദ്ധതി ജലം ഉപയോഗിക്കലും
10 പുതേരി തോട്

എട്ടുകണ്ടം തോട് ഇവക്ക് വി.സി.ബി.

പള്ളക്കലകത്ത് തോട

വെള്ളൂർക്കഴി തോടിന് മേച്ചറയിൽ വി.സി.ബി.

ഒന്ന്, രണ്ട് വാർഡതിർത്തിയിൽ തോടുകൾ ചേർന്നിടത്ത് വി.സി.ബി.ചേരുന്നിടത്ത് (അടച്ചിപാടം തോടിന് കുറുകെ)

9– ചെറുകക്കിടി, എട്ടുകണ്ടം തോട് എന്നിവക്ക് നിലവിലുള്ള വി.സി.ബി. പുതുക്കിപണി.

10– പുത്തൻ വീട്ടിൽ കൈത്തോടിന് നിലവിലുള്ളതിന്റെ പടിഞ്ഞാറ് വി.സി.ബി.

## നീർക്കെട്ടോഴിവാക്കാൻ ഡ്രൈനേജ് നിർമ്മാണം

1 പഴം കുളം മുതൽ ഇടക്കഴി തോട് വരെ: തോട് നിർമ്മാണം പദ്ധതി ജലം ഉപയോഗവും വർദ്ധിച്ച ജലം ഒഴിക്കി കളയലും 50 ഹെക്ടർ കൃഷി സംരക്ഷണം

2 കൊഴംപാടം മുതൽ– പാലക്കൽ തോട് വരെ തോട് നിർമ്മാണം

3 വാളമരുതൂർ ഹരിജൻ കോളനി ഡ്രൈനേജ് ആമതോട് വരെ തോട് നിർമ്മാണം

4 കട്ടയാട്ടുപടി മുതൽ–യു.പി നാരായണന്റെ പരിസരത്ത് കൂടി ആശാരി പടി മുനമ്പം റോഡിലെ പഞ്ചായത്ത് പാലത്തിന് സമീപം എത്തിക്കുന്ന പുതിയ തോട് നിർമ്മാണം, ഇത് കൊണ്ട് 50 ഹെക്ടർ കൃഷിയെ നീർക്കെട്ടിൽ നിന്നും സംരക്ഷിക്കാം.

5 പഞ്ചേരി തോടിന്റെ അറ്റകുറ്റ പണി

6 വലിയ തോട്ടിൽ പെരുന്തിരുത്തി ഭാഗത്തെ വി.സി.ബി. പുതുക്കിപണി (ഇത് വെട്ടം പഞ്ചായത്ത് പരിധിയിൽ)

7 മണ്ണൊലിപ്പ് തടയാൻ വലിയ തോടിന് ഇരുവശവും (പെരുന്തിരുത്തി), മരുക്കും മാട്ടിലെ തെങ്ങിനെ സംരക്ഷിക്കാൻ ചുറ്റുഭാഗവും കരിങ്കൽ ഭിത്തി കെട്ടണം. കൂടാതെ 10–13 വാർഡുകളിലെ കടലോരങ്ങൾക്കും പാലക്കൽ തോട്, ഇടക്കഴി തോട്, ചേരാംകുന്നത്ത് തോട്, നായർ തോട്, വെള്ളിക്കൈ തോട് എന്നിവയ്ക്കും കരിങ്കൽ ഭിത്തി അനിവാര്യമാണ്.



5.2

# മൃഗസംരക്ഷണം

ഈ പഞ്ചായത്തിൽ മിക്ക വീടുകളിലും കന്നുകാലികളെ വളർത്തുന്നുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളെ അപേക്ഷിച്ച് കിഴക്കൻ മേഖലകളിൽ ആണ് കന്നുകാലികളെ കൂടുതൽ ആയി വളർത്തപ്പെടുന്നത്. നല്ലൊരു വിഭാഗം ജനങ്ങളുടെ ജീവിതമാർഗ്ഗമാണ് കാലിവളർത്തൽ. പശു, എരുമ, താറാവ്, ആട്, കോഴി എന്നിവയാണ് സാധാരണ വളർത്തുന്നവ. തിരൂർ താലൂക്കിൽ ഏറ്റവും കൂടുതൽ ആളുകൾ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പഞ്ചായത്താണ് പുറത്തൂർ പഞ്ചായത്ത്. ഇതിനുമുമ്പ് പഞ്ചായത്തിലെ ജനങ്ങൾ (90 ന്മുമ്പ്) മൃഗസംരക്ഷണത്തിനായി തിരൂർ തെക്കുമുറിയിലെ വെറ്ററിനറി പോളിക്ലിനിക്കിനെ ആയിരുന്നു ആശ്രയിച്ചിരുന്നത്. എന്നാൽ 1990ൽ ചിറക്കലെ ങ്ങാടിയിൽ ഒരു മൃഗ സംരക്ഷണ കേന്ദ്രം തുറന്ന് പ്രവർത്തിക്കുകയും ഇപ്പോൾ കൂടുതൽ സൗകര്യത്തിനായി 1995 മാർച്ചിൽ പുറത്തൂർ പഞ്ചായത്തിൽ കാവിലക്കാടിൽ ഒരു മൃഗാശുപത്രി പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇത്രയധികം ഉൽപ്പാദനമുണ്ടായിട്ടും പഞ്ചായത്തിൽ ഒരു ക്ഷീര സഹകരണസംഘം ഉണ്ടായിട്ടില്ല. ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും കച്ചവടക്കാർ വഴിയാണ് വിതരണം ചെയ്യപ്പെടുന്നത്. ഇത് ഉത്പാദനകർക്ക് വളരെയധികം നഷ്ടം വരുത്തുന്നു. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ്‌വർദ്ധനവ് ഉണ്ടാകുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല. കഴിഞ്ഞ രണ്ട് ശതാബ്ദ കാലയളവിൽ മൃഗസംരക്ഷണരംഗത്ത് വളരെയധികം വളർച്ചയും വികാസവുമാണ് വന്നിട്ടുള്ളത്. ഭാരതത്തിൻെറ മൊത്തം ആഭ്യന്തര ഉത്പാദനത്തിൻെറ 10 ശതമാനം സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണമേഖലയിൽ നിന്നാണ്.

## ചരിത്ര പശ്ചാത്താലം.

പരമ്പരാഗത മൃഗസംരക്ഷണ രീതികളാണ് നമ്മൾ പണ്ട് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അതിൽ നിന്നെല്ലാം ഒരുപാട് മാറ്റങ്ങൾ വന്നിരിക്കുകയാണ്. ബീജസങ്കലനത്തിന് പണ്ട് നാടൻ കാളകളെയായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് കൃത്രിമ ബീജസങ്കലനം വഴി അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ

ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുമ്പ് മുഴുവൻ നാടൻ കന്നുകാലികളെയായിരുന്നു വളർത്തിയിരുന്നത്. എന്നാൽ ഇന്ന് ഉല്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളെയാണ് വളർത്തുന്നത്. ഇതുവഴി കർഷകന് ഉല്പാദനം ലാഭകരമാക്കുന്നതിന് സഹായിച്ചു. 'മലബാറി' ആടുകളാണ് പണ്ടും ഇന്നും കാണപ്പെടുന്നത്. മിക്കവാറും വീടുകളിലും ആടുകളെ വളർത്തുന്നുണ്ട്. പണ്ടത്തെ അപേക്ഷിച്ച് മൃഗാശുപത്രിയുടെ സേവനത്തെക്കുറിച്ച് കർഷകർ ബോധവാന്മാരാണ്. പഞ്ചായത്തിലെ മിക്ക വീടുകളിലും കോഴി, താറാവ് എന്നിവയെ വളർത്തുന്നു. എന്നാൽ മുമ്പത്തെ അപേക്ഷിച്ച് ഇന്ന് സങ്കരയിനം കോഴികളെയാണ് വളർത്തുന്നത്. ഇത്രയൊക്കെ ഉല്പാദനം പഞ്ചായത്തിൽ ഉണ്ടായിട്ടും മൃഗസംരക്ഷണത്തിൽ നിന്നുള്ള ഉല്പ്പന്നങ്ങൾക്ക് ഇപ്പോഴും ആശ്രയിക്കുന്നത് അന്യസംസ്ഥാനങ്ങളെയാണ്.

പഞ്ചായത്തിലെ മൊത്തം മൃഗങ്ങളുടെ കണക്ക്.

വളർത്തുമൃഗസംഖ്യ.

| എരുമ | | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | പോത്ത് | ആട് | പട്ടി | ആന |
| | | വംശ വർദ്ധന | മറ്റുള്ളവ | വംശ വർദ്ധന | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 275 | 92 | 5 | 10 | 15 | 20 | 400 | 200 | 234 | 110 | 102 | 6502 | 103 | |

വളർത്തു പക്ഷി സംഖ്യ

| | | |
|---|---|---|
| പൂവൻകോഴി | – | 1452 |
| പിടക്കോഴി | | |
| മുട്ട ഇടുന്നത് | – | 2033 |
| മുട്ട ഇടാത്തത് | – | 2671 |
| താറാവ് | | |
| ആൺ | – | 40 |
| പെൺ | – | 80 |
| മറ്റുള്ളവ | – | 15 |

( അവലംബം സെക്കൻഡറി ഡാറ്റാ)

## രോഗവിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായ | 350 | 102 | 150 | – | 25 | – | – | – | – | – |
| 2. | ശ്വാസകോശസംബന്ധം | 120 | 35 | 134 | – | – | 175 | – | – | – | – |
| 3. | ഉപാപചയ സംബന്ധം | 10 | 6 | 25 | – | – | – | – | – | – | – |
| 4. | ത്വക്ക്രോഗങ്ങൾ | 34 | 20 | 32 | 11 | – | – | – | – | – | – |
| 5. | ധാതുലവണങ്ങളുടെ അഭാവം | 62 | 31 | 64 | – | 31 | 25 | – | – | – | – |
| 6. | പരാദരോഗങ്ങൾ | 160 | 75 | 46 | – | 10 | 58 | – | – | – | – |
| 7. | പ്രത്യുല്പാദനവുമായി ബന്ധപ്പെട്ടവ | 44 | 26 | 15 | – | – | – | – | – | – | – |
| 8. | വന്ധ്യത | 16 | 8 | – | – | – | – | – | – | – | – |
| 9. | അകിടുവീക്കം | 20 | 10 | 22 | – | – | – | – | – | – | – |
| 10. | മുടന്തൻ പനി | 40 | 26 | – | – | – | – | – | – | – | – |
| 11. | പകർച്ചവ്യാധി | – | – | – | – | – | – | – | – | – | – |

ശരാശരി ഒ.പി. കേസ്സുകൾ 5,6

(അവലംബം സെക്കൻഡറി ഡാറ്റാ)

## പേവിഷബാധയും പ്രതിരോധ ചികിത്സയും

പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം

| പശു | എരുമ | പട്ടി | പൂച്ച | ആട് | മറ്റുള്ളവ |
|---|---|---|---|---|---|
| – | – | 20 | – | – | – |

കടിയേറ്റതിനു ശേഷം കുത്തിവെയ്പ് നല്കിയവരുടെ എണ്ണം : സൗകര്യമില്ല

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം കുത്തിവെയ്പ് |
|---|---|---|---|
| പശു | 600 | 350 | 38 |
| കിടാരി | 358 | 152 | 51 |
| എരുമ | 60 | 43 | 08 |

( അവലംബം സെക്കൻഡറി ഡേറ്റാ )

## ഭൂപ്രകൃതിയും വിഭവങ്ങളും.

തീരപ്രദേശവും, സമതലപ്രദേശവും ഉൾക്കൊണ്ടതാണ് നമ്മുടെ പഞ്ചായത്ത്. കന്നുകാലികൾക്ക് മേയാനാവശ്യമായ മേച്ചിൽ പുറങ്ങളില്ല. ഒഴിഞ്ഞു കിടക്കുന്ന മിക്കസ്ഥലങ്ങളും ഉപ്പ് വെള്ളം കയറുന്നതാണ്. നെൽകൃഷി വളരെ കുറവായതിനാൽ കന്നുകാലികൾക്കാവശ്യമായ വൈക്കോലിൻെറ അളവ് കുറവാണ്.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ ഉണ്ട്

1 സ്വന്തമായ സ്ഥലപരിമിതിമൂലം പലർക്കും കന്നുകാലികളെ (മൃഗങ്ങളെ) വളർത്തുന്നതിന് സാധിക്കുന്നില്ല.

2 ആവശ്യമായ പുല്ലുല്പാദിക്കുവാൻ കഴിയാത്തതുമൂലം കന്നുകാലികൃഷിചെയ്യാൻ ആരും മുന്നോട്ടു വരുന്നില്ല. പുല്ലിൻെറ പരിമിതിമൂലം, പാലുല്പാദനവും കന്നു കാലികളുടെ ആരോഗ്യവും മോശമാണ്.

3 മൃഗങ്ങൾക്കുള്ള ആഹാരത്തിൻെറ വില വർദ്ധനവ് ഈ മേഖലയെ ഗുരുതരമായി ബാധിക്കുന്നു.

4 പാലിൻെറ വിലക്കുറവും, ഉൽപാദിപ്പിക്കപ്പെടുന്ന മൊത്തം പാൽ വിറ്റഴിക്കുവാൻ പറ്റുന്ന ഒരു പൊതുവിപണന കേന്ദ്രത്തിൻെറ അപര്യാപ്തതയും ഒരു മുഖ്യപ്രശ്നമാണ്.

5 പഞ്ചായത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങളില്ല.

6 സർക്കാർ മൃഗാശുപത്രിയെ കുറിച്ച് ജനങ്ങൾ കൂടുതൽ ബോധവാന്മാരല്ല.

7 നിലവിലുള്ള മൃഗാശുപത്രിയുടെ സൗകര്യക്കുറവ്.

8 അശാസ്ത്രീയമായ മൃഗസംരക്ഷണം ഈ രംഗത്തെ കാര്യമായി ബാധിക്കുന്നു.

9 ബാങ്കുകൾ വഴി മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള സബ്സിഡിയോടു കൂടിയുള്ള ലോണുകൾ കർഷകർക്ക് ലഭിക്കുന്നില്ല.

10 കൂടുതൽ കുടുബങ്ങൾളിലെ ആളുകളും ഇന്ന് കാർഷിക മേഖലയിൽ നിന്ന് വീട് നിർമ്മാണ മേഖലയാണ് കൂടുതൽ ലാഭകരമായി കാണുന്നത്.

11 മൃഗങ്ങൾക്ക് വരുന്ന രോഗങ്ങളെയും അവയ്ക്കുള്ള പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ചും കർഷകർക്കുള്ള അജ്ഞത.

12 പഞ്ചായത്തിൽ ആകെയുള്ള ഒരു മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല.

13 പഞ്ചായത്തിൽ പേപ്പട്ടി, കുറുക്കൻ, എന്നിവയുടെ ശല്യം വളരെ കൂടുതലാണ്. ഇവ കന്നുകാലികളെ അക്രമിക്കുന്നു.

14 ശാസ്ത്രീയമായ ഒറ്റ അറവുശാലയും പഞ്ചായത്തിലില്ല. അശാസ്ത്രീയമായ അറവുശാലകൾ പരിസര മലിനീകരണം സൃഷ്ടിക്കുന്നു.

15 പഞ്ചായത്തിനാവശ്യമായ മുട്ട, ഇറച്ചി എന്നിവയ്ക്ക് നമ്മൾ അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്.

16 മിക്കവീടുകളിലും വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നല്കിയിട്ടില്ല.

## സാദ്ധ്യതകൾ

1 ഗവൺമെൻ്റ്, കർഷകർക്ക്, കന്നുകാലി വളർത്തുന്നതിന് ബാങ്കുകൾ മുഖേന ലോണുകളും സബ്സിഡിയും ലഭ്യമാക്കുക.

2 പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി അത്യുൽപ്പാദനശേഷിയുള്ള മൃഗങ്ങളെ വളർത്തുക.

3 ചിലവ് കുറഞ്ഞ രീതിയിൽ കാലിത്തീറ്റ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

4 കന്നുകാലികളിൽ നിന്നും ലഭിക്കുന്ന വിസർജ്ജ്യ വസ്തുക്കൾ ജൈവവളമായി ഉപയോഗിക്കുക.

5 ഉല്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ മൃഗാശുപത്രി വഴി കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക.

6 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങൾക്കും വളർത്തു

മൃഗങ്ങളും, കാർഷിക ഉപകരണങ്ങളും സൗജന്യമായി ലഭ്യമാക്കുക.

7 മൃഗസംരക്ഷണമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെ കുറിച്ച് ഗവൺമെന്റ് സർവ്വെ നടത്തി പ്രശ്നങ്ങൾ മനസ്സിലാക്കി നടപടി സ്വീകരിക്കുക.

8 മൃഗസംരക്ഷണത്തെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കണം.

9 കോഴിക്കൂടുകൾ സൗജന്യനിരക്കിൽ മൃഗസംരക്ഷണ വകുപ്പഴി ലഭ്യമാക്കുക.

10 മൃഗാശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. സ്വന്തമായ കെട്ടിടം, സ്ഥലം എന്നിവ അനുവദിക്കുക.

11 സഹകരണമേഖലയിൽ പാൽ സൊസൈറ്റികളുടെ രൂപീകരണം, സൊസൈറ്റിയോടനുബന്ധിച്ച് ചെറിയ ഫീഡ്മിക്സിംഗ് യൂണിറ്റുകൾ തുടങ്ങുക. - ഫീഡ് കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുക - സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത കന്നുകാലികൾക്ക് ഗ്രൂപ്പ് ഇൻഷ്വൂറൻസ് പദ്ധതികൾ നടപ്പിലാക്കുക - തീറ്റ, കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുക - മൃഗങ്ങളുടെ ചികിൽസയ്ക്ക് സബ്സിഡി സൊസൈറ്റി നല്കുക - പച്ചപ്പുൽ കൃഷി വികസനം - സ്ഥലങ്ങൾ വാടകയ്ക്കെടുത്ത്, കൃഷി നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കുക, പുല്ല് സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള ചെറുകിട യൂണിറ്റുകൾ തുടങ്ങുക- സൊസൈറ്റി വഴി പശുക്കുട്ടികൾക്ക് പകുതി വിലയ്ക്ക് തീറ്റ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക (4 മാസം മുതൽ 32 മാസം വരെ). ഈ പദ്ധതിയിൽ എരുമക്കുട്ടികളെയും ഉൾപ്പെടുത്തുക.

12 ചെറുകിട പശുവളർത്തൽ യൂണിറ്റ്

(എ) ഒന്നോ, രണ്ടോ പശുവളർത്തൽ യൂണിറ്റ്

(ബി) പത്ത് പശുക്കളെ‌ാ, എരുമകളെ‌ാ വളർത്താനുള്ള പദ്ധതികൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ തുടങ്ങുക.

ഇതിനുപയോഗിക്കുന്ന പശുക്കൾക്ക് 10 ലിറ്ററൊ അതിൽ കൂടുതലൊ പാലുള്ളവയെ മാത്രമെ ഉൾപെടുത്താവു.-

(സി) സമ്മിശ്ര മൃഗപരിപാലനം. പശു, എരുമ, ആട്, കോഴി, താറാവ്, മൽസ്യം, തീറ്റപ്പുല്ല് എന്നിവയെല്ലാം ചേർന്ന യൂണിറ്റുകൾ തുടങ്ങുക.

13 ആടുവളർത്തൽ പദ്ധതി - (എ)3 മുതൽ 5 വരെ പെണ്ണാടുകളും ഒരു ആണാട് ഒരു യൂണിറ്റാണ്.

(ബി) 25 മുതൽ 50 എണ്ണം പെണ്ണാടുകളും 5 ആണാടുകളും ഉള്ള യൂണിറ്റുകൾ ഓരോവാർഡിലും 5 യൂണിറ്റകൾ വീതം നടപ്പിലാക്കുക. വിര മരുന്ന് കുറഞ്ഞ നിരക്കിൽ നല്കുക.

14 മുട്ടക്കോഴി ഉൽപാദനം.

പഞ്ചായത്ത് തലത്തിൽ എഗ്ഗർ നഴ്സറികൾ തുടങ്ങുക. കോഴികുഞ്ഞുങ്ങളെ വിരിക്കുന്നതിനുള്ള ചെറിയ ഇൻകംപറ്റേഴ്സ് താല്പര്യമുള്ളവർക്ക് നൽകുവാനുള്ള പദ്ധതി ഉണ്ടാക്കുക. അടുക്കളമുറ്റത്ത് കോഴിവളർത്തൽ പദ്ധതിയെ പ്രോൽസാഹിപ്പിക്കുക.

15 ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

500 ഇറച്ചിക്കോഴികളെ ആഴ്ചയിൽ വില്പന നടത്തുവാൻ പാകത്തിലുള്ള രണ്ടോ മൂന്നോ യൂണിറ്റ് തുടങ്ങുക-വില്പന കേന്ദ്രങ്ങൾ ഓരോ വാർഡിലും തുടങ്ങുക.

16 ആധുനിക അറവുശാല.

പഞ്ചായത്തിലുൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കുള്ള മൃഗങ്ങളെ വൃത്തിയുള്ള അന്തരീക്ഷത്തിൽ ശാസ്ത്രീയമായ രീതിയിൽ അറവു നടത്തി ഇറച്ചി വിൽക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. കോൾഡ് സ്റ്റോറേജ് സഹകരണാടിസ്ഥാനത്തിൽ നടത്തുക. അറവുശാലയ്ക്കടുത്ത് ഗോബർ ഗ്യാസ "പ്ലാന്റ" തുടങ്ങിയാൽ അറവുശാലയിൽ വരുന്ന അസംസ്കൃത വസ്തുക്കളുടെ സംസ്കരണം എളുപ്പത്തിൽ നടത്താവുന്നതാണ്. മൃഗങ്ങളെ അറുക്കുമ്പോഴുള്ള ചോര ഉണക്കി പന്നികൾക്കും കോഴികൾക്കും തീറ്റയായി നല്കാം, എല്ലുപയോഗിച്ച് വളം നിർമ്മിക്കാം.

17 ചെറുകിട മുട്ടവിരിയ്ക്കൽ യൂണിറ്റ്

500 മുതൽ1000 വരെ മുട്ടകൾ വിരിയ്ക്കുവാൻ പറ്റിയ ഇൻകംപേറ്റർ താല്പര്യമുള്ളവർക്ക്

5H

സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക - നാടൻ കോഴിക്കുഞ്ഞുങ്ങളെയും, സങ്കരയിനം കോഴിക്കുഞ്ഞുങ്ങളെയും വിരിയിച്ച് പഞ്ചായത്തിൽ വിതരണം ചെയ്യുക.

18 എക്സറ്റെൻഷൻ പ്രോഗ്രാം.

മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ഗുണഭോക്താക്കൾക്ക് പരിശീലനം കൊടുക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക - ചർച്ചാക്ലാസുകളും - സെമിനാറുകളും സംഘടിപ്പിക്കുക.

19 താറാവു വളർത്തൽ പദ്ധതി.

പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിലുള്ള താല്പര്യമുള്ള നാലോ- അഞ്ചോ കർഷകരെ തെരഞ്ഞെടുത്ത് താറാവു വളർത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക - താറാവുകളെ ഇൻഷ്വൂർ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

20 ബയോഗ്യാസ് പ്ലാന്റ്.

രണ്ടോ,മൂന്നോ പശുക്കളെ വളർത്തുന്ന വീടുകളിൽ ലഭിക്കുന്ന ചാണകവും മൂത്രവും ഉപയോഗിച്ച് ചെറുകിട ഗോബർ ഗ്യാസ് പ്ലാന്റ് തുടങ്ങാനുള്ള പദ്ധതി ഉണ്ടാക്കുക. ഇതുവഴി ഒരുവീട്ടിലേക്കാവശ്യമായ പാചക ഗ്യാസ് ഉല്പാദിപ്പിക്കാൻ കഴിയും. പ്ലാന്റിൽ നിന്നുള്ള വെയ്സ്റ്റ് കൃഷിക്ക് വളമായി ഉപയോഗിക്കുക.

21 പഞ്ചായത്തിലുൽപാദിപ്പിക്കുന്ന മൂരിക്കുട്ടികളെയും, പോത്തുകുട്ടികളെയും വാങ്ങി വളർത്തി ഇറച്ചിക്കുപയോഗിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.

22 കിടാരി വളർത്തൽ പദ്ധതി.

ഒന്നരവർഷത്തിനും രണ്ടര വർഷത്തിനുമിടയിൽ പ്രായമുള്ള പശുക്കുട്ടികളെയും എരുമക്കുട്ടികളെയും സബ്സിഡി നിരക്കിൽ കർഷകന് ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. ഓരോ വാർഡിലും 10 ഗുണഭോക്താക്കളെയെ ങ്കിലും ഉൾപ്പെടുത്തുക. വാങ്ങാനുള്ള സഹായം, ഇൻഷ്വൂറൻസ് എന്നിവ ചെയ്ത് കൊടുക്കുവാനുള്ള പദ്ധതി തയ്യാറാക്കുക.

23 പേവിഷബാധ നിർമ്മാർജന പദ്ധതി.

തെരുവു നായ്ക്കളെ നശിപ്പിക്കുക. വീടുകളിലുള്ള നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് സബ്സിഡി നിരക്കിൽ ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. പ്രതിരോധ കുത്തിവെയ്പ് എടുത്ത നായ്ക്കൾക്ക് പഞ്ചായത്തിൽ നിന്നും നൽകുന്ന ലൈസൻസ് നിർബന്ധമാക്കുക.

24 വിത്തു കാളകളെ വളർത്തുന്നതിന് പഞ്ചായത്ത് ലൈസൻസ് നിർബന്ധമാക്കുക. -ലൈസൻസ് നല്കുന്നതിന് വെറ്ററിനറി ഹെൽത്ത് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക.

## മൽസ്യബന്ധനം

പുറത്തൂർ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം ഏകദേശം 5 കിലോമീറ്റർ നീളത്തിൽ കടലോരമാണ്. പഞ്ചായത്തിന്റെ തെക്ക് ഭാഗത്ത് അഴിമുഖം ഭാരതപ്പുഴയുടെ സംഗമ സ്ഥാനമാണ് അതുവഴി വടക്കോട്ട് ഏകദേശം 5 കിലോമീറ്റർ നീളത്തിൽ തിരൂർ - പൊന്നാനി പുഴയാണ്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലൂടെ വരുന്ന തോടുകൾ ഭാരതപ്പുഴയുമായി കൂടിച്ചേരുന്നു.

കടൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് ഏകദേശം 500 കുടുംബങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽ മേഖലയും മൽസ്യബന്ധനമാണ്. പുഴയോര മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് 150 ഓളം കുടുംബങ്ങളും വിപണനവുമായി ബന്ധപ്പെട്ട് 125 ഓളം പേരും പ്രവർത്തിച്ച് വരുന്നു. കടലിൽ നിന്നും പ്രധാനമായി അയില, മത്തി, ചെമ്മീൻ, ചെമ്പാൻ, മെത്തൾ, ചൂട, ആകോലി, അയക്കോറ, മാന്തൾ, മുള്ളൻ, കൂന്തൾ, സ്രാവ്, പലവക മീനുകളാണ് കിട്ടിവരുന്നത്. ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ അയില, മത്തി, മുള്ളൻ, മാന്തൾ, ചൂട എന്നീ മീനുകളും, ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ചെമ്മീൻ, അയില, മത്തി എന്നീ മീനുകളും സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ അയില, മത്തി, മെത്തൾ, കൂന്തൾ, മുള്ളൻ, ആകോലി എന്നീ മീനുകളും കൂടാതെ ഞണ്ട് എന്നിവയുമാണ് ലഭിക്കുന്നത്.പട്ടിക 1, 2, 3 കാണുക.

മുൻ കാലങ്ങളിൽ, മത്തിയായിരുന്നു

കിട്ടിയിരുന്നത്, എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി മത്തിയുടെ ലഭ്യത വളരെ കുറവാണ്.

പട്ടിക 1

| പ്രവർത്തിക്കുന്ന മേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|
| കടൽ മത്സ്യബന്ധനം | 950 |
| ഉൾനാടൻ മത്സ്യബന്ധനം | 300 |
| മത്സ്യ സംസ്കരണം | 10 |
| മത്സ്യ വിപണനം | 125 |
| ആകെ | 1385 |

പട്ടിക 2

ഓരോ കാലത്തും കിട്ടുന്ന മീനുകളുടെ ഇനം

| മാസം | ഇനം |
|---|---|
| ജനുവരി മുതൽ മെയ് വരെ | അയല, മത്തി, മുള്ളൻ, മാന്തൾ, ചൂട എന്നിവ |
| ജൂൺ മുതൽ ആഗസ്റ്റ് വരെ | ചെമ്മീൻ, അയല, മത്തി എന്നിവ |
| സെപ്തം. മുതൽ ഡിസം. വരെ | അയല, മത്തി, മെത്തൾ, കൂന്തൾ, മുള്ളൻ, ആകോലി |

പട്ടിക. 3

മത്സ്യ ഉപഭോഗം.

(വാർഷിക കണക്ക്)

| | |
|---|---|
| അയല | 1000 ടൺ |
| മത്തി | 750 ടൺ |
| മുള്ളൻ | 500 ടൺ |
| മാന്തൾ | 1000 ടൺ |
| ചൂട. | 600 ടൺ |
| മെത്തൾ | 400 ടൺ |
| ചെമ്മീൻ | 100 ടൺ |
| ആകോലി | 400 ടൺ |
| തളവൻ | 450 ടൺ |
| കൂന്തൾ | 750 ടൺ |
| ഞണ്ട് | 100 ടൺ |
| ആകെ | 6050 ടൺ |

## ചരിത്ര പശ്ചാത്തലം.

പഴയകാലങ്ങളിൽ കടലോരങ്ങളിൽ 'പെയ്ത്തൻ' വല, ചൂണ്ട( ആഴക്കടലിൽ ) എന്നിവയായിരുന്നു മത്സ്യബന്ധന മാർഗം, എന്നാൽ ഇന്ന്, യന്ത്രവൽകൃത ബോട്ടുകളും, വള്ളങ്ങളും 'ചവിട്ട് ' വലകളും ഉപയോഗിച്ചാണ് മത്സ്യ ബന്ധനം നടത്തുന്നത്. എന്നാൽ മണ്ണെണ്ണ ക്ഷാമം തൊഴിലിനെ ബാധിച്ചു വരുന്നു. പുഴയിൽ സ്ത്രീകളും പുരുഷൻമാരും കൂടി നല്ല ഒരുവിഭാഗം മത്സ്യബന്ധനം നടത്തുന്നു. ചിലകാലങ്ങളിൽ മത്സ്യത്തിനുണ്ടാകുന്ന രോഗം കാരണം തൊഴിലാളികൾക്ക് തൊഴിൽ എടുക്കാൻ പറ്റാത്ത സാഹചര്യവും വരാറുണ്ട്, മത്സ്യ തൊഴിലാളികൾ പിടിക്കുന്ന മത്സ്യങ്ങൾ വിപണം നടത്താൻ ആവശ്യമായ സംവിധാനങ്ങളില്ലാത്തതിനാൽ ഇടത്തട്ടുകാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നു.

ഇവരുടെ ഉന്നമനത്തിനായി, ചില സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും അതുമൂലം യാതൊരു പുരോഗതിയും തൊഴിലാളികൾക്കില്ല. സംഘങ്ങൾ വേണ്ടത്ര ശ്രദ്ധിച്ചാൽ ഈ ചൂഷണത്തിൽ നിന്ന് ഒരു പരിധിവരെ രക്ഷപ്പെടാൻ സാധിക്കും.

## പ്രശ്നങ്ങൾ

1. കടലോരങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക്, ആവശ്യമായ വള്ളവും വലയും ഇല്ലാത്തത്തിനാൽ തൊഴിലാളികൾ ഇടത്തട്ടുകാരുടെ കൂലിക്കാരാണ്. അതുകൊണ്ട് തന്നെ അത്തരം തൊഴിലാളികൾക്ക് യാതൊരു പുരോഗതിയും ഇല്ല.

2. യന്ത്രവൽകൃത വള്ളങ്ങൾക്ക് ആവശ്യമായ മണ്ണെണ്ണ അനുവദിക്കാത്തതിനാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നു.
3. പുഴയോരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പുഴയിലാണ് മത്സ്യബന്ധനം നടത്തുന്നത്. മത്സ്യങ്ങൾക്ക് വരുന്ന രോഗ കാരണവും, ചകിരിച്ചോറ് പുഴയിൽ ഒഴുക്കുന്നത് കാരണവും, മത്സ്യബന്ധനത്തിന് തടസ്സം നേരിടുന്നു.
4. തൊഴിലാളികൾ തിങ്ങി താമസിക്കുന്ന സ്ഥലങ്ങളിൽ കക്കൂസില്ലാത്തതിനാൽ, തുറസ്സായ സ്ഥലങ്ങിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതിനാൽ, പകർച്ചവ്യാധികൾ കൂടുതലാണ്.
5. പുഴയിൽ ബണ്ട് കെട്ടി ചെമ്മീൻ കൃഷിനടത്താൻ സാധ്യതകൾ ഉണ്ടെങ്കിലും, സാമ്പത്തിക പരാധീനത കാരണം ആരും മുന്നോട്ട് വരുന്നില്ല.
6. പരമ്പാഗതമായി കടലോരത്ത് മത്സ്യബന്ധനം നടത്തുന്നവർക്ക്, പരിധി ലംഘിച്ച് യന്ത്രവൽകൃത ബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നതിനാൽ പരമ്പരാഗത തൊഴിലാളികൾ കഷ്ടത അനുഭവിക്കുന്നു.
7. തീരപരിപാലന നിയമം കാരണം മത്സ്യതൊഴിലാളികൾക്ക് (പുഴയോരത്തും, കടലോരത്തും) വീട് നിർമ്മിക്കുവാൻ പറ്റാത്ത സ്ഥിതി വന്നതിനാൽ ഭവനനിർമ്മാണ പദ്ധതിമൂലമുള്ള ആനുകൂല്യം കിട്ടുന്നില്ല.
8. പുഴയിൽനിന്നും ചെമ്മീൻ കുഞ്ഞുങ്ങളെ അന്യ ജില്ലകളിലേക്ക് പിടിച്ചു കൊണ്ട് പോകുന്നു. ഇക്കാരണത്താൽ ചെമ്മീൻ നാമാവശേഷമാകുന്ന അവസ്ഥയാണ്.
9. തൊഴിലാളികൾ തിങ്ങിത്താമസ്സിക്കുന്ന കടലോര മേഖലയിൽ യാതൊരു വിധ ശുശ്രൂഷാ കേന്ദ്രങ്ങളും ഇല്ല. അത് മൂലം തൊഴിലാളികൾ വളരെയധികം കഷ്ടതകൾ അനുഭവിച്ചുവരുന്നു.

സർക്കാർ, തൊഴിലാളികളുടെ പുരോഗതിക്കായി ക്ഷേമനിധിയും, മത്സ്യഫെഡും, ഫിഷറീസ് കോർപ്പറേഷൻ മുഖേന വള്ളവും വലയും യന്ത്രവും നൽകി വരുന്നു. കൂടാതെ ഭവനനിർമ്മാണ പദ്ധതി, ഇൻഷ്വുറൻസ് പദ്ധതി, അപകടമരണം സംഭവിച്ചാൽ സാമ്പത്തിക സഹായം, കുട്ടികൾക്ക് ലംസംഗ്രാന്റ് എന്നിവ നൽകിവരുന്നുണ്ട്. എന്നാൽ ആനുകൂല്യങ്ങൾ പലതും മത്സ്യത്തൊഴിലാളികൾ അല്ലാത്തവരും തട്ടിയെടുക്കുന്നുണ്ട്.

പുഴയോരങ്ങളിൽ മത്സ്യബന്ധനം നടത്തുന്നവരുടെ പുരോഗതിക്കായി കായലോര സഹകരണ സംഘങ്ങൾ, സർക്കാർ രൂപീകരിച്ചുവരുന്നു.

## പരിഹാരങ്ങൾ നിർദ്ദേശങ്ങൾ, സാധ്യതകൾ

യന്ത്രം ഘടിപ്പിച്ച വള്ളങ്ങൾക്ക് ആവശ്യമായ മണ്ണെണ്ണ വിതരണം ചെയ്യുക. അർഹതപ്പെട്ട തൊഴിലാളികൾക്ക് വള്ളവും വലയും നൽകുക. മത്സ്യമേഖലയിൽ ഒരു ഐസ് പ്ലാന്റ് അനുവദിക്കുക. പഞ്ഞമാസങ്ങളിൽ കഷ്ടപ്പെടുന്ന തൊഴിലാളി കുടുംബങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക.

1. പുഴയിൽ ബണ്ട് കെട്ടി, ചെമ്മീൻ കൃഷിക്ക് പ്രോൽസാഹനം നൽകുക.
2. ചെമ്മീൻ കുഞ്ഞുങ്ങളെ പിടിച്ചുകൊണ്ടു പോകുന്നത് നിർത്തൽ ചെയ്യുക.
3. മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. തീരപരിപാലന നിയമം പിൻവലിക്കുക.
5. പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങൾ പുനരുൽജ്ജീവിപ്പിക്കുകയും, മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും, അംഗത്വം നൽകുക.
6. മത്സ്യതൊഴിലാളി മേഖലയിൽ ഒരു ഫിഷറീസ് ആശുപത്രി അനുവദിക്കുക.
7. കടലോരവും, പുഴയോരവും, കരിങ്കൽഭിത്തി കെട്ടി സുരക്ഷിതമാക്കുക.
8. ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്കു മാത്രം നൽകുക.

9. കക്കൂസ്സില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് അനുവദിക്കുക.

10. പരിധിലംഘിച്ച് കടലോരത്ത് മത്സ്യ ബന്ധനം നടത്തുന്ന യന്ത്രവൽകൃത ബോട്ടുകളുടെ പ്രവർത്തനം തടയുക.

11. പുഴയിൽ ചകിരിച്ചോറ് തള്ളിവിടുന്നത് നിർത്താൻ വേണ്ട നടപടി സ്വീകരിക്കുക.

## ക്ഷീര വികസന മേഖല

ക്ഷീരവികസനം പുറത്തൂർ പഞ്ചായത്തിലെ വികസന സാധ്യതകൾ.

## ആമുഖം.

പുറത്തൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ക്ഷീരവികസന മേഖല ഇപ്പോഴും ശൈശവത്തിൽത്തന്നെ ആണെന്നു കാണാം. കാരണം അന്യസംസ്ഥാനങ്ങളുടെ ക്ഷീരോല്പന്നങ്ങളായ പാൽപ്പൊടി, ചോക്കലേറ്റ്, രസഗുള, വെണ്ണ, നെയ്യ് തുടങ്ങിയ ഉല്പ്പന്നങ്ങൾ ഇവിടെ യഥേഷ്ടം ഉപയോഗിച്ചുവരുന്നുണ്ട്. ഉപഭോഗസംസ്കാരത്തിൽ ഇവയൊക്കെ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളും ആയിട്ടുണ്ട്. എങ്കിലും പുറത്തൂർ പഞ്ചായത്തിന്റെ ക്ഷീരോല്പ്പാദന രംഗം വെറും ഗാർഹികമായ ആവശ്യങ്ങളിലും ജൈവ വളത്തിനുവേണ്ടി എന്ന നിലയിലും ഒതുങ്ങിയിരിക്കുന്നു. കുറച്ചെങ്കിലും വ്യാവസായികമായി ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ വിപണനത്തിന് സ്വകാര്യ വ്യക്തികളെയാണ് ആശ്രയിക്കുന്നത്. ആയതുകൊണ്ടുതന്നെ ഈ രംഗം വളരെയേറെ മുന്നോട്ടുകൊണ്ടു പോകേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ "ലോകാരോഗ്യ സംഘടന" അനുശാസിക്കുന്ന "എല്ലാവർക്കും ആരോഗ്യം" എന്ന കുറഞ്ഞ പരിമിതിയിലെങ്കിലും എത്തുവാൻ സാധിക്കുകയുള്ളു.

## ചരിത്ര പശ്ചാത്തലം

വളരെയേറെ ഉല്പ്പാദന സാധ്യതകൾ ഉണ്ടെങ്കിലും ഇന്നും ഗാർഹികമായ ഉപഭോഗ സംസ്കാരത്തിൽത്തന്നെ നില്കുന്ന പുറത്തൂർ പഞ്ചായത്ത് ചില മുന്നേറ്റങ്ങൾ നടത്തിയിട്ടില്ല എന്നു പറയാൻ പറ്റില്ല. ഇതിന്നൊരു ഉദാഹരണമാണ് പുറത്തൂർ ആസ്ഥാനമായി രൂപം കൊണ്ടു സമാരംഭിച്ച പുറത്തൂർ ക്ഷീരോല്പ്പാദക സഹകരണ സംഘം. എങ്കിലും പ്രാദേശികമായ ചില കാരണങ്ങളാലും പൊതുജന സഹകരണത്തിന്റെ അഭാവത്താലും ഇത് പ്രവർത്തന രഹിതമാണ്. ക്ഷീരവികസന രംഗത്തിന്റെ വികസന സാധ്യത ഉപയോഗപ്പെടുത്തുന്നതിന്ന് ശാസ്ത്രീയവും സാങ്കേതികവുമായ പരിജ്ഞാനം ഒരളവുവരെ ആവശ്യമാണ്. ഈ സഹായങ്ങൾ ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. ആകെയുളള ഒരു സ്ഥാപനം ബ്ലോക്ക് തലത്തിൽ തിരൂർ സ്ഥിതി ചെയ്യുന്ന ക്ഷീരവികസന ഓഫീസ് മാത്രമാണ്. ഈ ഒരു സേവനം മാത്രം ഉപയോഗപ്പെടുത്തിയാണ് മേൽ സൂചിപ്പിച്ച ക്ഷീര സംഘം രൂപീകൃതമായിട്ടുള്ളത്.

സ്ഥിതി വിവരക്കണക്കുകൾ: ഏതൊരു വികസന രേഖ തയ്യാറാക്കുന്നതിനും വ്യക്തമായ സ്ഥിതി വിവരക്കണക്കുകൾ അത്യാവശ്യമാണ്. ക്ഷീര വികസനത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രാഥമിക ഘടകമായി വർത്തിക്കുന്നത് ക്ഷീര സഹകരണ സംഘങ്ങൾ ആണ്. പുറത്തൂർ പഞ്ചായത്തിൽ ആകെയുള്ള ക്ഷീരസഹകരണ സംഘം പ്രവർത്തന രഹിതവുമാണ്. ആയതിനാൽ വ്യക്തമായ കണക്കുകൾ നിരത്തുവാൻ കഴിയാത്ത സാഹചര്യത്തിലാണ്. എങ്കിലും ഏകദേശ കണക്കുകൾ വച്ച് 1000-ൽ താഴെ പശുക്കൾ ഉണ്ട് എന്ന് കണക്കാക്കാം. ഇവയിൽ 1/3 ഭാഗവും കറവക്കാലത്തിലായിരിക്കും. ഇത് ഒരു 650 എന്ന കണക്കിൽ നിലനിർത്തി എകദേശം 4500 ലിറ്റർ പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട് * എന്ന് കാണക്കാക്കാം.

## സാധ്യതകൾ

പുറത്തൂർ പഞ്ചായത്തിന്റെ ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ പാടശേഖരങ്ങളും പുഴയോരങ്ങളും പ്രകൃതിദത്തമായ പുല്ലു

ലഭ്യമാകുന്ന പ്രദേശങ്ങളാണ് എന്ന് കാണാം. ഈ പുല്ലും നെൽകൃഷിയിൽനിന്നു ലഭിക്കുന്ന വൈക്കോലും ഉപയോഗപ്പെടുത്തി കൊണ്ടാണ് പ്രധാന പരുക്കനാഹാരത്തിന്റെ കുറവ് പരിഹരിക്കുന്നത്. ഈയൊരവസ്ഥയിൽ തന്നെ ഇത്രയധികം ഉയർന്ന ഉല്പാദനം കാഴ്ച വയ്ക്കുന്ന ഈ പഞ്ചായത്തിന്ന് ക്ഷീരോല്പാദനം ഒരു വ്യവസായമായി പുരോഗമിക്കുന്നതിന്ന് ഏറെ സാധ്യതകളാണ് ഉള്ളത്.

## നിലവിലുള്ള പദ്ധതികളുടെ അവലോകനം.

തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ:- ഉല്പാദനച്ചിലവ് കുറച്ച് ക്ഷീരോൽപാദന ശക്തിപ്പെടുത്തുന്നതിനായ് രൂപം കൊണ്ടിട്ടുള്ള പദ്ധതിയാണിത്.

1 ദീർഘകാല പുൽ കൃഷികൾ

1, കോംഗോ സിഗ്നൽ

11, ഗിനിപ്പുല്ല്

111 പുൽ–പയർ മിശ്രിത വിളകൾ

2 ദീർഘകാല പയറിനങ്ങൾ

. സ്റ്റൈലോ ഹമാറ്റ

സ്റ്റൈലോ ഷുഫീൽഡ്

3 പുൽക്കടകൾ ഉപയോഗിച്ചുള്ള പുൽകൃഷി

4 ഹൃസ്വ കാല വിളകൾ

(എ) മക്കച്ചോളം (കമ്പം)

(ബി) വൻ പയർ

5 സൈലേജു നിർമ്മാണം

6 ഉണക്ക പുല്ലു നിർമ്മാണം

7 യൂരിയ ഉപയോഗിച്ച് വൈക്കോൾ പുഷ്ടിപ്പെടുത്തൽ

8 പുൽകൃഷി പ്രദർശന തോട്ടങ്ങൾ

9 വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷി.

ഇതിനുവേണ്ടിയുള്ള വിത്ത്, വളം എന്നിവ സബ്സിഡി നിരക്കിൽ ക്ഷീരവികന ഓഫീസു വഴി കാലവർഷാരംഭത്തിൽ നല്കപ്പെടുന്നു.

## 2 കാലി വർഗ്ഗോദ്ധാരണ പ്രവർത്തനങ്ങൾ:

പഞ്ചായത്ത് തലത്തിൽ കന്നുകാലി വർഗ്ഗോദ്ധാരണ അസിസ്റ്റന്റ് മാരെ നിയമിച്ചുകൊണ്ട്, നാമമാത്രമായ ഫീസ് ഈടാക്കിക്കൊണ്ട് നടപ്പാക്കിയപദ്ധതി. അസിസ്റ്റന്റ്മാരിൽ താല്പര്യാടിസ്ഥാനത്തിൽ മൃഗസംരക്ഷണവകുപ്പിന് 1985 ൽ കൈമാറിയിട്ടുണ്ട്. ഇവർ "ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ" എന്ന തസ്തികയിൽ മൃഗസംരക്ഷണ വകുപ്പിൽ നിലനില്ക്കുന്നുണ്ട്. ബാക്കിയുള്ള യൂണിറ്റുകൾ ഉള്ള പഞ്ചായത്തിൽ ഈ പരിപാടി തുടർന്നു പോരുന്നു. പുറത്തൂർ പഞ്ചായത്തിൽ നിലവില്ല.

## 3 പാൽ സൊസൈറ്റികൾ

(ക്ഷീര സഹകരണ സംഘങ്ങളുടെ) സ്ഥിതി വിവരക്കണക്കെടുപ്പ്:

ക്ഷീര സംഘങ്ങൾ രൂപീകരിക്കുക, നിലവിലുള്ള ക്ഷീര സംഘങ്ങൾ നവീകരിക്കുക, ഭരണപരമായ മറ്റുകാര്യങ്ങൾ നിർവ്വഹിക്കുക എന്നതാണ് ഈ പദ്ധതി.

## 4 ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള നവീകരണ ധനസഹായ പദ്ധതികൾ

1 ഓഫീസ് കെട്ടിട നിർമ്മാണ ഗ്രാന്റ്

2 ഓഫീസ് ഫർണിച്ചർ ഗ്രാന്റ്

3 ഉദ്ധ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള ഗ്രാന്റ്.

4 പരിശോധന ഉപകരണങ്ങൾ

5 പ്രവർത്തന മൂലധനം

6 പാൽ പാത്രങ്ങൾ

7 സൈക്കിൾ

8 മിൽക്കോ ടെസ്റ്റർ

9 രാസ വസ്തുക്കൾ

10 നാടൻ ക്ഷീരോല്പന്ന യൂണിറ്റ്

11 മിൽക്ക് കൂളർ/ഫ്രീസർ

12 റഫ്രിജറേറ്റർ

13 ക്രീം സെപ്പറേറ്റർ

14 അവശ്യാധിഷ്ഠിത സഹായങ്ങൾ

15 ഫോഡർ ബാങ്കുകൾ

16 വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷി

17 ക്ഷീര സംഘം വഴിയുള്ള തീറ്റപ്പുൽ വിപണനം

മേൽ സൂചിപ്പിച്ച പദ്ധതികൾ ഒക്കെയും ( 4-ാം വിഭാഗം) ക്ഷീര സഹകരണ സംഘങ്ങൾക്ക് അടിസ്ഥാനമാക്കിയുള്ളതാണ്. എങ്കിൽത്തന്നെയും പ്രത്യക്ഷമായല്ലെങ്കിലും പരോക്ഷമായി ഇതിന്റെ ഗുണം ലഭ്യമാക്കുന്നത് ക്ഷീര കർഷകർക്ക് തന്നെയാണ്. ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ ഇവയോരോന്നും നടപ്പാക്കാവുന്നതാണ്.

## 5 പട്ടിക ജാതികാർക്കായിട്ടുള്ള പ്രത്യേക ഘടക പദ്ധതി:

കേന്ദ്ര ഗവൺമെന്റ് ഫണ്ടിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പരിപാടിയാണിത്. തെരെഞ്ഞെടുത്ത പട്ടിക ജാതി സങ്കേതങ്ങളിലാണ് ഇവ നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ചുവടെ ചേർത്ത തരത്തിലുള്ള വിഹിതങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1 കറവപ്പശുവിനെ വിതരണം

2 കന്നുകാലിത്തൊഴുത്തു നിർമ്മാണം

3. ശാസ്ത്രീയ മൃഗ പരിപാലന പരിശീലനം

4 കന്നുകാലി ഇൻഷുറൻസ്

5 കാലിത്തീറ്റ വാങ്ങലും വിതരണവും

## 6 പട്ടികജാതിക്കാർക്കായുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി:

ഇത് തികച്ചും 5-ാം പദ്ധതിയുടെ ഒരു പകർപ്പാണിത്.

## 7 ആദിവാസി ക്ഷേമ പദ്ധതി:

ഇത് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കുന്ന പ്രത്യേക പരിപാടിയാണ്. 5,6 എന്നീ പദ്ധതികളുടെ ഒരു പകർപ്പ് തന്നെയാണിത്.

## പദ്ധതി അവലോകനങ്ങൾ:

മുകളിൽ ചേർത്തിട്ടുള്ള പദ്ധതികൾ എല്ലാം തന്നെ ബ്ലോക്ക് തലത്തിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കിയവ ആയതിനാൽ പഞ്ചായത്ത് തലത്തിലുള്ള കണക്കുകൾ ലഭ്യമല്ല. എങ്കിലും ഏകദേശ കണക്കുകൾ ചുവടെ ചേർക്കുന്നു.

## 1 ഗ്രാമീണ ക്ഷീരോല്പാദക വിജ്ഞാന വ്യാപന പരിപാടികൾ

1 ധാതു ലവണ മിശ്രിതം: പഞ്ചായത്തിൽ ഒരു വർഷത്തിൽ 10 കി: എന്ന കരണക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കർഷകർക്ക് വളരെ ഉപയോഗപ്രദമായിട്ടുണ്ട്. കിലോ 8 രൂപനിരക്കിൽ പ്രതിവർഷം 80 രൂപ ചിലവാക്കിയിട്ടുണ്ട്.

2 വിറ്റാമിൻ സപ്ലിമെന്റ്: ഒരു വർഷത്തിൽ കുറഞ്ഞത് എന്ന തോതിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതും കർഷകർക്ക് പ്രയോജന പ്രദമായവ തന്നെ. പ്രതി വർഷം 2 ലിറ്റർ 110 രൂപാ ക്രമത്തിൽ 220 രൂപ ചിലവാക്കിയിട്ടുണ്ട്.

3 കന്നുകാലി പ്രദർശനങ്ങൾ :- 1993-1994 സാമ്പത്തിക വർഷത്തിൽ പുറത്തൂർ പഞ്ചായത്തിൽ കളൂർ എ. എം. എൽ. പി. സ്കൂളിൽ വെച്ച് കന്നുകാലി പ്രദർശനം നടത്തിയിട്ടുണ്ട്. 750 രൂപ പദ്ധതിയിനത്തിൽ ചെലവാക്കിയിട്ടുണ്ട്.

4 ക്ഷീര കർഷക സമ്പർക്ക പരിപാടി

1994-95 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസിന്റെ ഏകദിന മഹിളാ ക്യാമ്പിനോടനുബന്ധിച്ച് 17 എണ്ണം പുറത്തൂർ പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഇത് വളരെ താല്പര്യം മഹിളകളുടെ ഇടയിൽ ഉണ്ടാക്കിയിട്ടുണ്ട്. ക്ഷീര കർഷക സമ്പർക്ക പരിപാടി ഒന്നിന് 200 രൂപ ക്രമത്തിൽ 3400 രൂപ ചിലവാക്കിയിട്ടുണ്ട്.

5 ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം:- 1994-95 സാമ്പത്തിക വർഷത്തിൽ ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനത്തിന്ന് 100 രൂപ ക്രമത്തിൽ 700 രൂപയും പദ്ധതി പ്രകാരം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

6 മാതൃകാ കാലിത്തൊഴുത്തു നിർമ്മാണം: 1994-95 സാമ്പത്തിക വർഷത്തിൽ ആകെ 3 എണ്ണവും 1995-96 സാമ്പത്തിക വർഷത്തിൽ ആകെ ഒരെണ്ണവും നടപ്പിലാക്കി. ആകെ 2750 രൂപ ഈയിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്.

7 മാതൃകാ ക്ഷീരോൽപാദക യൂണിറ്റ്
1993-94 സാമ്പത്തിക വർഷത്തിൽ ഒരു യൂണിറ്റ് നടപ്പിലാക്കി. ആകെ 6000 രൂപ ഈയിനത്തിൽ ചിലവിട്ടു. ഗുണഭോക്താവ് ശ്രീ യു. മുസ്തഫ, കളൂർ, പുറത്തൂർ. ഇദ്ദേഹം പദ്ധതി വർഷങ്ങളിൽ യൂണിറ്റ് വിജയകരമായി നടത്തിപ്പോന്നു.

8. ജില്ലാകന്നുകാലി പ്രദർശനം ഒന്നും നടത്തിയിട്ടില്ല.

## 2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

ഈ പരിപാടിയിൽ കർഷകർ വളരെക്കുറച്ചു മാത്രമേ സഹകരിച്ചു കാണുന്നുള്ളു. ഇത് ക്ഷീരോൽപാദനരംഗത്ത് അത്യാവശ്യമാണ് എന്നത് കണക്കിലെടുത്ത് ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്.

1993-94 സാമ്പത്തിക വർഷത്തിൽ പുറത്തൂർ പഞ്ചായത്തിലെ ശ്രീ എം. പി. കുമാരൻ എന്ന വ്യക്തിക്ക് 1 ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്തു വിപണനം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. ഇതിന് 14500 രൂപ വിഹിതം കണ്ടിരുന്നു. 13500 രൂപയും നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണം കഴിഞ്ഞതിനാൽ ബാക്കി 1000 രൂപയും താമസിയാതെ നൽകുന്നതാണ്.

3, 4, 5.

ഈ മൂന്നു പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. പുറത്തൂർ പഞ്ചായത്തിൽ ഒരു ക്ഷീരോൽപാദക സംഘം രൂപികരിച്ചിട്ടുണ്ട് എങ്കിലും പ്രവർത്തനോന്മുഖമായിട്ടില്ല.

6,7

പുറത്തൂർ പഞ്ചായത്തിലെ മരവന്ത, മുനമ്പം എന്നീ കോളനികളിൽ 1991-93 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിരുന്നു. കൃത്യമായ മൂന്നു വർഷത്തേക്ക് പദ്ധതി അവലോകനം നടത്തിയിരുന്നു. ഇതിന് ഒരു കുടുംബത്തിന് 5000 രൂപ ക്രമത്തിൽ ആകെ 25 കുടുംബത്തിന് ധനസഹായം നൽകിയിരുന്നു.

## 8. ആദിവാസി ക്ഷേമ പദ്ധതി

ആദിവാസി സങ്കേതങ്ങൾ പുറത്തൂർ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ നടപ്പിലാക്കിയിട്ടില്ല.

### പ്രശ്നങ്ങൾ

ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ക്ഷീരവികസന ഉപദേശക സൗകര്യം ലഭ്യമല്ല എന്നുള്ളത്. ക്ഷീരകർഷകർക്ക് സാങ്കേതികവും ശാസ്ത്രീയവുമായ ഉപദേശം നൽകുന്നതിന്ന് പഞ്ചായത്തുതലത്തിൽ ഓഫീസുകൾ ഒന്നും തന്നെയില്ല. ഉപദേശങ്ങൾ തേടുന്നതിനായി പുറത്തൂർ പഞ്ചായത്തിൽ നിന്നും തിരൂർ വരെ പോകേണ്ടിവരുന്നത് സാമ്പത്തിക നഷ്ടവും സമയനഷ്ടവും ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്തു പ്രദേശത്തു ഉൽപാദിപ്പിക്കപ്പെടുന്ന പാൽ സംഭരിക്കുന്നതിനോ വിപണനം നടത്തുന്നതിനോ യാതൊരു ഏജൻസികളും നിലവിലില്ല. ഈയൊരു പ്രശ്നം പല തൽപരരായ കൃഷിക്കാരേയും ഈമേഖലയിൽ കടന്നുവരുന്നതിൽ നിന്നും നിരുൽസാഹപ്പെടുത്തുന്നുണ്ട്. സ്വകാര്യ വ്യക്തികൾ വഴിയുള്ള പാൽ വിപണനം പാലിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇതു നിലവിലുള്ള ഉപഭോക്താക്കളുടെ അളവു കുറയ്ക്കുന്നു. ഈ വക പ്രശ്നങ്ങൾ തന്നെ പാൽ സംസ്ക്കരണ യൂണിറ്റുകൾ ഫാക്ടറികൾ വരുന്നതിൽ നിന്നും പിന്നോട്ടു വലിക്കുന്നു. കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചത് ഉൽപാദന ചിലവ് വർദ്ധിപ്പിക്കുകയും ക്ഷീരകർഷകരുടെ താൽപര്യം കുറയ്ക്കുന്നതിന്നും കാരണമായിട്ടുണ്ട്.

കാലിത്തീറ്റ വിഭവങ്ങൾ (പുല്ല്, വൈക്കോൽ, പിണ്ണാക്ക് തുടങ്ങിയവ) ഏകീകൃതാടിസ്ഥാനത്തിൽ സംഭരിക്കുന്നതിനും ന്യായമായ വിലയ്ക്കു ക്ഷീരകർഷകർക്കു ലഭ്യമാക്കുന്നതിനും യാതൊരു ഏജൻസിയും നിലവിലില്ല. ക്ഷീരകർഷകർക്ക് ശാസ്ത്രീയമായ സാങ്കേതിക അവബോധം വളർത്തുന്നതിന ്പരിശീലന കേന്ദ്രങ്ങൾ ഒന്നും പഞ്ചായത്ത് തലത്തിൽ നിലവിലില്ല. തല്പരരായ കർഷകർക്ക് ഉല്പാദന ക്ഷമത കൂടിയ ഉരുക്കളെ (മൃഗങ്ങളെ - കറവപ്പശു, കന്നുകുട്ടി, കിടാരികൾ എന്നിവ) ലഭ്യമാക്കുന്ന ഡയറി ഫാമുകൾ ഒന്നും തന്നെ പഞ്ചായത്തടിസ്ഥാനത്തിൽ നിലവിലില്ല. ന്യയമായ വിലക്ക് പച്ചപ്പുല്ല് ലഭ്യമാക്കുന്ന പുൽത്തോട്ടങ്ങൾ ഒന്നും ലഭ്യമല്ലാത്തത് സ്വന്തമായി പുല്ല് കൃഷിചെയ്യാൻ സാധിക്കാത്ത സ്ഥലപരിമിതി കൊണ്ട് ബുദ്ധിമുട്ടുന്ന കർഷകർക്ക് കാലികളെ പരിപാലിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. കന്നുകാലികളുടെ കണക്ക്, ക്ഷീരകർഷകരുടെ എണ്ണം, ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിൻെറ അളവ്, വരുമാനം എന്നിവയുടെ കണക്ക് പഞ്ചായത്തു രേഖകളിൽ വ്യക്തമല്ല. ഇതു വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് തടസ്സമാകുന്നുണ്ട്.

## പരിഹാരങ്ങൾ നിർദ്ദേശങ്ങൾ

പഞ്ചായത്തു പ്രദേശത്തെ കർഷകർക്കു ശാസ്ത്ര സാങ്കേതിക വശങ്ങളിൽ ഉപദേശം നൽകുന്നതിന്ന് ഉപോൽബലകമായി ക്ഷീരവികസന ഓഫീസുകൾ ബ്ലോക്കു തലത്തിൽ എന്നുള്ളതു മാറ്റി പഞ്ചായത്തു തലത്തിലേക്കു മാറ്റി സ്ഥാപിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻമാരുടെ സേവനം പഞ്ചായത്തു പ്രദേശത്തേക്കു മൊത്തം വ്യാപിപ്പിക്കുന്നതിനും കുറേക്കൂടി ഊർജ്ജിതപ്പെടുത്തുവാൻ ഇതു വളരെയേറെ ഉപകരിക്കും. കൂടാതെ സാധാരണ ക്ഷീര കർഷകർക്കിടയിൽ ശാസ്ത്രീയമായ അവബോധം വളർത്തുന്നതിന് പഞ്ചായത്തു തലത്തിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും ദിന ബത്തയോടുകൂടി പരിശീലന ക്രമങ്ങൾ നടപ്പിലാക്കേണ്ടതുമാണ്. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ ഏകീകൃതമായി സംഭരിക്കുന്നതിനും സംസ്കരണത്തോടുകൂടി വിപണനം നടത്തുന്നതിനും ക്ഷീരസംഘങ്ങൾ, ചില്ലിംഗ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തു പ്രദേശത്തു വിതരണം ചെയ്തു മിച്ചം വരുന്ന പാൽ സംസ്കരിച്ചു സൂക്ഷിക്കുന്നതിനും വിപണനം നടത്തുന്നതിനും ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. പാൽ സംഭരണവും വിപണനവും നടത്തുന്നതിന് ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതോടൊപ്പം പാലിന്റെ ഗുണനിയന്ത്രണം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ഇത് മായം ചേർക്കൽ തടയുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും അനിവാര്യമാണ്. ഇതോടൊപ്പം തന്നെ നടപ്പിലാക്കേണ്ടുന്ന ഒരു പ്രധാനപരിപാടിയാണ് അനധികൃതമായ പാൽ വിപണനം നിരോധിക്കുക എന്നുള്ളത്. ഇതിനായി പാൽ 'വിപണന ലൈസൻസിംഗ് ' സമ്പ്രദായം പഞ്ചായത്തിൽത്തന്നെ നടപ്പിലാക്കാവുന്നതാണ്. കാലിത്തീറ്റ വിഭവങ്ങളായ പുല്ല്, വയ്ക്കോൽ, പിണ്ണാക്ക്, തവിട് തുടങ്ങിയ കാലിത്തീറ്റ ജന്യവസ്തുക്കൾ ഏകീകൃതമായി സംഭരിച്ച് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള കർമ്മപരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്. ഉൽപാദനച്ചിലവ് കുറച്ച് കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് ഇത് വളരെയേറെ സഹായകമായിരിക്കും. ഉല്പാദനക്ഷമതയുള്ള മൃഗങ്ങളെ കന്നുകുട്ടികൾ, കിടാരികൾ, കറവപ്പശുക്കൾ എന്നീ ക്രമത്തിൽ ലഭ്യമാക്കുന്ന ഡയറി ഫാമുകൾ പഞ്ചായത്താടിസ്ഥാനത്തിൽ നിലവിൽ വരുത്തുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പുൽകൃഷി ചെയ്യുവാൻ സ്വന്തമായി സ്ഥലം ലഭ്യമല്ലാത്ത കർഷകർക്ക് ന്യായവിലക്ക് പച്ചപ്പുല്ല് ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ കാലിത്തീറ്റപ്പുൽത്തോട്ടങ്ങൾ നിലവിൽ വരുത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ പഞ്ചായത്തു പ്രദേശത്തെ ക്ഷീരകർഷകരുടെ എണ്ണം, ആകെ കന്നുകാലികളുടെ എണ്ണം, ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ്, അതിൽ

നിന്നും പഞ്ചായത്തുപ്രദേശത്തു വന്നുചേരുന്ന വരുമാനം, വ്യവസായ സാധ്യത എന്നിവ മനസ്സിലാക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ കന്നുകാലികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കേണ്ടത് തീർത്തും അനിവാര്യമായ ഘടകമാണ്. ഇതിന് ഓരോ വാർഡ് തലത്തിലോ രണ്ടു വാർഡ് കൂടി ചേരുന്ന പ്രദേശത്തേക്കോ ക്ഷീരസംഘങ്ങൾ രൂപീകരിച്ച് അതുവഴി രജിസ്ട്രേഷൻ നടപ്പിലാക്കുകയും പാലിന്റെ അളവ് ക്ഷീരകർഷകരുടെയും കന്നുകാലികളുടെയും എണ്ണം എന്നിവയും രേഖപ്പെടുത്തേണ്ടതുമാണ്. ഒരു പഞ്ചായത്തിലെ എല്ലാ ക്ഷീരസംഘങ്ങളുടെയും സ്ഥിതി വിവരങ്ങൾ പഞ്ചായത്തിൽ ക്രോഡീകരിച്ച് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ഏതൊക്കെ ക്ഷീരവികസന സാധ്യതകൾ ഭാവിയിൽ കണ്ടെത്തുന്നുവോ അതിനനുസൃതമായി കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. സബ്സിഡി പദ്ധതികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകരുടെ പട്ടികയിൽ നിന്നും വരുമാനം മാത്രം നോക്കാതെ ഉല്പാദനത്തിന്റെ തോത്, മേന്മ എന്നിവ കൂടി കണക്കിലെടുത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്. ക്ഷീരവികസന രംഗം ഒരു വ്യവസായമായി വളർത്തിയെടുത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ക്ഷീരവികസനം ഒരു പ്രധാന കണ്ണിയായി വികസന മേഖലയിൽ കൂട്ടിച്ചേർക്കേണ്ടതുണ്ട്. കർമ്മ പരിപാടികളിൽ ഗൾഫിൽ നിന്നും മടങ്ങി വന്ന തൊഴിൽ നഷ്ടപ്പെട്ട കർഷകർക്ക് പ്രാമുഖ്യം നൽകാവുന്നതാണ്. നിലവിലുള്ള ക്ഷീരവികസന സംഘം പ്രവർത്തനക്ഷമമാക്കണം.



5.3

# വ്യവസായം

ജനസാന്ദ്രത കൂടുതലുള്ള പുറത്തൂർ പഞ്ചായത്തിനെ സംബന്ധിച്ച് ഒരു വ്യവസായ ശൃംഖലക്കുള്ള സാദ്ധ്യത തീരെയില്ല. ഒഴിഞ്ഞ പ്രദേശമോ വമ്പിച്ച തോതിലുള്ള അസംസ്കൃത പദാർത്ഥങ്ങളോ ലഭ്യമല്ലാത്ത ഈ തീര പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ നിർദ്ദേശി ക്കാനേയില്ല, എന്നാലും സാദ്ധ്യതക്കനുസരിച്ച് വ്യവസായം ഇവിടെ വളർച്ച പ്രാപിച്ചിട്ടില്ല. വ്യവസായമെന്ന ചിന്ത നമ്മുടെ സ്മരണ മണ്ഡല ത്തിൽ തെളിയുമ്പോൾ ഒരു വലിയ ഫാക്ടറിയും പുകക്കുഴലും യന്ത്രങ്ങളുടെ ശബ്ദവും ഒട്ടേറെ തൊഴിലാളികളുമാണ് നാം ഓർക്കുക. ഈ കാഴ്ചപ്പാട് മാറ്റി ഇവിടെ നമുക്ക് മുന്നേറാൻ കഴിയുന്ന വ്യവസായ മേഖലകൾ ഏതെല്ലാമാണെ ന്ന് വേണം പരിശോധിക്കാൻ.

തിരൂർ പൊന്നാനി പുഴയും പ്രസിദ്ധമായ ഭാരതപ്പുഴയും കര തഴുകി ഒഴുകുന്ന ഗ്രാമീണ ഭംഗി യുള്ള നമ്മുടെ പഞ്ചായത്തിന്റെ മുൻകാല ജീവിത ത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കിയാൽ വ്യവസായ ത്തോട് ബന്ധപ്പെട്ട് നമുക്ക് ഓർക്കാനുള്ളത് പുഴ യോരത്തെ ചകിരി പൂഴ്ത്തും പരിസരത്തുണ്ടാ യിരുന്ന മാൽപുരകളും തൊഴിലാളികളുടെ കൈകളാൽ തിരിക്കപ്പെടുന്ന റാട്ടകളും അതിൻെറ ശബ്ദമുഖരിതമായ അന്തരീക്ഷവുമാണ്. ചുരുക്കത്തി ൽ പരമ്പരാഗത വ്യവസായ തുറയിൽപെടുന്ന ചകി രി വ്യവസായമാണ് ഈ ഗ്രാമത്തിലുണ്ടായിരുന്നത്.

വൈകുന്നേരം വരെ പണി ചെയ്ത് അനുബന്ധ തൊഴിലെന്ന നിലക്ക് വീടുകളിൽ ചകിരിയിൽ നിന്നും കയർ പിരിച്ചുണ്ടാക്കുക ഇവിടുത്തെ സ്ത്രീകളുടെ പതിവായിരുന്നു. ഏറെ നേരം അദ്ധ്വാനിച്ചുണ്ടാക്കുന്ന ഈ കയറിന് കിട്ടിയിരുന്ന നാമമാത്രമായ വിലയായിരുന്നു ഒരുപറ്റം കുടുംബങ്ങളുടെ ജീവിതാവലംബം എന്നതൊരു സത്യമാണ്.

വ്യവസായത്തിൻെറ ചരിത്രം ഇവിടെ ഹ്രസ്വ മാണെന്നതിനാൽ അതിന് ഇതോടെ വിരാമമി ടുകയാണ്.

ഈ പഞ്ചായത്തിൻെറ കിഴക്കൻ ബെൽറ്റിൽ പറയത്തക്ക കുടിൽ-പരമ്പരാഗത വ്യവസായങ്ങ ളൊന്നും തന്നെയില്ല. പുഴയോരമുൾപ്പെടുന്ന പടിഞ്ഞാറൻ ബെൽറ്റിലാണ് മേൽ സൂചിപ്പിച്ച

ചകിരിപോലുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള കുടിൽ വ്യവസായങ്ങൾ നില നിന്നിരുന്നത്. ഇപ്പോൾ പഞ്ചായത്തിലുള്ള വ്യവസായ സ്ഥാപനങ്ങളും വ്യവസായവും താഴെ പറയുന്നവയാണ്.

## കയറുമായി ബന്ധപ്പെട്ട പ്രധാന സ്ഥാപനങ്ങൾ

പൊതുമേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല.

### സഹകരണ മേഖല

1. പുറത്തൂർ കയർ വ്യവസായ സഹകരണസംഘം
2. മുട്ടന്നൂർ കയർ വ്യവസായ സഹകരണസംഘം
3. ചേന്നര കയർ വ്യവസായ സഹകരണസംഘം

### സ്വകാര്യ മേഖല

യന്ത്രവൽകൃത ഡീഫൈബറിംഗ് യൂണിറ്റ്

1. അമ്മോത്ത് ഫൈബർ ഇന്റസ്ട്രീസ് (വാർഡ്-6)
2. വി.പി. ഫൈബേഴ്സ് (വാർഡ്-6)
3. കെ. എം. എസ്. ഫൈബർ ഇന്റസ്ട്രീസ് (വാർഡ്-10)
4. സി കെ. ഫൈബർ ഇന്റസ്ട്രീസ് (വാർഡ്-8)
5. ഇ. എം. എച്ച്. ഫൈബർ ഇന്റസ്ട്രീസ് (വാർഡ്-9)

പെരുന്തിരുത്തിയിൽ ഒരു ഡി. ഡബ്ല്യു. സി. ആർ. എ. യൂണിറ്റ് കയർപിരി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

### മറ്റുള്ളവ

എസ്. എസ്. ഐ. രജിസ്ട്രേഷനുള്ള ചില യൂണിറ്റു നല്ല നിലയിൽപ്രവർത്തിക്കുന്നുണ്ട്. ഉദാ–

1) സജീവ് കയർ വർക്ക്സ് വാർഡ്-6
2) സി. പി. ഫൈബർ ഇന്റസ്ട്രീസ് വാർഡ്-7
3) സി. പി. എൻ. കയർ വർക്ക്സ് വാർഡ്-8

വീടുകളോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന ചെറുകിട കയർപിരി യൂണിറ്റുകൾ 135 എണ്ണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ വാർഡുകളിൽ നിന്ന് വന്ന റിപ്പോർട്ട് പ്രകാരം 24 എണ്ണത്തിൽ ഉൽപാദനം നിലച്ചമട്ടാണ്.

## മറ്റു സ്ഥാപനങ്ങൾ

ആധുനിക വ്യവസായ രംഗത്തെ രണ്ട് ചെറുകിട വ്യവസായ യൂണിറ്റുകൾ താഴെ പറയുന്നു.

1. മാധവ മെറ്റൽ നെയിൽ മാനുഫാക്ച്ചറേഴ്സ്

   ഉൽപന്നം: ആണി (വാർഡ് – 7)

2. എടശ്ശേരി പേപ്പർ പ്രൊഡക്റ്റ്സ്

   ഉൽപന്നം : പേപ്പർ ബാഗ് (വാർഡ്-8)

### മററുള്ളവ

| | |
|---|---|
| 1. *റൈസ് & ഫ്ളോർമിൽ* | 26 എണ്ണം |
| 2. *ഡിറ്റർജൻറ് & വാഷിംഗ് പൗഡർ* | 2 " |
| 3. *അച്ചടിശാല* | 2 " |
| 4. *വെൽഡിംഗ് യൂണിറ്റ്* | 5 " |
| 5. *ഓട്ടോവർക്ക്ഷാപ്പ്* | 1 " |
| 6. *ബേക്കറി യൂണിററ്* | 3 " |
| 7. *വുഡ് ഇൻറസ്ട്രീസ്* | 4 " |
| 8. *സ്റ്റീൽ ഫർണിച്ചർ* | 1 " |
| 9. *സോ മില്ല്* | 1 " |
| 10. *ഓയിൽ മിൽ* | 7 " |
| 11. *അലുമിനിയം ഫാബ്രിക്കേഷൻ യൂണിററ്* | 1 " |
| 12. *വുഡൺ ഫർണിച്ചർ* | 3 " |
| 13. *അച്ചാർ യൂണിററ് (വനിത)* | 1 " |
| 14. *ഹോളോബ്രിക്സ് നിർമ്മാണം* | 1 " |
| 15. *എം. എം. ചാരിററബ്ൾ സൊസൈററി (ഖാദി ബോർഡ് വക)* | 1 " |

വിസ്തൃതമായ ഈ പഞ്ചായത്തിലെ നാമമാത്രമായ വ്യവസായ യൂണിറ്റുകൾ ഈ ഗ്രാമത്തിന്റെ സമ്പദ്ഘടനയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ ഉപകരിക്കുന്നില്ല. സഹകരണ മേഖലയിലുള്ള 3 സംഘങ്ങൾക്കും അതിന് കീഴിൽ വരുന്ന പകുതി അംഗങ്ങൾക്ക് പോലും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടില്ല. വ്യത്യസ്ത കാരണങ്ങളാൽ ഈ സംഘങ്ങൾക്ക് സാമ്പത്തിക അടിത്തറയുണ്ടാക്കി ഈ രംഗത്ത് മുന്നേറാൻ കഴിഞ്ഞിട്ടില്ല.

65

## സാധ്യതകൾ.

നാളികേരം ഈ പ്രദേശത്തെ പ്രധാന കാർഷികോൽപ്പന്നമാണ്. കൃഷിയോട് ബന്ധപ്പെട്ട് ധാരാളം വ്യവസായങ്ങൾ വളർന്നു വന്നിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ സുലഭമായ നാളികേരം ഉപയോഗപ്പെടുത്തിക്കൊണ്ട് ചിരട്ടയിൽ നിന്നും എണ്ണ ഉണ്ടാക്കൽ, കൊപ്ര ഉപയോഗപ്പെടുത്തി വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കൽ എന്നിവ നാം ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെടുത്തി വ്യവസായ യൂനിറ്റുകളുണ്ടാക്കാനുള്ള നല്ല സാധ്യത ഇവിടെ നിലവിലുണ്ട്.

തൊണ്ട് സുലഭമായി ലഭിക്കുന്നു. ഇത് ഉപയോഗപ്പെടുത്തി വിദേശ ഡിമാന്റുള്ള കയറുൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള സാധ്യത ധാരാളമാണ്. ആഭ്യന്തര ഉപയോഗത്തിനും അയൽ സംസ്ഥാനത്തേക്ക് കയറ്റി അയയ്ക്കാനും ഉതകും വിധം ഭംഗിയും ഈടുമുള്ള കയറ്റ് പായ, ചവിട്ടി, തടുക്ക് മറ്റു കയറുൽപ്പന്നങ്ങൾ എന്നിവ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയും. പൊന്നാനി തുറമുഖം, മറ്റു ജലഗതാഗതം, ഗൾഫുമായുള്ള നമ്മുടെ ബന്ധം ഇതെല്ലാം പരമാവധി ചൂഷണം ചെയ്തു പുറത്തൂരിലുണ്ടാക്കുന്ന ആധുനിക കയറുൽപ്പന്നങ്ങൾ വിപുലമായ തോതിൽ വിപണനം നടത്താം.

ചകിരിച്ചോറ് ഉപയോഗപ്പടുത്തിക്കൊണ്ട് വളവും മറ്റു വിപണന സാധ്യതയുള്ള ഉല്പന്നവും ഉണ്ടാക്കാൻ കഴിയും. താമരശ്ശേരിക്കപ്പുറമുള്ള ഒരു സ്ഥാപനത്തിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയോടെ ചകിരിച്ചോറ് അളവു ചുരുക്കി കൃഷിക്ക് വളമായി ഉപയോഗിക്കുന്ന നൂതന മാതൃക നമുക്ക് ഉപയോഗിക്കാവുന്നതേയുള്ളു.

നാളികേരം മണിക്കൂറുകൾക്കകം കൊപ്രയാക്കി അത് ആട്ടി വെളിച്ചെണ്ണയാക്കുന്ന ഒരു വൻകിട വ്യവസായ യൂണറ്റിന് പുറത്തൂരിൽ നല്ല സാധ്യതയുണ്ട്.

ഇതിന് തിരുവമ്പാടി മോഡൽ തെരഞ്ഞെടുക്കാവുന്നതാണ്.

മറ്റൊരു പ്രധാന വ്യവസായ സാധ്യത ഇവിടുത്തെ മണ്ണിന്റെ ഗുണം ചൂഷണം ചെയ്തു കൊണ്ടുള്ളതാണ്. കടലിലെ ചളിമണ്ണും മണലും കലർത്തി അരച്ചാൽ ഓടും ഇഷ്ടികയും ഉണ്ടാക്കത്തക്ക രീതിയിൽ നല്ല കുഴമ്പ് രൂപത്തിലുള്ള മണ്ണാക്കി മാറ്റാമെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. തൃശൂരിലെ തൃക്കൂർ പോലുള്ള ഗ്രാമങ്ങളിലെ ഇഷ്ടിക – ഓട് – ഡക്കറേറ്റീവ് ടൈൽസ് എന്നിവ മാതൃകയാക്കി നമുക്കൊരു വൻകിട കളിമൺ വ്യവസായ യൂണിറ്റ് തുടങ്ങാൻ കഴിയും.

ഭാരതപ്പുഴയിലെ മണലും ശുദ്ധജലവും ഉപയോഗപ്പെടുത്തി ഒരു ചെറിയ ഹോളോബ്രിക്ക്സ് യൂണിറ്റിനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

ഇവിടുത്തെ പുഴയോരവും പുഴയും ചെമ്മീൻ വളർത്താൻ കഴിയുന്നതാണ്. കൃഷിക്കും വ്യവസായത്തിനും ഒരുപോലെ പ്രധാനമുള്ള ഒരു പദ്ധതി ഇവിടെ നടപ്പാക്കാൻ കഴിയും.

ഏറെ സാധ്യതയുള്ളതും സർക്കാർ വ്യവസായമായി പ്രഖ്യാപിച്ചതുമായ ടൂറിസം പ്രോൽസാഹിപ്പിക്കാൻ കഴിയുന്ന ഭൂപ്രകൃതിയും പ്രകൃതി സൗന്ദര്യവും ഉപയോഗപ്പെടുത്താവുന്നതാണ്.

## നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ വിഭവങ്ങളുടെ ലഭ്യതയും ജനങ്ങളുടെ ആവശ്യവും കണക്കിലെടുത്ത് ഇരുപത്തിയഞ്ചോളം വ്യവസായ സംരംഭങ്ങൾക്ക് വിജയപ്രദമായ ഭാവിയുണ്ട്.

**1 നാളികേരം.**

പഞ്ചായത്തിലെ മുഴുവൻ നാളികേരവും സംഭരിച്ച് ആധുനിക സൗകര്യത്തോടെ കൊപ്രയാക്കുകയും വിപണന സാധ്യതക്കനുസരിച്ച് കൊപ്ര ആട്ടി വെളിച്ചെണ്ണയാക്കുകയും ചെയ്യാം ബാക്കി കൊപ്ര കേരഫെഡിനും നൽകുക. ആട്ടിയെടുക്കുന്ന വെളിച്ചെണ്ണ ശുദ്ധീകരിച്ച് ആകർഷകമായി പായ്ക്ക് ചെയ്ത് പ്രത്യേക ട്രേഡ് നാമത്തിൽ വിപണനം നടത്തുക. പുറത്തൂർ സർവ്വീസ് ബാങ്കും കയർ സഹകരണ സംഘങ്ങളും കൂട്ടുത്തരവാദിത്വത്തോടെ ഈ പദ്ധതി പ്രാവർത്തികമാക്കണം. തൊണ്ട്, കയർ സംഘങ്ങൾക്കും, പിണ്ണാക്ക് ക്ഷീര വ്യവസായ രംഗത്തേക്കും പ്രയോജനപ്പെടുത്താം.

**2 കയർ വ്യവസായം**

66

കയർ വ്യവസായം ലഭ്യമാകുന്നത് കൊണ്ട് കയർസംഘം അഴുക്കിയെടുത്ത് പോള ഉരിച്ച് ഡീ ഫൈബറിങ്ങ് യൂണിറ്റിൽ അടിച്ച് ഫൈബർ ഉണ്ടാക്കി വില്പന നടത്തുകയും കയറുണ്ടാക്കുക യും ചെയ്യുക. കയറുണ്ടാക്കുന്നതിന് ഇന്ന് നിലവിലുള്ള രീതി പരിഷ്കരിച്ച് മോട്ടോറൈസ്ഡ് റാട്ടകൾ ഉപയോഗിക്കാവുന്നതാണ്. കെൽട്രോണും മറ്റു സ്ഥാപനങ്ങളും വികസിപ്പിച്ചെടുത്ത ആധുനിക റാട്ടകൾ ഇതിന് വേണ്ടി ഉപയോഗിക്കാം. സ്വന്തമായി സ്ഥലവും മറ്റു സൗകര്യങ്ങളുമുള്ള പുറത്തൂർ കയർ സംഘത്തിൽ 100 റാട്ടയും, മുട്ടന്നൂർ, ചേന്നര എന്നീ സംഘങ്ങളിൽ 25 റാട്ടകളുമുള്ള യൂണിറ്റുകൾ ആരം ഭിക്കാം. സംയോജിത കയർ വികസന പദ്ധതിയിൽ ഇതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാം.

3 കയറുൽപ്പന്നനിർമാണം

ഉൽപാദിപ്പിക്കുന്ന കയർ ഒരുഭാഗം പ്രാദേ ശിക ആവശ്യങ്ങൾക്ക് വിൽപ്പന നടത്തണം. ബാക്കി കയറുൽപ്പന്ന നിർമാണത്തിന് ഉപയോഗിക്കാവുന്ന താണ്. കയറ്റുപായ, തടുക്ക്, ചവിട്ടി എന്നിവയുണ്ടാ ക്കുന്ന ഒരു മാറ്റ് & മാറ്റിംഗ് സംഘം രൂപീകരിക്കുക യോ അല്ലെങ്കിൽ നിലവിലുള്ള സംഘത്തിനോടനു ബന്ധിച്ച് ആരംഭിക്കുകയോ ചെയ്യാം.

4 കരകൗശലവസ്തു നിർമാണം.

ചിരട്ട, തുമ്പ്, ഈർക്കിൾ എന്നിവ ഉപയോഗി ച്ച് കരകൗശല' വസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്തുന്ന ഒരു യൂണിറ്റ് വനിതകൾക്കായി ആരംഭിക്കാം.

5 പിത്ത് പ്ലസ്സ് ജൈവവളം

സ്ഥലം മുടക്കുന്ന വിധത്തിൽ കുന്നുകൂടി കിടക്കുന്ന ചകിരിച്ചോർ പിത്ത് പ്ലസ്സ് ചേർത്ത് ജൈവ വളമാക്കുന്ന ഗവേഷണം വിജയിച്ചിട്ടുണ്ട്. ഈ സാധ്യത പ്രയോജനപ്പെടുത്തി പുഴയോര മേഖല യിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കാം.

6 ഹാർഡ് ബോർഡ്.

ചകിരിച്ചോറും മറ്റു ഘടകങ്ങളും ചേർത്ത് ഹാർഡ്ബോർഡ് നിർമിക്കുന്ന യൂണിറ്റും ആരംഭിക്കാം.

7 കുഷ്യൻ നിർമാണം.

ചകിരിച്ചോറ് കുഷ്യൻ നിർമ്മാണത്തിന് പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിൽ ഗവേ ഷണങ്ങൾ നടക്കുന്നതായി അറിയുന്നു. ഇതിന്റെ ഗുണഫലങ്ങളും പരീക്ഷിക്കാവുന്നതാണ്

8 ഈറ്റ വ്യവസായം.

കുട്ട, മുറം, തഴപ്പായ് എന്നിവ നിർമ്മിക്കുന്ന ഒരു ചെറുകിട യൂണിറ്റ് സ്ത്രീകൾക്കായി ആരംഭിക്ക ണം. ഭാരതപ്പുഴത്തീരത്തെ കൈതോലയും നാട്ടിൽ ലഭ്യമാകുന്ന മുളയും ആവശ്യമെങ്കിൽ പാറശ്ശേരി ബാംബു കോർപ്പറേഷൻ ഡിപ്പോയിൽനിന്ന് ഈറയും ഉപയോഗപ്പെടുത്താം .

9 നാടൻ നെല്ലുപയോഗിച്ച് രുചികരമായ അരി, പൊടിയരി (നുറുക്ക്) അവില്, മലർ, പൊരി, ചെറു പലഹാരങ്ങൾ, അട എന്നിവ ഗുണമേന്മയു ള്ളതും ആകർഷകമായ വിധത്തിലും തയ്യാറാക്കി വിപണനം നടത്തുന്ന ഒരു യൂണിറ്റ് വനിതകൾ ക്കായി ആരംഭിക്കണം.

10 നഷ്ടപ്പെട്ട് പോകുന്ന നാളീകേര വെള്ളം ഉപയോഗപ്പെടുത്തി ശീതള പാനിയവും സുർക്കയും ഉണ്ടാക്കാനുള്ള ഒരു യൂണിറ്റ് കൊപ്ര യൂണിറ്റിന്റെ അനുബന്ധ ഘടകമായി ആരംഭിക്കാവുന്നതാണ്

11 മത്സ്യവളം

സീസണിൽ കിട്ടുന്ന അധിക മത്സ്യവും എക്കാലത്തും ലഭിക്കുന്ന മത്സ്യവെയ്സ്റ്റും ഉപയോ ഗിച്ച് മത്സ്യവളം ഉണ്ടാക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കണം.

12 അച്ചാർ പൊടി.

ഉണക്ക ചെള്ളി, കുരുമുളക്, കൊടംപുളി എന്നിവ ചേർത്ത് ഒരു പൗഡർ അച്ചർ യൂണിറ്റ് ആരംഭിക്കണം. യഥേഷ്ടം ലഭ്യമാകുന്നതും പുറം നാടുകളിലേക്ക് കയറ്റിപ്പോകുന്നതുമായ അരിപ്പ് ചെള്ളി ഇതിന് പ്രയോജനപ്പെടുത്താം. മത്സ്യത്തൊ ഴിലാളി സഹകരണ സംഘത്തിന് ഈ ചുമതല നിർവ്വഹിക്കാനാകും.

13 മാമ്പഴം, പറങ്കി മാങ്ങ, ഇളനീർ എന്നിവ ഉപയോഗിച്ച് സ്കാഷ്, ജാം, ക്രീം എന്നിവ ഉണ്ടാക്കു ന്ന ഒരു യൂണിറ്റ് ആരംഭിക്കണം. സീസണിൽ മാത്രം ലഭിക്കുന്നതാകയാൽ സുർക്ക ശീതളപാനീയ യൂണി

റ്റിനോട് ബന്ധപ്പെടുത്തി ആരംഭിക്കുന്നതാകും നല്ലത്.

14 കോഴിഫാം

ദിവസവും മുട്ടയിടുന്ന മേൽതരം കോഴികളെ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്തുന്ന ഒരു ഫാം ആരംഭിക്കണം. വനിതാ വ്യവസായ യൂണിറ്റാ യിരിക്കും നല്ലത്.

15 പിഗ്ഗ്ഫാം

ഹോട്ടലുകളിലും മറ്റും വെയ്സ്റ്റായി തള്ളുന്ന ആഹാരാവശിഷ്ടങ്ങൾ മാർക്കറ്റിലെ കേടുവന്ന പച്ച ക്കറികൾ - പഴവർഗ്ഗങ്ങൾ എന്നിവ ശേഖരിച്ച് ഉപ യോഗപ്പെടുത്താൻ പറ്റിയ ഒരു യൂണിറ്റാണ് പിഗ്ഗ് ഫാം. മലപ്പുറം ജില്ലയിൽ ഈ തരത്തിലുള്ള ഫാം ആദ്യമായിരിക്കും. നല്ല ലാഭം പ്രതീക്ഷിക്കുന്ന യൂണിറ്റായി ഇതിന് മുന്നേറാൻ സാധിക്കും. വിപണ നസാധ്യത ധാരാളമുള്ള ഒന്നാണ് വളർത്തു പന്നി.

16 കക്ക വ്യവസായം.

ഭാരതപ്പുഴ തീരത്തെ കക്ക, തിരൂർ - പൊന്നാ നി പുഴയിലെ എരുന്ത്, അറബിക്കടൽ തീരത്തെ ഇ ത്തിൾ എന്നിവ ഇവിടെ സംസ്കരിച്ച് കുമ്മായ വളം, ചോക്ക്, കളർ, പെൻസിൽ, സുഗന്ധ ചുണ്ണാമ്പ് എന്നിവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കണം. ഉല്പ്പന്നങ്ങൾക്ക് പ്രാദേശിക വിപണി തന്നെ ധാരാള മായുണ്ട്.

17 ഡയറിഫാം

ഇവിടുത്തെ കാലികളെയും മറ്റു ഭാഗത്തു നിന്ന് കൊണ്ടു വരുന്ന മേൽത്തരം കാലികളേയും കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന വിധത്തിൽ ഒരു ഡയറി ഫാം ആരംഭിക്കണം. കൊപ്രാ സംഭരണ യൂണിറ്റിലെ പിണ്ണാക്കും ഭാപതപ്പുഴയിലെ പോഷക ഗുണമുള്ള പുല്ലും ഈ യൂണുറ്റിലേക്ക് പ്രയോജന പ്പെടുത്താം

18 കളിമൺ വ്യവസായം

പഞ്ചായത്തിലെ കളൂർ, പുതുപ്പള്ളി, വാളമരു തൂർ, കാവഞ്ചേരി, മരവന്ത എന്നീ മേഖലകലിൽ ലഭ്യമാകുന്ന കളിമണ്ണ് ഉപയോഗിച്ച് ഓട്, ഇഷ്ടിക, ഹുരുഡീസ്, സീലിംഗ് ടൈൽസ്, തറയോട് എന്നിവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കാം. നല്ല മുതൽ മുടക്ക് വേണ്ടുന്ന ഈ പദ്ധതിക്ക് ഖാദിബോ ർഡ് സഹായം ഉപയോഗപ്പെടുത്താം. ഖാദി ഗ്രാമ വ്യവസായത്തിന് സർക്കാർ നൽകുന്ന വൻ പ്രോത്സാഹനം ഈ രംഗത്ത് തൊഴിൽ സുരക്ഷിത ത്വം ഉറപ്പാക്കാം.

19 ഹോളോബ്ലോക്ക്സ്

ഭാരതപ്പുഴ തീരത്തെ ശുദ്ധജലവും മണലും ഉപയോഗപ്പെടുത്തിയും സിമന്റും കരിങ്കൽ ജെല്ലിയും മറ്റു ഭാഗത്തുനിന്ന് കൊണ്ടുവന്നും മെഷി നറി ഉപയോഗിച്ച് ഹോളോബ്രികസ് നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആ മേഖലയിൽ ആരംഭിക്കണം

20. നാട്ടിൽ ലഭ്യമാകുന്ന മരങ്ങളും പുറമെ നിന്ന് കൊണ്ടു വരുന്ന മരവും ഉരുപ്പടികളും വില്ക്കുന്നതിൽ ജനങ്ങളുടെ അജ്ഞത ചൂഷണം ചെയ്ത് വ്യാപകമായ തോതിൽ കബളിപ്പിക്ക പ്പെടുന്നു. ഈ നഷ്ടം ഒഴിവാക്കുന്നതിനായി പഞ്ചായ ത്തിൽ ഒരു തടി വ്യവസായ യൂണിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കണം. സ്വകാര്യമേഖലയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന വുഡ് ഇന്റസ്ട്രി ഇതു മായി ബന്ധിപ്പിച്ച് നല്ല നിലയിൽ ഉല്പാദനം നടത്താനാകും.

21 അലക്കുകട്ട

അസംസ്കൃത പദാർത്ഥം ഇവിടെ ലഭ്യമല്ലെ ങ്കിലും ധാരാളം ഡിമാന്റുള്ള ഒന്നാണ് അലക്കുകട്ട. നാട്ടിൽ ലഭ്യമാകുന്ന അറവ് നെയ്യും മറ്റു ഘടകങ്ങ ളും ചേർത്ത് അലക്കുകട്ട നിർമ്മിച്ച് വീടുകളിൽ സ പ്ലൈ ചെയ്യുന്ന ഒരു യൂണിറ്റ് ആരംഭിക്കണം. വനിതകൾക്ക് തൊഴിലവസരമുണ്ടാക്കും.

22 പേപ്പർ പ്ലെയ്റ്റ്.

നാട്ടിലെ കല്ല്യാണങ്ങൾക്കും മറ്റ് പൊതു പരിപാടികൾക്കും ധാരാളം ആവശ്യമുള്ള പേപ്പർ പ്ലെയ്റ്റ് നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കണം. എടശ്ശേരി പേപ്പർ പ്രൊഡക്ട്സ് എന്ന സ്ഥാപനത്തോ ടനുബന്ധിച്ച് ഒരു വനിതാ യൂണിറ്റായി ഇത് പ്രാവർത്തികമാക്കാം.

23 ഐസ്സ് പ്ലാന്റ്.

പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെ യും ആവശ്യം കണക്കിലെടുത്ത് ഒരു ചെറിയ ഐസ്സ് ഫാക്ടറി ആരംഭിക്കണം. മത്സ്യ ഫെഡിന്റെ

സഹായം ഈ രംഗത്ത് പ്രയോജനപ്പെടുത്തി (മത്സ്യഗ്രാമ പദ്ധതി)യാൽ മതി.

24 നോട്ട് ബുക്ക് & ബൈന്റിംഗ്.

വിദ്യാഭ്യാസ മേഖലയിലെയും ഇതരാവശ്യങ്ങൾക്കും വേണ്ട നോട്ടു പുസ്തകങ്ങൾ ഒരു കേന്ദ്രത്തിൽ നിർമ്മിച്ച് വിവിധ സ്ഥാപനങ്ങളിലേക്ക് സപ്ലൈ ചെയ്യുന്ന ഒരു നോട്ടു പുസ്തക നിർമ്മാണ യൂണിറ്റും അതിനോടനുബന്ധിച്ച് ഒരു ബുക്ക് ബൈന്റിംഗ് വിഭാഗവും ആരംഭിക്കണം. വനിതകൾക്കായി സഹകരണ മേഖലയിൽ ആരംഭിക്കുന്ന പദ്ധതിയാകണം ഈ യൂണിറ്റ്.

25 റെഡിമെയ്ഡ്സ് & എംബ്രോയ്ഡറി

ഫാഷൻ അനുദിനം മാറിവരുന്ന ഇക്കാലത്ത് ഏറ്റവും സാധ്യതയുള്ളതാണ് റെഡിമെയ്ഡ് വസ്ത്രങ്ങളും എംബ്രോയ്ഡറിയും. വിദഗ്ദ്ധന്മാരുടെ സഹായത്തോടെ തയ്യൽ പരിശീലനം നേടിയ വനിതകൾക്കു നല്ല വരുമാനമുള്ള തൊഴിലുണ്ടാക്കിക്കൊടുക്കുന്ന ഒന്നായി യൂണിറ്റിന് പ്രവർത്തിക്കാം. ഇങ്ങിനെയുള്ള ഒരു യൂണിറ്റ് ആരംഭിക്കണം.

26 സാങ്കേതിക പരിശീലനം

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നതും പുതുതായി നിർദ്ദേശിക്കപ്പെട്ടതുമായ വിവിധ വ്യവസായ തുറകളെ ആസ്പദമാക്കിയുള്ള തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനും സംരഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. അതിനായി ഒരു വ്യവസായ സമിതി പഞ്ചായത്തിൽ രൂപീകരിക്കണം. പരിശീലനം ലഭ്യമാകുന്നിടത്തേക്ക് അപേക്ഷകരെ അയക്കാനും മറ്റു ചെലവുകൾ നേരിടാനും ഒരു നിധി സ്ഥിരമായുണ്ടാകണം.

27 ഇന്റസ്ട്രിയൽ എസ്റ്റേറ്റ്.

വ്യവസായം തുടങ്ങാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുവാൻ പഞ്ചായത്ത് മുൻകയ്യെടുക്കണം. ഇതിന് അനുയോജ്യമായ സ്ഥലം 2-ാം വാർഡിലെ പാഞ്ചേരി തോട് ചീർപ്പിന് സമീപം ലഭ്യമാണ്. ഇവിടെ ഒരു മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം. സ്ഥലം ഏറ്റെടുക്കാനുള്ള പണവും മറ്റു വിവിധ സാമ്പത്തിക ഏജൻസിയുടെ സഹായത്തോടെ പഞ്ചായത്തിന് ലഭ്യമാക്കാം. വ്യവസായ സംരഭകരെ മുൻ കൂട്ടി റജിസ്റ്റർ ചെയ്ത് അവരവരുടെ കോൺട്രി ബ്യൂഷനും ഉപയോഗപ്പെടുത്താം.

28 ടൂറിസ്റ്റ് കേന്ദ്രം.

പഞ്ചായത്തിൽ ഏറെ സാധ്യതയുള്ള ഒന്നാണ് ടൂറിസ വ്യവസായം. മുരിക്കിൻമാട് ദ്വീപ്, ചുള്ളിമാട്, അഴിമുഖം, പള്ളിക്കടവിന് സമീപമുള്ള പക്ഷി സങ്കേതം എന്നിവ ബന്ധിപ്പിച്ചുള്ള ഉല്ലാസ യാത്രാ ബോട്ട് സർവ്വീസ് ആരംഭിക്കുക, വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്കവിധത്തിൽ ഉദ്യാനം ഒരുക്കുക, ടൂറിസ്റ്റ് റിസോർട്ടുകൾ സ്ഥാപിക്കുക പടിഞ്ഞാറക്കര അഴിമുഖത്തുനിന്ന് ബോട്ടുപയോഗിച്ച് കടൽ യാത്ര സംഘടിപ്പിക്കുക, മുരിക്കിൻമാട് ദ്വീപിൽ നിന്ന് ചുള്ളിമാടിലേക്കും അഴിമുഖത്തുനിന്ന് കിഴക്കെ കരയിലെ മുസ്ല്യാർ നമ്പ്രം ഭാഗത്തേക്കും റോപ് വെ ആരംഭിക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്താം. മുരിക്കിൻമാട് ദ്വീപിന് ചുറ്റും റിംഗ് റോഡ് ഉണ്ടാക്കുന്നത് നന്നായിരിക്കും. ഇതിന്റെ ചെലവ് ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ, ടൂറിസം പ്രമോഷൻ കൗൺസിൽ എന്നിവയും സർക്കാരും വഹിക്കണം. സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ ആഘോഷനാളുകളിൽ വള്ളംകളിയും മറ്റും സംഘടിപ്പിച്ച് ഈ കേന്ദ്രത്തിലേക്ക് വിദേശികളുൾപ്പെടെയുള്ള ടൂറിസ്റ്റുകളെ ആകർഷിപ്പിക്കാം.

Revival of Existing Units ( Private)

1. ആധുനിക വ്യവസായരംഗത്തെ ചെറുകിട യൂണിറ്റുകളായ ആണി കമ്പനിയിൽ വയർഡ്രായിംഗ് യൂണിറ്റ് സ്ഥാപിച്ച് മുള്ള് കമ്പി, വെൽഡിംഗ് റാഡ്, കെട്ട് കമ്പി, മൊട്ടുസൂചി എന്നിവ പുതുതായി ഉല്പാദനം ആരംഭിക്കാവുന്നതാണ്. കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനും കമ്പനി ലാഭകരമായി നടത്താനും ഇതുവഴി സാധിക്കും.

2. മരവന്തയിലെ പേപ്പർ പ്രൊഡക്ട്സിനോട് ചേർത്ത് പേപ്പർ പ്ലെയിറ്റ്, പാർസൽ ബോക്സ് (കാർട്ടൺ) എന്നിവ നിർമ്മിക്കുന്ന വിഭാഗം കൂടി ഉൾപ്പെടുത്താവുന്നതും വിപുലീകരിക്കേണ്ടതുമാണ്. ഇതിലെ പ്രിന്റിംഗ് വിഭാഗം പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തണം.

5.4

# വിദ്യാഭ്യാസം

മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് ആചാര്യന്റെ ജന്മം കൊണ്ട് അനുഗ്രഹീതമായ തിരൂരിൽ നിന്നും ഏതാണ്ട് 12 കി.മീ. തെക്കുപടിഞ്ഞാറു ഭാഗത്ത്, കേരളത്തിലെ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾക്ക് ഒരു ഊർജ്ജസ്രോതസ്സും മലയാളസാഹിത്യ രംഗത്ത് ഒരു കീർത്തി സ്തംഭവും ആയിരുന്ന മഹാകവി വള്ളത്തോളിന്റെയും, കുറ്റിപ്പുറത്ത് കേശവൻ നായരുടെയും ജന്മം കൊണ്ട് പവിത്രമായ ചേന്നരയും, ഉത്തര കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന് ഉണർവ്വേകിയ നിളയും,നിരവധി ചരിത്രസംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച അറബിക്കടലും പുറത്തൂർ പഞ്ചായത്തിന്റെ അതിരുകളായി നിലകൊള്ളുന്നു.

പഞ്ചായത്തിലെ മൺമറഞ്ഞുപോയ നിരവധി മഹൽവ്യക്തികളുടെ ചിന്തയുടെയും ശ്രമങ്ങളുടെയും ഫലമായി. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജില്ലാ ബോർഡിന്റെ ആഭിമുഖ്യത്തിൽ 1930 കളിൽ ചുരുക്കം ചില പ്രൈമറി വിദ്യാലയങ്ങൾ നിലവിൽ വന്നതാണ് പഞ്ചായത്തിന്റെ ആധുനിക വിദ്യാഭ്യാസ ചരിത്രത്തിന്റെ ആരംഭം. പുറത്തൂർ ദേവി വിലാസം എൽ.പി സ്കൂൾ, എടക്കനാട് ജി. എം.യു.പി.സ്കൂൾ, പടിഞ്ഞാറെക്കര ജി.യു.പി.സ്കൂൾ, മുട്ടനൂർ ജി. എൽ.പി.സ്കൂൾ, പുതുപ്പള്ളി ശാസ്ത്ര എൽ.പി.സ്കൂൾ തുടങ്ങിയ വിദ്യാലയങ്ങൾ മേൽപറഞ്ഞ കാലഘട്ടത്തിൽ രൂപംകൊണ്ട് ഇന്നും പ്രവർത്തിക്കുന്നവയാണ്. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നൂൽനൂൽപ് മുതലായ കൈവേലകൾ ചില വിദ്യാലയങ്ങളിൽ അക്കാലത്ത് അഭ്യസിപ്പിച്ചിരുന്നു. വയോജന വിദ്യാഭ്യാസത്തിനുള്ള ശ്രമങ്ങളും അക്കാലത്ത് സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി ചുരുക്കം ചില വായനശാലകളും പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. ഉന്നത വിദ്യാഭ്യാസത്തിനുതകുന്ന ഹൈസ്കൂൾ പോലുള്ളവ അക്കാലത്ത് നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നില്ല.

വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ പഞ്ചായത്തിന്റെ വർത്തമാന ചരിത്രത്തിലൂടെ കണ്ണോടിച്ചാൽ ഇന്ന് പുറത്തൂർ പഞ്ചായത്തിൽ 5 Aided Lower Primary School, 2 Govt. Lower Primary

School, ഒരു, Aided Upper Primary School, 3 Govt Upper Primary School, 1 Govt High School എന്നിവ ഉണ്ട്. മൊത്തം 7 Lower Primary School, 4 Upper Primary School, 1 High School

ഇവക്ക് പുറമെ 2 Unrecognised School കളും മുസ്ലിം വിദ്യാർത്ഥികളുടെ മതപഠനത്തിനായി 15 മദ്രസകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പ്രീപ്രൈമറി വിഭാഗത്തിൽ ഗവ.മേഖലയിൽ ഒരു സ്കൂൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

സ്കൂളുകളുടെ എണ്ണം പട്ടിക 9(1). A

| ഇനം | മേഖല | | | |
|---|---|---|---|---|
| | Aided | Govt | Total | Unrecognised |
| Pre-Primary | | 1 | 1 | 2 |
| Lower Primary | 5 | 2 | 7 | |
| Upper Primary | 1 | 3 | 4 | |
| High School | | 1 | 1 | |

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ എയ്ഡഡ്- ഗവ. മേഖല കളിലായി 12 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. അവയുടെ പേർ വിവരം താഴെ കൊടുക്കുന്നു.

## വിദ്യാർത്ഥികളുടെ എണ്ണം

നമ്മുടെ പഞ്ചായത്തിൽ 12 വിദ്യാലയങ്ങളിലായി ആകെ 8546 കുട്ടികളാണ് ഇപ്പോൾ പഠിക്കുന്നത്. ഇതിൽ 4265 ആൺകുട്ടികളും 4281 പെൺകുട്ടികളും ആണ് ഉള്ളത്.

ഇതിൽ L.P. വിഭാഗത്തിൽ 1850 ആൺകുട്ടികളും 1838 പെൺകുട്ടികളും കൂടി ആകെ വിദ്യാർത്ഥികൾ 3688 ആണ്. U.P. വിഭാഗത്തിൽ 1527 ആൺകുട്ടികളും 1436 പെൺകുട്ടികളും കൂടി ആകെ U.P.വിഭാഗം കുട്ടികളുടെ എണ്ണം 2963. ഹൈസ്കൂളിൽ ആകെ 1895 കുട്ടികൾ പഠിക്കുന്നു.

പട്ടിക.9-(1)

| സ്ക്കൂളിന്റെ പേര്. | മാനേജ്മെന്റ് | മൊത്തം വിദ്യാർത്ഥികൾ | | | S.C. വിദ്യാർത്ഥികൾ | | | അധ്യാപകർ |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1. പുറത്തൂർ G.H.S | ഗവ. | 888 | 1007 | 1985 | 124 | 104 | 228 | 44 |
| 2. പുറത്തൂർ G.U.P.S പടിഞ്ഞാറക്കര | ഗവ. | 330 | 345 | 675 | 49 | 48 | 97 | 14 |
| 3. പുറത്തൂർ ഗവ. U.P | ഗവ. | 670 | 645 | 1315 | 105 | 96 | 201 | 23 |
| 4. എടക്കനാട് G.M.U.P | ഗവ. | 489 | 502 | 991 | 43 | 37 | 80 | 18 |
| 5. പുറത്തൂർ G.W.L.P.S | ഗവ. | 54 | 37 | 91 | 15 | 10 | 25 | 4 |
| 6. മുട്ടന്നൂർ G.M.L.P.S | ഗവ. | 166 | 142 | 308 | 15 | 10 | 25 | 6 |
| 7. ചേന്നര V.V.U.P.S | എയിഡഡ് | 873 | 814 | 1687 | 85 | 73 | 158 | 51 |
| 8. ചേന്നര A.M.L.P.S. | " | 146 | 144 | 290 | 6 | 8 | 14 | 9 |
| 9. A.M.L.P.S.വാളമരുതൂർ | " | 186 | 187 | 373 | 12 | 11 | 23 | 12 |
| 10.D.V.A.L.P.S.പുറത്തൂർ | " | 115 | 121 | 236 | 10 | 8 | 18 | 9 |
| 11. ശാസ്ത A.L.P.Sപുതുപ്പള്ളി | " | 188 | 176 | 364 | 15 | 15 | 30 | 11 |
| 12. കളൂർ A.L.P.S | " | 160 | 161 | 321 | 14 | 16 | 30 | 10 |
| ആകെ | | 4265 | 4281 | 8546 | 493 | 436 | 929 | 211 |

ഇതിൽ 888 ആൺകുട്ടികളും 1007 പെൺകുട്ടികളുമാണ് ഉള്ളത്. ഇതിന് പുറമെ U.P., H.S. വിഭാഗങ്ങളിലായി കുറെകുട്ടികൾ നമ്മുടെ സമീപ പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളിലും പഠിക്കുന്നു. Unrecognised വിഭാഗത്തിൽ എതാണ്ട് 100 ഓളം വിദ്യാർത്ഥികൾ പ്രൈമറി വിഭാഗത്തിൽ പഠിക്കുന്നുണ്ട്.

പട്ടിക ജാതി വിഭാഗത്തിൽ L.P. വിഭാഗത്തിൽ

**കുട്ടികളുടെ എണ്ണം പട്ടിക 9(1).B**

| | വിഭാഗം | | | ആകെ |
|---|---|---|---|---|
| | L.P | U.P | H.S | |
| ആൺ കുട്ടികൾ | 1850 | 1527 | 888 | 4265 |
| പെൺ കുട്ടികൾ | 1838 | 1436 | 1007 | 4281 |
| ആകെ | 3688 | 2963 | 1895 | 8546 |

**പട്ടികജാതി വിഭാഗം പട്ടിക 9(1).C**

| | വിഭാഗം | | | ആകെ |
|---|---|---|---|---|
| | L.P | U.P | H.S | |
| ആൺ കുട്ടികൾ | 208 | 173 | 124 | 505 |
| പെൺ കുട്ടികൾ | 190 | 149 | 104 | 443 |
| ആകെ | 398 | 322 | 228 | 948 |
| ശതമാനം | 11 | 11 | 12 | |

**പഠനം നിർത്തിയവർ പട്ടിക 9(1).D**

| | SC | മറ്റുള്ളവർ | ആകെ |
|---|---|---|---|
| ആൺ കുട്ടികൾ | 42 | 139 | 181 |
| പെൺ കുട്ടികൾ | 38 | 120 | 158 |
| ആകെ | 80 | 259 | 339 |

208 ആൺകുട്ടികളും 190 പെൺകുട്ടികളും U.P. വിഭാഗത്തിൽ 173 ആൺകുട്ടികളും 149 പെൺകുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 124 ആൺകുട്ടികളും 104 പെൺകുട്ടികളും ആണ് ഉള്ളത്.

കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 181 ആൺകുട്ടികളും 158 പെൺകുട്ടികളും വിവിധ കാരണങ്ങളാൽ പഠനം നിർത്തിയിട്ടുണ്ട്. അതിൽ 42 ആൺകുട്ടികളും 38 പെൺകുട്ടികളും പട്ടികജാതിയിൽ പെട്ടവരാണ്.

## അധ്യാപകർ

നമ്മുടെ പഞ്ചായത്തിൽ 12 വിദ്യാലയങ്ങളിലായി 211 അധ്യാപകർ ഉണ്ട്. ഇതിൽ 109 പേർ ഗവ: സ്കൂളുകളിലും 102 പേർ എയ്ഡഡ് സ്കൂളുകളിലും ജോലി ചെയ്യുന്നു. വിവിധ വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം പട്ടിക 9(1)ൽ കൊടുത്തിരിക്കുന്നു. H.S. വിഭാഗത്തിൽ 9 ഉം പ്രൈമറി വിഭാഗത്തിൽ 15 ഉം അധ്യാപക തസ്തികകൾ ഇവിടെ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം ഉണ്ട്.

## ഭൗതിക സാഹചര്യങ്ങൾ

നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ പലതിൻെറയും അവസ്ഥ വളരെ ശോചനീയമാണെന്നുകാണാം. മൂത്രപ്പുര ഇല്ലാത്ത 2 വിദ്യാലയങ്ങൾ, കക്കൂസ് ഇല്ലാത്തവ 3 എണ്ണം, കുടിവെള്ളസൗകര്യം ഇല്ലാത്തവ 2 എണ്ണം എന്നീ കണക്കുകൾ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത വിളിച്ചോതുന്നു.

ഗവ: സ്കൂളുകളിൽ എടക്കനാട്, പുറത്തൂർ, മുട്ടനൂർ എന്നീ വിദ്യാലയങ്ങൾക്ക് സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവയാണ്. ഈവിദ്യാലയങ്ങൾ അനേക കാലങ്ങളായി സ്വകാര്യ ബിൽഡിംഗുകളിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ അറ്റകുറ്റ പണികൾ പോലും ഇവിടെ വേണ്ടത്ര രീതിയിൽ നടക്കാറില്ല. പുറത്തൂർ G.U.P.S, പുറത്തൂർ H.S., പടിഞ്ഞാറെക്കര G.U.P.S. എന്നീ വിദ്യാലയങ്ങൾക്ക് സ്വന്തമായ സ്ഥലം ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് വേണ്ട സ്ഥിരം കെട്ടിടങ്ങൾ

ഇല്ല. സ്വകാര്യ വിദ്യാലയങ്ങളിലെ കെട്ടിടങ്ങളുടെ സ്ഥിതി സാമാന്യം തൃപ്തികരമാണെങ്കിലും വേണ്ടത്ര ഫർണീച്ചർ ഇല്ലാത്ത അവസ്ഥയിലാണ് ഇവ എല്ലാം. ഗവ: സ്കൂളുകളിലും ഫർണീച്ചർ ക്ഷാമം രൂക്ഷമായി നിലനിൽക്കുന്നു. പഞ്ചായത്തിലെ ഏക ഹൈസ്കൂളിൽ ലാബോറട്ടറി, ലൈബ്രറി എന്നിവ ഇല്ല എന്നു തന്നെ പറയാം.

## അക്കാഡമിക്ക് നിലവാരം

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പുറത്തൂർ G.H.S. ലെ S.S.L.C. വിജയശതമാനം കഴിഞ്ഞ കുറെ വർഷങ്ങളായി 10 നും 20 നും ഇടയിലാണ്. കഴിഞ്ഞ വർഷത്തെ വിജയശതമാനം 12% ആണ്. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലെ പാദവാർഷിക പരീക്ഷയെ അടിസ്ഥാനമാക്കി ലഭിച്ച പഠനനിലവാര പട്ടിക പരിശോധിച്ചാൽ ശരാശരി നിലവാരം പുലർത്താത്തവർ ധാരാളം ഉണ്ടെന്ന് കാണാം.

### സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നവർ.

പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലായി വിവിധ സ്കോളർഷിപ്പുകൾക്ക് അർഹരായവരുടെ എണ്ണം താഴെ ചേർക്കുന്നു.

| | |
|---|---|
| മെറിറ്റ് സ്കോളർഷിപ്പ് | - 64 എണ്ണം |
| മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് | - 507 എണ്ണം |
| ലംപ്സം ഗ്രാൻറ് സ്കോളർഷിപ്പ് | - 729 എണ്ണം |
| വികലാംഗ സ്കോളർഷിപ്പ് | - 33 എണ്ണം |
| ജവാൻ മാരുടെ സ്കോളർഷിപ്പ് | - 1 എണ്ണം |
| മത്സ്യതൊഴിലാളി സ്കോളർഷിപ്പ് | - 251 എണ്ണം |
| ഇതര സ്കോളർഷിപ്പ് | - 8 എണ്ണം |

### ഉന്നത വിദ്യാഭ്യാസ രംഗം

ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിൽ ധാരാളം ബിരുദ ധാരികളെ കണ്ടെത്താൻ കഴിയും. കൂടാതെ +2, VHSC, Polytechnic, Pre-Degree എന്നിവ പൂർത്തിയാക്കിയ അനേകം പേരും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

എന്നാൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം പരിശോധിച്ചാൽ നമ്മുടെ ദുരവസ്ഥ ശരിക്കും മനസ്സിലാകും. പത്താം ക്ലാസ് പഠനത്തിന് ശേഷം ഉള്ള ഉപരിപഠനത്തിന് ഉതകുന്ന തരത്തിലുള്ള Junior college കളോ, High Secondary School കളോ, Technical School കളോ, Technical Institute കളോ ഈ പഞ്ചായത്തിൽ ഇല്ല. വളരെയേറെ വിദ്യാർത്ഥികൾക്ക് ഉപരിപഠനാവസരം ഇതു മൂലം നിഷേധിക്കപ്പെടുന്നു എന്നത് യാഥാർത്ഥ്യമാണ്. ഇങ്ങനെ ഇവിടെ യാതൊരു വിധ ഉപരിപഠന സൗകര്യങ്ങളും ഇല്ലാത്തതിനാൽ, ഇവിടെയുള്ള കുട്ടികൾ ഉപരി പഠനത്തിനായി 30 ഉം 40 ഉം km അകലെയുള്ള College കളെയും മറ്റ് പാരലൽ സ്ഥാപനങ്ങളേയും അശ്രയിക്കേണ്ടി വരുന്നു.

## സെക്കണ്ടറി വിദ്യാഭ്യാസരംഗം

പഞ്ചായത്തിലെ നിലവിലുള്ള 4 U.P.S.ൽ നിന്നും 7 ാം ക്ലാസ് ജയിച്ചു വരുന്ന 1000 ൽ പരം വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനത്തിനായി ഇന്ന് ആശ്രയിക്കുന്നത് പുറത്തൂർ മാത്രമാണ്. ഈ വിദ്യാലയങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് പുറമെ സമീപ പ്രദേശത്തുള്ള Sastha AUPS ചമ്രവട്ടം GUPS, എന്നിവിടങ്ങളിൽ നിന്നും കുട്ടികൾ ഇവിടെ പ്രവേശനം തേടുന്നു. വളരേ പരിമിതമായ യാത്രാ സൗകര്യങ്ങൾ മാത്രം ഉള്ളതിനാൽ കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാൻ 4 ഉം 5 ഉം K.M നടക്കേണ്ട സാഹചര്യമാണുള്ളത്. കൂടാതെ ഇത്രയധികം കുട്ടികൾക്ക് പ്രവേശനം നൽകാനുള്ള Building കളോ മറ്റ് ഫർണിച്ചർ സാമഗ്രികളോ ഇവിടെ ഇല്ലാത്തതും ഒരു പ്രധാന പ്രശ്നമാണ്. ഇതിനു പരിഹാരമായി പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള ചേന്നരയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്

## പ്രൈമറി വിദ്യാഭ്യാസ രംഗം

**L.P.** വിഭാഗം

നമ്മുടെ പഞ്ചായത്തിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി വിവിധ വാർഡുകളിലായി 11 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ

പൂർത്തീകരണത്തിന് ഇനിയും ധാരാളം വിദ്യാലയങ്ങൾ ആവശ്യമായി വരുന്നു എന്ന് കാണാം (വിവിധ ഗ്രാമസഭാ റിപ്പോർട്ട് അവലംബം). പഞ്ചായത്തിന്റെ പ്രകൃതിയും, യാത്രാക്ലേശവും, വെള്ളംകെട്ടിനിൽക്കുന്ന പാടശേഖരങ്ങളും, വർദ്ധിച്ച ജനസംഖ്യയും നിലവിലുള്ള വിദ്യാലയങ്ങളിലേക്കുള്ള അകലവും എല്ലാം നിമിത്തം നിരവധി വിദ്യാർത്ഥികൾ യഥാസമയം വിദ്യാലയങ്ങളിൽ ചേർന്ന് പഠിക്കാതിരിക്കുകയോ ചേർന്നിട്ടുള്ളവർ ഇടക്ക് വിട്ട് പോകുകയോ ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുന്നു. കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ പട്ടിക മുകൾഭാഗത്ത് പരാമർശിച്ചത് ഇവിടെ ശ്രദ്ധേയമാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഏറ്റവും ഊന്നൽ നൽകിയിട്ടുള്ളത് താഴെ പറയുന്ന മേഖലകളിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കലാണ് എന്നത് ഈ വിഷയത്തിൽ ഇന്നത്തെ ഗുരുതരാവസ്ഥയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2-ാം വാർഡിലെ ചെറുപുന്ന ഭാഗത്ത് ഇല്ലത്തെപടി റോഡിനു വടക്കു ഭാഗത്തുള്ള നിരവധി കുട്ടികൾ പ്രൈമറി വിദ്യാഭ്യാസത്തിനായി ഇന്ന് ആശ്രയിക്കുന്നത് ചേന്നര V.V.U.P.S വാളമരുതൂർ A.M.L.P.S എന്നീ സ്ഥാപനങ്ങളെയാണ്. വർഷ കാലങ്ങളിൽ ജലാശയങ്ങളായി മാറുന്ന വയലുകളിലൂടെ 1.5 K.M. യാത്ര ചെയ്തു വേണം ഇവിടെ നിന്നും കുട്ടികൾക്ക് വിദ്യാലയത്തിൽ എത്തിച്ചേരാൻ. ഈ വാർഡിൽ യാതൊരു വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്ന് നിലവിലില്ല. ഈ സാഹചര്യത്തിൽ ഈ ഭാഗത്ത് ഒരു L.P. സ്കൂൾ അനുവദിക്കേണ്ടത് അത്യാവശ്യമാണ്

3-ാം വാർഡിൽ കളൂർ കുറ്റിക്കാട് ഭാഗത്ത് ഉള്ള കുട്ടികൾ 2 K.M യാത്ര ചെയ്തിട്ടാണ് ഇന്ന് പ്രാഥമിക വിദ്യാഭ്യാസത്തിനായി Sastha A.L.P.S. ലൊ ,കളൂർ A.ML.P.S. ലൊ എത്തിച്ചേരുന്നത്. വെള്ളം കെട്ടി നിൽക്കുന്ന പാടങ്ങളിലൂടെ അതി ദുഷ്കരമായ യാത്ര വേണ്ടി വരുന്നതിനാൽ ഭൂരിഭാഗം വിദ്യാർത്ഥികളും വിദ്യാലയങ്ങളിൽ യഥാസമയം എത്തിച്ചേരുന്നില്ല. ഇത് പ്രദേശത്തെ വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്നു. അതിനു പരിഹാരമായി ഇവിടെ ഒരു L.P.S. സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

വാർഡ് 4 ൽ പുതുപ്പള്ളി കിഴക്കു ഭാഗത്തു താമസിക്കുന്ന കുടുംബങ്ങളിലെ ചെറിയ കുട്ടികൾ പ്രൈമറി വിദ്യാഭ്യാസത്തിനായി ഏകദേശം 2 ഉം 3 ഉം K.M. അകലെയുള്ള Sastha A.L.P.S. നെ യൊ വെട്ടം പള്ളിപ്രം G.M.L.P.S.നെ യൊ ആണ് ആശ്രയിക്കുന്നത്. യാത്രാ പ്രശ്നം ഇവിടെയും രൂക്ഷമായതിനാൽ ഇവിടെ ഒരു സ്കൂൾ അനുവദിക്കണം.

വാർഡ് 10 ലെ പടിഞ്ഞാറെക്കര ഭൂമിശാസ്ത്രപരമായി പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളുമായി വേറിട്ടു നിൽക്കുന്ന പ്രദേശമാണ്. തിരൂർ - പൊന്നാനി പുഴയ്ക്കും അറബിക്കടലിനും ഇടയിൽ സ്ഥിതി ചെയ്യുന്നതിനാലും ഇതര ഭാഗങ്ങളിലേക്ക് യാത്രാ സൗകര്യം ഇല്ലാത്തതിനാലും പണ്ടായി ഭാഗത്തു താമസിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ഇന്ന് പ്രാഥമിക പഠന നിർവ്വഹണം വളരെ ക്ലേശകരമാണ്. ഏതാണ്ട് 2 K.M. അകലെയാണ് ഈ പ്രദേശത്ത് നിലവിലുള്ള സ്കൂൾ പ്രവർത്തിക്കുന്നത്. ആയതിനാൽ ഈ ഭാഗത്ത് ഒരു L.P. സ്കൂൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

വാർഡ് 11 ൽ മരവന്ത പ്രദേശത്തുള്ള ചെറിയ കുട്ടികൾ ഇന്ന് പ്രാഥമിക സ്കൂൾ പഠനത്തിനായി 1.5 K.M.വീതം അകലെയുള്ള വാളമരുതൂർ A.M.L.P.S നെയൊ Sastha A.L.P.S. നെയൊ ആശ്രയിക്കേണ്ടി വരുന്നു. വർഷകാലങ്ങളിൽ ഈഭാഗത്ത് വയലുകളിൽ വെള്ളം നിറയുന്നതിനാലും, മറ്റ് സഞ്ചാര യോഗ്യമായ പാതകളില്ലാത്തതിനാലും ഇത്രയും ദൂരം വളരെ ക്ലേശിച്ചാണ് വിദ്യാർത്ഥികൾ യാത്ര ചെയ്യുന്നത്. ആയതിനാൽ പലരും ഇടയ്ക്കു വെച്ച് പഠനം നിർത്തുകയാണ് ഇപ്പോൾ. അതിനാൽ ഇവിടെ ഒരു L.P. വിദ്യാലയം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

വാർഡ് 13 ൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു മേഖലയാണ്. ഇവിടെ ഒരു വിദ്യാലയം സ്ഥാപിക്കണം. വാർഡ് 10ൽ പറഞ്ഞകാര്യങ്ങൾ ഈ വാർഡിലും പ്രസക്തമാണ്.

### U. P. വിദ്യാലയങ്ങൾ

പഞ്ചായത്തിൽ വിവിധ ഭാഗങ്ങളായി

ഇപ്പോൾ 4 U.P. വിദ്യാലയങ്ങൾ ആണ് ഉള്ളത്. കെട്ടിടങ്ങളുടെ അപര്യാപ്തതയും, വിദ്യാർത്ഥികളുടെ ബാഹുല്യവും, ഫർണ്ണിച്ചറുകൾ ഇല്ലായ്മയും തുടങ്ങിയ കാരണങ്ങളാൽ പല വിദ്യാലയങ്ങളും ഇന്ന് വീർപ്പുമുട്ടുകയാണ്. പഞ്ചായത്തിലെ വിദൂരഭാഗങ്ങളിൽ നിന്നും ഈ വിദ്യാലയങ്ങളിലേക്ക് എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് വളരെയേറെയാണ്.

വാർഡ് 1,9 കളിൽപെട്ട പെരുന്തിരുത്തി മുട്ടന്നൂർ പ്രദേശത്ത് നിന്നും ധാരാളം കുട്ടികൾ ക്ലാസുകളിൽ പഠിക്കുന്നതിന് 2 K.M. അകലെയുള്ള V.V.U.P.S. നെയാണ് ആശ്രയിക്കുന്നത്. ഈ പ്രദേശത്തുനിന്നും ചേന്നരയിൽ എത്തിചേരാൻ വളരെയേറെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരുന്നതിനാൽ 4-ാം ക്ലാസിനുശേഷം വളരെ കുട്ടികൾ പ്രത്യേകിച്ച് പെൺകുട്ടികൾ പഠനം ഇടക്ക് നിർത്തുന്നു. ഇതിനുപരിഹാരമായി ഈ പ്രദേശങ്ങളിൽ ഓരോ U.P. വിദ്യാലയം അനുവദിക്കണം.

വാർഡ് 3 ലെ (തൃത്തല്ലൂർ) വിദ്യാർത്ഥികൾ 5-ാം ക്ലാസ്സുമുതലുള്ള പഠനത്തിന് ഇന്ന് 3 K.M. അകലെയുള്ള പുറത്തൂർ G.U.P.S ചമ്രവട്ടം G.U.P.S എടക്കനാട് G.M.U.P.S എന്നീ വിദ്യാലയങ്ങളിലേക്ക് പോകേണ്ടിവരുന്നു. ഇത്രയും ദൂരം യാത്ര ചെയ്യാനുള്ളതു കാരണം പല വിദ്യാർത്ഥികളും പഠനം പൂർത്തികരിക്കാതെ ഇടക്കുവെച്ച് നിർത്തുന്നു. ഇതിനാൽ ഈ പ്രദേശത്ത് ഇപ്പോൾ നിലവിലുള്ള പുറത്തൂർ ഹൈസ്കൂളിനോട് ചേർന്ന് ഒരു ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനാവശ്യമായ സ്ഥലവും മറ്റും ഇപ്പോൾതന്നെ ഗവൺമെന്റ് അധീനതയിൽ ഉള്ളതാണ്.

വാർഡ് 5 ലെ കളൂർ പ്രദേശത്തുനിന്നും U.P.പഠന്ത്തിനായി കുട്ടികൾ ഇപ്പോൾ 2 K.M അകലെയുള്ള പുറത്തൂർ G.U.P.S ൽ എത്തേണ്ടി വരുന്നു. പുറത്തൂരിലെ അവികസിതവും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നതുമായ ഈ പ്രദേശത്ത് ഒരു U.P. വിദ്യാലയം അത്യാവശ്യമാണ്. വാർഡ് 7ൽ കാവിലക്കാട് അങ്ങാടിയിൽ ഒരു U.P. വിദ്യാലയം വരുന്നത് പുറത്തൂർ G.U.P.S എടക്കനാട് G.M.U.P.S എന്നിവിടങ്ങളിലെ വിദ്യാർത്ഥി ബാഹുല്യം കുറക്കാൻ സഹായകരമായിരിക്കും. എന്നതിനാൽ ഇവിടെയും ഒരു സ്ക്കൂൾ ആവശ്യമാണ്. വാർഡ് 11 ൽ നിലവിലുള്ള പുതുപ്പള്ളി ശാസ്ത A.L.P.S ൽ നിന്നും 4-ാം ക്ലാസ്സു ജയിച്ചുവരുന്ന വിദ്യാർത്ഥികൾ U.P. ക്ലാസ്സുകളിൽ പഠിക്കുന്നതിന് ചമ്രവട്ടം G.U.P.S പുറത്തൂർ G.U.P.S എന്നീ വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഈ വിദ്യാലയങ്ങൾ 3 K.M. ലേറെ ദൂരെയാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ പുതുപ്പള്ളി ഭാഗത്ത് ഒരു വിദ്യാലയം അനുവദിക്കണം.

വാർഡ് 12 ൽ നിലവിലുള്ള വാളമരുതൂർ A.M.L.P.Sൽ നിന്നും പ്രതിവർഷം 100 ലേറെ വിദ്യാർത്ഥികൾ 4-ാം ക്ലാസ്സുപൂർത്തിയാക്കുന്നു. ഇവർ U.P. പഠനത്തിനായി 3 K.M. അകലെയുള്ള ചേന്നര V.V.U.P.S ചമ്രവട്ടം G.U.PS എടക്കനാട് G.U.P.S. എന്നിവിടങ്ങളിലേക്ക് പോകുകയാണ് ഇപ്പോൾ. വാളമരുതൂരിൽ നിന്നും ഈ സ്കൂളുകളിലേക്ക് എത്തിച്ചേരാൻ യാത്രായോഗ്യമായ പാതകൾ ഒന്നും ഇല്ലാത്തതിനാലും, വർഷകാലങ്ങളിൽ ഇവിടെത്തെ പാടങ്ങൾ ജലാശയങ്ങളായി മാറുന്നതിനാലും ഈ ഭാഗത്തെ കുട്ടികൾക്ക് ഉപരിപഠനത്തിന് വളരെ ക്ലേശിക്കേണ്ടിവരുന്നു. അതിനാൽ ഇവിടെ ഒരു U.P സ്കൂൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമായ വസ്തുതയാണ്. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പുറത്തൂർ G.U.P.S പരിസരത്ത് ഒരു ബ്ലോക്ക് റിസോഴ്സ് സെന്റർ പ്രവർത്തിച്ച് വരുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രൈമറി അധ്യാപകർക്ക് പുനഃപരിശീലനം നൽകുകയാണ് ഇതിന്റെ ലക്ഷ്യം.

പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ - ഒറ്റ നോട്ടത്തിൽ

പുതിയ വിദ്യാലയങ്ങൾ അനുവദിക്കുക

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ വിദ്യാലയങ്ങൾ അനുവദിക്കണം. വിദ്യാലയങ്ങൾ അനുവദിക്കേണ്ട പ്രദേശങ്ങൾ താഴെ ചേർക്കുന്നു.

1. 2-ാം വാർഡ്-ചെറുപുന്ന പ്രദേശം-

ഇല്ലത്തപടി റോഡിനു വടക്കു വശം

2. 3–ാം വാർഡ് – കല്ലൂർ കുറ്റിക്കാട്

3. 4–ാം വാർഡ്– പുതുപ്പള്ളി കിഴക്കു ഭാഗം

4. 10–ാം വാർഡ്– പടിഞ്ഞാറേക്കര പണ്ടായി

5. 11–ാം വാർഡ് – മരവന്തപ്രദേശം

6. 13–ാം വാർഡ് – പടിഞ്ഞാറെക്കര

U. P. വിഭാഗം

| | | |
|---|---|---|
| വാർഡ്–1 | – | പെരുന്തിരുത്തി |
| വാർഡ്–9 | – | മുട്ടനൂർ |
| വാർഡ്–3 | – | തൃത്തല്ലൂർ |
| വാർഡ്–5 | – | കല്ലൂർ |
| വാർഡ്–7 | – | കാളിക്കാട് |
| വാർഡ്–11 | – | പുതുപ്പള്ളി |
| വാർഡ്–12 | – | വാളമരുതൂർ |

H.S. വിഭാഗം

1. ചേന്നര V.V.U.P.S ഹൈസ്കൂളായി ഉയർത്തണം

### നിലവിലുള്ള വിദ്യാലയങ്ങളുടെ അപര്യാപ്തതകൾ

സ്വന്തം സ്ഥലം ഇല്ലാത്തവ

1. എടക്കനാട് G.M.U. P.S.
2. മുട്ടനൂർ G.M.L. P.S.

3. പുറത്തൂർ G.W.L.P.S.എന്നീ വിദ്യാലയങ്ങൾക്ക് സ്വന്തമായ സ്ഥലം ഇല്ല. വാടക കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്

## കെട്ടിട സൗകര്യം

1. G.H.S. പുറത്തൂർ. ഇവിടെ ഇപ്പോൾ 8,9,10 ക്ലാസുകളിലായി 36 ഡിവിഷനുകൾ ഉണ്ട്. എന്നാൽ നിലവിൽ 14 മുറികളുള്ള ഒരു ഇരു നിലകെട്ടിടവും, ആകെ 10 മുറികളുള്ള 3 സെമി പെർമനൻറ് കെട്ടിടങ്ങളും കൂടാതെ 3 താൽക്കാലിക ഷെഡുകളിൽ 10 മുറികളുമാ ണുള്ളത്. അതായത് സ്ഥിരമായി പ്രവർത്തിക്കാൻ പറ്റിയ 24 ക്ലാസ് മുറികളാണ് അവിടെയുള്ളത്. 12 മുറികൾ ഉൾക്കൊള്ളുന്ന കെട്ടിടം ഇനി ഇവിടേയ്ക്ക് ആവശ്യമാണ്. പട്ടിക ജാതിക്കാർക്ക് ഈ സ്കൂളിനോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണം

2. പുറത്തൂർ G.U.P.S

ഒരു സ്ഥിരം കെട്ടിടത്തിന് പുറമെ രണ്ട് ഓല ഷെഡുകൾ ആണ് ഇവിടെ ഇപ്പോൾ ഉള്ളത്. ഈ രണ്ടു ഷെഡുകളും സ്ഥിരം കെട്ടിടങ്ങളാക്കി മാറ്റേണ്ടത് അത്യാവശ്യമാണ്.

3. G.U.P.S. എടക്കനാട്, G.W.L.P.S.പുറത്തൂർ, G.L.P.S മുട്ടനൂർ

ഇവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥലം അക്വയർ ചെയ്ത് സ്വന്തം കെട്ടിടം നിർമ്മിക്കണം.

ഫർണിച്ചർ, ലാബ്, ലൈബ്രറി സൗകര്യങ്ങൾ. നമ്മുടെ പഞ്ചായത്തിലെ ഗവ. ഹൈസ്കൂൾ അടക്കം എല്ലാ വിദ്യാലയങ്ങളിലും ആവശ്യത്തിനു വേണ്ട ഫർണിച്ചർ, ലൈബ്രറി, ലാബോറട്ടറി ഉപകരണങ്ങൾ ഇല്ല. ആയത് എല്ലാ വിദ്യാലയങ്ങൾക്കും ലഭ്യമാക്കണം.

## പ്രാഥമിക സൗകര്യങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പല സ്കൂളുകളിലും മൂത്രപുര,കക്കൂസ് എന്നീ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങൾ ഇല്ല. ആയവ ഉടനടി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ചില വിദ്യാലയത്തിൽ കുടിവെള്ളം ലഭ്യമല്ല. (പട്ടിക 9–3)

## പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിൽ അടിയന്തിരമായി ഉന്നതവിദ്യാഭ്യാസത്തിനുതകുന്ന തരത്തിൽ നിലവിലുള്ള ഗവ.ഹൈസ്കൂൾ ഉയർത്തണം.
2. പുതിയ എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
3. പഞ്ചായത്തിൽ മുമ്പ് നിർദ്ദേശിച്ച സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ ഹൈസ്കൂൾ എന്നിവ അനുവദിക്കണം.
4. സ്വന്തമായി സ്ഥലം ഇല്ലാത്ത 3 വിദ്യാലയങ്ങൾക്ക് സ്ഥലം നിർമ്മിക്കണം.
5. പുറത്തൂർ ഗവ.ഹൈസ്കൂൾ, പുറത്തൂർ എന്നിവക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക.
6. വിദ്യാലയങ്ങൾക്കാവശ്യമായ ഫർണ്ണീച്ചറുകൾ,

76

പട്ടിക 9–3

ഭൗതിക സാഹചര്യങ്ങൾ

| ന. | സ്കൂൾ | ആകെ കുട്ടികൾ | ആകെ അദ്ധ്യാപകർ | മൂത്ര പ്പുര | കക്കൂ സ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | പുറത്തൂർ G.H.S | 1895 | 44 | 1 | 3 | ഉണ്ട് | ഉണ്ട് |
| 2. | പുറത്തൂർ G.U.P.S പടിഞ്ഞാറക്കര | 675 | 14 | 2 | ഇല്ല | ഇല്ല | ഇല്ല |
| 3. | പുറത്തൂർ ഗവ. U.P | 1315 | 23 | 2 | 2 | ഉണ്ട് | ഉണ്ട് |
| 4. | എടക്കനാട് G.M.U.P | 991 | 18 | 2 | 1 | ഉണ്ട് | ഇല്ല |
| 5. | പുറത്തൂർ G.W.L.P.S | 1687 | 51 | 2 | 2 | ഉണ്ട് | ഇല്ല |
| 6. | മുട്ടന്നൂർ G.M.L.P.S | 308 | 6 | 1 | 1 | ഉണ്ട് | ഇല്ല |
| 7. | ചേന്നര V.V.U.P.S | 91 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 8. | ചേന്നര A.M.L.P.S. | 290 | 9 | 2 | 1 | ഉണ്ട് | ഉണ്ട് |
| 9. | A.M.L.P.S.വാളമരുതൂർ | 373 | 9 | 2 | 1 | ഉണ്ട് | ഇല്ല |
| 10. | D.V.A.L.P.S.പുറത്തൂർ | 236 | 9 | 1 | 1 | ഉണ്ട് | ഇല്ല |
| 11. | ശാസ്ത A.L.P.Sപുതുപ്പള്ളി | 364 | 11 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12. | കല്ലൂർ A.L.P.S | 321 | 10 | 2 | 1 | ഉണ്ട് | ഇല്ല |

പഠനോപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുക. സ്വകാര്യ വിദ്യാലയങ്ങൾക്ക് ഇതിനാവശ്യമായ ഗ്രാന്റ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

7. കുടിവെള്ളം എല്ലാം വിദ്യാലയങ്ങളിലും ലഭ്യമാക്കണം. കൂടാതെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം.

8. അക്കാഡമിക് നിലവാരം ഉയർത്താനുള്ള നിർദ്ദേശങ്ങൾ

1. സ്ക്കൂൾ വർഷാരംഭത്തിൽതന്നെ ആവശ്യമായത്ര പാഠപുസ്തകങ്ങൾ ലഭ്യമാക്കണം.
2. സ്ക്കൂൾ തുറക്കുമ്പോൾ തന്നെ സ്ക്കൂളുകളിലെ അധ്യാപകരുടെ ഒഴിവുകൾ നികത്തണം.
3. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്താൻ ഉതകുമാറ് മാതൃസമിതികൾ എന്നിവ ഓരോ വിദ്യാലയവും കേന്ദ്രീകരിച്ച് ശക്തമായി പ്രവർത്തിക്കണം.
4. അധ്യാപകരും രക്ഷിതാക്കളും തമ്മിൽ നിരന്തരവും സൗഹൃദപൂർണ്ണവുമായ സമ്പർക്കം ഉണ്ടാകണം.
5. അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കണം.
6. എല്ലാം വിദ്യാലയങ്ങളോടും അനുബന്ധിച്ച് ശാസ്ത്രീയ രീതിയിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം.
7. പഞ്ചായത്ത് തല കോംപ്ലക്സ്കൾ രൂപീകരിച്ച് അധ്യാപകർക്ക് നിരന്തരപരിശീലനം നൽകണം. ഇത് സ്കൂൾ അധ്യയനത്തെ കൂടുതൽ ബാധിക്കാത്ത തരത്തിൽ ക്രമീകരിക്കണം.
8. പഞ്ചായത്തിലെ വിദ്യാഭ്യാസ വികസനത്തി

നായി ഒരു വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കണം. ഈ സമിതി പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് പഠന നിലവാരം മറ്റു സാഹചര്യ ങ്ങൾ എന്നിവ ഇടയ്ക്കിടെ പരിശോധിക്കണം. സമിതിയിൽ ഭാരവാഹികൾ പഞ്ചായത്ത് ബോർഡ് അംഗങ്ങൾ വിദ്യാഭ്യാസ വിദഗ്ധർ. സാമൂഹ്യ പ്രവർത്തകർ എന്നിവർ ഉൾപ്പെടുത്തണം.

9. അധ്യാപകർ അവരവരിൽ അർപ്പിതമായ കടമകൾ യഥാവിധി നിർവ്വഹിക്കുന്നുണ്ടെന്നും ആത്മപരിശോധന നടത്തുന്നത് ഉചിതമായിരിക്കും.

10. അധ്യാപനത്തെ ബാധിക്കുന്ന തരത്തിൽ അധ്യാപകരെ ഇതര ജോലികൾക്ക് നിയോഗിക്കുന്ന സമ്പ്രദായം കർശനമായും ഉപേക്ഷിക്കണം.

11. വിദ്യഭ്യാസ നിലവാരം ഉയർത്തുന്നതിന് അഭ്യസ്ത വിദ്യരായ മറ്റ് ആളുകളുടെയും സംഘടനകളുടെയും സഹായം ലഭിക്കണം.

12. സാക്ഷരതാ നിലവാരം ഉയർത്തുന്നതിനു വേണ്ടി അനൗപചാരിക വിദ്യാഭ്യാസവും, ഗ്രന്ഥശാലപ്രസ്ഥാനവും ശക്തിപ്പെടുത്തണം.

13. എല്ലാം വിദ്യാലയങ്ങളിലും മാസാന്ത പരീക്ഷകൾ നടത്തി വിവരം രക്ഷിതാക്കളെ അറിയിക്കണം.

14. പഠനം രസകരമാക്കുന്ന പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കണം.

78

5.5

# പൊതുജനാരോഗ്യം കുടിവെള്ളം

## എ.പൊതുജനാരോഗ്യം

### പഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥ

24.8 ച.കി.മീ മൊത്തം വിസ്തീർണ്ണവും 13 വാർഡുകളായി വിഭജിക്കപ്പെട്ടതുമായ പുറത്തൂർ ഗ്രാമപഞ്ചായത്തിൽ 21,110 പുരുഷൻമാരും 21,435 സ്ത്രീകളുമായി ആകെ 42,545 ആളുകൾ ആണുള്ളത്. ഇത്രയും വരുന്ന ജനസമൂഹത്തിന് ഏക ആശ്രയമായ അലോപ്പതി ചികിത്സാ കേന്ദ്രമാണ് പുറത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം. ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ടിന്റെ സ്കീമിൽ ഉൾപ്പെടുത്തി റൂറൽ ഡിസ്പൻസറി ആയിരുന്ന ഈ സ്ഥാപനത്തെ മിനി PHC യുടെ നിലവാരത്തിലേക്ക് ഉയർത്തിയത്, എട്ടാം പഞ്ചവത്സരപദ്ധതിയുടെ ആരോഗ്യരംഗത്തെ നേട്ടങ്ങളിൽ ഒന്നാണ്. മാതൃ-ശിശു സംരക്ഷണമാണ് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനലക്ഷ്യം. ജലത്തിലൂടെയും വായുവിലൂടെയും പല സാംക്രമികരോഗങ്ങളും ഈ പഞ്ചായത്തിൽ കണ്ടുവരുന്നു. 95-96ലെ കണക്കുപ്രകാരം 6258 ജലജന്യരോഗങ്ങളും 6200 വായുജന്യരോഗങ്ങളും 478 പ്രാണിജന്യരോഗങ്ങളും ഹെൽത്ത് സെൻററിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഛർദ്യതിസാരം, ടൈഫോയിഡ്, ചിക്കൻപോക്സ് തുടങ്ങിയ രോഗങ്ങളും മറ്റുസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മലമ്പനി, മഞ്ഞപ്പിത്തം എന്നീ മാരകരോഗങ്ങളും ഇവിടെ സാധാരണയാണ്. വർഷത്തിൽ 20,000 ത്തോളം ഔട്ട് പേഷ്യൻറ്സും 135- ഓളം ഇൻ പേഷ്യൻസും ഈ ഹെൽത്ത് സെൻററിൽ എത്തുന്നുണ്ട്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു ഹോമിയോ ഡിസ്പെൻസറി ഈ പഞ്ചായത്തിൽ ഉണ്ട്. ആയുർവ്വേദ ഡിസ്പൻസറി സർക്കാർതലത്തിൽ നിലവിലില്ല. എന്നാൽ മൂന്നു സ്വകാര്യ ആയുർവ്വേദ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

### ഹോമിയോ ഡിസ്പൻസറി

ചേന്നരയിലുള്ള സർക്കാർ ഹോമിയോ ഡിസ്പൻസറിയിൽ 95-96 വർഷത്തെ കണക്കു പ്രകാരം 1214 ജലജന്യ രോഗങ്ങളും 865 വായുജന്യരോഗങ്ങളും 1056 പ്രാണിജന്യ രോഗങ്ങളും 1730 മറ്റുരോഗങ്ങളും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ത്വക്ക്രോഗം,

വാതരോഗം തുടങ്ങിയവക്കും ധാരാളം പേർ ചികിത്സക്ക് വരുന്നുണ്ട്. വർഷത്തിൽ 17,000 ത്തോളം ഔട്ട് പേഷ്യൻറ്സ് ഈ ഡിസ്പൻസറിയിൽ എത്തുന്നുണ്ട്. ഇത്രയധികം രോഗികൾ ആശ്രയിക്കുന്ന ഈ ഡിസ്പൻസറിക്ക് നിലവിൽ സ്ഥിരം കെട്ടിടമില്ലാത്തത് ഒരു അസൗകര്യമായി തുടരുന്നു.

## പ്രശ്നങ്ങൾ

1, പഞ്ചായത്തിൽ ആരോഗ്യ പ്രശ്നങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് മിക്ക വീടുകൾക്കും കക്കൂസ് ഇല്ലാ എന്നുള്ളതാണ്. ആകെ 6,044 വീടുകളാണുള്ളത്. ഇതിൽ 3,256 വീട്ടുകാർ സ്വന്തമായി കക്കൂസ് ഉള്ളവരാണ്. ആ നിലക്ക് പകുതിയോളം കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസ് ഇല്ലാ എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. തൻമൂലം തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നത് ഇവിടങ്ങളിൽ സർവ്വ സാധാരണമാണ്. മാത്രമല്ല പുഴയിലേക്കും, തോടുകളിലേക്കും തുറന്നു വിട്ടിരിക്കുന്ന കക്കൂസുകളുടെ പൈപ്പുകളിലൂടെ മല വിസർജ്ജ്യങ്ങൾ ജലത്തിൽ കലരുന്നത് മൂലം ജലമലിനീകരണം ഉണ്ടാകുന്നു.

2 അറവുശാലകളിലെ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളോ, പൊതുനിരത്തുകളിൽ നിന്നും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങളോ പഞ്ചായത്തിൽ നിലവിലില്ല. ദിനം പ്രതി നൂറുകണക്കിന് ആടുമാടുകൾ, കോഴികൾ എന്നിവയെ കശാപ്പുചെയ്യുന്നുണ്ട് എങ്കിലും ഇതിനായി പൊതു അറവുശാലകളോ, മത്സ്യ-മാംസ മാർക്കറ്റുകളോ നിലവിലില്ല. ഇക്കാരണത്താൽ ഇവയുടെ അവശിഷ്ടങ്ങൾ തോടുകളിലും, പുഴകളിലും നിക്ഷേപിക്കുന്നത് മൂലം പരിസര-ജല-വായു മലിനീകരണങ്ങൾ ഉണ്ടാകുന്നു.

3 ഗർഭിണികളെ മാത്രം കിടത്തി ചികിത്സിക്കുന്നതിനുള്ള പത്ത് ബെഡ്ഡുകളുള്ള ഒരു വാർഡു മാത്രമാണ് പുറത്തൂർ പ്രാഥമിക ആരോഗ്യ

പട്ടിക 7.5 ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും വിവരശേഖരണം

| വർഷം | ഇൻപേഷ്യന്റ് | ഔട്ട് പേഷ്യന്റ് | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം<br>ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ (പാമ്പുകടി) | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992-93 | | | | | | | | |
| അലോപ്പതി | 105 | 17858 | 1200 | 550 | 11212 | – | 5001 | 17963 |
| ഹോമിയോ | – | 19311 | 3382 | 1346 | 6746 | – | 7837 | 19331 |
| 1993-94 | | | | | | | | |
| അലോപ്പതി | 23 | 15787 | 950 | 375 | 10456 | – | 4028 | 15810 |
| ഹോമിയോ | – | 23112 | 3765 | 1756 | 7438 | | 10153 | 23112 |
| 1994-95 | | | | | | | | |
| അലോപ്പതി | 7 | 11739 | 725 | 212 | 7456 | | 3353 | 11746 |
| ഹോമിയോ | | 17673 | 3216 | 1232 | 5638 | | 7587 | 17673 |
| 1995-96 | | | | | | | | |
| അലോപ്പതി | 136 | 19918 | 1543 | 728 | 12458 | | 5326 | 20054 |
| ഹോമിയോ | | 16399 | 3143 | 1156 | 4865 | | 7235 | 16399 |
| ആകെ | 271 | 141797 | 17924 | 7355 | 66269 | | 50520 | 142068 |

കേന്ദ്രത്തിലുള്ളത്. അതിനാൽ മറ്റ് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇവിടെ ഇല്ല.

ഗർഭിണികളുടെയും, അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യവും അനുബന്ധ പ്രശ്നങ്ങളും കൈകാര്യം ചെയ്യേണ്ടതും കുടുംബാസൂത്രണത്തിന്റെ ആവശ്യകതയെ കുറിച്ചും, മാർഗ്ഗങ്ങളെ കുറിച്ചും, ജനങ്ങളെ ബോധവൽകരിച്ച് നടപ്പിലാക്കേണ്ടതും പരിസരസുചീകരണം പ്രാവർത്തികമാക്കേണ്ടതിന് മുഖ്യപങ്കുവഹിക്കേണ്ടതും ഈ സ്ഥാപനത്തിന്റെ ചുമതലയാണ്. എന്നാൽ ഇത്രയും ബൃഹത്തായ പരിപാടികൾ നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരോ, മറ്റസൗകര്യങ്ങളോ ഈസ്ഥാപനത്തിനില്ല. ഒരു ഡോക്ടർ മാത്രമാണ് ഇവിടെയുള്ളത്. ഇദ്ദേഹം ഇവിടെ സ്ഥിരമായി താമസമല്ലാത്തതിനാൽ രാത്രിയിലടക്കം മിക്ക സമയങ്ങളിലും ഡോക്ടറുടെ സേവനം ലഭ്യമല്ല.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികൾ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഭീഷണിയാണ്. ഇവയെ ഉൻമൂലനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളോ, വളർത്തു നായ്ക്കളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങളോ ഈ പഞ്ചായത്തിലില്ല.

പല പ്രദേശങ്ങളിലും മലിന ജലം കെട്ടി നിന്ന് കൊതുകുകൾ പെരുകുന്നതു മൂലം മലമ്പനി, എലിപ്പനി, ജപ്പാൻപനി, മന്ത് തുടങ്ങിയ മാരക രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാധ്യതയും കൂടുതലാണ്.

7. അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്ററും, ലാബും, പ്രസവമുറിയും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനുണ്ടെങ്കിലും ഡോക്ടർ ക്വാർട്ടേഴ്സിൽ താമസമില്ലാത്തതിനാൽ ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.

പഞ്ചായത്തിലെ പൊതുവായ ആരോഗ്യ പ്രശ്നങ്ങളിൽ മുഖ്യമായത് ശുദ്ധജലത്തിന്റെ ദൗർലഭ്യമാണ്. എന്നാൽ ബന്ധപ്പെട്ട വിഭാഗത്തിൽ അക്കാര്യം സവിസ്തരം പ്രതിപാദിച്ചിരിക്കയാൽ ഇവിടെ ഒരു വിശദീകരണത്തിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. മേൽ പ്രസ്താവിച്ച പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ, ഈ പഞ്ചായത്തിൽ പ്രായോഗികമായി നടപ്പാക്കുന്നതിനായി ചില നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കുന്നു.

8. കുടുംബ സർവേ പ്രകാരം 2963 കുടുംബങ്ങൾക്കേ സ്വന്തമായി കക്കൂസുള്ളൂ.

## പരിഹാരങ്ങൾ (നിർദ്ദേശങ്ങൾ)

1. കക്കൂസുകളില്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. ഇതിനായി സന്നദ്ധ സംഘടനകളുടേയും DANIDA, KAPART, PADK പോലുള്ള ഏജൻസികളുടേയും സഹായ സഹകരണങ്ങൾ തേടുക. തുറസ്സായ സ്ഥലങ്ങളിൽ മല-മൂത്ര വിസർജ്ജനം നടത്തുന്നതിനെതിരെ വ്യാപകമായി ബോധവൽകരണം നടത്തുക. പുഴയിലേക്കും തോടുകളിലേക്കും തുറന്നിട്ടിരിക്കുന്ന കക്കൂസുകളുടെ പൈപ്പുകൾ നീക്കം ചെയ്യുന്നതിന് നിയമ നടപടികൾ സ്വീകരിക്കുക.

2. അറവുശാലകളിലെ അവശിഷ്ടങ്ങൾ ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തുക. പഞ്ചായത്തിലെ പ്രധാന കവലകളിൽ പൊതു മത്സ്യ-മാംസ മാർക്കറ്റുകൾ, അറവുശാലകൾ എന്നിവ സ്ഥാപിക്കുക. വേയ്സ്റ്റു ടാങ്കുകൾ സ്ഥാപിച്ച് പൊതു നിരത്തുകളിലെ ചപ്പു-ചവറുകൾ നീക്കം ചെയ്യുക. പ്രധാന കവലകളിൽ തൂപ്പുകാരെ നിയമിക്കുക. അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ തോടുകളിലും പുഴയിലും നിക്ഷേപിക്കുന്നത് കർശനമായി തടയുക. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് സഞ്ചികൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സാങ്കേതികവിദ്യ വിദഗ്ദരിൽ നിന്നും ലഭ്യമാക്കുക

3. ഗർഭിണികളല്ലാത്ത രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി പുറത്തൂർ പ്രാഥമിക

ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് ഇരുപതു ബെഡ്ഡുകളുള്ള ഒരു വാർഡ് ജനകീയ പങ്കാളിത്തത്തോടുകൂടി നിർമ്മിക്കുക. സബ് സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ അവ നിർമ്മിക്കുക.

4. ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പരിപൂർണ്ണമായി നിറവേറ്റുന്നതിനു വേണ്ടി ആവശ്യമായ ജീവനക്കാരെ അടിയന്തിരമായി അനുവദിക്കുക. ഇപ്പോൾ ഉള്ള ഡോക്ടർ ക്വാർട്ടേഴ്സിൽ സ്ഥിര താമസമാക്കുകയും, ഒരു ലേഡി ഡോക്ടറുടെ സേവനം കൂടി ലഭ്യമാക്കുകയും ചെയ്യുക. ആവശ്യമായ മരുന്നുകൾ എത്തിച്ച് വിതരണം കാര്യക്ഷമമായി നടത്തുക. ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഒരു വാഹനം അനുവദിക്കുക.

5. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ ഉൻമൂലനം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുക. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക.

6. മലിനജലം കെട്ടി നിൽക്കുന്ന പ്രദേശങ്ങളിൽ കൊതുകുകൾ മുട്ടയിട്ട് പെരുകുന്നതു തടയാൻ സമയാ സമയങ്ങളിൽ മരുന്നു തെളിക്കുക. ശുദ്ധജല സംഭരണികളിലും, കിണറുകളിലും ക്ലോറിനേഷൻ നടത്തുക.

7. അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ ഓപ്പറേഷൻ തിയ്യേറ്റർ, ലാബ്, പ്രസവമുറി എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ വിദഗ്ദരെ നിയമിക്കുക. കൂടാതെ സബ്സെന്ററുകളിൽ വെള്ളവും വെളിച്ചവും എത്തിക്കുക. പൊതുജനങ്ങളിൽ നിന്നും പരാതിക്കിടവരാത്ത രീതിയിൽ ഹെൽത്ത് സെന്ററിലെയും സബ്സെന്ററിലെയും ജീവനക്കാർ ആത്മാർത്ഥമായും കാര്യക്ഷമമായും പ്രവർത്തിക്കുക.

8. പുറത്തൂർ പഞ്ചായത്തിലെ ആളുകൾക്ക് ഹോമിയോ ചികിത്സാരംഗത്ത് ഏക ആശ്രയം ചേന്നരയിൽ സ്ഥിതിചെയ്യുന്ന സർക്കാർ ഹോമിയോ ഡിസ്പെൻസറിയാണ്. ഇതിന് സ്ഥിരം കെട്ടിടം ഇല്ല. അതിന്നുവേണ്ടി ചേന്നരയിൽ ശോചനീയാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് റിക്രിയേഷൻ ക്ലബ്ബ് പൊളിച്ച് രണ്ടുനില കെട്ടിടമായി നിർമ്മിച്ച് താഴെ ഹോമിയോ ഡിസ്പെൻസറിക്കും മേൽഭാഗം കമ്മ്യൂണിറ്റി ഹാളിനും (വള്ളത്തോൾ സ്മാരകം) സൗകര്യപ്പെടുത്തണം.

9. സർക്കാർ തലത്തിൽ പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കണം.

പഞ്ചായത്തിലെ പൊതുവായ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് നിലവിലുള്ള വിശേഷങ്ങളും, പോരായ്മകളും പരിഹാര നിർദ്ദേശങ്ങളും സമർപ്പിക്കുന്നതോടൊപ്പം ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആദ്യഘട്ടത്തിൽ തന്നെ ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവരിൽനിന്നുണ്ടാകണം. ആയതിനു വേണ്ടി പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പു നൽകുന്നതോടൊപ്പം അധികാര വികേന്ദ്രീകരണത്തിന്റ ഭാഗമായി പ്രാദേശിക ഭരണകൂടത്തിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ഈ വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തണം.

## ബി.കുടിവെള്ളം

### പഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥ

ഈ പഞ്ചായത്തിലെ ഏറ്റവും ഗുരുതരമായ പ്രശ്നം കുടിവെള്ളക്ഷാമമാണ്. പടിഞ്ഞാറ് അതിർത്തിയിൽ അറബിക്കടലും, തെക്ക് ഭാരതപ്പുഴയും, പഞ്ചായത്തിനെ രണ്ടായി ഭാഗിച്ചുകൊണ്ട് തിരൂർ പൊന്നാനിപ്പുഴയും ഒഴുകുന്നു. പതിമൂന്നു വാർഡുകൾ ഉള്ള ഈ പഞ്ചായത്തിൽ അനേകം കൈത്തോടുകളും ചാലുകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മഴക്കാലത്തു വേലിയേറ്റ സമയങ്ങളിലും പുഴയിൽ നിന്നു തോടുകൾ വഴി ഉപ്പുവെള്ളം കയറുന്നതു കാരണം ഈ പ്രദേശങ്ങളിൽ ശുദ്ധജലത്തിൽ ഉപ്പുരസം അനുഭവപ്പെടുന്നു. കൂടാതെ ജലസേചനത്തിനുള്ള സാധ്യതയും കുറയുന്നു. അങ്ങിങ്ങായി ചില

82

തോടുകൾക്കു VCB നിർമ്മിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയൊക്കെ കേടുപാടുകൾ സംഭവിച്ച് പരിപൂർണ്ണമായും പ്രയോജനപ്രദമല്ല. ശുദ്ധജലത്തിനു വേണ്ടി സ്വകാര്യമായി നിർമ്മിക്കുന്ന കിണറുകളിലെ വെള്ളം തന്നെയും അതതു പ്രദേശത്തെ മണ്ണിന്റെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ മൂലം ഉപയോഗയോഗ്യമല്ല.

## സ്കീമുകളുടെ ഇപ്പോഴത്തെ അവസ്ഥ

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ആദ്യമായി നിലവിൽവന്ന പദ്ധതിയാണ് 'മുക്കാടി' ശുദ്ധജല പദ്ധതി. ചമ്രവട്ടം കടവിനു സമീപം ഭാരതപ്പുഴത്തീരത്ത് കിണറും, പമ്പ്ഹൗസും പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനകത്ത് ജലസംഭരണിയും പണിതുകൊണ്ടും അത്യാവശ്യ പ്രദേശത്ത് 37 പൊതു ടാപ്പുകൾ സ്ഥാപിച്ചുകൊണ്ടുമാണ് ഈ പദ്ധതി ആരംഭിച്ചത്. (ഇപ്പോൾ 224 ടാപ്പുകൾ നിലവിലുണ്ട്.) 1981ൽ ഉണ്ടായ ശക്തിയായ വെള്ളപ്പൊക്കവും കാറ്റും നിമിത്തം ടാങ്ക് സുരക്ഷിതമല്ലാതായിത്തീരുകയും വെള്ളം സംഭരിക്കുന്നത് നിർത്തലാക്കുകയും ചെയ്തു. പിന്നീട് വെള്ളം നേരിട്ട് പമ്പുചെയ്യുന്ന രീതിയാണ് അവലംബിച്ചത്. എന്നാൽ അധികം താമസിയാതെ ഉപ്പുവെള്ളം കയറി ചമ്രവട്ടം കിണറ്റിലെ വെള്ളം ഉപയോഗശൂന്യമായുത്തീർന്നു. അക്കാലത്താരംഭിച്ച തൃത്തല്ലൂർ ഹരിജൻ കോളനി പദ്ധതിക്ക് വേണ്ടി പണിത ഹൈസ്ക്കൂൾ പരിസരത്തെ വെള്ളം മുക്കാടി ലൈനിലേക്ക് പമ്പുചെയ്തുകൊണ്ടാണ് പരിഹാരം കണ്ടെത്തിയത്. എന്നാൽ ഈ പദ്ധതിക്കും യഥാസമയം സംഭരണി പണിയാൻ ആയില്ല. പണി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞെങ്കിലും ഇപ്പോഴും പൂർത്തിയായിട്ടില്ല. മുക്കാടി പദ്ധതിക്കുവേണ്ടി ഇതുവരെ ടാങ്കുപണിതിട്ടില്ല എന്നതിനാൽ വെള്ളം നേരിട്ടു പമ്പുചെയ്യുകവഴി അധിക സമ്മർദ്ദത്താൽ പൈപ്പ് ഇടയ്ക്കിടെ പൊട്ടി മലിനജലം കുടിവെള്ളത്തിൽ കലരുകയും ശുദ്ധജലം നഷ്ട്പ്പെട്ടു പോവുകയും ചെയ്യുന്നു. ഉയർന്ന പ്രദേശത്തേക്ക് വെള്ളം കയറാത്തതിനാൽ അത്തരം മേഖലകളിൽ ശുദ്ധജല വിതരണം നടക്കുന്നില്ല. (പട്ടിക 5-5A)

വെട്ടം പഞ്ചായത്തിലെ കൂട്ടായി ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും, പുല്ലൂണി ശുദ്ധജല വിതരണപദ്ധതിയിൽ നിന്നും,ഈ പഞ്ചായത്തിലെ ഒന്നും,രണ്ടും വാർഡുകളിലെ ചില ഭാഗങ്ങളിൽ താമസിക്കുന്നവർക്ക് നാമമാത്രമായി ശുദ്ധജലം ലഭിക്കുന്നുണ്ട്. കൂടാതെ ഇരുപതോളം പൊതു കിണറുകളും ഈ പഞ്ചായത്തിൽ ഉണ്ട് മേൽ വിവരിച്ച പരിമിതമായ സംവിധാനങ്ങൾ മാത്രമാണ് ശുദ്ധജലവിതരണത്തിനായി ഇന്ന് ഈ പഞ്ചായത്തിലുള്ളത്. ഇവയെ സംബന്ധിച്ച പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ഞങ്ങൾ സമർപ്പിക്കുന്നു.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള പുറത്തൂർ ഹരിജൻ കോളനി ശുദ്ധജല വിതരണപദ്ധതിയുടെ നിർമ്മാണ ജോലികൾ സ്തംഭനാവസ്തയിലാണ്. ടാങ്കിൻെറ പണിപ്പൂർത്തിയാകാത്തതിനാൽ ഇവിടെ മോട്ടോർ നേരിട്ട് വെള്ളം പമ്പുചെയ്യുന്ന സ്ഥിതിയാണ് ഇക്കാരണത്താൽ പൈപ്പുലൈനുകളിൽ വർദ്ധിച്ചസമ്മർദ്ദം ഉണ്ടാ കുന്നതുകാരണം പൈപ്പ്ലൈനുകൾ പൊട്ടുകയും ശുദ്ധജല നഷ്ടം സംഭവിക്കുകയും ചെയ്യുന്നു. കൂടാതെ ഉയർന്നപ്രദേശത്ത് താമസിക്കുന്നവർക്ക് വെള്ളം എത്താത്തസ്ഥിതിയും സംജാതമാകുന്നു. മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വോൾട്ടേജിൽ വൈദ്യുതി ലഭിക്കാത്തത് കാരണം പല സമയങ്ങളിലും വെള്ളം കാര്യക്ഷമമായി പമ്പുചെയ്യാൻ സാധിക്കന്നില്ല.

തിരൂർ-പൊന്നാനിപ്പുഴയിൽ നിന്നും, ഭാരതപ്പുഴയിൽ നിന്നും അനേകം കൈത്തോടുകൾ ഈ പഞ്ചായത്തുലേ ക്കൊഴുകുന്നുണ്ട്. വേലിയേറ്റ സമയങ്ങളിൽ ഈ തോടുകളിൽ കൂടി ഉപ്പുവെള്ളം തള്ളിക്കയറുന്നത് കാരണം ശുദ്ധജല സ്രോതസ്സിന് കാര്യമായി തന്നെനാശമുണ്ടാകുന്നു. കൃഷിക്കാവശ്യമായ ജലസേചനവും ഇവമൂലം അസാദ്ധ്യമായിത്തീരുന്നു ഉപ്പുരസമുള്ള വെള്ളമാണ് മിക്ക കിണറുകളിലും ലഭിക്കുന്നത്.

## പട്ടിക 5.5(A) പൊതുജനാരോഗ്യം

| വാർഡ് നമ്പർ | ശുചീകരണാവശ്യത്തിനുള്ള ജീവനക്കാർ | മൂത്രപ്പുരകൾ | കക്കൂസുകൾ | പൈപ്പുവെള്ളം പൊതു ടാപ്പുകൾ | പൈപ്പുവെള്ളം ഹൗസ് കണക്ഷനുകൾ | പൊതു കുഴൽ കിണർ | പൊതു കിണർ | കുളക്കടവുകൾ | ശ്മശാനങ്ങൾ | അറവുശാലകൾ | മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം | കിണർ വെള്ളം ഉപയോഗിക്കുന്നവർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഇല്ല | ഇല്ല | മൊത്തം 2963 കക്കൂസുകളുള്ള കുടുംബങ്ങൾ ഉണ്ട് | 18 | | – | 1 | – | – | ഇല്ല | ഇല്ല | |
| 2 | ഇല്ല | ഇല്ല | | 20 | | – | – | – | – | ഇല്ല | ഇല്ല | |
| 3 | ഇല്ല | ഇല്ല | | – | | – | 1 | – | – | ഇല്ല | ഇല്ല | |
| 4 | ഇല്ല | ഇല്ല | | – | | – | – | – | – | ഇല്ല | ഇല്ല | |
| 5 | ഇല്ല | ഇല്ല | | 15 | | 1 | – | – | 1 | ഇല്ല | ഇല്ല | |
| 6 | ഇല്ല | ഇല്ല | | 32 | | – | 3 | – | – | ഇല്ല | ഇല്ല | |
| 7 | ഇല്ല | ഇല്ല | | 20 | | 1 | 2 | – | – | ഇല്ല | ഇല്ല | |
| 8 | ഇല്ല | ഇല്ല | | 28 | | – | 1 | – | – | ഇല്ല | ഇല്ല | |
| 9 | ഇല്ല | ഇല്ല | | 25 | | – | 1 | – | – | ഇല്ല | ഇല്ല | |
| 10 | ഇല്ല | ഇല്ല | | – | | – | 3 | – | – | ഇല്ല | ഇല്ല | |
| 11 | ഇല്ല | ഇല്ല | | – | | – | 1 | – | – | ഇല്ല | ഇല്ല | |
| 12 | ഇല്ല | ഇല്ല | | – | | – | 1 | – | – | ഇല്ല | ഇല്ല | |
| 13 | ഇല്ല | ഇല്ല | | – | | – | – | 1 | – | ഇല്ല | ഇല്ല | |
| | | | | 158 | – | 2 | 14 | 1 | 1 | | | 3396 |

പൊതുജനാരോഗ്യം ചിലവ് 9792.00

മൊത്തം ചിലവിന്റെ 0.76

66 ടാപ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് മൊത്തം 224

ഇതിൻെറ പരിഹാരത്തിനായി പഞ്ചായത്ത് ചുരുക്കചില തോടുകൾക്ക് VCBകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായ ഇവയൊണും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. അറ്റകുറ്റപണികൾ നടത്താത്തതും ഈ അവസ്ഥക്ക് കാരണമാണ്. ഇനിയും പല തോടുകൾക്കും VCB നിർമ്മിക്കേണ്ടതുണ്ട് ഇതിൻെറ വിശദാംശങ്ങൾ കൃഷി, ജലസേചനത്തിൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന മുക്കാടി ശുദ്ധജലപദ്ധതി പാടെസ്തംഭിച്ചിരിക്കയാണ്. പഞ്ചായത്ത് ഓഫീസ് വളപ്പിൽ ഉണ്ടായിരുന്ന ടാങ്ക് പൊളിച്ചുമാറ്റുകയും കിണറുകളിൽ ഉപ്പുവെളളം കയറുകയും ചെയ്തിരിക്കയാണ്. പ്രസ്തുതപദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പുനസ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ പടിഞ്ഞാറെക്കര ഗോമുഖം ഹരിജൻ കോളനി, നാലുഭാഗവും വെളളത്താൽ ചുറ്റപ്പെട്ട ചുളളിമാട്, ടിപ്പുസുൽത്താൻ റോഡിൻെറ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്ന കടലോരപ്രദേശങ്ങൾ എന്നിവ രൂക്ഷമായ കുടിവെളളക്ഷാമം അനുഭവിക്കുന്ന തീരദേശപ്രദേശങ്ങൾ ആണ്. പുഴയിലേയും, കടലിലേയും ഉപ്പുരസം ഇവിടങ്ങളിൽ ശുദ്ധജല സ്രോതസ്സിനു ഭീക്ഷണിയാണ്. ഉപ്പുരസമുളള, കലങ്ങിയതും പൊടിനിറഞ്ഞതുമായ വെളളമാണ് മിക്ക കിണറുകളിലും ലഭിക്കുന്നത്. പൈപ്പുവെളളത്തിൻെറ പ്രയോജനം നാമമാത്രമായി മാത്രമേ കിട്ടുന്നുളളു. 10,12,7,8,6 എന്നിവാർഡുകൾ ഇകൂട്ടത്തിൽ പെടുന്നു.

മരവന്ത ഹരിജൻ കോളനിയിലേക്കനുവദിച്ച ശുദ്ധജലവിതരണപദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കാല വിളംബരം നേരിടുന്നത് കൊണ്ട് കോളനിയിലും, ഈ പഞ്ചായത്തിൽ തന്നെ ഉൾപ്പെട്ട സമീപ പ്രദേശങ്ങളിലും ജനജീവിതം ദുരിതപ്പൂർണ്ണമാണ്. കുടിവെളളക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശത്ത് പൊതു കിണറികളും പൈപ്പ് ലൈനുകളും ഭാഗികമായോ പ്രയോജനപ്പെടുന്നുളളു. ഇവിടങ്ങളിലെ മിക്കകിണറുകളും വേനലിൽ വറ്റുന്നതാണ്.

ഉപ്പുവെള്ളം തള്ളിക്കയറുന്നത് കാരണം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിലെ പ്രദേശങ്ങളിൽ അപ്രധാനമല്ലാത്ത വാർഡുകളാണ് ഒന്നും, രണ്ടും, ഏഴും,എട്ടും, ഒമ്പതും. തീരദേശവാർഡുകളായ ഇവിടുത്തെ മിക്ക കിണറുകളിലും ഉപ്പുരസം കലർന്നതും, ചുവന്നനിറത്തിലുള്ളതുമായ വെള്ളമാണ് ലഭിക്കുന്നത്. പൈപ്പുവെള്ളം മുമ്പ് വിവരിച്ച കാരണങ്ങളാലും മറ്റ് കാരണങ്ങളാലും ഭൂരിഭാഗം കുടുംബങ്ങൾക്കും ലഭ്യമല്ല. പൊതുകുണറുകളും പരിമിതമായേ പ്രയോജനപ്പെടുന്നുള്ളൂ.

ഇന്ന് സർക്കാരിന്റെ പരിഗണനയിലുള്ള 'ആറോട്ടിക്കുളം' ശുദ്ധജലവിതരണപദ്ധതിക്ക് നേരിടുന്ന കാലതാമസം ഈ ഗ്രാമപഞ്ചായത്തിന്റെ വടക്കൻ മേഖലയ്ക്ക് ഒരു വെല്ലുവിളിയായി ഉയർന്നു നിൽക്കുകയാണ്. മണ്ണിന്റെ ചില പ്രത്യേകതകൾകൊണ്ടും ഉപ്പുവെള്ളം കയറുന്നത്കൊണ്ടും ഈ മേഖലയിലെ മിക്ക കിണറുകളും ഉപയോഗയോഗ്യമല്ല. കിണറുകൾക്കിടയിൽ അസഹ്യമായ ഗന്ധമുള്ള കറുന്നകട്ടിയുള്ള ചെളികാണപ്പെടുന്നു. ചിലയിടങ്ങളിൽ കുഴിച്ചാൽ വെള്ളം കിട്ടാത്ത അവസ്ഥയുമുണ്ട്.

വെട്ടം പഞ്ചായത്തിലെ കൂട്ടായി ശുദ്ധജലവിതരണപദ്ധതിയിൽ നിന്നും പുല്ലൂണി ശുദ്ധജലവിതരണപദ്ധതിയിൽനിന്നും ഈ മേഖലകളിൽ അങ്ങിങ്ങായി നാമമാത്രമായ പ്രയോജനം ലഭിക്കുന്നുണ്ട്. ജനസാന്ദ്രത കൂടുതലുള്ള ഈ പ്രദേശത്ത് ശുദ്ധജലക്ഷാമത്തിന് ഇവ അപര്യാപ്തമാണ്. പൊതുകിണറുകളും നേരിയ തോതിലേ ഉപകരിക്കുന്നുള്ളൂ.

ഈ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ശുദ്ധജലവിതരണത്തിനായി സ്ഥാപിച്ച ടാപ്പുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തത് കാരണം ചിലതെല്ലാം പ്രവർത്തനരഹിതമാണ്. കൂടാതെ പൈപ്പ് ലൈനുകൾ പൊട്ടിശുദ്ധജല നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇക്കാരണം കൊണ്ട് ചില പ്രദേശത്ത് വെള്ളം എത്താത്ത അവസ്ഥയും ഉണ്ട്.

മൊത്തത്തിൽ കുടുവെള്ളക്ഷാമം രൂക്ഷമായതിനാൽ ഈ പഞ്ചായത്തിന്റെ ദുരവസ്ഥയ്ക്ക്

യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ടി യിരിക്കുന്നു.

## പരിഹാരങ്ങൾ (നിർദ്ദേശങ്ങൾ)

1. വാട്ടർ അതോറിറ്റി ഏറ്റെടുത്ത പുറത്തൂർ പട്ടികജാതികോളനി ജലവിതരണപദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ബന്ധപ്പെട്ട അധികാരി കളുടെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. ടാങ്കിന്റെ ജോലി പൂർത്തിയാക്കിക്കഴിഞ്ഞാൽ മോട്ടോർ നേരിട്ട് വെള്ളം പമ്പ് ചെയ്യുമ്പോൾ പൈപ്പുലൈനുകളിൽ ഉണ്ടാവുന്ന വർദ്ധിച്ച സമ്മർദ്ധം ഒഴിവാക്കി പൈപ്പുകൾ പൊട്ടുന്നത് ഒഴിവാക്കാവുന്നതാണ്. അതുപോലെതന്നെ പൊട്ടിയപൈപ്പിലൂടെ ശുദ്ധജലത്തിൽ മലിന ജലം കലരുന്നതും ഒഴിവാകും. ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബ ങ്ങൾക്ക് വെള്ളം കിട്ടാതെ വരുന്നതും ഇത് മൂലം ഒഴിവാക്കാം. മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വോൾ ട്ടേജിൽ വൈദ്യുതി ലഭിക്കുന്നതിന് ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നിവ സ്ഥാപിക്കാവുന്നതാണ്. രണ്ട് ഷിഫ്റ്റിൽ വെള്ളം പമ്പ് ചെയ്യണം. ഈ പദ്ധതി പരിപൂർണ്ണമായി പ്രയോജനപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ 25 ശതമാനം കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കും.

2. ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റം തടയുന്നതിലൂടെ ശുദ്ധജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന്, തിരൂർ പൊന്നാനിപ്പുഴയിൽ നിന്നും, ഭാരതപ്പുഴയിൽ നിന്നും, ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഒഴുകി എത്തുന്ന കൈത്തോടു കൾക്ക് VCBകൾ നിർമ്മിക്കേണ്ടത് അത്യാവശ്യ മാണ്. (ഉദാ: പെരുന്തിരുത്തി വലിയ തോട്, അടമ്പിൽപാടം തോട്, എട്ട്ക്കണ്ടം തോട്, ചെറുകക്കിടിത്തോട്, പൂത്തൻ വീട്ടിൽ കൈത്തോട്) ഈ VCB കൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികളും നടത്തേണ്ടതാണ്. ഇതിൽ ഒരു സ്ഥിരം സംവിധാനം വേണം.

3. പടിഞ്ഞാറെക്കര ഗോമുഖം പട്ടികജാതി കോളനിയിൽ ശുദ്ധജലവിതരണ പദ്ധതി സ്ഥാപിക്കാൻ ആവശ്യമായ, ശുദ്ധജലലഭ്യത യുള്ള സ്ഥലവും മറ്റ് സൗകര്യങ്ങളും സംഭാവനയായി നൽകാൻ പൊതുജനങ്ങൾ തയ്യാറാണ്. പ്രസ്തുത സ്ഥലത്ത് കിണറും, ടാങ്കും നിർമ്മിച്ച് ഈ ഹരിജൻകോളനിയിലും ടിപ്പുസുൽത്താൻ റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന കടലോരവാർഡുകളിലും, നാലു ഭാഗവും ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ട ചുള്ളിമാട് പ്രദേശത്ത് ശുദ്ധജലക്ഷാമം പരിഹരിക്കാൻ സാധ്യമാവും.

4(a). മരവന്ത പട്ടികജാതി കോളനിയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതിക്ക് ബന്ധപ്പെട്ട ഡിപ്പാർട്ടമെൻറിൻെറ ആവശ്യ പ്രകാരം മൂന്ന് സെൻറ് സ്ഥലം ലക്ഷം വീട്കോളനിയിൽ ലഭിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ജലസ്രോതസ്സുള്ള ഈ സ്ഥലത്ത് പ്രസ്തുത പദ്ധതിയുടെ പണി പൂർത്തിയാക്കി മുക്കാടി ജലവിതരണ പദ്ധതിയുമായി ബന്ധിപ്പിച്ചാൽ ഈപ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കാൻ സഹായകമാവും.

(b) ഒന്നാം വാർഡിൽ കിഴക്കുഭാഗത്ത് ലോറികുളത്തിൽ ഒരുടാങ്ക് നിർമ്മിച്ചാൽ പുറത്തൂർ,വെട്ടം, തൃപ്രങ്ങോട് പഞ്ചായത്തു കളിലെ സമീപവാർഡുകളിൽ ശുദ്ധജല വിതരണം നടത്താം. തിരൂർ ബ്ലോക്ക് ഏറ്റെടുത്താൽ ഒരുമൾട്ടിപർപ്പസ് പദ്ധതി യാക്കി മാറ്റാവുന്നതാണ്.

5. ഈ പഞ്ചായത്തിലെ 7 ഉം,8 ഉം, 9 ഉം, വാർഡുകൾക്ക് ശുദ്ധജലം വിതരണം നടത്തുന്നതിനാവശ്യമായ ജല സ്രോതസ്സ് ഉള്ള സ്ഥലം ശുദ്ധജലവിതരണപദ്ധതിക്കായി സൗജന്യമായിനൽകാൻ നാട്ടുക്കാർ സന്നദ്ധമാണ്. എട്ടാം വാർഡിൽ ഭയങ്കാവ് ക്ഷേത്രത്തിന് സമീപം ഉള്ള സ്ഥലത്ത് ഒരു കിണറും,ടാങ്കും നിർമ്മിച്ചാൽ മേൽ വിവരിച്ച വാർഡുകൾക്ക് പൂർണ്ണമായും പ്രയോജനം ലഭിക്കും. ഈ പദ്ധതി നടപ്പാക്കുന്നതിന്ന് ആവശ്യമായ എല്ലാസഹകരണവും പൊതുജനങ്ങളിൽ നിന്ന് ഉറപ്പായും

പ്രതീക്ഷിക്കാവുന്നതാണ്.

6. പഞ്ചായത്തിൻെറ മൊത്തത്തിലും, വടക്കൻ മേഖലക്ക് വിശേഷിച്ചും ഏറെ പ്രതീക്ഷികൾ ഉളളതാണ് ആറോട്ടിക്കുളം ശുദ്ധജലപദ്ധതി സർക്കാരിൻെറ പരിഗണനയിലായിരിക്കുന്ന ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലവും, മറ്റ് സഹായ സഹകരണങ്ങളും നൽകാൻ പഞ്ചായത്ത് സദാസന്നദ്ധമാണ്. ഈ പഞ്ചായത്തിലെ വടക്കൻ മേഖലയിൽ താമസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും വിതരണം നടത്താൻ പര്യാപ്തമായ ആറോട്ടിക്കുളം ശുദ്ധജല വിതരണപദ്ധതി എത്രയും വേഗം നടപ്പിൽവരുത്തണം. ഇത് നടപ്പിൽവന്നാൽ പഞ്ചായത്തിൽ 50% കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടും.

7. ഗുണമേൻമയുള്ള പൈപ്പുകളും, ഫിറ്റിംഗ്സുകളും ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും, സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്താൽ ടാപ്പുകൾ പ്രവർത്തിക്കാതിരിക്കുന്നതും, പൈപ്പുകൾ പൊട്ടിശുദ്ധജല നഷ്ടം ഉണ്ടാകുന്നതും ഒഴിവാക്കാം.

8. ഈ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി പട്ടികജാതി കോളനികളിൽ ഇപ്പോഴുളള കുടിവെള്ളപ്രശ്നം മുഴുവനായും പരിഹരിക്കപ്പെടും.

9. കുടിവെള്ള പ്രശ്ന പരിഹാര മാർഗ്ഗങ്ങൾക്ക് 9-ാം പഞ്ചവത്സരപദ്ധതിയിൽ പഞ്ചായത്ത് മുൻഗണന നൽകി ഒന്നാംഘട്ടത്തിൽ തന്നെ പൂർത്തിയാക്കണം.

മേൽ പ്രസ്താവിച്ച പരിഹാര നിർദ്ദേശങ്ങൾ ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് പ്രായോഗികമായി നടപ്പിലാക്കാവുന്നവയും, കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനുപയുക്തമായവയുമാണെന്ന കാര്യത്തിൽ സംശയം ഇല്ല. ബന്ധപ്പെട്ട അധികാരികളിൽ നിന്ന് നടപടികൾ ഉണ്ടാകുന്നതിന്ന് അനുസൃതമായി പ്രാദേശിക ഭരണാധികാരികളുടേയും പൊതുജനങ്ങളുടേയും പരിപൂർണ്ണമായ സഹകരണം ഉറപ്പു നൽകുന്നതോടൊപ്പം ജനപങ്കാളിത്തത്തോടു കൂടി പ്രാദേശിക തലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചില പദ്ധതികൾ ഇതോടൊപ്പം സമർപ്പിക്കുകകൂടി ചെയ്യുന്നു.

1. പുറത്തൂർ മുനമ്പം അങ്ങാടിയിൽ ബ്ലോക്കു നിർമ്മിച്ചു നൽകിയ പൊതു കിണർ ശുദ്ധജല സമൃദ്ധമാണ്. ആവശ്യമായ റിപ്പയറിംഗുകൾ നടത്തിതിനോട് ചേർന്ന് കുറഞ്ഞത് 10000 ലി. സംഭരണശേഷിയുള്ള ടാങ്ഖും പമ്പ്ഹൗസും നിർമ്മിച്ച് 5 ഉം 6 ഉം വാർഡുകളിലെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

2. കളൂർ ലക്ഷംവീട് കോളനിയിൽ നിർമ്മിച്ച കിണറിനോടനുബന്ധിച്ച് മിനിടാങ്കും പമ്പ്ഹൗസും നിർമ്മിച്ച് കോളനിയിലും പരിസര പ്രദേശങ്ങളിലും ശുദ്ധജല വിതരണം നടത്താവു ന്നതാണ്. ഈ രണ്ടു പദ്ധതികൾക്കും ആവശ്യമായ പണം പഞ്ചായത്തിന്റെ ഉപാധിരഹിത ഫണ്ടിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സംയുക്തമായി സ്വരൂപിക്കുന്നതാണ്. വറ്റാത്ത ജലസ്രോതസ്സുകളാൽ സമൃദ്ധമായ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കാൻ ബന്ധപ്പെട്ട അധികാരികൾശ്രദ്ധിക്കണം.

മേൽ നിർദ്ദേശിക്കപ്പെട്ട വൻ സാമ്പത്തിക ചിലവു വരുന്ന ശുദ്ധജല പദ്ധതികൾ നടപ്പാക്കാൻ വരുന്ന ഫണ്ടിന്റെ ഒരു ഭാഗം ഗുണഭോക്താക്കളിൽ നിന്നു സ്വരൂപിക്കാവു ന്നതാണ്. സ്വന്തമായി കിണറു കുഴിക്കാൻ പണമുണ്ടായിട്ടും ശുദ്ധജലം വീട്ടു വളപ്പിൽ ലഭ്യമല്ലാത്തതിനാൽ വിഷമിക്കുന്ന കുടുംബങ്ങൾ കാര്യമായ തുക കോൺട്രിബ്യൂട്ട് ചെയ്യാൻ സന്നദ്ധരാകും. വിഭവ സമാഹരണം ഇങ്ങനെ സാദ്ധ്യമാക്കാം.

മുക്കാടി പദ്ധതിയുടെ പൈപ്പ്ലൈൻ ചമ്രവട്ടത്തുനിന്നാണ് തുടങ്ങുന്നത്. ശുദ്ധജലം ലഭ്യമായ ചെകുത്താൻ കുണ്ടിന് സമീപം കിണറുണ്ടാക്കി അവിടെ നിന്ന് കനാൽ ഓരത്തു കൂടി ഒരു ലൈൻ സ്ഥാപിച്ച് പുതുപ്പള്ളി കൾവർട്ട് പരിസരത്തു വെച്ച് നിലവിലുള്ള ലൈനിനോടു ബന്ധിപ്പിച്ചാൽ ചുരുങ്ങിയ സാമ്പത്തിക ബാദ്ധ്യതയോടെ മുക്കാടി പദ്ധതി പുനരുദ്ധരിക്കാൻ സാധിക്കും.

87

5.6

# ഗതാഗതം, ഊർജ്ജം,മാർക്കറ്റിംഗ്

## എ. ഗതാഗതം.

ഗ്രാമീണ മേഖലയിലെ വികസനത്തിൻെറ ആണിക്കല്ല് ഗതാഗതരംഗത്തെ മുന്നേറ്റ മാണെന്നതിൽ തർക്കമില്ല. നാടുവാഴികളുടെ ഭരണകാലത്ത് ഊടുവഴികളും പൊതുവഴികളും ഇന്ന് ചെമ്മൺ പാതകളും കറുത്ത റോഡുകളുമായി മാറിതുടങ്ങിയിട്ടുണ്ടെങ്കിലും പഞ്ചായത്തിൻെറ ഗതാഗത സൗകര്യം ഇനിയുമെത്രയോ മെച്ച മാകേണ്ടിയിരിക്കുന്നു. സ്വപ്നത്തിൽ പോലും വാഹനം എത്തുകയില്ലെന്ന് വിചാരിച്ചിരുന്ന കുന്നിൻ പ്രദേശങ്ങളിലും ദ്വീപസമൂഹങ്ങളിലും യഥേഷ്ടം വാഹന സൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും മെച്ചപ്പെട്ടതോടെ മനുഷ്യൻെറ ജീവിത നിലവാരവും മെച്ചപ്പെട്ടുതുടങ്ങി. പട്ടണപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമങ്ങളിൽ ഗതാഗത സൗകര്യം ആഢംബരതയുടെ ആർഭാട ത്തിലുപരി ജീവിതത്തിൻെറ സ്പന്ദനവുമായി ബന്ധപ്പെട്ട ഒരവിഭാജ്യ ഘടകമാവുന്നു. മഞ്ചൽ യുഗത്തെ പോലെ ഇന്നും രോഗികളെ മഞ്ചലിലേറ്റി ആശുപത്രിയിലേക്കും മറ്റും കൊണ്ടുപോവുക എന്നതും പഞ്ചായത്തിലെ ജീവിതാനുഭവമാണ്.

42545 ജനസംഖ്യയും 24.8 ച.കി.മീ. വിസ്തീർണ്ണവും ഉള്ള പഞ്ചായത്തിൽ ഗതാഗതരംഗത്ത് ഇന്നുള്ള അവസ്ഥ വിശകലനം ചെയ്താൽ തന്നെ ഇപ്പോൾ എത്രത്തോളം പിറകിലാണ് നമ്മൾ എന്ന് ബോധ്യപ്പെടും.

പണ്ടുകാലത്ത് പൊന്നാനി താലൂക്കിൽപ്പെട്ട നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും ജലഗതാഗതമായിരുന്നു ഉപയോഗ പ്പെടുത്തി യിരുന്നത്. കനോലി-കനാലിൻെറ ഭാഗമായി ഗണിച്ചിട്ടുള്ള തിരൂർ പൊന്നാനിപ്പുഴയുടെ നീണ്ട 6 കി.മി. ദൂരം പഞ്ചായത്തിനെ രണ്ടായി മുറിച്ച് കടന്നു പോകുന്നതിനാൽ അന്നത്തെ വാണിജ്യ കേന്ദ്രമായിരുന്ന പൊന്നാനിയുമായി ജനങ്ങൾക്ക് നിരന്തരം ബന്ധപ്പെടാൻ വളരെ സഹായിച്ചിരുന്നു. പുതിയ വാണിജ്യ കേന്ദ്രങ്ങളുടെ ഉദയവും, കരഗതാഗതത്തിൻെറ വരവോടും കൂടി അതി പ്രശസ്തവും ചിരപുരാതനവുമായിരുന്ന ഈ ജലപാത ക്രമേണ അപ്രസക്തമായി തുടങ്ങി.

1968-ലെ ഒരു പുലരിയിൽ ആലത്തിയൂർ പള്ളിക്കടവിലെ ചെമ്മൺ പാതയിലൂടെ ഒരു ബസ്

ആദ്യ സർവ്വീസ് ആരംഭിക്കുമ്പോൾ ഇവിടുത്തെ ജനങ്ങൾ അത്യധികം ആഹ്ലാദത്തോടും അത്ഭുതത്തോടും കൂടി വികസനത്തിൻെറ ആ കടന്നു വരവിനെ സ്വാഗതം ചെയ്തു. 1968–ന് ശേഷമുള്ള രണ്ട് പതിറ്റാണ്ടിലേറെയുള്ള കാലം യാത്രക്കാരുടെ ബാഹുല്യവും വാഹനങ്ങളുടെ വർദ്ധനവും കണക്കിലെടുത്താൽ ഇന്ന് പ്രധാനപ്പെട്ട മൂന്ന് റോഡുകളിലായി 46 ബസ്സുകൾ ദിവസേന 124 ട്രിപ്പുകൾ സർവ്വീസ് നടത്തുന്നു. ബസ് സർവ്വീസ് ആരംഭിക്കുമ്പോൾ ഉണ്ടായിരുന്ന ആലത്തിയൂർ പള്ളിക്കടവ് റോഡിനു പുറമെ കൂട്ടായിയിൽ നിന്ന് അഴിമുഖം വരെ പോകുന്ന 6കി.മീ. ദൂരമുള്ള ടിപ്പുസുൽത്താൻ റോഡ്, ചമ്രവട്ടത്തു നിന്നും കാവിലക്കാട് വരെയുള്ള 3 കി.മീ. ദൂരമുള്ള ചമ്രവട്ടം–കാവിലക്കാട് റോഡ് എന്നിവയുടെ ഉദയവും പഞ്ചായത്തിലെ ഗതാഗത രംഗത്തെ വികസനത്തിൻെറ നാഴികകല്ലുകളാണ്. പഞ്ചായത്തിനുള്ളിലെ പൊതുമരാമത്ത് വകുപ്പിൻെറ കീഴിലുള്ള റോഡുകളുടെ വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്. ബസുകൾക്ക് പുറമെ മേപ്പടി റോഡുകളിലൂടെ 50 ട്രക്കറുകളും 20 ജീപ്പുകളിലുമായി 160– ഓളം പാരലൽ സർവ്വീസും നടത്തുന്നുണ്ട്. ഇതൊക്കെ പഞ്ചായത്തിലെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കുന്നുണ്ടെങ്കിലും ഇപ്പോഴും തിരൂർ പോലുള്ള കച്ചവട കേന്ദ്രങ്ങളിൽ നിന്നും പുറപ്പെടുന്ന പുറത്തൂരിലേക്കുള്ള യാത്രാ വാഹനങ്ങളിലെ തിരക്ക് എടുത്തു പറയത്തക്കതാണ്. ഇടക്ക് ചില കാലങ്ങളിൽ

പട്ടിക. I

പഞ്ചായത്തിലൂടെ കടന്നുപോകുന്ന PWD റോഡുകൾ

| നമ്പ്ര് | റോഡിൻെറ പേര് | കടന്നു പോകുന്ന വാർഡുകൾ | ദൂരം കി.മീ. |
|---|---|---|---|
| 1 | ആലത്തിയൂർ–പള്ളിക്കടവ് റോഡ് | 1,2,5,6,7,8,9 | 5.500 |
| 2 | ടിപ്പുസുൽത്താൻ റോഡ് | 10,13 | 6.000 |
| 3 | ചമ്രവട്ടം–കാവിലക്കാട് | 3,4,6,7 | 3.000 |
| | ആകെ. | | 14.500 |

K.S.R.T.C ബസുകൾ പഞ്ചായത്തിൽ സർവ്വീസ് നടത്തിയിരുന്നു എങ്കിലും ഇപ്പോൾ സ്വകാര്യ വാഹനങ്ങൾ മാത്രമാണ് സർവ്വീസ് നടത്തുന്നത്. പഞ്ചായത്തിലെ നാല് പ്രധാന കേന്ദ്രങ്ങളിലായി 30 ഓട്ടോറിക്ഷകളും സർവ്വീസ് നടത്തുന്നുണ്ട്.

യാത്രാരംഗത്തെ അവസ്ഥ ഇതാണെങ്കിൽ റോഡുകളുടെ നിലവിലുള്ള അവസ്ഥയും പരാമർശിക്കേണ്ടതുണ്ട്. പഞ്ചായത്തിൻെറ അധീനതയിൽ 5.760.കി.മീ. ദൂരത്തിലുള്ള ടാർ ചെയ്ത 7 റോഡുകളുണ്ട്. പട്ടിക. II നോക്കുക

ടാർ ചെയ്ത 7 റോഡുകൾക്ക് പുറമെ മെറ്റൽഡ് റോഡുകൾ 6 എണ്ണമാണ്. ഇവ എല്ലാറ്റിനും കൂടി 3.795.കി.മീ. ദൂരമുണ്ട് എന്ന് പഞ്ചായത്ത് രേഖകളിൽ കാണുന്നു. പട്ടിക III

പട്ടിക. II

പഞ്ചായത്തിൻെറ അധീനതയിലുള്ള ടാറിട്ട റോഡുകൾ

| നമ്പ്ര് | പേര് | ഇന്നത്തെ അവസ്ഥ | കടന്നുപോകുന്ന വാർഡുകൾ | ദൂരം.കി.മീ. |
|---|---|---|---|---|
| 1 | ചേന്നരപട്ടികജാതികോളനി | മെച്ചം | 1 | 0.810 |
| 2 | ആശാരിപ്പടി–പള്ളിപ്പടി | മെച്ചം | 3 | 0.800 |
| 3 | പുതുപ്പള്ളിമദ്രസ–കനാൽ (അത്താണിക്കൽ–മടത്തിൽപടി ) | മെച്ചം | 3,4,11 | 0.600 |
| 4 | മൂനമ്പം–ഹരിജൻകോളനി | മെച്ചം | 5 | 1.100 |
| 5 | കാവിലക്കാട്–നായർതോട്കടവ് | മെച്ചം | 7 | 0.450 |
| 6 | മംഗലം–മരവന്ത (മരവന്തയിൽനിന്ന്) | മെച്ചം | 8,11 | 0.500 |
| 7 | പടിഞ്ഞാറെക്കര–പട്ടികജാതികോളനി | മെച്ചം | 8 | 1.000 |
| 8 | മംഗലം–മരവന്ത (വടക്ക് ഭാഗം) | നശിച്ചുപോയി | 1 | 0.500 |
| | ആകെ | | | 5.760 |

പട്ടിക III

പഞ്ചായത്തിൻെറ കീഴിലുള്ള മെറ്റൽഡ് റോഡുകൾ

| നമ്പർ | പേര് | കടന്നുപോകുന്ന വാർഡ് | നിലവിലുള്ള അവസ്ഥ | നീളം കീ.മീ. |
|---|---|---|---|---|
| 1 | കുറുമ്പടി-മുട്ടന്നൂർ ജുമാമസ്ജിദ് | 2,9 | | 0.615 |
| 2 | ഡിസ്പെൻസറി-വാടിക്കടവ് | | | 1.300 |
| 3 | ചമ്രവട്ടം-ചെകുത്താൻകുണ്ട് | | | 1.400 |
| 4 | ആശാരിപ്പടി-പള്ളിപ്പടി (ടാർചെയ്തതിന്റെ ബാക്കി) | | | 0.700 |
| 5 | ഗോമുഖംകടവ്-ടിപ്പുസുൽത്താൻ | | | 0.700 |
| 6 | പടിഞ്ഞാറെക്കര-ബീച്ച് | | | 0.180 |
| | ആകെ | | | 3.795 |

പഞ്ചായത്തിൽ 4.118 കീ.മീ. ദൂരത്തിൽ ഗ്രാവൽഡ് റോഡുകൾ ഉണ്ട് ഇവ നാല് റോഡുകളായിട്ടാണ്.

പട്ടിക IV

പഞ്ചായത്തധീനതയിലുള്ള ഗ്രാവൽഡ് റോഡുകൾ.

| നമ്പർ | പേര് | വാർഡുകൾ | ദൂരം | നിലവിലുള്ള അവസ്ഥ. |
|---|---|---|---|---|
| 1 | പരുത്തിപ്പാലം-പെരുന്തിരിത്തി | 1,2 | 0.550 | ശോചനീയം |
| 2 | ആലിൻചുവട് തൃത്തല്ലൂർ ഹെൽത്ത്സെന്റർ | 5,3 | 0.568 | |
| 3 | മുനമ്പം-കളൂർ | 4,5 | 1.000 | മെച്ചം |
| 4 | ബസ്റ്റാന്റ്-കളൂർ | 5 | 2.000 | ശോചനീയം |
| | ആകെ | | 4.118 | |

മണൽ റോഡുകളാണെങ്കിൽ പഞ്ചായത്തിന്റെ രേഖകളിൽ സ്ഥാനം പിടിച്ചവയും അല്ലാത്തവയും ഉണ്ട്. നാട്ടുകാർ ശ്രമദാനത്തിലൂടെ നിർമ്മിച്ച റോഡുകളിൽ അധികവും മണൽ റോഡുകളായിട്ടുതന്നെ ഇന്നും നിലനിൽക്കുന്നു എന്നുള്ളതും, ആയവ നിർദ്ദിഷ്ട വീതിയോ മുഴുവൻ സമ്മത സാക്ഷ്യപത്രമോ ഇല്ലാത്തതിനാൽ വികസനം വേണ്ട തോതിൽ നടക്കുന്നില്ല എന്നതും സാന്ദർഭികമായിസൂചിപ്പിക്കട്ടെ. പട്ടിക 5 നോക്കുക

മേൽ പട്ടികകളിൽ കാണിച്ച റോഡുകൾ എല്ലാം ഉണ്ടെങ്കിലും മിക്ക റോഡുകളും ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഇപ്പോഴും മഞ്ചൽയുഗത്തിലുള്ള പ്രദേശങ്ങളുണ്ടെന്ന് പറയുമ്പോൾതന്നെ പ്രശ്നത്തിന്റെ രൂക്ഷത മനസിലാകും. ഗതാഗത ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്ന അവസ്ഥയിലല്ല വെട്ടിയ മിക്കറോഡുകളും. പൊതുവെ ഗ്രാമസഭകളിൽ നിന്നും ഉയർന്നുകേട്ടപ്രശ്നങ്ങളിൽ അധികവും റോഡുകളെകുറിച്ചായിരുന്നു. ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങളിലേക്ക് റോഡ് നിർമിക്കുക നിലവിലുള്ള ഗ്രാവൽഡ് റോഡുകൾ ടാർചെയ്യുക മെറ്റൽ ചെയ്തവ ഗ്രാവൽഡ് ചെയ്യുക, മണൽ റോഡുകൾ മെറ്റൽചെയ്യുക എന്നിങ്ങനെയുള്ള ഘട്ടം ഘട്ടമായുള്ള ശൃംഖലാ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് കാണിച്ചാണ് പലരും സംസാരിച്ചതും വാർഡുറപ്പോർട്ടുകളിൽ രേഖയാക്കിയതും. നടപ്പാലങ്ങൾ നിർമിക്കുക, പൊതുവഴികൾ സഞ്ചാരയോഗ്യമാക്കുക തുടങ്ങിയ നിർദ്ദേശങ്ങളും

പട്ടിക V

| നമ്പർ | പേര് | നീളം |
|---|---|---|
| 1 | കാവിലക്കാട് നായർ തോട് പട്ടികജാതി കോളനി റോഡ് ടാർ ചെയ്ത്തത് കഴിച്ച് ബാക്കി ഭാഗം | 0.550 |
| 2 | പള്ളികടവ് ബസ്സ്റ്റാൻറ്റ് റോഡ് | 0.150 |
| 3 | ബാപ്പുഹാജി പീടിക-ഭാരതപ്പുഴ റോഡ് | 0.180 |
| 4 | റൂറൽ ഡിസ്പൻസറി-വാടിക്കടവ് റോഡ് (മെറ്റൽ ചെയ്ത ഭാഗം കഴിച്ച്) | 1.380 |
| 5 | ബസ്സ്റ്റാൻറ്റ് ഭാരതപ്പുഴ റോഡ് | 0.120 |
| 6 | പുറത്തൂർ ശ്മശാനം റോഡ് | 0.185 |
| 7 | ഉണ്ണികൃഷ്ണ മേനോൻ-കുറ്റുക്കാട്ടുക്കടവ് റോഡ് | 1.180 |
| 8 | പുറ്റിങ്ങൽപള്ളി-എടക്കനാട് മദ്രസ്സ റോഡ് | 0.300 |
| 9 | പള്ളിയിൽപ്പടി-പുറത്തൂർ സർവീസ് ബാങ്ക് റോഡ് | 0.475 |
| 10 | കോറാട്ടിൽ റോഡ് | 0.800 |
| 11 | കാവിലക്കാട്-കളൂർ റോഡ് | 0.500 |
| 12 | കോച്ചാമ്പള്ളി-മൂന്നടിക്കൽ റോഡ് | 0.400 |
| 13 | പുതുപ്പള്ളി-കറ്റിക്കാട്ട് കടവ് റോഡ് | 0.250 |
| 14 | അയ്യപ്പറൈസ്മിൽ-കളത്തിൽ പടി റോഡ് | 0.350 |
| 15 | കരിയിലതോട് റോഡ് | 0.150 |
| 16 | ദയങ്കാവ്-എടക്കനാട് ലക്ഷം വീട് കോളനി റോഡ് | 2.000 |
| 17 | ആശാരിപ്പടി-തൃത്തല്ലൂർ ലക്ഷം വീട് കോളനി റോഡ് | 0.150 |
| 18 | പീടികപ്പടി-മരവന്ത പട്ടക ജാതി കോളനി റോഡ് | 0.200 |
| 19 | കുറുമ്പടി-വാളമരുത്തൂർ റോഡ് | 0.745 |
| 20 | മണ്ടചാൽ-കുറ്റിക്കാട് ക്കടവ് റോഡ് | 0.250 |
| 21 | അത്താണി-പാലക്കൽ പള്ളി റോഡ് | 0.285 |
| 22 | നമ്പ്രം-പാടശ്ശേരിപടി റോഡ് | 0.250 |
| 23 | ഏലിപ്പാടം-ബീവിപടി റോഡ് | 0.300 |
| 24 | ഏലിപ്പാടം-കുറ്റിക്കാട്ട് കടവ് റോഡ് | 0.150 |
| 25 | വാളമരുത്തൂർ മിച്ചഭൂമികളൂർ കനാൽപടി റോഡ് | 1.300 |
| 26 | പരുത്തിപ്പാലം ചേന്നര പട്ടികജാതി കോളനി റോഡ് | 0.300 |
| 27 | കോച്ചാമ്പള്ളി-മുക്കാടിപറമ്പ് റോഡ് | 0.150 |
| 28 | തട്ടാൻപടി-കുമ്മട്ടിതോട് റോഡ് | 0.170 |
| 29 | മരവന്ത അംഗനവാടി-മരവന്ത പട്ടീകജാതി കോളനി റോഡ് | 0.170 |
| 30 | അയ്യപ്പറൈസ് മില്ലിൽ നിന്നും തുടങ്ങികളത്തിൽ പറമ്പു വരെ പോകുന്ന റോഡിൽ നിന്നും പടിഞ്ഞാറോട്ട് ഹെൽത്ത് സെൻറ്റർ വരെ പോകുന്ന റോഡ് | 0.265 |
| 31 | ആലിൻചുവട്-പട്ടികജാതി കോളനി റോഡ് | 0.200 |

ഉണ്ടായിരുന്നു. പ്രശ്നങ്ങളെ പൊതിവെ ഇങ്ങനെ സംഗ്രഹിക്കാം.

1 നിലവിലു റോഡുകൾ സഞ്ചാര യോഗ്യമാക്കുക.

2 പുതുതായി നിർദ്ദേശിക്കപ്പെട്ട റോഡുകൾ നിർമിക്കുക.

3 പണിതുടങ്ങിയറോഡുകളുടെ തടസ്സങ്ങൾ നീക്കുക.

4 പുതുതായി നിർദ്ദേശിക്കപ്പെട്ട നടപ്പാലങ്ങൾ, പൊതുവഴികൾ തുടങ്ങയവ നിർമിക്കുക.

5 കനോലികനാലിന്റെ ഭാഗമായി തിരൂർ-പൊന്നാനിപ്പുഴ ജലഗതാഗതത്തിനനുയോജ്യമാക്കുക.

6 ബോട്ടുജെട്ടികൾ നിർമിക്കുക.

റയിൽവെ പഞ്ചായത്തിലുടെ കടന്നു പോകാത്തതിനാൽ ആരംഗത്തുള്ള നിർദ്ദേശ ങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല.

## നിർദ്ദേശങ്ങൾ

ഗതാഗതരംഗത്തെ നിർദ്ദേശങ്ങൾ മുഴുവൻ ക്രിയാത്മകമായിരുന്നു എന്ന് പറഞ്ഞുകൂടാ. എങ്കിൽ തന്നെ നിർദ്ദശങ്ങളിൽ പ്രധാനപ്പെട്ട പലതും സംസ്ഥാന സർക്കാരും, കേന്ദ്രസർക്കാരും മറ്റും ചെയ്യേണ്ടതാണ്. ആയവ ആതരത്തിൽ തന്നെ പട്ടികപ്പെടുത്തേണ്ടവയാണ്.

### പൊതുവായത് വൻകിടപദ്ധതികൾ- റോഡ്

ചമ്രവട്ടം കോസ്‌വെ, കൂട്ടായി റെഗുലേറ്റർ കംബ്രിഡ്ജ് എന്നിവയാഥാർത്യമാക്കുക.

ഈ രണ്ട് പദ്ധതികളിൽ കൂട്ടായി റെഗുലേറ്റർ കംബ്രിഡ്ജിന്റെ പണിതുടങ്ങിയിട്ട് വർഷങ്ങളായി. പഞ്ചായത്ത് ഭരണസമിതി ഒന്നടങ്കം ഇക്കാര്യത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. അവനടപ്പിലായാൽ പഞ്ചായത്തിലെ ഗതാഗതരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് കളമൊരുങ്ങും.

### സംസ്ഥാനസർക്കാർ

പഞ്ചായത്തിലെ പകുതിയോളം വാഡുകളിലെ ജനങ്ങൾക്ക് (1,2,3,7,8,11,12) ഉപകാരപ്രധവും, മൂന്ന് പഞ്ചായത്തുകളുമായി ബന്ധപ്പെടുന്നതും, ആലത്തിയൂർ- പള്ളിക്കടവ് റോഡ്, ആലുങ്ങൽ- മംഗലം എന്നീ PWD റോഡുകളെ ബന്ധിപ്പിക്കുന്നതുമായ മംഗലം-മരവന്ത റോഡ് PWD ഏറ്റെടുത്ത് ഇപ്പോഴുള്ള 8 മീറ്റർ വീതിയിൽ ടാർചെയ്ത് ബസ് സർവ്വീസ് ആരംഭിക്കുക. PWD ഏറ്റെടുക്കുന്നതിന് ആവശ്യമായ എല്ലാ ഘടകങ്ങളും ഈ റോഡിനുണ്ട് എന്നതും എടുത്തു പറയട്ടെ.

പുറത്തൂർ ബസ്റ്റാൻറ്റ്-കളൂർവഴി- ചമ്രവട്ടം വരെയുള്ള ഇപ്പോൾ നിലവിലുള്ള റോഡ് സംസ്ഥാന സർക്കാരോ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളോ ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കി ബസ്സ് സർവ്വീസ് ആരംഭിക്കുക. കുറുമ്പ ആശുപത്രി പടി-കനാൽ വഴി-ചമ്രവട്ടം ചെകുത്താൻകുണ്ട് വരെ ഇപ്പോൾ മൈനർ ഇറിഗേഷന്റെ കീഴിലുള്ള കനാൽ സൈഡ്, റോഡാക്കിമാറ്റുക. പഞ്ചായത്തിലെ നാല് വാർഡുകളിലെ ജനങ്ങൾക്ക് തൃപ്രങ്ങോട്ട് പഞ്ചായത്തുമായി ബന്ധപ്പെടാനും കാർഷിക മേഖല അഭിവൃദ്ധിപ്പെടാനും, നിർദ്ധിഷ്ട ചമ്രവട്ടം ക്രോസ് വേയുമായി ബന്ധപ്പെടാനും കഴിയും. ബന്ധപ്പെട്ട വകുപ്പ് നിർമ്മാണം പൂർത്തിയാക്കി ബസ്സ് സർവ്വീസ് ആരംഭിക്കുവാനും കഴിയുക.

പുറത്തൂറുലെത്തുന്ന ബസ്സുകൾക്ക് സ്ഥലം എറ്റടുത്ത് ഒരു പുതിയ ബസ്സ് സറ്റാൻറ്റ് നിർമിക്കുക.

പുറത്തൂർ പടിഞ്ഞാറെക്കര അഭിവൃദ്ധിപ്പെടുത്തി വിനോദ സഞ്ചാരകേന്ദ്രമാക്കി മാറ്റുക. വിനോദസഞ്ചാരവകുപ്പിൻെറ ശ്രദ്ധയും ശ്രമവും ഉണ്ടെങ്കിൽ നാട്ടുകാരുടെ സഹകരണത്തോടെ വികസപ്പിച്ചെടുക്കാവുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണിത്.

തീരദേശ റോഡിൻെറ ലക്ഷ്യസാക്ഷാത്കാരത്തിന് പടിഞ്ഞാറെക്കര അഴിമുഖത്ത് നിന്ന് പൊന്നാനിയിലേക്ക് വാഹന ഗതാഗതത്തിനുതകുന്ന ഒരു പാലം നിർമ്മിക്കുക.

92

യാത്രാപ്രശ്നം പരിഹരിക്കാൻ മുമ്പ് സർവ്വീസ് നടത്തിയിരുന്ന നിർത്തിനവെച്ച താഴെപറയുന്ന ബസ് സർവ്വിസുകൾ പുനരാരംഭിക്കുക.

1 മലപ്പുറം-പുറത്തൂർ- ആലുങ്ങൽവഴി,
പാലക്കാട്-പുറത്തൂർ- ആലുങ്ങൽവഴി,
ഗുരുവായൂർ-പുറത്തൂർ- ആലത്തിയൂർ വഴി,
കോഴിക്കോട്-പുറത്തൂർ- ആലത്തുയൂർ വഴി.

2. പുറത്തൂർ-തിരൂർ-കൂട്ടായി അഴിമുഖത്തേക്ക് സർക്കുലർ റൂട്ടായി പുതിയ സർവ്വീസ് ആരംഭിച്ചിരിക്കുക.

3. KSRTC നിരത്തിവെച്ച സർവ്വീസ് പുനരാരംഭിക്കുക.

## പൊതുവായത്

### റെയിൽവെ

നിർദ്ദിഷ്ട തീരദേശ റെയിൽവെ (താനൂർ ഗുരുവായൂർ) പുറത്തൂർ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന രീതിയിൽ ക്രമീകരിക്കുക.

### ജലഗതാഗതം

1 തിരൂർ-പൊന്നാനിപ്പുഴ, കനോലി കനാലിന്റെ ഭാഗമായി അഭിവൃദ്ധിപ്പെടുത്തുക.

2 ഗോമുഖം കടവിലും, നായർതോട് കടവിലും ചങ്ങാടം ഏർപ്പെടുത്തുക.

3 പുറത്തൂർ പള്ളികടവിൽ യാത്രയ്ക്ക്വേണ്ടി യന്ത്രവൽകൃത ബോട്ടുകൾ ഏർപ്പെടുത്തുക.

4 ബോട്ട് അടുക്കുന്ന ഇരുകരകളിലും ബോട്ടു ജെട്ടികൾ നിർമ്മിക്കുക.

5 പഞ്ചായത്തിലെ പ്രധാന കടത്തുകളായ കുറ്റിക്കാട് നായർതോട്, ഭ്രാന്തൻ പാലം, വാടിക്കടവ്, പെരുത്തിരുത്തി എന്നിവിടങ്ങളിൽ യന്ത്രവൽകൃത തോണികൾ ഉപയോഗിക്കുക.

## മേജർ പാലങ്ങൾ

1 നായർ തോട് കടവിൽ നിന്ന് പടിഞ്ഞാറെ ക്കരയിലേക്ക് വാഹനങ്ങൾ പോകത്തക്കവിധം (തിരൂർ-പൊന്നാനിപുഴ) റോഡ് പാലം നിർമ്മിക്കുക.

2 പടിഞ്ഞാറെ കരയെ ചുള്ളിമാടുമായി ബന്ധിപ്പിക്കുവാൻ പാലം നിർമ്മിക്കുക

3 ഗോമുഖം കടവത്ത് നിന്ന് പുറത്തൂരുമായി ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കുക

4 കുറശ്ശേരിതോട്, വെള്ളിക്കായ്തോട്,

പുതുതായി നിർമ്മിക്കേണ്ടതും പണി പൂർത്തിയാക്കേണ്ടതുമായ റോഡുകൾ പട്ടികയിൽ കൊടുക്കുന്നു.

## പുതുതായി നിർമ്മിക്കേണ്ടതും പണി പൂർത്തിയാക്കേണ്ടതുമായ റോഡുകൾ

| നമ്പർ | പേര് | വാർഡ് നമ്പർ | നിർദ്ദേശങ്ങൾ |
|---|---|---|---|
| 1 | പരുത്തിപ്പാലം-പെരിന്തുരുത്തി-തെക്കേകടവ് | 1 | 4 മീറ്റർ വീതിയിലും 1.5 കി.മീ. നീളവുമുള്ള ഈ റോഡ് 22 വർഷം മുൻപ് തുടങ്ങിയതാണ്. 500 മീറ്റർ നീളം ഗ്രാവൽഡാണ്. 1-2 വാർഡുകൾക്ക് പ്രയോജനപ്പെടും. |
| 2 | ചേന്നര അങ്ങാടി-തെക്കേക്കടവ് റോഡ് | | 8 അടി വീതിയിൽ 1 കി.മീ ദൂരവും വരുന്ന ഈ വഴി കൂട്ടായിയുമായി ബന്ധപ്പെടാൻസൗകര്യമാണ്. ദിനം പ്രതി 100ഠ- ഓളം യാത്രക്കാർ ഈ റോഡുപയോഗിക്കുന്നു. ഇത് വടക്കേത്തറയുമായി ബന്ധിച്ചാൽ ഹരിജൻ കോളനിക്കുകൂടി ഉപയോഗപ്പെടും. |
| 3 | പരുത്തിപ്പാലം - ചേന്നര പട്ടികജാതി റോഡ് | | ടാർ ടെയ്തു ഗതാഗതയോഗ്യമാക്കണം. |
| 4 | പെരുംതിരുത്തി-വാടിക്കടവ് റോഡ് | | 800 മീറ്റർ ദൂരം വരുന്ന ഈ റോഡ് രണ്ട് വാർഡുകൽക്ക് പ്രയോജനപ്പെടും. |
| 5 | ചേന്നര അങ്ങാടി - ചേന്നര പട്ടികജാതി തോളനി റോഡ് | | സന്നദ്ധപ്രവർത്തനത്തോടെ നിർമ്മിക്കാവുന്ന ഈ റോഡ്ലേക്കു വരുന്ന കുട്ടികൾക്കു കൂടി ഉപയോഗപ്രദമാണ്. |
| 6 | പട്ടണംപടി - കനാൽ റോഡ് | | പുതിയത് |
| 7 | ഇല്ലത്തപ്പടി - വാളമരുത്തൂർ റോഡ് | 2 | നാലു മീറ്റർ വീതിയിൽ 1 ദൂരമുള്ള ഈ റോഡ് മെറ്റൽ ചെയ്താൽ മംഗലം - മരവന്ത റോഡുമായി ബന്ധപ്പെട്ട് പുറത്തൂർ - തിരൂർ റോഡിലേക്കുള്ള ബൈപ്പാസ്കൂടിയാകും |
| 8 | ചെറുപുന്ന - വാടിക്കടവ് രോഡ് | | പുതിയത് |
| 9 | മുക്കിലപീടിക - സർവ്വീസ്ബാങ്കു റോഡ് | 3 | നിലവിലുള്ളത് ഗതാഗതയോഗ്യമാക്കുക |
| 10 | ആശാരിപ്പടി - മുനമ്പം രോഡ് | | ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക |
| 11 | മുക്കില പീടിക - പൊന്നരങ്ങശാല | | മരവന്ത റോഡുമായി ബന്ധിപ്പിച്ച് യാത്രായോഗ്യമാക്കുക. |
| 12 | പട്ടികജാതി കോളനി - ഏഴിപ്പാടം റോഡ് | | പണി പൂർത്തിയാക്കുക |
| 13 | ആലിൻചുവട് - തൃത്തല്ലൂർ ഹെൽത്ത് സെന്റർ | | കുറ്റിക്കാടുകടവു വരെ നീട്ടുക. |
| 14 | അത്താണിപ്പടി - മഠത്തിൽ പടി പട്ടികജാതി കോളനി | | കല്ലൂർ റോഡുമായി ബന്ധിപ്പിക്കുക |
| 15 | ഏഴിപ്പാടം - കോലമ്പുഴ | | സഞ്ചാര യോഗ്യമാക്കുക |
| 16 | കല്ലൂർ - ഉണിക്കാട്ടുകെട്ട് | | പണി പൂർത്തീകരിക്കുക |
| 17 | ചമ്രവട്ടം - പുതുപ്പള്ളി - കല്ലൂർ | 4 | ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക |
| 18 | പുതുപ്പള്ളി റേഷൻഷാപ്പ് ഭാരതപ്പുഴ | | മണ്ണിട്ടുയർത്തി ടാർ ചെയ്യുക |
| 19 | അത്താണിപ്പടി - മഠത്തിലപ്പടി കോളനി | | പുതുപ്പള്ളി റോഡിൽ ബന്ധിപ്പിക്കുക |
| 20 | കല്ലൂർ - നമ്പ്രം പുഴയോരം | | ഗതാഗതയോഗ്യമാക്കുക |
| 21 | അത്താണിപ്പടി പാക്കിനിപടി | | പുതിയത |
| 21.1 | പുതുപ്പള്ളി സർവ്വീസ് സഹകരണബാങ്ക് - കല്ലൂർ ഹെൽത്ത് സെന്റർ | | കനാലിന് സൈഡുകെട്ടി റോഡാക്കുക |
| 22 | പള്ളിപ്പടി - തോട്ടുപാടം | 5 | ഗതാഗതയോഗ്യമാക്കുക |
| 23 | ബീവിപ്പടി - ഏഴിപ്പടി | | പണി പൂർത്തിയാക്കുക |
| 24 | പുറത്തൂർ ബോട്ടുജെട്ടി - പട്ടികജാതി കോളനി | 6 | പണി പൂർത്തിയാക്കുക |
| 25 | ബസ്സ്റ്റാന്റു -പള്ളിക്കടവ് | | ടാർ ഇടുക |
| 26 | പുറത്തൂർ പട്ടികജാതി കോളനി - പുത്തൻവീട്ടിൽ കൈത്തോട് | | പുതിയത് |
| 27 | കരിയിലത്തോട് റോഡ് | | പുറത്തൂർ യു. പി. സ്കൂൾ വരെ നീട്ടുക |
| 28 | പള്ളിക്കടവ് - ഗോമുഖം റോഡ് | | പുതിയത് |
| 29 | ഭയങ്കാവ് ലക്ഷം വീട് കോളനി റോഡ് | 7 | എടയ്തനാട് ചീർപ്പു വഴി കാവിലക്കാട് ഹരിജൻ കോളനി റോഡുമായിബന്ധിപ്പക്കുക |

| | | | |
|---|---|---|---|
| 30 | കാവിലക്കാട് - മൂനാടിക്കൽ | | സഞ്ചാര യോഗ്യമാക്കുക. |
| 31. | ദേവീവിലാസം സ്ക്കൂൾ, മേപ്പറമ്പത്ത് തോട് | 7 | പൊതുവഴി തോടാക്കി മാറ്റുക |
| 32. | സ്വാമി പടി തോട്ടു പാടം | | ഉയർത്തി ഗതാഗത യോഗ്യമാക്കുക |
| 33. | ഹെൽത്ത് സെന്റർ, മൂക്കാടി പറമ്പ് | | സഞ്ചാരയോഗ്യമാക്കുക |
| 34 | സർവ്വീസ് ബാങ്ക്, തൃത്തല്ലൂർ | | ഗതാഗതയോഗ്യമാക്കുക |
| 35. | ഭയങ്കാവ് ലക്ഷം വീട്, എടക്കനാട് ലക്ഷം വീട് കോളനി | | പുതിയത് |
| 36. | ഉണ്ടപ്പടി ബോട്ടുജെട്ടി | 8 | അഭിവൃദ്ധിപ്പെടുത്തുക |
| 37. | ആശുപത്രിപ്പടി, ഇലഞ്ഞിക്കാട്ടു പടി | 8 | വാടിക്കടവ് റോഡിൽ നിന്നും നീട്ടിപ്പണിയൽ |
| 38. | ചിറക്കരങ്ങലാടി, പള്ളപ്പാടം | | പുതിയത് |
| 39. | ബോട്ടുജെട്ടി, മുട്ടന്നൂർ പട്ടികജാതി കോളനി | | പുതിയത് |
| 40. | പള്ളിപ്പടി, കുമ്മട്ടിത്തോട്, മുട്ടന്നൂർ പോസ്റ്റ് ഓഫീസ് | | പുതിയത് |
| 41. | ആശുപത്രി പടി കരിയില പടരർന്ന ചെറാൾ വീട്ടിൽപടി വഴി | | പുതിയത് |
| 42. | ചെറാൾ വീട്ടിൽ പടി മുട്ടന്നൂർ ബോട്ട്ജെട്ടി കുമ്മട്ടിത്തോട് വഴി | | പുതിയത് |
| 43. | ആശുപത്രി പടി വാടിക്കടവ് | 9 | അഭിവൃദ്ധിപ്പെടുത്തുകയും പാഞ്ചേരി തോടു വരെ നീട്ടുകയും ചെയ്യുക |
| 44. | കുറുമ്പടി ജുമാമസ്ജിദ് | | ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക. |
| 45. | വാടിക്കടവ് റോഡ് മുട്ടന്നൂർ ജി. എം. എൽ. പി കുറ്റിക്കാട് പറമ്പ് വഴി | | പുതിയത് |
| 46. | വാടിക്കടവ് റോഡ് ചെറുഗക്കിടി | | ലിങ്ക് റോഡ് പുതിയത് |
| 47. | ആശുപത്രി പടി വരണക്കുഴി കോങ്ങേത്ത്പടി | | പുതുതായി ബന്ധിപ്പിക്കുക |
| 48. | ഭ്രാന്തൻ കടവ്, ടിപ്പുസുൽത്താൻ റോഡ് | 10 | പുതിയത് |
| 49. | ടിപ്പുസുൽത്താൻ റോഡ്, നായർ കടവ്, | | പണി പൂർത്തിയാക്കൽ |
| 50. | ടിപ്പുസുൽത്താൻ റോഡ് - ബീച്ച് | | പുതിയത് |
| 51. | അത്താണിപ്പടി കനാൽ വഴി പാലയ്ക്കൽ പള്ളി | 11 | ഗതാഗത യോഗ്യമാക്കുക |
| 52. | കുളത്തിൽപടി - വെള്ളരിക്കായ് | | ഗതാഗത യോഗ്യമാക്കുക |
| 53. | മരവന്ത പട്ടികജാതി കോളനി | | ഇ. എഫ് കനാലുമായി ബന്ധിപ്പിക്കുക പണി പൂർത്തിയാക്കൽ |
| 54. | മരവന്ത അറഫാ സ്റ്റോർ - കനാൽ | | പുതിയത് നടവഴി റോഡാക്കൽ |
| 55. | മരവന്ത അംഗൻവാടി, മരവന്ത പട്ടികജാതി കോളനി | | പുതിയത് നടവഴി റോഡാക്കൽ |
| 56. | മരത്തിൽപ്പടി കല്ലൂർ വഴി ഏയിൽപ്പാടം | | പുതിയത് |
| 57. | വളമരുതൂർ കനാൽ കൈമലശ്ശേരി കനാൽ വഴി മിച്ചഭൂമി | 12 | പുതിയത് |
| 58. | കാവഞ്ചേരി ആനൊഴുക്ക് പാലം | | ഗതാഗത യോഗ്യമാക്കൽ |
| 59. | കൈമലശ്ശേരി - കനാൽ | | സഞ്ചാര യോഗ്യമാക്കൽ |
| 60. | വാളമരുതൂർ അംഗനവാടി - മൈനർ കനാൽ | | പൊതുവഴി റോഡാക്കൽ |
| 61. | വാളമരുതൂർ സ്ക്കൂൾ - ആറോട്ടു കുളം | | പുതിയത് |
| 62. | വാളമരുതൂർ പട്ടികജാതി കോളനി കാവഞ്ചേരി പട്ടികജാതി കോളനി | | പുതിയത് |

## നിർദ്ദേശിക്കപ്പെട്ട നടപ്പാലങ്ങൾ

| നമ്പർ | സ്ഥലം | വാർഡ് | എണ്ണം |
|---|---|---|---|
| 1 | പെരുന്തുരുത്തി - കൂവക്കാട്ടിൽ പടി | 1 | 1 |
| 2 | പെരുന്തുരുത്തി - വടക്കേത്തറ (തൃക്കണാശ്ശേരി അരിയിക്കറ, പുത്തൻപള്ളി അംഗനവാടി) | 1 | 5 |
| 3. | വട്ടപ്പറമ്പിൽ പടി | 1 | 1 |
| 4. | വാടിക്കടവിന്ന് കിഴക്ക് ഭാഗം തോട് | 2 | 1 |
| 5. | വെള്ളരിക്കാവ് തോട് എൻ. ഒ. സി പടി തോട് | 2 | 2 |
| 6. | മേൽപ്പറമ്പ് പീടികളെ | 3 | 1 |
| 7. | മേൽപ്പറമ്പത്ത് തോട് കളൂർ വഴിക്ക് | 3 | 1 |
| 8. | പള്ളിപ്പുറത്ത് കാവ് അമ്പലം | 4 | 1 |
| 9. | ഇരഞ്ഞിക്കാട്ടു പടി | 4 | 2 |
| 10. | പുത്തൻ വീട്ടിൽ കൈതോട് | 6 | 1 |
| 11. | ഇന്ദിരാജി കോളനി | 6 | 1 |
| 12. | കരിയില തോട് | 6 | 1 |
| 13. | പള്ളിക്കടവ് പുത്തൂർ തോട് | 6 | 1 |
| 14. | ആഴ്ചാമ്പുരയ്ക്കൽ തോട് | 7 | 1 |
| 15. | ലക്ഷം വീട് കോളനിയ്ക്കടുത്ത് | 7 | 1 |
| 16. | പറമ്പത്ത് തോട്, കൊന്നേത്ത് തോട്, അപ്പക്കരി തോട്, എട്ടുകണ്ടം തോട്, പാലഞ്ചേരി തോട്, കുഴിത്തോട്, വരണാക്കുഴി തോട് | 9 | 8 |
| 17. | ചേരാങ്കുന്നത്ത് തോട് പഴങ്കുളം തോട്, എറളംകാലായിൽ തോട്, മരവന്ത പട്ടിതജാതി കോളനിയ്ക്കു സമീപം | 11 | 4 |
| 18. | കുറേശ്ശേരി തോട്, വെള്ളരിക്കായ് തോട്, കളൂർ കുളത്തിനടുത്ത്, കാവഞ്ചേരി ജാറത്തിനു സമീപം | 12 | 4 |
| | ആകെ | | 37 |

## നിർദ്ദേശിക്കപ്പെടുന്ന പൊതു വഴികൾ

| നമ്പർ | പേര് | വാർഡ് | എണ്ണം |
|---|---|---|---|
| 1 | കോവിലകം ഇടവഴി വീതികൂട്ടൽ | 2 | 1 |
| 2. | തൃത്തല്ലൂർ ട്രാൻസ്ഫോർമർ കളൂർ മഠത്തിൽപടി വഴി | 3 | 1 |
| 3. | ചേന്നര നമസ്കാര പള്ളി ഇടവഴി | 1 | 1 |
| 4. | തങ്ങാളൻ പാടം ഇടവഴി | 1 | 1 |
| 5. | മണ്ടകത്തിൽ പടി, പൂരോത്ത് പടി ഇടവഴി | 3 | 1 |
| 6. | പുതുപ്പള്ളി മസ്ജിദ് മുതൽ ഭാരതപ്പുഴ വരെയുള്ള പൊതുവഴി | 4 | 1 |
| 7. | കളത്തിങ്കൽ മുതൽ ഇറിഗേഷൻ കനാൽ വരെയുള്ള ഇടവഴി | 4 | 1 |
| 8. | ഇറിഗേഷൻ കനാൽ മുതൽ ചാണയിൽപ്പടി വഴി പുതുപ്പള്ളി ശാസ്താ സ്ക്കൂൾ പരിസരം പൊതുവഴി | 41 | |
| 9. | പുതുപ്പള്ളി മണൽക്കടവ് മുതൽ മഠത്തിൽപ്പടി വരെയുള്ള വരമ്പ് പൊതുവഴിയാക്കൽ | 4 | 1 |
| 10. | കാവിലക്കാട് നായർ കടവ് തോട് റോഡും, കാവിലക്കാട് മൂന്നു കൂടി നടപ്പാതയും തമ്മിൽ ബന്ധിപ്പിക്കുന്ന പൊതുവഴി | 7 | 1 |
| 11. | ആശുപത്രിപ്പടി മുതൽ കാവഞ്ചേരി വരെയുള്ള നടവഴി | 9 | 1 |
| 12. | അത്താണിപ്പടി മുതൽ വെള്ളരിക്കാത്തുരുത്ത് വരെയുള്ള പൊതുവഴി | 11 | 1 |
| | ആകെ | | 12 |

96

## ബി. ഊർജ്ജം

1976–77ൽ റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീമിലൂടെ പുറത്തൂരിൽ കാവിലക്കാട് പ്രദേശത്ത് വെളിച്ചം വീശികൊണ്ടാണ് പഞ്ചായത്തിലേയക് വൈദ്യുതി കടന്നുവന്നത് ഇപ്പോഴും വൈദ്യുതി എത്തിനോക്കാത്ത പ്രദേശങ്ങൾ പഞ്ചായത്തിൽ ഉണ്ട്. ഇന്ന് പഞ്ചായത്തിൽ-ഗാർഹിക ഉപഭോക്ക്താക്കളും-കാർഷിക ഉപഭോക്താക്കളും -വ്യവസായിക ഉപഭോക്താകളും ഉണ്ട്. ഇത്രയേറെ കണക്ഷനുണ്ടായിട്ടും ആയിരക്കണക്കിന് ഉപഭോക്താക്കളുടെ കൂടെ ആലത്തിയൂർ സെക്ഷനു കീഴിലാണ് ഇപ്പോഴും പുറത്തൂർ പഞ്ചായത്ത്. എടപ്പാൾ സബ് സ്റ്റേഷനിൽ നിന്നും ചിലപ്പോഴായി 110KV തിരൂർ സബ് സ്റ്റേഷനിൽ നിന്നുമായാണ് പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. ജനസംഖ്യാ വർദ്ധനവിനോടൊപ്പം ഉപഭോക്ത്ര സംസ്കാരത്തിന്റെ വളർച്ചയും അഡംബര വസ്തുക്കളുടെ ഉപയോഗവും വൈദ്യുതി ഉപഭോഗം വളരെ കൂടുതലാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുളള 10 ട്രാൻസ്ഫോർമറുകളിൽ ഭൂരിഭാഗവും അധികഭാരം വഹിക്കുന്നവയാണ്. ഗാർഹിക ഉപഭോക്താക്കൾ മുഴുവൻ വോൾട്ടേജ്കുറവിനെ കുറിച്ച് പരാതിയുളളവരാണ് ഇക്കാരണത്താൽ മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുളള മീറ്ററുകളിൽ പകുതിയും പ്രവർത്തനക്ഷമമല്ല. നിലവിലുളള വൈദ്യുത ലൈനുകളും, പോസ്റ്റുകളും നിലവാരംകുറഞ്ഞതാണ്.

പഞ്ചായത്തിൽ മൊത്തം 211 സ്ട്രിറ്റ് ബൾബുകളും 10 ട്യൂബുകളും 10 സോഡിയം വെപ്പർലാമ്പുകളും അടക്കം ആകെ 231 സ്ട്രിറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും ഭാഗികമായേ പ്രവർത്തിക്കുന്നുളളു.

പഞ്ചായത്തിലെ മിക്കവീടുകളിലും പാചകത്തിന് വിറകാണുപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്,മണ്ണെണ്ണ എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നവർ 15% വരും. സോളാർ വിളക്കുകളെപ്പറ്റിയുളള അറിവില്ലായ്മയും അതിൻെറ അധികവിലയും കാരണം സോളാർ ഉപയോഗിച്ചുളള ഉപകരണങ്ങളുടെ ഉപയോഗം തീരെകുറവാണ്. പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും നല്ലതോതിൽ സൂര്യപ്രകാശം ലഭിക്കുന്നതുകൊണ്ട് പഞ്ചായത്ത് മുൻകൈയ്യെടുത്ത് ഈ മേഖല വിപുലീകരിക്കണം. പഞ്ചായത്തിൽ മൊത്തം 2170 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

ചപ്പുചവറുകൾ, ചാണകം ഇവ ഉപയോഗിച്ചു ബയോഗ്യാസ് പ്ലാൻറ്റുകൾ പഞ്ചായത്തിൽ തീരെ കാണുന്നില്ല.

പഞ്ചായത്തു പ്രദേശത്തുളള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

| നമ്പർ | കപ്പാസിറ്റി. | പേര്. |
|---|---|---|
| 1 | 66 KVA | ചേന്നര |
| 2 | 66 KVA | വൈലിപ്പാടം |
| 3 | 160 KVA | വാളമരുതൂർ |
| 4 | 66 KVA | മരവന്ത |
| 5 | 66 KVA | മുട്ടന്നൂർ |
| 6 | 160 KVA | ഭയങ്കാവ് |
| 7 | 66 KVA | സ്ഥാമിപ്പടി |
| 8 | 100 KVA | പടിഞ്ഞാറെക്കര |
| 9 | 66 KVA | പളളിക്കടവ് |
| 10 | 66 KVA | കോട്ടികശാല |

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. പ്രേഷണ വിതരണ രംഗത്തെ ബോർഡിൻെറ അനാസ്ഥ. മരച്ചില്ലകൾ കൃത്യമായി മുറിക്കാതിരിക്കുക.
3. ജീർണ്ണിതാവസ്ഥയിലുളള കമ്പികളും കാലുകളും പൊട്ടിവീണു അപകടം സർവ്വസാധാരണമാകുന്നു.
4. തെരുവിൽ എല്ലാഭാഗത്തും തെരുവുവിള

ക്കുകൾ ഇല്ല- പ്രത്യേകിച്ച് പടിഞ്ഞാറെക്കരയിൽ.

5. ബോർഡ് ജീവനക്കാരുടെ അനാസ്ഥ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലുള്ള വിമുഖത- അഴിമതി.
6. സോളാർ ഉപകരണങ്ങളുടെ അമിതവില
7. ബയോഗ്യാസ് ഉണ്ടാക്കുന്നതിനാവശ്യമായ ചാണകം കിട്ടാനില്ല. കന്നുകാലികളെ കൂട്ടതോടെ വളർത്തുന്ന പതിവ് കുറഞ്ഞിട്ടുണ്ട്.
8. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്-അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.
9. രാത്രിസമയത്ത് ലൈനിൽ ഓൾട്ടത വളരെ കുറവാണ്
10. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗകുറവ്.

## സാദ്ധ്യതകൾ

നിലവാരമുള്ള കമ്പികളും, കാലുകളും സ്ഥാപിക്കുക. കമ്പികളിൽ തൊട്ടുനിൽക്കുന്ന മരച്ചില്ലകളും മറ്റ്തടസ്സങ്ങളും പരിഹരിക്കുന്നതിനായി പഞ്ചായത്തതലത്തിൽ പ്രത്യേക സംവിധാനമുണ്ടാക്കുക.

മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം 15KM, 11KV ലൈനുകളും 15KM റോളം III Phasew ലൈലുകളും 10KM സിംഗിൾ ഫേസും വലിക്കേണ്ടതാണ്.

വൈദ്യുതി ബോർഡ് ജീവനക്കാരുടെ അഴിമതി അവസാനിക്കുന്നതിനായി ബോർഡിൻെറ പ്രവർത്തനം സുദാര്യമാക്കുകയും ജനകീയ പരിശോധനയ്ക്ക് വിദേയമാക്കുകയും ചെയ്യുക.

സോളാർ ഉപകരണങ്ങൾ സൗജന്യവിലയിൽ ഓരോ കാർഡിനും ഒന്ന് എന്ന രീതിയിൽ പഞ്ചായത്ത് മുൻകൈ എടുത്ത് വിതരണം ചെയ്യുക.

അനർട്ടിൻെറ സഹായത്തോടെ പ്രധാനപ്പെട്ട തെരുവുകളിൽ സൗരവിളക്കുകൾ സ്ഥാപിക്കുക. ഇവയുടെ സംരക്ഷണം ജനകീയ സമിതിയെ ഏൽപ്പിക്കുക.

ദക്ഷതകൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നവർ കുറവായതിനാൽ ബോധവൽക്കരണത്തിലൂടെ ദക്ഷത കൂടിയ അടുപ്പുകളും മറ്റ് ഉപകരണങ്ങളും സൗജന്യ നിരക്കിൽ കേരള ശാസ്ത്രസാഹിത്യപരിഷത്തിൻെറയും അനർട്ടിൻെറയും സഹായത്തോടെ എല്ലാ വീടുകളിലും ലഭ്യമാക്കുക.

ചപ്പുചവറുകൾ, ചാണകം ഇവ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റുകൾ പഞ്ചായത്തിലെ പരമാവധി കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ സഹായം നൽകി പ്രോസ്താഹിപ്പിക്കുക.

എല്ലാ വീടുകളിലും അനർട്ട് വഴി ഓരോ സൂര്യറാന്തൽ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കോംബാക്ട് ഫ്ളൂറസെന്റ് ലാംബ് സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

സ്വകാര്യ ഉടമകളുടെ സ്ഥലത്ത് കൂടി പോകുന്ന ലൈനുകളുടെ മാറ്റി സ്ഥാപിക്കാൻൽ ചിലവ് ബോർഡ് വഹിക്കാൻ സംവിധാനമുണ്ടാകണം.

വീടുകളിലെ വൈദ്യുതിയുടെ ദുരുപയോഗം തടയാനും അനാവശ്യ വൈദ്യുതാലങ്കാരം ഒഴിവാക്കാനും ബോധവൽക്കരണം നടത്തുക.

നിശ്ചിത വോൾട്ടതയിൽ വൈദ്യുതി എല്ലാ സമയത്തും കിട്ടുന്നതിനു വേണ്ടിയുള്ള സംവിധാനം കെ. എസ്. ഇ. ബി. യുടെ ഭാഗത്തുനിന്ന് ഉണ്ടാവുക.

വാർഡിൽ പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ ലൈനിന്റ സ്വഭാവം ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലം എന്നിവ പട്ടികയിൽ ചേർത്തിരിക്കുന്നു.

| വാർഡ് | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ലൈനിന്റ സ്വഭാവം | ട്രാൻസ ഫോർമറുകൾ |
|---|---|---|---|
| 1. | പെരുംതിരുത്തി പട്ടിക ജാതി കോളനി | 11K.V | 100KVA -1 |
| | ചേന്നര പട്ടികജാതി കോളനി | 11K.V | 100KVA-1 |
| 3. | തൃത്തല്ലൂർ ലക്ഷം വീട് കോളനി | S. Phase | |
| | ഹൈസ്കളൂൽ(പുറത്തൂർ) | 11K.V | 100KVA -1 |
| | കളൂർ | 11K.V | 100KVA -1 |
| 4. | പുതുപള്ളി റേഷൻ ഷോപ്പിനടുത്ത് | 11K.V | 100KVA -1 |
| | ഇറിഗേഷൻ കനാൽ പാലത്തിനടുത്ത് | 11K.V | 100KVA -1 |
| | നമ്പുറം പുറമ്പോക്ക് | S.Phase | |
| 5. | പുറത്തൂർ പുറമ്പോക്ക് | | |
| 6. | പള്ളിക്കടവ് ബോട്ടു ജട്ടി, കരിയിലപാലം | 11K.V | 100KVA -1 |
| 7. | എട്ടുകണ്ടത്തിൽ | | |
| 9. | മുട്ടന്നൂർ പട്ടികജാതി കോളനി കുറുമ്പടി | | |
| 12 | വാളമരുതൂർ | 11K.V | 100KVA -1 |
| | ഹരിജൻ കോളനിക്ക് സമീപം (പാണ്ടാടി) | 11K.V | 100KVA -1 |
| 13. | ഗോമുഖം പട്ടികജാതി കോളനി പടിഞ്ഞാറെ പള്ളിക്ക് സമീപം | 11K.V | 100KVA -1 |
| 14. | ചെറുപുന്ന പട്ടികജാതി കോളനി | 11K.V | 100KVA -1 |

## സി.മാർക്കറ്റിംഗ്

ഈ പഞ്ചായത്തിൽ ഏകദേശം 30 വർഷങ്ങൾക്കു മുമ്പ് സുലഭമായി വിപണനം നടക്കുകയും പുറം ദേശങ്ങളിലേക്ക് കയറ്റി അയയക്കുകയും ചെയ്തിരുന്ന ഇത്തിൾ, ചകിരിയുല്പന്നങ്ങൾ, ഓല എന്നിവയ്ക്ക് മാർക്കെറ്റിംഗ് സൗകര്യം വ്യവസ്ഥാപിതമായ രൂപത്തിൽ നിലവിലില്ല. ഇ പഞ്ചായത്തിൽ തിരൂർ പുഴയോരത്തും ഭാരതപ്പുഴത്തീരത്ത് പള്ളിക്കടവ് പരിസരത്തും താമസിക്കുന്നവരുടെ മുഖ്യതൊഴിലാണ് മത്സ്യബന്ധനം, ഇത്തിൾ ശേഖരണം, ചകിരി തല്ലൽ കയർ പിരിമുതലായവ.

നാളികേരം, കശുവണ്ടി, അടയ്ക്ക, കിഴങ്ങുവർഗ്ഗങ്ങൾ, നെല്ല്, നേന്ത്രവാഴ തുടങ്ങിയവയാണ് പ്രധാനപ്പെട്ട കാർഷിക വിളകൾ. ഇവയിൽ പ്രധാന ഉൽപന്നമായ നാളികേരത്തിനുതന്നെ ഒരു പൊതു വിപണിയോ സഹകരണ വിപണിയോ ഇല്ല. നാളികേര വിപണനത്തിന്ന് പഞ്ചായത്ത് തലത്തിൽ സഹകരണ സംഘങ്ങൾ വഴിയോ കേരഫെഡ് മുഖേനയോ സംഭരണ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്ന പക്ഷം കേര കർഷകന് അത് ആശ്വാസപ്രദമായിരിക്കും. അതിനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ കൊപ്രയും ചകിരിയും യഥാക്രമം കേരഫെഡ്, സഹകരണ സംഘങ്ങൾ എന്നിവ വഴി ക്രയവിക്രയം സാധ്യമാക്കാം. അടയ്ക്ക സംഭരണ സൊസൈറ്റിയുടെ ഒരു ശാഖ പുറത്തൂരിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുക.

താഴെ പറയുന്ന കേന്ദ്രങ്ങളിൽ മത്സ്യമാർക്കെറ്റുകൾ അറവുശാലകൾ എന്നിവ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ സ്ഥാപിക്കുക.

1. ചേന്നര അങ്ങാടി
2. കുറുമ്പടി (ആശുപത്രിപ്പടി)
3. കാവിലക്കാട്
4. പുറത്തൂർ അങ്ങാടി
5. പുറത്തൂർ ഹൈസ്ക്കൂളിനു സമീപം

മത്സ്യം കേടുകൂടാതെ സംഭരിച്ചു സൂക്ഷിക്കുന്നതിനുള്ളതും വിതരണത്തിനുള്ളതും ആയ സംവിധാനം പഞ്ചായത്ത് മുൻകൈയ്യെടുത്തു ചെയ്യുക. പഞ്ചായത്തിലെ 3 മത്സ്യ സംഘങ്ങൾ ഈ ദൗത്യം ഏറ്റെടുക്കണം.

കയർ ഉല്പന്നങ്ങളുടെ വിപണനത്തിന് കയർ സംഘത്തിനു കീഴിൽ കേന്ദ്രങ്ങൾ തുറക്കുകയും ആവശ്യമായിവരുന്ന പക്ഷം കയർ ഫെഡുപോലുള്ള സംഘങ്ങളുമായി സഹകരിച്ച കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നടപടി സ്വീകരിക്കുക. പഞ്ചായത്തിലെ 3 കയർ സംഘങ്ങൾക്ക് ഇക്കാര്യത്തിൽ പ്രധാന പങ്കു വഹിക്കാനാവും.

പഞ്ചായത്തിലെ വിവിധ പ്രദേശത്തെ ചെറുകിട കയർ ഉല്പാദകയൂണിറ്റിൽ ഉണ്ടാക്കുന്ന കയർ സംഘം വാങ്ങി വിപണനം നടത്തണം. ആവശ്യമായി വന്നാൽ ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾക്ക് വായ്പകൾ ലഭ്യമാക്കാനും സഹകരണ സംഘങ്ങൾ മുൻകൈ യ്യെടുക്കണം.

പഞ്ചായത്തിലെ ഒരു പ്രദാന കേന്ദ്രത്തിൽ ആഴ്ചച്ചന്ത ആരംഭിക്കാവുന്നതാണ്. കാർഷികവും അല്ലാത്തതുമായ എല്ലാം ഉല്പന്നങ്ങളും കന്നുകാലികളും വിറ്റഴുക്കപ്പെടാനും സാമൂഹ്യ ബന്ധം ശക്തിപ്പെടുത്തുവാനും ഇതുകൊണ്ട് സാധിക്കും.

5.7

# ഭവനനിർമ്മാണം- സാമൂഹ്യക്ഷേമം

പുറത്തൂർ പഞ്ചായത്തിൽ 13 വാർഡുകളുണ്ട്. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 60 ശതമാനത്തോളം ദാരിദ്രരേഖയ്ക്ക് താഴെയുള്ള വരും, (സ്ഥിരമായി തൊഴിലൊ, മറ്റ് ജീവിതോ പാധികളോ ഇല്ലാത്തവർ) 20 ശതമാനത്തോളം ജനങ്ങൾ ദരിദ്ര രേഖക്ക് അല്പം ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെങ്കിലും ഉപജീവനത്തിന് സ്ഥിരമായ ഒരു തൊഴിൽ ഇല്ലാത്തവരാണ്. ശേഷിച്ച 20 ശതമാനം ജനങ്ങൾ വാണിജ്യത്തിലൂടെയും, സ്വത്തിൽ നിന്നും ലഭിക്കുന്ന ആദായത്താൽ ജീവിക്കുന്നവരും, അവരിൽ തന്നെ 10 ശതമാനം കുടുംബങ്ങൾ വിദേശ വരുമാനം ആശ്രയിക്കുന്നവരും ആണ്.

കാർഷിക ഭൂനിയമത്തിലൂടെ ജന്മിമാരിൽ നിന്നും കുടികിടപ്പ് അവകാശം ലഭിച്ചവരും, അത്തരം കുടുംബങ്ങളിൽ പെട്ടവർക്ക് അംഗബാഹുല്ല്യം കാരണം സ്വന്തമായി സ്ഥലം വാങ്ങി വേർ തിരിഞ്ഞ് താമസിക്കാൻ സാമ്പത്തിക ഭദ്രത ഇല്ലാത്തതിനാൽ വേർ പിരിഞ്ഞ് താമസിക്കാൻ കഴിയാതെ അതെ വീട്ടിൽ തന്നെ വിവിധ കുടുംബങ്ങളായി താമസിക്കേണ്ട ഗതികേടിലാണ്. ഇത്തരം വീടുകൾ കാലാകാലം കെട്ടി മേയുന്നതിന്നൊ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന്നൊ കഴിയുന്നില്ല. ഇത്തരം 60 ശതമാനം കുടുംബങ്ങളിൽ പെട്ടവർക്ക് വിശേഷിച്ചും പലവിധ പകർച്ചവ്യാധികളും മാറാരോഗങ്ങളും പിടിപെടുന്നു.

20 ശതമാനത്തോളം വരുന്ന വിഭാഗത്തിന് പാരമ്പര്യമായി ലഭിച്ച വസ്തുക്കൾ വിഭജിച്ച് ലഭിച്ച സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായിട്ടാണങ്കിൽ കൂടി കുടിലുകളിൽ നിന്നും ഭേദപ്പെട്ട നിലവാരം പുലർത്തുന്ന വീടുകളുണ്ട്. എങ്കിലും സ്ഥിരമായി വരുമാനമില്ലാത്ത അംഗങ്ങളുള്ള ഇത്തരം കുടുംബങ്ങളുടെ ജീവിതനിലവാരം ഭദ്രമല്ല.

പഞ്ചായത്തിലെ സാക്ഷരതായജ്ഞം ആ രംഗത്ത് വലിയ മാറ്റം വരുത്തിയിട്ടുണ്ട്. തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം നിരക്ഷരുടെ എണ്ണം വർദ്ധിപ്പിച്ചിരിക്കുന്നു.

പല കുടുംബങ്ങളുടെയും കുടുംബ നാഥന്മാരുടെ സ്വന്തം കുടുംബത്തോടുള്ള

ഉത്തരവാദിത്വമില്ലായ്മ (സ്ഥിരമായ മദ്യാപാനം, മയക്കുമരുന്നുകളുടെ ഉപയോഗം) കാരണം നല്ല ഒരു ശതമാനം കുടുംബങ്ങളിലും സ്ത്രീകളുടെ അധ്വാനമാണ് കുടുംബ പരിപാലന വരുമാനാശ്രയം. തൻമൂലം പഠനം നടത്തേണ്ട പ്രായത്തിൽ പല കുട്ടികൾക്കും പഠനം തുടരുവാനാവാതെ ഇടക്കാലത്ത് കൊഴിഞ്ഞ് പോയി തൊഴിൽ രംഗത്തേക്ക് പ്രവേശിക്കേണ്ടി വരുന്നു. തന്മൂലം അർഹമായ വിദ്യാഭ്യാസം ലഭിക്കാത്ത ഒരു വലിയ തലമുറ വളർന്നുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിൽ പാർപ്പിട പ്രശ്നം വളരെ രൂക്ഷമാണ്. ഐ. ആർ. ഡി. പി. സർവ്വേ ലിസ്റ്റിൽ തന്നെ 600 കുടുംബങ്ങൾക്ക് ഇനിയും വീട് അനുവദിക്കേണ്ടതായിട്ടുണ്ട്,(പട്ടിക 11-5) ലിസ്റ്റിൽ പെടാത്തവരായി വേറെയും നല്ല ശതമാനം കുടുംബങ്ങൾ വീടില്ലാത്തവരാണ്.

ഈ പഞ്ചായത്തിൽ തൊഴിലാളികളിൽ അധികപേരും നിർമ്മാണവുമായി ബന്ധപ്പെട്ടവരാണ്. ഈ രംഗത്ത് സ്ത്രീകൾ ഒട്ടുംകുറവല്ല. നിർമാണ സാമഗ്രികൾ പഞ്ചായത്തിൽ തന്നെ നിർമ്മിക്കുന്ന അവസ്ഥ ഇന്നില്ല. വില കയറ്റവും ഒരു പ്രധാന പ്രശ്നമാണ്. നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ തന്നെ നിർമിക്കാനുള്ള സാദ്ധ്യതകളെ പ്പറ്റി വ്യവസായ മേഖലയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

നിലവിലുള്ള വീടുകളിൽ 20 ശതമാനം പാടം തൂർത്ത പുതിയ സ്ഥലങ്ങളിലാണ്. വെള്ളം കയറ്റവും മണ്ണൊലിപ്പും ഈ പ്രദേശങ്ങളിൽ പ്രധാന പ്രശ്നങ്ങളാണ്. വർഷകാലത്ത് പകർച്ചാ വ്യാധികളും ഈ കുടുംബങ്ങളിൽ ധാരാളമായി ഉണ്ടാവാറുണ്ട്.

പരംമ്പരാഗതമായ തൊഴിലുകൾ നമ്മുടെ പഞ്ചായത്തിൽ ഇന്ന് അന്യം നിന്ന് പോയിരിക്കുന്നു. ആ തൊഴിൽ മേഖലയ്ക്ക് പുനർ ജീവൻ നൽകേണ്ടതാണ്. സാമാന്യ വിദ്യാഭ്യാസം നേടിയ ഒട്ടുവളരെ യുവതികൾ യാതൊരുവിധ തൊഴിൽ സാദ്ധ്യതയും കണ്ടത്താതെ കുടുംബനാഥന്റെ അല്ലങ്കിൽ കുടുംബനാഥയുടെ ശുഷ്ക്കമായ വരുമാനം ആശ്രയിച്ച് കഴിയേണ്ടി വരുന്നു.

### പട്ടിക. 8.1

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ ജനസംഖ്യ | : 42545 |
| | പുരുഷന്മാർ | : 21110 |
| | സ്ത്രീകൾ | : 21435 |
| 2 | പട്ടികജാതി ജനസംഖ്യ | : 5253 |
| | പട്ടികവർഗ ജനസംഖ്യ | : ഇല്ല |
| 3 | അംഗൻവാടികളുടെ എണ്ണം | : 23 |
| 4 | ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | : 576 |
| | 1-2 വയസ്സു വരെ പ്രായമുള്ള കുട്ടികൾ | : 763 |
| | 2-3 വയസ്സു വരെ പ്രായമുള്ള കുട്ടികൾ | : 840 |
| | 3-5 വയസ്സു വരെ പ്രായമുള്ള കുട്ടികൾ | : 2031 |
| 5 | പഞ്ചായത്തിൽ ആകെ ഗർഭിണികളുടെ എണ്ണം | : 488 |
| | ഇവരിൽ പ്രത്യാക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : 104 |
| 6 | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) | : 396 |
| 7 | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | : 3879 |
| | ചാപിള്ള ജനനങ്ങൾ | : 13 |
| 8 | ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം.(95 96) | : 13 |
| | 1-3 വയസ്സു വരെ മരിച്ച കുട്ടികളുടെ എണ്ണം | : 6 |
| | 3-6 വയസ്സ് വരെ മരിച്ച കുട്ടികളുടെ എണ്ണം. | : 1 |
| 9 | ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | : ഇല്ല |
| | മറ്റു മരണങ്ങളുടെ എണ്ണം | : 168 |
| 10 | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : 1032 |
| | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : 127 |
| | അനുപൂരക പോഷകാഹാരം ലഭിക്കുന്ന അമ്മമാരുടെ എണ്ണം | : 137 |
| | അനുപൂരക പോഷകാഹാരം ലഭിക്കുന്നഅമ്മമാരുടെ എണ്ണം | : 137 |

## പട്ടിക. 8.2

### കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| | നോർമൽ | | 1–ാം ഗ്രേഡ് | | 2–ാം ഗ്രേഡ് | | 3–ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| പ്രായം | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 146 | 113 | 104 | 104 | 102 | 81 | 30 | 26 |
| 1-3 വയസ്സ് | 229 | 219 | 226 | 215 | 160 | 173 | 21 | 22 |
| 3-6 വയസ്സ് | 294 | 287 | 299 | 269 | 184 | 177 | 14 | 14 |

| | |
|---|---|
| 1–ാം ഗ്രേഡ്– ലഘുവായ പോഷണകുറവുള്ളവർ | 443 |
| 2–ാം ഗ്രേഡ്– മിതമായ പോഷണകുറവുള്ളവർ | 233 |
| 3–ാം ഗ്രേഡ്– ഗുരുതരമായ പോഷണകുറവുള്ളവർ | 22 |

## പട്ടിക. 8.3

### കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പ്

| കുട്ടികൾ | BCG | ഡി.പി.റ്റി | | | | പോളിയോ | | | | ഡിറ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1.വയസ്സിൽ താഴെ | 525 | 517 | 461 | 394 | ഇല്ല | 524 | 476 | 441 | ഇല്ല | 53 | 30 | 4 | ഇല്ല | 385 |
| 1-3 വയസ്സ് | 328 | 395 | 333 | 297 | 344 | 432 | 339 | 309 | 347 | 198 | 202 | 94 | 24 | 224 |
| 3-6 വയസ്സ് | 259 | 187 | 205 | 180 | 347 | 235 | 222 | 189 | 357 | 329 | 264 | 116 | 49 | 128 |

ടെറ്റനസ് ടോക്സോയിസ് (ടി.ടി)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 377 | 330 | 92 |

| | | |
|---|---|---|
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | – | 337 |
| ഇരുമ്പ്/പോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | – | 957 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | – | 868 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | – | 487 |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | – | 35 |

( അവലംബം–സെക്കൻഡറി ഫോറം)

## അനുബന്ധം 11

### പുറത്തൂർ ഗ്രാമ പഞ്ചായത്ത്

11.1 IRDP സർവ്വേ പ്രകാരം - ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബ ങ്ങളുടെ എണ്ണം | ഇതിൽ SC/ ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തീക സഹായം ലഭിച്ച കുടുംബങ്ങൽ | ഇതിൽ SC/ST | സഹായം ലഭിച്ച തുവഴി ദാരിദ്ര്യ രേഖയ്ക്കു മുക ളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ് ക്കു താഴെയുള്ള ആകെ കുടുംബ ങ്ങൾ(സഹായം ലഭിച്ചവർ ഇൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 270 | 11 | 36 | 11 | 36 | 270 |
| 2 | 130 | 4 | 20 | 4 | 11 | 119 |
| 3 | 66 | 13 | 22 | 10 | 8 | 58 |
| 4 | 59 | 7 | 14 | 5 | 4 | 55 |
| 5 | 106 | 9 | 23 | 8 | 13 | 93 |
| 6 | 125 | 12 | 32 | 12 | 32 | 125 |
| 7 | 71 | 2 | 28 | 20 | 28 | 71 |
| 8 | 167 | 3 | 30 | 12 | 30 | 167 |
| 9 | 143 | 6 | 32 | 14 | 32 | 143 |
| 10 | 170 | 14 | 44 | 29 | 44 | 170 |
| 11 | 101 | 6 | 20 | 6 | 10 | 91 |
| 12 | 103 | 3 | 19 | 3 | 11 | 92 |
| 13 | 160 | 10 | 43 | 21 | 44 | 160 |

ശിശു ക്ഷേമരംഗത്ത് ഈ പഞ്ചായത്തിൽ 23 അംഗനവാടികൾ ഉണ്ട് ഈ അംഗനവാടികളിൽ ഭൂരിഭാഗവും സൗകര്യ പ്രദമായ സ്ഥലങ്ങളിലൊ, സ്വന്തം കെട്ടിടങ്ങളിലൊ അല്ല. പരിമിത സൗകര്യം പോലും ഉള്ളവയല്ല മിക്കതും. പോഷകാഹാരം ഈ അംഗനവാടികളിലൂടെ കുറഞ്ഞ തോതിൽ കുട്ടികൾക്ക് നൽകുന്നുണ്ടങ്കിലും പോരായ്മകൾ ഏറെയാണ്. മാത്രമല്ല കുഞ്ഞുങ്ങളുടെ ആരോഗ്യപരമായ കാര്യങ്ങളിൽ കാണിക്കുന്ന ശ്രദ്ധയും ആരോഗ്യപരമല്ല. വിനോദോപാധികൾ ഒന്നും തന്നെ ഈ അംഗനവാടികളിൽ ഇല്ല. ചില വാർഡുകളിൽ അംഗനവാടികൾ പോലും ഇല്ല.

ഈ പഞ്ചായത്തുകളിലെ വിവിധ വാർഡുകളിലെ പട്ടികജാതി കോളനികളിലെ നിവാസികൾക്ക് പട്ടികജാതി കോളനികൾക്ക് ലഭിക്കേണ്ടുന്ന അർഹമായ അനുകൂല്യങ്ങൾ ലഭിക്കാത്തതിനാൽ കോളനി നിവാസികളുടെ പ്രശ്നങ്ങൾ സങ്കീർണ്ണങ്ങളായിത്തന്നെ തുടരുന്നു.

ഈ പഞ്ചായത്തിൽ ഭൂരിപക്ഷം ആൾക്കാരും കാർഷിക, മത്സ്യ, ചകിരിതൊഴിലാളികളും ഒരു ന്യൂനപക്ഷം കെട്ടിട നിർമ്മാണത്തൊഴിലാളികളും ആണ്. ഇവരിൽ പലരും സർക്കാരിന്റെ ക്ഷേമ പരിപാടികളെ പറ്റി ബോധവാന്മാരല്ല. അതുകൊണ്ടു തന്നെ അർഹമായ ക്ഷേമ നിധിയിൽ ചേരുവാൻ ഇവർ തയ്യാറായിട്ടില്ല. 60 വയസ്സ് കഴിഞ്ഞ അർഹരായ പലർക്കും അർഹതപ്പെട്ടപെൻഷൻ ലഭിക്കുന്നില്ല. അത് പോലെ അഗതികൾ, വിധവകൾ എന്നിവർക്കും സാങ്കേതികത്വത്തിൽ കുടുങ്ങി അർഹമായ പെൻഷൻ നിഷേധിക്കപ്പെട്ടിരിക്കുന്നു. പദ്ധതികളുടെ ഗുണഭോക്താക്കൾ വളരെ കുറവാണ്

## പരിഹാരങ്ങൾ

1 വിവിധ കുടുംബങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ കണക്കിലെടുത്ത് ഭവന നിർമ്മാണ പദ്ധതികളിലെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുക, പദ്ധതികളുടെ പ്രമോഷൻ അധികാരം പഞ്ചായത്ത്കൾക്ക് നൽകണം

2 കൃഷിക്കോ മറ്റ് വിളകൾക്കോ ഉപയുക്തമല്ലാത്തതോ, തരിശമായതോ ആയ സ്ഥലങ്ങൾ കണ്ടെത്തി പഞ്ചായത്ത് അക്വയർ ചെയ്ത് ഭവന രഹിതർക്ക് നിർമ്മിത കേന്ദ്ര പോലുള്ള ഏജൻസികളുടെ സാങ്കേതിക സഹായത്തോടെ കോളനിരൂപത്തിൽ വൂടുകൾ നിർമ്മിച്ച് അർഹതയുള്ളവർക്ക് നൽകി

3. സ്വന്തമായി സ്ഥലവും, ചെറുതെങ്കിലും വീടും ഉള്ളവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുക.

4. വീടില്ലാത്തവർക്കും വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വേണ്ട സാമ്പത്തിക സഹായം നൽകുന്നതിനും വേണ്ട നടപടികൾ ലഘൂകരിക്കുക.

5. ഭവന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6. ലക്ഷം വീട്, പട്ടികജാതി കോളനികൾ പുതുക്കിപ്പണിയേണ്ട വീടുകൾ പുതുക്കിപ്പണിയുക.

7. പുറമ്പോക്കുകളിൽ വീടുവെച്ചു താമസിക്കുന്ന നിർധനർക്ക് പട്ടയം നൽകുക.

8. ആർഭാടത്തോടെ പരിധിയിൽ കവിഞ്ഞ വിസ്തീർണ്ണത്തിൽ വീടുണ്ടാക്കുന്നവരുടെ മതിപ്പ് ചിലവിൻെറ ഒരു നിശ്ചിത ശതമാനം പഞ്ചായത്ത് ഈടാക്കി പാവപ്പെട്ടവരുടെ ഭവന നിർമ്മാണ പദ്ധതികൾക്കായി ശേഖരിക്കുക.

9. ഈ പഞ്ചായത്തിൽ നിലവിലുള്ളതൊ തുടർന്ന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ സഹകരണ സംഘങ്ങളിലൂടെ ഭവന നിർമ്മാണ വായ്പ ഉദാരമായി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. ഹൗസിങ്ങ് ബോർഡിൻെറ മൈത്രി ഭവന പദ്ധതി-രാജീവ് ദശലക്ഷ ഭവന നിർമ്മാണ പദ്ധതി പോലുള്ള പദ്ധതി പഞ്ചായത്തിൽ തുല്ല്യമായി വിതരണം ചെയ്യുക. സർവ്വെ പരിധിയിൽ വരുന്നവർക്ക് വീടുവെക്കാൻ പദ്ധതി ഉണ്ടാക്കുക.

## സാമൂഹ്യക്ഷേമം- പരിഹാരം

105

1- അന്യം നിന്നു പോയ ഈ പഞ്ചായത്തിലെ പരമ്പരാഗത തൊഴിലുകൾ (കയർ,പായ,കൊട്ട, മത്സ്യബന്ധനം,സംസ്ക്കരണം,മൃഗസംരക്ഷണം) പുനരുജ്ജീവിപ്പിക്കുകയും, ആവശ്യമായ സാങ്കേതിക സഹായം നൽകി ജീവീത നിലവാരം മെച്ചപ്പെടുത്താൻ യത്നിക്കുകയും ചെയ്യുക.

2- കുടുംബത്തിലെ അംഗങ്ങളിൽ സമ്പാദ്യശീലം ഉണ്ടാക്കി വർദ്ധിപ്പിക്കുന്നതിന് പോലുള്ള സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുക.

3- വാർഡുകൾതോറും മഹിളാസമാജങ്ങൾ സംഘടിപ്പിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി ആരോഗ്യം,വിദ്യാഭ്യാസം, സാമൂഹ്യം, കുടുംബം എന്നീ രംഗങ്ങളിൽ ഇന്നുള്ള അനിശ്ചിതത്വം ദൂരീകരിക്കുക.

4- എല്ലാ അംഗനവാടികളിലും മേൽസൂചിപ്പിച്ച അസൗകര്യങ്ങൾ നീക്കി നല്ലനിലയിൽ നടത്തുന്നതിന് വേണ്ടുന്ന ശ്രദ്ധ ചെലുത്തുകയും വേണം.കെട്ടിടവും സ്ഥലവുമില്ലാത്ത അംഗനവാടികൾക്ക് പ്രത്യേക പദ്ധതിയിൽ അവ ലഭ്യമാക്കണം.

5- വിവിധ പെൻഷനുകൾ, മുതലായ സർക്കാർ ആനുകൂല്ല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ വാർഡുകൾതോറും ഇൻഫർമേഷൻ സെൻററുകളും, എയ്ഡ്പോസ്റ്റുകളും സ്ഥാപിക്കുക.

6- പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലമെങ്കിലും നിർമ്മിച്ച് കായിക താരങ്ങളെ വാർത്തെടുക്കുന്നതിന് വേണ്ട ശ്രമം നടത്തുക.

7- സോഷ്യൽവെൽഫെയർ ബോർഡ് വഴി ലഭിക്കുന്ന സാമ്പത്തിക സഹായം പഞ്ചായത്ത് വഴി ലഭ്യമാക്കി നിലവിലുള്ള അംഗനവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കാവുന്നതാണ്.

8- 8. സാമൂഹ്യക്ഷേമ സഹായങ്ങളും പെൻഷനുകളും വിതരണം നടത്തുന്നത് പഞ്ചായത്ത് വഴി ആക്കുക.

9. പഞ്ചായത്തിൽ ഒരു വൃദ്ധസദനം സ്ഥാപിക്കുക.

10. പഞ്ചായത്തിൽ പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക.

11. പഞ്ചായത്തിൽ ആവശ്യമുള്ളിടത്ത് പുതിയ റേഷൻകടകൾ സ്ഥാപിക്കുകയും റേഷൻകടകൾ വഴി വിതരണം നടത്തുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും വേണം.

12. കക്കൂസ് ഇല്ലാത്തവർക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ച്കൊടുക്കുക.

13. വിധവകൾക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുകയും അവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നല്കുകയും ചെയ്യുക.

14. താഴെപ്പറയുന്ന കേന്ദ്രങ്ങളിൽ ഓരോ അംഗനവാടികൾ സ്ഥാപിക്കണം.

വാർഡ്.1 പെരുന്തിരുത്തി എൽ.പി.സ്കൂളിനടുത്ത്

വാർഡ്.9 മുട്ടന്നൂർ പട്ടികജാതി കോളനിയുടെ വടക്കുഭാഗത്ത്

വാർഡ്.11-1. പുതുപ്പള്ളി വെള്ളേരി തിരുത്തിൽ

2. മരവന്ത പട്ടികജാതി കോളനിയിൽ

വാർഡ്.12. വാളമരുതൂർ വടക്കുഭാഗ്, കാവഞ്ചേരി തെക്കുഭാഗത്ത്

വാർഡ്.8. എടക്കനാട് സ്കൂളിനു സമീപവും ബോട്ടുജെട്ടിക്ക് സമീപവും

15. ഐ. ആർ.ഡി. പി. പദ്ധതിപ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനുള്ള പദ്ധതികൾ കൂടുതൽ ലഭ്യമാക്കേണ്ടത് ഈ പഞ്ചായത്തിൽ അത്യാവശ്യമാണ്.

16. ട്രൈസം തൊഴിൽ പരിശീലനം വ്യാപകമാക്കി. പഞ്ചായത്തിലെ രൂക്ഷമായ തൊഴിൽ പ്രശ്നം പരിഹരിക്കാൻ കഴിയണം. ഇപ്പോൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ വളരെ കുറവാണ്.(പട്ടിക.11-2)

17. പിന്നോക്ക വിഭാഗവികസന കോർപ്പറേഷൻ, വനിത വികസന കോർപ്പറേഷൻ , വികലാംഗ വികസന കോർപ്പറേഷൻ തുടങ്ങിയ വിവിധ

കോർപ്പറേഷനുകളുടെ സഹായം എല്ലാം വാർഡുകളിലെ ജനങ്ങൾക്കും ലഭ്യമാക്കുക.

18. കർഷകതൊഴിലാളിക്ഷേമനിധിപോലുള്ള വിവിധ ക്ഷേമനിധികളുടെ വാർഷികവിഹിതം സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഓഫീസിനെയോ വില്ലേജ് ഓഫീസിനെയോ ചുമതലപ്പെടുത്തി ജില്ലാ ആസ്ഥാനത്ത് കൊണ്ടുപോയി അടക്കാനുള്ള കഷ്ടപാടിൽ നിന്നും പാവപ്പെട്ട തൊഴിലാളികളെ രക്ഷിക്കേണ്ടതാണ്.

## പട്ടിക 11.2

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴി കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിൽ ലുകളിൽ ഏർ പ്പെട്ടിരിക്കുന്നവർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | പ്രിന്റിംഗ് & കമ്പോസിംഗ് | 3 | – | 3 | – |
| 2. | പ്രിന്റിംഗ് & കമ്പോസിംഗ് | 3 | 3 | – | – |
| 3. | ഗാർമെന്റ് മേക്കിംഗ് | 4 | 3 | 1 | – |
| 4. | ഫോട്ടോഗ്രഫി, സ്പ്രെ പെയിന്റിംഗ് | 2 | 2 | – | – |
| 5. | പ്രിന്റിംഗ് | 2 | 1 | 1 | – |
| 6. | പ്രിന്റിംഗ് & കമ്പോസിംഗ് | | | | |
| 7. | ടെയിലറിംഗ് ആട്ടോമൊബൈൽ, വെൽഡിംഗ് മെക്കാനിക്ക് | 14 | 9 | 5 | |
| 8. | പ്രിന്റിംഗ് ടേയിലറിംഗ് 3 | 3 | | | |
| 9. | വെൽഡിംഗ് പ്രിന്റിംഗ് റേഡിയോ & ടി.വിമെക്കാനിസം | 13 | 7 | 6 | |
| 10. | പ്രിന്റിംഗ് | 1 | – | 1 | |
| 11. | ഗാർമെന്റ് മേക്കിംഗ് 2 | 2 | | | |
| 12. | പ്രിന്റിംഗ് | 2 | 1 | 1 | |
| 13. | റേഡിയോ & ടി.വി.മെക്കാനിസം | 1 | 1 | | |
| | ആകെ | 51 | 32 | 19 | |

5.8

# സംസ്കാരം

അറബിക്കടൽ, ഭാരതപ്പുഴ, തിരൂർ-പൊന്നാനിപ്പുഴ എന്നിവകളുടെ ഓളങ്ങൾ കോണ്ടും, പച്ചപ്പട്ട് പുതച്ച വയലേലകൾ കൊണ്ടും മലയാള മണ്ണിന്റെ അടയാളമായ തെങ്ങിൻതോപ്പുകൾ കൊണ്ടും രമണീയമായ ഭൂപ്രകൃതിയാണ് പുറത്തൂർ പഞ്ചായത്തിന്ന്. ഈ തീരദേശം സംസ്കാരികമായി വളരെ പിന്നിലാണ് എന്നാൽ മഹാകവി വള്ളത്തോളിന്റെയും കറ്റിപ്പുറത്ത് കേശവൻ നായരുടേയും ജൻമ്മംകൊണ്ട് അനുഗൃഹീതമാ ഇവിടത്തെമണ്ണിൽ നാളയുടെവാഗ്ദാനങ്ങൽക്ക് വഴികാട്ടാൻ ഒരു സംവിധാനമില്ലാതിരിക്കുന്നത് വേദനാജനകമാണ്.

സംസ്കാരിക സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ലാത്ത ഈ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്ന അഞ്ച് വായനശാലകളും, പ്രവർത്തനം മുരടിച്ച്നിൽക്കുന്ന മുന്ന് വായന ശാലകളുമുണ്ട്. കേരള ശാസ്ത്ര സാഹിത്യപരിഷത്ത് മാതൃഭൂമി സ്റ്റഡിസർക്കിൾ വിവിധ മത-സാമൂഹിക-സാംസ്കാരിക,സന്നദ്ധ സംഘടനകളും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. കലാകായിക രംഗത്ത് പ്രവർത്തിച്ച് വരുന്ന ആർട്സ്& സ്പോർട്സ് ക്ലബുകൾ അതതു മേഖലകളിൽ അവരുടെ പങ്ക് നിർവഹിക്കുന്നുവെങ്കിലും, തീരെ അപര്യാപ്തമായി കാണുന്നു. നാട്ടുരാജ ഭരണകാലത്ത് മഹാനായ ടിപ്പുസുൽത്താൻ നടത്തിയപോരാട്ടങ്ങളുടെ പ്രതീകമായി അദ്ധേഹത്തിന്റെ നാമധേയത്തിൽ പടിഞ്ഞാറേ ക്കരയിൽ 10,13 വർഡുകളുടെ ഹൃദയത്തിലൂടെ 'ടിപ്പുസുൽത്താൻ' റോഡ് അഴിമുഖത്തെത്തി ചേരുന്നു. ഭാരതപ്പുഴയും, തിരൂർ-പൊന്നാനി പുഴയും അറബികടലിൽ സംഗമിക്കുന്ന പുറത്തൂർ അഴിമുഖത്ത് വിവിധയിനം ദേശാടന പക്ഷികൾ വന്നുപോകുന്നു. ഈ മേഖലയിൽ വിനോദ സഞ്ചാരികളെ ആകർഷി ക്കുന്ന പ്രകൃതി സുന്ദരമായ ഒരു പ്രദേശമാണ്. ജനമനസ്സുകൾക്ക് എന്നും ഹരമായിത്തിർന്ന വള്ളംകളിപോലുള്ള മത്സരങ്ങൾ ഇവിടെ തഴയപ്പെട്ടിരിക്കുന്നു.

എഴുന്നൂറ് വർഷങ്ങൾക്ക് മുൻപ് വെട്ടത്തു രാജാക്കന്മാരുടെ നാട്ടുഭരണകാലത്ത് നിർമ്മിച്ച 'ഭയങ്കാവ്' ഭഗവതിക്ഷേത്രം ഇവിടെ സ്ഥിതി ചെയ്യുന്നു. തുലാമാസം ഒന്നാം തിയതിയും, മകരമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ചയും

## പഞ്ചായത്തിൽ നിലവിലുള്ള രജിസ്ട്രേഡ് വായന ശാലകളും സന്നദ്ധസംഘടകളും

| നമ്പർ | പേര് | വാർഡ് | റിമാർക്സ് |
|---|---|---|---|
| | **രജിസ്ട്രേഡ് വായനശാലകൾ** | | |
| 1. | യവജനസാംസ്കാരികവേദിഗ്രന്ഥാലയം-ചേന്നര | 1 | |
| 2 | തൃത്തല്ലൂർ ഗ്രാമീണ വായനശാല | 3 | പഞ്ചായത്ത് ധനസഹായം ലഭിക്കുന്നു |
| 3 | പതുപ്പള്ളിവായനശാല& ഗ്രന്ഥാലയം-പുതുപ്പള്ളി | 4 | |
| 4 | പുറത്തൂർഗ്രന്ഥാലയം-മുനമ്പം | 6 | പഞ്ചായത്ത് ധനസഹായം ലഭിക്കുന്നു |
| 5 | പുറത്തൂർ പഞ്ചായത്ത് ഗ്രാമീണവായനശാല-കാവിലക്കാട് | 7 | പഞ്ചായത്ത് ധനസഹായം ലഭിക്കുന്നു |
| 6 | നളന്ദ വായനശാല | 13 | പഞ്ചായത്ത് ധനസഹായം ലഭിക്കുന്നു |
| 7 | സർഗാലയം വായനശാല-പുറത്തൂർ | 6 | |
| 8 | സനാതനം വായനശാല | | പഞ്ചായത്ത് ധനസഹായം ലഭിക്കുന്നു |
| | **സന്നദ്ധ സംഘടനകൾ(കലാസമിതികൾ,ക്ലബുകൾ)** | | |
| 1 | ഫിനിക്സ് മാതൃഭൂമി സ്റ്റഡിസർക്കിൾ-ചേന്നര | 1 | Reg. No: 711/92(ISA) |
| 2 | ലൗ ബ്രദേഴ്സ്- ചേന്നര | 1 | |
| 3 | ചാലഞ്ചേഴ്സ് ക്ലബ്- ചേന്നര | 1 | |
| 4 | തൃത്തല്ലൂർ ആർട്സ് & സ്പോർട്സ് ക്ലബ്, തൃത്തല്ലൂർ | 3 | |
| 5 | യുവഭാവന സമിതി-തൃത്തല്ലൂർ | 3 | |
| 6 | സുപ്രഭാത് കലാസംഘം- കാവിലക്കാട് | 7 | |
| 7 | കാവിലക്കാട് സ്പോർട്സ്& ആർട്സ് ക്ലബ്- കാവിലക്കാട് | 7 | |
| 8 | പൈക്കൊ- ഉണ്ടപ്പടി | 8 | |
| 9 | പീപ്പിൾസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്- കാവിലക്കാട് | 7 | |
| 10 | ഇസ്ലാമിക്ക് കൾചറൽ സെന്റർ-മുട്ടന്നൂർ | 9 | |
| 11 | സി. എച്ച്. കൾച്ചറൽ അസോസിയേഷൻ-മുട്ടന്നൂർ | 9 | |
| 12 | കൾച്ചറൽ അസോസിയേഷൻ ഓഫ് പുറത്തൂർ | 5 | |
| 13 | ചാരിറ്റബിൾ സൊസൈറ്റി-വാളമരുതൂർ | 12 | |
| 14 | യുവരശ്മി കലാസാംസ്കാരിക വേദി- കാവഞ്ചേരി | 12 | |
| 15 | വിനീത സ്പോർട്ട്സ് ക്ലബ്-വാളമരുതൂർ | 12 | |
| 16 | നളന്ദ കൾച്ചറൽ അസോസിയേഷൻ- പടിഞ്ഞാറെക്കര | 13 | പഞ്ചായത്ത് ധന സഹായം ലഭിക്കുന്നു |
| 17 | കൾച്ചറൽ യൂത്ത് ഫെഡറേഷൻ കല്ലൂർ | 5 | |
| 18 | ഏവൺ സ്പോർട്സ് ക്ലബ്- അത്താണിപ്പടി | 11 | |

ഇവിടെ ഉത്സവദിനങ്ങളാണ്. കുംഭമാസത്തിൽ ദിവസങ്ങൾ നീണ്ട്നിൽക്കുന്ന 'കൂത്ത്' ഉത്സവം നടന്നു വരുന്നു. രാമായണം കഥ പാവയെകൊണ്ട് പറയിപ്പിക്കുന്ന രൂപത്തിലാണ് കൂത്ത് അവതരിപ്പിക്കുന്നത്. അറബിക്കടലിനും തിരൂർ-പൊന്നാനിപ്പുഴയുടെയും ഇടയിൽ പടിഞ്ഞാറെക്കര ഭാഗത്ത്, 200ൽപരം വർഷം പഴക്കമുള്ള 'കാട്ടിലപ്പള്ളി' ജുമാ മസ്ജിദ് സ്ഥിതിചെയ്യുന്നു. 'മുട്ടന്നൂർ ജുമാമസ്ജിദ്' ആണ് ഏറ്റവും പഴക്കം ചെന്ന പള്ളി എന്ന് കേൾക്കുന്നു.

രണ്ട് കരാട്ടെ പരിശീലന കേന്ദ്രങ്ങളും ഈ പഞ്ചായത്തിൽപ്രവർത്തിക്കുന്നുണ്ട്. കൊല്ലങ്ങൾക്ക് മുൻപ് ഈ പ്രദേശത്തെ നാട്ടുപ്രമാണിമാരിൽ പ്രഗൽഭന്മാരായിരുന്ന ഇടമുറ്റത്തു പണിക്കന്മാരുടെ വക ഒരു കളരിസംഘം ഈ പഞ്ചായത്തിന്റെ 3-ാം വാർഡിൽ ഉണ്ടായിരുന്നു. ഇതിന്റെ കെട്ടിടം ജീർണിച്ച് കാടുകയറിയ അവശിഷ്ടങ്ങൾ ഇന്നും കാണാവുന്നതാണ്.

കാവിലക്കാട്ടിൽ ഉണ്ടായിരുന്നതും എന്നാൽ ഇപ്പോൾ പുനർനിർമ്മാണം നടത്തുന്നതുമായ 'പുലരിടാക്കീസ്' ആണ് ഈനിവാസികളുടെ ഏക വിനോദകേന്ദ്രം. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പടിഞ്ഞാറെക്കരയിലും വാളമരുതൂരും ഓരോ ടെലിവിഷൻ സെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. മഹാകവി വള്ളത്തോളിന്റെയും കുറ്റിപ്പുറത്തു കേശവൻ നായരുടെയും ജന്മം കൊണ്ടനുഗ്രഹീതമായ ചേന്നരയിലെ, ഈ പ്രദേശം ഉൾകൊള്ളുന്ന പുറത്തൂർ പഞ്ചായത്തിന്റെ മറ്റേതെങ്കിലും പ്രദേശത്തോ ഇവരുടെ ഓർമക്കായി ഒരു സ്ഥാപനവും ഇല്ലാ എന്നത് വേദനാജനകമാണ്.
2. ചേന്നരയിൽ നിലവിലുള്ള സാംസ്കാരിക നിലയവും ലൈബ്രറിയും നിർജ്ജീവാവസ്ഥയിലാണ്.
3. ഈ പഞ്ചായത്തിൽപ്രവർത്തിക്കുന്ന പല വായനശാലകളും, ക്ലബുകളും, കലാസമിതികളും, നിർജ്ജീവാവസ്ഥയിലാണ്.
4. കലാ-സാംസ്കാരിക കേന്ദ്രങ്ങളുടെ അഭാവം നിമിത്തം പഴയ കലാരൂപങ്ങളായ തെയ്യം, തെറ-പൂതൻ, കോൽക്കളി, ദഫ്മുട്ട്, അറവന മുട്ട് മുതലായവ ഈ പ്രദേശത്തുനിന്നും അപ്രത്യക്ഷമായിക്കൊണ്ടി രിക്കുന്നു.
5. കലാകായികരംഗത്ത് ഈപഞ്ചായത്തിലെ യുവതിയുവാക്കൾക്ക് യാതൊരുവിധ പ്രോത്സാഹനവും ലഭിക്കുന്നില്ല.
6. ഒരു പൊതു കളിസ്ഥലത്തിന്റെ അഭാവം ഈപ്രദേശത്ത് കൂടുതൽ മുരടിപ്പിക്കുന്നു.

## സാധ്യതകൾ

1. നിർജ്ജീവമായികിടക്കുന്ന എല്ലാ കലാ സാംസ്കാരിക കേന്ദ്രങ്ങളും വായനശാലകളും പ്രവർത്തനക്ഷമമാക്കാൻ വേണ്ടി നടപടി സ്വീകരിക്കണം .
2. ചേന്നരയിൽ നിലവിലുള്ള പഞ്ചായത്ത് സാംസ്കാരികകേന്ദ്രം കെട്ടിടം പൊളിച്ച് ഇരുനിലകെട്ടിടമാക്കി, ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പൻസറിക്ക് താഴത്തെ നിലയിൽ സൗകര്യം കൊടുക്കുകയും മുകളിലത്തെ നിലയിൽ കമ്യൂണറ്റിഹാളും ലൈബ്രറിയും പ്രവർത്തിക്കുകയും ചെയ്യാവുന്നതാണ്.
3. ചേന്നരയിൽ നിലവിലുള്ള ഉപയോഗശൂന്യമായ 'വള്ളത്തോൾ സ്മാരക വെയിറ്റിംഗ് ഷെഡ്' ആവശ്യമായരീതിയിൽ മാറ്റം വരുത്തി റീഡിംഗ് റൂം ആക്കി മാറ്റണം.
4. പതുപ്പള്ളി, മരവന്ത, വാളമരുതൂർ, കാവഞ്ചേരി, കളൂർ, മുട്ടന്നൂർ, ആത്താണിപ്പടി എന്നിവിടങ്ങളിൽ ലൈബ്രറിയും, വായനശാലയും, സ്പോർട്സ് ക്ലബുകളും പ്രവർത്തിക്കാനാവശ്യ സംവിധാനമുണ്ടാക്കി സാമഗ്രികൾ വിതരണം ചെയ്ത് പ്രവർത്തിപ്പിക്കേണ്ടതാണ്.
5. കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന തൃത്തല്ലൂർ അത്താണിപ്പടി എന്നീ സമിതികളുടെ നിർജ്ജീവാവസ്ഥ മാറ്റിയെടുക്കേണ്ടതാണ്.
6. ഗ്രന്ഥാലയം, വായനശാല, ടെലിവിഷൻ, യോഗസൗകര്യങ്ങൾ എന്നിവയോട് കൂടിയ ഒരു സാംസ്കാരികനിലയം പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

7. സന്നദ്ധ സംഘടനകൾ നടത്തുന്ന വായനശാലകൾക്കും ക്ലബുകൾക്കും പഞ്ചായത്തിൽനിന്ന് ഗ്രാന്റ് കൊടുത്ത് പ്രോത്സാഹിപ്പിക്കണം

8. ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശമായ പടിഞ്ഞാറേക്കര, പണ്ടാഴി എന്നിവിടങ്ങളിൽ നിലവിലുള്ള സാംസ്കാരികകേന്ദ്രങ്ങൾക്ക് ഫർണിച്ചറും മറ്റ് ഉപകരണങ്ങളും കൊടുത്ത് പ്രവർത്തന ക്ഷമമാക്കണം.

9. യുവജനക്ഷേമ വകുപ്പിന്റെയും സാംസ്കാരിക വകുപ്പിന്റെയും സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്ന പദ്ധതികളെപറ്റി സാംസ്കാരിക കേന്ദ്രങ്ങൾ നടത്തുന്ന യുവജനങ്ങൾക്ക് ബോധവൽക്കരണക്ലാസ്സുകളും ക്യാമ്പുകളും നടത്തണം.

10. അക്രമങ്ങൾക്കും അശ്ലീല പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്ന വാർത്താമാധ്യമങ്ങളുടെ പരിപാടികൾ വീക്ഷിക്കുന്ന ഇന്നത്തെ യുവജനങ്ങൾക്ക് അതിനെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തേണ്ടതാണ്.

11. പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലത്തിനുള്ള സ്ഥലം കണ്ടെത്തി നിർമ്മിക്കേണ്ടതാണ്.

12. നാട്യ സംഘം സ്ഥാപിക്കാൻ തയ്യാറാകുന്ന സംഘങ്ങൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

13. മഹിളകൾക്ക് പ്രത്യേകമായി ഒരു വിനോദ വിജ്ഞാന കേന്ദ്രം സ്ഥാപിച്ച് സൗകര്യം ഉണ്ടാക്കണം.

14. മഹാകവി വള്ളത്തോളിന്റെ ജന്മനാടായ ചേന്നരയിൽ അദ്ദേഹത്തിന് ഉചിതമിയ സ്മാരകം നിർമിക്കണം.

5.9

# വനിതകൾ ഇന്ന്

ജനസംഖ്യാ കണക്കനുസരിച്ച്, പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലാണ്. എന്നാൽ സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ അവർ ഇന്നും പിന്തള്ളപ്പെട്ടു കിടക്കുകയാണ്. ഈ അവസ്ഥയാണ് പുറത്തൂർ പഞ്ചായത്തിലും ഉള്ളത്. ഈ പിന്നോക്കാവസ്ഥയ്ക്കു കാരണം സ്ത്രീകളിൽ അധികം പേരും തൊഴിൽ രഹിതരാണെന്നുള്ളതാണ്. സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഉള്ളത് കാർഷിക രംഗത്തും കയർ രംഗത്തും മത്സ്യ ബന്ധന രംഗത്തും ആണ്. ഇതിൽ കാർഷിക രംഗത്തെ തൊഴിലിനോട് സ്ത്രീകൾക്ക് ആഭിമുഖ്യം കുറഞ്ഞു വരികയാണ്. അതിനാൽ ആ രംഗത്തു പ്രവർത്തിക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. കയർ, ചെമ്മീൻ അരിച്ചുപിടിക്കൽ തുടങ്ങിയ മേഖലകളിൽ കൂടുതലും വനിതകളാണ്. എന്നാൽ അതിനുള്ള ആധുനിക സജ്ജീകരണം ഈ പഞ്ചായത്തിൽ ലഭ്യമല്ല. ഈ മേഖലകളിൽ തൊഴിൽ പരമായ ബോധവൽക്കരണം ഒന്നും തന്നെ ഇല്ല.

തൊഴിൽ ചെയ്യുവാൻ സന്നദ്ധരായ നിരവധി സ്ത്രീകൾ, അഭ്യസ്തവിദ്യരടക്കം ഈ പഞ്ചായത്തിൽ ഉണ്ട്. വനിതകളുടെ ഉന്നമനത്തിനുള്ള യാതൊരു വേദികളും ഇവിടെ ഇല്ല. മഹിളാ സമാജങ്ങൾ അങ്ങിങ്ങ് ഉണ്ടെങ്കിലും അവ പ്രവർത്തനക്ഷമമല്ല. സി.ബി. എൻ.പി. യുടെ പ്രവർത്തനം ചില പ്രദേശങ്ങളിൽ കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും അവരുടെ ശ്രദ്ധ പതിയാത്ത പ്രദേശങ്ങളും ഉണ്ട്. സ്വയം തൊഴിൽ കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. തൊഴിൽചെയ്യുന്നവരുടെ കുട്ടികളെ പരിപാലിക്കുന്നതിനുള്ള ശിശു പരിപാലന കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കൂലിയുടെ കാര്യത്തിൽ സ്ത്രീ പുരുഷ വിവേചനം ഇന്നും നിലനിൽക്കുന്ന മേഖലകളുണ്ട്. വനിതകളുടെയും ഗർഭിണികളുടെയും, കുട്ടികളുടെയും ആരോഗ്യ നില മെച്ചപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ എണ്ണവും പരിമിതമാണ്.

സ്ത്രീകളുടെ സംരക്ഷണയിൽ തന്നെ കഴിയുന്ന ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അതുപോലെ തന്നെ പട്ടികജാതിയിലും മറ്റു പിന്നോക്ക വിഭാഗത്തിലും ഉള്ള സ്ത്രീകൾ ധാരാളം ഉണ്ട്. അവർ

വിദ്യാഭ്യാസപരമായും സാംസ്കാരികമായും വളരെ പിന്നിലാണ്. സ്ത്രീ സമുദ്ധാരണത്തിന് ഒരു പ്രധാന ഘടകമാണ് അംഗൻവാടി. പലപ്രദേശങ്ങളിലുമായി 23 അംഗൻവാടികൾ നിലവിലുണ്ട്. അവിടെ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ന്യായമായ വേതനം നല്കപ്പെടുന്നില്ല.

ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ ഇല്ല. വിദ്യാഭ്യാസ രംഗത്തും, സഹകരണ രംഗത്തും, ആരോഗ്യ പരിപാലന രംഗത്തും സന്നദ്ധ സേവന രംഗത്തും രാഷ്ട്രീയ രംഗത്തും ശാസ്ത്ര സാഹിത്യ പരിഷത്ത്, മഹിളാ അസോസിയേഷൻ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾ ഈ പഞ്ചായത്തി ലുണ്ട്. ചുരുക്കത്തിൽ, നേതൃത്വം വഹിക്കാനും തൊഴിൽ ചെയ്യാനും കഴിവുള്ള വനിതകൾ ഉണ്ടെങ്കിലും അതിനുള്ള സാധ്യതകൾ ഇന്നില്ല.

## വനിതാക്ഷേമ പദ്ധതികളുടെ അവലോകനം.

DWCRA പദ്ധതി പ്രകാരം രണ്ട് കയർ യൂണിറ്റുകളും ഒരു സിമന്റ് ഇഷ്ടിക നിർമ്മാണ കേന്ദ്രവും ആരംഭിച്ചിരുന്നു, എങ്കിലും അവയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. 23 അംഗൻവാടികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

മഹിളാ സമാജങ്ങളുടെ അഭാവംമൂലം ഇത്തരം പദ്ധതികളുടെ പ്രയോജനം വേണ്ടവിധ ത്തിൽ നേടിയെടുക്കുന്നതിന് സാധിച്ചിട്ടില്ല.

## പ്രശ്നങ്ങൾ

1. സ്ത്രീകൾക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ ഇല്ല.
2. വിദ്യാഭ്യാസ പരമായി മുൻപന്തിയിലെത്തിയിട്ടുള്ള വനിതകൾ കുറവാണ്.
3. മുഴുവൻ സ്ത്രീകളും സംഘടിതരല്ല.
4. പൊതു വേദികളിലെത്തുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്.
5. ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ കുറവാണ്. ഉള്ളയിടത്തുതന്നെ വനിതാ ഡോക്ടർ ഇല്ല.
6. ജോലിക്കു പോകുന്ന വനിതകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനാവശ്യമായ ക്രഷുകൾ ഇല്ല.
7. ചില മേഖലകളിൽ വനിതകളുടെ കൂലിനിരക്ക് പുരുഷനെ അപേക്ഷിച്ച് കുറവാണ്. സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന വനിതകൾ ചൂഷണം ചെയ്യപ്പെടുന്നു. ജോലി സുരക്ഷിതത്വമോ, അർഹമായ വേതനമോ അവർക്ക് ഇല്ല.
8. മദ്യപാനം, സ്ത്രീ പീഡനം, സ്ത്രീധന പ്രശ്നങ്ങൾ എന്നിവ രൂക്ഷമാണ്. സ്ത്രീക ളുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വേദി പഞ്ചായത്തടിസ്ഥാനത്തിൽ ഇല്ല.
9. അന്ധവിശ്വാസം, ഭയം, കുടുംബ പ്രാരാബ്ധം, അസ്വാതന്ത്ര്യം തുടങ്ങി നിരവധി നൂലാ മാലകൾ സ്ത്രീകളെ അലട്ടുന്നു.
10. സ്ത്രീകൾ ഗൃഹനായികമാരായുള്ള കുടുംബ ങ്ങൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നില്ല.
11. അഭ്യസ്തവിദ്യരിൽ തൊഴിലുള്ളവരും ഇല്ലാത്തവരും സ്ത്രീസമൂഹത്തിൻെറ ഉയർച്ചക്കുവേണ്ടി പ്രവർത്തിക്കുന്നില്ല. വിവിധ സംഘടനകൾ വഴി അറിവു നേടുന്ന സ്ത്രീകളുടെ പ്രയോജനവും ഇന്നു സ്ത്രീസമൂഹത്തിന് ലഭിക്കുന്നില്ല.
12. ബസ്സിൽ സ്ത്രീകളുടെ യാത്രാ സൗകര്യം പരിമിതമാണ്. അനുവദിച്ച സീറ്റുപോലും അവർക്ക് ലഭിക്കുന്നില്ല. പൂവാലശല്യവും പ്രായഭേദമന്യേ അനുഭവപ്പെടുന്നു.
13. സ്ത്രീകൾക്ക് ജോലി സംവരണം ഇല്ല. സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങൾ യഥാ സമയം ലഭിക്കുന്നില്ല. മഹിളാ സമാജങ്ങൾ എല്ലാ സ്ഥലത്തും ഇല്ല. ഉള്ളവ പ്രവർത്തന ക്ഷമവും അല്ല
14. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
15. സ്ത്രീകൾക്കായി പ്രത്യേകം വായനശാലകൾ ഒന്നും തന്നെയില്ല.
16. സ്കൂളിലെ മാതൃസംഗമങ്ങളിൽ അമ്മമാരുടെ പങ്കാളിത്തം കുറവാണ്.
17. വനിതകൾ ആശയപരമായി വളർന്നിട്ടില്ല. ബലാൽസംഗം പോലുള്ള അതിക്രമങ്ങൾ നടന്നാൽ അതിനെതിരായി പ്രതികരിക്കുന്നില്ല.

## പ്രശ്നപരിഹാര നിർദ്ദേശങ്ങളും സാധ്യതകളും

1. എല്ലാ വാർഡുകളിലും വനിതാ സഹായ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. അതിനു കീഴിൽ തയ്യൽ പരിശീലന കേന്ദ്രങ്ങൾ, കയറുൽപ്പന്ന നിർമ്മാണ കേന്ദ്രങ്ങൾ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കമ്പ്യൂട്ടർ സെന്റർ, സോപ്പ് നിർമ്മാണം, ചോക്ക് നിർമ്മാണം, കൈതയുടെ ഓല, ചകിരിനാര്, ചിരട്ട, കളിമണ്ണ് തുടങ്ങിയ പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്നതിനും, കുടിൽ വ്യവസായ രീതിയിൽ തുടർന്നും ഇത്തരം തൊഴിലിൽ ഏർപ്പെടാൻ വേണ്ട ധനസഹായംകൂടി നൽകേണ്ടതുമാണ്. മൂലധനമായി അയൽ കൂട്ടങ്ങളുടെ രൂപീകരണത്തിലൂടെയും, അതാതുകാലത്ത് ബ്ലോക്കുവഴി അനുവദി ക്കുന്ന സഹായധനങ്ങളിലൂടെയും ഉദാരമതി കളുടെ സഹായത്തിലൂടെയും ഇതിനുള്ള വക കണ്ടെത്താവുന്നതാണ്.

   ആട്, കോഴി, കറവപ്പശുക്കൾ എന്നിവ വളർത്തുവാൻ തയ്യാറായി വരുന്ന സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. ക്ഷീരോല്പാദന –വിപണന മേഖലകളിൽ വനിതകൾക്ക് മുൻതൂക്കം നൽകണം. വീടുകളോടു ബന്ധപ്പെട്ട് അച്ചാറ്, പപ്പടം, പച്ചക്കറികൃഷി, കുറ്റിമുല്ലകൃഷി എന്നിവ നടത്തുവാൻ തയ്യാറുള്ളവർക്ക് ധനസഹായവും നല്ലയിനം വിത്തുകളും മറ്റും ലഭ്യമാക്കാവുന്നതാണ്.

2. സാമ്പത്തിക പരാധീനതമൂലം പഠിക്കാൻ അവസരം ലഭിക്കാത്ത സമർത്ഥരായ വിദ്യാർത്ഥിനികളെ ദത്തെടുത്ത് പഠിപ്പിക്കുന്ന ഒരു രീതി നടപ്പിൽവരുത്തുകയാണങ്കിൽ, ഈ രംഗത്ത് പഞ്ചായത്തിലെ വിവിധ സ്ഥാപന ങ്ങളുടെ സഹായ സഹകരണങ്ങൾ ഉപയോഗ പ്പെടുത്താവുന്നതാണ്.

3. ചെറിയ ചെറിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം, ബോധവൽക്കരണം എന്നിവയി ലൂടെ സത്രീകളെ സംഘടപ്പിക്കാം.

4. വിമർശനങ്ങളെ ചങ്കൂറ്റത്തോടുകൂടി ഉൾക്കൊള്ളാനുള്ള പരിശീലനം, അയൽക്കൂട്ട യോഗങ്ങളിലൂടെയുള്ള നിരന്തരമായ ബോധവൽക്കരണം ഇവയിലൂടെ പൊതു വേദിയിൽ സത്രീപങ്കാളിത്തം വർദ്ധിപ്പിക്കാം.

5. നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തം കാര്യക്ഷമമാക്കുകയും ലേഡീ ഡോക്ടർമാരെ നിയമിക്കുകയും ചെയ്യണം.

6. ജനപങ്കാളിത്തത്തോടുകൂടി സാധിക്കാവു ന്നത്ര കേന്ദ്രങ്ങളിൽ ക്രഷുകൾ സ്ഥാപിക്കുക. ഉപഭോക്താക്കളുടെ സാമ്പത്തിക സഹ കരണം തീർച്ചയായും ലഭിക്കും. വനിതകൾക്ക് തൊഴിൽ സാധ്യതയും ഉണ്ട്.

7. നിയമം മൂലം സത്രീകളുടെയും പുരുഷന്മാരുടെയും കൂലി നിരക്ക് ഏകീകരിക്കേണ്ടതാണ്. അതോടപ്പം തന്നെ സ്വകാര്യ മേഖലയിലടക്കം ജോലിസ്ഥിരതയും അർഹമായ വേതനയും ഉറപ്പ് വരുത്താവുന്ന താണ്. സർക്കാരിൻെറ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ വേണ്ടതാണ്. തൊഴിൽ സംവരണം കൂടി നടപ്പിൽ വരുത്തേണ്ടതാണ്.

8. കുടുംമ്പ കോടതികൾ പഞ്ചായത്തു തലത്തിൽ തന്നെ രൂപീകരിക്കണം. മദ്യപാനം മൂലമുണ്ടാകുന്ന കുടുംമ്പ കലഹങ്ങൾ, സ്ത്രീധനപ്രശ്നങ്ങൾ, സ്ത്രീകൾക്കെതിരായി വരുന്ന മറ്റു പീഡനങ്ങൾ എന്നിവ അപ്പപ്പോൾത്തന്നെ ജനശ്രദ്ധയിൽ കൊണ്ടു വരുന്നതിന്നും സാധിക്കാവുന്നത്ര പരിഹാര ങ്ങൾ ഉണ്ടാക്കുന്നതിനും കഴിയണം. അവിവാ ഹിതരായ അമ്മമാരെന്ന പരിഹാസ പാത്രമായി സത്രീയെ മാറ്റുന്നതിനു പകരം ഉത്തരവാദിയായ പുരുഷനെ കണ്ടത്തി ആ സത്രീയുടെ ജീവിത സംരക്ഷണം ഉറപ്പുവരുത്തുവാനും ഈ സംവിധാനത്തിനു കഴിയും. പുരുഷന്മാരുടെ സഹകരണവും വേണ്ടത്ര ഉപയോഗപ്പെടുത്തണം

9. ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. വളരെയേറെ പിന്നോക്കം നിൽക്കുന്ന നമ്മുടെ വനിതകളെ ആശയപരമായി വളർത്തുകയെന്നതാണ് അതിപ്രധാനമായ കടമ അന്ധവിശ്വാസം,

ഭയം, കുടുംബപ്രാരാബ്ധം, അസ്വാതന്ത്ര്യം തുടങ്ങി നിരവധി നൂലാമാലകളിൽ പെട്ടു വിഷമിക്കുന്നവരുടെ മോചനത്തിനായുള്ള അക്ഷീണപരിശ്രമംതന്നെ നടത്തണം. അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ വളരെയധികം പ്രതിബന്ധങ്ങളും പ്രയാസങ്ങളും നേരിട്ടാൽ തന്നെയും ചരിത്ര പരമായ കടമകൾ പൂർത്തിയാക്കുക തന്നെ വേണം. അതിനായി വിവിധ സംഘടനകളിൽക്കൂടിയും മറ്റും സംസ്ഥാനതലം വരെയുള്ള മേഖലകളിൽ എത്തിപ്പെടുവാനും, പ്രവർത്തിക്കുവാനും കഴിഞ്ഞ വനിതകളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. കൂടാതെ വനിതകൾക്കു വേണ്ടി പ്രവർത്തിക്കുന്ന മുഴുവൻ സംഘടനകളുടെയും ഒരു ഐക്യവേദി ഉണ്ടാക്കിയെടുക്കാവുന്നതാണ്. സ്ത്രീധനം, സ്ത്രീപീഡനം, ബലാൽസംഗങ്ങൾ, മദ്യപാനത്തിനെതിരായ ബോധവൽകരണം, അർഹതയുള്ള ആനുകൂല്യങ്ങൾ അനുവദിക്കാതിരിക്കൽ, പൊതുരംഗത്ത് എത്തുന്ന സ്ത്രീകൾക്ക് ഏൽക്കേണ്ടിവരുന്ന അവഹേളനം എന്നീ സമസ്ത മേഖലകളിലേയും പീഡനങ്ങൾക്കെതിരായി ഐക്യത്തോടുകൂടി മുന്നേറുന്ന ശക്തിയായി ഈ സംഘത്തെ വളർത്താവുന്നതാണ്. എല്ലാവിധ ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനുള്ള ബോധവൽകരണത്തിൽ വിദ്യാർത്ഥികളെക്കൂടി പങ്കാളികളാക്കണം.

10. പിന്നോക്ക മുന്നോക്ക പരിഗണന കൂടാതെ തന്നെ സ്ത്രീകൾ ഗൃഹനായികമാരായുള്ള, സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന മുഴുവൻ കുടുംബങ്ങളേയും കണ്ടെത്തി അർഹമായ ധനസഹായം, പലിശയിളവ് മുതലായവ നൽകേണ്ടതാണ്.

11. വനിതകളെ സംഘടനകൾ വഴി അറിവുള്ളവരാക്കി മാറ്റിയാൽ അത്തരം വനിതകൾ സ്ത്രീസമൂഹത്തിന് പ്രയോജന കരമായിത്തീരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ചുമതല അതാതു സംഘടനകൾ ഏറ്റെടുക്കേണ്ടതാണ്. കർശനമായ നിയമങ്ങൾ വഴി ഈ പ്രശ്നത്തിനു പരിഹാരം കാണാവുന്നതാണ്. ഈ നിയമം നടപ്പിലാക്കുവാൻ വൈമുഖ്യം കാണിക്കുന്നവർ ശിക്ഷിക്കപ്പെടേണ്ടതുമാണ്.

12. മഹിളാ സമാജങ്ങളുടെ രൂപീകരണം അടിയന്തിര പ്രാധാന്യത്തോടു കൂടി എല്ലാവാർഡുകളിലും നടത്തേണ്ടതാണ്. വിവിധ ഇനങ്ങളിലായി തൊഴിൽ മേഖലയിൽ ബ്ലോക്കു മുഖേന സർക്കാർ അതതു കാലങ്ങളിൽ അനുവദിക്കുന്ന സഹായ ധനങ്ങളെക്കുറിച്ച് കൃത്യ സമയത്തുതന്നെ മനസ്സിലാക്കുന്നതിന്നും നേടിയെടുക്കുന്നതിന്നും ഇതുവഴി സാധിക്കും. തൊഴിലുപകരണങ്ങൾ- ചെമ്മീനരിപ്പ, കൃഷിയുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന്ന് അർഹതപ്പെട്ട എല്ലാ വനിതകൾക്കും സാധിക്കും. പച്ചക്കറി വിത്തുകൾ, ഫലവൃക്ഷങ്ങൾ എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ തന്നെ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന്നും ഇതുവഴി സാധിക്കും.

13. വളരെയധികം സ്ത്രീകൾ ബസ്സ് യാത്രക്കും മറ്റും തിങ്ങിക്കൂടുന്ന സ്ഥലങ്ങളിൽ മൂത്രപ്പുരയും, കക്കൂസും സ്ഥാപിക്കേണ്ടതാണ് ഈ പ്രശ്നത്തിനു മുൻകൈ എടുക്കേണ്ടത് പഞ്ചായത്തു തന്നെയാണ്. ഉപയോഗിക്കുന്നവരിൽനിന്ന് ചുരുങ്ങിയ ഫീസും ഈടാക്കാവുന്നതാണ്. ഒരു വനിതയ്ക്ക് ജോലിസാധ്യതയും ഇതു വഴി ഉണ്ടാകും. സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥകൂടി ഈ ആവശ്യത്തിന് പിന്നിലുണ്ടെന്ന് മനസ്സിലാക്കേണ്ടതാണ്

14. പഞ്ചായത്ത് അടിസ്ഥാനത്തിൽ സാക്ഷരതാ പ്രവർത്തനത്തെക്കൂടി പ്രോൽസാഹിപ്പിക്കുവാൻ സഹായകമായ രീതിയിൽ വായനശാലകൾ ഉണ്ടാക്കണം. ഇതിലേക്കാവശ്യമായ പുസ്തകങ്ങളും ഫണ്ടുകളും ഉദാരമതികളായ ജനങ്ങളിൽ നിന്ന് ശേഖരിക്കാവുന്നതാണ്. ഇതിൻെറ ചുമതല മഹിളാ സമാജങ്ങളെ ഏൽപിക്കാവുന്നതാണ്.

15. വിവിധ മേഖലകളിൽ നടക്കുന്ന ബോധവൽക്കരണത്തിന്റെ ഫലമായി മാതൃസംഗമങ്ങളിലെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ സാധിക്കും.

16. ബോധവൽക്കരണം കൂട്ടായരീതിയിൽ നടത്തി അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള ശേഷി നേടിയ ഒരു അജയ്യശക്തിയായി സ്ത്രീ സമൂഹത്തെ മാററണം. കർമ്മശേഷിയുള്ള സ്ത്രീകൾ ഈ ലക്ഷ്യം മുൻനിർത്തി നേതൃനിരയിൽ നിന്ന് മററുള്ളവരെ നയിക്കണം. ആശയപരമായി ആയുധമണിയാൻ കഴിയുന്ന സ്ത്രീ ഒരു ഉജ്ജ്വല ശക്തിയായി മാറും. സ്ത്രീകളുടെ സുരക്ഷിതത്ത്വമില്ലായ്മയ്ക്ക് ഇതൊന്നു മാത്രമാണ് പരിഹാരം.

17 വനിതാവികസനകോർപറേഷൻ, ന്യൂനപക്ഷ വികസനകോർപറേഷൻ എന്നിവ മുഖേനയുള്ള ധനസഹായം ലഭ്യമാക്കണം.

18. സാക്ഷരതയുടെയും സംസ്ക്കാരത്തിൻെറയും ഔന്നത്യത്തിൽ വിഹരിക്കുന്നു എന്ന് അഭിമാനിക്കുന്ന കേരളത്തിൻെറ മതസൗഹാർദ്ദത്തെ അരക്കിട്ടുറപ്പിക്കുന്ന ഒരു കണ്ണിയായി മിശ്രവിവാഹത്തിലേർപ്പെടുന്ന ദമ്പതികളെ കാണണം അവളെ കുറ്റപ്പെടുത്തി, ഒറ്റപ്പെടുത്തുന്ന രീതി നിരുൽസാഹപ്പെടുത്തണം. മാനഭംഗത്തി നിരയാകുന്ന പെൺകുട്ടിയെ മാത്രം കുററപ്പെടുത്തുന്ന– പുരുഷൻ കുറ്റവാളിയല്ലെന്ന അവഹളന പരമായ സമീപനം അവസാനിപ്പിക്കണം. പുരുഷ മേധാവിത്വം ഇക്കാര്യത്തിൽ സ്വീകാര്യമല്ല. സത്രീ അബലയാണെന്ന് സ്വയം അംഗീകരിച്ചു കൊടുക്കുന്ന അവസ്ഥ മാറണം

ജാതി-മത-വർണ്ണ-വർഗ്ഗ ചിന്തകൾക്കതീതമായി എല്ലാ സത്രീകളും നേരിടുന്ന പ്രശ്നങ്ങൾ ഒന്നുതന്നെയാണെന്ന ബോധം ഉണ്ടാക്കിയെടുക്കുന്നതിനും ഇതിനു പരിഹാരം കാണേണ്ടത് സ്ത്രീ സമൂഹത്തിൻെറ മൊത്തത്തിലുള്ള കടമയാണെന്നും ഉള്ള ബോധം മുഴുവൻ പേരിലും ഉണ്ടാക്കുവാൻ കഴിയണം. ദേശീയോദ്ഗ്രഥനത്തെ സഹായിക്കത്തക്ക രീതിയിൽ ധാരാളം പ്രവർത്തനങ്ങൾകാഴ്ച വയ്ക്കുന്നതിന്ന് സത്രീ സമൂഹത്തിന്നു കഴിയും. സാക്ഷരതയുടെയും സംസ്കാരത്തിൻെറയും ഉന്നത ശ്രേണിയിലെത്തി നിൽക്കുന്നു എന്നഭിമാനിക്കുന്ന കേരളത്തിൻെര വിവിധ കോണുകളിൽനിന്ന്, പത്രമാധ്യമങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്ന എണ്ണമറ്റ ആത്മഹത്യകളുടെയും ബലാൽസംഗങ്ങളുടെയും ചിത്രം നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. ഇതിന് ഒരു പരിധി വരെ കാരണമായി മാറുന്ന പൈങ്കിളി പ്രസിദ്ധീകരണങ്ങളും അശ്ലീല ചിത്രങ്ങളും ബഹിഷ്കരിക്കുന്നതിനും നിയമം മൂലം നിരോധിക്കുന്നതിനും സത്രീകൾതന്നെ മുൻകൈ എടുക്കണം. ഭരണരംഗത്തെത്തിയ സത്രീകൾ ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും കാണിക്കരുത്.

സത്രീസംവരണം ആരുടെയും ഔദാര്യമല്ലെന്നും ജനസംഖ്യാനുപാതത്തിൽ അവർക്ക് അർഹതപ്പെട്ടതാണന്നും ഭരണാധികാരികളെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ വനിതകൾക്കു കഴിയണം. ഇതൊരു തുടക്കം മാത്രമാകട്ടെ! അജയ്യശക്തിയായി നമുക്ക് മുന്നേറാം.

116

5.10

# സഹകരണം

അവസ്ഥ

19.2.1958 ലാണ് ആദ്യമായി പുറത്തൂർ പഞ്ചായത്തിൽ പുറത്തൂർ കയർ വ്യവസായ സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സ്ഥാപനം രൂപീകരിച്ചത്. തുടർന്ന് 23-6-64 ന് വായ്പാ മേഖലയിൽ പുറത്തൂർ സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സ്ഥാപനം കൂടി രൂപീകരിച്ചു. ആദ്യത്തേത് കയർ വ്യവസായ രംഗത്തെ തൊഴിലാളികളുടെ ക്ഷേമത്തിന്നാണ് രൂപീകരിച്ചത്. രണ്ടാമത്തേത് കൃഷിക്കാരുടെ ഉന്നമനത്തിന്ന് വേണ്ടിയാണ് രൂപീകരിച്ചത്. ഈ സ്ഥാപനങ്ങൾ വരുന്നതിന് മുമ്പ് പൊന്നാനി പി.സി.സി മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധി ആയിരുന്നു പുറത്തൂർ പഞ്ചായത്ത്. പണ്ട് കാലങ്ങളിൽ പ്രത്യേകിച്ച് ഭക്ഷ്യക്ഷാമമുണ്ടായ അവസരത്തിൽ പി.സി.സി സൊസൈറ്റിയുടെ സേവനം വളരെ പരിമിതമായാണെങ്കിലും പുറത്തൂർ പഞ്ചായത്തിന്ന് ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ച് ചേർന്നാണ് ഇത്തരത്തിലുളള സഹകരണ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ളത്. കയർ വ്യവസായ സഹകരണ സംഘത്തിന്റെ സ്ഥാപകനും, ചീഫ് പ്രമോട്ടറും ശ്രീ, എം. സി.ബാലകൃഷ്ണനുണ്ണിനായരായിരുന്നു. പുറത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥാപകരിൽ പ്രധാനികൾ ശ്രീ, എം.സി.ബാലകൃഷ്ണനുണ്ണി നായർ, സർവ്വശ്രീ സി. കെ.നാണു, പി. ഗംഗാധരൻ നായർ, യു.പി. നാരായണൻ, കെ.പി. ദാമോദരമേനോൻ, എന്നിവരായിരുന്നു. ഇവരുടെ പേരുകൾ ഈ അവസരത്തിൽ സ്മരിക്കുന്നത് ഉചിതമായിരിക്കും.

സഹകരണ പ്രസ്ഥാനം ഇന്ന് ജനജീവിതത്തിന്റെ എല്ലാതുറകളിലും ബന്ധപ്പെട്ടുന്ന ഒരുസേവന മേഖലയായി മാറിക്കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വായ്പാ, വ്യവസായ, വനിതാ, ക്ഷീര, മത്സ്യ മേഖലകളിൽ എല്ലാം ഇപ്പോൾ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പേരും, വിശദ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | മൂലധനം |
|---|---|---|---|---|
| 1 | പുറത്തൂർ കയർ വ്യവസായ സഹകരണ സംഘം Ltd. No:254 | 19.2.1958 | 592 | 264933 |
| 2 | പുറത്തൂർ സർവ്വീസ് സഹകരണ ബാങ്ക് Ltd. No: D19102 | 23-6-1964 | 4200 | 3,00,00000 (3കോടി) |
| 3 | മുട്ടന്നൂർ കയർ വ്യവസായ സഹ.സംഘം | | | |
| 4 | ചേന്നര കയർ വ്യവസായ സഹ. സംഘം | | | |
| 5 | പുറത്തൂർ ക്ഷീരവ്യവസായ സഹകരണ സംഘം | | | |
| 6 | പുറത്തൂർ ഹരിജൻ മത്സ്യ തൊഴിലാളി ക്ഷേമ സഹകരണ സംഘം | | | |
| 7 | പുറത്തൂർ-പടിഞ്ഞാറെക്കര ഹരിജൻ മത്സ്യതൊഴിലാളിസഹ.സംഘം | | | |
| 8 | പുറത്തൂർ-പടിഞ്ഞാറെക്കര ലൈം കളക്ഷൻ & മാനുഫാക്ച്ചറിംഗ് സൊസൈറ്റി (ഇത്തിൾ സഹകരണ സംഘം) | | | |
| 9 | പുറത്തൂർ വനിതാ സഹ. സംഘം | | | |

പഞ്ചായത്തിലെ സർവ്വീസ് സഹകരണ ബാങ്ക് ഉപഭോക്തൃ മേഖലയിലും , ഭാഗികമായി കാർഷികോൽപന്ന സംഭരണത്തിലും മറ്റും ഭാഗ ഭാകാറുണ്ടെങ്കിലും, വിതരണ, വിപണന, ഉപഭോക്തൃ മേഖലയിൽ കൂടി ഈ സ്ഥാപനത്തിന് എല്ലാ ദിവസത്തിലും വ്യാപരിക്കുവാൻ കഴിഞ്ഞിട്ടില്ല.രാസവളം, കീടനാശിനി, വിതരണ ത്തിന് പ്രത്യേക സംവിധാനമുണ്ടെങ്കിലും കാർഷികോപകരണങ്ങളായ ട്രാക്ടർ, പവർ ട്രില്ലർ, സ്പ്രയറുകൾ, മേൽത്തരം നെൽവിത്തുകൾ തുടങ്ങിയവയുടെ കൂടി വിതരണം ഈ സ്ഥാപനം വഴി ഉണ്ടാകേണ്ടതാണ്. ഭവന നിർമ്മാണ വായ്പ സഹകരണ ബാങ്കുകൾ വഴി നടപ്പിലാക്കുവാൻ നടപടി ഉണ്ടായാൽ നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഒരു പരിധി വരെ പരിഹരിക്കുവാൻ സഹകരണ വായ്പാ പ്രസ്ഥാനത്തിന് സാദ്ധ്യമാകും.

ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തെപറ്റി പറയുമ്പോൾ നമുക്ക് അഭിമാനിക്കത്തക്കരീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വളരെ കുറവാണ്. പുറത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ഒഴിച്ചാൽ ഈ മേഖലയിൽ സഹകരണസംഘങ്ങളുടെ പ്രവർത്തനം ശോചനീയമാണ്. ഈ കാലഘട്ടത്തിൽ സഹകരണ പ്രസ്ഥാനംകൊണ്ട് ജനങ്ങളുടെ ദൈനംദിനകാര്യങ്ങൾ പരിഹരിക്കു വാൻ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ ഈ പ്രസ്ഥാനത്തിന് കഴിയും. ഈ പഞ്ചായത്തിൽ ഉള്ള മുഴുവൻ ജനങ്ങളുടെയും സഹകരണം ഈകാര്യത്തിൽ വേണം.

വായ്പാരംഗത്ത് പുറത്തൂർ സർവ്വീസ് സഹകരണബാങ്ക് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ടെങ്കിലും, ഈ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും, സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുവാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഭവനനിർമ്മാണവായ്പയും മറ്റും സഹകരണ ബാങ്കിൽകൂടി വിതരണം ചെയ്താൽ നന്നായിരിക്കും ഇതിനെല്ലാം ഫണ്ടും വേണം. 2.5 കോടിയോളം നിക്ഷേപം ബാങ്കിനുണ്ടെങ്കിലും പഞ്ചായത്തിലെ നല്ല ഒരു വിഭാഗം ജനങ്ങളുടെയും നിക്ഷേപം തിരൂരിലുള്ള മറ്റുവാണിജ്യ ബാങ്കുകളിലാണ്. പഞ്ചായത്തിലെ നിക്ഷേപം മുഴുവനും ബാങ്കിന് സ്വരൂപിക്കാൻ കഴിഞ്ഞാൽ തന്നെ പഞ്ചായത്തിലെ ജനവിഭാഗങ്ങൾക്ക് മുഴുവൻ ആവശ്യങ്ങളും നിറവേറ്റുവാൻ ബാങ്കിന്ന് കഴിയും. പുറത്തൂർ പഞ്ചായത്തിലെ 1,12,2 വാർഡുകൾ മംഗലം സർവ്വീസ് സഹകരണ ബാങ്കിൻെറ

പ്രവർത്തന പരിധിയിലാണ്. ഈ ഭാഗത്തെ കൃഷിക്കാർക്ക് എല്ലാവിധവായ്പകളും മംഗലം സർവ്വീസ് ബാങ്ക് മുഖേന ലഭിക്കുന്നില്ല. നിക്ഷേപത്തിൻെറ അഭാവം കൊണ്ട് എല്ലാവിഭാഗം ജനങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ല.

കൃഷികാർക്ക് ആവശ്യമായ രാസവളം, കീടനാശിനി, വിത്ത് എന്നിവ ലഭ്യമാക്കുവാൻ സംഘം നടപടി സ്വീകരിക്കുന്നില്ല. തന്മൂലം കൃഷികാർ സ്വകാര്യ ഏജൻസികളെയാണ് ആശ്രയിക്കുന്നത്.

സഹകരണ രംഗത്തെ മറ്റു മേഖലകളിലെ സഹകരണ സ്ഥാപനങ്ങൾ നാമ മാത്രമായി മാത്രം പ്രവർത്തിക്കുന്നവയാണ്. കയർ സഹകരണ സംഘങ്ങൾ മുമ്പ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന വയാണ്. ഇപ്പോൾ പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ട്. മൂലധനമില്ലായ്മയും, പരമ്പരാഗത വ്യവസായ ങ്ങളിൽ ജനങ്ങൾക്ക് ഇന്നുള്ള താൽപര്യ കുറവുമാണ് ഈ രംഗത്തെ പ്രധാന പ്രശ്നം.

മർക്കറ്റിങ്ങ്, ഉപഭോക്തൃ മേഖലകളിൽ ഈ പഞ്ചായത്തിൽ ഇപ്പോൾ യാതൊരു സംഘവും പ്രവർത്തിക്കുന്നില്ല.

ക്ഷീര മേഖലയിൽ ഒരു സംഘം റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

പട്ടിക ജാതി സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പുറത്തൂർ വെട്ടം പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി രൂപീകരിച്ച മംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ഏറേക്കുറെ പ്രവർത്തന രഹിതമാണ്. പുറത്തൂർ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന്ന് ഈ സംഘത്തിൻെറ പ്രവർത്തനംകൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല.

വനിതകൾക്കായി 1995-ൽ ഒരു വനിതാസഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട് എങ്കിലും അതിൻെറ പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നു പറയാം.

**ഹരിജൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം**

പുറത്തൂർ പഞ്ചായത്തിൽ രണ്ട് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ രൂപികരിച്ചിട്ടുണ്ട്. പുറത്തൂർ ഹരിജൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം, പുറത്തൂർ പടിഞ്ഞാറക്കര ഹരിജൻമത്സ്യത്തൊഴിലാളി സഹകരണ സംഘം എന്നീ രണ്ട് സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയെങ്കിലും ഇപ്പോൾ പ്രസ്തുത രണ്ട് സംഘങ്ങളും പ്രവർത്തനരഹിതമാണ്.

**ലൈം കളക്ഷൻ ആന്റ് മാനുഫാക്ചറിങ്ങ് സഹകരണ സംഘം.**

ഈ സംഘം രൂപികിച്ചിട്ട് നാളുകൾ കുറെയായി. ഇപ്പോൾ പ്രവർത്തനരഹിതമാണ്. പുഴയിൽ നിന്നും കടലിൽ നിന്നും സുലഭമായി ലഭിക്കുന്ന ഇത്തിൾ സംസ്കരിച്ച് വിപണനം നടത്തുന്നതിന്നായി രൂപികരിച്ചിട്ടുള്ളത്താണ് ഈ സംഘം. ധാരാളം ആളുകൾക്ക് തൊഴിൽ സാദ്ധ്യതയുള്ളതാണ്. എന്നാൽ ഇപ്പോൾ ഈ സംഘം പ്രവർത്തനരഹിതമാണ്.

മുകളിൽ പറഞ്ഞതാണ് സഹകരണ രംഗത്തെ അവസ്ഥ.

## പ്രവർത്തനങ്ങൾ

ജനങ്ങളുടെ കാർഷിക കാർഷികേത്തര ആവശ്യങ്ങൾ മുഴുവൻ നിറവേറ്റാൻ ഇന്ന് സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. സഹകരണ ബാങ്കിലെ മെമ്പർമാർക്ക് അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറുന്ന തരത്തിൽ വായ്പ കൊടുക്കുവാൻ ഫണ്ടില്ലാത്ത ഒരവസ്ഥയാണുള്ളത്. തന്മൂലം കൃഷിക്കാർ അമിത പലിശക്കായി സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുവാൻ നിർബന്ധിതരാകുന്നു. ഇന്ന് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾകൃഷിക്കാരടക്കമുള്ള ഇടപാടുകാരെ കൊള്ളയടിക്കുകയാണ്. പുതിയ ഒരു സാമൂഹ്യ വിപത്തായി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ മാറിയിട്ടുണ്ട്. ഇത്തരത്തിൽ മൂന്ന് രജിസ്ടേർഡ്

സ്ഥാപനങ്ങളും അനേകം അനധികൃത പണമിടപാടു നടത്തുന്ന വ്യക്തികളും പഞ്ചായത്തിലുണ്ട്.

സഹകരണ ബാങ്കിൽ നിന്നും വായ്പ വാങ്ങുമ്പോൾ ഓഹരി അനുപാതം ഇടപാടുക്കാരെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. കൂടാതെ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുവാൻ കാല താമസവും നേരിടുന്നു.

വസ്തു പണയത്തിൽ മേൽ വായ്പ എടുക്കുമ്പോൾ രജിസ്ട്രേഷൻ, കുടിക്കട സർട്ടിഫിക്കറ്റ് എന്നീ ആവശ്യങ്ങൾക്ക് ഭീമമായ തുക ഇടപാടുക്കാരൻ ചിലവഴിക്കേണ്ടതുണ്ട്. ഇത് ഇടപാടുക്കാർ നേരിടുന്ന പ്രശ്നമാണ്.

പലിശനിരക്ക് ഇപ്പോഴുള്ളതിലും കുറയ്ക്കേണ്ടതാണ്. വ്യവസായ ആവശ്യങ്ങൾക്കും സഹകരണബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കേണ്ട താണ്. നബാഡിൽ നിന്നും സഹകരണ ബാങ്കുകൾക്ക് നേരിട്ട് എല്ലാം ആവശ്യങ്ങൾക്കും വായ്പ ലഭ്യമാക്കേണ്ടതാണ്. ജനങ്ങളുടെ സാമൂഹ്യമായ എല്ലാം ആവശ്യങ്ങൾക്കും വേണ്ട ധനസഹായം സഹകരണ ബാങ്കുകളിൽക്കൂടി ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ എല്ലാം ആവശ്യങ്ങളും നിറവേറ്റുന്നതിൽ സഹകരണ സ്ഥാപനങ്ങൾക്ക് ഉയരാൻ പറ്റാത്ത അവസ്ഥയാണ്. നിക്ഷേപങ്ങളുടെ കുറവാണ് ഈ സ്ഥിതിക്ക് കാരണം. എല്ലാം ജനവിഭാഗങ്ങളുടെ മിച്ച ധനം സഹകരണസ്ഥാപനങ്ങൾക്ക് ലഭിച്ചാൽ കൂടുതൽ ഉപകാരപ്രദമായ ആവശ്യങ്ങൾക്ക് വായ്പ നൽകുവാൻ കഴിയുന്നതും ഉല്പാദനമേഖലക്ക് കരുത്തേകുന്ന വിധത്തിൽ വായ്പാനയം തിരുത്താനും കഴിയും.

**കയർ സഹകരണസംഘങ്ങൾ**

ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ അസംസ്കൃതസാധനമായ ചകിരി ലഭിക്കാത്ത പ്രശ്നവും ആവശ്യത്തിന്ന് ഫണ്ട് ഇല്ലാത്ത പ്രശ്നവുമാണ്. സർക്കാരിൽ നിന്ന് ഓഹരിമൂലധനം, വർക്കിങ്ങ്കാപ്പിറ്റൽ,ലോൺ എന്നിവ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾക്ക് ഇന്ന് ലഭിക്കുന്നില്ല. തന്മൂലം മുമ്പ് ഏറ്റെടുത്ത് നടത്തിയിരുന്ന പരിമിതമായ ചകിരി പൂഴ്ത്തലും, ചക്കിരി തല്ലലും, കയറ്പിരിക്കലും മറ്റും ഇന്ന് വേണ്ടപോലെ നടക്കുന്നില്ല. നൂറുകണക്കിന്ന് കുടുംബങ്ങൾ തൊഴിലിനായി ആശ്രയിച്ചിരുന്ന ഈ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. തന്മൂലം സംഘവും സംഘത്തെ ആശ്രയിച്ചിരുന്ന മെമ്പർമാരായ തൊഴിലാളികളും ഇന്ന് വലിയ വിഷമത്തിലാണ്. തന്മൂലം വ്യാപാരത്തിൽ പോലും ഈപ്രദേശങ്ങളിൽ തളർച്ച അനുഭവപ്പെടുന്നുണ്ട്. പരമ്പരാഗതവ്യവസായമായ കയർമേഖല ഇന്ന് ഒരു പ്രതിസന്ധിയിലായതും ഈ മേഖലയിലെ മുഖ്യ പ്രശ്നമാണ്.

മത്സ്യ തൊഴിലാളി മേഖലയിൽ ഇന്ന് പ്രവർത്തിക്കുന്ന 2 സംഘങ്ങളും പ്രവർത്തനരഹിതമാണ്. തന്മൂലം മത്സ്യതൊഴിലാളികളായ മെമ്പർമാർക്ക് അവരുടെ ദൈനംദിന ജീവിതത്തിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി വായ്പകളൊന്നും ലഭിക്കാത്ത അവസ്ഥയാണുള്ളത്. ദൈനംദിന പ്രവർത്തനം പോലും നടക്കാത്ത സാഘങ്ങളാണ് ഇന്ന് ഈ മേഖലയിലുള്ളത്. സംഘം പ്രവർത്തന നിർജീവമായതോടെ ഈ സംഘങ്ങളിലെ മെമ്പർമാരും ഇന്ന് വാഷമത്തിലാണ്. പുറത്തൂർ,പടിഞ്ഞാറെക്കര എന്നിവിടങ്ങളിൽ രൂപീകരിച്ച സംഘങ്ങൾ രണ്ടും പ്രവർത്തന രഹിതമാണ്.

**പട്ടികജാതി സഹകരണസംഘം**

പുറത്തൂർ പഞ്ചായത്ത് കൂടി പ്രവർത്തനപരിധിയായി രൂപീകരിച്ച മണ്ഡലം ഹരിജൻ സർവ്വീസ് സഹകരണസംഘം ഇന്ന് പ്രവർത്തനരഹിതമാണ്. തന്മൂലം ഇതിലെ മെമ്പർമാർക്ക് ഗവൺമെൻറ മൂലധന സഹായംകൊണ്ട് ലഭിക്കാവുന്ന പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. നല്ല ഒരു ഭരണസമിതിയുടെ അഭാവമാണ് ഈ സംഘം നേരിടുന്നത്. മുമ്പും സംഘം മെമ്പർമാരായ പട്ടിക ജാതിക്കാർക്ക് കൊടുത്തിരുന്ന നല്ല വായ്പകളും കുടിശ്ശികയായതും ഈ സംഘത്തിൻെറ തകർച്ചക്ക് കാരണമാണ്.

**ക്ഷീര വ്യവസായ സഹകരണ സംഘം.**

പഞ്ചായത്തിൽ രൂപീകരിച്ചിരിക്കുന്ന പുറത്തൂർ ക്ഷീരവ്യവസായ സഹകരണസംഘം പ്രവർത്തനരഹിതമാണ്. പാൽ ഉല്പാദകരായ കൃഷിക്കാർക്ക് തന്മൂലം പല ആനുകൂല്യങ്ങളും ലഭിക്കാതെ പോകുന്നു. മേത്തരം കാലികളെ വാങ്ങുന്നതിനുള്ള വായ്പ, തൊഴുത്ത് ഉണ്ടാകുന്നതിനുള്ള ധനസഹായം തീറ്റപ്പുല്ല് കൃഷിചെയ്യുന്നതിനുള്ള സബ്സിഡി എന്നിവ പാൽ ഉൽപാദകരായ കൃഷിക്കാർക്ക് ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല. കൃഷി കഴിഞ്ഞാൽ ജനങ്ങൾ നിത്യ ജീവിതത്തിന് ആശ്രയിക്കുന്നത് പാൽ ഉൽപാദന കൃഷിയാണ്. പാൽ ഉൽപാദകർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാല് ചിലവഴിക്കുവാൻ പൊന്നാനി എടപ്പാൾ കുറ്റിപ്പുറം തിരൂർ, എന്നിവിടങ്ങളിൽ പോകേണ്ട സ്ഥിതിയാണിന്ന. പാൽ ശേഖരിച്ച് വില്പന നടത്തുന്നതിന്നായി രൂപീകരിച്ച ഈ സംഘത്തിന്റെ തകർച്ച പാൽ ഉൽപാദകരെ പ്രതികൂലമായി ബാധിക്കുന്നു എന്നതിൽ തർക്കമില്ല. ഈ പഞ്ചായത്തിൽ നിന്ന് സുമാർ 50 പേർ പാൽ വിറ്റ് ഉപജീവിതം നടത്തുന്നവരാണ്. അവർക്ക് ഇപ്പോൾ വിപണനത്തിന്നായി അന്യസ്ഥലങ്ങളിൽ പോകേണ്ടഗതി കേടാണുള്ളത്. ഉൽപാദകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ഗുണംചെയ്യേണ്ട ഈ സംഘം പ്രവർത്തനരഹിതമാണ്. ഇതാണ് ഈ രംഗത്തെ പ്രശ്നങ്ങൾ.

**വനിതാ സഹകരണസംഘം.**

പുതിയതായി 1995-ൽ രൂപീകരിച്ച ഈ സംഘം പ്രവർത്തിച്ചു വരുന്നതേയുള്ളൂ. സമൂഹത്തിൽ നല്ലൊരു പങ്കു വരുന്ന വനിതകളുടെ ക്ഷേമനിധി രൂപീകരിച്ച ഈ സംഘം പ്രവർത്തനക്ഷമമാകേണ്ടതുണ്ട്. ഇപ്പോൾ പ്രവർത്തനക്ഷമമല്ല. വനിതകൾക്ക് തൊഴിൽ സാദ്ധ്യത സൃഷ്ടിക്കുന്നതിന്നും മറ്റും ഈ

സംഘത്തിന് കഴിയും. ഇതിന്റെ ഇന്നത്തെ അവസ്ഥ മൂലധനക്കുറവ് തന്നെ. സർക്കാർ സഹായം യാതൊന്നും തന്നെ ഈ സംഘത്തിന് ലഭിച്ചിട്ടില്ല. വനിതാക്ഷേമപ്രവർത്തനം നടത്തുന്നതിന്നായി ഈ സംഘത്തെ മാറ്റിയെടുക്കേണ്ടതുണ്ട്.

**പടിഞ്ഞാറക്കര ഇത്തിൾ സഹകരണസംഘം**

ഈ സംഘം പ്രവർത്തനരഹിതമാണ്. സംഘം പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്. അസംസ്കൃതസാധനങ്ങൾ സുലഭമായി ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. ദീർഘവീക്ഷണ മുള്ള ഒരു ഭരണസമിതിയെക്കൊണ്ട് സംഘം പ്രവർത്തനം പുനരുദ്ധരിക്കാൻ കഴിയും. ധാരാളം പേർക്ക് തൊഴിൽ സാദ്ധ്യതയടക്കം ഉള്ള സംഘമാണ്. പ്രവർത്തനം ഊർജ്ജിതമാക്കുവാൻ ശ്രമം വേണം. ഇപ്പോൾ പ്രവർത്തനരഹിതമാണ്.

**സാദ്ധ്യതകൾ**

ജനങ്ങളുടെ പൂർണ്ണമായ എല്ലാ സാദ്ധ്യതകൾക്കും പരിഹാരം കാണാൻ കഴിയുന്നവിധതിൽ സഹകരണ സ്ഥാപനങ്ങളെ മാറ്റിയെടുക്കണം അതിനായി പഞ്ചായത്തിലെ ബാങ്കായി സഹകരണബാങ്കിനെ മാറ്റണം. നിക്ഷേപം സ്വരൂപിച്ച് കൊണ്ട് സാമ്പത്തിക ബദ്രദ നേടി സമൂഹത്തിലെ സമസ്ഥ വിഭാഗം ജനങ്ങൾക്കും ഉപകരപ്രദമായി വായ്പാ മേഘലയിൽ പ്രവർത്തിക്കുവാൻ സഹകരണ ബങ്കിനെ പ്രാപ്തമാക്കണം. അത്പോലെ ത്തന്നെ കൃഷി കാർക്ക് ആവ്യശമുള്ള വിത്ത്, വളം കീടനാശിനികൾ എന്നിവ പൂർണ്ണമായും വിതരണം ചെയ്യുവാൻ സഹകരണ ബാങ്കിന് കഴിയുമാറ് മാറ്റിയെടുക്കണം. ഉപഭോക്തൃവിപണന രംഗങ്ങളിലും സഹകരണസംഘങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിയും. കൃഷിക്കാരുടെ ഉൽപനങ്ങൾ മുഖ്യമായും നാളികേരം സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച് കൊണ്ട് കൃഷിക്കാർക്ക് നല്ല വില ഉറപ്പാക്കുവാൻക്കഴിയണം. ഇപ്പൊൾ സീസണിൽ ബിസിനിസ് ആയി സഹകരണ സംഘങ്ങൾ കൊപ്ര, കശുവണ്ടി എന്നിവ സംഭിരിക്കുന്നുണ്ട്. അയത് സംഭരിക്കുന്നതിന് സ്ഥിരമായ ഒരു സംവിധാനം വേണം. പുറത്തൂർ പഞ്ചായത്തിലെ 1,2,12 വാർഡുകൾ മംഗലം സർവീസ് സഹകരണ ബാങ്കിന്റെ കീഴിലാണ്. മംഗലം സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നത് കൊണ്ട് കൃഷിക്കാർക്ക് ഇടപാടുകകൾ നടത്തുന്നതിന് വേണ്ടി വളെരെ യേറെ

പ്രയാസങ്ങൾ അനുഭവപ്പെടുന്നണ്ട്. ഒരു പഞ്ചായത്തിൽ ഒരു ബാങ്ക് എന്ന തത്ത്വം പ്രാവർത്തിക മാക്കിയാൽ 1,2,12 വാർഡുകൾ പുറത്തൂർ സഹകരണ ബാങ്കിൽ ഉൾപെടും. പഞ്ചായത്തിന്റെ ബാങ്കായി സഹകരണ ബാങ്കിനെ കണക്കാക്കുകയ്യും പഞ്ചായത്തിന്റെ എല്ലാ ഫണ്ടുകളും സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയ്യും ചെയ്യുക. പഞ്ചായത്തിന്റെ ചിലവുകൾ സഹകരണ ബാങ്കിൽ കൂടി നിർവ്വഹിക്കുക.

സർക്കാരിൽ നിന്നും വിതരണം ചെയ്യുന്ന ക്ഷേമ പദ്ധതികൾക്കുള്ള ഫണ്ട് സഹകരണ ബാങ്കിൽക്കൂടി നടപ്പാക്കുക. സംസ്ഥാന കേന്ദ്രസർവീസിൽ നിന്ന് റിട്ടയർ ചെയ്യുന്നവർക്കുള്ള പെൻഷൻ സഹകരണ ബാങ്ക് മുഘേനെ നൽകുക. വിധവാ പെൻഷൻ വാർദ്ധക്യ കാല പെൻഷൻ, രോഗികൾക്കുള്ള പെൻഷൻ എന്നിവ സഹകരണ ബാങ്ക് മുഘേനെ വിധരണം ചെയ്യുക. ഇതിനായി വരുന്നഫണ്ട് മുൻക്കൂറായി സഹകരണ ബാങ്കിനെ ഏൽപ്പിക്കുക. ചുരിക്കി പറഞ്ഞാൽ ഭാരതത്തിന് റിസർവ് ബാങ്ക് എന്നപോലെ സംസ്ഥാനത്തിന് സ്റ്റേറ്റ് ബാങ്ക് എന്ന പോലെ, പഞ്ചായത്തിന്റെ ബാങ്ക് ആയി സഹകരണ ബാങ്കിനെ മാറ്റിയെടുക്കണം.

മുഴുവൻ ജനവിഭാഗങ്ങളുടെയ്യും ആവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കാത്തതിനാൽ സാധരണ ജനങ്ങൾ ആവശ്യങ്ങൾക്കായി സ്വകാര്യപണമിടപാട് സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. പുറത്തൂർ പഞ്ചായത്തിൽ ത്തന്നെ 3. രജിസ്റ്റേഡ് പണമിടപാട് സ്ഥാപനങ്ങളും മറ്റനേകം സ്വകാര്യപണമിട പാട്കളുമുണ്ട്. ഇവരുടെ ചൂക്ഷണം അവസാനിപ്പിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പടിഞ്ഞാറെക്കരയിൽ ബാങ്കിങ്ങ് സൗകര്യം കുറവായതിനാലും സാധരണക്കാർക്ക് മറ്റ്യാതരുവിധ പണമിടപാട്സ്ഥപനങ്ങളുടെ സൗകര്യവുമില്ലാത്ത പുറത്തൂർ പടിഞ്ഞാറെ കരയിൽ ഒരു സഹകരണ ബാങ്കിന്റെ ബ്രാഞ്ച് സ്ഥാപിക്കെണ്ടതുണ്ട.

**പട്ടികജാതി സർവീസ് സഹകരണസംഘം.**

നിലവിൽ പുറത്തൂർ പഞ്ചായത്തിൽ പട്ടികജാതി സഹകരണസംഘം ഇല്ല. പുറത്തൂർ പഞ്ചായത്ത് മംഗലം പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനപരിധിയിലാണ്. ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് വായ്പയും, മറ്റ് സ്കീമുകളിൽപെട്ട ധനസഹായങ്ങളും ലഭ്യമാക്കുന്നതിനായി പുറത്തൂർ പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണസംഘം രൂപികരിക്കേണ്ടതാണ്.

**വനിതാ സഹകരണ സംഘം**

വനിതകളുടെ താല്പര്യങ്ങൾ സംരക്ഷിക്കന്നതിന്നും, അവർക്ക് തൊഴിൽ സൗകര്യംവർദ്ധിപ്പിക്കുന്നതിനുമായി രൂപികരിച്ച വനിതാസഹകരണ സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടത്. എന്നാൽ സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന വനിതകൾക്ക് സഹായകമായ ഒട്ടനവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയും. ഇതിനായി വനിതാസഹകരണ സംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്.

**ക്ഷീര സഹകരണസംഘം**

കൃഷി കഴിഞ്ഞാൽ ജനങ്ങൾ മുഖ്യജിവിതോപാധിയായി തിരഞ്ഞെടുത്തിട്ടുളളത് മൃഗസംരക്ഷണമാണ്. ഈ പഞ്ചായത്തിൽ ധാരാളം കറവുമൃഗങ്ങൾ ഉണ്ട്. സുമാർ50 ഓളം പാൽ ബിസിനസ്സുകാർ ഈ പഞ്ചായത്തിലുണ്ട്. പാലുമായി തിരൂർ, പൊനാനി, കുറ്റിപ്പുറം, എടപ്പാൾ തുടങ്ങിയസ്ഥലങ്ങളിൽ കൊണ്ടുപോയി വിതരണം ചെയ്യുകയാണിപ്പോൾ നിലവിലുളള ക്ഷീര സഹകരണ സംഘം പ്രവർത്തനക്ഷമമാക്കി ഉൽപ്പാദകരിൽ നിന്നും പാൽവാങ്ങി ആവശ്യക്കാർക്ക് വിതരണം ചെയ്യാനുളള ഏർപ്പാടും ക്ഷീരസംരക്ഷണസംഘത്തിൽ കൂടി ഉണ്ടാക്കേണ്ടതുണ്ട്.

**വിപണന സൗകര്യം**

മുഖ്യ കാർഷിക ഉൽപ്പന്നമായ നാളികേരം, അടക്ക,നെല്ല് എന്നിവയ്ക്ക് വിപണനസൗകര്യം

ലഭിക്കുന്നതിന്നായി ഒരു വിപണന സഹകരണസംഘം പഞ്ചായത്തിൽ രൂപീകരിക്കേണ്ടതാണ്.

### ഉപഭോക്തൃസഹകരണ സംഘം

അവശ്യസാധനങ്ങൾ മിതമായവിലക്ക് സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന്ന് ഒരു ഉപഭോക്തൃ സഹകരണസംഘം പഞ്ചായത്തിൽ രൂപികരിക്കേണ്ടതാണ്.

### നിർമ്മാണത്തൊഴിലാളിസഹകരണസംഘം

നാട്ടിൽ ഇന്ന് വർദ്ധിച്ചുവരുന്ന നിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുളള തൊഴിലാളികളെ സംഘടിപ്പിച്ചു കൊണ്ട് ഒരു നിർമ്മാമത്തൊഴിലാളി സഹകരണസംഘം രൂപികരിക്കേണ്ടതാണ്. വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് തൊഴിലാളികളെ സപ്ലൈ ചെയ്യുന്നതിന്ന് കൂടി ഇത് സഹായിക്കും. തൊഴിലാളികളുടെ ക്ഷേമകാര്യത്തോടൊപ്പം അവരുടെ സേവനം സപ്ലൈ ചെയ്യുന്നതിന്നും ഇതുമൂലം കഴിയുന്നു. മാത്രമല്ലപല നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘത്തിന്ന് ഏറ്റെടുത്ത് ചെയ്യാൻ കഴിയുന്നതാണ്. സഹകരണമേഘലയിൽ ഒരു ജൈവവള സംസ്കരണയൂണിറ്റ് സ്ഥാപിച്ചാൽ അതുമൂലം കൂറെ പേർക്ക് തൊഴിൽ നൽകാൻ കഴിയും.

ഈ പഞ്ചായത്തിൽ സുമദമായിലഭിക്കുന്ന മത്സ്യത്തിൻെറ അവശിഷ്ട്ങ്ങൾ,വിലകുറഞ്ഞ മത്സ്യങ്ങൾ, കറിയുപ്പ് മറ്റ് ജൈവവളങ്ങൾ അന്നിവ ഉപയോഗിച്ച് ഒരു ജൈവവള സംസ്കരണ വിപണനയൂണിറ്റ് സഹകരണ മേഘലയിൽ സ്ഥാപിക്കുക എന്നത് ജനങ്ങളുടെ ഒരാവശ്യമാണ്.

ഇന്നത്തെ വ്യവസ്ഥ്ത്തയിൽ സഹകരണ മേഘലക്ക് സുപ്രധാനമായ ഒരു പങ്ക് നിർവ്വഹിക്കാനുണ്ട്. മുതലാളിത്ത വ്യവസ്ഥിതിക്കും, സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കും ഇടയിൽ പ്രവർത്തിച്ചുകൊണ്ട് ഒരുപാട് നല്ല കാര്യങ്ങൾ സഹകരണ മേഘലക്ക് ചെയ്യാൻകഴിയും. രാഷ്ട്രീയാതി പ്രസരംമറന്ന് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഒന്നിച്ച് പ്രവർത്തിക്കാൻ പറ്റുന്ന ഒരു മേഘലയാണ് സഹകരണ മേഘല. അതിന്നനുസരിച്ച് സഹകരണ മേഘലയെ വളർത്തിയെടുക്കുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയേണ്ടതാണ്. ഇനിയുളള ലക്ഷ്യം അതായിരിക്കട്ടെ.

# 5.11

# പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം

തിരൂർ ബ്ലോക്കിൽ പ്പെട്ട പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ പട്ടിക ജാതിക്കാർ ഉള്ളത് പുറത്തൂർ പഞ്ചായത്തിലാണ്. 1991 ലെ സെൻസസ് പ്രകാരം 4279 പേർ ഈ വിഭാഗത്തിൽ പെട്ടവരാണ്. ഇത് മൊത്തം ജനസംഖ്യയുടെ 11.8 ശതമാനം വരും ഇപ്പോഴും പിന്നോക്കാവസ്ഥയിൽ നിലനിൽക്കുന്ന ഈ വിഭാഗം മുൻകാലത്ത് ഏതെങ്കിലും ഭൂ ഉടമയുടെ കീഴിൽ അടിയാടരായി പണി എടുത്ത് വന്നിരുന്നു.

ഇവയുടെ പരമ്പരാഗത കുടുംബ തൊഴിലുകളായ പായ നെയ്ത്ത്, കൊട്ടനെയ്ത്ത് എന്നിവയുമായി ബന്ധപ്പെട്ട് ജീവിത മാർഗ്ഗം കണ്ടെത്തുന്നവരായിരുന്നു. ഇന്ന് ഈ തൊഴിൽ മേഖല അസംസ്കൃത വസ്തുക്കളുടെ അഭാവം മൂലം മുരടിച്ച് നിൽക്കിന്നു. പഞ്ചായത്തിൽ രണ്ട് IHDP കോളനികൾ ഉൾപ്പെടെ 16-ഹരിജൻ കോളനികൾ ഈ പഞ്ചായത്തിൽ ഉണ്ട്. പേർ വിവരം താഴെകൊടുക്കുന്നു.

| വാർഡ് | പേര് | കുടുംബാംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | പെരുന്തിരുത്തി | 23 |
| | ചേന്നര | 26 |
| 2 | വാളമരുതൂർ | 17 |
| 3 | തൃത്തല്ലൂർ | 46 |
| 4 | മരവന്ത (IHDP) | 20 |
| 5 | ഇന്ദിരാ നഗർ | |
| 6 | മുനമ്പം | 28 |
| | പമ്മിക്കടെവ് | |
| 7 | കാവിലക്കാട് | 32 |
| 8 | ചൂരപാടം | 11 |
| | ചാത്തൻതറ | 12 |
| 9 | ചെറുപുന്ന | 24 |
| | മുട്ടന്നൂർ (IHDP) | 36 |
| 11 | മഠത്തിൽപടി | 40 |
| 12 | കാവച്ചേരി | 13 |
| 13 | ഗോമുഖം | 120 |

അഭ്യസ്തവിദ്യരായ യുവതി യുവാക്കൾ അടക്കം ധാരാളം പേർ ഈ വിഭാഗത്തിൽ തൊഴിൽ രഹിതരായിട്ടുണ്ട്. ഭൂരിഭാഗവും പത്ത് സെന്റും അതിൽ താഴേയും ഭൂമിയുള്ളവരാണ്. സർക്കാർ

മേഖലയിൽ ഉയർന്ന പദവിയിൽ വിരളമാണ്. ഇപ്പോഴും കൂട്ട് കുടുംബങ്ങൾ ഉണ്ട്. വിദ്യഭ്യാസ ആനുകൂല്യങ്ങൾ പലതും ഉണ്ടെങ്കിലും ഇടയ്ക്ക് വെച്ച് പഠനം നിർത്തി പോകുന്നവരുടെ എണ്ണംകൂടുതലാണ്. വിദ്യഭ്യാസ, സാമ്പത്തിക, സാംസ്ക്കാരിക രംഗങ്ങളിൽ ഇവർ ഇന്നും പിന്നിൽതന്നെ.

## നിലവിലുള്ള പദ്ധതികളുടെ അവലോകനം

| ക്രമ നമ്പർ | പദ്ധതി | ബന്ധപെട്ടവകുപ്പ് |
|---|---|---|
| 1 | പത്ത്സെന്റ് ഭൂമികൊടുക്കൽ | കൃഷിവകുപ്പ് |
| 2 | മണ്ണ ഒലിപ്പ്തടയൽ | മണ്ണ് സംരക്ഷണം |
| 3 | കോഴി, പശുവിതരണം | മൃഗസംരക്ഷണം |
| 4 | സൊസൈറ്റി ഷെയറുകൾ | ക്ഷീരവികസനം |
| 5 | ടോബിൻ,ട്രസ്സ്കൊടുക്കൽ | സോഷ്യൽവെൽഫയർ |
| 6 | വിദ്യഭ്യാസ ആനുകൂല്യങ്ങൾ | പട്ടികജാതി,പട്ടികവർഗ്ഗക്ഷേമം |
| 7. | മൈത്രി ഭവനനിർമ്മാണപദ്ധതി | ഭവനനിർമ്മ്ണ ബോർഡ് |

പദ്ധതികൾ പലതുണ്ടങ്കിലും ഇതിന്റെ ഗുണഭോക്താക്കൾ ആകാനുള്ള കടമ്പകൾ ഏറെയാണ്. ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ കോളനികളിൽ താമസിക്കുന്നവർക്ക് 60% കോളനികളിൽ അല്ലാതെ മറ്റ് സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് 40% മാണ് ലഭിച്ചിരുന്നത്. ഇത് ഒരു അശാസ്ത്രിയമായ സംവിധാനമാണ്. ഇത്തരത്തിലുള്ള അശാസ്ത്രിയതകളും വിഷമം പിടിച്ച കടമ്പകളും ലഘുകേരിക്കണ്ടതാണ്. ഇത്തരത്തിലുള്ള പദ്ധതികളുടെ ഗുണഭോക്താകൾ ഈ പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ

1. പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കു ന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ പ്രക്രിയ വളരെ കുറവാണ്.
2. മിക്ക ഹരിജൻ കോളനികളിലും വൈദ്യുതി ലഭ്യമല്ല.
3 മിക്ക വീടുകളും കുടിലുകളും ഓട്മേയാത്ത ഓലപുരകളാണ്.
4 കൂടുതൽ വീടുകൾക്കും കക്കൂസുകൾ ഇല്ല.
5 പഞ്ചായത്തിന്റെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ കുടിവെള്ള പ്രശ്നം ഇവരിൽ രൂക്ഷമാണ്. മൂനമ്പം, കാവഞ്ചേരി, മഠത്തിൽപ്പടി എന്നീ കോളനികളിൽ മാത്രമാണ് പൊതുകിണറുകളുള്ളത്.
6 തൊഴിൽ മേഖലയിലെ തകർച്ചയും കാർഷികമേഖലയിലെ മുരടിപ്പും തൊഴിൽ അവസരങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.
7 വിനോദത്തിനും വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങൾ ഇവരുടെ കേന്ദ്രങ്ങിൽ ഒന്നിലുമില്ല.
8 മിക്കഹരിജൻ കോളനികളിലും വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളാണ്. ശുദ്ധജലത്തിന്റെ അഭാവവും വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യങ്ങളും ആരോഗ്യവിദ്യാഭ്യാസത്തിന്റെ കുറവും കാരണം ഇവരിൽ പകർച്ചവ്യാദികൾ കൂടുതൽ ഉണ്ടാവാറുണ്ട്.
9 മിക്കകോളനികളിലേക്കും ഗതാഗത സൗകര്യങ്ങൾ ഇല്ല.

## സാദ്ധ്യതകൾ

1 ഇടക്കിടെ ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും സംഘടിപ്പക്കണം.
2 പട്ടികജാതി കോളനികൾ വൈദ്യുതീ കരിക്കുന്നതിനാവശ്യമായ പദ്ധതികളിലൂ ടെയോ അല്ലെങ്കിൽ പൊതുസ്വഭാവത്തിലോ കോളനികൾ വൈദ്യുതീകരിക്കാനുള്ള സത്വര നടപടി വേണ്ടതാണ്. മിക്ക പട്ടികജാതി കോളനികൾക്ക് അടുത്ത് വൈദ്യുതി ലൈനുകൾ ഉണ്ട് ഈ സാദ്ധ്യത സൗകര്യപ്രദ മായി ഉപയോഗിക്കേണ്ടതാണ്
3 ജീർണ്ണാവസ്ഥയിലും അപകട മേഖലകളി ലുമുള്ള വീടുകൾ മൈത്രീ ഭവന നിർമ്മാണ പദ്ധതിയിലൂടെ പുതുക്കി പണിയേണ്ടതാണ്. ഇതിനുള്ള സന്നദ്ധപ്രവർത്തനങ്ങൾ അതാതു വാർഡുകളിൽ നിന്നും കണ്ടെത്തേണ്ടതാണ്.
4 നിലവിലുള്ള സ്കീം പ്രകാരം ഓരോ കുടുംബത്തിനും കക്കൂസ് സ്ഥാപിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് ഏർപ്പാടുകൾ ഉണ്ടാക്കണം.

5 കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ പൈപ്പ്ലൈൻ മുഖേന കുടിവെള്ളം എത്തിക്കണം ഇതിന് വേണ്ടി പൊതുജനാ രോഗ്യം കുടിവെള്ളമേഖലയിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. പുറത്തൂർ അങ്ങാടിയിലെ പൊതുകിണറി നടുത്ത് ടാങ്ക് കെട്ടി തൊട്ടടുത്ത കേന്ദ്രങ്ങളിലേക്ക് വെള്ളമെത്തിക്കാവുന്ന താണ്.

6 പരമ്പരാഗത തൊഴിലുകൾക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക നിലവിലുള്ള Trisom Training പദ്ധതിയിലൂടെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകി സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക വ്യവസായമേഖ ലയിൽ പരാമർശിച്ചിട്ടുള്ള തൊഴിൽസംരംഭ പ്രവർത്തനങ്ങൾ ഇവർക്കും ഉപയോഗ പ്രദമാക്കണം പഞ്ചായത്തിലെ പ്രധാനതൊ ഴിൽരംഗമായ കയർ, മത്സ്യബന്ധനം എന്നീ മേഖലയിൽ കൂടുതൽ തൊഴിൽ സാദ്ധ്യതകൾ വികസിപ്പിച്ചെടുത്ത് പദ്ധതികൾ ആവിഷ്കരി ക്കണം നിലവിലുള്ള കയർ സൊസൈറ്റിയിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പി ക്കപ്പെടുന്ന സംവിധാനം ഏർപ്പെടുത്തണം

7 അടിസ്ഥാന വിദ്യാഭ്യാസയോഗ്യതപോലും കുറവായിട്ടുള്ള ഈവിഭാഗകാർക്ക് അവരുടെ നിലവിലുള്ള സാക്ഷരതയുടെ അവസ്ഥനിലനിർത്തക്ക രീതിയിൽ വായനാ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുക. കോളനികൾക്ക് അടുത്തുള്ള വായനശാലകൾ അഭിവൃദ്ധിപ്പെടുത്തിയും അല്ലാത്തിടത്ത് കോളനികൾക്ക് അടുത്ത് പുതിയ വായനശാലകൾ സ്ഥാപിച്ചും സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

8 വെള്ളം കെട്ടിനില്ക്കുന്ന പ്രദേശങ്ങൾ മണ്ണിട്ട് നികത്തക്ക രീതിയിലുള്ള പദ്ധതികൾ ഉപയോഗപ്പെടുത്തി പുരയിടം, ആരോഗ്യ പരമായസാഹചര്യത്തിൽ ആക്കി മാറ്റാവുന്ന താണ്.

9 ഗതാഗത മേഖലയിൽ പറഞ്ഞിട്ടുള്ള ഹരിജൻ കോളനികളോട് ബന്ധപ്പെട്ട റോഡുകൾക്ക് മുൻഗണന കൊടുത്ത് യുദ്ധകാല അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീ കരിക്കാൻ വേണ്ട നടപടികൾ കൈകൊള്ളാ വുന്നതാണ്. സന്നദ്ധ പ്രവർത്തന ങ്ങളിലൂടെയും ഈകര്യങ്ങൾ കുറെയൊക്കെ പരിഹരിക്കാൻപറ്റും.

10 ആറോട്ടിൻകുളം ശുദ്ധജലപദ്ധതിയിലൂടെ പെരുന്തുരുത്തി, കാവഞ്ചേരി, വാളമരുത്തൂർ, ചേന്നര, ചൂരപ്പാടം, ചെറുപുന്ന, മുട്ടന്നൂർ എന്നീ കോളനികളിലേക്ക് ശുദ്ധജലം എത്തിക്കാവു ന്നതാണ് അതുപോലെതന്നെ പഴയ മുക്കാടി പദ്ധതി പുനഃസ്ഥാപിച്ച് മഠത്തിൽപ്പടി, ചാത്തൻചിറ,മറവന്ത,തൃത്തല്ലൂർ എന്നീ കോളനികളിലേക്കും ശുദ്ധജലം ലഭ്യമാക്കാവുന്നതാണ്.

11 മുട്ടന്നൂർ ഫൈബർമില്ലിനടുത്ത് പഞ്ചായത്ത് തോട്ടിൽ വി. സി. ബി. നിർമ്മിച്ചാൽ മുട്ടന്നൂർ കോളനിയിലേക്ക് ഉപ്പുവെള്ളം കേറുന്നത് തടയാൻ സാധിക്കും. അതുപോലെ കെ. എൻ. എസ്. കയർനിർമ്മാണശാലയുടെ അടുത്ത് ഒരു വി.സി.ബി.നിർമ്മിച്ചാൽ ഉപ്പുവെള്ളം കേറുന്നത് തടയാൻ സാധിക്കും.

12 അംഗനവാടി സൗകര്യമില്ലാത്ത കാവഞ്ചേരി, മരവന്ത, പള്ളിക്കടവ് എന്നീ പട്ടികജാതി കോളനികൾക്ക് അടുത്ത് ഓരോ അംഗന വാടികൾ സ്ഥാപിക്കേണ്ടതാണ്.

13 മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ നൽകേണ്ടതാണ്. പുറത്തൂർ, മുട്ടന്നൂർ, മഠത്തിൽപ്പടി എന്നീ പട്ടികജാതി കോളനികൾക്ക് പൊതുവിലായി ഒരു റെഡിമെയ്ഡ് വസ്ത്രയൂണിറ്റ് സഹകരണമേഖലയിൽ സ്ഥാപിച്ച് തൊഴിലി ല്ലായ്മ പരിഹരിക്കാവുന്നതാണ്. ഡ്രൈവിംഗ് ലൈസൻസ് ഉള്ള യുവാക്കൾക്ക് നിലവിലുള്ള സ്കീമുകളിലൂടെ വാഹനം ലഭ്യമാക്കാനാ വശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

14 പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപറേഷൻ റീജനൽ ഓഫീസുവഴി വിതരണം ചെയ്യുന്ന സ്വയം തൊഴിൽ പദ്ധതികൾക്കടക്കമുള്ള സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തുവഴി ലഭ്യമാക്കുക.

15 ചേന്നര, പെരുന്തുരുത്തി, കാവഞ്ചേരി എന്നീ കോളനികൾ IHDPകോളനികളാക്കി ഉയർത്തുക.

16 ചേന്നര ഹരിജൻ കോളനി ഡ്രൈനേജ് ആമത്തോടുമായി ബന്ധിപ്പിക്കുക.

5.12

# വിഭവ സമാഹരണം

വരുമാനത്തിൽ വളരേയധികം പിന്നിൽ നില്ക്കുന്ന ഈ പഞ്ചായത്തിലെ പ്രധാന വിഭവ സ്രോതസ്സുകൾ നെല്ല്, നാളികേരം, മത്സ്യം (പുഴ,കടൽ) നീറ്റുകക്ക,മണൽ മുതലായവയാണ്. പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ പ്രധാനമായും കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി, കടത്തുകളിൽ നിന്നുള്ള വരുമാനം, മണൽ വാരുന്നതിൽ നിന്നു കിട്ടുന്ന ആദായം, പുറമ്പോക്കു സ്ഥലങ്ങളിൽ ചകിരി പൂഴ്ത്തുന്നതിൽ നിന്നുള്ള ആദായം, വിവിധ തരം ലൈസൻസ് ഫീസുകൾ, സംസ്ഥാന സർക്കാറിൽ നിന്നുള്ള നികുതി വിഹിതം, വിവിധതരം സർക്കാർ ഗ്രാന്റുകൾ മുതലായവയാണ്.

ഈ പഞ്ചായത്തിലുണ്ടായിരുന്ന ഏകസിനിമാശാല രണ്ടു കൊല്ലക്കാലമായി പ്രവർത്തിക്കാകിരിക്കുന്നതു കൊണ്ട് വിനോദ നികുതിയിനത്തിൽ നിന്ന് വരുമാനം ഇല്ല.

95-96 ലെ വരവ് ചെലവ് താഴെ കൊടുക്കുന്നു.

**പഞ്ചായത്ത് ഫണ്ട്**

| | | |
|---|---|---|
| 1 | കെട്ടിട നികുതി | -160365.00 |
| 2 | തൊഴിൽ നികുതി | - 46975.00 |
| 3 | കടത്തുകളിൽ നിന്നു കിട്ടുന്ന ആദായം | 15720.00 |
| 4 | മണൽ വാരുന്നതിൽ നിന്നു കിട്ടുന്ന ആദായം | 71524.00 |
| 5 | പുറമ്പോക്കു സ്ഥലങ്ങളിൽ ചകിരി പൂഴ്ത്തുന്നതിനുള്ള ലൈസൻസ് | 9005.00 |
| 6 | വിവിധ തരം ലൈസൻസ് ഫീസ് | 8155.00 |
| 7 | ഗവഃ നിന്നുള്ള നികുതി വിഹിതം | 179388.00 |
| 8 | വിവിധതരം സർക്കാർ ഗ്രാന്റുകൾ | 505171.00 |
| | ആകെ | 996303.00 |

(കൂടാതെ പഞ്ചായത്തിരാജ് നിയമപ്രകാരം വിവിധ വകുപ്പുകളിൽ നിന്ന് 138793 രുപ വേറെ ഹെഡ്ഡിൽ വരവുണ്ട്)പട്ടിക 1-1

ചെലവ്

| | | |
|---|---|---|
| 1. | പ്രസിഡന്റിനും മെമ്പർമാർക്കും | 63738.00 |
| 2. | സ്റ്റാഫിന് | 433485.00 |
| 3. | പൊതുമരാമത്ത് | 812270.00 |
| 4. | വിദ്യാഭ്യാസം(വായനശാല മുതലായവ) | 9842.00 |
| 5. | പൈപ്പ്ലൈൻ അറ്റകുറ്റപ്പണി | 6110.00 |
| 6. | വൈദ്യസഹായം | 9796.00 |
| 7. | തെരുവു വിളക്കുകൾ | 37172.00 |
| 8. | സാമൂഹ്യ ക്ഷേമം | 23300.00 |
| | ആകെ | 1395713.00 |

(പഞ്ചായത്ത് നിയമ പ്രകാരം അനുവദിച്ച തുക അതാത് ഇനങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്)

മുൻ കൊല്ലത്തെ നീക്കിയിപ്പു സംഖ്യ കൊണ്ടാണ് ഈ വർഷത്തെ കമ്മി 399410 രൂ. നികത്തപ്പെട്ടത്. ഈ നില തുടർന്നാൽ വികസന പ്രവർത്തനങ്ങൾ മുരടിക്കും എന്നതിൽ സംശയമില്ല. ഇക്കാരണത്താൽ '95-96' കൊല്ലത്തിൽ കാര്യമായ വികസന പ്രവർത്തനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. അതിനാൽ വരുമാനം കൂട്ടുന്നതിനുള്ള മറ്റു പദ്ധതികൾ ആവിഷ്ക്കരിക്കുകയ്യും പദ്ധതി വിഹിതത്തിൽ കാര്യമായ പരിഗണന ലഭിക്കുകയ്യും ചെയ്തങ്കിൽ മാത്രമേ സെക്കന്റ് ഗ്രേഡിൽ പെട്ടതും സാമ്പത്തിക കാര്യത്തിൽ വളരെയധികം കമ്മിവരികയ്യും ചെയ്യുന്ന ഈ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ വിവിധ മേഖലകളിൽ രേഖപെടുത്തിയിട്ടുള്ളതരത്തിൽ നിർവ്വഹിക്കാൻ സാധിക്കുകയുള്ളു. പഞ്ചായത്തിൽ മൊത്തം 2007 പേർ ഗൾഫിൽ ജോലിയ്യുള്ളവരാണ്

## പ്രശ്നങ്ങൾ

1. അതാത് കാലങ്ങളിൽ ചെയ്തു തീർകേണ്ട വികസനപ്രവർത്തങ്ങളും മറ്റു സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും ഉല്പാദന മേഖല യോട് ബന്ധപ്പെട്ട പ്രവർത്തനങ്ങളും വിദ്യാഭ്യാസ-വ്യവസായ- ആരോഗ്യരംഗത്ത് കാലാകാലങ്ങളിൽ ചെയ്തു തീർകേണ്ടവ ചെയ്യാൻ സാധിക്കാതെയും വരുന്നു.

## പട്ടിക 11.7

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നു അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗ സംരക്ഷണം | 1800.00 | – | 1800.00 |
| ആരോഗ്യം | 35691.00 | – | 35691.00 |
| കൃഷി | 90789.00 | – | 90789.00 |
| പി. ഡബ്ല്യു.ഡി | – | – | – |
| ഹരിജന ക്ഷേമം | 10513.00 | – | 10513.00 |
| മറ്റുള്ളവ | – | – | – |
| ആകെ | 138793.00 | – | 138793.00 |

2. സ്റ്റാമ്പുഡ്യൂട്ടി ഇനത്തിൽ പഞ്ചായത്തിന്ന് കൊല്ലം തോറും കിട്ടേണ്ട വിഹിതം മുഴുവനായും കിട്ടാതെ പോയത് സാമ്പത്തിക ഞെരുക്കത്തിന് ഒരുപ്രധാന കാരണമാണ്.

3 വികസന പ്രവർത്തനങ്ങൾ മാത്രമല്ല, ജീവനക്കാർക്കും പഞ്ചായത്തു മെമ്പർമാർക്കും കൊടുക്കേണ്ട ശമ്പളവും അലവൻസും കൊടുക്കാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.

4 കുടിവെള്ള പ്രശ്നവും ഉപ്പുവെള്ളം കയറുന്ന പ്രശ്നവും രൂക്ഷമായി ഈ പഞ്ചായത്തിൽ നിലനിൽക്കുന്നതിനാൽ ജലസേചന പദ്ധതികളും ശുദ്ധജലപദ്ധതിയും ശ്രദ്ധിക്കപ്പെടാതെ പ്രശ്നമായിതന്നെ ഇപ്പോഴും നിലനിൽക്കുന്നു.

5. ഫണ്ടിൻെറ അഭാവം നിമിത്തം വെള്ളം കെട്ടിനില്ക്കുന്ന പ്രദേശങ്ങളിൽ നിന്ന് വെള്ളമൊഴിവാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്താത്തത് മൂലം കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥ നിലനില്ക്കുന്നു.

6 ആവശ്യമായ തെരുവു വിളക്കുകൾ സ്ഥാപിക്കാൻ പഞ്ചായത്തിന് സാധിച്ചില്ല.

7 പഞ്ചായത്തിൻെറ അധീനതയിലുള്ള റോഡുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യാത്ത ഗുരുതരമായ അവസ്ഥ നിലനിൽക്കുന്നു.

8 വ്യവസായ ശാലകൾ ഇല്ലാത്തതിനാൽ ആ

ഇനത്തിൽ വരുമാനം ലഭിക്കുന്നില്ല.

9 ക്ലബ്ബുകൾക്കും വായനശാലകൾക്കും പ്രവർത്തനത്തിന് ആവശ്യമായ പ്രോത്സാഹന ഫണ്ട് അനുവദിക്കാൻ സാധിച്ചില്ല.

10 പഞ്ചായത്തിന് ഒരു പൊതു കളിസ്ഥലം ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല.

ഇങ്ങനെ പരിഹരിക്കാൻ സാധിക്കാതെ കിടക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

## സാധ്യതകൾ

1 സറ്റാമ്പു ഡ്യൂട്ടി ഇനത്തിൽ കിട്ടാനുള്ള സംഖ്യ മുഴുവനായും ലഭ്യമാക്കുക.

2 സർക്കാറിൽ നിന്ന് കിട്ടാനുള്ള ഗ്രാൻറുകൾ ഗണ്യമായി വർദ്ധിപ്പിക്കുക.

3 വിനോദ നികുതി ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുക.

4 കെട്ടിട നികുതി ചെറിയതോതിലെങ്കിലും വർദ്ധിപ്പിക്കാവുന്നതാണ്.

5 ബസ് സറ്റാൻറ് നിർമ്മിച്ച് വാഹനങ്ങളിൽ നിന്ന് വണ്ടിപ്പേട്ട ഫീസ് കരസ്ഥമാക്കുക.

6 പടിഞ്ഞാറെക്കര – അഴിമുഖം – മുരിക്കുമ്മാട് ദ്വീപ് എന്നിവ ടൂറിസറ്റ് കേന്ദ്രങ്ങളായി വികസിപ്പിച്ചെടുത്ത് വരുമാനമാർഗ്ഗം കണ്ടെത്തുക.

7 ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കി വാട്ടർ ടാപ്പ് ഇനങ്ങളിൽ നിന്ന് വരുമാന മാർഗ്ഗം കണ്ടെത്തുക.

8 പഞ്ചായത്തിൽ പൊതു മാർക്കേറ്റുകൾ സ്ഥാപിച്ച് വരുമാന മാർഗ്ഗം കണ്ടെത്തുക.

9 ഓട്ടോറിക്ഷകൾ, സൈക്കിളുകൾ,ട്രാക്ടറുകൾ മുതലായവ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിച്ച് ഫീസ് പിരിക്കാനുള്ള ഏർപ്പാടുണ്ടാക്കുക.

10 പരസ്യ നികുതി ഈടാക്കുക.

11 വൻകിട കർഷകരിൽ നിന്ന് ചെറിയ തോതിൽ നികുതി ഈടാക്കാനുള്ള സമ്പ്രദായം ഉണ്ടാക്കുക.

12 പടിഞ്ഞാറേക്കര പള്ളിക്കടവ് എന്നിവടങ്ങളിൽ ചങ്ങാട സർവ്വീസ് ഏർപ്പെടുത്തി വരുമാനം ഉണ്ടാക്കാവുന്നതാണ്.

13 സന്നദ്ധ പ്രവർത്തനങ്ങൾ മുഖേന ചെയ്തു തീർക്കാവുന്ന പദ്ധതികൾ ആരീതിയിൽ തന്നെ ചെയ്തു തീർക്കുക.

14 കോൺട്രാക്ടർ സമ്പ്രദായം ഒഴിവാക്കാവുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തു തന്നെ നേരിട്ട് നടപ്പിലാക്കുക.

15 പരിപൂർണ്ണമായും പുറത്തൂർ പഞ്ചായത്തിൻെറ അധീനതയിലുള്ള പള്ളിക്കടവ്-അഴിക്കടവ് എന്നിവയിൽ നിന്നുള്ള വരുമാനം ഇപ്പോൾ ഈ പഞ്ചായത്തിനു ലഭിക്കുന്നില്ല. ഇതു ലഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത്തരത്തിലുള്ള വരുമാന സാധ്യതകൾ പരിപൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ മിക്കവാറും 9-ാം പദ്ധതിയുടെ അവസാനത്തോടുകൂടി ചെയ്തു തീർക്കാൻ സാധിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

6

# ഉപസംഹാരം

നാട്ടിന്റെ മുഖഛായ മാറ്റിമറിക്കാനും അതുവഴി സാധാരണക്കാരന്റെ ജീവിതനിലവാരം മെച്ചപ്പെട്ടതാക്കാനും ഗ്രാമീണർ നിർദ്ദേശിക്കുന്ന പരിപാടികൾ നടപ്പിൽ വരുത്തുകയാണ് അധികാരവികേന്ദ്രീകരണത്തിന്റെ കാതൽ. ഒരു രാജ്യത്തിലെ ഏറ്റവും വലിയ സമ്പത്ത് അവിടത്തെ ജനങ്ങളാണ്. അവരാണ് ഇന്ന് ആസൂത്രണത്തിന്റെ ഒന്നാംനിരക്കാർ. മനുഷ്യശക്തിയും മറ്റുവിഭവങ്ങളും വികസനത്തിന്റെ മുഖ്യധാരയിൽ വരുന്നു. വികസനോപാധികളിൽ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. എങ്കിൽ മാത്രമേ ആസൂത്രണം ഫലപ്രദമായിത്തീരുകയുള്ളൂ. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമ്പോഴാണ് വികസനം സാധ്യമാകുന്നത്. ഇന്നലെത്തേതിൽ നിന്ന് ഇന്നത്തേക്കാൾ, നാളെ മനുഷ്യന്റെ ജീവിതനിലവാരം മെച്ചപ്പെട്ടതാക്കാൻ പര്യാപ്തമായ പദ്ധതികളും വിജയകരമായി പര്യവസാനത്തിൽ നിന്നുണ്ടാകുന്ന നേട്ടമാണ് വികസനം.

നമുക്കിനി വിമാനത്താവളങ്ങളും ദൂരദർശൻ കേന്ദ്രങ്ങളുമല്ല ആവശ്യം. ദാരിദ്രരേഖയ്ക്കു താഴെക്കിടക്കുന്ന മനുഷ്യരാശിയെ പടിപടിയായി ഉയർന്ന നിലവാരത്തിലേക്ക് കൊണ്ടുവരുവാൻ പര്യാപ്തമായ പദ്ധതികളാണാവശ്യം. നൂറുരൂപ ചിലവഴിക്കുമ്പോൾ ഗുണഭോക്താക്കൾക്ക് 15 രൂപയുടെ ഫലം കിട്ടുന്ന സമ്പ്രദായം മാറണം. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഉദ്യോഗസ്ഥമേധാവിത്വത്തിൽ നിന്നും ജനതയ് മോചനം ലഭിക്കണം. ചോദിച്ചറിയാനും തെരഞ്ഞെടുക്കാനും നടപ്പിലാക്കുവാനും ഉപഭോക്താക്കൾക്ക് അവകാശമുണ്ട്. ആ നിലയ്ക്ക് ജനം ഭരണത്തിൽ പങ്കാളികളാകുന്നതോടെ മാത്രമേ ജനാധിപത്യം സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ. ഇതിന്റെ മുന്നോടിയായി നടപ്പിൽവന്ന അധികാരവികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിലാണ് നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനരേഖ തയ്യാറാക്കാൻ നമുക്ക് അവസരം ലഭിച്ചത്.

വളരെ ആവേശത്തോടുകൂടി ഗ്രാമസഭകളിലൂടെ നമ്മുടെ നാട്ടിന്റെ വികസന

പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയുണ്ടായി. അതു സമ്പുഷ്ടമാക്കി ഒമ്പതാം പദ്ധതിയുടെ നടപ്പുകാലത്ത് ചെയ്തു തീർക്കേണ്ട പദ്ധതികൾ പഞ്ചായത്ത് വികസനരേഖയാക്കി മാറ്റിയിരിക്കുകയാണ്. ഇതുകൊണ്ടുമാത്രം വികസന പ്രക്രിയയിൽ നമ്മുടെ പങ്കാളിത്തം അവസാനിക്കുന്നില്ല. രേഖയിൽ പറയുന്ന പദ്ധതികൾ സമ്പൂർണ്ണമായി 1997 ഏപ്രിൽ ഒന്നാം തീയതി മുതൽ 5 വർഷം കൊണ്ട് നടപ്പിലാക്കി പരിണതഫലം അനുഭവിക്കാൻ സാധിക്കുന്നതുവരെ നാം കർമ്മനിരകരായിരിക്കണം. സ്വാർത്ഥതയ്ക്കും കക്ഷിരാഷ്ട്രീയത്തിനും ഇവിടെ സ്ഥാനമില്ല. നമുക്ക് വേണ്ടത് ഒരു വികസനരാഷ്ട്രീയമാണ് 'അതെല്ലാം അവർ ചെയ്തോളും' എന്ന മാമൂൽചിന്ത മാറ്റി 'ഇതെല്ലാം നമുക്ക് ചെയ്യാനുള്ളതാണ്' എന്ന ചിന്തയാണ് ഇനി വേണ്ടത്. ഇതിനുവേണ്ടി ഒരു കൂട്ടായ്മ മനോഭാവം നാം സൃഷ്ടിച്ചെടുക്കണം.

നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളിൽ പലതും സന്നദ്ധപ്രവർത്തനങ്ങളിലൂടെ ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. അവ ഓരോന്നോരോന്നായി ചെയ്തു തീർക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ഇതിനുവേണ്ടി എല്ലാവരുടേയും സഹായസഹകരണങ്ങളുണ്ടായിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതീക്ഷയ്കൊത്ത് ഉണർന്നു പ്രവർത്തിക്കാൻ നമുക്കു കഴിയുമാറാകട്ടെ എന്നു പ്രത്യാശിച്ചുകൊണ്ടു ഈ വികസനരേഖയ്ക്ക് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ടും പുറത്തൂർ പഞ്ചായത്ത് വികസനരേഖ വിശദമായ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി ഈ വികസനസെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു.

*എൻ.പി. അബ്ദുറഹീം*

*പ്രസിഡന്റ്*

*പുറത്തൂർ ഗ്രാമപഞ്ചായത്ത്*

പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 12.11.96 ലെ 172-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിന്റെ വികസനരേഖ അംഗീകരിച്ചു.

# തിരുത്തലുകൾ

| തിരുത്തേണ്ട ഭാഗം | തിരുത്തേണ്ടരീതി |
|---|---|
| പേജ് 2 പട്ടിക 1-14 (a) | "ഒന്നിൽ കൂടുതൽ നിലയുള്ളത്" എന്ന തലക്കെട്ട് ഒഴിവാക്കണം |
| പേജ് 26 നീർക്കെട്ട് ഒഴിവാക്കാൻ എന്ന ഭാഗം, ഇനം 3 | "വാളമരുതൂർ" എന്നത് "ചേന്നര" എന്നാക്കണം |
| പേജ് 53 പരിഹാര മാർഗ്ഗങ്ങൾ-ഇനം 1 | "പഞ്ചായത്തിൽ അടിയന്തിരമായി ഉന്നത വിദ്യാഭ്യാസത്തിന്നുതകുന്ന തരത്തിൽ നിലവിലുള്ള ഗവ: ഹൈസ്കൂൾ V H S S ആയി ഉയർത്തണം" എന്നാക്കണം |
| പേജ് 53 ഇനം 2 | "പുതിയ I T I, പോളിടെക്കനിക്ക്, ജൂനിയർ കോളേജ് എന്നിവ ആരംഭിക്കണം" എന്നാക്കണം |
| പേജ് 53 ഇനം 5 | പുറത്തൂർ GUP സ്കൂൾ എന്ന് ചേർക്കണം |
| പേജ് 54 പട്ടിക 9-3 | |
| ഇനം 5- | V V U P സ്കൂൾ ചേന്നര എന്നാക്കണം |
| ഇനം 7- | പുറത്തൂർ G W L P സ്കൂൾ എന്നാക്കണം |
| പേജ് 76 പട്ടികയുടെ അവസാനം | 14 എന്നത് 2 എന്നാക്കണം |
| പേജ് 86 കലാസമിതികൾ ക്ലബുകൾ, ഇനം 5 | തൃത്തല്ലൂർ എന്നത് "പുതുപ്പള്ളി" എന്നാക്കണം |
| പേജ് 104- | പട്ടിക 1-1 എന്നത് 11—7 എന്നാക്കണം |
| പേജ് 108- | 12—11—96 എന്നത് 13—11—96 എന്നാക്കണം |
| പുറംചട്ട- | W—E എന്നത് E—W എന്നാക്കണം |

**7.1**

# അനുബന്ധം - 1

## വികസന രേഖ പിന്നിട്ട പാതകൾ

| | |
|---|---|
| 17-9-96 | ഒന്നാം ഘട്ട എൽ. ആർ.പി ക്യാമ്പ് പുറത്തൂർ ഗവഃഹൈസ്കൂൾ |
| 19-9-96 | 3,7,8 വാർഡുകളിൽ വാർഡ് ഗ്രാമസഭകൾക്ക് സ്വാഗത സംഘയോഗം |
| 20-9-96 | 10,12,13 വാർഡുകളിൽ ഗ്രാമസഭകൾക്ക് സ്വാഗത സംഘരൂപീകരണം |
| 21-9-96 | 11-ാം വാർഡ് ഗ്രാമസഭ സ്വാഗത സംഘ രൂപീകരണവും 5,8 വാർഡുകളിൽ ഗ്രാമസഭകളും |
| 22-9-96 | 2,4,9 വാർഡുകളിൽ ഗ്രാമസഭ സ്വാഗത സംഘരൂപീകരണവും 3,7 വാർഡുകളിൽ ഗ്രാമസഭകളും |
| 23-9-96 | 1-ാം വാർഡിൽ ഗ്രാമസഭ സ്വാഗത സംഘരൂപീകരണം |
| 25-9-96 | 6-ാം വാർഡിൽ സ്വാഗത സംഘ രൂപീകരണം |
| 27-9-96 | 9,10,12,13 വാർഡുകളിൽ ഗ്രാമസഭകൾ |
| 28-9-96 | 4-ാം വാർഡ് ഗ്രാമസഭ |
| 29-9-96 | 2-ാം വാർഡ് ഗ്രാമസഭ |
| 2-10-96 | 1,6 വാർഡുകളിൽ ഗ്രാമസഭകൾ |
| 9-10-96 | ബ്ലോക്കുതല കലാ ജാഥയ്ക്ക് പ്രചാരണം |
| 10-10-96 | കലാ ജാഥ പഞ്ചായത്തിൽ പര്യടനം |
| 4-10-96 | വാർഡ് മെമ്പർമാരും ഡി. ആർ.പി മാരും കൂടിയിരിക്കൽ.നവമ്പർ ഒന്നിന്റെ സന്നദ്ധ പ്രവർത്തനങ്ങൾ തയ്യാറാക്കൽ |
| 6-10-96 | ഉദ്യോഗസ്ഥന്മാരുടെ യോഗം.സെക്കന്ററി ഡാറ്റാ ശേഖരണ ആസൂത്രണം |
| 18-10-96 | 1,4,9,12,13 വാർഡുകളിൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് സ്വാഗത സംഘം രൂപീകരിക്കൽ |
| 19-10-96 | വാർഡ് 2,3 സന്നദ്ധപ്രവർത്തന സ്വാഗത സംഘം രൂപീകരിക്കൽ |
| 20-10-96 | 7-ാം വാർഡിൽ സന്നദ്ധ പ്രവർത്തനത്തിന് സ്വാഗത സംഘരൂപീകരണം. പഞ്ചായത്തിൽ ഡി. ആർ.പി യോഗം, അംഗനവാടി അദ്ധ്യാപകരുടെയും റേഷൻ ഷോപ്പ് മാനേജർ മാരുടെയും യോഗം. |
| 21-10-96 | 6,8,10,11 വാർഡുകളിൽ സന്നദ്ധപ്രവർത്തനങ്ങൾക്ക് സ്വാഗത സംഘരൂപീകരണം |
| 26-10-96 to 28-10-96 | ഡി . ആർ. പി മാരുടെ രണ്ടാം ഘട്ട പരിശീലനം തിരൂർ ഹൈസ്കൂൾ |
| 30-10-96 | വാർഡ് മെമ്പർമാരുടെയും ഡി. ആർ.പി മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും സംയുക്ത യോഗം |
| 1-11-96 | സന്നദ്ധ പ്രവർത്തനങ്ങൾ വിവിധ വാർഡുകളിൽ |
| 2-11-96 | വികസന രേഖ ക്രോഡീകരണം ഒന്നാം ഘട്ടം വാർഡുതലത്തിൽ പുറത്തൂർ ഹൈസ്കൂൾ. |
| 3-11-96 | രണ്ടാംഘട്ട എൽ. ആർ. പി ക്യാമ്പ് പുറത്തൂർ ഹൈസ്കൂൾ |
| 4-11-96 | പഞ്ചായത്ത് പഠന പര്യടനം |
| 5-11-96 | ഏകദിന കുടുംബ സർവ്വേ വാർഡുകളിൽ |
| 6-11-96 | സ്ഥിതി വിവരക്കണക്കുകൾ ക്രോഡീകരണം |
| 7-11-96 to 9-11-96 | 12 കോർ ഗ്രൂപ്പുകൾ വികസന രേഖ തയ്യാറാക്കൽ |
| 10-11-96 to 11-11-96 | വികസന രേഖയ്ക്ക് അന്തിമരൂപം നല്കൽ |
| 12-11-96 | വികസന രേഖയ്ക്ക് മുഖവുരയും ചരിത്ര പശ്ചാത്തലവും തയ്യാറാക്കൽ |
| 13-11-96 | പഞ്ചായത്ത് ബോർഡ് യോഗം ചേർന്ന് വികസന രേഖ അംഗീകരിക്കൽ, അച്ചടിക്ക് കൊടുക്കൽ. |

7.2

# അനുബന്ധം - 2

## നവമ്പർ 1 പുനരർപ്പണദിനത്തിൽ നടത്തിയ സന്നദ്ധ പ്രവർത്തനങ്ങളുടെ വിവരം

| വാർഡ് | പ്രവർത്തിയുടെ വിശദാംശം |
|---|---|
| 1 | ചേന്നര റിക്രിയേഷൻ ക്ലബ്ബിന്റെ പരിസരം ശുചീകരിക്കൽ |
| 2. | ആലത്തിയൂർ പള്ളിക്കടവ് റോഡിൽ നിന്നും നിന്നും കെ.വി വേലായുധൻ മാസ്റ്ററുടെ വീടിന്നടുത്തുവരെ 200 മീ. നീളം 6 മീ. വീതിയിൽ റോഡ് |
| 3. | കളൂർ കനാൽ റോഡിൽനിന്ന് കളൂർ സബ് സെന്റർ വരെയുള്ള റോഡ് കുണ്ടും കുഴിയും നികത്തൽ |
| 4. | പുതുപ്പള്ളി മദ്രസ-നമ്പ്രംകളൂർ റോഡ് പുതുതായി വെട്ടൽ 3 മീ. വീതി 1.5 കി. മീ. നീളം. |
| 6. | പള്ളിക്കടവിൽ നിന്ന് പടിഞ്ഞാറോട്ട് പൊന്നാനി അഴിമുഖം വരെ 4 മീ. വീതിയിൽ പുതിയ റോഡ് |
| 7. | കാവിലക്കാട് അങ്ങാടിയിൽ നിന്ന് മാർക്കറ്റുവഴി മൂന്നടിക്കൽ തോടുവരെ 3 മി.വീതിയിൽ 850 നീളം പൊതുവഴി നിർമ്മിക്കൽ |
| 8. | എടക്കനാട് ചെട്ടിയാട്ടിൽപടി കോൺക്രീറ്റു നടപ്പാലം നിർമ്മാണം |
| 9. | മുട്ടനൂർ ജുമാമസ്ജിദ് റോഡിൽ നിന്ന് അനന്താവൂർ പറമ്പിൽകൂടി വലിയകുളം വരെ 2. മീ. വീതിയിൽ 300 മി.നീളത്തിൽ പുതിയവഴി. |
| 10. | ഉല്ലാസ് നഗർ-കടവ് റോഡ് 4.മി വീതി,800 മീ നീളം പുതിയത് നിർമ്മാണം. |
| 11. | പാലക്കൽ പള്ളിയ്ക്ക് കിഴക്കു ഭാഗത്തുനിന്ന് അലവിഹാജിയുടെ വീട്ടിന്നു സമീപം വരെ പുതിയ ഡ്രെയ്നേജ് നിർമ്മാണം 50.മി നീളം. |
| 12. | കനാൽപടി-മിച്ചഭൂമി റോഡ് കൈമലശ്ശേരിയുമായി ബന്ധിപ്പിക്കുന്ന പുതിയറോഡ് 500 മി. നീള |
| 13. | ഗോമുഖം കുളം ശുദ്ധീകരിക്കൽ |

# അമ്മോത്ത് മെറ്റൽ ഇൻഡസ്ട്രീസ്

## പുറത്തൂർ

ഗേറ്റ്,

ഗ്രിൽസ്,

ഇരുമ്പു ജനാല മുതലായവ

ഓർഡർ പ്രകാരം നല്ലരീതിയിൽ ചെയ്തു കൊടുക്കുന്നു.

ഫോൺ : 6864

# പുറത്തൂർ സർവ്വീസ് സഹകരണ ബാങ്ക്

## ജില്ലയിലെ പ്രമുഖ സഹകരണ സ്ഥാപനം

*ബ്രാഞ്ചുകൾ*

| | | |
|---|---|---|
| മെയിൻ ബ്രാഞ്ച് :കാവിലക്കാട് | ഫോൺ | 6025 |
| പതുപ്പള്ളി ബ്രാഞ്ച് | ഫോൺ | 6125 |
| സായാഹ്നശാഖ, ആശുപത്രിപ്പടി | (Resi) | 6225 |

**സി. ഒ. അറുമുഖൻ**
പ്രസിഡന്റ്

**കെ. ഗോപിനാഥൻ**
സിക്രട്ടറി

ആശംസകൾ

## മാസ്സ് ഫുഡ് ഇൻഡസ്ട്രീസ്

പടിഞ്ഞാറെക്കര

# ഗോകുലം ഫർണ്ണിച്ചർ

**ചമ്രവട്ടം റോഡ്, ആലത്തിയൂർ**

ഫോൺ 049456-6331

ഈട്ടി. തേക്ക്. പ്ലാവ് തുടങ്ങിയ നല്ല ഇനം മരങ്ങൾ കൊണ്ട് വിദഗ്ദ്ധരായ ആശാരിമാർ ഉണ്ടാക്കിയ ഭംഗിയും ഉറപ്പുമുള്ള ആകർഷകമായ ഫർണ്ണിച്ചറുകൾക്ക് സന്ദർശിക്കുക ..

പരമ്പരാഗതരീതിയിൽ ശില്പവേലകൾ. കൊത്തുപണികൾ. ഓർഡിനറി ഡോറുകൾ. കട്ടില. ജനൽ എന്നിവ ഓർഡർ പ്രകാരം കൃത്യസമയത്ത് പണിത് സപ്ലൈ ചെയ്യുന്നു.

ഞങ്ങളുടെ സഹോദരസ്ഥാപനമായ രാജാ ടിമ്പേഴ്സിൽ നിന്നും തടി ഉരുപ്പടികൾ ലഭിക്കുന്നു.

പ്രൊപ്രൈറ്റർ.

# തിരൂർ ബാങ്കേഴ്സ്

പൂങ്ങോട്ടുകുളം, തിരൂർ

Phone: 23502(PP)

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- വിവിധ വായ്പാ പദ്ധതികൾ
- ദിവസ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
- ഇടപാടുകൾ പൂർണ്ണ സുരക്ഷിതത്വം

മാനേജിംഗ് പാർട്ട്ണർ

കെ. ജയദാസ്.

# യുണൈറ്റഡ് ബിസിനസ്സ് കോർപ്പറേഷൻ

Opp:സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

താഴെപ്പാലം, തിരൂർ, ഫോൺ 04938-22852

അംഗീകൃത വിതരണക്കാർ

**ടെലിവിഷൻ**

വീഡിയോകോൺ

ഗ്രുൻഡിക

സോളിഡെയർ

**റഫ്രിജറേറ്റർ**

കെൽവിനേറ്റർ

വേൾപൂൾ

**മിക്സി**

മഹാരാജാ

ഉഷാ

ആശംസകൾ

# കൈപ്പാടത്ത് മെറ്റൽസ്

പൂക്കയിൽ, തിരൂർ

139

**പേൾ ജ്വല്ലറി**

**തിരൂർ** (A/C)

(ടൗൺ ഹാൾ റോഡ്)

ഫോൺ: 22135

22Ct സ്വർണ്ണാഭരണങ്ങൾക്ക് - വിശ്വസ്ത സ്ഥാപനം

കട്ടില

ജനൽ വാതിലുകൾ

ഡക്കറേറ്റീവ് ഡോർ

ഫർണ്ണിച്ചർ Etc..

**വിശ്വകർമ്മ**

ചമ്രവട്ടം, കാവിലക്കാട്

ആശംസകൾ

# കോട്ടക്കൽ ആര്യവൈദ്യശാല ഏജൻസി

കാവിലക്കാട്, പുറത്തൂർ

ഫോൺ : 6004

ആശംസകൾ

## എറീനാ ട്രാവൽസ്

കാവിലക്കാട്

ഫോൺ : 6205

പുറത്തൂർ പഞ്ചായത്ത് ഗ്രാമവികസന സെമിനാറിന് ആശംസകൾ

## പുറത്തൂർ കയർ വ്യവസായ സഹകരണ സംഘം ലി:

വി.പി. കുഞ്ഞിമരക്കാർ
പ്രസിഡന്റ്

കെ.വി. സുധാകരൻ
സിക്രട്ടറി

ആശംസകൾ

# തിരൂർ അർബൻ
# കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
# നമ്പർ F. 1818
## H.O. തിരൂർ -1

ഫോൺ : 23268

പി.പി. അബ്ദുല്ല കുട്ടി
പ്രസിഡന്റ്

പി. ബാലകൃഷ്ണൻ
സെക്ര: ഇൻ ചാർജ്ജ്

## വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പുകൾ

**കൃഷി-ജലസേചനം**
എം. കൃഷ്ണകുമാർ (കൃഷി ഓഫീസർ)
എം.കെ.മൂപ്പിൽ നായർ
കെ.വി.കുഞ്ഞിമോൻ
പി.ബാലകൃഷ്ണൻ
ഇ. എൻ.ചന്ദ്രൻകുട്ടി.
കെ.കെ.മുഹമ്മദാലി (ഡി. ആർ.പി)

**മത്സ്യബന്ധനം,മൃഗസംരക്ഷണം**
ഡോ.പി.സി.പുഷ്ക്കരൻ
എം.ഷംസുദ്ദീൻ
കെ.ബൈജു
വി.വി.നാരായണൻ
കെ.ടി.പ്രശാന്ത്
എം.ഹുസൈൻ മാസ്റ്റർ (ഡി. ആർ.പി)

**വിദ്യഭ്യാസം**
കെ. എം. അച്യുതൻ നായർ
വി. എം. അലീമ ടീച്ചർ
ടി.കെ.സദാശിവൻ
സി. എം. ശ്രീധരൻ
കെ.പി. അബ്ദുൾഖാദർ മാസ്റ്റർ
ടി.പി.സുരേഷ്
എൻ.രാഘവൻ പിള്ള
വി.വി.മണികണ്ഠൻ (ഡി. ആർ.പി.)

**ആരോഗ്യം - കുടിവെള്ളം**
ഡോ.രാധാകൃഷ്ണൻ
ഡോ.മുരളീധരൻ
കെ. അനിൽകുമാർ
അബ്ദുൾ ഗഫൂർ.കെ. എ.ച്ച്
എം.സെയ്തലവി
ടി.കുഞ്ഞികൃഷ്ണൻ
സി. എം. രാമനുണ്ണി (വൈ: പ്ര)

**റോഡ് - ഊർജ്ജം - മാർക്കറ്റിംഗ്**
എൻ.പി. അലി
സി.ടി.കുഞ്ഞിമൂസ
എം.ബാലകൃഷ്ണൻ
സി.കെ.നാണു
കെ.വി.ഷെരീഫ്
സി.പി.കുഞ്ഞുമാസ്റ്റർ
വി. അഷ്ക്കർ അലി (ഡി. ആർ.പി)

**ഭവന നിർമ്മാണം സാമൂഹ്യസേവനം**
എ.വി. അബൂബക്കർ
സി. എം.വിശ്വനാഥൻ
കെ.ടി.താജുദ്ദീൻ
എം.പി.ഹംസ മാസ്റ്റർ (ഡി. ആർ.പി.)

**സംസ്ക്കാരം**
കെ.വി. ഇബ്രാഹീംകുട്ടി
എം.പി.മുസ്തഫ
കെ.ദിനേശൻ
കെ.സിദ്ദിഖ്
വി.പി.മുസ്തഫ
സി.പി.ജലീൽ

**വ്യവസായം**
കെ.വി.സുധാകരൻ (ഡി. ആർ.പി)
സി.പി.നാണു
ഇ.ഷംസുദ്ദീൻ
കെ.ഗംഗാധരൻ
സി.പി.കുഞ്ഞുമോൻ
പി. അബൂബക്കർ

**വനിതാക്ഷേമം**
കെ.പി.സരസ്വതിക്കുട്ടി
സി. എൻ.മഹിളാമണി അമ്മാൾ
സി.ഗൗരി
എൻ. എൻ. കുഞ്ഞുമോൾ
എം. ലീല
എം. ചിന്നമ്മു

**സഹകരണം.**
കെ.ജനാർദ്ദനൻ
വി.കൃഷ്ണൻ നമ്പൂതിരി
സി. എം. രവീന്ദ്രൻ
കെ.ജി.വസന്ത
കെ. ഗോപിനാഥ് (ഡി. ആർ.പി )

**പട്ടികജാതി-പട്ടിക വർഗ്ഗം**
സി.കെ. മൊയ്തീൻകുട്ടി
കെ. എം. ഭാസ്ക്കരൻ മാസ്റ്റർ
ടി.പി. പ്രഭാകരൻ
എ. എൻ.രാജൻ
എം. ചന്ദ്രൻ

**വിഭവ സമാഹരണം**
എസ്. ദാനം
പി. അബ്ദുള്ളക്കുട്ടി എന്ന കുഞ്ഞിമോൻ
കെ.പി. നാരായണൻ
പി. കെ. മുഹമ്മദ് അയൂബ് (ഡി. ആർ. പി )

**ചരിത്രശേഖരണം**
കെ. ഗോപിനാഥ്
പി. അനിൽകുമാർ
എം. ഹുസൈൻ മാസ്റ്റർ

# പുറത്തൂർ ഗ്രാമപഞ്ചായത്ത്





PRAHELIKA PRINTING PRESS, B.P.ANGADI, TIRUR-2, PH : 24173

അധികാരം ജനങ്ങളിലേക്ക്

# തലക്കാട് ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം
## സമഗ്രവികസന രേഖ




കേരളം
കോഴിക്കോട് ജില്ല

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# തലക്കാട് ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

## സമഗ്ര വികസന രേഖ



"Real swraj will come not by the acquisition of authority by a few but the acquisition of the capacity by all".

"True democracy can not be worked by twenty men sitting at the centre. It has to be worked from below by the people of every village"

-Mahatma Gandhi

"To uplift lakhs of villages is not an ordinary task. The reason for the slow progress is our dependence on official machinery. An officer is probably necessary, because he is an expert. But this work can be done only if the people take up the responsibility in their own hands. The people are not mearly to be consulted. Effective power has be entrusted to them.

-Jewaharlal Nehru

" Real Change comes, ofcourse from within the village, from the very people living in the village, and is not imposed from out side."

-Panditji

Panditji referred to Lenin's famous statement. "Communism is soviets play Electricity" and said that for India, "Progress is Panchayaths plus electric power"


# ഭരണ സാരഥികൾ



പ്രസിഡണ്ട്
കെ.പി. സുഹറടീച്ചർ



വൈസ് പ്രസിഡണ്ട്
കുഞ്ഞിബാപ്പു




സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ബീരാൻ കുട്ടി

## മെമ്പർമാർ




കല്യാണിക്കുട്ടിയമ്മ




കെ. അനിൽ കുമാർ



പി.പി. ആമിനക്കുട്ടി ടീച്ചർ



പി.പി. പരീക്കുട്ടി



കക്കുഴിയിൽ സൈതലവി



സി. എച്ച് ബഷീർ



ടി. മാധവിക്കുട്ടിയമ്മ



എം.കെ.എം. ബാവ



സെക്രട്ടറി
ടി.എം. അബ്ദുറഹിമാൻ

149

# തലക്കാട് പഞ്ചായത്ത്
# മുൻ സാരഥികൾ

**1963 ഡിസംബർ 23**

1. തുളുത്തിയിൽ നാരായണൻ - പ്രസിഡണ്ട്
2. പടികപ്പുറായി മുഹമ്മദ് - വൈസ് പ്രസിഡണ്ട്
3. പുതുക്കയിൽ പുതിയമാളിയക്കൽ അഹമ്മദ് - മെമ്പർ
4. മലയത്തു ചോലയിൽ ശ്രീധരൻ - "
5. കോടേരി വളപ്പിൽ ബീരാൻ കുട്ടി "
6. നാലകത്ത് ബീരാൻ "
7. ചെറിയമുണ്ടത്ത് ഗോവിന്ദൻ "
8. പുത്തൻവീട്ടിൽ ഖദീജ(22-1-64മുതൽ) "
9. തലൂർ അമ്മുണ്ണിഅമ്മ(13-7-65മുതൽ) "

**1979 സെപ്റ്റംബർ 29**

1. മൂപ്പിൽ രാഘവൻ - പ്രസിഡണ്ട്
2. വലൂർ അഹമ്മദ് - വൈസ് പ്രസിഡണ്ട്
3. വാഴയിൽ സുഹറാബി - മെമ്പർ
4. പുതുക്കയിൽ പുതിയമാളിയേക്കൽ മുഹമ്മദ് എന്ന ബാവ (അഡ്വോകറ്റ്) "
5. പഴയകത്ത് അഹമ്മദ്കുട്ടി "
6. കോട്ടത്തറ പൂപ്പറമ്പിൽ അഹമ്മദുണ്ണി "
7. കക്കുഴിയിൽ സൈതലവി "
8. മഠത്ത് വളപ്പിൽ കോയക്കുട്ടി "
9. കോണോത്ത് പടി ചെക്കൻ "

**1988 ഫെബ്രുവരി 4**

1. കെ.സി. കൃഷ്ണൻ നായർ - പ്രസിഡണ്ട്
2. പി. കദീജ - വൈസ് പ്രസിഡണ്ട്
3. കൂനത്തിൽ പരമേശ്വരൻ - മെമ്പർ
4. അഡ്വ: പി.പി. പുഷ്കരാക്ഷൻ "
5. ഇ. കുഞ്ഞാത്തുമ്മ "
6. സി.പി. വേലായുധൻ "
7. മുല്ലശ്ശേരിയകത്ത് കുഞ്ഞിബാപ്പു "
8. കക്കുഴിയിൽ സൈതലവി "
9. എ. എം സേതുമാധവൻ "
10. പെരുങ്ങാട്ടു തൊടി മുഹമ്മദലി "

ശ്രീ എം. കുഞ്ഞിബാപ്പു 21-8-90 മുതൽ വൈസ് പ്രസിഡണ്ടായും ശ്രീ കെ സൈതലവി മാസ്റ്റർ പ്രസിഡണ്ടായും സ്ഥാനമേറ്റു

# എഡിറ്ററുടെ കത്ത്


തലക്കാട് ഗ്രാമ പഞ്ചായത്ത്

സവിനയം, സാദരം,

*ജനകീയാസൂത്രണത്തിന്റെ ഭാഗമായി തലക്കാട് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ വികസന റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു. സമയപരിധി കാരണം എല്ലാ മേഖലകളിലേയും സമഗ്രമായ വിവരം ശേഖരിക്കുവാൻ ഞങ്ങൾക്ക് സാധിച്ചിട്ടില്ല. എങ്കിലും നല്ലവരായ നാട്ടുകാരുടെയും ഉദ്യോഗസ്ഥരുടെയും നിസ്സീമമായ സഹകരണം റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. പോരായ്മകൾ സദയം ക്ഷമിക്കണം. ഇതിന്റെ പ്രവർത്തനവുമായി സഹകരിച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിക്കുന്നു.*

എഡിറ്റർ

# കേരളം



152

## പത്രാധിപസമിതി


ചീഫ് എഡിറ്റർ:

ടി.എം. അബ്ദുറഹിമാൻ
സെക്രട്ടറി, തലക്കാട്
ഗ്രാമപഞ്ചായത്ത്

എഡിറ്റോറിയൽ ബോർഡ്:


1. വി.സി. രാമചന്ദ്രൻ
2. കെ.പി. സുഹറടീച്ചർ
3. എം. കുഞ്ഞിബാപ്പു
4. ടി. ബീരാൻകുട്ടി
5. ഡി.ജി. വർഗ്ഗീസ്
6. കെ.പി. രാധാകൃഷ്ണൻ
7. കെ. സൈതലവി മാസ്റ്റർ
8. പി. മുഹമ്മദലി
9. എം.കെ.എം. ബാവ
10. പി. ഹംസ മാസ്റ്റർ
11. ഒ. മൊയ്തീൻ


## താളുകളിലൂടെ

### ഉള്ളടക്കം


1. ആമുഖം ........ 9
2. പഞ്ചായത്ത് പൊതുവിതരണം ........ 12
3. സാമൂഹ്യ സാംസ്കാരികചരിത്രം ....... 14
4. സാമൂഹ്യ സാമ്പത്തികമേഖലകൾ ..... 23
   i. കൃഷിയും ജലസേചനവും ........ 24
   ii. മൃഗസംരക്ഷണവും മത്സ്യബന്ധനവും 32
   iii. വ്യവസായം ........ 38
   iv. വിദ്യാഭ്യാസം ........ 45
   v. കുടിവെള്ളവും പൊതുജനാരോഗ്യവും 55
   vi. ഗതാഗതം-ഊർജ്ജം ........ 63
   vii. പാർപ്പിടവും സാമൂഹ്യക്ഷേമവും ........ 75
   viii. സംസ്കാരം, കായികരംഗം ........ 85
   ix. വനിതാക്ഷേമം ........ 93
   x. സഹകരണമേഖല ........ 99
   xi. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം ........ 103
   xii. വിഭവസമാഹരണം ........ 111
5. ഉപസംഹാരം ........ 119

# മലപ്പുറം ജില്ല



തലക്കാട്

# ആമുഖം

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ പടിവാതിൽക്കൽ എത്തിനിൽക്കുന്ന കേരളജനത ആസൂത്രണരംഗത്ത് "അധികാരം ജനങ്ങളിലേക്ക്". "വികസനം ഗ്രാമതലത്തിൽ നിന്ന്" എന്ന രണ്ടു പുത്തൻ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് രാഷ്ട്ര വികസനത്തിന് ഒരു പുതിയ മാനം കുറിച്ചിരിക്കുകയാണ്. 1951 മുതൽ മുകൾത്തട്ടിൽ നിന്നുള്ള ആസൂത്രണം പലവിധപാകപ്പിഴകളാലും സമൂഹത്തിന്റെ അടിത്തട്ടിലേക്ക് വേണ്ടത്ര വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന ദുഃഖസത്യം യാഥാർത്ഥ്യബോധത്തോടെ അംഗീകരിച്ചുകൊണ്ടാണ് ഒരു മാറ്റത്തിനുവേണ്ടിയുള്ള ഉൾവിളി സംജാതമായത്. ദേശീയ തലത്തിലും സംസ്ഥാനതലത്തിലും നടപ്പാക്കിയ ആസൂത്രണ പ്രക്രിയകളുടെ ഭാഗമായി ദേശീയ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാന ഘടകങ്ങളിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിലും പദ്ധതി ചിലവിന് വേണ്ടി ഈ രാഷ്ട്രം ചിലവഴിച്ച കോടാനുകോടി രൂപയുമായി തട്ടിച്ചുനോക്കുമ്പോൾ ശരാശരി പൗരനു ലഭിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ യഥാർത്ഥത്തിൽ ലഭിക്കാതെ പോയി. തൻമൂലം ഭരണഘടനപരമായി ഇന്ത്യൻ പൗരന് വാഗ്ദത്തം ചെയ്യപ്പെട്ട ഭക്ഷണം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം, ആരോഗ്യപരിരക്ഷണം, തൊഴിൽ, സാമൂഹിക നീതി, തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഒരി പരിധി വരെ ഇന്നും മരീചികയായി അവശേഷിക്കുന്നു. ജനസംഖ്യാവർദ്ധനവ്, അപ്രതീക്ഷിതമായി അടിക്കടിയുണ്ടായ വിദേശാക്രമണങ്ങൾ, പ്രകൃതിക്ഷോഭം എന്നിവ ആസൂത്രണത്തിന്റെ കണക്കുകൾ തകിടം മറിച്ചിട്ടുണ്ടെന്നുള്ളത് സത്യമാണ്. ആസൂത്രിത വികസനത്തിന്റെ ഗുണം സാധാരണക്കാരനിലേക്ക് വളരെ പെട്ടെന്ന് എത്തിച്ചു കൊടുത്താൽ മാത്രമേ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാകു എന്നത് കൊണ്ടാണ് ഗുണഭോക്താക്കളെ തന്നെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വികസനം എന്ന ചിന്താധാര സംജാതമായത്.

17-ാം നൂറ്റാണ്ടിൽ തന്നെ നീതിനിഷ്ടമായ ഭരണത്തിനും സാമൂഹ്യപുരോഗതിക്കും സാംസ്കാരിക നവോത്ഥാനത്തിനും പേരുകേട്ട വെട്ടുത്തുരാജാവിന്റെ ഭരണസിരാ കേന്ദ്രമാണ് ഈ തലക്കാട് പഞ്ചായത്ത്. തലക്കാട് പഞ്ചായത്തിലെ ചരിത്രമുറങ്ങിക്കിടക്കുന്ന മണൽ തരികളിലൂടെ തെക്കും വടക്കും നടന്നും മുഖാമുഖം നടത്തിയും ഐതിഹ്യങ്ങളുടേയും ചരിത്ര രേഖകളുടേയും പശ്ചാതലത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ മനസ്സും ഇഷ്ടാനിഷ്ടങ്ങളും മനസ്സിലാക്കാൻ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. സാധാരണക്കാരന്റെ ഹൃദയത്തിനുടുത്തുനിന്ന് അവന്റെ ആവശ്യമെന്തെന്നും, ആഗ്രഹങ്ങളന്തെന്നും ചോദിച്ചു മനസ്സിലാക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. നാളത്തെ തലക്കാട് പഞ്ചായത്തിനെപറ്റി ഇവിടുത്ത്കാരന്റെ സ്വപ്നങ്ങൾ

155


പകർത്താനും ഈ പ്രവർത്തനത്തിലൂടെ ഞങ്ങൾക്കു സാധിച്ചതായി വിശ്വസിക്കുന്നു. വരും തലമുറക്ക് ജീവിത സൗകര്യങ്ങൾ അനുഭവ വേദ്യമാക്കുവാൻ എന്തെല്ലാം ചെയ്യണമെന്നുള്ളതിനെപ്പറ്റി ഇവിടുത്തുകാരുടെ മാർഗ്ഗ നിർദ്ദേശങ്ങളും പ്രതീക്ഷകളും പരിപൂർണ്ണമായി രേഖപ്പെടുത്തുവാനും ഫലപ്രദമായ പ്രവർത്തനങ്ങൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. പുഴയോരത്തുനിന്നാരംഭിച്ച് ചരൽ കുന്നുകളിലെത്തിനിൽക്കുന്ന ഈ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുള്ള ഒരു രൂപരേഖ തയ്യാറാക്കുന്നതിന് കഠിന പ്രവർത്തനം ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.1996 സപ്തംബർ മാസത്തിൽ സർക്കാറിന്റെ നിർദ്ദേശപ്രകാരം ജില്ലാ പരിശീലകരെ (DRP) നാമനിർദ്ദേശം ചെയ്തു. പിന്നീടങ്ങോട്ടു തിരഞ്ഞെടുക്കപ്പെട്ട DRP മാർക്കുള്ള പ്രഥമ പരിശീലന പരിപാടി നടത്തപ്പെട്ടു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വക്കറ്റ് കെ.പി. മറിയുമ്മ ഉൽഘാടനം ചെയ്ത പരിശീലന ക്യാമ്പിൽ വെച്ചായിരുന്നു ഈ പഞ്ചായത്തിലെ ബൃഹത്തായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പഠന ക്യാമ്പിലെ തീരുമാനങ്ങൾക്കു വിധേയമായി സമഗ്രമായ ഒരു പ്രവർത്തന പദ്ധതിക്ക് ഈ പഞ്ചായത്ത് രൂപം നൽകി. 17-9-96നു രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ നടന്ന പഠന ക്യാമ്പിൽ പഞ്ചായത്ത് മെമ്പർമാരും അവരാൽ നിർദ്ദേശിക്കപ്പെട്ട പ്രാദേശിക പരിശീലകരും (L.R.P) സംബന്ധിച്ചു. വാർഡ് തലങ്ങളിൽ വിശേഷാൽ ഗ്രാമ സഭകൾ വിളിച്ചു കൂട്ടി ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനപരമായ രൂപരേഖ ഉണ്ടാക്കിയെടുക്കാൻ തീരുമാനിച്ചു. വികസനത്തിന്റെ വെല്ലുവിളികൾ അധികാരവികേന്ദ്രീകരണം ഒരു പുത്തൻ രാഷ്ട്രീയ സംസ്കാര എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളും നടന്നു.

ഈ പഠന ക്യാമ്പിനു ശേഷം ഈ പഞ്ചായത്തിലെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകളുടെ യോഗം 2-10-96 വരെ നടക്കുകയുണ്ടായി. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാന രേഖകളുണ്ടാക്കാൻ വേണ്ടി വിശേഷാൽ ഗ്രാമസഭകൾ ചേരാൻ പോകുന്നു എന്ന സംഘാടകരുടെ വിപുലമായ പ്രചരണത്തിന്റെ ഫലമായി അഭൂതപൂർവ്വമായ ജനപങ്കാളിത്തംകൊണ്ട് ഈ യോഗങ്ങളെല്ലാം തന്നെ ഉദ്ദേശിച്ച തരത്തിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ നേരിട്ട് ഒപ്പിയെടുക്കാനുള്ള വേദിയാക്കി മാറ്റാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഓരോ വിശേഷാൽ ഗ്രാമസഭയിലും പങ്കെടുത്ത അംഗങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞു അവരുടേതായ പ്രശ്നങ്ങളും ആവശ്യങ്ങളും അപഗ്രഥിച്ച് ചർച്ച ചെയ്തു. ഓരോ വിശേഷാൽ ഗ്രാമസഭകഴിയുമ്പോഴും വികസനത്തിനുവേണ്ടിയുള്ള ഉൽക്കടമായ അഭിവാഞ്ച തീരുമാനങ്ങളായി മാറി. ഈ രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന രേഖകൾ ഈ വിശേഷാൽ രേഖകളിൽ നിന്നാണ് ഉരുത്തിരിഞ്ഞു വന്നത്. വീണ്ടും 23-10-96 നു, കയ്യിൽ കിട്ടിയ, വിശേഷാൽ ഗ്രാമസഭകളുടെ തീരുമാനങ്ങളുടെ രൂപ രേഖയുമായി സ്ഥിതിവിവരകണക്കുകൾ ശേഖരിക്കാനുള്ള ശ്രമമാണ് നടന്നത്. പഞ്ചായത്തിൽ പെട്ട ഉദ്യോഗസ്ഥന്മാരുടെ അനൽപമായ സഹകരണം ഈ രേഖ കുറ്റമറ്റതാക്കാൻ വളരെയധികം സഹായിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി വികസന പ്രക്രിയയുടെ രൂപരേഖക്ക് ഒരന്തിമ രൂപം നൽകാനാണ് ആരംഭിച്ചത്. ഇതിന്റെ ഭാഗമായി ഒക്ടോബർ 26, 27,

28 തിയ്യതികളിൽ വീണ്ടും DRPമാരുടെ പരിശീലന ക്യാമ്പ് നടത്തി. ഉദ്യോഗ സ്ഥന്മാരും DRP മാരും സംയോജിചമായി ഏകമനസ്സോടുകൂടി ഈ ക്യാമ്പിൽ പങ്കെ ടുക്കുകയും ഭാവി പരിപാടികൾക്ക് അടുക്കും ചിട്ടയും വരുത്താൻ പരമാ വധി ഒത്തു പ്രവർത്തിക്കാൻ തീരുമാ നിച്ചു എന്നതാണ് ഈ ക്യാമ്പിന്റെ എടുത്തു പറായാവുന്ന നേട്ടം. ഈ പരി പാടികളെല്ലാം തന്നെ വിജയിക്കാൻ പ്രചോദന കേന്ദ്രമായി പ്രവർത്തിച്ചത് തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി പി.പി. നസിം ബാനുവും വൈസ് പ്രസിഡണ്ട് ശ്രീ. വി.സി. രാമചന്ദ്രനു മാണ്. ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ശ്രീ സി.എം.ടി. അബൂബക്കർ, ശ്രീമതി പി. കദീജ എന്നിവരുടെ സേവനം ഇത്ത രുണത്തിൽ ഞങ്ങൾ കൃതജ്ഞതയോടെ സ്മരിക്കുകയാണ്.

പഞ്ചായത്ത് തല 2-ാം ഘട്ട ശില്പശാല നടത്തുകയുണ്ടായി. വിശദ മായ വിഭവ ഭൂപടം തയ്യാറാക്കുന്നതി നായി തിരഞ്ഞെടുക്കപ്പെട്ടവരും, പഞ്ചാ യത്ത് ഭരണസമിതി അംഗങ്ങളും പഞ്ചാ യത്ത് ഉദ്യോഗസ്ഥന്മാരും, DRP മാരും LRPമാരും അടങ്ങുന്ന പഠന പര്യടന സംഘം പഞ്ചായത്തിന്റെ ആത്മാവും ആഗ്രഹവും കണ്ടെത്തുന്നതിനായി തലങ്ങും വിലങ്ങും നടക്കുകയുണ്ടായി. വിഭവങ്ങളുടേയും ഐതിഹ്യങ്ങളു ടെയും ചരിത്രത്തിന്റെയും മുത്തുമണി കൾ ഈ പഞ്ചായത്തിലെ ഓണം കേറാ മൂലകളിൽ നിന്നുപോലും തപ്പിയെടു ക്കാൻ സാഹസികവും ശ്രമകരവുമായ ഈ പര്യടനം കൊണ്ട് സാധിച്ചു. നവ മ്പർ 5 മുതൽ 7 വരെ വിവിധ കമ്മറ്റിക ളുടെ കഠിനാദ്ധ്വാനം ഈ പഞ്ചായ ത്തിന്റെ അടുത്ത അഞ്ചു വർഷത്തേ ക്കുള്ള വികസന റിപ്പോർട്ട് തയ്യാറാക്ക ലായിരുന്നു. 8-11-96ന് ചേർന്ന പഞ്ചാ യത്ത ഭരണ സമിതിയുടെ അംഗീകാരം കിട്ടിയ ഈ വികസന റിപ്പോർട്ട് തയ്യാറാ ക്കുന്നതിനു പിന്നിൽ ആളും അർത്ഥവു മായി പ്രവർത്തിച്ച എല്ലാവരെയും നന്ദി പൂർവ്വം ഓർമ്മിക്കുന്നു.

# പഞ്ചായത്ത് പൊതു വിവരണം



# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തലക്കാട് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേകൾ | : | തലക്കാട് |
| താലൂക്ക് | : | തിരൂർ |
| അസംബ്ലി മണ്ഡലം | : | തിരൂർ |
| വിസ്തീർണ്ണം | : | 16.03 Sq Kms |
| അതിരുകൾ | | |
| വടക്ക് | : | തിരൂർ മുനിസിപ്പാലിറ്റി, ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് |
| കിഴക്ക് | : | തിരുന്നാവായ, വളവന്നൂർ ഗ്രാമ പഞ്ചായത്തുകൾ |
| തെക്ക് | : | തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | വെട്ടം ഗ്രാമ പഞ്ചായത്ത് |
| ജന സംഖ്യ | : | 26486 |
| പുരുഷന്മാർ | : | 12590 |
| സ്ത്രീകൾ | : | 13896 |
| ജനസാന്ദ്രത | : | 1673 |
| അക്ഷരാഭ്യാസമുള്ളവർ | : | 19030 |
| വാർഡുകൾ | : | 11 |
| പ്രസിഡണ്ടിന്റെ പേര് | : | കെ.പി സുഹ്റ ടീച്ചർ |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | എം കുഞ്ഞിബാപ്പു |
| സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ | : | ടി. ബീരാൻ കുട്ടി |

# സാമൂഹ്യ സാംസ്കാരിക ചരിത്രം

**ചെയർമാൻ** : കെ. സെയ്തലവി മാസ്റ്റർ

**കൺവീനർ** : പി. ഹംസമാസ്റ്റർ

**മെമ്പർമാർ** : കെ.പി. രാധാകൃഷ്ണൻ
സി.വി. വേലായുധനുണ്ണി
പി.ജി. ഗംഗാധരൻ മാസ്റ്റർ



# ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

മലപ്പുറം ജില്ലയിലെ തിരൂർ താലുക്കിൽ (തിരൂർ ബ്ളോക്ക്) പെട്ടതാണ് തലക്കാട് ഗ്രാപഞ്ചായത്ത്. തിരൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും 3 കിലോമീറ്റർ തെക്ക് മാറി സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്ത് തിരൂർ അംസംബ്ലി നിയോജക മണ്ഡലത്തിലാണ്. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്താചാര്യന്റെ ജന്മ സ്ഥലമായ തൃക്കണ്ടിയൂരിൽ നിന്ന് തെക്കും, മേൽപ്പത്തൂർ ഭട്ടതിരിപ്പാട് കവി കുടുംബമായ നാലപ്പാട് നാരായണ മേനോന്റെ തറവാട്ടിനും മാമാങ്കത്തിന്റെ ആസ്ഥാനമായ തിരുനാവായ എന്നിവക്ക് പടിഞ്ഞാറും സാഹിത്യ നിരൂപകനായ കുട്ടികൃഷ്ണമാരാരുടേയും, അഷ്ടവൈദ്യൻ ആലത്തൂർ നമ്പിയുടെയും, ജന്മ സ്ഥലമായ തൃപ്രങ്ങോട് മഹാകവി വള്ളത്തോളിന്റെ ജന്മ സ്ഥലമായ മംഗലം എന്നീ പ്രദേഷങ്ങൾക്ക് വടക്കും, തിരൂർ പൊന്നാനിപ്പുഴയുടെ കിഴക്കുമായി കിഴക്കു പടിഞ്ഞാറായി നീണ്ടു കിടക്കുന്ന പ്രദേശമാണ് തലക്കാട് പഞ്ചായത്ത്. പഴയ തെക്കൻ കുറ്റൂർ, തലക്കാട് എന്നീ രണ്ട് അംശങ്ങൾ ഉൾകൊള്ളുന്ന പ്രദേശമാണിത്. അറവഞ്ചേരി, കാഞ്ഞീരക്കോൽ, കുറ്റൂർ, തെക്കൻ
കുറ്റൂർ, വെങ്ങാലൂർ, പുല്ലൂർ, തേവലപ്പുറം
തലക്കാട്, മാങ്ങാട്ടിരി, പാറശ്ശേരി എന്നീ ദേശ
ങ്ങൾ അടങ്ങിയ ഈ പഞ്ചായത്തിന് 11
വാർഡുകളാണുള്ളത്. പഞ്ചായത്തിന്റെ
വിസ്തീർണ്ണം 16.03 ച.കിലോമീറ്ററും ജന
സംഖ്യ 1991ലെ സെൻസസ് പ്രകാരം
26,486ഉം (പുരുഷന്മാർ-12590, സ്ത്രീകൾ
13896) ആകുന്നു.

കേരളത്തിന്റെ തനതുകാലാവസ്ഥ
യായ ഇടവപ്പാതിയും, തുലാവർഷവും മകര
മഞ്ഞുമൊക്കെ തന്നെയാണ് ഇവിടുത്തെ
കാലാവസ്ഥ. ഭൂമി ശാസ്ത്രപരമായി ഈ
പഞ്ചായത്തിന്റെ പടിഞ്ഞാറെ പകുതി മണൽ
പ്രദേശവും കിഴക്കേ പകുതി ഉയർന്ന ചെങ്കൽ
ചരൽ പ്രദേശങ്ങളുമാകുന്നു. ഈ പഞ്ചായ
ത്തിലെ കൃഷി സ്ഥലങ്ങളെ (1836ഹെക്ടർ
എക്കാലവും ജലസേചനം വഴി സമ്പുഷ്ടമാ
ക്കാൻ പര്യാപ്തമായതും വരാനിരിക്കുന്ന
കാലങ്ങളിൽ ഈ പഞ്ചായത്തിലെ കുടിവെ
ള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ശുദ്ധജല
സ്രോതസ്സായി കണക്കാക്കാവുന്നതുമായ ഭാര
തപ്പുഴയുടെ കൈവഴിയായ കട്ടച്ചിറ പുഴ പഞ്ചാ
യത്തിനെ വെട്ടിമറിച്ചുകൊണ്ട് ഒഴുകിക്കൊ

ണ്ടിരിക്കുന്നു. നിർദ്ദിഷ്ട ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് യാഥാർത്ഥ്യമാവുന്നതോടെ ഗംഗയെ പോലെ എക്കാലവും വെള്ളം വറ്റാത്ത ഒരു കൊച്ചു നദിയായി ഈ പുഴ മാറും എന്നത് നിസ്തർക്കമാണ്. 1861 മെയ് 1-ാംനു നിർമ്മിക്കപ്പെട്ട കടലുണ്ടി – മദിരാശി റെയിൽവേ ലെയിൻ (ഇപ്പോൾ മംഗലാപുരം മദിരാശി) ഈ പഞ്ചായത്തിന് കുറുകെ കടന്നുപോകുന്നത് കാരണം ഗതാഗത അസൗകര്യം കൊണ്ട് പഞ്ചായത്തിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്നുവെങ്കിലും 1992 ജൂൺ 19ന് പഞ്ചായത്ത് ചിലവിൽ നിലവിൽ വന്ന തെക്കൻ കുറ്റൂർ റെയിൽവേ ഗെയ്റ്റ് അൽപ്പം ആശ്വാസം നൽകുന്നു.

ഭൂരിഭാഗം ജനങ്ങളും നെല്ല്, കവുങ്ങ്, തെങ്ങ്, വാഴ, വെറ്റില എന്നീ കൃഷികളിൽ വ്യാപൃതരാണ്. സർക്കാർ ജീവനക്കാരായ ചുരുക്കം ചിലരെക്കൂടാതെ നിരവധിയാളുകൾ വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ തെങ്ങ് കൃഷിക്കും, മീൻ പിടുത്തത്തിനും കയർ നിർമ്മാണത്തിനുമാണ് പ്രാമുഖ്യമെങ്കിൽ കിഴക്കൻ മേഖല തെങ്ങ്, കവുങ്ങ്, വാഴ വെറ്റില, കുരുമുളക് എന്നീ കൃഷികൾക്ക് പ്രാധാന്യം നൽകുന്നു. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത, മണ്ണിന്റെ ഫലപുഷ്ടിയില്ലായ്മ, കൃഷിചെലവിന്റെ വർദ്ധനവ് എന്നിവ ഈ പഞ്ചായത്തിലെ കൃഷി ആദായകരമല്ലാതാക്കി മാറ്റുന്നു. അത് കൊണ്ട് ഇവിടുത്തെ പ്രധാന വരുമാന മാർഗ്ഗം ഗൾഫ് നാടുകളിൽ പണിയെടുക്കുന്നവർ അയക്കുന്ന പണം മാത്രമാണ്. ഗൾഫ് നാടുകളിലെ അസുഖകരമായ തൊഴിൽ നിയമങ്ങൾ വിദേശത്ത് ജോലി ചെയ്യുന്നവരെ നാട്ടിൽ തിരിച്ചെത്തിച്ചാൽ ഇവിടുത്തെ സാമ്പത്തിക മേഖലക്ക് താങ്ങാവുന്നതിനുമപ്പുറമുള്ള പ്രത്യാഘാതങ്ങൾക്കിടവരുത്തുന്നതാണ്.

മറ്റു പഞ്ചായത്തുകളിൽ നിന്ന് തികച്ചും വ്യത്യസ്ഥമായ സാംസ്കാരികവും, ചരിത്ര പരവുമായ ഒരു പശ്ചാത്തലം ഈ പഞ്ചായത്തിനുണ്ട്. സമീപ പ്രദേശങ്ങളായ പരിയാപുരം, രായിരിമംഗലം, ഒഴൂർ, കൽപകഞ്ചേരി, മേൽമുറി, അനന്താവൂർ, കൻമനം, പൊൻമുണ്ടം താനാളൂർ, നിറമരുതൂർ, തലക്കാട്, വെട്ടം, പച്ചാട്ടിരി, മംഗലം, തൃക്കണ്ടിയൂർ, ഇരിങ്ങാവൂർ, ക്ലാരി ചേന്നര, തൃപ്രങ്ങോട്, പള്ളിപ്പുറം, പുറത്തൂർ എന്നീ അംശംങ്ങളടങ്ങിയ വെട്ടത്ത്നാട് ഭരിച്ചിരുന്ന വെട്ടത്തുനാടു രാജാവിന്റെ കോടതി, ജയിൽ, പോലീസ് സ്റ്റേഷൻ എന്നിവ ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളതും വെട്ടത്ത് പുതിയങ്ങാടിയിൽ സ്ഥിതിചെയ്യുന്നതുമായ ഗവ: ഗേൾസ് ഹൈസ്കൂൾ കെട്ടിടത്തിലായിരുന്നു. അതിന് മുൻവശത്തായ കുളം ഇപ്പോഴും കച്ചേരിച്ചിറ എന്ന പേരിൽ അറിയപ്പെടുന്നു. വെട്ടത്തു രാജാവിന്റെ ഭരണ നിർവ്വഹണ കാര്യാലയങ്ങൾ മിക്കതും സ്ഥിതി ചെയ്തിരുന്നത് വെട്ടത്ത് പുതിയങ്ങാടിയിലായിരുന്നു. ആഴ്ച ചന്തകൾ മാത്രം നിലവിലുണ്ടായിരുന്ന അക്കാലത്ത്, ആദ്യമായി ഒരു അങ്ങാടി വെട്ടത്ത് നാട്ടിൽ നിലവിൽ വന്ന സ്ഥലം വെട്ടത്ത് പുതിയങ്ങാടി എന്ന പേരിൽ അറിയപ്പെടുന്നു. 17-ാം നൂറ്റാണ്ടിൽ തന്നെ കേരളത്തിന്റെ സാംസ്കാരിക നേതൃത്വം കൈയിലൊതുക്കിയിരുന്ന വെട്ടത്തു രാജാവ് നീതിന്യായ നിർവ്വഹണത്തിനും കർക്കശക്കാരനായിരുന്നു. കുറ്റകൃത്യങ്ങൾക്ക് മരണശിക്ഷ വരെ അദ്ദേഹം നടപ്പിലാക്കിയിരുന്നു. കഥകളിയെ പ്രോത്സാഹിപ്പിച്ചിരുന്നു എന്നു മാത്രമല്ല കൂത്തിലും, കൂടിയാട്ടത്തിലും ഉപയോഗിച്ചിരുന്ന മുദ്രകൾ ആവശ്യാനുസരണം സ്വീകരിക്കുകയും, കഥകളിക്ക് ഇന്നത്തെ പരിഷ്കൃത വേഷങ്ങളും രംഗത്ത് ചേങ്ങലയും ഇലത്താളവും ഉപയോഗിക്കുന്നതും രണ്ടുപാട്ടുകാരെ നിയോഗിക്കുന്നതുമായ പുതിയരീതി "വെട്ടത്ത് സമ്പ്രദായം" എന്ന പേരിലാണ് നടപ്പിലാക്കിയിരുന്നത്. കേരളത്തിന്റെ തനതും ലോകപ്രശസ്ത കലയുമായ കഥകളിയിൽ അവതരണത്തിലും, സംഗീതത്തിലും വേഷവിധാനത്തിലും ഗണ്യമായ പല പരിഷ്കാരങ്ങളും നടപ്പാക്കിയ കലാഹൃദയനായ വെട്ടത്ത് രാജാവിന്റെ ഭരണ സിരാ കേന്ദ്രമായിരുന്നു ഈ പഞ്ചായത്തിന്റെ ഹൃദയഭാഗമായ വെട്ടത്ത് പുതിയങ്ങാടി.

ഈ പഞ്ചായത്തിന് തലക്കാട് എന്ന പേര് ലഭിച്ചതിന്റെ പിന്നിൽ ഐതിഹ്യമുള്ള തായി പറയപ്പെടുന്നു. വെട്ടത്തു രാജാവ് വധ ശിക്ഷ നടപ്പാടക്കിയിരുന്നത് വെട്ടം പഞ്ചായ ത്തിലെ കഴൂപ്പാടം എന്ന സ്ഥലത്തുള്ള കഴുമ രത്തിലായിരുന്നു. വധശിക്ഷക്ക് ശേഷം "തല അക്കരെ"യെന്ന് പറഞ്ഞ് തല തിരൂർ പൊന്നാനി പുഴയിൽ ഒഴുക്കുകയായിരുന്നു പതിവ്. അത്തരം തലകൾ പുഴക്ക് കിഴക്കേ ക്കരയിലുള്ളതും, ഈ പഞ്ചായത്തിന്റെ പടി ഞ്ഞാറെ അറ്റത്തുള്ളതുമായ കാട്ടിൽ വന്ന് അടിഞ്ഞിരുന്നു. ആ പ്രദേശം തലക്കാട് എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇക്കാരണത്താൽ തൃപ്രങ്ങോട് പഞ്ചായത്തിൽ ഈ പഞ്ചായ ത്തതിർത്തിയിലുള്ള പുഴയോര പ്രദേശം "തലേക്കര" യെന്ന പേരിൽ ഇപ്പോഴും അറിയ പ്പെടുന്നു. 1793 മേയ് 24ന് അന്യം നിന്ന് പോയ രാജഭരണത്തിന് ശേഷം പ്രസ്തുത പ്രദേശം ഉൾപ്പെടുത്തി രാജ്യഭരണസൗകര്യ ത്തിനായി രൂപീകൃതനായ അംശത്തിന് തല ക്കാടംശം എന്ന് നാമകരണം ചെയ്യുകയും, അതിൽ പിന്നെ വന്ന വില്ലേജ് പുനസ്സംഘടന യിൽ തലക്കാടംശവും തെക്കൻ കുറ്റൂർ അംശവും യോജിപ്പിച്ച് തലക്കാട് വില്ലേജ് രൂപീകരിക്കുകയും പ്രസ്തുത വില്ലേജിലെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുത്തി പിന്നീട് നിലവിൽ വന്ന പഞ്ചായത്തിന് തലക്കാട് പഞ്ചായത്ത് എന്ന് നാമകരണം ചെയ്യുകയു മാണുണ്ടായത്.

ഇന്നത്തെ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചു വരുന്നത് ഈ പഞ്ചായത്തിലെ സാമൂഹ്യ പരിഷ്കർത്താവും, ദാനശീലനും, ഭൂവുടമയും ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസി ഡണ്ടും ആയിരുന്ന ശ്രീ തുളുത്തിയിൽ നാരാ യണൻ സംഭാവന നൽകിയ 15 സെന്റ് സ്ഥല ത്താണ് അദ്ദേഹത്തിന്റെ പാവന സ്മരക്കുമു മ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതോ ടൊപ്പം ആ കുടുംബത്തോടുള്ള നന്ദി രേഖ പ്പെടുത്തുകയും ചെയ്യുന്നു.

വ്യവസായ പ്രമുഖനും, ഭൂവുടമയും, ദാനശീലനുമായ ചെറാം വീട്ടിൽ പുത്തൻ വീട്ടിൽ കുട്ടിപൊന്നൻ ചെട്ടിയാർ സംഭാവന നൽകിയ 25 സെന്റ് സ്ഥലത്താണ് ഈ പഞ്ചാ യത്തിലെ ഏക ആയുർവ്വേദ ചികിത്സാ കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. ഈ മഹൽ വ്യക്തി യോടുള്ള കടപ്പാടും നന്ദിയും ഇവിടെ രേഖ പ്പെടുത്തുന്നു.

ഹിന്ദുക്കളും മുസ്ലിംങ്ങളും മറ്റു മത വിഭാഗങ്ങളും സഹവർത്തിത്വത്തോടെ ഇടക ലർന്ന് ജീവിക്കുന്ന ഈ പഞ്ചായത്തിലെ ജന ങ്ങളുടെ ആദ്ധ്യാത്മികമായ ആവശ്യങ്ങൾ നിറ വേറ്റുന്നതിന് വിവിധ തരം ആരാധനാലയ ങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പുതിയങ്ങാടി യിൽ തെക്കും വടക്കുമുള്ള വലിയ ജുമാ മസ്ജിദുകളും, പുല്ലൂർ, കാഞ്ഞീരിക്കോൽ കട്ട ച്ചിറ, തെക്കൻ കുറ്റൂർ, വെങ്ങാലൂർ പൂക്കൈത, പുഴിക്കുന്ന്, പുളിഞ്ചോട് എന്നിവിടങ്ങളിലെ ജുമാ മസ്ജിദുകളും, മാങ്ങാട്ടിരിക്കോട്ട കപ്പൽപടിക്കൽകോട്ട, അയ്യപ്പൻകാവ്, ചെറി യേരികാവ്, തലക്കാട് കാവ്, വെങ്ങാലൂർ, കുറ്റൂർ, പഴയടത്ത് എന്നിവിടങ്ങിലെ ക്ഷേത്ര ങ്ങളും വടക്കൻ കുറ്റൂർ, വെങ്ങാലൂർ ഭഗവതി തറകളും ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആത്മീയ കേന്ദ്രങ്ങളാണ്. ഇവിടങ്ങളിൽ നട ത്തിവരാറുള്ള ആഘോഷങ്ങളെക്കൂടാതെ കേരളത്തിന്റെ മറ്റു ഭാഗങ്ങളെപ്പോലെ തന്നെ ഓണം, വിഷു, പെരുന്നാൾ എന്നിവയും ആഘോഷപൂർവ്വം ആചരിച്ചു വരുന്നു. വെട്ടത്ത് പുതിയങ്ങാടി 'യാഹും തങ്ങൾ ഔലിയ' അവർകളുടെ ജാറത്തിങ്ങൽ വർഷം തോറും ആഘോഷപൂർവ്വം നടത്തി വരുന്ന 3 ദിവസത്തെ നേർച്ച ഈ പഞ്ചായത്തിലെ പ്രധാന ആഘോഷമാണ്. വളരെ പണ്ടുമുത ലുള്ള ഒരു കോടതി ഉത്തരവിന്റെ അടിസ്ഥാ നത്തിൽ നേർച്ചയുടെ ആദ്യവരവ് ഇന്നും ആരംഭിക്കുന്നത് തിരൂർ കോടതി വളപ്പിൽ നിന്നാണ്. ഈ പഞ്ചായത്തിൽ എടുത്തു പറ യേണ്ട മറ്റൊരു നേർച്ച കാഞ്ഞിരക്കോൽ ദേശത്തെ പാലക്കപ്പറമ്പിൽ അന്തരിച്ച മൊയ്തീൻ ഔലിയയുടെ ജാറത്തിങ്ങലേ താണ്. വിഷചികിത്സക്ക് പേരുകേട്ട പ്രസ്തുത ജാറവും കൊടിമരവും ഇന്നും നില നിൽക്കുന്നു. സർപ്പ കോപം ഒഴിവായികിട്ടു

163

മെന്ന വിശ്വാസത്തോടെ വഴിപാടുമായി നാനാ ജാതിയിൽ പെട്ട ഭക്തജനങ്ങൾ ഇന്നും ജാറത്തിങ്ങൽ എത്താറുണ്ട്. പ്രസ്തുത രണ്ട് നേർച്ചകളിലും എല്ലാ ജനങ്ങളും ജാതിമത ഭേദമന്യേ പങ്കെടുക്കുന്നു.

നീതിന്യായ കോടതി, ജയിൽ, പോലീസ് സ്റ്റേഷൻ എന്നിവ ബി.പി. അങ്ങാടിയിൽ നിന്നും 1910ൽ തിരൂരിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെട്ട ശേഷം അതേ വർഷം തന്നെ സർക്കാർ ഉടമയിൽ ഒരു എൽ.പി. സ്കൂളും പിന്നീട് നിലവിൽ വന്ന മലബാർ ഡിസ്ട്രിക്ക് ബോർഡിന്റെ കീഴിൽ 1928ൽ ഒരു യു.പി. സ്കൂളും തുടർന്ന് 1939ൽ ഹോസ്റ്റൽ സൗകര്യത്തോടുകൂടിയ സർക്കാർ വക മുസ്ലിം ഗേൾസ് ഹൈസ്കൂളും തൽസ്ഥാനത്ത് സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനങ്ങളിൽ എൽ.പി. സ്കൂൾ സർക്കാർ വകയായ അടുത്ത പറമ്പിലേക്ക് മാറ്റി സ്ഥാപിച്ചുവെങ്കിലും മറ്റു സ്ഥാപനങ്ങളും അനുബന്ധമായി പിന്നീട് വന്ന വൊക്കേഷണൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളും ഇന്നും ഈ പഞ്ചായത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി തൽസ്ഥാനത്ത് തന്നെ സ്ഥിതി ചെയ്യുന്നു. ഇതിന് തൊട്ട് വടക്കായി വടക്കേ കുട് പറമ്പ് എന്ന പേരിൽ സ്ഥിതി ചെയ്യുന്നതും സർക്കാർ ഉടമയിലുള്ളതും ഏഴേക്കർ വിസ്തീർണ്ണമുള്ളതുമായ സ്ഥലത്ത് 1942ൽ സ്ഥാപിച്ച, വനിതകളുടേത് മാത്രമായ അദ്ധ്യാപക പരിശീലന കേന്ദ്രം മലപ്പുറം ജില്ലയുടെ ഡയറ്റായി രൂപാന്തരപ്പെടുകയുണ്ടായി. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന മറ്റൊരു വിദ്യാഭ്യാസ സ്ഥാപനം 1890ൽ കോട്ടത്തറ നലകത്ത് മൂസക്കുട്ടി മൊല്ലക്ക സ്വന്തമായി സ്ഥാപിച്ച് 75 സെന്റ് സ്ഥലത്തോട് കുടി സർക്കാറിന് സൗജന്യമായി കൈമാറിയതും 1904ൽ പൂർത്തിയായതുമായ കോട്ടത്തറ സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്ന ബി.പി. അങ്ങാടി ജി.എം.യു.പി. സ്കൂളാണ്. കൂടാതെ പഴക്കം ചെന്നതും അലവിഖത്തീബ് എന്നവർ സ്ഥാപിച്ചതുമായ മറ്റൊരു സ്വകാര്യ യു.പി. സ്കൂൾ കാഞ്ഞിരക്കോൽ ദേശത്തും പ്രവർത്തിച്ചുവരുന്നു. ഇവക്കുപുറമെ ഈ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ മൂന്ന് എൽ.പി. സ്കൂളും സ്വകാര്യ മേഖലയിൽ 4 എൽ.പി. സ്കൂളുകളും വേറെയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 14 അങ്കണവാടികളും ഒരു പട്ടിക ജാതി പ്രീ പ്രൈമറി സ്കൂൾ അടക്കം 3 പ്രീ പ്രൈമറി സ്കൂളുകളും അംഗീകാരമില്ലെങ്കിലും നല്ല നിലയിൽ നടക്കുന്നതും സ്വന്തമായി സ്ഥലവും നല്ല കെട്ടിടമുള്ളതുമായ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്വകാര്യ മേഖലയിൽ ഈ പഞ്ചായത്തിലെ വെങ്ങാലൂരിലും ഉണ്ട്. ഇത്രയും വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെങ്കിലും ഒരു ബോയ്സ് ഹൈസ്കൂളിന്റെയും, കോളേജിന്റെയും അഭാവം ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ഉപരിപഠനത്തെ പ്രതികൂലമയി ബാധിക്കുന്നു. അത് പോലെ തന്നെ ഒരു കളിസ്ഥലത്തിന്റെ അഭാവം ഈ പഞ്ചായത്തിലെ യുവജനങ്ങളുടെ കായിക വളർച്ചക്ക വിഘാതം സൃഷ്ടിക്കുന്നു. സാംസ്കാരിക രംഗത്തെ പ്രവർത്തനത്തിന് മാങ്ങാട്ടിരിയിലെ ശ്രീ നാരായണ ഗുരു സ്മാരക ഗ്രന്ഥാലയവും ഈ പഞ്ചായത്തുവക സാംസ്കാരിക നിലയവും മാത്രമേ ഈ പഞ്ചായത്തിലുള്ളു. സാക്ഷരതാ പ്രവർത്തനത്തിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ചതിന് സർക്കാർ തലത്തിൽ അംഗീകാരവും, ട്രോഫിയും ഈ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട. തിരൂർ ബ്ലോക്കിൽ ഉയർന്ന വിദ്യാഭ്യാസ നിലവാരം പുലർത്തിയതിന് ഡി.പി.ഇ.പി പ്രകാരം സമ്മാനർഹമായത് ഈ പഞ്ചായത്തിൽ പെട്ട ബി.പി. അങ്ങാടി ജി. എൽ.പി. സ്കൂളാണ്.

പല രംഗങ്ങളിൽ പ്രവർത്തിച്ച് പഞ്ചായത്തിന്റെ ഭൂതകാല ചരിത്രം ദീപ്തമാക്കിയ ചില വ്യക്തികളെ അടുത്ത തലമുറക്ക് പരിചയപ്പെടുത്തട്ടെ, സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന് രാഷ്ട്രപതിയിൽ നിന്നും താമ്രപത്രം ലഭിച്ച സർവ്വശ്രീ: കോണോത്ത് പള്ളിമാലിൽ കേളു നായർ, തെങ്ങും തോട്ടത്തിൽ കൃഷ്ണൻ (ഐ.എൻ.എ. ഭടൻ) എന്നിവരും സ്വാതന്ത്ര്യ സമരസേനാനികളായ ടി.കെ. സൈത് മുഹമ്മദ്, പരേതനായ കുന്നത്ത് പറ

മ്പിൽ ആലി എന്നിവരും, സ്വതന്ത്ര്യ സമര സേനാനിയും ചരിത്ര പണ്ഡിതനും സാഹിത്യ കാരനുമായ കെ.എൻ അബ്ദുറ ഹിമാൻ സാഹിബും, അദ്ധ്യാപകരംഗത്തെ പ്രശസ്ത സേവനത്തിന് സംസ്ഥാന അവർഡ് ലഭിച്ച സർവ്വ ശ്രീ: ചുണ്ടയിൽ പരമേശ്വര മേനോനും കണ്ണത്തയിൽ വാസു എന്നീ അദ്ധ്യാപകരും സംസ്കൃത അദ്ധ്യാപകനും പണ്ഡിതനുമായിരുന്ന വെള്ളാണിശ്ശേരി വാസുദേവൻ മൂസ്സതും, പ്രശസ്ത കവി മല യത്ത് അപ്പുണ്ണിയും, പ്രസിദ്ധ മാപ്പിള കവി കടായിക്കൽ മൊയ്തീൻ കുട്ടി ഹാജിയും, കാദർഷാ തറവാട്ടിലെ അംഗമായ പ്രശസ്ത ഹിന്ദുസ്ഥാനി സംഗീതജ്ഞൻ പി.പി. മുഹ മ്മദ്ഷായും, പ്രശസ്ത മാന്ത്രികൻ പ്രൊഫ സർ ആർ.കെ മലയത്ത് എന്നിവരും ഈ പഞ്ചായത്തിന്റെ അഭിമാനങ്ങളാണ്.

ഈ പഞ്ചായത്തിന്റെ പശ്ചാത്തലം പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാനായി പല പ്രമുഖ വ്യക്തികളേയും വന്ദ്യ വയോധികരെയും സമീ പിച്ചതിൽ അവരുടെ ഓർമ്മകളിൽ നിന്നും വീണുകിട്ടിയ ചില ചരിത്ര നുറുങ്ങുകൾ ഈ പഞ്ചായത്തിന്റെ ഭൂതകാല ചരിത്ര പശ്ചാത്ത ലത്തിലേക്ക് വെളിച്ചം വീശുന്നതാകയാൽ അതിവിടെ രേഖപ്പെടുത്തുന്നു.

**പൂച്ചച്ചിറ:** ഈ പഞ്ചായത്തിന്റെ പടി ഞ്ഞാറെ അറ്റത്തായി സ്ഥിതി ചെയ്യുന്ന ഏതാനും കൃഷി സ്ഥലം ഈ പേരിൽ അറിയ പ്പെടുന്നു. പ്രസ്തുത നാമകരണത്തിന് പിന്നിൽ ഒരു ഐതിഹ്യമുള്ളത് താഴെ കൊടു ക്കുന്നു. പണ്ട് വെട്ടത്ത് രാജാവ് പതിവു പോലെ പരിവാര സമേതം തന്റെ ഭരണാ സ്ഥാനമായ വെട്ടത്ത പുതിയങ്ങാടിയിലേക്ക് യാത്ര ചെയ്യുമ്പോൾ മാങ്ങാട്ടിരി പൂക്കൈത റോഡരുകിൽ ഇപ്പോഴും നിലവിലുള്ള ഇല്ലത്തെ കുളത്തിൽ സർവ്വാംഗ സുന്ദരിയായ ഒരു സ്ത്രീ തനിയെ കുളിച്ചു കൊണ്ടിരിക്കു ന്നത് രാജാവ് കാണുവാനിടയായി. അദ്ദേഹം മഞ്ചൽ നിർത്തിച്ചു. പരിചാരകരെ വിളിച്ച് പ്രസ്തുത തരുണീ മണിയെ കുറിച്ച് അന്വേ ഷിക്കാൻ നിർദ്ദേശിച്ചു. പരിചാരകരിൽ നിന്ന് പ്രസ്തുത സ്ത്രീ തലൂര് തറവാട്ടിലെ ഒരു മഹിളാ രത്നമാണെന്ന് മനസ്സിലാക്കി. അന്നത്തെ നാട്ടുനടപ്പനുസരിച്ച് വൈകു ന്നേരം രാജാവ് വീട്ടിലെത്തുമെന്നറിയിക്കു കയും, വീട്ടുകാർ കൃത്യസമയത്ത് എത്തിയ അദ്ദേഹത്തെ രാജോചിതമായി സ്വീകരിക്കു കയും, അദ്ദേഹം അന്നവിടെ താമസിക്കുക യുമുണ്ടായി. അത്താഴ സദ്യക്ക് കുടുംബനാ ഥന്റെ ആഹാര സമ്പ്രദായങ്ങളും, ഭക്ഷണ രീതികളും നേരിൽ കണ്ട രാജാവ് അത്ഭുത പ്പെട്ടുപോയി. വളരെ വലിയ ഒരു തളികയിൽ കുറെ ചോറ് - കുടുംബനാഥൻ ഈ ചോറ് ഉരുളകളായി പാത്രത്തിന് ചുറ്റും വെക്കുന്നു- കുറെ പൂച്ചകൾ പാത്രത്തിന് ചുറ്റും അച്ചടക്ക ത്തോടുകൂടി ഇരിക്കുന്നു. ഓരോ പൂച്ചയും ഓരോ ഉരുളയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരി ക്കുന്നു. ഗൃഹനാഥന്റെ അനുമതി ലഭിച്ച മാത്ര യിൽ ഓരോ പൂച്ചയും തനിക്കവകാശപ്പെട്ട ഒരു ഉരുളചോറ് മാത്രം ഭക്ഷിച്ച് സംതൃപ്ത രായി അച്ചടക്കത്തോട് കൂടി തിരിച്ചു പോകുന്നു. ഇനി ഗൃഹനാഥന്റെ ഊഴമായി - രണ്ടാമതായി വിളമ്പിയ ചോറ് ഗൃഹനാഥൻ കഴിക്കുന്നു. ഇത് കണ്ട രാജാവ് ഈ സമ്പ്രദാ യത്തെ കുറിച്ച് അന്വോഷിച്ചറിയുകയും കുട്ട ത്തിൽ പൂച്ചക്കുള്ള ആഹാരത്തിനുള്ള വിഭവ സമാഹരണത്തെക്കുറിച്ചു അന്വേഷിക്കാനും മറന്നില്ല. പരിമിതമായ കൃഷിമാത്രമുണ്ടായി രുന്ന ഗൃഹനാഥന് പിറ്റെ ദിവസം യാത്ര പറ ഞ്ഞിറങ്ങുമ്പോൾ ഏതാനും ഏക്കർ കൃഷി സ്ഥലം പൂച്ചകൾക്ക് ആഹാരത്തിനായി കരം ഒഴിവായി അനുവദിച്ചു കൊടുക്കുകയുമു ണ്ടായി. ഇക്കാരണത്താൽ പ്രസ്തുത സ്ഥലം പൂച്ചച്ചിറ എന്ന പേരിൽ അറിയപ്പെടുന്നു. പ്രസ്തുത സ്ഥലം തലൂര് തറവാട്ടുകാർക്ക് നഷ്ടപ്പെട്ടുപോയെങ്കിലും ചരിത്രത്തിന്റെ ഗതി വിഗതികളുടെ മാറ്റം അറിയാത്ത പൂച്ചകൾ ഇന്നും ആ തറവാട്ടിലെ ഗൃഹനാഥന്റെ ഭക്ഷ ണപാത്രത്തിന്റെ ചുറ്റും ഒരു ഉരുള ചോറിനു വേണ്ടി കാത്തിരിക്കാറുണ്ട് എന്നത് ഇന്നത്തെ സത്യം

സ്ത്രീ ബ്രഹ്മരക്ഷസിനെ കുറിച്ച് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇതാ ഒരു

ഐതിഹ്യം.

കുറ്റകൃത്യങ്ങൾക്ക് മരണശിക്ഷ പോലും വിധിക്കുന്ന വെട്ടത്ത് രാജാവിന്റെ കൊട്ടാരത്തിലെ ഒരംഗം കൊട്ടാരത്തിലെ പരിചാരകനായ ഒരു ശൂദ്രയുവാവുമായി പ്രണയത്തിലാവുകയും തുടർന്ന് ഗർഭിണിയാവുകയുമുണ്ടായി. വിവരം അറിഞ്ഞ രാജാവ് അവരെ അന്നത്തെ നാട്ടാചാരമനുസരിച്ച് പുറത്താക്കി പടിയടച്ച് പിണ്ഡം വെച്ച് അവരുടെ അവകാശമായി 2 വട്ടി നിറയെ സ്വർണ്ണ നാണയങ്ങളും കൊടുത്തു. മുമ്പ് കൊട്ടാരത്തിനു പുറത്തിറങ്ങിയിട്ടില്ലാത്ത ലോക പരിചയം തീരെയില്ലാത്ത ഈ യുവതി വട്ടികൾ രണ്ടും മാറത്തടക്കിപ്പിടിച്ചു സന്ധ്യാ സമയത്ത് ഭയചകിതയായി അലക്ഷ്യമായി കിഴക്കോട്ട് നടക്കാൻ തുടങ്ങി. ഒടുവിൽ ഇന്നത്തെ ഡയറ്റ് സ്ഥിതി ചെയ്യുന്ന വടക്കേക്കുട് പറമ്പിൽ എത്തിച്ചേരുകയും, അവിടുത്തെ പടിപ്പുരക്ക് മുകളിൽ താമസിച്ചിരുന്ന വെട്ടത്ത് രാജാവിന്റെ കാര്യസ്ഥന്റെ ശിങ്കിടികൾ അഭയാർത്ഥിയായി വന്ന ഈ യുവതിയെ കണ്ട് അഭയം നൽകാമെന്ന് വാഗ്ദാനം നൽകുകയും അന്ന് രാത്രി തന്നെ ആ യുവതിയുടെ സ്ത്രീത്വവും പണവും അപഹരിക്കുകയും, അവരെ കൊലപ്പെടുത്തി ആ ജഡം ഇന്നത്തെ ഡയറ്റ് വളപ്പിൽ ഒരു കിണറിൽ കെട്ടിത്താഴ്ത്തുകയും ചെയ്തതായി പറയപ്പെടുന്നു. ഇങ്ങിനെ കൊലചെയ്യപ്പെട്ട സ്ത്രീ പിന്നീട് സ്ത്രീ ബ്രഹ്മരക്ഷസായി മാറിയെന്ന് പറയപ്പെടുന്നു. ഈ സ്ത്രീ ബ്രഹ്മരക്ഷസ്സിനെ ആവാഹിച്ചിരുത്തിയിരിക്കുന്ന ഒരു തറ ഇന്നും ഡയറ്റ് വളപ്പിലുണ്ട്.

മറ്റൊരു ഐതിഹ്യം ഈ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ നിന്നുള്ളതാണ്. കന്മനം എന്ന സ്ഥലത്ത് കദളിയിൽ എന്ന തിയ്യ കുടുംബം പുരാതന കാലം മുതൽക്കേ വിഷ ചികിത്സയിൽ പ്രസിദ്ധരായിരുന്നു. ആ കുടുംബത്തിൽ നിന്നും ഒരാൾ സന്യാസം സ്വീകരിച്ച് ദേശാടനത്തിനുപോയി. അദ്ദേഹം ഒരു വൃക്ഷച്ചുവട്ടിൽ ധ്യാനനിയമഗ്നനായി ഇരിക്കുമ്പോൾ സർപ്പ ദംശനമേറ്റ് മരിച്ച ശവവുമായി ഏതാനും പേർ അതിലെ കടന്ന് പോകുന്നത് കാണാനിടയായി. വിവരം അന്വേഷിച്ചറിഞ്ഞ സന്യാസി ശവം പരിശോധിക്കുകയും നിലത്ത് വെപ്പിച്ച് പുതിയ തുണി കൊണ്ട് ചുറ്റും മറതീർക്കുകയുമുണ്ടായി. സന്യസിയുടെ മന്ത്ര തന്ത്രാദികൾക്കുശേഷം ചുറ്റും മറച്ചിരുന്ന തുണി കത്തികൊണ്ട് മുറിക്കുകയും ഉടനെതന്നെ ശവത്തിന് ജീവൻ തിരിച്ചു കിട്ടുകയും ചെയ്തു. എന്നാൽ തൽസമയം സന്യാസിയുടെ തറവാട്ടിൽ കന്നുകാലികൾ ചത്തൊടുങ്ങിയതായും, ഇക്കാരണത്താൽ പിന്നീട് തറവാട്ടിൽ തിരിച്ചെത്തിയ സന്യാസിയെ ബന്ധുക്കൾ വീട്ടിൽ കയറ്റാതെ ആട്ടിയോടിക്കുകയുമുണ്ടായി. ഗത്യന്തരമില്ലാതെ സന്യാസി മത പരിവർത്തനം ചെയ്യുകയും മൊയ്തീൻ എന്ന പേരിൽ ഒരു ഇസ്ലാം മതഭക്തനായി ഈ പഞ്ചായത്തിലെ കാഞ്ഞിരക്കോൽ ദേശത്തെ പാലക്കപ്പറമ്പിലെ കണ്ടൻചിറ എന്ന മുസ്ലിം കുടുംബത്തിൽ താമസിക്കുകയും ചെയ്തു. ജീവിച്ചിരിക്കെ തന്നെ പല അമാനുഷിക സിദ്ധികൾ പ്രദർശിപ്പിച്ച അദ്ദേഹത്തെ അവരുടെ അന്തിമാഭിലാഷ പ്രകാരം പാലക്കപ്പറമ്പിൽ തന്നെ കബറടക്കം ചെയ്യുകയും, ആ സ്ഥലം ഇപ്പോൾ മൊയ്തീൻ അവുലിയായുടെ ജാറം എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്നു.

തലക്കാട് പഞ്ചായത്തിന്റെ ചരിത്രം പൂർത്തിയാകുന്നതിന് മുമ്പ് 300 വർഷത്തിലധികം പഴക്കം ചെന്ന ഏതാനും വൃക്ഷമുത്തശ്ശിമാരെ കുടി പരിചയപ്പെടുത്തുന്നു.

1. വെങ്ങാലൂരിലെ പാലക്കാട്ടു പറമ്പിലെ പാല

2. കാഞ്ഞിരക്കോലിലെ പാലക്കപ്പറമ്പിലെ പാല

3. തലക്കാട് അയ്യപ്പൻ കാവിലെ അരയാൽ

കഴിഞ്ഞ 5 തലമുറകളുടെ സുഖ ദുഃഖങ്ങൾക്ക് ശാക്ഷ്യം വഹിച്ചിട്ടുള്ള ഈ വൃക്ഷങ്ങൾ ഇന്നും ആരോഗ്യത്തോടെ തലയുയർത്തി നിൽക്കുന്നു.

രാജവാഴ്ചക്ക് ശേഷം രാജ്യത്തുണ്ടായ സാമൂഹ്യ രംഗത്തെ ക്രമാനുഗതമായ വളർച്ച ജന്മിത്വത്തിൽ എത്തി കുറെക്കാലം ചലനമില്ലാതെ കിടന്നു. ഈ പഞ്ചായത്തിലെ പുരയിടങ്ങളും കൃഷിഭൂമിയും ഏതാനും ജന്മിമാരുടെയും, ക്ഷേത്രങ്ങളുടെയും കൈവശമായിരുന്നു. അറിയപ്പെടുന്ന ജന്മികൾ തുളുത്തിയിൽ, ഉള്ളാട്ടിൽ, പടനാട്ടിൽ, തലൂർ കാദർഷാ കുടുംബം, പാലപ്പള്ളി ഇല്ലം, നമ്പനാത്ത് ഇല്ലം. പയ്യൂർമന, ആദർശേരി, അമ്മാശ്ശം വീട്ടിൽ, ഒരു പുലാശ്ശേരി മന, എന്നിവയും കൂടാതെ സാമൂതിരികോവിലകം വക തൃക്കണ്ടിയൂർ ദേവസ്വം, ഊട്ട് ബ്രഹ്മസ്വം എന്നിവയുമായിരുന്നു. കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഭരണകൂടങ്ങൾ ഉദ്ദേശശുദ്ധിയോട് കൂടി ജന്മിത്തം അവസാനിപ്പിച്ചുവെങ്കിലും യഥാർത്ഥ കർഷകന് പ്രതീക്ഷിച്ചത്ര ഗുണം ലഭിക്കാതെ പോയി. കർഷകന് കൃഷി ഭൂമി സ്വന്തമായെങ്കിലും കർഷകത്തൊഴിലാളിയുടെ സ്ഥിതി ഇന്നും പരിതാപകരം തന്നെയാണ്. ദാരിദ്രരേഖക്ക് താഴെ നിൽക്കുന്ന ഈ പഞ്ചായത്തിലെ 1111 കുടുംബങ്ങളുടെ വരുമാനം കൃഷിപ്പണി നടക്കുന്ന ചുരുങ്ങിയ കാലയളവിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നു. ഇതിന് പരിഹാരം കാണാൻ പര്യാപ്തമായ, സമഗ്രമായ ഒരു തൊഴിൽ സർവ്വെയും തൊഴിൽ സംരക്ഷണ പദ്ധതിയും ഈ പഞ്ചായത്തിന് അത്യന്താപേക്ഷിതമാണ്. അടിസ്ഥാനപരമായ, ശക്തിയില്ലാത്ത സാമ്പത്തിക അടിത്തറയാണ് ഈ പഞ്ചായത്തിന്റെ വരുമാനത്തിന്റെ പിന്നിലുള്ള ഘടകം. ഗൾഫിലെ ഭരണാധികാരികളുടെ ഇഷ്ടാനിഷ്ടത്തോട് ബന്ധപ്പെട്ടു കിടക്കുന്ന വിദേശ തൊഴിലാളികൾ ഈ പഞ്ചായത്തിലെ സ്വന്തം വീടുകളിലേക്കയക്കുന്ന ഡ്രാഫ്റ്റുകളുടെ അക്കങ്ങളെ ആശ്രയിച്ചാണ് ഇന്നുകാണുന്ന പുരോഗതിയുടെ മുഖച്ഛായ അതിനു മഞ്ഞുകട്ടയുടെ ഘനം മാത്രമേയുള്ളൂ എന്ന് ഓർമ്മിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. പഴയജന്മിമാർ പലരും ഇന്ന് മുഴുപ്പട്ടിണിയിലാണെന്ന കാര്യം വിസ്മരിക്കുന്നില്ല. അവരെ കൂടി സംരക്ഷിക്കാനുള്ള ചുമതല സമൂഹം ഏറ്റെടുത്തിട്ടില്ലെങ്കിൽ സാമൂഹ്യ നീതി നടപ്പായെന്ന് അവകകാശപ്പെടാൻ നിവൃത്തിയില്ല.

ഇത് അവസാനിപ്പിക്കുന്നതിനു മുമ്പായി ഈ പഞ്ചായത്തിന്റെ മുൻ ഭരണാധിപന്മാരെ കൂടി പരിചയപ്പെടുത്തുന്നു.

1. 1963 ഡിസംബർ മുതൽ 1972 നവമ്പർ വരെ ശ്രീ തുളുത്തിയിൽ നാരായണൻ
2. 72 ഡിസംബർ മുതൽ 79 ആഗസ്റ്റ് വരെ ശ്രീ. നാലകത്ത് ബീരാൻ സാഹിബ്
3. 79 സപ്റ്റംബർ മുതൽ 84 സപ്റ്റംബർ വരെ ശ്രീ. മുപ്പിൽ രാഘവൻ മാസ്റ്റർ
5. 88 ഫെബ്രുവരി മുതൽ 90 സപ്റ്റംപർ വരെ ശ്രീ. കെ.സി. കൃഷ്ണൻ നായർ
5. 90 സപ്റ്റംബർ മുതൽ 90ഒക്ടോബർ വരെ ശ്രീ. എം. കുഞ്ഞിബാപ്പു
6. 90 ഒക്ടോബർ മുതൽ 95 ഒക്ടോബർ വരെ ശ്രീ. കെ. സൈതലവി മാസ്റ്റർ
7. 95 ഒക്ടോബർ മുതൽ ശ്രീമതി കെ.പി. സുഹറ ടീച്ചർ

**വസ്തുത സമ്പാദനത്തിനായി അഭിമുഖം തന്നവരും പരിശോധിച്ച രേഖകളും**

സർശ്രീ

1. തലൂര് ചന്ദ്രമേനോൻ
2. തെങ്ങും തോട്ടത്തിൽ കൃഷ്ണൻ (I.N.A ഭടൻ)
3. പുതിയകത്ത് കുഞ്ഞലവി മാസ്റ്റർ
4. പി.സി. അച്ചുതൻ കുട്ടി മേനോൻ
5. അമ്മാശ്ശം വീട്ടിൽ നാരായണൻ നായർ
6. കണ്ടം ചിറ ബീരാൻ കുട്ടി
7. പാറയിൽ മമ്മു
8. വി.സി. സൈതലവി കോയതങ്ങൾ

167

9. കോണോത്ത് മഠത്തിൽ രാവുണ്ണി നായർ
10. തുമ്പിൽ മമ്മിഹാജി
11. വെള്ളരിയിൽ കുഞ്ഞമ്മദ് മൊല്ല
12. ഒറ്റയിൽ ഹസ്സൻ കുട്ടി മാസ്റ്റർ
13. സി.പി. അബ്ദുറഹിമാൻ കുട്ടി ഹാജി
14. കെ.പി. രാവുണ്ണിക്കുട്ടി നായർ
15. കെ.പി. കേളുനായർ
16. ചുണ്ടയിൽ പരമേശ്വര മേനോൻ

പുസ്തകങ്ങൾ


1. മലബാർ മാന്വൽ By വില്യം ലോഗൻ
2. സർവ്വവിജ്ഞാന കോശം വാല്യം I-VII
3. സെൻസസ് രേഖകൾ (1991)

168

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

169

# I

# കൃഷിയും ജലസേചനവും

**ചെയർമാൻ** : കെ.സി. കൃഷ്ണൻനായർ

**കൺവീനർ** : എസ്. ബീന

**മെമ്പർമാർ** : 1. എം. ബാവ
2. പി.എം. ഗോവിന്ദൻ കുട്ടി
3. യു. പത്മനാഭൻ
4. കെ. കൃഷ്ണൻ കുട്ടി നായർ
5. ഇ. മുഹമ്മദ് കുട്ടി A/s ബാവ
6. എ. ടി. അരവിന്ദാക്ഷൻ
7. ടി. സുമേഷ്



# കൃഷിയും ജലസേചനവും

**ആമുഖം:** കാർഷിക മേഖലയായ തലക്കാട് പഞ്ചാത്ത് തീരൂർ-പൊന്നാനി പുഴ പടിഞ്ഞാറെ അതൃത്തിയായികിടക്കുന്ന പ്രദേശമാണ്. കൂടുതൽ സമതലങ്ങളും സാമാന്യം ഉയർന്ന പ്രദേശങ്ങളും നിറഞ്ഞ പ്രകൃതി രമണീയമായ ഈ പഞ്ചായത്തിലെ മുഖ്യകൃഷി തെങ്ങ്, കവുങ്ങ്, നെല്ല്, വാഴ, കുരുമുളക്, വെറ്റില തുടങ്ങിയവയാണ്. മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും ജീവിതോപാധിയായി സ്വീകരിച്ചിരുന്നത് കാർഷികമേഖലയെയായിരുന്നു. കൃഷിയോടനുബന്ധിച്ച് പറയത്തക്ക വ്യവസായങ്ങളൊന്നും നിലവിലുണ്ടായിരുന്നില്ല. വളരെ പരിമിതമായ നിലയിൽ കൊപ്രയാട്ടൽ, ചകിരി പൂഴ്ത്തൽ എന്നിവ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഗ്രാമത്തിലെ ഏറ്റവും ഉയർന്ന പ്രദേശം സമുദ്ര നിരപ്പിൽ നിന്നും സുമാർ 25 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ തെക്കൻ കുറ്റൂർ അംശത്തിലെ കുറ്റൂർ, വടക്കൻ കുറ്റൂർ കാഞ്ഞിരക്കോൽ, മേടപറമ്പ് എന്നിവയാണ്. ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷി സ്ഥലം സ്വന്തമായി ഉള്ളവരാണ്. ഇതു സംബന്ധിച്ച വിശദ വിവരം താഴെ ചേർക്കുന്നു

പട്ടിക.1

**കൃഷിഭൂമി സംബന്ധമായ വിവരണം**

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 1670 |
| 2 | രണ്ട് ഹെക്ടറിൽ താഴെ | 236 |
| 3 | രണ്ട് ഹെക്ടറിനു മുകളിൽ | 26 |

മുൻ കാലങ്ങളിൽ ഏറ്റവും പ്രാധാന്യം കൽപ്പിച്ചിരുന്ന നെൽകൃഷി മഴയെ മാത്രം ആശ്രയിച്ചാണ് ചെയ്തിരുന്നെങ്കിലും പ്രകൃതി ദത്തമായ തോടുകളും കട്ടച്ചിറ പുഴയും ഒരു പരിധി വരെ 2-ാം വിളയെ ഉണക്കിൽ നിന്നും രക്ഷിച്ചിരുന്നു. 1970നു മുമ്പ് ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂമിയുടെയും ഉടമസ്ഥാവകാശം പല ജന്മിമാർക്കും സാമൂതിരി കോവിലകത്തിനു കീഴിലുള്ള തൃക്കണ്ടിയൂർ ഊട്ടബ്രഹ്മസ്വം, തൃക്കണ്ടിയൂർ ദേവസ്വം എന്നിവർക്കുമായിരുന്നു. ചിറ്റാനി, ചുവന്ന വട്ടൻ, വെളുത്ത വട്ടൻ, പാലക്കാടൻ ചീര, തൊണ്ടൻ ചീര, കുറുമ എന്നീ നാടൻ വിത്തിനങ്ങളെയാണ് പ്രധാനമായും നെൽകൃഷിക്ക് ഉപയോ

ഗിച്ചിരുന്നത്. തിരൂർ പൊന്നാനി പുഴയുടെ തീരത്ത് ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്തിരുന്നത് പ്രധാനമായും "കുഴിയൻ" എന്നൊരു പുകിൽ വിത്തിനമായിരുന്നു, രാസവളങ്ങൾ പ്രചാരത്തിലില്ലായിരുന്ന അക്കാലത്ത് പൂർണ്ണമായും ജൈവ വളങ്ങളെയാണ് ആശ്രയിച്ചിരുന്നത്. പറമ്പിലും പള്ളിയാൽ സ്ഥലങ്ങളിലും മോഡൽ കൃഷി ചെയ്തിരുന്നു. ഹരിത വിപ്ലവത്തിന്റെ തുടക്കത്തോടുകൂടി അത്യുൽപാതന ശേഷിയുള്ള വിത്തിനങ്ങളും രാസവളവും പ്രചാരത്തിൽ വരികയും നാടൻ വിത്തിനങ്ങളും ജലസംഭരണത്തിനായി ഉപയോഗിച്ചിരുന്ന ഏത്തവും കാളത്തേക്കും മറ്റു പമ്പുസെറ്റുകൾക്ക് വഴിമാറിക്കൊടുക്കുകയുമാണുണ്ടായത്. ഇടവിളക്ക് പ്രാധാന്യം ലഭിച്ചിരുന്ന അക്കാലത്ത് ചാമ, രായി, എള്ള്, പയറ്, ഉഴുന്ന് എന്നിവയും കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, മരച്ചീനി, മധുരക്കിഴങ്ങ് എന്നിവയും വേനൽക്കാല പച്ചക്കറികളും വയലുകളിലും പറമ്പുകളിലും കൃഷി ചെയ്തിരുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾ കൃഷിക്കാരായിരുന്നുവെങ്കലും പഞ്ഞമാസങ്ങളിൽ പ്രധാനമായും ഭക്ഷണ സാധനങ്ങളിൽ കിഴങ്ങു വർഗ്ഗങ്ങളും വിവിധ തരം പച്ചിലകളും താളുകളും ഉപയോഗിച്ചിരുന്നു. അക്കാലത്ത് ജലസേചനത്തിന് ആശ്രയിച്ചിരുന്ന തോടുകളിലും മറ്റും മുള, ഓല, ചെളി എന്നിവ ഉപയോഗിച്ച് തടയിണകൾ നിർമ്മിച്ചിരുന്നു. കൃഷി നാശത്തിന് കാരണമായിരുന്ന എലികളെയും കീടങ്ങളെയും നിയന്ത്രിക്കാൻ, കെണി മുറം വീശൽ എന്നീ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരുന്നത്. അപൂർവ്വം ചില സ്ഥലങ്ങളിൽ ചായി വിലക്കൽ, എലി വിലക്കൽ എന്നീ മന്ത്രവാദ പ്രയോഗങ്ങളും ഉണ്ടായിരുന്നു. ഈ പഞ്ചായത്തിലെ കാർഷികോൽപ്പന്നങ്ങളുടെ വിപണി തൊട്ടടുത്ത പട്ടണപ്രദേശങ്ങളായ തിരൂർ, പൊന്നാനി എന്നിവിടങ്ങളിലായിരുന്നു. തലച്ചുമട് കാളവണ്ടി, വഞ്ചി എന്നിവ വഴിയാണ് ഉല്പന്നങ്ങൾ വിപണിയിലെത്തിച്ചിരുന്നത്.

ഭൂ പരിഷ്കരണ നിയമം നടപ്പിലായതോടെ കൃഷി ഭൂമിയുടെ ഉടമസ്ഥവകാശം കൈവന്നവർ വീട് നിർമ്മിക്കുന്നതിനും തെങ്ങ്, കവുങ്ങ്, വാഴ എന്നിത്യാദി നാണ്യ വിളകൾ കൃഷി ചെയ്യുന്നതിനും നെൽ വയലുകൾ നികത്തിയെടുക്കാൻ തുടങ്ങി. കൂട്ടു കുടുംബ സമ്പ്രദായത്തിൽ വന്ന മാറ്റവും ജനതാല്പര്യവും തൊഴിലാളികളുടെ ദൗർലഭ്യവും, കൂലിവർദ്ധനവും മൂലം വയലുകൾ തരിശിടാൻ കർഷകർ നിർബന്ധിതരായി. വർഷങ്ങളായി പണി മുടങ്ങിക്കിടക്കുന്ന തിരുനാവായ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ രണ്ടാമത്തെ സ്റ്റേജ് പണി പൂർത്തീകരിച്ച് ഉപയോഗ പ്രദമാക്കിയാൽ ഈ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ കിണർ, കുളങ്ങളിൽ ജലവിധാനം ഉയരുകയും തൻമൂലം കൂടുതൽ കൂടുതൽ വിളകൾ കൃഷി ചെയ്യാനും ശുദ്ധജലക്ഷാമ ഒരു പരിധിവരെ പരിഹരിക്കാനും കഴിയും.

**ഭൂവിനിയോഗം:-** പഞ്ചായത്തിന്റെ വിസ്തീർണ്ണം 1603.6 ഹെക്ടർ ആണ്. സമതല പ്രദേശങ്ങളിൽ മണൽ മണ്ണ്, മണൽ കലർന്ന പശിമരാശിമണ്ണ് ഉയർന്ന പ്രദേശങ്ങളിൽ ചരൽ കലർന്ന ചുവന്ന മണ്ണ് എന്നിങ്ങനെയാണ് മണ്ണിന്റെ സ്ഥിതി. തിരൂർ പൊന്നാനി പുഴയോരത്ത് വേനൽ കാലത്ത് ഉപ്പുവെള്ളം കയറുന്നതിനാൽ ആ ഭാഗങ്ങളിലെ മണ്ണിൽ ഉപ്പുരസം കൂടുതൽ കലർന്ന് കാണുന്നു.

പട്ടിക.2

**ഭൂവിനിയോഗം**

| നമ്പർ | വിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | തെങ്ങ് | 684 |
| 2 | കവുങ്ങ് | 60 |
| 3 | വെറ്റില | 14 |
| 4 | കുരുമുളക് | 20 |
| 5 | കശുമാവ് | 3 |
| 6 | വാഴ | 40 |

പട്ടിക3

**മണ്ണിന്റെ ഘടന**

| നമ്പർ | മണ്ണ് | ജൈവാംശം (ശതമാനം) | ഭാവകം കിലോ/ഹെക്ടർ | ക്ഷാരഗുണം കിലോ/ഹെക്ടർ |
|---|---|---|---|---|
| 1 | ചരൽമണ്ണ് | 1.10 | 60 | 127 |
| 2 | ഏക്കൽമണ്ണ് | 1.54 | 50 | 160 |
| 3 | മണൽ | 0.24 | 60 | 152 |

പട്ടിക4

**നെൽകൃഷി**

| നമ്പർ | വിള | വിസ്തീർണം (ഹെക്ടർ) |
|---|---|---|
| 1 | നെല്ല്(1-ാം വിള) | 160 |
| 2 | നെല്ല്(2-ാം വിള) | 195 |
| 3 | നെല്ല് (3-ാം വിള) | ഇല്ല |

നെൽകൃഷിയുടെ ഉൽപാദനക്ഷമത ശരാശരി ഒന്നാം വിളക്ക് ഹെക്ടറിന് 2200 കിലോ ഗ്രാമും 2-ാം വിളക്ക് 2400 കിലോ ഗ്രാമും ആണ്. മുഖ്യ ഇടവിളകളുടെ കണക്ക് താഴെ ചേർക്കുന്നു.

പട്ടിക.5

**മുഖ്യ ഇടവിളകൾ**

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | പയർ | 20 |
| 2 | എള്ള് | 3 |
| 3 | പച്ചക്കറി | 14 |
| 4 | വാഴ | 40 |
| 5 | മരച്ചീനി | 5 |
| 6 | കുരുമുളക് | 20 |

മുഖ്യ വിളയായ തെങ്ങുകൃഷിയുടെ ഉൽപ്പാദനക്ഷമത ശരാശരി ഹെക്ടർ ഒന്നിന് 13600 എണ്ണമാണ്. ജലസേചനസൗകര്യമുള്ള പ്രദേശങ്ങളിൽ ആദായം കൂടുതലാണെങ്കിലും ഉയർന്ന പ്രദേശങ്ങളിൽ താരതമ്യേന കുറവാണ്. പഞ്ചായത്തിലെ തെങ്ങുകൃഷിക്ക് കറവാർച്ച, കൂമ്പ് ചീയൽ മുതലായ കുമുൾ രോഗങ്ങൾ കാരണം വർദ്ധിച്ച തോതിൽ നാശനഷ്ടങ്ങൾ സംഭവിക്കാറുണ്ട്. നെൽ കൃഷിയെ അപേക്ഷിച്ച് തെങ്ങുകൃഷി ലാഭകരമായതിനാലും പരിചരണത്തിന്റെ ആവശ്യം താരതമ്യേന കുറവുമായതിനാലും നെൽവയലുകൾ നികത്തി തെങ്ങുകൾ കൃഷി ചെയ്യുനന പ്രവണത കൂടി വരികയാണ്. എന്നാൽ ഗുണ നിലവാരം കുറഞ്ഞ തെങ്ങിൻ തൈകൾ ഉപയോഗിക്കുന്നതു കാരണവും ആശാസ്ത്രീയമായ കാർഷികരീതി അവലംബിക്കുന്നതിനാലും ഉൽപാദന ക്ഷമത കുറവാണ്.

**വളം:-** ഈ പഞ്ചായത്തിൽ രാസവള, കീടനാശിനി ഡിപ്പോകളൊന്നും തന്നെ ഇപ്പോൾ നിലവിലില്ല. ജൈവ വളത്തിന്റെ ഉപയോഗം കർഷകർ ഉപേക്ഷിച്ച മട്ടാണ്. ഒരു പരിഹാരമെന്ന നിലക്ക് ലാഭകരമായ പച്ചില വളച്ചെടി കൃഷിക്ക് ശുഷ്കാന്തി പ്രകടിപ്പിക്കുകയും നിലവിലുള്ള പദ്ധതിയിൽ ഉപയോഗപ്പെടുത്തുകയും ചെയ്താൽ ഈ അവസ്ഥക്ക് ഒരു പരിധിവരെ മാറ്റമുണ്ടാക്കാം. സൗജന്യമണ്ണു പരിശോധന സൗകര്യം പോലും കർഷകർ ഉപയോഗപ്പെടുത്താറില്ല. പഞ്ചായത്തിലെ കൃഷി ആവശ്യാർത്ഥം ഉപയോഗിക്കുന്ന രാസവളത്തിന്റെ കഴിഞ്ഞ 3 വർഷത്തെ ലഭ്യമായ കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക.6

**രാസവളത്തിന്റെ ഉപയോഗം**

| വർഷം | N (ടൺ) | P (ടൺ) | K(ടൺ) |
|---|---|---|---|
| 93-94 | 13.5 | 11.00 | 9.00 |
| 94-95 | 15.5 | 12.00 | 9.00 |
| 95-96 | 15.5 | 13.00 | 6.00 |

**കീടനാശിനികൾ:-** നെൽകൃഷിക്കും കവുങ്ങ് കൃഷിക്കുമാണ് കീടനാശിനി പ്രയോഗം പ്രധാനമായും നടത്തുന്നത്. വളരെ ചുരുങ്ങിയ തോതിൽ മറ്റു കൃഷികൾക്കും കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. വർദ്ധിച്ചു വരുന്ന രോഗങ്ങൾ ചെറുക്കുന്നതിന് തെങ്ങ്, കവുങ്ങ് കുരുമുളക് എന്നിവക്ക് കുമിൾ നാശിനിയായ ബോഡോമിക്ചർ ഉപയോഗിക്കുന്നുണ്ട്.

**കാർഷികോപകരണങ്ങൾ:-** താഴെ പറയുന്ന കാർഷികോപകരണങ്ങളാണ് ഈ പഞ്ചായത്തിൽ ഉപയോഗത്തിലുള്ളത്.

പട്ടിക.7

**കാർഷികോപകരണങ്ങൾ**

| നമ്പർ | ഉപകരണം | എണ്ണം |
|---|---|---|
| 1 | നാടൻ കലപ്പകൾ | 26 |
| 2 | ട്രില്ലർ | 2 |
| 3 | ട്രാക്ടർ | 12 |
| 4 | റോക്കർ സ്പ്രെയർ | 12 |
| 5 | കുറ്റിപമ്പ് | 92 |
| 6 | തെങ്ങുകയറ്റ യന്ത്രം | 2 |
| 7 | പോർട്ടബിൾ പമ്പ് സെറ്റ് | 225 |

ഈ പഞ്ചായത്തിൽ താഴെ കാണിച്ച പാട ശേഖര സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്.

പട്ടിക. 8

**പാടശേഖര സമിതികളും വിള ക്രമീകരണങ്ങളും**

| നമ്പർ | പാടശേഖര സമിതി യുടെ പേര് | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 1 | തെക്കൻ കുറ്റൂർ | നെല്ല് | നെല്ല് | |
| 2 | വെങ്ങാലൂർ | " | " | എള്ള് |
| 3 | പുല്ലൂർ | " | " | പച്ചക്കറി |
| 4 | മാങ്ങാട്ടിരി | " | " | പയർ |
| 5 | ഇടക്കാട്ട് പറമ്പ് | " | " | |

മേൽ പറഞ്ഞ പാടശേഖര സമിതികൾ മുഖേന പഞ്ചായത്തിലെ കർഷകർക്ക് ഗവൺമെന്റ് നൽകാറുള്ള ആനുകൂല്യങ്ങൾ; കാലാകാലങ്ങളിൽ ലഭിക്കാറുണ്ട്.

**കൂലി നിരക്ക്:-** പഞ്ചായത്തിൽ കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, ഗൾഫ് മേഖലയിലെ തൊഴിൽ സാധ്യതകൾ, മറ്റുമേഖലകളിലെ കൂലി കൂടുതൽ എന്നിവ ഇതിനൊരു കാരണമായി കാണാവുന്നതാണ്. കാർഷിക മേഖലയിലെ പുരുഷന്മാർക്ക് ദിവസത്തിൽ 125രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ് കൂലി നിരക്ക്. ഇതിന് പുറമെ ഭക്ഷണവും നൽകേണ്ടതുണ്ട്.

**ബാങ്കിംഗ് സൗകര്യം:-** പഞ്ചായത്തിൽ താഴെ പറയുന്ന ബാങ്കുകൾ പ്രവർത്തിക്കുന്നു.

1. കനറാ ബാങ്കിന്റെ ബ്രാഞ്ച് - ബി.പി. അങ്ങാടി

2. തിരൂർ അർബൻ കോപ്പറേറ്റീവ് ബാങ്കിന്റെ ബ്രാഞ്ച് - ബി.പി. അങ്ങാടി

3. തലക്കാട് സർവ്വീസ് സഹകരണബാങ്ക് - വെങ്ങാലൂർ

4. തലക്കാട് ഹരിജൻ സർവ്വീസ് സഹകരണ സൊസൈറ്റി - പുല്ലൂർ

ഈ ബാങ്കുകൾ വിവിധ സ്വഭാവത്തിലുള്ള വായ്പ്പകൾ നൽകുന്നുണ്ടെങ്കിലും വായ്പാ സമ്പ്രദായവും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും കാർഷിക വായ്പകളോട് മിക്ക ബാങ്കുകൾക്കുമുള്ള വിമുഖതയും കാരണം സർക്കാരിന്റെയും കർഷകരുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്.

**ജലസേചനം:-** ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തന ക്ഷമമായ ജലസേചന പദ്ധതികളൊന്നും തന്നെ ഇല്ല. പ്രകൃതിയെ മാത്രം ആശ്ര

യിച്ചാണ് എല്ലാ കൃഷികളും നടത്തി വരുന്നത്. കാലവർഷവും തുലാ വർഷവും പിഴച്ചാൽ പഞ്ചായത്തിലെ കൃഷികളും പിഴക്കുക പതിവാണ്. ഈ പഞ്ചായത്തിലെ തോടുകൾ ഒന്നും ഫലപ്രദമായി കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല.

**കുളങ്ങൾ:-**പൊതു കുളങ്ങൾ പൂർണ്ണമായും സ്വകാര്യകുളങ്ങൾ ഏറിയ പങ്കും വേനൽ കാലത്ത് വറ്റി വരണ്ട് പോകുന്നു. പഞ്ചായത്തിൽ നിലവിലുള്ള പൊതു കുളങ്ങളും തോടുകളും പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി അറ്റകുറ്റ പണികൾ നടത്തി ഉപയോഗപ്രദമാക്കിയാലേ കർഷകർക്ക് കൃഷി ആവശ്യത്തിനുള്ള ജലം ലഭിക്കുകയുള്ളൂ.

**മണ്ണ് - ജലസംരക്ഷണം:-**പഞ്ചായത്തിലുണ്ടായിരുന്ന കാവുകളുടെ നശീകരണവും ഉൾപ്രദേശങ്ങളിൽ ഉണ്ടായിരുന്ന വൻ വൃക്ഷങ്ങൾ വെട്ടിമാറ്റിയതും പലയിടങ്ങളിലേയും മണ്ണൊലിപ്പ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന് പറയാം.

പട്ടിക.9

**പഞ്ചായത്തിലെ കുളങ്ങൾ**

| നമ്പർ | കുളത്തിന്റെ പേര് | വാർഡ് | വിസ്തീർണ്ണം (ഏകദേശം) |
|---|---|---|---|
| 1 | ഇല്ലത്തെ കുളം | 1 | 10 സെന്റ് |
| 2 | മാങ്ങാട്ടിരി കോട്ടക്കുളം | 4 | 2 " |
| 3 | കോട്ടക്കുളം | 5 | 10 " |
| 4 | മഞ്ഞിക്കൊടി കുളം | 5 | 10 " |
| 5 | കല്ലാടിക്കുളം | 6 | 5 " |
| 6 | അയ്യൻ കുളം | 6 | 5 " |
| 7 | പണ്ടാരക്കുളം | 6 | 4 " |
| 8 | ചാത്തൻ കുളം | 8 | 5 " |
| 9 | കുറ്റക്കുളം | 8 | 3 " |
| 10 | കുറ്റൂർ ആനപ്പടിക്ക് സമീപമുള്ളകുളം | 9 | 2 " |
| 11 | കണ്ണൻകുളം | 10 | 6 " |
| 12 | കണ്ണൻകുളം | 11 | 4 " |
| 13 | യാറുകുളം | 11 | 4 " |
| 14 | നീറ്റിക്കുളം | 8 | 5 " |

**നഴ്സറികൾ:-**അംഗീകൃത നഴ്സറികളൊന്നും ഉള്ളതായി അറിവില്ല. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന നഴ്സറികളുടെ ഉൽപ്പന്നം പഞ്ചായത്തിന്റെ ഉൾ പ്രദേശങ്ങളിൽ പോലും ലഭിക്കുന്നുണ്ട്.

**കൃഷിഭവൻ:-**പഞ്ചായത്തിൽ 1987 സെപ്റ്റംബർ 1 മുതൽ തലക്കാട് കൃഷിഭവൻ പ്രവർത്തിച്ചു വരുന്നുണ്ട്. അതിനുമുമ്പ് ചമ്രവട്ടം ഏല ഓഫീസ്, തിരൂർ കാർഷിക വികസന ഓഫീസ് എന്നിവയുടെ പരിധിയിലായിരുന്നു ഈ പഞ്ചായത്ത്.

**പ്രശ്നങ്ങൾ:-**ഉൽപ്പാദന ചിലവിലുള്ള വർദ്ധനവ്, കർഷകതൊഴിലാളികളുടെ എണ്ണക്കുറവ്, കാർഷിക ഉൽപ്പന്നങ്ങളുടെ വിലിയിടിവ്, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ കർഷകർക്ക് സമൂഹത്തിൽ മുമ്പുണ്ടായിരുന്ന അംഗീകാരമില്ലാതായത് എന്നീ കാരണങ്ങൾ കാർഷിക മേഖലയുടെ തകർച്ചക്ക് ഒരു പരിധി വരെ കാരണമായിട്ടുണ്ട്. നാണ്യ വിളകളുടെ, മേഖലയിൽ തൈകൾ തെരഞ്ഞെടുക്കുന്നതിലും മറ്റു വന്നിട്ടുള്ള അശ്രദ്ധയും, അശാസ്ത്രീയമായ കൃഷി സമ്പ്രദായവും ഇടവിളികളിൽ വന്നിട്ടുള്ള കുറവും രോഗങ്ങളുടെ കടന്നു കയറ്റവും അവയുടെ നിയന്ത്രണത്തിനുള്ള അമിതമായ ചിലവും, ഉൽപ്പാദനക്ഷമതയിൽ കാര്യമായ കുറവും വരുത്തിയിട്ടുണ്ട്. തെങ്ങ്, കവുങ്ങ്, കുരുമുളക് മുതലായ നാണ്യ വിള കൃഷിക്ക് സർക്കാർ ഏജൻസികളിൽ നിന്നും പ്രോത്സാഹന ജനകമായ ആനുകൂല്യങ്ങൾ ലഭ

ക്കാത്തതും ഈ മേഖലയെ തകർത്തിയിട്ടുണ്ട്. വെറ്റില കൃഷിയിൽ മുഖ്യ പങ്ക് വഹിക്കുന്ന ഈ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ തൊഴിലാളികളുടെ കൂലിയിലുണ്ടായ വർദ്ധനവും അപ്രതീക്ഷിതമായുണ്ടാകുന്ന രോഗങ്ങളും കാരണം സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നത് കൊണ്ട് ഈ മേഖലയിൽ നിന്നും പിൻ തിരിയാൻ കർഷകരെ നിർബന്ധിതരാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും മണ്ണൊലിപ്പ് നാണ്യ വിള കൃഷകളുടെ തകർച്ചക്ക് കാരണമായിട്ടുണ്ട്.

1. തിരുനാവായ ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേജ് - II

ലക്ഷങ്ങൾ മുടക്കി മുക്കാൽ ഭാഗവും പണി കഴിഞ്ഞ ഈ പദ്ധതിയുടെ പണി പൂർത്തീകരിച്ച് ജല വിതരണം തുടങ്ങിയാൽ പഞ്ചായത്തിലെ ഒട്ടുമുക്കാലും കൃഷി സ്ഥലങ്ങളിൽ രണ്ടാം വിളയെ ഉണക്കത്തിൽ നിന്നും രക്ഷിക്കുവാനും മൂന്നാം വിള എടുക്കുവാനും അതുവഴി ഉൽപാദനം വർദ്ധിപ്പിക്കുവാനും കഴിയും.

2. ചമ്രവട്ടം ക്രോസ്‌വേ

വർഷങ്ങളായി പണി പൂർത്തിയാക്കാതെ കിടക്കുന്ന ഈ പദ്ധതി പൂർത്തീകരിച്ച് നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ ജല വിധാനം വർദ്ധിക്കാനും അതുകൊണ്ട് പഞ്ചായത്തിലെ എല്ലാ തരം കൃഷികൾക്കും ഉപയോഗപ്രദമാക്കുവാനും വിളകളുടെ വർദ്ധനവിനും സഹായിക്കും.

3. കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജ്

പകുതിയോളം പൂർത്തിയാക്കി മുടക്കിക്കിടക്കുന്ന ഈ പദ്ധതി പൂർത്തീകരിച്ച് നടപ്പിലാക്കിയാൽ തിരൂർ പൊന്നാനി പുഴയോരത്തെ ഉപ്പുവെള്ളം കയറുന്നതിൽ നിന്നും രക്ഷിക്കാനും വിളവ് വർദ്ധിപ്പിക്കുവാനും കഴിയും.

4. കട്ടച്ചിറ പുഴ

ഈ പുഴക്ക് മുട്ടിക്കൽ ഭാഗത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചാൽ വെള്ളം സംഭരിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താൻ കഴിയും. ഇത് 5,8,9 വാർഡുകളിലെ കൃഷി സ്ഥലങ്ങളിലേക്ക് ഉപകരിക്കും.

5. തോടുകൾ

താഴെ പറയുന്ന തോടുകൾ റിപ്പയറുകൾ നടത്തി സ്വകാര്യ വ്യക്തികളുടെ കയ്യേറ്റം ഒഴിവാക്കി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ആറാം വാർഡിലെ കുറ്റൂർ-നെടുങ്ങാട് കായൽതോട്, കുഞ്ഞിത്തോട്, കുറ്റിയിൽ തോട് ഏഴാം വാർഡിലെ അല്ലൂർ-കാഞ്ഞീരക്കോൽ തോട്, ഇരുട്ടു തോട് പത്താം വാർഡിലെ തണ്ണിക്കൂർ തോട്, അരിപ്പാതോട് എന്നിവ ഇത്തരത്തിൽ റിപ്പേർ ചെയ്യേണ്ടവയാണ്.

6. നഴ്സറികൾ

പുതിയ നഴ്സറികൾ ആരംഭിച്ച് ഫ്ളോറികൾച്ചർ, ഓർകിഡ്, ആന്തൂരിയം, കുറ്റിമുല്ല എന്നിവ കൃഷി ചെയ്യുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകണം. അതോടൊപ്പം തന്നെ തൈകൾ ഉൽപാദിപ്പിക്കാൻ ആവശ്യമായ നഴ്സറികൾ ആരംഭിച്ച് മിതമായ നിരക്കിൽ കൃത്യ സമയത്ത് വിതരണം ചെയ്യാനുള്ള നടപടികൾ കൈകൊള്ളണം.

7.പച്ചക്കറികൃഷി പദ്ധതി

ഗുണമേന്മയുള്ള വിത്തുകളുടെ അഭാവമാണ് ഈ കൃഷിരംഗത്ത് നേരിടുന്ന പ്രധാന പ്രശ്നം. കൃഷിവിദഗ്ദന്മാരുടെ മേൽനോട്ടത്തിൽ കൃഷി ചെയ്യിച്ച് വിത്തുകൾ ശേഖരിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യണം. ഇത്തരം കൃഷിക്കാർക്ക് ആവശ്യമായ സഹായ ധനം നൽകണം. കൃഷിക്കാരിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറികൾ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് മേൽനോട്ടത്തിൽ വിപണനകേന്ദ്രം സ്ഥാപിക്കുന്നത് ഇടനിലക്കാരെ ഒഴിവാക്കാൻ സഹായിക്കും. അടുക്കളതോട്ടം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അത്യുൽപാദനശേഷിയുള്ള കുരുമുളകുവള്ളികൾ ആവശ്യാനുസരണം കൃഷിഭവൻ മുഖേന ലഭിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽതന്നെ ഒരു നഴ്സറി ആരംഭിച്ച് കർഷകർക്കാവശ്യമായ വള്ളികൾ ലഭ്യമാകേണ്ടതാണ്. റാപ്പിഡ് മൾട്ടിപ്ലിക്കേഷൻ പ്രൊസ്സസ്സിലൂടെ കൂടുതൽ വള്ളികൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യേണ്ടതാണ്.

**കാർഷിക യന്ത്രവൽക്കരണം:-** ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കൂട്ടുകൃഷി സമിതിക്കും പഞ്ചായത്തിനും, സർവ്വീസ് സഹകരണ ബാങ്കുകൾക്കും മാത്രമേ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സബ്സിഡി ലഭിക്കുന്നുള്ളൂ. ഇത് കൃഷിക്കാർക്ക് നേരിട്ട് ലഭിക്കാനുള്ള പദ്ധതികൾ നടപ്പാക്കണം.

**കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം:-** കൊപ്ര. സംസ്കരണ യൂണിറ്റ്, അച്ചാർ, കറിപൗഡർ, ചിപ്സ്, ജാം, സ്ക്വാഷ് എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ തുടങ്ങുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

**വാഴകൃഷി വികസന പദ്ധതി:-** വാഴകൃഷി പ്രോത്സാഹിപ്പിക്കാനായി മേത്തരം കന്നുകൾ വിതരണം ചെയ്യുക, സൗജന്യ നിരക്കിൽ വളം, സാങ്കേതിക വിദ്യ, സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കുക. വാഴകൃഷിക്കുള്ള വായ്പ സ്വന്തം കൃഷി ചെയ്യുന്നവർക്ക് എന്നതിന് പുറമെ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർക്കും ലഭ്യമാക്കുക. പ്രകൃതി ക്ഷോഭങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പു വരുത്താൻ ഇൻഷൂറൻസ് ആനുകൂല്യം ലഭ്യമാക്കുക. പച്ചക്കറി, കുറ്റിമുല്ല എന്നിവയുടെ കൃഷി പാഠ്യേതര പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പരിപാടിയിൽ വിദ്യാർത്ഥികളെയും പങ്കാളികളാക്കുക. ഔഷധചെടികളുടെ കൃഷിക്ക് പ്രോത്സാഹനം നൽകുക. ജൈവവളത്തിന്റെ പ്രോത്സാഹനത്തിനായി ഡൈഞ്ച, കൊഴിഞ്ഞിൽ, സൺഹമ്പ് എന്നീ വിത്തിനങ്ങൾ നൽകി അവിടെ കൃഷി പ്രോത്സാഹിപ്പിക്കുക. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മാലിന്യകൂമ്പാരങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് അതിൽ നിന്നും സമ്പുഷ്ടമായ ജൈവ വളവും ഊർജ്ജവും ഉൽപാദിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുക.


പദ്ധതികൾ എന്തെല്ലാം തന്നെ നിലവിലുണ്ടായാലും കുറഞ്ഞ അദ്ധ്വാനത്തിൽ നിന്നും കൂടുതൽ ലാഭം ലഭിക്കുവാനുള്ള വാസന മനുഷ്യ സഹജമാണ്. സംസ്ഥാനത്തെയും നമ്മുടെ പഞ്ചായത്തിലേയും മറ്റ് മേഖലകൾ താരതമ്യേന കൂടുതൽ ലാഭവും അംഗീകാരവും നൽകുമ്പോൾ അങ്ങോട്ടുമാറാനുള്ള പ്രവണത സ്വാഭാവികമാണ്. അതുകൊണ്ട് കാർഷിക മേഖല കൂടുതൽ ആകർഷകമാക്കാനുള്ള പദ്ധതികളും ആത്മാർത്ഥമായ നടത്തിപ്പിനുമാണ് 9-ാം പദ്ധതിയിൽ ഊന്നൽ നൽകേണ്ടത്. ഏറ്റവും പവിത്രമായ തൊഴിൽ എന്നതുകൊണ്ടു മാത്രം കർഷനും കർഷക തൊഴിലാളിയും ആകർഷിക്കപ്പെടുകയില്ല. അതാതു തലങ്ങളിലുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമുള്ള ആത്മാർത്ഥതയാണ് ആവശ്യം. അതുകൊണ്ടു മാത്രമേ നമ്മുടെ വയലേലകളിലും പറമ്പുകളിലും ഒരു പുതു പുത്തൻ കാഹളം ഉയരുകയുള്ളൂ. ഒരു പുതിയ ആരവത്തിനായി കാതോർക്കുന്ന നമുക്ക അതിന്റെ സൃഷ്ടാക്കളായി മാറുന്നതിൽ പ്രമുഖ പങ്ക് വഹിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗ്രാമം സ്വയം പര്യാപ്തമാകുന്നതിന് കാർഷിക മേഖലക്ക് കഴിയട്ടെ. ഒരു പുതു പുത്തൻ കാർഷിക വികസനത്തിനായി നമുക്ക് കൂട്ടായ്മയോടെ മുന്നേറാം.

177

2

# മൃഗ സംരക്ഷണവും – മത്സ്യ ബന്ധനവും.

| | | |
|---|---|---|
| ചെയർമാൻ | : | മുഹമ്മദാലി. |
| കൺവീനർ | : | Dr. അജി |
| അംഗങ്ങൾ | : | എം. ചന്ദ്രൻ മാങ്ങാട്ടിരി., |
| | : | ടി.വി. രാമൻ കട്ടച്ചിറ. |
| | : | യു. ഗോവിന്ദൻ പൂക്കൈത |
| | : | പി. പി. എൻ. വൈദ്യർ പാറശ്ശേരി. |
| | : | പി. എം. ഗോവിന്ദൻ മാസ്റ്റർ, |
| | | ബി. പി. അങ്ങാടി. |



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

തിരൂർ ബ്ലോക്കിലെ തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ വിസ്തീർണ്ണം 16.04 ചതുരശ്ര കിലോമീറ്റർ ആണ്. പഞ്ചായത്തിനെ 11 (പതിനൊന്ന്) വാർഡുകളായി വിഭജിച്ചിരിക്കുന്നു. ഈ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ: പശു, ആട്, എരുമ, എന്നിവയാണ്. വളർത്തു പക്ഷികൾ പ്രധാനമായും കോഴികളാണ്. വളരെ ചെറിയതോതിൽ താറാവുകളേയും വളർത്തുന്നുണ്ട്, മുൻ കാലങ്ങളിൽ ചരക്കു ഗതാഗതത്തിനും എണ്ണയാട്ടു കേന്ദ്രങ്ങളിലും, കൃഷിയിടങ്ങളിൽ വെള്ളം തേവിനനക്കുന്നതിനും, ഉഴവുന്നതിനും കാളകളെ വ്യാപകമായി ഉപയോഗിച്ചിരുന്നെങ്കിലും യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഈ രംഗത്തിനിന്നും ഇവ പിൻതള്ളപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇവയുടെ എണ്ണം പഞ്ചായത്തിൽ പരിമതമാണ്. പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ ഏകദേശകണക്ക് സങ്കരയിനം പശുക്കൾ 500; നാടൻ പശുക്കൾ–350; എരുമ–150; ആടുകൾ–6000 എന്നിങ്ങനെയാണ്. വളർത്തുനായക്കളുടെ എണ്ണം ഏകദേശം 250 ആണ് ഇറച്ചിക്ക് വേണ്ടിയല്ലങ്കിലും ഏകദേശം നൂറോളം മുയലുകളും വളർത്തുന്നുണ്ട്.75 % വീടുകളിലും നാടൻ കോഴികളെ ബാക്ക്‌യാഡ് സംമ്പ്രദായത്തിൽ വളർത്തിവരുന്നു. തരതമ്യ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2500 ലിറ്റർ പാൽ വളർത്തു മൃഗങ്ങളിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്നു. എന്നാൽ ഉൽപാദിപ്പിക്കപ്പെടുന്ന അത്രയും പാൽ സംസ്കരിക്കാനുള്ള സൗകര്യം പഞ്ചായത്തിൽ നിലവിലില്ല. കാലിതീറ്റയുടെ വിലവർദ്ധനവും വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതകുറവ്, ചികിത്സാസൗകര്യങ്ങളുടെ കുറവ് എന്നിവ കാലിവളർത്തുന്നതിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

വളർത്തു മൃഗങ്ങളും പക്ഷികളും പട്ടിക താഴെ ചേർക്കുന്നു.

179

| മൃഗങ്ങളുടെ ഇനം | 1993 | 1996 |
|---|---|---|
| പശു സങ്കരയിനം | 568 | 850 |
| പശുകിടാങ്ങൾ | 200 | 300 |
| എരുമ | 50 | 40 |
| കാള(ഉഴവ്) | 25 | 20 |
| ആട് | 4500 | 6000 |
| കോഴി | ലഭ്യമല്ല | 5000 |
| താറാവ് | ലഭ്യമല്ല | 250 |
| മുയൽ | ലഭ്യമല്ല | 100 |

## നിലവിലുള്ള സൗകര്യങ്ങൾ

തലക്കാട് പഞ്ചായത്തിൽ 8ാംവർഡിൽ ഊർജ്ജിത കന്നുകാലി വികസനകേന്ദ്രം ഉണ്ട്.

8-ാംവാർഡിൽ 1995-96 വർഷത്തിൽ ആനപ്പടി എന്ന സ്ഥലത്ത് ഒരു വെറ്റിനറി ഡിസ്പൻസറി പ്രവർത്തനക്ഷമമായിട്ടുണ്ട്.

കോലൂപാലം, പൂക്കൈത എന്നിവിടങ്ങളിൽ ഇറച്ചിക്കോഴികളെ വളർത്തുന്ന രണ്ടു കേന്ദ്രങ്ങളുണ്ട്.

## ാദ്ധ്യതയും ചെയ്യേണ്ടവയും.

ലുള്ള അകലം അറകിലോമീറ്റർ മാത്രം ആകയാൽ അവയിൽ എതങ്കിലും ഒന്ന് കണ്ണംകുളം ഭഗത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.

2. കൃത്രിമ ബീജസങ്കലനകേന്ദ്രം പൂക്കൈത മാങ്ങാട്ടിരി എന്നീ പ്രദേശങ്ങളിൽ ഏതങ്കിലും ഒരു പ്രദേശത്ത് സ്ഥാപിക്കേണ്ടതാണ്.
3. പഞ്ചായത്തിലെ പുല്ലൂർ പ്രദേശത്ത് രണ്ട് പാൽ സൊസൈറ്റികൾ സ്ഥാപിക്കുകയും ഇതിനോടനുബന്ധിച്ച് പാൽ സംസ്ക്കരണ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുമാണ്.
4. കന്നുകാലികളിൽ പടർന്നുപിടിക്കുന്ന അകിടുവീക്കം, കുളമ്പുരോഗം, കാലിവസന്ത എന്നിവ തടയാൻ കർഷകർക്ക് ബോധവൽക്കരണവും പ്രതിരോധമാർഗ്ഗ

ങ്ങളും നടപ്പിലാക്കേണ്ടതാണ്.

5. കന്നുകാലി വളർത്തൽ ലാഭകരമായി നടത്താൽ തീറ്റ- പുൽകൃഷിയും സംസ്ക്കരണവും നടപ്പാക്കേണ്ടതാണ്

6. പഞ്ചായത്തിൽ ഒരു കന്നുകാലി തീറ്റ സംസ്ക്കരിച്ചടുക്കുന്ന ഒരു കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. കുറഞ്ഞവിലക്ക് തീറ്റകിട്ടാൻ ഇത് കർഷകരെ സഹായിക്കും.

7. കന്നുകാലിയുടെ മാംസം ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് അറവുശാലകളും സംസ്ക്കരണ കേന്ദ്രവും സ്ഥാപിക്കണം. കന്നുകാലികളെ ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ച ശേഷമേ കശാപ്പിന് വിധേയമാക്കാൻപാടുള്ളൂ.

8. മുഴുവൻ കന്നുകാലികൾക്കും സൗജന്യ നിരക്കിൽ ഇൻഷ്യൂറൻസ് സൗകര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഇത് കർഷകരെ ഒരു പരിധിവരെ ധന നഷ്ടത്തിൽ നിന്നും കരകയറാൻ സഹായിക്കും.

9. പഞ്ചായത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പരിശീലനവും ധനസഹായവും നൽകേണ്ടതാണ്. ഇത് ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ ഒരു പരിതിവരെ സഹായകരമാവും.

10. കന്നുകാലി തൊഴുത്തുകൾ ശാസ്ത്രീയമായി നിർമ്മിക്കാൻ പരിശീലനവും ധന സഹായവും നൽകേണ്ടതാണ്.

11. ഇത്തരം പരിപാടികൾ വിജയിപ്പിക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഉപദേഷശക സമിതി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

12. പഞ്ചായത്തിൽ ഒരു ക്ഷീരവികസന ഫീസ് സ്ഥാപിക്കുക.

## ഇറച്ചിക്കോഴി വളർത്തൽ

ചുരുങ്ങിയ മുതൽമുടക്കിൽ തൊഴി ഹിതർക്ക് ഉപകരിക്കുന്ന ഒരു പദ്ധതി ണിത്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യുന്ന നിലവാരം കുറ കോഴിമാംസമാണ് വ്യാപകമായി ഉപ ഗിച്ചു വരുന്നത്.

### സാധ്യതയും പരിഹാരവും

പഞ്ചായത്തിൽ11-ാം(പതിനൊന്ന്)വാർഡ തെരെഞ്ഞെടുത്തവർക്ക് ബാങ്ക്ലോ കളും സബ്സിഡിയും പരിശീലനവു നൽകി കോഴിവളർത്തൽ പ്രോത്സാഹ പ്പിക്കേണ്ടതാണ്.

## മുട്ടക്കോഴി വളർത്തൽ

പഞ്ചായത്തിലെ ജനങ്ങൾക്ക് അ ശ്യമായ കോഴിമുട്ട മുഴുവൻ ഇറക്കു ചെയ്യുകയാണ്. ഇത് ജനങ്ങൾക്ക് വ്യ കമായ ധന നഷ്ടം ഉണ്ടാക്കുന്നുണ്ട്

### സാധ്യതയും പരിഹാരങ്ങൾ

മൃഗസംരക്ഷണവകുപ്പ് മുഖേന എല്ലാ ടുകളിലും അടുക്കളക്കോഴി വളർത്ത പ്രോത്സാഹിപ്പിക്കുക.

2. സൗജന്യമായും സൗജന്യനിരക്കിലും ഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തു

3. സ്ക്കൂളുകളിലും കോളേജുകളിലും ൾട്ടറിക്ലബ് രൂപീകരിച്ചു പരിശീല നൽകുക.

സൗജന്യമായി പ്രതിരോധകുത്തിവെപ്പുകളും കോഴിതീറ്റയും നൽകാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക

## ആടുവളർത്തൽ

പാവപ്പെട്ടവന്റെ പശുവായ ആടുവളർത്താൻ അനുയോജ്യമായ സാഹചര്യമാണ് പഞ്ചായത്തിലുള്ളത് പഞ്ചായത്തിലെ ജനസംഖ്യയിൽ 50% പേരും ഈ രംഗത്തില്ല.

## സാദ്ധ്യതയും പരിഹാരവും.

പാവപ്പെട്ടവർക്ക് മൃഗസംരക്ഷണ വകുപ്പുമുഖേന ആടുകളെ സൗജന്യമായും സൗജന്യ നിരക്കിലും നൽകുക. 2.-ആടുകളുടെ മാംസം ശാസ്ത്രീയമയി സംസ്ക്കരിക്കാനും വിതരണം ചെയ്യാനുംപദ്ധതി ആവിഷ്ക്കരിക്കുക.

## മുയൽ വളർത്തൽ

പഞ്ചായത്തൽ കൗതുകത്തിനുപോലും മുയൽ വളർത്തുന്നവരുടെ എണ്ണം. താരതമ്യേന കുറവാണ്. സാധ്യതകൾ

മാസത്തിൽ ശരാശരി ഒരു പ്രസവം നടത്തുന്ന മുയലുകളെ വളർത്താൻ കർഷകർക്ക് പരിശീലനവും ധനസഹായവും നൽകേണ്ടതാണ്.

മറ്റുമാംസങ്ങളെ പോലെതന്നെ മുയൽമാംസത്തിനുമുള്ള പോഷകമൂല്യത്തെകുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കാൻ ബോധവൽക്കരണം നടത്തുക.

## പേവിഷ നിർമാർജ്ജനം

പഞ്ചായത്തിൽ അലഞ്ഞുതിരിയുന്ന നായകളുടെ എണ്ണം കൂടുതലാണ്. നിയമാനുസൃതം നായകളെ വളർത്തുന്നവർ വളരെ ചുരുക്കമാണ്. ഇത് ചിലപ്പോൾ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും പേവിഷബാധ ബാധിക്കുന്നതിന് ഇടവരുത്തിയേക്കാം.

## സാധ്യതയും പരിഹാരവും

1. അലഞ്ഞുനടക്കുന്ന നായകളെ ജനകീയ കമ്മറ്റികളുടെ സഹായത്തോടെ നിർമ്മാർജനം ചെയ്യാൻ നടപടി സ്വീകരിക്കുക.
2. വളർത്തുനായകൾക്ക് നിർബന്ധമായും പ്രതിരോധകുത്തിവെപ്പുകളും, ലൈസൻസും ഏർപ്പെടുത്തുക, ഇതിന് ജനങ്ങളെ ബോധവൽക്കരിക്കുക.
3. പഞ്ചായത്തിൽ നിലവിലുള്ള മൃഗസംരക്ഷണസ്ഥപനങ്ങൾക്ക് കെട്ടിടങ്ങളും, ഔഷധങ്ങളും, സ്റ്റാഫിനേയും ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ അനുവദിച്ച മൃഗാശുപത്രികൾക്ക് ശരിയായി കെട്ടിടം ലഭ്യമാക്കേണ്ടതാണ്.

## താറാവ് വളർത്തൽ

പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം തിരൂർ–പൊന്നാനി പുഴയുടെ നീളം ഏകദേശം നാലു കിലോമീറ്റർ വരും. അതിനോടു ചേർന്നുള്ള ചതുപ്പുനിലങ്ങളും, പഞ്ചായത്തിലെ കുളങ്ങളും ജലാശയങ്ങളും, താറാവുകൃഷിക്ക് വളരെ ഉപയുക്തമാണ്. വളരെ അധികം തൊഴിൽ സാദ്ധ്യതയുള്ള രംഗമാണിത്.

## സാദ്ധ്യതയും പരിഹാരങ്ങളും

1 കർഷകർക്ക് താറാവുവളർത്തലിൽ പരിശീലനവും ധനസഹായവും നൽകുക.
2. താറാവുമാംസവും മുട്ടയും സംസ്ക്കരിക്കുന്നതിന് ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുക.

## മത്സ്യബന്ധനം

പഞ്ചായത്തിൽറെ പടിഞ്ഞാറുഭാഗത്ത് തിരൂർ– പൊന്നാനിപുഴയും, പഞ്ചായത്തിന്റെ മദ്ധ്യഭാകത്ത് കട്ടച്ചിറപുഴയും ഒഴുകുന്നുണ്ട്. ഈ രണ്ട് ജലാശയങ്ങളിൽ നിന്നും ചെമ്മീൻ, ഞണ്ട്, കരിമീൻ, ചെമ്പല്ലി തുടങ്ങയ മേൽത്തരം മത്സ്യങ്ങൾ ലഭ്യമാണ്. പഞ്ചായത്തിൽ മത്സ്യബന്ധനം നടത്തി നൂറ്റമ്പതോളം കുടുംബങ്ങളും ഉപജീവിതം കഴിക്കുന്നു. കൂടാതെ കടൽ മത്സ്യത്തിന്റെ വിപണനവുമായി ബന്ധപ്പെട്ടു നൂറ്റമ്പതോളം കുടുംബങ്ങളും ജീവിക്കുന്നു. മറ്റു സ്ഥലങ്ങളിൽ നിന്നും മത്സ്യബന്ധനത്തിന് ആളുകൾ പ്രവേശിക്കുന്നതിനാൽ പഞ്ചായത്തിൽ നിലവിലുള്ളവർക്ക് തൊഴിൽ നഷ്ടപ്പെടുന്നു. മത്സ്യകുഞ്ഞുങ്ങൾ ശരിയായി വളർച്ചയെത്തുന്നതിന് മുമ്പ് പിടിച്ചു വിൽക്കുന്ന പ്രവണതയും കാണുന്നു.

### പഞ്ചായത്തിൽ നിലവിലുള്ളവ

മാങ്ങാട്ടിരി, പൂക്കൈത എന്നീ സ്ഥലങ്ങളിൽ രണ്ട് ചെമ്മീൻ വളർത്തു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പൂക്കൈതയിൽ ഒരു ഞണ്ടു വളർത്തു കേന്ദ്രവും, മത്സ്യ വളർത്തു കേന്ദ്രവും പ്രവർത്തിക്കുന്നു. നാടൻ വള്ളങ്ങളും വലകളും പഞ്ചായത്തിൽ മത്സ്യബന്ധനത്തിനുപയോഗിക്കുന്നു. മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു I.R.D.P. പദ്ധതിയിൽ സഹായം ലഭിച്ച ഒരു D.W.C.R.A. യൂനിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പുഴയോരങ്ങൾ, ചതുപ്പുനിലങ്ങൾ, ക ങ്ങൾ, ജലാശയങ്ങൾ എന്നിവയിൽ ബ കളും , തടയണകളും കെട്ടി ഞണ്ട്, മ്മീൻ, കരിമീൻ എന്നിവ വ്യവസായി ടിസ്ഥാനത്തിൽ വളർത്തുന്നതിന് പ്രോ ത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആ ഷ്ക്കരിക്കാവുന്നതാണ്.
2. മത്സ്യ വളർത്തലിലും, സംസ്ക്കര ത്തിലും തിരഞ്ഞെടുക്കപ്പെടുന്നവർ പരിശീലനം നൽകുന്നതിനും വായ്പക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക വുന്നതാണ്. 3.-പഞ്ചായത്തിലുള്ള ക ങ്ങൾ മത്സ്യവളർത്തു കേന്ദ്രങ്ങളാക്കി കസിപ്പിക്കുക.
4. കർഷകർക്ക് മത്സ്യകുഞ്ഞുങ്ങളെ സൗ ന്യനിരക്കിൽ വിതരണം ചെയ്യാനുള്ള വ്യിധാനം ഏർപ്പെടുത്തുക.
5. പരമ്പാരാഗത മത്സ്യതൊഴിലാളികൾ ഉപകരണങ്ങൾ സൗജന്യനിരക്കിൽ വി രണം ചെയ്യുക.
6. മത്സ്യ വിപണന തൊഴിലാളികൾക്ക് സൈ ക്കിൾ, ഗുഡ്സ് ഓട്ടോ എന്നിവ വാങ്ങ ധനസഹായം ലഭ്യമാക്കുക.
7. മത്സ്യം കേടുകൂടാതെ സംഭരിക്കുന്നത് തിരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനവ ശീതീകരണസൗകര്യങ്ങളും ലഭ്യമാക്കു
8. മത്സ്യങ്ങൾ വളരുന്നു ജലാശയങ്ങളും, ഴകളും മലിനമാക്കുന്നതു തടയാൻ ബോ ധവൽക്കരണവും നടപടികളും സ്വീക ക്കുക.

183


## 3

# വ്യവസായം

**ചെയർമാൻ** : മാധവികുട്ടിമ്മ

**കൺവീനർ** : കെ. യൂസഫ്

**മെമ്പർമാർ** : 1. എം. രാഘവൻ മാസ്റ്റർ
2. എ. എം. സേതുമാധവൻ
3. എ. മുഹമ്മദ്
4. ടി.പി. ചന്തുമാസ്റ്റർ
5. രമേഷ്ബാബു
6. അലമോൻ



# വ്യവസായം

വ്യവസായ മേഖലയിൽ തലക്കാട് പഞ്ചായത്ത വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. സ്വതന്ത്ര്യ ലബ്ധിക്ക് ശേഷം മാത്രമാണ് ഈ രംഗത്ത് ചെറിയ തോതിൽ തുടക്കമിടാൻ കഴിഞ്ഞത്. 1950 കാലങ്ങളിൽ ആരംഭിച്ചത് തുളുത്തി റൈസ് ആന്റ് ഓയിൽ മിൽസും 60കളിൽ പുല്ലൂരിൽ ആരംഭിച്ച പി.പി.എം. റൈസ് ആന്റ് ഫ്ളോർമിൽസും മാത്രമാണ് തലക്കാട് പഞ്ചായത്തിന്റെ ചരിത്രത്തിൽ കാണാവുന്ന വ്യവസായ സ്ഥാപനങ്ങൾ. പിന്നീട് 70കളുടെ അവസാനത്തിൽ മാത്രമാണ് വ്യവസായ രംഗത്ത് കാലെടുത്തു വെക്കാൻ തുടങ്ങിയത്.

തലക്കാട് പഞ്ചായത്തിൽ പൊതുമേഖലയിലോ വ്യവസായ മേഖലയിലോ സഹകരണമേഖലയിലോ വൻകിട വ്യവസായ യുണിറ്റുകൾ ഇല്ല. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചുരുക്കം ചില ചെറുകിട വ്യവസായ സ്ഥാപനങ്ങൾ മാത്രമേ ഇപ്പോൾ ഈ പഞ്ചായത്തിലുള്ളൂ. ഇപ്പോൾ ഈ പഞ്ചായത്തിൽ 4, ഈർച്ച മില്ലുകളും രണ്ട് ഫർണിച്ചർ നിർമ്മാണ ശാലകളും പ്രവർത്തിക്കുന്നുണ്ട. അത്പോലെ 13 റൈസ് ആന്റ് ഫ്ളോർമില്ലുകളും പതിനൊന്ന് വെൽഡിംഗ് ഇൻഡസ്ട്രീസുകളും 3 സോപ്പ് നിർമ്മാണ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. അടുത്ത കാലത്തായി പ്രവർത്തനം ആരംഭിച്ച ഒരു നോട്ടു ബുക്കു നിർമ്മാണ ശാലയും ഈ പഞ്ചായത്തിലുണ്ട്. ഇവയിലെല്ലാമായി 208 പുരുഷന്മാരും 88 സ്ത്രീകളും ജോലി ചെയ്യുന്നുണ്ട്. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളും അവയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണവും പട്ടിക (No.1)യിൽ കൊടുത്തിട്ടുണ്ട്.

### സ്ത്രീകളുടെ പങ്കാളിത്തം

തൊഴിൽ രംഗത്ത് പുരുഷന്മാരാണ് തലക്കാട് പഞ്ചായത്തിൽ കൂടുതലുള്ളത് എങ്കിലും ചുരുക്കം ചില ചെറുകിട വ്യവസായത്തിലും പരമ്പരൈഗത കുിൽ വ്യവസായത്തിലും കുട്ട നിർമ്മാണത്തിലും കയർ നിർമ്മാണരംഗത്തുമാണ് പ്രധാനമായും സ്ത്രീകൾ ജോലി ചെയ്യുന്നത്. പഞ്ചായത്തിലെ പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ച വിവരങ്ങൾ പട്ടിക (No.II) കൊടുത്തിട്ടുണ്ട്

പട്ടിക No.1

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരു. | സ്ത്രീ | ആകെ |
| 1 | കയർ വ്യവ-സായ മേഖല | 64 | 34 | 98 |
| 2 | പരമ്പരാഗത കുടിൽ വ്യവസായം (പായനെയ്ത്ത് കുട്ട നിർമ്മാണം) | 20 | 25 | 45 |
| 3 | ചെറുകിട വ്യവസായം | 85 | - | 85 |
| 4 | മറ്റ് വ്യവ-സായങ്ങൾ | 39 | 29 | 68 |
| | **ആകെ** | **208** | **88** | **296** |

പട്ടിക No.2

**പരമ്പരാഗത വ്യവസായം**

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരു. | സ്ത്രീ | ആകെ |
| 1. | പായ നെയ്ത്ത് | - | 26 | 26 |
| 2. | കുട്ടനിർമ്മാണം | 15 | 4 | 19 |
| | ആകെ | 15 | 30 | 45 |

പട്ടിക No.3

**ചെറുകിട വ്യവസായം**

| ക്രമ നമ്പർ | വിഭാഗം | ആകെ വ്യവ-സായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരു. | സ്ത്രീ | ആകെ |
| 1 | നാളികേരം | 6 | 18 | - | 18 |
| 2 | തടിവ്യവസായം | 4 | 26 | - | 26 |
| 3 | എഞ്ചിനീയറിംഗ് | 3 | 14 | - | 14 |
| 4 | അച്ചടി | 4 | 20 | - | 20 |
| 5 | മറ്റുള്ളവ | 3 | 7 | - | 7 |
| | **ആകെ** | **21** | **85** | - | **85** |

## വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

തലക്കാട് പഞ്ചായത്ത് അതിന്റെ മുഖഛായ തന്നെ മാറ്റാവുന്ന തരത്തിലുള്ള, പ്രകൃതി ദത്തമായ അംസ്കൃത പദാർത്ഥങ്ങളാൽ ധന്യമായ മേഖലയാണ്. ഇവ ഉപയോഗിച്ച ലാഭകരമായ ഉല്പാദനം നടക്കുകയാണെങ്കിൽ പഞ്ചായത്ത പല മേഖലയിലും സ്വയം പര്യാപ്തത കൈ വരിക്കാൻ കഴിയും. ഉൽപ്പന്നങ്ങൾ പുറം ലോകത്തേക്ക കയറ്റുമതി ചെയ്യാനുള്ള സൗകര്യം പ്രധാനമായ തിരൂർ റെയിൽവെ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിലെ PWD റോഡുകളും ആവശ്യത്തിനുണ്ട്. ഇങ്ങിനെയൊക്കെയാണെങ്കിലും വ്യവസായ രംഗത്ത് പഞ്ചായത്തിൽ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല അവക്കുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ കൊടുക്കുന്നു.

1. വ്യവസായ ബോധവർക്കരണത്തിന്റെ കുറവ്
2. തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്ക്
3. സാങ്കേതിക ജ്ഞാനത്തിന്റെ കുറവ്
4. ശുഭാപ്തി വിശ്വാസമില്ലായ്മ
5. തൊഴിലാളികളുടെ കുറവ്
6. മാർക്കറ്റിലെ മത്സരങ്ങൾ
7. ലോണുകളും മറ്റു സഹായങ്ങളും കിട്ടാനുള്ള ബുദ്ധിമുട്ട്
8. സ്ഥല സൗകര്യമില്ലായ്മ
9. വിവധ ലൈസൻസുകൾ ലഭിക്കാനുള്ള തടസ്സങ്ങൾ
10. വൈദ്യുതിയുടെ അപര്യാപ്തത
11. മൂലധനത്തിന്റെ കുറവ്

## ബോധവൽക്കരണം

തലക്കാട് പഞ്ചായത്തിൽ കൊല്ലാ കൊല്ലങ്ങളിൽ വിദ്യാ സമ്പന്നരായ തൊഴിൽ രഹിതരെ പടച്ചുവിടുന്നുണ്ടെങ്കിലും ഇവരൊന്നും വ്യവസായ രംഗത്തേക്ക് താൽപര്യം കാണിക്കുന്നില്ല. എല്ലാവരും ഗവൺമെന്റ് ജോലി എന്ന മോഹവുമായാണ് പുറത്തിറങ്ങുന്നത്. ഈ മനോഭാവത്തിൽ നിന്ന് ഇവരെ മാറ്റി ചിന്തിക്കുന്നതിന് കാര്യമായ ബോധവൽക്കരണം കൊണ്ട് മാത്രമേ സാധിക്കുകയുള്ളു. അത് പോലെ തന്നെ ഇവർക്ക് വേണ്ട പരിശീലനം കിട്ടാത്തതിന്റെ ഫലമായും വ്യവസായ രംഗത്തുനിന്ന് പിന്മാറാൻ പ്രേരിപ്പിക്കുന്നു. ഏതൊരു വ്യവസായ സ്ഥാപനം തുടങ്ങുമ്പോഴും അതിന്റെ മുഴുവൻ പ്രവർത്തനവും സംരഭകൻ അറിഞ്ഞിരിക്കേണ്ടതത്യാവശ്യമാണ്. അതിനാൽ വ്യവസായ രംഗത്തേക്ക് വരാൻ തയ്യാറുള്ളവരെ കണ്ടെത്തി പഞ്ചായത്തടിസ്ഥാനത്തിൽ ആവശ്യമായ പരിശീലനം നൽകേണ്ടത് ആവശ്യമാണ്.

വ്യവസായ വൽക്കരണത്തിനുള്ള മറ്റൊരു പ്രശ്നമാണ് ലോണുകളും മറ്റ് സഹായങ്ങളും ലഭിക്കാനുള്ള ബുദ്ധിമുട്ട്. സംരഭകന് സഹായമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ലോണുകൾ ശരിപ്പെടുത്തുന്നതിന് വേണ്ടി സംരഭകൻ വളരെയധികം കഷ്ടപ്പെടുന്നു. ഓഫീസുകളിൽ പലതവണയുള്ള കയറിയിറക്കവും ഉദ്യോഗസ്ഥമനോഭാവവും സംരഭകന്റെ മനോവീര്യം തകർക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ സമീപനത്തിൽ മാറ്റം വരുത്തിയാലേ ഇതിനൊരറുതി വരുത്താൻ സാധിക്കുകയുള്ളു.

ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്നവർ ഗണ്യമായുള്ള ഈ പഞ്ചായത്തിൽ ഗൾഫ് പണം ഒട്ടുമുക്കാലും കെട്ടിട നിർമ്മാണത്തിനാണ് ചിലവഴിക്കുന്നത്. ഈ രീതിക്ക് മാറ്റം വരുത്തി അവരെ വ്യവസായ രംഗത്ത് മുതലിറക്കാൻ പ്രേരിപ്പിച്ചാൽ മൂലധനത്തിന്റെ കുറവ് ഒരു പരിധി വരെ നികത്താൻ കഴിയും.

മറ്റൊരു പ്രധാന കാരണമായിട്ടുള്ള[illegible] തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്കാണ്[illegible] നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളു[illegible] കൂലി നിരക്ക് പല കാരണങ്ങളാൽ മ[illegible] സംസ്ഥാനത്തെ അപേക്ഷിച്ച് കൂടുതലാണ[illegible] ഇത് വ്യവസായ രംഗത്തെ പ്രതികൂലമായ[illegible] ബാധിക്കുന്നു. ഇങ്ങനെ ഉയർന്ന കൂലി കൊട[illegible] ത്തുണ്ടാക്കുന്ന ഉൽപ്പന്നം കുറഞ്ഞ വിലയി[illegible] മാർക്കറ്റിലെത്തിക്കാൻ കഴിയുന്നില്ല. അത[illegible] കൊണ്ട് തന്നെ മാർക്കറ്റിലെ മത്സരത്തി[illegible] പ്രാദേശിക ഉൽപ്പന്നം പിന്നിലായി പോകുന്നു[illegible] കുറഞ്ഞ വിലയിൽ അതേ ഉൽപ്പന്നം മാർക്[illegible] റ്റിൽ സുലഭമായി ലഭിക്കുമ്പോൾ ചെറുകി[illegible] വ്യവസായത്തിന്റെ വിപണനം നടക്കാതെ[illegible] പോകുന്നു. ഈ പ്രശ്നം മറി കടക്കുന്നതിന[illegible] വശ്യമായ സഹായങ്ങൾ ആസൂത്രണം ചെയ്യേ[illegible] ണ്ടിരിക്കുന്നു. ഈ കാരണങ്ങളാൽ വ്യവസാ[illegible] സംരഭകന്റെ ആത്മവിശ്വാസം നഷ്ടമാകുന്നു[illegible]

വ്യവസായ രംഗത്ത് സ്ത്രീക[illegible] കടന്ന് വരാതിരിക്കാനുള്ള പ്രധാന കാരണ[illegible] അവരുടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ[illegible] അഭാവമാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ[illegible] അവരുടെ കഴിവുകളെ പരിപോഷിപ്പിക്കാനു[illegible] അന്ധവിശ്വാസങ്ങളും മറ്റും മാറ്റിയെടുക്കാനു[illegible] പറ്റൂ. അത് പോലെ വ്യവസായ തുടങ്ങാ[illegible] സൗകര്യമുള്ള സ്ഥലങ്ങളുടെ കുറവും വ്യ[illegible] സായ വൽക്കരണത്തിനുള്ള പ്രതിബന്ധങ്ങ[illegible] ളാണ് ഇതിനൊരു പ്രതിവിധി പഞ്ചായത്ത[illegible] തലത്തിൽ വ്യവസായ എസ്റ്റേറ്റ് ഉണ്ടാക്കുക[illegible] എന്നുള്ളതാണ്.

വൈദ്യുതിയുടെ അപര്യാപ്തത വ്യ[illegible] സായരംഗത്തിന്റെ നട്ടെല്ലൊടിക്കുന്നു. എല്ല[illegible] സൗകര്യങ്ങളും ഒത്തു കിട്ടി വ്യവസായം തു[illegible] ങ്ങുമ്പോഴേക്കും വൈദ്യുതി ഒരു കിട്ടാ കന[illegible] യായി മാറാവുന്ന അവസ്ഥയാണുള്ളത്. കണ[illegible] ക്ഷൻ ലഭിക്കാൻ തന്നെ കാല താമസമെട[illegible] ക്കുന്നു. കിട്ടിയാൽ തന്നെ വോൾട്ടേജ് ക്ഷാമ[illegible] ഈ പഞ്ചായത്തിന് ഒരു വലിയ പ്രശ്നമാണ്[illegible] ഇതിനുള്ള കാരണങ്ങൾ ട്രാൻസ് ഫോർമ[illegible] ഓവർ ലോഡ് ചെയ്യുന്നതും വേണ്ടത്ര ശേഷി[illegible] യില്ലാത്ത സബ് സ്റ്റേഷനുകളുമാണ്. പുതി[illegible]

187

ട്രാൻസ്ഫോർമർ സ്ഥാപിച്ചാലും സബ് സ്റ്റേഷന്റെ ശേഷി കൂട്ടിയും ഇത്തരം പ്രശ്ന ങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

### തലക്കാട് പഞ്ചായത്തിന്റെ വ്യവസായ സാദ്ധ്യതകൾ

തലക്കാട് പഞ്ചായത്തിൽ തൊഴിൽ രഹിതതരായ വിദ്യാസമ്പന്നരായ യുവയതി യുവാക്കൾ ധാരാളമുണ്ടെങ്കിലും വ്യവസായ രംഗത്തേക്ക് ആരും കടന്ന് വരുന്നില്ല. അതി നുള്ള കാരണങ്ങൾ മുകളിൽ വിവരിച്ചുവല്ലോ. വളരെയധികം വ്യവസായ സാദ്ധ്യതകളുള്ള പഞ്ചായത്താണ് നമ്മുടേത്. വിവിധതരം വ്യവ സായങ്ങൾ തുടങ്ങാൻ അസംസ്കൃത പദാർത്ഥങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട.

നമ്മുടെ പഞ്ചായത്തിൽ നാളികേ രവും അടക്കയും സുലഭമായി ലഭിക്കുന്നുണ്ട. പക്ഷെ ഇവ ഉപയോഗിച്ചുള്ള വ്യവസായങ്ങ ളൊന്നും ഇത് വരെ ആരംഭിച്ചിട്ടില്ല. ഇത്തരം അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് വിവിധ ഇനം വ്യവസായങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്ത നിവാസി കൾക്കാവശ്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറു വശത്തുകൂടി ഒഴുകുന്ന മാങ്ങാട്ടി രിപുഴയുടെ തീരപ്രദേശം കയർ വ്യവസായ ത്തിന് അനുയോജ്യമായ സ്ഥലമാണ് അത് പോലെ തന്നെ ഒരു "നാളികേര കോംപ്ലക്സ്" സ്ഥാപിക്കേണ്ടതും പഞ്ചായത്തിന്റെ അത്യാ വശ്യ കാര്യങ്ങളിലൊന്നാണ്. ഇതിനെല്ലാം വേണ്ട അസംസ്കൃത പദാർത്ഥങ്ങളെല്ലാം ഇവിടെ നിന്ന് തന്നെ ലഭിക്കുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ല.

നമ്മുടെ പഞ്ചായത്തിൽ പ്രകൃതിദ, ത്തമായി ലഭിക്കുന്നു ഒരു അസംസ്കൃത പദാർത്ഥമാണ് കളിമണ്ണ്. പക്ഷെ ഇതുപയോ ഗിച്ചുള്ള ഒരു വ്യവസായവും ഇന്നില്ല. ഇന്ന് നമുക്കാവശ്യമായ കളിമണ്ണ് ഉൽപ്പന്നങ്ങൾക്ക് മറ്റു പഞ്ചായത്തുകളെയാണ് ആശ്രയിക്കു ന്നത്. ഇവിടെ നിന്ന് ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കളിമൺ വ്യവ സായം തുടങ്ങുകയാണെങ്കിൽ ഈ രംഗത്ത് സ്വയം പര്യാപ്തത കൈ വരിക്കാൻ കഴിയും. എന്നാൽ ഈ രംഗത്ത് വിദഗ്ദരായ തൊഴിലാ ളികൾ ഉണ്ടെങ്കിലും അവർക്കു വേണ്ട സഹാ യസഹകരണങ്ങൾ ലഭിക്കുന്നില്ല. അതു കൊണ്ട് ഈ രംഗത്തേക്ക് അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. ഓട്, S.W. പൈപ്പ്, ഇഷ്ടിക, മൺപാത്രങ്ങൾ, മറ്റു കളിമൺ പാത്ര ങ്ങൾ എന്നിവ ഉണ്ടാക്കാവുന്നതാണ്. അതോ ടുകൂടി ഇവക്കുള്ള വിപണന കേന്ദ്രവും കൂടി കണേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിന്റെ തൊട്ടടുത്ത് ലഭിക്കുന്ന മറ്റൊരു അസംസ്കൃത പദാർത്ഥ മാണ്. മണൽ ഇതും മറ്റ് ആവശ്യ വസ്തു ക്കളും ഉപയോഗിച്ച് നല്ല രീതിയിൽ ഒരു ഗ്ലാസ്സ് ഫാക്ടറി നടത്താൻ പറ്റിയ സ്ഥലമാണിത്. ഇതിനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപ ണികൾ കണ്ടെത്തേണ്ടത് ആവശ്യമാണ്. ഇത്തരം ഒരു വ്യവസായം ആരംഭിക്കുകയാ ണെങ്കിൽ നമ്മുടെ പഞ്ചായത്തിന് വ്യവസാ യിക പരമായി ഒരു കുതിച്ചു കയറ്റം നട ത്താൻ കഴിയും.

ഗൾഫ് വരുമാനം ഗണ്യമായ തോതി ലുള്ള ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്ന് കൊണ്ടിരിക്കുന്നു. അത് കൊണ്ട് തന്നെ കെട്ടിട നിർമ്മാണ വസ്തുക്കൾക്ക് (Building materials) ഇവിടെ നല്ല വിപണിയുണ്ട്. അത് പോലെ വയറിംഗ് ജോലിക്കാവശ്യമായ പൈപ്പ്, ബെൻഡ്, എൽബൊ തുടങ്ങിയവ യുടെ നിർമ്മാണവും ഈ പശ്ചാത്തലത്തി നാവശ്യമായ വ്യവസായങ്ങളാണ്.

### ഖാദി മേഖലയിലെ സാധ്യതകൾ

ഖാദി ബോർഡിന്റെ കീഴിൽ ഇത് വരെ ഒരു തരത്തിലുള്ള വ്യവസായവും ഈ പഞ്ചായത്തിൽ തുടങ്ങിയിട്ടില്ല. ബോർഡിന്റെ കീഴിൽ നൂൽ നൂൽപ്പ് കേന്ദ്രങ്ങൾ തുടങ്ങാൻ അനുയോജ്യമായ സ്ഥലങ്ങൾ ഈ പഞ്ചായ ത്തിൽ ധാരാളമുണ്ട. ഇങ്ങനെയുണ്ടാക്കുന്ന

നൂല് ഉപയോഗിച്ച് ഒരു നെയ്ത്ത്ശാല തുടങ്ങാനും കഴിയും.

ചുരുക്കത്തിൽ ഈ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ അടിസ്ഥാനത്തിലും ഈ പഞ്ചായത്തിൽ ആവശ്യമായ ഉൽപ്പന്നങ്ങളും അടിസ്ഥാനത്തിലും താഴെ പറയുന്ന വ്യവസായങ്ങൾക്ക് ഈ പഞ്ചായത്തിൽ സാധ്യതകളുണ്ട്.

| വിഭാഗം | നമ്പർ | പേര് |
|---|---|---|
| വൻകിട വ്യവസായം | 1 | കോക്കനെട്ട് കോംപ്ലക്സ് |
| | 2 | ഗ്ലാസ്സ് നിർമ്മാണ ശാല |
| ജനറൽ ചെറുകിട വ്യവസായം | 1 | ഇഷ്ടിക, ഓട് നിർമ്മാണം |
| | 2 | അടക്ക സംസ്കരണം |
| | 3 | മൺപാത്രനിർമ്മാണം |
| | 4 | ചിരട്ടപ്പൊടി |
| | 5 | വെളിച്ചെണ്ണ |
| | 6 | കാലിതീറ്റ |
| | 7 | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയം |
| | 8 | അവിൽ നിർമ്മാണം |
| | 9 | ബേക്കറി നിർമ്മാണം |
| വനിത | 1 | കരകൗശല വസ്തുക്കളുടെ നിർമ്മാണം |
| | 2 | തീപ്പെട്ടി |
| | 3 | അച്ചാർ നിർമ്മാണം |
| | 4 | നൂൽ നൂൽപ്പ് |
| | 5 | നെയ്ത്തു ശാല |

| വിഭാഗം | നമ്പർ | പേര് |
|---|---|---|
| സഹകരണം | 1 | യന്ത്രം ഉപയോഗിച്ച് ചകിരിനാര് നിർമ്മാണം |
| | 2 | ചൂടി നിർമ്മാണം |

**പഞ്ചായത്തിലെ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ**

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ എസ്.എസ്.ഐ | 1 | കെട്ടിട നിർമ്മാണ വസ്തുക്കളുടെ നിർമ്മാണം |
| | 2 | സിമന്റ് ഇഷ്ടിക നിർമ്മാണം |
| | 3 | പി.വി.സി. ഉല്പന്നങ്ങൾ |
| | 4 | ഹവായ് ചെരുപ്പു നിർമ്മാണം |
| | 5 | ഡിറ്റർജന്റ് പൗഡർ നിർമ്മാണം |
| | 6 | വിനാഗിരി |
| | 7 | സോപ്പ് നിർമ്മാണം |
| | 8 | മിനി ട്രാൻസ്ഫോർമർ നിർമ്മാണം |
| | 9 | ഇലക്ട്രോണിക്സ് ചോക്ക് നിർമ്മാണം |
| | 10 | ഡിസ്പോസിബിൾ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ |
| | 11 | സ്കൂൾ ബേഗ് |
| വനിത | 1 | റെയഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| | 2 | കുട നിർമ്മാണം |
| സഹകരണം | 1 | നോട്ടുബുക്കു നിർമ്മാണം |
| | 2 | അച്ചടി |
| | 3 | ആണി നിർമ്മാണം |
| | 4 | കിടക്ക നിർമ്മാണം |
| | 5 | കറി പൗഡർ |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ചുരുങ്ങിയത് 3 ഏക്കർ സ്ഥലമെങ്കിലും വാങ്ങി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക

2. വ്യവസായ സംരംഭകരുടെ സൗകര്യത്തിന് വേണ്ടി വ്യവസായ എക്സ്ചേഞ്ച് സ്ഥാപിക്കുകയും അവർക്ക് വേണ്ട പരിശീലനം നൽകുക

3. പൊന്നാനി തിരൂർ പുഴയുടെ സമീപത്തായി സഹകരണമേഘലയിൽ കയറുല്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കുക

4. ലോണുകളും, ലൈസൻസുകളും ലഭിക്കുവാനുള്ള നിയമങ്ങൾ ലളിതമാക്കുക

5. ഗൾഫ് പണം വ്യവസായ രംഗത്തേക്ക് കൊണ്ടു വരാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

6 വൈദ്യുതിയുടെ ദൗർലഭ്യം ഒഴിവാക്കാനായി കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ഇപ്പോൾ നിലവിലുള്ള തിരൂർ ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ 110KVA ആയി ഉയർത്തുക

ഇത്തരത്തിലുള്ള വ്യവസായ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുവാൻ കഴിഞ്ഞാൽ പഞ്ചായത്തിന് വ്യവസായ രംഗത്ത് ഒരു വിപ്ലവം തന്നെ കൈവരിക്കുവാൻ കഴിയുന്നതാണ്. മാത്രമല്ല അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർക്കും, വിദഗ്ദ തൊഴിലാളികൾക്ക് തൊഴിൽ നൽകി തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുവാൻ പഞ്ചായത്ത് തലത്തിൽ തന്നെ കഴിയുമെന്നതിൽ സംശയമില്ല.

4

# വിദ്യഭ്യാസം

| | | |
|---|---|---|
| ചെയർമാൻ | : | കെ.അബ്ദുള്ള |
| കൺവീനർ | : | കെ. വാസുമാസ്റ്റർ |
| അംഗങ്ങൾ | : | പി. ഹംസമാസ്റ്റർ |
| | : | പി.ജി. ഗംഗാധരൻമാസ്റ്റർ |
| | : | സി.കെ. യാക്കോബ് മാസ്റ്റർ |
| | : | എ.റിബോയ് മാസ്റ്റർ. |
| | : | എം. സൈനുദ്ധീൻ മാസ്റ്റർ. |
| | : | പി. രവീന്ദ്രൻപിള്ളമാസ്റ്റർ |
| | : | സി.വി. വേലായുധനുണ്ണി. |



# വിദ്യഭ്യാസം:

ആധുനിക മലയാള ഭാഷയുടെ പിതാവായ തുഞ്ചത്താചാര്യന്റെ കിളികൊഞ്ചൽ കേട്ടുനടന്ന തൃക്കണ്ടിയൂരിനെ പുണർന്നു കിടക്കുന്ന തലക്കാട് പഞ്ചായത്തിനെ ഒട്ടും പിന്നിലെല്ലാത്ത സംസ്ക്കാരിക പൈതൃകത്തിന്റെ അവകാശിയാണ്. അതുകൊണ്ടുതന്നെയാവാം ഈ പ്രദേശത്തിന്റെ എട്ടു നാഴിക ചുറ്റളവിനുള്ളിൽ ആദ്യത്തെ പ്രാധമിക വിദ്യാലയം 1890-ൽ സ്ഥാപിക്കപ്പെട്ടത് ഈ പഞ്ചായത്തിന്റെ ഹൃദയഭാഗമായ വെട്ടത്ത് പുതിയങ്ങാടിയിലായത്. ആക്ഷരപ്രേമിയായ കോട്ടത്തറ നാലകത്ത് മൂസ്സക്കുട്ടി മൊല്ല സ്ഥാപിച്ച ഈ വിദ്യാലയം ഇന്ന് ബി. പി. അങ്ങാടി ജി. എം. യു. പി. സ്ക്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. ദശാബ്ദങ്ങൾക്കുശേശം കാഞ്ഞിരക്കോൽ എന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ട ഒരു സ്വകാര്യ വിദ്യാലയമാണ് ഈ പഞ്ചായത്തിലെ മറ്റൊരു യു. പി. സ്ക്കൂൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ മലബാർ പ്രദേശത്ത് വിദ്യഭ്യാസ രംഗത്തുണ്ടായ നവോത്ഥാനത്തിന്റെ ഭാഗമായി വെട്ടത്ത് രാജാവിന്റെ ഭരണ സിരോകേന്ദ്രമായിരുന്ന വെട്ടത്ത് പുതിയങ്ങാടിയിൽ 1910 സ്ഥാപിതമായ ഗവർമെന്റ് L.P. സ്ക്കുൾ പിന്നീട് U.P. സ്ക്കൂളായും തുടർന്ന് ഹോസ്റ്റൽ സൗകര്യത്തോടുകൂടി സർക്കാർ വക മുസ്ലീം ഗേൾസ് ഹൈസ്ക്കാളായും ഉയർത്തപ്പെടുകയുമുണ്ടായി. ഇന്ന് വൊക്കേഷനൽ ഹയർസെക്കണ്ടറിയായി (ഗേൾസ്) പ്രവർത്തിക്കുന്ന ഈ വിദ്യലയമാണ് പഴയ തീരൂർ താലൂക്കിൽ പെ

ൺകുട്ടികൾക്കു് വേണ്ടിമാത്രമുള്ള ഏക വിദ്യഭ്യാസ സ്ഥാപനം. കൂടാതെ സർക്കാർ മേഖലയിൽ 3 L.P. സ്ക്കൂളുകളും സ്വകാര്യമേഖലയിൽ 4 L.P. സ്ക്കുളുകളും ഈ പഞ്ചായത്തിലുണ്ട്. അദ്യാപക പരിശീലന രംഗത്ത് ആദ്യമായി ഒരു പരിശീലന കേന്ദ്രം പെൺകുട്ടികൾക്കായി സർക്കാർ മേഖലയിൽ മലബാറിൽ ആരംഭിച്ചതും വെട്ടത്ത് പുതിയങ്ങാടിയിലാണ്. 1942-ൽസ്ഥാപിച്ച ഈ വിദ്യാലയമാണ് പിന്നീട് മലപ്പുറം ജില്ലയിലെ ജില്ലാ അധ്യാപക പരിശീലന കേന്ദ്രം(DIET) ആയിമാറിയത്. ഈ പഞ്ചായത്തിലെ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ 1-ാം പട്ടികയിലും അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത, പി. ടി. എ. സംബന്ധിച്ച വിവരങ്ങൾ എന്നിവ 3-ാം പട്ടികയിലും ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ 4- ാം പട്ടികയിലും ഉൾപ്പെടുത്തിയിരിക്കുന്നു. പാഠ്യേതരപ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും നടത്തപ്പെടുകയും കുട്ടികൾക്ക് സജീവമായി പങ്കെടുക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പ്രസ്തുത പരിപാടികൾ ഫലപ്രദമായി നടത്തുന്നതിന് വിഘാതമായി നിൽക്കുന്നു.

സമാന്തര വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിൽ വെങ്ങാലൂരിലെ ഒരു ഇംഗ്ലീഷ് മിഡിയം സ്ക്കൂൾ മാത്രമെയുള്ളു. എങ്കിലും സമീപ പ്രദേശങ്ങളിൽ നിലവിലുള്ള നിരവധി സമാന്തര വിദ്യാലയങ്ങളിലേക്ക് ഈ പഞ്ചായയത്തലെധാരാളം കുട്ടിൾ പോകുന്നത് ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയാനിടവരികയും തൻമൂലം ചില സ്ക്കുളുകളെങ്കിലും സർക്കാർ കണക്കനുസരിച്ച് "അൺ എക്കണോമിക് " ആയിമാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ജനസംഖ്യാനുപാതികമയി നോക്കിയാൽ മറ്റു പല ജില്ലകളേയും അപേക്ഷിച്ച് ഉപരിപഠനത്തിനുള്ള സൗകര്യം അപര്യാപ്തമായ ഈ ജില്ലയിലെ വിദ്യാർത്ഥികൾക്ക് സ്വകാര്യപഠനത്തിനായി സൗകര്യം നൽകുന്ന ഏതാനും ട്യട്ടോറിയൽ കോളേജുകളും ഈ പഞ്ചായത്തിലുണ്ട്. ബ്രീട്ടഷ് സർക്കാരിനെതിരെ 1921-ൽ നടന്ന ലഹളക്ക് ശേഷമുണ്ടായ നവോത്ഥാനത്തിന്റെ ഫലമായി അന്ന് നിലവിലിരുന്ന ഓത്തു പള്ളികൾ സ്വകാര്യ സ്ക്കുളുകളായി അംഗീകാരം നൽകുകമൂലം അക്കാലം മുതൽ ഇവിടെത്തെ വിദ്യഭ്യാസരംഗത്ത് കാര്യമായ ചലനങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ പഞ്ചായത്തിന് പങ്കുണ്ടായിട്ടുണ്ട്. മാങ്ങാട്ടിരിയിലുള്ള ശ്രീ നാരായണഗുരു വായനശാല, കുറ്റൂരിലെ ഗ്രാമീണ വായനശാല, പഞ്ചായത്തു വക സാംസ്ക്കാരിക നിലയം എന്നിവയും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനവിദ്യാ കേന്ദ്രങ്ങളും ഈ പഞ്ചായത്ത് വിജയകരമായി

| | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | മൊത്തം | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | |
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം |
| 1 | എ.എം.എൽ.പി.എസ് തെക്കൻകുറ്റൂർ | എയ്ഡഡ് | 118 | 123 | 241 | 12 | 8 | 20 | - | - | - | 8 |
| 2 | ജി.എൽ.പി.എസ് തെക്കൻകുറ്റൂർ | സർക്കാർ | 84 | 103 | 187 | 6 | 8 | 14 | - | - | - | 6 |
| 3 | ഡി.എസ്.എൽ.പി.എസ്. കുറ്റൂർ | എയ്ഡഡ് | 60 | 55 | 115 | 9 | 12 | 21 | - | - | - | 5 |
| 4 | എ.എം.എൽ.പി.എസ്. പുല്ലൂർ | എയ്ഡഡ് | 224 | 208 | 432 | 24 | 30 | 54 | - | - | - | 15 |
| 5 | പി.കെ.യു.എം.എൽ.പി.എ തേവലപ്പുറം | എയ്ഡഡ് | 156 | 151 | 307 | 14 | 7 | 21 | - | - | - | 10 |
| 6 | ജി.എൽ.പി.എസ് ബി.പി.അങ്ങാടി | സർക്കാർ | 224 | 255 | 479 | 11 | 8 | 19 | - | - | - | 11 |
| 7 | ജി.എൽ.പി.എസ് മാങ്ങാട്ടിരി | സർക്കാർ | 41 | 37 | 78 | 6 | 4 | 10 | - | - | - | 5 |
| 8 | ജി.എം.യു.പി.എസ്. ബി.പി. അങ്ങാടി. | സർക്കാർ | 845 | 422 | 1267 | 34 | 12 | 46 | - | - | - | 39 |
| 9 | എ.എം.യു.പി.എസ് കാഞ്ഞിരക്കോൽ | എയ്ഡഡ് | 443 | 404 | 847 | 15 | 8 | 23 | - | - | - | 26 |
| 10 | ജി.വി.എച്ച്.എസ്.എസ്. ഗേൾസ്,തിരൂർ | സർക്കാർ | - | 2892 | 2892 | - | 205 | 205 | - | - | - | 96 |
| 11 | ഡയറ്റ് ബി.പി. അങ്ങാടി | സർക്കാർ | 23 | 16 | 39 | 6 | 11 | 17 | 17 | 5 | 22 | 19 |
| | ആകെ | | 2218 | 4666 | 6884 | 137 | 313 | 450 | 17 | 5 | 22 | 240 |

## പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിവരം

പട്ടിക - 2

| വിഭാഗം | മൊത്തം വിദ്യാർത്ഥികൾ | പട്ടിക ജാതി | ശതമാനം | പട്ടിക വർഗ്ഗം | ശതമാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| എൽ. പി | 2647 | 175 | 6.61 | - | - | |
| യു.പി | 2022 | 105 | 5.19 | - | - | |
| ഹൈസ്ക്കൂൾ | 2176 | 153 | 7.03 | - | - | |
| ഡയറ്റ് | 39 | 17 | 43.6 | 22 | 56.4 | |

## വിദ്യാലയങ്ങളിലെ
## അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത- 3

| അവസ്ഥ | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലബോറട്ടറി | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ട്രർ | സ്ലൈഡ് പ്രൊജക്ട്രർ | ബ്ലാക്ക്ബോർഡ് ആവശ്യമുള്ളവ | മാതൃസംഗമംസജീവം | ക്ലാസ്PTA പ്രവർത്തിക്കുന്നുണ്ടോ | റിമാർക്കസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 9 | - | 5 | - | ഉണ്ട് | 9 | 8 | 1 | 2 | 2 | 122 | ഉണ്ട് | ഉണ്ട് | |
| ഇല്ലാത്തത് | 2 | - | 6 | - | - | 3 | 3 | 10 | 9 | 9 | - | - | - | |

# ഭൗതിക സൗകര്യങ്ങൾ പട്ടിക- 4

| | സ്കൂളിന്റെ പേര് | മൊത്തം വിദ്യാർത്ഥികൾ | അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കളിസ്ഥലം | പുറ്റുമതിൽ |
|---|---|---|---|---|---|---|---|---|---|
| 1 | എ.എം.എൽ.പി.എസ് തെക്കൻകുറ്റൂർ | 241 | 8 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 2 | ജി.എൽ.പി.എസ് തെക്കൻകുറ്റൂർ | 479 | 11 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 3 | ഡി.എസ്.എൽ.പി.എസ്. കുറ്റൂർ | 115 | 5 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 4 | എ.എം.എൽ.പി.എസ്. പുല്ലൂർ | 432 | 15 | 2 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 5 | പി.കെ.യു.എം.എൽ.പി തേവലപ്പുറം | 307 | 10 | 2 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 6 | ജി.എൽ.പി.എസ് ബി.പി.അങ്ങാടി | 479 | 11 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 7 | ജി.എൽ.പി.എസ് മാങ്ങാട്ടിരി | 78 | 5 | 1 | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 8 | ജി.എം.യു.പി.എസ്. ബി.പി. അങ്ങാടി. | 1267 | 39 | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 9 | എ.എം.യു.പി.എസ് കാഞ്ഞിരക്കോൽ | 847 | 26 | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 10 | ജി.വി.എച്ച്.എസ്.എസ്. ഗേൾസ്,തിരൂർ | 2892 | 96 | 3 | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഭാഗികം |
| 11 | ഡയറ്റ് | 39 | 19 | 3 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |

അനൗപചാരിക വിദ്യഭ്യാസരംഗത്ത് അമൂല്യ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.1991 ലെ സൻസസ് റിപ്പോർട്ട് പ്രകാരം ഈ പഞ്ചായത്തിലെ സാക്ഷരതാ റിപ്പോർട്ട് 88.54 % ആണ്.

## പ്രശ്നങ്ങൾ

ഹൈസ്ക്കൂളിലെ SSLC-വിജയസശത മാനം കുറവാണ്.

പലസ്ക്കൂളുകളുടെയും ഭൗതിക സാഹ ചര്യങ്ങൾ അപര്യാപ്തമാണ്.

കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ പല വിദ്യാലയങ്ങളിലേയും ഡിവിഷൺ കുറയാനുള്ള പ്രവണത കണ്ടുതുടങ്ങ യിട്ടുണ്ട്.

നഗരങ്ങളിലെ ഇംഗ്ലീഷ് മിഡിയം വിദ്യാ ലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർഷം തോറും കൂടിവരുന്നു.

വൊക്കേഷണൽ ഹൈയർ സെക്കണ്ടറി സ്ക്കൂളിലെ കോഴ്സിന് സ്ഥിരം അദ്ധ്യാ പകരുടെ . അഭാവം കോഴ്സിന്റെ ഗുണനിലവാരം നിലവാരത്തെ സാരമായി ബാധിക്കുന്നു.

സ്ക്കൂളിലെ നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ഒരു ഹൈസ്ക്കൂൾ ഇല്ലാത്തതിനാൽ ആ പ്രദേശത്തെ വിദ്യാർത്ഥികൾ ഹൈ സ്ക്കൂൾ വിദ്യഭ്യാസത്തിനായ് വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.

8. പഞ്ചായത്തിൽ ആൺകുട്ടികൾക്ക് പഠി ക്കാൻ ഒരു ഹൈസ്ക്കൂൾ ഇല്ല.
9. കലാകായിക അഭ്യാസനത്തിന് ഈ പഞ്ചായത്തിന് യാതൊരു സൗകര്യങ്ങ ളുമില്ല.
10. ഈ പഞ്ചായത്തിൽ സാങ്കേതിക വി ദ്യഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ യില്ല.
11. ചില വിദ്യാലയങ്ങളിൽ അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും വനിതകളായതിനാൽ വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്ത നങ്ങളെ സാരമായി ബാധിക്കുന്നു.
12. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ സെ ഷനലായി പ്രവർത്തിക്കുന്നതിനാൽ പഠന നിലവാരം കുറയുന്നു.
13. മുസ്ലീം പെൺകുട്ടികൾക്കും പട്ടിക ജാതി വിദ്യാർത്ഥികൾക്കും, വികലാംഗ വിദ്യാ ർത്ഥികൾക്കും ലഭിക്കുന്ന സ്ക്കോളർഷി പ്പുകൾ വർഷാരംഭത്തിൽ തന്നെ ലഭിക്കാ ത്തതിനാൽ അതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം കിട്ടുന്നില്ല.
14. അധ്യാപകനിയമനങ്ങളും പാഠ പുസ്തക വിതരണവും സ്ക്കൂൾ വർഷാരംഭത്തിനു മുമ്പുതന്നെ നടക്കാത്തതിനാൽ പഠന ഗുണനിലവാരത്തെ അത് ബാധിക്കുന്നു.
15. ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗ കര്യങ്ങളില്ല.
16. അംഗനവാടികൾക്ക് കെട്ടിട സൗകര്യങ്ങൾ ഇല്ല.
17. അംഗനവാടികളിൽ ആവശ്യത്തിന് പഠ

നോപകരണങ്ങളോ കളിക്കോപ്പുകളോ ഇല്ല.

18. ഇടക്കാലത്തുണ്ടായ അദ്ധ്യാപക സ്ഥലമാറ്റങ്ങൾ പഠന പുരോഗതിക്ക് തടസ്സമാകുന്നു.
19. യാത്രസൗകര്യങ്ങൾ പരിമിതമായതിനാൽ വിദ്യാലയങ്ങളിലേക്കുള്ള പോക്കുവരവ് പ്രശ്നം സൃഷ്ടിക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചു വർഷത്തേക്കുവേണ്ട വിദ്യഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നന്നു.

1. ഈ പഞ്ചായത്തിലെ പുക്കൈത ഭാഗത്ത് ഒരു പ്രൈമറി സ്ക്കൂൾ ആരംഭിക്കുക.
2. മന്ദബുദ്ധികളായ കുട്ടികൾക്ക് ബി. പി. അങ്ങാടി GLP സ്ക്കൂളിനോടനുബന്ധിച്ച് ഒരു ക്ലാസ് ഏർപ്പെടുത്തുക.
3. വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്ക്കൂളിൽ നിന്നും UP വിഭാഗം വേർപ്പെടുത്തി തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന ബി.പി.അങ്ങാടി GLP സ്ക്കൂളിനോട് ചേർക്കുക.
4. തേവലപ്പുറം PKUMLPS യു. പി. സ്ക്കൂളായി ഉയർത്തുക
5. ബി.പി.അങ്ങാടി ജി.എം.യു.പി. സ്ക്കൂൾ ബോയ്സ് ഹൈസ്ക്കൂളായി ഉയർത്തുക.
6. തെക്കൻ കുറ്റൂർ DSLP സ്ക്കൂൾ സർക്കാർ ഏറ്റെടുക്കുക.
7. വെങ്ങാലൂർ പ്രദേശത്ത് ഒരു യു. പി. സ്ക്കൂൾ സ്ഥാപിക്കുക.
8. തെക്കൻ കുറ്റൂർ ഗവ: എൽ. പി. സ്ക്കൂൾ യു. പി. സ്ക്കൂളാക്കുക.
9. കാഞ്ഞിരക്കോൽ AMUPS ഹൈസ്ക്കൂളാക്കി ഉയർത്തുക.
10. എടക്കാട്ട് പറമ്പ് പ്രദേശത്ത് ഒരു എൽ. പി. സ്ക്കൂൾ അനുവദിക്കുക.
11. പുല്ലൂർ എ. എം. എൽ. പി. സ്ക്കൂൾ യു. പി. സ്ക്കൂളാക്കുക.
12. ഈ പഞ്ചായത്തിൽ സ്ഥിരം കെട്ടിടമില്ലാത്ത ആംഗനവാടികൾക്കും കെട്ടിടം നിർമ്മിക്കുക.
13. പാറശ്ശേരി, കോട്ടത്തറ, വലിയപറമ്പ്, പുല്ലൂർ എന്നിവിടങ്ങളിൽ പുതിയ അംഗനവാടികൾ ആരംഭിക്കുക
14. പുക്കൈത, കണ്ണൻകുളം, കട്ടച്ചിറ, പുല്ലൂർ, പാറശ്ശേരി, കാഞ്ഞിരക്കോൽ, തെക്കൻകുറ്റൂർ എന്നിവിടങ്ങളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
15. പ്രവർത്തന രഹിതമായി കിടക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ ഫലപ്രദമായി നടക്കാനവശ്യമായ നടപടികൾ സ്വീകരിക്കുക.
16. പ്രീ- പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങളില്ലാത്ത വിദ്യാലയങ്ങളിൽ അവ ആരംഭിക്കുക.
17. വിദ്യഭ്യാസത്തിന് തടസ്സമുണ്ടാകുമാറുള്ള മറ്റു ജോലികളിൽ നിന്ന് അദ്ധ്യാപകരെ ഒഴിവാക്കുക.
18. സ്ക്കൂളുകൾക്ക് ആവശ്യമായ കക്കൂസ്, മൂത്രപ്പുര, വൈദ്യുതി, ചുറ്റുമതിൽ, ഫർണ്ണിച്ചർ, കുടിവെള്ളം എന്നിവ ലഭ്യമാക്കുക.

## പൊതു നിർദ്ദേശങ്ങൾ

1. പ്രൈമറി വിദ്യാലയങ്ങളിൽ വിദ്യുഛക്തിയും ദൃശ്യശ്യവ്യ ഉപകരണങ്ങളും ലഭ്യമാക്കുക.
2. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അടുത്ത

199

വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ എത്തിക്കുക.

വിദ്യഭ്യാസ വർഷത്തിൽ പലഘട്ടങ്ങളിൽ നടത്തുന്ന അദ്ധ്യാപക സ്ഥലമാറ്റങ്ങൾ നിർത്തൽ ചെയ്ത് പകരം വർഷാരംഭത്തിനുമുമ്പായി അധ്യാപകരെ ലഭ്യമാക്കുകയും ലീവ് വേക്കൻസികളിൽ നിയമനം നടത്താനുള്ള നടപടികൾ ലഘൂകരിക്കുകയും ചെയ്യുക.

ഉച്ചക്കഞ്ഞി വിതരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുത്ത് ഫലപ്രദമായി നടപ്പിലാക്കുക.

മധ്യവേനൽ അവധിക്കാലത്ത് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താനായി സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കി നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

ഒരു വർഷത്തിൽ മൂന്നു ടേമുകളിലും വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധന നടത്തുക

എല്ലാ വിദ്യാലയങ്ങളിലും പച്ചക്കറിതോട്ടവും താൽപര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി സ്ക്കൂൾ പൗൾട്രി ക്ലബും രൂപീകരിക്കുക.

അധ്യാപകരുടെ ഇൻ സർവ്വീസ് കോഴ്സുകൾ ഫലപ്രദമായി നടത്തുക.

പ്രൈമറി സ്ക്കൂളുകളിൽ നിർത്തലാക്കിയ തൊഴിൽ പരിശീലനം വീണ്ടും ഏർപ്പെടുത്തുക.

എല്ലാ വിദ്യാലയങ്ങൾക്കും പത്രമാസികകൾ ലഭ്യമാക്കുക.

എല്ലാ വിദ്യാലയങ്ങളിലും വെൽഫേർ കമ്മറ്റി രൂപികരിക്കുകയും അതിന്റെ സ്ഥിരം അധ്യക്ഷൻ വാർഡ് മെമ്പറായിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

12. മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന സ്ക്കൂൾ കോംപ്ലക്സുകൾ പുനസ്ഥാപിക്കുകയും ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും ചെയ്യുക.
13. നോട്ടുപുസ്തകങ്ങൾ, ചോക്ക് തുടങ്ങിയവ നിർമ്മിക്കാനവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
14. ഈ പഞ്ചായത്തിൽ ഒരു ITI സ്ഥാപിക്കുക
15. അക്കഡെമിക് ഇൻസ്പെക്ഷൻ കൃത്യമായും സമയ ബന്ധിതമായും നടത്തുക.
16. 500 ൽ പരം വിദ്യാർത്ഥികളുള്ള UP സ്ക്കുളിൽ ഒരു ക്ലാർക്കിനെ നിയമിക്കുകയും , എൽ. പി. സ്ക്കൂളിൽ ഒരു പ്യൂൺ തസ്തിക സൃഷ്ടിക്കുകയും ചെയ്യുക. മേൽപറഞ്ഞ കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുച്ചാൽ വിദ്യഭ്യാസ രംഗത്ത് ഇന്നുള്ള അപാകതൾ ഇല്ലാതാക്കി കൂടുതൽ പ്രയോജകരമായ വിദ്യഭ്യാസം എല്ലാവർക്കും നൽകുവാൻ കഴിയും. ലക്ഷ്യബോധത്തോടുകൂടിയുള്ള വിദ്യഭ്യാസം നമ്മുടെ നാടിന്റെ മുഖഛായ മാറ്റും. ഇതിന് അദ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും സന്നദ്ധ സംഘടനകളും മേലധികാരികളും ആത്മാർത്ഥമായി പ്രവർത്തിക്കുമെന്ന് പ്രത്യാശിക്കാം.

5

# കുടിവെള്ളവും പൊതുജന ആരോഗ്യവും

| | | |
|---|---|---|
| **ചെയർമാൻ** | : | എം.കെ.എം ബാവ |
| **കൺവീനർ** | : | ഡോ: അഹമ്മദ് കുട്ടി |
| **മെമ്പർമാർ** | : | സുരേഷ് |
| | | ഇ. അബ്ദുൽ വാഹിദ് |
| | | എം. മുഹമ്മദ് ഷാഫി |



# കുടിവെള്ളവും പൊതുജന ആരോഗ്യവും

മനുഷ്യ വർഗ്ഗത്തിന്റെ നിലനിൽപിന്ന് അടിസ്ഥാന വസ്തുവാണ് ശുദ്ധ ജലം. ശുദ്ധജലത്തിനായി പഞ്ചായത്തിലെ ജനങ്ങളിൽ 97 ശതമാനവും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ 4554 കിണറുകളിൽ 250 കിണറുകളും വേനൽ കാലങ്ങളിൽ വെള്ളമില്ലാത്തവയാണ്. 300 ൽ അധികം കിണർകളും ചുവപ്പ് നിറത്തിൽ വെള്ളം ലഭിക്കുന്നവയാണ്.

കേരള വാട്ടർ അതോററ്ററിയുടെ ഒരു ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റ സ്വന്താമായി ഒരു മിനി വാട്ടർ സപ്ലൈ സ്കീമും പ്രവർത്തിക്കുന്നുണ്ട്. രണ്ടിനുംകൂടി 47 വാട്ടർ ടാപ്പുകളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ വേനൽകാലത്ത് വെള്ളമില്ലാത്തത് കാരണം വാട്ടർ അതോരിറ്റിയുടെ ടാപ്പുകളിൽ ശരിക്ക് വെള്ളം ലഭിക്കാറില്ല. 4 വീടുകളിലേക്ക് പൈപ്പ് കണക്ഷൻ കൊടുത്തിട്ടുണ്ടെങ്കിലും ഇപ്പോൾ വെള്ളമില്ലാത്തത് കാരണം വീടുകളിലേക്ക് പൈപ്പ് കണക്ഷൻ ചെയ്യാറില്ല. പഞ്ചായത്തിലെ 40% ആളുകളും ശുദ്ധജലക്ഷാമം അനുഭവിക്കുന്നവരാണ്.

**ശുദ്ധജല സ്രോതസ്സുകൾ**

പട്ടിക 1

| കിണറുകൾ | | | | സാനിറ്ററിവെൽ | ആകെ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളംഉള്ളത് | വെള്ളംഇല്ലാത്തത് | വെള്ളംഉള്ളത് | വെള്ളംഇല്ലാത്തത് | | |
| 26 | 3 | 4294 | 210 | 11 | 4554 |

19995-96 വർഷത്തിൽ സപ്തംമ്പർ വരെ പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിൽ രേഖപ്പെടുത്തിയ കണക്കുപ്രകാരം 17 ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കിടന്നു ചികിത്സിക്കാൻ സൗകരിയമില്ലാത്തതുകാരണം പഞ്ചായത്തിൽ നിന്ന് നൂറ് ജലജന്യ രോഗികൾ അടുത്തുള്ള താലൂക്ക് ആശുപത്രിയിലും സ്വകാര്യആശുപത്രിയിലും നടപ്പു വർഷത്തിൽ ചികിത്സക്ക് വിധേയമായിട്ടുണ്ട്. ഇതുസമ്പന്ധമായ വിശേഷത്താൽ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങളും പ്രതിവിധിയും ചുവടെ ചേർക്കുന്നു

പട്ടിക-2

## കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും.

| വാർഡ് | പ്രശ്നമേഖല | നിർദേശ പരിഹാരമാർഗം |
|---|---|---|
| 1 | മാങ്ങാട്ടിരി, കോടരിമന, മാങ്ങാട്ടിരി കോട്ട ശുദ്ധജലക്ഷാമം | വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടി ശുദ്ധജലമെത്തിക്കുക |
| 2 | തലൂക്കര ചെറിയേരികാകവ്, പൂഴിക്കുന്ന് പടിഞ്ഞാറുഭാഗം ചുവപ്പുവെള്ളം | വാട്ടർ അതോറിറ്റിയുടെ പൂഴിരക്കുന്ന് വരെ യുള്ള പൈപ്പ് ലൈൻ പടിഞ്ഞാറിഭാഗത്തേക്ക് നീട്ടി ലൈനിടുക. പൂകൈത, മിനി വാട്ടർ, സ്കീമിൽ നിന്ന് താലൂക്കരയിലേക്ക് ലൈൻ വലിക്കുക. |
| 3 | പുളിംച്ചുവട്, പെരുവഴിപാടം എന്നിവിടങ്ങളിൽ വെള്ളം ചുവപ്പ്. ബി.പി അങ്ങാടി ടൗൺപ്രദേശം ശുദ്ധജലക്ഷാമം | വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക. ഹൗസ് കണക്കുകൾ നൽകുക. പൂങ്കൈത മിനി വാട്ടർ സപ്ലൈയിൽ നിന്ന് പെരുവഴി പാടത്തേക്ക്പൈപ്പ് ലാൻ നീട്ടുക |
| 4. | വിശ്വാസ്, കട്ടച്ചിറ ഭാഗം | പൈപ്പ് ലൈൻ ഇട്ട് ശുദ്ധജലം ലഭ്യമാക്കുക |
| 5. | വാർഡ് മുഴുവനും | പൈപ്പ് ലൈൻ ഇട്ട് ശുദ്ധജലം നൽകുക |
| 6. | അംബേദ്കർകോളനി, പുല്ലൂരിൽ | ഏഴൂർ പുഴയിൽ കിണർ താഴ്ത്തി ഒരു വാട്ടർ സപ്ലൈസ്കീം ആരംഭിച്ച് ശുദ്ധജലം നൽകുക. |
| 7. | കാഞ്ഞിരക്കോൽ വടക്കൻ കുറ്റൂർ, ഒസാൻപടി | പൈപ്പ്ലൈൻവലിച്ച് ശുദ്ധജലം എത്തിക്കണം. |
| 8. | കുറ്റൂർ വെങ്ങാല്ലൂർ | കിറ്റൂർ രാമൻകുളം താഴ്ത്തി കിണർ നിർമ്മിച്ചു പൈപ്പ് വഴിജലം ലഭ്യമാക്കുക. |
| 9. | ഹെൽത്ത് സെന്റർ ഭാഗം മുക്കില പീടികഭാഗം, രൂക്ഷമായ ജലക്ഷാമം | കുറ്റൂർ രാമൻകുളം താഴ്ത്തി ശുദ്ധജലവിതരണ പദ്ധതി നടപ്പിൽ വരുത്തുക |
| 10 | മഞ്ഞികൊടി, എടക്കാട്, പറമ്പ് കാരയിൽ, മണ്ണാറാട് പള്ളിപ്പടി, കുറ്റിപ്പാല, | കണ്ണം കുളത്തിൽ കിണർ താഴ്ത്തി ശുദ്ധജലവിതരണ പദ്ധതി നടപ്പിൽ വരുത്തുക. |
| 11 | എലിക്കാട്ടിപ്പറമ്പ്, മേടാപറമ്പ്, കുറ്റിയാൽ | ഏഴൂർ പുഴയിൽ കിണർ താഴ്ത്തി ശുദ്ധജലപദ്ധതി നടപ്പിൽ വരുത്തുക. |

1-ാം വാർഡിലേയും 4-ാം വാർഡിലേയും ശുദ്ധജലക്ഷാമത്തിന് വാട്ടർ അതോറിറ്റിയുടെ പൈപ്പ് നീട്ടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

1,2,3 എന്നീ വാർഡുകളുടെ സംഗമ സ്ഥാനത്തുള്ള പഞ്ചായത്ത് മിനി വാട്ടർ സപ്ലൈ സ്കീം വികസിപ്പിച്ച് പൂകൈത, തലൂക്കര, പെരുവഴിപ്പാടം എന്നീ ദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

പള്ളിപ്പടി, എലിക്കാട്ടിപ്പറമ്പ്, കാരയിൽ, മഞ്ഞികൊടി എന്നീ10-ാം വാർഡിലെ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് കണ്ണം കുളം താഴ്ത്തി ഒരു വാട്ടർ സപ്ലൈസ്കീം നടപ്പിൽ വരുത്തേണ്ടതാണ്.

വാർഡ് 6,7,11 ചില ഭാഗങ്ങൾ എന്നിവയിലേക്ക് ഏഴൂർ പുഴയിൽ ഒരു വാട്ടർ സപ്ലൈ സ്കീം നടപ്പിൽ വരുത്തിയാൽ വളരെയധികം പ്രയോജനപ്രദമായിരിക്കും.

7,8,9 വാർഡുകളിലെ ജലക്ഷാമത്തിന് രാമൻകുളം വാട്ടർ സപ്ലൈ സ്കീം നടപ്പിൽ വരുത്തിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്..

## ആരോഗ്യം

പഞ്ചായത്തിലെ കഴിഞ്ഞകാല ആരോഗ്യത്തെരംഗത്തെ കുറിച്ച് ചിന്തിക്കുമ്പോൾ സർക്കാർ സ്ഥാപനങ്ങൾ വെറും കുടുംബാസൂത്രണ കേന്ദ്രം മാത്രമായാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഇന്ത്യാ പോപുലേഷൻ പ്രൊജക്ടിന്റെ മൂന്ന് സബ്സെന്ററുകൾ മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്.മറ്റു വാർഡുകളിൽ സബ് സെന്ററുകൾ സ്ഥാപിക്കുന്നതിന് സ്ഥലം നൽകുന്നതിനോ അല്ലെങ്കിൽ സബ് സെന്ററുകൾ ആരംഭിക്കുന്ന കാര്യത്തിൽ ജനങ്ങൾ മുൻകയ്യെടുത്ത് പ്രവർത്തിക്കാതിരിക്കാനോ കാരണം ഇത്തരം സബ്സെന്ററുകളിൽ നിന്ന് ജനങ്ങൾക്ക് കിട്ടിയുരുന്നത് കുട്ടികൾക്കുള്ള അല്പം ചില കുത്തിവെയ്പ്പുകളൊഴിച്ചാൽ മറ്റ് സമയങ്ങളിൽ സന്താന നിയന്ത്രണ പ്രവർത്തനമായിരുന്നു. അതുകൊണ്ട് തന്നെ ഈ പഞ്ചായത്തിൽ മൂന്ന് സബ്സെന്ററുകളായി ചുരുങ്ങുകയും ചെയ്തു. ജനങ്ങൾക്ക് തൊട്ടടുത്തുള്ള തിരൂരിലെ ആശുപത്രികളേയും ഡോക്ടർമാരേയും ആശ്രയിക്കേണ്ടതായും വരുന്നു.

ഇതിലുപരിയായി ബോധവൽകരണമാണ് രോഗപ്രതിരോധത്തിന് ഉത്തമം. എന്നത്കൊണ്ട് തന്നെ നമ്മുടെ സബ് സെന്ററുകൾ പൊതുജന ആരോഗ്യത്തെ മുൻ നിർത്തി സ്ഥാപിച്ചതാണെന്നും വെറും കുടുമബാസൂത്രണ മാർഗ്ഗമാണെന്നും വെറും കുടുംബാസൂത്രണ സ്ഥാപനമല്ലെന്നും പൊതുജനങ്ങളെ ബോധവൽകരിക്കേണ്ടതും പഞ്ചായത്തിലെ സബ് സെന്ററുകളില്ലാത്ത എട്ടുവാർഡുകളിലും സബ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. അങ്ങിനെ ജനങ്ങൾക്കിടയിലെ പ്രൈമറി സബ്സെന്ററുകൾ സന്താന നിയന്ത്രണ കേന്ദ്രങ്ങൾ മാത്രമല്ല എന്ന ബോധം വളർത്തുന്നതിന് ഉദ്യോഗസ്ഥന്മാരുടേയും, ജനങ്ങളുടേയും കൂട്ടായ ശ്രമം ആവശ്യമാണ്.

പഞ്ചായത്തിലെ ചികിത്സ ആവശ്യമായ രോഗികളുടെ ബാഹുല്യമാണ് വെറും 4 മാസം മാത്രം പ്രായമുള്ള പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്റിൽ റെജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം തെളിയിക്കുന്നത്. സ്ഥിരമായൊരു ഡോക്ടർ ഇല്ല എന്നിട്ടുപോലും ആ കാലയളവിൽ 2732 രോഗികളും നടപ്പു വർഷത്തിൽ ആയുർവ്വേദ ഹെൽത്ത് സെന്ററിൽ 29543 രോഗികളും ചികിത്സാ സൗകര്യം ഉപയോഗപ്പെടുത്തിയതായി കാണുന്നു. 60 കുഷ്ടരോഗികൾ ഈ പഞ്ചായത്തിൽ ചികിത്സയിലാണ്. 1995-96 കാലയളവിൽ 288 ജനനവും 116 മരണവും ഈ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും 3 സബ്സെന്ററുകളും ഒരു ആയുർവ്വേദ ഹെൽത്ത് സെന്ററുമാണ്. സർക്കാർ വകയായുള്ളത്. ഒരു സ്വകാര്യ ആസ്പത്രിയും രണ്ട് ഹോമിയോ ക്ലിനിക്കും, ഒരു മർമ ചികിത്സാലയവും മൂന്ന് സ്വകാര്യ ആയുർവ്വേദ ഡോക്ടർമാരുമാണ് പഞ്ചായത്തിലെ ആരോഗ്യരംഗത്തെ മറ്റ് സ്ഥാപനങ്ങൾ ഉള്ളത്കൊണ്ട് തന്നെ പഞ്ചായത്തിൽ പ്രത്യേകിച്ച് പാവപ്പെട്ടവരാണ്. എട്ട് കിലോമീറ്റർ സഞ്ചരിച്ച് വേണം കിടത്തി ചികിത്സിക്കുന്ന ആശുപത്രിയിലെത്താൻ

അത്കൊണ്ട് പഞ്ചായത്തിന്റെ മധ്യഭാഗത്ത് 10-ാം വാർഡിൽ സർക്കാർ മിച്ചഭൂമിയായി പിടിച്ചെടുത്ത സ്ഥലമാണ് ഒരു ജനറൽ ആശുപത്രിയും സ്പെഷൽ കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിന്ന് അതിനോടനുബന്ധിച്ച് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലും പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എങ്കിൽ പഞ്ചായത്തിലേയും, പരിസര പ്രദേശങ്ങളിലേയും ജനങ്ങൾക്ക് വളരെയധികം പ്രയോജപ്പെടുന്നതാണ്. സ്പെഷൽ ഗ്രാമ സഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും ഇത്തരം കാര്യങ്ങൾ മാത്രമാണ്.

## പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളും സേവനങ്ങളും

| | |
|---|---|
| പ്രാഥമിക ആരോഗ്യ കേന്ദ്രം- | 1 |
| ആയുർവ്വേദ ആരോഗ്യ കേന്ദ്രം- | 1 |
| സബ്സെന്ററുകൾ- | 3 |
| എല്ലാം കൂടി ജീവനക്കാർ- | 16 |

## പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | ഐ.പി.പി സബ് സെന്റർ, പൂക്കൈത | 2 | 1975 | 1 |
| 2. | ഐ.പി.പി സബ്സെന്റർ വെങ്ങാല്ലൂർ | 9 | 1982 | 1 |
| 3 | ഐ.പി.പി സബ്സെന്റർ തെക്കൻ കുറ്റൂർ | 7 | 1982 | 1 |
| 4 | പ്രൈമറി ഹെൽത്ത് സെന്റർ തലക്കാട്, ബി.പി അങ്ങാടി | 3 | 1996 | 8 |
| 5 | ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ ഓഫീസർ | 5 | 1982 | 4 |

## കക്കൂസുകൾ

മനുഷ്യന്റെ ബാഹ്യമായ ശുചീകരണത്തിനുപരിയായി നിർവ്വഹിക്കേണ്ട കാര്യമാണ് ആന്തരിക ശുചീകരണ ഉപാധിയായ കക്കൂസുകൾ. പഞ്ചായത്തിലെ മൊത്തം 6219 വീടുകളിലായി 3728 സാനിറ്ററി കേന്ദ്രങ്ങളും 187 ഇ.ന.പി കക്കൂസുകളും 218 കുഴികക്കൂസുകളും ഉൾപ്പെടെ 4133 കക്കൂസുകളാണുള്ളത്.

പഞ്ചായത്തിൽ ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും നൂറുകണക്കിന് ജലജന്യ രോഗികൾ സ്വകാര്യ ആശുപത്രികളെ ശരണം തേടിയതായി അറിയുന്നു. പഞ്ചായത്തിന്റെ തലസ്ഥാനമായ വെട്ടത്ത്പുതിയങ്ങാടി ടൗണിനടുത്ത് കിടക്കുന്നതും ചരിത്ര പ്രസിദ്ധമായ വെട്ടത്ത്നാട് രാജാവിന്റെ പൂന്തോട്ടം നിൽക്കുന്നതുമായ സ്ഥലവും മത്സ്യമാർക്കറ്റ് പരിസരവും ജനങ്ങൾക്ക് യാത്രയ്ക്ക് പോലും കഴിയാത്ത രൂപത്തിൽ മലമൂത്രവിസർജ്ജനംകൊണ്ട് മലിനമായിരിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് മത്സ്യമാർക്കറ്റിൽ നിലനിന്നിരുന്ന ഒരു കക്കൂസ്പോലും ഇപ്പോഴില്ല.

ടൗൺ പ്രദേശത്തെ പ്രശ്നപരിഹാരത്തിന് റി.സ 149/9 ൽ കിടക്കുന്ന പുറമ്പോക്ക്

സ്ഥലത്ത് ഒരു പൊതുകക്കൂസ് പണിയുക മത്സ്യമാർക്കറ്റിനോടനുബന്ധിച്ച് ഒരു കക്കൂസ് പണിയുക. പഞ്ചായത്തിലെ ദരിദ്രരായ കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് വെക്കുന്നതിന് മുഴുവൻ ചിലവുകളും പഞ്ചായത്ത് വഹിക്കുക.

ഇതിനെകുറിച്ച് ബോധവൽകരിക്കുക എന്നിവ വഴി ഈ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

## പരിസര ശുചീകരണം

പഞ്ചായത്തിൽ വ്യവസായ വിപ്ലവത്തിന്റെ വിന ബാധിച്ചിട്ടില്ലെങ്കിലും വോൾട്ടേജ് ക്ഷാമം മൂലവും വാഹനങ്ങളുടെ ബാഹുല്യം മൂലവും അന്തരീക്ഷ മലിനീകരണം സംഭവിച്ചു കൊണ്ടിരിക്കയാണ്.

വോൾട്ടേജ് ക്ഷാമം മൂലം ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നത് കാരണവും കൂടുതൽ മണ്ണ വിളക്ക് കത്തിക്കുന്നതിനാലും അന്തരീക്ഷം മലിനപ്പെടുന്നുണ്ടെങ്കിലും ഇതിലുപരിയീണ് പഞ്ചായത്തിലെ നഗരപ്രദേശങ്ങളിലെ ചപ്പുചവറുകൾ. ഇത് നിത്യേന അടിച്ചു വാരുന്നുണ്ടെങ്കിലും നിക്ഷേപിക്കാൻ സൗകര്യമില്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് കൊണ്ട് എല്ലാ കവലകളിലും കുപ്പത്തൊട്ടികൾ വെയ്ക്കുക, ചപ്പു ചവറുകൾ അതിൽ മാത്രം നിക്ഷേപിക്കുന്നതിന് ജനങ്ങളെ ബോധവൽകരിക്കുക.

ആടുമാട് താറാവുകൾക്ക് സഹായം ചെയ്തുകൊടുക്കുക. വിശ്വാസ് തീയേറ്ററിലെ അഴുക്കുവെള്ളം റോഡിലേക്ക് വിടുന്നതിന്ന് നടപടിയെടുക്കുക. P.K.H ആശുപത്രയിലെ അഴുക്കുവെള്ളം പുറത്തേക്ക് വിടുന്നത് തടയുക. കോഴിയുടേയും മറ്റും അവശിഷ്ടങ്ങൾ പുഴയിലേക്കും മറ്റ് പൊതുസ്ഥലങ്ങളിലേക്കും ഒഴിവാക്കുന്നത് തടയാനുള്ള നടപടി സ്വീകരിക്കുക. എല്ലാ വീട്ടിലും കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുക, വാട്ടർ അതോറിറ്റിയുടെ മുനിസിപ്പാലിറ്റിയിലേക്കുള്ള വെള്ളം പൈപ്പ് പൊട്ടി വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാൻ പദ്ധതികൾ സ്വീകരിക്കുക. ഇതിലുപരിയായി ടൗൺ പ്രദേശങ്ങളിൽ അഴുക്ക് ചാൽ നിർമ്മിക്കുക, എന്നിത്യാതി പ്രവർത്തനം കൊണ്ട് കുറെയൊക്കെ തടയാൻ കഴിയുമെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഗ്രാമ സഭകളിൽ ഉയർന്നു വന്ന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

പഞ്ചായത്തിൽ ഒരു അറവുശാല നിർമ്മിക്കുക നിലവിലുള്ള പൊതുശ്മശാനം പുനർ നിർമ്മിച്ച് ഉപയോഗപ്രദമാക്കുക. നിലവിലുള്ള ഡ്രെയിനേജ് സ്ലാബിട്ട് മൂടുക കക്കൂസുകൾക്ക് എയർ പൈപ്പിന് നറ്റ് വെക്കുക. കക്കൂസുണ്ടായാലും അതുപയോഗിക്കുന്നതിന് ബോധവൽക്കരിക്കുക. അന്തരീക്ഷ ശുചിത്വത്തിന് വൈദ്യുതി ആവശ്യത്തിന് ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുക. ഇത്തരം കാര്യങ്ങൾ ഗവൺമെന്റും പഞ്ചായത്ത് ഉദ്യോഗസ്ഥന്മാരും ബഹുജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ പഞ്ചായത്തിലെ ശുചീകരണം ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിക്കുന്ന മുറുക്കാൻ, പുകവലി, മദ്യപാനം എന്നിവ നിർത്തൽ ചെയ്യുന്നതിനായി ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക. ഇതിൽ സാമൂഹ്യസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരെ ഉൾപെടുത്തി ബോധവൽക്കരണ സംഘടനകൾ രൂപീകരിക്കുന്നതോടൊപ്പം എല്ലാ മദ്യവും മനുഷ്യനെ നശിപ്പിക്കുമെന്ന പ്രചരണത്തിന് മുൻതൂക്കം നൽകുകയും എല്ലാ മദ്യങ്ങളും നിരോധിക്കാൻ സർക്കാരിനോട് ആവശ്യപെടേണ്ടതുമാണ്.

# പഞ്ചായത്തിലെ പൊതുവെയുള്ള ആരോഗ്യരംഗം

| വാർഡ് | പൊതുസ്ഥാപനം | സ്വകാര്യ സ്ഥാപനം | പ്രധാനരോഗം | പ്രവർത്തനം വിലയിരുത്തൽ | നിർദേശങ്ങൾ |
|---|---|---|---|---|---|
| 1 | ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല | ഇല്ല | വയർതൂക്കം | -- | ഒരു കുടുംബക്ഷേമ കേന്ദ്രംആരംഭിക്കുക, പുഴമലിനപെടുത്തുന്ന കോഴികളുടെ അവശിഷ്ടം ഇടുന്നതിന് നടപടി സ്വീക രിക്കുക. |
| 2 | പൂക്കൈത ഐ. പി. പി സബ്സെന്റർ | ഇല്ല | വയറിളക്കം, ചർദി, പനി. | ഗർഭിണികൾ കുത്തിവെപ്പുകൾ എല്ലാ മാസവും നടത്തിവരുന്നു. | പാറശ്ശേരിയിൽ ഒരു ഹോമി യോഡിസ്പൻസറി സ്ഥാപി ക്കുക. |
| 3 | പ്രൈമറിഹെൽത്ത് സെന്റർ ബി. പി. അങ്ങാടി. | ഒരുമർമ്മ ചികിൽസാ കേന്ദ്രം. | വയർവേദന, വയറിളക്കം, ചർദി, പനി മറ്റുരോഗങ്ങൾ. | നല്ലനിലയിലാണ് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്. | ഹെൽത്ത് സെന്ററിൽ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ചെയ്യുക. അറവുശാലകളിൽ നിന്നു ള്ള ദുർഗന്ധം അവസാനിപ്പിക്കാൻ ഹൗസ്പണിയുക. ടൗൺപ്രദേശം എന്നും ചപ്പ്ചവറുകൾ അടിച്ചുവാരാ നുള്ള സൗകര്യം ചെയ്യുക. പുളി ഞ്ചോട് പ്രദേശം വൃത്തിയാക്കുക. |
| 4 | ഇല്ല | നഴ്സിസ് കേന്ദ്രം | വാതരോഗങ്ങൾ | " | കുടുമ്പക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കണം. വിശ്വാസിലെ അഴുക്കുവെ ള്ളം നിയന്ത്രിക്കുക. P. K. H ഹോസ്പിറ്റലിലെ അഴുക്കു വെള്ളം നിയന്ത്രിക്കുക. |
| 5 | ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നു. | ഇല്ല | വാദം, പനി, . വയറിളക്കം, ചൊറി | " | സ്റ്റാഫുകളുടെ എണ്ണം പൂർത്തിയാക്കണം. കിടത്തി ചികിൽസികാനുള്ള സൗകര്യം ഏർപെടുത്തണം. കക്കൂസ് നിർമിക്കണം. കിണറ് നന്നാക്കുക. ഹെൽത്ത് ക്ലബ്ബ് പ്രവർത്തിക്കണം. കുടു മ്പക്ഷേമ ഉപകേന്ദ്രം സ്ഥാപി ക്കുക. സാംക്രമിക രോഗ ങ്ങൾ തടയാനുള്ള നടപടി സംവി ധാനം ഏർപെടുത്തുക. |


| വാർഡ് | പൊതുസ്ഥാപനം | സ്വകാര്യ സ്ഥാപനം | പ്രധാനരോഗം | പ്രവർത്തനം വിലയിരുത്തൽ | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 6. | ഒന്നും ഇല്ല. | ഹോമിയോ ക്ലിനിക്ക് | വയറിളക്കം, പനി, വയറുവേദന | | ഒരുസ്ഥിരം ആരോഗ്യപ്രവർത്തകനെ നിയമിക്കണം. |
| 7. | ഒന്നും ഇല്ല. | ഇല്ല | " | " | ഒരുഹെൽത്ത്സെന്റർ സ്ഥാപിച്ച് അതുവഴി മരുന്ന് |
| | | | | | വിതരണം ചെയ്യുക. ആരോഗ്യവിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുക. |
| 8. | സബ്സെന്റർ . പ്രവർത്തിക്കുന്നു. | ഇല്ല | " | ഗർഭിണികൾക്കുള്ള കുത്തിവെപ്പ് മാസത്തിൽ ഒരു തവണ നടത്തുന്നുണ്ട്. | സബ്സെന്ററിൽമരുന്നും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണം. |
| 9. | ഐ. പി. പി. സബ്സെന്റർ | ഇല്ല | " | കുട്ടികൾക്കും, ഗർഭിണികൾക്കും കുത്തിവെപ്പും, പരിശോധനയും നടത്തുന്നു. | ഇല്ല. |
| 10. | ഇല്ല. | ഒരുഹോമിയോ ക്ലിനിക്കും. ആയുർവേദ ക്ലിനിക്കും. | വയറിളക്കം, ഛർദി, പനി, വയറുവേദന. | " | മിച്ചഭൂമിയായി പിടിച്ചെടുത്ത സ്ഥലത്ത് ഒരു ജനറൽ ഹോസ്പിറ്റൽ സ്ഥാപിക്കുക. ഒരു ഹോമിയോ ക്ലിനിക്ക് തുടങ്ങുക. ഒരു പ്രസവ ശിശുപരിപാലനകേന്ദ്രം ആരംഭിക്കുക. |
| 11. | ഇല്ല. | ഹോമിയോ ക്ലിനിക്ക് | | | കുടുമ്പക്ഷേമ ഉപകേന്ദ്രം ഉണ്ടാക്കി പ്രവർത്തനം നടത്തുക. |

# 6

# ഗതാഗതം - ഊർജ്ജം

ചെയർമാൻ: പരീക്കുട്ടി. പി.പി
കൺവീനർ: ബാലകൃഷ്ണൻ. യു.പി.

അംഗങ്ങൾ:
പത്മനാഭൻ.വി.
മുഹമ്മദ് A/s മാനു.പി
സേതുമാധവൻ.എം.എം
ജയശങ്കർ.എ



# ഗതാഗതം

ഗ്രാമീണ വികസനത്തിൽ റോഡുകളുടെ പങ്ക് നിർണ്ണായകമാണ്. ഗതാഗതരംഗത്തെ വികസനം ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുന്നു. റോഡുകളുടെ വികസനം പ്രാദേശിക തലത്തിൽ വരുത്തിയ മാറ്റങ്ങൾക്ക് ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളും പ്രത്യക്ഷോദാഹരണങ്ങളാണ്.

1.1.1962 ൽ രൂപീകരിക്കപ്പെട്ട ഈ പഞ്ചായത്തിൽ 16.476 കി.മീ. റോഡുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 2 കി.മീ നീളം മെറ്റൽചെയ്തതും ബാക്കി മൺറോഡുകളുമായിരുന്നു. ഇതിൽ 1.4 കി.മീ മെറ്റൽ ചെയ്തിരുന്ന വടക്കെ അങ്ങാടി-മാങ്ങാട്ടിരിറോഡ് 1970 ൽ പി.ഡബ്ല്യു.ഡി ഏറ്റെടുത്തു. 31.3.96 ന് ഈ പഞ്ചായത്തിന്റെ സംരക്ഷണയിൽ 29.491 കി.മീ നീളം റോഡുണ്ട്. ഇതിൽ 14.163 കി.മീ. ടാർ ചെയ്തതും 7.088 കി.മീ. ഗ്രാവൽചെയ്തതും 8.240 കി.മീ മൺറോഡുമാണ്. വരൾച്ചദുരിതാശ്വാസപദ്ധതി, വെള്ളപ്പൊക്കദുരിതാശ്വാസപദ്ധതി, ജവഹർറോഡ്ഗാർയോജനപദ്ധതി, അൺടൈഡ്ഫണ്ട്പദ്ധതി, പഞ്ചായത്ത്ഫണ്ട് തുടങ്ങി വിവിധ പരിപാടികൾ പ്രകാരമാണ് ഇത്രയും റോഡുകൾ ടാർ ചെയ്യാൻ സാധിച്ചത്.

പഞ്ചായത്ത് പ്രദേശത്തു കൂടികടന്നു പോകുന്നപ്രധാന പി.ഡബ്ലിയു.ഡി.റോഡുകൾ:

| റോഡിന്റെ പേര് | നീളം |
|---|---|
| 1. തിരൂർ-ചമ്രവട്ടം റോഡ് | 2.5 കി.മീ. |
| 2. ബി.പി.അങ്ങാടി-കുറ്റിപ്പുറം റോഡ് | 1.5 കി.മീ. |
| 3. വടക്കേ അങ്ങാടി-പരിയാപുരം റോഡ് | 1.4 കി.മീ. |
| 4. ഏഴൂർ-കുട്ടികളത്താണി റോഡ് | 2.00 കി.മീ. |
| 5. ഏഴൂർ -വൈരംകോട് റോഡ് (എലിക്കാട്ടി പറമ്പ് അങ്ങാടി മുതൽ) | 5.00 കി.മീ. |

## റോഡുകൾ - പ്രശ്നങ്ങൾ

1. PWD റോഡുകൾ:

PWD റോഡുകൾ പൊതുവെ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നതിനാൽ വാഹനഗതാഗതത്തിന് പര്യാപ്തമാണ്. എന്നാൽ ഈ റോഡുകൾക്കൊന്നും തന്നെ ഡ്രെയിനേജ് സൗകര്യം ഇല്ലാത്തത് വളരെ ഗുരുതരമായ പരിസര മലിനീകരണത്തിന് ഇടയാകുന്നുണ്ട്. വടക്കേഅങ്ങാടി -പരിയാപുരം റോഡിൽ വടക്കേഅങ്ങാടി മുതൽ മാങ്ങാട്ടിരി പുഴ വരെയും, തിരൂർ ചമ്രവട്ടം റോഡിൽ ഈ പഞ്ചായത്തിൽ ഉൾപ്പെട്ട മുഴുവൻ ഭാഗത്തും, ഏഴൂർ-കുട്ടികളത്താണി റോഡിൽ ഈ പഞ്ചായത്തിൽപ്പെട്ട മുഴുവൻ ഭാഗത്തും ഡ്രയിൻ ഏർപ്പെടുത്തുന്നതിൽ ജില്ലാപഞ്ചായത്തിന്റെ സത്വര ശ്രദ്ധ പതിയുമെന്ന് വിശ്വസിക്കുന്നു. തിരൂർ ചമ്രവട്ടം റോഡിൽ വടക്കേ അങ്ങാടി മുതൽ യാറംമൈതാനം വരേയും ബി.പി.അങ്ങാടികുറ്റിപ്പുറം റോഡിൽ ബി.പി. അങ്ങാടി മുതൽ കിഴക്കോട്ട് ജി.എം.യു.പി.സ്കൂൾ വരേയും റോഡിന്റെ വീതികുറവ് കാരണം ഗതാഗത തടസ്സം ദി[illegible] സത്തിൽ പലതവണ ആവർത്തിക്കുന്ന[illegible] ഇവിടെ നിത്യസംഭവമാണ്. ഈ ദുസ്ഥിതിക്[illegible] ഒരു പരിഹാരമായി വടക്കേഅങ്ങാടിയി[illegible] നിന്ന് കിഴക്കോട്ട് ജി.യം.യു.പി. സ്കൂളി[illegible] കിഴക്കുവശം ചെന്ന് ചേരുന്ന ഒര[illegible] ബൈപാസ് റോഡിന് നിർദ്ദേശമുണ്ടെങ്കിലു[illegible] അതിന്റെ സ്ഥലമെടുപ്പു പോലും എവിടെയു[illegible] എത്തിയിട്ടില്ല. ഈ പദ്ധതി നടപ്പാക്കിയാ[illegible] മാത്രമെ ബി.പി.അങ്ങാടി ടൗണിലെ ഗതാ[illegible] തക്കുരുക്കിന് ശാശ്വത പരിഹാരമാകൂ[illegible] ഇതിന് ജില്ലാ പഞ്ചായത്തിന്റെ സജീവത[illegible] ല്പര്യം അനിവാര്യമാണ്.

2. പഞ്ചായത്തുറോഡുകൾ-ടാർചെയ്തത്:-

പഞ്ചായത്തിലെ പല റോഡുകളും ടാ[illegible] ചെയ്തിട്ടുണ്ടെങ്കിലും അവക്ക് കലാക്കാല[illegible] ളിൽ സംരക്ഷണ പ്രവൃത്തികൾ നടത്തുന്ന[illegible] തിന് ഫണ്ടിന്റെ ലഭ്യത കുറവുകാരണം പഞ്ചാ[illegible] യത്തിന് സാധിച്ചിട്ടില്ല. ടാർ ചെയ്ത റോഡു[illegible] കളുടെ സംരക്ഷണത്തിന് സമയ ബന്ധിത[illegible] മായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്[illegible] താണ്. മാങ്ങാട്ടിരി- പൂക്കൈത- പുല്ലൂണ്[illegible] റോഡിൽ ഈ പഞ്ചായത്തിൽ പെട്ട ഭാഗ[illegible] പി.ഡബ്ലിയു.ഡി. ഏറ്റെടുക്കുന്നതിന് ഉത്തര[illegible] വായിരുന്നു വെങ്കിലും 8 മീറ്റർ വീതിയിൽ റോഡിനു വേണ്ട സ്ഥലം സൗജന്യമായി ലഭി[illegible] ക്കാൻ കഴിയാത്തതിനാൽ റോഡ് P.W.D ഏറ്റെടുക്കുന്നതല്ലെന്ന് ഗവർമെന്റ് അറിയിച്ചി[illegible] രിക്കുന്നു. അല്പമാത്ര ഭൂമി കൈവശക്കാരാ[illegible] യതിനാൽ ഈ റോഡിന് 8 മീറ്റർ സ്ഥലം ലഭി[illegible] ക്കാത്ത പ്രത്യേക സാഹചര്യത്തിൽ ഈ നിബ[illegible] ന്ധനയിൽ ഇതനുവദിക്കാൻ പഞ്ചായത്ത് ശ്രമിച്ചെങ്കിലും ഫല പ്രദമാകാത്ത സാഹച[illegible] ര്യത്തിൽ പഞ്ചായത്തിന്റെ ഏതെങ്കിലും പദ്ധ[illegible] തികൾ ഉൾപ്പെടുത്തി ഈ റോഡ് റിപ്പെയർ ചെയ്യേണ്ടതാണ്.

211

പഞ്ചായത്തിലെ മറ്റൊരു പ്രധാന റോഡായ B.P അങ്ങാടി - കട്ടച്ചിറ റോഡിൽ B.P അങ്ങാടി മുതൽ ആയുർവേദ ഡിസ്പൻസറി വരെ റോഡിൽ വെള്ളം കെട്ടി നിൽക്കുന്നത് കാരണം റോഡ് പൊട്ടി പൊളി ഞ്ഞിരിക്കികയാണ്. ആയതിന്റെ റിപ്പെയറിന് പഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ പ്രവൃത്തി അടിയന്തിരമായി നടപ്പാക്കേ ണ്ടതാണ്.

## സാധ്യതകൾ

ഓരോ വർഷവും ബഡ്ജറ്റിൽ റോഡ് പ്രവൃത്തിക്ക് നീക്കിവെക്കുന്ന തുകയിൽ നിന്ന് 50 ശതമാനമെങ്കിലും നിലവിലുള്ള ടാർ റോഡുകളുടെ സംരക്ഷണത്തിന് നീക്കിവെ ക്കേണ്ടതാണ്.

3. ഗ്രാവൽ ചെയ്ത റോഡുകളും മൺറോഡുകളും:

നിലവിലുള്ള ഗ്രാവൽ ചെയ്ത റോഡുകളുടെയും മൺറോഡുകളുടേയും നില വളരെ ശോചനീയമാണ്. റോഡുകൾ വീതി കുറവായ കാരണവും, മിക്കവയും ഇടവഴി റോഡാക്കിയതിനാലും, മഴക്കാലത്ത് വെള്ളം കെട്ടി നില്ക്കുന്നവയാണ്. ഇവ ഉയർത്തി ഉപരിതലം ബലപ്പെടുത്തേണ്ടതാണ്.

4. പഞ്ചായത്തിൽ പ്രവർത്തിനടന്നുവരുന്ന റോഡുകൾ:

1. പുളിഞ്ചോട്-പൂക്കൈത റോഡ് 3-ാംഘട്ടം ടാറിങ്ങ് പ്രവൃത്തി.
2. കൊടക്കൽ താഴം- കോലൂപാലം റോഡ് റീടാറിങ്ങ്.
3. പുളിഞ്ചോട്- മുസ്ല്യാരങ്ങാടി റോഡ് 1-ാം ഘട്ടം ടാറിങ്ങ് പ്രവൃത്തി.
4. ബി.പി.അങ്ങാടി ലിങ്ക് റോഡ്ടാറിങ്ങ് പ്രവൃത്തി.
5. വിശ്വാസ്- കട്ടച്ചിറ റോഡ് മെറ്റലിങ്ങ് പ്രവൃത്തി.

**1996 - 97 വർഷത്തിൽ ജെ.ആർ.വൈ.പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ:**

1. അയ്യപ്പൻകാവ്- കണ്ടംതോട് റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി.
2. തെക്കുംമുറി- കട്ടച്ചിറ റോഡ് റീടാറിങ്ങ്.

**96 - 97 ൽ അൺ ടൈഡ് മാനദണ്ഡമനുസരിച്ച് ഏറ്റെടുത്ത പ്രവൃത്തികൾ:**

1. പുല്ലൂരാൽ- ചാലിനിലം റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി.
2. കണ്ണൻകുളം- മുട്ടിക്കൽ റോഡ് 3-ാം ഘട്ടം ടാറിങ്ങ് പ്രവൃത്തി.

**എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികൾ:**

1. തെക്കൻകുറ്റൂർ-സൗത്ത്പല്ലാർ റോഡ്.
2. വലിയപറമ്പ്- കച്ചേരിക്കുളം റോഡ്
3. കുറ്റ്യാൽ0-കട്ടച്ചിറ റോഡ്.

**നിലവിലുള്ളതും മുകളിൽ പരാമർശിക്കപ്പെടാത്തതുമായ റോഡുകളിൽ അടിയന്തിരമായി വികസന പ്രവൃത്തി നടത്തേണ്ടവ:**

1. നെല്ലൂളി-കോടേരിമന റോഡ്.
2. പുല്ലൂരാൽ-വെങ്ങാലൂർ റോഡ്.
3. വടക്കേ അങ്ങാടി-കല്ലൂർക്കടവ്റോഡ് (അത്താണിയുടെ പടിഞ്ഞാറ് വശം)
4. പൂക്കൈത - കുഞ്ഞുള്ളി ക്കടവ് (പടിഞ്ഞാറെ അറ്റം പുഴ തിണ്ടുകെട്ടുന്നതുൾപ്പെടെ)
5. കടുവത്തിൽപ്പടി-പുന്നശ്ശേരി റോഡ്
6. എടശ്ശേരി ലക്ഷം വീട് കോളനി-മുസ്ല്യാരങ്ങാടി റോഡിൽ ഒന്നാമത്തെ കൾവർട്ടിനുശേഷമുള്ള ഭാഗം.
7. പൂഴിക്കുന്ന്- ഹനുമാൻകാവ് റോഡ്

(ടാർചെയ്തതിനുശേഷമുള്ള ഭാഗം)

8. ഇന്ദിരാനഗർ റോഡ്.
9. ചെറിയേരികാവ് റോഡ്.
10. വെള്ളാമശ്ശേരി- വീരാൻകുട്ടിപടിറോഡ്
11. ഗേൾസ്ഹൈസ്കൂൾ- അയ്യപ്പൻകാവ് റോഡ്.
12. തലൂക്കര- പതിനാലുകണ്ടി റോഡ്.
13. കോട്ടക്കുളം- നെച്ചാത്ത്പടി റോഡ്.
14. തറയിൽമുഹമ്മദ്പടി- പാറശ്ശേരി റോഡ്.
15. വെങ്ങാലൂർ- മുട്ടിക്കൽ റോഡ്.
16. പുന്നശ്ശേരിപടി-മനക്കൽപടി റോഡ്.
17. പുല്ലൂരാൽ- ചാലിനിലം റോഡ് 2-ാം ഘട്ടം.
18. വെങ്ങാലൂർ-പുല്ലൂരാൽ റോഡ് ടാറിടുക.

<u>അത്യാവശ്യം നിർമ്മിക്കേണ്ട പാലങ്ങൾ</u>

1. മുട്ടിക്കൽ പാലവും ചീർപ്പും.

ഈ പഞ്ചായത്തിലെ വെങ്ങാലൂർ പ്രദേശത്തെ തലക്കാട്ഭാഗവുമായി ബന്ധിപ്പിക്കുന്നതിന് വെങ്ങാലൂർ- മുട്ടിക്കൽറോഡ് മുട്ടിക്കൽവരെ നീട്ടി മുട്ടിക്കൽ എന്ന സ്ഥലത്ത് ഒരു പാലംവും അതിനോട് ചേർന്ന് വെള്ളം കെട്ടിനിർത്തി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് ഒരു ചീർപ്പും ഏർപ്പെടുത്തേണ്ടതാണ്.

2. <u>കുറ്റ്യാൽ-കൂത്തുപറമ്പ് നടപ്പാലം:</u>

ഈ പഞ്ചായത്തിലെ 5-ാം വാർഡിൽ പെട്ടതും മറ്റുപ്രദേശങ്ങളിൽനിന്ന് ഒറ്റപ്പെട്ടു കിടക്കുന്നതുമായ കൂത്തുപറമ്പ് പ്രദേശത്തെ പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതിന് കട്ടച്ചിറ പുഴയ്ക്ക് കുറ്റ്യാൽ എന്ന സ്ഥലത്ത് ഒരു നടപ്പാലം നിർമ്മിക്കേണ്ടതാണ്.

3. <u>ചുണ്ടക്കലായിനടപ്പാലം പുതുക്കിപണിയൽ:</u>

തിരുത്തുമ്മൽ ഹരിജൻ കോളനിയിലേക്ക് ചുണ്ടക്കലായി റോഡിന് നിലവിലുള്ള നടപ്പാലം കാലപ്പഴക്കത്താൽ കേടുവന്നത് പുതുക്കിപണിയേണ്ടതാണ്.

<u>ഗ്രാമസഭകളിൽ ഉയർന്നുവന്നതും സ്ഥലം വിട്ടുകിട്ടുന്നമുറയ്ക്ക് ഏറ്റെടുക്കേണ്ടതുമായ പുതിയ റോഡുകൾ:</u>

| വാർഡ് | റോഡിന്റെ പേര് |
|---|---|
| 1 | അയ്യപ്പൻകാവ്- പൂക്കൈത റോഡ് |
| ' | കണ്ടംതോട് റോഡിനെ തല്ലൂർ കൈനിക്കര റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്. |
| ' | നെല്ലൂളി- പടാട്ടിൽ റോഡ്(നെല്ലൂളി-കോടേരിമന റോഡിനോട് മുട്ടിക്കുക.) |
| ' | വായനശാല- കാവതിയാട്ട്പടി റോഡ്. |
| ' | മാങ്ങാട്ടിരിമില്ല്- കല്ലൂർക്കടവ് പള്ളി റോഡ് |
| ' | മാങ്ങാട്ടിരി കോട്ടപ്പടിയുടെ പടിഞ്ഞാറ് ഭാഗംമുതൽ എടത്തൊട്ടിൽ വേലായുധന്റെ വീടിന് മുൻവശത്തുകൂടിപോകുന്ന തോട് റോഡാക്കി പൂക്കൈതറോഡിൽ മുട്ടിക്കുക. |
| ' | കോട്ടപ്പടി- മാങ്ങാട്ടിരികോട്ട റോഡ് |
| ' | അയ്യപ്പൻകാവ്- ലക്ഷംവീട്കോളനി റോഡ് |
| ' | പൂക്കൈത- പുളുഞ്ചോട് റോഡിനേയും ഗേൾഹൈസ്കൂൾ-തല്ലൂർ കൈനിക്കര റോഡിനേയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് (എടപ്പയിൽ പരമേശ്വരന്റെ വീടിന്റെ മുൻവശത്തുകൂടി) |
| 2 | പാറശ്ശേരി- അംഗനവാടി റോഡ് |
| ' | കളത്തിലെകടവ് റോഡ് |
| ' | പാറശ്ശേരി- ഹനുമാൻകാവ് ഇടവഴി റോഡാക്കുക. |
| 3 | പാറശ്ശേരി- കല്ലൂരിപറമ്പ് റോഡ് പ്രസ്തുതറോഡ്തലൂക്കാട്പറമ്പിൽനിന്ന് തിരിഞ്ഞ് പൂക്കൈത - പുളിഞ്ചോട് റോഡിൽ ചേർക്കുക. |

* പ്രസ്തുത റോഡ് മാക്കുപടിമുതൽപൂക്കൈ
ത- അന്നശ്ശേരി റോഡുമായി ബന്ധിപ്പിക്കുക.
* പുളിഞ്ചോട് റോഡിൽ നിന്ന് തെക്കോട്ടുള്ള ഇടവഴി റോഡാക്കുക.
* ചമ്രവട്ടം റോഡിൽനിന്ന് പട്ടികജാതി കോളനിയിലേക്കുള്ള വഴി വീതിയുള്ള ഭാഗം കല്ലിട്ടുയർത്തിനന്നാക്കുക.
* ചമ്രവട്ടം റോഡ് - ആലിൻചോട് ഇടവഴി നടപ്പാതയാക്കുക.
* ചമ്രവട്ടം റോഡിൽനിന്ന് കുറ്റിപ്പുറംറോഡിലേക്കുള്ള ഇടവഴി റോഡാക്കുക.

4. വടക്കേഅങ്ങാടി- ജി.എൽ.പി.സ്കൂൾ ലിങ്ക് റോഡ്.
* ടി.വി.പടി- കട്ടച്ചിറ റോഡ് (ലക്ഷം വീട്കോളനി റോഡ്)
* വിശ്വാസിന് തെക്കുവശത്തുനിന്ന് മാങ്ങാട്ടിരി- വടക്കേഅങ്ങാടി റോഡുമായി ബന്ധിപ്പിക്കുന്ന ഇടവഴി റോഡാക്കുക.
* കള്ളിയത്ത്പടി-വടക്കേഅങ്ങാടി-കല്ലൂർകടവ് റോഡ്
* പഞ്ചായത്ത് വടക്കേ അതൃത്തിയിൽ ചമ്രവട്ടം റോഡിൽനിന്ന് പടിഞ്ഞാറോട്ടുള്ള ഇടവഴി റോഡാക്കുക.
* കട്ടച്ചിറ റോഡിൽനിന്ന് എക്സൈസ് റോഡുമായി ബന്ധിപ്പിക്കുന്ന ആതിയോട് നിലം റോഡ്.
* ഗേൾസ് ഹൈസ്കൂൾ റോഡിനെ വടക്കേഅങ്ങാടി- കല്ലൂർക്കടവ്റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാത.

5. പള്ളിപറമ്പ്- ഡിസ്പൻസറി റോഡ്.
* കാരയിൽ- കട്ടച്ചിറ റോഡ് (മുട്ടിക്കൽ വഴി)
* പള്ളിപറമ്പ്- പള്ളിപ്പടി റോഡ്.
* ട്രാൻസ്ഫോർമർ- മുട്ടിക്കൽറോഡിൽനിന്ന് തെക്കോട്ട് അയ്യപ്പൻനിലത്തുകൂടി കുറ്റിപ്പുറം റോഡിലേക്ക് ലിങ്ക്റോഡ്.
* ട്രാൻസ്ഫോർ- മർമുട്ടിക്കൽ റോഡ്.

6. അംബേദ്കർ കോളനി- തിരൂർ കുട്ടികളത്താണി റോഡ്.
* എലിക്കാട്ടിപറമ്പ്- മസ്ജിദുൽ ഫാറുക് റോഡ്.
* അംബേദ്കർ കോളനിയിൽനിന്ന് പുല്ലാരാൽ- ഇരൂട്ട് തോട് കോളനി റോഡിലേക്ക് ലിങ്ക് റോഡ്.
* വടക്കൻ കുറ്റൂർ ട്രാൻസ്ഫോർമർ- ചുങ്കത്തപ്പാലം റോഡ്.

7. വലിയപറമ്പ്- വയ്യിലതോട് റോഡ്.
* കാഞ്ഞിരക്കോൽ- വയ്യിലതോട് റോഡ്.
* കാഞ്ഞിരക്കോൽ-മദ്രസ്സാ റോഡ്.
* കുട്ടികളത്താണി റോഡിൽനിന്ന് മുളംകുന്നത്ത് നടവഴി റോഡാക്കുക.(പാലം ഉൾപ്പെടെ)

8. മുക്കിലെപീടിക പടിഞ്ഞാറെ ഇടവഴി റോഡാക്കി പുല്ലൂരുമായി ബന്ധിപ്പിക്കുക.
* മമ്മ്യച്ചാൽ- തിരുനിലം റോഡ്

9. പുല്ലൂരാൽ-വെങ്ങാലൂർ പട്ടികജാതി കോളനി റോഡ്.
* പഴേടത്ത് അമ്പലം- മനക്കൽ പടി റോഡ്.(പുല്ലൂരാൽ- വെങ്ങാലൂർ റോഡിനോട് ബന്ധിപ്പിച്ച്)
* വൈരംകോട് റോഡിൽ നിന്ന് ലക്ഷം വീട് 55-ാം നമ്പർ അംഗനവാടിയിലേക്കുള്ള റോഡ്.
* വെങ്ങാലൂർ- പൂല്ലൂരാൽറോഡിൽനിന്ന് തിരുത്തുമ്മൽ അംഗനവാടിയിലേക്കുള്ള റോഡ്
* മേലേപീടികയിൽനിന്ന് അല്ലൂർ റോഡ് ജംഗ്ഷനിലേക്ക് ലിങ്ക് റോഡ്.

10. യാറം മൈതാനി - കുറ്റിപ്പുറം റോഡ് നടവഴി റോഡാക്കുക.
* പ്രസ്തുത റോഡിൽ നിന്ന് മണ്ണറാട്ടിലേക്ക് ഒരുവഴി.
* തണ്ണിക്കുറി ഓവുമുതൽ മഞ്ഞിക്കൊടി, പുതുപ്പള്ളിവഴി മുട്ടിക്കൽ റോഡിലേക്ക് ഒരു റോഡ്.

- ബി.പി.അങ്ങാടി - കളപ്പാട്ടിച്ചിറ-പുളി ഞ്ചോട് മുസ്ല്യാരങ്ങാടി റോഡ് വഴി മണ്ണാറാട്ടിലേക്ക് വഴി.
- കടുവത്തിൽപടി- പുന്നശ്ശേരി റോഡിൽ നിന്നും വടക്കോട്ട് ലക്ഷം വീട്കോ ളനി വഴി മുസ്ല്യാരങ്ങാടി റോഡിലേക്ക് ലിങ്ക് റോഡ്.
- കോലൂപാലം അങ്ങാടിയിൽ അത്താ ണിക്കൽ നിന്ന് വടക്കോട്ട് ഇടക്കാട്ട് പറമ്പിലേക്ക് ലിങ്ക് റോഡ്.
- തണ്ണിക്കുറിഓവ് മുതൽകാരയിൽവരെ ഫൂട് പാത്ത്.
- മനക്കപ്പടിയിൽ നിന്ന് മിച്ചഭൂമിയിലേക്ക് ഫൂട്പാത്ത്.
- ഇന്ദിരാനഗർറോഡിൽ നിന്ന് പടി ഞ്ഞാട്ട് പൊതുവഴി.

11 ഇന്ദിരാനഗർ റോഡിൽനിന്ന് കട്ടച്ചിറ പുഴയിലേക്ക് ഡ്രെയിൻ ഏർപ്പെടു ത്തൽ.

- പുല്ലൂർ സ്കൂൾ പരിസരത്തുനിന്ന് പാറക്കൽ കടവുവരെ റോഡ് .
- വടക്കൻ പുല്ലൂർ റോഡിൽനിന്ന്കുന്നത്ത് ബീരാൻഹാജിയുടെ വടക്ക് ഭാത്തുള്ള ഇടവഴി ഏഴൂർ പുഴവരെ റോഡാ ക്കുക.
- തങ്ങൾസ് റോഡിൽ നിന്ന് യാറംകുളം വഴി വടക്കെ പീടിക റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്
- തങ്ങൾസ് റോഡിൽ നിന്നും കുട്ടികള ത്താണി റോഡിലേക്കുള്ള നടവരമ്പ് റോഡാക്കുക.
- വടക്കൻ പുല്ലൂർ റോഡ് കോട്ടിലത്ത റയുമായി ബന്ധിപ്പിക്കാൻ പാലം.

<u>പുതുതായി നിർമ്മിക്കേണ്ട നടപ്പാലങ്ങൾ:</u>

*<u>വാർഡ്</u>*

2. കൂഞ്ഞുളിക്കടവിൽ പുഴക്ക് കുറുകെ നടപ്പാലം.
3. പൂക്കൈത - അന്നശ്ശേരി റോഡിൽ നിന്ന് മുണ്ടേക്കാട് മൊയ്തീന്റെ പറമ്പിലേക്ക്.
5. കൂരിയിൽ തോടിന്.
7. വടേരി നടപ്പാലം, വടക്കൻകുറ്റൂർ നടപ്പാലം.
   - കെടഞ്ഞി നടപ്പാലം
8. കാരത്തൂരിനേയും കുറ്റൂരിനേയും ബന്ധിപ്പിക്കാൻ ആലംഞ്ചേരി നടപ്പാലം.
10. രണ്ടൊടിപ്പാടത്ത് തോടിന്, മഞ്ഞി ക്കൊടി തൊടിന് ബസ്സ് വെയ്റ്റിംഗ് ഷെഡുകൾ.

ഈ പഞ്ചായത്തിൽ വടക്കേ അങ്ങാടി യിൽ ഒരു സ്വകാര്യവ്യക്തി നിർമ്മിച്ച ബസ്സ് വെയ്റ്റിംഗ് ഷെഡ് ഒഴികെ ബസ്സ് കാത്തു നിൽക്കുന്ന യാത്രക്കാർക്ക് യാതൊരു സൗക ര്യവുമില്ല. B.P. അങ്ങാടി, കുറ്റിപ്പുറം റോഡിൽ, U.P.School പരിസരം, വിശ്വാസ് തീയേറ്ററിന് സമീപം, മാങ്ങാട്ടിരി ജംഗ്ഷൻ, പുളിഞ്ചോട്, എലിക്കാട്ടി പറമ്പ് അങ്ങാടി, വലിയ പറമ്പ് ട്രാൻസ്ഫോർമർ ജംഗ്ഷൻ, വൈരംകോട് റോഡിലെ അല്ലൂർ ജംഗ്ഷൻ, പുല്ലൂരാൽ, തെക്കൻകുറ്റൂർ പോസ്റ്റോഫീ സിന് സമീപം, വൈരംകോട് റോഡ് ചുങ്ക ത്തപ്പാല റോഡ് ജംഗ്ഷൻ, മുക്കിലെ പീടിക എന്നിവടങ്ങളിൽ വെയ്റ്റിഗ് ഷെഡ് നിർമ്മി ക്കേണ്ടതാണ്.

## നിലവിലുള്ള റോഡുകളുടെ പട്ടിക:

| റോഡിന്റെ പേര് | ദൂരം K.M | വീതി.M | റോഡിന്റെ തരം | | | |
|---|---|---|---|---|---|---|
| | | | ടാർഡ് | മെറ്റൽഡ് | ഗ്രാവൽഡ് | മണ്ണ് റോഡ് |
| കോലൂപാലം-മുസ്ല്യാരങ്ങാടി | 0.417 | 6M | | | | |
| മാങ്ങാട്ടിരി-കുഞ്ഞുളിക്കടവ് | 1.200 | 6M | | | | |
| മാങ്ങാട്ടിരി-കോടീരിമന | 0.600 | 8M | | | | |
| തെക്കുംമുറി-കട്ടച്ചിറ | 0.635 | 6M | | | | |
| കോലൂപാലം-തെക്കൻകുറ്റൂർ ആനപ്പടി | 1.400 | 6M | | | | |
| തെക്കൻകുറ്റൂർ-അല്ലൂർ | 0.800 | 6.70M | | | | |
| പൂക്കൈത-അന്നശ്ശേരി | 1.600 | 8M | | | | |
| ചുങ്കത്തറപ്പാലം-ഏഴൂർ | 0.700 | 8M | | | | |
| ഗേൾസ് ഹൈസ്കൂൾ-തലൂർകൈനിക്കര | 1.111 | 6M | | | | |
| ബി.പി.അങ്ങാടി-കട്ടച്ചിറ | 1.600 | 4.50M | | | | |
| എലിക്കോട്ടിപറമ്പ്-വടക്കൻ പുല്ലൂർ | 0.700 | 4M | | | | |
| അറവഞ്ചേരി-കുറ്റൂർ | 1.160 | 6M | | | | |
| തെക്കൻകുറ്റൂർ-മുക്കലപീടിക | 0.280 | 6M | | | | |
| പുളിഞ്ചോട്-പൂക്കൈത | 0.400 | 5M | | | | |
| കണ്ണംകുളം-മുട്ടിക്കൽ | 0.440 | 4M | | | | |
| കോലൂപാലം-വെങ്ങാലൂർ | 0.500 | 6M | | | | |
| പൂഴികുന്ന്-ഹനുമാൻകാവ് | 0.250 | 4M | | | | |
| പുല്ലൂരാൽ-ഇരുട്ട് തോട്കോളനി | 0.910 | 4M | | | | |
| മാങ്ങാട്ടിരി-കുഞ്ഞൂളിക്കടവ് | 2.000 | 6M | | | | |
| പുളിഞ്ചോട്-പൂക്കൈത | 1.000 | 5M | | | | |
| ചെറിയേരിക്കാവ് റോഡ് | 0.500 | 5M | | | | |
| പൂഴിക്കുന്ന്-ഹനുമാൻകാവ് | 0.350 | 5M | | | | |
| മണ്ണാറാട്-എടശ്ശേരി ലക്ഷംവീട് കോളനി | 0.500 | 4M | | | | |
| നെല്ലൂളി-കോടീരിമന | 0.600 | 4M | | | | |
| ഗേൾസ്ഹൈസ്കൂൾ-അയ്യപ്പൻകാവ് | 0.228 | 4M | | | | |
| പുല്ലൂരാൽ-വെങ്ങാലൂർ | 1.370 | 4M | | | | |
| എടശ്ശേരി ലക്ഷംവീട്കോളനി-കോലൂപാലം | 1.040 | 3M | | | | |
| ബി.പി.അങ്ങാടി-ലിങ്ക് റോഡ് | 0.120 | 3.50M | | | | |
| ഇന്ദിരാനഗർ റോഡ് | 0.639 | 4.50M | | | | |
| വലിയപറമ്പ് -കച്ചേരിക്കുളം | 0.240 | 4M | | | | |
| തലൂക്കര-പതിനാലുകണ്ടി | 0.212 | 3.50M | | | | |
| കണ്ണംകുളം-മുട്ടിക്കൽ | 0.450 | 4M | | | | |
| കോട്ടക്കളം-നെഞ്ചാത്ത്പ്പടി | 0.220 | 4M | | | | |
| വിശ്വാസ്-കട്ടച്ചിറ | 0.700 | 4M | | | | |

| റോഡിന്റെ പേര് | ദൂരം K.M | വീതി.M | റോഡിന്റെ തര | | | |
|---|---|---|---|---|---|---|
| | | | ടാർഡ് | മെറ്റൽഡ് | ഗ്രാവൽഡ് | മൺ റോഡ് |
| പൂഴിക്കുന്ന്-ഹനുമാൻകാവ് | 0.235 | 4M | | | | |
| പുല്ലൂരാൽ-ചാലിനിലം | 0.940 | 4.50M | | | | |
| വടക്കേഅങ്ങാടി-കല്ലൂക്കടവ് | 0.943 | 4.50M | | | | |
| തെക്കൻകുറ്റൂർ-സൗത്ത്പുല്ലൂർ | 1.309 | 4M | | | | |
| വെങ്ങാലൂർ-മുട്ടിക്കൽ | 1:192 | 6M | | | | |
| വെള്ളാമഞ്ചേരി-വീരാൻകുട്ടിപ്പടി | 0.235 | 3M | | | | |
| തറയിൽമുഹമ്മദ്പ്പടി-പാറശ്ശേരി | 0.033 | 3M | | | | |
| പുന്നശ്ശേരിപടി-മനക്കൽപടി | 0.204 | 4M | | | | |
| കടുവത്തിൽപടി-പുന്നശ്ശേരിപടി (റെയിൽവെസ്ഥലം മുതൽ കുറ്റ്യാൽത്തോട് വരെ) | 0.370 | 5M | | | | |

ഗതാഗത രംഗത്തെ വികാസാവശ്യങ്ങൾ അതി ഭീമമായിരിക്കെ, പഞ്ചായത്ത് ഫണ്ടിന്റെ ശേഷി ഈ രംഗത്ത് ബഹുജനപങ്കാളിത്തത്തിന്റെ ആവശ്യകത അനിവാര്യമാക്കുന്നു. പുതിയ റോഡുകളുടെ നിർമ്മാണം പൂർണ്ണമായും ശ്രമദാനമായും സംഘടിപ്പിക്കേണ്ടതാണ്. നിലവിലുള്ള റോഡുകളുടെ വികസനപ്രവൃത്തികൾക്ക് വരുന്ന ചെലവിന്റെ മൂന്നിലൊന്നെങ്കിലും തദ്ദേശീയരുടെ സംഭാവന മൂലം സംഘടിപ്പിക്കേണ്ടതാണ്.

# ഊർജ്ജം

വൈദ്യുതി ഈ പഞ്ചായത്തിൽ 1950 കളുടെ തുടക്കത്തിൽ തന്നെ എത്തിയെങ്കിലും ആയത് ബി.പി. അങ്ങാടി ടൗണിലും മാങ്ങാട്ടിരി തുളുത്തി പരിസരത്തുമായി ഒതുങ്ങി നിന്നു. തിരൂർ സെക്ഷന്റെ പരിതിയിലായിരുന്നു ഈ പ്രദേശം. ഇന്ന് ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം തിരൂർ ഈസ്റ്റ്, പുത്തനത്താണി, ആലത്തിയൂർ, തിരൂർ വെസ്റ്റ് എന്നീ നാലു സെക്ഷനുകളുടെ പരിധിയിലായി വ്യാപിച്ചിരിക്കുന്നു. ഈ പഞ്ചായത്തിന് മാത്രമായി ഒരു വൈദ്യുതി സെക്ഷൻ നിലവിലില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലൂടെയും വൈദ്യുത ലൈൻ കടന്നു പോകുന്നുണ്ടെങ്കിലും വിവിധ വാർഡുകളിലെ ഉൾപ്രദേശങ്ങളിലും ലക്ഷം വീട് കോളനികളിലും പല പട്ടികജാതി കോളനികളിലും വൈദ്യുതി ഇത് വരെ എത്തിയിട്ടില്ല.

മലബാർ പ്രദേശത്ത് പൊതുപ്രശ്നമായ വോൾട്ടേജ് ക്ഷാമം ഈ പഞ്ചായത്തിലും അതിരൂക്ഷമാണ്. സന്ധ്യമുതൽ രാത്രി പത്ത് മണിവരെ മിനുങ്ങിക്കത്തുന്ന വൈദ്യുത വിളക്കുകൾ ആയിരക്കണക്കായ വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ വരെ സാരമായി ബാധിക്കുന്നു. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സന്നദ്ധതയുള്ള സംരംഭകരെ വൈദ്യുതിയുടെ അപര്യാപ്തത പുനർവിചിന്തനത്തിന് പ്രേരിപ്പിക്കുന്നു. ഈ മേഘലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുമെന്ന് വിശ്വസിച്ചിരുന്ന എടപ്പാൾ-തിരൂർ 66 KV ഹൈടെൻഷൻ ലൈനിന്റെ നിർമ്മാണപ്രവൃത്തി ആരംഭിച്ചുവെങ്കിലും ഇപ്പോഴും എവിടെയും എത്താത്ത അവസ്ഥയാണ്. ഈ പദ്ധതി പൂർത്തീകരിക്കാൻ വൈദ്യുതി ബോർഡിന്റെ സത്വരനടപടി ഉണ്ടാകേണ്ടതാണ്.

ഈ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി ഇരുപതോളം ട്രാൻസ്ഫോർമറുകൾ ഉണ്ട്. 1,2,3,11, എന്നീ വാർഡുകളിൽ ഉൾപ്പെടുന്ന പൂകൈത പ്രദേശത്തും തെക്കൻകുറ്റൂർ എ.എൽ.പി.സ്കൂളിനരികിലും, കാഞ്ഞിരക്കോലിലും, കോട്ടത്തറയിലും, വടക്കൻപുല്ലൂരിലുംഓരോ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ:

സെക്ഷൻ ഓഫീസുകൾ വിവിധ സ്ഥലങ്ങളിൽ ആയതിനാൽ ഉപഭോക്താക്കൾക്കും ജനപ്രതിനിധികൾക്കും പൊതു പ്രവൃത്തകർക്കും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിഷമം അനുഭവപ്പെടുന്നു. ആലത്തിയൂർ സെക്ഷനിൽ സ്പോട്ട് ബില്ലിംഗ് നിലവിലുള്ളപ്പോൾ മറ്റു സെക്ഷനുകളിൽ സ്ലാബ് സമ്പ്രദായമാണ് തുടരുന്നത്. സ്ലാബ് സിസ്റ്റം ഉപഭോക്താക്കൾക്ക് സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുന്നു. ഉപഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചുവെങ്കിലും ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാത്തതിനാൽ യഥാസമയം വൈദ്യുത തകരാറുകൾ പരിഹരിക്കുന്നതിൽ കാലതാമസം നേരിടുന്നു.

## തെരുവു വിളക്കുകൾ

145 ബൾബുകളും, 12 ട്യൂബ് ലൈറ്റുകളും 19 സോഡിയം വേപ്പർ ലൈറ്റുകൾ ഉൾപ്പെടെ 176 തരുവ് വിളക്കുകൾ പഞ്ചായത്തിലുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾ യഥാസമയം കത്തുന്നില്ല. എന്നത് വർഷങ്ങളായി നിലനിൽക്കുന്ന പരാധിയാണ്.സ്ട്രീറ്റ് ലൈറ്റുകൾക്കാലാകാലങ്ങളിൽ കാര്യമായി കത്തിക്കുന്നതിന് ഇലക്ട്രിക്കൽ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ ഗ്രാമസഭകളിലും നിന്ന് ഉയർന്ന വന്ന മുഖ്യ ആവശ്യം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയാണ്. വൈദ്യുതിബോർഡ് വർഷത്തിൽ ഒരു പഞ്ചായത്തിൽ പുതുതായി 12 തെരുവ് വിളക്കുകൾ മാത്രമെ സ്ഥാപിക്കുന്നുള്ളൂ. ആവശ്യമായ ഉപകരണങ്ങളുടെ ലഭ്യത കുറവ് കാരണം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പുതുതായി യാതൊരു തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടില്ല. ഇത് വർദ്ദിപ്പിച്ചാൽ മാത്രമേ ജനകീയാവശ്യം നിറവേറ്റപ്പെടുകയുള്ളൂ. വ്യാപാരസ്ഥാപനങ്ങളിലും സമ്പന്ന കുടുംബങ്ങളിലും യാതൊരു തത്വദീക്ഷയുമില്ലാതെ സ്റ്റെപ്പപ്പ് ഉപയോഗിക്കുന്നതുകാരണം സാധാരണക്കാരായ ഉപഭോക്താക്കൾക്കുള്ള വിഷമതകൾ പരിഹരിക്കുന്നതിന് സത്വര നടപടി ആവശ്യമാണ്.

## പുതുതായി സ്ഥാപിക്കേണ്ട സ്ട്രീറ്റ് ലൈറ്റുകൾ.

മാങ്ങാട്ടിരി അങ്ങാടിമുതൽ കോടീരി മന പഞ്ചായത്ത് അതിർത്തിവരെ പുതുതായി സ്ഥാപിക്കേണ്ട സോഡിയം പേപ്പർ ലാമ്പുകൾ:

1. മാങ്ങാട്ടിരി ജി.എൽ.പി.സ്കൂളിന്സമീപം
2. പൂകൈത റോഡിൽ കല്ലൂക്കടവ് ജംഗ്ഷൻ
3. പൂകൈത - അന്നശ്ശേരി റോഡിൽ പഞ്ചായത്ത് അതിർത്തിയിൽ
4. പള്ളിപറമ്പ് പട്ടികജാതി കോളനിയിൽ
5. പുല്ലൂർ അംബേദ്കർ കോളനിയിൽ
6. പുല്ലൂർ മദ്രസയ്ക്ക് സമീപം മില്ലുംപടിയിൽ
7. കുട്ടികളത്താണി റോഡിൽ പുല്ലൂരാൻ ഇരൂട്ട് തോട് ജംഗ്ഷനിൽ
8. വൈരംകോട് റോഡിൽ മസ്ജിദുൽ ഫാറൂഖ് പരിസരം
9. തെക്കൻകുറ്റൂർ റെയിൽവെഗേറ്റിന് സമീപം
10. ഒസ്സാൻപടിക്ക് സമീപം
11. കുറ്റ്യാൽ ജംഗ്ഷനിൽ
12. വടക്കൻ പുല്ലൂരിൽ മേടപ്പറമ്പിൽ
13. ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന് സമീപം
14. കാഞ്ഞിരക്കോൽ ട്രാൻസ്ഫോർമർ ജംഗ്ഷൻ
15. പാറശ്ശേരി പഞ്ചായത്ത് അതിർത്തിയിൽ
16. കുറ്റിപ്പുറം റോഡിൽ അരിപ്പിലത്തോട് കണ്ണംകുളം എടക്കാട് പറമ്പ് എന്നിവിടങ്ങളിൽ
17. തെക്കൻകുറ്റൂർ, മേലേപീടിക, കമ്മറമ്പ് എന്നിവിടങ്ങളിലും കോലൂപാലത്തും
18. അല്ലൂർ റോഡ് ജംഗ്ഷനിൽ
19. കാഞ്ഞിരക്കോൽ വയ്യിലത്തോട് ഇടവഴി തുടങ്ങുന്ന ഭാഗം
20. അല്ലൂർ സലഫി പള്ളിക്ക് സമീപം
21. മാങ്ങാട്ടിരി കോട്ടപ്പടിക്കൽ

## സാധ്യതകൾ:

## സാധ്യതകൾ:

പഞ്ചായത്തിന് പൊതുവായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുക. വൈദ്യുതി ചോർച്ച തടയുന്നതിനും യഥാസമയം അറ്റകുറ്റ പണി നടത്തുന്നതിനും മരച്ചില്ലകളും മറ്റും വൈദ്യുതലൈനിൽ തട്ടി ഉണ്ടാക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിന് മാത്രമായി പ്രത്യേക സംവിധാനങ്ങൾ പ്രദേശികതലങ്ങളിൽ ഉണ്ടാവേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റുകൾ രണ്ടുമാസത്തിലൊരിക്കലെങ്കിലും വൈദ്യുതിബോർഡ് അധികൃതരുടേയും പഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ പരിശോദനക്ക് വിധേയമാകേണ്ടതാണ്.

പഞ്ചയത്തൽ ഒട്ടുമിക്കകുടുംബങ്ങളും പരമ്പരാഗത രീതിയിൽ വിറക് ഉപയോഗിച്ച് പാചകം നടത്തുന്നവരാണ്. പുകയില്ലാത്ത അടുപ്പുകൾ സാധാരണക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് വ്യാപകമായ ബോധവത്കരണം ആവശ്യമാണ്. പാചക ഗ്യാസ് വിതരണത്തിന് ഈ പഞ്ചായത്തിൽ സ്ഥാപനങ്ങളൊന്നും ഇല്ല. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പാചകവിതരണ ഏജൻസി ഈ പഞ്ചായത്തിൽ അനുവദിക്കേണ്ടതാണ്. വൈദ്യുതി ദുരുപയോഗം തടയുന്നതിനും വൈദ്യുതി കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി ബോർഡിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉപയോഗം വ്യാപകമാക്കേണ്ട ഈ കാലഘട്ടത്തിൽ സോളാർ ലാമ്പുകളുടേയും കവലവിലക്കുകളുടേയും പ്രചരണത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

## മാർക്കറ്റ്

ഈ പഞ്ചായത്തിലെ മുഖ്യകാർഷിക വിളകൾ നെല്ല് നാളികേരം അടക്ക എന്നിവയാണ്. കർഷകർക്ക് സ്വന്തം ആവശ്യത്തിന് മാത്രമേ നെല്ലുല്പാദനം പര്യാപ്തമാകുകയുള്ളൂ. നെല്ല് വില്പന ഈ പ്രദേശത്ത് നിലവിലില്ല. നാളികേരം, അടക്ക എന്നിവ കൃഷിക്കാർ തദ്ദേശിയരായി ചെറുകിട വ്യാപാരികൾക്ക് നൽകുകയാണ് പതിവ്. ഇവർ ആയത് സംസ്കരിച്ച് അകലെയുള്ള വിപണികളിൽ എത്തിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.

നാളികേരം, അടക്ക എന്നിവയുടെ ഉത്പാദകന് ആദായകരീതിയിൽ വില ലഭിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിന് പര്യാപ്തമായ ഒരു വിപണന ശൃംഖല സഹകരണമേഖലയിൽ കെട്ടിപ്പടുക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു മത്സ്യമാർക്കറ്റ് മാത്രമാണ് നിലവിലുള്ളത്. ഈ മത്സ്യമാർക്കറ്റ് വികസനത്തിനും ഷോപ്പിംങ്ങ് കോംപ്ലക്സിനുമായി പഞ്ചായത്ത് വിലക്കെടുത്ത് സ്ഥലത്തിന്റെ വടക്കേ അതിരിനോട് ചേർന്ന് മത്സ്യമാംസ വിൽപ്പനക്കായി ആധുനിക രീതിയിൽ ചില സ്റ്റാളുകൾ നിർമ്മിക്കേണ്ടതാണ്. ഈ സ്റ്റാളുകൾ ശുദ്ധീകരിച്ച് മാലിന്യങ്ങളും മലിനജലവും ടാങ്കുകളിൽ ശേഖരിച്ച് പൈപ്പുവഴി തോട്ടത്തിലേക്ക് ഒഴുക്കികളയുന്നതിന് സംവിധാനം ഏർപ്പെടുത്തണം. ഷോപ്പിംങ്ങ് കോംപ്ലക്സിന് നീക്കിവച്ച സ്ഥലത്ത് അടുത്ത 5 വർഷങ്ങൾക്കുള്ളിൽ ഘട്ടംഘട്ടമായി ആധുനിക സൗകര്യങ്ങളോടെ ഒരു കല്ല്യാണമണ്ഡപം, കോൺഫറൻസ് ഹാൾ എന്നിവ നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള ഷോപ്പിംങ്ങ് കോംപ്ലക്സ് രണ്ട് നില കൂടി പണിയുന്നതിന് നടപടികൾ ഉണ്ടാവേണ്ടതാണ്.

# 7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

**ചെയർമാൻ** : എം കുഞ്ഞിബാപ്പു.
**കൺവീനർ** : ജി. വിജയകുമാർ
**അംഗങ്ങൾ** : ഇ. മൊയ്തീൻ ഹാജി
കെ. സുഹറ
പി. മൊയ്തീൻ
പി. സുരേഷ്
കെ. സുബ്രഹ്മണ്യൻ
പി. ഹരിദാസൻ നായർ
ടി. അബ്ദുറഹിമാൻ

221



# സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ജനവിഭാഗത്തിന്റെ ജീവിതരീതിയും നിലവാരവും പരിശോധിച്ചാൽ ആകെയുള്ള കുടുംബങ്ങളിൽ 40% കുടുംബങ്ങളും ദരിദ്രരേഖയ്ക്ക് താഴെയാണ്. ഇവർ മിക്കവരും കൂലിപ്പണിയെടുത്ത് ജീവിക്കുന്നവർ ആണ്. ഈ ജനവിഭാഗത്തിന്റെ ഉന്നമനത്തിന്നായി പലസാമൂഹ്യക്ഷേമ പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഈ സാമൂഹ്യക്ഷേമ പദ്ധതികൾ രണ്ടു തരത്തിൽ തിരിക്കാവുന്നതാണ്.. 1, കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ചേർന്നു നടപ്പിലാക്കുന്ന പദ്ധതികൾ

2, തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികൾ

പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന ദരിദ്ര നിർമ്മാജ്ജന പദ്ധതി I.R.D.P ആണ് നാളിതുവരെ പഞ്ചായത്തിൽ I.R.D.P പദ്ധതിയിലൂടെ സഹായം ലഭിച്ചിട്ടുള്ള കുടുംബങ്ങൾ താഴെ പറയും പ്രകാരമാണ്

നാളിതുവരെ IRDP സഹായം ലഭിച്ച 1026 കുടുംബങ്ങൾ ഉണ്ടെങ്കിലും 1992ൽ നടത്തിയ IRDP സർവ്വേ പ്രകാരം പഞ്ചായത്തിലെ ദാരിദ്ര രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ കണക്ക് അടുത്ത പേജിൽ പറയുംപ്രകാരമാണ്

ഈ സർവ്വേ ലിസ്റ്റിൽ ഉൾപ്പെടാത്തതും ദാരിദ്ര രേഖയ്ക്ക് താഴെയുള്ളതുമായ നിരവധി കുടുംബങ്ങൾ ഇനിയും ഉണ്ട് എന്നത് ഒരു വസ്തുതയാണ്. ഈ കുടുംബങ്ങളുടെ ഉന്നമനത്തിന് പദ്ധതിയുടെ വിപുലീകരണം ഇനിയും ആവശ്യമാണ്. പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് ഗ്രാമീണയുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം കൊടുത്ത് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ട്രൈസം പദ്ധതി.

നാളിതുവരെ ട്രൈസം പദ്ധതിയിൽ സഹായം കൊടുത്തവരുടെ കണക്ക് താഴെ

പറയുംപ്രകാരമാണ്.

| വാർഡ് | പരിശീലന വിഷയം | പരിശീലനം നേടിയവരുടെ എണ്ണം | സ്വയം തൊഴിൽ തുടങ്ങിയവർ | മറ്റു തൊഴിലുകൾ തുടങ്ങിയവർ |
|---|---|---|---|---|
| 1, | ഇലക്ട്രോണിക് | 3 | - | 3 |
| 2, | d | 4 | - | 4 |
| 3, | d | 3 | - | 3 |
| 4, | d | 2 | - | 2 |
| 5, | d | 3 | - | 3 |
| 6, | d | 2 | - | 2 |
| 9, | d | 1 | - | 1 |
| 10 | d | 1 | - | 1 |
| 1 | പ്രിന്റിംഗ് & കമ്പോസിംഗ് | 4 | - | 4 |
| 2 | d | 3 | - | 3 |
| 4 | d | 3 | - | 3 |
| 5 | d | 3 | - | 3 |
| 6 | d | 6 | - | 6 |
| 7 | d | 3 | - | 3 |
| 8 | d | 3 | - | 3 |
| 9 | d | 4 | - | 4 |
| 2 | വെൽഡിംഗ് | 1 | - | 1 |
| 9 | d | 2 | - | 2 |
| | ആകെ | 51 | - | 51 |

മൊത്തം 51 പേർ തൊഴിൽ പരിശീലനം നേടിയെങ്കിലും ആരും തന്നെ സ്വയം തൊഴിൽ യുണിറ്റ്തുടങ്ങുന്നതിന് തയ്യാറായിട്ടില്ല എന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്. ഇതിന് കാരണം പരിശീലനാർത്ഥിക്ക് അഭിരുചിയുള്ള ട്രേഡിൽ പരിശീലനം കൊടുക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ്. പ്രിന്റിംഗ് & കമ്പോസിംഗ് പരിശീലനം നേടിയവർ എല്ലാം തന്നെ സ്ത്രീകൾ ആണ്. അവർ ഒരു പ്രസ്സ് ആരംഭിക്കുക എന്ന ലക്ഷ്യത്തിലേക്ക് വരാൻ തയ്യാറാകുന്നില്ല. ഒരു പരിധിവരെഇതിന് കാരണം വർദ്ധിച്ച സാമ്പത്തിക ബാധ്യതയും ഒപ്പം സ്ത്രീകൾ സ്വയം തൊഴിൽ കണ്ടെത്തുന്നതിൽ വിമുഖത കാണിക്കുന്നു എന്നതുമാണ്. ഇത് മാറ്റുന്നതിന് തീവ്രമായ രീതിയിലുള്ള ബോധവൽകരണം ആവശ്യമാണ്.

ഗ്രാമീണ സ്ത്രീകളെ തൊഴിൽ സംരം

| വാർഡ് | തൊഴിൽ സംരംഭം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | പുഴയിൽ ചെമ്മീൻ പിടിച്ച് ഉണക്കിവിൽക്കുക | 10 |
| V | കറവ് മാട് വളർത്തൽ | 8 |
| VII | ആട് വളർത്തൽ | 12 |
| VIII | ബീഡി തെറിപ്പ്, ആടു വളർത്തൽ | 18 |
| X | 1, കുട്ട നെയ്ത്ത് | 9 |
| | 2, ആട് വളർത്തൽ | 11 |

| വാർഡ് നമ്പർ | SC | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 1 | 33 | 56 | 89 |
| 2 | 29 | 60 | 89 |
| 3 | 18 | 48 | 66 |
| 4 | 12 | 66 | 78 |
| 5 | 40 | 87 | 127 |
| 6 | 59 | 102 | 161 |
| 7 | 36 | 42 | 78 |
| 8 | 40 | 72 | 112 |
| 9 | 68 | 60 | 128 |
| 10 | 38 | 60 | 98 |
| ആകെ | 373 | 653 | 1026 |

| വാർഡ് നമ്പർ | SC | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 1 | 14 | 45 | 59 |
| 2 | 2 | 47 | 49 |
| 3 | - | 97 | 97 |
| 4 | - | 76 | 76 |
| 5 | 1 | 178 | 179 |
| 6 | 5 | 171 | 176 |
| 7 | - | 122 | 122 |
| 8 | - | 134 | 134 |
| 9 | 1 | 139 | 140 |
| 10 | 3 | 72 | 75 |
| ആകെ. | 26 | 1081 | 1107 |

ഭകരാക്കി മാറ്റുന്നതിന് വേണ്ടി പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് D.W.C.R.A ഇതിന്റെ നാളിതുവരെയുള്ള പുരോഗതി താഴെ പറയും പ്രകാരമാണ്.

പഞ്ചായത്തിലെ D.W.C.R.A യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂടുതൽ സാമ്പത്തിക വരുമാനം ലഭ്യ വിമുക്ത പദ്ധതികൾക ണ്ടെത്തുന്നതിൽ വിജയിച്ചിട്ടില്ല. ഇതിന് പ്രധാന കാരണം സ്ത്രീകളുടെ കൂട്ടായ്മയിൽ ഉള്ള പോയരായ്മയാണ്. ഇത് പരിഹരിക്കുന്നതിന് ബോധവൽകരണം ആവശ്യമാണ്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗ്രാമീണ കൈത്തൊഴിലുകാർക്കും തൊഴിലുപകരണങ്ങൾ കൊടുക്കുന്ന പദ്ധതികൾ വളറെ കുറച്ച് വ്യക്തികൾക്ക് മാത്രമേ സഹായം ലഭിച്ചിട്ടുള്ളു. പഞ്ചായത്തിൽ ആകെ 28 വ്യക്തികൾക്ക് മാത്രമേ ഈ പദ്ധതിയിൽ സഹായം ലഭിച്ചിട്ടുള്ളു. ഇതിന് പ്രധാന കാരണം ഇങ്ങിനെയുള്ള വിഭാഗത്തിന്റെ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എണ്ണം പരിമിതമാണ് എന്നതാണ്. ഇത് മാറണം. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ ഇപ്പോൾ 14 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ സ്വന്തമായി കെട്ടിടമുള്ള അംഗൺവാടികൾ 4 എണ്ണം മാത്രമാണ്. സ്വന്തം കെട്ടിട നിർമ്മാണത്തിന്ന് ഉതകുന്ന രീതിയിൽ സ്ഥലംമുള്ള അംഗൻവാടികൾ 4 എണ്ണം മാത്രമാണ്. അംഗൺവാടികളുടെ പൊതുവെയുള്ള ഭൗതിക സാഹചര്യങ്ങൾ വളരെ ശോചനീയമാണ്. എന്നിരുന്നാലും ഈ അംഗൻവാടികളുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാര വിതരണവും ആരോഗ്യ ബോധവൽകരണവും പ്രതിരോധ ചികിത്സകളും ഒരളവുവരെ നല്ല നിലയിൽ നടക്കുന്നുണ്ട്.

മഹിളാ സമാജത്തിന്റെ പ്രവർത്തനം പഞ്ചായത്തിൽ നാമമാത്രമാണ്. ആകെ 2 മഹിളാ സമാജമാണ് പഞ്ചായത്തിൽ ഉള്ളത്. ഇവയുടെ പ്രവർത്തനവും വേണ്ടരീതിയിൽ നടക്കുന്നില്ല എന്നത് വസ്തുതയാണ്.

പൊതുവിതരണ രംഗത്തെ കാര്യം പരിശോധിച്ചാൽ റേഷൻ കടകൾ കൂടാതെ ഒരു മാവേലി സ്റ്റോർ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്. ഇതിന്റെ സേവനം പഞ്ചായത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുന്നില്ല.

പഞ്ചായത്തിൽ നടപ്പിലുള്ള മറ്റ് ക്ഷേമ പദ്ധതികളിൽ സഹായം ലഭിക്കുന്നവരുടെ കണക്ക് താഴെ പറയുംപ്രകാരമാണ്.

1, വിധവാ പെൻഷൻ 158

2, വികലാംഗ പെൻഷൻ 50

3, വാർദ്ധക്യകാല പെൻഷൻ 49

4, കുഷ്ടരോഗ പെൻഷൻ 2

വികലാംഗർക്ക് ഉള്ള യാത്രാബത്ത, വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ്, തൊഴിൽ പരിശീലന സ്കോളർഷിപ്പ്, ബുദ്ധിമാനന്ദ്യ സ്കോളഷിപ്പ് വികലാംഗ സംരക്ഷണ ഭവനം, മിശ്രവിവാഹ ധനസഹായം, വികലാംഗ ക്ഷേമ സന്നദ്ധ സംഘടനാ സഹായം, വികലാംഗ ഉപകരണം, അന്ധ അഭിഭാ.ക ധന സഹായം, വാഹനഉടമ വികലാംഗ പെട്രോൾ സബ്സിഡി തുടങ്ങിയ ക്ഷേമ പദ്ധതികളുടെ സഹായം ആരും ഉപയോഗപ്പെടുത്തികാണുന്നില്ല. ഇതിന്റെ പ്രധാന കാരണം ഇവയെക്കുറിച്ച് ജനവിഭാഗത്തിനുള്ള അറിവില്ലായ്മയാണ് എന്ന് കരുതുന്നു. ആയതിനാൽ ഇത്തരം ക്ഷേമ പദ്ധതികളെ കുറിച്ച് ബോധവൽകരണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കേണ്ടിയിരക്കുന്നു.

മേൽപറഞ്ഞ ക്ഷേമ പ്രവർത്തനങ്ങൾ കുടാതെ തൊഴിൽ രഹിത വേതനം, കർഷകത്തൊഴിലാളി പെൻഷൻ എന്നീ ക്ഷേമ പദ്ധതികളും പഞ്ചായത്തിൽ നടപ്പിലുണ്ട് എങ്കിലും ഇവയുടെ ഗുണം വളരെകുറച്ച്പേർക്ക് മാത്രമേ ലഭിക്കുന്നുള്ളു എന്നതാണ് പൊതുവെ മനസ്സിലാക്കാൻ കഴിയുന്നത്. ദാരിദ്ര നിർമാജ്ജന പദ്ധതികൾ വളരെ കുറച്ചു കുടുംബങ്ങൾക്ക് മാത്രമേ പ്രയോജപ്പെടുന്നുള്ളു. ഇതിന് പ്രധാന കാരണം ഇപ്പോൾ

225

നിലവിലുള്ള സർവ്വേ ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കൾക്കളെ ലഭിക്കുന്നില്ല എന്നതും ഏറ്റവും പാവപ്പെട്ട കുടുംബത്തിന് സഹായം കൊടുക്കുക എന്ന രീതി വരുമ്പോൾ ലിസ്റ്റിൽ ആദ്യമുള്ള കുടുംബങ്ങളിൽ പലതും ഇതിന്റെ പ്രയോജനം ഉപയോഗപ്രദമാക്കുന്നതിന് തയ്യാറാകുന്നില്ല എന്നതാണ്. അതുപോലെ വരുമാന പരിധി ഉയർത്തേണ്ട ആവശ്യവും ഉണ്ട്.

ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് ഗുണഭോക്താക്കൾക്ക് സംഖ്യ മുഴുവൻ നേരിട്ട് കൊടുക്കുന്ന സമ്പ്രദായം ഈ വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. എങ്കിലും ഇത് ദുരുപയോഗം ചെയ്യുന്നതും റിക്കവറി നടപടി സ്വീകരിക്കേണ്ടുന്ന നിലയിലുമാണ്. ആയതിനാൽ ഇതിന് ഫലപ്രദമായ മാർഗ്ഗം എന്ത് എന്ന് പരിശോധിക്കേണ്ടതുണ്ട്.

വായ്പകൾ ലഭ്യമാക്കുന്നതിന് ബാങ്കുകൾ പൊതുവെ വിമുഖത കാണിക്കുന്ന പ്രവണതയാണ് നിലവിലുള്ളത്. കുടുംബത്തിന് മുഴുവൻ പ്രയോജനപ്പെടുന്ന വിധത്തിൽ കടുംബത്തിലെ ഒന്നിലധികം ആളുകൾക്കും ധനസഹായം കൊടുക്കുന്നതിന് ബാങ്ക് തയ്യാറാകുന്നില്ല. ഇത് മാറണം.

സാമൂഹ്യ ക്ഷേമപദ്ധതികൾ ഏതൊക്കെ എന്നോ എവിടെ നിന്ന് ലഭിക്കും എന്നോ എങ്ങിനെയാണ് ലഭിക്കുക എന്നോ നല്ലൊരു വിഭാഗം ജനത്തിനും അറിയില്ല. ഇത് മാറ്റുന്നതിന് ബോധവൽകരണം ആവശ്യമാണ്.

ആനുകൂല്യങ്ങൾ അനുവദിച്ചാൽപേലും ആയത് യഥാസമയം ലഭിക്കുന്നില്ല. ഇതും മാറണം.

## സാധ്യതകൾ

1. പഞ്ചായത്തിലെ ദരിദ്രവിഭാത്തിൽപ്പെട്ട കുടുംബങ്ങളുടെ ആവശ്യങ്ങളും ജീവിത നിലവാരവും കാണിക്കുന്ന രേഖ തയ്യാറാക്കേണ്ടതുണ്ട്. ആയത് സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടി സർവ്വേ നടത്തി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

2. IRDP പദ്ധതിയിൽ കൂടുതൽ പേർക്കും തൊഴിൽ ലഭിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പഞ്ചായത്തിലെ പ്രസ്തുത സഹായം ആവശ്യമുള്ള കുടുംബങ്ങളുടെ പുതുക്കിയ ലിസ്റ്റ് അനിവാര്യമായിരിക്കുന്നു.ആയതിനാൽ പ്രസ്തുത നടപടി അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പേ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനോട് അഭ്യർത്ഥിക്കുക.

3. വിവിധ വകുപ്പുകളിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ അനർഹർക്ക് ലഭിക്കുന്നത് ഒഴിവാക്കുന്നതിനും ഒരേ ആൾക്ക്തന്നെ ലഭിക്കുന്നത് ഒഴിവാക്കുന്നതിനും ദാരിദ്ര രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഓരോ കാർഡ് കൊടുക്കുന്നതിനും വിവിധ ഗ്രൂപ്പുകൾവഴി കൊടുക്കുന്ന സഹായങ്ങൾ പ്രസ്തുത കാർഡിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പുകൾ ചെയ്യുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തും.

4. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തും

5. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളുടെ പരാജയത്തിന് കാരണം പദ്ധതികളുടെ തെരഞ്ഞെടുപ്പിലെ അപാകതയാണ്. ഇത് പരിഹരിക്കുന്നതിനും വൈവിധ്യമുള്ള പദ്ധതികളെകുറിച്ച് ഗുണഭോക്താക്കളെ ബോധവൽകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

6. വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന പദ്ധതികളെകുറിച്ച് ജനങ്ങളെ ബോധവൽകരിക്കുന്നതിനും ക്ലാസ്സുകൾ നടത്തുന്നതിനേക്കാൾ ഗുണപ്രദം വൈകുന്നേരങ്ങളിലും മറ്റും ആളുകൾ കൂടുന്ന സ്ഥലത്ത് വെച്ച് സിനിമാ പ്രദർശനം നടത്തുന്നത് ആയതിനാൽ ആ രീതിയിലും വകുപ്പുകളിൽ നിന്ന് പദ്ധതികളെ സംബ

ദ്ധിക്കുന്ന ഫിലിമുകൾ ലഭിച്ചാൽ അവ പഞ്ചായത്തിലെ സിനിമാശാലകളിൽക്കൂടി പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

7. സ്ക്കൂൾ പാഠ്യപദ്ധതിയിൽ തൊഴിൽ പരിശീലനത്തിന്റെ മഹത്വം കുട്ടികൾക്ക് ബോധ്യമാകുന്ന രീതിയിൽഉള്ള പ്രവർത്തനം നടത്തുന്നതിന് സ്ക്കൂൾ വഴി പരിശ്രമിക്കുക.

8. വിദഗ്ദ്ധ തൊഴിൽ പരിശീലനത്തിന് ആവശ്യമായ സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനും അതുപോലെ ട്രൈസം പരിശീലന പരിപാടിയിൽ കൂടുതൽ യുവാക്കളെ പരിശീലിപ്പിക്കുന്നതിനും അത് കഴിഞ്ഞാൽ പ്രസ്തുത തൊഴിൽ തുടങ്ങുന്നതിനും ആവശ്യമായ രീതിയിൽ പ്രസ്തുത പരിപാടി കൂടുതൽ ജനകീയമാക്കുന്നതിന് ശ്രമിക്കുക.

9. പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ DWCRA യൂണിറ്റ് എങ്കിലും ആരംഭിക്കുന്നതിനും പഞ്ചായത്തിൽ കൂടുതൽ ലഭ്യമായ നാളികേരം ഉപയോഗിച്ച് ഉള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രസ്തുതപരിപാടിയിൽ വനിതകൾക്ക് ബോധവൽകരണം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

10. പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ മഹിളാസമാജങ്ങൾ എങ്കിലും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക ഒപ്പം അവ കേന്ദ്രീകരിച്ചും പോഷകാഹാര വിതരണം ആരോഗ്യ ബോധവൽകരണ പരിപാടികൾ എന്നിവ ആരംഭിക്കും

11 പഞ്ചായത്തിലെ എല്ലാ അംഗൻവാടികളേയും സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഒപ്പം പുതുതായി 4 അംഗനവാടികൾ എങ്കിലും ആവശ്യമായിരിക്കുന്നതിനാൽ അതിനുള്ള നട

| വാർഡ് | മാളിക | ടെറസ് | ഓട് | ഓലക്കുടിൽ | ആകെ |
|---|---|---|---|---|---|
| I | 23 | 310 | 260 | 57 | 650 |
| II | 7 | 109 | 180 | 98 | 394 |
| III | 40 | 126 | 194 | 139 | 499 |
| IV | 91 | 207 | 393 | 98 | 782 |
| V | 122 | 160 | 303 | 191 | 776 |
| VI | 94 | 305 | 181 | 58 | 638 |
| VII | 45 | 204 | 428 | 61 | 738 |
| VIII | 112 | 243 | 175 | 95 | 625 |
| IX | 182 | 74 | 227 | 128 | 611 |
| X | 64 | 125 | 146 | 171 | 506 |
| **ആകെ** | **780** | **1863** | **2487** | **1096** | **6226** |

പടി സ്വീകരിക്കും.

12 ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ ഒരു വനിതാ സഹകരണ ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## പാർപ്പിടം

1. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രധാന ഘടകമാണ്. എങ്കിലും അത് ഭവന നിർമ്മാണ രംഗത്ത് മാത്രം ഒതുങ്ങി നിൽക്കുന്നു

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ അധികവും. അതിനാൽ പഞ്ചായത്തിലെ മിക്ക വീടുകളും കുടിലുകളും ഇടത്തരം വീടുകളുമാണ്.

പഞ്ചായത്തിലെ 6226 വീടുകളിൽ 2643 വീടുകൾ ഭേദപ്പെട്ടതും 2487 വീടുകൾ ഇടത്തരവും ബാക്കി 1096 വീടുകൾ കുടിലുകളോ, ഓല മേഞ്ഞതോ ആണ്. ഇതിൽ 1500 വീടുകൾ മാർബിൾ മൊസൈക്കും, കടപ്പ എന്നിവ കൊണ്ടും ഉണ്ടാക്കിയിട്ടുള്ളതുമാണ്.

പഞ്ചായത്തിലെ മൊത്തം വീടുകളുടെ ഒരു നിലവാരം താഴെ പട്ടികയിൽ കാണിക്കും പ്രകാരമാണ്

2. 1990 മുതൽ പഞ്ചായത്തിൽ പൊതുവെയുള്ള വീട്ടിന്റെ നിർമ്മാണ രീതി പരിശോധിച്ചാൽ കോൺക്രീറ്റുകളുടെ എണ്ണം കൂടുന്നതായി കാണാം. കാർഷിക മേഖലയെ ദോഷമായി ബാധിക്കുന്ന വയൽ നികത്തി വീട് നിർമ്മിക്കുന്ന പ്രവണതയും പഞ്ചായത്തിൽ കാണുന്നു.

തിരൂർ കാർഷിക വികസന ബാങ്കിന്റെ ഭവനനിർമ്മാണ പദ്ധതി ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ പലവീടുകളും ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും അത് നാമമാത്രമാണ്. അതിന് പ്രധാന കാരണം ബാങ്കിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള നിയമ വ്യവസ്ഥയിലെ സങ്കീർണ്ണതയാണ്. അത് ഉദാരമാക്കേണ്ടതാണ്.

| WARD | JRY | IAY | Million Well | NREP | RLEGP |
|---|---|---|---|---|---|
| 1 | 3 | 2 | 2 | - | - |
| 2 | 2 | 2 | - | 5 | - |
| 3 | - | - | - | - | - |
| 4 | 2 | 2 | - | - | - |
| 5 | 2 | 2 | 2 | 5 | - |
| 6 | 1 | 3 | 9 | - | - |
| 7 | 4 | 3 | 1 | - | - |
| 8 | 1 | 2 | 1 | - | - |
| 9 | - | 3 | 2 | - | 14 |
| 10 | 3 | - | - | - | - |

## നിർദ്ദേശങ്ങൾ

ഈ വായ്പകൾ സാധാരണക്കാരന് ലഭിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. വീടു നിർമ്മാണത്തിന് ധനസഹായത്തിന് അപേക്ഷിക്കുന്ന വ്യക്തി വീടു വെയ്ക്കുന്നതിന് തെരെഞ്ഞെടുക്കുന്ന് ഭൂമിയും നിർമ്മിക്കുന്ന വീടും മാത്രം ഈടുവെച്ച് ആൾ ജാമ്യം ഒഴിവാക്കി വായ്പ അനുവദിക്കണം.

2. അപേക്ഷകന്റെ സാമ്പത്തിക നിലവാരംനോക്കി പലിശ നിരക്കിൽ ഇളവ് അനുവദിക്കേണ്ടതാണ്.

3. വീടു നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ ഇടത്തട്ടുകാരെ ഒഴിവാക്കി സൊസൈറ്റി മുഖാന്തിരം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്തിൽ ഏകദേശം 2000 കുടുംബങ്ങൾക്ക് പുതുതായി വീട് ആവശ്യമുണ്ട്. ഇതിൽ തന്നെ ഏകദേശം 200 കുടുംബങ്ങൾ പട്ടിക ജാതിക്കാരാണ്. വീട് ആവശ്യമുള്ള 2000 കുടുംബങ്ങളിൽ 75 % കുടുംബങ്ങളും സ്വന്തമായി വീടു നിർമ്മിക്കാൻ കഴിവില്ലാത്തവരാണ്. പഞ്ചായത്തിൽ 5 ലക്ഷംവീട് കോളനികൾ ഉണ്ടെങ്കിലും ഇതിൽ ഒരു കോളനിയിൽ മാത്രമാണ് ഭാഗികമായി വീടു നിർമ്മിച്ചുകൊടുത്തിട്ടുള്ളത്. ബാക്കിയുള്ളവയിൽ ഗുണഭോക്താക്കൾക്ക് 4 സെന്റ് ഭൂമി മാത്രമേ ലഭിച്ചിട്ടുള്ളു. അടിയന്തിരമായി ഈ കോളനികളിലെ കുടുംബങ്ങൾക്ക് വീടുവെച്ചു കൊടുക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ഗവൺമെന്റ് അംഗീകരിച്ച പട്ടികജാതി സങ്കേതങ്ങൾ മാങ്ങാട്ടിരി, തിരുത്തുമ്മൽ, കുഞ്ഞിലക്കടവ്, പാറശ്ശേരി കട്ടച്ചിറ, പള്ളിപ്പറമ്പ്, കണ്ണത്ത് വളപ്പ്, വട്ടോളിൽ, പുല്ലൂര്, തെക്കൻ കുറ്റൂർ എന്നീ 7 കോളനികൾ ആണ് ഉള്ളത്. കോളനിയായി അംഗീകരിക്കാത്ത് വെങ്ങല്ലൂർ എന്ന സങ്കേതവും കൂടിയുണ്ട്.

വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ച പട്ടികജാതി വിഭാഗക്കാരുടെ കണക്ക് താഴെ പറയും പ്രകാരമാണ്.

പഞ്ചായത്തിലെ 4-ാം വാർഡിൽ വ്ശ്വാസ് തീയേറ്ററിന് സമീപം പാടത്ത് കുടിൽകെട്ടി താമസിക്കുന്ന ഏകദേശം 40 ൽ പരം ദുർബലകുടുംബങ്ങൾ ഉണ്ട്. 10-ാം വാർഡിൽ കണ്ണങ്കുളത്തിന്റെ വടക്കു ഭാഗത്ത് 'അണ്ടോളിപ്പാടം' , 'കാര' എന്നീ പ്രദേശങ്ങളിലും ഇത് പേലെ പാടത്ത് കുടിൽകെട്ടി താമസിക്കുന്ന 60ൽ പരം കുടുംബങ്ങൾ ഉണ്ട്.

പഞ്ചായത്തിൽ ഭവന നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ട്. ഉദാ: പഞ്ചായത്തിന്റെ ഒരു ഭാഗത്ത്പോലും വീട്പണിയുന്നതിന് ആവശ്യമായ ചെങ്കല്ല്, കരിങ്കല്ല് എന്നിവ ലഭിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ല. വീടു പണിയുന്നതിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യതയും പരിമിതമാണ്. കൂടുതൽ കുടുംബങ്ങളും പാടത്ത് കുടിൽകെട്ടി താമസിക്കുന്നവരായതിനാൽ സാധനസാമഗ്രികൾ നിർമ്മാണസ്ഥലത്ത് എത്തിക്കുന്നതിന് വളരെയധികം കൂലിച്ചിലവ് നേരിടേണ്ടിവരുന്നു. ഇത് പരിഹരിക്കുന്നതിന് ഒരു മാർഗ്ഗം ഭവന നിർമ്മാണത്തിനുള്ള ധന സഹായങ്ങൾ മഴക്കാലം തീരുന്നതോട് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടായാൽ ഈ ഇനത്തിൽ ഉണ്ടാകുന്ന അധികച്ചിലവ് ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

ഭവന നിർമ്മാണത്തിനാവശ്യമായ തൊഴിലാളികളുടെ ലഭ്യത പരിമിതമാണ് എന്നാൽ കോൺക്രീറ്റ് നിർമ്മാണത്തിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമാണ്. മരപ്പണി, കൽപ്പണി എന്നിവയിൽ വിദഗ്ദ തൊഴിലാളികളുടെ ലഭ്യത വളരെ കുറവാണ്.

നിർമ്മാണതൊഴിലാളികളുടെ കൂലി നിരക്കും 1985-1990 കാലഘട്ടത്തേക്കാൾ 1996-ൽ എത്തുമ്പോൾ ഏകദേശം രണ്ടിരട്ടിയോളം ആയിട്ടുണ്ട്.

വീട് സ്ഥിതി ചെയ്യുന്നതും അല്ലാത്തതുമായ പറമ്പിന് ചുറ്റും മതിൽകെട്ടുന്ന പ്രവണതകൂടിവരുന്നതായാണ് കാണുന്നത്.

## സാധ്യതകൾ

1. പഞ്ചായത്തിൽ ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്നതിനായി ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുന്നതിന് ശ്രമിക്കണം. ഒപ്പം സമ്പന്ന ജനവിഭാഗത്തിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

2. നിർമ്മാണ സാമഗ്രികളുടെ വില കുറച്ച് ലഭ്യമാക്കുന്നതിന്റെ ഭാഗമായി അവയുടെ ശേഖരണ വിതരണത്തിന്ന് വേണ്ടി ലാഭേച്ഛ ഇല്ലാത്ത രീതിയിൽ ഒരു സൊസൈറ്റി രൂപീകരിക്കുന്നതിന് ശ്രമിക്കുക.

3. പഞ്ചായത്തിന്റ ആഭിമുഖ്യത്തിൽ ചെലവ് കുറഞ്ഞ ഭവന നിർമ്മാണ രീതി ജനങ്ങൾക്ക് ബോധ്യമാകുന്നതിന് വ്യാപകമായ പ്രചരണം നടത്തുക. ആയതിന് ഒരു കമ്മറ്റി രൂപീകരിക്കുകയും നിർമ്മാണത്തിൽ പഞ്ചായത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് ആവശ്യമായ പരിശീലനം നൽകുക

4. വിദഗ്ദ്ധ പരിശീലനം നേടിയ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന കളരി സംഘടിപ്പിക്കുക.

5. ഭൂരഹിതരും നിർദ്ധനരുമായ ജനവിഭാഗത്തിന് ഭവനം ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ ചിലവാക്കി വീട് നിർമ്മിക്കുന്ന സമ്പന്ന വിഭാഗത്തിൽ നിന്ന് പ്രത്യേക നികുതി ഏർപ്പെടുത്തി പ്രസ്തുത സംഖ്യ ഉപയോഗിച്ച് ഒരു ഭവന നിർമ്മാണ പദ്ധതി പഞ്ചായത്തിൽ ഏർപ്പെടുത്തുക.

6. പരമ്പരാഗത വാസ്തു ശിൽപ മാതൃകയിലുള്ള കെട്ടിടങ്ങളുടെ സംരക്ഷണത്തിന്ന് സംവിധാനം ഏർപ്പെടുത്തുക.

7. സ്വന്തമായി ഭൂമി ഇല്ലാത്തവരെ പുനരധിവസിപ്പിക്കുന്നതിന്നു സർക്കാർ സഹായത്തോടെ പദ്ധതി ആവിഷ്കരിക്കുക.

8. വാർഡ് അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ വീടു ആവശ്യമുള്ള കുടുംബങ്ങളുടെ പട്ടിക സന്നദ്ധ സംഘനകളുടെ സഹായത്തോടെ തയ്യാറാക്കുക.

9. സർക്കാർ ഏജൻസികൾ വഴി കൊടുക്കുന്ന ധനസഹായം കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് മനുഷ്യ പ്രയത്നം സംഭാവന ചെയ്യാൻ തയ്യാറുള്ള വിഭാഗത്തിന്റെ ഒരു സന്നദ്ധ സേന രൂപീകരിക്കുക.

10. ഭവന നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ യോഗം വാർഡ്തലത്തിൽ വിളിച്ച്ചേർത്ത് ദുർബല വിഭാഗത്തിന്റെ ഭവന നിർമ്മാണ രംഗത്തുള്ള പ്രശ്നങ്ങൾ പറഞ്ഞു മനസ്സിലാക്കി ഒരു ദിവസമെങ്കിലും സൗജന്യസേവനം ചെയ്യാൻ തയ്യാറുള്ള വിദഗ്ദ്ധ തൊഴിലാളികളുടെ സന്നദ്ധ സേന രൂപീകരിക്കുക

11 സർക്കാർ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മൈത്രി ഭവന നിർമ്മാണ പദ്ധതി പഞ്ചായത്തിൽ നല്ല നിലയിൽ നടപ്പിലാക്കുന്നതിന് പരിശ്രമിക്കുക.


12. IAY, JRY തുടങ്ങിയ പദ്ധതികളിൽ വീട് അനുവദിക്കുമ്പോൾ SC/ST വിഭാഗം താരതമ്യേന കുറവായ ഈ പഞ്ചായത്തിൽ അവയുടെ അനുപാതം 30% SC/ST യും 70% ജനറൽ ആക്കുകയും ചെയ്യണം.

230

# 8

# സംസ്കാരം-കായികരംഗം

ചെയർമാൻ: ആമിനക്കുട്ടി ടീച്ചർ.
കൺവീനർ : സി.പി. ബാപ്പുട്ടി.
അംഗങ്ങൾ : എം. എ. അസീസ്.
വി.പി. സുനിൽ കുമാർ
വി. സൈനുദ്ദീൻ
കെ.പി. ഫൈസൽ



# സംസ്ക്കാരം കായിക രംഗം.

## സംസ്ക്കാരം

*സ്വ*തന്ത്ര ഇന്ത്യക്ക് മുൻപ് തന്നെ കലാസാംസ്ക്കാരിക രംഗത്ത് മികച്ച സംഭാവനകൾ നൽകിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് നമ്മുടെ തലക്കാട് ഗ്രാമപഞ്ചായത്ത്. 1950 കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ വെട്ടത്ത് നാട് കലാസമിതി എന്ന പേരിൽ ഒരു സാംസ്ക്കാരിക സമിതി സജീവമായി പ്രവർത്തിച്ചിരുന്നു. അതിൽ നിന്നും ആവേശം ഉൾകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ധാരാളം സാംസ്ക്കാരിക സംഘടനകൾ ഈ കാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്നെങ്കിലും അർഹിക്കുന്ന പ്രോൽസാഹനം ലഭിക്കാതെ ഇവയെല്ലാം നശിക്കുകയാണ് ചെയ്തത്.

അർഹിക്കുന്ന പ്രോൽസാഹനമോ, അംഗീകാരമോ ലഭിക്കാതെ നമ്മുടെ നാട്ടിൽ നിരവധി അനുഗ്രഹീത കലാകാരൻമാർ മൺമറഞ്ഞു പോയിട്ടുണ്ട്. അവരിൽ പ്രമുഖനായിരുന്ന ദക്ഷിണേന്ത്യയിൽ തന്നെ അറിയപ്പെടുന്ന ഹിന്ദുസ്ഥാനീ സംഗീത വിദഗ്ധനും, ആയിരക്കണക്കിനു ശിഷ്യഗണങ്ങളും ഉണ്ടായിരുന്ന പി.പി മുഹമ്മദ്ഷാ. അതുപോലെ കലാരംഗത്തെ പ്രമുഖ വ്യക്തിയായിരുന്നു വിൻസന്റ് മാസ്റ്റർ, മടായിക്കൽ മൊയ്തീൻകുട്ടി ഹാജി, കെ.പി. മമ്മു സാഹിബ് ചരിത്ര കാരനും, സാഹിത്യകാരനുമായ കെ.എൻ. അബ്ദുദുഹിമാൻ സാഹിബ് തുടങ്ങിയവർ ഈ പഞ്ചായത്തിലെ സാംസ്ക്കാരിക രംഗത്തെ അതികായന്മാരായിരുന്നു. പരേതനായ പി.പി.മുഹമ്മദ് ഷായുടെ മക്കളെല്ലാവരും തന്നെ ആ അനുഗ്രഹീത കലാകാരന്റെ പാത പിൻതുടരുന്നു. അവർ നടത്തുന്ന ഷായുടെ നാമധേയത്തിലുള്ള 'ഷാ'സ് മ്യൂസിക്ക് സ്ക്കൂൾ ബി.പി. അങ്ങാടിയിൽ ഷായുടെ ഓർമ്മയ്ക്കായി നിലകൊള്ളുന്നു. ഒട്ട

നവധി പേർ ഈ കലാക്ഷേത്രത്തിൽ സംഗീത വിദ്യ അഭ്യസിക്കുന്നുണ്ട്.

ഇന്ന് സാഹിത്യരംഗത്തും, ചിത്രരചനാരംഗത്തും നിറഞ്ഞു നിൽക്കുന്ന അല്ലൻ പൂഴിക്കുന്ന് മാന്ത്രികൻ ആർ. കെ. മലയത്ത്, കവി മലയത്ത് അപ്പുണ്ണി സാഹിത്യ രചനയിൽ മുൻപന്തിയിൽ നിൽക്കുന്ന ടി.കെ. മുഹമ്മദ് എന്നിവർ ഇന്ന് ജീവിച്ചിരിക്കുന്ന കാലസാഹിത്യസംസ്ക്കാരിക രംഗത്തെ വൻ പ്രതിഭകളാണ്. സാംസ്ക്കാരിക രംഗത്ത് ജീവിച്ചിരിക്കുന്നവരെപ്പറ്റിയും, അല്ലാത്തവരെപ്പറ്റിയും ചരിത്ര പശ്ചാത്തലത്തിൽ വിശദീകരിക്കുന്നുണ്ട്.

## പത്രമാസികകൾ.

പത്രമാസിക പ്രവർത്തന രംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. പത്രമാസിക രംഗത്തെ ഏക സ്ഥാപനമായ ബി.പി. അങ്ങാടി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രഹേളിക സായാഹ്നദിനപത്രത്തിന്റ പത്രാധിപർ ബഷീർ പുത്തൻ വീട്ടിൽ, ചന്ദ്രിക ദിനപത്രത്തിന്റെ റിപ്പോർട്ടറും, എഴുത്തുകാരനുമായ ഇ. സാദ്ഖ് അലി പുളിഞ്ചോട്, എന്നിവരാണ്പത്രമാസിക രംഗത്തുള്ള പഞ്ചായത്തി ന്റെ കുറവ് നികത്തുവാൻ ഈ രംഗത്ത് താൽപര്യമുള്ളവരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകണം. നമ്മുടെ പഞ്ചായത്ത് ഭരണ സമിതിക്ക് കീഴിൽ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്ക്കാരിക നിലയം പത്രപാരായണത്തിനു മാത്രമാണ് ഉപയോഗിക്കുന്നത്. ആവശ്യത്തിനു വേണ്ട ഫർണീച്ചറുകളോ, ഗ്രന്ഥങ്ങളോ, മറ്റു സൗകര്യങ്ങളോ ഈ ഇടുങ്ങിയ സാംസ്ക്കാരി നിലയത്തിൽ ഇല്ല. പഞ്ചായത്തിന്റെ കീഴിലെ ഈ സാംസ്ക്കാരിക നിലയം കൂടുതൽ പ്രവർത്തന യോഗ്യമാക്കുന്നതിനു വേണ്ടി ബി.പി. അങ്ങാടി പഴയ പോസ്റ്റാഫീസിന്നടുത്തുള്ള ഉപയോഗശൂന്യമായ പഞ്ചായത്ത് കിണർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കെട്ടിടം സ്ഥാപിച്ച് അതിലേക്ക് സാംസ്ക്കാരിക നിലയം മാറ്റണം. നിലവാരം കുറഞ്ഞ 300ൽ താഴെ പുസ്തകങ്ങളാണ് ഇപ്പോൾ പഞ്ചായത്ത് ഗ്രന്ഥശാലയിലുള്ളത്. കൂടുതൽ പുസ്തകങ്ങൾ ഗ്രന്ഥശാലക്ക് അനുവദിക്കണം. നമ്മുടെ പഞ്ചായത്തിലെ മറ്റു ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളാണ് ഗ്രാമീണ വായനശാല തെക്കൻ കുറ്റൂർ. അറുനൂറോളം പുസ്തകങ്ങൾ ഈ ഗ്രന്ഥശാലയിൽ ഉണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചു കിടക്കുകയാണ്. പുല്ലൂർ "പിക്സ്" (പുല്ലൂർ ഇസ്ലാമിക് കൾച്ചറൽ സൊസൈറ്റി) ഗ്രന്ഥശാല 200 - ഓളം പുസ്തകങ്ങളും 25 ഓളം മെമ്പർമാരുമുള്ള ഈ ഗ്രന്ഥശാലയുടെ നടത്തിപ്പ് തൃപ്തികരമല്ല. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ഗ്രന്ഥശാലയാണ് മാങ്ങാട്ടിരി സ്ഥിതിചെയ്യുന്ന ശ്രീനാരായണഗുരു ഗ്രന്ഥശാല ആന്റ് വായനശാല. ഇവിടെ നാലായിരത്തോളം ഗ്രന്ഥങ്ങളും എഴുപത്തഞ്ചോളം മെമ്പർമാരുമുണ്ട്. സർക്കാറിൽ നിന്നും എല്ലാം ആനുകൂല്യങ്ങളും ലഭിക്കുന്ന പഞ്ചായത്തിലെ ഏക ഗ്രന്ഥശാലയാണ് ഇത്. വാടകയില്ലാത്ത സ്വകാര്യകെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ ഒരു കളർ ടി.വി. സ്ഥാപിച്ചിരിക്കുന്നു. മിക്ക സമയങ്ങളിലും ഈ ടി.വി. ഒരു നോക്കുകുത്തിയാണ്. ഈ സ്ഥിതി മാറ്റിയെടുക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

233

പഞ്ചായത്തിൽ സാംസ്ക്കാരിക സംഘടനകളുടെ മേൽനോട്ടത്തിൽ പൂക്കൈത, മങ്ങാട്ടിരി, ബി.പി. അങ്ങാടി, കട്ടച്ചിറ, പുല്ലൂർ, തെക്കൻകുറ്റൂർ, വെങ്ങാലൂർ, കാഞ്ഞിരക്കോൽ, പുളിഞ്ചോട് എന്നീ സ്ഥലങ്ങലിൽ പൊതു ജനങ്ങൾക്ക് ദർശിക്കത്തക്ക വിധത്തിൽ ടെലിവിഷൻ സ്ഥാപിക്കണം. പഞ്ചായത്തിലെ പടിഞ്ഞാറു ഭാഗത്ത് കൂടി ഒഴുകുന്ന തിരൂർ - പൊന്നാനി പുഴയുടെ കരയിൽ കല്ലൂർ കടവ് ഭാഗത്ത് വിനോദ സഞ്ചാരത്തിന് വളരെയധികം സാദ്ധ്യത കാണുന്നുണ്ട്. മേപ്പടി കടവിൽ നിന്നും ബോട്ട് സവാരി നടത്തുന്നതിനും പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനും അനുയോജ്യമായ സ്ഥലമാണ്. പഞ്ചായത്ത് ശ്രമിച്ചാൽ ഇവിടെ ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റാവുന്നതാണ്. ഇവിടെ പക്ഷി വളർത്തുകേന്ദ്രത്തിനും സൌകര്യമുണ്ട്. ധാരാളം പക്ഷികൾ ഈ ഭാഗത്ത് ചേക്കാറാറുണ്ട്.

**ഉത്സവങ്ങൾ**

നമ്മുടെ പഞ്ചായത്തിലെ ഉൽസവങ്ങൾ എല്ലാംതന്നെ മതമൈത്രി ഊട്ടി ഉറപ്പിക്കുന്നതിന്റെ പ്രതീകങ്ങളാണ്. ഉത്സവങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പുതിയങ്ങാടി യാഹൂം തങ്ങൾ ഔലിയാ അവർകളുടെ വലിയ നേർച്ച. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഈ ഉൽസവത്തിൽ ജാതിമതേദമന്യേ നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആബാലവൃദ്ധം ജനങ്ങളും ഈ ആഘോഷവേളയെ ധന്യമാക്കാൻ ബി.പി. അങ്ങാടിയിൽ എത്തിച്ചേരാറുണ്ട്.

**മാങ്ങാട്ടിരി ഭഗവതി ക്ഷേത്രം**

ഉള്ളാട്ടിൽ തറവാട് വക ക്ഷേത്രമാണ് ഇത്. കുംഭമാസത്തിലാണ് ഇവിടുത്തെ ഉത്സവം. ജാതിമതഭേദമന്യേ എല്ലാവരും ഉൾക്കൊള്ളുന്ന ഒരു ഉൽസവമാണിത്. പുരാതന കലാപ്രകടനങ്ങളായ പൂരക്കളി, തിറ, കള, കാവടിയാട്ടം എന്നിവ ഈ ഉൽസവത്തിൽ അരങ്ങേരാറുണ്ട്. പഞ്ചായത്തിലെ മറ്റു ആഘോഷങ്ങളെ പറ്റിയും ഈ പഞ്ചായത്തിലെ ആരാധനാലയങ്ങളെ പറ്റിയും ചരിത്രപശ്ചാത്തലം, സാംസ്ക്കാരിക ചരിത്രഭാഗങ്ങളിൽ സർവത്ര വിശദീകരിക്കുന്നത് കൊണ്ട് ഈ റിപോർട്ടിൽ അവയെക്കുറിച്ച് കൂടുതൽ പ്രതിപാദിക്കുന്നില്ല.

സാംസ്ക്കാരിക രംഗത്തെ വളർച്ചക്ക് ജനങ്ങളിൽ ബോധവൽകരണം കൂടിയേ തീരൂ. പഞ്ചായത്തിലെ സാംസ്ക്കാരിക സംഘടനകളുടെയും, ജനങ്ങളുടെയും ഒരു സംയുക്ത സമിതി രൂപീകരിച്ച് ബോധവൽകരണത്തിനു നേതൃത്വം നൽകണം.

## കായിക രംഗം

***കി***ഴക്കും പടിഞ്ഞാറുമായി വേർതിരിഞ്ഞു കിടക്കുന്ന ഈ പഞ്ചായത്തിൽ സൊസൈറ്റി റജിസ്ട്രേഷൻ ആക്ട് പ്രകാരവും നെഹ്റു യുവകേന്ദ്രയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ കലാകായിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന പത്തോളം ക്ലബ്ബുകൾ ഉണ്ട്. കൂടാതെ സാമൂഹിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന മൂന്ന് മഹിളാ സമാജങ്ങളുമുണ്ട്.

ഇന്ത്യാസ്വാതന്ത്ര്യം നേടി കാലഘട്ടത്തിൽ തന്നെ കായിക രംഗത്ത് പ്രഗൽഭരായ കായിക താരങ്ങളെ വാർത്തെടുക്കുന്നതിന് നമ്മുടെ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇവരിൽ പ്രധാനികൾ ആയിരുന്നു ബി.പി. അങ്ങാടി സ്വ

ദേശികളായ പി.പി. അഹമ്മദും പരേത നായ വളപ്പിൽ ഹംസയും ഇവർ കേരള ത്തിൽ അങ്ങോളം അറിയപ്പെടുന്ന വോ ളിബോൾ താരങ്ങളായിരുന്നു. 1965-കളി ൽ കെ. മുഹമ്മതലിയും, 75- കളിൽ എം. കെ അലി അഹമ്മദും, എം. സൈനുദ്ദീ നും അറിയപ്പെടുന്ന ഫുട്ബോൾ താര ങ്ങളായിരുന്നു.

1970 കാലഘട്ടങ്ങളിൽ സംസ്ഥാന സ്കൂൾ മീറ്റിൽ സംസ്ഥാന റിക്കാർഡു കൾക്കുടമയായ കെ.വി. ശംസുദ്ദീൻ ബി. പി. അങ്ങാടി, വേലായുധൻ കോട്ടത്തറ, ബീരാൻ കുട്ടി കുറ്റൂർ എന്നിവരും 1993-ൽ ജൂനിയർ ഇന്ത്യൻ ഫുട്ബോൾ കോ ച്ചിംഗ് കേമ്പിലേക്ക് ഗോൾകീപ്പറായി തെരെഞ്ഞെടുത്ത സുൾഫിക്കർ. കെ, 1994-ൽ സംസ്ഥാന ഷട്ടിൽ ബാറ്റ്മെന്റി ൻ ടൂർണ്ണമെന്റിൽ സെലക്ഷൻ കിട്ടിയ സൈനുൽ ആബിദീൻ വി.പി എന്നിവ രും ഈ പഞ്ചായത്തിന്റെ കായികരംഗ ത്തെ അഭിമാനമാണ്.

ഒട്ടനവധി കായിക താരങ്ങളെ വളർത്തിയെടുത്തിട്ടുള്ള സ്കൂൾ തല സ് പോർട്സ് രംഗത്ത് എപ്പോഴും മികവു പുലർത്തുന്നതുമായ ജി.എം.യു.പി. സ്കൂൾ ബി.പി. അങ്ങാടി ഈ പഞ്ചായ ത്തിന്റെ ഹൃദയ ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിന്റെ കാ യിക രംഗത്തെ ഉൽഭവം തന്നെ ഈ വിദ്യാലയത്തിൽ നിന്നുമാണ്. മലപ്പുറം ജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാർ ത്ഥികൾ പഠിക്കുന്ന ബി.പി. അങ്ങാടി G.V.H.S.S ഉം കലാകായികരംഗങ്ങളിൽ നിരവധി പ്രതിഭകളെ സംഭാവന ചെയ് തിട്ടുണ്ട്. ഈ നേട്ടങ്ങളെല്ലാം വിവിധ ക്ല ബ്ബുകളും സ്ഥാപനങ്ങളും കൈവരിച്ചെ ങ്കിലും ഈ പഞ്ചായത്തിൽ പൊതു കളി സ്ഥലം ഇല്ല എന്ന സത്യം നമ്മുടെ പ ഞ്ചായത്തിന്റെ ഒരു നിത്യ ശാപമാണ്. മേൽ പറഞ്ഞ വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്ക് നിരവധി കായിക പ്രതിഭകളെ വളർത്തിയെടുക്കാൻ കഴിഞ്ഞെങ്കിലും ആ സ്ഥാപനങ്ങൾക്കൊന്നും സ്വന്തമാ യി ഒരു കളിസ്ഥലം ഇല്ല. ക്ലബ്ബുകളുടെ യും സ്ഥാപനങ്ങളുടെയും കഠിനാദ്ധ്വാ നത്തിന്റേയും ആത്മാർത്ഥതയുടേയും അർപ്പണ മനോഭാവത്തിന്റേയും ഫലമാ യിട്ടാണ് മേൽ വിവരിച്ച നേട്ടങ്ങളെല്ലാം കൈ വരിക്കാൻ സാധിച്ചത്.

ഇവിടത്തെ കായിക താരങ്ങൾ കൃ ഷി വിളവെടുപ്പ് കഴിഞ്ഞ നെൽപ്പാടങ്ങ ളെയായിരുന്നു കളിസ്ഥലങ്ങളായി ഉപ യോഗിച്ചിരുന്നത്. എന്നാൽ ഈ അടു ത്ത കാലത്തായി കൃഷി ഭൂമിയെല്ലാം നികത്തിയത് കാരണം തൽകാലികമാ യി ഉപയോഗിച്ചിരുന്ന കളിസ്ഥലങ്ങ ളെല്ലാം എന്നത്തേക്കുമായി ഉപയോഗി ച്ചിരുന്ന കളിസ്ഥലങ്ങളെല്ലാം എന്നത്തേ ക്കുമായി നഷ്ടപ്പെട്ടിരിക്കുകയാണ് തൻമൂലം വളർന്നു വരുന്ന കായിക താര ങ്ങളെ കണ്ടെത്തുന്ന കാര്യപ്രയാസ മാണ് കായിക രംഗത്തെ ഈ ദുർവിധി തുടർന്നാൽ കായികരംഗം ഇവിടെ നാമാവശേഷമാവും.

ജില്ലാലീഗ് ഫുട്ബോൾ കളിക്കുന്ന ഒട്ടനവധി ഫുട്ബോൾ താരങ്ങൾ ഇവി ടെയുണ്ട്. ഈ പഞ്ചായത്തിലെ മുഖ്യകാ യിക വിനോദമായ ഫുട്ബോൾ കളിക്ക് വളർച്ചലഭിക്കണമെങ്കിൽ ഈ പഞ്ചായ ത്തിൽ വിശാലമായ ഒരു കളിസ്ഥലം ഉ ണ്ടാവണം (അളവ്, നീളം 100 വീതി 60 മീറ്റർ) വിദ്യഭ്യാസ സ്ഥാപനങ്ങളുടേയും കാല-കായിക, സാംസ്ക്കാരിക, സാമൂ ഹികരംഗത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുക

ളുടേയും പഞ്ചായത്തിന്റേയും ആസ്ഥാനമായ ബി.പി. അങ്ങാടിയിൽ ഈ ഗ്രൗണ്ട് അനുവദിക്കണം.

വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള ഡയറ്റിന്റെ കീഴിൽ കരയും വയലുമായി ഏക്കർ കണക്കിന് ഭൂമി ഉപയോഗ ശൂന്യമായി കിടക്കുന്നുണ്ട്. ഈ ഭൂമി കളിസ്ഥലമാക്കിയാൽ ഡയറ്റിനും തൊട്ടടുത്ത് പ്രവർത്തിക്കുന്ന ഗേൾസ് ഹൈസ്ക്കൂളിനും യു.പി. എൽ.പി. സ്ക്കൂളികൾക്കും പഞ്ചായത്തിലെ കായിക താരങ്ങൾക്കും കളിസ്ഥലമായി ഉപയോഗിക്കാം. ഇതിന് വേണ്ടി വിദ്യാഭ്യാസവകുപ്പും പഞ്ചായത്തിന് സ്വന്തമായ മിനി സ്റ്റേഡിയത്തിന് വേണ്ടി ബി.പി. അങ്ങാടി G.M.U.P സ്ക്കൂളിന്റെ പിറക് വശത്തുള്ള തലക്കാട്. റി.സ. 139/6 - ൽ പ്പെട്ട ഒരു ഏക്കൽ ഭൂമി അക്വയർ ചെയ്യാൻ വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നതായി അറിഞ്ഞു. പ്രസ്തുത നടപടികൾ നിർബന്ധമായും ത്വരിതപ്പെടുത്തണം. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ കായിക താരങ്ങൾക്ക് പരിശീലന സൗകര്യത്തിനായി പുല്ലൂർ കാഞ്ഞിരക്കോൽ ഭാഗത്ത് ഒരു മിനി സ്റ്റേഡിയം പണിയുക കളിസ്ഥലം ഇല്ലാത്തത് കാരണം ഇവിടുത്തെ കായിക രംഗം മുരടിച്ചു പോവുകയാണ്. ക്ഷയിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ കായിക രംഗത്തെ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ ബന്ധപ്പെട്ടവരിൽ നിന്നും ഉടനെ ഉണ്ടാവണം. കലാ കായിക രംഗങ്ങളുടെ വളർച്ച തുടങ്ങുന്നത് സ്ക്കൂളുകളിൽ നിന്നുമാണ് അത് കൊണ്ട് സ്ക്കൂളുകൾക്ക് കായികരംഗം പ്രോൽസാഹിപ്പിക്കുവാൻ വേണ്ട കളിസ്ഥലം പോലുള്ള അടിസ്ഥാന സൗകര്യം ഉണ്ടാക്കുന്നതിനു നടപ്പടികൾ സ്വീകരിക്കണം. ഇവയുടെ മേൽനോട്ടം തൊട്ടടുത്ത ക്ലബ്ബുകളെ ഏൽപ്പിക്കണം.

**കലാ-കായിക-സാസ്ക്കാരികരംഗത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകളും സമാജങ്ങളും :-**

1. ഫിനിക്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് ബി.പി. അങ്ങാടി.

1970 -ൽ പ്രവർത്തനം തുടങ്ങി 1978-ൽ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം നെഹ്റു യുവക്കേന്ദ്രയിൽ [NYK] അഫിലിയേറ്റ് ചെയ്ത പഞ്ചായത്തിലെ തഴക്കവും പഴക്കവും ചെന്ന സജീവമായി പ്രവർത്തിക്കുന്ന ക്ലബ്ബാണ്. നിരവധി കലാകായിക താരങ്ങളെ സ്വന്തം പ്രവർത്തന ഫലമായി വാർത്തെടുത്തിട്ടുള്ള ക്ലബ്ബ് സാമൂഹിക-സാംസ്ക്കാരിക മണ്ഡലങ്ങളിലും സജീവമായി പ്രവർത്തിക്കുന്നു. തന്നിമിത്തം ജില്ലയിലെ ഏറ്റവും നല്ല യുവജനക്ലബ്ബായി ഈ ക്ലബ്ബിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഫുട്ബോൾ, വോളിബോൾ, ബാറ്റ്മിന്റൻ തുടങ്ങിയവയാണ് ക്ലബ്ബിന്റെ കായിക രംഗത്തെ പ്രവർത്തന മണ്ഡലം. 15 വർഷത്തോളമായി തുടർച്ചയായി ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു വരുന്നു ഈ ക്ലബ്ബിൽ നൂറോളം അംഗങ്ങൾ ഉണ്ട്.

2. ഗെയിം സ്റ്റാർ നോർത്ത് ബി.പി. അങ്ങാടി.

നെഹ്റു യുവക്കേന്ദ്ര-യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മറ്റൊരു ക്ലബ്ബാണ് ഇത്. ഫുട്ബോൾ തന്നെയാണ് ഈ ക്ലബ്ബിന്റെയും കായിക രംഗത്തെ മുഖ്യമണ്ഡലം സാമൂഹിക പ്രവർത്തന രംഗത്തും ഈ ക്ലബ്ബ് മികച്ച് നിൽക്കുന്നു 1993-ൽ

ആണ് ഈ ക്ലബ്ബ് പ്രവർത്തനം തുടങ്ങിയത്. അന്നുമുതൽ ഫുട്ബോൾ ടൂർണ്ണമെന്റുകൾ സംഘടിപ്പിക്കുന്നുണ്ട്.

3. കാസ്ക് കട്ടച്ചിറ:-

നെഹ്റു യുവക്കേന്ദ്രയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കട്ടച്ചിറയിൽ സജീവമായി, കായിക രംഗത്തും, സാമൂഹിക രംഗ്തതും പ്രവർത്തിക്കുന്ന ഒരു ക്ലബ്ബാണ് ഇത് ഒട്ടനവധി കായിക താരങ്ങളെ വാർത്തെടുക്കുന്നതിൽ ഈ ക്ലബ്ബും സജീവമായി രംഗത്തുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ വസ്ത്ര വിതരണവും, പുസ്തക വിതരണവും കൂടാതെ രക്തദാനവും ക്ലബ് നടത്തി വരുന്നു.

4. സാലി ബ്രെദേഴ്സ് കട്ടച്ചിറ:-

നെഹ്റു യുവക്കേന്ദ്രയിൽ അഫിലിയേറ്റ് ചെയ്ത ഒരു ക്ലബ്ബാണ് ഇതും. കായിക - കലാരംഗത്ത് അറിയപ്പെടുന്ന ഒരു ക്ലബ്ബാണ് ഇത്. സജീവമായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ ഒരു കൂട്ടം തന്നെ ഈ ക്ലബ്ബിലുണ്ട്. ഫുട്ബോൾ തന്നെയാണ് ഈ ക്ലബ്ബിന്റേയും പ്രവർത്തന കേന്ദ്രം. പല ആഘോഷ പരിപാടികളും സംഘടിപ്പിക്കാറുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യപാഠപുസ്തക വിതരണം, വസ്ത്രവിതരണം കൂടാതെ രക്തദാനവും നടത്തിവരുന്നു.

5. യുവധാര തെക്കൻ കുറ്റൂർ:-

കായിക രംഗത്തെ മിച്ച പ്രകടനങ്ങൾക്ക് പുറമെ നിർധനരായ മാതാപിതാക്കളുടെ കുട്ടികൾക്ക് പാഠപുസ്തക വിതരണവും വസ്ത്ര വിതരണവും, രക്തദാനവും നടത്തി വരുന്നു. എല്ലാ വർഷവും വിവിധ കലാപരിപാടികളോടെ വാർഷികാഘോഷം നടത്തുകയും വിവിധ കലാ- കായിക മൽസരങ്ങൾ സംഘടിപ്പിച്ചു വരുന്നു മുണ്ട്.

6. യുവ ശക്തി കുറ്റൂർ:-

നെഹ്റു യുവക്കേന്ദ്രയിൽ അഫിലിലേറ്റ് ചെയ്തിട്ടുണ്ട്. ഫുട്ബോൾ തന്നെയാണ് ഇവരുടേയും പ്രവർത്തന മണ്ഢലം. എന്നിരുന്നാലും സാമൂഹിക സാംസ്ക്കാരിക രംഗ്തതും ഇവർ സജീവമാണ്.

**സജീവമായി പ്രവർത്തന രംഗത്തുള്ള മറ്റു ക്ലബ്ബുകളും സമാജങ്ങളും.**

1. സെലക്ടഡ് സെവൻസ് പൂക്കൈത.
2. ഗ്രാമീണ വായനശാല തെക്കൻ കുറ്റൂർ.
3. ആശാൻ കലാ സമിതി വെങ്ങാലൂർ
4. മാസ്ക് മാങ്ങാട്ടിരി.
5. പാൾസ് ബി.പി. അങ്ങാടി.
6. എം.ഈ. എസ്സ്. മഹിളാ സമാജം. ബി.പി.അങ്ങാടി.
7. കസ്തൂർബാ മഹിളാ സമാജം വെങ്ങാലൂർ
8. ശ്രീ നാരായണഗുരു സ്മാരക വായനശാല മാങ്ങാട്ടിരി.
9. ബെൻഫിക്ക സ്പോർട്സ് ക്ലബ്ബ് ബി.പി.അങ്ങാടി.

**നിർദ്ദേശങ്ങൾ**

1. വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലും ഡയററിന്റെ കീഴിലുള്ളതുമായ ഭൂമി വിദ്യാഭ്യാസ വകുപ്പും, പഞ്ചായത്തും ചേർന്ന് കളിസ്ഥലമാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

2. പ്രൈമറി തലം മുതൽ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ശ്രദ്ധിച്ച് ഓരോ ഇനത്തിലും അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനവും, പ്രോൽസാഹനവും പ്രത്യേകം പ്രത്യേകമായി നൽകുക.

3. പാഠ്യേതര വിഷയങ്ങളിൽ ആവശ്യമായ സൗകര്യങ്ങളും പ്രോൽസാഹനങ്ങളും നൽകേണ്ടതാണ്. ഇക്കാര്യത്തിൽ പരിചയ സമ്പന്നരായ അധ്യാപകരുടെ പങ്ക് നിർബന്ധമാക്കണം.

4. പഞ്ചായത്ത് തല കലാ കായിക രംഗം പ്രോൽസാഹിപ്പിക്കുന്നതിന് ഏകോപിപ്പിക്കുന്നതിനും വേണ്ടി ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക. ഗ്രാമീണ സ്പോർട്സ്, കലാമേള എന്നിവയുടെ ചുമതല ആ കമ്മിറ്റിയെ ഏൽപ്പിക്കുക.

5. പഞ്ചായത്ത് തലത്തിൽ എല്ലാ ക്ലബ്ബുകളും രജിസ്റ്റർ ചെയ്യുക എല്ലാ ക്ലബ്ബുകളും സീനിയർ, ജൂനിയർ, സബ്ജൂനിയർ എന്നീ ക്രമത്തിൽ അംഗങ്ങളെ തരംതിരിച്ച് മേഖലകളിൽ പങ്കെടുപ്പിക്കുക.

6. ഗ്രാമങ്ങളിൽ സൗകര്യമുള്ള സ്ഥലത്തിൽ, പൊതു ജനങ്ങളുടെ പങ്കാളിത്തത്തോടെ കളിസ്ഥലങ്ങൾ നിർമ്മിക്കുകയും അവയുടെ സംരക്ഷണത്തിന് ജനകീയ കമ്മിറ്റികളെ ചുമതല പ്പെടുത്തുകയും ചെയ്യുക. കായിക സംഘടനകളെ ഇതിൽ ഉൾപ്പെടുത്തുക.

7. പഞ്ചായത്തിന്റെ ഓരോ വാർഡിനും മഹിളാ സമാജങ്ങൾ സംഘടിപ്പിച്ച് സ്ത്രീകളെ കലാകായിക രംഗത്തേക്ക് ആകർഷിപ്പിക്കുന്നതിന് വേണ്ട പ്രോൽസാഹനം ജന പങ്കാളിത്വത്തോടെ ചെയ്യുക.

8. പഞ്ചായത്തിന്റെ പ്രധാന വരുമാനമായ വിനോദ നികുതി ഉപയോഗിച്ച് വർഷം തോറും പഞ്ചായത്ത് തല കലാ-കായിക മേളകൾ സംഘടിപ്പിക്കുക.

9. വിശേഷ ദിവസങ്ങളായ ആഗസ്റ്റ് 15, ഓണം, പെരുന്നാൾ, ക്രിസ്തുമസ്സ്, പുതുവർഷ പുലരി, റിപ്പബ്ലിക്ദിനം എന്നാ ദിവസങ്ങളിൽ പഞ്ചായത്തുതലത്തിൽ കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കുക.

10. പഴയ കാല കലാ-കായിക താരങ്ങളെ കണ്ടെത്തി അവരെ പുതിയ തലമുറകൾക്ക് പരിചയപ്പെടുത്തുക. പുതിയ പ്രതിഭകളെ ആദരിച്ച് പ്രോൽസാഹിപ്പിക്കുക.

11. ഈ പഞ്ചായത്തിൽ വളരെ കാലം മുമ്പ്തന്നെ നിലവിലുള്ള ദഫ് മുട്ട്, കോൽകളി എന്നിവയെ പ്രോൽസാഹിപ്പിക്കുക. പാരമ്പര്യകലകളെ പ്രോൽസാഹിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

*കലാകായിക രംഗത്ത് നമ്മുടെ നാടിന്റെ യശസ്സ് എക്കാലവും ഉയർത്തിപിടിക്കുന്നതിന് വേണ്ടി കലാ-കായിക-സാഹിത്യ- സാംസ്ക്കാരിക രംഗങ്ങളിൽ വളർന്നു വരുന്ന കുരുന്നു പ്രതിഭകളെ കണ്ടെത്തി പ്രോൽസാഹിപ്പിച്ചാൽ അത് നമ്മുടെ പഞ്ചായത്തിന് ഒരു മുതൽ കൂട്ടാവുമെന്ന് പ്രതീക്ഷിക്കാം.*

* * *

238

9

# വനിതാ ക്ഷേമം

**ചെയർമാൻ** : കല്ല്യാണിക്കുട്ടിയമ്മ

**കൺവീനർ** : ഷെരീഫാബി. എൻ

**മെമ്പർമാർ** : 1. ആയിഷുമ്മ ടീച്ചർ. എ.വി
2. വിലാസിനി. എ
3. പത്മാവതി
4. സുഹറ

# വനിതാ ക്ഷേമം

സ്വതന്ത്ര്യ ലബ്ദിക്ക് ശേഷം നൂറു കണക്കിന് വനിതാ വിമോചന പ്രസ്ഥാക്കാർ സജീവമായി പ്രവർത്തിച്ചിട്ടും ഇന്നും ഗ്രാമങ്ങളിലെ സ്ത്രീകൾ പിന്നോക്കത്തിൽ പിന്നോക്കം തന്നെയാണ്. ഇവരെ മുൻപന്തിയിലാക്കി കൊണ്ടുവരിക എന്നതാണ് ഇന്നത്തെ നമ്മുടെ പ്രധാന ലക്ഷ്യം.

1991-ലെ കാനേഷുമാരി കണക്കു പ്രകാരം തലക്കാട് പഞ്ചായത്തിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണമാണ് കൂടുതൽ. കണക്കുപ്രാകാരം പുരുഷൻമാർ 12590 ഉം സ്ത്രീകൾ 13896 ഉം ആണ്. ഇതിൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ എണ്ണം 982 ഉം പുരുഷൻമാർ 975 ഉം ആണ്. ഇതുപ്രാകാരം സാക്ഷരതാ നിലവാരത്തിലും പുരുഷൻമാരെ അപേക്ഷച്ച് സ്ത്രീകൾ തന്നെയാണ് മുൻ പന്തിയിൽ. സാക്ഷരതാ നിരക്കിൽ 9284 പേർ പുരുഷൻമാരാണെങ്കിൽ സ്ത്രീകൾ 9746 ആണ്.. വിദ്യഭ്യാസപരമായും സാമൂഹ്യപരമായും സ്ത്രീകൾ മുൻപന്തിയിൽ തന്നെയാണ്.

ചുരുങ്ങിയത് 58 വർഷങ്ങൾക്കു മുമ്പു തന്നെ തലക്കാടു പഞ്ചായത്തിലെ വെട്ടത്ത് പുതിയങ്ങാടിയിൽ പെൺകുട്ടികൾക്ക് മാത്രമായി ഒരു വിദ്യഭ്യാസ സ്ഥാപനം തുടങ്ങിയിരുന്നു. പലഭാഗങ്ങളിൽ നിന്നായി വളരെയധികം വിദ്യാർത്ഥിനികൾ ഇവിടെ വന്ന് താമസിച്ച് പഠിച്ച് ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ചിരുന്നു. ഇന്നും ആ സ്ഥാപനം അതിന്റെ പ്രൗഡിയോടെ നിലനിൽക്കുന്നു. അവിടെ ഇപ്പോൾ പെൺകുട്ടികൾക്ക് വേണ്ടി തൊഴിലധിഷ്ടിത വിദ്യഭ്യാസവും നടത്തുന്നുണ്ട്. അതിനടുത്തായി തന്നെ പെൺകുട്ടികൾക്കായി ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്ററിറ്റ്യൂട്ടും ഉണ്ട്. എങ്കലും S.S.L.C പഠിത്തംകഴിഞ്ഞാൽ മിക്കരക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ ഉന്നത പഠനത്തിനയക്കാൻ വിമുഖത കാട്ടുന്നു ഇതിനെതിരായി വ്യക്തമായ ബോധവൽകരണം നമ്മുടെ സ്ത്രീകൾക്കായി നൽകേണ്ടതാണ്.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഉള്ളതിൽ തന്നെ അധികം പേരും അധ്യാപികമാരാണ്. തൊഴിലധിഷ്ടിതവിദ്യഭ്യാസത്തിനും ഉപരിപഠനത്തിനുമായുള്ള സൗകര്യക്കുറവും ആണ് ഇതിന്നുപിന്നിലുള്ളത്. ഇത് പരിഹരിക്കാൻ കൂടുതൽ തൊഴിലധിഷ്ടിത വിദ്യഭ്യാസ സ്ഥാപനങ്ങളും, home Science കോളേജുകളും സർക്കാർ തലത്തിൽ തുടങ്ങേണ്ടതാണ്. കൃഷി സ്ഥലങ്ങളുടെ അപര്യാപ്തതമൂലം പല കാർഷിക തൊഴിലാളികൾക്കും തൊഴിലവസരം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. അവർ മറ്റു മേഖലകളിൽ ജോലി ചെയ്യാൻ നിർബന്ധിതമായി തീർന്നിരിക്കുന്നു. ഉദാഹരണമായി കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ ചെയ്യുന്നു. ഇന്നും കൂലിയുടെ കാര്യത്തിൽ സ്ത്രീ-പുരുഷ അന്തരം നിലനിൽക്കുന്നു. ഇതിനെതിരായി രംഗത്ത് വരികയും തുല്യ വേതനം എന്ന ആശയം നടപ്പിലാക്കേണ്ടതാണ്. വനിതകൾക്കായി പ്രത്യേക യൂനിറ്റുകളൊന്നുമില്ല. രണ്ടു മഹിളാ സമാജങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ത്രീകളുടെ ഉന്നമനത്തിനായി പ്രത്യേകം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഇപ്പോൾ ഇതിന്റെ കീഴിൽ രണ്ടു ക്രഷുകൾ മാത്രമാണുള്ളത്. ഈ അടുത്ത കാലത്തായി സ്ത്രീകൾ പൊതുവെ സാമൂഹ്യ രംഗത്തും സന്നദ്ധരംഗത്തും പ്രവർത്തിക്കാൻ മുന്നോട്ടു വരുന്നുണ്ട്. ഉദാഹരണമായി CBNP,CDS മുതലായവയുടെ പ്രവർത്തനങ്ങൾ. സ്ക്കൂളുകളിൽ മാതൃ സംഗമം കാര്യക്ഷമമായി പവൃത്തിക്കുന്നുണ്ട്.

കുടുംബത്തിന്റെ കെടാവിളക്കാണ് സ്ത്രീ. കുടുംബത്തിന്റെ ആരോഗ്യപരമായ കാര്യത്തിൽ സ്ത്രീകൾക്കാണ് പ്രധാന പങ്കുവഹിക്കാനുള്ളത്. ഇന്നത്തെ ഭക്ഷണ സാധനങ്ങളിൽ അധികവും മായം ചേർത്തതും ഗുണനിലവാരം കുറഞ്ഞതും ആണ്. ഇതിനെതിരെ പ്രവർത്തിക്കാൻ സ്ത്രീകൾക്കുമാത്രമായി ഒരു പ്രത്യേക ഉപഭോക്തസംഘടന രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ സംഘടന മുഖേന മായം ചേർക്കൽ കണ്ടു പിടിക്കുന്നതിനുള്ള പരിശീലനം നൽകുന്നതും നല്ലതാണ്.

പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിലെല്ലാം അംഗണവാടികൾ ആരംഭിക്കുകയും ഒഴിഞ്ഞുകിടക്കുന്ന പഞ്ചായത്തിന്റേയും സർക്കാറിന്റെയും സ്ഥലങ്ങൾ അംഗണവാടിക്ക് കെട്ടിടമുണ്ടാക്കുന്നതിന് വേണ്ടി വിട്ടുകൊടുക്കുകയും അംഗണവാടികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്ന് വേണ്ടി എല്ലാവിധ സഹായങ്ങളും പഞ്ചായത്തിലൂടെ നടപ്പിലാക്കേണ്ടതും ആണ്. ഓരോ അംഗൺവാടിയിലും ഓരോ മഹിളാ സമാജങ്ങളും രൂപീകരിക്കുകയും മാസം തോറും അവരുടെ യോഗം ചേരുകയും പ്രത്യേക തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്. ഈ സമാജങ്ങളിലൂടെ എല്ലാ അമ്മമാർക്കും വ്യക്തി ശുചിത്വം, പരിസര ശുചീകരണം, പോഷകാഹാരം, കുടുംബ ഭദ്രത മുതലായ കാര്യങ്ങളെപറ്റി പ്രഗൽഭരായവ്യക്തികളെ ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തേണ്ടത് വളരെയധികം ഉപകാരപ്രദമാണ്. അംഗണവാടി ജീവനക്കാർക്ക് മാന്യമായ വേതനം കൊടുക്കേണ്ടതാണ്. പബ്ളിക്ക് ഹെൽത്ത് നേഴ്സുമാരുടെ സേവനം എല്ലാ ഭാഗത്തും എല്ലാ വിഭാഗം സ്ത്രീകൾക്കും ലഭിക്കത്തക്ക ഏർപ്പാടുകൾ ഉണ്ടാക്കണം. കർഷകത്തൊഴിലാളിപെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായവ അർഹരായവർക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങൾക്കും വീട്, കക്കൂസ് എന്നിവ ഉണ്ടാക്കുകയും വീടുകൾ കേടുവന്നവർക്ക് അവ അറ്റകുറ്റപ്പണികൾ ചെയ്തു കൊടുക്കുകയും ചെയ്യേണ്ടതാണ്.

ഇന്നത്തെകാലത്ത് കൗമാരക്കാ

രായ പെൺകുട്ടികൾക്ക് പ്രത്യേക ബോധവൽക്കരണവും, തൊഴിൽ പരിശീലനവും അത്യാവശ്യമാണ്. ഇതുപോലെ സ്ത്രീകൾക്കു സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുവേണ്ടി മഹിളാ സമാജത്തിന്റേയും, സന്നദ്ധ സംഘടനകളുടേയും സഹകരണ സംഘങ്ങളുടേയും കീഴിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യുക. ഖാദിബോർഡിന്റേയും മറ്റും സഹായത്തോടെ നടത്താവുന്ന നൂൽനൂൽപ് കേന്ദ്രങ്ങൾ, തേനീച്ച വളർത്തൽ, മെഴുകിതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം സോപ്പു നിർമ്മാണം, തീപ്പെട്ടി നിർമ്മാണം എന്നിവ ആരംഭിച്ചാൽ വളരെയധികം തൊഴിൽ രഹിതരായ സ്ത്രീകൾക്ക് തൊഴിൽ നേടാൻ സാധിക്കും. കൂടാതെ കോഴിവളർത്തൽ, ആടുവളർത്തൽ, കൂൺകൃഷി, കൊട്ട, വട്ടി, പായ എന്നിവയുടെ നിർമ്മാണം, പാഴ് വസ്തുക്കളിൽ നിന്ന് കരകൗശല വസ്തുക്കളുടെ നിർമ്മാണം മുതലായവ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്നും, സാമ്പത്തികമായി സ്വയം പര്യാപ്തത നേടുന്നതിന്നും ഉപകരിക്കുന്നതാണ്.


വിദ്യഭ്യാസത്തിന്നും ജോലിക്കും മറ്റു ജില്ലകളിൽ നിന്നായി വളരെയധികം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ എത്തുന്നുണ്ട്. അവരുടെ താമസത്തിന്നായി യാതൊരു സൗകര്യവും നമുക്കില്ല. അതിനായി ഒരു വനിതാ ഹോസ്റ്റൽ അത്യന്താപേക്ഷിതമാണ്.

എല്ലാകാര്യത്തിലും സ്ത്രീകൾക്ക് സംവരണം ഉണ്ടെങ്കിലും ഇന്നും സാധാരണക്കാരായ സ്ത്രീകൾക്കും, ഉദ്യോഗസ്ഥകൾക്കും ബസ് യാത്ര ദുരിതപൂർണ്ണമാണ്. ബസ്സുകളിൽ സീറ്റിന്റെ കാര്യത്തിൽ മതിയായ സംവരണം ഏർപ്പെടുത്തേണ്ടതാണ്. സാമൂഹ്യ വിരുദ്ധരുടെ വിളയാട്ടത്തിന്നെതിരായി നമ്മുടെ സമൂഹത്തെ ബോധവൽകരിക്കുകയും വേണ്ട നിയമസഹായം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇന്നും സ്ത്രീപീഢനവും, സ്ത്രീധന സമ്പ്രദായവും നിയമങ്ങൾ നിലനിൽക്കത്തന്നെ നിർബാധം തുടരുന്നു. കർശന നിയമവും ഇതിനെതിരെ ഓരോരുത്തരും സ്വയം പ്രതിജ്ഞചെയ്യുകയും വേണം.

# 10

# സഹകരണം

| | | |
|---|---|---|
| ചെയർമാൻ | : | സി.എച്ച്. ബഷീർ |
| കൺവീനർ | : | പി. ശ്രീധരൻ |
| അംഗങ്ങൾ | : | പി. മുഹമ്മദ് അലി |
| | | കെ. രാമചന്ദ്രൻ മാസ്റ്റർ |
| | | എ.പിട മുഹമ്മദ് |
| | | അബ്ദുൽ ഖാദർ |
| | | വി.സി. രാമചന്ദ്രൻ |
| | | സുബ്രമണ്യൻ |
| | | ഭാഗ്യവല്ലി |
| | | കുഞ്ഞമ്മുട്ടി |



# സഹകരണം

**ചരിത്രം:-** വികസ്വരമായിക്കൊണ്ടിരിക്കുന്ന ഒരു രാജ്യത്തിന്റെ അസ്ഥതിവാരമാണ് സഹകരണപ്രസ്ഥാനം. ദരിദ്രർക്ക് ആശ്രയവും സാധാരണക്കാർക്കും ഇടത്തരക്കാർക്കും ധനവാന്മാർക്കും ഒരു പോലെ സഹായകരവുമായ അനവധി വിഭിന്ന സ്വഭാവമുള്ള സഹകരണ പ്രസ്ഥാനങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. എന്നാൽ തലക്കാട് പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം വേണ്ടത്ര വളർച്ച പ്രാപിച്ചതായി കാണുന്നില്ല.

പഞ്ചായത്തിൽ തെക്കൻ കുറ്റൂർ വില്ലേജിൽ 1920-ൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധോദ്ദേശ്യ പരസ്പര സഹായ ഐക്യ നാണയ സംഘമാണ് ഉണ്ടായിരുന്നത്. അന്ന് ഈ സംഘത്തിന് ഓഫീസ് ഉണ്ടായിരുന്നില്ല. ഒരു വീട്ടിൽ വച്ചായിരുന്നു നടത്തിയിരുന്നത്. ആ സമയത്ത് ഇത് ലിക്വിഡേഷനിൽ വരികയും ഡിപ്പാർട്ട്മെന്റിന്റെയും നാട്ടിലെ സഹകാരികളുടേയും അശ്രാന്ത പരിശ്രമം കൊണ്ട് ലിക്വിഡേഷനിൽ നിന്ന് ഒഴിവാക്കുകയും തുടർന്ന് മൂന്നു കൊല്ലം ഐക്യ നാണയ സംഘമായി പ്രവർത്തിക്കുകയും 1965-ൽ ജൂൺ മാസം 2-ാംന ശ്രീ വാസുദേവൻ നമ്പൂതിരപ്പാട് പ്രസിഡന്റും ശ്രീ. കെ രാമചന്ദ്രൻ മാസ്റ്റർ ഓണററി സെക്രട്ടറിയുമായി തെക്കൻ കുറ്റൂർ സർവ്വീസ് സഹകരണ സംഘമായി പ്രവർത്തനം പുനരാരംഭിച്ച ഈ സംഘമാണ് 1988-ൽ തലക്കാട് സർവ്വീസ് സഹകരണ ബാങ്കായി അറിയപ്പെടുന്നത്. ഇതിന്റെ ആസ്ഥാനം തെക്കൻ കുറ്റൂരിലായിരുന്നെങ്കിലും ഇപ്പോൾ വെങ്ങാലൂരിലുള്ള സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ഈ പഞ്ചായത്തിനെ കൂടി പ്രവർത്തന പരിധി ആക്കിക്കൊണ്ട് തൃക്കണ്ടിയൂർ പ.സി.സിയും തിരൂർ താലൂക്ക് അരിക്കനട്ട് മാർക്കറ്റിംഗ് സൊസൈറ്റിയും തിരൂർ അർബ്ബൻ സഹകരണ ബാങ്കും പ്രവർത്തിക്കുന്നുണ്ട്. അടുത്ത കാലത്തായി തലക്കാട് പഞ്ചായത്ത് മുഴുവനും

പ്രവർത്തന പരിധിയായിക്കൊണ്ട് തിരൂർ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരൂർ താലൂക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി, തലക്കാട് കൺസ്യൂമർ സൊസൈറ്റി, തലക്കാട് പഞ്ചായത്ത് ഹരിജൻ സഹകരണ സംഘം മോട്ടോർ ഡ്രൈവേഴ്സ് സഹകരണ സംഘം തുടങ്ങിയവയും പ്രവർത്തിക്കുന്നുണ്ട്. ഇതൊക്കെ ഉണ്ടെങ്കിൽ തന്നെ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും സഹകരണ പ്രസ്ഥാനത്തിന്റെ കീഴിൽ കൊണ്ടുവരാൻ ഈ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല

### സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ തലക്കാട സർവ്വീസ് സഹകരണ ബാങ്കും തിരൂർ കാർഷിക ഗ്രാമ വികസന ബാങ്കുമാണ് പ്രവർത്തിക്കുന്നത്. കൺസ്യൂമർ വിഭാഗത്തിൽ തൃക്കണ്ടിയൂർ പി.സി.സി.യും തിരൂർ താലൂക്ക് അരിക്കനട്ട മാർക്കറ്റിംഗ സൊസൈറ്റിയും തലക്കാട് കൺസ്യൂമർ സൊസൈറ്റിയും ഉണ്ടെങ്കിലും ഇന്ന് തലക്കാട് കൺസ്യുമർ സൊസൈറ്റി പ്രവർത്തന രഹിതമാണ്. കാർഷികേതര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തിരൂർ സഹകരണ അർബ്ബൻ ബാങ്കും റൂറൽ ഹൗസിംഗ് സൊസൈറ്റിയും മോട്ടോർ ഡ്രൈവേഴ്സ് സഹകരണ സംഘവും പ്രവർത്തിച്ചു വരുന്നു. പട്ടികജാതി പട്ടിക വർഗ്ഗത്തിന്റെ ക്ഷേമത്തിനായി തലക്കാട് ഹരിജൻ സർവ്വീസ് സഹകരണ സംഘം ഉണ്ടെങ്കിലും പ്രവർത്തനം വേണ്ടത്ര പുരോഗതി പ്രാപിച്ചതായി കാണുന്നില്ല.

കാർഷിക മേഖലയിൽ തലക്കാട് പഞ്ചായത്തിൽ 2208 ഹെക്ടർ നെൽപാടവും 1395 ഹെക്ടർ തോട്ടവുമാണുള്ളത്. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന തലക്കാട് സർവ്വീസ് സഹകരണബാങ്കിലെ മെമ്പർമാർക്ക് അവരുടെ കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിനനുസരിച്ച് കാർഷിക വായ്പ നൽകുന്നതിന് 40 ലക്ഷം രൂപയുടെ ആവശ്യമാണ് എന്നാൽ 375000 രൂപയാണ് ജില്ലാ ബാങ്ക് മുഖേന നബാർഡിൽ നിന്നും ബാങ്കിന് അനുവദിച്ചു കിട്ടുന്നത്. ഇത് കാരണം ആവശ്യക്കാരായ മുഴുവൻ കൃഷിക്കാർക്കും വായ്പ നൽകുവാൻ ബാങ്കിന് കഴിയാറില്ല. കാർഷിക വായ്പ കിട്ടുന്നതിന് ആവശ്യമായ ക്രഡിറ്റ് ലിമിറ്റ് നബാർഡും ജില്ലാ ബാങ്കും നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ബാങ്ക് കാലാ കാലങ്ങളിൽ സമർപ്പിക്കാറുണ്ട്. കേര കർഷകരുടെ കാർഷിക ഉൽപ്പന്നമായ കൊപ്ര കേരഫെഡിന് വേണ്ടി 1991 മുതൽ കേരഫെഡ് നിർദ്ദേശിക്കുന്ന രൂപത്തിൽ ബാങ്ക് സംഭരിച്ചു നൽകാറുണ്ട്.

### ദീർഘകാല കാർഷിക വായ്പ

തിരൂർ അടിസ്ഥാനമാക്കിയുള്ള തിരൂർ കാർഷിക ഗ്രാമ വികസന ബാങ്കാണ് ഈ പഞ്ചായത്തിൽ കർഷകർക്കും മറ്റും ആവശ്യമായ ദീർഘകാല കാർഷിക വായ്പയും മറ്റും നല്കിവരുന്നത്.

### പാർപ്പിട പ്രശ്നം

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഗുരുതരമാണ്. ഭവന നിർമ്മാണ വായ്പകൾ പ്രധാനമായും വിതരണം ചെയ്തുവരുന്നത് തിരൂർ റൂറൽ ഹൗസിംഗ് സൊസൈറ്റിയും മലപ്പുറം ജില്ലാ സഹകരണ ബാങ്കും തിരൂർ കാർഷിക ഗ്രാമ വികസന ബാങ്കുമാണ്. വർദ്ധിച്ചു വരുന്ന പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം അപര്യാപ്തമാണ്.

### വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കുകൾക്ക് നഷ്ടം നികത്തുന്നതിന് ആവശ്യമായ പലിശ രഹിത വായ്പ്പയോ ഓഹരി മൂലധ

പട്ടിക1

## കാർഷിക വായ്പാ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച കാലം | പ്രവർത്തന പരിധി | വ്യക്തി അംഗ സംഖ്യ | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവർ |
| 1 | തലക്കാട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം. ന.4391 | 1920 | തലക്കാട് പഞ്ചാ-യത്ത് | 8500 | 567 | 3470 | 6800 | 449 | 8125 | 10706 | - | 800 | 3 | 5 |
| 2 | തിരൂർ കാർഷിക ഗ്രാമ വികസന ബാങ്ക് | | വിവരം ലഭ്യമല്ല | | | | | | | | | | | |

പട്ടിക2

## തലക്കാട് പഞ്ചായത്ത് ഹരിജൻ സഹകരണ സംഘം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച കാലം | പ്രവർത്തന പരിധി | വ്യക്തി അംഗ സംഖ്യ | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ സ്ഥിരം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | |
| 1 | തലക്കാട് പഞ്ചായത്ത് ഹരിജൻ സഹകരണ സംഘം | 1985 | തലക്കാട് പഞ്ചായത്ത് | 328 | 1238 | Nil | Nil | Nil | 19045 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 1 |
| **കാർഷികേതര വായ്പാ സംഘങ്ങൾ** | | | | | | | | | | | | | |
| 2 | തിരൂർ അർബൻ സഹകരണ ബാങ്ക് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | 20050 | ലഭ്യമല്ല | 11356 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

നമോ അനുവദിക്കുക

2. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക

3. സ്വകാര്യ ചിട്ടി ഇടപാടുകൾ ഇന്ന് നിലവിലില്ലാത്ത സാഹചര്യത്തിൽ ബാങ്കുകൾ കൂടുതൽ ചിട്ടികൾ നടത്തുന്നതിന് ആവശ്യമായ ചിട്ടി നിയമ വ്യവസ്ഥകൾ ലഘൂകരിക്കേണ്ടതാണ്.

4. സഹകരണ ബാങ്കുകൾ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടു കൂടിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി അതിനനുസരിച്ച് ഓരോ വർഷത്തേക്കും ആവശ്യമായ വായ്പതുക തിട്ടപ്പെടുത്തുക.

5. കർഷകർക്ക് ക്രഡിറ്റ് കാർഡ് സംമ്പ്രദായം ഏർപ്പെടുത്തുക

6. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും കൺസെഷൻ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുകയും കാർഷിക ആവശ്യങ്ങൾക്കായി സഹകരണ ബാങ്കുകൾ ക്രഡിറ്റ് ലിമിറ്റ് പ്രകാരം അപേക്ഷിക്കുന്ന മുഴുവൻ സംഖ്യയും കിട്ടുന്നതിനായി വേണ്ട സംവിധാനം ഏർപ്പെടുത്തുക.

7. കർഷകർക്ക് അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം പ്രകാരം അനുവദിച്ചുകിട്ടേണ്ട സബ്സിഡി യഥാ കാലം വായ്പക്കാർക്ക് ലഭിക്കുന്നതിന് വേണ്ട നടപടി സർക്കാർ തലത്തിലും ബാങ്ക് തലത്തിലും നടപ്പാക്കുക

8. വ്യക്തികൾക്ക് കാർഷിക ആവശ്യത്തിന് ആൾ ജാമ്യത്തിന്മേൽ അനുവദിക്കുന്ന വായ്പാ പരിധി 10,000രൂപയാക്കി വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

9. കാർഷികോപകരണങ്ങളും മറ്റും വിതരണം ചെയ്യുന്നതിന് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ബാങ്കുകളിൽ സംവിധാനം ഏർപ്പെടുത്തുക.

10. പഞ്ചായത്തു ഫണ്ടുകൾ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ വേണ്ട നടപടികൾ ഏർപ്പെടുത്തുക

11. തലക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകൾ ബി.പി. അങ്ങാടിയിലും പുല്ലൂരിലും സ്ഥാപിക്കേണ്ടതാണ്

12. കൊപ്ര സംഭരണം എല്ലാ കാലങ്ങളിലും നടത്താനും കർഷകർക്ക് നല്ല വില ലഭിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക

### മറ്റു നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിൽ അധികവും കേരകർഷകർ ആയതിനാൽ കർഷകരിൽ നിന്നും നേരിട്ട് നാളികേരം സംഭരിക്കുന്നതിന് നാളികേര സംഭരണ വിപണന സംഘം രൂപീകരിച്ച് കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതാണ്.

2. ക്ഷീര വ്യവസായ സംഘം ഈ ഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ ഒരു ക്ഷീര വ്യവസായ സഹകരണ സംഘം രൂപീകരിച്ച് ക്ഷീരോൽപാദകരുടെ ബുദ്ധിമുട്ട് പരിഹരിണ്ടേതാണ്.

3. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖല കയർ വ്യവസായവുമായി ബന്ധപ്പെട്ടു കിടക്കുന്ന തൊഴിലാളികൾ ഉള്ളതിനാൽ കയർ വ്യവസായ സംഘം രൂപീകരിക്കാവുന്നതാണ്.

4. വനിതകളുടെ ക്ഷേമത്തിനായി ഒരു വ്യവസായ സഹകരണ സംഘം രൂപീകരിച്ച് റെഡി മെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ട് ബുക്ക്, കറി പൗഡർ അച്ചാർ നിർമ്മാണം എന്നീ പ്രവർത്തികൾ നടത്താവുന്നതാണ്.

5. പഞ്ചായത്തിലെ കൺസ്യൂമർ സൊസൈറ്റി ഇപ്പോൾ പ്രവർത്തന രഹിതമാണ്. ഇത് പുനർ ജീവിപ്പിച്ച് നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക്

ലഭ്യമാക്കേണ്ടതാണ്.

6. തിരൂർ താലൂക്കടിസ്ഥാനത്തിൽ തലക്കാട് പഞ്ചായത്തിൽ ഒരു സഹകരണ ആശുപത്രി സ്ഥാപിക്കേണ്ടതാണ്.

7.പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് തലക്കാട് സർവ്വീസ് സഹകരണ ബാങ്ക് മുഖേന വായ്പ ലഭിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ നടത്തേണ്ടതാണ്

8. പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ഇറച്ചിക്കോഴികൾ കോഴിമുട്ട എന്നിവക്കായി അന്യ സംസ്ഥാനങ്ങളിലേക്കാണ് പോകുന്നത്. ആയത് ഈ പഞ്ചായത്തിൽ തന്നെ ഉപയോഗിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു കോഴി വളർത്തൽ സർവ്വീസ് സഹകരണ സംഘം രൂപീകരിച്ച് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ഈ സംഘം മുഖേന മെമ്പർമാരുടെ വീടുകളിൽ ചെറിയ യൂണിറ്റുകളായി കോഴി വളർത്തുകയും അതിനാവശ്[illegible] ദ്യോഗസ്ഥന്റെ [illegible] യവ[illegible]

പഞ്ചായത്തിന്റെ കീഴിൽ വരുന്ന മുഴുവൻ വികസന പ്രവർത്തനങ്ങളും ഈ സൊസൈറ്റിയെ ഏൽപ്പിക്കാവുന്നതും ഇതിലൂടെ ഒരു പരിധി വരെ ഈ വികസന രംഗത്ത് നടക്കുന്ന അഴിമതി നിർമ്മാർജ്ജനം ചെയ്യാവുന്നതുമാണ്.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചക്കായി ഈ പഞ്ചായത്തിൽ 450 ലക്ഷം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. ഇത്രയും തുക മുതൽ മുടക്കുക വഴി 100 പേർക്ക് പ്രത്യക്ഷമായും 800 പേർക്ക് പരോക്ഷമായും ജോലിയും തലക്കാട് പഞ്ചായത്തിലെ നാലായിരം കുടുംബങ്ങൾക്ക് സാമ്പത്തിക അഭിവൃദ്ധിയും മഹാത്മഗാന്ധി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് സാക്ഷാത്കരിക്കുന്നതിന് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധ്യമാക്കാവുന്നതാണ്.

ഗ്രാമങ്ങളിലെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ തലക്കാട് പഞ്ചായത്തിൽ സഹകരണ രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് ഈ വികസന റിപ്പോർട്ടു മുൻഗണന നിശ്ചയിക്കുനനതിനായി സമർപ്പിച്ചു കൊള്ളുന്നു.


# 11
# പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം

ചെയർമാൻ : കെ. അനിൽകുമാർ

കൺവീനർ : രാജമ്മാൾ. ഇ.ജി

അംഗങ്ങൾ : ടി. നന്ദകുമാർ
പി.പി. പരശുരാമൻ
എം. ലക്ഷ്മി
ടി.പി ചന്തുമാസ്റ്റർ
കെ. വേലായുധൻ
വി. രമേശൻ
ഇ.പി. രാജൻ

249



# പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം- വികസന രേഖ

തലക്കാട് ഗ്രാമപഞ്ചായത്തിൽ പട്ടിക ജാതി കുടുംബങ്ങൾ തെക്കൻകുറ്റൂർ, വെങ്ങാലൂർ, കണ്ണത്തുവളപ്പ്, വട്ടോളിൽ, വടക്കൻ കുറ്റൂർ, ഭഗവതി പള്ളീയാൽ, പുല്ലൂർ പുല്ലുരാൽ, വടക്കൻ പുല്ലൂർ, തിരുത്തുമ്മൽ, കട്ടച്ചിറ, കോട്ടത്തറ, പള്ളിപ്പറമ്പ്, പാറശ്ശേരി, മാങ്ങാട്ടിരി, കുഞ്ഞിലക്കടവ്, എന്നീ പ്രദേശങ്ങളിൽ കൂട്ടമായും ഒറ്റപ്പെട്ടും താമസിക്കുന്നു. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 7.4% പട്ടികജാതി വിഭാഗമാണ്. പട്ടിക വർഗ്ഗ കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. 373 പട്ടിക ജാതി കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഇപ്പോഴുണ്ട്. എട്ടു അംഗീകൃത കോളനികളും അംഗീകാരത്തിന്ന് സമർപ്പിച്ച ഒരു കോള

| നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | തെക്കൻ കുറ്റൂർ | 52 | 319 | |
| 2. | പുല്ലൂർ അംബേദ്കർ കോളനി | 43 | 219 | |
| 3. | വട്ടോളിൽ | 24 | 143 | |
| 4. | കണ്ണത്തു വളപ്പ് | 14 | 97 | |
| 5. | പാറശ്ശേരി I.H.D.P | 29 | 248 | |
| 6. | കുഞ്ഞിലക്കടവ് | 10 | 78 | |
| 7. | പള്ളിപ്പറമ്പ് | 14 | 80 | |
| 8. | മാങ്ങാട്ടിരി | 32 | 215 | |
| 9. | വെങ്ങാലൂർ | 17 | 102 | |
| | ആകെ | 235 | 1503 | |

നിയും ഉണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ 2010 അംഗങ്ങളാണുള്ളത്.

പട്ടിക ജാതി കൊളനികളുടെ പേരും വീടുകളുടെ എണ്ണവും അംഗങ്ങളുടെ എണ്ണവും പട്ടികയിൽ ചേർക്കുന്നു.

വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക മേഖലകളിൽ ഈ വിഭാഗത്തിന്ന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ മൂലവും മിക്ക പദ്ധതികളും ഫലപ്രദമായി പ്രയോജനപ്പെടുന്നില്ല. IRDP, വിവിധഭവന നിർമ്മാണ പദ്ധതികൾ, കാർഷിക പദ്ധതികൾ എന്നിവയിലൂടെ നാമമാത്രമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും കാതലായ നിരവധി പ്രശ്നങ്ങൾ പരിഹൃതമാകാനുണ്ട്.

വിദ്യാഭ്യാസ ആനുകൂല്യങ്ങളും സാക്ഷരതാ പ്രവർത്തനങ്ങളും നടപ്പിലാക്കപ്പെട്ടിട്ടുണ്ടെങ്കിലും നിരക്ഷരരും വേണ്ടത്ര യോഗ്യതയില്ലാത്തവരും പട്ടിക ജാതി വിഭാഗത്തിൽ ഇനിയുമുണ്ട്. പ്രീ- പ്രൈമറി തലം മുതൽ ഉന്നത വിദ്യഭ്യാസംവരെയുള്ള വിദ്യാഭ്യാസ മേഖലകളിൽ നിലവിലുള്ള ആനുകൂല്യങ്ങൾ തികയുന്ന പര്യാപ്തമാണ്. പ്രീപ്രൈമറി സ്ഥപനങ്ങളുടെ കുറവുകൊണ്ടും ഉള്ളവയിൽ തന്നെ ഫീസാനുകൂല്യം ഇല്ലാത്തതിനാലും ഈ വിഭാഗത്തിലെ കുട്ടികൾക്ക് പ്രീപ്രൈമറി വിദ്യഭ്യാസം ലഭിക്കുന്നില്ല. പഞ്ചായത്തിൽ നലവിലുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളുടേയും പട്ടിക ജാതി- പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടേയും എണ്ണം പട്ടിക II ൽ ചേർക്കുക

ഈ വിഭാഗത്തിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണ്. പാടം നികത്തി വീടു വെയ്ക്കുന്നതിനാൽ പാടശേഖരങ്ങൾ കുറയുക വഴി ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് കാർഷിക ജോലി കുറയുകയും നിത്യവൃത്തിക്കായി മറ്റ് തൊഴിൽ മേഖലകളെ ആശ്രയിക്കേണ്ടതായി വരികയും ചെയ്യുന്നു. പരമ്പരാഗത കൈത്തൊഴിലാളികൾക്ക് അവർ ശീലിച്ചു വന്ന തൊഴിൽ തുടരാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. വ്യവസായിക അടി

| നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | ആകെ | | |
| 1 | തെക്കൻ കുറ്റൂർ | - | 30 | 22 | 52 | 22 | 15 |
| 2 | പുല്ലൂർ | - | 30 | 13 | 43 | 13 | 8 |
| 3 | വട്ടോളിൻ | - | 18 | 6 | 24 | 6 | 9 |
| 4 | കണ്ണത്തുവളപ്പ് | - | 10 | 4 | 14 | 4 | 6 |
| 5 | പാറശ്ശേരി | 1 | 11 | 16 | 28 | 16 | 15 |
| 6 | കുഞ്ഞിലക്കടവ് | - | 7 | 5 | 12 | 5 | 4 |
| 7 | പള്ളിപ്പറമ്പ് | - | 13 | 1 | 14 | 1 | 6 |
| 8 | വെങ്ങാലൂർ | - | 12 | 5 | 17 | 5 | 7 |
| 9 | മാങ്ങാട്ടിരി | 3 | 10 | 20 | 33 | 20 | 22 |

| നമ്പർ | വിദ്യാലയത്തിന്റെ പേര് | മൊത്തം വിദ്യാർത്ഥികൾ | പട്ടികജാതി | | | പട്ടിക വർഗ്ഗം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | പട്ടിക ജാതി | | | പട്ടിക വർഗ്ഗം | | | പട്ടിക ജാതി | | | പട്ടിക വർഗ്ഗം | | |
| | | | ആൺ | പെൺ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ |
| 1. | ഡയററ് | 39 | 6 | 11 | 17 | 17 | 5 | 22 | - | - | - | - | - | - | - | - | - | - | - | - |
| 2. | G.V.H.S.S (Girls) തിരൂർ | 2892 | - | 205 | 205 | - | - | - | - | 23 | 23 | - | - | - | - | - | - | - | - | - |
| 3. | G.M.U.P.S B.P അങ്ങാടി | 1267 | 34 | 12 | 46 | - | - | - | 1 | 1 | 2 | - | - | - | - | - | - | - | - | - |
| 4. | A.M.U.P.S കാഞ്ഞിരക്കോൽ | 847 | 15 | 8 | 23 | - | - | - | 4 | 2 | 6 | - | - | - | - | - | - | - | - | - |
| 5. | G.L.P.S തെക്കൻ കുറ്റൂർ | 187 | 6 | 8 | 14 | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 6. | G.L.P.S B.P അങ്ങാടി | 479 | 11 | 8 | 19 | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 7. | G.L.P.S മാങ്ങാട്ടിരി | 78 | 6 | 4 | 10 | - | - | 1 | 1 | 1 | 2 | - | - | - | - | - | - | - | - | - |
| 8. | A.M.L.P.S പുല്ലൂർ | 432 | 24 | 30 | 54 | - | - | - | 1 | - | 1 | - | - | - | - | - | - | - | - | - |
| 9. | A.M.U.M.L.P.S തേവലപ്പുറം | 307 | 14 | 7 | 21 | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 10 | D.S.L.P.S തെക്കൻകുറ്റൂർ | 115 | 9 | 12 | 21 | - | - | - | 3 | - | 3 | - | - | - | - | - | - | - | - | - |
| 11 | A.M.I.P.S തെക്കൻ കുറ്റൂർ | 241 | 12 | 8 | 20 | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | മൊത്തം | 6884 | 137 | 313 | 450 | 17 | 5 | 22 | 10 | 27 | 37 | - | - | - | - | - | - | - | - | - |

സ്ഥാനത്തിൽ വൻ തോതിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ വിപണികൈയടക്കിയതിനാൽ കൈത്തൊഴിൽ ഉൽപന്നങ്ങളായ പായ, കുട്ട, കയർ തുടങ്ങിയവക്ക് തൃപ്തികരമായ വില ലഭിക്കാതെ വന്നതിനാൽ ഈ കൈത്തൊഴിലുകാർ മറ്റു തൊഴിൽ തേടി അലയുന്നു. കൂലിവേലയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന ഈ വിഭാഗത്തിന് തൊഴിലുറപ്പ് വരുത്തേണ്ടതുണ്ട്.

പഞ്ചായത്തുകളിൽ ഭൂരിഭാഗം പട്ടികജാതി കടുംബങ്ങളും 10 സെന്റിൽ കുറവായ കൈവശഭൂമി ഉള്ളവരാണ്. ഭൂരഹിതരായ കുടുംബങ്ങളും നിരവധിയാണ്. പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. സർക്കാറിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ സാമ്പത്തിക സഹായം അപര്യാപ്തമായതിനാൽ പല വീടുകളുടേയും പണി പൂർത്തിയാക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. നിലവിലുള്ള കേളനികളുടേയും വീടുകളുടേയും കക്കൂസില്ലാത്ത വീടുകളുടേയും സ്ഥിതി വിവരക്കണക്കുകൾ താഴെ കൊടുക്കുന്നു.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ രംഗത്ത് പുതിയ വിദ്യാലയങ്ങൾ ഉണ്ടായിട്ടില്ല.

2. കുടുംബങ്ങളിൽ നിരക്ഷരത നിലനിൽക്കുന്നു.

3. പ്രീ- പ്രൈമറി വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കുന്നില്ല.

4. നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പരിമിതമാണ്.

5. വ്യവസായ പരിശീലന കേന്ദ്രങ്ങളിലും ഹിന്ദി പ്രചാരണ സഭയുടെ സ്ഥപനങ്ങളിലും പഠിക്കുന്നവർക്ക് ഫീസാനുകൂല്യം ലഭിക്കുന്നില്ല.

6. കാർഷിക മേഖലകളിൽ തൊഴിൽ സാധ്യത കുറയുന്നു.

7. മിക്കവീടുകളും സൗകര്യപ്രദമല്ല.

8. വീടുവെയ്ക്കാൻ ഭൂമിയില്ലാത്തവർ നിരവധിയാണ്.

9. വീടു നിർമ്മിക്കാനുള്ള സഹായ ധനം അപര്യാപ്തമാണ്.

10. മിക്കവീടുകളിലും കക്കൂസ് സൗകര്യമില്ല.

11. കുടികിടപ്പിന് പട്ടയം ലഭിക്കാത്തവർ ഉണ്ട്.

12. കുടിവെള്ളവും, വൈദ്യുതിയും ഇല്ലാത്ത വീടുകൾ ഉണ്ട്.

13. കിഴക്കൻ മേഖലകളിൽ ചികിത്സാ സൗകര്യമില്ല.

14. തൊഴിലില്ലായ്മ രൂക്ഷമാണ്.

15. സർക്കാർ സാമ്പത്തിക സഹായം നൽകുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സംവരണം ലഭിക്കുന്നില്ല.

16. പട്ടികജാതി വികസനപദ്ധതികൾ പൂർണ്ണമായും ഫലപ്രദമാകുന്നില്ല.

17. വ്യവസായിക മേഖലകളിൽ പട്ടികജാതിക്കാരുടെ പങ്കാളിത്തം കുറവാണ് .

18. പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിലെ അംഗങ്ങൾക്ക് അർഹമായ പ്രയോജനം ലഭിക്കുന്നില്ല. ഈ സംഘത്തിന് ജില്ലാ സഹകരണ ബാങ്കിന്റെ അംഗത്വം ലഭിച്ചിട്ടില്ല.

19. സൗരോർജ്ജം, ബയോഗ്യാസ്, പുകയില്ലാത്ത അടുപ്പുകൾ എന്നീ ആധുനിക സൗകര്യം ലഭ്യമായിട്ടില്ല.

20. തലമുറകളായി ഉപയോഗിച്ചുവരുന്ന ശ്മശാനങ്ങൾക്ക് മതിയായ രേഖകൾ ഇല്ലാത്തതിനാൽ അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നു.

21. 6-ാം വാർഡിലെ പൊതു ശ്മശാനം ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടില്ല

253

## സാദ്ധ്യതകൾ

1. പ്രാഥമിക-സെക്കണ്ടറിതലങ്ങളിൽ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുക. കോളനികളിൽ സ്റ്റഡി സെന്ററുകൾ സ്ഥാപിച്ച് വിദ്യാസമ്പന്നരായ ട്യൂട്ടർമാരെ നിയമിക്കുക, കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകുക, കൃത്യമായ ഹാജർ നില പാലിക്കപ്പെടുന്ന, കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോൽസാഹന ഗ്രാന്റ് നൽകുക, ഉച്ചക്കഞ്ഞിവിതരണം കാര്യക്ഷമമാക്കുക, യൂണിഫോം, ഠനോപകരണങ്ങൾ, പാഠപുസ്തകങ്ങൾ എന്നിവ സൗജന്യമായി നൽകുക. ട്യൂട്ടോറിയൽ പഠനത്തിന് മാർക്ക് നിബന്ധന എടുത്തുകളഞ്ഞ് പഠന സഹായധനം നൽകുക.

2. വ്യവസായിക പരിശീലന കേന്ദ്രങ്ങളിലും ഹിന്ദി പ്രചാരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന വുദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുക.

3. കൃഷി നടത്തുന്ന പട്ടിക് ജാതി വിഭാഗത്തിന്ന് മതിയായ വായ്പയും ആനുകൂല്യവും നൽകുക.

4. കൂൺകൃഷി, നഴ്സറി, പട്ടുനൂൽ പുഴു വളർത്തൽ, ഔഷധസസ്യോദ്യാനം, നല്ലയിനം വിത്തുകൾ സമാഹരിച്ച് ആവശ്യമായ കൃഷിക്കാർക്ക് വിതരണം ചെയ്യൽ എന്നിവയ്ക്ക് പ്രോൽസാഹനം നൽകണം. ഇതിന്നാവശ്യമായ സാമ്പത്തിക സഹായം നൽകുക.

5. ഡയറി യൂണിറ്റ്, മുട്ടക്കോഴി, ഇറച്ചിക്കോഴി, കാടവളർത്തൽ, ആടുവളർത്തൽ, മുയൽ വളർത്തൽ എന്നിവയ്ക്ക് സൗജന്യധനസഹായവും ബാങ്കു വായ്പയും ലഭ്യമാക്കുക.

6.വീടും ഭൂമിയും ഇല്ലാത്തവർക്ക് പുനരധിവാസ ഭവനപദ്ധതി പ്രകാരം വീടും സ്ഥലും ലഭ്യമാക്കുക, സർക്കാരിന്റെ നിലവിലുള്ള ഭവന നിർമ്മാണ സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കുക.

7. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വിഷമിക്കുന്നവർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുക.

8. കക്കൂസ് ഇല്ലാത്ത എല്ലാവീടുകളിലും അവസ്ഥാപിക്കുക. വാട്ടർസീൽ ഉള്ളതും വെൻഡ്പൈപ്പിന് അററിപ്പയുള്ളതുമായ കക്കൂസുകൾ സ്ഥാപിക്കുക.

9 പട്ടയം ലഭിക്കാത്ത കുടികിടപ്പുകാർക്ക് പട്ടയം അനുവദിക്കുക.

10 നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കി കുടി വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുക ശുദ്ധ ജലകിണറുകൾ കുഴിക്കുന്നതിനുള്ള ആനുകൂല്യം വർദ്ധിപ്പിക്കുക. കോളനിക്ക് പുറത്തു താമസിക്കുന്ന പട്ടിക ജാതി വിഭാഗത്തിന്ന് വൈദ്യുതി സൗകര്യം ലഭ്യമാക്കുക.

11 കിഴക്കൻ മേഖലയിലുള്ള സബ്സെന്ററുകൾ, ഹെൽത്തുസെന്ററുകളായി ഉയർത്തുകയും ജീവൻ രക്ഷാഔഷധങ്ങൾ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക.

12 എല്ലാ കോളനികളിലും ഡ്രൈനേജുകൾ നിർമ്മിക്കുക

13. ആരോഗ്യ സെമിനാറുകൾ സംഘടിപ്പിക്കുക, പ്രാഥമിക ചികിത്സ ചെയ്യുന്നതിനുള്ള അറിവ് വിദ്യാസമ്പന്നർക്ക് ലഭ്യമാക്കുക, പാരമ്പര്യ ഔഷധ ചികിത്സ സമ്പന്ധിച്ചുള്ള അറിവുകൾ പുത്തൻ തലമുറക്ക് പകർന്നുകൊടുക്കുക.

14 കോളനികളിലെ ശുദ്ധജലക്കിണറുകൾ യഥാകാലം ശുചീകരിക്കുക.

15 തൊഴിലില്ലായ്മ മൂലം ഉപജീവനം കാണാനാകാതെ വ്ഷമിക്കുന്നവർക്ക് തൊഴിൽ കണ്ടെത്താനാവശ്യമായ പരിശീലനവും സ്വയം തൊഴിൽ കണ്ടെത്താനുള്ള ധന സഹായവും പലിശ രഹിത വായ്പയും ലഭ്യമാക്കുക.

16 അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ വ്യവസായ യൂണിറ്റുകൾ, വ്യാപാര-സേവന-സംസ്കരണ സ്ഥാപനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

17. സ്വകാര്യ മേനേജ്മെന്റിനു കീഴിൽ സർക്കാർ സഹായ ധനത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ തൊഴിൽ സംവരണ തത്വം പാലിക്കുക.

18. പദ്ധതികളെ സംബന്ധിച്ചുള്ള അജ്ഞത മാറ്റുന്നതിനാവശ്യമായ ബോധവൽക്കരണം നിർബന്ധിതമാക്കുക.

19. നിർധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുകയും കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യുക.

20. പട്ടിക ജാതിക്കാരായ എല്ലാ കർഷക തൊഴിലാളികൾക്കു കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുകയും വിതരണത്തിലെ അശാസ്ത്രീയത പരിഹരിക്കുകയും ചെയ്യുക. പെൻഷൻ കിട്ടാൻ അർഹതയുള്ളവരുടെ പെൻഷൻ പ്രായം 50 ആക്കി നിജപ്പെടുത്തുക.

21. പട്ടിക ജാതിക്കാർക്കുള്ള വ്യവസായ പദ്ധതി കാര്യക്ഷമമായി നടപ്പാക്കണം.

22. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘം വളരെ ശോചനീയവാസ്ഥയിലാണ്. ഈ സംഘത്തിന് സ്വന്തമായി കെട്ടിടമില്ല. ജില്ലാ സഹകരണ ബാങ്കിന്റെ അംഗത്വമില്ല. അംഗങ്ങൾക്ക് വായ്പാ സൗകര്യം ലഭ്യമാകുന്നില്ല. കൂടുതൽ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുകയും 10-ാം വാർഡിൽ കിസാൻ ഏജൻസിക്ക് എതിർ വശം ഉപയോഗ ശൂന്യമായിക്കിടക്കുന്ന സ്ഥലം സംഘത്തിന് കൈമാറി കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുകയും കൂടുതൽ മൂലധന ഗ്രാന്റ് ലഭ്യമാക്കുകയും ചെയ്യുക.

23. സൗരോർജ്ജം-ബയോഗ്യാസ്-പുകയില്ലാത്ത അടുപ്പുകൾ എന്നീ സൗകര്യങ്ങൾ കോളനികളിൽ ലഭ്യമാക്കുക.

24. അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്ന പട്ടിക ജാതി ശ്മാശാനങ്ങൾക്ക് ആവശ്യമായ രേഖകൾ നൽകി സംരക്ഷിക്കുക. 10-ാം വാർഡിൽ 'കുന്ന്' എന്നറിയപ്പെടുന്ന ശ്മശാനം, 1-ാം വാർഡിൽ മാങ്ങാട്ടിരിയിലെ ശ്മശാനം 9-ാം വാർഡിലെ തെക്കൻ കുറ്റൂർ ശ്മശാനം 7-ാം വാർഡിലെ തിരുത്തുമ്മൽ ശ്മശാനം 8-ാം വാർഡിലെ കണ്ണാടിക്കൽ ശ്മാശാനം എന്നിവ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും യാത്രാ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

25. ആറാം വർഡിലെ പൊതു ശ്മശാനത്തിന് ഇത് വരെ അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ ഇതിന് അംഗീകാരം നൽകി പൊതുജന ഉപയോഗത്തിന് തുറന്നു കൊടുക്കുക

26. പട്ടിക ജാതിക്കാരുമായുള്ള മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുകയും ഇവർക്ക് നൽകുന്ന ധനസഹായങ്ങളും പദ്ധതികളും വർദ്ധിപ്പിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നൽകുക

## പൊതു നിർദ്ദേശങ്ങൾ

1. പാറശ്ശേരി IHDP കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

2. പാറശ്ശേരി IHDP കോളനിയിൽ അംഗനവാടി സ്ഥാപിക്കുക

3. എല്ലാ കോളനിയിലും വായനശാലയും ടി.വി. സെറ്റും അനുവദിക്കുക

4. എല്ലാ പട്ടിക ജാതി വീടുകളും സൗജന്യമായി വൈദ്യുതീകരിക്കുക

5. എല്ലാ പട്ടികജാതി വീടുകളിലും കുടിവെള്ളം എത്തിക്കുക

6. മാങ്ങാട്ടിരി കോളനിയിലേക്കുള്ള റോഡ് അക്വയർ ചെയ്യുക

7. പട്ടിക ജാതി വികസന ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കുക.

8. കുഞ്ഞിലക്കടവ് റോഡ് നന്നാക്കുക.

9. കോളനികളും കോളനിക്കു പുറത്തുള്ള മറ്റു പട്ടിക ജാതിക്കാരുടെ വീടുകളും ചുറ്റു മതിൽ കെട്ടി മണ്ണൊലിപ്പു തടയുക

10. പള്ളിപ്പറമ്പ് കോളനിയിലേക്കുള്ള റോഡ് നന്നാക്കുക

11. പട്ടിക ജാതിക്കാരുടെ ആരാധനാലയങ്ങൾ ഉദ്ധരിക്കാൻ ആവശ്യമായ ഗ്രാന്റ് ദേവസ്വം ബോർഡിൽ നിന്നും ലഭ്യമാക്കുക

12. കലാ കായിക രംഗങ്ങളിലും വിദ്യാഭ്യാസ-സേവന-കർമ്മ രംഗങ്ങളിലും മികച്ച സേവനം കാഴ്ച വെക്കുന്നവർക്ക് പ്രോത്സാഹനം നൽകുക.

13. പാരമ്പര്യക്ഷേത്ര കലകളെ പ്രോത്സാഹിപ്പിക്കുക

14. പട്ടിക ജാതിയിൽ പെട്ട പാവപ്പെട്ടവർക്ക് സൗജന്യ ഇൻഷൂറൻസ് പരിരക്ഷ ഏർപ്പെടുത്തുക.

15. പട്ടിക ജാതിക്കാർക്ക് സൗജന്യ നിയമ പരിരക്ഷ ഏർപ്പെടുത്തുക.

16. മാങ്ങാട്ടിരി പ്രദേശത്ത് 'ഓവർ ഹെഡ് ടാങ്ക്' നിർമ്മിച്ച ശുദ്ധ ജല വിതരണം നടത്തുക.

17. കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/ST കോ ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സ്ഥാപനത്തിൽ തലക്കാട് പഞ്ചായത്ത് പട്ടിക ജാതി-പട്ടിക വർഗ്ഗ സർവ്വീസ് സഹകരണ സംഘത്തിന് അംഗത്വം ലഭ്യമാക്കുക.

18. പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷന്റെ ഓഫീസ് ആരംഭിക്കുക.

19. വീടുകളും കിണറുകളും നന്നാക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

20. പൗരാവകാശ നിയമം സംബന്ധിച്ച് സമഗ്രമായ ബോധ വൽക്കരണം നടത്തുക.

സാമൂഹിക - സാമ്പത്തിക- വിദ്യാഭ്യാസ - സാംസ്കാരിക മേഖലകളിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതും സമൂഹത്തിലെ അടിസ്ഥാന ജനവിഭാഗവുമായ പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർക്ക് സമൂഹത്തിലെ ഇതര വിഭാഗങ്ങൾക്കൊത്ത് ഉയരേണ്ടത് അനിവാര്യമായത് കൊണ്ട് മേൽ പറഞ്ഞ സമഗ്ര വികസന ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് സാമൂഹിക സമത്വം കൈവരിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കാം.

12

# വിഭവ സമാഹരണം

ചെയർമാൻ : ടി.വീരാൻകുട്ടി (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
കൺവീനർ : ഗോപാലകൃഷ്ണൻ (തലക്കാട് വില്ലേജ് ഓഫീസർ)
അംഗങ്ങൾ : സി.ടി.അബിദുൽ കരീം
എം. അബ്ദുൽ അസീസ്
വി.സി. രാമചന്ദ്രൻ
കെ. രാമചന്ദ്രൻ മാസ്ററർ

257



# തലക്കാട് ഗ്രാമ പഞ്ചായത്ത്

# വിഭവ സമാഹരണം

ഏതൊരു നാടിന്റേയും വളർച്ചയും ഉന്നതിയും ആ പ്രദേശത്തെ വ്യവസായിക, കാർഷിക, വിദ്യാഭ്യാസ മേഖലകളിൽ ഉണ്ടാകുന്ന അഭിവൃദ്ധിയെയാണ് ആശ്രിയിച്ചിരിക്കുന്നത്. ഈ പഞ്ചായത്തിനുണ്ടായ നേട്ട-കോട്ടങ്ങളെ സബന്ധിച്ചും ഭാവിപ്രവർത്തനങ്ങൾക്കാവശ്യമായ വിഭവ ശേഖരണത്തെ പറ്റിയും പ്രതിപാതിക്കുന്നതിന്ന് മുമ്പായി ഈ പ്രദേശത്തെപ്പറ്റി രണ്ടു വാക്കുപറയുന്നത് അസ്ഥാനത്താകില്ലെന്നു കരുതുന്നു.

തിരൂർ താലൂക്കിലെ തലക്കാട്-തെക്കൻ കുറ്റൂർ അംശങ്ങൾ ചേർത്ത് രൂപീകരിച്ചതാണ് തലക്കാട് പഞ്ചായത്ത്. റവന്യൂ റികാർഡുകളിലും പഞ്ചായത്തിന്റേയും പേരുകളിൽ മാത്രം കാണുന്ന തലക്കാട് അറിയപ്പെടുന്നത് വെട്ടത് പുതിയങ്ങാടി എന്ന അപരനാമത്തിലാണ്.

കുറ്റിയറ്റം വന്നുപോയ വെട്ടത്ത് രാജാവിന്റെ ഭരണസിരാകേന്ദ്രമായിരുന്ന വെട്ടത്ത് പുതിയങ്ങാടിയിൽ ഭരണ കേന്ദ്രത്തിനടുത്തെ പൂന്തോട്ടം നിന്നിരുന്ന സ്ഥലത്തിന്റെ ഒരു ഭാഗത്താണ് ഇന്ന് തലക്കാട് പഞ്ചായത്ത് കാര്യാലയം സ്ഥിതിചെയ്യുന്നത്. 1910കളുടെ അവസാനംവരെ ഇന്ന് തിരൂർ പട്ടണത്തിലുള്ള മുൻസിഫ് മജിസ്ട്രേറ്റ് കോടതികളും രജിസ്റ്റർ കച്ചേരിയും പോലീസ് സ്റ്റേഷൻ എന്നിവയും ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. ആ സ്ഥാപനങ്ങളിൽ ഇന്നും സൂക്ഷിച്ചിട്ടുള്ള പഴയ റിക്കാർഡുകളും സീലുകളുമെല്ലാം വെട്ടത്ത് പുതിയങ്ങാടി എന്നാണ് രേഖപ്പെടുത്തികാണുന്നത്. മേൽ പറഞ്ഞ സർക്കാർ സ്ഥാപനങ്ങൾ തിരുരിലേക്ക് മാറ്റിയ ശേഷം ഇവിടെ സ്ഥാപിച്ച പ്രൈമറി സ്ക്കൂൾ 1938-ൽ മദ്രാസ് ഭരണാധികാരികൾ ഗവ: സെക്കൻഡറി സ്ക്കൂൾ ഫോർ മാപ്പിള വുമൺ എന്ന പേരിൽ ഉയർത്തുകയുണ്ടായി.

കച്ചേരിയുടെ കുറേ ഭാഗങ്ങൾ രൂപഭേതം വരുത്തിയെങ്കിലും അകത്തളം ഉൾക്കൊള്ളുന്ന ഒരു കെട്ടിടം ഇപ്പോഴും പഴയ സ്ഥിതിയിൽ പഴമയും തനിമയും കാത്ത്സുക്ഷിച്ചു നിൽക്കുന്നു. തിരൂർ-ചാലിയം റയിൽവേ നിലവിൽ വരുകയും തിരൂരിൽ ഒരു റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്തതിന് ശേഷമാണ് ഇവിടെ ഉണ്ടായിരുന്ന ഗവ: സ്ഥാപനങ്ങൾ ഓരോന്നായി തിരൂരിലേക്ക് മാറ്റിയത്. അന്നത്തെ നാട്ടുകാരുടെ അജ്ഞത കൊണ്ടോ അന്ധമായ ഗവൺമെന്റ് വിരോധം കൊണ്ടോ ഈ നാട്ടുകാർ അതിനൊന്നും യാതൊരു എതിർപ്പും പ്രകടിപ്പിച്ചില്ല. അക്കാലത്തെ മലബാറിന്റെ പൊളിറ്റിക്കൽ മാപ്പിൽ തിരൂരിന് സ്ഥാനം ഉണ്ടായിരുന്നില്ല. വെട്ടത്ത് പുതിയങ്ങാടിയും, പറവണ്ണ അങ്ങാടിയും, കൂട്ടായി നഗരവും മാർക്ക് ചെയ്തിരുന്നു. വടക്ക് തിരൂർ മുനിസിപ്പാലിറ്റി, ചെറിയമുണ്ടം പഞ്ചായത്തുകളും കിഴക്ക് തിരുന്നാവായ വളവന്നൂർ പഞ്ചായത്തുകളും തെക്ക് വെട്ടം, തൃപ്രങ്ങോട് പഞ്ചായത്തുകളും പടിഞ്ഞാറ് തിരൂർ, പൊന്നാനി പുഴയും ഈ പഞ്ചായത്തിന്റെ അതിരുകൾ ആണ്. വെട്ടത്ത് തമ്പുരാന്റെ സ്തുതി പാടകരായി പണ്ഡിത ശിരോമണികളായ വ്യക്തിത്വങ്ങൾ കാവൽ നിൽക്കുന്നുപോലെയാണ് ഭൂമി ശാസ്ത്രപരമായ കിടപ്പ്.

ജാതി ഭേതം, മതദ്വോഷം ഏതുമില്ലാതെ സർവ്വരും സേദരത്തേനെ വാഴുന്ന മാതൃകാ സ്ഥാനമായി തന്നെ അന്നും ഇന്നും ഈ പ്രദേശം നിലനിൽക്കുകയാണ്.

## വ്യവസായീകരണം.

ഈ പ്രദേശത്ത് ഒറ്റ വൻ വ്യവസായ സാഥാപനവും ഉണ്ടായിട്ടില്ല. എന്നിൽ ഖേതമുണ്ട്. അതിനുള്ള യാതൊരു സംരംഭവും സ്വകാര്യ വ്യക്തികളിൽ നിന്നോ, സർക്കാർ തലത്തിലോ ഉണ്ടായിട്ടില്ല. നാലോ, അഞ്ചോ ആളുകൾ ജോലി ചെയ്യുന്ന രണ്ടോ, മൂന്നോ മരമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

ഒരു ഗ്ലൂക്കോസ് ഫാക്ടറിക്ക് ചില വ്യക്തികൾ പ്രാരംഭ പ്രവർത്തനങ്ങൾ തീർത്തുവെച്ചിട്ടുണ്ടെങ്കിലും അത് ഇതുവരെ പ്രവർത്തനത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ഭൂരിപക്ഷം തൊഴിലാളികളായ ഈ നാട്ടിൽ ഏതെങ്കിലും തലത്തിലുള്ള ഒരു തൊഴിൽ സ്ഥാപനം വ്യവസായ വകുപ്പിൽ നിന്നു തുടങ്ങുകയാണെങ്കിൽ അത് നാട്ടിലെ താഴിലില്ലായ്മ ഒരവളവോളം പരിഹൃതമാകും. പഞ്ചായത്തിന്ന് ഒരു ധനാഗമ മാർഗ്ഗമായിത്തീരുന്നതുമാണ്. ചെറുകിട വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ ഉദാരവൽകരിക്കുകയാണെങ്കിൽ അതും നാട്ടുകാർക്ക് വലിയ നേട്ടം ആയിരിക്കും.

## കാർഷിക രംഗം

പഞ്ചായത്തിലെ കാർഷിക മേഖലയും വളരെ പിന്നണിയിൽ തന്നെയാണ്. പാടശേഖരങ്ങൾ ധാരാളം ഉണ്ടെങ്കിലും ഇന്നത്തെ കൃഷിച്ചെലവും വിളവിന്റെ മേനിക്കുറവും കാരണം നെൽകൃഷി രംഗത്തു നിന്നും ജനങ്ങൾ പിന്തിരിയാൻ നിർബന്ധിതമാകുകയാണ്. കേര കർഷകന്റെ കാര്യവും പരിതാപകരമാണ്. വളത്തിന്റെ വില വർദ്ധനവും കൂലി വർദ്ധനവും വിളക്കുറവും ഉല്പന്നങ്ങളുടെ വിലക്കുറവും കേരകർഷകന്റെ നട്ടെല്ല് ഒടിച്ചിരിക്കയാണ്. ഇത്തരം ദുരവസ്ഥകൾക്ക് പരിഹാരം എന്നോണം നാളികേര കോംപ്ലസുകളും, മില്ലുകളും മറ്റുകേരോൽപന്നങ്ങളും നിർമ്മിക്കുന്ന ഫാക്ടറികളും വരണം. നാളികേരത്തിന് ന്യായമായ വിലകിട്ടുന്നതിനുള്ള സാധ്യതകളും സംജാതമാകണം.

## വിദ്യാഭ്യാസ രംഗം

വിദ്യഭ്യാസ രംഗത്ത് വളരെ മുമ്പ് തന്നെ ഈ പ്രദേശം പിന്നിലല്ല. കേരളത്തിലെത്തന്നെ മുസ്ലിം സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് ആദ്യമായി വന്നത് ഇവിടെയാണ്. ഇന്നും ഓത്തുപള്ളി എന്നപേരിലറിയപ്പെടുന്ന ഒരു വീട്ടി ൽനൂറിൽ പരം കൊല്ല

259

ങ്ങൾക്ക് മുമ്പ് "ആപ്പി" എന്നപേരിൽ അറിയപ്പെട്ടിരുന്ന ഒരു സ്ത്രീയായ ടി. തിത്തിയുമ്മ ടീച്ചർ ആരംഭിച്ച ഓത്തുപള്ളി പിന്നീട് എഴുത്തുപള്ളായായി മാറുകയും അതിനുശേഷം ഇന്ന് നല്ല നിലയിൽ നടന്നുവരുന്ന ഗവ: വനിതാ ഹയർ സെകന്ററി സ്ക്കൂളിന്ന് പിതൃത്വം നല്ഡകുകയും ചെയ്തു. സ്ത്രീകളിൽ നല്ലൊരു ഭാഗം ടീച്ചർമാരായി ജോലി ചെയ്തിരുന്നു. ജോലിയില്ലാത്ത നല്ലൊരു വിഭാഗം അഭ്യസ്ത വിദ്യരുണ്ട്. ഒരു ബോയ്സ് സ്ക്കൂളിന്റെ അഭാവം നാട്ടുകാരെ വല്ലാതെ അലട്ടുന്നുണ്ട്. ഇവിടുത്തെ പൗരാണിക ഗവ: മാപ്പിള അപ്പർ പ്രൈമറി സ്ക്കൂൾ ഒരു ഹൈസ്ക്കൂളായി ഉയർത്താൻ മുൻ ഗവൺമെന്റ തീരുമാനിച്ചിരുന്നതാണ്. അത് നടപ്പിൽ വരുത്തുകയും ഒരു ഐ.ടി.ഐ സ്ഥാപിക്കുകയും ചെയ്താൽ ഇവിടുത്തെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങൾക്ക് ഏറെക്കുറേ പരിഹാരമായിരിക്കും. മലപ്പുറം ജില്ലക്ക് അനുവദിച്ച 'ഡയറ്റ്' എന്ന പരിശീലന കേന്ദ്രവും ഇവിടെയാണ് സ്ഥാപിച്ചിട്ടുള്ളത്.

### ആരോഗ്യം

ആരോഗ്യപരമായ കാര്യത്തിലും അടുത്തകാലംവരെ പഞ്ചായത്ത് വളരെ പിന്നിലായിരുന്നു. ഒരു ആയുർവ്വേദ ഡിസ്പെൻസറിയും, ഒരു അലോപതി ആശുപത്രിയും ഇപ്പോൾ പഞ്ചായത്തിലുണ്ട്. നല്ല നിലയിൽ നടക്കുന്ന ഒരു പ്രൈവറ്റ് ആശുപത്രിയും ഇവിടെയുണ്ട്. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തം കെട്ടിടമായെങ്കിലും, അലോപതി ആസ്പത്രി പഞ്ചായത്ത് വക സാംസ്കാരിക കേന്ദ്രം തല്കാലം ഒഴിഞ്ഞു കൊടുത്തു അതിൽ പ്രവർത്തിക്കുകയാണ്. അതിന്ന് ഒരു സ്ഥിരം സ്ഥലം സമ്പാദിക്കാനുള്ള പരിശ്രമം പഞ്ചായത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്നുള്ള ഭീമമായ ചിലവുകൾക്ക് ഒരു സാമ്പത്തിക സംവിധാനം ഉണ്ടാക്കുവാൻ പഞ്ചായത്തും നാട്ടുകാരും ഒത്തൊരുമിച്ച് ശ്രമിക്കേണ്ടതും ഗവൺമെന്റിൽ നിന്നും വല്ല സഹായവും ലഭിക്കുമോ എന്ന് ചിന്തിക്കേണ്ടതാണ്.

### മറ്റു വരുമാന മാർഗ്ഗങ്ങൾ

മേൽപറഞ്ഞ പദ്ധതികളെല്ലാം ശരിയായി യഥോചിതം നടപ്പിൽ വരുത്തുവാനും നിലനിർത്തുവാനും അത്യന്താപേക്ഷിതമായ ഘടകം സാമ്പത്തികമാണല്ലോ, പഞ്ചായത്തിന്ന തൊഴിൽ നികുതി കെട്ടിട നികുതി, വിനേദ നികുതി, എന്നിവയിൽനിന്നുള്ള സാധാരണ വരുമാനങ്ങളും ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന ചില ഗ്രാന്റുകളുമാണല്ലോ വരുമാനമായി കാണുന്നത്. ഈ ഇനങ്ങളിൽ തന്നെ കാലേചിതവും പൊതുജനങ്ങൾക്ക് ഉപദ്രകരവുമല്ലാത്തതുമായ രീതിയിൽ ചില മാറ്റങ്ങൾ വരുത്തിയുംപുതുതായി ചില സ്രോതസ്സുകൾ കണ്ടെത്തിയും വിഭവ സമാഹാരം നടത്തേണ്ടതാണ്.

### തൊഴിൽ നികുതി

ഇത് ഇന്ന് ഉദ്യോഗസ്ഥന്മാർക്ക് മാത്രമുള്ള ഒരു ഏർപ്പാടായി സംശയിക്കപ്പെടുന്നുണ്ടോ എന്നു സംശയിക്കുകയാണ്. തൊഴിലെടുക്കുന്ന ഏത് വിഭാഗത്തിൽ നിന്നും അർഹിക്കുന്ന തൊഴിൽ നിയമാനുസൃതം നികുതി പിരിച്ചെടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

### വീട്ടു നികുതി

പാർപ്പിടങ്ങളേയും വാടക കേട്ടിടങ്ങളേയും വെവ്വേറെ വീക്ഷണത്തിൽ ദർശിക്കേണ്ടതും അർഹിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തേണ്ടതുമാണ്.

### വിനോദ നികുതി

പഞ്ചായത്തിലിപ്പോൾ നല്ല നിലയിൽ നടക്കുന്ന ഒരു സിനിമാ ശാലയാണുള്ളത്. രണ്ടാമതൊന്ന് പണിതുകൊണ്ടിരിക്കുന്നുണ്ട്. വിനോദ നികുതി ഇനത്തിൽ ഇപ്പോൾ ഈടാക്കുന്ന അയൽ പ്രദേശങ്ങളിലുള്ള തീയേറ്ററുകളിൽ നിന്ന് പിരിച്ചെടുക്കുന്നതിനേക്കാൾ വളരെ കുറവാണ്. ആയത് പത്തോ പതിനഞ്ചോ ശതമാനം

വർദ്ദിപ്പിച്ചാൽ അതിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് ഒരു വലിയ അനുഗ്രഹമായി ത്തീരുന്നതാണ്. സിനിമാ പ്രേമികൾക്ക് അതൊരു ഭാരമാവുകയോ, വെറും കളക്ഷൻ ഏജന്റുമാരായ തീയേറ്റർ ഉടമകൾക്ക് അതൊരു പ്രശ്നമാവുകയോ ഇല്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് നടപടികൾ എടുത്തു വരുന്നുണ്ട്.

### നിത്യ ചന്ത

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു നിത്യ ചന്ത ബി.പി അങ്ങാടി കേന്ദ്രമായി സംവിധാനം ചെയ്യുകയാണെങ്കിൽ അത് പഞ്ചായത്തിനും പോതു ജനങ്ങൾക്കും ഗുണകരമായിരിക്കും.

### കച്ചവട ലൈസൻസ്

ഇന്ന് കച്ചവട സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന കാര്യത്തിൽ മിക്കവരും അമാന്തം കാണിക്കുന്നു. പഞ്ചായത്ത് അധികൃതർ ഈ വിഷയത്തിൽ കൃത്യമായ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കച്ചവടക്കാരിൽ ഒരു ബോധനം നടത്തി അർഹിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ലൈസെൻസ് എടുക്കുവാൻ അടിയന്തിര നിർദേശം കൊടുത്താൽ അത് കച്ചവടക്കാർക്കും പഞ്ചായത്തിനും മെച്ചമായിരിക്കുന്നതാണ്.

### ടാക്സി സ്റ്റാന്റ്

ടാക്സികൾക്ക് ഒരു സ്റ്റാന്റ് ഇല്ലാത്തത് പഞ്ചായത്തിന്നൊരു കോട്ടമാണ്. ഇപ്പോൾ ഗേൾസ് ഹൈസ്ക്കൂൾ റോഡിൽ വണ്ടികൾ നിർത്തുന്നത്കൊണ്ട് വിദ്യാർത്ഥികൾക്ക് മാത്രമല്ല പൊതുജനങ്ങൾക്കും വിഷമമുണ്ട്. ഓട്ടോറിക്ഷകൾക്ക് ഒരു സ്റ്റാന്റ് നിർമ്മിക്കുകയാണെങ്കിൽ വണ്ടികൾക്കും വിദ്യാർത്ഥികൾക്കും യാത്രക്കാർക്കും ഉപകാരപ്രദമായിരിക്കുന്നതും പഞ്ചായത്തിന്ന് നല്ല വരുമാനമാർഗ്ഗം ആയിരിക്കുന്നതുമാണ്.

### പരസ്യ നികുതി

പഞ്ചായത്തിൽ നിയമാനുസൃതം ഇളവുകൾ അനുവദിക്കാവുന്ന സംഗതികൾ ഒഴികെയുള്ള എല്ലാ പരസ്യങ്ങൾക്കും നികുതി ചുമത്തേണ്ടതാണ്.

### ബസ്സ് വെയിറ്റിംഗ് ഷെഡ്

നിലവിലുണ്ടായിരുന്ന വെയിറ്റിംഗ് ഷെഡ് പൊളിച്ചു മാറ്റിയതിനാൽ പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് വളരെ അസൗകര്യങ്ങളുണ്ട്. ആ സ്ഥലം കൂടുതൽ വിഷമകരമാക്കുമാറ് ഓട്ടോറിക്ഷകൾ താവളമാക്കുകയും ചെയ്തു. വടക്കു ഭാഗത്ത് കനറാ ബാങ്കിന് മുൻവശം റവന്യൂ ഡിപ്പാർട്ടുമെന്റ് കൈവശമുള്ള സ്ഥലം പഞ്ചായത്തിന്ന് വിട്ടു കിട്ടുമെങ്കിൽ വെയിറ്റിംഗ് ഷെഡും അതോടനുബന്ധിച്ചുള്ള ഒരു ചെറിയ പീടിക മുറിയും നിർമ്മിക്കാൻ സാധിക്കുന്നതും അതൊരു വരുമാന മാർഗ്ഗമായി ത്തീരുന്നതുമാണ്.

### കല്ല്യാമ മണ്ഡപം

ഒരു കല്ല്യാണ മണ്ഡപം നിർമ്മിക്കുകയാണെങ്കിൽ നാട്ടുകാർക്ക് വളരെ ഉപകാരപ്രദമാകുന്നതും പഞ്ചായത്തിന്നൊരു ആസ്ഥിയായി തീരുന്നതുമാണ്.

### മിനി ബസ്സ് സ്റ്റാന്റ്

അനുയോജ്യമായ സ്ഥലത്ത് ഒരു മിനി ബസ്സ്സ്റ്റാന്റ് നിർമ്മിക്കുകയാണെങ്കിൽ അത് പഞ്ചായത്തിന്നൊരു വലിയ ധനാഗമമാർഗ്ഗമായിരിക്കും. ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിന്ന് ബി.പി അങ്ങാടിയിൽ തന്നെ അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തേണ്ടതാണ്.

### മരാമത്ത്

പഞ്ചായത്ത് ചിലവിനങ്ങളിൽ ഏറ്റവും വലിയ വിഭാഗമായ പൊതു മരാമത്തിലെ ചൂഷണം അവസാനിപ്പിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പി

## പട്ടിക -1 വരുമാനത്തിലെ വ്യതിയാനം 1991-92 മുതൽ 1995-96 വരെ

| നമ്പർ | ഇനം | 1991-1992 | 1995-1996 | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| 1 | തൊഴിൽ നികുതി | 49000 | 58000 | 9000 | 18.36 |
| 2 | കെട്ടിട നികുതി | 153000 | 300000 | 147000 | 96.07 |
| 3 | വിനോദ നികുതി | 694000 | 1230000 | 536000 | 77.23 |
| 4 | നികുതിയേതര വരുമാനം | | | | |
| 9 | സ്റ്റാമ്പ് ഡ്യൂട്ടി | 133000 | 260000 | 127000 | 95.48 |
| 6 | അടിസ്ഥാന നികുതി വിഹിതം | - | 26000 | - | - |
| 5 | അൺടൈയ്ഡ് | 180000 | 1180000 | 1000000 | 555.5 |
| 6 | ഗ്രാന്റ് | | | | |
| 9 | VTC ഗ്രാന്റ് | 19000 | 75000 | 56000 | 294.73 |
| 6 | V.R.M ഗ്രാന്റ് | 9600 | 11000 | 1400 | 14.58 |
| 7 | ഡപ്പോസിറ്റുകൾ | 163000 | 93000 | 70000 | 42.94 |
| 8 | കച്ചവടക്കാരുടെ ലൈസൻസ് | 3000 | 3752 | 752 | 25.06 |

## പട്ടിക II. 1991-92, 19995-96 ചിലവിനത്തിലെ വ്യതിയാനം


| നമ്പർ | ഇനം | 1991-1992 | 1995-1996 | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| 1 | എക്സ്ട്രാബിളിഷ്മെന്റ് | 397000 | 595000 | 198000 | 49.87 |
| 2 | പൊതുമരാമത്ത് | 703000 | 935000 | 232000 | 33.00 |
| 3 | മറ്റു വികസന ചിലവുകൾ | | | | |
| I. | വിദ്യാഭ്യാസം | 22000 | 21000 | -1000 | -4.54 |
| II. | ജലവിതരണം | 500 | 165000 | 164500 | 32900 |
| III. | ആരോഗ്യം | 4000 | 66000 | 62000 | 1550 |
| IV. | സ്റ്റ്രീറ്റ് ലൈറ്റ് | 20000 | 33000 | 31000 | 1550 |
| V. | സോഷ്യൽ വെൽഫയർ | 1000 | 16000 | 15000 | 150 |
| VI. | പഞ്ചായത്ത് പ്രോപർട്ടി മെയിന്റനൻസ് | Nil | 6000 | - | - |

ക്കുന്നു.


പഞ്ചായത്ത് അതിർത്തിയിൽ രണ്ടോ മൂന്നോ കൺസ്ട്രക്ഷൻ കോ. ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുകയും അവരോട് ക്വട്ടേഷനുകൾ സ്വീകരിച്ച് അർഹിക്കുന്നത് അംഗീകരിക്കുകയും ചെയ്യാവുന്നതാണ്.

## ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തിലെ ജനങ്ങൾ ബാങ്ക് നിക്ഷേപം നടത്തുമ്പോൾ കഴിയുന്നതും പഞ്ചായത്ത് അതിർത്തിയിലുള്ള സഹകരണ സ്ഥാപനങ്ങലിൽ നിക്ഷേപിക്കേണ്ടതാണെന്ന് ജനങ്ങളെ ബോധവൽകരിക്കുകയും, സഹകരണ സ്ഥാപനങ്ങൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ സ്ഥാപിക്കാൻ ശ്രമിക്കേണ്ടതുമാണ്.. നിത്യ പിരിവുകൾ, റിക്കറിംങ്ങ് ഡിപ്പോസിറ്റുകൾ, മുതലായ സ്കീമുകൾ പ്രകാരം ഓരോ വീട്ടിൽ നിന്നും പോസ്റ്റാഫീസുകൾ ചെയ്യുന്ന വനിതാ പ്രധാൻ ഏജൻസികളെ നിശ്ചയിക്കുകയും ചെയ്താൽ വിജയപ്രദമയിരിക്കും.. ബാങ്കുകൾ സമാഹരിക്കുന്ന പണത്തിന്റെ വലിയൊരു ഭാഗം പഞ്ചായത്തിലെ വ്യക്തികൾക്ക് ലോൺ കൊടുക്കാനും സന്നദ്ധമാകണം. പഞ്ചായത്തും ഗ്രാമസഭയും അംഗീകരിക്കുന്ന പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ ബാങ്കുകൾക്ക് ബാധ്യതയുണ്ടാകണം. പഞ്ചായത്തിലെ വരവുചിലവുകളുടെ പട്ടിക താഴെ കൊടുക്കുന്നു



എന്റെ ജീവിതമാണ് എന്റെ സന്ദേശം



# ഉപസംഹാരം

ഒരു നാടിന്റെ വികസനമെന്നത് ആ നാടിന്റെ സർവ്വതോന്മുഖമായ വികസനത്തിൽ അധിഷ്ടിതമാണ്. ഈ വികസന പ്രക്രിയയാകട്ടെ അവരുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ വികസനത്തിന്റെ സമൂർത്തമായ രൂപാന്തരീകരണമാണ്താനും. ഇത്തരം സവിശേഷമായ രൂപാന്തരീകരണത്തിന് പിന്നിലെ നിയാമക പ്രേരക ശക്തി സമയ ബന്ധിതമായ ആസൂത്രണ പ്രക്രിയയും നടത്തിപ്പുമാണ്.

ആസൂത്രണമെന്നുള്ളത് ഒരു പുത്തൻ ആശയമല്ല. രാഷ്ട്ര ശിൽപിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചത് ഭാരതത്തിന്റെ ആത്മാവായ ഗ്രാമങ്ങളുടെ വികസനത്തെ ലക്ഷ്യമാക്കിയായിരുന്നു. രാഷ്ട്ര പിതാവായ മഹാത്മജിയുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് വേണ്ടി 'പൂർണ്ണസ്വരാജ്' ലക്ഷ്യമാക്കിക്കൊണ്ട് വികസന പ്രക്രിയക്ക് രൂപം കൊടുത്തപ്പോൾ തന്നെ ജനപങ്കാളിത്തം ഉറപ്പു വരുത്തിയിരുന്നു. പക്ഷെ ഈ പങ്കാളിത്തം കേന്ദ്രീകരണമായി മാറിയതിനാൽ ഡിപ്പാർട്ട്മെന്റലിസം വർദ്ധിക്കുകയും വകുപ്പുകൾ തമ്മിലുള്ള സമന്വയം താരതമ്യേന കുറയുകയും ചെയ്തതിന്റെ ഫലമായി വികസന പ്രക്രിയയുടെ മുഖ്യ ധാരയിലേക്ക് ജനങ്ങളെ കൊണ്ടു വരുവാൻ സാധിക്കാതെ വന്നു. വികസന പ്രക്രിയ ഒരു പിടി ഉദ്യോഗസ്ഥന്മാരുടെ കൈകളിൽ അമർന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ 73, 74 വകുപ്പുകളുടെ ഭേദഗതി പ്രകാരം 9-ാം പദ്ധതിയുടെ ആസൂത്രണത്തെ കുറിച്ചും നടത്തിപ്പിനെ കുറിച്ചും ജനങ്ങൾ തന്നെ ചിന്തിക്കുന്ന, തീരുമാനമെടുക്കുന്ന ഒരു പുത്തൻ സംസ്കാരം കൈ വന്നു.

പുതിയ പഞ്ചായത്ത് രാജ് സംവിധാനം പൂർണ്ണ അർത്ഥത്തിൽ ഉപയോഗപ്രദമാക്കുന്നതിന് നാം തയ്യാറാകേണ്ടിയിരിക്കുന്നു. അധികാരം ജനങ്ങളിൽ എത്തി

യിരിക്കുന്നു. നാടിന്റെ വികസന പ്രക്രിയയിൽ പങ്കാളി യാകുന്നതിന് ഒരോ വ്യക്തിക്കും അവസരം കൈ വന്നിരിക്കുന്നു. നാടിന്റെ നന്മക്ക് വേണ്ടി ജാതി-മത ചിന്തകൾക്കതീതമായി കക്ഷി-രാഷ്ട്രീയ ചിന്തകൾക്കതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്കാരം വളർത്തിയെടുക്കാൻ നാം തയ്യാറാവണം.

ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്ന ആവലാതികൾക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു. പ്രകൃതി വിഭവങ്ങളും ജന വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തി പ്രായോഗിക ബുദ്ധിയോടെ പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ കഴിയണം. വിദഗ്ദ സമിതികളുടെ സഹായത്തോടെ ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്കീമുകളും പദ്ധതികളും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിനു പുറമെ ഫണ്ടു സ്വരൂപിക്കുന്നതിന് സർക്കാരേതര ഏജൻസികളെ കണ്ടെത്തേണ്ടിയിരിക്കുന്നു. സന്നദ്ധ സംഘടനകളുടെ സേവനം ഉറപ്പു വരുത്തികൊണ്ടായിരിക്കണം പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടത്. കൂടാതെ വിഭവ സമാഹരണത്തിനാവശ്യമായ പുത്തൻ മേഖലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന മുദ്രാവാക്യം സാക്ഷാത്ക്കരിക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ നാം തയ്യാറാകണം. പദ്ധതികൾ വളരെ വേഗത്തിൽ നടപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മോചനം നേടുന്നതിനും ജനകീയാസൂത്രണത്തിന്റെ ഫലമായി നമുക്ക് കഴിയണം.

ഐശ്വര്യ പൂർണ്ണമായ സ്വയം പര്യാപ്തമായ ഒരു പഞ്ചായത്തായി തലക്കാട് പഞ്ചായത്തിനെ മാറ്റുന്നതിന് സംസ്കാര സമ്പന്നമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന്, ജനജീവിതത്തോട് നീതി പുലർത്തുന്ന ആരോഗ്യകരമായ ഒരു സാമൂഹ്യ സംവിധാനം നില നിർത്തുന്നതിന്, നമുക്ക് കഴിയുമെന്ന പൂർണ്ണ വിശ്വാസത്തോടെ സമഗ്രമായ ചർച്ചക്കും വിശകലനത്തിനും വേണ്ടി ഈ സമഗ്ര വികസന രേഖ തലക്കാട് ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ സമർപ്പിക്കുന്നു.

ജയ് ഹിന്ദ്!

<u>കോർ ഗ്രൂപ്പ്</u>

ചെയർമാൻ: കെ.പി. സുഹറ ടീച്ചർ
കൺവീനർ: ഡി.ജി. വർഗ്ഗീസ്



Printed at MANGALAM offset press Kallai, Calicut, Ph. 300063

# അധികാരം ജനങ്ങൾക്ക്

## തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത്


## ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ






# കേരളം



# ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി

## തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

### സമഗ്ര വികസന രേഖ



## ഗ്രാമസ്വരാജ് ഗാന്ധിജിയുടെ സ്വപ്നമായിരുന്നു

*ഗ്രാമങ്ങളുടെ ഭരണം നടത്തേണ്ടത് ഗ്രാമപഞ്ചായത്ത് ആയിരിക്കണം.
*ജനങ്ങൾ സ്വാശ്രയശീലരും സ്വയം പര്യാപ്തരായുള്ളവരും ആയിരിക്കണം.
*ഓരോ ഗ്രാമവും ആവശ്യമുള്ളത്ര ഭക്ഷണവും, വസ്ത്രവും ഉണ്ടാക്കണം
*ഓരോ ഗ്രാമത്തിലും കളിസ്ഥലവും, വിദ്യാലയവും, സമ്മേളന സ്ഥാനവും, കന്നുകാലികൾക്കുള്ള മേച്ചിൽ സ്ഥലവും കുടിനീർ സൗകര്യവും വേണം.
*എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽ നടത്തണം.
*ഗ്രാമസ്വരാജ് ആയിരിക്കണം എല്ലാ വികസന പ്രവർത്തനങ്ങളുടെയും പരമ ലക്ഷ്യം.

ഗാന്ധിജി.



"എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടേയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭവങ്ങളില്ല
താനും"

-മഹാത്മാഗാന്ധി

**എഡിററർ**
പി.ഉണ്ണികൃഷ്ണൻ
**സബ് എഡിററർമാർ**
ആർ.മുഹമ്മദ്
എ.ശിവദാസ്
**എഡിറേറാറിയൽ സ്ററാഫ്**
എ.അലികുട്ടി (പ്രസിഡൻറ്)
പി.അബൂബക്കർ സിദ്ധിഖ് (വൈസ് പ്രസിഡൻറ്)
സി.കുട്ടൻ (സ്ററാൻറിംഗ് കമ്മറ്റി)
കുഞ്ഞുമുഹമ്മദ് .കെ.
കെ.കുട്ട്യാലിമാസ്ററർ
അബ്ദുൾ ഫാറൂഖ്
അബൂട്ടിഹാജി
നാരായണൻ മാസ്റ്റർ
ഇ.പി.അഹമ്മദ്കുട്ടി മാസ്റ്റർ
കെ.വി. മുഹമ്മദ്ബഷീർ
കെ.വി.തോമസ്.(V.E.O)
എ.വൽസല
കെ.അലിക്കുഞ്ഞിമാസ്റ്റർ
''വിഭവഭൂപടം -
ഒ.മുഹമ്മലി
**D.T.P &LAY OUT**
**AIKIDO COMPUTER PARK**
**PRINTED AT**
**CENTRAL OFFSET PRINTOGRAPH**
**TIRUR (For Rachana Alathiyoor)**
**Art Work - Rejan B.P.Angadi**

| | | |
|---|---|---|
| 1. | ആമുഖം | 4 |
| 2. | പഞ്ചായത്ത് പൊതുവിവരണം | 7 |
| 3. | സാമൂഹിക സാംസ്കാരിക ചരിത്രം | 10 |
| 4. | ഭൂപ്രകൃതിയും, വിഭവങ്ങളും | 18 |
| | സാമൂഹിക - സാമ്പത്തിക മേഖലകൾ | |
| 5. | കൃഷിയും ജലസേചനവും | 22 |
| 6. | മൃഗസംരക്ഷണവും, മത്സ്യബന്ധനവും | 36 |
| 7. | വ്യവസായം | 42 |
| 8. | വിദ്യാഭ്യാസം | 47 |
| 9. | കുടിവെള്ളവും, പൊതുജനാരോഗ്യവും | 55 |
| 10. | ഗതാഗതം, ഊർജ്ജം, മാർക്കററ് | 63 |
| 11. | പാർപ്പിടവും, സാമൂഹ്യക്ഷേമവും | 77 |
| 12. | സംസ്കാരം | 103 |
| 13. | വനിത | 108 |
| 14. | സഹകരണം | 116 |
| 15. | പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം | 121 |
| 16. | വിഭവ സമാഹരണം | 129 |
| 17. | ടൂറിസം | 135 |
| 18. | ഉപസംഹാരം | 137 |
| | അനുബന്ധം : പ്രവർത്തന രേഖ | |

# തൃപ്രങ്ങോട് പഞ്ചായത്ത് ഭരണ സമിതി



എ.അലിക്കുട്ടി (പ്രസിഡൻറ്)



പി.അബൂബക്കർ സിദ്ദിഖ്
(വൈസ് പ്രസിഡൻറ്)




സി.കുട്ടൻ(ചെയർമാൻസ്റ്റാൻറിംഗ്കമ്മറ്റി)

## മെമ്പർമാർ



എരിഞ്ഞികാട്ട് മൊയ്തീൻകുട്ടി



മാമ്പ്രാക്കൽ കുഞ്ഞാലി



വാക്കയിൽ സുഹറാബി



കെ.കുഞ്ഞുമുഹമ്മദ്



പി.വി.ഗോപാലകൃഷ്ണൻ




വി.ടി.മേരി



കെ.ഷെരീഫ




എ.ദേവയാനി



കൊടിയംകുന്നത്ത് സൈദാലി എന്ന ബാവഹാജി

274




OFFICE OF THE TRIPRANGODE GRAMA PANCHAYATH

അദ്ധ്യായം .1.

# ആമുഖം

1947 ആഗസ്റ്റ് 15ാം തിയ്യതി ഭാരതം ഒരു സ്വതന്ത്ര രാഷ്ട്രമായി. രാജ്യത്തിൻെറ വിഭജനം സൃഷ്ടിച്ച വർഗീയ കലാപങ്ങൾ, അഭയാർഥി പ്രവാഹങ്ങൾ മുതലായ ദാരുണവും സങ്കീർണ്ണവുമായ അനേകം പ്രശ്നങ്ങൾ സ്വതന്ത്ര ഭാരതത്തിലെ അദ്യത്തെ ഗവൺമെൻറ് നേരിടേണ്ടി വന്നു. അതിനു പുറമെ ജമ്മു കാഷ്മീർ സ്റ്റെയിററിൻെറ പേരിൽ പാകിസ്ഥാനുമായി യുദ്ധം പൊട്ടിപ്പുറപ്പെട്ടു. അറുനൂറോളം വരുന്ന നാട്ടുരാജ്യങ്ങളെ ഇന്ത്യയിൽ സംയോജിപ്പിക്കുന്ന അതിപ്ര ധാനമായ കർമം ഈ കാലത്ത് നിർവഹിക്കാനുണ്ടായിരുന്നു. ജവഹർ ലാൽ നെഹ്റുവിൻെറയും സർദാർ വല്ലഭായ് പട്ടേലിൻെറയും നേതൃത്വത്തിൽ സ്വതന്ത്രഭാരതത്തിലെ ആദ്യത്തെ ഗവൺമെൻറ് ഈ വക പ്രശ്നങ്ങളെ ധീരമായി നേരിടുകയും വിജയക രമായി തരണം ചെയ്യുകയും ചെയ്തു. 1949 നവംബർ 26ാം തിയ്യതി സ്വതന്ത്ര ഭാരതത്തിൻെറ ഭരണഘടന അംഗീകരിക്കപ്പെടുകയും 1950 ജനവരി 26 ാം തിയ്യതി ഇന്ത്യ ഒരു ജനാധിപത്യ റിപ്പബ്ലിക്കായി ലോക രാഷ്ട്രങ്ങളുടെ ഇടയിൽ ഉയരുകയും ചെയ്തു.

1-2. ഭരണ ഘടനയുടെ ആമുഖത്തിൽ സാമൂഹിക സാമ്പത്തിക നീതി, ചിന്താസ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, ആരാധനാ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം മുതലായ മഹനീയ തത്വങ്ങളുടെയും ലക്ഷ്യങ്ങളുടെയും മുഴങ്ങുന്ന പ്രഖ്യാപനങ്ങൾ ഉണ്ട്. ഭരണഘടനയുടെ നാലാം ഭാഗത്തിൽ ഭരണകൂടത്തിൻെറ നയങ്ങൾ എന്തിനായിരിക്കണം എന്ന മാർഗ നിർദ്ദേശങ്ങൾ 36 മുതൽ 51 വരെ ഉളള വകുപ്പു കളിൽ അടങ്ങിയി രിക്കുന്നു. 40-ാം വകുപ്പ് പ്രകാരം ഭരണകൂടം 'ഗ്രാമസ്വരാജ്" ഉറപ്പു വരുത്താനായിക്കൊണ്ട് ഗ്രാമ പഞ്ചായത്തുകൾ സംഘടിപ്പിക്കണമെന്നും അവയ്ക്ക് ആവശ്യമായ അധികാരങ്ങൾ നൽകണമെന്നും നിർദേശിക്കപ്പെട്ടിട്ടുണ്ട്. ഈ നിർദേശമനുസരിച്ച് കേരള മടക്കമുളള മിക്ക സംസ്ഥാനങ്ങളിലും പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടുവെങ്കിലും അവയ്ക്ക് വേണ്ടത്ര അധികാരങ്ങൾ നൽകുവാനും പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുവാനും സംസ്ഥാന ഗവൺമെൻറുകൾ തയ്യാറാ യില്ല. ഈ

സാഹചര്യത്തിലാണ് പഞ്ചായത്ത് രാജ് വ്യവസ്ഥക്ക് ഭരണഘടനാ പരമായ പ്രാബല്യവും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നൽകി ക്കൊണ്ട് 73-ാം ഭരണഘടനാ ഭേദഗതി ബിൽ പാർലമെൻറ് അംഗീകരിച്ചത്. ഈ ഭരണ ഘടനാ ഭേദഗതിക്ക് അനുയോജ്യമായി കേരള നിയമസഭ 1994 ലെ പഞ്ചായത്ത് നിയമം പാസ്സാക്കുകയും അതുമു ഖേന ത്രിതല പഞ്ചായത്ത് സമ്പ്രദായം നടപ്പാക്കുകയും ചെയ്തു. ഈ നിയമമനുസരിച്ച് പഞ്ചായത്തു കളി ലേക്ക് തിരഞ്ഞെടുപ്പു നടത്തു കയും 1995 ഒക്ടോ ബർ 2-ാം തിയ്യതി പുതിയ പഞ്ചായത്ത് സമിതികൾ അധികാരത്തിൽ വരുകയും ചെയ്തുജനകീയമായ സാമ്പത്തികാസൂത്രണത്തിന് അത്യാ വശ്യമായ ''അധികാരം ജനങ്ങളിലേക്ക്'' നൽകിയത് ഈ വിധത്തി ലാണ്.


1-3.സ്വാതന്ത്ര്യലബ്ധിക്കുശേഷം സാമ്പ ത്തിക പുരോഗതിക്കുവേണ്ടി വിപുലമായ ശ്രമങ്ങൾ തുടങ്ങി. ആസൂത്രിതമായ വികസന പ്രക്രിയക്ക് തുടക്കം കുറിച്ചത് 1951 ൽ തുടങ്ങിയ ഒന്നാം പഞ്ച വത്സര പദ്ധതിയോടെയാണ്. രണ്ടാം പഞ്ചവത്സര പദ്ധതിയുടെ നടപ്പുകാല ത്താണ്, 1956 ൽ സംസ്ഥാ ന പുനസംഘടന നടന്നതും നവ. 1-ാം ന് കേരള സംസ്ഥാനം രൂപം കൊണ്ടതും. ഒന്നാം പഞ്ചവ ത്സര പദ്ധതിയും രണ്ടാം പഞ്ചവത്സര പദ്ധതി യും ലക്ഷ്യം വെച്ചത് കൃഷി, വ്യവസായം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ പടുത്തു യർത്തുന്നതിനായിരുന്നു. ഈ കാലത്ത് ഇന്ത്യയിൽ അനേകം അണക്കെട്ടുകൾ നിർമ്മിച്ച് നദീതട ജലസേ ചന പദ്ധതികൾ നടപ്പാക്കി. കൂറ്റൻ വ്യവസായ ശാല കൾ നിർമ്മിച്ചും. വമ്പിച്ച വൈദ്യുതി നിലയങ്ങൾ സ്ഥാപിച്ചും വ്യവസായ പുരോഗതിക്ക് ആവശ്യമായ ശക്തമായ അടിത്തറ പണിതും രാജ്യ ത്തിൻെറ മുഴുവൻ വിഭവങ്ങളും ഈ പദ്ധതികൾക്ക് ആവശ്യ മായിരുന്നതിനാൽ ഗ്രാമ വിക സനത്തിനും മററും വേണ്ടത്ര വിഭവങ്ങൾ മാററി വെയ്ക്കുവാൻ ഉണ്ടാ യിരുന്നില്ല. എങ്കിലും ഗ്രാമങ്ങളുടെ സർവതോൻ മുഖമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് വികസന ബ്ലോക്കുകൾ സ്ഥാപിക്കുകയും അവയിൽ കൂടി വികസന പ്രവർത്ത നങ്ങൾ നടത്തുകയുമുണ്ടായി. രണ്ടാം പഞ്ചവ ത്സര പദ്ധതിക്കു ശേഷം ആസൂത്രണ പ്രക്രിയ ചില തിരി ച്ചടികൾ നേരിടുകയും പുരോഗ തി മന്ദീഭ വിക്കുകയും ചെയ്തു. രണ്ടാം പദ്ധതിക്കു ശേഷം ആറ് പഞ്ചവ ത്സര പദ്ധതികൾ വന്നുവെങ്കിലും അവ വേണ്ടത്ര വിജയിച്ചുവെന്ന് പറയാനാകില്ല. ഈ കാലഘ ട്ടത്തിൽ കാർഷിക വ്യവസായ രംഗങ്ങളിൽ അഭിമാ നാർഹമായ പുരോഗതി ഉണ്ടാവുകയും ഇന്ത്യ മൊത്തം ഉൽപാദന ത്തിൻെറ അടിസ്ഥാനത്തിൽ ലോകത്തിൽ ആറാമത്തെ സാമ്പത്തിക ശക്തിയായി ഉയരുകയും ചെയ്തു. അതോടൊപ്പം അസമത്വങ്ങളും അസന്തുലി താവസ്ഥയും വർദ്ധിച്ചിട്ടുമുണ്ട്. നടപ്പു വർഷത്തോട് കൂടി എട്ടാം പഞ്ചവത്സര പദ്ധതി പൂർത്തിയാകുമെ ങ്കിലും നമ്മുടെ രാഷ്ട്ര ശിൽപികൾ വിഭാവനം ചെയ്ത പല ലക്ഷ്യങ്ങളും ഇപ്പോഴും വളരെ അകലെയാണ്. ഈ സാഹചര്യത്തി ലാണ് 9ാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്ക പ്പെടുന്നത്.


1-4. ഇതു വരെ നടപ്പാക്കിക്കൊണ്ടിരുന്ന വികസന പദ്ധതികളുടെ ഒരു പ്രധാന ന്യൂനത അവ പ്രാദേശികമായ പ്രത്യേകതകൾ കണക്കി ലെടുക്കാതെ കേന്ദ്ര ഗവൺമെൻറ് തലത്തിലും സംസ്ഥാന ഗവൺമെൻറ് തലത്തിലും ഉള്ള മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും വിവിധ മേഖലകളിലുള്ള വിദഗ്ധരും ചേർന്ന് രൂപപ്പെടു ത്തിയ പരിപാടികളായിത്തീർന്നു എന്നുള്ളതാണ്. പദ്ധതികൾ ആവിഷ്കരിക്കു ന്നതി ലും,നടപ്പാക്കുന്നതിലും ജനങ്ങൾക്ക് പങ്കാളിത്ത മില്ലാതിരുന്നാതിനാൽ അവ ജനങ്ങളിൽ വേണ്ട ത്ര ഉത്സാഹവും ആവേശവും ഉണർത്തിയില്ല. പലപ്പോ ഴും ഈ പദ്ധതികൾ ഓരോ ഗവൺമെൻറ് ഡിപ്പാർ ട്ടുമെൻറും മററ് മേഖലകളുമായി ബന്ധപ്പെടാതെ നടപ്പാക്കുന്ന ശുഷ്കമായ ഡിപ്പാർട്ടു മെൻറൽ പദ്ധതി കളായി അധഃപതിച്ചു. ഈ സാഹചര്യത്തിലാണ് ''അധികാരം ജനങ്ങളിലേക്ക് '' എന്ന മുദ്രാവാക്യം ഉയർത്തി ജനകീയാസൂ ത്രണ പ്രസ്ഥാനത്തിന് കേരള സർക്കാർ രൂപം നൽകിയത്. ഇത് പ്രകാരം വിഭവങ്ങളും മുൻഗ ണനകളും അനുസരിച്ച് ഗ്രാമസഭകൾ നിർദേ ശിക്കുന്ന പദ്ധതികളാണ് പഞ്ചായത്ത് സമിതി കൾ നടപ്പാക്കേണ്ടത്. അതുപോലെ ജില്ലാതല പദ്ധതിക ളിലും സംസ്ഥാനതല പദ്ധതികളിലും പഞ്ചായത്ത് സമിതികളിൽ നിന്ന് ഉയർന്ന് വരുന്ന നിർദേശങ്ങൾ പരിഗണിക്ക പ്പെടും. അങ്ങനെ പദ്ധതികളുടെ പ്രധാന സ്രോതസുകൾ ജനാഭി ലാഷങ്ങളും ജനാഭി പ്രായങ്ങ ളുമായി തീരുന്നു. പദ്ധതി അടങ്കൽ തുകയുടെ 40 ശതമാനം ഈ പദ്ധതികൾ നടപ്പാക്കാൻ ഗ്രാമപഞ്ചാ യത്തു കൾക്ക് നൽകപ്പെടും എന്നുള്ളത് സ്വാഗതാർ

ഹമാണ്. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാറും നൽകുന്ന ധനസാഹായങ്ങൾക്ക് പുറമെ പ്രാദേശിക തലത്തിൽ മനുഷ്യാദ്ധ്വാനം, സംഭാവനകൾ മുതലായവയിൽ കൂടി വിഭവങ്ങൾ സമാഹരിക്കുന്നതിനും വിഭാവനം ചെയ്യപ്പെടുന്നുണ്ട്. ഈ പ്രക്രിയ പ്രവൃത്തി പഥത്തിൽ വരുമ്പോൾ ജനങ്ങളുടേതായ ജനങ്ങളാലുള്ള ജനങ്ങൾക്കു വേണ്ടിയുള്ള ജനാധിപത്യ ഭരണ വ്യവസ്ഥ ഫലത്തിൽ വരുമെന്ന് പ്രതീക്ഷിക്കാം.

1-5. ജനകീയാസൂത്രണ പ്രസ്ഥാനം തൃപ്രങ്ങോട് പഞ്ചായത്തിൽ തുടങ്ങിയത് 1996 സപ്ത്ബർ മാസം മുതൽക്കാണ്. ആദ്യ ഘട്ടത്തിൽ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ നിന്നായി എട്ടോളം പ്രവർത്തകരെ തിരഞ്ഞെടുത്തു. അവരെ സപ്തംബർ 10 മുതൽ 12 വരെ തിരൂരിൽ നടന്ന ജില്ലാതല പരിശീലനത്തിന് നിയോഗിച്ചു. കൂടാതെ പഞ്ചായത്ത് പ്രസിഡൻറും വൈസ് പ്രസിഡൻറും പരിശീലന ക്ലാസുകളിൽ പങ്കെടുക്കുകയും പരിശീലനം നേടുകയും ചെയ്തു. അടുത്ത പടിയായി പഞ്ചായത്തു തലത്തിൽ 12 വാർഡുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അറുപത്തി ഒൻപത് പേർക്ക് (LRP) പഞ്ചായത്ത് തലത്തിൽ സപ്ത്ബർ 17ാം തിയ്യതി പരിശീലനം നൽകി. പിന്നീട് പഞ്ചായത്തിലുള്ള 12 വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. ജനകീയാസൂത്രണത്തെ പററി ഗ്രാമ സഭകളിൽ സജീവ ചർച്ച നടന്നു. വിഷയാനുക്രമം ഗ്രൂപ്പ് ചർച്ചകളും നടന്നശേഷം ഓരോ മേഖലയിലും നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ പററി ഗ്രാമസഭകളുടെ നിർദേശങ്ങൾ രൂപപ്പെടുത്തി. ഈ നിർദേശങ്ങൾ ക്രോഡീകരിച്ച് അന്യത്ര ചേർത്തിയിട്ടുണ്ട്. അതിനു ശേഷം വിവിധ സ്ഥാപനങ്ങളിൽ നിന്നും ഗവൺമെൻറ് ആഫീസുകളിൽ നിന്നും ആവശ്യമായ ദ്വിതീയ വിവരക്കണക്കുകൾ (SECONDARY DATA) ശേഖരിച്ചു. ആസൂത്രണ പ്രക്രിയയുടെ രണ്ടാം ഘട്ടത്തിലുള്ള പരിശീലനം തിരൂരിൽ വെച്ച് ഒക്ടോബർ 26 മുതൽ 28 വരെയായിരുന്നു. ഇതിൽ ഡി.ആർ.പി.മാരും, എൽ.ആർ.പി.മാരും അടക്കം 8 പേരും പഞ്ചായത്ത് പ്രസിഡൻറ് വൈസ് പ്രസിഡൻറ് പഞ്ചായത്ത് സെക്രട്ടറി എന്നിവരും പങ്കെടുത്തു. ഒക്ടോബർ 30ന് പഞ്ചായത്തിലുള്ള ഗവൺമെൻറ് ഉദ്യോഗസ്ഥർ, ബേങ്ക് മാനേജർമാർ, സ്കൂൾ ഹെഡ്മാസ്ററർമാർ എന്നിവരുടെ ഒരു യോഗം പഞ്ചായത്ത് ഓഫീസിൽ വിളിച്ച് കൂട്ടുകയും അവരുടെ സഹകരണവും സേവനവും ഉറപ്പ് വരുത്തുകയും അവരുടെ നേതൃത്വത്തിൽ വികസന റിപ്പോർട്ടുകൾ തയ്യാറാക്കാൻ വിവിധ കോർ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തു. ഒക്ടോബർ 31 ന് പരപ്പേരി യു.പി. സ്കൂളിൽ വെച്ച് എൽ.ആർ.പി. കൾക്കുള്ള ശിൽപശാല നടത്തി. ഇതിൽ 61 പേർ പങ്കെടുത്തു. അതേ ദിവസം വൈകുന്നേരം ആറു മണിയോട് കൂടി പഞ്ചായത്തിലെ രാഷ്ട്രീയ പാർട്ടികളുടെയും ബഹുജനസംഘടനകളിലേയും നേതാക്കൾ ,സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, എന്നിവയുടെ പ്രതിനിധികൾ ഉദ്യോഗസ്ഥർ പ്രമുഖ വ്യക്തികൾ മുതലായവരുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടി, വികസന സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള സ്വാഗതസംഘം രൂപീകരിച്ചു. പഞ്ചായത്തിൻെറ വിഭവ ഭൂപടം നിർമ്മിക്കുവാൻ വേണ്ടി 30 പേരോളം അടങ്ങുന്ന പഠന സംഘങ്ങൾ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും നടന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൻെറ വിഭവ ഭൂപടം നിർമ്മിക്കപ്പെടുകയും ചെയ്തു.

1-6. ജനകീയാസൂത്രണം ആരംഭിച്ചതോട് കൂടി ജനങ്ങളിൽ ഒരു പുതിയ ഉണർവ് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം വലിയ പ്രതീക്ഷകളും ഉയർന്നിട്ടുണ്ട്. ജനഹൃദയങ്ങളിൽ ഉളവായ ഈ ഉത്സാഹവും ആവേശവും ക്രിയാത്മകമായി നിർമ്മാണ പ്രവർത്തനങ്ങളിൽ ഉപയോഗിച്ചാൽ വമ്പിച്ച നേട്ടങ്ങൾ കൈവരുമെന്നതിന് സംശയമില്ല. ജാതി, മതം, കക്ഷിരാഷ്ട്രീയം എന്നിവയ്ക്ക് അതീതമായി ഒരു പുതിയ വികസന സംസ്കാരം വളർത്തുവാൻ സാധിച്ചാൽ ജനങ്ങളുടെ, അനൈക്യവും ഭിന്നതകളും മറന്ന് കൂട്ടായ പ്രയത്നത്തിനുള്ള ശേഷി വളരുമെന്നുള്ളത് നിസ്തർക്കമാണ്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള ജനകീയാസൂത്രണ പ്രക്രിയ പ്രതീക്ഷകൾക്കനുയോജ്യമായി വിജയിക്കുമെന്ന ദൃഢ വിശ്വാസത്തോടെ കൂടി നമുക്ക് മുന്നോട്ട് പോകാം.






അധ്യായം .2.

# പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | | | | |
|---|---|---|---|---|
| പഞ്ചായത്തിന്റെ പേർ | : | **തൃപ്രങ്ങോട്** | | |
| പഞ്ചായത്തിൽ ഉൾപെടുന്ന റവന്യൂ വില്ലേജുകളുടെ പേർ | : | തൃപ്രങ്ങോട് | | |
| ബ്ലോക്ക് പഞ്ചായത്തുകളുടെ ഡിവിഷൻ | : | കാരത്തൂർ, ആലത്തിയൂർ മംഗലം, ചമ്രവട്ടം എന്നിങ്ങനെ | | |
| | : | പഞ്ചായത്ത് പ്രദേശം 4 ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. | | |
| ജില്ലാ ഡിവിഷൻ | : | തിരുനാവായ, വെട്ടം | | |
| ജില്ല | : | മലപ്പുറം | | |
| നിയമ സഭാ മണ്ഡലം | : | തിരൂർ | | |
| വിസ്തീർണ്ണം | : | 20.67 ച:കി.മീ. | | |
| ജനസംഖ്യ | : | 32,221 | | |
| | | പുരുഷൻ 15,352 | | |
| | | സ്ത്രീ 16,869 | | |
| വാർഡുകളുടെ എണ്ണം | : | 12 | | |
| അതിരുകൾ | : | കിഴക്ക് | : | തിരുന്നാവായപഞ്ചായത്ത് |
| | | കിഴക്ക് തെക്ക് | : | ഭാരതപ്പുഴ |
| | | തെക്ക് | : | ഭാരതപ്പുഴ, പുറത്തൂർ |

| | | |
|---|---|---|
| തെക്ക് പടിഞ്ഞാറ് | : | പുറത്തൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | വെട്ടം പഞ്ചായത്ത് |
| വടക്ക് പടിഞ്ഞാറ് | : | വെട്ടം, തലക്കാടു പഞ്ചായത്തുകൾ |
| വടക്ക് | : | തലക്കാട് പഞ്ചായത്ത് |
| വടക്ക് കിഴക്ക് | : | തിരുനാവായ പഞ്ചായത്ത് |

പ്രസിഡൻറിൻെറയും : അമ്പാഴപ്പുളളി അലിക്കുട്ടി (പ്രസിഡൻറ്)
വൈസ് പ്രസിഡൻറിൻെറയും : പിലാലിശ്ശേരി അബൂബക്കർ സിദ്ദിഖ്
പേരുകൾ : (വൈസ് പ്രസിഡൻറ്)

തൃപ്രങ്ങോട്, ആലത്തിയൂർ, വെട്ടം പളളിപ്പുറം എന്നീ റവന്യൂ അംശങ്ങൾ ഉൾപ്പെടുത്തി 1962 ജനുവരി. 1-ാം തിയ്യതി തൃപ്രങ്ങോട് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു അതേ അതൃത്തികളോട് കൂടി തന്നെ തൃപ്രങ്ങോട് റവന്യൂ വില്ലേജുംരൂപീകരിക്കച്ചു. 1962 ൽ വില്ലേജ് വികസന സമിതി രൂപീകരിക്കപ്പെട്ടു. പോൾ ബോവാസ് പ്രസിഡൻറും എൻ.പി. സൈതാലിക്കുട്ടി ഹാജി വൈസ് പ്രസിഡൻറും കുന്നത്ത് സെയ്താലിക്കുട്ടി മാസ്ററർ ജനറൽ സെക്രട്ടറിയും സി.കെ. കൈമലശ്ശേരി സെക്രട്ടറിയുമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് ഭരണ സമിതി അധികാരം ഏററത് 23.12.1963 നാണ്. പ്രസിഡൻറ് പോൾ ബോവാസ് മാസ്ററും വൈസ് പ്രസിഡൻറ് ഇടശ്ശേരി അഹമ്മദ്കുട്ടിയും ആയിരുന്നു. 24.12.74 ന് പോൾ ബോവാസ് അന്തരിച്ചു. അതിനു ശേഷം 29.1.75 മുതൽ ഇടശ്ശേരി അഹമ്മദ്കുട്ടി പ്രസിഡൻറായി. അഹ്മദ്കുട്ടി 19.2.77 ന് അന്തരിച്ചത് നിമിത്തം ആ തിയ്യതി മുതൽ മധുക്കൽ ബീരാൻ പ്രസിഡൻറ് ഇൻ ചാർജ്ജായി അധികാരമേറ്റു. 5.9.77 മുതൽ പഞ്ചായത്തിൻെറ കാലാവധി തീരും വരെ പാട്ടത്തിൽ അയമുഹാജി പ്രസിഡൻറായി തുടർന്നു.

1979 സപ്തംബറിൽ നടന്ന തിരഞ്ഞെടുപ്പിനു ശേഷം അമ്പാഴപ്പുളളി മുഹമ്മതെന്ന ബാപ്പുട്ടി പ്രസിഡൻറായും തൃപ്രങ്ങോട് കളരിക്കൽ മാധവ പണിക്കർ വൈസ് പ്രസിഡൻറായും പുതിയ ഭരണസമിതി അധികാരത്തിൽ വന്നു. പ്രസിഡൻറ് സ്ഥാനം ബാപ്പുട്ടി ഒഴിഞ്ഞത് കൊണ്ട് 18.8.82 മുതൽ പൂതോട്ടിൽ മൊയ്തുട്ടി ഹാജി പ്രസിഡൻറായി. ഈ ഭരണ സമിതി 1984 ഒക്ടോബർ വരെ തുടർന്നു. 29.10.1984 മുതൽ സ്പെഷൽ ആപ്പീസറുടെ ഭരണത്തിലായിരുന്നു പഞ്ചായത്ത്.

അടുത്ത തിരഞ്ഞെടുപ്പ് നടന്നത് 1988 ലാണ്. ആ തിരഞ്ഞെടുപ്പിൻെ ഫലമായി സി.എം.മുഹമ്മദുണ്ണി ഹാജി പ്രസിഡൻറായും താണിക്കാട്ട് അബ്ദുറഹിമാൻ കുട്ടി വൈ:പ്രസിഡൻറായും 5.2.88 മുതൽ ഭരണം ഏറ്റെടുത്തു. മുഹമ്മദുണ്ണി ഹാജി പ്രസിഡൻറ് സ്ഥാനം ഒഴിഞ്ഞത് കൊണ്ട് 31.12.90 മുതൽ 18.8.92 വരെ പി. മൊയ്തുട്ടി ഹാജി പ്രസിഡൻറായി. മൊയ്തുട്ടി ഹാജിയും സ്ഥാനമൊഴിഞ്ഞതുകൊണ്ട് 19.8.92 മുതൽ അമ്പാഴപ്പുളളി അലിക്കുട്ടി സ്ഥാനം ഏൽക്കുകയും 29.9.95 വരെ പ്രസിഡൻറായി തുടരുകയും ചെയ്തു. ഈ ഭരണ സമിതിയുടെ കാലത്ത് 5ാം വാർഡ് മെമ്പറായിരുന്ന ഇട്ടികപ്പറമ്പിൽ അബ്ബാസ് 1989 ആഗസ്ത് 19ന് മരണപ്പെട്ടു.

1995 സപ്തംബറിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൻെറ ഫലമായി 30.9.95 മുതൽ അമ്പാഴപ്പുളളി അലിക്കുട്ടി പ്രസിഡൻറായും പിലാലിശ്ശേരി അബൂബക്കർ സിദ്ദിഖ് വൈസ് പ്രസിഡൻറായും നിലവിലുളള ഭരണ സമിതി സ്ഥാനമേററു. ചാണയിൽ കുട്ടൻ പഞ്ചായത്ത് സ്ററാൻറിങ് കമ്മറ്റി ചെയർമാനായി സ്ഥാനമേററു.

പഞ്ചായത്തിൻെറ അതൃത്തിയിൽ പ്രവർത്തിക്കുന്ന ഓഫീസുകളും സ്ഥാപനങ്ങളും

1. പഞ്ചായത്ത് ആഫീസ്
   വില്ലേജ് ആഫീസ്
   ഇലക്ട്രിസിററി സെക്ഷൻ ആഫീസ്
   കൃഷി ഭവൻ
   സബ് റജിസ്ത്രാർ ആഫീസ്

വില്ലേജ് എക്സ്ററൻഷൻ ആഫീസുകൾ :-
ചമ്രവട്ടം
ആലത്തിയൂർ
ബീരാൻ ചിറ

**ആരോഗ്യ കേന്ദ്രങ്ങൾ**

പബ്ളിക് ഹെൽത്ത് സെൻററ് തൃപ്രങ്ങോട്

പി.എച്ച്.സി.സബ് സെൻററ്, പെരിന്തല്ലൂർ

പി.എച്ച്. സി.സബ് സെൻററ്, കൈനിക്കര -മുള്ളൻ മട

പി.എച്ച്.സി. , സബ് സെൻററ്, ചമ്രവട്ടം

പി.എച്ച്.സി. സ്ബ് സെൻററ്, കൈമലശ്ശേരി -

ഹോമിയോ ഡിസ്പൻസറി, പൊയിലിശ്ശേരി - (പാവേരിക്കര)

**മൃഗസംരക്ഷണ കേന്ദ്രം :** ആനപ്പടി വെററനറി സബ് സെൻററ്, നാളിശ്ശേരി,

ചെകാത്താൻ കുണ്ട് ലിഫ്ററ് ഇറിഗേഷൻ - പമ്പ് ഹൗസ്

കമ്മുക്ക് ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ്

**കേന്ദ്ര ഗവ: സ്ഥാപനങ്ങൾ**

തൃപ്രങ്ങോട്ട് സബ് പോസ്ററ് ആഫീസ്, ചമ്രവട്ടം എക്സ്ട്രാ ഡിപ്പാർട്ടുമെൻററ് - സബ് പോസ്റ്റോഫീസ്, വെട്ടം പള്ളിപ്പുറം ബ്രാഞ്ച് പോസ്ററ് ഓഫീസ് ആലത്തിയൂർ ബ്രാഞ്ച് പോസ്ററ് ആഫീസ്, പൊയിലിശ്ശേരി ബ്രാഞ്ച് പോസ്ററ് ആഫീസ്,

**ബാങ്കുകൾ ധനകാര്യ സ്ഥാപനങ്ങൾ**


സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, ചമ്രവട്ടം, തൃപ്രങ്ങോട്ട് സർവീസ് സഹകരണ ബാങ്ക് തിരൂർ അർബൻ കോഓപറേററീവ് - ബാങ്ക്, ആല ത്തിയൂർ.



ഉപഭോക്താവ് നമ്മുടെ അതിഥിയാണ്. അദ്ദേഹം നമ്മെ ആശ്രയിച്ചു കഴിയുന്ന ആളല്ല. നാം അദ്ദേഹത്തെ ആശ്രയിച്ചു കഴിയുകയാണ് ചെയ്യുന്നത് അദ്ദേഹം നമ്മുടെ ജോലിക്ക് ഒരു തടസ്സമല്ല. നമ്മുടെ ജോലിയുടെ ലക്ഷ്യം തന്നെ അദ്ദേഹമാണ്. നമ്മുടെ സേവനം ഔദാര്യമല്ല. സേവിക്കാൻ അനുവദിക്കുന്നത് അദ്ദേഹം നമ്മോട് കാണിക്കുന്ന ഔദാര്യമാണ്.

ഗാന്ധിജി






OFFICE OF THE TRIPRANGODE GRAMA PANCHAYATH

അദ്ധ്യായം -3.

# സാമൂഹിക - സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

## 3-1 പുരാവൃത്തം

തൃപ്രങ്ങോട്ട് പഞ്ചായത്തിൽപെട്ട തൃപ്രങ്ങോട് വെട്ടം പളളിപ്പുറം, ആലത്തിയൂർ, എന്നീ ഗ്രാമങ്ങൾ കേരളത്തിലെ അതിപുരാതനമായ ഗ്രാമങ്ങളിൽപെട്ടവയാണ്. മദ്ധ്യകാലത്ത് ഈ പ്രദേശങ്ങൾ വെട്ടത്തു രാജാവിൻെറ ഭരണത്തിൻ കീഴിൽ വന്നു ചേർന്നു. കുറേ കാലത്തോളം വെട്ടത്തു രാജാക്കൻമാരുടെ ആസ്ഥാനം തൃപ്രങ്ങോട് ആയിരുന്നു. രാജകോവിലകത്തിൻെറ അവശിഷ്ടങ്ങളായി കോവിലകത്തു തറ കോവി ലകത്ത് വളപ്പ് എന്നിവ തൃപ്രങ്ങോട ക്ഷേത്രത്തിനു സമീപം ഇപ്പോഴുമുണ്ട്. 13-ാം ശതകത്തിൽ കോഴിക്കോട് സാമൂതിരി മലബാറിലെ ശക്തനായ ഭരണാധികാരിയായി ഉയരുകയും ക്രമേണ വെട്ടത്തുനാട് സാമൂതിരിയുടെ അധീശത്വം സ്വീക രിക്കുകയും ചെയ്തു. 18-ാം ശതകത്തിൻെറ അന്ത്യത്തോടുകൂടി വെട്ടം രാജവംശം അന്യം നിന്നു. 13-ാം ശതകത്തിൽ സാമൂതിരി തിരുന്നാവായ മാമാങ്കത്തിൻെറ അദ്ധ്യക്ഷ പദവി പിടിച്ചെടുക്കുവാൻ വളളുവക്കോനാതിരിക്കെതിരായി നടത്തിയ പടയോട്ടത്തിൽ സാമൂതിരി യുടെ സൈന്യം താവളമടിച്ചിരുന്നത് തൃപ്രങ്ങോട് ആയിരുന്നു.

## 3-2 സ്ഥലനാമചരിത്രം

തൃപ്രങ്ങോട് എന്ന സ്ഥലനാമം എങ്ങി നെ ഉൽഭവിച്ചു എന്നതിന്ന് വ്യക്തമായ തെളിവു കളോ വിശ്വസനീയമായ ഐതീഹ്യങ്ങളോ ഇല്ല. എങ്കി ലും തൃപ്രങ്ങോടിൻെറ ദേശദൈവമായ ശിവ (തൃപ്രങ്ങോടപ്പൻ) നുമായി ബന്ധപ്പെട്ടതാണ് ഈ പേര് എന്നു വിശ്വസിക്കാം. സംസ്കൃത സാഹി ത്യത്തിൽ ''ശ്വേതാരണ്യം '' ''പരക്രോ ഡം'' എന്നീ വാക്കുകൾ കൊണ്ടും തൃപ്രങ്ങോടിനെ വർണിക്കുന്നുണ്ട്. പരക്രോഡം എന്ന പദത്തിൽ നിന്നാണ് തൃപ്രങ്ങോട് ഉൽഭവിച്ചതെന്ന് ഒരഭിപ്രായമുണ്ട്. തൃപ്പാദംകോട് എന്ന പദത്തിൽ നിന്നാണ് തൃപ്രങ്ങോട് ഉൽഭവിച്ചതെന്ന മറെറാരഭിപ്രായവും ഉണ്ട്. പ്രാചീന മലയാളത്തിൽ ''തുപ്രൻ'' ''പറങ്ങോ ടൻ'' എന്നീ നാമങ്ങൾ ശിവ പര്യായ നാമങ്ങളായി ഉപയോഗിച്ചിരുന്നു. പല വ്യക്തികൾക്കും ഇപ്പോ ഴും ഈ പേരുകളുണ്ട്. അതുകൊണ്ട് ''തൃപ്രനി''ൽ നിന്നോ

''പറങ്ങോടനി''ൽ നിന്നോ തൃപ്രങ്ങോട് എന്ന സ്ഥലനാമം ഉൽഭവിച്ചിട്ടുണ്ടാകാം. പറങ്ങോ ടൻ എന്ന പദത്തിൽ നിന്ന് തിരു പറങ്ങോടൻ - തൃപ്രങ്ങോട്ൻ -തൃപ്രങ്ങോട് എന്നീ പദങ്ങൾ ഉൽഭവിച്ചു എന്ന് അനുമാനിക്കുന്നതിൽ തെററില്ല. ഭാഷാപ രമായി ഈ അനുമാനം കൂടുതൽ തൃപ്തി കരവുമാണ്.

## 3-3. ഇരുപതാം നൂററാണ്ടിൻെറ മുമ്പുള്ള സ്ഥിതി

(1) കേരളത്തിൽ പൊതുവേയും മലബാർ പ്രദേശത്ത് പ്രത്യേകിച്ചും ഉണ്ടായിരുന്ന സമൂഹ ഘടന തൃപ്രങ്ങോട് പഞ്ചായത്തിലും നിലനി ന്നിരുന്നു. ഹിന്ദുക്കൾ ജാതികളുടെയും ഉപജാതി കളുടെയും അടിസ്ഥാനത്തിൽ ചെറു സമൂഹങ്ങ ളായി വർത്തിച്ചു. സമൂഹം അനേകം അന്ധവി ശ്വാസങ്ങളും അനാചാരങ്ങളും കൊണ്ട് വിഷലി പ്തമായിരുന്നു. ബ്രാഹ്മണർ, നായന്മാർ മുത ലായ സവർണ ജാതികൾക്കായിരുന്നു ആധിപത്യം. അവർക്ക് പ്രത്യേകാവകാശങ്ങളും അധി കാരങ്ങളും ഉണ്ടായിരുന്നു. അയിത്തം, തൊട്ടു കൂടായ്മ, തീണ്ടി കൂടായ്മ എന്നീ അനാചാരങ്ങൾ കൊണ്ട് കലുഷി തമായിരുന്നു, സമൂഹം ചില താണ ജാതി കളിലുള്ള വരെ കാണുന്നതുതന്നെ നമ്പൂതിരിമാർ അയിത്ത മായി കരുതി പോന്നു. താണജാതികളിൽപ്പെട്ട പലരും അടിമകളായാണ് കരുതപ്പെട്ടിരുന്നത്. അവരെ ക്രയവി ക്രയാടിസ്ഥാനത്തിൽ കൈമാററം ചെയ്യുന്നതും അപൂർവ്വമായിരുന്നില്ല. ആകപ്പാടെ ജീർണ്ണി ച്ചതും തന്നിമിത്തം നിശ്ചലവും ജഡാത്മ കവുമായ ഒരു സമൂഹമായിരുന്നു ഇതെന്ന് പറയേ ണ്ടിതില്ലല്ലോ.

(2) ഇസ്ലാംമതം, പ്രവാചകൻെറ കാലത്തു തന്നെ കേരളത്തിൽ അറബി വ്യാപാരികളിലൂടെ പ്രച രിച്ചു തുടങ്ങിയിരുന്നു. എ.ഡി 851 ൽ കേരളം സന്ദർശിച്ച അറബി വ്യാപാരി സുലൈമാൻ ഇസ്ലാംമത വിശ്വാസികൾ വളരെ കുറവായിരുന്നു വെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാമൂതി രിയുടെ കാലമായപ്പോഴേക്കും മുസ്ലീം സമൂഹം അഭിവൃദ്ധി പ്രാപിച്ചിരുന്നു. സാമൂതിരിമാരുടെ ഭരണകാലത്ത് അറബികളുമായുള്ള വ്യാപാരത്തിൽ ഇടനിലക്കാ രായും, സൈന്യ ത്തിൽ പ്രത്യേകിച്ചും നാവികസൈ ന്യത്തിൽ ഭടന്മാരായും, മാപ്പിള മാർക്ക് ഗണനീ യമായ സ്ഥാനമുണ്ടായിരുന്നു. 1763 മുതൽ 1791 വരെ മലബാർ പ്രദേശം മൈസൂർ സുൽത്താൻമാരായ ഹൈദർ അലിയുടെയും അദ്ദേഹ ത്തിൻെറ പുത്രൻ ടിപ്പുവിൻെറയും അധീനത്തിലാ യിരുന്നു. ആ കാലത്ത് മുസ്ലീം സമൂഹം പൂർവ്വാധികം അഭിവൃദ്ധി പ്രാപിച്ചു. 19-ാം നൂറ്റാണ്ടായപ്പോഴേക്കും മുസ്ലീംങ്ങൾ മലബാറിലെ പ്രബല സമൂഹമായി വളർന്നിരുന്നു. അവരുടെ സാമൂഹ്യ ജീവിതം മത ത്തിനും മതനിയ മങ്ങൾക്കും അനുസരിച്ച വിധത്തി ലായിരുന്നു. തൃപ്ര ങ്ങോട് പഞ്ചായ ത്തിലെ സ്ഥിതിയും ഇതിൽ നിന്ന് ഭിന്നമാ യിരുന്നില്ല.

(3) ക്രിസ്തുമതം മലബാർ പ്രദേശത്ത് പ്രചരി ച്ചത് പ്രൊട്ടസ്റ്റൻറ് മിഷ്യനറിമാരുടെ പ്രവർത്തന ഫല മായിട്ടായിരുന്നു. 19-ാം നൂറ്റാണ്ടോടുകൂടി ഇന്ത്യയിൽ ബ്രീട്ടീഷ് ഭരണം സുസ്ഥാപിതമായതിനുശേഷം പ്രൊട്ടസ്ററൻറ്/ആംഗ്ലിക്കൻ സഭയിലുള്ള മിഷനറി മാർ കേരളത്തിൽ വ്യാപകമായി മത പ്രചരണം തുടങ്ങിയിരുന്നു. സ്വിററ്സ ർലണ്ടിലെ ബാസൽ നഗരം ആസ്ഥാനമാക്കി യിരുന്ന ബാസ്സൽ ഇവാൻ ജലിക്കൽ മിഷ്യൻെറ (BEM) പ്രവർത്തനം പ്രത്യേകിച്ചും പ്രസ്താവ്യമാണ്. ഇവർ പ്രവർത്തി ച്ചിരുന്നത് പ്രധാന മായും മലബാർ/മംഗലാപുരം പ്രദേശങ്ങളിലാണ്. ബാസൽ മിഷ്യൻകാരുടെ പ്രവർ ത്തനഫലമായാണ്. തൃപ്രങ്ങോട്, പരപ്പേരിയിൽ ക്രിസ്ത്യൻ സമൂഹം ഉയർന്നുവന്നത്.

## 3-4. ഇരുപതം നൂററാണ്ട് - ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം

(1) ഇരുപതാം നൂററാണ്ടിൽൻെറ ആരംഭത്തിൽ സമൂഹഘടന മൊത്തത്തിൽ മേൽവിവരിച്ച പ്രകാരം തന്നെയായിരുന്നു. മുഖ്യഉപജീവന മാർഗ്ഗം കൃഷി യായിരുന്നു. പായനെയ്ത്ത്, ഓലക്കുട നിർമ്മാണം, മൺ പാത്രനിർമ്മാണം , കുട്ടയുണ്ടാക്കൽമുതലായ കൈത്തൊഴിലുകളും ഉണ്ടായിരുന്നു. മരപ്പണി, ഇരുമ്പു പണി മുതലായവ കുലത്തൊഴിലായി അഭ്യസി ച്ചു പോന്നു. സമൂഹം ശാന്തമായിരുന്നു വെങ്കിലും നിർജീവമായിരുന്നു.

(2) പാശ്ചാത്യ സംസ്കാരവുമായുള്ള സമ്പർക്കം മൂലം അഭ്യസ്തവിദ്യരായ ആളുക ളിൽ ദേശീയ ബോധം വളരുകയും 19-ാം നൂററാണ്ടിൻെറ ഉത്ത രാർദ്ധത്തിൽ അത് ദേശീയ പ്രസ്ഥാനമായി രൂപ പ്പെടുകയും ചെയ്തു. 1885 ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാപിച്ച മുതൽക്കുതന്നെ മലബാർ പ്രദേശത്ത് കോൺഗ്ര സ്സ് പ്രവർത്ത നങ്ങൾ തുടങ്ങി

യിരുന്നു. 1908 ൽ മലബാറിൽ കോൺഗ്രസ്സിൻെറ ഒരു ജില്ലാ കമ്മററി രൂപീകൃതമായി. 1914-18 ലെ യുദ്ധ കാലത്ത് ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തി പ്രാപിച്ചു. 1916 ൽ ഹോംറൂൾ ലീഗിൻെറ ഒരു ശാഖയും തുടങ്ങി. 1920 ൽ മഹാത്മാഗാന്ധി കോൺഗ്രസ്സിൻെറ നേതൃത്വം ഏറെറടുത്തു. താമസിയാതെ നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചു. മലബാറിൽ വിദേശവസ്ത്ര ബഹിഷ്ക്കരണം വളരെ വ്യാപകമായിതന്നെ നടന്നു. എന്നാൽ ഈ വക പ്രസ്ഥാനങ്ങൾ തൃപ്രങ്ങോട്ടു പഞ്ചായത്തിലുൾപ്പെട്ട ഗ്രാമവാസികളെ ഉണർത്തിയിരുന്നില്ല. ഈ കാലഘട്ടത്തിലാണ് ഒന്നാം ലോകമഹായുദ്ധത്തിൽ തോൽപിക്കപ്പെട്ട തുർക്കി സുൽത്താൻെറ സാമ്രാജ്യം ചെറു രാജ്യങ്ങളായി വിഭജിക്കുവാനും സുൽത്താൻെറ മതപരമായ ഖലീഫത്ത് സ്ഥാനം നിഷേധിക്കുവാനും ബ്രിട്ടൻ, ഫ്രാൻസ് മുതലായ സഖ്യശക്തികൾ തീരുമാനിച്ചത്. ഈ നടപടികൾക്കെതിരായി ഇന്ത്യയിലെ മുസ്ലീംങ്ങളുടെ ഇടയിൽ ഖിലാഫത്തു പ്രസ്ഥാനം ഉയർന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും ഖിലാഫത്തു കമ്മററിയും യോജിച്ചാണ് പ്രവർത്തിച്ചിരുന്നത്. ഈ കാലത്തു മഹാത്മാ ഗാന്ധിയും, ഖിലാഫത്തി നേതാവായ മൌലാനാ ഷൌക്കത്തു അലിയും മലബാർ സന്ദർശിക്കുകയുണ്ടായി. 1921 ഏപ്രിലിൽ ഒററപാലത്തുവെച്ച് അഖിലകേരള രാഷ്ട്രീയ സമ്മേളനം ചേരുകയും നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്തു പ്രസ്ഥാനവും ശക്തിപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

## (3) മലബാർ കലാപം

ഖിലാഫത്തു പ്രസ്ഥാനത്തിൽ നിന്നാണ് മാപ്പിള ലഹള എന്ന് അറിയപ്പെടുന്ന മലബാർ കലാപം പൊട്ടിപ്പുറപ്പെട്ടത്. 1921 ആഗസ്ത് 20-ാം തിയ്യതി തിരൂരങ്ങാടി പള്ളിവളഞ്ഞ് ഖിലാഫത്തു നേതാവായ ആലിമുസല്യാരെ അറസ്ററ് ചെയ്യുവാൻ മലബാർ കലക്ടർ ആയിരുന്ന തോമസ് സായിപ്പിൻെറയും, പോലീസ് സുപ്രണ്ടായിരുന്ന ഹിച്ച്കൊക്ക് സായിപ്പിൻെറയും നേതൃത്വത്തിൽ ഒരു പോലീസ് സംഘം ശ്രമിച്ചു. ഈ സേനാ വിഭാഗവുമായി ഏററുമുട്ടിയ മാപ്പിളസംഘത്തിൽ തൃപ്രങ്ങോടു നിന്നുകിഴക്കേ പീടികക്കൽ ചെറിയ മമ്മുക്കുട്ടിയുടെ നേതൃത്വത്തിൽ ഏതാനും പേർ പങ്കെടുക്കുകയും ആലി മുസല്യാരോടൊപ്പം അവരെയെല്ലാം അറസ്ററ് ചെയ്യുകയും തുടർന്നു അന്തമാനിലേക്ക് നാടുകടത്തുകയും ചെയ്തു. ജീവപര്യന്തം ശിക്ഷിക്കപ്പെട്ട അവരിൽ ചിലർ അവിടെ വെച്ചു മരിക്കുകയും 1936 ൽ ശേഷിച്ചവർ വിട്ടയക്കപ്പെട്ടു നാട്ടിൽ തിരിച്ചെത്തുകയും ചെയ്തു. പള്ളിയിൽ നടന്ന സംഘട്ടനത്തെ തുടർന്നു പരക്കെ ലഹളകൾ പൊട്ടിപുറപ്പെട്ടു. തൃപ്രങ്ങോട്ട് പഞ്ചായത്തിൽപ്പെട്ട പ്രദേശങ്ങളിൽ ലഹളകൾ ഉണ്ടായില്ലെങ്കിലും ഇവിടെയുളള മാപ്പിളമാർ ആഗസ്ത് 22-ാം തിയ്യതി തിരൂർ കച്ചേരി ആക്രമിക്കുന്നതിൽ പങ്കെടുത്തിട്ടുണ്ട്. ചമ്രവട്ടം സ്വദേശി അവളു എന്നയാൾ തിരൂർ കോടതിക്കുമുകളിൽ കോൺഗ്രസ്സ് പതാക സ്ഥാപിക്കുകയുണ്ടായി. ഈ പഞ്ചായത്തിന്നു തൊട്ടു കിടക്കുന്ന കൊടക്കൽ (തിരുന്നാവായ പഞ്ചായത്ത്) എന്ന സ്ഥലത്ത് ലഹളയിൽ മൂന്നുപേർ മരിച്ചിട്ടുണ്ട്. കുപ്രസിദ്ധമായ വാഗൺ ട്രാജഡി എന്ന സംഭവം നടന്നത് 1921 നവംബർ 20-ാം തിയ്യതിയാണ്. അടച്ചുപൂട്ടിയ റെയിൽവേ വാഗണിൽ നൂറോളം വരുന്ന മാപ്പിളത്തടവുകാരെ കോയമ്പത്തൂർക്ക് കൊണ്ടുപോയി. ശ്വസിക്കാൻ വായുകിട്ടാതെയും, കുടിക്കാൻ വെള്ളം കിട്ടാതെയും ഇരുട്ടിൽ തമ്മിൽ തമ്മിൽ കീറി പറിച്ചും തീവണ്ടി പോത്തന്നൂർ എത്തിയപ്പോഴേക്കും 60 ൽ അധികം പേർ മരിച്ചു. തുറന്നുപുറത്തുവിട്ടവരിൽ പലരും താമസിയാതെത്തന്നെ മരിച്ചു വീണു. ഈ ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ട ചമ്രവട്ടത്തുകാരനായ അവുളു എന്ന അബ്ദുഹാജി അടുത്ത കാലത്താണ് അന്തരിച്ചത്. കലാപം ഏതാണ്ട് ആറ് മാസത്തോളം നീണ്ടുനിൽക്കുകയും 1922 ഫെബ്രുവരി അവസാനത്തോടെ കെട്ടടങ്ങുകയും ചെയ്തു. സ്വാതന്ത്ര്യത്തിനു മുമ്പ് തൃപ്രങ്ങോടിനെ പിടിച്ചുകുലുക്കിയ ഏററവും വലിയ സംഭവം മലബാർ കലാപമാണ്.

(4) മലബാർ കലാപത്തിനുശേഷം, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രവർത്തനങ്ങൾ ലഹള നടന്ന താലൂക്കുകളിൽ മന്ദീഭവിക്കുകയുണ്ടായി. തന്നിമിത്തം ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം ഈ പ്രദേശത്ത് മന്ദഗതിയിലായി. ഈ കാലത്ത് കോൺഗ്രസ്സ് പ്രവർത്തകർ സ്വാതന്ത്ര്യലബ്ധിവരെ, കാര്യമായി പ്രവർത്തിച്ചിരുന്നത്. അയിത്തോച്ചാടനം. ക്ഷേത്രപ്രവേശനം, ഖാദി പ്രസ്ഥാനം, മദ്യനിരോധം, സാമൂഹിക പരിഷ്ക്കരണ രംഗം മുതലായ വയിൽ

ആയിരുന്നു. 1947 ന് മുമ്പുള്ള കോൺ ഗ്രസ്സ് പ്രവർത്തകരിൽ ആനപ്പടി സ്കൂളിലെ അദ്ധ്യാപകനായിരുന്ന , വേലുനായർ ,പാണാട്ട് ശങ്കുണ്ണി നായർമാസ്റ്റർ എന്നിവരുടെ പേരുകൾ സ്മരണീയമാണ്.

## 3-5. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ

ദേശീയ സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് അയിത്തോച്ചാടനം, പട്ടിക ജാതികളുടെ ഉദ്ധാരണം ഖാദി വസ്ത്ര പ്രചാരണം മുതലായ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാന ങ്ങൾ നടന്നിരുന്നതായി പറഞ്ഞിരുന്നുവല്ലോ. തൃപ്രങ്ങോട് പഞ്ചായത്തിൽ ഈ വകപ്രസ്ഥനങ്ങളുടെ തുടക്കം വളരെ താമസിച്ചായിരുന്നു. ഈ പ്രദേശത്ത് കാര്യമായ സാമൂഹ്യമാററങ്ങൾ സംഭവിക്കുന്നത് സ്വാതന്ത്ര്യബ്ധി ക്കുശേഷം മാത്രമാണ്. 1947 ൽ അധികാരത്തിൽ വന്ന മദിരാശി സംസ്ഥാന ഗവർമെണ്ട് അയിത്താ ചരണം നിരോധിച്ചു. ക്ഷേത്ര പ്രവേശനം നടപ്പാ ക്കി. മദ്യപാനവും നിരോധിക്കപ്പെട്ടു. ആ കാലത്തു നടന്ന പ്രധാന സാമൂഹിക പരിഷ്ക്ക രണ നടപടികളാണ് ഇവ. അതിനുശേഷം വിദ്യാ ഭ്യാസം കൂടുതൽ വ്യാപകമാവുകയും നിലവിലുണ്ടായിരുന്ന പല അന്ധവിശ്വാസങ്ങളും അനാ ചാരങ്ങളും ക്രമേണ ഇല്ലാതാകുകയും ചെയ്തു. മുസ്ലീം സമൂഹം പൊതുവെ വിദ്യാഭ്യാസത്തിൽ നിന്നും അകന്നു നിൽക്കുകയാരിന്നു. വിദേശ ഭരണത്തോടുള്ള കഠിനമായ എതിർപ്പിൻെറ പേരിൽ ബ്രിട്ടീഷുകാരൻെറ''എല്ലാം''വർജിക്കുക എന്ന അവരുടെ നേതാക്കന്മാരുടെ ആഹ്വാനം ചെവിക്കൊണ്ട് ആംഗലേയ ഭാഷാപഠനവും അതിൻെറ ഭാഗമായ വിദ്യാഭ്യാസവും ബഹിഷ്ക്ക രിച്ചതാണ് ഈ അകൽച്ചക്ക് കാരണം. എന്നാൽ കേരള സംസ്ഥാനപ്പിറവിക്കുശേഷം, ഈ നിലയ്ക്കു മാററം വന്നു തുടങ്ങി. ഇപ്പോൾ മററു സമൂഹങ്ങളെപോലെ മുസ്ലീം കളും വിദ്യാഭ്യാസത്തിൽ അതീവതല്പരരാണ്.

## 3-6.ഭൂവുടമ സമ്പ്രദായവും ഭൂപരിഷ്ക്കരണ നടപടികളും

ഈ നൂററാണ്ട് തുടങ്ങുമ്പോൾ മലബാറിൽ ഭൂമിയുടെ ഭൂരിഭാഗവും സ്വകാര്യ ഭൂവുടമ കളുടെ കൈവശമായിരുന്നു. തൃപ്രങ്ങോട് പഞ്ചാ യത്തിലും സ്ഥിതി മറിച്ചായിരുന്നില്ല. ദേവസ്വങ്ങളുടെ ഉടമയിലായിരുന്നു വലിയൊരു ഭാഗം ഭൂമിയും. നമ്പൂതിരിമാർ, നായർ പ്രമാണികൾ, മുസ്ലീം പ്രമാണികൾ മുതലായവരും ഭൂവുടമകളായിയുണ്ടായിരുന്നു. ബഹുഭൂരിപക്ഷം കർഷകരും സ്വന്തം ഭൂമിയില്ലാത്ത പാട്ടക്കുടിയാന്മാരാ യിരുന്നു. കർഷകത്തൊഴിലാളികൾ അധികവും പട്ടികജാതിയിൽപ്പെട്ടവരായിരുന്നു. കൂടെ കൂടെ നടന്നു കൊണ്ടിരുന്ന ഭൂമിയൊഴിപ്പിക്കലും കുടിയൊഴിപ്പിക്കലും ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധം കലുഷിതമാക്കിയിരുന്നു. പാട്ട വർദ്ധന കൂടെക്കൂടെ നടപ്പാക്കിയിരുന്നു. ഭാരിച്ച പാട്ടം കൊണ്ട് കൃഷിക്കാർ നിർധനരും കടബാധിതരും ആയിരുന്നു. ഒഴിപ്പിക്കൽ ഭീഷ ണി അവരെ സദാ അലട്ടിക്കൊണ്ടിരുന്നു. ഈ വക അനീതികൾക്കെതിരായി ഏറനാട്ടിലും മററും ചെറിയ കലാപങ്ങൾ ഉണ്ടായിട്ടുണ്ട്. കർഷകർക്ക് നാമമാത്രമായെങ്കിലും അല്പം ആശ്വാസം നൽകിയ ആദ്യത്തെ നിയമം 1887 ൽ പാസ്സാക്കപ്പെട്ട മലബാർ കുടിയായ്മ - കുഴിക്കൂർ ചമയ ബില്ല് ആയിരുന്നു. ഇത് തീരെ അപര്യാപ്ത മായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. ഒഴിപ്പിക്കലും പാട്ടം കൂട്ടലും പഴയ പടി തുടർന്നു,. 1921 ലെ കലാപത്തിന് വഴിവെച്ച ഒരു കാരണം കാർഷിക രംഗത്തുണ്ടായിരുന്ന ഈ പീഡനമാണ്. ഗവർമെണ്ട് പിന്നീട് പല അന്വേഷണങ്ങൾക്കും,പഠനങ്ങൾക്കും ശേഷം ചിലതരം കൃഷിക്കാർക്ക് ആശ്വാസം നൽകിക്കൊണ്ട് 1930 ൽ . മലബാർ കുടിയായ്മ നിയമം പാസ്സാക്കി. ഈ നിയമം പിന്നീട് 1945, 1951, 1954 എന്നീ വർഷങ്ങളിൽ ഭേദഗതി ചെയ്യപ്പെടുക യുണ്ടായി. കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം 1957 ൽ ഭരണമേററ ആദ്യത്തെ ഗവർമെണ്ട്അധി കാരമേററ ഉടനെ തന്നെ ഒഴിപ്പിക്കൽ നിരോധിച്ചുകൊണ്ടുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. താമസി യാതെ ഇതൊരു നിയമമായി നിയമസഭ പാസ്സാക്കി. ഒഴിപ്പിക്കൽ എന്ന ഒഴിയാത്ത ഭീഷണിയിൽ നിന്നും കൃഷിക്കാർ അതോടുകൂടി മുക്തരായി. അതിനുശേഷം സമഗ്രമായ ഒരു കാർഷിക ബന്ധബിൽ കൊണ്ടു വന്നുവെങ്കിലും പാസ്സായില്ല. ഈ മന്ത്രി സഭക്കുശേഷം അധികാ രത്തിലേറിയ പുതിയ ഗ്ഗവർമെണ്ട് 1960 ൽ കേരള കാർഷിക നിയമമെന്ന പേരിൽ ഒരു ബിൽ പാസ്ാക്കിയെങ്കിലും അത് ഹൈക്കോടതി തള്ളിക്കളഞ്ഞു. അതിനുശേഷം കേരള നിയമ സഭ കേരളലാൻറ് റിഫോംസ് ആക്ട് പാസ്ാക്കി. എന്നാൽ ഈ നിയമവും അപര്യാപ്തമായിരുന്നു. പിന്നീട് 1967 ൽ അധികാരത്തിൽ വന്ന ഗവർമെണ്ട് സമഗ്രമായ ഒരു കാർഷിക ബന്ധ നിയമബിൽ അവതരി പ്പിക്കുകയും 1969 ൽ നിയമസഭ അത് അംഗീ

284

കരിക്കുകയും 1970 ജനുവരി 1 മുതൽ നിയമം നടപ്പാക്കുകയും ചെയ്തു . ഈ നിയമം ജൻമി സമ്പ്രദായം അവസാനിപ്പിക്കുകയും കൃഷിഭൂമി കൃഷി ക്കാർക്ക് നൽകുകയും ചെയ്തു . ഈ നിയമ നടപടി ഭൂവുടമാസമ്പ്രദായത്തിൽ വിപ്ളവകര മായ ഒരു കാൽവെപ്പ് . ആയിരുന്നു. കേരളത്തിൽ ക്രമേണ വളർന്നു വന്ന സാമൂഹിക സംതുലിതാ വസ്ഥയുടെ അടിസ്ഥാനവും ഇതു തന്നെ യായിരുന്നു .

**3-7 ആധുനിക വിദ്യാഭ്യാസത്തിൻെറ തുടക്കവും വളർച്ചയും**

പാശ്ചാത്യ രീതിയിലുള്ള ആധുനിക വിദ്യാഭ്യാസത്തിന് തുടക്കമിട്ടത് ബാസൽ ഇവാൻ ജലിക്കൽമിഷ്യനാണ് . 1848ൽ ആദ്യ മായി BEM മിഷ്യനറിമാർ കോഴിക്കോട് കല്ലായിയിൽ ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചു .ക്രമേണ മലബാറിൽ പല പ്രശേങ്ങളിലും അവർ വിദ്യാലയങ്ങൾ സ്ഥാപിച്ചു. തൃപ്രങ്ങോട് പഞ്ചായത്തിൽ ആദ്യം സ്ഥാപിക്കപ്പെട്ട പരപ്പേരി സ്ക്കൂൾ തുടങ്ങി യതു BEM മിഷ്യ നാണ് . സ്ക്കൂൾ തുടങ്ങിയത് 1878ന് മുമ്പാണെന്ന് വിശ്വസി ക്കപ്പെടുന്നു . ഇവിടെ 1878 ൽ സ്ഥാപിച്ച ഒരു അനാഥാലയം പ്രവർത്തിക്കുന്നു ണ്ട്. ഇപ്പോൾ സ്കൂൾ പ്രവർത്തിക്കുന്നത് 1902 ൽ പണിത കെട്ടിടത്തിലാണ്. അതിനു ശേഷം ക്രമേണ മററു സ്കൂളുകളും സ്ഥാപിക്ക പ്പെട്ടു. 1921 ലെ കലാപ ത്തിനു ശേഷം മാപ്പിള മാരുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ അന്നത്തെ ഗവൺമെൺ്ട് ശ്രദ്ധ ചെലു ത്തുവാൻ തുടങ്ങി. അതിൻെറ ഫലമായാണ് സ്വകാ ര്യ ഉടമയിലും സർക്കാർ ഉടമയിലും നിരവധി മാപ്പിള സ്കൂൾ തുടങ്ങിയത്. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ ആലത്തി യൂരിൽ 1978 ൽ സ്ഥാപി ക്കപ്പെട്ട കുഞ്ഞി മോൻ ഹാജി മെമ്മോറിയൽ ഹൈ സ്കൂൾ(KHMHS) ആണ്. ഇത് സ്വകാര്യഉടമയി ലാണ്. പഞ്ചായത്തിൽ ഇപ്പോൾ 11 എൽ.പി. സ്കൂളുകൾ 3 യു.പി. സ്കൂളുകൾ 1 ഹൈസ്കൂൾ എന്നിവയുണ്ട്.

**3-8 ക്ഷേത്രങ്ങൾ/ആരാധനാസ്ഥലങ്ങൾ**

തൃപ്രങ്ങോട് പഞ്ചായത്തിൽ പുരാതനമായ തൃപ്ര ങ്ങോട് ശിവക്ഷേത്രം, ചമ്രവട്ടം അയ്യപ്പ ക്ഷേ ത്രം, ഹനുമാൻകാവ് (ആലത്തിയൂർ പെരും തൃക്കോവിൽ) ഗരുഡൻകാവ് എന്നീ ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്നു. ഈ നാലു ക്ഷേത്രങ്ങളും കേരളത്തിൽ പ്രത്യേ കിച്ച് മലബാർ പ്രദേശത്ത് പരക്കെ അറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രങ്ങളാണ്.

**തൃപ്രങ്ങോട് ശിവക്ഷേത്രം**

കേരളത്തിലെ പ്രസിദ്ധങ്ങളായ മഹാ ക്ഷേത്ര ങ്ങളിൽ ഒന്നാണ് ഇത്. മഹാക്ഷേത്രം എന്ന നാമത്താൽ ഉദ്ദേശിക്കപ്പെടുന്നത് പഴമയും മാഹാത്മ്യവുമാണ്. ചരിത്രത്തോട് ബംന്ധപ്പെട്ടു കിടക്കുന്ന മാർക്കാണ്ഡേയ മുനികുമാരനെ,ആയുസ്സൊടുങ്ങിയപ്പോൾ പരലോക ത്തേക്ക് കൊണ്ടു പോകുവാൻ കാലൻ പിൻതുടർന്നു വെന്നും, ശിവസന്നിധിയിൽ അഭയം പ്രാപിച്ച ആ മുനികുമാരനെ പിടി കൂടുവാൻ കാലൻ ശ്രമിച്ചപ്പോൾ ശിവൻ ശൂലംകൊണ്ട് കാലനെ വധിച്ചുവെന്നു മാണ് ഐതിഹ്യം. തന്നിമിത്തം, ദേവനെ മൃത്യുഞ്ജയ നായി ആരാധിക്കുന്നു. ക്ഷേത്രം തുടങ്ങിയ കാലത്തെ പ്പററി വ്യക്തമായ ,തെളിവു കളൊന്നുമില്ല. കേരള ത്തിൽ കല്ലും മരവും ഉപയോഗിച്ചു ക്ഷേത്രനിർമ്മാണം തുടങ്ങുന്നത് 8-ാം ശതകത്തിലാണെന്ന് പറയപ്പെടുന്നു. അതുകൊണ്ട് ഇന്നത്തെക്ഷേത്രം പണിതത് 8-ാംശത കത്തിലാണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല . ക്ഷേത്രം അതിനു മുമ്പുതന്നെ ഉണ്ടാ യിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു . ഈ ക്ഷേത്രത്തിലെ തന്ത്രി മാരായ കല്പുഴ നമ്പൂതി രിമാർ പരക്കെ അറിയ പ്പെടുന്ന തന്ത്രിശ്രേ ഷ്ഠൻമാരാണ്.

**ചമ്രവട്ടം അയ്യപ്പക്ഷേത്രം :-**

നൂറ്റാണ്ടുകൾക്ക് മുമ്പ് വനപ്രദേശമായിരുന്ന ഈ സ്ഥലത്തു ''ശംബരൻ' എന്ന മഹർഷി തപസ്സ നുഷ്ഠിച്ചിരുന്നു വെന്നും അതിനുചുറ്റുമുള്ള പ്രദേശം ''ശംബരവട്ടം''എന്നറിയപ്പെടുകയുംപിന്നീട് ''ചമ്രവട്ട''മായി മാറുകയും ചെയ്തുവെന്നാണ് ഒരു ഐതീഹ്യം . ശൈവ-വൈഷ്ണവ ജോതിസ്സിൽ നിന്ന് ഉയർന്ന ധർമ്മശാസ്താവ് പത്മാസന സ്ഥനായി ചമ്രം പടിഞ്ഞിരുന്നുവെന്നും, അങ്ങിനെ ''ചമ്രവട്ടം'' എന്ന് സ്ഥല നാമം ഉൽഭവിച്ചുവെന്നുമാണ് മറ്റൊരു ഐതിഹ്യം. ബുദ്ധ/ജൈന സംസ്ക്കാ രങ്ങളുടെ സ്വാധീനം ഇവിടുത്തെ പൂജാരീതിയിലും ആരാധനാ സമ്പ്രദായത്തിലും ഉണ്ടെന്നും തന്നിമിത്തം പുരാതന കാലത്തു ഇവിടം ഒരു ബുദ്ധ/ജൈന മതസങ്കേതമായിരുന്നു വെന്നും അഭിപ്രായപ്പെടു ന്നുണ്ട്. ഭാരതപ്പുഴയിൽ ഒരു തുരുത്തിലാണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. കിഴക്ക് പുഴയുടെ പ്രധാന ഭാഗം ഒഴുകുന്നു. പടിഞ്ഞാറ് പുഴയുടെ ഒരു കൈവഴിയും

ഒഴുകുന്നു. ഈ കൈവഴി തുടങ്ങുന്ന സ്ഥലത്താണ് ക്ഷേത്രം നിലകൊള്ളുന്നത്.

**ഹനുമാൻ കാവ് (ആലത്തിയൂർ പെരുംതൃക്കോ വിൽ)**

ആലത്തിയൂർ ഗ്രാമത്തിൻെറ ഗ്രാമക്ഷേത്ര മാണ് ഹനുമാൻ കാവ് എന്നറിയപ്പെടുന്ന ആലത്തി യൂർ പെരും തൃക്കോവിൽ ആലും അത്തിയും ചേർന്ന ഊര് ആലത്തിയൂർ ആയിഭവിച്ചു. മുഖ്യ പ്രതിഷ്ഠ ശ്രീരാമനും ഉപപ്രതിഷ്ഠകൾ ഹനുമാനും ലക്ഷ്മണനുമാണ്. ആലത്തിയൂർ ഗ്രാമക്കാ രായ നമ്പൂതിരിമാർക്ക് പണ്ട് തൃക്കണ്ടിയൂർ ക്ഷേത്രത്തിൽ സന്ധ്യാവന്ദനത്തിന് വിലക്കുണ്ടാ യതിനാൽ ആലും അത്തിയും നിന്ന സ്ഥലത്ത് അവർ മടങ്ങി എത്തി യെന്നും സ്വപ്നത്തിൽ അവർക്ക് ഹനമദ് ദർശനം ലഭിച്ചുവെന്നുമാണ് ഐതിഹ്യം. അതിനുശേഷം ഇവിടെ ഹനുമാൻ ആരാധന പ്രധാനമായി വന്നു ചേർന്നു.

**ഗരുഡൻകാവ് :-**

ഇവിടെ കൂർമാവതാര സങ്കല്പത്തിൽ പ്രതി ഷ്ഠിക്കപ്പെട്ട വിഷ്ണുവും ഗരുഡ പ്രതിഷ്ഠയും ഉണ്ട്. സാക്ഷാൽ പെരുന്തച്ചൻ അന്നത്തെ വെട്ടത്തു രാജാവിൻെറ മുമ്പിൽ മരംകൊണ്ടുള്ള ഒരു ഗരുഡ പ്രതിമ കാഴ്ചവെച്ചു വെന്നും ചാരിത്രശുദ്ധിയുള്ള സ്ത്രീ തൊട്ടാൽ പ്രതിമ പറക്കുമെന്നും പറഞ്ഞു. രാജപത്നി സ്പർ ശിച്ചപ്പോൾ പ്രതിമ അനങ്ങിയില്ല. പക്ഷെ പെരു ന്തച്ചൻെറ ഭാര്യ തൊട്ടയുടനെ പ്രതിമ മേൽപ്പോട്ടു പറന്നുയർന്നു. തൽസമയം പടിഞ്ഞാറു ള്ള ജലാശ യത്തിൽ ഒരു വെളുത്ത ആമ പൊങ്ങി വരുകയും ഇപ്പോൾ വിഷ്ണുവിനെ പ്രതിഷ്ഠിച്ച സ്ഥലത്തു വന്നിരിക്കുകയും ചെയ്തു. ആമയെ കണ്ട ഗരുഡൻ ആമയെ ചുററിച്ചുററി ആമയിരുന്നതിൻെറ പടി ഞ്ഞാറുവശം ഇരുന്നുവെന്നും അവിടെ ഗരുഡ പ്രതിഷ്ഠ പിന്നീട് നടത്തപ്പെട്ടുവെന്നും ഐതി ഹ്യം. വെളുത്ത ആമ പൊങ്ങിയതിനാൽ ഈ ദേശത്തിനെ വെള്ളമശ്ശേരി എന്നു പറയുന്നു. സർപ്പദോഷ പരി ഹാരത്തിന് ഇവിടെ വഴിപാടുകൾ സമർപ്പി ക്കപ്പെടുന്നു.

**കൈനിക്കര ജുമാമസ്ജിദ്**

തൃപ്രങ്ങോട് പഞ്ചായത്തിലെ ഏറ്റവും പഴയ മുസ്ലീം പള്ളിയാണിത്. ഇവിടത്തുകാർ ഈ പള്ളി സ്ഥാപി ക്കുന്നതിനു മുമ്പ് വെട്ടത്തു പുതിയങ്ങാടി പള്ളിക്കു കീഴിലായിരുന്നു. കോട്ടപ ററ അബ്ദുൾ അസീസ് ഹാജി മുസല്യാരാണ് പള്ളിയുടെ സ്ഥാപകൻ. അദ്ദേഹത്തെ ചാവക്കാട് പാടൂർക്കാരനായ പൂക്കുഞ്ഞിക്കോയ തങ്ങളും സഹായിച്ചരിരുന്നു. അബ്ദുൾ അസീസ് ഹാജി മുസല്യർ ആദ്യത്തെ ഖാസി യായിരുന്നു. അതിനുസേഷം അദ്ദേഹത്തിൻെറ മകൻ അഹമ്മദുകുട്ടി ഹാജി ഖാസിയായി. ഇദ്ദേഹമാണ് പള്ളിക്ക് ഇന്നുള്ള ഭൂസ്വത്തുക്കൾ വഖഫ് ചെയ്തു കൊടുത്തത്. സ്ഥലത്തെ കാരണവൻമാരുടെ അഭിപ്രാ യത്തിൽ പള്ളി ഏതാണ്ട് 200 വർഷങ്ങൾക്കുമുമ്പാണ് സ്ഥാപിപ്പെട്ടത്.

**പരപ്പേരിപള്ളി (ചർച്ച്)**

തൃപ്രങ്ങോട് പഞ്ചായത്തിലെ ക്രിസ്തുമത വിശ്വാ സികളുടെ പ്രാർത്ഥനാകേന്ദ്രം പരപ്പേരി പള്ളിയാണ്. 1878 ന് മുമ്പ് സ്കൂളിനോടൊപ്പം സ്ഥാപിക്കപ്പെട്ടു. ബാസൽ ഇവാൻ ജലിക്കൽ മിഷ്യനറിമാരാണ് പള്ളിസ്ഥാപിച്ചത് . 1937 ൽ ഇപ്പോഴത്തെ കെട്ടിടത്തി ലേക്ക് മാററപ്പെട്ടു. അതിനു മുമ്പ് സ്കൂൾ കെട്ടിടത്തിൽ തന്നെയാണ് പള്ളി സ്ഥിതിചെയ്തിരുന്നത്.

**3-9. ഭൂതകാലപൈതൃകം**

തൃപ്രങ്ങോട് പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശങ്ങൾക്ക്.പ്രകാശദീപ്തമായ ഒരു പാണ്ഡിത്യ പൈതൃകം ഉണ്ട്. അനേകം പണ്ഡിതന്മാർ ഇവിടെ ജീവിച്ചിട്ടുണ്ട്. അവരിൽ ചിലരെ കുറിച്ച് താഴെ വിവരിക്കുന്നു.

**തലക്കുളത്ത് ഭട്ടതിരി (1237 - 1295)**

ആലത്തിയൂർ ഗ്രാമത്തിൽ ജീവിച്ചിരുന്ന ആകാലത്തെ പ്രസിദ്ധജ്യോതി ശാസ്ത്രജ്ഞൻ. വരാഹമിഹിരൻെറ ബൃഹത് ജാതകത്തിന്, ഭട്ടതിരി ദശാധ്യായി എന്ന പേരിൽ സമഗ്രമായ വ്യാഖ്യാനം രചിച്ചിട്ടുണ്ട് മുഹൂർത്ത രത്നം എന്ന ജ്യോതി ശാസത്രഗ്രന്ഥവും ഇദ്ദേഹത്തിൻേറതാണെന്ന് പറയപ്പെടുന്നു. ജാതി ഭ്രഷ്ടനാകുമെന്ന ജാതകവിധിയെ ഭയന്ന് നാടുചുററി നടക്കുന്ന കാലത്ത് പാഴൂർ എത്തുകയും അവിടെ യുള്ള ഒരു ഗണക സ്ത്രീയുമായി ബന്ധം വരികയും ചെയ്തു. മരിച്ചാൽ അവിടെ പടിപ്പുരയിൽ തന്നെ സംസ്ക്കരിക്കണമെന്നും ആ സ്ഥലത്തിരുന്നു പ്രശ്നം വെച്ചു പറയുന്നതെല്ലാം ശരിയായിരിക്കുമെന്നും പ്രവചിച്ചു. ഭട്ടതിരിയുടെ സന്തതി പരമ്പരയിൽപെട്ട പാഴൂർ കണിയാന്മാർ ഇപ്പോഴും പാഴൂർ പടിപ്പുര യിലിരു ന്നാണ് പ്രശ്നം വെക്കുന്നത്.

286

**നീലകണ്ഠ സോമയാജി (1465 - 1545)**

മദ്ധ്യകാലത്തെ കേരളീയ ഗണിത ശാസ്ത്രജ്ഞരിൽ പ്രമുഖവ്യക്തിയായിരുന്നു. ആര്യഭട്ടീയ ഭാഷ്യം, സിദ്ധാന്തദർപ്പണവും ടീകയും, തന്ത്രസംഗ്രഹം, സുന്ദര രാജപ്രശ്നം, ഗ്രഹണ ഗ്രന്ഥം എന്നിവയാണ് മുഖ്യ കൃതികൾ. പരമേശ്വരാചാര്യ പുത്രനായ ദാമോദരന്റെ ശിഷ്യനാണ് താനെന്ന്, ആര്യഭട്ടീയ ഭാഷ്യത്തിൽ സൂചനയുണ്ട്. പരമേശ്വരാചാര്യൻ ആലത്തിയൂർ ഗ്രാമത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധ ജോതിശാസ്ത്രജ്ഞനും പാരമേശ്വരീയം എന്ന കൃതിയുടെ കർത്താവുമാണെന്ന് വിശ്വസിക്കപ്പെടുന്നു.

**തിരുമംഗലത്തു നീലകണ്ഠൻ മൂസ്സത് (16-ാം ശതകം)**

സംസ്കൃത കൃതികളായ മാതംഗലീല (ആനച്ചികിത്സ) മനുഷ്യാലയ ചന്ദ്രിക (തച്ചു ശാസ്ത്രം) എന്നീ കൃതികളുടെ കർത്താവ്. തുഞ്ചത്താചാര്യന്റെ ഗുരുവാണെന്ന് കരുതപ്പെടുന്നു. ഹരിനാമകീർത്തനത്തിൽ 14-ാം ശ്ലോകത്തിൽ ''അൻപേണമെൻ മനസി ശ്രീനീലകണ്ഠ ഗുരു'' വെന്ന് തുഞ്ചത്താചാര്യൻ വന്ദിച്ചിരിക്കുന്നത് ഇദ്ദേഹത്തെയാണെന്ന് ഊഹിക്കപ്പെ,ടുന്നു. 16-ാം നൂററാണ്ടിലാണ് ജീവിച്ചിരുന്നത്.

**കുഞ്ഞുണ്ണി മൂസ്സത്, കിഴക്കെമ്പുല്ലത്ത് (1828-1888)**

ആ കാലത്തെ പ്രസിദ്ധഭിഷഗ്വരനും സംസ്കൃതപണ്ഡിതനും, പുന്നശ്ശേരി നീലകണ്ഠശർമ്മയുടെ ഗുരു. അക്കാലത്തെ ഏറ്റവും പ്രസിദ്ധികേട്ട വ്യാകരണ പണ്ഡിതനും , സംസ്കൃതാദ്ധ്യാപകനും വൈദ്യോത്തമനുമായിരുന്നു. തമിഴ്നാട്ടിലെ പലസ്ഥലങ്ങളിലും വൈദ്യനെന്ന നിലയ്ക്ക് സഞ്ചരിക്കുകയും പണ്ഡിതാ ഗ്രേസരൻമാരുമായി ശാസ്ത്രവാദം നടത്തി പാരിതോഷികങ്ങൾ നേടുകയും ചെയ്തു. കുഞ്ഞുണ്ണി മൂസ്സതിന്റെ ജേഷ്ഠപുത്രനായ വൈദ്യരത്നം തൃപ്രങ്ങോട്ട് പരമേശ്വരൻ മൂസ്സത് (1847-1915) പ്രസിദ്ധിനേടിയ വൈദ്യശ്രേഷ്ഠനായിരുന്നു . അദ്ദേഹത്തെ ബഹുമാനിച്ചുകൊണ്ട് , തിരുവിതാംകൂർ മഹാരാജാവ് സാമൂതിരി എന്നിവർ വീരശൃംഖലകൾ സമ്മാനിച്ചിട്ടുണ്ട്. 1914 ൽ ഇന്ത്യാ വൈസ്റോയിൽ നിന്ന് ബഹുമാനപത്രം ലഭിച്ചിട്ടുണ്ട്.

**ആലത്തിയൂർ നമ്പിമാർ :-**

തൃപ്രങ്ങോട് പഞ്ചായത്തിലുളള ആലത്തിയൂരിലെ പാരമ്പര്യ വൈദ്യന്മാരായിരുന്നു ഇവർ. പുരാതന കാലത്ത് ഒരു നമ്പി ക്ഷേത്ര ദർശനത്തിനായി പോകുമ്പോൾ വഴിയിലെ ആലിൻമുകളിൽ ഇരുന്ന് രണ്ട് പക്ഷികൾ ''കോരുക്ക്'' ''കോരുക്ക്'' എന്നു ശബ്ദിച്ചു കൊണ്ടിരുന്നു. പക്ഷികളുടെ ഈ അസാധാരണ ശബ്ദം കേട്ട് നമ്പി ഇപ്രകാരം പ്രതിവചിച്ചു.

കാലേഹിതമിത ഭോജീക്രതചംക്രമണ:
ക്രമേണ വാമശയ:
അവിധൃതമൂത്ര പുരീഷ : യചാത്മാചയോ
നര : സോരുക്

നമ്പിയുടെ ഉത്തരം കേട്ട് പക്ഷികൾ പറന്നു പോയെന്നും അവർ ദേവ വൈദ്യന്മാരായ അശ്വിനീദേവൻമാരായിരുന്നുവെന്നുമാണ് ഐതിഹ്യം. അശ്വിനിദേവന്മാർ പിന്നീട് രണ്ട് ബ്രാഹ്മണ കുമാരൻമാരായി വന്ന് നമ്പിയുടെ ശിഷ്യത്വം സ്വീകരിച്ചു. വിദ്യ അഭ്യസിക്കുന്നതിന് പകരം പലതരം വികൃതികൾ കാട്ടിക്കൂട്ടി നമ്പിയെ പരീക്ഷിച്ച് അവസാനം ഒരു വിശിഷ്ട ഗ്രന്ഥം നൽകി നമ്പിയെ അനുഗ്രഹിച്ചു പോയെന്നുമാണ് ഐതിഹ്യം. ആലത്തൂർ മണിപ്രവാളം എന്ന സുപ്രസിദ്ധ വൈദ്യശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവ് ആലത്തിയൂർ നമ്പിമാരിൽ ഒരാളായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു.

**കുട്ടികൃഷ്ണമാരാർ കെ.എം. (1900 - 1973)**

മലയാളത്തിലെ സാഹിത്യ വിമർശകൻ. മൌലികമായ കാഴ്ചപ്പാടിലൂടെ കൃതികളെ നോക്കിക്കാണുന്നതിലും, നിശിതവും സൂക്ഷ്മവുമായ യുക്തിവിചാര ശൈലികൾകൊണ്ട് മൂല്യനിർണയം നടത്തുന്നതിലും പരമാവധി ശ്രദ്ധിച്ച നിരൂപകനാണ് കുട്ടികൃഷ്ണമാരാർ. തൃപ്രങ്ങോട് ജനിച്ച അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം അവിടെ വെച്ചു തന്നെയാണ് നേടിയത്. പിന്നീട് പട്ടാമ്പി സംസ്കൃത കോളേജിൽ പഠിച്ചു. സാഹിത്യ ശിരോമണി ബിരുദം നേടി മഹാകവി വളളത്തോളിന്റെ സഹായിയായി, അദ്ദേഹത്തിന്റെ കൃതികൾക്ക് ''ടിപ്പണി'' എഴുതി. കലാമണ്ഡലത്തിൽ സാഹിത്യ അധ്യാപകനായി കുറേക്കാലം പ്രവർത്തിച്ചു. 1938-61 കാലത്ത് മാതൃഭൂമി പത്രത്തിൽ പ്രവർത്തിച്ചു.സാഹിത്യ വിമർശനത്തെ മലയാള ത്തിൽ സ്വതന്ത്രവും മൌലികവുമായ ഒരു ശാഖയായി ഉയർത്തിയവരുടെ കൂട്ടത്തിൽ മരാർക്ക് പ്രമുഖ സ്ഥാനമാണുളളത്. 37 ൽ ലധികം സാഹിത്യ കൃതി കളുടെ കർത്താവാണ്.


**സി.രാധാകൃഷ്ണൻ (ജനനം 15.2.1939)**

മൺമറഞ്ഞുപോയ മഹാന്മാർക്കു പുറമെ വർത്തമാന കാലത്തും തൃപ്രങ്ങോടിൻെറതായ സംഭാവന സാഹിത്യത്തിന്നുണ്ടായിട്ടുണ്ട്. മലയാളത്തിലെ സുപ്രസിദ്ധ നോവലിസ്റ്റ് ആയ സി.രാധാകൃഷ്ണൻ ചമ്രവട്ടത്തുകാരനാണ്. നാൽപ്പതിലേറെ നോവലുകൾ, ഏഴു ചെറുകഥാ സമാഹാരങ്ങൾ, രണ്ടു കാവ്യ കൃതികൾ, നാടകങ്ങൾ, ഒരു യാത്രാവിവരണ എന്നിവയുടെ കർത്താവാണ് അദ്ദേഹം. രണ്ട് ചലച്ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഭാഷാ പോഷിണിയുടെ പത്രാധിപരായി പ്രവർത്തിക്കുന്നു.

**പേച്ചുക്കുട്ടിവൈദ്യർ, കൃഷ്ണൻ വൈദ്യർ, കുട്ടുഗുരുകൾ കിഴക്കേ പീടികക്കൽ വലിയ മമ്മുക്കുട്ടി, സി. കുഞ്ഞാദു മാസ്റ്റർ**


മുകളിൽ പറഞ്ഞ മഹാപ്രതിഭകളെ കൂടാതെ, തൃപ്രങ്ങോട്ടുകാർക്ക് സുപരിചിതനായിരുന്നു ആയുർവേദ വൈദ്യന്മാരായിരുന്നു പൊയിലിശ്ശേരി പേച്ചുക്കുട്ടി വൈദ്യരും. സുപ്രസിദ്ധ മർമ്മ ചികിത്സാ വിദഗ്ധന്മാരായ ചങ്ങംപള്ളി ഗുരുക്കന്മാരുടെ ഒരു ശാഖ പെരിന്തല്ലൂരിൽ താമസിച്ചു പോന്നു. അവരിൽ അന്തരിച്ചു പോയ കുട്ടു ഗുരുക്കൾ പ്രസിദ്ധ ചികിത്സകനും സംസ്കൃത പണ്ഡിതനുമായിരുന്നു. പഴയ കാലത്തെ കോൽക്കളി വിദഗ്ദ്ധരായിരുന്നു കിഴക്കേ പീടികക്കൽ വലിയ യമ്മുട്ടി, സി.കുഞ്ഞാദു മാസ്റ്റർ എന്നിവർ.

3-10 തൃപ്രങ്ങോടിന് സമ്പന്നവും മഹത്തരവുമായ ഒരു ഭൂതകാലമുണ്ടായിരുന്നു എന്നാൽക്രമേണ സമൂഹം ജീർണ്ണാവസ്ഥയിലാകുകയും വളർച്ച മുരടിക്കുയും ചെയ്തു. അടുത്ത കാലത്ത് പുതിയ വികാസത്തിൻെറ കൂമ്പുകൾ വിരിഞ്ഞുവരുന്നുണ്ട്. സംഘടിതവും ആസൂത്രിതവുമായ പ്രവർത്തനത്തിലൂടെ ഉജ്ജ്വലമായ ഒരു ഭാവി സൃഷ്ടിക്കുവാൻ ജനകീയ ആസൂത്രണ പ്രക്രിയയിലൂടെ നമുക്ക് മുന്നേറാം.



*“പ്രകൃതി നിയമങ്ങളെ ബോധ പൂർവ്വമോ അജ്ഞത മൂലമോ ലംഘിക്കുന്നതിൽ നിന്നാണ് ദുഃഖങ്ങൾ ഉണ്ടാകുന്നത്.”*

–ഗാന്ധിജി




അദ്ധ്യായം .4.

# ഭൂപ്രകൃതിയും വിഭവങ്ങളും

4-1. **അതിരുകൾ** :- തിരൂർ താലൂക്കിൽ ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഗ്രാമമാണ് തൃപ്രങ്ങോട് പഞ്ചായത്ത്. പടിഞ്ഞാറെ അതിർത്തി അറബിക്കടലിൽ നിന്ന് സുമാർ 5 കി.മീററർ കിഴക്കാ ണ്. കിഴക്കും തെക്കും അതിർത്തികളിൽക്കൂടി ചെറിയ പറപ്പൂർ ചമ്രവട്ടം എന്നീ പ്രദേശങ്ങളെ സ്പർശിച്ചുകൊണ്ട് ഭാരതപ്പുഴ ഒഴുകുന്നു. തെക്കു പടിഞ്ഞാറ് ഭാഗം പുറത്തൂർ പഞ്ചായത്തും, പടിഞ്ഞാറ് വെട്ടം പഞ്ചായത്തിൻെറ ഭാഗമായ മംഗലവും വടക്ക് ഭാഗം തലക്കാട് പഞ്ചായത്തും കിഴക്ക് ഭാഗം തിരു ന്നാവായ പഞ്ചായത്തും സ്ഥിതിചെയ്യുന്നു. ഭാരതപ്പുഴയുടെ തീരത്തും അറബിക്കടലിന്നടുത്തും സ്ഥിതി ചെയ്യുന്നത് കൊണ്ട് ഭൂപ്രകൃതിയെ പുഴയും കടലും സ്വാധീനിക്കുന്നുണ്ട്.

കടലിൽ നിന്ന് വളരെ അകലെ അല്ലാത്തതിനാൽ പഞ്ചായത്തിൻെറ ഭൂരിഭാഗവും സമതല പ്രദേശങ്ങളാണ്. പടിഞ്ഞാറെ അതിർത്തിയായ അണ്ണശ്ശേരി തോട് മുതൽ പരപ്പേരി ഒട്ടുപുറം വരെ ഭൂമി ഒരേ വിതാനത്തിൽ കിടക്കുന്നു. പരപ്പേരി മുതൽ ബീരാഞ്ചിറവരെ ഭൂമി അൽപ്പാൽപം ഉയർന്നു പോകു ന്നു. കൈനിക്കര മുളളൻ മട പ്രദേശവും, കോലൂപ്പാ ലവും പഞ്ചായത്തിലെ ഏററവും ഉയർന്ന പ്രദേശങ്ങ ളാണ്. സമുദ്ര നിരപ്പിൽ നിന്ന് 10 അടിയോളം ഉയരത്തിലാണ് ഈ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. പഞ്ചായത്ത് പരിധിയിൽ ചതുപ്പു നിലങ്ങൾ തീരെ ഇല്ല. കൈനിക്കരയുടെ വടക്കു ഭാഗത്ത് 12ാം വാർ ഡിൽ വെങ്കുളത്ത് കായലും ബീരാൻ ചിറക്കടുത്ത് നാല് - പത്ത് വാർഡുകളിലായി ചെറിയ പറപ്പൂർ കായലും സ്ഥിതി ചെയ്യുന്നു.

4-2. മണ്ണിൻെറ സ്വഭാവം: - പഞ്ചായത്തിൽ മൂന്നു തരം മണ്ണുകളാണ് പൊതു വെ ഉളളത് കടലിനടുത്ത് സമതല പ്രദേശത്ത് മണൽ ചേർന്ന മണ്ണും നെൽകൃഷി പ്രദേശങ്ങളിൽ കളിമൺ ചേർന്ന മണ്ണും, ചില പ്രദേശങ്ങളിൽ ചെങ്കൽ ചേർന്ന മണ്ണും കാണപ്പെടുന്നു. വില്ലേജിലെ റവന്യൂ രേഖക ളും കൃഷിഭവനിലെ രേഖകളും പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ ഓരോ തരത്തിലും പെട്ട മണ്ണ് കിടക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

| 1 | 2 | 3 | 4 |
|---|---|---|---|
| മണൽ ചേർന്ന മണ്ണ് | കളിമൺ ചേർന്ന മണ്ണ് | ചെങ്കൽ ചേർന്ന മണ്ണ് | Agro-climatic Zone |
| 1483.48 ഏക്കർ മണ്ണ് | 2813.54 ഏക്കർ | 1232.62 ഏക്കർ | NORTHERN MIDLAND ZONE |

## കാലാവസ്ഥ

4-3. പൊതുവെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ശീതോഷ്ണ കാലാവസ്ഥയാണ് ഈ പഞ്ചായത്തിലും. കൊല്ലത്തിൽ ജൂൺമുതൽ 4 മാസം കാലവർഷവും ഒക്ടോബർ മുതൽ ഒന്നര മാസത്തോളം തുലാവർഷവും കിട്ടുന്നു. വൃശ്ചിക മാസം മുതൽ 3 മാസത്തോളം ശൈത്യകാലമാണ്. കുംഭമാസം മുതൽ ഇവടപ്പാതി വരെ വേനൽക്കാലമാണ്. തുലാവർഷം താരതമ്യേന കുറവാണ്, കാലവർഷത്തിലും തുലാവർഷത്തിലും കൂടി കൊല്ലത്തിൽ 2159 മില്ലി മിററർ മഴ ഇവിടെ ലഭിക്കുന്നുണ്ട്. മററ് മാസങ്ങളിൽ പെയ്യുന്ന ഇടമഴകൾ കൂടി ചേർത്താൽ ശരാശരി പ്രതിമാസ വർഷം 232.1 മി.മീ. ആണ്. ഊഷ്മാവ് ശരാശരി ഏററവും കുറഞ്ഞത് 22° C ഉം കുടിയത് 33°C ഉം ആണ്.

**4-4. ജലലഭ്യത**

ഭാരതപ്പുഴയുടെ തീരത്തായത് കൊണ്ട് ജലലഭ്യത ഏറെക്കുറെ മെച്ചപ്പെട്ടതാണ്. അടുത്ത കുറെ വർഷങ്ങളായി ഭാരതപ്പുഴ വേനൽക്കാലത്ത് വററിപ്പോവുന്നത് കൊണ്ട് ഭൂഗർഭജലം കുറവായതിനാൽ കിണറുകൾ കുളങ്ങൾ മുതലായവ വററുന്നതും പതിവാണ്. പഞ്ചായത്തിൽ താഴെപ്പറയുന്ന പ്രധാന തോടുകൾ ഒഴുകുന്നു :-

| ക്രമ നമ്പ്ര് | തോടുകളുടെ പേര് | വാർഡ് നമ്പ്ര് |
|---|---|---|
| | | |
| 1 | വെള്ളോട്ട് പാടം തോട് | 1 |
| 2 | പുഴങ്കര തോട് | 6 |
| 3 | കക്കിടി കായൽ തോട് | 12 |
| 4 | വെങ്കുളം കായൽ തോട് | 12 |
| 5 | പാറക്കൊടി തോട് | 10 |
| 6 | ഊളാൻ തോട് | 10 |
| 7 | ആനൊഴുക്കു പാലം തോട് | 9 |
| 8 | കുരിയാടി തോട് | 5 |
| 9 | ഇല്ലിക്കൽ തോട് | 4 |
| 10 | കുരിയാടി തോട് | 10 |
| 11 | ചെന്തോട് | 11 |
| 12 | ഇരിയപ്പെട്ടിതോട് | 3,4,11 |

**ജലാശയങ്ങൾ :**

| ക്രമനമ്പ്ര് | കുളത്തിൻെറ പേര് | വാർഡ് നമ്പ്ര് |
|---|---|---|
| 1. | മലയമ്പാടി കുളം | 1 |
| 2. | കൈപനാൽ കുളം | 6 |
| 3. | വാൽ കുളം | 3 |
| 4. | ഇച്ച്നി കുളം | 6 |
| 5. | കുന്നം കുളം | 1 |
| 6. | കണ്ണേംകുളം | 9 |
| 7. | എരിഞ്ഞിക്കത്ത് കുളം | 2 |
| 8. | പുന്നക്കാം കുളങ്ങര | 7 |
| 9. | പുത്തനി കുളം | 4 |
| 10. | തൃപ്രങ്ങോട് അമ്പലച്ചിറ | 4 |
| 11. | കൊളത്തോടി കുളം | 5 |
| 12. | തീർത്ഥ കുളം | 7 |
| 13. | പുവാൻ കുളം | 6 |
| 14. | അമ്പല കുളം | 5 |
| 15. | ശെയത്താൻ കുളം | 12 |
| 16. | കുളപാളകുളം | 2 |

കുറിപ്പ്-ഇവയിൽസ്വകാര്യകുളങ്ങളുംപൊതുകുളങ്ങളുംഉണ്ട്.

**കായലുകൾ :-**

ചെറിയ പറപ്പൂർ കായൽ

വെങ്കുളത്ത് കായൽ

**കിണറുകൾ :-**

| | | |
|---|---|---|
| പൊതു കിണറുകൾ | : | 21 |
| സ്വകാര്യ കിണറുകൾ | : | 4726 |
| ആകെ കിണറുകൾ | : | 4747 |
| ഉപയോഗ്യശൂന്യമായ പൊതു കിണറുകൾ | : | 5 |

കേരളത്തിലെ ഏററവും വലിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയായ ചെകുത്താൻ കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പഞ്ചായത്തിൻെറ കിഴക്കെ അതിർത്തിയായ ഭാരതപ്പുഴയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയുടെ ആയക്കെട്ട് ഏരിയ (ജലസേചനം ചെയ്യാവുന്ന ഭൂമി) 1672.69 - ഹെക്ടർ ആണ്. പഞ്ചായത്തിൽ വേനൽ കാലത്ത് ഉയരം കൂടിയ സ്ഥലങ്ങളിലൊഴികെ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറില്ല. പൊററാടി, കുട്ടമ്മാക്കൽ, തണ്ടില്ലാക്കര എന്നീ താണ പ്രദേശങ്ങളിൽ വെള്ളത്തിൽ ഉപ്പ് രസമുള്ളതിനാൽ ശുദ്ധജല ക്ഷാമമുണ്ട്. ബാക്കി ഭാഗങ്ങളിൽ കിട്ടുന്ന ജലം കുടിക്കാനുപയോഗ്യമാണ്.

**4-5. മണ്ണിൻെറ ഘടന, ഫലപുഷ്ടി, നീർവാർച്ച :**

തൃപ്രങ്ങോട് പഞ്ചായത്തിൽ 2,3,11,12 എന്നീ വാർഡുകളിൽ ഉൾപ്പെട്ട 640 ഹെക്ററർ സ്ഥലം വാട്ടർ ഷെഡ് ഏരിയയായി പ്രഖ്യാപിച്ച് ആനുകൂല്യങ്ങൾ നൽകി വരുന്നു. ഫലപുഷ്ടിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മണ്ണിനെ താഴെപ്പറയുന്ന രൂപത്തിൽ തരംതിരിക്കപ്പെട്ടിരിക്കുന്നു.

| മണ്ണ് | വിസ്തീർണ്ണം |
|---|---|
| ചരൽ മണ്ണ് | 510 ഹെക്ടർ |
| മൺകടിയുള്ള കളിമണ്ണ് | 302 ,, ,, |
| മണൽ കലർന്ന മണ്ണ് | 805 ,, ,, |
| ഫലപുഷ്ടിയുള്ള എക്കൽ മണ്ണ് | 100 ,, ,, |
| എല്ലാ കൃഷികൾക്കും യോജിച്ച മണ്ണ് | 350 ,, ,, |
| ആകെ | 2067 ഹെക്ടർ |

**4-6 ഭൂവിനിയോഗം :-**

പഞ്ചായത്ത് പ്രദേശത്തെ മുഖ്യവിളകളും അവ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണവും താഴെ കൊടുക്കുന്നു.

| വിള | വിസ്തീർണ്ണം | ഉൽപ്പാദന ക്ഷമത ഹെക്ററിൽ |
|---|---|---|
| നെല്ല് (ഒന്നാം വിള) | 865 ഹെക്ററർ | ശരാശരി 20 ക്വിൻറൽ |
| നെല്ല് (രണ്ടാം വിള) | 925 ഹെക്ററർ | ,, ,, |
| നെല്ല് (മൂന്നാം വിള) | 100 ,, ,, | ,, ,, |
| തെങ്ങ് | 1050,, ,, | ,, ,, 5190 എണ്ണം |
| കമുങ്ങ് | 30 ,, ,, | ,, ,, 12500 ,, ,, |
| വാഴ | 90 ,, ,, | ,, ,, 80 ക്വിൻറൽ |
| മററ് വിളകൾ (പലതരം പച്ചക്കറികളുകൾപ്പെടെ) | 117 ,, ,, | ,, ,, |

**4-7 ജൈവ സമ്പത്ത് :-**

പഞ്ചായത്ത് പ്രദേശം ജൈവ സമ്പത്തിൽ സമ്പന്നമാണ്. തെങ്ങ്, കമുങ്ങ്, മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയ വൃക്ഷങ്ങൾ സമൃദ്ധിയായി വളരുന്നു. സംരക്ഷിത വൃക്ഷങ്ങളായ തേക്ക്, വീട്ടി മുതലായവ ചില ഭാഗങ്ങളിലുണ്ട്.


**4-8 കന്നുകാലി സമ്പത്ത് :-**

പശു എരുമ മുതലായവ 1200 ൽ അധികം വരും. മററുള്ള മൃഗങ്ങൾ അയ്യായിരത്തിലധികം വരും. ഇവിടുത്തെകാലവസ്ഥയിലും മണ്ണിലും വളരുന്ന അനേകതരം വൃക്ഷങ്ങളും ചെടികളും ഉണ്ട്. വിവിധതരം പക്ഷികളും ധാരാളമുണ്ട്. ബയോ -ഡൈവേഴ്സിററി സർവ്വേ നടന്നിട്ടില്ലാത്തതിനാൽ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

**4-9. മനുഷ്യ വിഭവം :-**

പഞ്ചായത്തിലെ ആകെ ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം 16869 സ്ത്രീകളും 15352 പുരുഷൻമാരും അടക്കം 32221 ആകുന്നു. സാക്ഷരത 69.45 ശതമാനമാണ്. 9486 പുരുഷൻമാരും 15135 സ്ത്രീകളും സ്ഥിരമായ തൊഴിലുകൾ ഇല്ലാത്തവരാണ്. കാർഷിക മേഖലയിൽ 7200 ഓളം പേർ സ്ഥിരമല്ലാത്ത ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. കച്ചവടം, ട്രാൻസ്പോർട്ട് മുതലായ മേഖലകളിലും നിരവധി പേർ ജോലി ചെയ്യുന്നുണ്ട്. അഭ്യസ്തവിദ്യരായ അനേകം പേർ തൊഴിൽ രഹിതരായുണ്ട്. വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായതിനാൽ, മെഡിക്കൽ എൻജിനീയറിംഗ്, നിയമം മുതലായ മേഖലകളിൽ പ്രൊഫഷനൽ വിദ്യാഭ്യാസം ലഭിച്ചവർ തുലോം കുറവാണ്.

292




അദ്ധ്യായം - 5

# കൃഷിയും ജലസേചനവും

ഭാരതപ്പുഴയോരത്തോട് ചേർന്നു 20.67 ച.കി.മീററർ വിസ്തീർണ്ണമുള്ള ഒരു സമതല പ്രദേശമാണ് തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്. ഈ ഗ്രാമം തികച്ചും കാർഷിക വൃത്തിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെതാണ്. നെല്ല് തെങ്ങ് എന്നിവയാണ് പ്രധാന കാർഷി കവിളകൾ. തൊട്ടു പുറകിലായാണ് കമുങ്ങ് കൃഷിയുടെ സ്ഥാനം. വാഴ, വെററി. മരിച്ചീനി, കുരുമുളക്, ചേമ്പ് തുടങ്ങിയവയാണ് പ്രധാന ഇടവിളകൾ. വേനൽക്കാലങ്ങളിൽ ഭാരതപ്പുഴയിലും നെൽവയലുകളിലും ആദായകരമായ രീതിയിൽ പച്ചക്കറികൃഷി ചെയ്തു വരുന്നു. പണ്ടു കാലം മുതലേ കാർഷികവൃത്തിയായിരുന്നു. ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം. ഭൂപരിഷ്കക്കരണത്തെ തുടർന്ന് കർഷകരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തൃതി കുറയുകയും ഭൂവുടമക ളുടെ എണ്ണം കൂടുകയും ചെയ്തു.

താഴെ കൊടുത്ത പട്ടികയനുസരിച്ച് കർഷകരെ മൂന്ന് വിഭാഗമായി തരംതിരിക്കാം.

### കൈവശ ഭൂമി വിസ്തീർണ്ണം.

പ.ക.1. (കൃഷി ഭവൻ രേഖ)

| ക്രമനമ്പർ | കർഷകവിഭാഗം | കർഷകകുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | നാമമാത്ര കർഷകർ (1 ഹെക്ടറിനു താഴെ) | 2650 |
| 2 | ചെറുകിട കർഷകർ (1 മുതൽ 2 ഹെക്ടർ വരെ) | 1098 |
| 3 | വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ) | 48 |

(അവലംബം കൃഷി ഭവൻ രേഖ)

മഴയെ ആശ്രയിച്ചു മാത്രം കൃഷി നടത്തുന്ന നെൽവയലുകളാണ് ബഹു ഭൂരിഭാഗവും. എന്നാൽ നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത് എന്നി വാർഡുകളിലെ ചില ഭാഗങ്ങളിൽ ചെകുത്താൻ കുണ്ട് ലിഫ്റ്റ് ഇറിഗേഷനിൽ നിന്നു ലഭിക്കുന്ന ജലം ഉപയോഗിച്ച് കൃഷി ചെയ്യുന്നുണ്ട്. 63.2 ഹെക്ടർ ആയക്കെട്ട് ഏരിയയുള്ള കമുങ്ങ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നു പത്താം വാർഡിലെ ചില ഭാഗങ്ങളിൽ വെള്ളം ലഭിക്കുന്നു. മൊത്തം ഭൂമിയുടെ 55.75 ശതമാനം നെൽവയലുകളാണെന്ന് കൃഷിഭവൻ രേഖ വ്യക്തമാക്കുന്നു. മൊത്തം നെൽവയലുകളുടെ 10 ശതമാനം വിവിധ ആവശ്യങ്ങൾക്കായി നികത്തിയിരിക്കുകയാണ്.

പണ്ടുകാലത്ത് കയമ, വട്ടൻ, വെളുത്തവട്ടൻ, ചിറേറ നി, ചുവന്ന വട്ടൻ, തെക്കൻ ചീര, പാലക്കാടൻ ചീര, നവര, പാണ്ടി, കൊക്കൻ ഇരിയക്കാരി എന്നീ പേരുകളിലുള്ള വിത്തിനങ്ങളാണ് ഉപയോഗിച്ചി രുന്നത്. ജൈവവളം ഉപയോഗിച്ചാണ് കൃഷി നടത്തിയിരുന്നത്. ബീരാഞ്ചിറ, ചെറിയ പറപ്പൂർ, കൈനിക്കര ഭാഗങ്ങളിൽ പറമ്പുകളിൽ മോഡൻ എന്ന പേരിലുള്ള നെല്ലും ചാമയും കൃഷി ചെയ്തിരുന്നു.

ഏത്തം, കയററുകൊട്ട, കാളത്തേക്ക്, കുത്തുതുടുപ്പ് എന്നിവ ഉപയോഗപ്പെടുത്തിയാണ് കൃഷിയിടം നനച്ചിരുന്നത്.

1970 ലുകളിലാണ് നവീന കൃഷിരീതികളും പുതിയ വിത്തിനങ്ങളും രാസവള പ്രയോഗവും കർഷകർ ഉൾക്കൊളളാൻ തുടങ്ങിയത്. തുടർന്ന് തൈനാൽ - 3, ഐ.ആർ - 8, തൃവേണി, കൾച്ചർ, അശ്വതി, ജയ തുടങ്ങിയ സങ്കര ഇനം വിത്തുകൾ പ്രചാരത്തിൽ വന്നു.

രാസവള പ്രയോഗത്തോടെ കൂടുതൽ മേനി വിള തരുന്ന വിത്തുകൾ ലഭ്യമായി തുങ്ങകയും ക്രമേണ കിണറുകളിൽ നിന്നും, കുളങ്ങളിൽ നിന്നും പമ്പ് സെററ്, മോട്ടോർ തുടങ്ങിയവ ഉപയോഗിച്ച് കൂടുതൽ സ്ഥലങ്ങളിൽ നെൽകൃഷി ചെയ്യാനും തുടങ്ങി. ഇടവി ളയായി എളള്, പയറ്, മുതിര, മരച്ചീനി എന്നിവ കൃഷി ചെയ്തിരുന്നു. എന്നാൽ ക്രമേണ മുതിര കൃഷി അപ്ര ത്യക്ഷമായി.സ്വാതന്ത്ര്യലബ്ധിക്കു മുമ്പും, സ്വാത ന്ത്ര്യാനന്തരക്കാലത്തും കടുത്ത ഭക്ഷ്യക്ഷാമം അനുഭവ പ്പെട്ടിരുന്നു. അക്കാലത്ത് പനയുടെ ചോറ്, ആമ്പൽ കിഴങ്ങ്, അണ്ണാറക്കൊട്ടൻ എന്ന പേരിൽ അറിയപ്പെട്ടി രുന്ന ഒരു തരം പുല്ലിൻെറ വിത്ത് (അരി) മുളയരി, മര ച്ചീനിയുടെ കട്ടിയുളള തൊലി എന്നിവ ആഹാര സാധനങ്ങളായി ഉപയോഗിച്ചിരുന്നു.

സി.ഒ.മസൂരി, കൾച്ചർ, ജോതി, കൾച്ചർ റാണിമസൂരി, തൃവേണി, ആതിര, പൊന്നി, പവിഴം ശേഖർ, നിള തുടങ്ങിയ അത്യുൽപാദനശേഷിയുളള വിത്തിനങ്ങളാണ് ഇന്നു പ്രചാരത്തിലുളളത്.

നെൽകൃഷിയുടെ ഉൽപ്പാദന ചിലവ് ഗണ്യമായി വർദ്ധിച്ചതോടെ നെൽകൃഷി ഒരു നഷ്ടക്കച്ചവടമായി കർഷകർക്ക് അനുഭവപ്പെട്ടു തുടങ്ങി. മുന്ന് പൂകിലും കൃഷി ചെയ്തിരുന്ന നിലങ്ങൾ ക്രമേണ ഇരുപൂകിലായും ഒററപ്പൂകിലായും മാറി തുടങ്ങി. മാത്രമല്ല നിലംനികത്തി താരതമ്യേന കുറഞ്ഞ പരിചരണം മാത്രം മതിയായ തെങ്ങു കൃഷി ആരംഭിക്കുകയും ചെയ്തു. പുരയിടങ്ങൾക്കായി പാടം നികത്തുന്നതും വ്യാപകമായി. ഇത് നീരൊഴുക്കിന്ന് തടസ്സം ഉണ്ടാക്കുകയും കൃഷി നശിക്കുന്നതിന് ഇടയാക്കുകയും ചെയ്തു. അതു പോലെത്തന്നെ കർഷക - കർഷകതൊഴിലാളി കുടുംബങ്ങളിലെ വിദ്യാഭ്യാസം സിദ്ധിച്ച യുവാക്കൾ കാർഷികവൃത്തിയിൽ ഏർപ്പെടാൻ വിമുഖത കാട്ടി തുടങ്ങി. അവർ മററ് തൊഴിൽ മേഖലകളിലേക്ക് ആകർഷിക്കപ്പെട്ടു. ഇതോടെ തൊഴിലാളികളുടെ ലഭ്യത കുറഞ്ഞു വന്നു. ഈ മൂന്ന് കാരണങ്ങളാലും നെല്ലിൻെറ ഉൽപ്പാദനം ഗണ്യമായ തോതിൽ കുറഞ്ഞു തുടങ്ങി.

പണ്ടു കാലം മുതലേ തെങ്ങ് കൃഷി വ്യാപകമായി ഉണ്ടായിരുന്നുവെങ്കിലും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കർഷകർ കാര്യമായ ഒന്നും ചെയ്തിരുന്നില്ല. എന്നാൽ നെൽകൃഷി നഷ്ടമായി തുടങ്ങിയതോടെ തെങ്ങ് കൃഷിയിൽ കൂടുതൽ താല്പ ര്യം കാണിച്ചു തുടങ്ങി. നെൽകൃഷിയെ അപേക്ഷിച്ച് ആദായകരമാണ് തെങ്ങ് കൃഷി എന്ന സ്ഥിതി വന്ന തോടെ വയലുകൾ നികത്തി തെങ്ങു കൃഷി ചെയ്യാ നുളള പ്രവണത വ്യാപകമായി.

പണ്ട്കാലത്ത് കൊപ്രയുടെ ഏററവും അടുത്ത വിപണന കേന്ദ്രം പൊന്നാനിയും കോഴിക്കോടും ആയിരുന്നു. എന്നാൽ ഇന്ന് ഗ്രാമപ്രദേശങ്ങളിൽ പോലും ഓയിൽ മില്ലുകൾ പ്രവർത്തിക്കാൻ തുടങ്ങി

യതോടെ കർഷകന്, ന്യായമായ വില കിട്ടുന്നി ല്ലെങ്കിൽ കൂടിയും, ഇടത്തട്ട്കാരുടെ ചൂഷണത്തിൽ നിന്നും ഒരു പരിധിവരെ മോചനം ലഭിക്കുകയും വളരെ മോശമല്ലാത്ത വില ലഭിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ പലപ്പോഴും കേന്ദ്ര ഗവർമെ ണ്ടുകൾ അനുവർത്തിച്ചു വരുന്ന തെററായ ഇറക്കു മതി നയം കേരകർഷകരുടെ നട്ടെല്ലൊടിക്കുന്ന സ്ഥിതി ഉളവാക്കുകയും ചെയ്യുന്നുണ്ട്.

പണ്ട് കാലത്ത് ഓരോ വീട്ടു വളപ്പിലും വെണ്ട, വഴുതിന, മുരിങ്ങ, ചേമ്പ്, ചേന, പയറു വർഗ്ഗങ്ങൾ, മരച്ചീനി, കാവത്ത് (കാച്ചിൽ) കൊള്ളി ക്കിഴങ്ങ്, കൂർക്ക, രാകി (മുത്താറി) തുടങ്ങിയവ കൃഷി ചെയ്തിരുന്നു. ഗൾഫ് പണത്തിൻെറ സ്വാധീ നം മൂലം കൂലിച്ചിലവ് വർദ്ധിച്ചതോടെ ഇത്തരം കൃഷികൾ അപ്രത്യക്ഷമായി. ഇതോടെ ഒരു ഉപഭോ ക്തൃ സംസ്ക്കാരം രൂപപ്പെട്ട് എല്ലാം മാർക്കററിൽ നിന്ന് മാത്രം വാങ്ങുന്ന ഒരു സ്ഥിതിയിൽ എത്തി നിൽക്കുന്നു.

മുൻകാലങ്ങളിൽ കർഷകരുടെ ഒരു പ്രധാന വിനോദമായിരുന്നു കാളപൂട്ട്, ആലത്തിയൂർ, ചെറിയ പറപ്പൂർ, കൈമലശ്ശേരി, ചമ്രവട്ടം എന്നിവി ടങ്ങളിലെ കാളപ്പൂട്ട് പ്രസിദ്ധമായിരുന്നു. എന്നാൽ ഇന്ന് ചമ്രവട്ടത്ത് മാത്രമേ ഈ വിനോദം നടക്കു ന്നുള്ളു.

കൃഷി ആവശ്യങ്ങൾക്കായി പണ്ട് മുതലേ ഉപയോഗിച്ചു വന്നിരുന്ന ആലത്തിയൂരിലെ കുന്നം കുളം, മലയമ്പാടിക്കുളം, പുഴിക്കുന്നിലെ കൊളപ്പാള ക്കുളം, ആനപ്പടിയിലെ പുത്തനിക്കുളം, ചമ്രവട്ടത്തെ കണ്ണേങ്കുളം, പരപ്പേരിയിലെ വാൽക്കുളം, പെരുന്തല്ലൂ രിലെ പുന്നക്കാംകുളം, ആലിങ്ങലിലെ ഇച്ചിനിക്കുളം, കൈമലശ്ശേരിയിലെ കൈപ്പനാൽ കുളം എന്നിവ മണ്ണിടിഞ്ഞ് തുടർന്നുകൊണ്ടിരിക്കുന്നു. ഇത് നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു.

## ഭൂവിനിയോഗം :-

തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിൻെറ വിസ്തൃതി 2020 ഹെക്ടർ (കൃഷി ഭവൻ രേഖ പ്രകാരം) ആണ്. ഇത് പുഴയോരം, നെൽവയലുകൾ, പുരയിടം, പുറമ്പോക്ക്, തരിശ്, തോടുകൾ കുളങ്ങൾ എന്നിങ്ങനെ കാണപ്പെടുന്നു.

## മണ്ണിൻെറ സ്വഭാവം

പഞ്ചായത്ത് പ്രദേശത്ത് മൂന്ന് തരം മണ്ണുകളാണ് പൊതുവെ ഉള്ളത്. കടലിന്നടുത്ത സമതല പ്രദേശത്ത് മണൽ ചേർന്ന മണ്ണും നെൽവ യലുകളിൽ കളിമൺ ചേർന്ന മണ്ണും, ചില പ്രദേശ ങ്ങളിൽ ചെങ്കൽ ചേർന്ന മണ്ണും കാണപ്പെടുന്നു. വില്ലേ ജിലെ റവന്യൂരേഖകളും കൃഷിഭവൻ രേഖകളും പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ ഓരോ തരത്തിലും പെട്ട മണ്ണ് കിടക്കുന്ന ഭൂമിയുടെ വിസ്തീർ ണ്ണം താഴെ കൊടുക്കുന്നു.

**പട്ടിക 1. - (പഠന പര്യടനം - കൃഷിഭവൻ രേഖ)**

| മണൽ കലർന്ന മണ്ണ് | കളിമൺ കലർന്ന മണ്ണ് | ചെങ്കൽ കലർന്ന മണ്ണ് | അഗ്രോ ക്ലൈമാററിക് സോൺ |
|---|---|---|---|
| 1 | 2 | 3 | 4 |
| 593.39 ഹെക്ടർ | 1125.42 ഹെക്ടർ | 493.05 ഹെക്ടർ | നോർത്തേൺ മിഡ്ലാൻറ് സോൺ |

മേൽ ഭൂപ്രദേശത്തെ നിലം, പുരയിടം, പുറമ്പോക്ക്, കൃഷിയോഗ്യ തരിശ് എന്നിങ്ങനെ അഞ്ചായി തിരിക്കാം. ഈ ഓരോ വിഭാഗത്തിൻെറയും വിസ്തീർണ്ണം താഴെ കൊടുത്ത പട്ടികയിൽ നിന്നും മനസ്സിലാക്കാം.

## ഭൂമിയെ സംബ്ന്ധിച്ച വിവരങ്ങൾ

(അവലംബം പഠനപര്യടനം)

കൃഷിഭവൻ രേഖ

പട്ടിക - 2

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 1125.88 ഹെക്ടർ |
| പുരയിടം | 617.48 ഹെക്ടർ |
| പുറംമ്പോക്ക് (ഭാരതപ്പുഴ) | 268.49 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | 2.6 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 5 ഹെക്ടർ |
| ആകെ | 2019.45 ഹെക്ടർ |

പഞ്ചായത്തിലെ 2020 ഹെക്ടർ ഭൂമിയിൽ 1125.88 ഹെക്ടർ സ്ഥലം വയലാണ്. പഞ്ചായത്തിൽ കൃഷി ചെയ്തു വരുന്ന നെല്ല് തെങ്ങ് മററ് ഇടവിളകൾ എന്നിവ സംബന്ധിച്ച വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

### തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത്

## വിള, വിസ്തീർണ്ണവും ഉൽപ്പാദനവും

പട്ടിക .3

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉൽപാദനം | ഉൽപ്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല്-വിരിപ്പ് | 865 | 17300 ക്വിൻറൽ | |
| മുണ്ടകൻ | 925 | 18593 -ടി- | 20 ക്വിൻറൽ |
| പുഞ്ച | 115 | 2300 -ടി- | |
| പയർ | 30 | 187 -ടി- | 6.5 -ടി- |
| എള്ള് | 22 | 583 -ടി- | 2.65-ടി- |
| പച്ചക്കറിക | 22 | 110 -ടി- | 5.00-ടി- |
| തെങ്ങ് | 1060 | 550140 എണ്ണം | 5190 എണ്ണം |
| വാഴ | 90 | 7156 ക്വിൻറൽ | 80 ക്വിൻറൽ |
| മരച്ചീനി | 6 | 600 -ടി- | 100 -ടി- |
| കുരുമുളക് | 10 | 20 -ടി- | 2 -ടി- |
| പ്ലാവ് | 10 | 50 -ടി- | 5 -ടി- |
| മാവ് | 12 | 24 -ടി- | 2 -ടി- |
| കവുങ്ങ് | 30 | 3,75,000 എണ്ണം | 12500 എണ്ണം |

(അവലംബം സെക്കൻററിഡാററ)

**വളം :** പഞ്ചായത്ത് പ്രദേശത്ത് കൃഷിക്കുപയോഗിക്കുന്ന വളത്തിന്റെ 90 ശതമാനവും രാസവളങ്ങളാണ്. അശാസ്ത്രീയമായ വളപ്രയോഗം മൂലം കർഷകന്റെ കൃഷി ചിലവ് വർദ്ധിക്കുക മാത്രമല്ല മണ്ണിന്റെ രാസഭൗതിക ഗുണങ്ങൾ നഷ്ടപ്പെടുകയും നെല്ലിൽ കണ്ടു വരുന്ന പല രോഗങ്ങളുടെയും കാഠിന്യവും വ്യാപനവും കൂട്ടുകയും ചെയ്യുന്നു. ആലത്തിയൂർ, തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്, ആലിങ്ങൽ (2 എണ്ണം) ചമ്രവട്ടം എന്നിങ്ങനെ 5 വളം ഡിപ്പോകളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇതിൽ സഹകരണ മേഖലയിൽ ഉണ്ടായിരുന്നത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മററ് നാലെണ്ണവും സ്വകാര്യ മെഖലയിൽ ഉള്ളതാണ്.

**കീടനാശിനികൾ :-** വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണിത്. ശാസ്ത്രീയമായ അളവിൽ മാത്രമെ ഇത് ഉപയോഗിക്കാവൂ. ഇതു സംബന്ധിച്ച് കർഷകരും കച്ചവടക്കാരും വേണ്ടത്ര ബോധവാന്മാരല്ല. മുകളിൽ കൊടുത്ത സ്വകാര്യമേഖലയിലുള്ള നാല് ഡിപ്പോകൾ വഴിയാണ് കീടനാശിനപി വിതരണം ചെയ്യുയുന്നത്.

പട്ടിക - 4 (കൃഷിഭവൻ രേഖ)

**രാസവള - കീടനാശിനി വിപണനം**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സ്വകാര്യഏജൻസികൾ (4 എണ്ണം) | 150 ടൺ | 425 ലിറ്റർ | 850 കി.ഗ്രാം | 120 ടൺ | 300 ലിറ്റർ | 400 കി.ഗ്രാം | 135 ടൺ | 400 ലിറ്റർ | 800 കി.ഗ്രാം |
| | സഹകരണം | - | - | - | - | - | - | - | - | - |

## കൃഷിഭവൻ

1973 ൽ ഐ.പി.ഡി.യൂണിറ്റ് എന്ന പേരി ലാണ് ഇത് ആരംഭിച്ചത്. തിരൂർ വികസനബ്ലോക്കിന്റെ പരിധിയിലുള്ള മുഴുവൻ കർഷക രുടെയും ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്നത് തൃപ്രങ്ങോട് ഐ.പി.ഡി.യൂണിറ്റായിരുന്നു. പിന്നീട് 1.4.1983 മുതൽ ഇത് ടി ആൻറ് വി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. കൃഷി ഭവൻ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത് 1.9.1987 മുതലാണ്. ആരംഭ കാലം മുതൽ ഇന്നുവരെ ഒരു വാടകകെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. ദേശീയ നീർമറി വികസന (വാട്ടർ ഷെഡ്) പദ്ധതി നടപ്പിലാക്കുന്ന മലപ്പുറം ജില്ലയിലെ 14 കൃഷിഭവനുകളിൽ ഒന്നാണ് നമ്മുടേത്.

മൊത്തം 640 ഹെക്ടർ പ്രദേശത്ത് വ്യാപിച്ചു കിടക്കുന്ന ആലത്തിയൂർ വാട്ടർ ഷെഡ് ഏരിയ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിലെ രണ്ട്, മൂന്ന്, പതിനൊന്ന്, പന്ത്രണ്ട് വാർഡുകളിലും, തലക്കാട് പഞ്ചായത്തിലെ രണ്ട്,പത്ത് വാർഡുകളിലെ ചില പ്രദേശങ്ങളിലുമായ വ്യാപിച്ചു കിടക്കുന്നു. എട്ടാം പഞ്ചവത്സര പദ്ധതി കാലത്തേക്ക് 21 ലക്ഷം രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന ഗവർമെൻറുകളുടെ നാല്പതിലേറെ വികസന പദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പാക്കി വരുന്നു.

ചില പ്രധാന പദ്ധതികൾ താഴെ കൊടുക്കുന്നു.

**1) നെൽകൃഷി വികസന പദ്ധതികൾ**

a. ബോണസ് - നെൽകൃഷിക്കാർക്ക് ഹെക്ടറിന് 250 രൂപ വീതം ഉൽപാദനക്ഷമതാ ബോണസ്സായി നൽകുന്നു.

b.ചെറുകിട യന്ത്രവൽക്കരണം - പാടശേഖരസമിതികൾക്ക് ട്രാക്ടർ, പവ്വർ ട്രില്ലർ, മെതിയന്ത്രം, സ്പ്രെയറുകൾ തുടങ്ങിയവ 50% സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നു.

c.പരിശീലന ക്ലാസ് - കർഷകർക്കായി ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.

d.രജിസ്ട്രഡ് വിത്തുൽപാദന പദ്ധതി - നെൽകൃഷിക്കാർക്ക് ഗുണനിലവാരം ഉള്ള അത്യുൽപാദനശേഷിയുള്ള വിത്തുകൾ ലഭ്യമാക്കുന്നനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട പാടശേഖരങ്ങളിൽ വിത്തുകൾ ഉൽപാദിപ്പിച്ച് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

**2) തെങ്ങ് കൃഷി വികസന പദ്ധതി (സമഗ്രനാളികേര വികസന പദ്ധതി) :-** തെങ്ങിൻ തോട്ടങ്ങളിലെ ജലസേചന സൗകര്യം വർദ്ധിപ്പിച്ച് തെങ്ങിന്റെ ഉൽപാദനക്ഷമത കൂട്ടുന്നതിന് കിണറു,കുഴിക്കാനും പമ്പ് സെററ് സ്ഥാപിക്കാനും മൊത്തം ചിലവിന്റെ മൂന്നിൽ ഒന്ന് സഹായധനമായി നൽകുന്നു. റോക്കർ സ്പ്രെയർ,തെങ്ങ് കയററ യന്ത്രം ഇവ 50 ശതമാനം സബ്സിഡിയോടെ വിതരണം ചെയ്യുന്നു.

**3) സുഗന്ധ വിള വികസന പദ്ധതി (ഐ.പി.ഡി.എസ്)**

ഈ പദ്ധതിപ്രകാരം കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന് വർഷംതോറും അയ്യായിരത്തിലധികം വള്ളികൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു. ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധദ്രവ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ പ്രദർശന തോട്ടങ്ങളും വിസ്തൃതി വ്യാപന പദ്ധതികളും നടപ്പിലാക്കുന്നു.

**4) പയറു വർഗ്ഗ വികസന പദ്ധതികൾ**

രണ്ടാം വിളവുക്കാലത്തും മൂന്നാം വിളവുക്കാലത്തും ഗുണനിലവാരമുള്ള പയറു വിത്തുകളും അവക്കാവശ്യമായ വളം, കീടനാശിനി എന്നിവയും പകുതി വലിയ്ക്ക് വിതരണം ചെയ്യുന്നു.

**5) ജൈവ വള വികസന പദ്ധതി**

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നിരക്കിൽ, ഡെയ്ഞ്ച, കൊഴിഞ്ഞിൽ എന്നീ പച്ചില വളച്ചെടികളുടെ വിത്തുകൾ ലഭ്യമാക്കുന്നു.

**6) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ**

കാലവർഷക്കെടുതി മൂലം നാശനഷ്ടം സംഭവിക്കുന്ന കർഷകർക്ക് നഷ്ടം തിട്ടപ്പെടുത്തി നഷ്ട,പരിഹാരം ലഭ്യമാക്കുന്നു. നടപ്പു പദ്ധതിക്കാലത്ത് വെള്ളപ്പൊക്കം മൂലം നഷ്ടം സംഭവിച്ചവർക്ക് 35000 രൂപയും കൊടുങ്കാററും, ഇടി മിന്നലും മൂലം നഷ്ടം സംഭവിച്ചവർക്ക് 20,753 രൂപയും അടക്കം മൊത്തം 55753 രൂപ 115 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്.

**7) വിള ഇൻഷൂറൻസ് പദ്ധതി -**

**8) ദേശീയ നീർമറി വികസന പദ്ധതി**

പദ്ധതി പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും കൃഷിയിലും അതിനോടനുബന്ധിച്ച മേഖലകളിലും വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി 100 കൃഷിക്കാർക്ക് 1 ലക്ഷം രൂപ ചിലവിട്ടുകൊണ്ട്

പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

**9) മണ്ണ് പരിശോധന**

മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസത്രീയമായ വളപ്രയോഗം പ്രാവർത്തികമാക്കുന്നതിന് കൃഷിതോട്ടങ്ങളിൽ നിന്ന് ഓരോ വർഷവും മുന്നൂറിലധികം സാമ്പിളുകൾ ശേഖരിച്ച് മലപ്പുറത്തെ മണ്ണ് പരിശോധന ലാബിലേക്ക് അയച്ചു കൊടുക്കുന്നു.

**10) കേന്ദ്ര കവുങ്ങ് വികസന പദ്ധതി**

കവുങ്ങ് കർഷകർക്ക് മഹാളി രോഗത്തിനെതിരെ ബോഡോ മിശ്രിതം തളിക്കാൻ 400 രൂപ (ഹെക്ടറിന്) വീതം ലഭ്യമാക്കുന്നു.

**കൃഷി ഭവൻ മുഖേന നൽകിയ നടീൽ വസ്തുക്കളുടെ വിവര താഴെ ചേർക്കുന്നു.**

പട്ടിക - 5 (കൃഷിഭവൻ രേഖ)

**നടീൽ വസ്തു വിതരണം**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങിൻ തൈ | 1616 | 119 | 75 |
| കുരുമുളക് | 7500 | 7000 | 8000 |
| കവുങ്ങ | 671 | 500 | 700 |

**പാടശേഖരസമിതികൾ**

പഞ്ചായത്ത് പരിധിയിൽ 12 പാടശേഖര സമിതികൾ ആണുള്ളത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുത്ത പട്ടികയിൽ വ്യക്തമാക്കുന്നു.

| ക്രമ നമ്പർ | പേര് | കൃഷിക്കാരുടെ എണ്ണം | വിസ്തീർണ്ണം ഏക്കറിൽ | | | ലഭ്യമായ കൃഷി ഉപകരണങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|
| | | | ഒന്നാം വിള വിരിപ്പ് | 2-ാം വിള മുണ്ടകൻ | മൂന്നാം വിള പുഞ്ച ഇടവിള | ട്രാക്ടർ | പവർ ട്രില്ലർ | സ്പ്രേയർ | കൊയ്ത്ത് യന്ത്രം |
| 1 | ചമ്രവട്ടം-കിഴക്ക് | 150 | 80 | 200 | 50 | - | 2 | - | - |
| 2 | ചമ്രവട്ടം- പടിഞ്ഞാറ് | 250 | 140 | 140 | 35 | 2 | - | 25 | - |
| 3 | ചെകുത്താൻകുണ്ട് | 80 | 35 | 35 | 15 | - | - | - | - |
| 4 | പൊയിലിശ്ശേരി-കൈനിക്കര | 175 | 150 | 150 | 10 | 1 | 3 | 15 | - |
| 5 | കമ്മുക്ക്-ചെറിയപറപ്പൂർ | 105 | 125 | 125 | 50 | 1 | 2 | 5 | - |
| 6 | തൃപ്രങ്ങോട് | 110 | 150 | 150 | 50 | - | 1 | 10 | - |
| 7 | വെള്ളോട്ടുപാടം | 55 | 100 | 100 | 100 | 2 | 2 | 5 | - |
| 8 | പെരുന്തല്ലൂർ | 130 | 250 | 250 | 15 | 1 | - | 8 | - |
| 9 | കൈമലശ്ശേരി | 100 | 200 | 200 | 70 | 2 | - | 5 | - |
| 10 | ആനപ്പടി | 65 | 50 | 50 | | - | - | - | - |
| 11 | ചമ്രവട്ടം- ബി | 80 | 70 | 70 | 25 | - | - | - | - |
| 12 | വെള്ളയാനിപ്പാടം | | 46.05 | 46.05 | - | - | - | - | - |

**ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ ദാന പദ്ധതി**

കേരള സർക്കാരിൻെറ ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകാനുളള പദ്ധതി പ്രകാരം 106 പേർ രജിസ്ററർ ചെയ്യപ്പെട്ടു. ഒരു അപേക്ഷകൻ 1100 രൂപയാണ് രജിസ്ട്രേഷൻ ഫീസായി കെട്ടിവെയ്ക്കേണ്ടത്. എസ്സ് സി/എസ്ടി വിഭാഗങ്ങൾക്ക് ഇത് 100 രൂപ മാത്ര മാണ്. ഈ പദ്ധതി പ്രകാരം 68 പേർ മാത്രമാണ് അപേക്ഷാഫീസ് കെട്ടിവെച്ചിട്ടുളളത്. ഇതിൽ എസ്സി വിഭാഗത്തിലുളള 11 പേരും ഉൾപ്പെടും.

പണം കെട്ടിയ അപേക്ഷകരിൽ 2 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഒരാൾ വെററില കൃഷി യാരംഭിച്ചു. രണ്ടാമത്തെയാൾ വളം ഡിപ്പോയും കാർ ഷികോപ കരണങ്ങൾ വാടകക്ക് നൽകലും ആരം ഭിച്ചു. ഈ രണ്ടുപേർക്കും 50 ശതമാനം സബ്സി ഡിയോട് കൂടി ബാങ്ക് വായ്പകൾ ലഭ്യമാക്കിയിട്ടുണ്ട്.

ഈ പദ്ധതിയിൽ പണം അടച്ചവർക്ക് അവർ പദ്ധതിയിൽ ചേരുന്ന കാലത്തെ പ്രായത്തിൻെറ അടിസ്ഥാനത്തിൽ 60 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് 30,000 മുതൽ 60,000 രൂപവരെ ഗ്രാററിവിററിയായി നൽകാനും 60 വയസ്സിന് ശേഷം മാസം 1000 രൂപ വീതം പെൻഷൻ നൽകാനും അപേ ക്ഷകൻ മരിക്കുമ്പോൾ ഒരു ലക്ഷം രൂപ യഥാർത്ഥ അവകാശികൾക്ക് നൽകാനും വ്യവസ്ഥയുണ്ട്.

## കൃഷിഭവനിലെ പ്രശ്നങ്ങൾ

ദേശീയ നീർമറി വികസന പദ്ധതിയും മററ് പ്രധാനപ്പെട്ട ഒട്ടനവധി പദ്ധതികളും നടപ്പി ലാക്കുന്ന കൃഷി ഭവനിൽ ഇപ്പോഴത്തെ ജീവനക്കാ രുടെ എണ്ണം വളരെ കുറവാണ്. 2000 ത്തിലേറെ തപാലുകൾ കൈകാര്യം ചെയ്യുന്ന കൃഷി ഭവനിൽ ഒരു ഗുമസ്ഥൻെറയും ഒരു ശിപായിയുടെയും തസ്തിക പുതുതായി സൃഷ്ടിച്ചു നിയമനം നട ത്തേണ്ടതാണ്.

**കാർഷിക വായ്പ**

3,000 ത്തോളം കർഷക കുടുംബങ്ങൾ ഉളള തൃപ്രങ്ങോട് പഞ്ചായത്ത് കർഷകർക്ക് ആവശ്യമായ കാർഷിക-കാർഷികേതര ഹ്രസ്വകാലവായ്പ ലഭിക്കുന്നത്. തൃപ്രങ്ങോട് സർവീസ് സഹകരണ ബാങ്കിൽ നിന്നും ചമ്രവട്ടത്തുളള സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ശാഖയിൽ നിന്നും പുതിയങ്ങാടിയിലുളള കനറാ ബാങ്ക് ശാഖയിൽ നിന്നുമാണ്.

ഇതിനു പുറമെ തിരൂർ താലൂക്ക് കാർഷിക വികസന ബാങ്കിൽ നിന്നും കാർഷിക വായ്പാ സൗകര്യം ഉപയോഗപ്പെടുത്തുന്നവരുണ്ട്.

**ജലസേചനം**

ജൂൺ മുതൽ ആഗസ്ത് കൂടിയ കാലത്ത് ലഭിക്കുന്ന കാലവർഷത്തേയും (ഇടവപ്പാതി) സപ്തംബർ മുതൽ ഒക്ടോബർ കൂടിയ കാലത്ത് ലഭി ക്കുന്ന തുലാവർഷത്തേയും ആശ്രയിച്ചാണ് പ്രധാന മായും കൃഷി നടത്തുന്നത്.

**ജലസേചന പദ്ധതികൾ**

1) ചെകാത്താൻ കുണ്ട് ലിഫ്ററ് ഇറിഗേഷൻ

കേരളത്തിലെ ചെറുകിട ജലസേചന പദ്ധതികളിൽ ഏററവും വലുതായ ഈ പദ്ധതിയുടെ ആരംഭത്തിൽ 1672.69 ഹെക്ടർ (ആയക്കെട്ട് ഏരിയ) സ്ഥലത്ത് ജലസേചനം നടത്തിയിരുന്നു. ഇപ്പോഴത്തെ ആയ ക്കെട്ട് ഏരിയ 1322.81 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്.

2) കമ്മുക്ക് ലിഫ്റ്റ് ഇറിഗേഷൻ

ചെറിയ പറപ്പൂർ മേഖലയിലെ ജലസേചനത്തിന് ഉപയോഗിക്കുന്ന ഈ പദ്ധതിയുടെ ആയക്കെട്ട് ഏരിയ 63.4 ഹെക്ടർ ആണ്.

**തോടുകൾ**

1ാം വാർഡിലെ വെള്ളോട്ട് പാടം തോട് 2,3,12 വാർഡുകളുടെ അതിർത്തിയിലൂടെ പോവുന്ന കടപ്പളളി തോട് 3ാം വാർഡിലെ ഇരിയപ്പെട്ടി തോട് 4ാം വാർഡിലെ ഇല്ലിക്കൽ തോട് 5ാം വാർഡിലെ കൂട്ടമ്മാക്കൽ തോട് 6ാം വാർഡിലെ പുഴങ്കര തോട് 7ാം വാർഡിലെ കുരിയാടി തോട് 9ാം വാർഡിലെ ആനൊ ഴുക്ക് പാലം തോട് പാലക്കൽ തോട് 10ാം വാർഡിലെ ഊളാൻ തോട് കുരിയാടി തോട് പറക്കൊടി തോട് 11ാം വാർഡിൽ നിന്ന് തുടങ്ങി 3ാം വാർഡിൽ അവസാ നിക്കുന്ന ചെന്തോട് 11,12, വാർഡുകളുടെ അതിർത്തി യിലൂടെ വെങ്കുളത്ത് - കായൽ തോട് 12ാം വാർഡി ലൂടെ ഒഴുകുന്ന കക്കിടി കായൽ തോട് മുതലായ വയാണ് ഈ പഞ്ചായത്തിലെ പ്രധാന തോടുകൾ, ഇവയിൽ പലതും പുനരുദ്ധരിക്കേണ്ടതുണ്ട്.

**കുളങ്ങൾ**

ഏലത്തിയൂരിലെ കുന്നംകുളം മലയമ്പാടി കുളം, എരിഞ്ഞിക്കത്ത് കുളം , പുഴിക്കുന്നിലെ കൊള പ്പാള കുളം, പെരുന്തല്ലൂരിലെ പുന്നക്കാം കുളങ്ങര കുളം തീർത്ഥ കുളം, ചമ്രവട്ടത്തെ കണ്ണേം കുളം

300

കൈമലശ്ശേരിയിലെ കയ്പനാൽ കുളം, പുവാംകുളം പരപ്പേരിയിലെ വാൽകുളം ആനപ്പാടിയിലെ പുത്തനി കുളം ആലുങ്ങലിലെ ഇച്ചിനി കുളം എന്നീ കുളങ്ങൾ ജലസേചനത്തിനായി ഉപയോഗിച്ചിരുന്നു.

**പൊതു കുളങ്ങൾ**

| ക്രമ നമ്പ്ര് | വാർഡ് | കുളത്തിൻെറ പേര് | സ്ഥലം |
|---|---|---|---|
| 1 | 1 | മലയമ്പാടി കുളം | ആലത്തിയൂർ |
| 2 | 4 | വാൽ കുളം | |
| 3 | 4 | പുത്തനി കുളം | തൃപ്രങ്ങോട് |
| 4 | 6 | കൈപനാൽ കുളം | കൈമലശ്ശേരി |

(അവലംബം പഠന പര്യടനം)

**പ്രശ്നങ്ങൾ**

തൃപ്രങ്ങോട് പഞ്ചായത്തിലെ 6ാം വാർഡിലൂടെ കടന്ന് പോവുന്ന ആർ.ബി, കനാലിൽ നിന്ന് ഒരു കൈതോട് തെക്ക് ഭാഗത്ത് നിന്ന് ഒന്നാം വാർഡിലെ പെറേറാടി ഭാഗത്ത് ഒഴുകി എത്തുന്നുണ്ട്. ഈ കൈതോട് വെള്ളോട്ട് പാടം തോടുമായി ബന്ധപ്പെടുന്നുണ്ട്. ഇവിടെ നീരൊഴുക്ക് തടസ്സപ്പെടുന്ന അവസ്ഥയുണ്ട്.

2)വെള്ളോട്ട് പാടം തോടിൽ പൊറേറാടിഭാഗത്തുള്ള ചീർപ് ജീർണ്ണിച്ച് കിടക്കുന്നു.

3) വെള്ളോട്ട്പാടം തോടിൻെറ കുട്ടമ്മാക്കൽ ആശാരി പാലം പ്രദേശത്ത് പുളി വെള്ളം കയറി കൃഷി നാശം സംഭവിക്കുന്നു.

4)കൃഷിഭവൻ മുഖേനയുള്ള വിത്ത്, വളം, കീടനാശിനി, മറ്റ് ആനുകൂല്യങ്ങൾ, അർഹരായ മുഴുവൻ കർഷകർക്കും ലഭിക്കുന്നില്ല.

5)കണർ നിർമ്മിക്കാൻ കൃഷിഭവൻ മുഖേന നൽകുന്ന സഹായധനം പര്യാപ്തമല്ല.

6)കാർഷികോൽപന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല.

7)പാടം നികത്തുന്നത് നെല്ല് ഉൽപാദനത്തെ ഗണ്യമായി കുറക്കുന്നു.

8)മണ്ണ് പരിശോധന കൃത്യമായി നടക്കാത്തത് മൂലം കാർഷിക വിളകളുടെ ഉത്പാദന തോത് കുറയുന്നു.

9) പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷി നാശം കർഷകർക്ക് വൻ തോതിലുള്ള സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു.

10) 33ാം വാർഡിലെ നാളിശ്ശേരി നെൽവയലുകളിൽ ജലസേചന സൗകര്യം ഇല്ല.

11) പച്ചക്കറി ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

12) കമുങ്ങ് കൃഷിക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

13) ചെറിയ പറപ്പൂർ കായൽ പ്രദേശത്ത് പുഞ്ചകൃഷി മാത്രമേ നടത്തുന്നുള്ളൂ.

14) ചെറിയ പറപ്പൂർ നെല്ലിപ്പാലം, പറക്കൊടി പാടശേഖരങ്ങളിൽ ജലസേചന സൗകര്യം കുറവാണ്.

15) പഞ്ചായത്തിലെ പാടശേഖരങ്ങളിലേക്ക് കാർഷിക യന്ത്രങ്ങൾ വിത്ത്, വളം തുടങ്ങിയവ കൊണ്ട് പോവുന്നതിനും കാർഷികോൽപന്നങ്ങൾ തിരിച്ചു കൊണ്ടു വരുന്നതിനും പൊതുവഴി ഇല്ലാത്തത് കൊണ്ട് യഥാസമയം കൃഷി ഇറക്കാൻ തടസ്സമായി നിൽക്കുന്നു.

16) മരച്ചീനി, പച്ചക്കറി, പയർ വർഗങ്ങൾ ഇവയുടെ കൃഷി കുറഞ്ഞ് വരുന്നു.

17) നാളികേര ഉൽപാദനം കുറഞ്ഞു വരുന്നു.

18) ജലസേചന ആവശ്യത്തിന് ആവശ്യമായ തോതിൽ വൈദ്യുതി ലഭിക്കുന്നില്ല.

19)5-ാം വാർഡിലെ പുഞ്ചപ്പാടത്ത് ജലസേചന സൗകര്യം ഇല്ല.

20) 5ാം വാർഡിലെ കനോലി നിലത്തിൽ വെള്ളം കെട്ടി നിൽക്കുന്നു.

21)ചെകുത്താൻ കുണ്ട് ലിഫ്റ്റ് ഇറിഗേഷനിലെ എൽ.ബി, ആർ.ബി, കനാലുകളിലെ സ്പൗട്ടുകൾ തുറന്ന് കിടക്കുന്നത് കൊണ്ടും അതിലെ കൈതോടുകൾ നികത്തപ്പെട്ടത് കൊണ്ടും കർഷകർക്ക് ആവശ്യമുള്ള സ്ഥലത്തേക്ക് വെള്ളം കിട്ടാതിരിക്കയും അനാവശ്യമായ സ്ഥലങ്ങളിലേക്ക് വെള്ളം ഒഴുകി പോവുകയും ചെയ്യുന്നു.

22) കർഷകർക്ക് ആവശ്യമായ മേത്തരം വിത്തുകൾ യഥാസമയം ലഭിക്കുന്നില്ല.

23) ചെറുകിട കർഷകരിൽ ബഹുഭൂരിഭാഗവും ഒരു പുകിൽ മാത്രം കൃഷി നടത്തുന്നവരാണ്. ആണ്ടിൽ അധിക സമയവും പൊതു മാർക്കററിൽ നിന്ന് അരി വാങ്ങേണ്ട ഗതിക്കേടാണുള്ളത്.

24) 6ാം വാർഡിലെ കയ്യായി റോഡിന് ഇരുവശവും വെള്ളം കെട്ടി നിൽക്കുന്നത് മൂലം വൻ കൃഷി നാശം സംഭവിക്കുന്നു.

25)7-ാം വാർഡിലെ കുണ്ടാലി പാടശേഖരത്തിൽ വെള്ളം കെട്ടി നിന്ന് കൃഷി നാശം സംഭവിക്കുന്നു.

26) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ നിന്ന് വെള്ളം ലഭിക്കുന്നവരും ലഭിക്കാത്തവരുമായ കർഷകർ ജലനികുതി കൊടുക്കേണ്ടി വരുന്നു.

27)6,7, വാർഡുകളിൽ വ്യാപിച്ചു കിടക്കുന്ന കൊടുന്തിരി പാടശേഖരം വെള്ളം കെട്ടി നിന്ന് കൃഷിനാശം സംഭവിക്കുന്നു.

28) ചെകുത്താൻ കുണ്ടിലെ ജലസംഭരണി മണൽ വന്ന് നികന്നത് മൂലം വേനൽകാലത്ത് പമ്പ് ചെയ്യാൻ വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല.

29)8-ാം വാർഡിൽ ഹെൽത്ത് സെൻററിനം അടുത്തുള്ള തിരൂർ ചമ്രവട്ടം റോഡിലെ കൾവർട്ട് വളരെ ഇടുങ്ങിയതായതിനാൽ ഈ പാടശേഖരത്തിലെ വെള്ളം ഒഴിഞ്ഞു പോവാത്തത് മൂലം കൃഷിനാശം സംഭവിക്കുന്നു.

30) ചെകുത്താൻ കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ അററകുററ പണികൾ യഥാസമയം ചെയ്യാത്തത് മൂലം പമ്പ് ചെയ്യുന്ന വെള്ളം പാടശേഖരങ്ങളിൽ എത്തുന്നില്ല.

31) ചെകുത്താൻ കുണ്ടിലെ പമ്പുകളുടെ അററകുററപ്പണി യഥാസമയം നടക്കാത്തത് മൂലം പമ്പിങ്ങിന് തടസ്സം നേരിടുന്നു.

32) പൂർവികമായി വെള്ളം ഒഴിഞ്ഞു പോയിരുന്നു ചമ്രവട്ടം കാവിലക്കാട് റോഡിലെ രണ്ടാമത്തെ ഓവ് പാലം അടഞ്ഞു കിടക്കുന്നത് മൂലം വെള്ളം കെട്ടി നിന്ന് കൃഷിനാശം സംഭവിക്കുന്നു.

33)തിരൂർ ചമ്രവട്ടം റോഡിലുള്ള ആനൊഴുക്ക് പാലത്തിൻെറ മുഖം നികത്തിയതിനാൽ കിഴക്കു ഭാഗത്തെ പാടശേഖരങ്ങളിൽ നിന്ന് വെള്ളം ഒഴിഞ്ഞു പോവുന്നില്ല.

34) 10-ാം വാർഡിലെ കീഴായി ചളം കണ്ടം ഭാഗത്ത് മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നതിനാൽ കൃഷിനാശം സംഭവിക്കുന്നു.

35) ചെറിയ പറപ്പൂർ കായലിൻെറ മേൽ ഭാഗത്തും മുണ്ടകൻ പാടം ചെമ്പോളി നിലങ്ങളിലും മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് വിളനാശം സംഭവിക്കുന്നു.

36) വെങ്കുളത്ത് കായൽ പാടശേഖരത്തിൽ 2ാം വിളക്കും 3ാം വിളക്കും വെള്ളം ലഭിക്കുന്നില്ല.

37) കൈനിക്കര പ്രദേശത്തെ ചെന്തോട്ട് എരുമപ്പെട്ടി നിലം ജലസേചന സൗകര്യം ഇല്ലാത്ത കാരണം ഒറ്റപുകിൽ മാത്രമേ കൃഷി നടക്കുന്നുള്ളൂ.

**സാധ്യതകൾ/നിർദ്ദേശങ്ങൾ**

1) ഒന്നാം വാർഡിലെ പൊറോടി ഭാഗത്തുള്ള കൈതോട് വെള്ളേളാട്ട് പാടം തോടുമായി ചേരുന്നിടത്ത് നീരൊഴുക്ക് തടസ്സമുണ്ടാവുന്നത് ഒഴിവാക്കാൻ കൈതോടിൻെറ ഇരുവശവും കെട്ടി ഏകദേശം 2.കി.മീ നിളത്തിൽ ഒരു ചെറിയ കനാൽ നിർമ്മിച്ച് വെള്ളേളാട്ട് പാടം മങ്കുത്തിപാടം തുടങ്ങി 40 ഹെക്ടർ സ്ഥലത്ത് 3 പുകിൽ കൃഷി നടത്തുന്നതിനുള്ള ജലം സംഭരിക്കാം.

2) വെള്ളേളാട്ട് പാടം തോടിൻെറ പൊറോടി ഭാഗത്തുള്ള ചീർപ് പുതുക്കി പണിയണം.

3)വെള്ളേളാട്ട് പാടം തോടിന് ആശാരിപാലത്തിനടുത്ത് ബണ്ട് കെട്ടി ഉപ്പ് വെള്ളം കയറുന്നത് തടയണം.

4)ഒന്നാം വാർഡിലെ കുന്നം കുളം 2ാം വാർഡിലെ എരിഞ്ഞിക്കത്ത് കുളം കൊളപ്പാള കുളം എന്നിവ പഞ്ചായത്ത് ഏറെറടുത്ത് സൈഡ് കെട്ടി ആഴം കൂട്ടി ജലസേചന യോഗ്യമാക്കണം.

5) മലയമ്പാടി കുളത്തിൽ നിന്ന് പടിഞ്ഞാറ് കൈപാടത്തേക്ക് ഒരു കി.മീററർ നീളത്തിൽ 2 അടി വീതിയിലുള്ള ചെറിയ കനാൽ നിർമ്മിച്ച് കൈപാടത്ത് വെള്ളം എത്തിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

6) തെങ്ങിൻ തോപ്പുകളിലും പാടശേഖരങ്ങളിലും ഇടവിളയായി കിഴങ്ങ് വർഗങ്ങളും പച്ചക്കറികളും കൃഷി ചെയ്യുന്നതിന് കൃഷി ഭവൻ മുഖേന സൗജന്യ നിരക്കിൽ വിത്ത് ,വളം, കീടനാശിനി എന്നിവ ലഭിക്കുന്നതിന് ആലത്തിയൂരിലും ചമ്രവട്ടത്തും ഓരോ വിതരണ കേന്ദ്രം ആരംഭിക്കണം.

7) രണ്ടാം വാർഡിലെ കടപ്പള്ളി തോടിന് ചിറക്കലക്കാട് നിലത്തിന് സമീപം വരെ ഇരുവശവും ഭിത്തി ഉയർത്തി കെട്ടി ചീർപ് നിർമ്മിച്ച് തോടിൻെറ ഇരുഭാഗത്തുമുള്ള വയലുകളിൽ രണ്ടാം വിളക്ക് ആവശ്യമായ വെള്ളം സംഭരിക്കാം.

8)ജലസേചന ആവശ്യാർത്ഥം കിണർ

302

നിർമ്മി ക്കുവാൻ വായ്പ അനുവദിക്കുമ്പോൾ യഥാർത്ഥ ചിലവ് കണക്കിലെടുത്ത് 50% സബ്സിഡിയോടെ വായ്പ അനുവദിക്കുക.

9) കാർഷികോൽപന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് സഹകരണ മേഖലയിൽ ഒരു സംഭരണ കേന്ദ്രം ആരംഭിക്കുക.

10) നെൽപാടങ്ങൾ നികത്തുന്നത് നിബ ന്ധനകൾക്ക് വിധേയമാക്കിയാൽ ഒരു പരിധി വരെ കൃഷിയെ പരിപോഷിപ്പിക്കാനും കൂട്ട് കൃഷി സമ്പ്രായം നടപ്പാക്കാനും സാധിക്കും.

11) മണ്ണ് പരിശോധന വ്യാപകമാക്കി മണ്ണി ന്റെ തരത്തിന് യോജിച്ച വിത്ത് വളം എന്നിവ നൽകി കർഷകരെ സഹായിക്കാൻ വേണ്ട സംവി ധാനം ഏർപ്പെടുത്തുക.

12) 3-ാം വാർഡിലെ നാളിശ്ശേരി ഭാഗത്തെ ഒരു പുകിൽ നിലങ്ങൾ 3 പുകിൽ നിലങ്ങളാക്കി മാററാൻ കഴിയും വിധം തിരുനാവായ ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് ഒരു സബ് കനാൽ നിർ മ്മിക്കുക.

13) നമ്മുടെ പഞ്ചായത്തിന് പച്ചക്കറിയിൽ സ്വയം പര്യാപ്തമാക്കാൻ സ്കൂളുകൾ വഴിയും റേഷൻ കടകൾ വഴിയും പച്ചക്കറി വിത്തുകൾ വിത രണം ചെയ്ത് ഒരോ വീട്ടിലും ഓരോ അടുക്കളതോട്ടം ഉണ്ടാക്കാം.

14) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് കൃഷിഭവൻ മുഖേന അർഹ മായ നഷ്ട പരിഹാരം യഥാസമയം ലഭ്യമാക്കുകയും സൗജന്യ വിള ഇൻഷൂറൻസ് നടപ്പാക്കുകയും ചെയ്യുക.

15) കമുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കു ന്നതിന് നല്ലയിനം കമുങ്ങിൻ തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക. ഇത് വെററില കൃഷി കുരുമുളക് കൃഷി എന്നിവ ലാഭകരമാകാൻ കൂടി സഹായകമാവും.

16) ചമ്രവട്ടം റഗുലേററർ കം ബ്രിഡ്ജ് നിർ മ്മാണം അടിയന്തിരമായി ആരംഭിക്കണം. പദ്ധതി യുടെ പൂർത്തികരണത്തോടെ ഗതാഗത ജലസേചന സൗകര്യം വിപുലപ്പെടുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുകയും ചെയ്യാം.

17) കമ്മുക്ക് ഇറിഗേഷൻ പദ്ധതിയിൽ നിന്ന് കുരിയാടിപാടം ചെറിയ പറപ്പൂർ കായലിന്റെ മേൽകരഇല്ലിക്കൽ തോട് വഴി വെള്ളോട്ട് പാടം പാടശേഖരം വരെ ഒരു കനാൽ നിർമ്മിച്ചാൽ മുണ്ടകൻ പാടം ചെറിയ പറപ്പൂർ കായലിന്റെ മേൽകര വെള്ളോട്ട് പാടം എന്നീ പാടശേഖരങ്ങൾ ഒരു പുകിൽ കൃഷിക്ക് പകരം 3 പുകിൽ കൃഷി നടത്താൻ കഴിയും. ഇതിന് പുറമെ ചെറിയ പറപ്പൂർ കായലിൽ ഒന്നും, രണ്ടും വിളകൾ കൃഷി ചെയ്യാൻ കഴിയും വിധം കായ ലിൽ കെട്ടി നിൽക്കുന്ന വെള്ളം മേപ്പടി കനാൽ വഴി വെള്ളോട്ട് പാടത്ത് എത്തിക്കുകയാണെങ്കിൽ വെള്ളോ ട്ട് പാടത്തെ രണ്ടാം വിളക്ക് സഹായകരമാവും.

18) ചെകുത്താൻ കുണ്ട് ആർ.ബി.കനാലിൽ നിന്ന് കുരുടി നിലത്തിൽ കൂടി സുമാർ 100 മീ തോടു നിർമ്മിച്ച് ഇല്ലിക്കൽ തോടിനോട് ബന്ധിപ്പിച്ചാൽ മേപ്പാടം, വെള്ളോട്ടുപാടം, ചാലിയപ്പാടം ഇവ ഉൾക്കൊള്ളുന്ന 120 ഹെക്ടർ സ്ഥലം പുഞ്ചകൃഷി നടത്താൻ കഴിയും.

19) 17,18 നിർദ്ദേശങ്ങൾ കർഷകർക്ക് ഉപകാ രപ്രദമാകും വിധം നടപ്പാക്കണമെങ്കിൽ കമ്മുക്ക്, ചെക്കുത്താൻ കുണ്ട് പദ്ധതികളുടെ പൂർണ നിയന്ത്രണം ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുക.

20) വാൽക്കുളം, പുത്തനിക്കുളം, കൈപ്പ നാൽകുളം, മലയംപാടി കുളം, ഇവ ആഴം കൂട്ടി ജലസേചന സൗകര്യം ഏർപ്പെടുത്തണം.

21) കൽപ്പുഴ ഇല്ലത്താഴത്ത് പുഞ്ചകൃഷി ക്കുവേണ്ടി ഒരു പൊതുകിണർ നിർമ്മിക്കുക.

22) ചെറിയ പറപ്പൂർ - നെല്ലിപ്പലം പറക്കോടി പാടശേഖരങ്ങളിലേക്ക് കമ്മുക്ക് പദ്ധതിയിലെ വെള്ളം പ്രയോജനപ്പെടുമാറം ആവശ്യമായ സ്ഥലം അക്വയർ ചെയ്ത് കനാൽ നിർമ്മിക്കുക.

23). പഞ്ചായത്തിലെ എല്ലാ പാടശേഖ രങ്ങളിലും കാർഷിക യന്ത്രങ്ങൾ കൊണ്ടു പോകുന്ന തിന് പൊതു പാതകൾ നിർമ്മിക്കുക.

24) പ്രായം ചെന്നതും രോഗബാധയു ള്ളതുമായ തെങ്ങുകളും കവുങ്ങുകളും വെട്ടിമാറ്റി മേൽത്തരം തൈകൾ വച്ചുപിടിപ്പിക്കാൻ സാമ്പത്തിക സഹായം കൃഷിഭവൻ മുഖേന നൽകണം. ഇത നാളികേരം, അടയ്ക്ക എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായകരമാകും.

25) നെൽകൃഷിയുടെ പ്രോൽസാഹനാർത്ഥ ജൈവ-രാസവളങ്ങളും പമ്പുസെററുകസും 50 ശത മാനം സബ്സിഡിയോടുകൂടി കൃഷിഭവൻ മുഖേന

കർഷകർക്ക് വിതരണം ചെയ്യണം. കൃഷിഭവൻ മുഖേന നടക്കുന്ന എല്ലാ കാര്യങ്ങളും പഞ്ചായത്തു പ്രദേശത്തെ എല്ലാ കർഷകരും അറിഞ്ഞുവെന്ന് ഉറപ്പു വരുത്താൻ എല്ലാ കവലകളിലും കാർഷിക വാർത്താ ബോർഡുകൾ സ്ഥാപിക്കുക.

26) വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുക.

27) വൈദ്യുതി സൗകര്യമില്ലാത്ത കർഷകർക്ക് ജലസേചന സൗകര്യത്തിനായി ഹെക്ടറിന് മാസം വീതം 50 ലിറ്റർ മണ്ണെണ്ണ പെർമിറ്റ് വഴി വിതരണം ചെയ്യണം.

28) തൃപ്രങ്ങോട് പഞ്ചായത്ത് പ്രദേശം മുഴുവനും നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തുക.

29) ചെകുത്താൻ കുണ്ട് ലിഫ്റ്റ് ഇറിഗേഷന്റെ ആർ.ബി.കനാലിൽ നിന്നും പൂവാംകുളത്തിനു സമീപത്തു കൂടി പുഴങ്കര തോടിന്റെ ഇരുവശവും കെട്ടി വെള്ളം കൊണ്ടു പോയി 6ാം വാർഡിലെ പൊന്മുണ്ട വയലിലും 5-ാം വാർഡിലെ പുഞ്ചപ്പാടത്തും ജലസേചന സൗകര്യം ഏർപ്പെടുത്താം മാത്രമല്ല പുഴങ്കരതോടിന് ചീർപ്പുകെട്ടി മുണ്ടകൻ കൃഷിക്കു വേണ്ട വെള്ളം ശേഖരിക്കാം.

30) കൈപ്പനാൽ റോഡ് ഉയർത്തിയതു മൂലം കാനോലിൽ നിലത്തിൽ കെട്ടിനിൽക്കുന്ന വെള്ളം ഒഴിവാക്കാൻ റോഡിന്റെ വശങ്ങളിലുണ്ടായിരുന്ന ഓടകൾ തുറന്നുകൊടുക്കണം.

31) ചെകുത്താൻ കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും സ്പൗട്ടുകൾക്ക് ഷട്ടറുകൾ നിർമ്മിക്കുകയും, സ്പൗട്ടുകളിൽ നിന്നുള്ള കൈത്തോടുകൾ മണ്ണു നീക്കി തുറന്നു കൊടുക്കുകയും, കനാൽ ദുരുപയോഗം ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് നിയമിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നു എന്നു ഉറപ്പ് വരുതാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്താൽ കൃഷിക്കാർക്ക് ആവശ്യമുള്ള വെള്ളം ലഭിക്കുകയും വെള്ളം നഷ്ടപ്പെടുന്നത് ഒഴിവാക്കുകയും ചെയ്യാം.

32) കുട്ടമ്മാക്കൽ തോടിന് കുരിയാടി ഭാഗത്ത് ചീർപ്പു നിർമ്മിച്ച്, കുരിയാടി നിലം, പെരുവഉപ്പ് നിലം എന്നീ കൃഷി സ്ഥലങ്ങളിൽ മുണ്ടകൻ കൃഷി നടത്താം.

33) പഞ്ചായത്തിലെ പ്രധാന പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പാക്കുക.

34) പാടശേഖരസമിതികൾക്ക് ട്രാക്ടർ, മെതിയന്ത്രം, സ്പ്രെയറുകൾ, നടീൽയന്ത്രം, കൊയ്ത്തു യന്ത്രം എന്നിവ സൗജന്യമായി വിതരണം ചെയ്യുകയും, അവ ദുരുപയോഗം ചെയ്യുന്നില്ലെന്നു ഉറപ്പു വരുത്തു കയും ചെയ്യുക.

35) കർഷകതൊഴിലാളികൾക്ക് പണിയില്ലാത്ത കാലങ്ങളിൽ പഞ്ചായത്തിൽ നിന്ന് പ്രത്യേക സാമ്പത്തിക സഹായം എത്തിക്കുക. ഇങ്ങനെ സാമ്പത്തിക സഹായം നൽകുന്നത് മറ്റു പ്രവർത്തികളിൽ ഏർപ്പെടുന്നില്ലെന്നു ഉറപ്പു വരുത്തിയതിനു ശേഷമേ ആകാവൂ.

36) ഒരു ഏക്കറിൽ താഴെയുള്ള കർഷക കുടുംബത്തിന് പൂർണ്ണ റേഷൻ അനുവദിക്കുക.

37) കൂട്ടായി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി ഉടൻ പൂർത്തിയാക്കുക.

38) കൊടുംതിരി പാടത്തു നിന്നും അച്ചൂരിക്കുളം വഴി പടിഞ്ഞാറ് മുണ്ടകപ്പാടം വരെ (ഏകദേശം 2 കി.മീ) തോടു നിർമ്മിച്ച് നീരൊഴുക്ക് ഉറപ്പു വരുത്തുക.

39) ചെമ്പോളി പാടത്തു നിന്നും തുടങ്ങി പന്താരപടി നിലത്ത് അവസാനിക്കുന്ന കുരിയാടി തോട് (ഏകദേശം 11/2 കി.മീ) പാർശ്വങ്ങൾ കെട്ടി സംരക്ഷിക്കുന്ന പക്ഷം കുണ്ടാലി പാടശേഖരത്തിലെ വെള്ളം ഒഴുക്കിക്കളയാം.

40) ചെകുത്താൻ കുണ്ട്, കമ്മുക്ക് ലിഫ്റ്റ് ഇറിഗേഷനിലൂടെയും ആയക്കെട്ട് ഏരിയയിലുള്ള കർഷകരെ ജലനികുതിയിൽ നിന്ന് ഒഴിവാക്കുക.

41) പെരുന്തല്ലൂരിലെ പാടശേഖരങ്ങളിലേക്ക് പോകാൻ പുരാതനകാലം മുതൽ ഉപയോഗിച്ച് വന്നിരുന്ന എല്ലാ നടവരമ്പുകളും പഞ്ചായത്ത് ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കണം.

42) അടുക്കളത്തോട്ടം, നഴ്സറി ഗാർഡൻ, ഔഷധച്ചെടികൾ എന്നിവയുണ്ടാക്കുന്നതിനും സംരക്ഷിക്കുന്നതിനും വനിതകൾക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

43) പഞ്ചായത്തിലെ കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് താൽപ്പര്യമുള്ള കർഷകർക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

44) ചെകുത്താൻ കുണ്ടിൽ പമ്പിങ്ങിന് ആവശ്യാനുസരണം വെള്ളം ലഭ്യമാക്കുന്നതിന്

ശാസ്ത്രീയമായ രീതിയിൽ ഒരു ജലസംഭരണി നിർമ്മിക്കുകയും, താൽക്കാലികമായി ഒരു തടയണ നിർമ്മിക്കുകയും ചെയ്യുക.

45) ചെകുത്താൻ കുണ്ട് പമ്പ് ഹൗസിൽ ഒരു ഇലക്ട്രീഷനെ നിയമിക്കുകയും പമ്പ് ഹൗസ് ഓപ്പ റേറ്ററെ നിയമിക്കുമ്പോൾ വിദഗ്ദ്ധ പരിശീലനം കിട്ടിയവരെ നിയമിക്കുകയും ചെയ്യുക.

46) ഭാരതപ്പുഴയുടെ കിഴക്കു ഭാഗം ചെറിയ പറപ്പൂർ ശ്മശാനം മുതൽ പഞ്ചായത്ത് അതൃത്തി ചമ്രവട്ടം വരെ ഭിത്തി കെട്ടി സംരക്ഷിക്കുക.

47) ചമ്രവട്ടം പാടശേഖരങ്ങളിലെ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാൻ തിരൂർ ചമ്രവട്ടം റോഡിൽ ഹെൽത്ത് സെൻറർ ഭാഗത്തുള്ള കൾവർട്ട് വീതി കൂടുകയും മുണ്ടകൻ പാടം മുതൽ ആനൊഴുക്ക് പാലത്തിനടിയിലൂടെ ചെട്ടിയാംകുളം എന്ന സ്ഥലംവരെയുള്ള തോട് വീതി കൂട്ടി ഭിത്തി കെട്ടി ഷട്ടർ ഇട്ട് ജലനിയന്ത്രണം നടത്തുക.

48) കൊഴമ്പാടം മുതൽ പാണൻപടിക്കൽ കൂടി പോവുന്ന തോട് പാലക്കൽ തോടിൽ എത്തിക്കുക.

49) ചമ്രവട്ടം കാവിലക്കാട് റോഡിൻെറ രണ്ടാമത്തെ പാലം പൂർവ്വികമായി വെള്ളം ഒഴിഞ്ഞു പോവാനുള്ളതായിരുന്നു. ഇപ്പോൾ തടസ്സപ്പെട്ടു കിടക്കുന്ന ഈ ഓവ് പാലം പുനർ നിർമ്മിച്ചാൽ 20 ഹെക്ടർ സ്ഥലത്തെ നെൽകൃഷി കേട് കൂടാതെ സംരക്ഷിക്കാൻ കഴിയും.

50) ചമ്രവട്ടം ചെട്ടിയാം കുളത്തിലേക്കുള്ള ഓവ് വലുതാക്കി വെള്ളം ഒഴിഞ്ഞു പോകത്തക്ക വിധത്തിലാക്കുക.

51) ചെകുത്താൻ കുണ്ട് ആർ.ബി കനാലിൽ നിന്ന് 10ാം വാർഡിലെ കീഴായി ചളം കണ്ടം ഭാഗത്തേക്ക് വരുന്ന മൈനർ കനാൽ സ്ളാബ് പതിച്ച് നന്നാക്കുകയും, മുണ്ടകൻ പാടം വരെ നീട്ടുകയും ചെയ്താൽ ഈ പ്രദേശത്ത് മൂന്ന് വിള കൃഷി ഇറക്കാനും വിള വർദ്ധിപ്പിക്കാനും കഴിയും.

52) കോഴി, താറാവ്, ആട്, പശു എന്നിവ വളർത്തുന്നതിന് മുൻഗണന നൽകി സാമ്പത്തിക സഹായം നൽകുക.

53) കമ്മുക്ക് പദ്ധതിയുടെ വടക്കു ഭാഗത്തേക്ക് പോവുന്ന കനാൽ കമ്മുക്ക് റോഡിൽ മുട്ടി നിൽക്കുന്നു. ഇത് ഊളാൻതോട് വരെ നീട്ടിയാൽ 50 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് വെള്ളം എത്തിക്കാം. ജുമാ മസ്ജിദ് വരെ എത്തി നിൽക്കുന്ന തെക്കോട്ടുള്ള തോട് റോഡിൻെറ പടിഞ്ഞാറു ഭാഗക്കേ് നീട്ടണം. തെക്കോട്ടുള്ള കനാലിൻെറ മധ്യഭാഗത്ത് നിന്ന് കുരിയാടി നിലത്തിൽ കൂടി ചെറിയ പറപ്പൂർ കായലിൻെറ മേൽ ഭാഗത്തേക്കും മുണ്ടകൻ പാടത്തേക്കും കനാൽ നിർമ്മിക്കുക.

54) മഴക്കാലത്ത് കീഴായി ചളംകണ്ടം ഭാഗത്ത് വെള്ളം കെട്ടി നിന്ന് കൃഷിനാശം സംഭവിക്കുന്നത് തടയാൻ പെരുന്തല്ലൂർ ബീരാഞ്ചിറ റോഡിൻെറ വടക്കു ഭാഗത്ത് കൂടി ഒരു ഡ്രെനേജ് കെട്ടി നദീനഗർ കടവിൽ വെള്ളം എത്തിച്ച് കൃഷി നാശം ഒഴിവാക്കുക.

55) ചെറിയ പറപ്പൂർ കായലിൻെറ മേൽ ഭാഗത്തും ചെമ്പോളി നിലത്തും മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് വിളനാശം സംഭവിക്കുന്നത് തടയാൻ ചെറിയ പറപ്പൂർ കായലിൻെറ ചിയിൽ നിന്ന് 3 മീററർ വീതിയിൽ കുരുന്ധം മുഖം ഇല്ലിക്കൽ തോട് വഴി തോടുണ്ടാക്കി ഇരുഭാഗവും ഭിത്തി ട്ടെി വെള്ളം ഒഴുക്കി വിടുക. കൂടാതെ ഇപ്പോൾ ഒരു പുകിൽ മാത്രം കൃഷി നടത്തുന്ന കായലിൻെറ മേൽഭാഗം രണ്ട് പുകിൽ കൃഷി നടത്താൻ കഴിയും.

56) കോലൂപാലം ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് വെങ്കുളത്ത് കായലിൽ അവസാനിക്കുന്ന കനാൽ തുറന്ന് ജലസേചന യോഗ്യമാക്കുക.

57) പൊയിലിശ്ശേരി, കൈനിക്കര തോട് വെങ്കുളത്ത് കായലിൽ നിന്ന് തുടങ്ങുന്ന തോട്ടിലൂടെ ഒഴുകി പാഴായി പോവുന്ന ജലം ബണ്ടു കെട്ടി തടഞ്ഞു നിർത്തുക.

58) ജലസേചനത്തിന് ഉപയോഗിക്കാൻ പററും വിധം 12-ാം വാർഡിൽ ഒരു പൊതു കുളവും കിണറും നിർമ്മിക്കുക.

59) ചെകുത്താൻ കുണ്ട് പമ്പ് ഹൗസിൻെറ ശോചനീയാവസ്ഥ പരിഹരിക്കാൻ 2 വിഭാഗമായി പ്രവർത്തിക്കുന്ന പമ്പ് സെക്ഷനും, ഇലക്ട്രിക്കൽ സെക്ഷനും ഒററ വിഭാഗമാക്കി ഏകീകരിച്ച് ചെകുത്താൻ കുണ്ട് കേന്ദ്രമാക്കി ഒരു ഓഫീസ് പ്രവർത്തനം ആരംഭിച്ചാൽ പാവപ്പെട്ട കർഷകർക്ക് മലപ്പുറത്തും തിരൂരിലും പോയി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കണ്ട് കാര്യം ധരിപ്പിക്കേണ്ടതില്ല. ഇതിൻെറ ഓഫീസ് പ്രവർത്തനത്തിനായി പെരുന്തല്ലൂരിൽ ഇറിഗേഷൻെറ ആവശ്യത്തിനായി നിർമ്മിച്ച ഒഴിഞ്ഞു കിടക്കുന്ന

കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താം.

60) യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിന് അഭ്യസ്തവിദ്യരും അല്ലാത്തവരുായ യുവാക്കൾക്ക് കൃഷിഭവൻ മുഖേന ഹ്രസ്വ കാല കാർഷിക പരിശീലന ക്ലാസുകൾ നടത്തുക. ഇവരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിന് പരിശീലന കാലത്ത് അലവൻസുകൾ നൽകുക.

61) വെള്ളം കെട്ടി നിൽക്കാത്ത നീർവാർച്ചയുള്ള സൂര്യപ്രകാശം നല്ലവണ്ണം പതിക്കുന്ന ഭൂപ്രദേശങ്ങളാണ് പുഷ്പഫല കൃഷിക്ക് യോജിച്ചത് ഈ കൃഷിയിൽ താൽപര്യമുള്ള യുവാക്കളെയും മററ് കർഷകരേയും സംഘടിപ്പിച്ച് പഞ്ചായത്ത് തലത്തിൽ പുഷ്പഫല വികസന സൊസൈററി രൂപീകരിച്ച് കർഷകർക്ക് ശാസത്രീയമായി ഈ കൃഷിയിൽ പരിശീലനം നൽകുകയും കൃഷി ചെയ്ത് ഉണ്ടാക്കുന്ന പൂക്കൾ മാർക്കററുകളിൽ സൊസൈററി മുഖേന വിൽപന നടത്താനുള്ള സൗകര്യങ്ങൾ ഏർപ്പെടു ത്തേണ്ടതുമാണ്. പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കുന്ന സൊസൈററിയെ ജില്ലാ തലത്തിലുള്ള ഓർക്കിഡ് ക്ലബ്ബു ഫ്ളോറി കൾച്ചർ സൊസൈററി ഇവയുമായി ബന്ധപ്പെട്ട് കർഷകർക്ക് ആവശ്യമുള്ള നടീൽ വസ്തുക്കളും പരിശീലനവും വിപണന തന്ത്രങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതാണ്. ആന്തൂറിയം പോലുള്ള പൂചെടികളിൽ നിന്ന് ഉൽപാദന ക്ഷമത കൂട്ടുന്നതിന് നിലവിലുള്ള ഗ്രീൻ ഹൗസ് സ്ഥാപിക്കാനുള്ള പദ്ധതി പഞ്ചായത്തിലെ കൃഷിക്ക് യോജിച്ച എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിച്ച് കേന്ദ്ര സാമ്പത്തിക സഹായവും സബ്സിഡിയും അനുവദിക്കാവുന്നതാണ്. കോഴിക്കോട് പ്രവർത്തിക്കുന്ന സ്ററഡ് പ്രൊജക്റ്റിൻെറ സഹായത്തോട് കൂടി ഈ കൃഷിയിൽ താൽപര്യമുള്ളവർക്ക് വേണ്ട പരിശീല നങ്ങൾ നൽകാവുന്നതാണ്. കുററിമുല്ല കൃഷിക്ക് ദേശസാൽകൃത ബാങ്കിൽ നിന്ന് നബാർടിൻെറ സഹായത്തോട് കൂടി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഈ കൃഷികൾക്ക് പ്രോത്സാഹനമായി സൗജന്യ വിള ഇൻഷൂറൻസ് ഏർപെടു ത്തിയാൽ കൂടുതൽ കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കപ്പെടും ഇതേ രീതിയിൽ കൂൺ കൃഷി യും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

WE SHOULD THINK OVER


WHAT WE HAVE READ,

DIGEST IT AND MAKE IT

AN INTEGRAL PART OF

OUR DAILY LIFE






അദ്ധ്യായം .6.

# മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യ സമ്പത്ത്

### 6-1. മൃഗസംരക്ഷണം

മുറ്റത്ത് ഒരു വൈക്കോൽ കൂനയും ഒരു തൊഴുത്തും ഒന്നോ രണ്ടോ കാലികളും ഉള്ളത് ഐശ്വര്യത്തിന്റെ ലക്ഷണമായാണ് കർഷക കുടുംബങ്ങൾ കരുതിപോരുന്നത്. പൊതുവെ ഒരു സമതല പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ പകുതിയിലധികം പേരും പൂർവ്വികമായി തന്നെ കാർഷിക വൃത്തിയിലേർപ്പെട്ടിരുന്നവരാണ്. പണ്ടുകാലത്ത് ഒരു കർഷക കുടുംബത്തിൽ ഒരു കാലിയെങ്കിലും ഉണ്ടായിരുന്നു. വർദ്ധിച്ച് വരുന്ന കാർഷികച്ചെലവ് കാർഷിക രംഗത്തെ നഷ്ടത്തിലേക്ക് തള്ളി വീഴ്ത്തിത്തുടങ്ങിയതോടെ കാലി വളർത്തലും നഷ്ടമായി തുടങ്ങി, കാർഷിക രംഗം യന്ത്രവൽക്കരിക്കപ്പെട്ടതോടെ ഉഴവുകാലികളെ വളർത്തുന്നതും വൻനഷ്ടമായി. ഇത് കാലികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്തിക്കൊണ്ടേയിരിക്കുന്നു.

ഈ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ ആട്, പശു, എരുമ എന്നിവയാണ്. നാടൻ പശുക്കളാണ് എണ്ണത്തിൽ കൂടുതൽ. ഉഴവുമാടുകളേയും പോത്തുകളേയും അപൂർവ്വമായി വളർത്തുന്നുണ്ട്. പുഴയോര പ്രദേശത്ത് 75% വീടുകളിലും കാലികളെ വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ കോഴി തന്നെയാണ് മുൻപന്തിയിൽ പഞ്ചായത്തിലെ 75 ശതമാനം വീടുകളിലും കോഴിയുണ്ട്. പുഴയോര പ്രദേശത്ത് താറാവിനെ വളർത്തുന്നവരും കുറവല്ല അലങ്കാരമായി ചില വീടുകളിൽ തത്ത, പ്രാവ് എന്നിവയെ വളർത്തുന്നുണ്ട്.

പഞ്ചായത്ത് പ്രദേശത്തെ വളർത്തു മൃഗങ്ങളുടെ എണ്ണം താഴെ പട്ടികയിൽ കാണിക്കുന്നു.

പട്ടിക - 1. (Live Stock Profile -1993)

**വളർത്തു മൃഗങ്ങൾ (അവലംബം ഡാററാ കളക്ഷൻ)**

| ക്രമനമ്പർ | ഇനം തിരിച്ച് | എണ്ണം |
|---|---|---|
| 1 | പശുക്കൾ - സങ്കരയിനം | 190 |
| 2 | പശുക്കൾ - നാടൻ ഇനം | 665 |
| 3 | എരുമകൾ | 395 |
| 4 | മറ്റു വളർത്തു മൃഗങ്ങൾ | 5583 |

ഒരു അമ്പതു കൊല്ലം പുറകോട്ട് എടുക്കുകയാണെങ്കിൽ, ഇവിടങ്ങളിൽ കാലികളെ മേയാൻ വിട്ടു വളർത്തുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്.

ഇപ്പോൾ മിക്ക പ്രദേശങ്ങളിലും ഈ സമ്പ്രദായത്തിന് മാറ്റം വന്നിട്ടുണ്ടെങ്കിലും പുഴയോര പ്രദേശത്ത് അധികമാളുകളും ഇപ്പോഴും ഇപ്രകാരം തന്നെയാണ് കാലികളെ വളർത്തുന്നത്. അത് കൊണ്ടുതന്നെ ഈ പ്രദേശ്ത്തെ കന്നുകാലികളിൽ മറ്റുള്ള ഭാഗങ്ങളെ അപേക്ഷിച്ച് ആരോഗ്യം കുറവാണെന്ന് കാണുന്നു. കൂട്ടം കൂട്ടമായി നടക്കുന്ന ഈ കന്നുകാലികൾ മാർഗ്ഗ തടസ്സം സൃഷ്ടിക്കുന്നു എന്നു മാത്രമല്ല പരിസര മലിനീകരണത്തിനും കാരണമാകുന്നു.

പുഴയോര പ്രദേശത്തെ മറ്റൊരു പ്രത്യേകത വീടിൻെറ ചുമരിനോടു ചേർന്ന തൊഴുത്തുകളാണ്. ഏഴ്, എട്ട്, ഒമ്പത്, പത്ത് വാർഡുകളിലാണ് കാലി വളർത്തൽ കൂടുതലായി ഉള്ളത്. ട്രാക്റ്റർ ഉപയോഗത്തിൽ വന്നതോടെഉഴവുമാടുകളെയും വാഹനങ്ങൾ കൂടുതലായി വന്നതോടെ വണ്ടിക്കാളകളുടെയും ഉപയോഗം ഏതാണ്ട് നിലച്ചമട്ടാണ്. പോഷക സമൃദ്ധമായ കാലിത്തീറ്റകളുടെ ക്രമാതീതമായ വില വർദ്ധനവും പുല്ല്, വൈക്കോൽ എന്നിവ കിട്ടാനുള്ള ബുദ്ധിമുട്ടും കാലിവളർത്തലിലുള്ള താത്പര്യ കുറയാൻ കാരണമാകുന്നു.

ക്ഷീര സഹകരണ സംഘങ്ങളുടെ അഭാവം കാരണം പാലുൽപാദനത്തിൻെറ വ്യക്തമായ ഒരു ചിത്രം നമ്മുക്ക് ലഭ്യമല്ല. എന്നാൽ ഇവിടെ ഉൽപാദിപ്പിക്കുന്ന പാൽ ഈ പഞ്ചായത്തിലെ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവാണ്. അത്യുൽപാദനശേഷിയുള്ള മേൽത്തരം സങ്കരയിനം ജനുസ്സുകളുടെ എണ്ണക്കുറവ് പാലുൽപാദന രംഗത്തെ കാര്യമായി ബാധിക്കുന്നുണ്ട്. കൃത്രിമ ബീജ സങ്കലനത്തെ പറ്റി പഞ്ചായത്തിലെ മിക്ക ആളുകളും ബോധവാന്മാരാണെങ്കിലും സ്വകാര്യ വ്യക്തികളുടെ വിത്തുകാളകളെ ആശ്രയിക്കുന്നവരും ഉണ്ട്. പൊയിലിശ്ശേരിയിലും ചമ്രവട്ടത്തും ഓരോ ക്ഷീര സഹകരണസംഘം പ്രവർത്തിച്ചിരുന്നു. അത് രണ്ടും ഇപ്പോൾ പ്രവർത്തന രഹിതമാണ്. മന്ദീഭവിച്ച് കിടക്കുന്ന പാലുൽപാദന രംഗത്തിന് ഒരു ഉണർവ്വ് വരുത്താൻ ക്ഷീര വികസന സഹകരണ സംഘങ്ങൾ സഹായകമാകും.

കോഴിമുട്ട, കോഴിയിറച്ചി എന്നിവയുടെ ഉൽപാദനവും ആവശ്യവുമായി തട്ടിച്ച് നോക്കുമ്പോൾ വളരെ കുറവാണ്. ഇപ്പോഴും ഈ ആവശ്യങ്ങൾ നിറവേറ്റാൻ നമ്മുക്ക് അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. അടിയ്ക്കടി ഉണ്ടാകുന്ന കോഴിവസന്ത ഈ മേഖലയെ തളർത്തിയിട്ടുണ്ട്. താറാവു കൃഷിക്ക് അനുയോജ്യമായ ജലാശയങ്ങൾ ഉണ്ടെങ്കിലും അത് വേണ്ടത്ര ഉപയോഗപ്പെടുത്താൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ ഗവൺമെൻറ് വെറ്റിനറി ഡിസ്പൻസറി 1996 ജൂലായ് 17-നു ഔദ്യോഗമായി ഉദ്ഘാടനം ചെയ്യപ്പെട്ടു സ്വന്തമായി കെട്ടിടമില്ലാത്ത ഈ ആശുപത്രി ഇപ്പോൾ നാലാം വാർഡിലാണ് സ്ഥിതിചെയ്യുന്നുത്. ഇപ്പോൾ അടിസ്ഥാനവും പ്രാഥമികവുമായ സൗകര്യങ്ങൾ പോലുമില്ലാത്ത ഈ ഡിസ്പൻസറി നൂതന ചികിത്സാ സമ്പ്രദായ ങ്ങളുള്ള ഒരു സ്ഥാപനമായി വളർത്തി യെടുക്കേണ്ടതുണ്ട്.

ഇത് കൂടാതെ ഒരു ഐ.സി.ഡി.പി.വെറ്റനറി ഉപകേന്ദ്രം മൂന്നാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. കൃത്രിമ ബീജ സങ്കലനത്തിന് സൗകര്യമുള്ള ഈ ഉപകേന്ദ്രം പൊതുജന സൗകര്യം കണക്കിലെടുത്ത് പന്ത്രണ്ടാം വാർഡിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നതാ യി

അറിയുന്നു.

നമ്മുടെ പ്രദേശത്ത് കാലികൾക്ക് സാധാരണയായി കണ്ടുവരുന്ന പ്രധാന രോഗങ്ങൾ അകിടു വീക്കം, പരാദ രോഗങ്ങൾ, ഉദരസംബന്ധമായ രോഗങ്ങൾ ചില കാലാവസ്ഥകളിലുണ്ടാകുന്ന പനി എന്നിവ യാണ് കോഴികളിൽ കോഴി വസന്ത തന്നെയാണ് പ്രധാനമായും കണ്ടു വരുനന്നത്. ശാസ്ത്രീയമായ പരിപാലന രീതികളെപ്പററിയുളള അജ്ഞത പല രോഗങ്ങൾക്കും കാരണമാകുന്നുണ്ട്. ശരിയായ സമ യത്ത് ചെയ്യേണ്ടതായ വിരയിളക്കൽ, മദിലക്ഷണം കണ്ടുപിടിച്ച് ബീജസങ്കലനം നടത്തൽ,സമയാ സമയങ്ങളിൽ പ്രതിരോധ കുത്തിവെയ്പ് നടത്തൽ, ശരിയായ രീതിയിൽ ഉളള പാൽ കറക്കൽ എന്നിവ യെ കുറിച്ചുളള അറിവില്ലായ്മ ഈ മേഖലയിലുളള കർഷകർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുണ്ട്.

പൊതുജനാരോഗ്യവുമായി വളരെയേറെ ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ് തെരുവ് നായ്ക്കളുടെ ശല്യം. വഴിയരികിൽ ഇടുന്ന ചപ്പുചവറുകൾ ഭക്ഷ ണാവശിഷ്ടങ്ങൾ, അറവുശാലാവശിഷ്ടങ്ങൾ എന്നി വ ഇതിന് സഹായകമാകുന്നു.

മാംസാഹാരം വളരെയധികം ഉപയോഗി ക്കുന്ന ഒരു ജനസമൂഹമുളള നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും അംഗീകൃതവും ശാസ്ത്രീയവുമായ രീതി യിൽ ഉളള ഒരു അറവുശാല ഇല്ല. ഒഴിഞ്ഞ പറമ്പുക ളിലും അങ്ങാടി പരിസരങ്ങളിലും മറ്റുമാണ് ഇപ്പോ ഴും അറവ് നടക്കുന്നത്. ശുചിത്വപരമായും മനുഷ്യ ത്വപരമായും വളരെയേറെ മോശമായ രീതിയിലാണ് ഈ മേഖലയെ കൈകാര്യം ചെയ്യുന്നത്. ഇവിടെ നിന്നുളള അവശിഷ്ടങ്ങൾ പറമ്പുകളിലും മറ്റും നിക്ഷേപിക്കുന്നത് ദുർഗന്ധത്തിനും അന്തരീ ക്ഷമലിനീകരണത്തിനും ഇടയാക്കുന്നതിലുപരി തെരുവ് നായ്ക്കളുടെ ശല്യം കൂട്ടാനുതകുന്നു. അങ്ങനെ ഏത് കോണിൽ നിന്ന് നോക്കിയാലും പൊതുജനാരോഗ്യവുമായി വളരെ ബന്ധപ്പെട്ടു കിട ക്കുന്ന ഈ മേഖലയ്ക്ക് അടിയന്തിരമായി ഒരു മാറ്റം ആവശ്യമാണ്.

പഞ്ചായത്തിൽ മുമ്പ് പ്രവർത്തിച്ചിരുന്ന മൂന്ന് ഗോബർ ഗ്യാസ് പ്ലാൻറുകളും ഇപ്പോൾ പ്രവർത്തന രഹിതമാണ്.ഐ.ആർ.ഡി.പി.മുഖേന ഒട്ടനവധി പേർക്ക്,ബാങ്ക് വായ്പാ സൗകര്യങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ അത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താനും ലാഭകരമായ വരുമാന മാർ ഗ്ഗമാക്കി മാറ്റാനും പലർക്കും കഴിഞ്ഞിട്ടില്ല.

**പ്രശ്നങ്ങൾ**

1. ഉയർന്ന ജനിതക ഗുണങ്ങളുളള സങ്കരയിനം കന്നുകാലികളുടെ അഭാവം.

2.കാലിത്തീറ്റകളുടെ ക്രമാതീതമായ വില വർദ്ധനവും, പുല്ല്, വൈക്കോൽ എന്നിവയുടെ ക്ഷാമവും കന്നുകാലി വളർത്തലിലുളള ആഭിമുഖ്യം കുറയാൻ കാരണമാകുന്നു.

3.ശാസ്ത്രീയമായ പരിശീലന രീതികളെ കുറിച്ചുളള അറിവില്ലായ്മ മൃഗസംരക്ഷണമേഖലയിൽ ഉളള കർഷകർക്ക് വളരെയേറെ സാമ്പത്തിക നഷ്ടം ഉണ്ടാക്കാനിട വരുത്തുന്നു.

4. കോഴിമുട്ട, കോഴിയിറച്ചി എന്നിവയുടെ ഉൽപാദനം ആവശ്യവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ വളരെ പിന്നിലാണ്.

5. ക്ഷീര സഹകരണ സംഘങ്ങളുടെ അഭാവം മൂലം പാലുൽപാദന രംഗം മന്ദീഭവിച്ച് കിടക്കുകയാണ്.

6.അടിസ്ഥാനവും പ്രാഥമികവുമായ സൗകര്യ ങ്ങളില്ലാത്തതും ആധുനിക ചികിത്സാ സജ്ജീകരണ ങ്ങളില്ലാത്തതുമായ മൃഗാശുപത്രി.

7.അംഗീകൃതവും ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതുമായ അറവുശാലകളുടെ അഭാവം

8.പേപ്പട്ടി ശല്യവും അലഞ്ഞ്തിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ എണ്ണത്തിലുളള അമിതമായ വർദ്ധനവും.

9. അനുയോജ്യമായ ജലാശയങ്ങളുണ്ടെങ്കിലും താറാവു കൃഷി വേണ്ടത്ര ഉപയോഗപ്പെടുത്താൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല.

10. പുഴയോര പ്രദേശങ്ങളിൽ കൂട്ടമായി അലയുന്ന കന്നുകാലികൾ മാർഗ്ഗ തടസ്സം സൃഷ്ടിക്കു കയും പരിസര മലിനീകരണത്തിന് ഹേതുവാകുകയും ചെയ്യുന്നു.

**സാധ്യതകളും നിർദ്ദേശങ്ങളും**

1.സഹകരണാടിസ്ഥാനത്തിലുളള ചെറിയ കാലിത്തീറ്റാ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാ വുന്നതാണ്. പഞ്ചായത്ത് -ഗവ: അധീനതയി ലുളള ഒഴിഞ്ഞ പറമ്പുകൾ വഴിയോരങ്ങൾ, സ്വകാര്യ വ്യക്തികളുടെ ഒഴിഞ്ഞ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നല്ലയിനം തീറ്റപ്പുൽ നാടാവുന്നതാണ്. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന നാളികേരം ആട്ടി വെളിച്ചെണ്ണ യാക്കുന്ന പ്രക്രിയ ഇവിടെ തന്നെ നടത്തുകയും അതിൻെറ ഉപോൽപ്പന്നമായ പിണ്ണാക്ക് ഉപയോഗി

ച്ചുള്ള കാലിത്തീറ്റ ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്. അതുപോലെതന്നെ പോഷകാംശം കൂടുതലുള്ള കോഴിത്തീറ്റ ഉണ്ടാക്കുന്നതിനായി മത്സ്യബന്ധനവുമായി ബന്ധപ്പെടുത്തി ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്.

2. പഞ്ചായത്തിലെ എല്ലാ ക്ഷീര കർഷകരും അംഗങ്ങളായിട്ടുള്ള ഒരു ക്ഷീര സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. കാലിത്തീറ്റായൂണിറ്റിൽ നിന്നുള്ള കാലിത്തീറ്റ ഇത്തരം സംഘങ്ങൾ മുഖേന വിപണനം ചെയ്യാം. കന്നുകുട്ടി പരിപാലനത്തിനുള്ള ഒരു പദ്ധതിയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയും ഇതോടനുബന്ധിച്ച് നടത്താവുന്നതാണ്.

3. കൃത്രിമ ബീജസങ്കലനം, പ്രതിരോധ കുത്തിവെയ്പുകൾ മറ്റ് ശാസ്ത്രീയമായ പരിപാലന രീതികൾ, ബാങ്ക് വായ്പാ പദ്ധതികൾ എന്നിവയെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്. ശരിയായ പാൽ കറവ രീതികളെപ്പറ്റിയുള്ള ഒരു പരിശീലന ക്ലാസ്സ് പഞ്ചായത്തിലെ താൽപര്യമുള്ള, തിരഞ്ഞെടുത്ത യുവാക്കൾക്ക് നൽകാവുന്നതാണ്.

4.മൃഗചികിത്സാ കേന്ദ്രങ്ങളിലെ സജ്ജീകരണങ്ങൾ ഉടിയന്തിരമായി ആധുനികവൽക്കരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

5.വളർത്തു നായ്ക്കളിൽ പ്രതിരോധ കുത്തിവെപ്പ് നടത്തുകയും അവയ്ക്ക് ലൈസൻസ് കർശനമാക്കുകയും വേണം. തെരുവ് നായ്ക്കളെ നശിപ്പിക്കുകയും പേവിഷ ബോധവൽക്കരണം വ്യാപകമാക്കുകയും ചപ്പുചവറുകൾ ഭക്ഷണശാലാവശിഷ്ടങ്ങൾ തെരുവിൽ വലിച്ചെറിയുന്നത് നിർത്തലാക്കുകയും വേണം.

6. ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്നതും അംഗീകൃതവുമായ അറവ് ശാലകൾ സ്ഥാപിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ 'മീറ്റ് ഇൻസ്പെക്ഷൻ' കർശനമാക്കുകയും വേണം.

7. മിനിഡയറി യൂണിറ്റുകൾ, വനിതാ സംരംഭകർക്കുള്ള പശു വളർത്തൽ, വീട്ടു മുറ്റത്തെ കോഴിവളർത്തൽ, സ്വകാര്യമേഖലയിലുള്ള എഗ്ഗർ നഴ്സറികൾ (ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ പഞ്ചായത്തിൽ തന്നെ ലഭ്യമാക്കാൻ ഇത് വഴി സാധിക്കുന്നു) സ്കൂൾ പൗൾട്രി ക്ലബ്ബുകൾ, ഇറച്ചിക്കോഴി വളർത്തൽ, ആടുവളർത്തൽ, താറാവു വളർത്തൽ മുതലായവക്ക് സാധ്യതകൾ കാണുന്നുണ്ട്.

8. പുഴയോര പ്രദേശത്ത് പഞ്ചായത്തിന്റെ ഒരു ആല സ്ഥാപിക്കാവുന്നതാണ്.

9. ആട്, പശു, എരുമ, താറാവ്, കോഴി, എന്നിവ വളർത്താൻ പാവപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക.

10. ഓരോ വാർഡിലും ഓരോ കോഴി, ആട്, പശു, വളർത്തു കേന്ദ്രങ്ങൾ ആരംഭിക്കുക. കുറഞ്ഞ നിരക്കിൽ കാലി-കോഴി തീറ്റകളും വിതരണം ചെയ്യുക.

11. മിൽമയുടെ പ്രവർത്തനം തിരൂർ താലൂക്കിലേക്ക് വ്യാപിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

12. ചമ്രവട്ടം പ്രദേശത്ത് ഒരു ഐ.സി.ഡി.പി.വെറ്റനറി സബ്സെൻറർ സ്ഥാപിക്കുക.

13. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

## 6-2. ക്ഷീര വികസനം

ക്ഷീര വികസനം ഒരു വ്യവസായമായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 1962-ൽ കേരളസർക്കാർ രൂപീകരിച്ചതാണ് ക്ഷീര വികസന വകുപ്പ്. അന്ന് പ്രതിദിനം രണ്ടോ മൂന്നോ ലിറ്റർ മാത്രം പാലുൽപ്പാദനം നൽകുന്ന നാടൻ ജനുസ്സിൽപ്പെട്ട ഏതാനും കന്നു കാലികൾ മാത്രമായിരുന്നു നമ്മുടെ കൈമുതൽ. ഉൽപ്പാദന ക്ഷമതയിൽ മുൻപന്തിയിൽ എത്തുക എന്നുള്ള ലക്ഷ്യത്തോടെ പഞ്ചായത്ത് തോറും ഓരോ കന്നുകാലി വർഗ്ഗധാരണ യൂണിറ്റുകൾ സ്ഥാപിക്കുകയും വീടുകൾ തോറും നടന്ന് മദിയിളകുന്ന കന്നുകാലികളെ നാമമാത്രമായ ചാർജ്ജ് ഈടാക്കികൊണ്ട് ഇൻസെമിനേഷൻ നടത്തിപ്പോന്നു. ഒപ്പം തീറ്റപ്പുൽ കൃഷിയിലും ക്ഷീരോൽപാദക സഹകരണ സംഘം രൂപീകരണത്തിലും ശ്രദ്ധയൂന്നി. ഇതിന്റെ ഫലമായി വിപ്ലവാത്മകമായ ഒരു മാറ്റം കേരളത്തിനുണ്ടാക്കുവാൻ സാധിച്ചു. കേരളത്തിൽ പ്രതിവർഷം ഒരു കറവമാടിൽ നിന്ന് കേവലം 900 കി.ഗ്രാം മാത്രം പാൽ നൽകിയിരുന്ന നാടൻ ജനുസ്സ് തുടച്ച് നീക്കപ്പെടുകയും തൽസ്ഥാനത്ത് 2500 കി.ഗ്രാ ഉൽപ്പാദനം നൽകുന്ന സങ്കരയിനങ്ങൾ ഉണ്ടാവുകയും ചെയ്തു. ഇന്ന് കന്നുകാലികളുടെ വർഗ്ഗോദ്ധാരണ പരിപാടിയിലും ക്ഷീരസഹകരണ മേഖലയിലും നമ്മൾ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

തൃപ്രങ്ങോട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ക്ഷീര വികസനം തീർത്തും ശൈശവ

ദശയിലാണെന്ന് കാണാം. എങ്കിലും ക്ഷീര വികസന രംഗത്ത് ചില മുന്നേറ്റങ്ങൾ നടത്തി എന്നുള്ളതിന് തെളിവാണ് ചക്രവട്ടത്തും പൊയിലിശ്ശേരിയിലും ഉണ്ടായ ക്ഷീര സഹകരണ സംഘങ്ങൾ. എന്നാൽ ജന പങ്കാളിത്തം ഉറപ്പു വരുത്താൻ കഴിയാത്തതുകൊണ്ടു മാത്രം ഈ സംഘങ്ങൾ അകാല ചരമമടഞ്ഞു.

നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ സംബന്ധി ച്ചിടത്തോളം വിശാലായ പാടശേഖരങ്ങളും പുഴ യോര പ്രദേശങ്ങളും എടുത്ത് പറയാവുന്ന സംഗതി കളാണ്. ജലലഭ്യതയും പ്രകൃതിദത്തമായ പുല്ലിന്റെ ലഭ്യതയും ഈ പ്രദേശത്തെ ഒരു പ്രധാന സ്രോതസ്സാണ്. ഇവ പ്രയോജനപ്പെടുത്തുന്നതോ ടൊപ്പം സങ്കര വർഗ്ഗ പുല്ലിനങ്ങളുടെ ഉൽപാദനവും വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ പാലുൽപാദനച്ചെലവു കുറച്ച് കന്നുകാലി വളർത്തൽ ഒരു പ്രധാന വികസന സംരംഭമായി വളർത്തിയെടുക്കാവുന്നതാണ്.

ഇന്ന് പഞ്ചായത്തു പ്രദേശത്ത് കന്നുകാലി വളർത്തൽ ഗാർഹികമായ ആവശ്യത്തിനും ജൈവ വളത്തിനും വേണ്ടി മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഈ അവസ്ഥക്ക് പരിഹാരമായി കറവമാടുകളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. ക്ഷീര വികസന രംഗത്തെ സാങ്കേതിക വശങ്ങൾ പഞ്ചായത്ത് തലത്തിൽ ഏത് സമയത്തും ലഭ്യമാകത്തക്കവണ്ണം ക്ഷീര വികസന ഓഫീസുകൾ പഞ്ചായത്തിൽ നിലവിലില്ല.

2. ക്ഷീര വികസന രംഗത്തെ ശാസ്ത്രീയ സാങ്കേതിക വശങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

3. പാൽ സംഭരണവും വിപണനവും ഏകീകൃതമായ രീതിയിൽ നടന്നു പോകുന്നതിന് സംഘടിത മേഖല (ക്ഷീര സഹകരണ സംഘങ്ങൾ) ശക്തമല്ല.

4. ഉയർന്ന ഉൽപാദന ശേഷിയും ആരോഗ്യവും ഉള്ള കന്നുകാലികളെ ലഭ്യമാക്കുന്ന ഡയറി ഫാമുകൾ ഒന്നും തന്നെ പഞ്ചായത്ത് പ്രദേശത്ത് നിലവിലില്ല.

5. പുല്ല് , വൈക്കോൽ, പിണ്ണാക്ക്, തവിട് തുട ങ്ങിയ കാലിത്തീറ്റകൾ കേന്ദ്രീകൃതമായി സംഭരിക്കു ന്നതിനും ന്യായമായ വിലക്ക് കർഷകർക്ക് ലഭ്യമാ ക്കുന്നതിനും യാതൊരു ഏജൻസികളും നിലവിലില്ല.

6. തുടർച്ചയായ ഒരു കമ്പോളം ലഭ്യമാകാത്തതിനാൽ മാത്രമാണ് ക്ഷീര കർഷകർ ക്ഷീരോൽപാദന രംഗത്ത് നിന്നും വിട്ടു നിൽക്കുന്നത്.

**സാധ്യതകളും നിർദ്ദേശങ്ങളും**

1. നിലവിലുള്ള കാലിസമ്പത്തിന്റെയും ക്ഷീര കർഷകരുടെയും കണക്കെടുത്ത് ഓരോ കാലികളേയും പഞ്ചായത്ത് തലത്തിൽ രജിസ്ററർ ചെയ്ത് നമ്പർ നൽകി വ്യക്തമായ കണക്കുണ്ടാക്കുക.

2. പാൽ വിപണനത്തിന് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

3. വാർഡുതലത്തിൽ ഓരോ ക്ഷീര വികസന സംഘങ്ങൾ രൂപീകരിക്കുക.

4. ക്ഷീരോൽപാദകർക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

5. ഉൽപാദന നിലവാരം ഉറപ്പു വരുത്തുന്നതിന് കന്നുകാലികളുടെ വംശ പാരമ്പര്യ രജിസ്റ്ററുകൾ സൂക്ഷിക്കുക.

6. ക്ഷീരോൽപാദനം, വിപണനം എന്നീ മേഖലകളിൽ വനിതകൾക്ക് മുൻ തൂക്കം നൽകുക.

7. കാലി സമ്പത്തിന്റെ വ്യാപ്തിയും ആവശ്യകതയും അനുസരിച്ച് തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക.

8. പുല്ല്, വൈക്കോൽ, പിണ്ണാക്ക്, തവിട് തുടങ്ങിയ കാലിത്തീറ്റകൾ സംഭരിക്കുന്നതിനും ന്യായ വിലക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനും ക്ഷീര വികസന സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഉത്തരവാദിത്വം ഏൽപിക്കുക.

9. ക്ഷീര വികസന രംഗത്തെ സാങ്കേതിക സൗകര്യങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ ഒരു ക്ഷീര വികസന ഓഫീസ് സ്ഥാപിക്കുക.

10. അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ ലഭിക്കാൻ സഹായകമാകും വിധം ക്ഷീര വികസനരംഗം ഒരു വ്യവസായ മേഖലയായി വികസിപ്പിക്കുക.

11. പാലിന്റെ ഗുണനിയന്ത്രണ വിഭാഗം ശക്തിപ്പെടുത്തുകയും അത് വഴി മായം ചേർക്കൽ തടയുകയും വേണം. അത് പൊതുജനാരോഗ്യത്തിൽ

പ്രത്യേകിച്ചും കുട്ടികളുടെ ആരോഗ്യകാര്യത്തിൽ അത്യാവശ്യമായ ഘടകമാണ്.

12. ക്ഷീര വികസന രംഗത്ത് മുമ്പ് പ്രവർത്തിച്ചിരുന്നവരും ഗൾഫിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വന്നിട്ടുള്ളവരുമായ ക്ഷീര കർഷകർക്ക് പ്രാമുഖ്യം നൽകികൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വികസന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## 6-3. മത്സ്യ ബന്ധനം

സമുദ്ര തീരമില്ലാത്ത ഒരു പഞ്ചായത്താണിത്. അതുകൊണ്ടുതന്നെ സമുദ്രജല മത്സ്യ ബന്ധനവുമായി പഞ്ചായത്ത് പ്രദേശത്തുള്ളവർക്ക് കാര്യമായ ബന്ധമൊന്നുമില്ല. എന്നിരുന്നാലും പഞ്ചായത്ത് പ്രദേശത്തുള്ളവർ മത്സ്യാഹാരത്തിനായി സമുദ്രജല മത്സ്യത്തെ തന്നെയാണ് മുഖ്യമായും ആശ്രയിക്കുന്നത്.

കൂട്ടായി, പൊന്നാനി, താനൂർ എന്നിവയാണ് നമ്മുടെ ഏററവും അടുത്തുള്ള മത്സ്യബന്ധന കേന്ദ്രങ്ങൾ പണ്ടുകാലത്ത് മേൽപ്പറഞ്ഞ മത്സ്യബന്ധനക്യന്ദങ്ങളിൽ നിന്നും തലച്ചുമടായാണ് മത്സ്യം കൊണ്ടുവന്നിരുന്നത്. ഗതാഗതരംഗത്തെ കുതിച്ചുചാട്ടത്തോടെ ഇതിന് മാറ്റം വന്നു. ഇത് മത്സ്യത്തിൻെറ വിലയിൽ സാരമായ വർദ്ധനവിന് കാരണമായി.

പഞ്ചായത്തിൻെറ കിഴക്കു, തെക്ക് അതിർത്തിയായ ഭാരതപ്പുഴയുടെ ഓരത്ത് താമസിക്കുന്നവരിൽ മത്സ്യബന്ധനം സ്ഥിരം തൊഴിലായി സ്വീകരിച്ചിട്ടുള്ള നാലഞ്ചു കുടുംബങ്ങളുണ്ട്. ഭാരതപ്പുഴയിൽ നിന്നും സമീപ പ്രദേശങ്ങളിലെ കുളങ്ങളിൽ നിന്നും മത്സ്യം പിടിച്ച് വില്പന നടത്തി ഉപജീവനം കഴിക്കുന്നവരാണ് ഇവർ. ഒരു വിനോദത്തിന് വേണ്ടി മീൻപിടിക്കാൻ പോകുന്ന ചില കർഷക കുടുംബാംഗങ്ങളും പഞ്ചായത്തിലുണ്ട്.

**പ്രശ്നങ്ങൾ**

1. കുളങ്ങളിലെ മത്സ്യങ്ങൾക്ക് രോഗം വന്ന് ചത്ത് പൊങ്ങുന്നു.

2. മത്സ്യം വളർത്തുന്നത് ആദായകരമായ തൊഴിലായി സ്വീകരിക്കുന്നത് സംബന്ധിച്ച് ജനങ്ങൾ ബോധവാൻമാരല്ല.

3. ശാസത്രീയമായരീതിയിൽ മത്സ്യം വളർത്തുന്നത് സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനം പഞ്ചായത്ത് പ്രദേശത്ത് നിലവിലില്ല.

4. വളർത്തു മത്സ്യങ്ങളുടെ കുഞ്ഞുങ്ങൾ ലഭിക്കാൻ പ്രയാസം നേരിടുന്നു.

5. മത്സ്യംവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നൽകുന്ന സാമ്പത്തിക സഹായം ഗുണഭോക്താക്കൾക്ക് യഥാസമയം ലഭിക്കുന്നില്ല.

**സാധ്യതകളും നിർദ്ദേശങ്ങളും**

1. ശുദ്ധജല മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങൾക്ക് വേണ്ട ചികിത്സാരീതികൾ സംബന്ധിച്ച് മത്സ്യകർഷകർക്ക് ബോധവൽക്കരണം നടത്തുക.

2. ആദായകരമായ രീതിയിൽ മത്സ്യം വളർത്തുന്നത് സംബന്ധിച്ച് കർഷകർക്ക് അറിവ് നൽകുക.

3. പഞ്ചായത്ത് പ്രദേശത്ത് ഒരു ഫിഷറീസ് ഓഫീസ് ആരംഭിക്കുക.

4. വളർത്തു മത്സ്യങ്ങളുടെ കുഞ്ഞുങ്ങൾ ഉൽപാദിപ്പിക്കുന്ന ഒരു റെയറിംഗ് പാണ്ട് (Rearing Pond) പഞ്ചായത്തിൽ സ്ഥാപിക്കുക.

5. പഞ്ചായത്തിലെ പൊതുകുളങ്ങളായ മലയമ്പാടിക്കുളം (വാർഡ്-1), വാൽക്കുളം, പുത്തനിക്കുളം (വാർഡ്-4), കയ്പനാൽകുളം (വാർഡ്-6) എന്നിവയിൽ മത്സ്യം വളർത്തുന്നതിന് അഭ്യസ്തവിദ്യരായ യുവാക്കൾക്ക് സാമ്പത്തിക സഹായം നൽകുക. അത്തരം സഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുക.

6. മത്സ്യം വളർത്തൽ ആരംഭിക്കുന്നതിന് മുന്നോട്ട് വരുന്ന കർഷകർക്ക് എല്ലാ തലത്തിലും വേണ്ട സഹായം ലഭ്യമാക്കുക.


7. പഞ്ചായത്തിൽ ഒരു മത്സ്യവില്പന തൊഴിലാളി സഹകരണ സംഘം സ്ഥാപിക്കുക.

8. ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം സ്ഥാപിക്കുക.

9. മത്സ്യം ഉപയോഗിച്ച് കോഴിത്തീറ്റ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക.

10. മത്സ്യം വളർത്തുന്നത് തൊഴിലായി സ്വീകരിക്കാൻ സാദ്ധ്യതയുള്ള അഭ്യസ്ത വിദ്യരായ യുവാക്കൾക്കും, കൃഷിക്കാർക്കും, ആവശ്യമായ പരിശീലനം നൽകാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്.

11. പ്രകൃതിദത്തമായ കുളങ്ങളിൽ പ്രകൃതിദത്തമായ മത്സ്യങ്ങളുടെ വംശനാശം തടയാനുള്ള ശാസത്രീയമായ നടപടികൾ സ്വീകരിക്കുക.




OFFICE OF THE TRIPRANGODE GRAMA PANCHAYATH

## അദ്ധ്യായം - 7

# വ്യവസായം

7-1. ഒരു പ്രദേശത്തിൻെറ വികസന കാഴ്ചപ്പാടിൽ ഒഴിച്ചു കൂടാനാവാത്ത പങ്കാണ് വ്യവസായത്തിനുള്ളത്. കേരളം വ്യായസായകമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ്. 0.04% ആണ് കേരളത്തിൻെറ വ്യാവസായിക വളർച്ച. 1000 വ്യവസായങ്ങൾ ഇന്ത്യയിൽ ആരംഭിച്ചപ്പോൾ നമുക്ക് നാലേ കിട്ടിയിള്ളു എന്നർത്ഥം. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുടനീളം കേരളത്തിൻെറ ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ താഴ്ന്നതായി തുടർന്നു. 1995 ൽ ഇന്ത്യക്കാരൻെറ ശരാശരി പ്രതിശീർഷ ഉല്പാദനം - 8237 രൂപയായിരുന്നപ്പോൾ കേരളീയൻേത് 6983 രൂപമാത്രമായിരുന്നു. 90 കളിൽ വളരെ തുച്ഛമായ വ്യവസായ വളർച്ചയേ കേരളത്തിലുണ്ടായുള്ളൂ. പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി മൂർഛിച്ചുകൊണ്ടിരിക്കുകയാണ്. ആധുനിക വ്യവസായങ്ങൾ ഉണ്ടാകുന്നുമില്ല.

7-2. കേരളത്തിൻെറ പൊതുസ്ഥിതിയേക്കാൾ പരിതാപകരമാണ് പഞ്ചായത്തിൻെറ അവസ്ഥ നാമമാത്രമായ പരമ്പരാഗത വ്യവസായങ്ങൾ നിലവിലുണ്ട്. ബീഡി തെരുപ്പ്,പായനെയ്ത്ത്, കയർ പിരിയ്ക്കൽ തുടങ്ങിയവയാണ് നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങൾ. കെ.പി.എസ് ബീഡി, റോക്കററ് ബീഡി, അബ്ബാസ് ബീഡി തുടങ്ങിയ ബ്രാൻറുകളിൽ അറിയപ്പെട്ടിരുന്ന ബീഡികൾ ഇവിടെ ഉൽപാദിപ്പിച്ച് പ്രചാരത്തിലുണ്ടായിരുന്നു. ഒരു വ്യവസായ യൂണിററ എന്ന നിലയിൽ ബീഡി തെരുപ്പ് വ്യവസായം ആരംഭിക്കുന്നത് 1932 ൽ ആലത്തിയൂർ ആസ്ഥാനമായി തുടങ്ങിയ കിസാൻ ബീഡിയാണ്. ഇപ്പോൾ ആലിങ്ങൽ കേന്ദ്രമായുള്ള റാഫി ബീഡി, കുട്ടമ്മാക്കൽ ആസ്ഥാനമായുള്ള എം.എസ്.ബീഡി, ആലത്തിയൂർ കേന്ദ്രമായി പ്രത്യേക ലേബലില്ലാത്ത നാടൻ ബീഡി എന്നിവ ഇപ്പോൾ പ്രചാരത്തിലുണ്ട്. ഒരു കൂടിൽ വ്യവസായ യൂണിററ് എന്ന നിലയ്ക്ക് വളർന്നിലെങ്കിലും പായ്നെയ്ത്ത് ഇപ്പോഴും പല കുടുംബങ്ങളുടെയും വരുമാന മാർഗ്ഗമാണ്. ആലത്തിയൂർ വെള്ളാമശ്ശേരി പ്രദേശം കേന്ദ്രമായുള്ള കയറു പിരിക്കൽ യൂണിററിന് വർഷങ്ങളുടെ പഴക്കമുണ്ട്. ആധുനിക വ്യവസായങ്ങൾ ഒന്നും പഞ്ചായത്തിൽ നിലവിലില്ല.

## 7-3 പ്രധാന വ്യവസായങ്ങൾ

**പരമ്പരാഗതം** : പരമ്പരാഗത വ്യവസായങ്ങളിൽ ബീഡി തെരുപ്പ്, കയറുപിരിക്കൽ, പായനെയ്ത്ത് എന്നിവ നിലവിലുണ്ട്. പായനെയ്ത്തിന് ആവശ്യമായ കൈതോലയുടെ ദൗർല്ലഭ്യം ഈ വ്യവസായത്തിന്റെ പ്രധാന ഭീഷണിയാണ്. പലദരിദ്ര കുടുംബങ്ങളുടെയും പ്രധാന വരുമാന മാർഗ്ഗമായിരുന്ന പായനെയ്ത്ത് പഞ്ചായത്തിലെ ചില കുടുംബങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഒന്നാം വാർഡിലെ വെള്ളമശ്ശേരിയിൽ ഒരു കുടുംബത്തിലെ ഏതാനും സ്ത്രീകൾ ചേർന്നു നടത്തുന്ന കയറുപിരിക്കൽ യൂണിററ് മാത്രമാണ് ഈ രംഗത്തെ ഏകകേന്ദ്രം നേരത്തെ സൂചിപ്പിച്ചതുപോലെ സ്വകാര്യ ഉടമസ്ഥതയിലുള്ള 3 ബീഡി തെരുപ്പ് കേന്ദ്രങ്ങളുണ്ട്. 3 കേന്ദ്രങ്ങളിലുമായി പതിനയ്യായിരത്തോളം ബീഡി പ്രതിദിനം ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലുമായി വിററഴിയുന്നുണ്ട്. ഇരുപതോളം കുടുംബങ്ങൾ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. സാധ്യതകൾ ഉണ്ടായിട്ടും സഹകരണ മേഖലയിൽ ഇത്തരം കുടിൽ വ്യവസായങ്ങൾ ആരംഭിച്ചില്ല, എന്നത് പ്രധാനമായ ഒരു പോരായ്മയാണ്. പരമ്പരാഗത മേഖലയിൽ ചെറുകിട വ്യവസായങ്ങളോ ഫാക്ടറികളോ നിലവിലില്ല.

**തടിവ്യവസായം** : പഞ്ചായത്തിൽ 9 സോമില്ലുകൾ പ്രവൃത്തിക്കുന്നു. . ബീരാഞ്ചിറ, കൈമലശ്ശേരി, ആലിങ്ങൽ,ആലത്തിയൂർ, ചമ്രവട്ടം ,കാരത്തൂർ പൂഴിക്കുന്നു,പരപ്പേരിഎന്നിവിടങ്ങളിലാണ്ഇവ സ്ഥിതി ചെയ്യുന്നത്. ആവശ്യക്കാർക്ക് മരം ഈർന്നു കൊടുക്കുന്നതിനു പുറമെ വില്പനയും ഉണ്ട്. നമ്മുടെ പഞ്ചായത്തിന് പുറമെ സമീപ പഞ്ചായത്തുകളിലേയും ആളുകൾ ആശ്രയിക്കുന്നതുകൊണ്ട് 9 മില്ലുകളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.പെരുന്തല്ലൂർ സോമിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 75 ഓളം തൊഴിലാളികൾ പൂർണ്ണമായും സുമാർ 50പേർ ഭാഗികമായും ഈ മേഖലയിൽ പണിയെടുക്കുന്നു.

### 7-4 ഫർണ്ണിച്ചർ നിർമ്മാണ കേന്ദ്രങ്ങൾ :

പെരുന്തല്ലൂർ 3 ആലത്തിയൂർ 1, പരപ്പേരി 2, ആനപ്പടി 1, ബീരാഞ്ചിറ 2, ചമ്രവട്ടം 1 എന്നിങ്ങനെ 10 കേന്ദ്രങ്ങളുണ്ട്., അതിൽ പരപ്പേരി സോമിൽ മരക്കുററികളിൽ നിന്നും മനോഹരമായ ദാരുശിൽപങ്ങൾ നിർമ്മിക്കുന്നുണ്ട്.

**ഫ്ളോർമില്ലുകളും പൗണ്ടിംഗ് മില്ലുകളും**

പഞ്ചായത്തിൽ 23 ഫ്ളോർ മില്ലുകളും 3 പൗണ്ടിംഗ് മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. കൈമലശ്ശേരി 2, പെരുന്തല്ലൂർ 4, ചമ്രവട്ടം 2, ആലത്തിയൂർ 3, പൊയിലിശ്ശേരി 2, കുട്ടമ്മാക്കൽ 1, ബീരാഞ്ചിറ 2, കൈനിക്കര 1, ആനപ്പടി 1, നാളിശ്ശേരി 2, ആലിങ്ങൽ 2 എന്നിവയാണത്. അതിൽ പൊയിലിശ്ശേരിയിൽ ഡീസൽ കൊണ്ട് പ്രവർത്തിപ്പിക്കുന്ന ഒരു മില്ലും ഉണ്ട്. ആലത്തിയൂർ 2-ാം വാർഡിലും പരപ്പേരി 3ാം വാർഡിലും പെരുന്തല്ലൂർ 7ാം വാർഡിലും ഓരോ പൗണ്ടിംഗ് മില്ലുകളും പ്രവർത്തിക്കുന്നു. ഇവയിൽ പെരുന്തല്ലൂരിലെ ഒരു മില്ലിൽ അവലും ഇടിക്കിന്നുണ്ട്. അവൽ മാത്രം ഇടിക്കുന്ന ഒരു മില്ലും പെരുന്തല്ലൂരിൽ പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ മിക്ക മില്ലുകളിലും ധാന്യങ്ങൾക്ക് പുറമെ മസാലയും പൊടിക്കുന്നു ണ്ട്.ആലത്തിയൂർ, പെരുന്തല്ലൂർ എന്നിവിടങ്ങളിലായി 3 ഗ്രിൽ നിർമ്മാണ യൂണിററുകളും പ്രവർത്തിക്കുന്നു.

### 7-5 ഓയിൽ മില്ലുകൾ

മേൽ പറഞ്ഞ മില്ലുകളിൽ ആലത്തിയൂർ ''താസ'' പെരുന്തല്ലൂർ ''കുളത്ത്'' കൈമലശ്ശേരി 'എരിഞ്ഞിക്കാട്ട്'' എന്നിവിടങ്ങളിൽ എള്ള് കൊപ്ര എന്നിവ ആട്ടുന്നുണ്ട്.

### 7-6 ഗാർമെൻസ്

2ാം വാർഡിൽപെട്ട സത്യ, നിയാസ്, ആലത്തിയൂർ ''ലൗലി'' ആലുങ്ങൽ കുളത്തുമ്മാട്ടിൽ തുടങ്ങിയവയും സർക്കാർ ധന സഹായത്തോട് കുടി പ്രവർത്തിക്കുന്ന (D.W.C.R.A) നിരവധി യൂണിററുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കമ്യൂണിററി പോളിടെക്നിക് പദ്ധതി അനുസരിച്ച് ഒരു ടൈലറിംഗ് യൂണിററിന്റെ എക്സ്ററൻഷൻ ഔണ്ടർ പൊയിലിശ്ശേരിയിൽ പ്രവർത്തിക്കുന്നുണ്ട്.

**ഫുഡ് പ്രോസസിംഗ് യൂണിററ്**

5-ാം വാർഡിൽ കൈമലശ്ശേരി ഒയാസീസിൽ എല്ലാ വിധ കറിപൗഡറുകളും നിർമ്മിച്ച് പേക്കു ചെയ്ത് വിതരണം ചെയ്യുന്നുണ്ട്. 2ാം വാർഡിൽ D.W.C.R.A. പദ്ധതിയിൽ കൈ കുത്തരി യൂണിററ് പ്രവർത്തിക്കുന്നു. പെരുന്തല്ലൂരിൽ മുറുക്ക് ഉണ്ടാക്കുന്നതും ആലത്തിയൂരിൽ പപ്സ് ഉണ്ടാക്കുന്നതുമായ ഓരോ കുടിൽ വ്യവസായ യൂണിററുണ്ട്. ആലത്തിയൂരിൽ ഒന്നാം വാർഡിൽ ബേക്കറി സാധനങ്ങൾ

314

ഉണ്ടാക്കുന്ന നല്ല രൂപത്തിൽ പ്രവർത്തിക്കുന്ന ഒരു യൂണിററുണ്ട്.

7-7 ഹോളോബ്രിക്സ് യൂണിററുകൾ

കരിങ്കൽ പൊടി മണൽ സിമൻറ് എന്നിവ ഉപയോഗിച്ച് ഹോളോ ബ്രിക്സുകൾ ഉണ്ടാക്കുന്ന 2 യൂണിററുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. പെരുന്തല്ലൂരിലെ സുജിത, എ.സി.എം ഹോളോ ബ്രിക്സുകളുമാണ്. ഈ രണ്ടു സ്ഥാപനങ്ങൾ, കൂടാതെ വീടുകൾ കേന്ദ്രീ കരിച്ച് ഹോളൊ ബ്രിക്സ് കൈ കൊണ്ടുണ്ടാക്കുന്ന ചില യൂണിററുകളും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലുണ്ട്.

7-8 മൺപാത്ര നിർമ്മാണ വ്യവസായം

D.W.C.R.A. പദ്ധതിയിൽ കീഴിൽ ചെറിയ പറപ്പൂർ കേന്ദ്രമാക്കി നല്ല രൂപത്തിൽ പ്രവർത്തിക്കുന്ന ഒരു മൺപാത്ര നിർമ്മാണ യൂണിററുണ്ട്.

ഇതര ചെറുകിട യൂണിററുകൾ

ആലത്തിയൂരിൽ ഹവായ് ചെരുപ്പ് നിർമ്മാണത്തിനാവശ്യമായ ഷീററ് നിർമ്മിക്കുന്ന ഒരു ഫാക്ററിയും തൃപ്രങ്ങോട്, പെരുന്തല്ലൂർ, കൈമലശ്ശേരി എന്നിവിടങ്ങളിൽ ഹവായ് ചെരുപ്പ് നിർമ്മാണ യൂണിററുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ലതർ ചെരിപ്പുകൾ നിർമ്മിക്കുന്ന യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. പപ്പടം, അച്ചാർ, ചിപ്സ് (കായവറുത്തത്) മിഠായി എന്നിവ നിർമ്മിച്ച് വിതരണം ചെയ്യുന്ന യൂണിററുകളും വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു.

7-9 നോട്ടു ബുക്ക് നിർമ്മാണ കേന്ദ്രം

3-ാം വാർഡിലെ അമ്പലപ്പടിയിൽ ഒരു നോട്ടുബുക്ക് നിർമ്മാണ കേന്ദ്രം പുതുതായി ആരംഭിച്ചിട്ടുണ്ട്.

7-10 ആധുനിക വ്യവസായങ്ങൾ

ആധുനിക വ്യവസായങ്ങളിൽ, വൻകിട ഫാക്റ്ററികൾ ഒന്നും തന്നെ നിലവിലില്ല. ചെറുകിട ഫാക്റ്ററികളാവട്ടെ സഹകരണ മേഖലയിലോ പൊതു മേഖലയിലോ ഇല്ല.

7-11 ചെറുകിട ഫാക്റ്ററികൾ

കൈനിക്കരയിലെ പ്ലാസ്റ്റിക് ക്യാൻനിർമ്മാണ ഫാക്റ്ററി :-ഈ ഫുക്റ്ററിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ 1984 ൽ ആരംഭിച്ചു. 1985 മുതൽ ഉൽപാദനം തുടങ്ങി. പക്ഷെ ബിസിനസ് - മാനേജ്മെൻറിൽ മാററം ഉണ്ടായതിനെ തുടർന്ന് ലാഭകരമല്ല എന്ന പേരിൽ 1994 മുതൽ ഉൽപാദനം നിർത്തിവെച്ചു.

7-13 വായുജ കെമിക്കൽസ് : പാവേരിക്കര

57, എച്ച്.പി. ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് ബെൻസിൽ ആൽക്കഹോൾ ഉണ്ടാക്കുന്ന സ്ഥാപനം 1991 മുതൽ ഉൽപാദനം നടത്തുന്നു. പെയിൻറിൽ ഉപയോഗിക്കുന്ന ഒരു കെമിക്കലാണ് ഇത്. 4, തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു.

7-14 യുണൈററഡ് റബ്ബർ വർക്സ് ആലത്തിയൂർ

1993 ഫെബ്രുവരിയിൽ സ്ഥാപിച്ചു. 13,80,000രൂപ K.S.F.C.യിൽ നിന്നും 4 ലക്ഷം രൂപ സ്വന്തമായ മൂലധന നിക്ഷേപത്തോടെ ആരംഭിച്ചു. ഹവായ് ഷീററ് സ്ട്രാപ്, ചപ്പൽസ് എന്നിവയാണ് ഉൽപാദനം. നാച്ചുറൽ റബ്ബർ മഞ്ചേരിയിൽ നിന്നും ആവശ്യമായ മറ്റ് വസ്തുക്കൾ കോട്ടയം, കോഴി ക്കോട് എന്നിവിടങ്ങളിൽ നിന്നും എത്തുന്നു. തമിഴ്നാട്, കർണ്ണാടക, ഗുജറാത്ത് തുടങ്ങിയ അന്യ സംസ്ഥാനങ്ങളിലേക്കടക്കം ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. 2 ഷിഫ്റ്റുകളിലായി 8 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അതിൽ 5 പേർ ദിവസ കൂലിക്ക് ജോലി ചെയ്യുന്നു. 100, എച്ച് .പി യുടെ യന്ത്ര സാമഗ്രികൾ ചലിപ്പിക്കാൻ ത്രീ ഫെയ്സിൽ നിന്ന് 380-400.വോൾട്ട് കറൻറ് ലഭിക്കേണ്ടതുണ്ട്. എന്നാൽ വൈദ്യുതി വിത രണത്തിലെ തടസ്സവും വോൾട്ടേജ് കമ്മിയുമാണ് ഈ വ്യവസായത്തിൻെറ പ്രധാന പ്രതിസന്ധി.

7-15 നേവമെഡിക്കേററഡ്സോപ്പ്നിർമ്മാണ യൂണിററ് ആലിങ്ങൽ

ജർമൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇന്ത്യയിൽ ആദ്യമായി ആരംഭിച്ച സോപ് നിർമ്മാണ യൂണിററാണ് ഇത്. 10 എച്ച്.പി. ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് പ്രതിമാസം 10,000 ട്രാൻസ്പരൻെറ് സോപ്പ് ഉത്പാദിപ്പിക്കാനുള്ള ശേഷിയുണ്ട്. 1993 ൽ പ്രവർ ത്തനം ആരംഭിച്ച ഈ കേന്ദ്രത്തിൽ ഇപ്പോൾ 5 തൊഴി ലാളികൾ ഉണ്ട്. നല്ല ഡിമാൻറുള്ള ഈ സോപ്പിന് കയററുമതി സാധ്യതയുണ്ട്.

7-16 സിനിമാ വ്യവസായം

ആലത്തിയൂർ ഹാജത്ത് ടാക്കീസാണ് പഞ്ചായത്തിലെ ഏക സിനിമാ പ്രദർശന കേന്ദ്രം. 6 ജീവന

ക്കാർ ഇവിടെ ജോലി ചെയ്യുന്നു. ചുരുങ്ങിയ ശമ്പളം 600 രൂപയും പരമാവധി ശമ്പളം 1600 രൂപയും ആകുന്നു. 1995-96 ൽ വിനോദ നികുതി ഇനത്തിൽ 1,44,364.80 രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് പഞ്ചായത്തിന് ലഭിക്കുകയുണ്ടായി.

മനുഷ്യ ശേഷിയുടെയും വിഭവങ്ങളുടെയും മററു ഭൗതിക സൗകര്യങ്ങളുടെയും ഫലപ്രദമായുള്ള ഉപയോഗപ്പെടുത്തൽ വ്യവസായരംഗത്ത് ഉണ്ടായിട്ടില്ല. വ്യവ സായിക തൊഴിലാളികളിൽ സ്ത്രീകൾ വളരെ കുറവാണ്. കാർഷിക മേഖലയിലും നിർമ്മാണ രംഗത്തും തൊഴിലാളി കൾക്ക് ലഭിക്കുന്ന കൂലി നിരക്കുമായി താരതമ്യം ചെയ്താൽ ഫാക്ടറി തൊഴി ലാളികൾക്ക് ലഭിക്കുന്ന കൂലി കുറവാണ്. മില്ലുകളിലും ഫാക്ററികളിലുമായി 53 തൊഴി ലാളി കളാണ് പഞ്ചായത്തിൽ തൊഴിൽ നികുതി അടക്കു ന്നത്. ഇതിൽ സ്ത്രീ തൊഴിലാളികൾ ആരുമില്ല.

അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിൽ നിന്ന് തന്നെ കണ്ടെത്തി ഉത്പാദനം നടത്തുന്ന വ്യവസായ യൂണിററുകൾ ഇല്ല. മൺപാത്ര വ്യവസായം മാത്രമായിരിക്കും ഇതിനപവാദം. ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യം നിലവിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ട വയാണ്. വാർഷിക ടേണോവറുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭിച്ചിരുന്നില്ല. എങ്കിലും ഏററവും ചുരുങ്ങിയ വാർഷിക ടേണോവർ 5 ലക്ഷത്തിനും 8 ലക്ഷത്തിനും ഇടക്കാണ്.

കളിമണ്ണ്, ഭാരതപ്പുഴയിലെ മണൽ ചിരട്ട, ചകിരിനാര്, കൊപ്ര അടയ്ക്ക തുടങ്ങിയ അസംസ്കൃത വസ്തുക്കൾ സുലഭമാണെങ്കിലും ഇവ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. തൊഴിൽ സംരംഭകർക്കാവട്ടെ സ്ഥല സൗകര്യത്തിന്റെ കുറവ് വൈദ്യുതി പ്രശ്നം വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ചുവപ്പ് നാട എന്നിവ പ്രധാന പ്രശ്നങ്ങളാണ്.

വ്യവസായ മലിനീകരണം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വ്യവസായങ്ങൾ കുറവായതിനാൽ തന്നെ കുറവാണ്. പാവേരിക്കര, വായുജ, കെമിക്കൽസിൽ ഉത്പാദന സമയത്ത് അന്തരീക്ഷത്തിൽ ഉയർന്നു വരുന്ന രൂക്ഷ ഗന്ധം ഒരു പരിസ്ഥിതി പ്രശ്നമായി വളർന്നു വന്നിട്ടുണ്ടെങ്കി ലും പരിഹൃതമായിട്ടില്ല.

**പ്രശ്നങ്ങൾ**

1. വ്യവസായങ്ങൾ ആരംഭിക്കുന്നതിലെ പ്രധാന പ്രശ്നം വൈദ്യുതിയാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന് പുറമെ വോൾട്ടേജ് പ്രശ്നവും അതിരൂക്ഷമാണ് ദിവസത്തിൽ 5 മണിക്കൂർ പോലും ജോലി ചെയ്യാനാവാത്ത അവസ്ഥയുണ്ട്.

2. ഒരു പുതിയ വ്യവസായ യൂണിററിന് അനുമതി ലഭിക്കണമെങ്കിൽ വ്യവസായ വകുപ്പ് പഞ്ചായത്ത് എന്നിവ ഒഴികെ ആരോഗ്യ വകുപ്പ് അഗ്നിശമന വകുപ്പ് വൈദ്യുതി വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ നിന്ന് കാലതാമസം നേരിടുന്നു.

3. പുതിയ തൊഴിൽ സംരംഭകന് വ്യവസായം തുടങ്ങാൻ ആവശ്യമായ സ്ഥലത്തിന്റെ കുറവ് ഒരു പ്രശ്നമാണ് . കണ്ണായ സ്ഥലം കൈവശം വെച്ചിട്ടുള്ളവരാകട്ടെ സ്വയം ഇത്തരം യൂണിറ്റുകൾ ആരംഭിക്കുകയോ ആരംഭിക്കാൻ സൗകര്യം ചെയ്ത് കൊടുക്കുകയോ ചെയ്യുന്നില്ല .

4. സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് സ്റേററ് ബാങ്ക് ഓഫ് ഇന്ത്യ കനറാബാങ്ക് എന്നിവയാണ് വായ്പാ സൗകര്യത്തിനായി നാം ഏറെ ആശ്രയിക്കുന്നത്. എന്നാൽ ബാങ്കുകളുടെ താത്പര്യകുറവ് തൊഴിൽ സംരംഭകരുടെ സാധ്യതകളെ മങ്ങലേൽപിക്കുന്നു.

5. വിദഗ്ധ തൊഴിലാളികളുടെ അഭാവം പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. വിവിധ മേഖലകളിൽ സാങ്കേതിക പരിജ്ഞാനം നേടിയവർ വേണ്ടത്ര ഉയർന്നു വരുന്നില്ല. ഉള്ള സാങ്കേതിക വിദഗ്ധരെ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നുമില്ല.

6. പരമ്പരാഗത വ്യവസായങ്ങൾ വേണ്ടത്ര പരിപോഷിപ്പിക്കപ്പെടുന്നില്ല. സർക്കാർ ധനസഹായത്തോടെയും വിവിധ ബാങ്കുകശ സ്പോൺസർ ചെയ്തതുമായ കുറേ കുടിൽ വ്യവസായങ്ങൾ ഉണ്ട്. സ്വകാര്യ വ്യക്തികൾ മുൻകൈ എടുത്ത് നടത്തുന്ന ചെറുകിട യൂണിററുകളും ഉണ്ട്. ഇവക്ക് വ്യായസായിക സബ്സിഡിയോ വിപണന സൗകര്യമോ മററ് വിധത്തിലുള്ള പ്രോത്സാഹനമോ വേണ്ടത്ര ലഭിക്കുന്നില്ല.

7. പല കാരണങ്ങളാൽ തൊഴിലാളികൾക്ക് വേണ്ടത്ര കൂലി ലഭിക്കുന്നില്ല.

316

**സാധ്യതകളും നിർദ്ദേശങ്ങളും**

1. നാളികേരവും അടക്കയും വേണ്ടത്ര ലഭിയ്ക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. അടക്കയിൽ നിന്നും പാക്ക് ഉണ്ടാക്കുന്ന യൂണിററും ഒരു കേന്ദ്രീകൃത വ്യവസായ കൊപ്ര യൂണിററും ആരംഭിക്കാവുന്ന താണ്.

2. കൊപ്രയുടെ സമാഹാരണത്തിനും വിപണനത്തിനുമായി സഹകരണ മേഖലയിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സ്ഥാപനം ആരംഭിക്കാവുന്നതാണ്.

3. സൺമൈക്ക മററും നിർമ്മിക്കാൻ ഉപയോഗിക്കുന്ന ചിരട്ട പൗഡർ വ്യാവസായിക അടിസ്ഥാനത്തിൽ ഉണ്ടാക്കുന്നതാണ്.

4. നാളികേര വെള്ളത്തിൽ നിന്നും ശീതള പാനീയങ്ങൾ വിനാഗിരി ഉണ്ടാക്കൽ നാളികേരം ഉപയോഗിച്ച് ബിസ്ക്കറ്റ് മുതലായവ ഉണ്ടാക്കൽ തുടങ്ങിയവയുള്ള നാളികേര സംസ്കരണ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

5. ചകിരി നാരും വാഴനാരും ഉപയോഗിച്ച് കൊണ്ടുള്ള 'പിക് അപ് ബാഗുകൾ' വ്യാവസായിക അടിസ്ഥാനത്തിൽ ഉണ്ടാക്കാവുന്നതാണ്.

6. ചകിരി നാരിൽ നിന്ന് വൻ വിപണന സാധ്യതയുള്ള കയർ ഉത്പന്നങ്ങൾ ഉണ്ടാക്കാവുന്നതാണ്.

7. ഭാരതപ്പുഴയുടെ പുറം പോക്കിൽ വെള്ളവും മണലും ഉപയോഗിച്ച് ഒരു ഗ്ലാസ് നിർമ്മാണ ഫാക്ററി ആരംഭിക്കണം.

8. റെഡിമെയ്ഡ് ഗാർമെൻറ്സ് ഉണ്ടാക്കുന്ന വ്യവസായ യൂണിററുകൾ ആരംഭിക്കാവുന്നതാണ്.

9. നമ്മുടെ പഞ്ചായത്തിൽ ഇഷ്ടം പോലെ ലഭ്യമായ ഒരു അസംസ്കൃത വസ്തുവാണ് കളിമണ്ണ്. ഇത് ഉപയോഗിച്ച് കൊണ്ട് ഒരു ഇഷ്ടിക കമ്പനിയോ,കളിമൺ വ്യവസായ യൂണിറ്റോ കരകൗശല യൂണിറ്റോ ആരംഭിക്കാവുന്നതാണ്.

10. മോട്ടോർ വാഹനങ്ങൾക്ക് ആവ ശ്യമായ റബ്ബർ ബുഷുകൾ ഉണ്ടാക്കുന്ന ഒരു ഫാക്ടറി ആരംഭിക്കാവുന്നതാണ്.

11. ഒരു മെഴുക് തിരി നിർമ്മാണ ഫാക്ടറി ആരംഭിക്കാവുന്നതാണ്.

12. ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി ആരംഭിക്കാവുന്നതാണ്.

13. ഈററയിൽ നിന്ന് കുട്ടയും മററും ഉണ്ടാക്കാൻ അറിയുന്ന വൈദഗ്ധ്യം നേടിയവരുണ്ട്. അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി ഒരു സഹകരണ യൂണിററ് ആരംഭിക്കാവുന്നതാണ്.

14. ഈർച്ചപ്പൊടിയും ചകിരിചോറും ഉപയോഗിച്ച് ജൈവ വളം ഉണ്ടാക്കുന്ന ഒരു ഫാക്ടറി ആരംഭിക്കുക.


15. ഒരു ഹോളോ ബ്ളോക്സ് നിർമ്മാണ ഫാക്ററി സഹകരണ മേഖലയിൽ ആരംഭിക്കുക.


16. ചമ്രവട്ടത്ത് സഹകരണ അടിസ്ഥാനത്തിൽ ഒരു നെല്ല് കുത്ത് മില്ല് ആരംഭിക്കുക.

17. ഗൾഫ് മലയാളികളുടെ സാമ്പത്തിക ശേഷി ഉപയോഗപ്പെടുത്തി ആവശ്യമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

18. ചമ്രവട്ടം പെരുന്തല്ലൂർ ഭാഗത്തായി ഒരു സിനിമാ ടാക്കീസ് ആരംഭിക്കുക.

വ്യവസായ മേഖലയിൽ ആസൂത്രണ പ്രക്രിയയുടെ പ്രധാന ലക്ഷ്യ ഈ പഞ്ചായത്തിൽ തന്നെ ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങളും പ്രകൃതി വിഭവങ്ങളും സംസ്കരിച്ച് മൂല്യമേറിയ ഉത്പന്നങ്ങൾ (Value added Products) ഉണ്ടാക്കി അത് മററ് സ്ഥലങ്ങളിൽ വിപണനം ചെയ്യുക എന്നുള്ളതാണ്. ഇങ്ങിനെയുള്ള സംരംഭങ്ങൾക്ക് ജനകീയാസൂത്രണ പ്രക്രിയ പ്രചോദനം നൽകുമെന്ന് പ്രത്യാശിക്കാം.






അദ്ധ്യായം - 8

# വിദ്യാഭ്യാസം

8 - 1 പുരാതന കാലം മുതൽക്ക് തന്നെ തൃപ്രങ്ങോട് പഞ്ചായത്തിൽപ്പെട്ട, തൃപ്രങ്ങോട്, ആലത്തിയൂർ, വെട്ടം, പള്ളിപ്പുറം എന്നീ ഗ്രാമങ്ങളിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടന്നിരുന്നു. നാട്ടിൻ പുറങ്ങളിൽ എഴുത്താശാൻമാരുടെ കീഴിൽ അക്ഷരാഭ്യാസവും പ്രാഥമിക ഗണിതാഭ്യാസവും നടന്നു വന്നിരുന്നു. സംസ്കൃത പണ്ഡിതൻമാർ ഗുരുകുല സമ്പ്രദായത്തിൽ സംസ്കൃതാദ്ധ്യാപനവും നടത്തിയിരുന്നു വെട്ടത്തുനാട് സംസ്കൃത പഠനത്തിന്റെ ഒരു പ്രധാനകേന്ദ്രമായിരുന്നു. അറിയപ്പെട്ട അനേകം സംസ്കൃത പണ്ഡിതൻമാർ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ഇസ്ലാംമതം പ്രചാരത്തിൽ വന്നതോടുകൂടി ജുമാ മസ്ജിദുകളോട് അനുബന്ധിച്ച് ഉണ്ടായിരുന്ന മദ്രസകളിൽ അറബിഭാഷയും ഇസ്ലാംമത വിഷയ ങ്ങളും പഠിപ്പിച്ചിരുന്നു.

ഈ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിത രൂപത്തിലായിരുന്നുവെന്ന് പറയാൻ വയ്യ. ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടതിനു ശേഷമാണ് പാശ്ചാത്യ സമ്പ്രദായത്തിലുള്ള പൊതു വിദ്യാലയങ്ങൾ തുടങ്ങുന്നത്. ഇതിന് മുൻകൈ എടുത്തത് ക്രിസ്ത്യൻ മിഷനറിമാരാണ്. മലബാർ പ്രദേശത്ത് സ്കൂളുകൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത് ബാസൽ ഇവാഞ്ചലിക്കൽ മിഷനിലെ പാതിരിമാരാണ്. അവർ ആദ്യമായി മലബാറിൽ ഒരു പൊതു പ്രൈമറിസ്കൂൾ സ്ഥാപിച്ചത് 1848-ൽ കല്ലായിയിലാണ്. ഈ സ്കൂളാണ് പിന്നീട് വളർന്ന് മലബാർ ക്രിസ്ത്യൻ കോളേജായി ഉയർന്നത്. അവർ തലശ്ശേരിയിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു. 1862-ൽ ബ്രണ്ണൻ സായിപ്പിന്റെ ഒസ്യത് പ്രകാരം ലഭിച്ച 12,000 രൂപ ഉപയോഗിച്ചാണ് ബാസൽ മിഷ്യൻകാർ തലശ്ശേരിയിൽ ബ്രണ്ണൻസ് സ്കൂൾ തുടങ്ങിയത്. ഇത് പിന്നീട് ഗവൺമെന്റ് ഏറ്റെടുത്ത് ബ്രണ്ണൻസ് കോളേജായി ഉയർത്തുകയുണ്ടായി. തൃപ്രങ്ങോട് പഞ്ചായത്തിൽ ആദ്യമായി തുടങ്ങിയ സ്കൂൾ പരപ്പേരിയിൽ ബി.ഇ.എം (ബാസൽ ഇവാൻജലിക്കൽ മിഷൻ) സ്ഥാപിച്ച സ്കൂളാണ്. ഇത് തുടങ്ങിയത് 1878 ന് മുമ്പായിരിക്കണം എന്ന് വിശ്വസിക്കപ്പെടുന്നു. 1878 ൽ സ്ഥാപിക്കപ്പെട്ട ഒരു അനാഥാലയം പരപ്പേരിയിൽ ഇപ്പോഴും പ്രവർത്തിച്ചു

വരുന്നുണ്ട്. ഈ അനാഥാലയം സ്ഥാപിക്കുന്നതിന് മുമ്പ് തന്നെ സ്കൂളും പള്ളിയും സ്ഥാപിക്കപ്പെട്ടിരുന്നു എന്ന് കരുതുന്നു. ഇപ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്നത് 1902 ൽ പണിതീർത്ത കെട്ടിടത്തിലാണ്. അതിനുശേഷം സ്ഥാപിക്കപ്പെട്ടതാണ് താഴെ പറയുന്ന സകൂളുകൾ.

പട്ടിക - 1

| | | |
|---|---|---|
| 1 | * എ.എം.എൽ.പി.എസ് ആലത്തിയൂർ | 1910 |
| 2 | * വി.വി.എൽ.പി.എസ് ആലത്തിയൂർ | 1920 |
| 3 | * എ.എൽ.പി.എസ്.തൃപ്രങ്ങോട് | 1921 |
| 4 | * ഗവ:യു.പി.എസ്, ചമ്രവട്ടം | 1922 |
| 5 | * ഗവ:മാപ്പിള.എൽ.പി.എസ് വെട്ടം പള്ളിപ്പുറം | 1924 |
| 6 | * ഏ.എം.എൽ.പി.എസ്.കൈമലശ്ശേരി | 1925 |
| 7 | * ഏ.എം.എൽ.പി.എസ്. തൃപ്രങ്ങോട് | 1926 |
| 8 | * ഏ.എം.എൽ.പി.എസ്. ചെറിയപറപ്പൂർ | 1931 |
| 9 | * ഏ.എം.എൽ.പി.എസ്. പൊയിലിശ്ശേരി | 1936 |
| 10 | * ശാസതാ ഏ.യു.പി.എസ്. ചമ്രവട്ടം | 1938 |
| 11 | * ടി.ഐ.എം.എൽ.പി.എസ്.ആലത്തിയൂർ | 1941 |
| 12 | * ഏ.എം.എൽ.പി.എസ്. കൈനിക്കര | 1941 |
| 13 | * ഏ.വി.എൽ.പി.എസ്.പെരുന്തല്ലൂർ | 1951 |
| 14 | * കെ.എ്.എം.എച്ച്.എസ്. ആലത്തിയൂർ | 1976 |

അവലംബം പഠന പര്യടനം

1921-ലെ മലബാർ കലാപത്തിനുശേഷം മുസ്ലീം സമുദായത്തിൻെറ വിദ്യാഭ്യാസ പ്രശ്നങ്ങൾ പഠിക്കുവാൻ ഗവൺമെൻറ് ഒരു അന്വേഷണക മ്മററിയെ നിയമിക്കുകയും കമ്മിററിയുടെ ശുപാർശ പ്രകാരം മലബാറിൽ അനേകം മാപ്പിള സ്കൂളുകൾ സ്ഥാപിക്കപ്പെടുകയുമുണ്ടായി. മാപ്പിള സ്കൂളുക ളുടെ ഉത്ഭവ പശ്ചാത്തലം ഇതായിരുന്നു.

**8-2 നിലവിലുള്ള വിദ്യാഭ്യാസ സംവിധാനം**

തൃപ്രങ്ങോട് പഞ്ചായത്ത് വിദ്യാഭ്യാസ കാര്യ ത്തിൽ പിന്നിലാണ് ഇവിടെ നിലവിൽ 11 എൽ.പി. സ്കൂളുകളും 3 യു.പി.സ്കൂളുകളും ഒരു ഹൈസ്കൂളും ആണുള്ളത്. ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടത്. 1976 ൽ മാത്രമാണ് ഈ പഞ്ചായത്തിലെ സ്കൂളുകളുടെ പേര്, ഉടമസ്ഥത, കുട്ടികളുടെ എണ്ണം അധ്യാപകരുടെ എണ്ണം ഇവ കാണിക്കുന്ന ഒരു പട്ടിക അടുത്ത പേജിൽ ചേർക്കുന്നു.

പട്ടിക-2

## സ്കൂളുകളുടെ പൊതു വിവരങ്ങൾ

അവലംബം -സമഗ്ര സർവെ (ദ്വിതീയ വിവര ശേഖരണം)

| No. | വിദ്യാലയത്തിൻെറ പേര് | H.S.,U.P., L.P. | വിദ്യാലയത്തിൻെറ ഉടമസ്ഥത | | | | സ്കൂളുകളിലെ കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ള വരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുകൾ |
| 1 | K.H.M..H.S, ആലത്തിയൂർ | H.S. | - | ✔ | - | - | 1622 | 1277 | 2899 | 73 | 73 | - | - |
| 2 | A.M.L.P.S., ആലത്തിയൂർ | L.P | - | ✔ | - | . | 66 | 63 | 129 | 5 | 5 | - | - |
| 3 | V.V.L.P.S., ആലത്തിയൂർ | L.P | - | ✔ | - | - | 127 | 142 | 269 | 9 | 9 | - | - |
| 4 | T.I.M.L.P.S., ആലത്തിയൂർ | L.P | - | ✔ | - | - | 140 | 120 | 260 | 10 | 10 | - | - |
| 5 | B.E.M.U.P.S., പരപ്പേരി | U.P | - | ✔ | - | - | 640 | 608 | 1248 | 26 | 26 | - | - |
| 6 | A.M.L.P.S, ചെറിയ പരപ്പൂർ | L.P | - | ✔ | - | - | 151 | 159 | 310 | 10 | 10 | - | - |
| 7 | A.L.P.S, തൃപ്രങ്ങോട് | L.P | - | ✔ | - | - | 152 | 129 | 281 | 10 | 10 | - | - |
| 8 | A.M.L.P.S, കൈമലശ്ശേരി | L.P | - | ✔ | - | - | 161 | 162 | 323 | 10 | 10 | - | - |
| 9 | A.M.L.P.S, തൃപ്രങ്ങോട് | L.P | - | ✔ | - | - | 127 | 128 | 255 | 10 | 10 | - | - |
| 10 | A.V.L.P.S, പെരുന്തല്ലൂർ | L.P | - | ✔ | - | - | 230 | 237 | 467 | 14 | 14 | - | - |
| 11 | G.U.P.S, ചമ്രവട്ടം | U.P | ✔ | - | - | - | 760 | 781 | 1541 | 46 | 40 | 6 | - |
| 12 | G.M.L.P.S., വെട്ടം പള്ളിപ്പുറം | L.P | ✔ | - | - | - | 82 | 90 | 172 | 6 | 5 | 1 | - |
| 13 | A.U.P.S, ശാസ്ത.ചമ്രവട്ടം | U.P | - | ✔ | - | - | 94 | 97 | 191 | 7 | 7 | - | - |
| 14 | A.M.L.P.S., കൈനിക്കര | L.P | - | ✔ | - | - | 122 | 147 | 269 | 10 | 10 | - | - |
| 15 | A.M.L.P.S., പൊയിലിശ്ശേരി | L.P. | - | ✔ | - | - | 87 | 63 | 150 | 5 | 5 | - | - |
| | ആകെ | | | | | | 4561 | 4203 | 8764 | 251 | 244 | 7 | # |

ഗവൺമെൻറ ഉടമയിൽ 2 എണ്ണവും സ്വകാര്യ ഉടമയിൽ 13 വിദ്യാലയങ്ങളുമാണ് ഉള്ളത്. ചില വാർഡുകളിൽ പ്രൈമറി സ്കൂളുകളിലെത്താൻ കുട്ടികൾക്ക് ഒരു കിലോമീറ്ററിലധികം നടക്കേണ്ടി വരുന്നുണ്ട്. അതുകൊണ്ട് കൂടുതൽ പ്രൈമറി സ്കൂളുകൾ ഈ പഞ്ചായത്ത് പരിധിയിൽ ആവശ്യമാണ്.

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ തീരെ ഇല്ലെന്നു തന്നെ പറയാം. ചമ്രവട്ടം ഗവ:യു.പി.സ്കൂളിൽ പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ ഒരു പ്രീപ്രൈമറി മാത്രമേ ഇപ്പോൾ ഉള്ളൂ. അതിനുപുറമെ ആലത്തിയൂരിലും പരപ്പേരിയിലും ഓരോ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുമുണ്ട്. മററ് സ്കൂളുകളിൽ പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമുണ്ട്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ചില സ്ഥലങ്ങളിൽ ഉള്ള കുട്ടികൾക്ക് വളരെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു. ചമ്രവട്ടം ഗവ:യു.പി.സ്കൂൾ കഴിഞ്ഞ അധ്യയന വർഷം ഹൈസ്കൂളായി ഉയർത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും അത് നടപ്പാക്കുകയുണ്ടായില്ല.

സാങ്കേതിക വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ സൗകര്യങ്ങൾ ഇല്ല. അടുത്ത പോളിടെക്നിക്ക് തിരൂരിലാണ് സ്ഥിതിചെയ്യുന്നത്. തൃപ്രങ്ങോട് പഞ്ചായത്തിൽ നിന്ന് കുറച്ച് പേർക്ക് മാത്രമേ അവിടെ പ്രവേശനം ലഭിക്കുന്നുള്ളൂ. തന്നിമിത്തം ഈ പഞ്ചായത്തിൽ സാങ്കേതിക പരിജ്ഞാനം നേടിയവർ കുറവാണ്. മേൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്ന് പഞ്ചായത്തിൽ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ വ്യക്തമാവുന്നുണ്ടല്ലോ.

ആകെയുള്ള അദ്ധ്യാപകരിൽ 137 സ്ത്രീകൾ ഉണ്ട്. കഴിഞ്ഞ 10 വർഷം കൊണ്ട് അദ്ധ്യാപികമാരുടെ തോത് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ എൽ.പി, യു.പി സ്കൂളുകളിലെആൺകുട്ടികളുടേയും പെൺകുട്ടികളുടെയും എണ്ണത്തിൽ വലിയ അന്ത രമില്ല. ഹൈസ്കൂൾ തലത്തിലെത്തുമ്പോൾ പെൺ കുട്ടികളുടെ എണ്ണം കുറഞ്ഞു പോവുന്നു. ഇതിനൊരു കാരണം പഞ്ചായത്ത് പരിധിയിലുള്ള കുറെ പെൺ കുട്ടികൾ തലക്കാട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന തിരൂർ ഗവ:വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ഫോർ ഗേൾസിലും പഠിക്കുന്നുണ്ട് എന്നുള്ള താണ്. എങ്കിലും ഒരു പ്രധാന കാരണം പല പെൺ കുട്ടികളും യു.പി. വിദ്യാഭ്യാസത്തിനുശേഷം ഹൈസ്കൂളിൽ എത്തുന്നില്ല എന്നുള്ളതാണ്.

**8-3 വിദ്യാലയങ്ങളിലെ ഭൗതിക-സൗകര്യങ്ങൾ**

(1) പല വിദ്യാലയങ്ങളിലും സ്ഥല സൗകര്യം കുറവാണ്. മൂത്രപ്പുരകൾ, കക്കൂസുകൾ എന്നിവയും വേണ്ടത്ര ഇല്ല. കുടിവെള്ള സൗകര്യം ഇല്ലാത്ത നാല് വിദ്യാലയങ്ങൾ ഉണ്ട്. അവയിൽ എ.എം.എൽ.പി. സ്കൂൾ കൈമലശ്ശേരിയിൽ ശുദ്ധജലം ലഭിക്കുന്നില്ല. ഡസ്ക്, ബഞ്ച്, മേശ, കസേര മുതലായ ഫർണ്ണിച്ചർ സാധനങ്ങൾ മിക്ക വിദ്യാലയങ്ങളിലും വേണ്ടത്ര ഇല്ല. ഉള്ളവയിൽ നല്ലൊരു ഭാഗം പഴയതും കേട് വന്നതുമാണ്.

(2) **ഉച്ച ഭക്ഷണം** :-പഞ്ചായത്തിലുള്ള എൽ.പി., യു.പി.സ്കൂളുകളിൽ 1, എ.എം.എൽ.പി.എസ് കൈനിക്കര 2, ബി.ഇ.എം.യു.പി.എസ്.പരപ്പേരി, 3, എ.എൽ.പി.എസ്, തൃപ്രങ്ങോട്, 4 എ.എം.എൽ.പി.എസ്, തൃപ്രങ്ങോട് 5, വി.വി.എൽ.പി.എസ്, ആലത്തിയൂർ എന്നീ സ്കൂളുകളിൽ മാത്രമേ ഉച്ച ഭക്ഷണം നൽകുന്നുള്ളൂ. ബാക്കിയുള്ളവയിൽ ഭക്ഷണ വിതരണം നടക്കുന്നില്ല.

**8-4 അക്കാഡമിക് സൗകര്യങ്ങൾ/നിലവാരം**

ലൈബ്രറി സൗകര്യങ്ങളും പഠനോപകരണങ്ങളും എല്ലാ വിദ്യാലയങ്ങളിലും ഉണ്ടെന്നറിയിച്ചിട്ടുണ്ടെങ്കിലും അവ വളരെ പരിമിതമായ തോതിൽ മാത്രമാണുള്ളത്. എല്ലാ വിദ്യാലയങ്ങളിലും കൂടി 141 ബ്ലാക്ക് ബോർഡുകൾ ആവശ്യമുണ്ടെങ്കിലും നിലവിൽ 120 എണ്ണമേ ഉള്ളൂ. ഉള്ളവയിൽ പലതും പഴയതാണ് 95-96. അദ്ധ്യയന വർഷത്തിൽ 184 മുതൽ 193 വരെ അദ്ധ്യയന ദിവസങ്ങൾ ലഭിച്ചിട്ടുണ്ട്. 10ൽ അധികം അദ്ധ്യയന ദിവസങ്ങൾ പല കാരണങ്ങളാൽ നഷ്ടപ്പെട്ടിട്ടുണ്ട്. വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെട്ടതല്ല. എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ 30-40ശതമാനം കുട്ടികളേ ശരിക്കു പാസാകുന്നുള്ളൂ. ആലത്തിയൂർ ഹൈസ്കൂളിലെ കഴിഞ്ഞ അഞ്ച് വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷാഫലം താഴെ ചേർക്കുന്നു.

പട്ടിക-3

| വർഷം | പരീക്ഷ എഴുതിയവർ | ജയിച്ചവർ | വിജയ-% |
|---|---|---|---|
| 91-92 | 321 | 77 | 23.9 |
| 92-93 | 540 | 111 | 20.55 |
| 93-94 | 576 | 113 | 19.6 |
| 94-95 | 547 | 111 | 20.29 |
| 95-96 | 698 | 160 | 22.92 |

വിജയ ശതമാനം സംസ്ഥാന ശരാശരിയിലും കുറവാണ്.

**8-5 പഠനത്തിൽ നിന്നും കൊഴിഞ്ഞുപോയവർ**

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ എൽ.പി,യു.പി, ഹൈസ്കൂൾ ലവലുകളിൽ തോറ്റവരുടെയും കൊഴി ഞ്ഞ് പോയവരുടെയും എണ്ണം താഴെ ചേർക്കുന്നു.

പട്ടിക 4. (ദ്വിതീയ വിവരം )

| | തോറ്റവർ | കൊഴിഞ്ഞുപോയവർ |
|---|---|---|
| എൽ.പി | 142 | 75 |
| യു.പി. | 203 | 53 |
| ഹൈ.സ്കൂൾ | 356 | 104 |

വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്ക് തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**8-6 പട്ടിക ജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ**

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | ആൺ | പെൺ |
|---|---|---|
| എൽ.പി. / യു.പി. | 163 | 170 |
| ഹൈസ്കൂൾ | 113 | 90 |

മേൽക്കാണിച്ച കണക്ക് സൂചിപ്പിക്കുന്നത് ഹൈസ്കൂളിൽ എത്തുമ്പോഴേക്കും പട്ടികജാതിയിൽപ്പെട്ട കുറെ കുട്ടികൾ കൊഴിഞ്ഞു പോകുന്നു എന്നാണ്, ഇതിന് പരിഹാരമാർഗ്ഗങ്ങൾ തേടണം. പട്ടികവർഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ ഇല്ല.

**8-7 കലാകായിക മത്സരങ്ങൾ**

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിന്ന് കലാ/കായിക മത്സരങ്ങളിൽ കുട്ടികൾ പങ്കെടുക്കാറുണ്ട്. 95-96 അദ്ധ്യയന വർഷത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. ഡിസ്കസ്ത്രോ (സബ്ജൂനിയർ ബോയ്സ്) ,ട്രിപ്പിൾ ജംപ് (സീനിയർ ബോയ്സ്) ഷോട്പുട്ട്(സീനിയർ ഗേൾസ്), ഷോട്പുട്ട്(ജൂനിയർ ഗേൾസ്) എന്നീ ഇനങ്ങളിൽ ജില്ലാ മത്സരങ്ങളിൽ 1-ാം സ്ഥാനം ലഭിച്ച്, സംസ്ഥാനതലത്തിൽ പങ്കെടുത്തിട്ടുണ്ട്. കേരളാ ഫുട്ബാൾ ടീമിൽ KHMHS വിദ്യാർത്ഥി അഷ്റഫ്.സി-ക്ക് സെലക്ഷൻ കിട്ടുകയും ദേശീയ തലത്തിൽ (മദ്ധ്യപ്രദേശ്) ഉള്ള കളിയിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഫുട്ബാളിൽ സോണൽ വിജയികളായി കണ്ണൂരിൽ നടക്കുന്ന സംസ്ഥാന ഫുട്ബാളിൽKHMHS-ലെ മൂന്ന് വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട്. സ്കൂളുകളിൽ വേണ്ടത്ര കളി സ്ഥലങ്ങൾ ഇല്ല. തന്നിമിത്തം കായിക സംസ്കാരം അഭിവൃദ്ധിപ്പെടുന്നില്ല.

**8-8 പി.ടി.എ, മാതൃസംഗമം**

എല്ലാ സ്കൂളുകളിലും പി.ടി.എ.കൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കു പുറമെ പ്രൈമറി സ്കൂളുകളിൽ മാതൃസംഗമവും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനങ്ങൾ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഫലപ്രദമാവുന്നില്ലെന്നാണ് പൊതുവായ നിഗമനം

**8-9 പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

പഞ്ചായത്തിൽ ആകെ 4 പാരലൽ പഠന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 426 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

## അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരിക വിദ്യാഭ്യാസം ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻെറ ഭാഗമായാണ് തുടങ്ങിയത്. പഴയ കാലത്ത് തന്നെ വയോജന വിദ്യാഭ്യാസം ഇവിടെ ചില സ്ഥലങ്ങളിൽനൽകിയിരുന്നു. പക്ഷെ സാക്ഷരതാ പ്രസ്ഥാനം 1990-ൽ തുടങ്ങുന്നതുവരെ ഈ രംഗത്ത് സംഘടിതവും വ്യാപകവുമായ പ്രവർത്തനം ഉണ്ടായിരുന്നില്ല. എന്നാലും ആലത്തിയൂർ നവജീവൻ ഗ്രന്ഥാലയത്തിൻെറ ആഭിമുഖ്യത്തിൽ നടന്നിരുന്ന വയോജന വിദ്യാഭ്യാസകേന്ദ്രം ഈ രംഗത്ത് സ്മരണീയമാണ്. സാക്ഷരതാ പ്രസ്ഥാനത്തിൻെറ ഫലമായി ഒന്നാം ഘട്ടത്തിൽ 1371 പേരെയും രണ്ടാം ഘട്ടത്തിൽ 466 പേരെയും സാക്ഷരർ ആക്കിയിട്ടുണ്ട്. 3-ാം ഘട്ടത്തിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി 4 ജനവിദ്യാകേന്ദ്രങ്ങളും 24 അക്ഷര സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. 1362 പുസ്തകങ്ങൾ ലഭിച്ചിട്ടുണ്ട്. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

**8-10 ഗ്രന്ഥശാലകൾ, വായനശാലകൾ**

പഞ്ചായത്ത് സാംസ്കാരിക നിലയത്തിനു പുറമെ മൂന്നു അംഗീകൃത ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. കൂടുതൽ ഗ്രന്ഥശാലകളും വായനശാലകളും ആവശ്യമാണ്.

**8-11 അങ്കണവാടികൾ**

പഞ്ചായത്തിൽ 17 അങ്കണവാടികൾ ഉണ്ട്.

അവയിൽ ആകെ 3489 കുട്ടികൾക്ക് പരിചരണം ലഭിക്കുന്നുണ്ട്. അങ്കണവാടികളിൽ വേണ്ടത്ര ഭൗതിക സൗകര്യങ്ങൾ ഇല്ല.

**8-11 പ്രശ്നങ്ങൾ**

- പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ വളരെ കുറവാണ്.
- ചില സ്ഥലങ്ങളിൽ കുട്ടികൾക്ക് പ്രൈമറി സ്കൂളിലെത്താൻ ഒരു കിലോ മീറ്ററിലധികം നടന്നു പോകേണ്ടി വരുന്നു. തന്നിമിത്തം കൂടുതൽ പ്രൈമറി സ്കൂളുകൾ ആവശ്യമാണ്.
- ചില സ്ഥലങ്ങളിൽ യു.പി. സ്കൂളുകൾ ആവശ്യമാണ്.
- നിലവിലുള്ള ഹൈസ്കൂൾ ഹയർസെക്കണ്ടറി സ്കൂൾ ആയി ഉയർത്തുകയും ചമ്രവട്ടത്ത് ഹൈസ്കൂൾ സ്ഥാപിക്കുകയും വേണം.
- പഞ്ചായത്തിൽ ഒരു തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം
- സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ, കെട്ടിടം, ഫർണിച്ചർ പഠനോപകരണങ്ങൾ, ടോയിലറ്റ് സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ മുതലായവ അപര്യാപ്തമാണ്.
- വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം കുറവാണ്. അദ്ധ്യാപനം കൂടുതൽ മെച്ചപ്പെടുത്തണം.
- പി.ടി.എ.കൾ, മാതൃസംഗമ സമിതികൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
- പെൺകുട്ടികളുടെ കോളേജ് വിദ്യാഭ്യാസത്തിന് സൗകര്യം കുറവാണ്.
- അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ മോശമാണ്. പുതിയ അങ്കണ വാടികൾ ആവശ്യമാണ്.

**8-12 സാധ്യതകൾ/നിർദ്ദേശങ്ങൾ**

പഞ്ചായത്തിലെ 12 ഗ്രാമസഭകളും ഈ വക പ്രശ്നങ്ങൾ സജീവമായി ചർച്ചചെയ്യുകയും താഴെ പറയുന്ന നിർദ്ദേശങ്ങൾ വെക്കുകയും ചെയ്തിട്ടുണ്ട്.

**പ്രീ-പ്രൈമറി വിദ്യാഭ്യാസം**

-1- ചമ്രവട്ടം ജി.യു.പി.സ്കൂളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി ക്ലാസ്സ്, പഞ്ചായത്തോ, ഗവൺ മെൻേറാ ഏറ്റെടുക്കണം.

-2- എല്ലാ എൽ.പി.സ്കൂളുകളിലും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പി.ടി.എ.യുടെയും പഞ്ചായത്തിൻെറയും സംയുക്താഭിമുഖ്യത്തിൽ ഏർപ്പെടുത്തണം.

**പ്രൈമറി (എൽ.പി/യു.പി) വിദ്യാഭ്യാസം**

1) താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിയ എൽ.പി.സ്കൂളുകൾ സ്ഥാപിക്കണം.

തലൂക്കര - 1-ാം വാർഡ് (എൽ.പി.യും, യു.പി.യും) പൂവാകുളം മദ്രസാ കോളനി ഭാഗം - 6-ാം വാർഡ് ചെറിയ പറപ്പൂര തെക്ക് - 10-ാം വാർഡ്

2) താഴെ പറയുന്ന വാർഡുകളിൽ പുതിയ യു.പി.സ്കൂളുകളുടെ ആവശ്യമുണ്ട്. പുതിയ യു.പി. വിഭാഗങ്ങൾ സ്ഥാപിച്ചോ നിലവിലുള്ള എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ്

വാർഡ് -2-
വാർഡ് -5-
വാർഡ് -6-
വാർഡ് -7-
വാർഡ് -10- (നിലവിലുള്ള ബീരാഞ്ചിറ എൽ.പി. സ്കൂൾ ഉയർത്തി)
വാർഡ് -11-

**ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂൾ :-**

-1- ആലത്തിയൂരിലുള്ള ഹൈസ്കൂൾ ഹയർസെക്കണ്ടറി സ്കൂളായോ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായോ ഉയർത്തണം.

-2- ചമ്രവട്ടം ഗവൺമെൻറ് യു.പി.സ്കൂൾ, ഹൈസ്കൂൾ ആയി ഉയർത്തിക്കൊണ്ട് കഴിഞ്ഞ വർഷം ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിച്ചുവെങ്കിലും അതു നടപ്പാക്കിയില്ല. ഈ സ്കൂൾ ഉടനടി ഹൈസ്കൂൾ ആയി ഉയർത്തണം

-3- തൃപ്രങ്ങോട് പഞ്ചായത്തിലെ യു.പി. സ്കൂളുകളിൽ നിന്ന് പാസ്സായി വരുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹൈസ്കൂളിൽ പ്രവേശനത്തിന് മുൻഗണന നൽകണം.

**കോളേജ് വിദ്യാഭ്യാസം**

പഞ്ചായത്തിൽ കോളേജുകൾ ഒന്നും ഇല്ല. അടുത്തുള്ളകോളേജുകശ പറവണ്ണ, വളാഞ്ചേരി, പൊന്നാനി, തിരൂരങ്ങാടി എന്നീ സ്ഥലങ്ങളിലാണ്. പഞ്ചായത്ത് പരിധിയിൽ ഒരു വനിതാ കോളേജ് തുടങ്ങുന്നത് പെൺകുട്ടികളുടെ വിശിഷ്യാ മുസ്ലീം പെൺകുട്ടികളുടെ ഉയർന്ന വിദ്യാഭ്യാസത്തിന് സഹായകമാകും.

**സാങ്കേതിക വിദ്യാഭ്യാസം**

പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും ഇല്ല. ഒരു ഐ.ടിഐ യോ, പോളിടെക്നിക്കോ സ്ഥാപിക്കണം.

**വയോജന വിദ്യാഭ്യാസം**

സാക്ഷരതാ പ്രസ്ഥാനത്തിൽ കൂടി സാക്ഷരരായ വ്യക്തികളുടെ തുടർ സാക്ഷരത ഉറപ്പു വരുത്തുവാൻ തുടർ സാക്ഷരതാ പ്രസ്ഥാനം ഊർജ്ജിതപ്പെടുത്തണം. പുതിയ നിരക്ഷരരെ കണ്ടുപിടിച്ച് അവരേയും സാക്ഷരർ ആക്കണം

**അങ്കണവാടികൾ**

-1- അങ്കണവാടികളുടെ കെട്ടിടങ്ങൾ, ഉപകരണങ്ങൾ മുതലായ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. ഈ വക കുറവുകൾ പരിഹരിച്ച് ക്രമേണ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

-2- താഴെ പറയുന്ന സ്ഥലങ്ങളിൽ അങ്കണവാടികൾ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പട്ടിക -1-

(പഠന പര്യടനം)

2-ാം വാർഡ് - ആലത്തിയൂർ ഗരുഡൻകാവ്
3-ാം വാർഡ് - നാളിശ്ശേരി
4-ാം വാർഡ് - ബീരാഞ്ചിറ
9-ാം വാർഡ് - ബംഗ്ലാദേശ് കോളനി
10-ാം വാർഡ് - കമ്മുക്ക്
11-ാം വാർഡ് -

8-ാം വാർഡിൽ നിലവിലുണ്ടായിരുന്ന ഒരു അങ്കണവാടി നിർത്തലാക്കിയത് പുനഃസ്ഥാപിക്കണം.

**ഗുണനിലവാരം ഉയർത്തുവാനുള്ള നിർദ്ദേശങ്ങൾ**

അദ്ധ്യാപകരെ സംബന്ധിച്ച് :-

-1- അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ (പുന:പരിശീലനം) ഇടയ്ക്കിടക്ക് നൽകണം. DPEP പ്രോഗ്രാം അനുസരിച്ച് എല്ലാ സ്കൂളുകളിലേയും എല്ലാ അദ്ധ്യാപകർക്കും പുനഃപരിശീലനം നൽകണം. പുനഃപരിശീലനത്തിൻെറ ഫലമായി വിദ്യാഭ്യാസ നിലവാരം ഉയരുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഒരു മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തണം.

-2- അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30-ൽ കവിയരുത്.

-3- സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ ജൂലൈ മാസം 15-നു മുമ്പ് തീർക്കണം.

-4- അദ്ധ്യാപകരുടെ ഒഴിവുകൾ വർഷാരംഭത്തിൽ തന്നെ നികത്തണം. സർക്കാർ സ്കൂളുകളിൽ ഇതിന് വളരെ കാലതാമസം നേരിടുന്നുണ്ട്.

-5- അദ്ധ്യാപകരുടെ സ്ഥലമാറ്റങ്ങൾ അദ്ധ്യയന വർഷം തുടങ്ങുന്നതിനു മുമ്പായി പൂർത്തിയാക്കണം.

**വിദ്യാർത്ഥികളെ സംബന്ധിച്ച്**

-1- ഹാജർ മോശമാകാതിരിക്കാൻ ശ്രദ്ധിക്കണം. ഹാജർ മോശമാകുന്ന കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ച് അദ്ധ്യാപകരും പി.ടി.എ കളും അവരുടെ ഹാജർ മെച്ചപ്പെടുത്തണം.

-2- ഇടയ്ക്ക് വെച്ചു പഠനം നിർത്തുന്ന കുട്ടികളെ പിടിച്ച് അവരെ വീണ്ടും സ്കൂളിൽ ചേർത്ത് പഠനം തുടരുവാൻ പി.ടി.എ.കളും അദ്ധ്യാപകരും ശ്രമിക്കണം.

-3- ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന വിവിധ സ്കോളർഷിപ്പ് തുകകൾ വർഷാരംഭത്തിൽ തന്നെ നൽകി തുടങ്ങണം.

-4- താണ വരുമാനക്കാരുടെ കുട്ടികൾക്ക് യൂനിഫോറവും പാഠപുസ്തകങ്ങളും സൗജന്യമായി നൽകണം.

-5- കുട്ടികളുടെ ബസ്സ് യാത്ര ദുഷ്കരമായിരിക്കുന്നു. ആർ.ടി.എ./ബസ്സുടമകൾ മുതലായവരുമായി ബന്ധപ്പെട്ട് ഇതു പരിഹരിക്കണം

-6- നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന-സമ്മാനങ്ങൾ ഏർപ്പെടുത്തണം.

-7-കുട്ടികൾക്കുളള ഉച്ചഭക്ഷണ പരിപാടി എല്ലാ എൽ.പി./യു.പി. സ്കൂളുകളിലും നടപ്പാക്കണം. അതിനുള്ള പ്രായോഗിക വിഷമതകൾ പി.ടി.എ.കൾ പരിശോധിക്കുകയും പരിഹാരങ്ങൾ കണ്ടു പിടിക്കയും വേണം. ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നതിൽ സംഘടനാപരമായ (Organisational) പല പോരായ്മകളുണ്ടെന്ന് പറയുന്നു. അവ വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറ് പരിഹരിക്കണം.

**വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ**

-1- സ്കൂളുകളിൽ, ബഞ്ചുകൾ, ഡസ്ക്കുകൾ മുതലായവ വേണ്ടത്രയില്ല. ഉളളവയിൽ പലതും പഴയതാണ്. വേണ്ട ഫർണിച്ചറും മറ്റുപകരണങ്ങളും നൽകുവാൻ മാനേജുമെൻറുകളും ഗവൺമെൻറും ശ്രദ്ധിക്കണം.

-2- മിക്ക വിദ്യാലയങ്ങളിലും മൂത്രപ്പുരകൾ, കക്കൂസുകൾ മുതലായ ടോയിലെറ്റ്

സൗകര്യങ്ങൾ കുറവാണ് ഇതു പരിഹരിക്കണം.

-3- വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾ, മേച്ചിൽ മുതലായവ മദ്ധ്യവേനൽ അവധികാലത്ത് തന്നെ ചെയ്തുതീർക്കണം.

**പി.ടി.എ./മാതൃസംഗമം**

-1- പി.ടി.എകളും മാതൃസംഗമ സമിതികളും എല്ലാ മാസങ്ങളിലും ചേരുകയും സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെടുത്തുവാൻ ശ്രമിക്കുകയും വേണം. മാനേജുമെൻറ് പ്രതിനിധികളേയും ഈ യോഗങ്ങളിൽ പങ്കെടുപ്പിക്കണം.

-2- ഓരോ സ്കൂളിൻേറയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ പഞ്ചായത്ത് സമിതിയുടെ ആഭിമുഖ്യത്തിൽ ജനകീയ സമിതികൾ രൂപീകരിക്കണം.

**സ്കൂൾ കോംപ്ലക്സ്**

സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം ശരിയായി നടക്കുന്നില്ല. ഇവയുടെ പ്രവർത്തനം സജീവമാക്കണം.

**പാഠപുസ്തകങ്ങൾ**


പാഠ പുസ്തകങ്ങൾ സമയത്തിന് കിട്ടുന്നില്ല എന്നുളള പരാതി സർവത്രയുണ്ട് വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറ് ഇതു പരിഹരിക്കണം.


**കായിക സംസ്കാരം**

മിക്ക സ്കൂളുകളിലും കളിസ്ഥലങ്ങൾ ഇല്ലാത്തതിനാൽ കായിക സംസ്കാരം വളരുന്നില്ല. പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലമെങ്കിലും ഉണ്ടാക്കണം. ഇതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

**ശാന്തമായ അന്തരീക്ഷം**

വിദ്യാലയങ്ങളിൽ ശാന്തമായ പഠനാന്തരീക്ഷം സൃഷ്ടിക്കുവാൻ വിദ്യാർത്ഥി സംഘടനകൾ, അദ്ധ്യാപക സംഘടനകൾ, പി.ടി.എ.കൾ ബഹുജന സംഘടനകൾ എന്നിവർ ഒരുമിച്ച് പ്രവർത്തിക്കണം. സമൂഹത്തിൻെറ സർവ്വതോന്മുഖമായ വളർച്ചയുടെ അടിത്തറ നല്ല വിദ്യാഭ്യാസമാണ്. അതുകൊണ്ട് സമൂഹം മുഴുവനും വിദ്യാഭ്യാസകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തണം. വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻസാമൂഹികമായ ഇടപെടൽ ആവശ്യമാണ്. പഞ്ചായത്ത്രാജ് സംവിധാനത്തിലൂടെയും ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെയും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും നിലവാരം ഉയർത്തുവാനും സാധിക്കുമെന്ന് നമ്മുക്ക് പ്രതീക്ഷിക്കാം.






അദ്ധ്യായം - 9

# കുടിവെള്ളവും പൊതുജനാരോഗ്യവും

9-1. ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിൻെറ ലഭ്യതയും ഗുണ നിലവാരവും. കുടിവെള്ളത്തിനായി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 6118 വീടുകളാണ് പഞ്ചായത്തിലുളളത്. അവയിൽ 4726 സ്വകാര്യ കിണറുകൾ ഉണ്ട്. 12 വാർഡുകളിലായി 21 പൊതു കിണറുകൾ ഉണ്ട്. അവയിൽ 5 എണ്ണം ഉപയോഗ ശൂന്യമാണ്. കൈനിക്കര, മുള്ളൻമട, പാവേരിക്കര, ബീരാൻചിറ ആനപ്പടി മുതലായ ഉയർന്ന പ്രദേശങ്ങളിൽ വേനൽ കാലങ്ങളിൽ കിണർ വററാറുണ്ട്. കലക്കു വെള്ളം രുചിഭേദം മുതലായ പ്രശ്നങ്ങളും നില നിൽക്കുന്നുണ്ട്.

9-2 പൈപ്പ് വെളളം പഞ്ചായത്തിൻെറ ഒരു ഭാഗത്തും ലഭ്യമല്ല. കാരത്തൂർ മുതൽ കൈനിക്കര പാവേരിക്കര പഞ്ഞൻപടിവരേയും ബീരാൻചിറ, ആനപ്പടി വഴി ആലിങ്ങൽവരേയും പൈപ്പ് വെള്ളം എത്തിക്കുന്നതിൻെറ ഭാഗമായി കേരളാ വാട്ടർ അതോറിററി വർഷങ്ങൾക്ക് മുമ്പ് പൈപ്പ് കുഴിച്ചിട്ടിരുന്നെങ്കിലും അതിൻെറ തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. നാലാം വാർഡിലെ പള്ളിപ്പടിയിലും 11ാം വാർഡിൽ പ്പെട്ട കാരത്തൂരിലും ഓരോ പൊതു കുഴൽ കിണറുകൾ ഉണ്ട്. 50 ഓളം കുടുംബങ്ങൾ ഇവ പ്രയോജനപ്പെടു ത്തുന്നുണ്ട്. കുടിവെളളത്തിൻെറ ആവശ്യത്തിനായി ഉപയോഗിക്കുന്ന കുഴൽ കിണറുകൾ ആവശ്യമുണ്ടെങ്കിലും അവ ലഭ്യമല്ല. ഉറവകൾ, കുടി വെളളത്തിനുപയോഗിക്കുന്ന കുളങ്ങൾ എന്നിവയും പഞ്ചായ ത്തിൽ ഇല്ല. കേരളാ വാട്ടർ അതോറിററിയുടെ ഒററ ജലവിതരണ പദ്ധതിയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

9-3 1-ാം വാർഡിലെ പൊറേറാടി, തണ്ടില്ലാക്കര, പ്രദേശങ്ങൾ അഞ്ചാം വാർഡിലെ കുട്ടമ്മാക്കൽ 4ാം വാർഡിലെ ബീരാൻചിറ, പട്ടികജാതി കോളനി ഒറും കാട്, ലക്ഷം വീട് കോളനി, മേപ്പാടം, പട്ടികജാതി കോളനി 11ാം വാർഡിലെ മുള്ളൻമട ലക്ഷംവീട് കോളനി 12ാം വാർഡിലെ പട്ടികജാതി

326 1

കോളനി 8ാം വാർഡിലെ ലക്ഷം വീട് കോളനി എന്നിവയിൽ രൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു.

9-4 വേനൽ കാലത്ത് ഒരു കി.മീററിലധികം സഞ്ചരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നവരാണ് പൊറേറാടി പട്ടികജാതി കോളനി

9-5 രുചി ഭേദം, നിറ വിത്യാസം, കലക്ക് വെള്ളം മുതലായ പ്രശ്നങ്ങളാൽ കുടി വെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുമുണ്ട്. ആറാം വാർഡിൻെറ പിഞ്ഞാറേ മേഖല, അഞ്ചാം വാർഡിൻെറ കുട്ടമ്മാക്കൽ ഉൾപ്പെടെ ഉള്ള പ്രദേശങ്ങൾ, പൊറെറാടി, തണ്ടില്ലാക്കര 12ാം വാർഡിലെ ചില ഭാഗങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലാണ് ഈ പ്രശ്നം രൂക്ഷമായിട്ടുള്ളത്. വെള്ളത്തിന് ദുർഗന്ധം അനുഭവപ്പെടുന്ന പ്രശ്നം ഒരു പ്രദേശത്ത് നിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**9-6 പ്രശ്നങ്ങൾ**

പഞ്ചായത്തിലെ 12 ഗ്രാമ സഭകളിലും സജീവമായി ചർച്ച ചെയ്യപ്പെട്ട പ്രശ്നമാണ് കുടിവെള്ളം. പഞ്ചായത്തിന് പൊതുവെ ബാധകമായ പ്രശ്നങ്ങളും അതത് വാർഡുകളിലെ വിശേഷാൽ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടുകയുണ്ടായി.

1) ഒന്നാം വാർഡിലെ പൊറെറാടി തണ്ടില്ലാക്കര പ്രദേശങ്ങൾ ,അഞ്ചാം വാർഡിലെ കുട്ടമ്മാക്കൽ 4-ാം വാർഡിലെ ബീരാൻചിറ പട്ടികജാതി കോളനി, ഒറുംകാട് ലക്ഷം വീട് കോളനി മേപ്പാടം പട്ടികജാതി കോളനി, 12-ാം വാർഡിലെ ലക്ഷം വീട് കോളനി ,11-ാം വാർഡിലെ മുള്ളൻമട പട്ടികജാതി കോളനി, 8-ാം വാർഡിലെ ലക്ഷാ വീട് കോളനി തുടങ്ങിയവയാണ്. അതിരൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ. ഈ പ്രദേശങ്ങളിൽ ഉപയോഗ ശൂന്യമായ പൊതുകിണറുകൾ നന്നാക്കുകയും ആഴം കൂട്ടുകയും വേണം.

2) പൊയിലിശ്ശേരി, കോലുപാലം, കൈനിക്കര പാവേലിക്കര, ബീരാൻചിറ, ആനപ്പടി മുതലായ ഉയർന്ന പ്രദേശങ്ങളിൽ വേനൽ കാലങ്ങളിൽ ജലാശയങ്ങൾ വററും. 6ാം വാർഡിൻെറ പടിഞ്ഞാറൻ മേഖല കുട്ടമ്മാക്കൽ, കൈമലശ്ശേരി, പൊറെറാടി തണ്ടില്ലാക്കര പ്രദേശങ്ങളിൽ വേനൽക്കാലത്ത് വെള്ളത്തിന് ഉപ്പ് രസം അനുഭവപ്പെടുന്നു. നിറഭേദം സംഭവിക്കൽ കലക്കുവെള്ളമാവൽ തുടങ്ങിയ പ്രശ്നങ്ങൾ പൊയിലിശ്ശേരി, പാവേരിക്കര, കൈനിക്കര എന്നീ പ്രദേശങ്ങളിലും ഉണ്ട്.

**9-7 സാദ്ധ്യതകളും നിർദ്ദേശങ്ങളും**

1) പന്ത്രണ്ട് വാർഡുകളും സ്പർശിച്ചു കൊണ്ട് വാട്ടർ പൈപ്പുകൾ സ്ഥാപിച്ച് പൊതു ടാപ്പുകൾ ലഭ്യമാക്കുക.

2) ഭാരതപ്പുഴയിലും കൈപനാൽ കുളത്തിലും ഒട്ടുപുറം വാൽക്കുളത്തിലും കിണർ കുഴിച്ച് വാട്ടർടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിച്ചാൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടി വെള്ളം എത്തിക്കാൻ കഴിയും.

3) കൈനിക്കര, മുള്ളൻമട, ലക്ഷം വീട് കോളനിയാണ് പഞ്ചായത്തിലെ ഏററവും ഉയർന്ന പ്രദേശം. ഇവിടെ ഭൂഗർഭജല അതോറിററിയുടെ സഹായത്തോടെ ഒരു വാട്ടർ സ്കീം ആരംഭിക്കാവുന്നതാണ്.

4) പൊറേറാടി കുട്ടമ്മാക്കൽ പോലുള്ള പ്രദേശങ്ങളിൽ കുഴൽ കിണർ ഫലവത്താകില്ല. ഉറും കാട് ലക്ഷം വീട് കോളനി, മുള്ളൻമട കോളനി. കോലൂപാലം, ചെറിയ പറപ്പൂർ, കോളനി എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കാവുന്നതാണ്.

5) വിവിധ വാർഡുകളിൽ ഉള്ള പൊട്ടകിണറുകൾ ഉപയോഗ ശൂന്യമായ പൊതു കിണറുകൾ എന്നിവ നന്നാക്കുകയും ആഴം കൂട്ടുകയും ചെയ്യാവുന്നതാണ്.

6) ആലിങ്ങൽ കേന്ദ്രീകരിച്ച് 1.5. സെൻറ് സ്ഥലം ലഭ്യമാക്കി കിണർ കുഴിച്ച് വാട്ടർ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ ഇട്ടാൽ കുട്ടമ്മാക്കൽ പൊറേറാടി മുതലായ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. കൂടാതെ ഓര് വെള്ളത്തിൻെറ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ ധാരാളം ജലലഭ്യതയുള്ള 4 സെൻറ് സ്ഥലം കൈമലശ്ശേരിയിൽ ഒരു സ്വകാര്യ വ്യക്തി പഞ്ചായത്തിലേക്ക് വിട്ടുതരാൻ തയ്യാറാണ്. ഈ സ്ഥലത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ ഇട്ടാൽ ഈ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടാവുന്നതാണ്.

**7) ചെറുകിട ശുദ്ധ ജലവിതരണ പദ്ധതി -**

കേരള വാട്ടർ അതോറിററിയുടെ ആഭിമുഖ്യത്തിൽ ഭാരതപ്പുഴയിൽ വേണ്ടത്ര സംഭരണ ശേഷിയുള്ള വാട്ടർടാങ്ക് നിർമ്മിച്ച് ഒരു ശുദ്ധജലവിതരണ

പദ്ധതി ആരംഭിക്കേണ്ടതാണ്.

8) കുളങ്ങളും കിണറുകളും മലിനമാവുന്നത് തടയേണ്ടതാണ്.

9) കമ്മുക്ക് പദ്ധതിയിൽ നിന്ന് പുഞ്ച കൃഷിക്ക് വരൾച്ച സമയത്ത് ചെറിയ പറപ്പൂർ കായൽ, വെള്ളോട്ട് പാടം, മേപ്പാടം, മേപ്പാടം, ചാലിയപാടം എന്നീ പാടശേഖരങ്ങളിലേക്ക് ആഴ്ചയിൽ ഒരിക്കലെങ്കിലും വെള്ളം പമ്പ് ചെയ്യുകയാണെങ്കിൽ ചെറിയ പറപ്പൂർ പ്രദേശം, ബീരാൻചിറ, പരപ്പേരി, തൃപ്രങ്ങോട്, ആനപ്പടി ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം ഒരളവോളം പരിഹരിക്കാൻ സാധിക്കുന്നതാണ്.

**ആരോഗ്യം**

9-8 രണ്ടായിരാമാണ്ടിൽ രാഷ്ട്രം കൈവരിക്കാനുദ്ദേശിക്കുന്ന ആരോഗ്യലക്ഷ്യങ്ങൾ കേരളം പല വർഷങ്ങൾക്കു മുമ്പേ കൈവരിച്ചു കഴിഞ്ഞുവെന്നത് പ്രസിദ്ധമാണ്. എന്നാൽ നാനാവിധ ആരോഗ്യ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. അവ നേരിടുന്നതിന് നിലവിലുള്ള ആരോഗ്യ പരിപാടികളെ സംയോജിപ്പിച്ചുകൊണ്ട് ഒരു സമഗ്രപരിപാടി തയ്യാറാക്കേണ്ടതുണ്ട്.

9-9 കേരളത്തിലെ പ്രശസ്തമായ വൈദ്യ കുടുംബങ്ങളിൽപ്പെട്ട ആലത്തിയൂർ നമ്പിമാർ, തൃപ്രങ്ങോട് മൂസ്സത്മാർ, പെരുന്തല്ലൂരിലെ ചങ്ങമ്പള്ളി ഗുരുക്കന്മാർ കൈനിക്കരയിലെ കൃഷ്ണൻ വൈദ്യർ തുടങ്ങി പാരമ്പര്യ ചികിത്സ നടത്തിയിരുന്ന കുടുംബങ്ങളേയും നാട്ടുവൈദ്യമാരേയും ആശ്രയിച്ചുകൊണ്ടുള്ള ചികിത്സാസമ്പ്രദായമായിരുന്നു ഇവിടെ നിലനിന്നിരുന്നത്.

9-10 ആധുനിക ചികിത്സാ രംഗത്തെ പ്രഥമ സ്ഥാപനം 4-9-1972 ൽ ആലിങ്ങലിൽ ശ്രീ.സി.എം. മുഹമ്മദുണ്ണി ഹാജിയുടെ ഉടമസ്ഥതയിലുള്ള സൗജന്യമായി വിട്ടുകൊടുത്ത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ഡിസ്പൻസറിയാണ്. 1984 വരെ ഈ വാടകക്കെട്ടിടത്തിൽ തന്നെയായിരുന്നു പ്രവർത്തനം. ഇപ്പോൾ ശ്രീമതി. എടശ്ശേരി ഇയ്യാച്ചുമ്മയുടെ പക്കൽ നിന്ന് വിലക്ക് വാങ്ങിയ ഒരേക്കർ സ്ഥലത്ത് പൊതുജന സഹായത്തോടെ നിർമ്മിച്ച സ്വന്തം കെട്ടിടത്തിലാണം പ്രവർത്തിക്കുന്നത്. കെട്ടിട നിർമ്മാണത്തിന് നേതൃത്വം നൽകിയത് പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായും കനമൽ ഗോവിന്ദൻ നായർ കൺവീനർ ആയും ഉള്ള ഒരു സമിതിയാണ്. സമിതിയുടെ അദ്ധ്യക്ഷനായിരുന്ന പരേതനായ ഇടശ്ശേരി അഹമ്മത്കുട്ടിയുടെ സേവനം ഈ അവസരത്തിൽ സ്മരണീയമാണ്. വെട്ടം പി.എച്ച്.സി ക്ക് കീഴിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം 1-11-1988 ൽ അപ്ഗ്രേഡ് ചെയ്ത് പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കി ഉയർത്തി സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ഇപ്പോൾ 5 സബ്സെൻററുകൾ ഇതിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ചമ്രവട്ടം, പെരുന്തല്ലൂർ, കൈനിക്കര എന്നീ സബ് സെൻററുകൾക്ക് ഐ.പി.പി. നിർമ്മിച്ചു കൊടുത്ത സ്വന്തം കെട്ടിടങ്ങളുണ്ട്. കൈമലശ്ശേരി ഹെൽത്ത് സെൻററിന് സ്വന്തം കെട്ടിടമുണ്ടെങ്കിലും ജീർണ്ണാവസ്ഥയിലാണ്. ആലത്തിയൂർ സബ്സെൻററിന് സ്വന്തം ട്ടെിടമില്ല. ഇപ്പോൾ ജീവനക്കാർ വാടകയക്കെടുക്കുന്ന കെട്ടിടത്തിലാണ് ആലത്തിയൂർ സബ് സെൻറർ പ്രവർത്തിക്കുന്നത്. ഇതിനുപുറമേ പൊയ്‌ലശ്ശേരിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പൻസറിയുമുണ്ട്. ആയുർവ്വേദ ആശുപത്രികൾ പഞ്ചായത്തിൽ നിലവിലില്ല.

9-11 പഞ്ചായത്തിൽ 10 അലോപ്പതി ഡോക്ടർമാരുടേയും 5 ആയുർവ്വേദ ഡോക്ടർമാരുടേയും ഒരു ഹോമിയോ ഡോക്ടറുടേയും സേവനം ലഭ്യമാണ്. 8 മെഡിക്കൽ സ്റേറാറുകൾ, ആര്യവൈദ്യശാല, കോയമ്പത്തൂർ ഫാർമസി, മാധവ ഫാർമസി, അഷ്ടവൈദ്യശാല എന്നിവയുടെ ഓരോ ഏജൻസിയും 10 നാടൻ മരുന്നു കടകളും ഉണ്ട്. കൈമലശ്ശേരി പരമ്പര വൈദ്യന്മാരും ആലത്തിയൂർ അജന്ത ആയുർവ്വേദ ഫാർമസിയും രജിസ്ട്രേഡ് ഔഷധ നിർമ്മാതാക്കളാണ്. പെരുന്തലല്ലൂർ ഗുരുക്കൾ, ആലത്തിയൂർ സി.കെ.എം ഗുരുക്കൾ, കൈമലശ്ശേരി പരമ്പര, ആലത്തിയൂർ നമ്പി, ആലത്തിയൂർ ആര്യവൈദ്യശാല, ചമ്രവട്ടം ഹോമിയോ എന്നിവിടങ്ങളിൽ ചികിത്സയും മരുന്നു വിൽപ്പനയും നടക്കുന്നു.

**അവലോകനം**

9-12 ഒരു പഞ്ചായത്തിൻെറ ആരോഗ്യ രംഗത്തെ വളർച്ച പരിശോധിക്കുന്നതിൻെറ പ്രധാന മാനദണ്ഡങ്ങളിലൊന്നാണ് മരണനിരക്ക്. ലഭ്യമായ കണക്കുകളനുസരിച്ച് 1995 നമ്മുടെ പഞ്ചായത്തിൽ 191 മരണങ്ങളാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളത്. ഇത് 1000 ന് 48 വരും. കേരളത്തിലെ പൊതുമര

3२8

ണനിരക്ക് 5.9% ആണ്. 1995 ൽ ഒരൊറ്റ മാതൃമരണവും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. കേരളത്തിലും മാതൃമരണനിരക്ക് പൊതുവേ കുറവാണ്. 1000 ന് 1ൽ താഴെയേ വരൂ.

ഒരു സ്ഥലത്തെ പൊതുജന ആരോഗ്യ നിലവാരത്തിൻെറ ഏററവും നല്ല അളവുകോലാണ് അവിടുത്തെ ശിശുമരണനിരക്ക്. കേരളത്തിൻെറ ശിശുമരണ നിരക്ക് 16 ആണ്. നമ്മുടെ പഞ്ചായത്തിൽ 8 ശിശുമരണങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കുറഞ്ഞ ശിശുമരണം ആരോഗ്യ നിലവാരത്തിൻെറ ഉയർച്ചയെ കാണിക്കുന്നു.

കേരളത്തിലെ ശരാശരി ജനനനിരക്ക് 17 ആണ്. 1995 ൽ നമ്മുടെ പഞ്ചായത്തിൽ 688 ജനനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് ആയിരത്തിന് 20 വരും. കേരളത്തിൻെറ ശരാശരിയേക്കാൾ ജനനനിരക്ക് ഈ പഞ്ചായത്തിൽ കൂടുതലാണ്. 5099 ദമ്പതിമാരിൽ 2866 പേരാണ് കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചിരിക്കുന്നത്.

**9-13 പ്രായഘടന**

പട്ടിക- 1

| പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ കണക്ക് | | |
|---|---|---|
| 15-19 | - | 474 |
| 20-24 | - | 1054 |
| 25-29 | - | 1186 |
| 30-34 | - | 1079 |
| 35-39 | - | 876 |
| 40-44 | - | 428 |
| | | 5099 |

അവലംബം സെക്കണ്ടറി ഡാററാ

പട്ടിക- 2

| | | |
|---|---|---|
| ഒരു വയസ്സിനു താഴെയുള്ള കുട്ടികൾ | : | 621 |
| ജീവിച്ചിരിക്കുന്ന കുട്ടികൾ | : | 4573 |
| അമ്മമാരുടെ എണ്ണം | : | 4573 |
| ഒരു കുട്ടി മാത്രമുള്ളവർ | : | 1003 |
| 2 കുട്ടികളുള്ളവർ | : | 1215 |
| 2 ൽ കൂടുതൽ കുട്ടികളുള്ളവർ | : | 2355 |
| ഗർഭിണികൾ | : | 664 |
| മുലയൂട്ടുന്ന അമ്മമാർ | : | 668 |

**9-14 പ്രതിരോധ കുത്തിവയ്പുകൾ**

1195 ലെ കണക്കനുസരിച്ച് വിവിധ പ്രതിരോധ കുത്തിവയ്പ് പടത്തിയ കുട്ടികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

പട്ടിക- 3

| | | |
|---|---|---|
| ടെററനസ് | : | 56 |
| ഡി.പി.ടി. | : | 399 |
| പോളിയോ | : | 430 |
| ബി.സി.ജി. | : | 428 |
| മീസിൽസ് | : | 353 |

(സെക്കണ്ടറി ഡാററാ)

ഹെൽത്ത് സെൻററുകളിൽ ആവശ്യമായ സൗക ര്യമുണ്ടായിട്ടും പ്രതിരോധ കുത്തിവയ്പിന് സ്വകാര്യ മേഖലയെ ആശ്രയിക്കുന്ന പ്രവണത തുടരുകയാണ്. പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനു കീഴിൽ വാർഡുകളിലെ വിവിധ കേന്ദ്രങ്ങളിൽ നടന്ന പ്രതിരോധ കുത്തിവെയ്പ് വൻവിജയമായിരുന്നു.

**9-15 കുട്ടികളുടെ പോഷക നിലവാരം**

പട്ടിക- 3

| | | |
|---|---|---|
| ഗ്രേഡ് - I | : | 183 |
| ഗ്രേഡ് - II | : | 11 |
| ഗ്രേഡ് - III | : | 12 |

**9-16 വൈകല്യ നിരക്ക്**

| | | |
|---|---|---|
| അന്ധർ | : | 12 |
| ബധിരർ | : | 10 |
| മൂകർ | : | -- |
| ബധിര മൂകർ | : | 10 |
| ചലനവൈകല്യമുള്ളവർ | : | 46 |
| മന്ദബുദ്ധികൾ | : | 20 |
| മൊത്തം | : | 98 |

(സെക്കണ്ടറി ഡാററാ)

അംഗവൈകല്യമുള്ളവർ മൊത്തം പഞ്ചാ[illegible]ത്തിലെ ജനസംഖ്യയുടെ 0.24% വരും. 1000-[illegible] ശരാശരി 2.4 പേർ.

**9-17 രോഗാതുരത**

തൃപ്രങ്ങോട് പി.എച്ച്.സിയിൽ ചികിത്[illegible] നടത്തിവരുന്ന 7 ക്ഷയരോഗികളും 14 കുഷ്ഠരോഗികളു[illegible] ഉണ്ട്. 1995-ൽ 13 പേർക്ക് മലമ്പനി രോഗം ബാധിച്ച[illegible] തിമിര രോഗം ബാധിച്ചവരുടെ എണ്ണം ശേഖരിച്ചിട്ടില്ല.

**9-18 മറ്റു രോഗങ്ങൾ**

പകർച്ച വ്യാധികൾ(തൃപ്രങ്ങോട് പി.എച്ച്.സി യിൽ നിന്നും ശേഖരിച്ച കണക്ക്)

പട്ടിക-5

| ജലജന്യം | (ഡിഫ്തീരിയ, തുടങ്ങിയവ) | |
|---|---|---|
| 1993-94 | : | 388 |
| 1994-95 | : | 369 |
| 1995-96 | : | 286 |

വായുജന്യം : (അഞ്ചാംപനി, ചിക്കൻപോക്സ് തുടങ്ങിയവ)

| | | |
|---|---|---|
| 1993-94 | : | 52 |
| 1994-95 | : | 170 |
| 1995-96 | : | 121 |

പ്രാണിജന്യം : (മലേറിയ മുതലായവ)

| | | |
|---|---|---|
| 1993-94 | : | ഇല്ല. |
| 1994-95 | : | 11 |
| 1995-96 | : | 13 |

(അവലംബം സെക്കണ്ടറി ഡാററാ)

**9-19 പൊയ്‌ലിശ്ശേരി ഹോമിയോ ഡിസ്പൻസറിയിൽ ചികിത്സക്കെത്തിയവർ :**

പട്ടിക-6

| വർഷം | ഒ.പി. | ത്വക്‌രോഗം | വാതരോഗം | പകർച്ചവ്യാധി | മറ്റുളളവ |
|---|---|---|---|---|---|
| 93-94 | 1739 | 312 | 156 | 310 | 961 |
| 94-95 | 2634 | 280 | 44 | 220 | 2130 |
| 95-96 | 2240 | 260 | 120 | 190 | 1670 |

(അവലംബം സെക്കൻററി ഡാററാ)

തൃപ്രങ്ങോട് പി.എച്ച്.സിയിൽ 95-96 ൽ 3251 പുരുഷന്മാരും, 7650 സ്ത്രീകളും 7715 കുട്ടികളുമു ൾപ്പെടെ 18616 പേർ ചികിത്സയ്ക്കാ യെത്തി.

കോളറ മുതലായ രോഗങ്ങൾ വർഷക്കാലത്ത് പഞ്ചായ ത്തിലെ മിക്കപ്രദേശങ്ങളിലും പടർന്നു പിടിക്കാറുണ്ട്. ഏതെങ്കിലും പ്രദേശത്തെ ബാധി ക്കുന്ന പ്രത്യേകമായ അസുഖങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ നില വിലില്ല.

**9-20 ആരോഗ്യവിദ്യാഭ്യാസം :**

ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഫല പ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ആരോ ഗ്യവിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര ബോധവൽക്കരണം ഇനിയും ആയിട്ടില്ല. തൃപ്രങ്ങോട് പി.എച്ച്.സിയിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് ചുരുങ്ങിയത് 2351 കുടുംബങ്ങളെങ്കിലും കുടുംബാസൂത്രണത്തിന് വിധേയരാവേണ്ടവരാണ്. അജ്ഞതയും ഭയവും മൂലം പ്രതിരോധ കുത്തിവയ്പിന് അറച്ചു നിൽക്കുന്നവരും ഏറെയാണ്. തൃപ്രങ്ങോട് പി.എച്ച്.സിയിൽ നിന്നും സബ്സെൻററുകളിൽ നിന്നും പരിമിതമായ വിധത്തിലാണെങ്കിലും വിതരണം ചെയ്യുന്ന മരുന്നും മറ്റും അർഹതയുളള പലരും ഇപ്പോഴും ഉപയോഗ പ്പെടുത്തുന്നില്ല. പഠനപര്യടനത്തിനിടയിൽ ഒന്നാം വാർഡിലെ ഒരു സ്ത്രീ ക്ഷയരോഗത്തിന് ചികിത്സ നടത്തുന്നതായി അറിഞ്ഞു. മരുന്നുകൾ പുറമേ നിന്നാണ് വാങ്ങിച്ചിരുന്നത്. ആലിങ്ങൽ പി.എച്ച്.സി യിൽ നിന്നും സൗജന്യമായി ക്ഷയരോഗത്തിനുളള മരുന്ന് ലഭിക്കുമെന്ന വിവരം അവർക്ക് അറിയി ല്ലായിരുന്നു.

(പഠന പര്യടനം)

**9-21 കുട്ടികളുടെ പോഷണ നിലവാരം**

പഞ്ചായത്തിലെ 17 അങ്കണവാടികൾ കേന്ദ്രീകരിച്ചുകൊണ്ട് കുട്ടികളുടെ പോഷണ നില വാരം ഉയർത്താനുളള മാർഗങ്ങൾ നടന്നു വരുന്നുണ്ട്. കുട്ടികളുടെ തൂക്കം മാസം തോറും തിട്ടപ്പെടുത്തൽ, അങ്കണവാടി വഴി നടപ്പിലാക്കുന്ന ന്യൂട്രീഷൻ

പ്രോഗ്രാം, അമ്മമാർക്കു വേണ്ടി നടത്തുന്ന ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ കുട്ടികളുടെ പോഷണ നിലവാരം ഉയർത്താനുള്ള ശ്രമങ്ങളാണ്. 17 അങ്കണവാടികളിലായി ഒരു വയസ്സിനും, 6 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള 3489 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനുപൂരക പോഷകാഹാരം ലഭിക്കുന്ന 2205 കുട്ടികൾ ഉണ്ട്. അനുപൂരക പോഷകാഹാരം ലഭിക്കുന്ന് 508 ഗർഭിണികളും 498 മുലയൂട്ടുന്ന അമ്മാമാരുമുണ്ട്.

9-22 സ്കൂളുകൾ വഴി നടപ്പാക്കുന്ന ഉച്ചഭക്ഷണം പരിപാടി പഞ്ചായത്തിലെ 14 സ്കൂളുകളിൽ 5 സ്കൂളുകളിൽ മാത്രമാണ് നടപ്പാക്കുന്നത്. എ.എം.എൽ.പി.എസ്. കൈനിക്കര. ബി.ഇ.എം. യു.പി.എസ് പരപ്പേരി, എ.എൽ.പി.എസ് തൃപ്രങ്ങോട്, എ.എം.എൽ.പി.എസ് തൃപ്രങ്ങോട് വി.വി. എൽ.പി.എസ്. ആലത്തിയൂർ എന്നിവയാണ് ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്ന സ്കൂളുകൾ.

## 9-23 സ്ഥാപനങ്ങളും ജീവനക്കാരും

തൃപ്രങ്ങോട് പി.എച്ച്.സിയിലും അഞ്ച് സബ്സെൻററുകളിലായി 19 തസ്തികകളിൽ 2 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. പൊയിലിശ്ശേരി ഹോമിയോ ഡിസ്പൻസറിയിൽ 5 തസ്തികകളുണ്ട്. 5 തസ്തികകളിലും നിലവിൽ ജീവനക്കാരുണ്ട്. ഓരോ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള കുടുംബാംഗങ്ങളുടെ എണ്ണം സബ്സെൻറർ തിരിച്ച് ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| പി.എച്ച്.സി തൃപ്രങ്ങോട് | : | 5836 |
| സബ്സെൻറർ, ചമ്രവട്ടം | : | 5638 |
| ,, ,, പെരുന്തല്ലൂർ | : | 5843 |
| ,, ,, കൈമലശ്ശേരി | : | 5415 |
| ,, ,, ആലത്തിയൂർ | : | 6523 |
| ,, ,, കൈനിക്കര | : | 6353 |
| | | 33716 |

## 9-24 വിവിധ ചികിത്സാരീതികൾ :

സർക്കാർ ഉടമസ്ഥതയിലുള്ള പൊയിലിശ്ശേരി ഹോമിയോ ഡിസ്പൻസറിയിലും തൃപ്രങ്ങോട് പി.എച്ച്.സിയിലും വിവിധ സബ്സെൻററുകളിലുമായി ചികിത്സക്കെത്തുന്നവരുടെ എണ്ണം മുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമെ സ്വകാര്യമേഖലയിൽ ചികിത്സക്കെത്തുന്നവരുടെ എണ്ണം നിരവധിയാണ്. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥിതിചെ[illegible] മസമാക്കിയ ഡോക്ടർമാരുടെ വസതികളിലും ആലതകതിയൂർ ആര്യവൈദ്യശാല, ആലത്തിയൂർ, പെരിന്തല്ലൂർ ഗുരുക്കൻമാർ, കൈമലശ്ശേരി പരമ്പര, തൃപ്രങ്ങോട് മൂസ്സത്, ആലത്തിയൂർ നമ്പി മറ്റു പാരമ്പര്യ/നാട്ടുവൈദ്യന്മാർ എന്നിവിടങ്ങളിലായി ശരാശരി 40-ൽ അധികം പേർ നിത്യേന ചികിത്സക്കെത്തുന്നുണ്ട്. അലോപപ്പതി ചികിത്സക്കെത്തുന്നവരുടെ ശരാശരി എണ്ണം 51 ആണം. ഹോമിയോ ഡിസ്പെൻസറിയിൽ ശരാശരി 5 പേർ നിത്യേന ചികിത്സക്കെത്തുന്നു.

നമ്മുടെ പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ലാത്തതിനാൽ സ്വകാര്യ ആശുപത്രികളേയും 7 കി.മീ. ദൂരെ തിരൂർ താലൂക്കാശുപത്രിയുമാണ് ജനങ്ങൾ അശ്രയിക്കുന്നത്.

## 9-25 ഔഷധ സസ്യങ്ങൾ

ഔഷധ സസ്യങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന ഒരു കേന്ദ്രവും പഞ്ചായത്തിൽ ഇല്ല. എന്നാൽ പഠന പര്യടനത്തിനിടയിൽ നിരവധി ഔഷധ സസ്യങ്ങൾ ശ്രദ്ധയിൽപെട്ടു. ആടലോടകം, തഴുതാമ, ബ്രഹ്മി, കുറുന്തോട്ടി, മുത്തങ്ങ, ശതാവരി, നിലപ്പന, അടിപതിയൻ, ആവണക്ക്, ആര്യവേപ്പ്, തുമ്പ, തുളസി, പൂവ്വാംകുറുന്തില, പനിക്കൂർക്ക, നന്നാരി, കീഴാർനെല്ലി തുടങ്ങി നട്ട് ശ്രദ്ധിക്കാതെ തന്നെ വളർന്നു നിൽക്കുന്ന ഒട്ടനവധി ഔഷധ സസ്യങ്ങൾ ഉണ്ട്.

(അവലംബം പര്യടനം)

## 9-26 പൊതുശ്മശാനം

വീട്ടുവളപ്പുകളിലും പുഴയോരങ്ങളിലും മൃതദേഹങ്ങൾ സംസ്കരിക്കുന്ന സമ്പ്രദായം മാറ്റുന്നതിനുള്ള ആഗ്രഹവും ഭൂമിയുടെ തുണ്ടവത്ക്കരണവും സ്വകാര്യ ഉടമസ്ഥതയും പരിഷ്കൃത സമൂഹത്തിന്റെ വളർച്ചയും പൊതുശ്മശാനങ്ങളുടെ ആവശ്യകതയും അനിവാര്യതയും വർദ്ധിപ്പിക്കുന്നു. സ്വകാര്യ ഭൂമി ചില സമുദായക്കാർ പൊതുശ്മശാനമായി ഉപയോഗിച്ചു വരുന്നുണ്ട്. ഇവയ്ക്കു പുറമെ അഞ്ചാം വാർഡിലെ 16 സെൻറ് വിസ്തൃതിയുള്ള പട്ടികജാതി വിഭാഗത്തിനുള്ള ശ്മശാനം, 6-ാം വാർഡിലെ 3 സെൻറ് വിസ്തൃതിയുള്ള പട്ടികജാതി വിഭാഗത്തിനുള്ള ശ്മശാനം, 12-ാം വാർഡിലെ 8 സെൻറ് വിസ്തൃതിയുള്ള പട്ടികജാതി വിഭാഗത്തിനുള്ള ശ്മശാനം [illegible] 19-ാം

വാർഡിൽ 74 സെൻറ് പഞ്ചായത്ത് വക പൊതു ശ്മശാനം 8ാം വാർഡിൽ ചമ്രവട്ടത്ത് ഭാരതപ്പുഴ ത്തീരത്ത് 50 സെൻറ് പഞ്ചായത്ത് വക പൊതു ശ്മശാനം എന്നിവയും പരപ്പേരി സി.എസ്.ഐ. ശ്മശാനവും മുസ്ലീം ജമാ അത്ത് പള്ളികളോ ടനുബന്ധിച്ചുള്ള ശ്മശാനങ്ങളും നിലവിലുണ്ട്.

**9-27 ആരോഗ്യ പ്രവർത്തനങ്ങളുമായി സഹകരി ക്കുന്ന സന്നദ്ധ സംഘടനകൾ**

ഇത്തരം സംഘടനകൾ നമ്മുടെ പഞ്ചായ ത്തിൽ പൊതുവേ കുറവാണ്. ബോധവത്കരണ ക്ലാസ്സുകൾ, ആരോഗ്യ സെമിനാറുകൾ, രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ, നേത്രദാനസേന തുടങ്ങിയ മേഖലകളിലേക്ക് ഇനിയും സന്നദ്ധസംഘടനകൾ രംഗത്തു വരേണ്ടിയിരിക്കുന്നു.

**9-28 ജലലഭ്യത :**

6118 വീടുകളിൽ 4726 എണ്ണത്തിൽ കിണ റുണ്ട്. 651 വീടുകളിൽ കിണർ വെള്ളം ഉപയോഗിക്കുന്ന വാട്ടർ പൈപ്പുകളുണ്ട്. കൈനിക്കര, കോലൂപാലം മുതലായവ ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലങ്ങളിൽ കിണറുകൾ വറ്റാറുണ്ട്. ഉപ്പുര സം കലർന്ന വെള്ളം, കലക്കുവെള്ളം മുതലായ പ്രശ്നങ്ങളും ചില ഭാഗങ്ങളിൽ നിലനിൽക്കുന്നു. കുടിവെള്ളത്തിന് ബുദ്ധിട്ടനുഭവപ്പെടുന്ന പ്രദേശങ്ങ ളെപ്പററി 'കുടിവെള്ളം' എന്ന അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

**9-29 വിസർജ്യ നിർമ്മാണ സൗകര്യങ്ങൾ :**

6118 കുടുംബങ്ങളിൽ 4310 എണ്ണങ്ങളിൽ കക്കൂസുണ്ട്. അതിൽ 1800 എണ്ണം സെപ്ററിക് ടാങ്കു കൾ ഉള്ളതാണ്. മറ്റുള്ളവർ തുറസ്സായ സ്ഥലങ്ങളിൽ വിസർജ്ജനം നടത്തുന്നത് പഞ്ചായത്തിലെ പൊതു പരിസ്ഥിതി പ്രശ്നമാണ്. മത്സ്യ മാർക്കറ്റുകളിലെ അവശിഷ്ടം, ഹോട്ടലുകളിലെ അവശിഷ്ടങ്ങൾ, അറവുശാലകളിലെ അവശിഷ്ടങ്ങൾ, ചപ്പുചവറുകൾ, വെള്ളം കെട്ടി നിൽക്കൽ തുടങ്ങിവയാണ് മറ്റു പരിസ്ഥിതി പ്രശ്നങ്ങൾ.

**9-30 പ്രശ്നങ്ങൾ :**

1.പി.എച്ച്.സിയുടെ ആലത്തിയൂർ സബ് സെൻർ പ്രവർത്തനക്ഷമമല്ല. ഇതുമൂലം പ്രതിരോധ കുത്തിവെയ്പിനും ഗർഭശുശ്രൂഷക്കും മറ്റും രണ്ടി ലധികം കിലോമീറ്റർ നടക്കേണ്ടുന്ന സ്ഥിതി ഇതു മൂലമുണ്ടാകുന്നു. പല കുടുംബങ്ങളും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതിയും ഉണ്ടാകുന്നു.

2. തൃപ്രങ്ങോട് പി.എച്ച്.സി കെട്ടിട നിർമ്മാ ണത്തിനുശേഷം യാതൊരു മെയിൻറനൻസ് വർക്കും നടത്തിയിട്ടില്ല. ഓഫീസ് സൗകര്യം, ലാബ് സൗകര്യം മുതലായവ ഇല്ല. വർഷക്കാലങ്ങളിൽ ചോർന്നൊ ലിക്കും. കൈമലശ്ശേരി സബ്സെൻറിൻെറ കെട്ടിടം ജീർണ്ണിച്ചതാണ്. കോമ്പൗണ്ട് വോളില്ല. സ്ഥിരം ഡോക്ടറില്ല. വൈദ്യുതിയും ഇല്ല.

3. പഞ്ചായത്തിൽ ചമ്രവട്ടം മാത്രമാണ് അംഗീകൃത മാർക്കറ്റുള്ളത്. മറ്റു പ്രദേശങ്ങളിൽ അങ്ങാടികളിൽ വെച്ചാണ് മത്സ്യ വില്പന നടത്തു ന്നത്. ഇത് പരിസര മലിനീകരണത്തിനും തത്ഭവ മായ രോഗങ്ങൾക്കും കാരണമാകുന്നു.

4.പഞ്ചായത്തിൽ അംഗീകൃത അറവുശാ ലകൾ ഒന്നും ഇല്ല. അതിനാൽ ജനങ്ങൾ തിങ്ങി പ്പാർക്കുന്ന ഇടങ്ങളിലും അങ്ങാടി റോഡ്, കനാൽ ബണ്ട് പരിസരങ്ങളിലും വെച്ച് മൃഗങ്ങളെ കശാപ്പു ചെയ്യുന്നു. കുടലും മറ്റ് അവശിഷ്ടങ്ങളും അറവു ചാണകവും അവിടെ തന്നെയോ തോടുകളിലോ, കുളങ്ങളിലോ കൊണ്ടുപോയി തള്ളുന്നു. ഒന്നാം വാർഡിൽപ്പെട്ട വെള്ളോട്ടു പാടം തോട് അവശിഷ്ട ങ്ങൾ തള്ളുന്ന ഒരു സ്ഥിരം കേന്ദ്രമാണ്. ഈ അവശി ഷ്ടങ്ങൾ കാക്കകളും നായകളും മററും കുളങ്ങളിലും കിണറുകളിലും പറമ്പുകളിലും ഇടുന്നതിൻെറ ഫല മായി വെള്ളവും പരിസരവും അഴുകി വൃത്തികേ ടാവുകയും പരിസരം മലീമസമാവുകയും ചെയ്യുന്നു.

5. ഹോട്ടലുകളിൽ നിന്നുള്ള അഴുക്കുജലം തുറസ്സായ സ്ഥലത്ത് കെട്ടനിന്ന് ദുർഗന്ധവും കൊതുക് ശല്യവും വർദ്ധിക്കുന്നു.

6. മൂന്നാം വാർഡിൽപെട്ട പരപ്പേരിയിലോ നാളിശ്ശേരിയിലോ പി.എച്ച്.സി യുടെ സബ്സെൻർ നിലവിലില്ല. ഒട്ടുംപുറം ഭാഗത്ത് താമസിക്കുന്ന നാടോടികൾ പരിസരത്ത് വിസർജ്ജനം നടത്തുന്നതി നാൽ പരിസര പ്രദേശവും കളവും മറ്റും മലിനമാ വുന്നു.

7. പൊതു കവലകളിൽ നിത്യേന അടിഞ്ഞു കൂടുന്ന മാലിന്യങ്ങൾ അവിടെ തന്നെ കിടന്ന് ചീഞ്ഞളിയുകയാണ്.

8.തൃപ്രങ്ങോട് പി.എച്ച്.സി യിൽ രോഗി കളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമി

ല്ലാത്തതിനാൽ സ്വകാര്യ ആശുപത്രികളേയും താലൂക്ക് ആശുപത്രിയേയും അശ്രയിക്കേണ്ടി വരുന്നു.

9. ചുരുങ്ങിയത് 1246 കക്കൂസുകളും 830 കിണറുകളും ആവശ്യമാണ്. കക്കൂസുകളുടെ ദൗർല്ലഭ്യം പരിസര മലിനീകരണത്തിന് കാരണമാവുന്നു.

10. മലിനജലം ഒഴുകിപോകാനുള്ള സൗകര്യങ്ങൾ കുറവാണ്. ഇത് ജലജന്യരോഗങ്ങൾക്ക് കാരണമാവുന്നു.

11. ചികിത്സക്കെത്തുന്നവരിൽ നേർപകുതി ആയുർവ്വേദത്തെയാണ് ആശ്രയിക്കുന്നതെങ്കിലും പഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രി നിലവിലില്ല.

### 9-31 സാധ്യതകളും നിർദ്ദേശങ്ങളും

1. തൃപ്രങ്ങോട് പി.എച്ച്.സി 25 കിടക്കകളുള്ളതും രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യപ്പെടുന്ന വിധത്തിലും വിപുലീകരിക്കണം. നിലവിലുള്ള കെട്ടിടത്തിൽ മെയിൻറനൻസ് വർക്ക് നടത്തുകയും ലബോറട്ടറിക്കും ഓഫീസിനും അടിയന്തിരമായി കെട്ടിട സൗകര്യമുണ്ടാക്കണം.

2. കൈമലശ്ശേരി സബ്സെൻറർ ഒരു ജീർണ്ണിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടം പുതുക്കി പണിയുകയും കോമ്പൗണ്ട് വാൾ കെട്ടുകയും വേണം.

3. ആലത്തിയൂർ സബ്സെൻററിന് സ്ഥലം കണ്ടെത്തി സ്വന്തം കെട്ടിടം ഉണ്ടാക്കണം.

4. ചെറിയ പറപ്പൂരും, പരപ്പേരിയിലോ, നാളിശ്ശേരിയിലോ ഓരോ സബ്സെൻററുകൾ ആരംഭിക്കണം.

5. പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.

6. എല്ലാ സബ്സെൻററുകളിലും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. രാത്രികാലങ്ങളിൽ ഡ്യൂട്ടി ഡോക്ടർമാർ ഉണ്ടാകുന്ന വിധത്തിൽ ക്രമീകരണങ്ങളിൽ മാറ്റം വരുത്തുക. ഓരോ മെഡിക്കൽ സെൻററിലും സ്ട്രച്ചർ അനുവദിക്കുക.

7. അങ്ങാടികളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ച് മത്സ്യവിൽപ്പന മാർക്കറ്റുകൾ മുഖേനയാക്കുക.

8. ആടുമാടുകളെ അറക്കുന്നത് ആൾപ്പാർപ്പില്ലാത്ത ഒഴിഞ്ഞ സ്ഥലത്താവണമെന്ന് നിഷ്കർഷിക്കകയും അവശിഷ്ടങ്ങൾ കുഴിച്ചു മൂടാൻ ആവശ്യമായ കർശന നിബന്ധനകൾ വെയ്ക്കുകയും വേണം.

9. ഹോട്ടലുകളിലെ അഴുക്കുജലം ടാങ്കുകൾ നിർമ്മിച്ച് അതിലേക്ക് വിടുമെന്ന് ഉറപ്പുവരുത്തുക.

10. മൂന്നാം വാർഡിലെ ഒട്ടുംപുറത്ത് താമസിക്കുന്ന നാടോടികൾ പരിസരപ്രദേശത്ത് വിസർജ്ജനം നടത്തുന്നത് തടയാൻ നടപടി എടുക്കുക.

11. മൂന്നാം വാർഡിലെ പരപ്പേരി ബി.ഇ.എം. ഓർഫനേജിൽ ആഴ്ചയിലൊരു ദിവസം ഒരു ഡോക്ടറുടെ സേവനം നൽകുക.

12. സന്നദ്ധ സംഘടനകളുടെ സഹായം ആരോഗ്യമേഖലയിൽ തുലോ കുറവാണ്. സന്നദ്ധ സംഘടനകളുടെ സഹായം ആരോഗ്യ മേഖലയുമായി കൂട്ടിച്ചേർക്കേണ്ടതാണ്.

13. "ആരോഗ്യ വാർത്ത" എന്നൊരു നോട്ടീസ് ബോർഡ് എല്ലാ പ്രധാന കവലകളിലും സ്ഥാപിച്ച് ആരോഗ്യവാർത്തകൾ സ്ഥിരമായി എഴുതിവെക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കണം.

14. കൊതുകു നിവാരണത്തിന് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കി എല്ലാ പ്രദേശങ്ങളിലും വിതരണം ചെയ്യുക.


15. അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവുനായ്ക്കളെ നശിപ്പിക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കുക.

16. കക്കൂസില്ലാത്ത 1392 കുടുംബങ്ങൾക്കും സ്വന്തമായി കിണറില്ലാത്ത 1808 കുടുംബങ്ങൾക്കും ആയത് ഉണ്ടാക്കുന്നതിന് വേണ്ട സംവിധാനമുണ്ടാക്കുക.

17. കയ്പനാൻ കുളത്തിൽ മോട്ടോർ വാഹനങ്ങൾ കഴുകുന്നത് തടയുക.

18. എല്ലാ വാർഡുകളിലും ഓരോ പൊതു ശ്മശാനം ആരംഭിക്കുക. 4-ാം വാർഡിലെ മേപ്പാടം പട്ടികജാതി കോളനിയിൽ ഒരു ശ്മശാനം ആരംഭിക്കുക.

അടിസ്ഥാന ആവശ്യങ്ങൾ സുപ്രധാനമാണ് ശാസ്ത്രീയമായ ഒരു ജനകീയ ആരോഗ്യ പദ്ധതി ജീവിതത്തിൻെറ നാനാ വികസന തുറകളിലേക്കും വ്യാപരിക്കാവുന്നഒരു സമഗ്രപദ്ധതിക്ക് നമുക്ക് രൂപം കൊടുക്കേണ്ടതുണ്ട്.




## അദ്ധ്യായം - 10

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

10-1 തൃപ്രങ്ങോട് പഞ്ചായത്തിൽ നിലവി ലുള്ള വിവിധ തരം റോഡുകളുടെ പട്ടികകൾ താഴെ കൊടുക്കുന്നു.

**PWD** റോഡുകൾ

പട്ടിക .1.

| ക്രമ നമ്പർ | പേര് | നീളം കെ.എം. |
|---|---|---|
| 1. | ആലത്തിയൂർ കൊടക്കൽ റോഡ് | 3.675 |
| 2. | ചമ്രവട്ടം - പുറത്തൂർ റോഡ് | 0.400 |
| 3. | ആലത്തിയൂർ - പൂല്ലൂണി - പുറത്തൂർ റോഡ് | 1.290 |
| 4. | തിരൂർ - ചമ്രവട്ടം റോഡ് | 7.000 |
| 5. | ആലിങ്ങൽ - മംഗലം റോഡ് | 1.000 |
| | ആകെ | 13.365 |

334

## പഞ്ചായത്തു റോഡുകൾ

### മെറ്റൽ - ബ്ലാക്ക് ടോപ്പ്ഡ്

പട്ടിക .2.

| ക്രമനമ്പർ | പേര് | നീളം കി.മീ | ശ്രമദാനം വഴി നിർമ്മിച്ചവ |
|---|---|---|---|
| 1. | ആലിങ്ങൽ-ആനപ്പടി റോഡ് | 2.400 | ശ്രമദാനം |
| 2. | പെരിന്തല്ലൂർ-ബീരാഞ്ചിറ റോഡ് | 4.600 | |
| 3. | പൊയിലിശ്ശേരി-പാവേരിക്കര റോഡ് | 2.006 | ശ്രമദാനം |
| 4. | പൂഴിക്കുന്ന്-ഗരുഡൻകാവ് റോഡ് | 2.000 | |
| 5. | കാരന്തൂർ-കൈനിക്കര റോഡ് | 4.000 | ശ്രമദാനം |
| 6. | ആലത്തിയൂർ-പാവേരിക്കര റോഡ് | 0.850 | |
| 7. | ആനപ്പടി-കൈനിക്കര റോഡ് | 0.990 | ശ്രമദാനം |
| 8. | തൃപ്രങ്ങോട് ശിവക്ഷേത്രം റോഡ് | 0.400 | |
| 9. | തെയ്യത്തും തറ-പള്ളിക്കടവ് റോഡ് | 0.900 | |
| | ആകെ | 18.146 | |

### മെറ്റൽഡ് റോഡ്

| ക്രമനമ്പർ | റോഡിന്റെ പേര് | നീളം കി.മീ | ശ്രമദാനം വഴി നിർമ്മിച്ചവ |
|---|---|---|---|
| 1. | കൊടക്കൽ ഡിസ്പെൻസറി റോഡ് | 0.600 | |
| 2. | കീഴായ് -മൂച്ചിക്കൽ റോഡ് | 0.845 | ശ്രമദാനം |
| 3. | കൈമലശ്ശേരി - അണ്ണശ്ശേരി റോഡ് | 1,340 | ശ്രമദാനം |
| | ആകെ | 2,785 | |

## കച്ച റോഡ് (ഗ്രാവൽഡ് റോഡ്)

പട്ടിക .4.

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം കി.മി. | ശ്രമദാനം വഴി നിർമ്മിച്ചവ |
|---|---|---|---|
| 1. | കൈപ്പനാൽ റോഡ് | 0.496 | ശ്രമദാനം |
| 2. | കുട്ടമാക്കൽ ലക്ഷം വീട് അണ്ണശ്ശേരി റോഡ് | 0.313 | ശ്രമദാനം |
| 3. | കരുമത്തിൽ-കരുപ്പാലിൽ റോഡ് | 0.170 | ശ്രമദാനം |
| 4. | ഇടിയാട്ടിൽ-കുണ്ടനിടവഴി പട്ടികജാതി കോളനി | 0.850 | |
| 5. | പെരിന്തല്ലൂർ AMLPS-RB കനാൽ റോഡ് | 0.490 | |
| 6. | ആലിങ്ങൽ ഡിസ്പെൻസറി-കോണിക്കൽ ഇടവഴി റോഡ് | 0.670 | ശ്രമദാനം |
| 7. | ഇടിയാട്ടിക്കുന്ന് പട്ടികജാതി-കോളനി റോഡ് | 0.630 | ശ്രമദാനം |
| 8. | പെരിന്തല്ലൂർ-ബീരാഞ്ചിറ റോഡ് പടയനാവ് RB കനാൽ വരെ | 0.724 | |
| 9. | മാടമ്പത്ത് ഇടവഴി റോഡ് | 0.281 | ശ്രമദാനം |
| 10. | ചമ്രവട്ടം യു.പി.സ്കൂൾ ഭാരതപ്പുഴ റോഡ് | 0.945 | |
| 11. | തെയ്യത്തുംതറ-മുണ്ടോപ്പാടം റോഡ് | 0.250 | |
| | ആകെ | 5.819 | |

## മൺറോഡ്

പട്ടിക .5.

| ക്രമനമ്പർ | റോഡിൻെറ പേര് | നീളം | ശ്രമദാനം വഴി |
|---|---|---|---|
| 1. | ചമ്രവട്ടം-കരുമത്തിൽ ക്ഷേത്രം റോഡ് | 0.810 | |
| 2. | പുഴിക്കുന്ന്-തലൂക്കര പട്ടികജാതി കോളനി റോഡ് | 0.360 | ശ്രമദാനം |
| 3. | ആലത്തിയൂർ-ആച്ചിക്കുളം റോഡ് | 0.507 | ശ്രമദാനം |
| 4. | B.E.M. ഓർഫനേജ് നാളിശ്ശേരി റോഡ് | 0.400 | |
| 5. | കൈപ്പനാൽ കുളം-പൂവാങ്കുളം ഹരിജൻ കോളനി റോഡ് | 0.803 | ശ്രമദാനം |
| 6. | കൈനിക്കര-ചെമ്പാല റോഡ് | 0.310 | ശ്രമദാനം |
| 7. | ആലിങ്ങൽ വെള്ളൂറ്റിൽ പുല്ലാംകുളം ഹരിജൻ കോളനി റോഡ് | | ശ്രമദാനം |
| 8. | പൊറ്റോടി ഹരിജൻ കോളനിറോഡ് | | ശ്രമദാനം |
| 9 | മേപ്പാടത്ത് ഹരിജൻ കോളനി റോഡ് | 0.900 | |
| 10. | ചമ്രവട്ടം പടയനാവ് | | ശ്രമദാനം |
| | ആകെ | 4.090 | |

11. കനാൽ ഫൂട്ട് പാത്ത്
ശ്രമദാനം .

| എല്ലാ കൂടെ ചേർത്തു ആകെ | | |
|---|---|---|
| PWD റോഡ് | - | 13.365 |
| പഞ്ചായതത്തു വക | | |
| മെറ്റൽഡ് - ബ്ലാക്ക് ടോപ്പ്ഡ് | - | 18.146 |
| മെറ്റൽഡ് റോഡ്- | | 2.785 |
| കച്ച (ഗ്രാവൽഡ്) റോഡ് | - | 5.819 |
| ~~മൺ റോഡ്~~ | | ~~3.190~~ |
| | | 29.940 |
| ഒട്ടാകെ | | 43.305 |

NB : ശ്രമദാനം വഴി സ്ഥലവാസികൾ ആദ്യം വെട്ടിയതും പിന്നീട് പഞ്ചായത്തിന് കൈമാറ്റം ചെയ്തതുമായ റോഡുകൾക്ക് നേരെ ശ്രമദാനം എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

മേൽ പ്രസ്താവിച്ച റോഡുകളിൽ ഏററവും പഴയ റോഡ് തിരൂർ-ചമ്രവട്ടം PWD റോഡ് ആണ്. ഏററവും പ്രധാനപ്പെട്ടതും അതുതന്നെ. കൊടക്കൽ മുതൽ അണ്ണശ്ശേരി തോട് വരെയുള്ള റോഡ് ബാസ്സൽ മിഷ്യൻകാർ വെട്ടിയതാണ്. കൊടക്കല്ലിൽ, 1886 ൽ ഓട്ടുകമ്പനി തുടങ്ങിയപ്പോൾ, അണ്ണശ്ശേരി തോട് വഴി ഓട് കയററി അയയ്ക്കുവാൻ വേണ്ടി, ഓട് കയററിയ കാളവണ്ടികൾക്ക് പോകാനായിട്ടാണ് ഈ റോഡ് വെട്ടിയത്. പട്ടികകളിൽ കാണിച്ച റോഡുകൾക്ക് പുറമേ അനേകം വഴികളും, ഇടവഴികളും, നടപ്പാതകളും പഞ്ചായത്തിൽ ഉണ്ട്.

10-2. J.R.Y (ജവഹർ റോജ്ഗർ യോജന) പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെൻറ് നൽകി വരുന്ന ഗ്രാൻറ് റോഡു പണികൾക്ക് വളരെ ഉപയോഗ പ്രദമാകുന്നുണ്ട്. ഈ പദ്ധതി തുടങ്ങിയതിന് ശേഷം 1989 മുതൽക്ക് ചില പട്ടിക സംഖ്യയുടെ കണക്ക് താഴെ കൊടുക്കുന്നു.

| വർഷം | ചിലവാക്കിയ സംഖ്യ | നന്നാക്കിയ റോഡുകളുടെ എണ്ണം |
|---|---|---|
| 1989-90 | Rs.235612.00 | 3 |
| 1990-91 | Rs.395947.00 | 3 |
| 1991-92 | Rs.284898.00 | 2 |
| 1992-93 | Rs.417644.00 | 1 |
| 1993-94 | Rs.154000.00 | 1 |
| 1994-95 | - | - |
| 1995-96 | Rs.205389.00 | 3 |

10-3 പഞ്ചായത്തിന് ലഭിച്ച അൺ-ടൈഡ് ഫണ്ടുകളുപയോഗിച്ച് 1990-96 കാലത്ത് 10 റോഡുകൾ നന്നാക്കിയിട്ടുണ്ട്. പ്രതിവർഷം ചിലവാക്കിയ സംഖ്യയുടെ പട്ടിക താഴെ കൊടുക്കുന്നു.

| വർഷം | ചിലവാക്കിയ സംഖ്യ | നന്നാക്കിയ റോഡുകൾ |
|---|---|---|
| 1990-91 | Rs.194994.00 | 1 |
| 1992-93 | Rs.262032.00 | 2 |
| 1993-94 | Rs.142274.00 | 2 |
| 1994-95 | Rs.481269.00 | 4 |
| 1995-96 | Rs.336108.00 | 1 |

മേൽപ്പറഞ്ഞ പണികൾ നിർവ്വഹിച്ചതു മൂലം പഞ്ചായത്തിലെ പല റോഡുകളും മെച്ചപ്പെട്ട നിലയിലാണ്. പല റോഡുകളുടെയും സ്ഥിതി മോശമാണെന്ന കാര്യം വിസ്മരിക്കുന്നില്ല.

**10-4. ജലഗതാഗതം/റെയിൽപ്പാതകൾ**

തൃപ്രങ്ങോട് പഞ്ചായത്തിൻെറ കീഴിൽ ഭാരതപ്പുഴയിൽ ചമ്രവട്ടത്തു ഒരു കടത്ത് ഉണ്ട്. ഈ കടത്ത് PWD പഞ്ചായത്തിന് 1996-97 ൽ കൈമാറിയതാണ്. ഈ വർഷം കടത്ത് 11325 രൂപയ്ക്ക് ലേലം ഉറപ്പിച്ചു. സ്വകാര്യ തോണിക്കാരാണ് കടത്ത് നടത്തുന്നത്. പഞ്ചായ്തതിൻെറ പടിഞ്ഞാറു ഭാഗത്ത് അണ്ണശ്ശേരി തോട് സ്ഥിതി ചെയ്യുന്നു. പഴയ കാലത്ത് ഈ തോട് വഴി പൊന്നാനി, തിരൂർ എന്നീ പട്ടണങ്ങളിലേക്ക് ചരക്കു തോണികൾക്ക്പോകാമായിരുന്നു. ഇപ്പോൾ ഈ തോട് ചരക്ക് കടത്തിന് ഉപയോഗിക്കുന്നില്ല. ഈ പഞ്ചായത്തിൽ റെയിൽ പാതകൾ ഇല്ല.

**10-5 ബസ് സ്ററാൻറ് - ഓട്ടോറിക്ഷാസ്ററാൻറ് - ടാക്സിസ്ററാൻറ്**

അംഗീകരിക്കപ്പെട്ട ബസ്സ്ററാൻറുകളോ, ടാക്സി സ്ററാൻറുകളോ, ഒട്ടോറിക്ഷാ സ്ററാൻറുകളോ പഞ്ചായത്തിൽ ഇല്ല. ചമ്രവട്ടം, ആലിങ്ങൽ, ആലത്തിയൂർ, ബീരാഞ്ചിറ എന്നീ അങ്ങാടികളിൽ ഓട്ടോറിക്ഷാകൾ പാർക്കു ചെയ്യുന്നുണ്ട്.

10-6 ഗ്രാമസഭകളിലെ ചർച്ചകളിൽ പ്രധാനമായി ഉന്നയിക്കപ്പെട്ട വിഷയം റോഡുകളെപ്പററിയാണ്. പുതുതായി ഉണ്ടാക്കേണ്ട റോഡുകൾ, മെറ്റൽ ചെയ്തു ടാർ ഇടേണ്ടവ, അറ്റകുറ്റപ്പണികൾ ചെയ്യേണ്ടവ എന്നിവയുടെ പട്ടികകൾ 10-7

പാരഗ്രാഫിന് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

**10-7 പ്രശ്നങ്ങൾ**

- പഞ്ചായത്തിൽ വേണ്ടത്ര റോഡുകളില്ല.
- നിലവിലുള്ള പല റോഡുകളുടെയും സ്ഥിതി മോശമാണ്.
- റോഡുകൾക്ക് ഓടകളില്ല.
- അറ്റകുറ്റപ്പണികൾക്ക് വർഷാവർഷം നടക്കുന്നില്ല.

**10-8 സാധ്യതകൾ/നിർദ്ദേശങ്ങൾ**

പഞ്ചായത്തിലെ പന്ത്രണ്ട് ഗ്രാമസഭകളും ഈ വക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന നിർദ്ദേശങ്ങൾ താഴെ വിവരിച്ച മൂന്നു പട്ടികകളിലായി ചേർക്കുന്നു. ഈ പട്ടികകളിൽ കാണിച്ച റോഡ് പണികൾ, പഞ്ചായത്ത് സമിതിക്ക് ലഭിക്കുന്ന ഫണ്ടുകൾക്കനുസരിച്ച് മുൻഗണനാക്രമപ്രകാരം നടപ്പാക്കേണ്ടതാണ്.

എ : പുതുതായിനിർമ്മിക്കേണ്ടറോഡുകൾ
ബി : മെറ്റൽ ചെയ്തു, ടാർ ചെയ്യേണ്ട റോഡുകൾ
സി : അറ്റകുറ്റപ്പണികൾ ചെയ്യേണ്ട റോഡുകൾ

പട്ടിക .എ.

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമനമ്പർ | റോഡിൻെറ പേര് | വാർഡ് | നീളം മീററർ (ഏകദേശം) |
|---|---|---|---|
| 1. | മേലേ പറമ്പ് റോഡിൽ നിന്ന് കുന്നംകുളത്തിലേക്ക് റോഡ് നിർമ്മിക്കുക. | 1 | 150 |
| 2. | കെ.പി.പടിയിൽ നിന്ന് തണ്ടില്ലാക്കര അംഗൻവാടിയിലേക്ക് റോഡ് നിർമ്മിക്കുക | 1 | 150 |
| 3. | റബ്ബർ ഫാക്ടറിക്കു മുൻവശത്തു നിന്ന് വടക്കോട്ട് റോഡ് നിർമ്മിച്ച് ''മുത്യാൻ കാവ്'' റോഡിൽ ബന്ധിപ്പിക്കുക. | 1 | 300 |
| 4. | ജോർദ്ദാൻ റോഡിൽ നിന്നും ആലത്തിയൂർ തലൂക്കര റോഡിലേക്ക് ബന്ധിപ്പിക്കുക. | 1 | 400 |
| 5. | മുക്കില പീടിക ഭാഗത്തു നിന്ന് കൈനിക്കര കുട്ടിച്ചാത്താൻ പടി റോഡ് ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കുക. | 2 | 150 |
| 6. | പൂഴിക്കുന്ന് നിന്നും ഹനുമാൻ കാവ് റോഡിലേക്ക് ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കുക. | 2 | 300 |
| 7. | പാറശ്ശേരിയിൽ നിന്നും പനച്ചേരി പറമ്പിലൂടെ പുല്ലുണി-പൂക്കൈത റോഡുമായി ബന്ധിപ്പിക്കുക. | 2 | 100 |
| 8. | ''വായുജ കെമിക്കൽസ്'' പരിസരത്തു നിന്നും തെക്കോട്ട് റോഡ് നിർമ്മിച്ച് കുട്ടിച്ചാത്തൻ പടി റോഡുമായി ബന്ധിപ്പിക്കുക. | 2 | 300 |
| 9. | സബ്രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പോകുന്ന റോഡ് കുറ്റിപ്പുറം-ആലത്തിയൂർ റോഡുമായി ബന്ധിപ്പിക്കുക | 2 | 100 |
| 10. | സി.എസ്.ഐ.പള്ളി മുതൽ പരപ്പേരി അംഗൻവാടി വരെയുള്ളതും ഇടക്ക് വെച്ച് തിരിഞ്ഞു കുററിപ്പുറം | | 3300 |

338

| | | | |
|---|---|---|---|
| | റോഡിൽ ചേരുന്നതുമായ ഇടവഴി റോഡാക്കുക. | | |
| 11. | പരപ്പേരി വടക്കു ഭാഗത്തേക്കു പോകുന്ന വഴി കുട്ടിച്ചാത്തൻ പടി റോഡുമായി ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കുക. | 3 | 150 |
| 12. | ആനപ്പടി കൈനിക്കര റോഡിൽ നിന്നും ബംഗ്ലാദേശ് കോളനി വഴി ആലത്തിയൂർ കൊടക്കൽ റോഡുമായി ബന്ധിപ്പിക്കുക. | 3 | 300 |
| 13. | ആലത്തിയൂരുമായി ബന്ധിപ്പിക്കുന്ന ഇടവഴി ഗതാഗത യോഗ്യമാക്കുക. | 3 | 150 |
| 14. | ആലിങ്ങൽ ഡിസ്പെൻസറിയിൽ നിന്നും വടക്കോട്ട് പോകുന്ന വഴി കൊടക്കൽ ആലത്തിയൂർ റോഡിനോട് മേപ്പാടം പട്ടികജാതി കോളനി വഴി ബന്ധപ്പെടുത്തുക. | 6-4 | 1.കി.മീ. |
| 15. | ആനപ്പടി ആലിങ്ങൽ റോഡിൽ നിന്ന് A.M.L.P. School,മദ്രസ്സ, പള്ളി തുടങ്ങിയ ഭാഗത്തേക്ക് ഇല്ലിക്കൽ തോട്,അമ്പലം വഴി റോഡ് നിർമ്മിക്കുക. | 6 | 750 മീ |
| 16. | തൃപ്രങ്ങോട് സർവ്വീസ് ബാങ്ക് പരിസരത്തു നിന്ന് പെരുന്തല്ലൂർ കനാൽ പാലം വരെ റോഡ് നിർമ്മിക്കുക | 6 | 1.കി.മീ |
| 17. | ചെമ്പാല-കൈനിക്കര റോഡ് ആലത്തിയൂർ-കൊടക്കൽ റോഡിനോട് ചേമ്പുംപടി എന്ന ഭാഗത്ത് ബന്ധിപ്പിക്കുക | 3,11 | |
| 18. | നാളിശ്ശേരി പള്ളി ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് പോകുന്ന റോഡ് ആനപ്പടി കൈനിക്കര റോഡിനോട് ബന്ധിപ്പിക്കുക. | 3 | |
| 19. | ചമ്രവട്ടം എൽ.ബി. കനാൽ റോഡിൽ മദ്രസ്സയുടെ ഭാഗത്തു നിന്നും ലക്ഷം വീട് കോളനിയിലേക്കുള്ള റോഡ് നിർമ്മിക്കുക. | 8 | 100 മീ |
| 20. | ചമ്രവട്ടം എൽ.ബി. കനാൽ റോഡിൽ മദ്രസ്സയുടെ സമീപത്ത് നിന്ന് തെക്കോട്ട് കടവു വരെ കോളനി വഴി റോഡു നിർമ്മിക്കുക. | 8 | 1.കി.മീ |
| 21. | കരുമത്തിൽ റോഡിൽ നിന്നും പടിഞ്ഞാറു ഭാഗത്തേക്കു പോകുന്ന കൈ[illegible]ാക്കു വഴി റോഡ് പാലക്കൽ മേലേ വി.സി.ബി.യിൽ മുട്ടിക്കുക. | 9 | 500 മീ |
| 22. | കരുമത്തിൽ റോഡിൽ നിന്നും കനാലിനരികിലൂടെ കുറുമ്പടിയിലേക്കുള്ള വഴി ഇരുവശവും കെട്ടി ഗതാഗത യോഗ്യമാക്കുക. | 9 | 3.കി.മീ. |
| 23. | മാടമ്പത്ത് പട്ടികജാതി കോളനി റോഡ് ചമ്രവട്ടം-കാവിലക്കാട് റോഡുമായി ബന്ധിപ്പിക്കുക. | 9 | 1.കി.മീ |
| 24. | തെയ്യത്തുംതറ ആനപ്പടി (തൃപ്രങ്ങോട്) റോഡ് നിർമ്മിക്കുക. | 10-4 | 1.കി.മീ |
| 25. | കീഴായ മൂച്ചിക്കൽ റോഡ്-ചെകുത്താൻ കുണ്ട് ആർ.ബി. കനാൽ വരെ മുട്ടിക്കുക. | 10 | |
| 26. | വാഴ വളപ്പ് നിന്നും കിഴക്കോട്ടുള്ള റോഡ് കമ്മുക്കിലെത്തിക്കുക. | 10 | 600 മീ |
| 27. | പറക്കൊടി റോഡ് കുഞ്ചുപ്പടി റോഡുമായി ബന്ധിപ്പിക്കുക. | 10 | 500 മീ |
| 28. | ബീരാഞ്ചിറ-കുണ്ടനിടവഴി പട്ടികജാതി കോളനി | 10 | 600 മീ |

| | | | |
|---|---|---|---|
| | കമ്മുക്ക് റോഡുമായി ബന്ധിപ്പിക്കുക. | | |
| 29. | ശ്മശാനതമതിലേക്ക് കുഞ്ചുപ്പടി റോഡിൽ നിന്നും റോഡു നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുക | 10 | 200 മീ |
| 30. | കാരന്തൂർ-മുള്ളൻമട റോഡ് വെങ്കൊളം കായലിൽ കൂടി ഃപൊയ്‌ലിശ്ശേരി കലുറമ്പ് റോഡിൽ മുട്ടിയ്ക്കുക | 11 | 11/4 കി.മീ. |
| 31. | കൈനിക്കര-ഏത്തിപ്പാറ മുതൽ ചേമ്പും പടി വരെ ആനപ്പടി റോഡിനോട് ചേർന്നു റോഡു നിർമ്മിക്കുക. | 11 | 1കി.മീ. |
| 32. | പാവേരിക്കര 3,12,11, വാർഡുകളുടെ അതിർത്തിയിൽ നിന്നും തെക്കോട്ടു പോകുന്ന ഊടു വഴി കുട്ടിച്ചാത്തൻ പടി റോഡിനോട് ബന്ധിപ്പിക്കുക. | 11 | 400 മീ |
| 33. | കാരന്തൂർ-കൈനിക്കര റോഡിൽ നിന്നും അങ്കണത്തിൽ പടി വഴി ബീരാൻചിറ കാരന്തൂർ റോഡിൽ മുട്ടത്തക്ക വിധത്തിലുള്ള റോഡു നിർമ്മിക്കുക. | 11 | 1/2 കി.മീ. |
| 34. | പാലക്കപ്പള്ളിയാൽ കോലൂപാലം പൊതുവഴി ഗതാഗത യോഗ്യമാക്കിത്തീർക്കുക. | 12 | 11/2 കി.മീ. |
| 35. | ഹനുമാൻകാവ് മുൻവശത്തു നിന്നും പുഴിക്കുന്നിലേക്കും തെക്കോട്ട് 'വായുജ കെമിക്കൽസിനു' സമീപം പഞ്ഞൻ പടി പാവേലിക്കര റോഡിൽ ബന്ധിപ്പിക്കത്തക്ക രീതി യിൽ റോഡുകൾ നിർമ്മിക്കുക. | 12 | 11/2 കി.മീ. |
| 36. | പെരുന്തല്ലൂർ കേന്ദ്ര മദ്രസ്സ മുതൽ ചെറിയപരപ്പൂർ ആർ. ബി. കനാൽ വരെ റോഡ് നിർമ്മിക്കുക. | 7 | 1 കി.മീ |
| 37. | മുടങ്ങികിടക്കുന്ന പെരുന്തല്ലൂർ ഗുരുക്കൾപടി കോലൂ പറമ്പ് റോഡ് പൂർത്തിയാക്കുക. | " | 1 കി.മീ |
| 38. | പെരുന്തല്ലൂർ പോസ്ററ് ഓഫീസ് പരിസരത്ത് നിന്ന് തുടങ്ങി പടയനാവു് ആർ.ബി.കനാൽ റോഡിൽ അവ സാനിക്കുന്ന തരത്തിൽ റോഡ് നിർമ്മിക്കുക. | " | 600 മീ |
| 39. | പെരുന്തല്ലൂർ അമ്പലപടി മുതൽ പട്ടികജാതി കോളനി യിൽ കൂടി കൂളത്ത് റൈസ് മിൽ വരെ റോഡ് നിർമ്മിക്കുക | " | 750 മീ |
| 40. | തിരൂർ ചമ്രവട്ടം റോഡിൽ നിന്നു പടിഞ്ഞാറു ഭാഗത്തേക്ക് വെള്ളൂററി തറ വഴി പുവ്വാംകുളം കോളനിവരെ റോഡ് നിർമ്മിക്കുക. (ശ്രമദാനമായി നാട്ടുകാർ വെട്ടിയ റോഡ് പഞ്ചായത്ത് ഏറെറടുക്കുക. | 6 | |
| 41. | പട്ടണം പടി കനാൽ റോഡ് നിർമ്മിക്കുക | 5 | 1 കി.മീ |
| 42. | ആലിങ്ങൽ ആനപ്പടി റോഡിൽ നിന്ന് വടക്കോട്ട് പോകുന്ന പഞ്ചായത്തു നടപ്പാത കോണിക്കൽ ഇടവഴി (കുട്ടിഹസ്സനുണ്ണി)യുടെ വീടിൻെറ അരി കിലൂടെ പരപ്പേരി സ്കൂളിലേക്ക് പോകുന്ന നടപ്പാത മേപ്പാടം ഹരിജൻ കോളനി റോഡിലേക്ക് മുട്ടിച്ചു ഗതാഗത യോഗ്യമാക്കൽ. | 6-4 | 1 കി.മീ |
| 43. | ആലിങ്ങൽ ബാങ്ക് സമീപത്തുകൂടി തെക്ക് ഭാഗത്തേക്ക് ഫുട്ട്പാത്ത് | | 300 മീ |

(അവലംബം സെക്കണ്ടറി ഡാററ)

പട്ടിക -ബി

## നിലവിലുള്ള റോഡുകൾ മെറ്റൽ ചെയ്തു താർ ചെയ്യേണ്ടവ

| ക്രമനമ്പർ | റോഡുകളുടെ പേര് | വാർഡ് | നീളം |
|---|---|---|---|
| 1. | പൊറ്റോടി പട്ടികജാതി കോളനി റോഡ് | 1 | |
| 2. | കറുത്തേടത്ത് പടി പട്ടിക ജാതി കോളനി റോഡ് | 1 | |
| 3. | ആലത്തിയൂർ തലൂക്കര റോഡ് | 1 | |
| 4. | കുട്ടിച്ചാത്തൻ പടി കൈനിക്കര റോഡ് | 2 | |
| 5. | ബി.ഇ.എം.ഓർഫനേജ് മുതൽ നാളിശ്ശേരി വഴി അമ്പലപ്പടി വരെയുള്ള റോഡ് | 3 | |
| 6. | ചേമ്പും പടി കൈനിക്കര റോഡ് | 3 | |
| 7. | തൃപ്രങ്ങോട് ക്ഷേത്രം ഇല്ലിക്കൽ തോട് റോഡ് | 4 | |
| 8. | ആനപ്പടി അങ്ങാടി, കൊടക്കൽ-ആലത്തിയൂർ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് | 4 | |
| 9. | കൈമലശ്ശേരി-കയ്പനാൽ കുളം കനാൽ റോഡ് | 5 - 6 | |
| 10. | സിൻഡിക്കേറ്റ് കൂട്ടമ്മാക്കൽ റോഡ് | 5 | |
| 11. | ആലുങ്ങൽ-ആശുപത്രി റോഡ് | 6 | |
| 12. | പുവ്വാങ്കുളം പട്ടികജാതി കോളനി റോഡ് | 6 | |
| 13. | പെരുന്തല്ലൂർ എൽ.പി.സ്കൂൾ ആർ.ബി.കനാൽ റോഡ് | 7 | |
| 14. | പെരുന്തല്ലൂർ പടയനാവ് ആർ.ബി.കനാൽ റോഡ് | 7 | |
| 15. | പെരുന്തല്ലൂർ എൽ.ബി. കനാൽ റോഡ് | 8 | |
| 16. | കൂളത്ത് റോഡ്, കോലൂപറമ്പ് റോഡ് മുൻ.പ: പ്രസിഡൻറിൻെറ വീടുവരെ | ,, | |
| 17. | പനയിൽ ഇടവഴി റോഡ് | ,, | |
| 18. | മാമ്പ്രക്കൽ ഇടവഴി | ,, | |
| 19. | ചമ്രവട്ടം ശ്മശാന റോഡ് | ,, | |
| 20. | ആനൊഴുക്ക് പാലം റോഡ് | 9 | |
| 21. | കരുമത്തിൽ റോഡ് | 9 | |
| 22. | കീഴായ - മൂച്ചിക്കൽ റോഡ് | 10 | |
| 23. | കുത്തു കല്ലിൽ നിന്നും കിഴക്കോട്ടുള്ള റോഡ് | 10 | |
| 24. | കൊടക്കൽ പറക്കൊടി റോഡ്10 | | |
| 25. | ശ്മശാനം കുഞ്ചുപ്പടി റോഡ് | ,, | |
| 26. | ഇടിയാട്ടിൽ കുന്ന് ഭാരതപ്പുഴ പട്ടികജാതി കോളനി റോഡ് | ,, | |
| 27. | ഓർഫനേജ് മുതൽ സി.എസ്.ഐ. പള്ളി വഴി ഒട്ടുപുറം ചേരുന്ന റോഡ് | 3 | |
| 28. | ഓർഫനേജ് മുതൽ അംഗൻവാടി വരെയുള്ള റോഡ് | 3 | |
| 29. | കൈനിക്കര-ചെമ്പാല റോഡ് | 11 | |
| 30. | കൽപറമ്പ് പട്ടികജാതി കോളനി റോഡ് | 12 | |
| 31. | പൊയിലിശ്ശേരി-കക്കിടി വഴി പാറശ്ശേരി റോഡ് | 12 | |
| 32. | പാവേലിക്കര ലക്ഷം വീട് കോളനി റോഡ് | ,, | |
| 33. | കാർന്തൂർ-മുള്ളൻമട-വെങ്കൊളം കായൽ റോഡ് | 12 - 11 | |

## റിപ്പയർ ചേയ്യേണ്ട റോഡുകൾ

പട്ടിക - സി.

| ക്രമനമ്പർ | റോഡുകളുടെ പേര് | വാർഡ് | നീളം |
|---|---|---|---|
| 1. | പഞ്ഞൻ പടി - കാരന്തൂർ റോഡ് | 2-11-12 | |
| 2. | ആനപ്പടി- കൈനിക്കര റോഡ് | 11-3 | |
| 3. | ചെമ്പാല - കൈനിക്കര റോഡ് | 11 | |
| 4. | ആലുങ്ങൽ - ആനപ്പടി റോഡ് | 4-6 | |
| 5. | പൊയിലിശ്ശേരി-കക്കിടി-പാറശ്ശേരി റോഡ് | 2-12 | |
| 6. | പനയിൽ ഇടവഴി | 8 | |
| 7. | ചക്കരപ്പടി കോലൂപറമ്പ് ഭഗവതി ക്ഷേത്രം | ,, | |
| 8. | മുണ്ടു വളപ്പിൽ റോഡ് അമ്പല വരെ | ,, | |
| 9. | കരുമത്തിൽ-പാലക്കതിരുത്ത് റോഡ് | 9 | |
| 10. | പാലക്കതിരുത്ത് റോഡ് | ,, | |
| 11. | മാടമ്പത്ത് ഇടവഴി റോഡ് | ,, | |

**10-8 ഗ്രാമ സഭകളിൽ നിന്ന് ലഭിച്ച മററു നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ് ;-**

1. എല്ലാ റോഡുകൾക്കും ഓടകളും കൾവർട്ടുകളും നിർമ്മിക്കുവാൻ ഗവൺമെൻറും പഞ്ചായത്തും ശ്രമിക്കണം.

2. ഓരോ വർഷവും റോഡുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യണം.

3. പ്രധാന റോഡുകൾ മെറ്റൽ ചെയ്ത് ടാറിടണം.(അവലംബം സെക്കണ്ടറി ഡാറ്റ)

4. ഈ പ്രവർത്തനങ്ങളെ സഹായിക്കു വാൻ സന്നദ്ധസംഘടനകൾ രൂപീകരിച്ച് ജന പങ്കാ ളിത്തം ഉറപ്പിക്കണം.

5. റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കണം.

6. ആലത്തിയൂർ-കൊടക്കൽ റൂട്ടിൽ ബസ്സു കൾ വളരെ കുറവാണ്. കൂടുതൽ ബസ്സുകൾ ഈ റൂട്ടിൽ ഓടിക്കുവാൻ ആർ.ടി.എ/കളക്ടർ മുത ലായവരുമായി പഞ്ചായത്തു സമിതി ബന്ധപ്പെടണം.

10-9 പഞ്ചായത്തിൽ നിലവിലുള്ള സമ്മ തപത്രം ഇല്ലാത്ത റോഡുകൾ, ഇടവഴികൾ, ഊടുവഴികൾ മററു നടപ്പാതകൾ ഇവയെല്ലാം വിപുലീ കരിക്കുന്നതിനും അററകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള എല്ലാ അധികാരങ്ങളും പഞ്ചായത്തിൽ നിക്ഷിപ്തമാണെന്ന് ബോർഡ് ഐക്യകണ്ഠേന തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനത്തിന് നിയമ പ്രാബ ല്യം ലഭിക്കുവാൻ വേണ്ട നടപടികൾ ജില്ലാ പഞ്ചാ യത്തും ഗവർമ്മെണ്ടും സ്വീകരിക്കേണ്ടതാണ്.

അടിസ്ഥാന സൗകര്യങ്ങളിൽ അതി പ്രധാനമായ ഒരു ഇനമാണ് നല്ല റോഡുകൾ. മറ്റു സാമ്പത്തിക മേഖലകളുടെ വളർച്ചക്ക് ഇത് ആവശ്യവും സഹായകവുമാണ്. പഞ്ചായത്ത് സമിതി, ഒമ്പതാം പദ്ധതി പ്രകാരം കിട്ടുന്ന ഫണ്ടുകൾ ഉപ യോഗിച്ച് സന്നദ്ധ സേനകളിലൂടെ ജന പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ നല്ല നിലയിൽ വെക്കുവാനും പുതിയ റോഡുകൾ നിർമ്മിക്കുവാനും ശ്രമിക്കണം.ഊർജ്ജം

10-10 തിരൂർ പട്ടണത്തിൽ വൈദ്യുതി വന്നത് സ്വാതന്ത്ര്യാനന്തരമാണ്. വീണ്ടും കുറേ വർഷങ്ങൾക്ക് ശേഷമാണ് ഗ്രാമ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയത്. തൃപ്രങ്ങോട് പഞ്ചായത്തിൽ വൈദ്യുതി എത്തിയത് കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിന് ശേഷമാണ്. ആലത്തിയൂരിൽ നിലവിലുള്ള കെ. എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുടങ്ങിയത് 1975 ലാണ്. അതിനുശേഷം തൃപ്രങ്ങോട് അടക്കമുള്ള ഗ്രാമങ്ങളിലെ വൈദ്യുതീകരണം ത്വരിതപ്പെട്ടിട്ടുണ്ട്. 160 ''

342

10-11 തൃപ്രങ്ങോട് പഞ്ചായത്തിൽ ലഭ്യമായ ഊർജ്ജ സ്രോതസ്സുകൾ താഴെ പറയുന്നവയാണ്. വൈദ്യുതി, മണ്ണെണ്ണ, ഡീസൽ, പെട്രോൾ, വിറക് തെങ്ങോലയും മററ് തെങ്ങിൽ നിന്നുളള ഉത്പന്നങ്ങളും. കമുകിൻ പട്ടകൾ, അറക്കപ്പൊടി ഇലകൾ, മററ് ചപ്പ് ചവറുകൾ.

10-12 വീടുകളിൽ പാചകത്തിന് ഉപയോഗിക്കുന്നത് കൂടുതലും വിറകാണ്. അതിൽ വലിയൊരു ഭാഗം ഓലയും മടലുമാണ്. താണവരുമാനക്കാർ ഇലകളും ചപ്പ് ചവറുകളും ഉപയോഗിക്കുന്നുണ്ട്. വിറകിൻെറ ലഭ്യത കുറവായി വരുന്നതിനാൽ മണ്ണെണ്ണയും ധാരാളം ഉപയോഗിക്ക പ്പെടുന്നുണ്ട്.

പാചക വാതകം ഏതാണ്ട് 5% ൽ താഴെ കുടുംബങ്ങളെ ഉപയോഗിക്കുന്നുളളു. സമ്പന്നരും ഇടത്തരം കുടുംബങ്ങളുമാണ് അവരിൽ അധികവും. ഉദ്യോഗസ്ഥകളായ കുടുംബിനികൾക്ക് ഇത് സൗകര്യ പ്രദമാണ്. എന്നാൽ പാചക വാതകത്തിൻെറ ലഭ്യത കുറവാണ്. കണക്ഷൻ കിട്ടുവാൻ വർഷങ്ങളോളം കാത്തിരിക്കണം. സിലിണ്ടർ കൊണ്ട് വരുവാൻ തിരൂർ പട്ടണത്തിൽ പോകണം. ഈ കാരണങ്ങൾ കൊണ്ട് പാചക വാതകത്തിൻെറ ഉപയോഗം കാര്യമായി വർദ്ധിക്കുന്നില്ല. പാചക വാതകം ഉളളവരും വിറകടുപ്പുകൾ ഉപയോഗിച്ചു വരുന്നുണ്ട്.

10-13 താണ വരുമാനക്കാരായ കുടുംബങ്ങൾ പാചകത്തിന് സാധാരണ ഉപയോഗിക്കുന്നത് വിറകും മണ്ണെണ്ണയുമാണ് സ്വന്തം പറമ്പുകളിൽ നിന്നാണ് വിറക് അധികപക്ഷവും ശേഖരിക്കുന്നത് എല്ലാ അങ്ങാടികളിലും വിറകം ലഭ്യവുമാണ്. വിറക് ശേഖരിക്കാൻ സ്ത്രീകളോ കുട്ടികളോ അധിക ദൂരം പോവേണ്ടി വരുന്നില്ല. പഞ്ചായത്തിലുളള 6118 കുടുംബങ്ങളും വിറക് ഉപയോഗിക്കുന്നുണ്ട്. പ്രതി വർഷം ഏതാണ്ട് 15,000 ടണ്ണിലധികം വിറക് ഈ ആവശ്യത്തിന് വേണ്ടി വരും അത് പഞ്ചായത്തിൽ തന്നെ പല വിധത്തിൽ ലഭ്യമാവുന്നുണ്ട്.

10-14 വിറകിനുശേഷം ഏററവും അധികം ഉപയോഗിക്കപ്പെടുന്നത് മണ്ണെണ്ണയാണ്. പഞ്ചായത്തിലുളള റേഷൻ കടകളിൽ കൂടി പ്രതിവർഷം വിതരണം ചെയ്യപ്പെടുന്ന മണ്ണെണ്ണയുടെ കണക്ക് താഴെ കൊടുക്കുന്നു.

1) റേഷൻ കാർഡുകൾ പ്രകാരം 103353 ലിററർ.

2) സ്പെഷൽ പെർമിററ് പ്രകാരം 23,796. ഇതിന് പുറമേ അങ്ങാടികളിൽനിന്നും ധാരാളം ണ്ണെണ്ണ കൂടുതൽ വിലക്ക് വിൽക്കപ്പെടുന്നുണ്ട്.

10-15 ദക്ഷതയേറിയ പരിഷത്തടുപ്പുകൾ കുറഞ്ഞ തോതിലാണെങ്കിലും പ്രചാരത്തിലുണ്ട്. സുമാർ 200 ലധികം കുടുംബങ്ങൾ പരിഷത്തടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. ജൈവോർജ്ജം (ഗോബർ ഗ്യാസം) വിരലിലെണ്ണാവുന്ന വീടുകളിൽ ഉണ്ട്. പമക്ഷ സാങ്കേതിക തകരാറ് മൂലം അവ പ്രവർത്തന ക്ഷമമല്ലെന്ന് അറിയുന്നു. സൗരോർജ്ജം, വായു ജന്യമായ ഊർജ്ജം എന്നിവ പ്രചാരത്തിലില്ല.


"ഓരോരുത്തരും അവരവരുടെ
നെറ്റി വിയർമ്മെ പണിയെ
ടുത്തുജീവിച്ചെങ്കിൽ ഭൂമി
സ്വർഗമായി മാറുമായിരുന്നു"

–ഗാന്ധിജി

10-16 ആലത്തിയൂരിലുള്ള കെ.എസ്. ഇ.ബി.സെക്ഷന് കീഴിൽ തൃപ്രങ്ങോട് പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ എൽ.ടി. ട്രാൻസ്ഫോർമറുകൾ ഉണ്ട്.

പട്ടിക .1.

| ക്രമനമ്പർ | എൽ.ടി.ട്രാൻസ്ഫോർമർ ഉള്ളസ്ഥലങ്ങൾ | ശേഷി |
|---|---|---|
| 1 | ചെകുത്താൻ കുണ്ട് | 500 KVA |
| 2 | ചമ്രവട്ടം പി.എച്ച്. | 100 " |
| 3 | ചമ്രവട്ടം 2 | 160 " |
| 4 | ചമ്രവട്ടം 2 | 160 " |
| 5 | ചമ്രവട്ടം നോർത്തം | 100 " |
| 6 | പെരുന്തല്ലൂർ 1 | 63 " |
| 7 | പെരുന്തല്ലൂർ 2 | 100 " |
| 8 | കൈമലശ്ശേരി 1 | 250 KVA |
| 9 | കൈമലശ്ശേരി 2 സി.പി.എം.വുഡ് ഇൻറസ്ട്രീസ് | 100 " |
| 10 | ചെറിയപറപ്പൂർ | 100 " |
| 11 | ബീരാൻചിറ | |
| 12 | ആനപ്പടി | 100 " |
| 13 | കൈനിക്കര | 100 " |
| 14 | പരപ്പേരി | 250 " |
| 15 | ആലത്തിയൂർ സൗത്ത്, വസന്ത സോമിൽ | 160 " |
| 16 | ആലത്തിയൂർ പടിഞ്ഞാറ്, യുനൈററഡ് റബ്ബർ | 100 " |
| 17 | കെ.എസ്.ഇ.ബി. ഓഫീസ് | 100 " |
| 18 | പൂഴിക്കുന്ന്, ഫ്ളൈവുഡ് | 100 " |
| 19 | വായുജ കെമിക്കൽ | 100 " |
| 20 | കമ്മുക്ക് | 160 " |



പട്ടിക 2.

10-17 വിവിധ ആവശ്യങ്ങൾക്കായി നിലവിലുള്ള വൈദ്യുതി കണക്ഷനുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1) | ഗാർഹികം | 2845 |
| 2) | വ്യാപാരം | 579 |
| 3) | വ്യവസായികം | 33 |
| 4) | കാർഷികം | 745 |

പഞ്ചായത്തിൽ 6118 വീടുകൾ ഉണ്ട്. പകുതിയിൽ അധികം വീടുകളും വൈദ്യുതി കിട്ടാത്തവയാണ്.

10-18 പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ട 10 പട്ടിക ജാതി കോളനികൾ ഉണ്ട്. അവയിൽ ഒരെണ്ണം (മേപ്പാടം) മാത്രമേ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളു.

10-19 പഞ്ചായത്തിലെ സ്ട്രീററ് ലൈററുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

**പട്ടിക - 3**

| ബൾബ് | ട്യൂബ് | സോഡിയംവേപർ |
|---|---|---|
| 40 .W . 109 | 40 .W .2 | 250 .W . 1. |
| | | 150 .W . 10 |
| | | 150 .W . 12 |

പഞ്ചായത്ത് പ്രതിമാസം 2113 രൂപ കറൻറ് ചാർജ് ആയി മേൽ പറഞ്ഞ സ്ട്രീററ് ലൈററുകൾക്ക് വേണ്ടി ചിലവാക്കുന്നുണ്ട്. സോഡിയം വേപ്പർ ലാമ്പുകൾ പല സ്ഥലത്തും കത്തുന്നില്ലന്ന് പരാതിയുണ്ട്. കെ.എസ്.ഇ.ബി. അധികൃതർ സ്ട്രീററ ലൈററുകൾ കത്തുന്നത് ഉറപ്പ് വരുത്തണം

10-20 ആലത്തിയൂരിലെ കെ.എസ്.ഇ.ബി. സെക്ഷ നിൽ കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേ ക്ഷകളുടെ കണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ഓർഡിനറി | : | 185 |
| ഒ.ടി.പി. | : | 03 |
| ഒ.വൈ.ഇ.സി | : | 45 |

**തനത് വർഷം കൊടുത്ത കണക്ഷനുകളുടെ എണ്ണം**

| | | |
|---|---|---|
| ഓർഡിനറി | : | 3 |
| ഒ.ടി.പി | : | 1 |
| ഒ.വൈ.ഇ.സി | : | 48 |

10-21 പഞ്ചായത്തിലെ എല്ലാ സ്ഥലങ്ങളിലും വോൾട്ടേജ് ക്ഷാമം ഉണ്ട്. വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെ വേൾട്ടേജ് വളരെ കുറവാണ്. വായിക്കാൻ പോലും വെളിച്ചമില്ല. ചില വീടുകളിൽ സ്റെറപ്-അപ് ഉപയോഗിക്കുന്നത് നിമിത്തം ഇത് കൂടുതൽ രൂക്ഷമാവുന്നു. മററു സമയങ്ങളിലും മോട്ടോറുകൾ മുതലായവ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. പ്രഖ്യാപിത കട്ടുകൾക്ക് പുറമെ പ്രതിദിനം മണിക്കൂറുകളോളം നീണ്ടു നിൽക്കുന്ന അപ്രഖ്യാപിത കട്ടുകളും ഉണ്ട്.

**10-22 പ്രശ്നങ്ങൾ**

* വൈദ്യുതി കണക്ഷനുകൾ ലഭിക്കുവാൻ കാലതാമസം നേരിടുന്നു.
* വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
* അപ്രഖ്യാപിത കട്ടുകൾ സാധാരണമാണ്.
* വിറകിൻെറ ലഭ്യത കുറഞ്ഞ് വരുന്നു.
* പാചക വാതകം ലഭിക്കുന്നില്ല.
* പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്ക് പ്രചാര കുറവാണ്.

**10-23 സാധ്യതകൾ നിർദ്ദേശങ്ങൾ**

പഞ്ചായത്തിലെ പന്ത്രണ്ട് ഗ്രാമസഭകൾ മേൽ പറഞ്ഞ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും താഴെ വിവരിച്ച നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുകയും ചെയ്തിട്ടുണ്ട്.

● വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ അടിയന്തിര നടപടികൾ എടുക്കണം

● വൈദ്യുതി എത്താത്ത പട്ടികജാതി കോളനികളിൽ താമസം കൂടാതെ വൈദ്യുതി എത്തിക്കണം

● പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾക്ക് പ്രചാരം കൊടുക്കുകയും അവയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയും ചെയ്യുക.

● ദക്ഷത കൂടിയ അടുപ്പുകൾ ഊർജ്ജലാഭം കൂടിയ ബൾബുകൾ ഇലക്ട്രോണിക് ചോക്കുകൾ മുതലായയ്ക്ക് പ്രചാരം കൊടുക്കുക.

● വൈദ്യുതി ലൈനുകളുടെ മെച്ചപ്പെട്ട

മെയിൻറനൻസിൽ കൂടി പ്രസരണ നഷ്ടം കുറക്കുക.

● ട്രാൻസ്ഫോർമറുകളുടെ ഇപ്പോഴുള്ള ശേഷി 250 KVA ആയി ഉയർത്തുക.

● വൈദ്യുതി കണക്ഷനുകൾ നൽകുന്നതിൽ കാല താമസം ഒഴിവാക്കുക.

● ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് വൈദ്യുതി സൗജന്യമായി നൽകുക.

● ഒ.വൈ.ഇ.സി. അടച്ച് കണക്ഷൻ അപേക്ഷിച്ചവർ ഒന്നര വർഷമായി കണക്ഷന് വേണ്ടി കാത്തിരിക്കയാണ് അവർക്ക് താമസം കൂടാതെ കണക്ഷൻനൽകാൻ നടപടികൾ വേണം.

● താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർ മർ പുതുതായി സ്ഥാപിക്കണം .1. ആനപ്പടിയിലെ പള്ളിപ്പടി ഭാഗത്ത്. 2. ചെറിയ പറപ്പൂർ നദി നഗർ കടവ്. 3. പരപ്പേരി സി. എസ്. ഐ പള്ളിക്ക് സമീപം .4. നാളിശ്ശേരി .5. കുഞ്ചുപ്പടി .6. ആലിങ്ങൽ . 7. പൂവാംകുളം ഹരിജൻ കോളനി .8. പൊറ്റോടി പട്ടികജാതി കൊളനി.

● ഒ.വൈ.ഇ.സി. ഡെപ്പോസിറ്റ് എല്ലാ ചെലവുകളും ഉൾപ്പെട്ടതാണ് തന്നിമിത്തം കണക്ഷൻ നൽകു മ്പോൾ അപേക്ഷകനെ കൊണ്ട് വീണ്ടും പോസ്റ്റ് കമ്പി മുതലായവ കൊണ്ട് പോവാനും പണി നടത്തുവാനും ചിലവ് ചെയ്യിക്കുന്ന സമ്പ്രദായം നിർത്തൽ ചെയ്യണം.

● വൈദ്യുതി ഉള്ള വീടുകളിൽ മണ്ണെണ്ണയുടെ അളവ് കുറച്ചുകൊണ്ടാണ് റേഷൻകാർഡ് നൽകുന്നത്. വോൾട്ടേജ് കുറവ് മൂലം മണ്ണെണ്ണയുടെ ഉപയോഗം വർദ്ധിക്കുന്നതിനാൽ മണ്ണെണ്ണയുടെ മുഴുവൻ അളവുകളും നൽകണം.

● സാധാരണ അപേക്ഷകർക്ക് പാചക വാതക കണക്ഷൻ അഞ്ച് വർഷം കാത്തിരുന്നിട്ടും ലഭി ക്കുന്നില്ല. ഇപ്പോൾ മുൻഗണന ലഭിക്കുന്നത് വലിയ തുക കെട്ടിവെച്ചവർക്കാണ്. ഈ നില മാററി സാധാ രണ അപേക്ഷകർക്കും കണക്ഷൻ കിട്ടത്തക്ക വിധത്തിൽ ക്വോട്ട സമ്പ്രദായം നടപ്പാക്കണം.

● പഞ്ചായത്തിലെ തെരുവ് വിളക്കുകൾ കത്തുന്നില്ലെന്ന് പരാതിയുണ്ട്. കെ.എസ്.ഇ.ബി. അധികൃതർ ഇത് പരിശോധിച്ച് പരിഹാരമുണ്ടാക്കണം.

● സോഡിയം വേപർ ലാമ്പാകൾ പരിശോധിച്ച് കത്തുന്നുണ്ടെന്നു ഉറപ്പു വരുത്താൻ കെ.എസ്.ഇ.ബി. യിൽ നിന്നും അധികൃതരെ നിയമിക്കണം.

● പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക

10-24 കൃഷി വ്യവസായം മുതലായ സാമ്പത്തിക മേഖലകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും ജനങ്ങളുടെ ഗാർഹിക സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിനും അത്യാവശ്യമായ അടിസ്ഥാന സൗകര്യമാണ് വൈദ്യുതി. വൈദ്യുതി മേഖലയിൽ വേണ്ടത്ര പുരോഗതി നേടുന്നില്ലെങ്കിൽ മററു മേഖലകളിലെ വികസനത്തെ അത് ദോഷകരമായി ബാധിക്കും.

**10-25 മാർക്കററ്**

തൃപ്രങ്ങോട് പഞ്ചായത്തിലെ പ്രധാന കാർഷികോൽപ്പന്നങ്ങൾ തേങ്ങ, അടയ്ക്ക, നെല്ല്, നേന്ത്രക്കായ മുതലായവയാണ്. ഈ കാർഷിക വിഭവ ങ്ങൾക്കുള്ള മാർക്കററുകൾ തിരൂർ, കുററിപ്പുറം, പൊന്നാനി, കോഴിക്കോട് മുതലായ പട്ടണങ്ങളിലാണ് തേങ്ങ പൊളിച്ച് കൊപ്രയാക്കി കോഴിക്കോട് മാർക്കററിലാണു വിൽക്കപ്പെടുന്നത്. കുറെ പൊന്നാ നിയിലും നാട്ടിൻ പുറങ്ങളിലെ ഓയിൽ മില്ലുകളിലും വിൽക്കുന്നുണ്ട്. അടയ്ക്കക്കുള്ള മാർക്കററ് വട്ടംകുളം, ചങ്ങരകുളം, ചാലിശ്ശേരി, തലക്കടത്തൂർ എന്നിവയാ ണ്. ചെറുകിട ഉൽപാദകരിൽ നിന്ന് പ്രദേശിക വ്യാപാരികൾ ഈ ഉൽപന്നങ്ങൾ സംഭരിക്കുകയും പട്ടണങ്ങളിലെ മാർക്കററുകളിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്യുന്നു. പഞ്ചായത്തു പ്രദേശത്തു മാർക്കററിംഗ് സൗകര്യങ്ങളില്ലാത്തതിനാൽ ഉൽപാദ കർക്ക് ന്യായമായ വില കിട്ടുന്നില്ല. പ്രധാന കാർഷിക വിളയായ നെല്ല് സംഭരിച്ച് വിൽക്കുന്നത് പാലക്കാട്, കാലടി മാർക്കററുകളിലാണ്. കൂടാതെ പ്രദേശിക തലത്തിൽ ''അവിൽ'' മില്ലുകൾ വ്യവസായ അടിസ്ഥാനത്തിൽ ധാരാളം നെല്ലു വാങ്ങുന്നുണ്ട്.

10-26 പഞ്ചായത്തിലെ പ്രധാന വ്യാപാര കേന്ദ്രങ്ങൾ ആലത്തിയൂർ, ചമ്രവട്ടം, ബീരാൻചിറ എന്നീ അങ്ങാടികളാണ്. കൈമലശ്ശേരി, ആലിങ്ങൽ, പെരിന്തല്ലൂർ, ആനപ്പടി എന്നീ സ്ഥലങ്ങളിൽ ചെറിയ അങ്ങാടികളുണ്ട്. ഇവിടങ്ങളിലുള്ള കച്ചവടക്കാർ പട്ടണങ്ങളിൽ നിന്ന് കൊണ്ടു വരുന്ന ചരക്കുകൾ വിൽക്കുന്നവരാണ്. പ്രദേശിക ഉൽപ്പന്നങ്ങൾ വാങ്ങി വിൽക്കുന്നവരുമുണ്ട്.

346

10-27 പഞ്ചായത്തു വകയായി, ചമ്രവട്ടത്തു നിർമ്മിച്ച മത്സ്യമാർക്കററ് മാത്രമെയുള്ളൂ. ആലത്തിയൂർ, ബീരാൻചിറ എന്നിവിടങ്ങളിലും വൃത്തിയുള്ള മത്സ്യമാർക്കററുകൾ ആവശ്യമാണ്. മാംസ വിൽപ്പനയ്ക്ക് ഈ സ്ഥലങ്ങളിൽ മാർക്കററ് ആവശ്യമാണ്. പരിസര ശുദ്ധിക്കും ആരോഗ്യ സംരക്ഷണത്തിനും ഇതു സഹായകമാണ്.

10-28 പഞ്ചായത്തു പ്രദേശത്തു വ്യാപാരം നടത്തുന്നത് കൂടുതലും സ്വകാര്യ വ്യാപാരികളാണ്. ആലിങ്ങലിൽ മാവേലി സ്റേറാറിൻെറ ഒരു ശാഖ പ്രവർത്തിക്കുന്നുണ്ട്. ഉൽപാദകരുടെയോ, ഉപഭോക്താക്കളുടെയോ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. രണ്ട് ക്ഷീര സഹകരണ സംഘങ്ങളുണ്ടായിരുന്നത് പ്രവർത്തന രഹിതമാണ്.

10-29 ഓടമുളകൊണ്ട് (ഈററ) കൂട്ടകൾ പനമ്പുകൾ മുതലായവ നിർമ്മിക്കുവാൻ അറിയുന്ന വിദഗ്ദ്ധ തൊഴിലാളികൾ ഇവിടെയുണ്ട്. അതുപോലെ മുളകൊണ്ടും പനയോലകൊണ്ടും പല സാധനങ്ങളും കൗതുക വസ്തുക്കളും നിർമ്മിക്കുവാൻ കഴിവുള്ളവരുമുണ്ട്. മൺപാത്ര നിർമ്മാണം പരമ്പരാഗതമായി നടത്തുന്നവരുമുണ്ട്. പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് മാർക്കററ് കുറവായതിനാൽ പല പരമ്പരാഗത കുടിൽ വ്യവസായങ്ങളും ഏതാണ്ട് നശിച്ചുകൊണ്ടിരിക്കയാണ്.

**10-30 പ്രശ്നങ്ങൾ**

1. കാർഷികോത്പന്നങ്ങൾക്ക് മാർക്കററിംഗ് സൗകര്യം കുറവാണ്.
2. സഹകരണ പ്രസ്ഥാനം വികസിച്ചിട്ടില്ല.
3. പരമ്പരാഗതമായ കുടിൽ വ്യവസായങ്ങൾ മാർക്കററില്ലാത്തതിനാൽ നശിച്ചുകൊണ്ടിരിക്കുന്നു.

**10-31 നിർദ്ദേശങ്ങൾ/ സാധ്യതകൾ**

- ഗ്രാമ സഭകൾ ഈ പ്രശ്നങ്ങൾ ചർച്ച ചെയ്തതിന് ശേഷം താഴെ പറയുന്ന നിർദ്ദേശങ്ങളുന്നയിച്ചിട്ടുണ്ട്.

- ഉൽപാദകർക്ക് ന്യായമായ വില നൽകി, കാർഷികോൽപ്പന്നങ്ങൾ വാങ്ങി സംഭരിക്കുവാനും, വിപണനം ചെയ്യുവാനും, ഉൽപാദകരുടെ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. അവയ്ക്കു ബാങ്കുകളിൽ നിന്ന് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം

- കാർഷികോൽപ്പന്നങ്ങൾ നാട്ടിൽ വെച്ചു തന്നെ വിലകൂടിയ ഉൽപ്പന്നങ്ങളാക്കി (Value added -Product) സംസ്ക്കരിച്ചു കൂടുതൽ വില കിട്ടത്തക്കവണ്ണം വിപണനം ചെയ്യാവുന്നതാണ്. അതിന് സംസ്ക്കരണശാലകൾ സ്ഥാപിക്കണം.


- ഉപഭോക്തൃ രംഗത്തു സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ന്യായമായ വിലകൾക്കു ഉപഭോക്താക്കൾക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുവാനുള്ള ശ്രമം നടത്തണം.

വിലകളുയരാതെ പിടിച്ചു നിർത്തുവാൻ ഇതു സഹായകരമായേക്കാം. പഞ്ചായത്തിലെ പ്രധാന വ്യാപാര കേന്ദ്രങ്ങളിൽ മത്സ്യം മാംസം, എന്നിവ വിൽക്കുന്നതിന് പഞ്ചായത്തു വകയായ് വൃത്തിയു ള്ള മാർക്കററുകൾ നിർമ്മിക്കണം.

- നിലവിലുള്ള ക്ഷീര സഹകരണ സംഘങ്ങൾ പുനഃരുദ്ധരിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും വിപണനത്തിനുള്ള സാധ്യതകൾ കണ്ടെത്തുകയും വേണം.

- പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കുട്ടയുണ്ടാക്കൽ, പനമ്പ് നെയ്ത്തു, മൺപാത്ര നിർമ്മാണം എന്നവയ്ക്കാവശ്യമായ അസംസ്കൃത വസ്തു ക്കൾ കിട്ടുവാനും ഉൽപ്പന്നങ്ങൾ വിപണനം ചെയ്യു വാനും വേണ്ട സംവിധാനങ്ങൾ കണ്ടുപിടിക്കണം.

-മാർക്കററിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുവാൻ സഹകരണ പ്രസ്ഥാനം ഒരു പരിധിവരെ സഹായകരമാകും. സംഘടിതമായ സഹകരണ പ്രസ്ഥാനം വളർത്തിയെടുക്കുവാൻ ജനകീയാസൂത്രണ പ്രക്രി യ പ്രചോദനം നൽക്കട്ടെ.



അദ്ധ്യായം - 11

# പാർപ്പിടം സാമൂഹ്യക്ഷേമം

തൃപ്രങ്ങോട് പഞ്ചായത്തിലുൾപ്പെട്ട പ്രദേശങ്ങൾ പുരാതന ഗ്രാമങ്ങളായിരുന്നു. ഇവിടെയുണ്ടായിരുന്ന പഴയവീടുകൾ കേരളത്തിന്റെ തനതായ വാസ്തുശില്പ സമ്പ്രദായത്തിൽ നിർമ്മിച്ചവയായിരുന്നു. ഇങ്ങിനെയുള്ള വീടുകളിൽ താമസിച്ചിരുന്നത് ഗ്രാമത്തിലെ പ്രമുഖ കുടുംബങ്ങൾ (തറവാടുകൾ) ആയിരുന്നു. ദരിദ്രവിഭാഗങ്ങൾ കുടിലുകളിലും ഏറ്റവും താണ വിഭാഗത്തിൽപെട്ട പട്ടിക ജാതികൾ 'ചാളകൾ' എന്നറിയപ്പെട്ടിരുന്ന ചെറുകുടിലുകളിലുമായിരുന്നു താമസം. അധികവും ഓല മേഞ്ഞ കെട്ടിടങ്ങളായിരുന്നു. ഓട് പ്രചാരത്തിൽ വന്നത് 19ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഫറൂക്കിലും കൊടക്കല്ലിലും ഓട്ടു കമ്പനികൾ സ്ഥാപിച്ചതിന്റെ ശേഷമാണ്. 20ാം നൂറ്റാണ്ടിന്റെ ഏതാണ്ട് പകുതി വരെ ഈ നില തുടർന്നു. എന്നാൽ 1960 ഓടു കൂടി ധാരാളമാളുകൾ ഗൾഫ്മേഖലഖളിൽ ജോലി തേടിപോകാൻ തുടങ്ങി. ഗൾഫ് സ്വാധീനം മൂലം അവർ നാട്ടിൽ വെൺമാടങ്ങൾ (ടെറസ് വീടുകൾ) നിർമ്മിക്കുവാൻ തുടങ്ങി. ക്രമേണ ടെറസ്സു വീടുകൾക്ക് പ്രചാരം വന്നു. ഇപ്പോൾ പണിചെയ്യപ്പെടുന്നതിൽ അധികവും ടെറസ്സ് വീടുകളാണ്. ഓട് ഉപയോഗപ്പെടുത്തുന്നവരും ഉണ്ട്. ഏറ്റവും ദരിദ്രരായ ആളുകൾ മാത്രമേ ഇപ്പോൾ ഓലപ്പുരകളിൽ താമസിക്കുന്നുള്ളൂ. കഴിഞ്ഞ 30 വർഷങ്ങളിൽ വളരെയധികം വീടുകൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. അതിന് മുമ്പുള്ള മുന്നൂറ് വർഷങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള വീടുകളിലേറെ കഴിഞ്ഞ 30 വർഷങ്ങൾക്കുള്ളിൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. ഇത് കെട്ടിട നിർമ്മാണ രംഗത്ത് വന്ന അൽഭുതകരമായ ഒരു മാറ്റമാണ്. നമ്മുടെ പഞ്ചായത്തിൽ 6118 വീടുകളാണുള്ളത്. ഇതിൽ ഒന്നിൽ കൂടുതൽ നിലകളുള്ള 1238 വീടുകളും 1169 കോൺക്രീറ്റ് വീടുകളും 3211 ഓട് മേഞ്ഞ വീടുകളും 4 മറ്റുള്ളവയുമാണ്.

പട്ടിക 1

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 581 | 83 | 132 | 294 | 155 | |
| II | 868 | 113 | 243 | 416 | 208 | 1 |
| III | 473 | 131 | 82 | 257 | 184 | - |
| Iv | 608 | 157 | 87 | 358 | 163 | - |
| V | 412 | 90 | 49 | 225 | 137 | |
| vi | 783 | 107 | 126 | 358 | 137 | - |
| VII | 514 | 121 | 84 | 295 | 299 | 1 |
| VIII | 514 | 93 | 83 | 306 | 135 | - |
| IX | 601 | 114 | 115 | 282 | 204 | - |
| X | 269 | 145 | 83 | 147 | 39 | - |
| XI | 495 | 84 | 85 | 273 | 135 | 2 |
| Total | 6118 | 1238 | 1169 | 3211 | 1734 | 4 |

പന്ത്രണ്ടാം വാർഡ് രൂപീകരണത്തിന് മുമ്പുള്ള കണക്ക് (അവലംബം-സെക്കണ്ടറി ഡാറ്റാ)

## 11- 2

റോഡുകൾ, ഭാരതപ്പുഴ എന്നിവയുടെ പുറമ്പോക്കുകളിൽ താമസിക്കുന്ന മുപ്പത്തി നാല് കുടുംബാ ഗങ്ങളും കൂടാതെ 5 ലക്ഷം വീട് കോളനികളിലുമായി 102 കുടുംബങ്ങളും താമസിച്ച് വരുന്നു. ദുർബല ജന വിഭാഗത്തിൽപെട്ട-കൂലി വേല ചെയ്ത് ജീവിക്കുന്ന അനവധി കുടുംബങ്ങളും മറ്റു ജില്ലകളിൽ നിന്ന് വന്ന് ജോലി ചെയ്ത് ജീവിക്കുന്ന സർക്കാർ ജീവനക്കാരും അധ്യാപകരും വാടകകെട്ടിടങ്ങളിൽ ധാരാള മായി ഈ പഞ്ചായത്തിൽ താമസിച്ച് വരുന്നുണ്ട്.

## 11 -3

ഈ പ്രദേശത്തെ ഭൂമിയുടെ വില ക്രമാതീതമായി ഓരോ വർഷവും വർധിച്ചു വരുന്നതുകൊണ്ടും സ്വന്തമായി ഭൂമി വാങ്ങി വീടുവയ്ക്കാൻ മേൽ പറഞ്ഞ വിഭാഗത്തിൽപെട്ടവർക്ക് കഴിയാതെ വരുന്നത് കൊണ്ടു പല കുടുംബങ്ങളും വാടകകെട്ടിടങ്ങളിൽ അഭയം കണ്ടെത്തുവാൻ നിർബന്ധിതരാകുന്നു. അഞ്ച്-ലക്ഷംവീട് കോളനികളിലേയും മേൽപറഞ്ഞിട്ടുള്ള പുറമ്പോക്കുകളിലേയും പല കുടുംബങ്ങൾക്കും ഇനിയും പട്ടയം ലഭിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ പത്ത് അംഗീകൃത പട്ടികജാതി കോളനികളുണ്ട്. ഇനിയും കോളനിയായി അംഗീകാരം കിട്ടാനായി പലതും ബാക്കി നിൽക്കുന്നു. 10 അംഗീകൃത പട്ടിക ജാതി കോളനികളിൽ 135 കുടുംബങ്ങൾ താമസിച്ച് വരുന്നുണ്ട്. ഈ കുടുംബങ്ങളിൽ മിക്കവാറും പേർക്ക് പഞ്ചായത്ത്, തിരൂർ ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസ്, മറ്റുവിവിധ സർക്കാർ ഏജൻസികൾ മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടുണ്ട്.

പട്ടിക 11

അംഗീകൃത പട്ടികജാതി കോളനികളുടെ വിവരം

| ക്രമനമ്പർ | വാർഡ് | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|---|
| 1 | I | കറുത്തേടത്ത് പടി | 13 | 63 |
| 2 | IX | പെരുന്തില വളപ്പ് | 13 | 78 |
| 3. | IV | മേപ്പാടത്ത് | 14 | 87 |
| 4 | IV | ചെറിയപരപ്പൂർ | 10 | 67 |
| 5 | I | പൊറ്റോടി-കൈമലശ്ശേരി | 15 | 74 |
| 6. | XII | കല്ംപറമ്പ് | 16 | 80 |
| 7. | IX | ചമ്രവട്ടം | 12 | 97 |
| 8. | VIII | ശങ്കരം പറമ്പിൽ | 10 | 50 |
| 9 | IX | പറമ്പത്ത് | 16 | 81 |
| 10. | VII | പെരുന്തല്ലൂർ (IHDP) | | |
| | | ആകെ | 135 | 758 |

അവലംബം-ഡാറ്റാ കളക്ഷൻ

NB: പൂവ്വാങ്കുളം, കൈമലശ്ശേരി കോളനി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

11 4

നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ പത്ത് വർഷക്കാലത്തിനുള്ളിൽ അനവധി കോൺക്രീറ്റ് വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇത് വീടുകളുടെ നിർമ്മാണ ചെലവ് ഉയർത്തുന്നതിനും ധാരാളം കൃഷിഭൂമി നികത്തി പുരയിടമാക്കി മാറ്റുന്നതിനും ഇടയാക്കിയിട്ടുണ്ട്. ഈ വിധം നികത്തപ്പെടുത്തുന്നതുകൊണ്ട് പാടശേഖര ങ്ങൾകുറഞ്ഞു വരുകയും വെള്ളം ഒഴിഞ്ഞ് പോകുന്നതിന് തടസ്സമാകുന്നുമുണ്ട്. തന്മൂലം വർഷാക്കാ ലത്ത് കെട്ടിടങ്ങൾക്കും ഫല വൃക്ഷങ്ങൾക്കും വൻഭീഷണി നേരിടുന്നു. 1734 കുടുംബങ്ങൾക്ക് ഈ പഞ്ചാ യത്തിൽ താമസയോഗ്യമായ വീടില്ലാത്തതായി കാണുന്നു. നമ്മുടെ പ്രദേശത്ത് ഭവനനിർമ്മാണ രംഗത്ത് ധന സഹായം ലഭിക്കുന്നത് തിരൂർ കാർഷിക വികസന ബാങ്ക്, തിരൂർ അർബൻ കോ- ഓപ്പറേറ്റീവ് ബാങ്ക്, ബ്ളോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, ഗ്രാമപഞ്ചായത്ത്, മറ്റു ഗവൺമെന്റ് ഏജൻസികൾ എന്നിവ മുഖേനയാണ്. ഈ വായ്പകളും ധനസഹായങ്ങളും സമൂഹത്തിലെ ദുർബല വിഭാഗത്തിൽപെട്ട വളരെ കുറച്ചു പേർക്കു ലഭിക്കുന്നുള്ളു. മാത്രമല്ല ഗുണഭോക്താക്കൾ സമയ പരിധിക്കുള്ളിൽ ധനസഹായം വിനി യോഗിക്കാതെയും വരുന്നു. പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളുടെ എണ്ണം താഴെ കാണിച്ച പട്ടിക നമ്പർ 3ലും 4ലും കൊടുത്തിരിക്കുന്നു. ഈ കണക്കിൽ നിന്ന് താമസ യോഗ്യമ ല്ലാത്ത വീടുകളുടെ എണ്ണം മനസ്സിലാക്കാവുന്നതാണ്.

പട്ടിക III JRY മുഖേന പഞ്ചായത്തിൽ അനുവദിച്ച വീടുകൾ

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ബാക്കിയുള്ളവ |
|---|---|---|---|
| 1989-90 | 11 | 9 | 2 |
| 1990-91 | 8 | 6 | 2 |
| 1991-92 | 5 | 3 | 2 |
| 1992-93 | 4 | 1 | 3 |
| 1993.94 | 9 | 3 | 6 |
| 1995-96 | 3 | | 3 |
| Total | 40 | 22 | 18 |

## പട്ടിക IV

### തൃപ്രങ്ങോട്ട്, ആലത്തിയൂർ, ചമ്രവട്ടം എന്നീ V.E.O സർക്കിളുകളിൽ അനുവദിച്ച വീടുകളുടെ പട്ടിക. പദ്ധതികൾ

### (NREP, RLEGP, JRY, IAY, MWS)

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP സർവ്വേപ്രകാരം | വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 91 | 11 | 07 | 04 | 158 |
| II | 89 | 06 | 04 | 02 | 139 |
| II | 93 | 04 | 02 | 02 | 147 |
| IV | 104 | 10 | 08 | 02 | 159 |
| V | 101 | - | - | - | 163 |
| VI | 98 | 18 | 17 | 01 | 171 |
| VII | 97 | 05 | 03 | 02 | 163 |
| VIII | 107 | 06 | 03 | 03 | 184 |
| IX | 104 | 35 | 24 | 11 | 217 |
| X | 107 | 14 | 14 | - | 168 |
| XI | 92 | 28 | 26 | 02 | 149 |

XII പുതിയ വാർഡാണ് ഇതിന്റെ കണക്കുകൾ 10ലും 2ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

അവലംബം സെക്കന്ററി ഡാറ്റ

പഞ്ചായത്തിൽ കഴിഞ്ഞ 12 വർഷക്കാലമായി വിവിധ ഗവണ്മെന്റ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ മൂലം ലഭിക്കുന്ന വീടുകൾ വളരെ കുറവാണെന്ന് മുകളിൽ കാണിച്ച പട്ടികകളിൽ നിന്നും മനസ്സിലാക്കാം. ഇതിനാൽ വിവിധ ഗവണ്മെന്റ് ഏജൻസികളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായവും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇതോടൊപ്പം ഗ്രാന്റ് തുകയുടെ കുറവും ഉയർന്ന കൂലിച്ചെലവും അസംസ്കൃത സാമഗ്രികളുടെ വിലക്കയറ്റവും മൂലം പലവീടുകളും പൂർത്തീകരിക്കാനുണ്ട്. ഇതുമൂലം പാവപ്പെട്ടവർക്ക് സ്വന്തമായൊരു വീട് എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ ഇനിയും ഏറെ ക്കാലം കാത്തിരിക്കേണ്ടിവരും.

11 5

**പ്രശ്നങ്ങൾ**

◆ ഭൂമിയുടെ ക്രമാതീതമായ വില

◆ അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവും വിലക്കയറ്റവും

◆ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വായ്പ വ്യവസ്ഥകളുടെ സങ്കീർണ്ണമായ നിബന്ധനകൾ

◆ JRY, JAY, MWS രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി, ഭവന നിർമ്മാണ ബോർഡ്, (HUDCO) താലൂക്ക് പട്ടികജാതി വികസന ഓഫീസ് (TWO) എന്നീ ഗവൺമെന്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന സഹായധനത്തിന്റെയും വായ്പയുടെയും അടങ്കൽ തുകയുടെയും അപര്യാപ്തത.

◆ പുഴപ്പുറമ്പോക്കിൽ താമസിക്കുന്നവർക്കും വയലുകളിൽ കുടിൽകെട്ടി താമസിക്കുന്നവർക്കും വർഷക്കാലങ്ങളിൽ വീടൊഴിഞ്ഞ് പോകേണ്ട അവസ്ഥ.

◆ വാസയോഗ്യമല്ലാത്ത ലക്ഷം വീട് കോളനികൾ ഭൂമി സ്വന്തമായിട്ട് വാങ്ങാൻ ശേഷിയില്ലാത്തതിന്റെ പേരിൽ വാടക കെട്ടിടത്തിൽ താമസിക്കുന്ന ദുർബല വിഭാഗത്തിൽ പെട്ടവർ.

◆ ഗൾഫ് രാജ്യങ്ങളിൽ നിന്ന് ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്നവരുടെ പാർപ്പിട പ്രശ്നം

◆ സർക്കാർ ഏജൻസികളിൽ നിന്ന് ലഭിച്ചിട്ടുള്ള വീടുകളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗ്

◆ ഒരേ വീട്ടിൽ തന്നെ രണ്ടോ മൂന്നോ കുടുംബങ്ങളായി താമസിക്കുന്നവരുടെ പ്രാഥമിക സൗകര്യങ്ങൾ

◆ പട്ടിക ജാതി കോളനികളിലെ കുറേ കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടുകളുടെ അഭാവം

മുകളിൽ കാണിച്ചിട്ടുള്ള പൊതു പ്രശ്നങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ പാർപ്പിട രംഗത്ത് അനുഭവപ്പെടുന്ന ചില സങ്കീർണ്ണ പ്രശ്നങ്ങൾ ഇതോടൊപ്പം താഴെ വിവരിക്കുന്നതാണ്. പ്രകൃതിക്ഷോഭങ്ങൾ മൂലം വർഷക്കാലത്ത് കൃഷിപ്പാടങ്ങളിൽ ഓലമേഞ്ഞ വീടുകൾ നിർമ്മിച്ചിട്ടുള്ള ദുർബല വിഭാഗത്തിൽ പെട്ടവർക്ക് W/1,2,3,4,5,6,7,8,9,10 എന്നീ വാർഡുകളിൽ വെള്ളം കയറി വീട് ഒഴിഞ്ഞു പോവേണ്ട സ്ഥിതി അനുഭവപ്പെടുന്നുണ്ട്. ഇങ്ങനെയുള്ള പ്രകൃതിക്ഷോഭം തടയാനും അതുവഴി വീടുകളുടെ സംരക്ഷണം ഉറപ്പുവരുത്തി ആ വാർഡുകളിലെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

കെട്ടിട സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലിച്ചെലവ്, ഭൂമിയുടെ താങ്ങാനാവാത്ത വില സർക്കാർ ഏജൻസികളിൽ നിന്നും അനുവദിക്കുന്ന NREP, RLEGP,JAY,JRY, MWS രാജീവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതി, മറ്റ് പദ്ധതികൾ എന്നിവയുടെ വായ്പ ധനസഹായ പരിധികൾ വർദ്ധിപ്പിക്കാത്തതും സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

ഈ പഞ്ചായത്തിൽ 10 അംഗീകൃത പട്ടികജാതി കോളനികളിലായി 135 കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. ഇതിൽ പകുതിയോളം കുടുംബങ്ങൾക്ക് മാത്രമേ ഗവണ്മെന്റ് ഏജൻസികളിൽ നിന്ന് വീടിന് ധനസഹായം ലഭിച്ചിട്ടുള്ളു. ഇനിയും പല പട്ടിക ജാതി കുടുംബങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ വീട് നിർമ്മാണത്തിന് ധനസഹായം ലഭിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല മുമ്പ് കോളനികളിൽ വീട് ലഭിച്ചവർക്ക് വീട് റിപ്പയർ ചെയ്യുന്നതിന് ധനസഹായം ലഭിക്കേണ്ടതാണ്. പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് റവന്യൂവകുപ്പ് വഴി നൽകുന്ന ധനസഹായം നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ലന്നറിയുന്നു. ഈ പദ്ധതിയിൽ അനുവദിക്കുന്ന സഹായം ഇപ്പോഴത്തെ സാഹചര്യത്തിൽ വളരെ അപര്യാപ്തമാണ്. ആയതിനാൽ ഈ കാര്യത്തിൽ ബന്ധപ്പെട്ട അധികൃതരുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഓരോ ഓലക്കുടിലുകളിലും രണ്ടും മൂന്നും കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. ഇത് മൂലം സ്വന്തമായി റേഷൻ കാർഡുകൾ ഇല്ലാത്ത കുടുംബങ്ങൾ ധാരാളമുണ്ട്. ഗവൺമെന്റ്, ബാങ്ക്, മുതലായ സ്ഥാപനങ്ങളിൽ നിന്ന് പല ധന സഹായങ്ങളും ഇവർക്ക് ലഭിക്കാതെ പോകുന്നു. ഇത് മൂലം പഞ്ചായത്തിൽ നിന്ന് വീട്ടുനമ്പർ നൽകാൻ നിയമ തടസ്സങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഇവർക്ക് സ്വന്തമായി പാർപ്പിടം ഉണ്ടാക്കേണ്ടത് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ സങ്കീർണ്ണമായ പ്രശ്നമായി അവശേഷിക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, തിരൂർ കാർഷിക വികസന ബാങ്ക്, തിരൂർ താലൂക്ക് ഹൗസിംഗ് സൊസൈറ്റി മുതലായവയിൽ നിന്ന് ഈ പ്രദേശത്ത് ധാരാളം വീടുകൾ നിർമ്മിക്കുന്നതിന് വായ്പകൾ ലഭിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് സങ്കീർണമായ നിയമങ്ങളും ജാമ്യ വ്യവസ്ഥകളുമാണ് അനുഭവപ്പെടുന്നത്. സാധാരണ ദുർബല വിഭാഗത്തിൽപെട്ടവർക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുകമൂലം പല ഗുണഭോക്താക്കളും ഈ സൗകര്യം വേണ്ട എന്ന് വെയ്ക്കുന്നു.

ഗൾഫ് പണ സ്വാധീനം മൂലം നമ്മുടെ പഞ്ചായത്തിൽ ഭൂമിക്ക് അനിയന്ത്രിതമായ വില വർദ്ധനവാണ്. ആയതുമൂലം ദരിദ്ര വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് 2സെന്റ് ഭൂമിയെങ്കിലും വാങ്ങി വീട് നിർമ്മിക്കുന്നതിന് വളരെയധികം പ്രയാസം അനുഭവപ്പെടുന്നു. പല വാടക ക്വാർട്ടേഴ്സുകളിലും ഇന്നാട്ടിലെ പാവപ്പെട്ട ജനങ്ങളും മറ്റു ജില്ലകളിൽ നിന്ന് വന്ന് സ്ഥിരമായി ജോലി ചെയ്ത് ജീവിക്കുന്ന വിഭാഗത്തിൽ പെട്ടവരും അമിതമായി വാടകകൊടുത്ത് ഇടുങ്ങിയ മുറികളിൽ ഞെങ്ങി ഞെരുങ്ങി താമസിച്ച് വരുന്ന പ്രതിസന്ധി പഞ്ചായത്തിൽ വർദ്ധിച്ചതോതിൽ അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ 5 ലക്ഷം വീടു കോളനികളിലായി 102 കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. ഇതിൽ ചമ്രവട്ടം ലക്ഷം വീടു കോളനിക്ക് മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കിയ കാലത്തു വീടു നിർമ്മിച്ചു നൽകിയിട്ടുള്ളത്. ബാക്കിയുള്ള 4 കോളനികളിലെയും ഏകദേശം 90% വീടുകളും ഇപ്പോഴും ഓലമേഞ്ഞതോ കുടിലുകളോ ആണ്. പട്ടയം കിട്ടാത്തതും റേഷൻകാർഡ് ലഭിക്കാത്തതുമായ കുടുംബങ്ങൾ ഈ കോളനികളിൽ ഇപ്പോഴും ഉണ്ടെന്നുള്ള വിവരം ദ്വിതീയ വിവര ശേഖരണത്തിൽ അറിയാൻ കഴിഞ്ഞു. ഈ കുടുംബങ്ങൾക്ക് സർക്കാരിൽ നിന്ന് വീടുകൾ ലഭിക്കുന്നതിന് യാതൊരു വിധ സഹായവും ലഭിച്ചിട്ടില്ല. നടപ്പിലാക്കിയ ഏക കോളനിയിലെ കുടുംബങ്ങൾക്ക് കാലാകാലങ്ങളിൽ വീടു റിപ്പയർ ചെയ്യുന്നതിന് ധന സഹായം ആവശ്യമുണ്ടെന്ന് ഗ്രാമസഭകളിൽ നിന്നും റിപ്പോർട്ടു ചെയ്യുകയുണ്ടായി. ഇങ്ങനെയുള്ള പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിലെ ലക്ഷം വീടുകോളനികളെ സംബന്ധിച്ച് അടിയന്തിര ശ്രദ്ധപതിയേണ്ട കാര്യമാണ്.

മുമ്പ് പ്രസ്താവിച്ച കണക്കുകളിൽ നിന്നും വിവരങ്ങളിൽ നിന്നും മനസ്സിലാകുന്നത്, പഞ്ചായത്ത് ഭവന നിർമ്മാണ രംഗത്തു ധാരാളം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു വെന്നാണ്. ഗവൺമെന്റിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഈ പഞ്ചായത്തിനു ലഭിച്ചിട്ടുള്ള ധനസഹായവും വായ്പയും തുലോം കുറവാണ് എന്നു കരുതാം. പാർപ്പിട പ്രശ്നത്തിന്റെ പരിഹാരം കണ്ടെത്തുന്നതിന് സന്നദ്ധസംഘടനകളു ടെയും സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരുടെയും സഹായ സഹകരണവും, സർക്കാരിൽ നിന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള സാമ്പത്തിക സഹായത്തിനു പുറമേ സർവ്വോ പരി ഗുണഭോക്താവിന്റെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തി ഒരു പരിധി വരെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടത്താൻ ശ്രമിക്കാം.

11 6

## സാധ്യതകൾ നിർദ്ദേശങ്ങൾ

◆ വീടിനുള്ള ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തു വഴി തിരഞ്ഞെടുക്കുക.

◆ സ്റ്റേജ് സർട്ടിഫിക്കറ്റു നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് സമിതിക്കോ കുറഞ്ഞ പക്ഷം വാർഡ് മെമ്പർക്കോ നൽകുക.

◆ ഗുണഭോക്താവിന്റെ 25% ധന പങ്കാളിത്തത്തോടെ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുക.

◆ JAY, MWS, JRY എന്നീ പദ്ധതികളിലനുവദിക്കുന്ന വീടുകൾക്കുള്ള ധനസഹായം 22,000 രൂപയിൽ നിന്ന് 40,000 രൂപയായി ഉയർത്തുക

◆ വായ്പകൾ ലഭിക്കുന്നതിന് തീരൂർ താലൂക്കിൽ ഭവന നിർമ്മാണ ബോർഡിന്റെ ഓഫീസ് അനുവ ദിക്കുക.

◆ രാജീവ് ദശലക്ഷം പാർപ്പിടം/മൈത്രീഭവന നിർമ്മാണ പദ്ധതിയുടെ ധനസഹായം വർദ്ധിപ്പിക്കു കയും ഈ പഞ്ചായത്തിന്ന് കൂടുതൽ വീടുകൾ അനുവദിക്കുകയും ചെയ്യുക.

◆ JRY പദ്ധതിയിൽ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഇപ്പോളനുവദിച്ചു കൊണ്ടിരിക്കുന്ന വിഹിതം കാലോചിതമായി വർദ്ധിപ്പിക്കുക.

◆ ലക്ഷം വീടു കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി കൾ നടപ്പിലാക്കുക.

◆ അതീവ ഗുരുതരമായ ഭവനപ്രശ്നം പരിഹരിക്കുന്നതിന് മേൽകാണിച്ചിട്ടുള്ളവ ചെറിയ പോംവഴി കൾ മാത്രമാണ്.

◆ അമിതമായിട്ടുള്ള ഭൂമിവില നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നതുകൊണ്ട് സാധാരണക്കാർക്ക് ഭൂമി മിതമായ വിലക്ക് ലഭ്യമാക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തിന്റെയും ജില്ലയുടെയും വിവിധഭാഗ ങ്ങളിൽ അന്യാധീനപ്പെട്ടുകിടക്കുന്ന ഗവൺമെന്റു ഭൂമി ഉപയോഗപ്പെടുത്താവുന്നതാണ്. കുറഞ്ഞത് 4 സെന്റ് ഭൂമിയെങ്കിലും ദുർബല വിഭാഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. അവിടങ്ങളിൽ സർക്കാർ, ധാനകാര്യ സ്ഥാപ നങ്ങൾ എന്നിവയിൽ നിന്ന് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്.

◆ പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. സന്നദ്ധ സംഘടനകളുടെ രണ്ട് പ്രതിനിധികളെ ഇതിൽ നിർബന്ധമായും ഉൾപ്പെടുത്തുക. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നും അനുവദിക്കുന്ന സാമ്പത്തിക സഹായത്തിനുള്ള നിബന്ധനകൾ സുതാര്യമാക്കുക.

◆ ബ്ലോക്ക് പഞ്ചായത്തു മറ്റു ഗവൺമെന്റ് ഏജൻസികൾ എന്നിവയിൽ നിന്ന് വീടുകൾ അനുവദിക്കുമ്പോൾ കരാർ വെയക്കുന്നതിന്ന് ഏർപ്പെടുത്തിയിട്ടുള്ള 50 രൂപ യുടെ മുദ്ര പത്രം വേണമെന്ന നിബന്ധന ഒഴിവാക്കുക.

◆ റജിസ്റ്റർ ഓഫീസിലെ അമിതമായ ഫീസും കാലതാമസവും ഒഴിവാക്കുക.

◆ വായ്പയ്ക്കുള്ള നിബന്ധനകളും ജാമ്യ വ്യവസ്ഥകളും ഉദാരമാക്കുക.

◆ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിൽ ബോധവൽക്കരണം.

◆ വീടുകൾ അനുവദിക്കുമ്പോൾ വിധവകൾക്ക് മുൻഗണന നല്കുക.

◆ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ വിതരണം ചെയ്യുന്ന ധനസഹായത്തിന്റേയും വായ്പയുടേയും പരിധി ഉയർത്തുക.


◆ സ്ഥലം വാങ്ങി വീടുവെക്കുന്നതിന്ന് വായ്പയും സഹായവും നല്കുക. ദീർഘകാല വായ്പകൾ അനുവദിക്കുക. വായ്പ എടുത്തു നിർമ്മിച്ച വീടുകൾക്ക് വായ്പാകാലാവധി കഴിയുന്നത് വരെ നികുതി ഒഴിവാക്കുക.

വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന്റെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ചിലവ്കുറഞ്ഞ വീടുകളും വിസ്തൃതി കുറഞ്ഞ വീടുകളും നിർമ്മിക്കുന്നതിന് ജനങ്ങളിൽ ശക്തമായ ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിൽ പാർപ്പിട രംഗത്ത് വളരെ സങ്കീർണ്ണമായ മറ്റൊരു പ്രശ്നം തിങ്ങിപ്പാർക്കുന്ന പട്ടികജാതി, ലക്ഷം വീട് കോളനികളുടേതാണ്. ഭൂമി കുറവായതിനാൽ ഫ്ളാറ്റ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. അതുപോലെ ഹൗസിംഗ് ബോർഡിന്റെ സഹായത്തോടു കൂടി ഹൗസിംഗ് കോളനികൾ നടപ്പിലാക്കേണ്ടതാണ്. ഈ ആവശ്യത്തിന് വിവിധ ഗവൺമെന്റ് ഏജൻസികളെ പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ വെള്ളപ്പൊക്കം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന വാർഡ് 1,2 ,5,6,7,8,9,10,12 എന്നീ വാർഡുകളിൽ വയലുകളിൽ ഓല വീടുവെച്ച് താമസിക്കുന്ന വീടുകളുടെ ചുറ്റുമുള്ള വെള്ളം ഒഴിഞ്ഞു പോകുന്നതിന് ആവശ്യമായ ഓടകളും തോടുകളും നിർമ്മിക്കേണ്ടതാണ്. ജനസാന്ദ്രത കൂടിയ നമ്മുടെ പഞ്ചായത്തിൽ ഇന്ന് അനുഭവപ്പെടുന്ന പാർപ്പിട പ്രശ്നം അടുത്ത അഞ്ചുവർഷം കൊണ്ട് പരിഹരിക്കുന്നതിന് എളിയ തോതിലുള്ള നമ്മുടെ പ്രയത്നങ്ങൾക്ക് ഇപ്പോൾ തന്നെ തുടക്കം കുറിക്കണം.

"രണ്ടായിരാമാണ്ടോടു കൂടി എല്ലാവർക്കും പാർപ്പിടം" എന്ന മുദ്രാവക്യം നമ്മുടെ പഞ്ചായത്തിലും സാക്ഷാൽക്കരിക്കുന്നതിന് വേണ്ടി നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം.




OFFICE OF THE TRIPRANGODE GRAMA PANCHAYATH

അദ്ധ്യായം 11

11 - 7

# സാമൂഹ്യക്ഷേമം

ആമുഖം.

ഇടത്തരം കർഷകരും കർഷകതൊഴിലാളികളും നിർമ്മാണ തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ധാരാളമായുള്ള ഈ പഞ്ചായത്തിൽ 50%ലേറെ വരുന്ന ജനങ്ങൾ ഇടത്തരം കുടുംബങ്ങളിൽ പെട്ടവരാണ്. ബാക്കി വരുന്ന ബഹുഭൂരിപക്ഷവും ദാരിദ്ര്യരേഖക്കു താഴെ ഉള്ളവരാണ്. ഇങ്ങനെയുള്ള കുടുംബങ്ങളുടെ എണ്ണം 2124 ആണെന്ന് കണക്കുകൾ കാണിക്കുന്നു. ഇവരുടെ ജീവിത നിലവാരം വളരെ ശോചനീയമാണ്.

പട്ടികജാതി കോളനി ലക്ഷംവീടുകോളനി എന്നീ പ്രദേശങ്ങളിൽ താമസിക്കുന്നവർ സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും വളരെയേറെ പിന്നോക്കാവസ്ഥയിലാണ്. ഈ പിന്നോക്കാവസ്ഥകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രിന്റിംഗ്, കമ്പോസിംഗ്, റേഡിയോ ആന്റ് ടി. വി. റിപ്പയറിംഗ്, പ്ലംബിംഗ്, ഇലക്ട്രോണിക്സ് എന്നിവയിൽ തൊഴിൽ പരിശീലനം നേടിയ യുവജനങ്ങൾ ആകെ 66 പേരാണുള്ളത്.

ഇവരിൽ ഭൂരിഭാഗവും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നവരാണ്. കാർഷിക രംഗത്തെ തകർച്ച ഇവരുടെ കൂടി തകർച്ചയായിട്ടാണ് പരിണമിച്ചത്. നെൽവയലുകൾ നികത്തി പുരയിടമാക്കുന്നതും നെൽകൃഷി ലാഭകരമല്ലാതാവുന്നതും കാർഷിക തൊഴിൽ ദിനങ്ങളുടെ എണ്ണം ഗണ്യമായി കുറക്കുകയുണ്ടായി.

അടുത്ത കാലത്തായി ഗൾഫ് പണത്തിന്റെ സ്വാധീനം മൂലം ധാരാളം കോൺക്രീറ്റ് സൗധങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉയരുകയും ആ മേഖലയിൽ പുതിയൊരു തൊഴിൽ മേഖല ഉണ്ടാവുകയും ചെയ്തു. ഇതിന്റെ ഭാഗമായി നിർമ്മാണ തൊഴിലാളികളുടെ ജീവിത നിലവാരം ഉയരുന്നതിന് സഹായകവുമായി. എന്നാൽ കുറേ നാളുകളായി ഗൾഫ് രാജ്യങ്ങളിൽ നിന്ന് തൊഴിലെടുത്തു കൊണ്ടിരുന്ന അനേകം പേർ തിരിച്ച് പോന്നതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിരിക്കുകയാണ്. ഇതിന്റെ പേരിൽ നിർമ്മാണ തൊഴിലാളികളുടെ മേഖലയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ രംഗത്ത് ഗവ:സ്ഥാപനങ്ങൾ ദുർബല വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമ്മാർജന പരിപാടികളും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

356

ഇതിനെ രണ്ടായി തരം തിരിക്കാം. വിവിധ ഗവ: സ്ഥാപനങ്ങളായ തൃപ്രങ്ങോട് പഞ്ചായത്ത്, തിരൂർ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, തിരൂർ താലൂക്ക് വ്യവസായ ഓഫീസ്, കേരള സാമൂഹ്യ ക്ഷേമ ബോർഡ്, കേരള വനിതാ വികസന കോർപറേഷൻ, കേരള പട്ടകജാതി-പട്ടിക വർഗ വികസന കോർപറേഷൻ, മലപ്പുറം തൃപ്രങ്ങോട്ട് കൃഷി ഭവൻ, എന്നിവിടങ്ങളിൽ നിന്നാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾക്ക് നമ്മുടെ പഞ്ചായത്തിൽ സഹായം ലഭിച്ചു കൊണ്ടിരിക്കുന്നത്. തൊഴിലാളി തൊഴിൽ ഉടമ സഹകരണത്തോടെ ഈ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ക്ഷേമ നിധികളും നിലവിലുണ്ട്. മേൽ പറഞ്ഞതിൽ കേരള പട്ടികജാതി പട്ടിക വർഗവികസന കോർപറേഷൻ, കേരള വനിതാ വികസന കോർപറേഷൻ, കേരള സാമൂഹ്യ ക്ഷേമ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള സഹായങ്ങൾ നാമമാത്രമായിട്ടാണ് ലഭിക്കുന്നത്.

ദാരിദ്ര്യരേഖക്ക് താഴെയുള്ള 2124 കുടുംബങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ മേൽ പറഞ്ഞിട്ടുള്ള ഗവ:ഏജൻസികളിൽ നിന്നുള്ള സഹായങ്ങൾ തുലോം കുറവാണ്. അതുപോലെ തന്നെ ക്ഷേമനിധികളിൽ കെട്ടിട നിർമാണ തൊഴിലാളികളുടേയും ചുമട്ട് തൊഴിലാളികളുടേയും ക്ഷേമനിധികൾ മാത്രമാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. ആഭരണ തൊഴിലാളി, തയ്യൽ തൊഴിലാളി, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കൈതൊഴിലുകാർ, മൺപാത്ര നിർമ്മാണ തൊഴിലാളികൾ, പുഴയോര മത്സ്യത്തൊഴിലാളികൾ എന്നിവർക്കും ഇനിയും നമ്മുടെ പഞ്ചായത്തിൽ ക്ഷേമ പദ്ധതികൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള പല കോർപറേഷനുകളുടേയും ബോർഡുകളുടേയും സഹായങ്ങൾ നാമമാത്രമായിട്ടാണ് ലഭിക്കുന്നത് എന്ന് സൂചിപ്പിച്ചിരുന്നല്ലോ. നാമമാത്രമായ സഹായങ്ങൾ ഈ പഞ്ചായത്തിൽ ലഭിക്കുന്നതിന് കാരണം മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ സംസ്ഥാന മേഖലാ ഓഫീസുകൾ ഈ പഞ്ചായത്തിൽ നിന്ന് ദൂരമായതിനാലാണ് വനിതാ വികസന കോർപറേഷന്റെ ഓഫീസ് തിരുവനന്തപുരത്തും, സാമൂഹ്യക്ഷേമ ബോർഡിന്റെ ഓഫീസ് കോഴക്കോട്ടുമാണ്. അതിൽ സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനം ഇപ്പോൾ നിർജ്ജീവമാണെന്ന് അറിയുന്നു. ഇത് മൂലം ഈ പ്രദേശത്തെ പാവപ്പെട്ട ജനങ്ങൾക്ക് ഈ ഓഫീസിൽ നിന്നുള്ള പ്രയോജനം ലഭിക്കുന്നില്ല. മറ്റൊരു കാര്യം പട്ടികജാതി പട്ടിക വർഗ വികസന കോർപറേഷന്റെ പ്രവർത്തനമാണ്. ഈ പഞ്ചായത്തിൽ 10 അംഗീകൃത കോളനികളിലായി 135 കുടുംബങ്ങൾ ഉണ്ട്. ഇവർക്കെല്ലാം സഹായം കിട്ടേണ്ട മേൽപറഞ്ഞ കോർപറേഷന്റെ പ്രവർത്തനം താലൂക്ക് തലത്തിൽ ഓഫീസ് തുറന്ന് പ്രവർത്തിച്ചാൽ മാത്രമെ പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് ഗുണപ്രദമാവുകയുള്ളൂ. മേൽപറഞ്ഞിട്ടുള്ള എല്ലാ ഓഫീസുകളുടേയും എല്ലാ കോർപറേഷനുകളുടേയും ബോർഡുകളുടേയും പ്രവർത്തനം താലൂക്ക് തലത്തിൽ ആരംഭിച്ചാൽ മാത്രമേ ഈ പഞ്ചായത്തിലെ ദുർബ്ബല ജന വിഭാഗങ്ങൾക്ക് അർഹമായ സമയത്തിനും ആവശ്യത്തിനും സഹായങ്ങൾ ഉപകാരപ്രദമായ രീതിയിൽ പ്രയോജനപ്പെടുകയുള്ളൂ.

മേൽപറഞ്ഞ അപര്യാപ്തതകൾക്ക് പുറമേ ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം പല പദ്ധതികളേയും കുറിച്ച് അറിവില്ലായ്മ, ബോധവത്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ധനകാര്യ സ്ഥാപനങ്ങളുടെ നിസ്സഹകരണം, കഠിനമായ ജാമ്യവ്യവസ്ഥകൾ, അർഹതയുള്ളവർക്ക് കിട്ടായ്ക, എന്നീ പോരായ്മകൾ നിലനിൽക്കുന്നുണ്ട്.

എന്നാൽ ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമാർജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ ചെറിയ തോതിലെങ്കിലും ഈ പഞ്ചായത്തിൽ ലഭ്യമാകുന്നത് തിരൂർ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിനു കീഴിലുള്ള ആലത്തിയൂർ, ചമ്രവട്ടം, തൃപ്രങ്ങോട് എന്നീ വി.ഇ.ഓ സർക്കിളുകളിലൂടെയാണ്. എന്നാൽ ഈ ഓഫീസുകളിലൂടെ നടപ്പിലാക്കിയ സ്വയം തൊഴിൽ സംരംഭങ്ങൾ വളരെ ചെറിയ തോതിലേ ലഭിച്ചിട്ടുള്ളൂ.

മേൽ പറഞ്ഞിട്ടുള്ള 3 വി.ഇ.ഒ സർക്കിളുകളിലൂടെയായി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായി താഴെ പ്രതിപാദിക്കുന്നു.

## സംയോജിത ഗ്രാമ വികസന പരിപാടി.

ദാരിദ്ര്യ നിർമാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കാനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തുല്യ തോതിൽ ചിലവ് പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ഗ്രാമവികസന പരിപാടി. (IRDP) സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു കൊണ്ട് ദാരിദ്ര്യരേഖ തരണം ചെയ്യാൻ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗ്രാമീണകുടുംബങ്ങളെ സഹായിക്കയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വരുമാനക്ഷമമായ ആസ്തിയും നിക്ഷേപവും നൽകി വരുമാനം വർദ്ധിപ്പിക്കുകയാണ് പരിപാടിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയും ഗവൺമെന്റിൽ നിന്ന് ധനസഹായവും ലഭ്യമാക്കുന്നു. പ്രതിവർഷം പതിനൊന്നായിരം രൂപയിൽ കുറവായ വരുമാനമുള്ള ഗ്രാമീണരെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കി സഹായം നൽകുന്നു. കുടുംബസർവ്വേ നടത്തി ദാരിദ്ര്യരേഖക്കു താഴെയുള്ളവരെ കണ്ടെത്തി സർവ്വേ ലിസ്ററിൽ ഉൾപ്പെടുന്ന കുടുംബങ്ങളെയാണ് ഈ പദ്ധതിയിലൂടെ സഹായിക്കുന്നത്. ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഇൻഷ്വറൻസ് സംരക്ഷണവും ഉണ്ട്.

പട്ടിക - 1

തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്ക താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ ലഭിച്ചത് ഉൾപ്പെടെ) | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ(സഹായം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 154 | 06 | 126 | 19 | 88 | 173 |
| II | 178 | 09 | 147 | 11 | 74 | 187 |
| III | 220 | 03 | 134 | 09 | 09 | 248 |
| IV | 182 | 04 | 79 | 21 | 21 | 204 |
| V | 176 | 03 | 74 | 18 | 09 | 193 |
| VI | 187 | 06 | 72 | 22 | 18 | 208 |
| VII | 155 | 05 | 134 | 21 | 97 | 166 |
| Viii | 149 | 04 | 111 | 23 | 83 | 171 |
| IX | 140 | 22 | 208 | 43 | 157 | 168 |
| X | 174 | 04 | 139 | 23 | 12 | 197 |
| XI | 181 | 09 | 78 | 42 | 11 | 209 |
| Total | 1896 | 75 | 1302 | 252 | 574 | 2124 |

(അവലംബം ദ്വിതീയ വിവര ശേഖരണം)

മേൽ പട്ടികയിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ 1992ലെ സർവ്വേ പ്രകാരവും 1995 ലെ അഡീഷണൽ സർവ്വേ ഉൾപ്പെടെ 1896 കുടുംബങ്ങളാണുള്ളത്.

ഇതിൽ 75 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. 1980 ൽ ഈ പദ്ധതി നടപ്പിലാക്കിയത് മുതൽ 1996-97 വർഷം വരെ 1302 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. 252 പട്ടിക ജാതി കുടുംബങ്ങൾ സഹായം ലഭിച്ചവരാണ്. എന്നാൽ ദാരിദ്ര്യരേഖക്കു മുകളിൽ 574 കുടുംബങ്ങളാണ് വന്നിട്ടുള്ളത്. ഇനിയും

358

സഹായം ലഭിച്ചവർ ഉൾപ്പെടെ 2124 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തേണ്ടതായിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുഖ്യമായിട്ടും സഹായിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ചമ്രവട്ടം ശാഖയും കാനറാബാങ്കിന്റെ B.P അങ്ങാടി ശാഖയുമാണ്. മേൽ കാണിച്ചിട്ടുള്ള കണക്കിൽ നിന്നും ഇനിയും ഈ പദ്ധതിയിൽ സഹായം കിട്ടേണ്ട കുടുംബങ്ങൾ ബാക്കി നിൽക്കുന്നുവെന്നു കാണാം.

ലോകത്തിൽ മറ്റൊരു രാജ്യത്തും ദാരിദ്ര്യനിർമ്മാർജ്ജനം ചെയ്യുന്നതിന് ഇത്രയും ബൃഹത്തായ ഒരു പരിപാടിയും നിലവിലില്ല. ഇങ്ങനെയുള്ള ഈ പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ ഈ പദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ആയതിനുള്ള നിർദ്ദേശങ്ങൾ കൂടി ഇതോടൊപ്പം താഴെ ചേർക്കുന്നു.

1. ദാരിദ്ര്യ രേഖയുടെ പരിധി 11000 രൂപയിൽ നിന്ന് 18000 രൂപയായി ഉയർത്തുക.

2. ബാങ്കുകൾ വായ്പ നൽകുന്നതിന് ഇപ്പോൾ കാണിക്കുന്ന ഉദാസീനത സർക്കാർ തലത്തിൽ പരിഹരിക്കുക.

3. സഹകരണ ബാങ്കു വഴി വായ്പ ലഭ്യമാക്കുക.

4. ഓരോ വർഷവും സഹായിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഇപ്പോൾ കുറച്ചു കൊണ്ടിരിക്കുകയാണ്. ഈ എണ്ണം കൂട്ടുക.

5. പ്രാഥമിക മേഖലയിൽ നൽകുന്ന വായ്പകളുടെ യൂണിറ്റ് പോസ്റ്റ് ഉയർത്തുക.

6. നമ്മുടെ പഞ്ചായത്തിൽ കൈനിക്കര, ചമ്രവട്ടം, ചെറിയ പരപ്പൂർ എന്നു പ്രദേശങ്ങളിൽ കറവമാടുകളെ വളർത്തുന്നതിന് കൂടുതൽ സാധ്യതകൾ ഉണ്ടെന്ന് ഗ്രാമസഭകളിൽ നിന്ന് അഭിപ്രായം ഉയരുകയുണ്ടായി. എന്നാൽ പാൽ വിപണനത്തിന് മിൽക് സൊസൈറ്റി ഇല്ലാത്തതിനാൽ സാധിക്കുന്നില്ല. ഇതിന് കാരണം മുൻപ് ഈ പഞ്ചായത്തിൽ പ്രവർത്തിടച്ചിരുന്ന സൊസൈറ്റികളിൽ നിന്ന് പാൽ ശേഖരിക്കുന്നതിന് ഒരു കേന്ദ്രീകൃത ഏജൻസി ഇല്ലാത്തതിനാലാണ്. ആയതിനാൽ സർക്കാർ തലത്തിൽ ഇടപെട്ട് മിൽമയുടെ പ്രവർത്തനം തിരൂർ താലൂക്കിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ തെങ്ങ് കൃഷി ധാരാളമായുള്ള പ്രദേശമാണ്. അതുകൊണ്ട് കൊപ്ര സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിന് ബാങ്കിൽ നിന്ന് സഹായ കിട്ടാൻ നടപടി സ്വീകരിക്കുക.

## ഗ്രാമീണ വനിതാ-ശിശു വികസന പരിപാടി (DWCRA)

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടിയാണ് ഈ പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നത്. പത്തിനും പതിനഞ്ചിനും ഇടയ്ക്ക് അംഗങ്ങൾ ഉൾപ്പെടുന്ന സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന ഒരു തൊഴിൽ സംരംഭമാണ് DWCRA. നമ്മുടെ പഞ്ചായത്തിൽ മൂന്നു വി.ഇ.ഒ സർക്കിളിലായി നടപ്പിലാക്കിയ മേൽ പദ്ധതി സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

പട്ടിക 11

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് നമ്പർ | തൊഴിൽ സംരം ഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | കൈകുത്തരി<br>ആടു വളർത്തൽ യൂണിറ്റ് | -<br>– | 10 | Unit Registered<br>അപേക്ഷ ബാങ്കിലേക്ക് അയച്ചിട്ടുണ്ട് അടുത്ത് തന്നെ യൂണിറ്റ് ആരംഭിക്കും |
| II | കൈകുത്തരി ഓല മെടയൽ യൂണിറ്റ് | 12-3-1993 | 10 | നന്നായി പ്രവർത്തിക്കുന്നുണ്ട് |
| III | - | - | - | |
| IV | റെഡിമെയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് യൂണിറ്റ് | 20-3-95 | 10 | പ്രവർത്തനം ഭാഗികം |
| V | മൺപാത്ര നിർമ്മാണം പായ നെയ്ത്, ഓലമെടയൽ | 27-4-90<br>2-8-96 | 10<br>10 | നന്നായി പ്രവർത്തിക്കുന്നുണ്ട് |
| VII | കിസാൻ ഹവായ് ചപ്പൽ യൂണിറ്റ് | 1989-90 | 15 | യൂണിറ്റ് പ്രവർത്തിക്കുന്നില്ല. |
| IX | - | - | - | - |
| X | - | - | - | - |
| XI | - | - | - | - |

NB:XII ാം വാർഡ് 92 നുശേഷം പുതിയതായി രൂപീകരിച്ചത് കൊണ്ട് പട്ടികയിൽ കാണിക്കുന്നില്ലയ
(അവലംബം ഡാറ്റാ കലക്ഷൻ )

മേൽക്കാണിച്ചിട്ടുള്ള പട്ടികയിൽ എല്ലാ യൂണീറ്റുകളും നന്നായി പ്രവർത്തിക്കുന്നതായി കാണുന്നില്ല. ആയതിനാൽ ഈ പദ്ധതി സ്ത്രീകളുടെ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ കിട്ടുന്നതിന് നന്നായി പ്രവർത്തിപ്പിക്കേണ്ടുതും എല്ലാ വാർഡിലും ആരംഭിക്കേണ്ടതാണ്. അതുപോലെ രണ്ടും ആറും വാർഡുകളിലെ യൂണിറ്റുകൾ മാത്രമേ നന്നായി പ്രവർത്തിക്കുന്നുള്ളൂ. റെഡിമെയിഡ് യൂണിററിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്നു കാണുന്നു. എന്നാൽ vii, viii, ix വാർഡുകളിലായി പ്രവർത്തിച്ചു ചത്രവട്ടം കിസാൻ ഹവായ് ചപ്പൽ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

മുകളിൽ കാണിച്ചിട്ടുള്ളതിൽ നിന്നും ഈ പദ്ധതിയുടെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് സന്നദ്ധസംഘടനകളുടേയും സി.ബി.എൻ.പി.പ്രവർത്തകരുടേയും ഒരു കമ്മിറ്റി വാർഡ് മെമ്പർ കൺവീനറായി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് ബോധവത്ക്കരണം നിരന്തരമായി നടത്തേണ്ടതാണ്. ഈ പദ്ധതിയിൽ മുഖ്യമായും നേരിടുന്ന മറ്റൊരു പ്രശ്നം വിപണന സാധ്യത ഇല്ലായ്മയാണ്. ആയതിനാൽ സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാങ്കിൽ നിന്നും ഈ പദ്ധതിക്ക് ധനസഹായം കിട്ടുന്നതിന് ബുദ്ധിമുട്ടുകൾ ഉള്ളതായി പറയുന്നു.

## ട്രൈസം (ട്രൈനിംഗ് ഓഫ് റൂറൽ യൂത്ത് ഫോർ സെൽഫ് എംപ്ലോയ്മെന്റ്)

IRDP പദ്ധതിയുടെ ഒരു അനുബന്ധപരിപാടിയാണ് ട്രൈസം. IRDP സർവ്വേ ലിസ്റ്റിൽ ഉൾപ്പെടുന്ന കുടുംബങ്ങളിൽ പ്പെട്ട പതിനെട്ടിനും മുപ്പത്തഞ്ചിനും ഇടയ്ക്ക് പ്രായമുള്ള യുവതീ യുവാക്കൾക്ക് പരിശീലനം നൽകി അവർക്ക് ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ സ്വയം തൊഴിൽ കണ്ടെത്തി ദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പിലാക്കുന്നതിന് ഉള്ള പദ്ധതിയാണിത്. നമ്മുടെ പഞ്ചായത്തിൽ ആലത്തിയൂർ, തൃപ്രങ്ങോട്, ചമ്രവട്ടം എന്നീ വി.ഇ.ഒ സർക്കിളുകളിൽ കൂടി നാളിതുവരെ പരിശീലനം നേടിയവരുടെ എണ്ണവും പരിശീലനവും കിട്ടിയ ട്രേഡുകളുടെ വിവരവും താഴെ ചേർക്കുന്നു.

**പട്ടിക 3**

**ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം**

| വാർഡ് നമ്പർ | പരിശീലനവിഷയത്തന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിലിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | പ്രിന്റിംഗ് & കമ്പോസിംഗ് & ടി.വി റിപ്പയറിംഗ് ഇലക്ട്രോണിക്സ് | 09 | | 07 | 02 |
| II | റേഡിയൊ & ടിവി റിപ്പയറിംഗ്, പ്രിന്റിംഗ് &കമ്പോസിംഗ്, | 03 | | 02 | 01 |
| III | റേഡിയോ റിപ്പയറിംഗ് | 01 | | 01 | – |
| IV | | 07 | | 06 | 01 |
| V | | – | | – | – |
| VI | | 03 | – | 02 | 01 |
| VII | | 05 | – | 04 | 01 |
| VIII | | 08 | – | 07 | 01 |
| IX | | 07 | – | 06 | 01 |
| X | | 11 | – | 09 | 02 |
| XI | | 06 | – | 04 | 02 |
| Total | | 60 | | 48 | 12 |

NB. 1992 ലെ IRDP സർവ്വേ പ്രകാരമാണ് ഈ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ 12ാം വാർഡിലെ വിവരം ഇതിൽ കാണില്ല.

(അവലംബം ഡാറ്റാ കലക്ഷൻ)

മേൽ പട്ടികയിൽ നിന്നും തിരൂർ ബ്ലോക്കിൽ നിന്ന് ഈ പഞ്ചായത്തിലെ യുവതീയുവാക്കൾക്ക് പ്രിന്റിംഗ്, & കമ്പോസിംഗ് റേഡിയോ & ടി.വി റിപ്പയറിംഗ്, പ്ലമ്പിംഗ്, ഇലക്ട്രോണിക്സ് എന്നീ ട്രേഡുകളിലാണ് പരിശീലനം സിദ്ധിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കാം. എന്നാൽ മേൽ പദ്ധതിയിൽ നൂറിൽ പരം

ട്രേഡുകൾക്ക് പരിശീലനം നൽകാവുന്നതാണ്. ആയതിന് ശ്രദ്ധിക്കേണ്ടതും സന്നദ്ധ സംഘടനാ പ്രവർത്തകരുടെ സഹകരണത്തോടെ കൂടുതൽ ബോധവത്കരണം നടത്തി പദ്ധതി ക്രിയാത്മകമാക്കേണ്ടതാണ്. ഈ പദ്ധതിക്ക് ആവശ്യമായ ആൺകുട്ടികളെ പരിശീലനത്തിന് വളരെ പരിമിതമായ തോതിലേ ലഭിക്കുന്നുള്ളൂ. കൂടാതെ ഈ പദ്ധതിയിൽ ബാങ്കിൽ നിന്ന് സഹായം തേടി സ്വയം തൊഴിൽ ചെയ്യാതെ മറ്റു മേഖലകളിലേക്ക് മാറിപ്പോകുന്നതും പരിഹരിക്കേണ്ടതാണ്.

അതുപോലെ തന്നെ നമ്മുടെ ബ്ലോക്ക് പ്രദേശത്തുള്ള A വിഭാഗത്തിൽ പെടുന്ന ഏക പരിശീലന സ്ഥാപനമായ തിരൂർ സീതിസാഹിബ് മെമ്മോറിയൽ പോളിടെക്നിക്കൽ പരിശീലനം നൽകുന്നതിന് ഇപ്പോൾ ആ സ്ഥാപനം മുന്നോട്ടു വരുന്നില്ല. ഈ കാര്യത്തിൽ സർക്കാർ തലത്തിൽ പരിഹാരം കാണേണ്ടതാണ്. ഇപ്പോൾ പരിശീലനാർത്ഥികൾക്ക് നൽകി വരുന്ന സ്റ്റൈപ്പന്റ് ഉയർത്തേണ്ടതാണ്. കൂടുതൽ പരിശീലനം നേടാൻ യുവജനങ്ങൾ കടന്നു വരുന്നതിന് സഹായിക്കുന്നതാണ്.

## 11 10

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന ഉപകരണങ്ങൾ നൽകുന്ന പരിപാടി

R. A. P. പദ്ധതിയിൽ നമ്മുടെ രാജ്യത്തുള്ള ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയാണിത്. IRDP പദ്ധതിയിൽ ധനസഹായം നൽകുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള കുടുംബങ്ങൾക്കാണ് ഈ പദ്ധതിയിൽ സഹായം ലഭിക്കുന്നത്. മൊത്തം വിലയുടെ 1 0% തുക ഗുണഭോക്താവിന്റെ വിഹിതമാണ്. നമ്മുടെ പഞ്ചായത്തിൽ നാളിതുവരെ സഹായിച്ച കുടുംബങ്ങളുടെ വിവരം താഴെ പട്ടികയിൽ നിന്നും ലഭിക്കുന്നന്നതാണ്. അവലംബം സെക്കന്ററി ഡാറ്റാ കലക്ഷൻ

| വാർഡുകൾ | IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ച വരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 06 | 03 | 03 | |
| II | 25 | 02 | 23 | |
| III | 11 | 03 | 08 | |
| IV | 08 | 04 | 04 | |
| V | 08 | 01 | 04 | |
| VI | 09 | 06 | 03 | |
| VII | 07 | 01 | 06 | |
| VIII | 03 | 01 | 02 | |
| IX | 07 | 01 | 06 | |
| X | 11 | 05 | 06 | |
| XI | 09 | 05 | 04 | |
| Total | 104 | 32 | 69 | |

NB. 1992 ലെ IRDP സർവ്വേ പ്രകാരമാണ് ഈ പട്ടിക തയ്യാറാക്കിയിട്ടുല്ളത്. ആയതിനാൽ 12ാം വാർഡിലെ വിവരം ഇതിൽ കാണുന്നതല്ല.

മേൽ കാണിച്ചിട്ടുള്ള പട്ടികയിൽ നിന്ന് 104 കുടുംബങ്ങളെയാണ് നമുക്ക് സഹായിക്കാനുണ്ടായിരുന്നത്. അതിൽ 32 പേർക്ക് മാത്രമെ ടൂൾ കിറ്റ് കിട്ടിയിട്ടുള്ളു. ഇനിയും 69 കുടുംബങ്ങൾക്ക് സഹായം ലഭിക്കാനുണ്ട്. ഈ മേഖലയിൽ നമുക്ക് ഗുണഭോക്താക്കളെ കിട്ടുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇതിന് കാരണം IRDP സർവ്വേ ലിസ്റ്റിൽ ഉള്ളവർക്ക് മാത്രമേ സഹായം നൽകാവൂ എന്നുള്ള നിബന്ധനയാണ് ഇതിന് പരിഹാരമായി ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മാത്രമായി സഹായം നൽകാവൂ എന്നുള്ള നിയമം മാറ്റി തൊഴിൽ ചെയ്യുന്നവർക്ക് ഈ സഹായം അനുവദിക്കണം എന്ന് ഭേദഗതി വരുത്തേണ്ടതാണ്. ഈ പദ്ധതിയിൽ അനുവദിക്കുന്ന സഹായം കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

## 11 11

## കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി (CRSP)

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ഒരു പരിപാടിയാണിത്. ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ഈ പരിപാടി വഴി സൗജന്യ സഹായം ലഭിക്കും. ആകെ ഫണ്ടിൽ 20% പട്ടിക ജാതി–പട്ടിക വർഗത്തിന് മാറ്റി വയ്ക്കും. UNDP മാതൃകയിലുള്ളവയായിരിക്കും കക്കൂസുകൾ. ഒരെണ്ണത്തിന് 2500/– രൂപ ചെലവു വരും. ഇതിൽ 500 /– രൂപ ഗുണഭോക്താവിന്റെ വിഹിതമായിരിക്കും. 2000/– രൂപ സർക്കാർ സഹായവും ആയിരിക്കും. ഈ പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ അനുവദിച്ച കക്കൂസുകളുടെ വിവരം താഴെ ചേർക്കുന്നു.

**പട്ടിക 5**

**കക്കൂസുകൾ സംബന്ധിക്കുന്ന വിവരം.**

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതി കളിലായി ഇതുവരെ അനുവദിച്ച് കക്കൂസുകളുടെ എണ്ണം (1992 നു ശേഷം) | പൂർത്തീകരിച്ച വയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 91 | 06 | 05 | 91 |
| II | 97 | 04 | 04 | 97 |
| III | 92 | 04 | 04 | 92 |
| IV | 89 | 10 | 10 | 89 |
| V | 85 | 02 | 02 | 85 |
| VI | 95 | 08 | 08 | 95 |
| VII | 73 | 03 | 02 | 73 |
| VIII | 84 | 05 | 01 | 84 |
| XI | 87 | 06 | 06 | 84 |
| X | 91 | 05 | 05 | 91 |
| XI | 85 | 06 | 05 | 85 |
| Total | 969 | 59 | 52 | 966 |

തൃപ്രങ്ങോട്ട് ഗ്രാമപ്പഞ്ചായത്ത്

(അവലംബം ഡാറ്റാ കലക്ഷൻസ്.)

NB: 1992 ലെ IRDP സർവ്വേ പ്രകാരമാണ് ഈ പട്ടിക തയ്യാറാക്കിയത്. ആയതിനാൽ 12ാം വാർഡിലെ വിവരം ഇതിൽ കാണുന്നില്ല.

മുകളിൽ കാണിച്ചിരിക്കുന്ന പട്ടകയിൽ നിന്ന് നമ്മുടെ പഞ്ചായത്തിൽ 59 കക്കൂസുകളാണ് അനുവദിച്ചിട്ടുള്ളത്. ഇനിയും പൂർത്തിയാകാത്ത കക്കൂസുകൾ ഏഴെണ്ണം കൂടിയുണ്ട്. ഇത് 91-92 വർഷം മുതലുള്ളതാണ്. ഇത് പൂർത്തീകരിക്കുന്നതിന് സത്വര നടപടി എടുക്കേണ്ടതാണ്. രണ്ടാം കോളത്തിൽ കാണുന്ന പ്രകാരം 969 വീടുകൾക്ക് ഇനിയും കക്കൂസു ലഭിക്കാനുണ്ട്. 91-92 വർഷം ആരംഭിച്ച ഈ പദ്ധതിയ്ൽ കൂടുതൽ കക്കൂസുകൾ അനുവദിക്കേണ്ടതാണെന്ന് കാണുന്നു. കൂടാതെ 1992 വർഷത്തെ കണക്കാണ് രണ്ടാം കോളത്തിൽ കാണിച്ചിട്ടുള്ളത്. ഇതിനുശേഷം വർധിച്ച കുടുംബങ്ങളുടെ കണക്കനുസരിച്ച് അഞ്ചാം കോളത്തിൽ 966 കുടുംബങ്ങൾക്ക് കക്കൂസ് ലഭിക്കാനുണ്ട്. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ ഈ പ്രശ്നം പരിഹരിക്കുനന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് കാണുന്നു. കൂടാതെ ഇന്ന് സാധന സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും ഉയർന്ന കൂലിച്ചെലവും അനുസരിച്ച് ഇന്ന് അനുവദിക്കുന്ന 2000/- രൂപയുടെ ധനസഹായം 3500/- രൂപയായി ഉയർത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ കാണിച്ചിട്ടുള്ള പദ്ധതികൾക്ക് പുറമേ താഴെപറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്.

1.ചെറുകിട നാമമാത്ര കർഷകരെ ഉദ്ദേശിച്ച് ജലസേചനത്തിന് വേണ്ടി പമ്പ് സെറ്റ് കിണർ, പമ്പ് ഹൗസ് എന്നിവയ്ക്ക് I.R.D.P, C.S.S എന്നീ പദ്ധതികളിൽ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ നമ്മുടെ കർഷകർക്ക് ധാരാളം പ്രയോജനം ലഭിച്ചിരുന്ന മേൽ സഹായങ്ങൾ ഇപ്പോൾ നിർത്തലാക്കിയിരിക്കയാണ്. ഈ പദ്ധതി പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

11 12

മില്യൺ വെൽ പദ്ധതിയിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ജലസേചന പദ്ധതിക്ക് ധന സഹായങ്ങൾ നൽകുന്നുണ്ട്. മേൽപറഞ്ഞ ഏജൻസിക്ക് പുറമെ നമ്മുടെ പഞ്ചായത്തിൽ തപ്രങ്ങോട്ട് ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ എന്നിവയും ചില ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കുന്നു. നമ്മുടെ ഗ്രാമ പഞ്ചായത്ത് മുഖേന ചെറിയ തോതിൽ നടപ്പാക്കിയ സ്വയം തൊഴിൽ പരിപാടിയുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക VI

സ്വാശ്രയ ഫണ്ട്.

| വർഷം | ഇനം | എണ്ണം |
|---|---|---|
| 1995-96 | കറവമാട് | 60 |
| 1995-96 | തയ്യൽ മെഷീൻ | 170 |
| 1995-96 | സൈക്കിൾ | 114 |

ഡാറ്റാ കളക്ഷൻ

ഇത് കൂടാതെ പഞ്ചായത്ത് വഴി ഗ്രാമ ശുചിത്വ പരിപാടിയും നടപ്പിലാക്കുന്നുണ്ട് ഈ പഞ്ചായത്തിൽ നടപ്പിലാക്കിയ കക്കൂസുകളുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക VII

| വർഷം | SC | മറ്റുള്ളവർ |
|---|---|---|
| 1990-91 | 25 | - |
| 1991-92 | 50 | 150 |
| 1996-97 | 16 | 200 കൊടുക്കാനുദ്ദേശിച്ചത് |
| ആകെ | 91 | 350 |

NB. 1996-97ലെ സ്വാശ്രയ ഫണ്ടിൽ 200 എണ്ണം കൊടുക്കുന്നുണ്ട്. 16 എണ്ണം JRY ഫണ്ടും 1990-91, 91-92. അൺടൈഡ് ഫണ്ട് ഉപയോഗിച്ച് ചെയ്തതുമാണ്.

കൃഷിഭവനിൽ നിന്ന് നടപ്പിലാക്കുന്ന നീർമറി പദ്ധതിയിൽ സ്വയം തൊഴിൽ ചെയ്യുന്നതിന് സേവനോപാധികൾ വിതരണം ചെയ്യുന്നുണ്ട്. കൃഷി, മൃഗസംരക്ഷണം ക്ഷീരവികസന വകുപ്പ് സോഷ്യൽ ഫോറസ്ട്രീറ്റ് മണ്ണ് സംരക്ഷണ വകുപ്പ് മണ്ണ് പര്യവെഷണ വകുപ്പ് എന്നീ ഏജൻസികളുടെ സഹകരണത്തോട് കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തൃപ്രങ്ങോട്ട് പഞ്ചായത്തിലെ 4 വാർഡുകളും തലക്കാട് പഞ്ചായത്തിലെ 2 വാർഡുകളും ഉൾപ്പെടുന്ന 640 ഹെക്ടർ ഉൾപെടുന്ന 640 ഹെക്ടർ വിസ്തീർണ്ണമുള്ള പ്രദേശത്തെ കൃഷിക്കാർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. ആലത്തിയൂർ വാട്ടർഷെഡ് സ്കീം എന്നാണ് ഇത് അറിയപ്പെടുന്നത്. 8000 പദ്ധതിയിലെ 21, ലക്ഷം രൂപയാണ് ഇതിന് ചെലവഴിക്കുന്നത്. കൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സാധിക്കാത്ത കൃഷിക്കാർ സേവനോപാധികളായിട്ടാണ് താഴെ പറയുന്ന ഉപകരണങ്ങൾ സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടി നൽകുന്നത്. ഇതിൽ തയ്യൽ മെഷീനുകൾ, മീൻകച്ചവടത്തിന് സൈക്കിൾ, പപ്പടയൂണിറ്റ് വിവിധ കൈത്തൊഴിലുകൾക്കുള്ള ഉപകരണങ്ങൾ മുതലായവ വിതരണം ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി നീർമറി പ്രദേശത്ത് 55, തയ്യൽ മെഷീനുകൾ 11.11.96ന് തിങ്കളാഴ്ച വിതരണം ചെയ്തതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

## പെൻഷനുകൾ

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമരംഗത്ത് വിവിധ ധനസഹായ ആനുകൂല്യങ്ങളുമായിട്ട് പ്രവർത്തിക്കുന്ന 2 ഓഫീസുകളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വില്ലേജ് ഓഫീസ് വഴിയാണ് ഇതുവരെ പല പെൻഷൻ പദ്ധതികളും നടപ്പിലാക്കിയിരുന്നത്. പഞ്ചായത്തി രാജ് നിലവിൽ വന്ന ശേഷം പല പെൻഷൻ പദ്ധതികളും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. ഇതുവരെ വില്ലേജ് ആപീസുകൾ വഴി ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ മുതലായവയാണ്.

അർഹമായ പല ആളുകൾക്കും പെൻഷനുകൾ കിട്ടുന്നില്ല എന്നും അനർഹരായ പലരും ഇത് കൈപറ്റുന്നതായും ഗ്രാമസഭകളിൽ നിന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ ഈ പെൻഷനു തുക

കൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല എന്നുള്ള പരാതിയും നിലനിൽക്കുന്നു.

ഈ കാര്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കുകയും പഞ്ചായത്തിലേക്ക് ഇനി കൈമാറാനുള്ള എല്ലാ പെൻഷനുകളും കൈമാറേണ്ടതുമാണ്. മാത്രമല്ല ഇത്തരം ഒരു പദ്ധതിയിടെ നടത്തിപ്പിൽ നിർണ്ണായക സ്ഥാനം പ്രാദേശിക സർക്കാറുകൾക്ക് ഉണ്ടാവണം.

നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുന്ന പെൻഷൻ പദ്ധതികൾ

**1.വിധവാ പെൻഷൻ**

ഇതേവരെ 390 പേർക്ക് ഈ പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ പെൻഷൻ ലഭിച്ചിട്ടുണ്ട്. 18വയസ്സിനു മുകളിലുള്ള ആൺമക്കൾ ഉള്ളവർക്ക് ഈ പെൻഷന് അർഹരല്ല. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് സമിതി ശ്രദ്ധിക്കേണ്ടതാണ്.

**2. വികലാംഗ പെൻഷൻ**

78പേർക്ക് ഇതേവരെ ഈ പഞ്ചായത്തിൽ ഈ പെൻഷൻ ലഭിക്കുന്നുണ്ട്. വികലാംഗ സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകണമെന്നതിന് പകരം താലൂക്ക് ആശുപത്രിയിലെ എല്ല് രോഗ വിദഗ്ധർ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

**3. കർഷക തൊഴിലാളി പെൻഷൻ**

420 പേർക്കാണ് ഈ പെൻഷൻ ഇത് വരെ ലഭിച്ചിട്ടുള്ളത് അർഹരായ അപേക്ഷകരെ കണ്ടെത്തുന്ന അധികാരം ഗ്രാമപഞ്ചായത്ത് സമിതിക്ക് നൽകുകയും തെരഞ്ഞെടുത്തവരുടെ ലിസ്റ്റ് പ്രസിദ്ധിപ്പെടുത്തേണ്ടതുമാണ്.

**4. വാർദ്ധക്യകാല പെൻഷൻ**

33 പേർക്കാണ് ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. ഇപ്പോൾ ഈ പദ്ധതി ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ ഇതേവരെ യോഗ്യതയുള്ള 127, അപേക്ഷ ലഭിക്കുകയുണ്ടായി. ഇത് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ പ്രയോജനമാണ്.

**5. ഫാമിലി ബെനിഫിറ്റ് സ്കീം**

7 അപേക്ഷകളാണ് ഈ പദ്ധതിയിൽ അനുവദിച്ചിട്ടുള്ളത്. 7 പേർക്കുള്ള ലക്ഷ്യം ഈ പഞ്ചായത്തിലേക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത്. ഇതിൽ കൂടുതൽ അപേക്ഷകർ ഉള്ളതുകൊണ്ട് ഇത് വർദ്ധിപ്പിക്കേണ്ടതാണ്.

**6. മാതൃസഹായം (മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം)**

12 പേർക്കാണ് ഈ പദ്ധതി അനുവദിച്ച് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. 70 പേർക്കുള്ള ലക്ഷ്യം ഈ പഞ്ചായത്തിലേക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ആവശ്യത്തിന് അപേക്ഷകിട്ടുന്നില്ല എന്ന് അറിയുന്നു.

366

ഇതിന് സ്ത്രീകളുടെ ഇടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തി പരിഹാരം തേടേണ്ടതാണ്.

**7. തൊഴിലില്ലായ്മാ വേതനം**

നമ്മുടെ പഞ്ചായത്തിലെ കുറേ യുവജനങ്ങൾക്ക് ഈ പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്നുണ്ട്. ഇതിൽ ചിലർ അനർഹമായിട്ട് തൊഴിലില്ലായ്മാ വേതനം കൈപറ്റുന്നതായി അറിയുന്നു. വേതനം അർഹരായവർക്ക് ലഭിക്കണമെങ്കിൽ ഇതിന്റെ തുടക്കം മുതലേയുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കേണ്ടതാണ്. കൂടാതെ ഈ പണം ഉപയോഗിച്ച് ഇവരെ കൊണ്ട് ഉൽപാദനപരമായ മേഖലകളിൽ വിനിയോഗിക്കുന്നതിനെകുറിച്ച് ചിന്തിക്കേണ്ടതാണ്.

**പട്ടിക 1**

**തൃപങ്ങോട്ട് ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളുടെ വിവരം.**

| വാർഡ് നമ്പർ | വർഷം | വാർദ്ധക്യ കാല പെൻഷൻ | ഫാമിലിബെനിഫിറ്റ് സ്കീം | മാതൃസഹായം |
|---|---|---|---|---|
| I | 1996–97 | 11 | 01 | – |
| II | " " | 16 | 01 | – |
| III | ' " | 18 | 01 | 01 |
| IV | ' " | 11 | – | 03 |
| V | ' " | 9 | – | 01 |
| VI | ' " | 9 | 01 | – |
| VII | ' " | 6 | – | – |
| VIII | ' " | 12 | 01 | 01 |
| IX | ' " | 10 | – | 04 |
| X | ' " | 8 | – | 02 |
| XI | ' " | 11 | 01 | – |
| XII | ' " | 6 | 01 | – |
| ആകെ | | 127 | 07 | 12 |

അവലംബം സ്ഥിതിവിവരകണക്കുകൾ

ഈ അപേക്ഷകൾ പഞ്ചായത്ത് സമിതി പാസ്സാക്കി ജില്ലാ കളക്റ്ററുടെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

തൃപ്രങ്ങോട്ട് ഗ്രാമപ്പഞ്ചായത്ത്

11 14

## അംഗൻവാടികൾ

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതിന് ശേഷം നമ്മുടെ NES ബ്ളോക്കുകളിൽ മറ്റ് പല പദ്ധതികളുടെ കൂടെ പ്രവർത്തിച്ചിരുന്ന ബാലവാടികളും (C.P.W.P) പ്രയുക്ത പോഷകാഹാര കേന്ദ്രങ്ങളും (ANP) കൊണ്ട് നമ്മുടെ രാജ്യത്തെ സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനുള്ള പ്രയോജനം ഉദ്ദേശിച്ച രീതിയിൽ ലഭിക്കുക ഉണ്ടായില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഇവർക്കുള്ള ക്ഷേമപദ്ധതികൾ ഒരു കുടക്കീഴിൽ ലഭിക്കുന്നതിന് വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് സർവ്വീസ് (ICDS) എന്ന പദ്ധതി നിലവിൽ വന്നത്. ഈ പദ്ധതിയുടെ ഭാഗമായിട്ടാണ്. അംഗൺവാടികൾ നമ്മുടെ ബ്ളോക് പ്രദേശത്തും 1985–86 വർഷം നിലവിൽ വന്നത്. ഇതേ വർഷം തന്നെ നമ്മുടെ പഞ്ചായത്തിലും ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചു. 1000 ജനങ്ങൾക്ക് ഒരു അംഗൻ വാടി എന്നതാണ് ICDSന്റെ ലക്ഷ്യം. 17 അംഗൻ വാടികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

സമകാലിക വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും അംഗൻവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതിന് കാരണം സമൂഹത്തിലെ സാമൂഹ്യമായും സാമ്പത്തികമായും ഉയർന്നകുടുംബങ്ങളിലെ കുട്ടികളെ അംഗൻവാടികളിൽ ചേർക്കാത്തതാണ്. സ്വന്തമായി കെട്ടിടമില്ലാത്തതും വാടകസ്ഥലത്ത് പ്രവർത്തിക്കുന്നതുമെല്ലാം ജീവനക്കാരിലും കുട്ടികളിലും വളരെ അധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൂടാതെ പ്രാഥമിക സൗകര്യം നിർവഹിക്കാൻ സൗകര്യമില്ലാത്തതും കുട്ടികളിലും രക്ഷിതാക്കളിലും പല അസംതൃപ്തികളും സൃഷ്ടിക്കുന്നുണ്ട്. വരുംകാലങ്ങളിൽ ഭാവി തലമുറയെ വാർത്തെടുക്കാനുള്ള അംഗൻവാടികളുടെ പ്രവർത്തനം ഊർജ്ജസ്വമായെങ്കിലേ നമ്മുടെ പഞ്ചായത്തിലും അംഗൻവാടികൾ കൊണ്ടുള്ള ലക്ഷ്യം നിറവേറുകയുള്ളൂ.

അംഗൻവാടികളുടെ ജീവനക്കാർക്ക് ആരോഗ്യ സാമൂഹ്യ വികസന രംഗങ്ങളിൽ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇവർചെയ്യുന്ന ജോലികളുടെ വേതനം ഇവർക്ക് ലഭിക്കുന്നില്ല. നമ്മുടെ രാജ്യത്തിന്റെ ഭാവി കരുപിടിപ്പിക്കുന്ന ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടതാണ്.

### തൃപ്രങ്ങോട്ട് ഗ്രാമപഞ്ചായത്തിലെ അംഗൻ വാടികളെ സംബന്ധിച്ച റിപ്പോർട്ട്.

| | | | |
|---|---|---|---|
| 1. | a. | പഞ്ചായത്തിലെ ആകെ ജനസംഖ്യ (1995 വർഷപ്രകാരം) | = 34365 |
| | b. | പുരുഷന്മാർ | = 16663 |
| | c. | സ്ത്രീകൾ | = 17702 |
| 2. | a. | പട്ടികജാതി | = 1933 |
| | b. | പട്ടകി വർഗ്ഗം | = ഇല്ല |
| 3. | | അംഗൻവാടികളുടെ എണ്ണം | = 17 |
| 4. | a. | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | = 688 |
| | b. | 1–2 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | = 722 |
| | c. | 2–3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | = 832 |

368

d. 3-6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ = 1247

5. a. പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം = 664

b. ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം = ഇല്ല

6. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം. (മാസം വരെ പ്രായമുള്ള കുട്ടികൾ ഉള്ള) = 608

7. a. കഴിഞ്ഞവർഷത്തിൽ ആകെ ജനനങ്ങൾ = 688

b. ചാപ്പിള്ള ജനനങ്ങൾ = 04

8. a. ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96) = 04

b. 1-3 വയസ്സു വരെ മരിച്ച കുട്ടികളുടെ എണ്ണം = 03

c. 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം = 01

9. a. ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം = 01

b. മറ്റ് മരണങ്ങളുടെ എണ്ണം = 104

10. a. അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം = 2205

b. അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം = 508

c. അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം = 498

പട്ടിക 1

തൃപ്രങ്ങോട്ട് ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1ാം ഗ്രേഡ് | | 2ാം ഗ്രേഡ് | | 3ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ഒരു വയസ്സിനു താഴെ | 111 | 105 | 110 | 104 | 66 | 64 | 04 | 02 |
| 1-3 വയസ് | 194 | 202 | 226 | 232 | 155 | 144 | 03 | 02 |
| 3-6 വയസ്സ് | 258 | 271 | 256 | 288 | 205 | 176 | 01 | 07 |

1ാം ഗ്രേഡ് : ലഘുവായ പോഷണകുറവുള്ളവർ = 1216

2ാം ഗ്രേഡ് : മിതമായ പോഷണകുറവുള്ളവർ = 910

3ാം ഗ്രേഡ് : ഗുരുതരമായ പോഷണകുറവുള്ളവർ = 19

## പട്ടിക II

**തൃപ്രങ്ങോട്ട് പഞ്ചായത്തിലെ ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പിന്റെയും വിവരം**

| കുട്ടികൾ | B.C.G | D.T.P | | | | പോളിയോ | | | | DT | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ID | 2D | 3D | BD | ID | 2D | 3D | BD | ID | 2D | 3D | BD | |
| ഒരു വയസിനു താഴെ | 531 | 419 | 372 | 300 | | 436 | 360 | 312 | | | | | | 492 |
| ഒരു വയസ് മുതൽ 3-വയസ്സ്‌വരെ | | | | | 585 | | | | 793 | 308 | 251 | | 54 | |
| 3-6വയസ്സ് | | | | | | | | | | 208 | 192 | | 116 | |

അവലംബം (സെക്കൻഡറി ഡാറ്റാ കളക്ഷൻ)

ടെറ്റനസ് ടോക്സോയിഡ് (T.T)

| | ID | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 624 | 298 | 80 |

ഇരുമ്പ് ഫോളിക്കാസിഡ്, ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം = 624

ഇരുമ്പ് ഫോളിക്കാസിഡ് ലഭിച്ച കുട്ടികളുടെ എണ്ണം = 793

വിറ്റാമിൻ A തുള്ളിമരുന്ന് ലഭിച്ചകുട്ടികളുടെ എണ്ണം = 585

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം = 660

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം = 28

**11 15**

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. സ്വന്തമായി കെട്ടിടമില്ലാത്ത 11 അംഗനവാടികൾക്ക് കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് JRY ഫണ്ട് ഉപയോഗപ്പെടുത്തുക.

2. താൽക്കാലിക ഹെൽപർമാരെ സ്ഥിരപ്പെടുത്തുകയും ജീവനക്കാരുടെ വേതനം ഉയർത്തുകയും ചെയ്യുക. എല്ലാ ജീവനക്കാർക്കും യാത്രപ്പടി അനുവദിക്കുകയും ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും ചെയ്യുക.

3. ജീവനക്കാർക്ക് കാലാകാലങ്ങളിൽ ബോധവത്കരണം നടത്തുക.

4. പഞ്ചായത്ത് ഭൂമി വാങ്ങിയോ പുറമ്പോക്ക് ഭൂമിയിലോ കെട്ടിടം പണിയാൻ സൗകര്യമുണ്ടാക്കുക.

5. അംഗൻവാടി വർക്കർമാരെ യോഗ്യതക്കനുസരിച്ച് സൂപ്പർവൈസർമാരായി നിയമിക്കുക.

6. D.W.C.R.Aയിലെ ഫണ്ട് ഉപയോഗിച്ച് അംഗൻവാടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങിനൽകുക.

7. CRSP പദ്ധതിയിൽ കക്കൂസുകൾ നിർമ്മിച്ച് നൽകുക.

8. അംഗൻവാടിയില്ലാത്ത കൈനിക്കര (ward 3) Ward 11 ബീരാഞ്ചിറ, ബംഗ്ളാദേശ് കോളനി എന്നി വിടങ്ങളിൽ പുതിയ അംഗൻ വാടികൾ അനുവദിക്കുക. ചമ്രവട്ടം ൧൦ാം വാർഡിലെ അടച്ചിട്ടിരിക്കുന്ന അംഗൻവാടി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടിസ്വീകരിക്കുക.

9. അംഗൻവാടി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത് സമിതി നിരീക്ഷിക്കുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

## ക്ഷേമനിധികൾ

നമ്മുടെ പഞ്ചായത്തിൽ വിവിധ ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മുഴുവൻ തൊഴിലാളി കളെയും ക്ഷേമനിധികളിൽ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. ചില തൊഴിലാളി യൂണിയനുകൾ മുൻകൈ യെടുത്താണ് ഈ പദ്ധതിയിൽ തൊഴിലാളികളെ അംഗങ്ങളാക്കുന്നത്. ഈ മേഖലയിലുള്ള തൊഴിലാളി പ്രസ്ഥാനങ്ങൾ ശക്തമായത് കൊണ്ടാണ് ചില ക്ഷേമ പദ്ധതികൾ നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കി യിട്ടുള്ളത്.

**1. കർഷക തൊഴിലാളി ക്ഷേമനിധി :** പഞ്ചായത്തിൽ ജനസംഖ്യയുടെ ഏകദേശം 37%പേർ കർഷക തൊഴിലാളികളാണ്. എന്നാൽ അവരെ മുഴുവൻ ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്തെ തൊഴിലാളികളിൽ ഏകദേശം 42% പേർ മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടുള്ളത്. മുഴുവൻ തൊഴലാളികളെയും എത്രയും വേഗം അംഗങ്ങളാക്കാൻ വേണ്ട പ്രവർത്തനം നടത്തേണ്ടതാണ്.

**2. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി :**പഞ്ചായത്തിലെ നല്ലൊരു ശതമാനം ഇടത്തരം കുടുംബങ്ങളിൽ പെട്ടവർ കെട്ടിട നിർമാണ തൊഴിലാളികളാണ്. ഈ അടുത്ത കാലം വരെ ഈ രംഗത്ത് പണിയെടുക്കുന്നവർക്ക് ആവശ്യത്തിന് ജോലി ലഭിച്ചിരുന്നു. എന്നാൽ ഗൾഫിൽ ഇപ്പോൾ നിലനിൽക്കുന്ന തൊഴിൽ പ്രതിസന്ധി നിർമ്മാണ തൊഴിലാളികളെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ രംഗത്ത് തൊഴിലെടു ക്കുന്നവരിൽ ഏകദേശം 60%പേർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. കഠിനമായി ജോലിചെയ്യേണ്ടി വരുന്ന ഇവരുടെ പെൻഷൻ പ്രായം 55 വയസ്സായി ചുരുക്കേണ്ടതാണ്.

**3. മറ്റ് ക്ഷേമ നിധികൾ സംബന്ധിച്ച് :** ചെത്ത് തൊഴിലാളികൾ എല്ലാവരും ക്ഷേമനിധിയിൽ അംഗ ങ്ങളായവരാണ്. എന്നാൽ ആഭരണതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, വിവിധ കൈതൊഴിലുകൾ തുടങ്ങിയ വിവിധമേഖലയിൽ പണിയെടുക്കുന്നവർക്ക് ക്ഷേമനിധികൾ ഉണ്ടെ ങ്കിലും മുഴുവൻ തൊഴിലാളികളെയും അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. ഇവരെ എത്രയും പെട്ടെന്ന് ക്ഷേമ നിധിയിൽ അംഗങ്ങളാക്കാൻ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

371

11 15

## പൊതുവിതരണം

നമ്മുടെ രാജ്യത്ത് ശ്കതമായി പ്രവർത്തിച്ചിരുന്ന മേഖലയാണ് പൊതുവിതരണ സമ്പ്രദായം. എന്നാൽ ഏകദേശം അഞ്ചുവർഷക്കാലമായി ഈ മേഖലയിൽ ചില പരിഷ്കാരങ്ങൾ സംഭവിക്കുകയുണ്ടായി. അതു കൊണ്ട് ഇന്ന് പൊതുവിതരണ സമ്പ്രദായം ജനങ്ങൾക്ക് പ്രയോജനകരമല്ലാതായി തീർന്നിരിക്കുന്നു. 13 റോഷൻകടകളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കൂടാതെ ആലിങ്ങൽ ജംഗ്ഷനിൽ ഒരു മാവേലി സ്റ്റോർപ്രവർത്തിക്കുന്നുണ്ട്. ഇവിടെ കുറേക്കാലമായി സർക്കാർമാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നതി നുള്ള സബ്സിഡി നിർത്തലാക്കി കൊണ്ടും പൊതുമാർക്കറ്റിലെ വിലയുമായി മാറ്റമില്ലാത്തത് കൊണ്ടും മാവേലിസ്റ്റോർ മുഖേന ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനം കിട്ടിയില്ല. എന്നാൽ ഇപ്പോൾ സർക്കാർ സബ്സിഡി നൽകി പൊതുവിതരണ രംഗം ശ്കതിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ മാവേലി സ്റ്റോറിന് ഉണർവുണ്ടായിട്ടുണ്ട്. കൂടാതെ തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് നമ്മുടെ ദേശീയോത്സ വമായ ഓണത്തിന് ഓണച്ചന്തയും നടത്താറുണ്ട്.

## റേഷൻഷോപ്പ് (പൊതുവിതരണ കേന്ദ്രം)

റേഷൻഷാപ്പുകൾ പൊതുവിതരണ കേന്ദ്രമായതൊടുകൂടി ഷോപ്പുകളുടെ പ്രവർത്തനം അവതാള ത്തിലാണ്. സാധാരണക്കാർ ഏറ്റവും കൂടുതൽ ഈ സ്ഥാപനത്തെയാണ് ആശ്രയിക്കുന്നത്. 1996ലെ റേഷ നിംഗ് ആക്റ്റ് പ്രകാരം 'റേഷൻ ഷോപ്പ്' എന്നാക്കി പൊതുവിതരണ കേന്ദ്രത്തെ മാറ്റേണ്ടതാണ്.


റേഷൻ കാർഡ് സംബന്ധമായി വരുന്ന എല്ലാ അപേക്ഷകളും പഞ്ചായത്ത് തലത്തിൽ പരിഹരിക്കു ന്നതിന് നടപടികൾ സ്വീകരിക്കണം. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഉപഭോക്തൃ മേഖലയെ ശക്തമാക്കേണ്ടതാവശ്യമാണ്. തിരൂർ മിനിസിവിൽ സ്റ്റേഷനിലേക്ക് പല പ്രശ്നങ്ങളുമായി വരുന്ന ജനങ്ങൾക്ക് താലൂക്ക് സപ്ളൈ ഓഫീസ്, സിവിൽസ്റ്റേഷനിൽ നിന്ന് വളരെ ദൂരെ പ്രവർത്തിക്കുന്നതുകൊണ്ട് വളരെയധികം ബുദ്ധിമുട്ട് അനുഭവി ക്കുകയാണ്. ആയത്കൊണ്ട് സപ്ളൈ ഓഫീസ് സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചാൽ നന്നായിരിക്കും.

ഗ്രാമസഭകളിൽ നിന്ന് വിവിധ വാർഡുകളിൽ മാവേലി സ്റ്റോർ, ഉപഭോക്തൃ സൊസൈറ്റി എന്നിവ സ്ഥാപിക്കണമെന്ന് ആവശ്യങ്ങളുയർന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ റേഷൻഷാപ്പുകളിൽ ഓരോ വർഷവും വിതരണം ചെയ്യുന്ന സാധനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

372

## പൊതുവിതരണം (പട്ടിക 1)

| വർഷം | E | N.E | മേജർ അംഗങ്ങൾ | മൈനർ അംഗങ്ങൾ | അരി ക്വിന്റൽ | ഗോതമ്പ് ക്വിന്റൽ | മൈദ ക്വിന്റൽ | റവ ക്വിന്റൽ | പഞ്ചസാര ക്വിന്റൽ | ഓയൽ ലിറ്റർ | പെർമിറ്റ് മുഖേന മണ്ണെണ്ണ | കാർഡ് മുഖേന മണ്ണെണ്ണ |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2158 | 2262 | 22334 | 7332 | 1582100 | 32500 | 4680 | 3250 | 158756 | | 54732 | 184756 |
| | 2158 | 2548 | 22477 | 7605 | 1732250 | 22425 | 15600 | 12870 | 161226 | | 57636 | 204100 |
| | 1833 | 1820 | 17576 | 5694 | 1783841 | 15972 | 3510 | 2340 | 95680 | | 57636 | 153192 |
| | 1911 | 1885 | 23725 | 5733 | 1699501 | 17022 | 24483 | 3900 | 109980 | | 43836 | 153192 |
| | 2900 | 3240 | 22529 | 7838 | 1731923 | 167102 | 20930 | 2340 | 137475 | | 46930 | 143130 |




OFFICE OF THE TRIPRANGODE GRAMA PANCHAYATH

## അദ്ധ്യായം - 12

# സംസ്ക്കാരം

12-1 തൃപ്രങ്ങോട് പഞ്ചായത്തിന് സമ്പന്നമായ ഒരു സംസ്ക്കാരിക പാരമ്പര്യമുണ്ട്. രണ്ടാം അദ്ധ്യായത്തിൽ പ്രസിദ്ധരായിരുന്ന പൂർവ്വ സൂരികളെപ്പററി ചെറിയ വിവരണക്കുറിപ്പുകൾ കൊടുത്തിട്ടുണ്ട്. സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ വന്ന മാറ്റങ്ങൾ മൂലം ക്രമേണ ഈ പ്രാചീന സാംസ്ക്കാരിക പാരമ്പര്യം ക്ഷയോന്മുഖമായി. പഴയ വിദ്യാഭ്യാസ ക്രമം വേരറ്റു പോകുകയും, പുതിയ വിദ്യാഭ്യാസ സമ്പ്രദായം സ്വീകരിച്ച് മുന്നേറാൻ സാധിക്കാത്തതുമായിരുന്നു ഈ അപചയത്തിൻെറ കാരണം, പിന്നീടു വന്ന ഇസ്ലാമിക സംസ്ക്കാരവും, പാശ്ചാത്യ സംസ്ക്കാരവും പഴയ കേരളീയ സംസ്ക്കാരത്തെ സമ്പന്നമാക്കി. നിലവിലുളള സംസ്ക്കാരം ഈ മൂന്ന് സ്രോതസ്സുകളുടേയും സംഗമം മൂലം ധന്യമായ ഒരു സമന്വിത സംസ്ക്കാരമാണ്.

12-2 ഈ പഞ്ചായത്തിലെ പ്രധാന മതവിഭാഗങ്ങൾ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നിവയാണ്. ക്രിസ്ത്യൻ സമൂഹം താരതമ്യേന ചെറുതാണ്. പഴയ ജാതി സമൂഹങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും ജാതിയോട് ബന്ധപ്പെട്ട അനാചാരങ്ങൾ ഇല്ലാതായിരിക്കുന്നു. പഴയ അസമത്വങ്ങൾ പലതും അവസാനിക്കുകയും സമൂഹം പുതിയൊരു സന്തുലിതാവസ്ഥയിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്.

12-3. സമഗ്രമായ ഭൂപരിഷ്കരണം മൂലം പഴയ വർഗ്ഗങ്ങളായ ജന്മികളും കുടിയാന്മാരും ഇല്ലാതായി. വലിയ വ്യവസായശാലകളോ, വ്യാപാര സ്ഥാപനങ്ങളോ ഇവിടെ ഇല്ലാത്തതിനാൽ പുതിയ മുതലാളി/തൊഴിലാളി വർഗ്ഗങ്ങൾ അത്ര പ്രകടമായി കാണപ്പെടുന്നില്ല. കർഷകത്തൊഴിലാളികൾ, കെട്ടിട നിർമ്മാണത്തൊഴിലാളികൾ, ചുമട്ടുത്തൊഴിലാളികൾ മുതലായവരും, അവരുടെ വർഗ്ഗ സംഘടപകളും നിലവിലുണ്ട്.

12-4.പഞ്ചായത്തിലെ പുരാതനവും പ്രസി

ഢവുമായ ക്ഷേത്രങ്ങൾ, തൃപ്രങ്ങോട് ശിവക്ഷേത്രം, ചമ്രവട്ടത്ത് അയ്യപ്പക്ഷേത്രം, ഹനുമാൻ കാവ് (ആലത്തിയൂർ പെരുംതൃക്കോവിൽ)ഗരുഡൻകാവ് എന്നിവയാണ്. നാലുക്ഷേത്രങ്ങളും പ്രധാന തീർത്ഥാ ടന കേന്ദ്രങ്ങളാണ്. തൃപ്രങ്ങോട് ശിവക്ഷേ ത്രത്തിലെ ശിവരാത്രി ഉത്സവം പ്രധാനമായ ഒരു ഉൽസവമാണ്. ഹനുമാൻ കാവിലെ തുലാമാസം തിരു വോണനാളിൽ അവസാനിക്കുന്ന ഉൽസവും പ്രധാന മാണ്. മേൽപ്പ റഞ്ഞ ക്ഷേത്രങ്ങൾക്കു പുറമെ ആലത്തി യൂർ വലിയ കപാലത്തിങ്കൽ പുന്നക്കാം കുളങ്ങര, കൊലുപറമ്പ്, കറുത്തേടത്ത്, കൽപ്പറമ്പ് എന്നീ ഭഗവതിക്കാ വുകളുമുണ്ട്. ഇവിടങ്ങളിലെ വേലകളും പ്രാദേശി കോ ത്സവങ്ങളാണ്. മുസ്ലീം സമുദായത്തിൻെറ പ്രധാന ആരാധനാസ്ഥലങ്ങൾ കൈനിക്കര, പൊയി ലിശ്ശേരി, ആലത്തിയൂർ, പാലോത്തുപറമ്പ്, ബീരാൻ ചിറ, ചെറിയ പറപ്പൂർ, ആലിങ്ങൽ, തൃപ്ര ങ്ങോട്, പെരിന്നല്ലൂർ, ചമ്രവട്ടം, പാലയ്ക്കൽ, കൈമല ശ്ശേരി, കൈമലശ്ശേരി വെണ്ണയിലങ്ങാടി, കുട്ടൻമാക്കൽ, പരപ്പേരി എന്നീ സ്ഥലങ്ങളിലുള്ള ജുമാമസ്ജി ദുകളാണ്. കൈനിക്കര ജുമാമസ്ജിദിനോട് അനുബ ന്ധിച്ചുള്ള മൊയ്തീൻ ഷേയ്ക്കിൻെറ ആണ്ടു നേർച്ച പ്രധാനമാണ്. ക്രിസ്ത്യാനികളുടെ ആരാധനാ കേന്ദ്രം പരപ്പേരിയിലുള്ള പള്ളിയാണ്. ക്ഷേത്രങ്ങളിൽ നടക്കുന്ന ഉൽസവങ്ങൾക്കും പള്ളിയിലെ നേർച്ചക്കും എല്ലാ ജാതിമത വിഭാഗങ്ങളും പങ്കുചേരാറുണ്ട്. പഴയ കാലം മുതൽക്ക് ഇവിടെ തികഞ്ഞ മതസൗഹാർദ്ദം നിലനിന്ന് പോരുന്നു. മലബാർ കലാപത്തിൻെറ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ പോലും ഇതിന് ഇളക്കം സംഭവിച്ചില്ല. ഇപ്പോഴും യാതൊരു കോട്ടവു മില്ലാതെ മത സൗഹാർദ്ദം നിലനിന്ന് പോരുന്നു.

12-5. വിദ്യാഭ്യാസം, വ്യാപകമായതോടു കൂടി, പഴയ പല അനാചാരങ്ങളും ഇല്ലാതായെങ്കിലും, അനാരോഗ്യകരമായ പുതിയ പ്രവണതകൾ കാൺമാ നുണ്ട്. പ്രകടനാത്മകമായ ഉപഭോഗ സംസ്ക്കാരവും ധൂർത്തോടു കൂടിയ ആഘോഷങ്ങളും ഇവയിൽ പ്രധാനമാണ്. വലിയ വീടുകൾ ഉണ്ടാക്കൽ, വിലയേ റിയ വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കൽ, ആഡം ബരപൂർണമായ വിവാഹാഘോഷങ്ങൾ എന്നിവ ഇതിൻെറ ഉദാഹരണമാകുന്നു. ഗൾഫ് പണത്തിൻെറ സ്വാധീനം ഇതിലൊക്കെ പ്രതിഫലിക്കുന്നുണ്ട്.

### 12-6. ഗ്രന്ഥശാലകൾ :-

പഞ്ചായത്തിൽ ഗ്രന്ഥശാലകൾ തുലോം കുറവാണ്. നിലവിലുള്ള നാലു അംഗീകൃത ഗ്രന്ഥ ശാലകളുടെ പട്ടിക താഴെ ചേർക്കുന്നു.

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതി മാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റു അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| നവജീവൻ ഗ്രന്ഥാലയം | 1952 | ബി | 4268 | 800 | 10 | കലാസമിതി,സ്പോർട്സ്,ജനവിദ്യാകേന്ദ്രം, etc. |
| ആൾക്കൂട്ടം വായനശാല | 1986 | ഇ | 1340 | 300 | 6 | 1. സാക്ഷരതാ പ്രവർത്തനം 2.ചർച്ചാക്ലാസ്സുകൾ |
| പാവേരിക്കര ഗ്രാമീണവായനശാല | 1989 | എഫ് | 1420 | 250 | 4 | 12-ാം വാർഡിലെ പൊതുപ്രവർത്തനം (സാക്ഷരത,മെഡിക്കൽ ക്യാമ്പ്, റോഡ് വികസനം etc.) |
| പഞ്ചായത്ത് | 1989 | | 1356 | 8 | 5 | അക്ഷരക്ലബ്ബ് |

## സാംസ്കാരിക നിലയം

12-7. നവജീവൻ ഗ്രന്ഥാലയമാണ് പഞ്ചായത്തിലെ ഏററവും പഴയ ഗ്രന്ഥാലയം. 1952-ൽ സ്ഥാപിതമായ ഈ ഗ്രന്ഥാലയം 1995-ൽ സ്വന്തം കെട്ടിടത്തിലേയ്ക്കു മാറ്റി ഇപ്പോൾ പ്രവർത്തനം വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് സാംസ്കാരിക നിലയവും സ്വന്തം (പഞ്ചായത്തിൻെറ) കെട്ടിടത്തിലാണ് സ്ഥിതിചെയ്യുന്നത്. മറ്റു രണ്ടു ഗ്രന്ഥശാലകൾക്കും സ്വന്തം സ്ഥലമില്ല. സ്ഥല സൗകര്യവും കുറവാണ്. ആദ്യത്തെ മൂന്ന് ഗ്രന്ഥശാലകളും ഗ്രന്ഥശാലാ സംഘത്തിൽ അംഗങ്ങളാണ്. ഗ്രന്ഥശാലാ സംഘം വക ധനസഹായം ഇവയ്ക്ക് ലഭിക്കുന്നുണ്ട്. എല്ലാ വായനശാലകൾക്കും പഞ്ചായത്തിൻെറ ചിലവിൽ ദിനപത്രങ്ങൾ നൽകുന്നുണ്ട്.

12-8. കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ പ്രകാരം പുസ്തകവിതരണം വർദ്ധിച്ചിട്ടുണ്ട്. വായനയ്ക്ക് വിതരണം ചെയ്യപ്പെടുന്ന പുസ്തകങ്ങൾ അധികവും നോവലുകളും ചെറുകഥകളുമാണ്. വിജ്ഞാന ഗ്രന്ഥങ്ങൾ വായിക്കുവാനുള്ള ഉൽസാഹം വായനക്കാരിൽ കുറവാണ്. ഗ്രന്ഥശാലകളിൽ അംഗങ്ങളായിട്ടുള്ള സ്ത്രീകളുടെ എണ്ണവും പൊതുവെ വായനാശീലമുള്ള സ്ത്രീകളുടെ എണ്ണവും കുറവാണ്.

12-9. വായനാശീലത്തെ, ഒരു പരിധിവരെ, ബാധിക്കുന്നതു ടി.വി., റേഡിയോ മുതലായ ഇലക്ട്രോണിക് മാധ്യമങ്ങളുടെ മുന്നേറ്റമാണ്. പഞ്ചായത്തിൽ ആകെയുള്ള 6000ത്തിലധികം വീടുകളിൽ അഞ്ച് ശതമാനത്തിലധികം വീടുകളിൽ ടി.വി.യുണ്ട്. 1950-ൽ ഈ പഞ്ചായത്തിൽ റേഡിയോ ഉള്ള ഒരു വീടുപോലുമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ റേഡിയോ ഇല്ലാത്ത വീടുകൾ വിരളമാണ്. വാർത്തകളറിയുവാനും, വിനോദാവശ്യങ്ങൾക്കും ഇലക്ട്രോണിക്ക് മാധ്യമങ്ങൾ മതിയാവുന്നതുകൊണ്ട് വായനയുടെ കാര്യത്തിൽ ജനങ്ങൾ വിമുഖരാകുന്നതിൽ അത്ഭുതപ്പെടുവാനില്ല.

12-10. അമ്പതു കൊല്ലങ്ങൾക്കു മുമ്പ് ഈ പഞ്ചായത്തിൽ പത്തു ദിനപ്പത്രങ്ങൾ പോലും ചെലവായിരുന്നില്ല. ആ സ്ഥാനത്ത് ഇന്ന് മാതൃഭൂമി, മലയാള മനോരമ എന്നീ പത്രങ്ങൾ ഓരോന്നും നൂറിലധികം ചിലവാകുന്നുണ്ട്. ദേശാഭിമാനി, കേരള കൗമുദി, ചന്ദ്രിക, മാധ്യമം മുതലായ പത്രങ്ങൾക്കും നല്ല പ്രചാരമുണ്ട്. പ്രധാനപ്പെട്ട ആനുകാലിക പ്രസിദ്ധീകരണങ്ങൾ ധാരാളം ചെലവാകുന്നുണ്ട്. ഇംഗ്ലീഷ് പത്രങ്ങളും ആനുകാലിങ്ങളും ഇതിനു പുറമെയാണ്. ജനങ്ങളുടെ ബോധരൂപീകരണത്തിൽ ഇവ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്.

12-11. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ, കലാസമിതികൾ മുതലായവയുടെ പേരുകൾ താഴെ ചേർക്കുന്നു.

(1) നവജീവൻ ഗ്രന്ഥാലയം സ്പോർട്സ്& ആർട്സ് ക്ലബ്ബ്, ആലത്തിയൂർ.
(2) മൈത്രി മാതൃഭൂമി സ്റ്റഡിസർക്കിൾ പൊയിലിശ്ശേരി
(3) കുട്ടികൃഷ്ണമാരാർ സ്മാരക മാതൃഭൂമി സ്റ്റഡി സർക്കിൾ തൃപ്രങ്ങോട്
(4) യുഗദർശന ആർട്സ് ബീരാഞ്ചിറ
(5) ചിത്രവർണം ആർട്സ് & സ്പോർട്സും, ബീരാഞ്ചിറ
(6) ധന്യ ആർട്സും & സ്പോർട്സും ബീരാഞ്ചിറ
(7) സൗഹാർദ്ദവേദി കലാവേദി ചെറിയ പരപ്പൂർ
(8) സാൻേറാസ് പരപ്പേരി
(9) ജോളി ബ്ര ദേഴ്സ് ആലത്തിയൂർ
(10) ന്യൂ ബ്രദേഴ്സ് സ്പോർട്സ് ക്ലബ്ബ് ആലത്തിയൂർ
(11) ഫാൾക്കൺ ബ്രദേഴ്സ് ആനപ്പടി
(12) ഗ്രാമീണ ആർട്സ് & സ്പോർട്സ് ക്ലബ്ബും, പാവേരിക്കര

കലാസമിതികൾ പലവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും. സ്വന്തമായി നാടകങ്ങളോ മറ്റു കലാസൃഷ്ടികളോ ഇതുവരെ അവതരിപ്പിച്ചിട്ടില്ല. യുഗദർശന ആർട്സ് ക്ലബ്ബ് ബീരാൻഞ്ചിറയിൽ ഫുട്ബഅൾ ടൂർണമെൻറ് സംഘടിപ്പിക്കാറുണ്ട്. ജോളി ബ്രദേഴ്സ് ആലത്തിയൂരിൽ 1995 വരെ കുഞ്ഞിമോൻ ഹാജി മെമ്മോറിയൽ ഫുട്ബാൾ ടൂർണമെൻറ് കേമമായി നടത്തിയിരുന്നു. കളിസ്ഥലം ഇല്ലാത്തതുകൊണ്ട് 1996-ൽ ഈ ടൂർണമെൻറ് നടത്തുവാൻ സാധിച്ചില്ല. ഫാൾക്കൺ ക്ലബ്ബ് ആനപ്പടിയിൽ കഴിഞ്ഞ വർഷം മുതൽക്ക് ഒരു ഫുട്ബാൾ ടൂർണമെൻറ് സംഘടിപ്പിക്കുന്നുണ്ട്.

12-12. **കായിക സംസ്കാരം :**

പഞ്ചായ ത്തിൽ കളരിപ്പയറ്റു കേന്ദ്രങ്ങളോ,

376

ജിംനേഷ്യങ്ങളോ ഇല്ല. കരാട്ടെ പരിശീലനം ചിലർ നൽകുന്നുണ്ട്. കളിസ്ഥലങ്ങൾ ഇല്ലാത്തതു മൂലം കായിക സംസ്കാരം വേണ്ടത്ര അഭിവൃദ്ധിപ്പെടുന്നില്ല.

12-13. പഴയകാലം മുതൽക്കു ഈ പഞ്ചായത്തിൽ താഴെ പറയുന്ന നാടൻ കലകളും/കളികളും ഉണ്ടായിരുന്നു. ചവിട്ടുകളി, അയ്യപ്പൻപാട്ട്, ബദർ കിസ്സപ്പാട്ട്, കോൽക്കളി, പൂതൻകളി, പകിട കളി, ദഫ്മുട്ട്, അറവനമുട്ട്, മാപ്പിളപ്പാട്ട്, ഒപ്പന ഇവയിൽ ചിലവ പ്രചാരം കുറഞ്ഞതിനാൽ ക്ഷയോന്മുഖമായിരിക്കുന്നു. തൃപ്രങ്ങോട് കേന്ദ്രമാക്കി മുൻകാലത്ത് കിഴക്കേ പീടികയിൽ വലിയ മമ്മുക്കുട്ടി എന്ന ആളുടെ നേതൃത്വത്തിൽ പ്രശസ്തമായ ഒരു കോൽക്കളി കേന്ദ്രമുണ്ടായിരുന്നു. കോൽക്കളിയിൽ പല പരിഷ്കാരങ്ങൾ വരുത്തി ആ കലയെ ആകർഷകമാക്കിയ ഒരു വ്യക്തിയായിരുന്നു സി.കുഞ്ഞാതു മാസ്റ്റർ ആലിങ്ങൽ പ്രൈമറി സ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്ററർ കൂടിയായിരുന്നു. കലാകാരനായിരുന്ന അദ്ദേഹം മാപ്പിളപ്പാട്ടിനും, ഒപ്പനക്കും ഇപ്പോഴും ആസ്വാദകർ ഏറെയുണ്ട്. ആ കലകൾ അനുദിനം അഭിവൃദ്ധി പ്രാപിച്ചു വരുന്നു.

**പ്രശ്നങ്ങൾ**

**12-14. സാംസ്കാരികരംഗം പ്രാദേശികതല ത്തിൽ നേരിടുന്ന പ്രശ്നങ്ങൾ താഴെപറയുന്നവയാണ്**

☆ വേണ്ടത്ര ഗ്രന്ഥശാലകൾ ഇല്ല.

☆ സാംസ്കാരികരംഗത്ത് പ്രാദേശികമായ നേതൃത്വത്തിന്റെ അപര്യാപ്തത

☆ വിവാഹാദി ചടങ്ങുകളിൽ വന്നുചേർന്ന ധൂർത്തും ആർഭാടവും

☆ കായിക വിനോദങ്ങൾക്ക് കളിസ്ഥലമില്ല.

☆ സ്ത്രീകൾക്കെതിരായ വിവേചനങ്ങളും, സംസ്കാര രഹിതമായ സമീപനവും നിലനിൽക്കുന്നു.

☆ നാടൻ കലകളുടേയും കളികളുടേയും തിരോധാനം

**12-15. സാധ്യതകളും നിർദ്ദേശങ്ങളും :-**

ഗ്രാമസഭാതലത്തിൽ ഈ വക പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്യപ്പെടുകയുണ്ടായി. അതിന്റെ ഫലമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

(1) പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം വിപുലീകരിച്ച് പഞ്ചായത്തു തലത്തിൽ സാംസ്കാരിക നവോത്ഥാനത്തിന്റെ ഒരു കേന്ദ്രബിന്ദുവായി അതിനെ മാറ്റണം. കലാസമിതികളും സ്പോർട്സ് ക്ലബ്ബുകളുമായി സഹകരിച്ച് സർഗാത്മക കലകൾ പ്രോത്സാഹിപ്പിക്കുവാനും കളികളും ടൂർണമെൻറുകളും സംഘടിപ്പിക്കുവാനും ശ്രമിക്കണം.

(2) ഓരോ വാർഡിലും ഗ്രന്ഥശാലകളോ വായനശാലകളോ സ്ഥാപിക്കുകയും അവയുടെ പ്രവർത്തനം കലാസമിതികളും സ്പോർട്സ് ക്ലബ്ബുകളുമായി സമന്വയിപ്പിക്കുകയും വേണം. ഇതിന് ആവശ്യമായ പ്രാദേശിക നേതൃത്വത്തെ വളർത്തിയെടുക്കണം.

(3) പല സ്പോർട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം പരിമിതമാണ്. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നത് അവയുടെ പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുവാൻ സഹായകമാകും.

(4) പഞ്ചായത്തിൽ ഒരു മിനി സ്റേറഡിയമെങ്കിലും അടിയന്തിരമായി നിർമ്മിക്കണം. കളിസ്ഥലമില്ലാത്തതിനാൽ കായിക മത്സരങ്ങളും സ്പോർട്സ് മത്സരങ്ങളും വഴിമുട്ടി നിൽക്കുകയാണ്.

(6) നാടൻ കലകളേയും കളികളേയും പ്രോത്സാഹിപ്പിക്കണം ഈ ഉദ്യമത്തിൽ കലാസമിതികളും സ്പോർട്സ് ക്ലബ്ബുകളും ഒത്തു ചേർന്ന് പ്രവർത്തിക്കണം.

(7) തൃപ്രങ്ങോട് ആസ്ഥാനമാക്കി ക്ഷേത്ര കലകൾ, വാദ്യങ്ങൾ മുതലായവയിൽ പരിശീലനം നൽകാവുന്നതാണ്. പഞ്ചായത്തിലുള്ള ദേവസ്വങ്ങളുടെ പ്രതിനിധികളുമായി ആലോചിച്ച് ഇതിന് വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

(8) വിവാഹം മുതലായ സാമൂഹിക ചടങ്ങുകൾ അനാർഭാടമായും, ധൂർത്തില്ലാതെയും നടത്തുവാൻ ബോധവൽക്കരണം നടത്തണം.

(9) സ്ത്രീകളെ പൊതു പ്രവർത്തനരംഗങ്ങളിലേക്ക് കൊണ്ടുവരണം. സ്ത്രീ സമൂഹം നേരിടുന്ന അസമത്വങ്ങൾ, അനീതികൾ, വിവേചനങ്ങൾ മുതലായവ പരിഹരിക്കുവാൻ സംഘടിതമായ വനിതാ പ്രസ്ഥാനങ്ങൾ വളർത്തണം.


(10) നിരന്തരമായ സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ജാതികൾ, മതങ്ങൾ എന്നിവക്കതീതമായ ഒരു പൊതുസംസ്ക്കാരം വളർത്തുകയും

നിലവിലുള്ള മതസൗഹാർദ്ദം അരക്കിട്ടുറപ്പിക്കുകയും വേണം.

(11) ഈ വക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധന/മനുഷ്യവിഭവങ്ങൾ പ്രാദേശികമായി സംഘടിപ്പിക്കണം. അതിനു പുറമെ പരിമിതമായ തോതിലെങ്കിലും പഞ്ചായത്ത് സമിതികൾ ഈ പ്രവർത്തനങ്ങൾക്കു വേണ്ട ധന സഹായം ചെയ്യണം. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഇതിനുവേണ്ടി പഞ്ചായത്തു സമിതികൾക്ക്, സർക്കാർ ആവശ്യമായ ഫണ്ട് നൽകണം.

12-16. ആസൂത്രതവും സംഘടിതവുമായ പ്രവർത്തനങ്ങളിൽക്കൂടി വരുന്ന അഞ്ച് വർഷങ്ങൾക്കുള്ളിൽ സാംസ്ക്കാരികന രംഗത്തും സമൂഹത്തിലാകെയും, ഗുണപരമായ മാററങ്ങൾ വരുത്താവുന്നതാണ്. ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കുവാൻ പുതുതായി ഉണർന്നു വരുന്ന ആവേശവും പ്രവർത്തനോത്സുകതയും ക്രിയാത്മകമായ രൂപത്തിൽ സംഘടിപ്പിക്കുവാൻ പഞ്ചായത്ത് സമിതികൾ മുൻകൈ എടുക്കണം. അതു സാധിച്ചാൽ ഒരു സാംസ്കാരിക നവോത്ഥാനം ഇവിടെ സംഭവിക്കും.






## അദ്ധ്യായം 13

# വനിത

പൗരാണിക ഭാരതത്തിൽ പുരുഷനോടൊപ്പം സ്ത്രീയും തുല്യ സ്ഥാനം കൈവരിച്ചിരുന്നു. പുരുഷൻ സ്ത്രീയെ ആദരിച്ചു. സ്ത്രീ ബഹുമാനിതയായ്‌ി. വേദങ്ങളിലും ഖുർ-ആനിലും ബൈബിളിലും അ വർക്ക് ഉന്നതസ്ഥാനം കൽപിക്കുന്നു.

ഭാരതത്തിൽ സ്ത്രീകൾ അർഹിക്കുന്ന സ്ഥാനം ഇന്നവർക്ക് ലഭിക്കുന്നുണ്ടോ? ഇല്ലെന്നാണ് ഉത്തരം. അതിൻെറ കാരണം സമൂഹത്തിലെ മൂല്യച്യുതിയാണ്. സമൂഹത്തിലെ കയ്പേറിയ അനുഭവങ്ങൾ കൂടുതൽ അറിയുക, സ്ത്രീകളാണ്. കുടുംബഭാരവും ഉത്തരവാദിത്വവും ഇന്ന് സ്ത്രീകളാണ് പേറുന്നത്. ചെറിയ വരുമാനത്തിൽ ഒതുങ്ങിനിന്ന് ഭക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, മറ്റു ജീവിതകാര്യങ്ങൾ അവർ നിറവേറ്റുന്നു.

പഞ്ചായത്തിലെ കഴിഞ്ഞ കാലങ്ങളെക്കുറിച്ച് പരിശോധിക്കുകയാണെങ്കിൽ സാമൂഹ്യപ്രവർത്തന മേഖലകളിൽ സ്ത്രീപങ്കാളിത്തം കുറവായിരുന്നു. സാമ്പത്തികമായി പിന്നോക്കമായിരുന്ന ഇവിടങ്ങളിൽ പുരുഷൻെറ വിദ്യാഭ്യാസം തന്നെ കുറവായിരുന്നു. അ തിൽ നിന്നും തുലോം കുറവായിരുന്നു സ്ത്രീകളുടെ വിദ്യാഭ്യാസം. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം കിട്ടാക്കനിയായിരുന്നു. വലിയ വീട്ടിലെ കുട്ടികൾക്ക് കുടിപ്പള്ളിക്കൂടങ്ങളിലൂടെ വിദ്യാഭ്യാസം ലഭിച്ചിരുന്നു. എന്നാൽ സാധാരണക്കാർക്കും താണ ജാതികളിൽപെട്ടവർക്കും വിദ്യയുടെ ബാലപാഠങ്ങൾ പോലും ലഭിച്ചിരുന്നില്ല. സമൂഹം ഏർപ്പെടുത്തിയ വയസ്സിൻെറ അതിർവരമ്പ് കഴിഞ്ഞാൽ പെൺകുട്ടികൾക്ക് ആഘോഷങ്ങളിലും അ തുപോലുള്ള പൊതു പരിപാടികളും പങ്കെടുക്കാൻ പാടില്ലായിരുന്നു. അതുകൊണ്ട് തന്നെ എല്ലാ രംഗങ്ങളിലും സ്ത്രീകളുടെ പ്രാതിനിധ്യം കുറവായിരുന്നു. വളരെ ചെറു പ്രായത്തിൽ തന്നെ വിവാഹം കഴിച്ച് കുടുംബഭാരം ഏൽക്കലായിരുന്നു അ വരുടെ രീതി. വീട്, കുട്ടികൾ, ഭർത്താവ് എന്നതിലു പരിയായി ചിന്തിക്കുവാൻ കെല്പില്ലാത്തവരായിരുന്നു അവർ.

ജനസംഖ്യയിൽ കൂടുതലുള്ള സ്ത്രീ സമൂഹ ത്തിന് പഞ്ചായത്ത് ഭരണത്തിൽ കൂടുതൽ പങ്കാളിത്തം 73-ാം ഭരണഘടന ഭേദഗതിയിലൂടെ നടപ്പിലായി. കാലാകാലങ്ങളിൽ അവഗണിക്കപ്പെട്ടിരുന്ന ഒരു വിഭാഗത്തെ സമൂഹത്തിൻെറ ഉന്നതിയിലെത്തിച്ചാലേ രാജ്യത്തിന് പുരോഗതിയുണ്ടാവുകയുള്ളു. പഞ്ചായ

ത്തുകളിലും മറ്റു ബ്ലോക്ക് ജില്ലാ സ്ഥാനങ്ങളിലും ഇപ്പോൾ 1/3 സംവരണം സ്ത്രീകൾക്കായി നീക്കിയിട്ടുണ്ട്. പുതുതായി പാർലമെൻറ് പരിഗണനയിലുള്ള ബില്ലിലൂടെ നിയമസഭ/ലോകസഭ മണ്ഡലങ്ങളിലും ഇതേ സംവരണം ഉറപ്പ് വരുത്തുന്നു.

സ്ത്രീകൾക്ക് ഭരണത്തിൽ അർഹതപ്പെട്ട സ്ഥാനം നൽകുന്നത് കാതലായ സാമൂഹിക-സാമ്പത്തിക മാറ്റങ്ങൾക്ക് വഴിതെളിക്കും. തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്ന വനിതകൾക്ക് പൊതുവായ വികസനത്തോടൊപ്പം മറ്റുള്ളവരുടേയും കുട്ടികളുടേയും വികസനത്തിൽ പ്രത്യേകമായി ശ്രദ്ധിക്കാൻ കഴിയും. സ്ത്രീകളുടെ ഉന്നമനത്തിൽകൂടി മാത്രമേ ഒരു നല്ല സമൂഹം കെട്ടിപ്പടുക്കാനാവൂ.

**വിദ്യാഭ്യാസം**

മുൻകാലങ്ങളിൽ സ്ത്രീകളുടെ വിദ്യാഭ്യാസം പിൻപന്തിയിലായിരുന്നു. വർഷങ്ങൾ കഴിയുന്നതനുസരിച്ച് സമൂഹത്തിൽ വരുന്ന മാറ്റങ്ങളെ ആവാഹിച്ചെന്നോണം സ്ത്രീ വിദ്യാഭ്യാസ മേഖലയും വികസനം പ്രാപിച്ചു വരുന്നുണ്ട്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് പെൺകുട്ടികൾ വിദ്യാഭ്യാസപരമായി മുൻപന്തിയിൽ വരികയും അവരിൽ പലരും അദ്ധ്യാപനരംഗത്തും മറ്റു രംഗങ്ങളിലും ശോഭിക്കുകയും ചെയ്തുവരുന്നു.

എൽ.പി, യു.പി. സ്കൂളുകളിൽ പെൺകുട്ടികളാണ് കൂടുതൽ. എന്നാൽ ഹൈസ്കൂളിൽ ആൺകുട്ടികളാണ് കൂടുതൽ. ഇതിനു കാരണം തൊട്ടടുത്ത് പ്രവർത്തിക്കുന്ന ഗേൾസ് ഹൈസ്കൂൾ ഉള്ളതിനാലും ഏഴാംതരം കഴിഞ്ഞാൽ പെൺകുട്ടികളെ പഠിക്കാൻ വിടുന്നില്ല എന്നതുമാണ്. സി.ബി.എൻ.പി. പ്രവർത്തനത്തോടനുബന്ധിച്ച് മലപ്പുറം ജില്ലയിൽ സംഘടിപ്പിച്ച സമഗ്ര സർവേയിൽ മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം പരിശോധിച്ചപ്പോൾ പെൺകുട്ടികളുടെ എണ്ണം കുറവായി കാണുന്നു. ''പെണ്ണ് പിറന്നാൽ അന്നു മുതൽ കണ്ണീര്'' എന്ന ഒരു മിഥ്യാധാരണ നിലവിലുള്ളതും ആധുനിക വൈദ്യശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങളുമായിരിക്കാം ഇതിനു കാരണമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

നാലു വാർഡുകൾ ചേരുന്നിടത്ത് ഒരു ഹൈസ്കൂളും പഞ്ചായത്തിൽ ഒരു വനിതാ കോളേജും ആവശ്യമാണ്. ദൂരദൈർഘ്യം കൂടുതലായതുകൊണ്ടാണ് പല കുടുംബങ്ങളിലും പെൺകുട്ടികളെ കോളേജ് വിദ്യാഭ്യാസത്തിന് വിടാതിരിക്കുന്നത്. ചെറുപ്രായത്തിൽ വിവാഹം കഴിക്കുന്നതിന് ആരോഗ്യപരമായ (മാനസിക, ശാരീരിക) ദോഷങ്ങളെക്കുറിച്ച് ശക്തമായ ബോധവൽക്കരണം ആവശ്യമാണ്. പഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയൊഴിച്ച് മറ്റു സ്ഥാപനങ്ങളിലെല്ലാം വനിതാ ജീവനക്കാർ കുറവാണ്.

മിക്ക വീടുകളിലും പത്താം ക്ലാസ് തോറ്റു പഠനം നിർത്തിനിൽക്കുന്ന കുട്ടികളെ കാണാം. തൊഴിൽ മേഖലയിലേക്ക് കടക്കുന്നുമില്ല. ചെറു പ്രായത്തിൽ തന്നെ പഠനകാര്യത്തിൽ ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഇങ്ങനെ വരുന്നത്. അമമ്മാരിൽ പലരും വിദ്യാസമ്പന്നരല്ല. അതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിൻെറ പ്രാധാനത്തെക്കുറിച്ചും മേന്മയെക്കുറിച്ചും അജ്ഞരാണ്. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനത്തിലൂടെ പ്രാവർത്തികമാക്കിയ മാതൃസംഗമം എല്ലാ നിലക്കും വമ്പിച്ച വിജയമായിരുന്നു. സ്ത്രീ സമൂഹത്തിന് ഈ സമൂഹത്തിൽ ഇറങ്ങിവരാനും തൻെറ കുട്ടിയുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് ചർച്ച ചെയ്യാനും സാധിച്ചു. അമ്മമാരുടെ ഇടയിലുള്ള അജ്ഞതയും ഒരുതരം അതിരുകടന്ന ആഗ്രഹവുമാണ് വിശ്രമസമയം പോലും നൽകാതെ കുട്ടികളെ മാനസികമായി പീഡിപ്പിച്ചുകൊണ്ട് ഇംഗ്ലീഷ് മീഡിയം നേഴ്സറികളിൽ പറഞ്ഞയക്കുന്നത്. ഇതിനെതിരെ പ്രതികരിക്കേണ്ടതും ബോധവൽക്കരിക്കേണ്ടതും ആവശ്യമാണ്. കുട്ടികളുടെ (പ്രത്യേകിച്ച് പെൺകുട്ടികളുടെ) പഠനനിലവാരം മെച്ചപ്പെടുത്തുവാനും കൊഴിഞ്ഞുപോക്ക് തടയുവാനും പഠിക്കാൻ കഴിവുള്ളവരായിരുന്നിട്ടും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പഠനം നിർത്താൻ നിർബന്ധിതരായവരുടെ കാര്യത്തിലും (ധനസഹായം നൽകി) പഞ്ചായത്തിൻെറ ഭാഗത്തു നിന്നും നടപടികൾ ഉണ്ടായേ പറ്റൂ.

**ആരോഗ്യം**

പഞ്ചായത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കാണ് ആരോഗ്യക്കുറവ് കാണുന്നത്. മിക്ക

സ്ത്രീകൾക്കും വീട്ടിലെ ചുറ്റുപാടുകൾ നോക്കുകയും പുറമെ ജോലി ചെയ്ത് വരുമാനമുണ്ടാക്കേണ്ടതായും വരുന്നു. ചില കുടുംബങ്ങളിൽ പുരുഷന്മാർ സ്ത്രീകളെ സഹായിക്കാറുണ്ടെങ്കിലും മിക്ക കുടുംബങ്ങളിലും സഹകരിക്കാറില്ല. കൂടാതെ ചെറു പ്രായത്തിലെ വിവാഹവും, പ്രസവങ്ങളും, കുട്ടികളുടെ പരിപാലനവും സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്. അടുത്തടുത്തുള്ള പ്രസവങ്ങളും കൂടുതലായുള്ള പ്രസവങ്ങളും ആരോഗ്യത്തെ ഹനിക്കുന്നു. പോഷകാഹാരത്തിൻെറ കുറവ് ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യമാണ്.

എന്നാൽ പഞ്ചായത്തിൽ മൊത്തം 668 മുലയൂട്ടുന്ന അമ്മമാരും (6 മാസത്തിന് താഴെ പ്രായമുള്ള കുട്ടികളുള്ള) 664 ഗർഭിണികളുമുള്ളതിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവർ ഇല്ല എന്നു തന്നെ പറയാം. ഗവൺമെൻറ് ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ഗുളികകളെക്കുറിച്ചും മരുന്നു കളെക്കുറിച്ചും പല സ്ത്രീകളും അജ്ഞരാണ്. ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ഗുളികകളും മറ്റും വർദ്ധിച്ച വില കൊടുത്ത് പുറമെ നിന്ന് വാങ്ങിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ പോലും PHCകളിൽ നിന്നും ലഭിക്കുന്ന മരുന്നുകളും മറ്റും മേന്മ കുറഞ്ഞതാണെന്ന് ആണ് ധരിച്ചുവച്ചിരിക്കുന്നത്. ഇതുപോലെ തന്നെയാണ് ഡോക്ടർമാരുടെ ചെക്കപ്പിൻെറ കാര്യവും. ഡോക്ടർ മാരുടെ വീട്ടിൽപോയി അല്ലെങ്കിൽ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നിടത്തുപോയി ഫീസ് കൊടുത്ത് പരിശോധിപ്പിക്കുമ്പോഴേ വേണ്ട രീതിയിൽ നോക്കുകയുള്ളു വെന്ന ഒരു തോന്നൽ ജനങ്ങൾക്കിടയിൽ വേരൂന്നിയിട്ടുണ്ട്. ഈ ധാരണ മാറ്റാൻ പഞ്ചായത്തിൻെറ ഭാഗത്തു നിന്നും ഡോക്ടർമാരുടെ ഭാഗത്തുനിന്നും നടപടികൾ വേണം. ഒരു ചെറിയ ഉദാഹരണം പറയുകയാണെങ്കിൽ PHC കളിൽ എല്ലാ ബുധനാഴ്ചയും തിങ്കളാഴ്ചയും കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധകുത്തിവെപ്പുകൾ നടത്തിക്കൊടുക്കുന്നു. പക്ഷേ പലപ്പോഴും PHC കളിൽ വന്ന് കുത്തിവെപ്പ് നടത്താതെ പ്രൈവറ്റ് ഡോക്ടർമാരെ ആശ്രയിക്കുന്നതായി കാണാം. ഒരു ചെറിയ പനിയാണ് വരുന്നതെങ്കിൽപോലും പ്രൈവറ്റ് ഡോക്ടർമാരുടെ അടുത്തേക്കാണ് പോവുന്നത്. നമ്മുടെ പഞ്ചായത്തിൽ ഇത്തരം തെറ്റിദ്ധാരണയും വിശ്വാസമില്ലായ്മയും വച്ചുപുലർത്തുന്ന സ്ത്രീകൾ നിരവധിയാണ്.

മരുന്നുകളും ചെക്കപ്പും മാത്രമല്ല, ആരോഗ്യപരിപാലനത്തിന് വേണ്ടതൊന്നും വീട്ടിൽ സ്വന്തമായി ഉണ്ടാക്കുന്ന അടുക്കളതോട്ടത്തിലൂടെ ആരോഗ്യനില മെച്ചപ്പെടുത്തിയെടുക്കാമെന്നുമുള്ള ബോധം സ്ത്രീകളിൽ വളർത്തിയെടുക്കണം. കമ്പോളത്തിൽ നിന്ന് അമിത വിലകൊടുത്ത് വാങ്ങുന്ന സാധനങ്ങൾ (പച്ചക്കറി ഉൾപ്പെടെ) ലാഭം കിട്ടുന്നതിനു വേണ്ടി ഉൽപാദകർ അമിതമായി വളം ഉപയോഗിച്ച് ഉണ്ടാക്കുന്നവയാണ്. കേടുകൂടാതെ ദീർഘനാളുകൾ ഇരിക്കുന്നതിനുവേണ്ടി പുറമെയും രാസവസ്തുക്കൾ ഉപ യോഗിക്കുന്നുണ്ട്. ഇതു വാങ്ങി കഴിക്കുന്നത് ഗുണത്തെക്കാളേറെ ദോഷം ചെയ്യുന്നു. സ്വന്തമായി സ്ഥല സൗകര്യമില്ലാത്തവരാണെങ്കിൽപോലും ഉള്ള സൗകര്യങ്ങൾവെച്ച് അടുക്കളതോട്ടം ഉണ്ടാക്കാൻ ശ്രമിക്കണം. വാർക്കക്കെട്ടിടത്തിൻെറ മുകളിൽ വരെ പച്ചക്കറികൾ കൃഷി ചെയ്ത് വിളവെടുക്കുന്ന അനുഭവം നമുക്ക് പാഠമായിട്ടുണ്ട്. ഇതിലൂടെ വീട്ടിലെ ആവശ്യങ്ങൾക്കു മാത്രമല്ല ചെറിയ തോതിൽ വരുമാനമുണ്ടാക്കുവാനും കഴിയുന്നു. ഇതിനു വേണ്ട വിത്തുകളും വളങ്ങളും കൃഷി ഓഫീസുകൾ വഴി എത്തിച്ചുകൊടുക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

**തൊഴിൽ, തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ സ്ഥിതി.**

പഞ്ചായത്തിലെ സ്ത്രീകളിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ് കൂടുതൽ. ഞാറുപറിക്കുക, നടുക, കള പറിക്കുക, കൊയ്യുക, മെതിക്കുക തുടങ്ങിയ ജോലികൾ ചെയ്യുന്നത് സ്ത്രീകളാണ്. ജോലിയുടെ കാര്യത്തിൽ പുരുഷനോളം സ്ത്രീയും ജോലി ചെയ്യുന്നു. എന്നാൽ ഇവർക്ക് കൊടുക്കുന്ന വേതനത്തിൻെറ കാര്യത്തിൽ വിവേചനം കാണിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ത്രീകളായ കർഷക തൊഴിലാളികളുടെ എണ്ണങ്ങളും അവർക്ക് കൊടുക്കുന്ന കൂലിയും, സ്വയംതൊഴിൽ, പരമ്പരാഗത തൊഴിൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരും സർക്കാർ/അർദ്ധ സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവരും എത്രയാണെന്നും മറ്റും താഴെ

പട്ടികയിൽ

| കൃഷി തൊഴിലാളികൾ | കെട്ടിട നിർമ്മാണം | സ്വയം തൊഴിൽ | പരമ്പരാഗതം | സർക്കാർ അർദ്ധ സർക്കാർ | അധ്യാപികമാർ |
|---|---|---|---|---|---|
| 1676 | 233 | 73 | 68 | 77 | 137 |

സർക്കാർ/അർദ്ധ സർക്കാർ ജോലികളിൽ വേതനത്തിൻെറ കാര്യത്തിൽ വിവേചനം കാണിക്കുന്നില്ല. കാർഷികരംഗത്തും നിർമ്മാണരംഗത്തും വ്യാപാരമേഖലയിലും (സെയിൽസ് ഗേൾ), സ്വകാര്യ ആശുപത്രികളിലും (നഴ്സുമാർ) ശമ്പളത്തിൻെറ കാര്യത്തിൽ വിവേചനമുണ്ട്. പുരുഷന്മാരുടെ തൊഴിൽ മേഖലയിലേക്ക് (ഉദാ: വനിതാ പോലീസ്, കണ്ടക്ടർ, പോസ്റ്റ്മാൻ, ഓട്ടോ ഡ്രൈവർ) സ്ത്രീകൾ മുന്നേറുമ്പോൾ സമൂഹം പുച്ഛസ്വരത്തോടും തെറ്റിദ്ധാരണയോടും കൂടിയാണ് അവരെ കാണുന്നത്. അതുകൊണ്ട് ഇത്തരം ജോലികൾ വളരെ പാടുപെട്ട് കിട്ടിയാൽപോലും നിരസിക്കുകയാണ് ചെയ്യുന്നത്. എന്നും പാടത്തും പറമ്പിലും അലയേണ്ടവരായി വരുന്ന അവസ്ഥക്ക് മാറ്റമുണ്ടായേ തീരു.

സ്ത്രീകൾ തൊഴിൽശാലയിലേക്കും പാടശേഖരങ്ങളിലേക്കും ജോലിക്ക് പോകുമ്പോൾ അവരുടെ കുഞ്ഞുങ്ങളെ പോറ്റി സംരക്ഷിക്കണമെന്നുള്ള ഭാരിച്ച ഉത്തരവാദിത്വം പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും അനുഭവിക്കുന്നു. മാസത്തിൽ പത്തോ പതിനഞ്ചോ ദിവസം ജോലി കിട്ടുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ പോറ്റി വളർത്തുന്നതിനു വേണ്ടികിട്ടിയ തൊഴിൽപോലുഉപേക്ഷിച്ച് വീട്ടിൽ അടങ്ങിയൊതുങ്ങി നിൽക്കാൻ പഞ്ചായത്തിലെ സ്ത്രീകൾ നിർബന്ധിതരാകുന്നു. ഇതിനൊരു പരിഹാരതൃപ്പങ്ങോട് പഞ്ചായത്ത്എന്ന നിലക്ക് സാമൂഹ്യക്ഷേമ ബോർഡിൻെറ കീഴിൽ ക്രഷ് പോലുള്ള സ്ഥാപനങ്ങൾ എല്ലാ വാർഡുകളിലും അത്യാവശ്യമായി സ്ഥാപി ക്കേണ്ടിയിരിക്കുന്നു.

പരമ്പരാഗത തൊഴിലുകളായ മൺപാത്ര നിർമ്മാണം, കയറുപിരിക്കൽ എന്നിവയുടെ പ്രവർത്തനങ്ങളും ശോചനീയമാണ്. വിഭവങ്ങൾ കിട്ടാനുള്ള പ്രയാസങ്ങളും ഉത്പാദനവസ്തുക്കൾ വിറ്റഴിക്കാനുള്ള വിപണി ഇല്ലാത്തതും പരമ്പരാഗത തൊഴിലുകളെ നിരുത്സാഹപ്പെടുത്തുന്നു. വരവിനേക്കാൾ ചെലവാകുന്നു എന്നതും പ്രശ്നം തന്നെയാണ്.

## തൊഴിലില്ലായ്മ

പഞ്ചായത്തിൽ തൊഴിൽ ചെയ്യാൻ തയ്യാറുള്ള സ്ത്രീകൾ ഉണ്ടെങ്കിലും അവർവേണ്ട വിഭവങ്ങൾ കിട്ടാത്തതുകൊണ്ട് വെറുതെയിരിക്കുന്നവർ ധാരാളമുണ്ട്. കാർഷികരംഗത്ത് ആറ് മാസം ജോലിയുണ്ടായാൽ ആറ് മാസം തൊഴിൽരഹിതരാണ് സ്ത്രീകൾ. ഇങ്ങനെയുള്ളവർക്ക് വീട്ടിലിരുന്ന് ചെയ്യാവുന്ന ജോലികൾ കിട്ടിയാൽ വരുമാനമാർഗ്ഗം ഉണ്ടാവുന്നതാണ്. കുറ്റിമുല്ല ചെടി വളർത്തൽ, തേനീച്ച വളർത്തൽ, ഡയറി ഫാം (പാൽ സൊസൈറ്റി ഉൾപ്പെടെ) അച്ചാർ നിർമ്മാണം, കൊപ്ര സംസ്കരണം, തയ്യൽ യൂണിറ്റുകൾ, ചിപ്സും ബന്ധപ്പെട്ട സാധനങ്ങളും ഉണ്ടാക്കി വിൽക്കൽ, കോഴി വളർത്തൽ, ആട്, പശു വളർത്തൽ എന്നിവക്കെല്ലാം നമ്മുടെ പഞ്ചായത്തിൽ സൗകര്യങ്ങളുണ്ട്. അഭ്യസ്തവിദ്യരായ സ്ത്രീകളും പത്താം തരം കഴിഞ്ഞ് പഠനം മുടങ്ങി നിൽക്കുന്നവരും ഇവരിൽ ഉൾപ്പെടാത്ത സ്ത്രീകളും എന്തെങ്കിലും ഒരു തൊഴിൽ സാധ്യതക്കു വേണ്ടി നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്യാനുള്ള നടപടികൾ പഞ്ചായത്തിൻെറ ഭാഗത്തുനിന്നും ഉണ്ടാക്കേണ്ടതുണ്ട്.

## സ്വന്തമായി വീട്ടിൽ ചെയ്യുന്ന ജോലികൾ

പഞ്ചായത്തിലെ സ്ത്രീകൾ അടുക്കള ജോലികൾക്ക് പുറമെ ആടുമാടുകളെ വളർത്തിയും, കോഴി വളർത്തിയും, തയ്യൽ യൂണിറ്റുകൾ തുടങ്ങിയവയിൽ ജോലി ചെയ്തും ചെറിയ തോതിൽ വരുമാനം ഉണ്ടാക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ വരുമാനമുണ്ടാക്കുന്നവർ വളരെ ചെറിയ ശതമാനം മാത്രമേയുള്ളു. പലരും എന്തെങ്കിലും തൊഴിൽ ചെയ്യാൻ ആഗ്രഹം ഉള്ളവരാണ്. എന്നാൽ അതിനു വേണ്ടി വിഭവങ്ങൾ ഇല്ലാതിരിക്കുകയാണ്. തൊഴിൽരഹിതരായ സ്ത്രീകളെ സംഘടിപ്പിച്ച് വിവിധ

382

തൊഴിൽ യൂണിറ്റുകൾ നൽകി (വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകിക്കൊണ്ട്)യാൽ സ്ത്രീകൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കാം. തൊഴിൽ ചെയ്ത് വരുമാനമുണ്ടാക്കുന്നതുകൊണ്ട് സ്ത്രീകൾ ഇന്നനുഭവിക്കുന്ന സാമ്പത്തികദാരിദ്ര്യം ഒരു പരിധിവരെ കുറക്കാൻ കഴിയും.

### സ്ത്രീകൾ കുടുംബനാഥകളായുള്ള കുടുംബങ്ങൾ

മൊത്തം കുടുംബങ്ങളിൽ ഏകദേശം 20 ശതമാനത്തോളം സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള വീടുകളാണ്. സ്വന്തമായി അദ്ധ്വാനിച്ച് കുട്ടികളുടെയും മുതിർന്നവരുടേയും കാര്യങ്ങൾ നല്ല രീതിയൽ നടത്തിക്കൊണ്ടുപോവുന്നുണ്ട്. സ്ത്രീകൾ കുടുംബനാഥകളായുള്ള വീട്ടിലും പുരുഷന്മാർ ചെയ്യുന്നതുപോലെ സ്ത്രീകൾക്കും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നു.

ചുരുക്കം ചില വീടുകളിൽ ജോലിക്കു പോവാൻ ആരോഗ്യപരമായി കഴിവില്ലാത്ത സ്ത്രീകളുണ്ട്. ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അർഹരായവർക്ക് വിധവാ പെൻഷൻ നൽകിയോ, വാർദ്ധക്യകാല പെൻഷൻ നൽകിയോ സാമ്പത്തിക സംരക്ഷണം നൽകാവുന്നതാണ്. നിരാലംബരായ കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്തയക്കുന്നതിന് ധനസഹായം നൽകണം.

## വിധവാ പെൻഷൻ

ഭർത്താവ് മരിച്ച് നിരാലംബയാവുന്ന സ്ത്രീക്ക് ഒരു സാഹയമെന്നോണം സർക്കാർ നൽകുന്ന വിധവാ പെൻഷൻ വാങ്ങിക്കുന്ന 380 സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് കാലദൈർഘ്യം കൂടാതെ കൃത്യസമയത്തു തന്നെ ഈ തുക ലഭിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാവണം.

## അങ്കണവാടികളുടെ പ്രവർത്തനം

സമൂഹത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും പോഷണനിലവാരം ഉയർത്തുന്നതിനും അമ്മമാരെ ആരോഗ്യപരിപാലനത്തിനും മറ്റും ബോധവാന്മാരാക്കുന്നതിനും വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ 18 അങ്കണവാടികൾ ഉണ്ടായിരുന്നുവെങ്കിലും ഒരെണ്ണത്തിൻെറ പ്രവർത്തനം നിലച്ചുപോയതിനാൽ 17 അങ്കണവാടികൾ നിലവിലുണ്ട്. ഇതിൽ നാലെണ്ണത്തിന് മാത്രമേ കെട്ടിട സൗകര്യമുള്ളു. സൗകര്യമില്ലാത്ത ഷെഡുകളിലാണ് മറ്റു സെൻററുകൾ നടക്കുന്നത്. അതുകൊണ്ടുതന്നെ അങ്കണവാടികളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടത്താൻ കഴിയുന്നില്ല. അവയിൽ പ്രവർത്തിക്കുന്ന വർക്കർക്കും സഹായിക്കും നൽകിവരുന്ന ഹോണറേറിയം തുകയും വളരെ കുറവാണ്. (നിത്യവൃത്തിക്കുപോലും തികയാത്തവയാണ്) ഇത് നല്ല പ്രവർത്തനങ്ങൾ കാഴ്ചവക്കാനുള്ള അവരുടെ മാനസികമായ ഉത്സാഹത്തെയും ശാരീരികമായ ആരോഗ്യത്തേയും നശിപ്പിക്കുന്നു.

1000 ജനസംഖ്യക്ക് ഒരു അങ്കണവാടി എന്ന തോതിലാണ് ഉള്ളത്. അത്രയും പ്രദേശത്തെ അമ്മമാരുടേയും കുട്ടികളുടേയും മാനസികവും ശാരീരികവുമായ ആരോഗ്യത്തേയും പോഷിപ്പിക്കേണ്ട് വർക്കറുടെ കടമയാണ്. പഞ്ചായത്തിൽ മൊത്തം 668 മുലയൂട്ടുന്ന അമ്മമാരും 664 ഗർഭിണികളുമുണ്ട്. പ്രത്യേക പരിചരണം നൽകേണ്ടവർ ഇല്ല എന്നത് ഇവരുടെ പ്രവർത്തനത്തിൻെറ നല്ല ഫലമായി കണക്കാക്കാം.

അങ്കണവാടിക്ക് കെട്ടിടമില്ലാതിരിക്കുന്നത് പലപ്പോഴും സ്വന്തമായ സ്ഥലം ലഭിക്കാത്തതുകൊണ്ടാണ്. പഞ്ചായത്തിൽ പുറമ്പോക്ക് സ്ഥലമുണ്ടെങ്കിൽ അത് പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ സ്ഥലം നൽകാൻ തയ്യാറുള്ളവരെ കണ്ടെത്തി അവരുടെ സംഭാവനകളും സഹായങ്ങളും സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിൻെറ ഭാഗത്തുനിന്ന് നടപടികളുണ്ടായേ തീരൂ. വലിയ ഒരു ശതമാനം അമ്മരുടേയും കുട്ടികളുടേയും ആരോഗ്യകാര്യങ്ങളിൽ അങ്കൻവാടികൾക്ക് നിസ്സീമമായി പങ്കുണ്ട്.

N.B: കൂടുതൽ വിവരങ്ങൾ സാമൂഹ്യക്ഷേമം എന്ന അദ്ധ്യായത്തിൽ അങ്കണവാടി എന്ന വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**DWCRA ( ഗ്രാമീണ വനിതാ - ശിശു വികസന പരിപാടി)**

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങിൽപ്പെട്ട 15 സ്ത്രീകളെ ചേർത്ത് ഒരു വ്യവസായ യൂണിറ്റുണ്ടാക്കി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. അർഹതയുള്ള ഓരോ സ്ത്രീക്കും IRDP യിൽ എന്ന പോലെ സഹായം ലഭിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 6 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 65 സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്. ആടുമാടുകളെ വളർത്തൽ, പായനെയ്ത്ത്, മൺപാത്രനിർമ്മാണം എന്നീ തൊഴിലുകൾ ചെയ്യുന്നു. പട്ടികയും വിശദ വിവരങ്ങളും സാമൂഹ്യ ക്ഷേമം എന്ന അധ്യയത്തിൽ അങ്കണ വാടികളുടെ വിഷയത്തിൽ ചേർത്തിട്ടുണ്ട്.

**വനിതാ നേതൃത്വം**

സമുദായത്തിൻെറ വിലക്കും ചില പരമിതികളും ഉള്ളത് കാരണം വ്യക്തമായ രാഷ്ട്രീയ , സാമൂഹ്യ, സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നതിന് സ്ത്രീകൾക്ക് തടസ്സങ്ങൾ നേരിടുന്നു. എന്നാൽ സി.ബി.എൻ.പി (സാമൂഹ്യാധിഷ്ഠിത പോഷകാഹാര പദ്ധതി) മഹിളാ സമാജ ഭാരവാഹിത്വം, ആർ.ഡി.കളക്ഷൻ ഏജൻറുമാരായും പ്രവർത്തിക്കുന്നു. പുതിയ പഞ്ചായത്ത് നിയമ പ്രകാരം 1/3 സംവരണമായപ്പോൾ പഞ്ചായത്ത് ബോർഡിലേക്ക് 4 വനിതകൾക്ക് മത്സരിക്കാൻ സന്ദർഭം ലഭിച്ചതും തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ പൊതുവേദികളിലും മറ്റും ആവേശപൂർവ്വം പങ്കെടുക്കുന്നതും കാണുമ്പോൾ പഞ്ചായത്തിലെ കൂടുതൽ സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നു വരുന്നതായി കണുന്നു. രഷ്ട്രീയ പർട്ടികളിലും ട്രേഡ് യൂണിയനുകൾ മുതലായ ബഹുജന സംഘടനകളിലും പ്രവർത്തിക്കാൻ കൂടുതൽ വനിതകൾ മുന്നോട്ട് വരണം. രാഷ്ട്രീയ പാർട്ടികൾ ഇതിന് മുൻകൈ എടുക്കണം. സ്ത്രീകൾക്ക് യൂണിയനുകളോ സംഘടനകളോ ഇല്ല. അതുകൊണ്ട് തന്നെയാണ് കൂടുതലായി അവർ ചൂഷണ വിധേയരാവുന്നതും. സംഘടനയുടെ പ്രാധാന്യത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും സ്ത്രീകളെ ബോധവതികളാക്കേണ്ടതാണ്.

**മഹിളാ സമാജങ്ങൾ**

സ്ത്രീകളെ പൊതുരംഗത്ത് പങ്കാളികളാക്കാൻ വേണ്ടി മഹിളാ സമാജങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമടക്കം പഞ്ചായത്തിന് കീഴിൽ 6 മഹിളാ സമാജങ്ങൾ പ്രവർത്തിച്ചു വരുന്നു.

| | രജിസ്റ്റർ ചെയ്തത് | ചെയ്യാത്തത് |
|---|---|---|
| ചമ്രവട്ടം | | / |
| ആലത്തിയൂർ | / | |
| തൃപ്രങ്ങോട്ട് | / | |
| ചെറിയ പറപ്പൂര് | | / |
| പരപ്പേരി | | / |
| കൈമലശ്ശേരി | | / |

സമൂഹത്തിലെ സ്ത്രീകളെ ബോധവൽക്കരിക്കുന്നതിനും പൊതുരംഗങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്നതിനും ഈ സമാജങ്ങൾ വഴി സാധിച്ചിട്ടുണ്ട്. കൂടാതെ 1990-ൽ സാക്ഷരതാ പ്രസ്ഥാനം നിലവിൽ വന്നപ്പോൾ ഇവിടത്തെ വിദ്യാസമ്പന്നരായ പെൺകുട്ടികൾ മുൻപന്തിയിൽ വരികയും നിരക്ഷരെ സാക്ഷരരാക്കാനും അവരിൽ പൊതു വിജ്ഞാനം വളർത്തുവാനും സജിവമായി പങ്കാളികളായി. അതുകൊണ്ട് തന്നെ തൃപ്രങ്ങോട്ട് പഞ്ചായത്ത് താനൂർ പ്രൊജക്ടിൽ സാക്ഷരതാ രംഗത്ത് ഒന്നാം നത്തെത്തി. നാല് ജെ.വി.കെ (ജനവിദ്യാകേന്ദ്രങ്ങൾ) നിലവിലുണ്ട്. ആലിങ്ങൽ, പരപ്പേരി, ചമ്രവട്ടം, ആലത്തിയൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന ഈ ജനവിദ്യാകേന്ദ്രങ്ങളിലൂടെ നവസാക്ഷരരായവർക്കും അല്ലാതത്തവർക്കും പുസ്തകങ്ങളും മറ്റും എത്തിച്ചു കൊടുക്കുകയും അവരിൽ വായനാ ശീലം വളർത്തുകയും ചെയ്യുന്നു. പൊതു വിജ്ഞാനം വളർത്തുന്നതിനും സ്വന്തം കുട്ടികളെ വിദ്യഭാസം

383

ചെയ്യിക്കുന്നതിനും, പൊതു പ്രവർത്തന രംഗങ്ങളിൽ വരുന്നതിനും ഇത്തരം ജെ.വി.കെ കളിലൂടെ സാധിക്കുന്നുണ്ട്. എന്നാൽ സ്ത്രീകളുടെ വായനാ ശീലം വളർത്തുന്നതിന് വേണ്ട മലപ്പുറം സാക്ഷരതാ ഭവനിൽ നിന്നും കിട്ടുന്ന നല്ല നല്ല പുസ്തകങ്ങൾ അടുക്കി വെക്കുവാനും വിതരണം ചെയ്യുന്നതിനും വേണ്ടത്ര സൗകര്യം ഇല്ല. പലരുടെയും വീടുകളിലും തീരെ സൗകര്യം കുറഞ്ഞ സ്ഥലത്തും വെക്കുന്നത് കാരണം പുസ്തകങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നു. വിലപ്പെട്ട പല പുസ്ഥകങ്ങളും നശിക്കുന്നതിനും കാരണമാകുന്നു. അതു കൊണ്ട് പഞ്ചായത്ത് മുൻകൈ എടുത്ത് ജെ.വി.കെ. ക്കുവേണ്ടി കെട്ടിടം ഉണ്ടാക്കാൻ സൗകര്യം ചെയ്യണം.

1994-ൽ നിലവിൽ വന്ന സി.ബി.എൻ.പി (സാമൂഹ്യാധിഷ്ഠിത പോഷാകാഹാര പദ്ധതി) പ്രകാരം സ്ത്രീ ജനങ്ങളെ സംഘടിപ്പിക്കുവാനും അവരിൽ മനോവീര്യം വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ കീഴിൽ 42 അയൽകൂട്ടങ്ങളും 6 ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റികളും പഞ്ചായത്ത് സി.ഡിഎസും നിലവിലുണ്ട്. മിതവ്യയ ശീലം വളർത്തുന്നതിന് വേണ്ടി ത്രിഫ്റ്റ് സൊസൈറ്റി എന്ന പേരിൽ നിക്ഷേപം സ്വീകരിക്കുന്നുണ്ട്.

ഇതിലെല്ലാം സ്ത്രീകൾക്ക് മാത്രമാണ് പങ്കാളിത്തം കൊടുത്തിരിക്കുന്നതും, അവർതന്നെയാണ് എല്ലാം ഏറ്റെടുത്ത് നടത്തുന്നതും. ആറു അക്കൗണ്ടുകളിലായി രണ്ടു ലക്ഷത്തിൽപരം നിക്ഷേപം വന്നിട്ടുണ്ട്. അത്യാവശ്യം ഘട്ടങ്ങളിൽ ലോൺ വഴി ആനുകൂല്ല്യങ്ങൾ നൽകിയിട്ടുണ്ട്. യൂണിസെഫിൽ നിന്നും നബാർഡിൽ നിന്നും ഈ അക്കൗണ്ടുകളിലേക്ക് സഹായധനം കിട്ടിയിട്ടുണ്ട്. പാവപെട്ട സ്ത്രീകൾക്ക് സമ്പാദ്യവും ബാങ്കിംഗും അക്കൗണ്ടും എന്താണെന്ന് ത്രിഫ്റ്റ് സെറ്റൈി വഴി പഠിപ്പിക്കുവാൻ സാധിച്ചിട്ടണ്ട്. ദാരിദ്ര്യ ശമനപരിപാടികളിൽ സി.ബി.എൻ.പി. മുഖേന നല്ല പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നുണ്ട്. മിതവ്യയ ശീലം വളർത്തി സമ്പാദിക്കുവാനും അവരുടെ ചെറിസമ്പാദ്യത്തിലൂടെ ലേണ വഴി സഹായം നൽകി ചെറിയ തൊഴിൽ ഉപകരണങ്ങൾ വാങ്ങി ജോലിചെയ്ത് നിത്ത്യവൃത്തി നടത്തുവാനും ഇതിലൂടെ കഴുന്നു. ആണ്ഈ രംഗങ്ങളിലെസ്ത്രീകൾ മുൻകൈാ എടുത്ത് നല്ലകാര്യങ്ങൾ ചെയ്യുന്നുണ്ടങ്കിലും അവരുടെ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുതിതുമാറ് അവഗണനയും അവജ്ഞയുമാണ് സമൂഹം തിരിച്ചു നൽകുന്നത്. ഇത്തരം കാര്യങ്ങളിൽ അധീശത്വം പുരുഷൻ മാർക്കാണെന്ന ധാരണയാണ് ഇതിന് പിന്നിലുള്ളത്. സാക്ഷരതാ പ്രവർത്തനം സി.ബി.എൻ.പി. പ്രവർത്തനം, മഹിളാസമാജ പ്രവർത്തനങ്ങൾ എന്നിവയെല്ലാം നടത്തുമ്പോൾ തങ്ങൾക്ക് കിട്ടിയ അനുഭവങ്ങൾ അവഹണിച്ചു കൊണ്ടാണ് പലരും പൊതു പ്രവർത്തനങ്ങൾ നടത്തുന്നത്. പൊതു പ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കാതതും സമൂഹത്തിന്റെ ഇത്തരം കണ്ണുകളെ ഭയപ്പെടുന്നത്തു കൊണ്ടാണ്.

ബാലികാ വിവാഹം മുൻകാലങ്ങളിൽ വ്യാപകമായി ഉണ്ടായിരുന്നുവെങ്കിലും ഇക്കാല ഘട്ടത്തിൽ ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പത്താം ക്ളാസ്സിൽ നിർത്തുകയും 15-16 വയസ്സിൽ വിവാഹം കഴിക്കുകയും ചെയ്യുന്നവർ കുറവല്ല. ഇക്കാരണം കൊണ്ട് മാനസിക-ശാരീരിക ആരോഗ്യം കുറഞ്ഞു പോകാൻ വഴിവെക്കുന്നു. ഇത് നിരുത്സാഹപ്പെടുത്താൻ വേണ്ട ബോധവൽക്കരണം ആവശ്യമാണ്.


സ്ത്രീ ധനം നിയമം മൂലം നിരോധിച്ച ഒന്നാണെങ്കിലും സ്ത്രീ ധനം കൊടുക്കാതെയും വാങ്ങാതെയും ഉള്ളവിവാഹങ്ങൾ ചുരുക്കമായെ നടക്കുന്നുള്ളു. സ്ത്രീധനം വാങ്ങുകയും കൊടുക്കുകയും ചെയ്യുന്ന സമൂഹത്തിന്റെ നീചമായ മുഖത്തിനെതിരെ സ്ത്രീകൾ തന്നെ മുന്നിട്ടിറങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്ത്രീധനം ചോദിക്കുന്ന പുരുഷനെ വിവാഹം കഴിക്കാൻ താൻ തയ്യാറല്ലെന്ന് വല്ല സ്ത്രീകളും പറഞ്ഞാൽ അവരുടെ വിവാഹം നടക്കാതെ നീണ്ടു പോകുന്നു. അതു കൊണ്ട് ഓരോ പെൺകുട്ടിയും സ്ത്രീധനം എന്ന നീരാളിയുടെ കരാള ഹസ്തത്തിലാണ്. താഴെ വളർന്ന് വരുന്ന


പെൺകുട്ടികൾ ഉള്ളത് കൊണ്ടോ കുടുംബത്തിലെ ബാധ്യതകൾ തീർക്കേണ്ടതു കൊണ്ടോ വിട് വിറ്റിട്ടായാലും സ്ത്രീധനം നൽകി വിവാഹം നടത്തുവാൻ കുടുംബനാഥനും വിവാഹം കഴിക്കാൻ സ്ത്രീയും നിർബ്ബന്ധിതരാകുന്നു. ഇതിന് തയ്യാറാകാത്ത സ്ത്രീ സമൂഹത്തിൽ ഒറ്റപ്പെടുന്ന ഒരു സ്ഥിതി വിശേഷം കാണുന്നു. സമൂഹത്തിൻെറ ഇടയിൽ ബോധവൽക്കരണം നടത്തിയും ശിക്ഷാ നടപടികൾ സ്വീകരിച്ചും സ്ത്രീധനം എന്ന ദുർഭൂതത്തിൽ നിന്നും രക്ഷപ്രാപിക്കാം.

സ്ത്രീധനം മുഴുവനായും കൊടുക്കാൻ കഴിയാത്തതിൽ പല സ്ത്രീകളും ഭർത്തൃ ഗൃഹത്തിൽ പീഡനം അനുഭവിക്കുന്നു. സ്ത്രീകൾക്ക് ശത്രുക്കളാകുന്നത് സ്ത്രീകൾ തന്നെയാണെന്ന് വിരോധാഭാസം കണ്ടുവരുന്നു. ഇതിനുവേണ്ടി പോരാടുന്നതിന് സ്ത്രീകളെ സജ്ജരാക്കേണ്ടതുണ്ട്.

സ്ത്രീ പീഡനക്കേസുകൾ പഞ്ചായത്തിൽ അധികം കാണാൻ കഴിയില്ല എങ്കിലും പല കുടുംബങ്ങളിലേയും സ്ത്രീകൾ പീഡനവിധേയരാകുന്നുണ്ട്യെന്നത് ഒരു യാഥാത്ഥ്യമാണ്. മദ്യപാനമാണ് ഇതിന് പ്രധാന കാരണം. ജോലി ചെയ്തുണ്ടാക്കുന്ന പണം കൊണ്ട് മുഴുവൻ മദ്യം കഴിച്ച് വീടുകളിൽവന്ന് ഭാര്യയേയും കുട്ടികളേയും ശല്യം ചെയ്യുന്ന ഭർത്താക്കന്മാർ കുറവല്ല. ഭീതിമൂലമോ സമൂഹത്തിൻെറ ഇടയിൽ തങ്ങൾക്കുള്ള സ്ഥാനമോർത്തോ ആരോടും പറയാതെ എല്ലാം സഹിച്ചുകഴിയുന്ന സ്ത്രീകൾ നിരവധിയാണ് . ചാരായനിരോധനംകൊണ്ട് ചെറിയൊരു ശമനം ലഭിച്ചിട്ടുണ്ട്. ശക്തമായ ബോധവൽക്കരണവും നിയമ നടപടികളും പടിപടിയായുള്ള നിരോധനവും വഴി സ്ത്രീ പീഡനത്തിന് അറുതി വരുത്താവുന്നതാണ്.

ഭാരത സംസ്ക്കാരത്തെ നാണിപ്പിക്കും വിധം ഫിലിം പോസ്റ്ററുകളും മറ്റു പരസ്യങ്ങളും പതിച്ച് യുവതലമുറകളെ വഴിതെറ്റിക്കുന്ന പ്രവണത ഈ അടുത്ത കാലങ്ങളിൽ വർദ്ധിച്ചു വരുന്നു. ഇത്തരം പ്രവർത്തനംകൊണ്ട് വളർന്നുവരുന്ന തലമുറ സ്ത്രീകളെ കുറിച്ച് ചിലതെറ്റായ ധാരണകൾ വച്ച് പുലർത്തുകയും പല അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. ഇത് ഭാവിയിൽ തങ്ങളുടെ ഭാര്യമാരെ വിലകുറച്ച് കാണുന്നതിനും പണ്ടുകാലത്ത് സ്ത്രീകളോടുണ്ടായിരുന്ന ആരാധനാ ഭാവം മായിച്ചുകളയുന്നതിനും വഴിയൊരുക്കുന്നു. ഫലമോ ബഹുഭാര്യാത്വവും മറ്റു ദുർനടപടികളും വളർന്നു വരുന്നു. സ്ത്രീകളെ പ്രദർശന വസ്തുവാക്കിയും ചൂഷണം ചെയ്തും പണം നേടുന്ന പ്രവണത നിർത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം. മാനുഷിക വികാരങ്ങളെ വ്രണപ്പെടുത്തുന്ന രൂപത്തിലുള്ളതും ഉദ്ദീപിപ്പിക്കുന്ന രൂപത്തിലുള്ളതുമായ പോസ്റ്ററുകളും പ്രദർശനങ്ങളും നിർത്തൽ ചെയ്യാൻ പഞ്ചായത്തിൻെറ ഭാഗത്തുനിന്ന് നടപടികൾ വേണം.






അദ്ധ്യായം - 14

# സഹകരണം

14-1. ''കടത്തിൽ ജനിച്ച് വളർന്ന് കടം തന്നെ പിൻതലമുറയ്ക്ക് ഭാഗിച്ച് കൊടുത്തു കൊണ്ട് മരണ മടയുന്നവരാണ് ഇന്ത്യൻ കർഷകർ '' എന്ന ചൊല്ല് പ്രസിദ്ധമാണ്. കർഷകരെ സഹായിക്കുന്നതിനും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സഹക രണ സംഘങ്ങൾ സ്ഥാപിക്കുകയാണ് ഉചിതമായ മാർഗമെന്ന് ഗവൺമെൻറ് ചിന്തിക്കാൻ തുടങ്ങിയതി ൻെറ അടിസ്ഥാനത്തിൽ 1904-ൽ 10-ാം നമ്പർ ആക്ടായി ഇന്ത്യയിലെ ആദ്യത്തെ സഹകരണ സംഘ നിയമം നിലവിൽ വന്നു. പ്രസ്തുത നിയമത്തിൻെറ അടിസ്ഥാനത്തിൽ നിരവധി സഹകരണ പ്രസ്ഥാനം, വായ്പാ സംഘങ്ങൾ നിലവിൽ വരികയുണ്ടായി.

എല്ലാ സാമ്പത്തിക മണ്ഡലങ്ങളിലും പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത സൃഷ്ടിച്ചുകൊണ്ട് ഒരു പുതിയ നിയമ നിർമ്മാണം 1912-ൽ 11-ാം നമ്പർ ആക്ടായി പ്രാബല്യത്തിൽ വരികയുണ്ടായി. തിരു കൊച്ചി, മലബാർ പ്രദേശങ്ങളുടെ സംയോജനം വഴി 1956-ൽ കേരളം രൂപം കൊണ്ട സമയത്ത് മലബാർ പ്രദേശത്ത് 1932-ലെ മദിരാശി സഹകരണ നിയമമായിരുന്നു പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. 1952-ലെ തിരുകൊച്ചി സഹകരണ നിയമവും 1932ലെ മദിരാശി സഹകരണ നിയമവും സംയോജിപ്പിച്ചുകൊണ്ട് 1969-ൽ 21-ാമത്തെ ആക്ടായി കേരളാ സഹകരണ നിയമം നിലവിൽ വന്നു.

തൃപ്രങ്ങോട് പഞ്ചായത്തിൽ മുഴുവൻ പ്രവർത്തനപരിധിയുള്ള ഒരു വായ്പാ സഹകരണ സംഘം ഡോക്ടർ പി.ടി. അബ്ദുൾഖാദർ, കുഞ്ചുനായർ, വടക്കേപാട്ടിൽ നാരായണൻ നായർ, പോൾ ബോവാസ്, ആർ.മുഹമ്മദ് എന്ന ബാപ്പുനുഹാജി, കുണ്ടനി സെയ്താലു, സി.പി. കുമാരൻ വൈദ്യർ, പി.ടി.മൂസ എന്നിവരുടെ പ്രവർത്തനഫലമായി 1964 ജനുവരി 24-ന് തൃപ്രങ്ങോട് സർവ്വീസ് സഹകരണ സംഘം രജിസ്ററർ ചെയ്യപ്പെടുകയും 1964-ൽ മാർച്ച് അഞ്ചിന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സർവ്വീസ് സംഘത്തിൻെറ രൂപികരണമാണ് ഈ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന് തുടക്കമ കുറിച്ചത്. പ്രാഥമിക വായ്പാ സംഘമാണ് ഫ്രാഥമിക

തലത്തിലുള്ള വായ്പാ ഘടകം ഈ സംഘമാണ് വായ്പാ മേഖലയുടെ ജീവനാഡി പണമിട പാടുകാരുടെ പിടിയിൽ നിന്നും കർഷകരെ മോചി പ്പിച്ച് ചുരുങ്ങിയ പലിശയ്ക്ക് കാർഷിക വായ്പകൾ ലഭ്യമാക്കൽ സഹകരണ നിയമമനുസരിച്ച് രൂപം കൊണ്ടതാണ് തൃപ്രങ്ങോട് സർവ്വീസ് സഹകരണ സംഘം.

കാർഷിക മേഖലയിൽ വായ്പകൾ നൽകുന്നതിനായി തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബേങ്കും, കാർഷികേതര മേഖലയിൽ വായ്പകൾ നൽകുന്നതിനായി തിരൂർ അർബൻ സഹകരണ ബാങ്കിൻെറ ആലത്തിയൂർ ശാഖയും പ്രവർത്തി ക്കുന്നു. പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്കൂളുകളിലെ പാഠപുസ്തക വിതരണം ചെയ്യുന്നതി നായി പരപ്പേരി ബി.ഇ.എം.യു.പി.സ്കൂളും, ചമ്രവട്ടം ഗവ.യു.പി.സ്കൂളും കേന്ദ്രമായി രണ്ട് സ്കൂൾ സഹകരണ സംഘങ്ങൾ നല്ല നിലയില പ്രവർത്തിക്കുന്നു. ചമ്രവട്ടത്തും, പൊയിലിശ്ശേരി യിലും പ്രവർത്തച്ചിരുന്ന ക്ഷീരോൽപാദന സഹക രണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തന രഹിതമാണ്.

14-2. <u>കാർഷികമേഖല</u>

ഏകദേശം മൂവായിരത്തോളം കൽഷക കുടും ബങ്ങളുള്ള തൃപ്രങ്ങോട് പഞ്ചായത്തിൽ കർഷകർക്ക് ആവശ്യമായ കാർഷിക-കാർഷികേതര ഹ്രസ്വകാല വായ്പ ലഭിക്കുന്നത് തൃപ്രങ്ങോട് സർവ്വീസ് സഹ കരണ ബേങ്കിൽ നിന്നും, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ചമ്രവട്ടം ശാഖയിൽ നിന്നുമാണ്. മുഴുവൻ കർഷകർക്കും ആവശ്യമായ വായ്പാ തുക വിതരണം നടത്തുവാൻ ഈ ബാങ്കുകൾക്ക് സാധിക്കുന്നില്ല. കാർഷികേതരവായ്പകൾ നൽകുന്ന തിരൂർ അർബൻ സഹകരണ ബാങ്കിൻെറ ആലത്തിയൂർ ശാഖയിൽ നിന്നും പഞ്ചായത്തിലെ മുഴുവൻ അംഗങ്ങൾക്കും വായ്പ ലഭിക്കുന്നില്ല. തിരൂർ താലൂക്ക് പ്രവർത്തന പരിധിയായുള്ള തിരൂർ സഹകരണ കാർഷിക ഗ്രാമ വികസന ബേങ്കാണ്. ഈ പഞ്ചായത്തിലെ കർഷ കർക്ക് ആവശ്യമായ ദീർഘകാല വായ്പകൾ നൽകി വരുന്നത്. വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതി കമായ ബുദ്ധിമുട്ടുകൾ കാരണം ചില കർഷകർ വായ്പ എടുക്കുന്നതിന് വിമുഖത മാണിക്കുന്നു.

14-3. <u>തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്</u> :-

1964 ൽ തൃപ്രങ്ങോട് സർവ്വീസ് സഹകരണ സംഘമായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് അംഗങ്ങൾക്കു വേണ്ടി കൂടുതൽ സേവന പ്രവർത്തനങ്ങൾ നടത്തുന്നതിനു 1990-ൽ ഈ സംഘത്തെ തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കാക്കി ഉയർത്തി. ആലിങ്ങൽ അങ്ങാടിയിൽ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം പിന്നീട് 1988-ൽ എൻ.സി. ഡി.പിയുടെ സഹായത്തോടെ നിർമ്മിച്ച സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കൂടാതെ 330-മെട്രിക് ടൺ ശേഷിയുള്ള ഒരു ഗോഡൗണും ബാങ്കിന് സ്വന്തമായുണ്ട്. വായ്പാ വിതരണ കുറവു കാരണവും, മെമ്പർ മാർ വായ്പാ തിരിച്ചടക്കുന്നതിൽ വരുത്തിയ വീഴ്ച കാരണവും ബാങ്ക് നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

14-4 <u>പ്രവർത്തനങ്ങൾ</u>

പ്രാരംഭത്തിൽ 697 മെമ്പർമാരാണ് ഉണ്ടായി രുന്നത്. മെമ്പർമാരുടെ എണ്ണം നിലവിൽ 3867 ആയി വർദ്ധിച്ചിട്ടുണ്ട്. കാർഷിക വായ്പാ വിതരണത്തിനു പുറമെ വളരെ നല്ല നിലയിൽ കർഷക മെമ്പർ മാർക്കായി വളം, കീടനാശിനികൾ എന്നിവയു ടെയും, കൺട്രോൾ തുണിയുടേയും വ്യാപാരം ഏറെറ ടുത്ത് നടത്തിയിരുന്നു. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ താത്കാലിക ഡിപ്പോകൾ തുറന്ന് വ്യാപാരം നടത്തുക വഴി ഉയർന്ന വ്യാപാര ലക്ഷ്യവും, ലാഭവും കൈവരിക്കാൻ കഴിഞ്ഞിരുന്നു. സ്വകാര്യമേ ഖലയിലെ കച്ചവടക്കാർ കടമായി നൽകിയിരുന്നത് കാരണ ബാങ്കിൻെറ വ്യാപാരത്തിൽ കുറവു വരികയും, വ്യാപാരം നിർത്തി വെയ്ക്കേണ്ടി വരികയും ചെയ്തു. 1989-ൽ മലബാർ സിമൻറ്സിൻെറ ഏജൻറായി സിമൻറ് വ്യാപാരം നടത്തിയിരുന്നെങ്കിലും വ്യാപാര ലക്ഷ്യം കൈവരിക്കാൻ കഴിയാതെ നിർത്തിവെ ക്കേണ്ടി വന്നു. ആലത്തിയൂരിൽ ബാങ്കിൻെറ കീഴിൽ ഒരു കൺസ്യൂമർ സ്റേറാർ നടത്തിവന്നിരുന്നത് ലാഭകരമല്ലാതെ വന്ന സാഹചര്യത്തിൽ പ്രവർത്തനം നിർത്തി.

14-5. <u>വായ്പാ മേഖല</u> :-

കാർഷിക-കാർഷികേതര വായ്പയായി ബാങ്ക് 60 ലക്ഷത്തിലധിക രൂപ വിതരണ നടത്തി യിട്ടുണ്ട്. ആയതിൽ 4 ലക്ഷം രൂപാ മാത്രമേ കാർഷിക വായ്പയായി നൽകിയിട്ടുള്ളൂ. 20.67 ച.കി.മീ

വിസ്തൃതിയുള്ള ഈ കാർഷിക മേഖലയിൽ കർഷ കരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ചുരുങ്ങിയത് 2 കോടി രൂപയെങ്കിലും അനുവദിച്ചുകിട്ടിയാൽ മാത്രം സാധിക്കുയുള്ളൂ. നബാർഡിൻെറ കാർഷിക വായ്പാ വിതരണ സമ്പ്രദായത്തിൽ മാറ്റം വരുത്തി യാൽ മാത്രമേ ഉദ്ദേശിച്ച തരത്തിൽ കാർഷിക വായ്പാ വിതരണം നടത്തുവാൻ കഴിയുകയുള്ളൂ. കൂടുതൽ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി 1995-ൽ ചേർന്ന പൊതുയോഗം നിലവിലുള്ള ബൈലോയിൽ സമഗ്രഭേദഗതി വരുത്തി അംഗീകാരം വാങ്ങിയിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി 50,000 രൂപ വരെ വായ്പ വിതരണം നടത്തുവാൻ ബാങ്കിന് അനുമതി ഉണ്ടെങ്കിലും, ഫണ്ടുകളുടെ അപര്യാപ്തത കാരണം കാർഷിക-കാർഷികേതര മേഖലകളിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരികയാണ്. കൂടാതെ ഭീമമായ വായ്പാ കുടിശ്ശിക കളും ബാങ്കിൻെറ വായ്പാ മേഖലയെ സാരമായിബാധിച്ചിട്ടുണ്ട്.

**തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്**

**പ്രവർത്തന പട്ടിക**

| പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം (000) | കടം (000) | നിക്ഷേപം (000) | വായ്പകൾ | | പ്രവർത്തന മൂലധനം (000) | നിലവിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | | | | | | കാർഷികേതരം (000) | കാർഷികം (000) | | |
| 1964 | തൃപ്രങ്ങോട് വില്ലേജ് | 3867 | 302 | 1954 | 6039 | 415 | 5661 | 8294 | 5 |

**14-6. പ്രശ്നങ്ങൾ**

1. സഹകരണ പ്രസ്ഥാനത്തിൻെറ വളർച്ചയില്ലായ്മ
2. വായ്പ നൽകുവാനുള്ള ഫണ്ടുകളുടെ കുറവ്
3. പുതിയ മേഖലകളിൽ സഹകരണ പ്രസ്ഥാനം വളർത്തേണ്ടതിൻെറ ആവശ്യം
4. ഡിപ്പാർട്ടുമെൻറൽ മേധാവിത്വം.
5. വായ്പകൾ തിരിച്ചടക്കുന്നതിനുള്ള താമസം.

**14-7. സാധ്യതകൾ/നിർദ്ദേശങ്ങൾ**

സഹകരണമേഖലയിലെ പ്രശ്നങ്ങൾ ജനകീ യാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി പഞ്ചായ ത്തിലെ 12 ഗ്രാമസഭകളും സജീവമായും സൂക്ഷ്മ മായും ചർച്ച ചെയ്യുകയുണ്ടായി. ഈ ചർച്ചക ളിൽക്കൂടി ഉരുത്തിരിഞ്ഞ സാധ്യതകളും, നിർദ്ദേശ ങ്ങളും താഴെ കൊടുക്കുന്നു.

**വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ**

**കാർഷിക മേഖല :-**

1. തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തുവാൻ കഴിയുകയില്ല. ബാങ്കിൻെറ നഷ്ടം നികത്താനായി നഷ്ടത്തിനു തുല്ല്യമായ തുക ഓഹരി മൂലധനമായി അനുവദിയ്ക്കുക.

2.എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കികയും, പൊതുയോ ഗങ്ങൾ ചടങ്ങാകാതെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കുക.

3.ഓരോ കർഷകനും ഒരു വർഷത്തേയ്ക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പാക്കുക.

4. കാർഷികാവശ്യത്തിനുള്ള തുക കൺസെ ഷനൽ ഫൈനാൻസ് ആയി നബാർഡിൽ നിന്നും ലഭിക്കുന്നതിന് വേണ്ടി ശുപാർശ ചെയ്യുക.

5. കാർഷിക വായ്പാ ഇനത്തിൽ ലഭിയ്ക്കുന്ന അപര്യാപ്തമാണ്. ഇത് കാലോചിതമായി പരിഷ്ക്കരിക്കുക. വായ്പാ തുക കൃത്യ സമയ പരിധിക്കുളളിൽ തിരിച്ചെടുക്കുവാൻ കർഷകരെ ബോധവൽക്കരണം നടത്തുക.

6. സർക്കാറിൽ നിന്നും അനുവദിച്ചു കിട്ടുന്ന ''ഇൻസെൻറീവ് '' തുക യഥാസമയം വായ്പകാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുളള നടപടികൾ സർക്കാർ തലത്തിലും, ബാങ്ക് തലത്തിലും ചെയ്യേണ്ടതാണ്.

7. വളം, കീടനാശിനി വിതരണം ചെയ്യുന്നതിന് കിണർ കുഴിക്കുന്നതിനും, പമ്പ് സെറ്റ് വാങ്ങുന്നതിനും മറ്റു കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും കർഷകർക്ക് വിവിധ ഏജൻസികൾ നൽകുന്ന സഹായ ധനം പഞ്ചായത്തിലെ സർവ്വീസ് സഹകരണ ബേങ്ക് മുഖേന നടപ്പാക്കുക.

8. കൃഷിനാശം സംഭവിക്കുകയോ, ഉൽപന്നങ്ങൾക്ക് വിപണനരംഗത്ത് പ്രതിസന്ധി നേരിടുകയോ ചെയ്യുമ്പോൾ കാർഷിക വായ്പ തിരിച്ചടയ്ക്കുന്നതിന് പ്രയാസം നേരിടുന്ന കർഷകർക്ക് പിഴപലിശ കൂടാമത വായ്പയുടെ കാലാവധി വർദ്ധിപ്പിച്ചുകൊടുക്കാൻ സംവിധാനം ഏർപ്പെടുത്തണം. കാർഷികമേഖലയിലെ വിള ഇൻഷൂറൻസ് പദ്ധതി പ്രകാരം അടയ്ക്കുന്ന പ്രീമിയം തുക നമ്മുടെ സർവ്വീസ് സഹകരണ ബാങ്കിൽ അടയ്ക്കുവാൻ ഏർപ്പാട് ചെയ്യേണ്ടതാണ്.

9. തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തന പുരോഗതിയ്ക്കായി പഞ്ചായത്തിൽ ഉൾപ്പെടുന്ന കാരത്തൂർ പ്രദേശത്ത് ഒരു ശാഖയും, ആലത്തിയൂർ കേന്ദ്രമായി ഒരു സായാഹ്ന ശാഖയും തുറക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

10. കാർഷികോൽപ്പന്നങ്ങളായ നാളികേരം, അടയ്ക്കാ, കശുവണ്ടി എന്നിവ സംഭരിക്കുന്നതിനും സംസ്കരിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നതിനും സഹകരണ മേഖലയിൽ ഒരു വ്യവസായ യൂണിറ്റ് തുടങ്ങേണ്ടതാണ്.

11. നെൽകൃഷി ലാഭകരമാക്കി മാറ്റുന്നതിന് വേണ്ടി ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

12. കർഷകർക്ക് ദീർഘമായ വായ്പകൾ നൽകുന്ന തിരൂർ കാർഷിക ഗ്രാമവികസന ബാങ്കിൻെറ ഒരു ശാഖ പഞ്ചായത്തിൽ പ്രധാന സ്ഥലത്ത് തുറക്കുന്നതിന് ശുപാർശ ചെയ്യേണ്ടതാണ്.

**ക്ഷീര സഹകരണ സംഘങ്ങൾ :-**

1. പഞ്ചായത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന ചമ്രവട്ടത്തെയും, പൊയിലിശ്ശേരിയിലേയും ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളെ ക്രിയാത്മകമായി പുനരുജ്ജീവിപ്പിക്കാനുളള നടപടികൾ സ്വീകരിക്കുക.

2. വാർഡുകൾ തോറും ക്ഷീരോൽപാദന സഹകരണസംഘം രൂപീകരിക്കുക. പാലും, പാലുൽപ്പന്നങ്ങളും സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും സംവിധാനം ഏർപ്പെടുത്തുക.

3. മിൽമയുടെ പ്രവർത്തനം തിരൂർ ബ്ലോക്കിൽ അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

4. പഞ്ചായത്തു തലത്തിലും , ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾക്ക് വിതരണ മചയ്യേണ്ടതാണ്.

**കൺസ്യൂമർ മേഖല :-**

1. തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിൻെറ കീഴിൽ ആലത്തിയൂരിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സ്റ്റോർ പുനരുജ്ജീവിപ്പിച്ച് നിത്യോപയോഗ സാധനങ്ങൾ ഓരോ വീട്ടിലും എത്തിക്കുവാൻ ഉപഭോക്താക്കളിൽ നിന്നും ഓർഡർ സ്വീകരിച്ച് ''ഡോർ ഡെലിവറി'' സംവിധാനം നടപ്പാക്കുക. കൂടാതെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പുതുതായി കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.

2. പരപ്പേരി, ചമ്രവട്ടം യു.പി.സ്കൂളുകളിലെ സഹകരണ സംഘങ്ങൾ വഴി ഇപ്പോൾ പാഠപുസ്തകങ്ങൾ മാത്രമെ വിതരണം ചെയ്യുന്നൊളളൂ. വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂണിഫോമുകൾ, നോട്ടുബുക്ക്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

3. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയ

ആലത്തിയൂർ K.H.M.H.S-ൽ ഒരു സ്കൂൾ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

**പട്ടികജാതി സഹകരണസംഘം :-**

1. പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

2. സംഘത്തിൻെറ കീഴിൽ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രീപ്രൈമറി സ്കൂൾ ആരംഭിക്കേണ്ടതാണ്.

**കോഴിവളർത്തൽ സഹകരണ സംഘം :-**

1. ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പഞ്ചായത്തിലെ വീടുകളിൽ ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും കൺസ്യൂമർ സ്റ്റോർ വഴി വിപണനം ഉറപ്പുവരുത്തേണ്ടതുമാണ്.

**ബീഡി വ്യവസായ സഹകരണ സംഘം :-**

പഞ്ചായത്തിൽ ഒരു ബീഡിതൊഴിലാളി സഹകരണ സംഘം രൂപീകരിക്കുകയാണെങ്കിൽ അതുവഴി നിരവധി പേർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കാ വുന്നതാണ്.

**ആരോഗ്യമേഖല :-**

1.തൃപ്രങ്ങോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെൻററിനെ രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയാക്കി ഉയർത്തിയാൽ അതിനോട് അനുബന്ധിച്ച് സഹകരണ മേഖലയിൽ ഒരു മെഡിക്കൽ സ്റ്റോർ ആരംഭിക്കാവുന്നതാണ്.

2. പഞ്ചായത്തിൽ അലോപ്പതി, ഹോമിയോ ഡിസ്പെൻസറികൾ ഉണ്ട്. സഹകരണ മേഖലയിൽ ഒരു ആയുർവ്വേദ ആശുപത്രി തുടങ്ങാവുന്നതാണ്.

**ഭവനമേഖല :-**

ഭവന നിർമാണ രംഗത്ത് വായ്പകൾ നൽകുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. വീട് നിർമ്മിക്കുന്നതിന് ആവശ്യമുഗഗ വായ്പാ സൗകര്യങ്ങൾക്ക് വേണ്ടി ഹൗസിംഗ് സഹകരണ സംഘം രൂപീകരിക്കുകയോ, പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുന്ന ഹൗസിംഗ് സൊസൈറ്റിയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

**വനിതാ സഹകരണ സംഘം :-**

പഞ്ചായത്ത് തലത്തിൽ ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കേണ്ടതും സംഘത്തിൻെറ കീഴിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം ബേക്കറി സാധനങ്ങൾ, അച്ചാർ, കറിപൗഡർ നിർമ്മാണം എന്നിവ ആരംഭിക്കേണ്ടതാണ്. ഇതുവഴി കൂടുതൽ വനിതകൾക്ക് തൊഴിൽ സാധ്യത മെച്ചപ്പെടുത്താവുന്നതുമാണ്.

**ലേബർ കോൺട്രാക്റ്റ് സംഘങ്ങൾ :-**

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം ആളുകൾ തൃപ്രങ്ങോട് പഞ്ചായത്തിൽ ഉണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്ത് നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും, കൂടാതെ പഞ്ചായത്തിലെ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താവുന്നതുമാണ്. ഇതുവഴി തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

**മറ്റു നിർദ്ദേശങ്ങൾ :-**

1. തൃപ്രങ്ങോട് പഞ്ചായത്തിൻെറയും, മറ്റു സ്ഥാപനങ്ങളുടെയും ഫണ്ടുകൾ പഞ്ചായത്തിലെ സർവ്വീസ് ബേങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

2. ദുർബല വിഭാഗങ്ങൾക്കും, മറ്റു വിവിധ സർക്കാർ ഏജൻസികൾ നൽകുന്ന വിവിധ ആനുകൂല്യങ്ങൾ സർവ്വീസ് സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്യേണ്ടതാണ്.

14-8. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രീതിയിലും ഭാവത്തിലും നടപ്പിലാക്കുക വഴി തൃപ്രങ്ങോട് പഞ്ചായത്തിലെ കാർഷികരംഗത്തും, തൊഴിൽ രംഗത്തും, വിപണന രംഗത്തും, സമൂലമായ മാറ്റം വരുത്താൻ സാധിക്കുന്നതും, സാമ്പത്തിക സാമൂഹിക മേഖലകളിൽ പുരോഗതി നേടുവാനും കഴിയും.




അദ്ധ്യായം 15

# പട്ടികജാതി—പട്ടികവർഗ ക്ഷേമം

ഈ നൂറ്റാണ്ട് ആരംഭിക്കുമ്പോൾ പട്ടിക ജാതികളിലുൾപ്പെട്ട ജനവിഭാഗം അടിമകളെ പോലെയായിരുന്നു ജീവിച്ചുവന്നിരുന്നത്. ഇവരിൽ അധികവും കർഷകത്തൊഴിലാളി കളായിരുന്നു. ചിലർ പരമ്പരാഗതമായി കുട്ട, വട്ടി, പനമ്പ്, മുതലായ കാർഷികോപകരണങ്ങളും ഉണ്ടാക്കിയിരുന്നു. അക്കാലത്ത് അനേകവിധ ത്തിലുള്ള വിവേചനങ്ങളും പീഡനങ്ങളും ഇവർക്ക് അനുഭവിക്കേണ്ടി വന്നിരുന്നു. പട്ടികജാതി വർഗത്തിൽ പെട്ട ചില വർഗങ്ങളെ കാണുന്ന തുപോലും അയിത്തമായി കരുതിപോന്നിരുന്നു. ഈ സ്ഥിതിക്ക് ഒരു മാറ്റം വന്നുതുടങ്ങിയത് ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തോടു കൂടിയാണ്. ഗാന്ധിജി അതിന്റെ നേതൃത്വമേറ്റെടുത്ത തോടുകൂടി പട്ടികജാതി വിഭാഗങ്ങളുടെ ഉദ്ധാരണം, അയിത്തോച്ചാടനം, ക്ഷേത്രപ്രവേ ശനം മുതലായവ അദ്ദേഹത്തിന്റെ പ്രധാന സാമൂഹ്യ പരിഷ്കരണ പരിപാടികളായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം അയിത്താചാരണം നിരോധിക്കപ്പെട്ടു. അതോടൊപ്പം പട്ടികജാതി വിഭാഗങ്ങൾക്ക് ക്ഷേത്രപ്രവേശനവും അനുവദി ക്കപ്പെട്ടു. അവരുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുകയും സൗജന്യ വിദ്യാഭ്യാസം ഏർപ്പെടുത്തുകയും ചെയ്തു. ഉദ്യോഗങ്ങളിൽ പ്രത്യേകസംവരണം ഏർപ്പെടു ത്തി. 1967ലെ ഭൂപരിഷ്കരണ നിയമത്തോടു കൂടി ഈ വിഭാഗങ്ങൾക്ക് കുടികിടപ്പാവകാശം ലഭിച്ചു. കഴിഞ്ഞ അര നൂറ്റാണ്ടിലൂടെയുള്ള പട്ടികജാതി വിഭാഗങ്ങളുടെ പുരോഗതി അഭിമാനാർഹമാണ്. തൃപ്പങ്ങോട് പഞ്ചായത്തിൽ ഈ വിഭാഗത്തിൽ നിന്ന് അദ്ധ്യാപകർ, ഗവൺമെന്റ് ഉദ്യോഗസ്ഥർ എന്നിവരെ കൂടാതെ ഒരു വക്കീൽ കൂടിയുണ്ട്. ബഹുഭൂരിപക്ഷം കുട്ടികളുടെയും വിദ്യാഭ്യാസം എസ്.എസ്.എൽ.സി. പൂർത്തിയാകുന്നതോടുകൂടി അവസാനിക്കുന്നതുകൊണ്ട് ഉയർന്ന ഉദ്യോഗ ങ്ങൾ അവർക്ക് ലഭിക്കുന്നില്ല. ഇപ്പോൾ അവർ സംഘടിതമായ തൊഴിലാളിരാഷ്ട്രീയ പ്രസ്ഥാന ങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ അര നൂറ്റാണ്ടിലെ ഗവൺമെന്റ് നടപടികളുടെയും സാമൂഹിക പ്രസ്ഥാനങ്ങളുടെയും ഫലമായി ഒരു ചെറിയ ശതമാനം അഭിവൃദ്ധി നേടിയിട്ടു ണ്ടെങ്കിലും ബഹുഭൂരിപക്ഷവും ഇപ്പോഴും ദാരിദ്ര്യാവവസ്ഥയിലാണ്. പ്രകടമായ സാമൂഹ്യ വിവേചനം ഇവർക്ക് എതിരായിട്ടില്ലെങ്കിലും ഇപ്പോഴും അവർ സമൂഹത്തിൽ നിന്ന് ഏറെക്കുറെ ഒറ്റപ്പെട്ടുതന്നെയാണ് ജീവിച്ചുപോരുന്നത്.

### 15.2 ജനസംഖ്യ

ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 6.19 ശതമാനം പട്ടികജാതി വിഭാഗമാണ്. ഇതിൽ 969 പുരുഷന്മാരും 1026 സ്ത്രീകളും ഉൾപ്പെടെ ആകെ 1995 പേർ ഉണ്ട്. (1991ലെ സെൻസസ് അനുസരിച്ച്) ആകെ 353 പട്ടികജാതി കുടുംബങ്ങൾ ഈ പഞ്ചായത്തി ലുണ്ട്. പട്ടികവർഗ കുടുംബങ്ങൾ ഈ പഞ്ചായ ത്തിലില്ല. 10 അംഗീകൃത കോളനിയിൽ 135

കുടുംബങ്ങൾ താമസിച്ചുവരുന്നു. ഇതിലെ ജനസംഖ്യ 758 ആണ്. ഒരു കോളനി അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതാണ്. ബാക്കി വരുന്ന 218 കുടുംബങ്ങൾ കൂട്ടായും ഇടകലർന്നും ജീവിച്ചുവരുന്നു. ഇനിയും നമ്മുടെ പഞ്ചായത്തിൽ അംഗീകാരം ലഭിക്കാനുള്ള കോളനികളുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഓരോ വാർഡിലുമുള്ള പട്ടികജാതി കുടുംബങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ | വീടുകളുടെ എണ്ണം |
|---|---|---|
| 1 | 1 | 53 |
| 2 | 2 | 25 |
| 3 | 3 | 16 |
| 4 | 4 | 48 |
| 5 | 5 | 5 |
| 6 | 6 | 22 |
| 7 | 7 | 21 |
| 8 | 8 | 20 |
| 9 | 9 | 71 |
| 10 | 10 | 20 |
| 11 | 11 | 23 |
| 12 | 12 | 29 |
| ആകെ | | 353 |

### 15.3 ദാരിദ്ര്യ നിർമ്മാർജ്ജനം

സർക്കാർ ഇവരുടെ ക്ഷേമത്തിനും ദാരിദ്ര്യ നിർമാർജ്ജനത്തിനും പല പരിപാടികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അതിൻെറ പ്രയോജനം ഭാഗികമായിട്ടാണ് കിട്ടിയിട്ടുള്ളത്. കോളനികാഠ കേന്ദ്രീകരിച്ച് താമസിക്കുന്നവർക്ക് ബ്ലോക്ക്, പഞ്ചായത്ത്, താലൂക്ക്, പട്ടികജാതി വികസന ഓഫീസ്, കേരള പട്ടികജാതി വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് വീടുകൾ, കക്കൂസുകൾ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ളതാണ്. കോളനികളിലെ പകുതിയോളം വീടുകൾ ഓടുമേഞ്ഞതാണ്.

തിരൂർ ബ്ലോക്കിൽ നിന്നുള്ള ഐ.ആർ.ഡി.പി. പദ്ധതിയിൽ 252 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. ട്രൈസം പദ്ധതിയിൽ 47 പേർക്ക് പരിശീലനവും സി.ആർ.എസം.പി. പദ്ധതിയിൽ 20 പേർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായവും ആർ.എ.പി. പദ്ധതിയിൽ ഒരാൾക്കു ജലസേചനത്തിന് വേണ്ടി കിണർ കുഴിക്കുന്നതിനും എം.ഡബ്ലിയു.എസ്. പദ്ധതിയിലും സി.എസ്.എസ്. പദ്ധതിയിൽ 4 പേർക്ക് പമ്പുസെറ്റ് വാങ്ങുന്നതിന് സഹായം നല്കിയിട്ടുണ്ട്. 128 വീടുകൾക്കു ധനസഹായം നൽകിയിട്ടുണ്ട്.

തൃപ്പങ്ങോട് പഞ്ചായത്തിൽ നിന്ന് ജെ.ആർ. വൈ. പദ്ധതിയിൽ 40 വീടുകൾ നിർമ്മിക്കുന്നതിന് നാളിതുവരെ ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്ത് വഴി 91 കക്കൂസുകൾ ഉണ്ടാക്കി നൽകിയിട്ടുണ്ട്.

കൂടാതെ തിരൂർ ബ്ലോക്ക്, തൃപ്പങ്ങോട് കൃഷിഭവൻ, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് കാർഷികോപകരണങ്ങൾ, ഫലവൃക്ഷതൈകൾ, കൈത്തൊഴിലുപകരണങ്ങൾ എന്നിവ നല്കിയിട്ടുള്ളതാണ്. ഇതുകൂടാതെ മറ്റ് പലവിധ ഏജൻസികളിൽ നിന്നും ഇവർക്ക് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ധനസഹായം ലഭിച്ചിട്ടുണ്ട്.

### 15.4 വിദ്യാഭ്യാസം

പണ്ടുകാലം മുതലേ യാതൊരുവിധത്തിലുള്ള വിദ്യാഭ്യാസവും ഇവർക്ക് ലഭിച്ചിരുന്നില്ല. ഇന്നും എഴുതാനും വായിക്കാനും അറിയാത്തവർ ഇവർക്കിടയിലുണ്ട്. എന്നാൽ കാലാനുസൃതമായ മാറ്റത്തിൻെറ അടിസ്ഥാനത്തിൽ ഇപ്പോൾ വിദ്യാസമ്പന്നരായ ആളുകൾ ഉണ്ടായിവരുന്നുണ്ട്. കൂടുതൽ പേരും എസ്.എസ്.എൽ.സി തോൽക്കുന്നതോടുകൂടി ഇവരുടെ വിദ്യാഭ്യാസം അവസാനിക്കുകയും ഡ്രൈവിംഗ്, കെട്ടിട നിർമ്മാണം തുടങ്ങിയ ജോലി ചെയ്യുന്നതിന് താല്പര്യം കാണിക്കുകയും ചെയ്യുന്നു. അതോടുകൂടി കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവരുന്നു.

നമ്മുടെ പഞ്ചായത്തിൽ എൽ.പി., യു.പി സ്ക്കൂളുകളിൽ 163 ആൺകുട്ടികളും 170 പെൺകുട്ടികളും പഠിച്ചുവരുന്നുണ്ട്. ഹൈസ്ക്കൂൾ വിഭാഗത്തിൽ 113 ആൺകുട്ടികളും 90 പെൺകുട്ടികളും പഠിക്കുന്നു. ഈ കണക്കുകളിൽ നിന്നും യു.പി.സ്ക്കൂളിൽ നിന്ന് ഹൈസ്ക്കൂളിലെത്തുമ്പോൾ കുട്ടികളുടെ എണ്ണം കുറയുന്നതായി

കാണുന്നു. ഹൈസ്ക്കൂൾ കഴിയുമ്പോൾ തുടർന്നു പഠിക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. ഇതിന് പരിഹാരം തേടേണ്ടതിന് രക്ഷാകർത്താക്കൾക്ക് ആവശ്യമായ ബോധവത്കരണം നടത്തേണ്ടതാണ്. തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള സാങ്കേതിക വിദ്യാഭ്യാസം കിട്ടിയവർ ഇവരുടെ ഇടയിൽ കുറവാണെന്നുകാണുന്നു.

### 15—5 തൊഴിൽ

ആദ്യകാലങ്ങളിൽ അടിമത്തത്തോടുകൂടി തമ്പ്രാക്കന്മാരുടെ (ജന്മിമാർ) കീഴിൽ കൃഷിപ്പണി ചെയ്തിരുന്ന ഈ വിഭാഗത്തിന് ഭൂപരിഷ്കരണ നിയമം സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളുടെ നിരന്തരപ്രവർത്തനം ഇവമൂലം ജീവിതനിലവാരം ഉയരുകയും സാമാന്യം നല്ല കൂലി ലഭിക്കുകയും ചെയ്യുന്നു. എന്നാൽ കൃഷിമേഖലയിൽ വന്ന തകർച്ചമൂലം ഇവർക്ക് ഈ മേഖലയിൽ തൊഴിൽ ഇല്ലാതാവുകയും മറ്റു മേഖലകളിലേക്ക് തിരിയുകയും ചെയ്യുന്നു. 65 രൂപ സ്ത്രീകൾക്കും 115 രൂപ പുരുഷന്മാർക്കും കൃഷിപ്പണിക്ക് കൂലി ലഭിക്കുന്നുണ്ട്. കൃഷിക്കാർക്ക് കൃഷി ലാഭകരമല്ലാത്തതിനാൽ ഈ ജോലിക്കാർക്ക് ഇതിൽ കൂടുതൽ കൂലി കൊടുക്കാൻ കഴിയാതെ വരുന്നു. സ്ത്രീ--പുരുഷതൊഴിലാളികൾ തമ്മിൽ കൂലിയുടെ കാര്യത്തിൽ പ്രകടമായ അന്തരമുണ്ട്. കൂലിക്കുറവും എല്ലാ സീസണിലും ജോലിയില്ലായ്മയും തൊഴിലാളികളെ മറ്റു മേഖലകളിലേക്ക് തിരിയുന്നതിന് ഇടയാക്കുന്നുണ്ട്. അതുപോലെ തന്നെ ഇവർ ചെയ്തിരുന്ന പായനെയ്ത്ത്,കുട്ട, വട്ടി നിർമ്മാണം എന്നിവയ്ക്ക് ലഭിച്ചിരുന്ന അസംസ്കൃത സാധനങ്ങൾ ലഭിക്കാത്തതുകൊണ്ട് തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നു. ഇതിനുപരിഹാരമായി ഇവർ ഉപയോഗിച്ചിരുന്ന കൈതോലയും കുട്ട, വട്ടി പനമ്പ് മുതലായവയ്ക്കുള്ള ഈറ്റയും ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈറ്റ ലഭ്യമാകുന്നതിന് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ ഒരു ഡിപ്പോ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചാൽ നന്നായിരിക്കും.

### 15—6 പാർപ്പിടം

മുൻകാലങ്ങളിൽ 'ചാളകൾ' എന്നാണ് പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ വീടുകൾ അറിയപ്പെട്ടിരുന്നത്. ഇപ്പോൾ പല സർക്കാർ ഏജൻസികൾ വഴിയും ഇവർക്ക് വീടുകൾ കിട്ടിയിട്ടുണ്ട്. ആയതിനാൽ ഈ മേഖലയിലാണ് ഇവരുടെ ഇടയിൽ കാര്യമായ പുരോഗതി ഉണ്ടായത കോളനികൾക്കാണ് ഇതിന്റെ പ്രയോജനം ഏറെ ലഭിച്ചിട്ടുള്ളത്. പല ഗവൺമെന്റ് ഏജൻസികളിൽ നിന്നും ഇവർക്ക് ലഭിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പൂർത്തിയാക്കാനുണ്ട്. ഇതിനു പരിഹാരമായ ഈ തുകകൾ ഉയർത്തേണ്ടതും 50 രൂപയുടെ മുദ്രപത്രം വീടിന്റെ കരാർ വെക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ളതും എടുത്തുകളയേണ്ടതാണ്. ഒരു വീട്ടിൽ തന്നെ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. ഇതിനു കാരണം ഇവർക്ക് സ്വന്തമായിട്ട് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക ശേഷിയില്ലാത്തതുകൊണ്ടാണ്. ഇതുമൂലം പല ആനുകൂല്യങ്ങളും ഈ മേഖലയിൽ ഇവർക്ക് കിട്ടാതെവരുന്നു. കൂടാതെ ഇവർക്കിടയിൽ സ്വന്തമായിട്ട് വീടില്ലാത്തതുകാരണം വാടകക്കെട്ടിടത്തിൽ താമസിക്കാൻ നിർബന്ധിതരായിട്ടുള്ളവരുമുണ്ട്. വീട് നിർമ്മാണത്തിനുള്ള അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും ഉയർന്ന കൂലിച്ചെലവ് ഭൂമിയുടെ അമിതമായ വില എന്നിവയും ഇവരനുഭവിക്കുന്ന കഷ്ടപ്പാടുകളാണ്.

അതുപോലെത്തന്നെ വീടിനോടനുബന്ധമായ കക്കൂസുകാം,കിണർ, വൈദ്യുതി, പുകയില്ലാത്ത അടുപ്പുകാം, എന്നീ സൗകര്യങ്ങാം ഉണ്ടാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിൽ കിണറുകളൊഴിച്ച് മറ്റുകാര്യങ്ങാം ചെയ്യുന്നതിന് ഇവർ വിമുഖത കാണിന്നു. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്. ലക്ഷം വീടുകളിൽ താമസിക്കുന്ന പട്ടികജാതികൾ ഉൾപ്പെടെയുള്ളവർക്ക് കക്കൂസില്ലെന്നറിയുന്നു. പത്ത് അംഗീകൃത കോളനികളുള്ളതിൽ മേപ്പാടത്ത് കോളനിക്ക് മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. ഏക ഐ.എച്ച്.ഡി.പി. കോളനിയായ ചെരിന്തല്ലൂർ പട്ടികജാതി സങ്കേതത്തിൽ വികസനവകുപ്പിന്റെ സഹായത്തോടുകൂടി വയറിങ് കഴിഞ്ഞിട്ടുണ്ടെങ്കിലും വൈദ്യുതി

## പട്ടിക III

| ക്രമനമ്പർ | പട്ടികജാതി സങ്കേതത്തിന്റെ പേര് | അംഗീകൃതകുടുംബങ്ങളുടെ എണ്ണം | ആകെ ജനസംഖ്യ | വീടുകളുടെ സ്വഭാവം | | | കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം | വൈദ്യുതി | പൊതുകിണർ | പൈപ്പ് ലൈൻ |
|---|---|---|---|---|---|---|---|---|---|---|
| | | | | കോൺക്രീറ്റ് | ഓട് | ഓല | | | | |
| 1. | കറുത്തേടത്തുപടി | 13 | 63 | — | 11 | 2 | 8 | ഇല്ല | ഉണ്ട് | ഇല്ല |
| 2 | പെരുന്തിലവളപ്പ് | 13 | 78 | — | 11 | 2 | 9 | ഇല്ല | ഉണ്ട് | ഇല്ല |
| 3. | മേപ്പാടത്ത് | 14 | 87 | — | 14 | — | 8 | ഉണ്ട് | ഉണ്ട് | ഇല്ല |
| 4. | ചെറിയപറപ്പൂർ | 10 | 67 | — | 7 | 3 | 6 | ഇല്ല | ഇല്ല | ഇല്ല |
| 5. | പൊറ്റോടി കൈമലശ്ശേരി | 15 | 74 | 1 | 9 | 6 | 7 | ഇല്ല | ഇല്ല | ഇല്ല |
| 6. | കല്പറമ്പ് | 16 | 80 | — | 14 | 2 | 3 | ഇല്ല | ഇല്ല | ഇല്ല |
| 7. | ചമ്രവട്ടം W/ IX | 12 | 97 | — | 9 | 3 | 2 | ഇല്ല | ഇല്ല | ഇല്ല |
| 8. | ശങ്കരൻപറമ്പിൽ VIII | 10 | 50 | — | 5 | 5 | 5 | ഇല്ല | ഉണ്ട് | ഇല്ല |
| 9. | പറമ്പത്ത് | 16 | 81 | — | 7 | 9 | 7 | ഇല്ല | ഇല്ല | ഇല്ല |
| 10 | പെരുന്തല്ലൂർ ( 1 HDPകോളനി) | 16 | 81 | — | 14 | 2 | 4 | ഇല്ല | ഇല്ല | ഇല്ല |

(അവലംബം — സെക്കണ്ടറി ഡാറ്റാ—പഠനപര്യടനം)

കിട്ടിയിട്ടില്ല. ഇതേ അവസ്ഥയുള്ള ഒറ്റപ്പെട്ട വീടുകളുമുണ്ട് എന്നുള്ള പരാതി ഗ്രാമസഭകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടനുസരിച്ച് വീട്, കക്കൂസ് എന്നിവ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

### 15.7 ക്ഷേമപദ്ധതികൾ

ഈ വിഭാഗത്തിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമാണ് ക്ഷേമപദ്ധതികൾ. കർഷകത്തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ എന്നിവരാണ് ഈ വിഭാഗത്തിൽ കൂടുതൽ. ഇവരിൽ ഏകദേശം 40 ശതമാനം പേർ ഈ പദ്ധതികളിലംഗങ്ങളാണ്. മലപ്പുറത്ത് സ്ഥിതി ചെയ്യുന്ന ഈ പദ്ധതികൾ നടപ്പിലാക്കുന്ന ഓഫീസിൽ എത്തിപ്പെടുന്നതിൽ ബുദ്ധിമുട്ടുകൾ വളരെയേറെയാണ്. ആയതുകൊണ്ട് ഈ ഓഫീസുകൾ താലൂക്ക് തലത്തിൽ ആരംഭിക്കേണ്ടതാണ്.

### 15.8 പെൻഷൻ

കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നതിൽ അധികപേരും പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. ഇത് അനുവദിക്കുന്നതിന് ഇപ്പോൾ പഞ്ചായത്തുകൾക്ക് അനുവാദം കൈമാറിയത് വളരെ അനുഗ്രഹമായിട്ടുണ്ട്. ഇവർക്കുള്ള തുക കൃത്യമായി കൊടുക്കുന്നില്ലെന്ന പരാതി ഇവരുടെ ഇടയിൽ നിന്ന് ഗ്രാമസഭകളിൽ നിന്നും ഉയരുകയുണ്ടായി. ഇത് കൃത്യസമയത്ത് കിട്ടുന്നതിന് ശ്രമിക്കേണ്ടതാണ്. ഇപ്പോൾ 60 വയസ്സ് തികഞ്ഞിട്ടുള്ളവർക്കാണ് ഈ പെൻഷൻ അനുവദിക്കുന്നത്. ഈ പ്രായത്തിൽ ഇളവനുവദിക്കേണ്ടതും ചില പെൻഷനുകൾക്ക് 5000 രൂപ വാർഷിക വരുമാനമായി നിശ്ചയിച്ചിട്ടുള്ളതും കാലാനുസൃതമായി പുതുക്കി വരുമാന പരിധിയുയർത്തിയാൽ കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നതുമാണ്.

ഇതിനെല്ലാം പുറമെ ഇവരുടെ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് വകുപ്പുകളാണ് പട്ടികജാതി വികസന വകുപ്പ്, പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന പട്ടികജാതി, പട്ടികവർഗ വികസന കോർപ്പറേഷനും. ഈ ഓഫീസുകളിൽ നിന്നും ഇവർക്ക് കൂടുതൽ സഹായങ്ങൾ അനുവദിക്കേണ്ടതും നിയമങ്ങൾ ഉദാരമാക്കേണ്ടതുമാണ്.

### 15.9 സാമൂഹ്യപദവി

പ്രകടമായി സമൂഹത്തിൽ ഉയർന്ന ജാതികളിൽ നിന്ന് വിവേചനമുണ്ടാകുന്നില്ലെങ്കിലും ഇവരുടെ സ്ഥാനമാനങ്ങളനുസരിച്ചാണ് ഈ വിഭാഗത്തെ ഇന്നും സമൂഹം ഉൾക്കൊള്ളുന്നത്. വിവാഹം, മുതലായ ചടങ്ങുകളിൽ മറ്റ് വിഭാഗങ്ങൾ പങ്കെടുക്കാറുണ്ട്. ജാതിയുടെ പേര് പറഞ്ഞ് ആക്ഷേപിക്കുന്നത് നേരിട്ടല്ലെങ്കിലും മറ്റ് വിഭാഗങ്ങളിലുളളവർ തമ്മിൽ തമ്മിൽ സ സംസാരിക്കുമ്പോൾ ജാതി പറഞ്ഞു പരിഹസിച്ച് സംസാരിക്കുന്നത് സർവ്വസാധാരണമാണ്.

### 15.10 പ്രശ്നങ്ങൾ

* ബോധവൽക്കരണത്തിന്റെ കുറവ് കാണപ്പെടുനനു.
* വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. കഴിയുമ്പോൾ അദ്ധ്യനം അവസാനിപ്പിക്കുന്നതും പെൺകുട്ടികൾ, താഴെയുള്ള കുട്ടികളെ നോക്കുന്നതിന് വേണ്ടിയും വീടുജോലിക്ക് വേണ്ടി വിദ്യാഭ്യാസം നിർത്തുന്നതും.
* കൃഷിഭൂമി കെട്ടിടനിർമ്മാണത്തിനും പുരയിടമാക്കിയതുകൊണ്ടും ഭൂമി കുറഞ്ഞുവരുന്നതുകൊണ്ട് കൃഷി മേഖലയിൽ തൊഴിൽ കുറയുന്നത്.
* സ്വന്തമായിട്ട് വീടുവെക്കാൻ സ്ഥലമില്ലാത്തതും ഒന്നിൽ കൂടുതൽ കുടുംബങ്ങൾ ഒരു വീട്ടിൽ താമസിച്ചുവരുന്നത്
* സ്വന്തമായി ഭൂമി വാങ്ങി വീടുവെക്കാൻ സാധിക്കാത്തത്
* പൊതുകിണറുകൾ ഉണ്ടെങ്കിലും ഉപയോഗശൂന്യമായിക്കിടക്കുന്നത്
* പൊതുശ്മശാനങ്ങൾ ഇല്ലാത്തതും ഉള്ളതിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതും
* കോളനികൾ വൈദ്യുതീകരിക്കാത്തത്. വിവിധ പെൻഷനുകൾ യഥാസമയം ലഭിക്കാത്തത്
* സർക്കാർ അനുവദിക്കുന്ന വീടുകൾക്കുള്ള ധനസഹായങ്ങളുടെ അപര്യാപ്തതയും ചില

ഓഫീസുകൾ ഈ പഞ്ചായത്തിൽ നിന്ന് ദൂര സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നതും

* ധനസഹായം അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള കർശനമായ നിബന്ധനകൾ

*ചില കോളനികളിലേക്ക് ഗതാഗതസൗകര്യം ഇല്ലാത്തത്

* കൃഷിപ്പണി ചെയ്യുന്നവർക്കുള്ള തൊഴിലുപകരണങ്ങൾ അനവദിക്കാത്ത്

* പട്ടികജാതി വികസനവകുപ്പ് നടപ്പാക്കുന്ന കാര്യങ്ങളെ കുറിച്ച് വേണ്ടത്ര അറിവില്ലായ്മ

* പദ്ധതികൾ ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കാൽ എന്നിവയാണ്.

മേൽ കാണിച്ചിരുന്നതിൽ നിന്നും നമ്മുടെ അംഗീകൃത പട്ടികജാതി സങ്കേതങ്ങളിലെ പൊതു ആവശ്യങ്ങളെ കുറിച്ച് മനസ്സിലാക്കാം. അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള കോളനികൾക്കും ഇടകലർന്നു താമസിക്കുന്ന മറ്റ് കുടുംബങ്ങൾക്കും പല ആനുകൂല്യങ്ങളും ലഭിക്കാൻ ഇനിയും ബാക്കിയുണ്ട്. ഇനി നമുക്ക് പഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ സാദ്ധ്യതകൾ ഏതാണെന്ന് പരിശോധിക്കാം.

### 15.11 സാദ്ധ്യതകൾ

#### ഗതാഗതം

1. കോളനികളിലേക്ക് റോഡുകൾ പുതിയത് ഉണ്ടാക്കണമെന്നും ഉള്ള റോഡുകൾ ടാർ ചെയ്തത്. ഗതാഗതയോഗ്യമാക്കണമെന്നും ആവശ്യപ്പെടു കയുണ്ടായി. കോളനികളിലെ ഗതാഗതസൗകര്യം വർദ്ധിച്ചാൽ മാത്രമേ ആ പ്രദേശത്തുള്ള ജനങ്ങൾക്ക് വേണ്ടത്ര പുരോഗതി ലഭിക്കയുള്ളൂ. (പട്ടികജാതി സങ്കേതങ്ങളിലേക്ക് ഗ്രാമസഭകളിൽ നിന്ന് ആവശ്യപ്പെട്ട റോഡുകളുടെ വിവരം അദ്ധ്യായം 10 ഗതാഗതം എന്ന വിഷയത്തിൽ നിന്ന് ഉള്ള വിവരങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്).

#### 2. വൈദ്യുതി

അംഗീകൃത കോളനികളിൽ മേപാടത്ത് സങ്കേതത്തിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. മറ്റ് അംഗീകൃത കോളനികളിലും അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള പൂവാംകുളം—കൈമലശേരി സങ്കേതവും വൈദ്യുതീകരിക്കാൻ ബാക്കിയാണ്. പഞ്ചായത്ത് മുഖേന ഈ പഞ്ചായത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിന് കഴിഞ്ഞ ബോർഡിൽ തീരുമാനിച്ചിട്ടുണ്ട്.

#### 3. പാർപ്പിടം

അംഗീകൃത കോളനികളിൽ ഇനിയും വീട് ലഭിക്കാനുള്ള കുടുംബങ്ങൾബാക്കിയാണ്. പല ഗവൺമെൻറ് ഏജൻസികളിൽ നിന്നും ലഭിച്ച വീടുകൾക്കും കാലാനുസൃതമായി റിപ്പയറിങ്ങ് ജോലികൾ ചെയ്യേണ്ടതാണ്. ഭൂമിയുടെ ദൗർല്ലഭ്യം, വിലക്കയറ്റം എന്നിവയുള്ളതുകൊണ്ട് ഫ്ളാറ്റ് സമ്പ്രദായം ഏർപ്പെടുത്താം. കക്കൂസില്ലാത്ത വീടുകൾക്ക് ഏതെങ്കിലും പ്രത്യേക പദ്ധതിയിൽ കക്കൂസ് നിർമ്മിച്ച് നൽകുന്നതിനെ പറ്റി ശ്രമിക്കേണ്ടിയിരിക്കുന്നു.

#### 4. പട്ടികജാതി സഹകരണസംഘവും ബാലവാടിയും

ഈ പഞ്ചായത്തിൽ പട്ടികജാതി സഹകരണസംഘം ഒന്നും നിലവിലില്ല. ഈ സംഘം ഉണ്ടായാൽ ചെറുകിട വായ്പകൾ ഉപയോഗിച്ച് പല തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനും കഴിയുന്നതാണ്. ഒമ്പതാം വാർഡിലും നാലാം വാർഡിലും പട്ടികജാതി വികസന വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ബാലവാടികാ സ്ഥാപിക്കേണ്ടതാണ്. ആയതുകൊണ്ട് മേൽ പറഞ്ഞ രണ്ട് സ്ഥാപനങ്ങളും ഉണ്ടാക്കുന്നതിന് നടപടി എടുക്കേണ്ടതാണ്.

#### 5. കുടി വെള്ളം

പല സങ്കേതങ്ങളിലും പൊതുകിണറുകാ ഉപയോഗയോഗ്യമല്ല. കാലാകാലങ്ങളിൽ റിപ്പയർ ചെയ്യേണ്ടതാണ്. കൂടാതെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ കോളനികളിലും ലഭ്യമാക്കുന്നതിന് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതാണ്.

#### 6. ക്ഷേമപദ്ധതികൾ

വാർദ്ധക്യപെൻഷനുകൾ, കർഷകത്തൊഴി

ലാളി പെൻഷനുകൾ എന്നിവ അനുവദിക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പ്രായപരിധി ഇളവ് ചെയ്താൽ ഈ മേഖലയിലുള്ള പല പാവപ്പെട്ട തൊഴിലാളികൾക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. അതുപോലെ തന്നെ കൂടുതൽ പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് വരുമാനപരിധി ഉയർത്തേണ്ടതാണ്.

**15.12**

പട്ടികജാതി—പട്ടികവർഗ വിഭാഗങ്ങളുടെ ജോലിക്കായി ചില കാര്യങ്ങൾ നിർദ്ദേശിക്കാവുന്നതാണ്.

1. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന എല്ലാ കോളനികൾക്കും റോഡ് നിർമ്മിച്ച് നൽകുക.

2. കാർഷികമേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പകരം മറ്റ് മേഖലകളിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

3. പട്ടികജാതി—പട്ടിക വർഗ വകുപ്പ് നടപ്പിലാക്കുന്ന പല ക്ഷേമപദ്ധതികളെക്കുറിച്ചും ഈ വിഭാഗങ്ങൾക്ക് അറിയില്ല. ഇതിന് വേണ്ട ബോധവൽക്കരണം പ്രാദേശിക സർക്കാറുകൾ ഏറ്റെടുത്ത് അടിയന്തരമായി നടപ്പിലാക്കുക.

4. പട്ടികജാതി വിഭാഗങ്ങൾ കൂടുതലുള്ള വാർഡിൽ പൊതുശ്മശാനം ഉണ്ടാക്കുക. നിലവിലുള്ള ശ്മശാനങ്ങൾ മതിൽ കെട്ടി സംരക്ഷിക്കുക.

5. പുത്തനിപറമ്പ് കോളനി തിരുത്തുമ്മൽ കോളനി എന്നിവയ്ക്ക് അംഗീകാരം നൽകുക.

6. എല്ലാ കോളനികളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

7. സങ്കേതങ്ങൾ എല്ലാം വൈദ്യുതീകരിക്കുക.

8. പട്ടയം കിട്ടാത്ത കുടുംബങ്ങൾക്ക് പട്ടയം നൽകുക.

9. കോളനികളിൽ സ്ഥലപരിമിതി മൂലവും ഭൂമിയുടെ അമിതവിലയും കൊണ്ട് ഭൂമി ലഭ്യമല്ല. അതുകൊണ്ട് ഫ്ളാറ്റ് സമ്പ്രദായം ഏർപ്പെടുത്തുക.

10. ശങ്കരൻ പറമ്പ് കോളനിയുടെ പിൻഭാഗത്ത് മേജർ ഇറിഗേഷൻ വകുപ്പിനെ കൊണ്ട് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക.

11. പട്ടികജാതി കുടുംബങ്ങൾക്ക് ഓരോ വർഷവും വിവിധ ഗവൺമെൻറ് ഏജൻസികളിൽ നിന്ന് അനുവദിക്കുന്ന ഫലവൃക്ഷതൈകൾ ശരിയായ രീതി ഉപയോഗിച്ചു കാണുന്നില്ല. ആയതുകൊണ്ട് ആ പണം ഇവർക്കുതന്നെ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുക.

12 വീട് നിർമ്മിക്കുന്നതിന് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുക. വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് അനുവദിച്ച പട്ടികജാതി സങ്കേതങ്ങളിലെയും ലക്ഷംവീട് കോളനികളിലെയും വീടുകൾ റിപ്പയർ ചെയ്യുന്നതിന് ധനസഹായം അനുവദിക്കുക.

13. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൊതുകിണറുകൾ കുഴിക്കുകയോ പൈപ്പ് ലൈനുകൾസ്ഥാപിക്കുകയോ ചെയ്യുക. നിലവിലുള്ള കിണറുകൾ റിപ്പയർ ചെയ്യുക.

14. പട്ടികജാതി സഹകരണസംഘം രൂപീകരിക്കുക.

15. ബ്ലോക്കിൽ നിന്നം ട്രൈസം പദ്ധതിയിൽ പ്രിൻറിംഗ് ആൻറ് കമ്പോസിംഗ് ട്രേഡിൽ പരിശീലനം കിട്ടിയിട്ടുള്ള പെൺകുട്ടികൾക്ക് പ്രിൻറിംഗ് പ്രസ് തുടങ്ങുന്നതിന് സഹകരണ സംഘം മുഖേനയോ വനിതാ കോർപ്പറേഷൻ മുഖേനയോ സഹായം നൽകുക.

16. സ്കൂളിൽ പോകാത്ത കുട്ടികളെ തുടർന്ന് പഠിപ്പിക്കുന്നതിന് വേണ്ടി രക്ഷിതാക്കൾക്ക് ബോധവൽക്കരണക്യാമ്പ് നടത്തുകയും ഗ്രാമ പഞ്ചായത്ത് വേണ്ട ധനസഹായം നൽകുകയും ചെയ്യുക.

17. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത—ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുക.

18. പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് ഇന്ന് അനുവദിക്കുന്ന പെൻഷനുകൾക്ക് പ്രായപരിധിയിൽ ഇളവ് അനുവദിക്കുകയും വരുമാന പരിധി കാലോചിതമായി ഉയർത്തുകയും ചെയ്യുക.

19. വിവിധ ഗവ. ഏജൻസികൾ വീട്, കക്കൂസ് എന്നിവ അനുവദിക്കുമ്പോൾ കരാർ വെക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള 50 രൂപയുടെ മുദ്രപത്രം വേണമെന്നുള്ള നിബന്ധന ഒഴിവാക്കുക.

20. ബോധവൽക്കരണത്തിന് വേണ്ടി എല്ലാ

കോളനികളിലും ടി.വി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.

21. മില്ല്യൺ വെൽ പദ്ധതിയിൽ ജല സേചനത്തിന് വേണ്ടി കിണർ കുഴിക്കുന്നതിന് 10 സെൻറിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കളെ കൂടി പരിഗണിക്കുക.


22. ഈ വിഭാഗത്തിന് അനുവദിക്കുന്ന വായ്പകൾ ഉദ്ദേശിക്കുന്ന ലക്ഷ്യം നേടുന്നില്ല. ഈ വായ്പകൾ ഉപയോഗപ്പെടുത്തുന്നതിന് ഇവർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ദുരുപയോഗം തടയുന്നതിനു വേണ്ടി പ്രാദേശിക സർക്കാറുകൾ ആവശ്യമായ മൂല്യനിർണയം നടത്തുകയും ചെയ്യുക.

23. വീടില്ലാത്തവർക്ക് ഭൂമി നൽകിയോ, വാങ്ങിയോ വീട് നിർമ്മിച്ച് നൽകുക.

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവരെ കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്നുജോലി ചെയ്യുന്ന ജനങ്ങളും കടത്തിണ്ണകളിലും പുറമ്പോക്കുകളിലും കഴിഞ്ഞുകൂടുന്ന ജനങ്ങളെയും കാണപ്പെടുന്നുണ്ട്. ഇവർക്ക് ഭൂമി, പാർപ്പിടം, മറ്റ് ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കേണ്ടതാണ്.

സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള ഈ വിഭാഗങ്ങളുടെ എല്ലാ ക്ഷേമങ്ങളും നടപ്പിലാക്കിയാൽ മാത്രമേ നമ്മുടെ പഞ്ചായത്തിൻെറ എല്ലാ പിന്നോക്കാവസ്ഥയും ഒരു പരിധി വരെ മാറ്റിയെടുക്കാൻ കഴിയുകയുള്ളു. ഇതിനുവേണ്ടി നമുക്ക് എല്ലാവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാം.






**അദ്ധ്യായം 16**

# വിഭവ സമാഹരണം

നേടാനുള്ളവയെ സംബന്ധിച്ചും, നേടിയെടുത്തവയെ സംബന്ധിച്ചും ഉള്ള അവബോധം ഒരു പ്രദേശത്തിന്റ വികസന പരിപേക്ഷ്യത്തിന് അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ അധ്യായങ്ങളിലായി 18(പതിനെട്ട്) മുഖ്യവിഷയങ്ങളെപ്പറ്റി പ്രതിപാദിച്ചുകഴിഞ്ഞു. നമ്മുടെ പഞ്ചായത്തിന്റെ പൈതൃകവും വൈവിധ്യങ്ങളാൽ സമ്പന്നമായിരുന്ന ഭൂതകാലത്തെപ്പറ്റിയും നാം മനസ്സിലാക്കി. വർത്തമാനകാലം പ്രശ്ന കലുഷഷിതമാണ്. പരിഷ്കൃത സൂഹത്തിന്റെ ആവശ്യങ്ങൾ നിരവധിയാണ്. 12(പന്ത്രണ്ട്) വാർഡുകളിലെ ഗ്രാമസഭായോഗങ്ങളിൽ നിന്നുയർന്നുവന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ വിഭവസമാഹരണം നടത്തേണ്ടതുണ്ട്. നിലവിലുള്ള വരുമാന മാർഗ്ഗവും ചെലവും പുതിയ വരുമാന മാർഗ്ഗങ്ങളെപ്പറ്റിയുള്ള സാധ്യതകളും സജീവമായി ചർച്ചയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

**പഞ്ചായത്തിന്റെ 95-96ലെ വരവു ചെലവുകൾ താഴെ ചേർക്കുന്നു.**

പട്ടിക 1 (അവലംബം ഡാറ്റാ കളക്ഷൻ)

| വരവ് ഇനം | സംഖ്യ ക. | പ. | ചിലവ് ഇനം | സംഖ്യ ക. | പ. |
|---|---|---|---|---|---|
| കെട്ടിട നികുതി | 276051 | 60 | ഭരണം | 471025 | 55 |
| ലൈബ്രറി സെസ്സ് | 13779 | 95 | പൊതുമരാമത്ത് | 428666 | |
| തൊഴിൽ നികുതി | 63841 | | വിദ്യാഭ്യാസം | 12895 | 25 |
| വിനോദ നികുതി | 90227 | 85 | ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം, | 6740 | |
| അഡീഷണൽ വിനോദ നികുതി | 54136 | 95 | തെരുവു വിളക്ക് | 23821 | |

406

| | | | | |
|---|---|---|---|---|
| പ്രദർശന നികുതി | 2678 | | | |
| സർചാർജ് | 669.50 | | സ്വാശ്രയ ഗ്രാമപദ്ധതി | |
| ലൈസൻസി ഫീസ് | 9480 | 75 | തയ്യൽ മെഷീൻ, | |
| ചന്തവരവ് | 840 | | സൈക്കിൾ etc.......... | 526467 |
| വസ്തുകൈമാറ്റ നികുതി(75%) | 264349 | | ഡെപ്പോസിറ്ററീഫണ്ട് | 172808 |
| വസ്തുകൈമാറ്റ നികുതി(25%) | 56833 | | വസ്തുകൈമാറ്റ നികുതി | 264349 |
| മറ്റു വരവുകൾ | 332890 | | ലൈബ്രറി സെസ്സ് അടച്ചത് | 2366 |
| ഡിപ്പോസിറ്റ് | 92528 | | മറ്റുള്ളവ | 517110 |
| ആകെ | 1258306 | | ആകെ | 2161899.60 |

NB: വരവിൽ കവിഞ്ഞചെലവുകൾ നിർവ്വഹിച്ചത് സർക്കാരിൽ നിന്ന് കിട്ടിയ ഗ്രാന്റുകളിലൂടെയാണ്.

കഴിഞ്ഞ ആറുവർഷങ്ങളിൽ വരവിനങ്ങളിൽ പ്രധാനപ്പെട്ടവയിൽ വന്ന മാറ്റം താഴെ കൊടുത്ത കണക്കുകൾ സൂചിപ്പിക്കുന്നു.

**പട്ടിക 11**

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വിനോദനികുതി+ അഡീ:നികുതി | പ്രദർശന നികുതി | ലൈസൻസ് ഫീസ് | വസ്തു കൈമാറ്റ നികുതി |
|---|---|---|---|---|---|---|
| 90- 91 | 13043 | 55078 | 61313.85 | 1283.75 | 5975.05 | 3943.25 |
| 91-92 | 142169.35 | 63965 | 62533.60 | 1418.75 | 6668.10 | 4305.00 |
| 92-93 | 212586.60 | 68345 | 75975.75 | 1343.75 | 6057.20 | 6421.30 |
| 93-94 | 228378.90 | 80293 | 112481.90 | 2230 | 6574.95 | 6896.60 |
| 94-95 | 250890.35 | 102298 | 125258.60 | 3238 | 7245.20 | 7570.95 |
| 95-96 | 276051.60 | 63841 | 144364.80 | 3347.50 | 8726.95 | 13779.95 |

(അവലംബം സെക്കണ്ടറി ഡാറ്റാ)

കഴിഞ്ഞ 6 വർഷങ്ങളിൽ ചിലവിനങ്ങളിൽ പ്രധാനപ്പെട്ടവയിൽ വന്ന മാറ്റം താഴെ കൊടുക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നു.

**പട്ടിക 111**

| വർഷം | ശമ്പള ചിലവ് മെമ്പർമാർ | ശമ്പളം ജീവനക്കാർ | റോഡ്(റിപ്പയർ) | സ്വാശ്രയവർ പദ്ധതി ചിലവ് | റോഡ് വർക്സ് (അൺടൈഡ്) | കറന്റ് ചാർജ |
|---|---|---|---|---|---|---|
| 90-91 | 21271.50 | 212128.20 | 364467 | - | 244994.- | 13351 |
| 91-92 | 20539.00 | 238996.50 | 774418 | - | - | 14110.50 |
| 92-93 | 31598.75 | 293310.15 | 824582 | | 339840 | 17611.50 |
| 93-94 | 33498.90 | 290532 | 1650535.50 | | 511252 | 19097 |
| 94-95 | 32861.00 | 356342.05 | 262718.00 | 58974 | 225801 | 19048.00 |
| 95-96 | 62144 | 379125 | 6304 | 526467 | 895895 | 24295 |

കഴിഞ്ഞ 6 വർഷങ്ങളിൽ പഞ്ചായത്തിന് ലഭിച്ച JRY, SRV അൺടൈഡ് ഫണ്ട് എന്നിവയുടെ കണക്ക് താഴെ ചേർക്കുന്നു.

പട്ടിക No.IV

| വർഷം | ജവഹർ റോസ്ഗർ യോജന JRY | സ്വാശ്രയ ഗ്രാമ പദ്ധതി SRV | അൺടൈഡ് ഫണ്ട് |
|---|---|---|---|
| 90-91 | 32990 | - | 20000 |
| 91-92 | 334100 | | 210437 |
| 92-93 | 316600 | 100000 | 162600 |
| 93-94 | 408400 | 100000 | 229800 |
| 94-95 | 253661 | 250000 | 319500 |
| 95-96 | 135432 | 400000 | 328500 |

(അവലംബം സെക്കന്ററി ഡാറ്റ)

## ധനകാര്യ സ്ഥാപനങ്ങൾ

പഞ്ചായത്തു പരിധിയിൽ സ്ഥിതിചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. സൗത്ത്മലബാർ ഗ്രാമീൺ ബാങ്ക് ചമ്രവട്ടം
2. തൃപ്രങ്ങോട്ട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്
3. തിരൂർ അർബൻ കോ-ഓപറേറ്റീവ് ബാങ്ക് ആലത്തിയൂർ ശാഖ.

ഇവയുടെ 91-96 വർഷങ്ങളിലെ ഡിപ്പോസിറ്റ്/വായ്പാ കണക്കുകൾ പട്ടിക V ൽ കാണിച്ചിട്ടുണ്ട്.

പട്ടിക V

| വർഷം | സൗത്ത്മലബാർ ഗ്രാമീൺ ബാങ്ക് | | തൃപങ്ങോട്ട് സർവ്വീസ സഹകരണ ബാങ്ക് | | തിരൂർ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്. | |
|---|---|---|---|---|---|---|
| | നിക്ഷേപം | വായ്പ | നിക്ഷേപം | വായ്പ | നിക്ഷേപം | വായ്പ |
| 91-92 | നിക്ഷേപ കണക്കുകൾ ലഭിച്ചിട്ടില്ല | 5208795 | 4381869 | 2380621 | 9987166 | 6846940 |
| 92-93 | | 6698771 | 7675866 | 4510000 | 10617716 | 8699914 |
| 93-94 | | 6782567 | 15084410 | 6738710 | 13047737 | 11914656 |
| 94-95 | | 7640138 | 14079856 | 7146022 | 13061309 | 13752670 |
| 95-96 | | 7658557 | 17802315 | 7060100 | 15077293 | 16105125 |

(അവലംബം സെക്കണ്ടറി ഡാറ്റ)

16 3.

## അനൗപചാരിക വായ്പാ സ്ഥാപനങ്ങൾ

അനൗപചാരിക വായ്പാ സ്ഥാപനങ്ങൾ എന്ന നിലയിൽ അംഗീകൃതമല്ലാത്ത ഏതാനും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ ആവശ്യക്കാർക്ക് വീടുകളിൽ പണം എത്തിച്ചു കൊടുക്കുന്ന ഒരു വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നല്ലൊരു ശതമാനവും തമിഴ് നാട്ടുകാരാണ്. അമിതമായ പലിശ ഈടാക്കുന്ന ഇത്തരക്കാരെ ആശ്രയിക്കുന്നത് ഏറിയ കൂറും സാധാരണ തൊഴിലാളികളാണ്. സ്വർണ്ണ പണ്ടത്തിന്മേലും വാഹനങ്ങളുടെ RCയുടേയും ഈടിന്മേൽ പണം പലിശയ്ക്കു കൊടുക്കുന്ന പരസ്യവും രഹസ്യവുമായി പ്രവർത്തിക്കുന്ന സംഘങ്ങളുമുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഇടപാടുകാരുമായി വഴക്കു വാക്കേറ്റവും ഒരു നിത്യക്കാഴ്ചയാണ്.

## 16-4 ഗൾഫ് മേഖലകളിൽ ജോലിചെയ്യുന്നവരിൽ നിന്നുള്ള വിഭവ സമാഹരണം.

ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നവരുടെ എണ്ണം കൃത്യമായി ശേഖരിച്ചിട്ടില്ല. 1000ൽ അധികം ആളുകൾ ഉണ്ടാവണം. ഇവർ വഴി ഇവിടെ എത്തുന്ന വിദേശപണം റിയൽ എസ്റ്റേറ്ററി(വസ്തുകൈമാറ്റം)നാണ് വ്യാപകമായും ഉപയോഗിക്കുന്നത്. തുടർന്ന് മനോഹരമായ വീടുകളും കെട്ടിടങ്ങളും ഉണ്ടാക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. കുവൈത്ത് യുദ്ധത്തെതുടർന്ന് നാട്ടിലെത്തിയ ഏതാനും പേർ ചേർന്ന് ആരംഭിച്ച ആലത്തിയൂരിലെ യുണൈറ്റഡ് റബ്ബർ വർക്സ് എന്ന സ്ഥാപനം, ചമ്രവട്ടത്തെ വിശ്വകർമ്മ ഫർണ്ണീച്ചർ മുതലായവയാണ് ഗൾഫ് കുടിയേറ്റത്തിന്റെ സ്വാധീനഫലമായി ഇവിടെ ആരംഭിച്ച എടുത്ത് പറയത്തക്ക സ്ഥാപനങ്ങൾ. 1960കളിലാണ് ഗൾഫ് കുടിയേറ്റം ആരംഭിക്കുന്നത്. അതിനുമുമ്പ് മലേഷ്യാ, സിംങ്കപ്പൂർ, സിലോൺ എന്നീ രാജ്യങ്ങളിലേക്ക് തൊഴിൽ ആവശ്യാർത്ഥം ആളുകൾ പോയിരുന്നു.

പള്ളികൾ, മദ്രസകൾ, ക്ഷേത്രങ്ങൾ തുടങ്ങിയവയുടെ സംരക്ഷണത്തിനും മറ്റു സാമുദായിക ആവശ്യങ്ങൾക്കുമായി ഇവർ ഉദാരമായി സംഭാവന നൽകാറുണ്ട്. പൊതു ആവശ്യങ്ങളിൽ കൂടുതൽ തുകമുടക്കിയത് റോഡ് നിർമ്മാണത്തിനാണ്. മറ്റ് വ്യാവസായിക കാർഷിക മേഖലകളിൽ ഇവരുടെ സംഭാവന തുലോം കുറവാണ്.

ഗൾഫ് കുടിയേറ്റം വഴി ഇവിടെ എത്തുന്ന വിദേശപണം കാർഷിക വ്യാവസായിക മേഖലകളിലേക്ക് തിരിച്ച് വിടാനുള്ള വിപുലമായ സാധ്യതകളാണുള്ളത്. ആവശ്യമായ പ്രോജക്റ്റുകൾ തയ്യാറാക്കി സ്വന്തം നിലക്കും ഗ്രൂപ്പടിസ്ഥാനത്തിലും സഹകരണാടിസ്ഥാനത്തിലും പുതിയ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

## 16-5 സംഭാവനകൾ/ശ്രമദാനം

സംഭാവനകളുടെയും സന്നദ്ധ പ്രവർത്തനങ്ങളുടേയും അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എടുത്ത് പറയത്തക്ക പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. തണ്ടില്ലാക്കര, വെള്ളാമശ്ശേരി, പരപ്പേരി, കൈമലശ്ശേരി, പൊറ്റോടി, പൊയിലിശ്ശേരി, എന്നിവിടങ്ങളിലെ അംഗൺവാടികൾ ICDS വിഹിതത്തിനു പുറമെ ബാക്കി സംഭാവനയിലൂടെയും സന്നദ്ധപ്രവർത്തനങ്ങളിലൂടെയും സ്വരൂപിച്ച് ഉണ്ടാക്കിയവയാണ്. ആലത്തിയൂർ നവജീവൻ ഗ്രന്ഥാലയത്തിന്റെ സ്ഥലം സംഭാവനയായും കെട്ടിടം പൂർണമായും ജനപങ്കാളിത്തത്തോടെയും നിർമ്മിച്ചതാണ്. സന്നദ്ധ പ്രവർത്തനം വഴി വിവിധ വാർഡുകളിൽ കുറേ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ആലത്തിയൂർ ഹൈസ്കൂൾ, പി.ടി.എ നിർദ്ധനരായ നൂറോളം കുട്ടികൾക്ക് കഴിഞ്ഞ 3 വർഷമായി സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നുണ്ട്. പെരുന്തല്ലൂർ എ.വി.എൽ.പി.സ്കൂൾ കഴിഞ്ഞ വർഷം 22 കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്തു. പൂഴി

ക്കുന്ന് വി. വി. എൽ. പി സ്ക്കൂൾ PTA ഒരു കെട്ടിടം പ്ലാസ്റ്റർ ചെയ്യുകയും കിണർ ആൾമറകെട്ടി വൃത്തിയാക്കുകയും ചെയ്തു. പരപ്പേരി B.E.M.U.P. സ്ക്കൂൾ PTA കഴിഞ്ഞവർഷം ഒരു യൂറിൻ ഷെഡ് നിർമ്മിച്ചു. ചമ്രവട്ടം G.U.P സ്ക്കൂൾ PTA ഒരു ക്ലാസ്സുമുറിയുടെ സൗകര്യത്തോടുകൂടിയ സ്റ്റേജ് നിർമ്മിച്ചു. ശ്രദ്ധിച്ചാൽ സ്ക്കൂൾ PTA കൾക്ക് കൂടുതൽ കാര്യങ്ങൾ ഈ രംഗത്ത് ചെയ്യാനാവും.

## 16 – 6. പ്രശ്നങ്ങൾ

1. ഭരണചിലവിലെ വർദ്ധനവ് :– ജീവനക്കാരുടെ ശമ്പളത്തിൽ ആനുപാതികമായും മെമ്പർമാരുടെ ശമ്പളത്തിൽ 100%വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വർദ്ധനവുകൾ കാലാകാലം ഗവർമെണ്ട് നടപ്പാക്കിയ ശമ്പള പരിഷ്കരണംമൂലം വന്നതാണ്. വരുമാനത്തിൽ കാര്യമായ വർദ്ധനവില്ലാതെ ഭരണ ചിലവിൽ ഉണ്ടായ വർദ്ധനവ് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്.

2. പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണമായും കൺവീനർ വർക്കോ കോൺട്രാക്റ്റ് വർക്കോ ആണ്. നിർമാണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 110%വരെ വർദ്ധനവ് കോൺട്രാക്റ്റർമാർക്ക് അനുവദിച്ച് കൊടുക്കാറുണ്ട്. എസ്റ്റിമേറ്റ് തുകയിൽ വരുന്ന ഈ വ്യത്യാസവും കോൺട്രാക്റ്റർമാർ എടുക്കുന്ന ലാഭവും വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നു.

3. ധനകാര്യ സ്ഥാപനങ്ങളിൽ വായ്പ ലഭിക്കാനുള്ള സൗകര്യം കുറവാണ്.

4. ബാങ്കുകളുടെ നിലവിലുള്ള നിയമം അനുവദിക്കാത്തതിനാൽ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് സ്കീമുകൾ തയ്യാറാക്കുന്നതിന് അസൗകര്യങ്ങൾ നേരിടുന്നു.

5. സന്നദ്ധ പ്രവർത്തനങ്ങൾക്കായുള്ള ആസൂത്രണകുറവ് നിമിത്തം നിരവധി സന്നദ്ധ സംഘടനകളും മനുഷ്യവിഭവ ശേഷിയും ഉണ്ടെങ്കിലും അത് ഒരു പൊതു കാര്യത്തിനായി വഴിതിരിച്ച് വിടാനും സാധിക്കുന്നില്ല.

6. പഞ്ചായത്തിലെ വരവ് ചിലവുകളെ പറ്റിയും വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന വികസന പ്രവർത്തന പ്രവർത്തനങ്ങളെ സംബന്ധിച്ചും പൊതുജനങ്ങൾക്ക് വേണ്ടത്ര ധാരണ ഇല്ലാത്തത് ഒരു പ്രശ്നമാണ്.

7. ശമ്പളത്തിനും മറ്റും ഉപയോഗിക്കുന്ന എസ്റ്റാബ്ളിഷ്മെന്റ് ഗ്രാന്റ് വർഷങ്ങളായി പഞ്ചായത്തിന് ലഭിക്കുന്നില്ല. 1993–94 വരെ മണൽ ലേലം ചെയ്യാനുള്ള അധികാരം പഞ്ചായത്തിനായിരുന്നു. ഒരു ലോഡിനു 2.50 രൂപ ഉണ്ടായിരുന്ന സമയത്ത് 93–94ൽ 2,45,101 രൂപക്കാണ് മണൽ ലേലം ചെയ്തത്. എന്നാൽ റവന്യൂ ബോർഡ് ഏറ്റെടുത്ത് 94–95 വർഷത്തിൽ ലോഡിന് 5രൂപയാക്കി ഉയർത്തിയിട്ടും ഈ ഇനത്തിൽ പഞ്ചായത്തിന് 1,44,150 രൂപയാണ് ലഭിച്ചത്. മുൻവർഷത്തേക്കാൾ 100951 രൂപ കുറവാണ്.

## 16–7. സാധ്യതകളും നിർദ്ദേശങ്ങളും

1. കഴിഞ്ഞ 15 വർഷമായി നികുതി പിരിവ് 100%വും പൂർത്തിയാക്കുന്ന അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നാണിത്. നികുതി പിരിവിലെ ഈ കാര്യക്ഷമത നില നിർത്തേണ്ടതാണ്.

2. പഞ്ചായത്തിന് വർഷങ്ങളായി ലഭിക്കാതിരുന്ന എസ്റ്റാബ്ളിഷ്മെന്റ് ഗ്രാന്റ് ലഭിക്കുകയാണെങ്കിൽ ഭരണ ചെലവുകൾക്ക് ഉപയോഗിക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്ക് ചിലവഴിക്കാവുന്നതാണ്.

അതിനായി ഗവൺ മെന്റ് തലത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

3. പഞ്ചായത്തിന്റെ പ്രധാന വരുമാനങ്ങളിലൊന്നായ മണൽ ലേലം പഞ്ചായത്ത് നേരിട്ടാണ് നടത്തിയിരുന്നത്. 1994-95മുതൽ റവന്യൂ വകുപ്പാണ് ലേലം നടത്തുന്നത്. ലേലതുക പഞ്ചായത്തിന് കിട്ടുന്നുവെങ്കിലും പഞ്ചായത്ത് നേരിട്ട് ലേലം ചെയ്തിരുന്നതിനേക്കാൾ കുറവാണ് ഇപ്പോൾ കിട്ടുന്ന തുക. ആയതിനാൽ ലേലം ചെയ്യാനുള്ള അധികാരം പഞ്ചായത്തിന് തന്നെ കൈമാറേണ്ടതാണ്

4. ആലത്തിയൂർ, ചമ്രവട്ടം, ആലിങ്ങൽ, ബീരാൻ ചിറ തുടങ്ങിയ സ്ഥലങ്ങളിലെങ്കിലും മോട്ടോർ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി പാർക്കിംഗ് നികുതി ഈടാക്കാവുന്നതാണ്.

5. ഭൂ നികുതി, സ്റ്റാംപ് ഡ്യൂട്ടി തുടങ്ങിയ ഇനത്തിൽ നിന്ന് പഞ്ചായത്തിന് ലഭിക്കുന്ന വിഹിതം വർദ്ധിപ്പിക്കുകയും അത് കൃത്യസമയത്ത് തന്നെ പഞ്ചായത്തിൽ എത്തുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുകയും വേണം.

6. ആർഭാട വിവാഹങ്ങൾക്ക് ഒരു നിശ്ചിത നികുതി ഏർപ്പെടുത്താവുന്നതാണ്.

7. ചെറിയ പറപ്പൂർ കായലിലെ മത്സ്യലേലം വഴി പഞ്ചായത്തിന് ലഭിക്കുന്നത് തുച്ഛമായ സംഖ്യയാണ്. തദ്ദേശീയരായ ആളുകളുടെ സഹകരണത്തോടെ ആവശ്യമായ പ്രചരണം കൊടുത്ത് ലേലം ചെയ്താൽ ഇപ്പോൾ ലഭിക്കുന്നതിന്റെ 10 ഇരട്ടി വരുമാനമെങ്കിലും പഞ്ചായത്തിന് ലഭിക്കും. എന്നാൽ പുറമെ നിന്നൊരാൾ ലേലം വിളിച്ചാൽ മത്സ്യങ്ങൾ നഷ്ടപ്പെടുന്നില്ല എന്നുറപ്പ് വരുത്തുകയും അതിന് ആവശ്യമായ സംരക്ഷണം നൽകുകയും വേണം.

8. പഞ്ചായത്തതൃത്തിയിൽ സ്ഥാപിക്കുന്ന വൻകിട സ്ഥാപനങ്ങളുടെ പരസ്യബോർഡുകൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

9. കളക്ഷൻ ടൂർണമെന്റുകൾ ടിക്കറ്റ്വെച്ചുള്ള മറ്റ് പ്രദർശനങ്ങൾ എന്നിവക്ക് എന്റർടൈൻമെന്റ് (വിനോദ നികുതി) ടാക്സ് ഈടാക്കാവുന്നതാണ്.

10. നിലവിലുള്ള എല്ലാ നികുതികളിലും കാലോചിതമായ വർദ്ധനവ് ഏർപ്പെടുത്താവുന്നതാണ്.


11. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിച്ചാൽ പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

12. വിഭവ സമാഹരണത്തിന്റെ ശ്രദ്ധേയമായ പരിഗണന നൽകേണ്ടത് സന്നദ്ധപ്രവർത്തനങ്ങളുടെ ഉപയോഗപ്പെടുത്തലിനാണ്. സന്നദ്ധ സംഘടനകളുടെയും സന്നദ്ധപ്രവർത്തകരുടെയും സേവനം ഉപയോഗപ്പെടുത്താൻ ആവശ്യമായ പൊതുവേദികൾ ഉണ്ടാക്കുകയും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതുമാണ്.

13. അഭ്യസ്ത വിദ്യർ, സാങ്കേതിക വിദഗ്ധർ ഇതര മേഖലകളിൽ വൈദഗ്ധ്യം നേടിയവർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

14. മാർക്കറ്റുകളും ഷോപ്പിംഗ് കോപ്ളക്സുകളും ഉണ്ടാക്കി ലേലം ചെയ്ത് പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന നിർദേശങ്ങളാണ് സൂചിപ്പിച്ചത് ആവശ്യമായ ചർച്ച നടത്തി നിർദ്ദേശങ്ങൾക്ക് മൂർത്തമായ രൂപം നൽകേണ്ടതുണ്ട്.




അധ്യായം - 17

# ടൂറിസം

ടൂറിസം ഇന്ന് ലോക വ്യാപകമായ ഒരു പ്രതിഭാസമാണ്. കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ അതു വലിയൊരു വ്യവസായമായി തന്നെ വളർന്നിട്ടുണ്ട്. യാത്രാ സൗകര്യങ്ങളിൽ വന്ന പുരോഗതിയാണ് ഒരു കാരണം. സമ്പന്നരാജ്യങ്ങളിലുള്ളവർക്ക് മറ്റുരാജ്യങ്ങൾകാണുവാനും അവയെപ്പറ്റി പഠിക്കുവാനും ഉത്സുകത വന്നത് മറ്റൊരു കാരണമാണ്. വാണിജ്യരംഗത്തു വിപുലമായ ഒരു ആഗോള കമ്പോളം വന്നതോടുകൂടി ബിസിനസ്സ് ആവശ്യങ്ങൾക്ക് യാത്ര ചെയ്യുന്നവരുമേറേയുണ്ട്. ടൂറിസം അടിസ്ഥാനപ്പെടുത്തി എല്ലാരാജ്യങ്ങളിലും വലിയ തോതിൽ ഹോട്ടൽ, ട്രാവൽ വവസായം വളർന്നിട്ടുണ്ട്. ഇന്ത്യയിൽ ഈ രംഗത്ത് കാര്യമായ വളർച്ചയുണ്ടായിട്ടുണ്ട്. കേരളത്തിലും ഒരു ടൂറിസ്റ്റ് വ്യവസായ ശൃംഘല വളർന്നു വരുന്നുണ്ട്.

ടൂറിസത്തെ രണ്ടായി തരം തിരിക്കാം. ആദ്യത്തേത് വിദേശ സഞ്ചാരികളെ ഉദ്ധേശിച്ചുള്ളതും, രണ്ടാമത്തേത് രാജ്യത്തുനുള്ളിലുള്ള സഞ്ചാരികളെ ഉദ്ധേശിച്ചുള്ളതുമാണ്. തൃപ്രങ്ങോട് പഞ്ചായത്തിൽ വിദേശികളെ ആകർഷിക്കത്തക്ക സ്ഥലങ്ങളോ സ്ഥാപനങ്ങളോ ഇല്ലെന്ന് തന്നെ പറയാം. എന്നാൽ ഈ പഞ്ചായത്തിൽ പ്രാദേശിക ടൂറിസത്തിനുള്ള സാധ്യതകൾ ഏറെയാണ്.


ഭാരതപ്പുഴയുടെ തീരത്ത് കിടക്കുന്ന ഈ പഞ്ചായത്തിൽ നാല് പ്രസിദ്ധ ക്ഷേത്രങ്ങൾ ഉണ്ട്.

1. തൃപ്രങ്ങോട് ശിവക്ഷേത്രം (2)ചമ്രവട്ടം അയ്യപ്പക്ഷേത്രം (3) ഹനുമാൻ കാവ് (ആലത്തിയൂർ പ്രരും തൃക്കോവിൽ (4) ഗരുഡൻ കാവ് എന്നിവ സ്ഥിതി ചെയ്യുന്നു. മാമാങ്കത്തിന് പ്രസിദ്ധമായ തിരുന്നാവായയും അവിടെയുള്ള നാവാമുകുന്ദ ക്ഷേത്രവും തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നു. ഈ അഞ്ചു ക്ഷേത്രങ്ങളെ ഉൾപ്പെടുത്തികൊണ്ട് ഈ പ്രദേശത്തെമുഴുവനും വലിയൊരു തീർത്ഥാടന കേന്ദ്രമാക്കി മാറ്റാവുന്നതാണ്. ഇപ്പോൾ തന്നെ ധാരാളം ഭക്തജനങ്ങൾ ഈ ക്ഷേത്രങ്ങളിൽ പ്രതിദിനം വന്നുപോകുന്നു. മണ്ഡലകാലത്ത് എല്ലാ ഞായറാഴ്ചയും ഗരുഡൻകാവിലും ചമ്രവട്ടത്തും ആയിരക്കണക്കിന് തീർത്ഥാടകർ വരുന്നുണ്ട്. ഈ കാലത്ത് രണ്ടു സ്ഥലത്തും വൻ ഭക്തജനതിരക്കാണ് തിരക്കാണ്. തീർത്ഥാടനം അഭിവൃദ്ധിപ്പെടുത്താൻ ആവശ്യമായ രണ്ടുകാര്യങ്ങൾ യാത്രാ സൗകര്യം, താമസ സൗകര്യവുമാണ്.

എല്ലാ ക്ഷേത്രങ്ങളുടേയും അടുത്തു വരെ ഇപ്പോൾ റോഡുകളുണ്ട്. എന്നാൽ ചമ്രവട്ടം, തിരുന്നാവായ റൂട്ടുകളിലൊഴികെ ബസ്സുകൾ കുറവാണ്. തിരൂരിൽ നിന്ന് തൃപ്രങ്ങോട്ടേക്കും ഹനുമാൻ കാവിലേക്കും ഗരുഡൻകാവിലേക്കും കൂടുതൽ ബസ്സുകൾ ഓടിക്കുകയാണെങ്കിൽ തീർത്ഥാടകർക്ക് സൗകര്യപ്രദമാകും. ഇതിന് വേണ്ട ശ്രമങ്ങൾ പഞ്ചായത്ത് സമിതി നടത്തേണ്ടതാണ്.

തീർത്ഥാടകർ നേരിടുന്ന മറ്റൊരു പ്രശ്നം തീർത്ഥാടനകേന്ദ്രത്തോടനുബന്ധിച്ച് താമസസൗകര്യങ്ങൾ ഇല്ലാത്തതാണ്. തൃപ്രങ്ങോട് ഹനുമാൻകാവ്, ഗരുഡൻകാവ്, ചമ്രവട്ടം എന്നിവിടങ്ങളിൽ ലോഡ്ജുകളും ഹോട്ടലുകളും വരുകയാണെങ്കിൽ തീർത്ഥാടനത്തിന് പ്രോത്സാഹകരമാകും. ദേവസ്വങ്ങളും പണമുള്ള വ്യക്തികളും ഈ രംഗത്തിറങ്ങേണ്ടതാണ്. പഞ്ചായത്ത് സമിതിയും കേരള ടൂറിസം വികസന കോർപ്പറേഷനും (കെ.ടി.ഡി.സി) വേണ്ട സഹായങ്ങൾ ചെയ്യണം.

ചമ്രവട്ടത്ത് ഭാരപ്പുഴയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് വരുകയാണെങ്കിൽ ടൂറിസത്തിനുള്ള സാധ്യതകൾ വളരെയധികം വർദ്ധിക്കും. ഈ പഞ്ചായത്ത്പ്രദേശങ്ങൾ മുഴുവനും ഒരു പ്രധാന റൂട്ടിൽ വന്നുചേരും. കൂടാതെ സഞ്ചാരികളെ ആകർഷിക്കാൻ ജലസഞ്ചാരം മുതലായ വിനോദങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാം. ഈ പഞ്ചായത്തിന്റെ സർവ്വോൻമുഖമായ പുരോഗതിക്ക് മേൽപ്പറഞ്ഞ പദ്ധതി വളരെ പെട്ടെന്നുതന്നെ നടപ്പാക്കേണ്ടതാണ്.



"ഗ്രാമത്തിന്റെ തുടിപ്പുക

ളെല്ലാം നാമറിയുന്നൊ

രു നേരം നമ്മുടെ കാ

ര്യം നമ്മുടെ കയ്യിൽ

സുഭദ്രമാകും കാലം"




അധ്യായം - 18

# ഉപസംഹാരം

ഇന്ന് നിലവിലുള്ള വികസനസമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. വികസനം ഡിപ്പാർട്ട്മെൻറുകളുടെ വികസേനതര താൽപ്പര്യങ്ങളിൽ കുരുങ്ങിക്കിടകക്ന്ന ഇന്നത്തെ നില മാറിേയ തീരൂ. അഴിമതിയിൽനിന്ന് വികസനരംഗം വിമോചിപ്പിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും വളർത്തി വികസനം ഊർജ്ജസ്വലമാക്കുകയാണ് ഇതിനുള്ള മാർഗ്ഗം.

ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ് പദ്ധതികൾ നടപ്പിലാക്കുമ്പോൾ വസ്തുനിഷ്ടമായ സമീപനം പ്രായോഗികമാക്കണം.

സാമൂഹ്യ-രാഷ്ട്രീയരംഗത്തുള്ള എല്ലാതർക്കങ്ങൾക്കും പരിഹാരമായി പ്രശ്നങ്ങളെഅതർഹിക്കുന്ന വിധത്തിൽ വിലയിരുത്തുകയും തെളിവിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും ചെയ്താൽ തർക്കവിത ർക്കങ്ങൾ ഇല്ലാതാവുകയും ഐക്യം വളർന്നുവരുകയും ചെയ്യും.

ഫണ്ടില്ലാതെ ഒരു വികസനവും സാധ്യമല്ലാത്തതുകൊണ്ട് തന്നെ ഫണ്ട് സമാഹരണത്തിന് സർക്കരേതര ഏജൻസികളെ കണ്ടെത്തുകയും ഫണ്ട് സമാഹരിക്കേണ്ടതുമാണ്.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പേടുത്തി പ്രായോഗികബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. സർക്കാരേതര ഏജൻസികളിൽനിന്ന് പരമാവധിഫണ്ട് ശേഖരിക്കാനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾ പഠിച്ചപോജക്ടുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ധസംഘം സ്ഥിരമായി പ്രവർത്തിക്കേണ്ടതാണ്.

ആസൂത്രണ അടിത്തട്ടിൽനിന്ന് മേലോട്ടാവുന്നത് മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നേടാവു ന്നത്. ജനകീയസൂത്രണം ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ദ്രുതഗതിയിൽ ഫലപ്രദമായി നടപ്പിലാക്കാനുള്ള ഒരു സാമൂഹ്യായുധമാണ്.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്ര വികസന രേഖ വികസനസെമിനാറിനുമുമ്പാകെ വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്ക്കരണത്തിനും വേണ്ടി സമർപ്പിക്കുന്നു

# തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തു

## പ്രവർത്തന രേഖ

1995 സപ്തംബർ 25 ന് നടന്ന തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| വാർഡ് നമ്പർ | മെമ്പറുടെ പേര് |
|---|---|
| I | സി.കുട്ടൻ |
| II | കെ.ശരീഫ |
| III | വി.ടി.മേരി |
| IV | പി.വി.ഗോപാലകൃഷ്ണൻ |
| V | വി.സുഹറാബി |
| VI | ഇ.മുയ്തീൻകുട്ടി |
| VII | പി.അബൂബക്കർ സിദ്ധിഖ് |
| VIII | എം.കുഞ്ഞാലി |
| IX | എ.ദേവയാനി |
| X | എ.അലികുട്ടി |
| XI | കെ.കെ.സൈദലവി എന്ന ബാവ |
| XII | കെ.കുഞ്ഞുമുഹമ്മദ് |

1995 ഒക്ടോബർ 4ന് ചേർന്ന മെമ്പർമാരുടെ ആദ്യ യോഗത്തിൽ വെച്ച് ശ്രീ.എ.അലിക്കുട്ടിയെ പ്രസിഡൻറായും, പി.അബൂബക്കർ സിദ്ധിഖിനെ വൈസ് പ്രസിഡൻറായും തിരഞ്ഞെടുത്തു.

1996 ഫിബ്രവരി 6 ന് സ്ററാൻറിംഗ് കമ്മിററി ചെയർമാനായി ശ്രീ.സി.കുട്ടനെ തിരഞ്ഞെടുത്തു.

1996-97 വർഷത്തിലിതുവരെയായി നടത്തിയ ചില പ്രധാന പ്രവർത്തനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

1. 400 നിർധന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിച്ചു.

6. ഐ.എ.വൈ. പദ്ധതി പ്രകാരം പട്ടികജാതി ഒഴികെയുള്ള മററു വിഭാഗത്തിൽ നിന്നു 5 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായ് 22,000 രൂപ വീതം അനുവദിച്ചു.

7. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ആലത്തിയൂർ കെ.എച്ച്.എം.എച്ച്.എസിൽ 1995-96 വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏററവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടിക്ക് 500 രൂപയും മുസ്ലീം പെൺകുട്ടി, പട്ടികജാതി എന്നീ വിഭാഗങ്ങളിൽ നിന്ന് കൂടുതൽ മാർക്ക് വാങ്ങിയ ഓരോ കുട്ടിക്കും 400 രൂപ വീതവും പഞ്ചായത്തിലെ യു.പി.സ്കൂളിൽ നിന്നും 7ാം തരത്തിൽ നിന്ന് ഏററവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന ഓരോ കുട്ടിക്കും 250 രൂപ വീതവും സ്കോളർഷിപ്പ് നൽകുകയുണ്ടായി.

1996-97 ലെ ബഡ്ജററ് അനുസരിച്ച് വിവിധ കാര്യങ്ങൾക്കായി ഉൾപ്പെടുത്തിയ പ്രതീക്ഷിത ചെലവുകൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | കണക്കിനം | തുക |
|---|---|---|
| 1 | നടത്തിപ്പും പിരിവും | 1105200.00 |
| 2 | പൊതു മരാമത്ത് | 3133700.00 |
| 3 | വിദ്യാഭ്യാസം | 401000.00 |
| 4 | ജലവിതരണവും ഡ്രെയിനേജും | 155000.00 |
| 5 | പൊതുജനാരോഗ്യം | 1303000.00 |
| 6 | മൃഗപരിപാലനം | 110000.00 |
| 7 | സാമൂഹ്യക്ഷേമം | 183000.00 |
| 8 | മത്സ്യബന്ധനം | 121000.00 |
| 9 | വിളക്ക് വെയ്ക്കൽ | 200000.00 |
| 10 | കൃഷി | 270000.00 |
| 11 | ദാരിദ്ര നിർമ്മാർജ്ജനവും ഗ്രാമീണവികസനവും | 110000.00 |
| 12 | സാംസ്ക്കാരിക കാര്യങ്ങൾ | 10000.00 |
| 13 | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 100000.00 |
| 14 | മററു ചിലവുകൾ | 301000.00 |
| 15 | കടയിനം സംബന്ധിച്ച കണക്ക് | 157000.00 |

H10

## ജനകീയാസൂത്രണം

ജില്ലാതല ശില്പശാല - 1996 സപ്തംബർ 12-13-14- തിയ്യതികളിൽ തിരൂർ ഡയററിൽ നടന്ന് 1-ാം ഘട്ട പരിശീലന ക്ലാസ്സിൽ - 1996 ഒക്ടോബർ 26,27,28 തിയ്യതികളിലായി തിരൂർ ബോയ്സ് ഹൈസ്കൂളിൽ നടന്ന രണ്ടാംഘട്ട പരിശീലന ക്ലാസ്സിലുമായ് നമ്മുടെ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ശ്രീമാൻമാർ ആർ.മുഹമ്മദ് മാസ്ററർ, എ.ശിവദാസ്, കെ.നാരായണൻ മാസ്ററർ, അബൂട്ടിഹാജി, സി.മുസ്തഫ, വി.കെ.ഉമ്മർ. വി.കെ.എൻ.നമ്പൂതിരി, അബ്ദുൾ ഫാറൂഖ്, (പി.ഉണ്ണികൃഷ്ണൻ നായർ, കെ.കുട്ടി ആലി മാസ്ററർ, കെ.അലിക്കുഞ്ഞി മാസ്ററർ (രണ്ടാംഘട്ടം മാത്രം), എ.അലികുട്ടി (പ്രസിഡൻറ്). പി.അബൂബക്കർ സിദ്ധിഖ് (വൈസ് പ്രസിഡൻറ്), സി.പി.ഉഷ (പഞ്ചായത്തു സെക്രട്ടറി) എന്നിവർ ഡി.ആർ.പി.മാരായി പങ്കെടുക്കുകയുണ്ടായി. പഞ്ചായത്തു ഡി.ആർ.പി. കൺവീനർ ആയി ആർ.മുഹമ്മദ് മാസ്ററെ തിരഞ്ഞെടുത്തു.

**പഞ്ചായത്തുതല ശില്പശാല**

1996 സപ്തംബർ 17 ന് ആലത്തിയൂർ ടി.ഐ.എം.എൽ.പി.സ്കൂളിൽ നടന്ന 1-ാം ഘട്ട പരിശീലന ക്ലാസ്സിൽ 108 പേരും 31.10.96 ന് പരപ്പേരി ബി.ഇ.എം.യു.പി. സ്കൂളിൽ നടന്ന രണ്ടാംഘട്ട പരിശീൽന ക്ലാസ്സിൽ 67 പേരും (സി.ആർ.പി.മാരായി പങ്കെടുത്തു.)

**വിശേഷാൽ ഗ്രാമസഭകൾ**

സപ്തംബർ 21 ന് 1.7.12 വാർഡുകളിലും സപ്തംബർ 22 ന് 2,3, വാർഡ്. സപ്തംബർ 28 ന് 8,9,10 വാർഡുകളിലും സപ്തംബർ 29 ന് 4,5,6,11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ നടക്കുകയുണ്ടായി. എല്ലാ ഗ്രാമസഭകളിലും കൂടി 1937 പേർ പങ്കെടുക്കുണ്ടായി.

ജനങ്ങളിൽ വളരെയേറെ പ്രതീക്ഷകളുണ്ടാക്കിയ ഗ്രാമസഭായോഗങ്ങൾ സംഘാടകർക്ക് സംതൃപ്തി നൽകുന്നതായിരുന്നു.

ഗ്രാമസഭായോഗങ്ങൾക്ക് ശേഷം ഡി.ആർ.പി.മാരുടെയും വാർഡ് മെമ്പർമാരുടെയു യോഗം ചേർന്നുഗ്രാമസഭകളെക്കുറിച്ച് അവലോകനം നടത്തി ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരണം നടത്തുകയും ചെയ്തു.

**ഉദ്യോഗസ്ഥയോഗം**

സെക്കൻററി ഡാററാ ലഭ്യമാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്ന കോർ ഗ്രൂപ്പ്രൂപീകരിക്കുന്നതിനും വേണ്ടി പഞ്ചായത്ത് പ്രദേശത്തെ ഉദ്യോഗസ്ഥരുടെയും ഡി.ആർ.പി. മെമ്പരമാരുടെയും യോഗം ചേർന്നു. 2.11.96 മുതൽ 4 ഗ്രൂപ്പുകളായ പഠനപര്യടനം 4 ദിവസങ്ങളായി നടത്തുകയുണ്ടായി.

15.11.96 ന് ഉദ്യോഗസ്ഥരുടെ യോഗം ഗ്രൂപ്പു കൺവീനർമാരെ പി.ഡബ്ളിയു.ഡി വകുപ്പ് ഒഴികെയുളള ആഫീസ് മേധാവികളെയും സംബന്ധിച്ചിരുന്നു. ജനകീയാസൂത്രണം സംബന്ധിച്ച് അവരുടെ പ്രതികരണം ആശാവഹമായിരുന്നു. 23 ന് നടക്കുന്ന പഞ്ചായത്തു വികസന സെമിനാറിൻെറ വിജയത്തിനായി 101 അംഗ സ്വാഗത സംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു.

രാഷ്ട്രീയം മറന്നു എല്ലാ വിഷയങ്ങളെ സംബന്ധിച്ചും കൂടിയാലോചനകൾ .നടത്തി ഏകകണ്ഠമായ തീരുമാനമെടുക്കുന്ന ഒരു ഭരണ സമിതിയാണ് നമ്മുടെ പഞ്ചായത്തിനുളളത്. അതുകൊണ്ട് തന്നെ 9-ാം പദ്ധതി തികച്ചും ജനകീയ പദ്ധതിയാക്കാൻ നമുക്കു കഴിയുമെന്ന കാര്യത്തിൽ പഞ്ചായത്തു ഭരണ സമിതിയംഗങ്ങൾക്കും ,ജീവനക്കാർക്കും, ജനകീയാസൂത്രണമായി ബന്ധപ്പെട്ടു നിരന്തരമായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന സേവന സന്നദ്ധരായ പ്രവർത്തകർക്കും ഉത്തമ വിശ്വാസമുണ്ട്.

**'' വരൂ നമുക്ക് കൈ കോർത്തു ഒത്തു ചേർന്നു പ്രവർത്തിക്കാം. വിജയം കൊയ്തെടുക്കാം.''**

**എ.അലികുട്ടി**
പ്രസിഡൻറ്
തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

# തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത്

(ജനകീയാസൂത്രണം)

# സമഗ്ര വികസനരേഖ

## അനുബന്ധം

(30-11-1996 ലെ വികസന സെമിനാർ സ്വീകരിച്ച അനുബന്ധ നിർദ്ദേശങ്ങൾ)

H12

അധ്യായം – 5

# കൃഷിയും ജലസേചനവും

1 തിരൂർ ബ്ലോക്കിന് ഒരു മണ്ണ് പരിശോധന ശാലയോ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ യൂണിറേറാ അനുവദിക്കുക.
2 L. B കനാലിന്റെ സൈഡിലൂടെ റോഡ് സൗകര്യം ഉണ്ടാക്കുക.
3 കൃഷി ഭവനിലൂടെ എല്ലാ കാർഷിക യന്ത്രങ്ങളും വാടകക്ക് ലഭ്യമാക്കുക.
4 ഗ്രൂപ്പ് ഫാമിംഗ് കൃഷി ഭവനിലൂടെ നേരിട്ട് നടപ്പാക്കുക.
5 പഴയ കിണറുകൾ നന്നാക്കുന്നതിന് സബ്സിഡിയും ലോണും അനുവദിക്കുക.
6 തൊഴിലാളികളുടെ വേതനം ഏകീകരിച്ച് നിയന്ത്രണം ഏർപ്പെടുത്തുക.
7 മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറിന്ന് കീഴിൽ ചെകുത്താൻ കുണ്ട്, കമ്മുക്ക്, തിരുനാവായ എന്നീ പദ്ധതികൾക്ക് വേണ്ടി മാത്രം ഒരു ഇലക്ട്രിക് വിംഗ് ഉടനെ ആരംഭിക്കുക.
8 കോലുപാലം ഇറിഗേഷൻ ഉടൻ തന്നെ കമ്മീഷൻ ചെയ്യുകയും തലക്കാട് പഞ്ചായത്തിൽ കൂടി വരുന്ന പടിഞ്ഞാറുള്ള കനാലിന്റെ പണി ഉടൻ പൂർത്തിയാക്കുകയും ചെയ്യുക.
9 വ്യക്തികൾക്ക് കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ അനുവദിക്കുക.

അധ്യായം – 6

# മൃഗസംരക്ഷണം മൽസ്യബന്ധനം

1 മുട്ട, മാംസം എന്നിവയുടെ ഉൽപാദനം, വിപണനം എന്നിവ ഏകീകൃതമായി നടപ്പാക്കുന്നതിന് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
2 അറവു ശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി ജൈവവളം നിർമ്മിക്കുന്നതിനുള്ള ഒരു യൂണിററ് സ്ഥാപിക്കുക.
3 വെററിനറി ഡോക്ടർ തസ്തിക ഉടനെ സ്ഥിരമായി നികത്തുകയും സൗകര്യപ്രദമായ പ്രദേശത്ത് സ്വന്തമായ കെട്ടിടത്തിലേക്ക് മൃഗാശുപത്രി മാററി സ്ഥാപിക്കുകയും ചെയ്യുക.
4 ആവർത്തന ബീജാദാന ചാർജ്ജ് മുമ്പുണ്ടായിരുന്ന പോലെ സൗജന്യമാക്കുക.
5 കാലിത്തീററ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളായ തവിട്, കപ്പ, മക്കച്ചോളം തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഇവയുടെ കൃഷി വ്യാപകമാക്കുകയും ഏകീകൃതമായി സംഭരിക്കുകയും ചെയ്യുക.
6 അലഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.
7 അലഞ്ഞു നടന്ന് കൃഷിയും മററും നശിപ്പിക്കുന്ന കന്നുകാലികളെ കൊണ്ടു പോയി കെട്ടാനുള്ള ആലകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കണം.
8 പൊതു സ്ഥലങ്ങളിൽ വെച്ചുള്ള മത്സ്യവില്പന നിരോധിക്കുകയും അംഗീകൃത മത്സ്യവില്പന മാർക്കററുകൾ വഴി മാത്രം വില്പന നിർബന്ധമാക്കുകയും ചെയ്യുക.
9 പൊതു കുളങ്ങളിൽ നിന്നുള്ള അനധികൃത മത്സ്യബന്ധനം നിയമം മൂലം തടയണം. അത്തരം പൊതുകുളങ്ങളിൽ വാഹനം കഴുകുന്നതും മററു രീതികളിൽ മലിനപ്പെടുത്തുന്നതും മൽസ്യങ്ങളുടെ നാശത്തിന്ന് ഇടവരുത്തും. ഇതു് തടഞ്ഞു മൽസ്യങ്ങൾ പഞ്ചായത്തിന്ന് ലേലം ചെയ്യാൻ സാധിച്ചാൽ അത് പഞ്ചായത്തിന്ന് ഒരു വരുമാന മാർഗ്ഗമാകും,

H13

അദ്ധ്യായം - 7

# വ്യവസായം

1 പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് കിട്ടുന്നതിന് നിലവിലുള്ള നിയമമനുസരിച്ച് വളരെ കാലതാമസം നേരിടുന്നുണ്ട്. ഇതൊഴിവാക്കാൻ വ്യവസായങ്ങളെ വ്യത്യസ്ത പട്ടികകളിൽ പെടുത്തി ലഘുവായ പുതിയ വ്യവസ്ഥകൾ നിഷ്കർഷിക്കേണ്ടതാണ്.

2 പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥലം അക്വയർ ചെയ്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്.

3 പഞ്ചായത്തിന്റെ കണ്ണായ സ്ഥലത്ത് ഒരു വർക്ക്ഷോപ്പ്കോംപ്ലക്സ് സ്ഥാപിക്കുവാൻ ചില വിദേശ മലയാളികൾ തയ്യാറുണ്ട്. ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ ഏർപ്പാടുണ്ടാവണം.

4 ബാങ്കുകൾ വ്യവസായ സംരംഭത്തിന് അനുവദിക്കുന്ന വായ്പാതുകയുടെ വർക്കിംഗ് കേപ്പിററൽ വളരെ കുറവാണ്. ആയതിനാൽ വർക്കിംഗ് കേപ്പിററൽ വർദ്ധിപ്പിക്കേണം. ബേങ്കുകളുടെ നിക്ഷേപതുകയുടെ 80 ./. അതാത് പ്രദേശത്ത് തന്നെ വിതരണം ചെയ്യാൻ ഏർപ്പാടുണ്ടാവണം.

5 വാണിജ്യ ബാങ്കുകൾക്ക് പുറമേ സഹകരണ ബാങ്കുകൾകൂടി വ്യവസായ വായ്പ നല്കേണ്ടതും ആയതിന് പലിശ വ്യവസ്ഥയിൽ മാററം വരുത്തേണ്ടതുമാണ്.

6 വാണിജ്യ ബേങ്കുകളിൽIRDP തുടങ്ങിയ സാമൂഹ്യ ക്ഷേമപദ്ധതികളും വ്യവസായ വായ്പകളും നീതി പൂർവ്വകമായി വിതരണം ചെയ്യാൻ പഞ്ചായത്ത് സമിതികൾ നിർദ്ദേശിക്കുന്ന ഉപദേശ സമിതികൾ രൂപീകരിക്കണം.

7 PMRY പദ്ധതിയിൻ കീഴിൽ വായ്പ എടുക്കുന്നവർക്ക് ഈടായി ഒന്നും നല്കേണ്ടതില്ല. പക്ഷെ, പലബേങ്കുകളും ഈട് വേണമെന്ന് നിർബന്ധിക്കുന്നു. ഈസ്ഥിതി ഒഴിവാക്കണം.

8 സാങ്കേതിക പരിശീലനം ലഭിച്ചവരെ സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്തടിസ്ഥാനത്തിൽ ഏർപ്പെടുത്തുകയും ഇവർ സ്വകാര്യമേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രേരിപ്പിക്കുകയും വേണം.

9 പഞ്ചായത്തിലുള്ള മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് വിദഗ്ദ പരിശീലനം കൊടുത്ത് വ്യാവസായികാടിസ്ഥാനത്തിൽ ഒരു കരകൗശല യൂണിററ് ആരംഭിക്കാവുന്നതാണ്.

10 ഒരു വനിതാ വ്യവസായ സഹകരണ സംഘം പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. ഇതിന്റെ ആഭിമുഖ്യത്തിൽ ലതർ ചെരിപ്പ് ചകിരിനാരു കൊണ്ടുള്ള ഉല്പന്നങ്ങൾ എന്നിവ ഉണ്ടാക്കുന്ന യൂണിററ് തുടങ്ങണം.

11 ട്രൈസം പരിശീലന പരിപാടിയിൽ ചെരിപ്പ്, കയർ ഉല്പന്ന പരിശീലനം എന്നിവകൂടി ഉൾപ്പെടുത്തേണ്ടതാണ്.

അദ്ധ്യായം - 8

# വിദ്യാഭ്യാസം

1 പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനും നേതൃത്വം നൽകുവാനും വേണ്ടി ഒരു **പഞ്ചായത്ത് വിദ്യാഭ്യാസ സമിതി** രൂപീകരിക്കണം.

ഈ സമിതിയുടെ ഘടന പ്രാധിനിധ്യം, അധികാരങ്ങൾ,ഉത്തരവാദിത്വങ്ങൾ,ചുമതലകൾ മുതലായവ വിശദീകരിച്ച് ഒരു പ്രോജക്ട് തെയ്യാറാക്കി ജില്ലാപഞ്ചായത്തിൻേറയും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻേറയും അംഗീകാരത്തിന് അയക്കേണ്ടതാണ്.

2 വെട്ടം പള്ളിപ്പുറം മുസ്ലീം G L P സ്കൂളിന് സ്ഥലം അക്വയർ ചെയ്യാൻ സർക്കാറിൽ സമ്മർദ്ദം ചെലുത്തണം.

3 ആലത്തിയൂരിലെ വിദ്യാർത്ഥി—ഗതാഗത പ്രശ്നം പരിഹരിക്കുവാൻ പോലീസ് സഹായം തേടണം.

4 സർക്കാർ /എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ നിയന്ത്രിക്കുവാൻ കർശനമായ സംവിധാനം വേണം.

5 പഞ്ചായത്തിലെ അൺ—എയിഡഡ് വിദ്യാലയങ്ങളിലെ അശാസ്ത്രീയ വിദ്യാഭ്യാസ പരിപാടിയെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യണം.

6 വിദ്യാലയത്തിലെ ക്ലാസ് മുറികളിലെ നിലം സിമൻറ് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കണം.

7 SSLC പരീക്ഷക്കിരിക്കാനെത്തുന്ന പ്രായപരിധി കവിഞ്ഞ സ്വകാര്യ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കണം.

### അദ്ധ്യായം - 9

# കുടിവെള്ളവും പൊതുജനാരോഗ്യവും

1 9-ാം വാർഡിലെ ആത്തോലിത്തറ ഹരിജൻ കോളനിയിൽ കുടി വെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഉള്ള ജലം ഉപയോഗ ശൂന്യവുമാണ് ഇത് പരിഹരിക്കണം.

2 8-ാം വാർഡിൽ പൊതുശ്മശാനത്തിനടുത്ത് താമസിക്കുന്നവർക്ക് കുടിവെള്ളം ലഭ്യമല്ല. അവിടെ ഒരു പൊതു കിണർ സ്ഥാപിക്കേണ്ടതാണ്.

3 ഹെൽത്ത് സബ്സെൻററുകളിൽ 2 ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭിക്കുന്നതിനുവേണ്ടി തൃപ്രങ്ങോട് PHC യിൽ ഒന്നിൽ കൂടുതൽ ഡോക്ടർ മാരുടെ തസ്തിക സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

4 ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട നടപടികളും വേണ്ടത്ര ഫർണിച്ചറുകളും ലഭിക്കുന്നതിന് നടപടി എടുക്കേണ്ടതാണ്.

5 ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കുന്നതിനുമുമ്പ് ഡ്രൈനേജ് സൗകര്യം ഉറപ്പു വരുത്തേണ്ടതാണ്.

6 പഞ്ചായത്തിന് കീഴിൽ അറവുശാലകൾ സ്ഥാപിക്കുക.

7 പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വെയ്സ്റ്റ് ബിന്നുകളിൽ നിന്ന് മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യേണ്ടതാണ്.

8 12-ാംവാർഡിലെഹരിജൻകോളനിയിലുള്ളശ്മശാനത്തിന്ചുററുമതിൽനിർമ്മിക്കേണ്ടതാണ്.

9 8-ാം വാർഡിൽ ലക്ഷം വീട് കോളനികളിൽ കക്കൂസ് നിർബന്ധമായും പഞ്ചായത്ത് ചെയ്തു കൊടുക്കേണ്ടതാണ്. ജീർണിച്ച വീഴാറായ ലക്ഷം വീട് കോളനികളിൽ അടിയന്തിരമായി അററകുററ പണികൾ ചെയ്യണം.

### അദ്ധ്യായം-10

# ഗതാഗതം/ഊർജ്ജം

415

വികസനരേഖ – പേജ് 70 പട്ടിക ബി യിൽ നമ്പ് 34 (വാർഡ് 12-ൽ) ചേർക്കേണ്ടത്

1 പൊയ്‌ലിശ്ശേരി–കൈനിക്കര പാലക്കപ്പള്ളിയാൽ വഴിറോഡ് ഗതാഗത യോഗ്യമാക്കുക.

2 വാർഡ് – 6 കൈമലശ്ശേരി-കൈപ്പനാൽകുളം കനാൽ റോഡ് തെക്കോട്ട് വാളമരുതൂർ റോഡിനോട് ബന്ധിപ്പിക്കുക.

3 വാർഡ് 2 ആലത്തിയൂർ K·S·E·B ഓഫീസ്സിനു മുൻവശത്തുനിന്നു കിഴക്കോട്ടുള്ള ഇടവഴി ഗതാഗത യോഗ്യമാക്കുക.

4 വാർഡ് 5. പട്ടണംപടി പരിസരത്തുനിന്ന് വാളമരുതൂർ കനാൽ ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

5 പൊയ്‌ലിശ്ശേരി സ്കൂൾ പരിസരത്തു നിന്നും തെക്കുഭാഗത്തുകൂടി കിഴക്കോട്ടുപോയി മുസ്ല്യാരങ്ങാടി റോഡിനോടുചേരുന്ന ഊടുവഴി നന്നാക്കി ഗതാഗത യോഗ്യമാക്കുക.(W–2)

6 പൊയ്‌ലിശ്ശേരി സ്കൂൾ — പള്ളി റോഡിൽ നിന്നും വടക്കോട്ട് കണ്ണംകുളം ഭാഗത്തേക്ക് റോഡുനിർമ്മിക്കുക. (വാ –2)

7 കരിക്കാം പടിയിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന കോലുപറമ്പ് റോഡ് (350 മീ) മൺറോഡു പട്ടികയിൽ ഉൾപ്പെടുത്തുക. (വാർഡ് - 7)

8 തിരൂർ—ചമ്രവട്ടം റോഡിന്റെ പടിഞ്ഞാറു ഭാഗത്തു നിന്നും തെക്കോട്ടു പോകുന്ന പൊതുവഴി (കട്ക്കോറം തറഭാഗത്തേക്ക്) ഗതാഗത യോഗ്യമാക്കുക. (7–ാം വാർഡ്)

9 പേജ് 70 പട്ടിക 'ബി' ക്രമനമ്പർ 16 ൽ ചേർത്തത്

a ചക്കരപ്പടി—അത്താണിക്കൽ റോഡ് പുഴ വരെ എത്തുന്നത്

b ചക്കരപ്പടി—കോലുപറമ്പ് അമ്പലം റോഡ് പുഴ വരെ എത്തുന്നത് (വാർഡ് 8)

എന്നിങ്ങനെ രണ്ടായി തിരിച്ചുചെർക്കുക

10 ചമ്രവട്ടം പടിഞ്ഞാറു ഭാഗം പാലക്കൽ V C B യിൽ നിന്നും വടക്കോട്ട് പോയി കനാലുമായി ബന്ധിപ്പിക്കുന്നറോഡ്പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കുക (വാ–6)

വാർഡ് – 6

ആലുങ്ങൽ റോഡിൽ നിന്ന് കിഴക്കോട്ടു പോകുന്ന ഇടവഴി നിലവിലുള്ള പെരുന്തല്ലൂർ പടയനാവ് R B കനാൽ റോഡുമായി ബന്ധിപ്പിച്ചു താർ ചെയ്യുക

# ഊർജ്ജം

1 ആലുങ്ങൽ അങ്ങാടിയിലേക്ക് പാസ്സായ 100 KVA ട്രാൻസ് ഫോർമർ അടിയന്തിരമായി സ്ഥാപിച്ചു തൃപ്രങ്ങോട് PHC യുടെയും പരിസരപ്രദേശങ്ങളുടെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

2 എടപ്പാളിൽ നിന്നും പ്രവർത്തനം തുടങ്ങി 20 വർഷമായി മുടങ്ങികിടക്കുന്ന 110 KV ലൈൻ അടിയന്തിര പ്രാധാന്യം നല്കി തിരൂർ സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കുക. ഇപ്പോൾ നിലവിലുള്ള 66 KV സബ് സ്റ്റേഷൻ 110 KV ആയി ഉയർത്തുക.

3 ആലത്തിയൂർ സെക്ഷനിലേക്ക് തിരൂർ സബ് സ്റ്റേഷനിൽ നിന്നും സ്വതന്ത്രമായി 11 KV ലൈൻ വലിച്ച് ഒരു ഫീഡർ തകരാറിലായാൽ മറ്റൊരു ഫീഡറുവഴി വൈദ്യുതി നിലനിർത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

4 ചമ്രവട്ടം (8-ാം വാർഡ്) ചെകത്താൻ കണ്ട് 11 KV ലൈനിൽ നിന്നും അനുമതി ലഭിച്ച ട്രാൻസ് ഫോർമർ ഉടൻ സ്ഥാപിക്കുക.

416

5 ആലത്തിയൂർ സെക്ഷനു കീഴിലുള്ള L.T ട്രാൻസ്ഫോർമറുകളിൽ ഏററവും ചെറിയ ട്രാൻസ്ഫോർമറായ പെരുന്തല്ലൂർ നമ്പ്ര് 2.63 KVA 160 KVA ആക്കി ഉയർത്തുക.
6 തൃപ്രങ്ങോട് പഞ്ചായത്ത് അതൃത്തിയിലുള്ള ട്രാൻസ് ഫോർമറുകളുടെ കേടുവന്ന ഫ്യൂസ് യൂണിററുകളും കേബിളുകളും മാററി പുതിയതു സ്ഥാപിക്കുക.
7 ഏററവും കൂടുതൽ വോൾട്ടേജ് ക്ഷാമമുള്ള സ്ഥലങ്ങളിൽ സിങ്കിൾ ഫേസുള്ളതു ത്രീ ഫേസാക്കി മാററിവോൾട്ടേജ് കമ്മി നികത്തുക.
8 A·B സ്വിച്ചുകൾ എല്ലാ ട്രാൻസ്ഫോർമറുകളുടേയും അടുത്തുതന്നെ സ്ഥാപിക്കുക.
9 ചമ്രവട്ടത്ത് ഒരു സബ് എഞ്ചിനിയർ ഓഫീസ് സ്ഥാപിക്കുക.
10 പൊറോടി ഹരിജൻ കോളനി, കുട്ടമ്മാക്കൽ, കൈമലശ്ശേരി എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്ന് പൊറോടി പാടത്തു ട്രാൻസ് ഫോർമർ (100 K V) സ്ഥാപിക്കുക.

**അധ്യായം 11**

# പാർപ്പിടം\സാമൂഹ്യക്ഷേമം

1 പുറം പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുക.
2 പുറം പോക്കിൽ താമസിക്കുന്നവർക്ക് മിച്ചഭൂമി പതിച്ചു കൊടുക്കുക.
3 പഞ്ചായത്ത് സ്ഥലം വാങ്ങി സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വെയ്ക്കുന്നതിന് അനുവദിക്കുക.
4 ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന വായ്പകളുടെ എണ്ണം കൂട്ടുക.
5 ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ഈ പഞ്ചായത്തിലെ വിദഗ്ദ തൊഴിലാളികൾക്ക് നിർമ്മിതി കേന്ദ്രത്തിലൂടെ പരിശീലനം ലഭ്യമാക്കുക.
6 വീടുകൾക്ക് പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.

# സാമൂഹ്യക്ഷേമം

1 IRDP ധനസഹായം ഒരിക്കൽ ലഭിച്ചവർക്ക് വീണ്ടും കിട്ടാൻ അവസരം ഉണ്ടാക്കുക.
2 IRDP-DWCRA പദ്ധതി നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനുവേണ്ടി മോണിററിംഗ് സെൽ ജനകീയാടിസ്ഥാനത്തിൽ രൂപീകരിക്കുക.
3 DWCRA നടപ്പിലാക്കുന്നതിനു മുമ്പ് ആവശ്യമായ പരിശീലനം കൊടുക്കുക.
4 സാനിറേറഷൻ പദ്ധതി പഞ്ചായത്തിൽ എല്ലാകുടുംബങ്ങൾക്കും നടപ്പിലാക്കുക.
5 സാമൂഹ്യ സഹായ പദ്ധതികൾ അനുസരിച്ചുള്ള എല്ലാവിധ പെൻഷനുകളും അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പഞ്ചായത്തിനു് അധികാരം നല്കുക.
6 2-ാം വാർഡിൽ ഒരു അംഗൻവാടി അനുവദിക്കുക.
7 പെൻഷനുകൾ യഥാസമയം കിട്ടുന്നതിന് നടപടി സ്വീകരിക്കുക.
8 ക്ഷേമനിധി ഓഫീസുകൾ താലൂക്കടിസ്ഥാനത്തിൽ രൂപീകരിക്കുക.
9 ക്ഷേമനിധി സഹായം കിട്ടുന്നതിൻെറ കാലതാമസം ഒഴിവാക്കുക.

10 വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 8 ലിററും വൈദ്യുതീകരിച്ച വീടുകൾക്ക് 5 ലിററും മണ്ണെണ്ണ വിതരണം ചെയ്യുക.

11 പഞ്ചായത്തുതല അറിയിപ്പുകൾ റേഷൻഷോപ്പിലെ നോട്ടീസ് ബോഡിൽ പതിക്കുക.

12 ഇപ്പോൾ അനുവദിക്കുന്ന 400 ഗ്രാം പഞ്ചസാര 750 ഗ്രാമായി വർദ്ധിപ്പിക്കുക.

13 റേഷൻ ഷാപ്പിലൂടെ ഗുണകരമായ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുക.

14 മണ്ണെണ്ണ ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്ന എല്ലാ കുടുംബങ്ങൾക്കും പെർമിററ് അനുവദിക്കുക.

## അദ്ധ്യായം – 12

# സംസ്ക്കാരം

(പുതിയ നിർദ്ദേശങ്ങൾ ഇല്ല)

## അദ്ധ്യായം – 13

# വനിത

1 II, III, IV വാർഡുകളുടെ അതൃത്തിയിലുള്ള ഒട്ടംപുറം മഹിളാ സമാജം കെട്ടിടം മഹിളാസമാജമായി തന്നെ ഉപയോഗിക്കാനുള്ള സൗകര്യമുണ്ടാക്കണം.

2 പഞ്ചായത്തു തലത്തിൽ വാർഡുകൾതോറും വനിതാ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

3 P H C കളിൽ പ്രഥമ ശുശ്രൂഷക്ക് നൽകി വരുന്ന മരുന്നുകൾ ഇപ്പോൾ നിർത്തലാക്കിയതും വീണ്ടും തുടരാൻ ഏർപ്പാടാക്കണം.

4 ജാതിമത ഭേദമന്യേ അർഹരായ എല്ലാ കുട്ടികൾക്കും പഠിക്കുന്നതിനു വേണ്ട സ്കോളർഷിപ്പും സ്റ്റൈപ്പൻറും അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു.

5 പിഞ്ചുകുഞ്ഞുങ്ങളെ മാനസികമായി വളരെയേറെ പീഡിപ്പിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നിർത്തലാക്കി പകരം അംഗനവാടികളിൽ (മലയാളം മീഡിയം നഴ്സറികൾ) കുട്ടികളെ ചേർക്കാൻ അമ്മമാരെ ബോധവതികളാക്കണം.

6 പഞ്ചായത്തിൽ സ്ത്രീകൾക്കായി ടെക്നിക്കൽ എജുക്കേഷൻ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ നിർബന്ധമായും കൊണ്ടുവരണം.

7 ഔഷധ സസ്യങ്ങൾ നട്ടുവളർത്താനായിട്ട് വനിതകൾക്ക് പ്രോത്സാഹനം കൊടുക്കുവാൻ ഏർപ്പാടുണ്ടാക്കണം.

8 കൗതുക വസ്തുക്കൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം നിർമ്മിച്ചുതരുവാൻ ഏർപ്പാടുണ്ടാക്കണം.

9 മഹിളാ സമാജങ്ങളും സഹകരണ വ്യവസായ യൂണിററുകളും വാർഡുതോറും സ്ഥാപിക്കുക

10 വിദ്യാലയങ്ങളിലെ മാതൃ സംഗമങ്ങൾ കൃത്യമായും കൂടുതൽ സജീവമായും പ്രവർത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

A1S

അദ്ധ്യായം - 14

# സഹകരണം

1 നിലവിലുള്ള സഹകരണ സംഘങ്ങളുടെ (വായ്പാ സംഘങ്ങൾ) സാമ്പത്തിക നിലമെച്ചപ്പെടുത്തുന്നതിന് വേണ്ടി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിന്ത്രിക്കുകയും അതോടൊപ്പം സഹകരണ ബാങ്കുകളിലൂടെയുള്ള വായ്പാ വിതരണത്തിലുള്ള കാലതാമസം നിയമങ്ങളിലൂടെ ലഘൂകരിക്കുകയും ചെയ്യുക.

2 സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി അഭ്യസ്ത വിദ്യക്ക് വേണ്ടി പ്രത്യേകം വായ്പാ സൗകര്യങ്ങൾക്കായി സഹകർണ സംഘങ്ങൾ രൂപീകരിക്കുക. ഉദാ; മോട്ടോർ തൊഴിലാളി സഹകരണ സംഘം.

3 വ്യവസായ മേഖലയിൽ ഏറെ സാധ്യതയുള്ള കയർ മേഖലയിൽ സംഘങ്ങൾ തുടങ്ങുകയും ഉൽപന്നങ്ങളുടെ വിപണനം ഉറപ്പു വരുത്തുകയും ചെയ്യുക.

4 ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഏറെ ഉപയോഗിച്ചുവരുന്ന പ്ലാസ്റ്റിക് ബേഗ് (കീശ) മെഴുകുതിരി എന്നിവ ഉൽപാദിപ്പിക്കുന്നതിനു വേണ്ടി വ്യവസായ മേഖലയിൽ സഹകരണ സംഘം ആരംഭിക്കേണ്ടതാണ്. അതുവഴി ഏറെ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും കഴിയും.

5 കൊപ്ര സംഭരണത്തിനും സംസ്കരിച്ച് വിപണനം നടത്തുന്നതിനും സഹകരണ മേഖലയിൽ ഒരു സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.

അദ്ധ്യായം - 15

# പട്ടികജാതി പട്ടികവർഗക്ഷേമം

1 തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതി വികസന വകുപ്പിന്റെ ഒരു ഓഫീസ് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുക.

2 ഹരിജൻ കോളനിയോട് അനുബന്ധപ്പെട്ട് കിടക്കുന്ന കോളനിയിൽ ഉൾപ്പെടാത്ത വീടുകൾ കോളനിയിൽ ഉൾപ്പെടുത്തുക.

3 ബീരാഞ്ചിറയിലെ പട്ടികജാതി കോളനി പ്രത്യേക കോളനിയായി അംഗീകരിക്കുക. കൂടാതെ ഒരു അംഗനവാടിയും സ്ഥാപിക്കുക.

4 പട്ടികജാതി വനിതാ സഹകരണ സംഘം രൂപീകരിക്കുക.

5 ചെറിയ പരപ്പൂരിൽ നിലവിലുള്ള പൊതു ശ്മശാനത്തിലേക്ക് ഒരു വഴി സ്ഥാപിക്കുക.

6 S.S.L.C യും അതിന് മുകളിലും പഠിച്ച് തോററ കുട്ടികൾക്ക് മാർക്കിന്റെ അടിസ്ഥാനത്തിൽ അല്ലാതെ തുടർന്നു പഠിക്കുന്നതിനുള്ള സാമ്പത്തികസഹായം അനുവദിക്കുക.

7 പട്ടിക ജാതിയിൽപെട്ടവർക്ക് അപേക്ഷകളിന്മേൽ കോടതി മുദ്ര പതിക്കാനുള്ള നിയമം ഇല്ലാതാക്കുക.

8 പെരിന്തല വളപ്പ് കോളനി തിരുത്തുമ്മൽ വളപ്പ് കോളനി എന്നിവയുടെ അടുത്തായി ഒരു അംഗനവാടി സ്ഥാപിക്കുക.

9 ഓരോ കുടുംബത്തിനും ഓരോ കാർഡ് അനുവദിക്കുകയും വിവിധ വകുപ്പുകളിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾ പ്രസ്തുത കാർഡിൽ രേഖപ്പെടുത്തുകയും ചെയ്യുക. ആയതി

നുള്ള നടപടി സ്വീകരിക്കുക.

10 കൃഷി ഭവനിൽ നിന്നും ഉള്ള ആനുകൂല്യങ്ങൾ എല്ലാ പട്ടിക ജാതിക്കാർക്കും നൽകുവാൻ നടപടി സ്വീകരിക്കുക.

11 ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് പഞ്ചായത്ത് സമിതി കൾക്കും, വില്ലേജ് ആഫീസർക്കും അധികാരം കൊടുക്കുക.

അദ്ധ്യായം 16

# വിഭവ സമാഹരണം

1 വലിയ സംഖ്യ ചിലവഴിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് നികുതി വർദ്ധിപ്പിക്കുക. കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പഞ്ചായത്തിൽ നിന്ന് അനുവാദം വാങ്ങാനുള്ള നിയമം കൊണ്ടു വരണം.

2 ആലത്തിയൂർ, ആനപ്പടി, ബീരാഞ്ചിറ, ചമ്രവട്ടം എന്നീ അങ്ങാടികളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

3 നിലവിലുള്ള ചമ്രവട്ടം ഷോപ്പിംഗ് കോംപ്ലക്സ് വലുതാക്കി വരുമാനം വർദ്ധിപ്പിക്കുക.

4 കെട്ടിട നികുതി കാലോചിതമായി വർദ്ധിപ്പിക്കാവുന്നതാണ്.

അദ്ധ്യായം – 17

# ടൂറിസം

1 താഴെ പറയുന്ന റൂട്ടുകളിൽ കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കുവാൻ വേണ്ട നടപടി കൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

**—തിരൂർ—ഹനുമാൻ കാവ്**

**—തിരൂർ—ഗരുഡൻ കാവ്**

**—തരൂർ—തൃപ്രങ്ങോട്—തിരുന്നാവായ**

**—തിരുന്നാവായ—പെരിന്തല്ലൂർ—ചമ്രവട്ടം**

# വികസന രേഖ തയ്യാറാക്കിയ

# കോർ ഗ്രൂപ്പ്

**കെ.കുട്ട്യാലി മാസ്ററർ**
(ചെയർമാൻ)

**ആർ.മുഹമ്മദ് മാസ്ററർ**
(കൺവീനർ)

**കൃഷിയും ജലസേചനവും**
1. പി.വി.ഗോപാലകൃഷ്ണൻ
2. അബ്ദുൾ മജീദ് (കൃഷി ഓഫീസർ)
3. കെ.കുട്ട്യാലി മാസ്ററർ
4. കെ.വി.മുഹമ്മദ്ബഷീർ
5. ഇ.പി.അഹമ്മദ്കുട്ടിമാസ്ററർ

**മൃഗസംരക്ഷണവും മത്സ്യബന്ധനവും**
1. കെ.കെ.സൈദാലി എന്ന ബാവഹാജി
2. ഡോ: ഇന്ദു
3. കെ.അലികുഞ്ഞി മാസ്ററർ
4. കെ.കുട്ട്യാലി മാസ്ററർ
5. സി.മുസ്തഫ

**വ്യവസായം**
1. എം.കുഞ്ഞാലി
2. കെ.കുഞ്ഞിമുഹമ്മദ്
3. എ.ശിവദാസ്
4. കെ.വി.തോമസ് (V.E.O)
5. ഗിരീഷ്.കെ.

**വിദ്യാഭ്യാസം**
1. മേരി ടീച്ചർ
2. കുഞ്ഞിമുഹമ്മദ്.കെ.
3. നാരായണൻ മാസ്ററർ
4. പി.ഗോപാലകൃഷ്ണൻ മാസ്ററർ
5. കെ.എസ്.ഇസ്മയിൽ മാസ്ററർ

**കുടിവെളളവും പൊതുജനാരോഗ്യവും**
1. ഇ.മൊയ്തീൻകുട്ടി
2. പി.അബൂബക്കർ സിദ്ധിഖ്
3. ഗിരിജ
4. സി.മുസ്തഫ (ചെറിയ പറപ്പൂർ)
5. സക്കീന (കുന്നത്ത്)

**ഊർജ്ജം, ഗതാഗതം, മാർക്കറ്റ്**
1. പി.അബൂബക്കർ സിദ്ധിഖ്
2. പി.ഉണ്ണികൃഷ്ണൻ
3. അബൂട്ടിഹാജി
4. കെ.വി.മുഹമ്മദ്ബഷീർ
5. ഇ.പി.അഹമ്മദ്കുട്ടിമാസ്ററർ

7. **പാർപ്പിടം - സാമൂഹ്യക്ഷേമം**
1. കെ.ശരീഫ
2. ആർ.മുഹമ്മദ് മാസ്ററർ
3. കെ.വി.തോമസ് (VEO)
4. ബി. വസന്ത (LVEO)
5. കീഴ്വത്ത് രതി

8. **സംസ്കാരം**
1. എ.അലിക്കുട്ടി
2. ദേവയാനി.എ.
3. വി.കെ.ഉമ്മർ
4. എ.വൽസല
5. എ.പി.വാസുദേവൻ നമ്പൂതിരി

9. **വനിതാക്ഷേമം**
1. വാക്കയിൽ സുഹറ
2. സി.പി.ഉഷ (സെക്രട്ടറി)
3. അബ്ദുൾഫാറൂഖ്
4. വസന്ത (LVEO)
5. സക്കീന കുന്നത്ത്

10. **സഹകരണം**
1. സി.കുട്ടൻ
2. സുരേഷ്
3. അബ്ദുൾഫാറൂഖ്
4. വി.പി.എസ്.ഉണ്ണി.
5. സി.മുസ്തഫ (ചെറിയ പറപ്പൂർ)


11. **പട്ടികജാതി പട്ടികവർഗ്ഗക്ഷേമം**
1. സി.എം.മുഹമ്മദുണ്ണിഹാജി
2. ഇ.മൊയ്തീൻകുട്ടി
3. കെ.വി.തോമസ് (VEO)
4. കെ.സി.മുസ്തഫ
5. വസന്ത

12. **വിവേസമാഹരണം**
1. എ.അലികുട്ടി
2. പ്രസാദ് (U.D.ക്ലർക്ക്)
3. മുഹമ്മദ് മാസ്ററർ
4. എ.ശിവദാസ്
5. കെ.വി.മുഹമ്മദ്ബഷീർ
6. പി.അബുമാസ്ററർ

13. **ടൂറിസം**
1. പി.വി.ഗോപാലകൃഷ്ണൻ
2. ഉണ്ണികൃഷ്ണൻ
3. അലികുഞ്ഞി മാസ്ററർ
4. നാരായണൻ മാസ്ററർ
5. കെ.പി.ലാലി ടീച്ചർ


**പഠന പര്യടനം**

1. എ.അലികുട്ടി
2. പി.അബൂബക്കർ സിദ്ധിഖ്
3. സി.കുട്ടൻ
4. എം.കുഞ്ഞാലി
5. പി.വി.ഗോപാലകൃഷ്ണൻ
6. കെ.ശരീഫ
7. മേരി ടീച്ചർ
8. ദേവയാനി
9. കുഞ്ഞിമുഹമ്മദ്
10. കുട്ട്യാലി മാസ്ററർ
11. കെ.വി.മുഹമ്മദ്ബഷീർ
12. വി.പി.എസ്.ഉണ്ണി
13. കെ.വി. തോമസ് (VEO)
14. എ.വൽസല
15. രതി
16. ഇടശ്ശേരി അബ്ദു
17. അയ്യൂബ് ആലിക്കൽ
18. ആർ.മുഹമ്മദ് മാസ്ററർ
19. വസന്ത (LVEO)




"ജനകീയാസൂത്രണം"

# വെട്ടം ഗ്രാമ പഞ്ചായത്ത് സമഗ്രവികസന റിപ്പോർട്ട്



# വെട്ടം ഗ്രാമ പഞ്ചായത്ത്



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വെട്ടം ഗ്രാമ പഞ്ചായത്ത്

## വികസന സെമിനാർ

## സമഗ്ര വികസന റിപ്പോർട്ട്





കേരളം

## വെട്ടം ഗ്രാമ പഞ്ചായത്ത്- ഭരണസമിതി



**സി.പി. കുഞ്ഞിമോൻ**
(പ്രസിഡന്റ്)



**സി. മൊയ്തീൻ കുട്ടി മാസ്റ്റർ**
( വൈസ്പ്രസിഡന്റ്)



**ആർ. കുഞ്ഞിമൊയ്തീൻ കുട്ടി**
(സ്റ്റാൻഡിംഗ്കമ്മറ്റി ചെയർമാൻ)



**കെ. ശശികുമാർ**
(പഞ്ചായത്ത്സെക്രട്ടറി)

മെമ്പർമാർ

| വാർഡ് | പേര് |
|---|---|
| 1. | സി,പി. കോമളവല്ലി |
| 2. | ബഷീർ കൊടക്കാട്ട് |
| 3. | വി. ഇ. ലത്തീഫ് |
| 4. | കെ.സി. അബൂബക്കർ ഹാജി |
| 5. | പി. സുഭദ്ര ടീച്ചർ |
| 6. | ടി. സുഭദ്ര |
| 7. | പി. സതീശൻ മാസ്റ്റർ |
| 8. | ആർ. കുഞ്ഞി മൊയ്തീൻ കുട്ടി |
| 9. | പി. ഖാലിദ്കുട്ടി |
| 10. | സി.പി. കുഞ്ഞിമോൻ |
| 11. | സി.മൊയ്തീൻ കുട്ടി മാസ്റ്റർ |
| 12. | വി. എ. സുലൈഖ |
| 13. | ടി. വേലായുധൻ |
| 14. | സി. എം. മുഹമ്മദലി |
| 15. | എ.പി. സൈനബ |

426


എഡിറ്റർ

സി. മൊയ്തീൻ കുട്ടി മാസ്റ്റർ

എഡിറ്റോറിയൽ ബോർഡ്-

അബ്ദുൽജബ്ബാർ അഹമ്മദ്
പി. മുഹമ്മദ്സലീം കുട്ടായി
പി. കെ. അബ്ദുൽജബ്ബാർ
വി. ഇ. ലത്തീഫ്
ബഷീർ കൊടക്കാട്ട്
കെ. ശശികുമാർ



ഡി.ടി.പി, ലേ ഔട്ട് & കവർ ഡിസൈനിംഗ്
ഡാറ്റാവേൾഡ്തിരൂർ
കവർ ഫോട്ടോ
ഉസ്മാൻ കുട്ടി പച്ചാട്ടിരി

- പഞ്ചായത്ത്‌രാജ് വിജയിക്കുന്നത് നല്ല നിയമം കൊണ്ടല്ല. നല്ല ജനങ്ങളെക്കൊണ്ടാണ്.

- ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളാണ്

- അതിബലവാനു ലഭിക്കുന്ന അത്ര സൗകര്യം അതിദുർബലനും ലഭിക്കണം എന്നുള്ളതാണ് ജനാധിപത്യത്തെക്കുറിച്ചുള്ള എന്റെ സങ്കൽപ്പം.

- കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകളാൽ നിർവ്വഹിക്കപ്പെടാവുന്നതല്ല ജനായത്തം അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളാൽ താഴെ നിന്ന് നിർവ്വഹിക്കപ്പെടണം.

**ഗാന്ധിജി**

# അകത്താളുകളിൽ......................


1. ആമുഖം ............................................................. 6

2. പഞ്ചായത്ത് പൊതുവിവരണം ........................ 8

3. ഭൂപ്രകൃതി ............................................................ 9

4. സാമൂഹ്യ-സാംസ്കാരിക ചരിത്രം .................... 12

5. വികസന മേഖലകൾ- അവലോകനം

i കൃഷി-ജലസേചനം ....................................... 15

ii മത്സ്യബന്ധനം-മൃഗസംരക്ഷണം ........... 27

iii വ്യവസായം ................................................ 36

iv വിദ്യാഭ്യാസം ............................................. 41

v ആരോഗ്യം- കുടിവെള്ളം-ശുചിത്വം ...... 49

vi ഗതാഗതം- ഊർജ്ജം ................................ 55

vii പാർപ്പിടം- സാമൂഹ്യക്ഷേമം .................. 69

viii സംസ്കാരം ............................................... 79

ix വനിത ......................................................... 86

x സഹകരണം ................................................. 89

xi പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം ............. 96

xii വിഭവസമാഹരണം .................................. 103

6. ഞങ്ങൾ മുന്നോട്ട് ............................................ 108

7. ഉപസംഹാരം ................................................... 110

129



# ആമുഖം.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് അരനൂറ്റാണ്ട് തികയുന്ന കാലഘട്ടത്തിൽ, ഒട്ടേറെ മാറിപ്പോയ ഭാരതാംബയുടെ വിരിമാറിൽ, മഹാത്മാഗാന്ധിയുടെ സ്വപ്നങ്ങൾക്ക് സാക്ഷാത്കാരം പകർന്നതിൽ ഭാരതീയരോടൊപ്പം ആഹ്ലാദം പങ്കിടുകയാണ് അറബിക്കടൽ അതിരിട്ട വെട്ടം പഞ്ചായത്തിലെ ജനതയും.

1947 ആഗസ്റ്റ് 14ലെ അർധരാത്രിയിൽ ബ്രിട്ടന്റെ ഇന്ത്യയിലെ കോളനിവാഴ്ച അവസാനിപ്പിച്ച നാം സ്വാതന്ത്ര്യത്തിന്റെ വായുവിനോടൊപ്പം ഒട്ടേറെ ദുരിതങ്ങളും പ്രയാസങ്ങളും ഏറ്റുവാങ്ങി. മൊട്ടുസൂചി തൊട്ട് എല്ലാറ്റിനും വിദേശ രാഷ്ട്രങ്ങൾക്ക് മുന്നിൽ കൈനീട്ടിയ ഭരണാധികാരികൾ ഏറ്റുവാങ്ങിയത് രാജ്യത്തിനകത്തുനിന്നുതന്നെയുള്ളവരുടെ പരിഹാസവാക്കുകളായിരുന്നു. രണ്ടു നൂറ്റാണ്ടോളംകാലം ഇന്ത്യ അടക്കി വാണ ബ്രിട്ടീഷുകാർ സ്വാതന്ത്ര്യപ്പുലരിയിൽ നമുക്ക് ബാക്കി നിർത്തിപോയത് 35 കോടി ജനതയും ധാരാളം പ്രശ്നങ്ങളുമായിരുന്നു. 1947 നമ്മുടെ ദേശീയോൽപാദനം 7000 കോടി രൂപയും ദേശീയ ആളോഹരി വരുമാന 200 രൂപയുമായിരുന്നു. 9% സാക്ഷരരുള്ള നാട്ടിൽ 72% ത്തിലധികം പേരും ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു. 450 ലക്ഷം ടൺ മാത്രമായിരുന്നു ഭക്ഷ്യധാന്യ ഉൽപ്പാദനം. ആയുർദൈർഘ്യം 32 വയസ്സായിരുന്നു. ലോക രാഷ്ട്രങ്ങൾക്കിടയിൽ വ്യവസായികമായി 41ാം സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യയുടെ ശാസ്ത്രീയ സാങ്കേതിക രംഗത്തെ സംഭാവനയാകട്ടെ വട്ടപൂജ്യവും! ഇങ്ങനെ സമസ്ത മേഖലയിലും വികൃതമായിരുന്ന ഇന്ത്യയ്ക്ക് കൈമുതലായിട്ടുണ്ടായിരുന്നത് നിശ്ചയദാർഢ്യത്തോടെ ഇന്ത്യയെ മുന്നോട്ട് നയിക്കാൻ കെൽപ്പുള്ള ഭരണ നേതൃത്വമായിരുന്നു. ജനസംഖ്യയുടെ അഭൂതപൂർവ്വമായ വളർച്ചയുടെ ഫലമായി ദാരിദ്ര്യത്തിന്റെ കൈപ്പിടിയിലൊതുങ്ങാതെ ഈ രാഷ്ട്രം കാത്തുസൂക്ഷിക്കേണ്ട ബാധ്യത ഒരു വെല്ലുവിളിയായി തന്നെ ഈ നേതൃത്വം ഏറ്റെടുത്തു.

ഇന്ത്യയുടെ പുരോഗതിക്ക് ഓരോ അഞ്ചുവർഷക്കാലത്തേക്കുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തുകയും, ആസൂത്രണ കമ്മീഷന്റെ നേതൃത്വത്തിൽ ഇന്ത്യ അഭിമുഖീകരിക്കുന്ന അടിയന്തിര പ്രശ്നങ്ങൾക്ക് 1951ൽ തുടക്കം കുറിക്കുകയും ചെയ്തു. ഒന്നാം പഞ്ചവൽസര പദ്ധതി എന്നറിയപ്പെട്ട 1951 മുതൽ 56 വരെയുള്ള കാലഘട്ടത്തിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങളും ഉപഭോഗ സാധനങ്ങളും ഉൽപ്പാദിപ്പിക്കുന്നതിന് പ്രാമുഖ്യം നൽകി. 4100 കോടി രൂപയാണ് ഈപദ്ധതിക്ക് വക കൊള്ളിച്ചത്. രണ്ടാം പഞ്ചവത്സര പദ്ധതി (1956-61ൽ) വ്യവസായങ്ങൾക്ക് മുൻഗണന നൽകി, നമ്മുടെ വ്യവസായീകരണത്തിന് സുദൃഢമായ ഒരടിത്തറ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞു.

1961 ൽ തുടങ്ങിയ മൂന്നാം പഞ്ചവൽസര പദ്ധതിയിൽ 15 വർഷം കൊണ്ട് നേടേണ്ട ചില ദീർഘകാല ലക്ഷ്യങ്ങളും കൂടി ഉൾപ്പെടുത്തുകയുണ്ടായി. പദ്ധതി അവസാനിക്കുന്ന 1966ന് മുമ്പ് ദേശീയ വരുമാനം 30 ശതമാനം വർദ്ധിപ്പിക്കുക, ഭക്ഷ്യ സ്വയം പര്യാപ്തത, കയറ്റുമതി വർദ്ധനവ്, വ്യവസായങ്ങൾക്കാവശ്യമുള്ള യന്ത്രങ്ങളും രാസവസ്തുക്കളും സ്വന്തമായി നിർമ്മിക്കുക എന്നിവ ലക്ഷ്യം വെച്ചുവെങ്കിലും 1962 ലുണ്ടായ ഇന്ത്യ ചൈനാ യുദ്ധം 11600 കോടി രൂപയുടെ പദ്ധതി ലക്ഷ്യം കാണുന്നതിൽ കാലതാമസം വരുത്തി.

ചൈനയും പാകിസ്ഥാനുമായി യുദ്ധം ചേയ്യേണ്ടി വന്നതിനാൽ 1966-69 വരെ മൂന്ന് ഏക വത്സര പദ്ധതികളാണ് നടപ്പിലാക്കിയത്. 1969-74 വരെയുള്ള നാലാം പഞ്ചവൽസരപദ്ധതിയിൽ 25,724 കോടി രൂപയാണ് ചെലവഴിച്ചത്. 1951 മുതൽ 74 വരെയുള്ള നാല് പഞ്ചവൽസരപദ്ധതികളും മൂന്ന് ഏക വൽസരപദ്ധതികളും പിന്നിട്ടപ്പോൾ ഇന്ത്യയുടെ കാർഷിക-വ്യാവസായിക–ഊർജ്ജമേഖലകളിൽ നാം ചെലവഴിച്ചത് മൊത്തം 55389 കോടി രൂപയാണ്. പിന്നീട് വന്ന പദ്ധതികളിൽ ഇതിന്റെ ഇരട്ടി തുക ചെലവഴിച്ച് നാം നടത്തിയ ഘട്ടം ഘട്ടമായുള്ള ആസൂത്രണത്തിന്റെ ഫലമായി 5 ദശകം പിന്നിട്ടപ്പോഴേക്കും ഭാരതം ലോകത്തിലെ 9ാമത്തെ വ്യാവസായിക രാജ്യമായി മാറി. ശാസ്ത്രസാങ്കേതിക രംഗത്ത് ലോകത്തിലെ മൂന്നാമത്തെ രാഷ്ട്രമെന്ന നിലയിലെത്തി. ഭക്ഷ്യോൽപ്പാദനം 195 ദശലക്ഷം ടണ്ണായി ഉയർന്നു. കയറ്റുമതി ചെയ്യാൻ തുടങ്ങി. ആളോഹരിവരുമാനം 8237 രൂപയായി വർദ്ധിച്ചു. ഇന്ത്യൻ റെയിൽവെലോകത്ത് 2ാം സ്ഥാനത്തും ഏഷ്യയിൽ ഒന്നാം സ്ഥാനത്തുമെത്തി. അണുശക്തി രംഗത്ത് നമ്മുടെ രാജ്യം 6ാം സ്ഥാനത്താണ്. ജനസംഖ്യയിൽ രണ്ടിരട്ടിയിലധികം വർധനവും ഒട്ടേറെ ദേശീയ ദുരന്തങ്ങളുമുണ്ടായിട്ടും ലോക രാഷ്ട്രങ്ങൾക്കിടയിൽ അഭിമാനകരമായ നേട്ടങ്ങൾ നമ്മുടെ രാജ്യത്തിന് കൊയ്തെടുക്കാൻ കഴിഞ്ഞു.

ഇന്ത്യ ഗ്രാമങ്ങളിൽ വസിക്കുന്നുവെന്ന ഗാന്ധിയൻ സിദ്ധാന്തവും ഓരോ ഗ്രാമങ്ങളും സ്വയം പര്യാപ്തമാവണമെന്ന രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങളും സാക്ഷാത്കരിക്കുന്നതിന് അധികാരം ഗ്രാമീണ ജനതയുടെ കൈകളിലെത്തണമെന്ന് 21ാം നൂറ്റാണ്ടിലെ വികസിത ഇന്ത്യയുടെ സ്വപ്നവും പേറി ഇന്ത്യ ഭരിച്ച ശ്രീ. രാജീവ് ഗാന്ധി മനസ്സിലാക്കി. ദില്ലിയിൽ നിന്നും ഗ്രാമീണ ജനതയുടെ പുരോഗതിക്ക് ഒരു

രൂപയിൽ 85 പൈസയും ഇടത്തട്ടുകാർ തട്ടിയെടുക്കുന്നുവെന്നും ഇതവസാനിപ്പിക്കാൻ ഗ്രാമപഞ്ചായത്തുകളെ നേരിട്ടു സഹായിക്കുന്നതിന്നും ഗ്രാമീണ ജനതക്ക് അധികാരം പകർന്നു നൽകുന്നതിനും വികസനത്തിൽ അവരെ പങ്കാളികളാക്കുന്നതിനുമായി 1986ൽ നമ്മുടെ ഭരണഘടനക്ക് 64ാം ഭേദഗതി കൊണ്ടുവന്ന് ലോക്സഭ അംഗീകരിച്ചെങ്കിലും രാജ്യ സഭയിൽ ഭൂരിപക്ഷമില്ലാത്ത കാരണം ഭേദഗതി തള്ളിപ്പോയി. ഇതുകാരണം അധികാരം ജനങ്ങളിലെത്തിക്കാനുള്ള പ്രക്രിയക്ക് വീണ്ടും ഏഴു വർഷം കാത്തിരിക്കേണ്ടിവന്നു. 1993 ഏപ്രിൽ 24ന് 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ രാഷ്ട്രപിതാവിന്റെ സങ്കൽപ്പങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള തന്റെ മുൻഗാമിയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ അന്നത്തെ പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവിന് കഴിഞ്ഞു. തന്മൂലം 1995 സെപ്തംബറിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരെഞ്ഞെടുപ്പ് നടത്തുവാൻ വകുപ്പുമന്ത്രി ജ: പി.കെ.കെ. ബാവയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുകയും അതു വഴി പുതിയ ഭരണസമിതികൾ 1995 ഒക്ടോബർ 2 ന് അധികാരമേൽക്കുകയും ചെയ്തു.

അധികാരം താഴെ തട്ടിലെത്തിച്ചതിന്റെ ഫലമായി ഓരോ വാർഡിന്റെയും വികസന കാര്യങ്ങൾ നിശ്ചയിക്കാനുള്ള അധികാരം നിയമം മൂലം അതാത് (വാർഡ്) ഗ്രാമസഭകളിൽ നിക്ഷിപ്തമായി. ഇതനുസരിച്ച് വെട്ടം പഞ്ചായത്തിലെ 15 വാർഡുകളിലെയും പ്രഥമ ഗ്രാമസഭകൾ 1996 മാർച്ച് മാസം 31 ന് മുമ്പായി വിളിച്ചുചേർക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്തിലെ വിഭവ ഭൂപട സർവ്വേയും, പൊതു വിവര ശേഖരണ സർവ്വേയും നടത്തി. രണ്ട് കാർഷിക സെമിനാറുകളും വിവിധ ബോധവൽക്കരണ ക്യാമ്പുകളും പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഭീതി പരത്തികൊണ്ട് വന്ന ജാപ്പാനീസ് പനിക്കെതിരെയും കോളറക്കെതിരെയും പ്രചരണം നടത്തുകയും കടലോര പ്രദേശങ്ങളിൽ കൊതുകുകളെ നശിപ്പിക്കുകയും ചെയ്തു. മെയ് മാസത്തിൽ ജില്ലാപഞ്ചായത്ത് നടത്തിയ മദ്യവർജ്ജന കലാജാഥയെ വെട്ടത്തുനാടിന്റെ മക്കൾ ആവേശത്തോടെയാണ് വരവേറ്റത്.

ഒമ്പതാം പദ്ധതിയുടെ ആസൂത്രണഘട്ടമെത്തിയപ്പോൾ ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള കേരള സർക്കാർ ആസൂത്രണം ജനകീയവത്കരിക്കുവാനും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും തീരുമാനിച്ചു. ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നടത്തിയ സ്പെഷൽ ഗ്രാമസഭയുടെ മലപ്പുറം ജില്ലാതല ഉദ്ഘാടനം 1996 സെപ്തംബർ 9ന് ഈ പഞ്ചായത്തിലെ 12ാം വാർഡിലാണ് (കൂട്ടായി) സംഘടിപ്പിച്ചത്. ഉദ്ഘാടനം നിർവ്വഹിച്ച് കൊണ്ട് ജനാബ് ഇ.ടി. മുഹമ്മദ് ബഷീർ എം.എൽ.എ ചെയ്ത പ്രസംഗം ഇവിടുത്തെ ജനതയിൽ പുതിയൊരു ദിശാബോധം വളർത്തുകയുണ്ടായി. സെപ്തംബർ 17 ന് ജനകീയ ആസൂത്രണത്തിന്റെ ഒന്നാംഘട്ടം ശിൽപശാല നടത്തുകയും തുടർന്ന് ഒക്ടോബർ രണ്ടിനുള്ളിൽ 15 വാർഡുകളിലും സ്പെഷൽ ഗ്രാമസഭകൾ വിളിച്ച് ചേർത്ത് കൊണ്ട് പുതുതായി വാർഡിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികളെ കുറിച്ച് വിശദമായ ചർച്ച നടത്തുകയും ചെയ്തു. നവംമ്പർ ഒന്ന് - കേരള പിറവി ദിനത്തിൽ രാഷ്ട്രപുനരർപ്പണദിനത്തോടനുബന്ധിച്ച് പഞ്ചായത്തിലെ 15 വാർഡുകളിലും ഓരോ പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചു. നവംബർ രണ്ടിന് നടന്ന രണ്ടാം ഘട്ട ശിൽപശാലയിൽ വെച്ചാണ് ഈ വികസന റിപ്പോർട്ടിന് അന്തിമ രൂപം നൽകിയത്.

മത്സ്യ-കാർഷിക തൊഴിലാളികൾ തിങ്ങിവസിക്കുന്ന ഈ പഞ്ചായത്തിന്റെ വികസനത്തിന് ദരിദ്രജനവിഭാഗങ്ങളുടെ കലവറയില്ലാത്ത ഊർജ്ജസ്വലമായ കൂട്ടായ്മ ഒരു കൈമുതൽ തന്നെയാണ്. കടലമ്മയുടെ കനിവും പ്രകൃതിയുടെ ഔദാര്യവും തങ്ങളുടെ കുടുംബത്തിന്റെ നിലനിൽപ്പിന്നാധാരമാണെന്ന് ബോധ്യമുള്ള ഈ ജനത വികസനം തങ്ങളുടെ വറുതിക്ക് അറുതി വരുത്തുമെന്ന വിശ്വാസക്കാരാണ്. ഏതു സമയത്തും എന്തിനും തയ്യാറുള്ള സന്നദ്ധസേവന തല്പ്പരരായ യുവത്വത്തിന്റെ പ്രസരിപ്പും. അന്വേഷണതൃഷ്ണ കൈമുതലായുള്ള വിദ്യാസമ്പന്നരുടെ ഒരു നിരയും ഇവരുടെ പ്രശ്നങ്ങളിൽ ബദ്ധശ്രദ്ധരാണ്. ഔദ്യോഗിക മേഖലകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ഈ പഞ്ചായത്തിൽ തുലോം വിരളമാണ്. അതുകൊണ്ട് തന്നെ സമഗ്രമായ ബോധവൽക്കരണം എല്ലാരംഗത്തും അത്യാവശ്യമാണെങ്കിലും വികസനകാര്യത്തിൽ ഈ പഞ്ചായത്തിന്ന് അശ്ലേഷം ആശങ്കക്ക് കാരണമില്ല. അതുകൊണ്ടുതന്നെ വെട്ടം പഞ്ചായത്തിന്റെ നാളെയുടെ മുന്നേറ്റത്തിന് നാന്ദികുറിക്കാനുതകുന്ന വെട്ടം ഗ്രാമപഞ്ചായത്തിന്റെ ഈ സമഗ്രവികസന രേഖ സമയബന്ധിതമായി പൂർത്തീകരിക്കാൻ യത്നിക്കുമെന്ന ദൃഢനിശ്ചയത്തോടെ, ആഹ്ലാദത്തോടെ, അഭിമാനത്തോടെ നമുക്ക് സ്വീകരിക്കാം.

തയ്യാറാക്കിയത്:

**സി. മൊയ്തീൻകുട്ടി മാസ്റ്റർ**

**ഹക്കീം കൂട്ടായി**

**സി.എം.ടി. സീതി**

**പി.നസറുള്ള**

**പി.പി. ഖാലിദ്**

## പഞ്ചായത്ത് പൊതുവിവരണം.

| | | |
|---|---|---|
| 1. ഗ്രാമപഞ്ചായത്തിന്റെ പേര് | : | വെട്ടം |
| 2. നിലവിൽ വന്ന വർഷം | : | 1962 |
| 3. ഉൾപ്പെടുന്ന വില്ലേജുകൾ | : | വെട്ടം, മംഗലം |
| 4. ബ്ലോക്ക്പഞ്ചായത്ത് | : | തിരൂർ |
| 5. താലൂക്ക് | : | തിരൂർ |
| 6. ജില്ല | : | മലപ്പുറം |
| 7. നിയമസഭാ മണ്ഡലം | : | തിരൂർ |
| 8. ലോക്സഭാ മണ്ഡലം | : | പൊന്നാനി |
| 9. വിസ്തീർണ്ണം | : | 22.65 ച. കി. മീ. |
| 10. വാർഡുകൾ | : | 15 |
| 11. ജനസംഖ്യ | : | 48,522 |
| പുരുഷൻമാർ | : | 23,344. |
| സ്ത്രീകൾ | : | 25,178. |
| 12. ജനസാന്ദ്രത | : | 2142 |
| 13. അക്ഷരാഭ്യാസമുള്ളവർ | : | 33,642 |

14. അതിരുകൾ: വടക്ക് : താനാളൂർ പഞ്ചായത്ത്

കിഴക്ക്: തിരൂർ പുഴ , തലക്കാട് തൃപ്രങ്ങോട് പഞ്ചായത്തുകൾ

തെക്ക്: പുറത്തൂർ പഞ്ചായത്ത്

പടിഞ്ഞാറ്: അറബിക്കടൽ.

# ഭൂപ്രകൃതി

തയ്യാറാക്കിയത്:
**സി.മൊയ്തീൻ കുട്ടി മാസ്റ്റർ**
**അബ്ദുൽ ജബ്ബാർ അഹമ്മദ്**
**പി.മുഹമ്മദ് സലീം കൂട്ടായി**

**അ**ലമുറയിടുന്ന അറബികടലിന്റെ തെന്നലും, ആരോടും പരിഭവമില്ലാതെ നിശ്ശബ്ദമായി ഒഴുകുന്ന കനോലികനാലും നാണം കുണുങ്ങിയൊഴുകുന്ന മനോഹരിയായ തിരൂർ പൊന്നാനി പുഴയുടെ മന്ദഹാസവും ധന്യമാക്കിയ വെട്ടം പഞ്ചായത്ത് ഭൂപ്രകൃതിയനുസരിച്ച് ഒരു ഉപദ്വീപാണെന്ന് പറയാം. 22.65ച.കി.മി. വിസ്തീർണ്ണമുള്ള പഞ്ചായത്തിനെ, തിരൂർ പൊന്നാനി പുഴക്കും, കനോലികനാലിനും ചേർന്ന് കിടക്കുന്ന ചതുപ്പ് പ്രദേശം, തൊട്ടുയർന്ന പാടശേഖര പ്രദേശം, തീരസമതലഭൂമി, തുരുത്ത്, സമുദ്ര തീരപ്രദേശം എന്നീ മേഖലകളായി ഭൂപ്രകൃതിയനുസരിച്ച് തരം തിരിക്കാവുന്നതാണ്. അറബികടലിന്റെ തീരം പൂഴിമണലും ചേറും മണ്ണും കലർന്ന ഭൂമിയാണ്. ഇവിടെ നേർമ്മയാർന്ന ശുദ്ധജലം ലഭിക്കുന്ന മേഖലയാണ്. തിരൂർ പൊന്നാനി പുഴക്കും കനോലികനാലിനും ഇടയിലുള്ള പ്രദേശങ്ങളിൽ പശിമയാർന്ന ചെമ്മണ്ണ് കലർന്ന ഭൂമിയാണ്.ഇവിടെ വെള്ളത്തിന് ചെമ്മൺ കളറും ഉപ്പുരസവും അനുഭവപ്പെടുന്നത് കാർഷിക മേഖലയേയും സാരമായി ബാധിക്കുന്നുണ്ട്. തിരൂർ പൊന്നാനി പുഴക്ക് കിഴക്ക് സ്ഥിതി ചെയ്യുന്ന മംഗലം പുല്ലൂണി പ്രദേശങ്ങളിൽ ചെമ്മണ്ണും, ചേറും കലർന്ന പശിമയാർന്ന പ്രത്യേകതരം മണ്ണാണുള്ളത്. ഈ മേഖലയിൽ വെള്ളം സുലഭമായി ലഭിക്കുമെങ്കിലും പടിഞ്ഞാറൻ ഭാഗങ്ങളിൽ ചവർപ്പും പുളിരസവുമുള്ള വെള്ളമാണ് ലഭിക്കുന്നത്. എന്നാൽ കിഴ

ക്ക് ഭാഗത്ത് ഇരുമ്പ് സത്തുള്ള വെള്ളമാണ് ലഭിക്കുന്നത്. നെൽകൃഷിയുണ്ടെങ്കിലും ഇവിടങ്ങളിൽ 70 ശതമാനത്തിലധികവും നാളികേരമാണ് കൃഷി ചെയ്യുന്നത്. എന്നാൽ നാളികേരത്തിന്റെ വിലയിടിവ് കർഷകരെ ഈ രംഗത്തു നിന്നും അകറ്റുന്നു. തൻമൂലം ഇത്തരം സ്ഥലങ്ങൾ പ്രധാനമായും കെട്ടിട നിർമ്മാണങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

പഞ്ചായത്തിൽ 1991-ലെ കണക്കുപ്രകാരം 6297 കുടുംബങ്ങളിലായി 48,522 ആളുകൾ അധിവസിക്കുന്നു. ഇതിൽ 23,344 പുരുഷന്മാരും 25178 സ്ത്രീകളുമാണ്. പുരുഷൻമാരെക്കാൾ 1834 സ്ത്രീകൾ കൂടുതലാണ്.

വിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് വെട്ടം. ഇവിടെ യുള്ള സ്ത്രീകളിലധികവും പത്താം ക്ലാസ് വരെയുള്ള പഠനത്തോട് കൂടി വിദ്യാഭ്യാസ രംഗത്തു നിന്ന് പിന്നോക്കം പോകുന്ന കാഴ്ചയാണ് കാണുന്നത്. പുരുഷന്മാരും ഇതിൽ നിന്ന് ഏറെ വ്യത്യസ്ഥരല്ലെന്ന് പറയാം. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലെയും SSLC വിജയ ശതമാനം പരിശോധിച്ചാൽ വിദ്യാഭ്യാസപരമായി വളരെ പിന്നിലാണെന്ന് മനസ്സിലാക്കാൻ സാധിക്കും. വിദ്യാഭ്യാസം നേടുന്നവരുടെ കാര്യത്തിൽ കാലാന്തരത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും പഠനനിലവാരത്തിൽ വളരെയധികം പിന്നിലാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. പുതിയ തലമുറ കൃഷിപ്പണിയെ അവഗണിക്കുന്നതിനാൽ കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ കാർഷികരംഗത്ത് പ്രയാസങ്ങൾ നേരിടുന്നു. ഉൽപ്പാദനരംഗത്തേക്ക് യുവാക്കളെ ആകർഷിക്കാൻ ഉതകുന്ന വിദ്യാഭ്യാസം നൽകിയാലെ കാർഷിക - വ്യവസായിക രംഗത്തുള്ള ഇന്നത്തെ ശോചനീയാവസ്ഥ മാറ്റാൻ കഴിയുകയുള്ളു. മത്സ്യതൊഴിലാളി മേഖലയും പ്രതിസന്ധിയിലാണ്. കടലിൽ നിന്ന് വേണ്ടത്ര മത്സ്യം ലഭ്യമല്ലാത്തതിനാൽ പടിഞ്ഞാറൻ മേഖലയിലും തൊഴിലവസരങ്ങൾ കുറഞ്ഞ് വരുന്നു. കൂടാതെ കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾ ആധുനിക യന്ത്രവൽക്കരണം മൂലം പ്രയാസങ്ങൾ നേരിടുന്നു.

ഈ മേഖലയിൽ പട്ടിണിയും ദാരിദ്ര്യവും രൂക്ഷമാവാറുണ്ട്. പഞ്ചായത്തിൽ വർഷത്തിൽ നല്ലമഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മഴ ഏറ്റവും കുറവ് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. മഴക്കാലത്ത് പടിഞ്ഞാറൻ മേഖലയിൽ കടൽ ക്ഷോഭം അനുഭവപ്പെടുന്നത് മൂലവും, തിരൂർ- പൊന്നാനിപുഴ കരകവിഞ്ഞൊഴുകുന്നതിനാലും പ്രദേശവാസികൾക്ക് വളരെയധികം പ്രയാസങ്ങൾ നേരിടാറുണ്ട്.

പടിഞ്ഞാറ് ഭാഗത്ത് 9 കി.മി നീളത്തിൽ അറബി കടൽ തീരമാണ്. 13 കി.മീ നീളത്തിൽ തിരൂർ പൊന്നാനിപ്പുഴയും 7.കി.മീ നീളത്തിൽ കനോലികനാലും പഞ്ചായത്തിന്റെ മധ്യഭാഗത്തായി വ്യാപിച്ച് കിടക്കുന്നു. കൂടാതെ 22കി.മീ ഇടത്തോടുകളോടും പുഴയോരങ്ങളോടും ചേർന്ന് കിടക്കുന്ന പൊതുകുളങ്ങളും നിരവധി സ്വകാര്യകുളങ്ങളും അടങ്ങിയതാണ് പഞ്ചായത്തിന്റെ ജലസ്രോതസ്സുകൾ. തിരൂർ പൊന്നാനി പുഴക്കടുത്തുള്ള ഭാഗങ്ങളിലും കനോലികനാലിന്റെ സമീപപ്രദേശങ്ങളിലും ജലം യഥേഷ്ടം ലഭിക്കുമെങ്കിലും ഉപ്പ് രസമുള്ളതിനാൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടാറുണ്ട്.

# സാമൂഹിക സാംസ്കാരിക ചരിത്രം

തയ്യാറാക്കിയത്:
**സി.എം.മുഹമ്മദലി**
**പി.വി. അബ്ദുള്ളകുട്ടി ഹാജി**
**കെ.ബാലൻ**
**പി.മുഹമ്മദ് സലീം കൂട്ടായി**
**സി.എ. കരീം**
**എം.പി. നാരായണമേനോൻ**

മലയാള സംസ്കാരത്തിന്റെ ഈറ്റില്ലമായിരുന്നു നൂറ്റാണ്ടുകൾക്കു മുമ്പ് ഈ വെട്ടത്തു നാട്. മലയാളത്തിന്റെ ആദ്യാക്ഷരവും, കലയും, സംസ്കാരവും ഉടലെടുത്തത് കൊണ്ടാവാം ഈ നാട്ടുരാജ്യത്തെ 'വെളിച്ച' മായ 'വെട്ടം' എന്ന് നാമകരണം ചെയ്തത്. ചരിത്രപ്രസിദ്ധമായ വെട്ടത്തു രാജ്യത്ത് സാമൂതിരിയുടെ മേൽക്കോയ്മാധികാരത്തോടെ ഭരണം നടത്തിയിരുന്ന വെട്ടത്തു രാജാവ് 1793മെയ് 24ന് അന്തരിച്ചതോടെ ഈ ക്ഷത്രിയ രാജവംശം അന്യം നിന്നുപോയി. ഇന്നത്തെ വെട്ടത്തു കാവ് ദേവീ ക്ഷേത്രത്തിനടുത്തായിരുന്നു രാജകൊട്ടാരം. രാജാവിന്റെ പരദേവതാ ക്ഷേത്രമായിരുന്നു വത്രെ വെട്ടുത്തുകാവ് ദേവി ക്ഷേത്രം.

പ്രദേശികമായ ചരിത്ര സത്യങ്ങളിലൂടെയും വെട്ടത്തുനാടിന്റെ ഭൂതകാല പ്രതാപങ്ങളെ നാം തിരിച്ചറിയുന്നു. വഴി വക്കുകളിൽ കാണുന്ന ഭാരം ഇറക്കാനുള്ള വലിയ അത്താണികളും സ്ഥലപ്പേരുകളും (ഇല്ലത്തപടി, തീണ്ടാപ്പടി) വലിയ നാലുകെട്ടും കുളവും വലിയ ആൽമരങ്ങളും അങ്ങനെ നീങ്ങുന്നു.....

കഥകളിക്ക് പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തിയതും വെട്ടത്തുരാജാവാണ്. പ്രശസ്തനായ കഥകളി നടൻ വെട്ടത്തു ശങ്കരൻ ജനിച്ചു വളർന്നതും ഈ മണ്ണിൽ തന്നെയാണ്. ആദിശങ്ക

രന്റെ പ്രഥമശിഷ്യൻ പത്മപാദർ ജനിച്ചു വളർന്നത് വെട്ടം മുല്ലപ്പള്ളി ഇല്ലത്തായിരുന്നു. മഹാകവി വള്ളത്തോൾ ആദ്യപാഠങ്ങൾ പഠിച്ചത് മംഗലം തെക്കുമ്പാട് മനയിൽനിന്നാണ്. വെട്ടത്തു രാജാവിന്റെ അംഗരക്ഷകനും വിശ്വസ്തനുമായിരുന്ന ചൊക്കാക്കയും ജനനവും ഈ നാട്ടു രാജ്യത്തിലെ കൂട്ടായിയിലായിരുന്നു. ഈ കാലഘട്ടത്തിൽ അന്തായി ചോയി എന്നറിയപ്പെടുന്ന കച്ചവടക്കാരൻ വാക്കാട് കടപ്പുറത്ത് അഴിമുഖമുണ്ടാക്കി കച്ചവട ആവശ്യാർത്ഥം പായക്കപ്പൽ കൊണ്ടുപോകുന്നതിന് ശ്രമം നടത്തിയതായും നാട്ടുകാരുടെ ശക്തമായ എതിർപ്പ് കാരണം അദ്ദേഹത്തിന്റെ ശ്രമം പരാജയപ്പെട്ടതായും പറയപ്പെടുന്നുണ്ട്. ടിപ്പുവിന്റെ പടയോട്ടങ്ങൾക്കും ഈ പ്രദേശവാസികൾ സാക്ഷികളായിരുന്നു. അതുകൊണ്ടാണ് ഇവിടെയുള്ള റോഡുകളെ ടിപ്പുസുൽത്താൻ റോഡുകൾ എന്ന് വിളിക്കുന്നത്. കൂടാതെ വെട്ടത്തുനാട്ടിലെ കുണ്ടൻ ഇടവഴികൾ മറ്റു നാട്ടുരാജ്യങ്ങളിൽ നിന്നുള്ള ആക്രമണത്തെ തടയാൻ സഹായകമായി എന്നും പറയപ്പെടുന്നു

ഇവിടുത്തെ അമ്പലങ്ങളും പള്ളികളും മതസൗഹാർദ്ദത്തിന്റെ പ്രതീകങ്ങളാണ്. തൊട്ടിയിൽ അങ്ങാടിയിലെ ക്ഷേത്രവും പള്ളിയും അന്നശ്ശേരി പള്ളിയും പുല്ലൂണിക്കാവ് ക്ഷേത്രവും ഹിന്ദു-മുസ്ലീം മൈത്രി വിളിച്ചോതുന്നു. കൂട്ടായി നെച്ചിക്കാട്ടിൽ ഔലിയ ജാറം, പറവണ്ണ സയ്യിദ് ഖാജജാറം എന്നിവ വിവിധ മതസ്ഥർ ഒരേ പോലെ സന്ദർശിക്കുന്നു. കൂട്ടായി പഴയ ജുമുഅത്ത് പള്ളി, പറവണ്ണ ജുമുഅത്ത് പള്ളി മംഗലം ശിവക്ഷേത്രം, കാരാറ്റ് കടവ് ശ്രീരാമപുര ക്ഷേത്രം, പരിയാപുരം ഭഗവതി കോട്ട, ഉള്ളാർവീട് ഭഗവതി ക്ഷേത്രം, വെട്ടത്തുകാവ് ദേവീ ക്ഷേത്രം, എരേരത്ത് അമ്പലം, നരസിംഹ ക്ഷേത്രം, എന്നിവ പഴക്കം ചെന്ന ആരാധനാലയങ്ങളാണ്.

ബ്രിട്ടീഷ് പട്ടാളത്തെ വിറപ്പിച്ച കേരള സിംഹം എന്നറിയപ്പെടുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പിതാമഹന്മാരുടെ കുടുംബവും കൂട്ടായി പ്രദേശത്തായിരുന്നു. കുഞ്ഞാലി മരക്കാരുടെ പൗത്രനും മരക്കാർ കുടുംബത്തിന്റെ നായകനുമായിരുന്ന കലന്തർ പോക്കറായിരുന്നു അബുദുറഹിമാൻ സാഹിബിന്റെ പിതാമഹൻ. അദ്ദേഹത്തിന്റെ ഉമ്മയുടെ നാടായിരുന്നു കൂട്ടായി.

ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇന്ത്യ മുഴുവൻ നടന്ന പോരാട്ടങ്ങൾക്കും വെട്ടത്തുകാർ പിന്തുണ നൽകി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിട്ടുള്ള 1921-ലെ മലബാർ കലാപത്തിന്റെയും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെയും അലയടികൾ ഈ പ്രദേശങ്ങളിലും അനുഭവപ്പെട്ടു. വെള്ളപ്പട്ടാളവും ചണ്ടിപ്പട്ടാളവും ഇടയ്ക്കിടെ തിരൂർ-പൊന്നാനി പുഴ വഴി പൊന്നാനിയിലേക്കും, കനോലികനാൽ വഴി താനൂരിലേക്കും നീങ്ങിയതായി പറയപ്പെടുന്നു. പ്രസ്തുത ലഹളയിൽ ഇവിടുത്തുകാർ നിർണ്ണായക പങ്ക് വഹിച്ചു. മംഗലം സ്വദേശികളായ മണലോട്ടി മമ്മദ്, അനുജൻ മൈനറായ കമ്മാലി എന്നിവരെ അറസ്റ്റ് ചെയ്ത് വെല്ലൂർ ജയിൽ അടയ്ക്കുകയുണ്ടായി. ഒരു വർഷത്തിന് ശേഷം മമ്മദ് ജയിൽ മോചിതനായെങ്കിലും അനുജൻ മരണപ്പെടുകയാണുണ്ടായത്. 1948-ലെ കൽക്കട്ട തീസിസിന് ശേഷം പുല്ലൂണി സ്വദേശിയായ വള്ളത്തോൾ നാരായണൻ കുട്ടിയെ അറസ്റ്റ് ചെയ്തു. ഇതേകാരണത്തിന് വള്ളത്തോൾ വിശ്വൻ, പരമേശ്വരൻ എന്നിവരെ 1950 ജനുവരി 24-ാം തിയ്യതി അറസ്റ്റ് ചെയ്ത് 13 ദിവസം ജയിലിൽ പാർപ്പിച്ചു.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മുന്നണി പോരാളികളായി പ്രവർത്തിച്ചവരും നിരവധിയാണ്. മംഗലത്തുകാരനും വെട്ടം കാരാറ്റ് കടവ് സ്വദേശിയുമായ പൊത്താഞ്ചേരി പുത്തൻ വീട്ടിൽ കുഞ്ഞൻ നമ്പ്യാർ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പൊന്നാനി താലൂക്ക് സെക്രട്ടറിയായിരുന്നു. കൂടാതെ കൂട്ടായി സ്വദേശികളായ ചെറെച്ചം വീട്ടിൽ തെക്കെയിൽ ഏനുക്കുട്ടി മൂപ്പൻ, പാലക്കാവളപ്പിൽ പടിഞ്ഞാറെ ഒറ്റയിൽ ബാവമുസ്ല്യാർ, വടക്കെ വളപ്പിൽ അബ്ദുറഹിമാൻകുട്ടി എന്നിവരും ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. വള്ളത്തോൾ കൃഷ്ണൻ കുട്ടി മേനോൻ, ശങ്കരമേനോൻ, കുഞ്ഞപ്പമേനോൻ തുടങ്ങിയവരും ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. കൂട്ടായി സ്വദേശിനൈനാൻകുട്ടി മാസ്റ്ററുടെ സ്വാതന്ത്ര്യസമര ഗാഥകൾ ജനങ്ങളെ ആവേശഭരിതരാക്കിയെന്നത് ചരിത്രസത്യമാണ്.

കൂടാതെ സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച ഇന്ത്യൻ നേഷണൽ ആർമിയുമായി സജീവമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും നേതാജിയുമായി ഉറ്റബന്ധം പുലർത്തുകയും ചെയ്ത വെട്ടം സ്വദേശിയും ബർമ്മയിൽ വ്യവസായിയുമായിരുന്ന കെ.സി അബ്ദുറഹിമാൻകുട്ടി ഐ.എൻ.എ.യുടെ ഫണ്ടിലേക്ക് 2,50000 (രണ്ട്ലക്ഷത്തിഅമ്പതിനായിരം രൂപ) നൽകി തന്റെ ദേശകൂറ് പ്രകടിപ്പിച്ചു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ ആദ്യത്തെ യൂണിറ്റ് രൂപീകരിച്ചത് കൂട്ടായി പ്രദേശത്തായിരുന്നു. ചേക്കുമരക്കാരകത്തു കുഞ്ഞിപ്പ സാഹിബായിരുന്നു അതിന് നേതൃത്വം നൽകിയെതെങ്കിലും പിൽകാലത്ത് കോൺഗ്രസ്സിനെ ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റിയതിന്റെ പിന്നിൽ പി.അലിഅക്ബർ സാഹിബായിരുന്നു ഉണ്ടായിരുന്നത്. മുസ്ലിം ലീഗ് പ്രസ്ഥാനത്തിന്റെ മലബാറിലെ ആദ്യത്തെ ശാഖയും 1936ൽ കൂട്ടായിയിൽ തന്നെയാണ് തുടങ്ങിയത് സി.കെ. വി മുഹമ്മദ് മുഹാജിർ സാഹിബായിരുന്നു അതിന് നേതൃത്വം നൽകിയത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിൽ അച്യുതൻ നമ്പൂതിരി, പി. ഗോപാലൻ, എം. ആർ. നമ്പൂതിരി തുടങ്ങിയവരാണ് മുന്നണിയിൽ ഉണ്ടായിരുന്നത്.

വെട്ടത്തുനാട്ടിലെ കനോലികനാലിന് ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്ന വെട്ടം, പച്ചാട്ടിരി അംശ

ങ്ങളും തിരൂർ -പൊന്നാനി പുഴക്ക് ഇരുകരകളിലാ യുള്ള മംഗലം അംശവും കൂട്ടി ചേർത്താണ് 1962-ൽ വെട്ടം പഞ്ചായത്ത് രൂപീകരിക്കുന്നത്. ഇതിന് മുമ്പ് കൈപൊക്കി വിജയിച്ച് വരുന്നമെമ്പർമാർ വില്ലേജിൽ ഒത്തുകൂടി ഗ്രാമസഭകൾ രൂപീകരിച്ച് അധികാരിയുടെ നേതൃത്വത്തിൽ ഭരണം നടത്തിയി രുന്നു. പഞ്ചായത്ത് നിലവിൽ വന്ന സമയത്ത് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതനായത് വി.കെ. അബ്ദുവായിരുന്നു. വാടക കെട്ടിടത്തിലാ യിരുന്നു പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. 1964-ൽ ജനാധിപത്യ രീതിയിൽ ആദ്യത്തെ തെരെ ഞ്ഞെടുപ്പ് നടന്നു. പ്രഥമ പ്രസിഡന്റായി സി.കെ ഹമീദ് ഹാജിയെ തെരെഞ്ഞെടുത്തു. കെ.ബാലൻ, ആർ.മുഹമ്മദ്, കെ.സി മുഹമ്മദ് എന്ന ബാവ, ടി. അച്ച്യുതൻ നമ്പൂതിരി, വി.ഇ കുട്ടി ഹസ്സൻ, സി.വി. അബ്ദുല്ലക്കുട്ടി വി.പി. കുഞ്ഞിമുഹമ്മദ്, പി.കെ. ഹംസ്സ, സി. മൊയ്തീൻ കുട്ടി മാസ്റ്റർ എന്നിവരും വനിതാ അംഗമായി നോമിനേറ്റു ചെയ്ത കുമാരി എൻ.സുശീലയുമായിരുന്നു അംഗങ്ങൾ. മെമ്പറായ സി. മൊയ്തീൻകുട്ടി മാസ്റ്റർ മരണപ്പെടുകയും പകരം കെ. കറപ്പനെ തെരെഞ്ഞെടുക്കുകയും ചെയ്തു. ഈ പഞ്ചായത്ത് ബോർഡ് 1979 വരെ നീണ്ടു നിന്നു.

1979 ൽ നടന്ന തെരെഞ്ഞെടുപ്പിൽ P.P അബ്ദുല്ലക്കു ട്ടിയെ പ്രസിഡന്റായി തെരെഞ്ഞെടുത്തു. അംഗ ങ്ങൾ P.K. ബാവ, K.ബാലൻ, V.കുഞ്ഞുണ്ണി വൈദ്യർ, രാമനത്ത് കുമാരൻ, T. പാത്തുമ്മടീച്ചർ, C.P. ഹംസ്സ ക്കോയ, P. കൃഷ്ണൻ കുട്ടി മാസ്റ്റർ, K.P കുട്ടിയാമു, C.M.T. അബ്ദുറഹിമാൻ, C.P. കുഞ്ഞിമോൻ.

തുടർന്ന് 1987-ൽ നടന്ന തെരെഞ്ഞെടുപ്പിൽ സി.എം.ടി. അബ്ദുറഹിമാനെ പ്രസിഡന്റായി തെരെ ഞ്ഞെടുത്തു. അംഗങ്ങളായി പി. കൃഷ്ണൻകുട്ടി മാസ്റ്റർ, സി.പി. ഗോപാല കൃഷ്ണൻ പി.കുഞ്ഞി മൂസ, സി.പി. കുഞ്ഞിമോൻ, സി.എം. മറിയുമ്മ, പി.പി. നസീംബാനും, പി. പ്രഭാകരൻ, കെ.പി. ബാപ്പുട്ടി, പി.കെ. ഹംസ്സ, കെ.പി. കുഞ്ഞിമരക്കാർ, എം. ശങ്കരൻ നമ്പൂതിരി, ആർ. മുഹമ്മദ്, വി.കുഞ്ഞാപ്പു. എന്നിവരും തെരെഞ്ഞെടുക്കപ്പെട്ടു.

പഞ്ചായത്ത്രാജ് നിയമപ്രകാരം 1995 ഒക്ടോബർ-2ന് അധികാരത്തിൽ വന്ന വെട്ടം ഗ്രാമപഞ്ചായ ത്തിന്റെ പ്രസിഡന്റായി 4ാം വാർഡിൽ നിന്ന് വിജ യിച്ച കെ.സി അബൂബക്കർ ഹാജി യെയും വൈസ്പ്രസിഡന്റായി 11ാം വാർഡിൽ നിന്ന് തെരെ ഞ്ഞെടുക്കപ്പെട്ട സി.മൊയ്തീൻ കുട്ടിമാസ്റ്ററെയും തെരെഞ്ഞെടുത്തു. അംഗങ്ങൾ -1. സി.പി. കോമള വല്ലി, 2-കൊടക്കാട് ബഷീർ, 3-വി.ഇ.എ. ലത്തീഫ്, 4-കെ.സി അബൂബക്കർ ഹാജി 5-പി.സുഭദ്രടീച്ചർ, 6-ടി. സുഭദ്ര, 7-പി. സതീശൻ മാസ്റ്റർ, 8-ആർ.കുഞ്ഞി മൊയ്തീൻകുട്ടി, 9-പി. ഖാലിദ് കുട്ടി, 10-സി.പി. കുഞ്ഞിമോൻ, 11-സി.മൊയ്തീൻ കുട്ടി മാസ്റ്റർ 12-വി.എ. സുലൈഖ, 13- ടി. വേലായുധൻ, 14-സി.എം. മുഹമ്മദലി, 15-എ.പി. സൈനബ. 4-10- 96ൽ കെ.സി. അബൂബക്കർ ഹാജി പ്രസിഡന്റ് സ്ഥാനം രാജിവെ ച്ചൊഴിഞ്ഞതിനാൽ വൈസ് പ്രസിഡന്റ് സി.മൊയ്തീൻ കുട്ടിമാസ്റ്റർ പ്രസിഡന്റായി ചുമത ലയേറ്റു. തുടർന്ന് 18-10-96ൽ പുതിയ പ്രസിഡന്റായി 10-ാം വാർഡിൽ നിന്നും ജയിച്ച സി.പി. കുഞ്ഞിമോൻ അധികാരമേറ്റു.

ഈ പഞ്ചായത്തിൽ നിന്ന് ജില്ലാ പഞ്ചായത്ത് പ്രതി നിധിയായി സി.എം.ടി. അബൂബക്കറും, ബ്ലോക്ക് പഞ്ചായത്തിലേക്ക് കെ.കൃഷ്ണൻ, (വെട്ടം), കെ.പി. ബാപ്പുട്ടി (പറവണ്ണ), പി.പി. നസീംബാനു(കൂട്ടായി), സുലൈഖ (മംഗലം) എന്നിവരും തെരെഞ്ഞെടുക്ക പ്പെടുകയുണ്ടായി.

ഇപ്പോൾ പഞ്ചായത്ത് ആസ്ഥാനം നിലനിൽക്കുന്ന സ്ഥലം പ്രഥമ പ്രസിഡന്റായിരുന്ന സി.കെ. ഹമീദ് ഹാജിയാണ് സംഭാവന നൽകിയത്. പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച കെട്ടിടം 6-2-1967-ൽ കോഴി ക്കോട് കോർപ്പറേഷൻ മേയർ പി.കുട്ടികൃഷ്ണൻ നായർ ഉദ്ഘാടനം നിർവ്വഹിച്ചു. സ്റ്റേഡിയത്തിനു വേണ്ടി വാക്കാട് 93-ൽ ഒരു സ്ഥലം കണ്ടെത്തി. കൂടാതെ വാക്കാട് ശിശു മന്ദിരവും ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. 92-ൽ ശ്മശാനത്തിനായി 5-ാം വാർഡിൽ ഒരു ഏക്കർ സ്ഥലം ഏറ്റെടുക്കുകയു മുണ്ടായി. നാടിന്റെ വികസനത്തിനായി എല്ലായി ടത്തും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ആളുകൾ മുന്നിട്ടിറങ്ങുന്നുണ്ട്. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വിവിധ സംഘടനകൾ പ്രവർത്തിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്തുതന്നെ ഇവിടെ വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കപ്പെട്ടു. ഈ കാലത്ത് കൂട്ടായിയിൽ ഒരു വിദ്യാലയം ആരം ഭിച്ചിരുന്നു. വെള്ളക്കാരോടുള്ള ശക്തമായ എതിർപ്പ് കാരണം നാട്ടുകാർ സ്ക്കൂൾ ബഹിഷ്ക്കരിച്ചു. സ്ക്കൂൾ നഷ്ടമാവുകയും മംഗലത്ത് മാറ്റി സ്ഥാപി ക്കുകയും ചെയ്തു. ഈ സമയത്ത് പൊന്നാനി സ്വ ദേശി ഉസ്മാൻ മാസ്റ്റർ എന്നൊരാൾ കൂട്ടായിയിൽ വരികയും പ്രമുഖരുമായി ബന്ധപ്പെട്ടതിന്റെ അടി സ്ഥാനത്തിൽ മതപഠനം ലക്ഷ്യമാക്കി ഒരു മദ്രസ്സ സ്ഥാപിക്കുകയും ചെയ്തു. മതപഠനത്തോടൊപ്പം ചെറിയ തോതിൽ മാതൃഭാഷ എഴുതുവാനും, വായി ക്കുവാനും പഠിപ്പിക്കുവാനും തുടങ്ങി. മദ്രസ്സയുടെ നടത്തിപ്പിന് വേണ്ടി ചുണ്ടംവീട്ടിൽ അബ്ദുറഹിമാൻ പ്രസിഡന്റും സി.എൻ. ഏനുക്കുട്ടി സാഹിബ് സെക്ര ട്ടറിയും സി.പി. കുഞ്ഞി മൊയ്തീൻ സാഹിബ് ഖജാ ഞ്ചിയുമായി മദ്രസ്സത്തുൽ ഇഖ്വാൻ സഭ എന്ന പേരിൽ ഒരു കമ്മറ്റിയുണ്ടാക്കുകയും പ്രസ്തുത ക മ്മറ്റി മദ്രസ്സയുടെ ഭരണ ചുമതല ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് മലബാർ ഡിസ്ട്രിക്ട് ബോർഡിൽ നിന്ന് റിട്ടയർ ചെയ്ത അഹമ്മദ് കുട്ടി മാസ്റ്ററെ പ്രധാനാധ്യാപകനായി നിയമിക്കുകയും 3-ാം ക്ലാസ് വരെയുള്ള സ്ക്കൂൾ ആയി അംഗീകാരം ലഭിക്കുകയും ചെയ്തു. അങ്ങനെ മദ്രസ്സത്തുൽ ഇഖ്വാൻ എയ്ഡഡ് സ്ക്കൂൾ ഉദയം ചെയ്യുകയും 1922-ൽ അംഗീകാരം ലഭിക്കുകയുമുണ്ടായി. പ്രസ്തുത വിദ്യാലയമാണ് ഇപ്പോൾ കൂട്ടായി അങ്ങാ ടിയിൽ സ്ഥിതിചെയ്യുന്ന എസ്.എച്ച്.എം.യു.പി.

സ്ക്കൂൾ. പി.കെ. ഖാജാ അലി മാസ്റ്റർ, പി.കെ കോയമൊയ്തീൻ മാസ്റ്റർ, സി.മരക്കാർ മാസ്റ്റർ, വി.പി. ബാവമാസ്റ്റർ എന്നിവർ ഈ കാലഘട്ടത്തിലെ അധ്യാപക പ്രമുഖരായിരുന്നു.

ഇതിനുശേഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി പ്രൈമറി, അപ്പർ പ്രൈമറി വിദ്യാലയങ്ങൾ ഉദയം ചെയ്തെങ്കിലും 1960-ലാണ് ഈ പഞ്ചായത്തിൽ ആദ്യമായി കൂട്ടായിയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിതമാവുന്നത് പിന്നീട് പറവണ്ണയിലും ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കുകയുണ്ടായി. ഈ രണ്ടു വിദ്യാലയങ്ങളും ഇപ്പോൾ ഹയർസെക്കന്ററി സ്ക്കൂളുകളാണ്.

മതപഠനരംഗത്തും ഈ പ്രദേശത്തുകാർ മികച്ചു നിന്നു. കൂട്ടായി ബാവ മുസ്ല്യാരുടെ നേതൃത്വത്തിൽ കൂട്ടായി പുതിയജുമുഅത്ത്പള്ളിയിൽ ദർസ്സ് നടത്തിയിരുന്നു. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ വളർന്ന പറവണ്ണ മൊയ്തീൻകുട്ടി മുസ്ല്യാരാണ് 1951-ൽ രൂപീകരിച്ച സമസ്ത കേരള വിദ്യാഭ്യാസ ബോർഡിന്റെ പ്രഥമ പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടത്.

1980-ൽ പറവണ്ണയിൽ സ്ഥാപിതമായ തുഞ്ചൻ സ്മാരക ഗവ: കോളേജും, തൊഴിലധിഷ്ഠിത സ്ഥാപനമായ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടും ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെ ഉയർത്തിക്കാട്ടുന്നു.

ഈ പഞ്ചായത്തുവാസികൾക്ക് ജലഗതാഗതമായിരുന്ന ഏക ആശ്രയം. കനോലികനാലിലും തിരൂർ പൊന്നാനിപുഴയിലൂടെയുമുള്ള ജലപാത തിരൂരിനെയും പൊന്നാനിയെയും ബന്ധിപ്പിച്ചു. എന്നാൽ 1967-ൽ തിരൂർ പൊന്നാനിപുഴക്ക് കുറുകെ മാങ്ങാട്ടിരി യിൽ പാലം വന്നതോടെ റോഡ് ഗതാഗതം ആരംഭിച്ചു. 1977-ൽ താനാളൂർ പഞ്ചായത്തിലെ ഉണ്ണ്യാലിൽ കനോലികനാലിന് കുറുകെ വന്ന പാലം പഞ്ചായത്തിലെ പറവണ്ണ, കൂട്ടായി നിവാസികൾക്ക് തിരൂരുമായി ബന്ധപ്പെടാൻ എളുപ്പമായി. 1979-ൽ അരിക്കാഞ്ചിറയിൽ പാലം വന്നതോട് കൂടിയാണ് പഞ്ചായത്തിലെ റോഡുഗാതാഗതം സുഗമമായത്.

പഞ്ചായത്തിലെ മംഗലം പ്രദേശത്ത് 1953-ൽ ആദ്യമായി വൈദ്യുതിയെത്തി. ഇപ്പോൾ മിക്ക ഭാഗങ്ങളിലും വൈദ്യുതി ലഭ്യമാണ്. 1950-ൽ പറവണ്ണയിൽ സിറാജുൽ ഉലൂം വായന ശാലയും, 1954-ൽ പച്ചാട്ടിരിയിൽ ഗ്രാമബന്ധുവായനശാലയും, 1963-ൽ മംഗലത്ത് വള്ളത്തോൾ സ്മാരക ഗ്രന്ഥാലയവും 1964-ൽ, കൂട്ടായിയിൽ മൗലാന ആസാദ് സ്മാരക വായനശാലയും, ഇതേ വർഷം തന്നെ മംഗലത്ത് സീതി സാഹിബ് ഗ്രന്ഥാലയവും സ്ഥാപിക്കപ്പെട്ടു. പ്രസ്തുത സ്ഥാപനങ്ങൾ കലാസാംസ്കാരിക രംഗത്തും വികസനരംഗത്തും നൽകിയ സംഭാവനകൾ ശ്രദ്ധേയമാണ് 1965-ൽ വെട്ടം ആസ്ഥാനമാക്കി രൂപീകരിച്ച വെട്ടത്തുനാട് മഹിളാ സമാജം സ്ത്രീകൾക്ക് പൊതുരംഗത്തേക്ക് കടന്ന് വരാൻ സഹായകമായി. 1979-ൽ കൂട്ടായിയിൽ സ്ഥാപിച്ച അലി അക്ബർ സ്മാരക മഹിളാ സമാജത്തിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പ്രസ്തുത സമാജത്തിന്റെ അഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് നടത്തിയ ഐ.ആർ.ഡി. പി. മേളയിൽ രണ്ട് ലക്ഷത്തിൽ പരം രൂപയുടെ സാധന സാമഗ്രികൾ വിതരണം ചെയ്യുകയും എസ്.ഐ.എ.ഡി പദ്ധതിയിൽ 150 കക്കൂസുകൾ നിർമ്മിക്കുകയുമുണ്ടായി. കൂടാതെ, ആരോഗ്യരംഗത്ത് കേന്ദ്രസർക്കാറിന്റെ സ്കോവയിൽ അഞ്ച് അംഗങ്ങൾ പ്രവർത്തിക്കുന്നു.

# കൃഷി
# ജലസേചനം

തയ്യാറാക്കിയത്:

എം. ശങ്കരൻ നമ്പൂതിരി
കെ.ടി. ബാപ്പുഹാജി
ടി. ദാമോദരൻ മാസ്റ്റർ
ആർ. ഗോവിന്ദൻ
കൃഷ്ണകുമാർ

## കൃഷി

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ 3 മേഖലകളായി വിഭജിക്കാം.

1. കനോലികനാലിന് പടിഞ്ഞാറുഭാഗംകടലോര മേഖല
2. തിരൂർ പൊന്നാനിപ്പുഴക്കും-കനോലികനാലിനുമിടിയിലുള്ള മധ്യമേഖല
3. തിരൂർ പൊന്നാനിപ്പുഴക്ക് കിഴക്കുള്ള പുല്ലൂണി, മംഗലം കിഴക്കൻ മേഖല, പഞ്ചായത്തിൽ പൊതുവെ കൂടിയഭാഗം തീരസമതല ഭൂമിയാണ്. കടലോര മേഖലയിൽ 90% മണൽ പ്രദേശവും 10% ചേറും മണലും കലർന്ന ഭൂമിയാണ്. മദ്ധ്യഭാഗത്ത് ചെമ്മണ്ണും മണ്ണും ഇടകലർന്നതാണ്. കിഴക്കൻമേഖലയിലെ മണ്ണ് ചെമ്മണ്ണും ചേറും കലർന്നതാണ്.

പഞ്ചായത്തിലെ മണ്ണിന്റെ തരം പശിമരാശിയുള്ളതാണ് (അമ്ലം) ഈ മണ്ണിന്റെ PH മൂല്യം 5 to 6 ആണ്. ഇതിന്റെ NPK അളവുകൾ നൈട്രജൻ, പൊട്ടാസ്യം എന്നിവ മീഡിയവും ഫോസ്ഫറസ് കൂടിയതുമാണ്.

പഞ്ചായത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ തിരൂർ- പൊന്നാനിപ്പുഴയും കനോലി കനാലും ഒഴുകുന്നു. ഈ പുഴകളിലെ വെള്ളം ഉപ്പുരസമുള്ളതിനാൽ നമ്മുടെ കാർഷിക മേഖലയെ ഇത് പ്രതികൂലമായി ബാധിക്കുന്നു.

പഞ്ചായത്തിൽ ആകെ 1673 ഹെക്ടർ കൃഷി ഭൂമി

യാണുള്ളത്. ഇതിൽ 1460 ഹെക്ടറിൽ നാളികേരം കൃഷി ചെയ്യുന്നു. അഥവാ നാളികേരമാണ് മുഖ്യ വിള. നാളികേരം കഴിഞ്ഞാൽ തൊട്ടടുത്തത് നെൽകൃഷിയാണ്. 95 ഹെക്ടറിൽ ഇപ്പോൾ നെൽകൃഷി ചെയ്യുന്നു. കശുമാവ് കൃഷിയാണ് പിന്നീടുള്ളത്. ഉദ്ദേശം 35 ഹെക്ടറിൽ കശുമാവ് കൃഷി ചെയ്യുന്നു. പഞ്ചായത്തിൽ മൊത്തം 83 ഹെക്ടർ തരിശു ഭൂമിയായികിടക്കുന്നു. ഇതിൽ 76 ഹെക്ടറും ഭൂമി കൃഷി യോഗ്യമാണ്.

പഞ്ചായത്തിലെ തൊഴിൽ മേഖല പരിശോധിച്ചാൽ മധ്യമേഖലയിലും കിഴക്കൻ മേഖലയിലും ജനങ്ങൾ കർഷക-കർഷകത്തൊഴിലാളി മേഖലയാണ്. കടലോര മേഖലയിലെ ജനങ്ങൾ മത്സ്യത്തൊഴിലുമായി ബന്ധപ്പെട്ട് കഴിയുന്നു. പുതിയ തലമുറ കൃഷിപ്പണിയെ അവഗണിക്കുന്നു. കാർഷിക രംഗത്ത് കൂലി വേലക്ക് കർഷക ത്തൊഴിലാളികളെ ആശ്രയിക്കുന്നു. ജീവിത വിലസൂചിക വർദ്ധനവനുസരിച്ച് കർഷകത്തൊഴിലാളികൾ കൂലി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നത് മിക്കപ്പോഴും കർഷകരുമായി ഇടച്ചിലിന് ഇടം വരുത്തുന്നു. വിവിധ വാർഡുകളിലെ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും ഏകീകരിച്ച കൂലി സമ്പ്രദായം നിലവിലില്ല എന്ന് കാണുന്നു. രാസവള വില വർദ്ധനവും കൃഷിക്കാരെ ഈ രംഗത്ത് നിന്ന് പിന്തിരിപ്പിക്കുന്നു.

നെല്ലും നാളികേരവുമാണ് മുഖ്യവിളകൾ. പാടങ്ങളിൽ നെൽകൃഷി കുറഞ്ഞുവരുന്നു. ചതുപ്പ് നിലങ്ങൾ കൃഷിയിറക്കാതെ തരിശായി കിടന്നിടം മുഴുവൻ കണ്ടൽ കാടായി മാറിയിരിക്കുന്നു. നെൽകൃഷി കുറഞ്ഞും നാളികേര കൃഷി കൂടിയും വരുന്നു. പാടങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നു. പഴയകാല കൂട്ടുകുടുംബവ്യവസ്ഥ മാറി അണുകുടുംബ പ്രവണത കാരണം പാടങ്ങൾ തൂർത്ത് വീട് വെക്കാനും. തെങ്ങ് വെച്ച് പിടിപ്പിക്കാനും തുടങ്ങിയാതാണ് കാരണം.

തൊഴുത്തും കന്നുകാലികളും ഇന്ന് അന്യമായിരിക്കുന്നു. തൻമൂലം ചാണകവും കമ്പോസ്റ്റ് വളവും അടിവളമായി ചേർക്കാൻ കഴിയാതെ കൃഷിക്കാർ രാസവളത്തെ ആശ്രയിക്കുന്നു. മാത്രമല്ല പച്ചിലവളം ചേർക്കുന്നതിന് അതിന്റെ ദൗർലഭ്യവും കൂലിച്ചെലവും വിഘാതമായി നിൽക്കുന്നു. ഈ അമിത രാസവള പ്രയോഗം കാരണം ഭൂമിയുടെ ഗുണമേൻമ പൂർണ്ണമായും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

കാർഷിക മേഖലയുടെ ശോചനീയാവസ്ഥയും, താഴ്ന്ന ഉത്പാദനക്ഷമതയും, പ്രധാന കാർഷികോൽപന്നമായ നാളികേരത്തിന്റെ വിലയിലെ അസ്ഥിരതയുമാണ് നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാർ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നം. ഉൽപാദന രംഗത്തേക്ക് യുവാക്കളെ ആകർഷിക്കാൻ ഉതകുന്ന വിദ്യാഭ്യസ സമ്പ്രദായത്തിന്റെ അപര്യാപ്തത ചർച്ചചെയ്യപ്പെടേണ്ടതാണ്. ആധുനിക വിദ്യാഭ്യാസ സാർവത്രികമായതോടെ കർഷക കുടുംബങ്ങളിലെ യുവതലമുറ പാടത്തേയും പറമ്പിലേയും പണിയിൽ നിന്നകന്നു. എളുപ്പത്തിൽ കാശുണ്ടാക്കുന്നതിനുള്ള വ്യഗ്രത, അലസത, രാഷ്ട്ര പുനർനിർമ്മാണ കാര്യങ്ങളിൽ ആഭിമുഖ്യമില്ലായ്മ എന്നിവ ചെറുപ്പക്കാരെ ബാധിച്ചിരിക്കുന്നു. മാത്രമല്ല സാമാന്യമായി പറഞ്ഞാൽ ജനങ്ങൾ ആനുകൂല്യങ്ങളുടെ പിന്നാലെ പോകുന്ന ഒരു സ്ഥിതി വന്നിട്ടുണ്ട്.

നമ്മുടെ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. ഇവിടെത്തെ പ്രധാന കൃഷി (75%) നാളികേര കൃഷിയാണ്. 25% ത്തോളം നെൽകൃഷിയുമാണ്. 5% കശുമാവ് കൃഷിചെയ്യുന്നു. കൂടാതെ ഇടവിളകളായി വാഴയും, പച്ചക്കറിയും, കിഴങ്ങു വർഗ്ഗ കൃഷിയും ചെയ്യുന്നുണ്ട്.

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. കൂടാതെ തോടുകൾ, കുളങ്ങൾ എന്നിവ പരസ്പര ധാരണയോടെ ചിറകെട്ടി സംരക്ഷിച്ചും കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ഇന്ന് പൊതുകുളങ്ങൾ, തോടുകൾ എന്നീ ജലസ്രോതസ്സുകൾ പൊതുസ്വത്തായതോടു കൂടി സംരക്ഷിക്കാൻ ആളില്ലാതെയായിരിക്കുന്നു. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജൻമിമാരായിരുന്നു. സാമൂതിരിയുടെ കുടുംബങ്ങൾ, ദേവസ്വംവക, താനൂർ കേയിമാർ തുടങ്ങിയവരായിരുന്നു ഇവരിൽ പ്രധാനികൾ.

ആകെ ഭൂമിയുടെ നല്ലൊരു ശതമാനം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. മൂന്നുപൂലും അത്യദ്ധ്വാനം ചെയ്ത് കൃഷിയിറക്കിയിരുന്നു. വിത്തിടുന്ന സമയത്തും, കൊയ്ത്തു സമയത്തും കൃഷിക്കാരുടെയും കർഷകതൊഴിലാളികളുടേയും കുടുംബങ്ങളിൽ ശബ്ദമുഖരിതമായിരുന്നു. വീട്ടുമുറ്റത്തെ വൈക്കോൽ കൂനകൾ പ്രമാണിത്തത്തിന്റെ ലക്ഷണമായും, വൈവാഹിക ബന്ധം പോലുള്ള ചടങ്ങുകളിൽ തറവാടിത്തത്തിന്റെ പ്രതീകമായും കണക്കാക്കിപോന്നിരുന്നു.

പല സവിശേഷതകളോടും കൂടിയ നാടൻ വിത്തിനങ്ങളാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. ഓരുപുളിയെ അതിജീവിക്കാൻ കഴിവുള്ള കഴിയൻ, വട്ടൻ, ഒടിയൻ, ചവന്ന ചീര, പൂന്ത, ചിറ്റേനി, ആര്യൻ തുടങ്ങിയ വിത്തിനങ്ങൾ ജൈവ വളം ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. 1970കളോട് കൂടി പട്ടാമ്പി, നെൽഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ട് പുതിയ ഇനം വിത്തുകൾ കർഷകർ ഉപയോഗിക്കുവാൻ തുടങ്ങി. രാസവളങ്ങളുടെ പ്രയോഗം തുടങ്ങിയതും ഈ കാലഘട്ടത്തിലാണ്. പുതിയ വിത്തുകളും വളങ്ങളും വ്യാപകമായതോടെ ജലസേചനത്തിന് പമ്പ് സെറ്റുകൾ ഉപയോഗിക്കുവാൻ തുടങ്ങി.

പാടങ്ങളിൽ ഇടവിളയായി എള്ള്, പയർ, പച്ചക്കറി, കപ്പ, മധുരക്കിഴങ്ങ് എന്നിവയും പറമ്പുകളിൽ വാഴ,

ചേന, ചേമ്പ്, കാവത്ത് എന്നിവയും പഴയകാലത്ത് വ്യാപകായി കൃഷിചെയ്തിരുന്നു.

ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി അതിരുകളിൽ കൈതവെച്ച് പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. തോടുകളിൽ നിന്നും കൃഷിസ്ഥലങ്ങളിലേക്ക് ജലം തിരിച്ചു വിടുന്നതിനായി വാഴയില, മുളംകുറ്റി, ഓല എന്നിവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ചിരുന്നു. നാടൻ ജനസേചന ഉപകരണങ്ങളായ കയറ്റുകൊട്ട, ഏത്തം, തോണിത്തുലാം, മുക്കാലിത്തുടുപ്പ് എന്നിവയും ഉപയോഗിച്ചിരുന്നു. ചാഴിയെ നശിപ്പിക്കാൻ വല വീശൽ, ഈന്തിൻ ചക്ക കുറ്റിയിൽ നാട്ടൽ പുഴുവിനെ പിടിക്കാൻ മുറം വിശൽ എന്നീ നാടൻ രീതികൾ ഉപയോഗിച്ചിരുന്നു.

തെങ്ങ് കൃഷിയോട് വേണ്ടത്ര ആഭിമുഖ്യം ഇക്കാലത്ത് ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. കാണം എന്നറിയപ്പെടുന്ന പാട്ടവ്യവസ്ഥ ഇതിന് ഒരു മുഖ്യ കാരണമായിരുന്നു. കാർഷികോൽപന്നങ്ങളുടെ മുഖ്യ വിപണനകേന്ദ്രം പണ്ട് പൊന്നാനിയായിരുന്നു. ബോട്ടുമാർഗ്ഗവും തോണിമാർഗ്ഗവുമാണ് ഉൽപന്നങ്ങൾ പൊന്നാനിയിലേക്ക് കൊണ്ടുപോയിരുന്നത്.

ഭൂപരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ വീട് വെക്കുന്നതിനും, വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ് നടുന്നതിനും വേണ്ടി നികത്താൻ തുടങ്ങിയതോടെ നേരത്തേയുണ്ടായിരുന്ന ഉൽപാദന ക്രമങ്ങളിൽ മാറ്റം വരാൻ തുടങ്ങി. 1970 കളിൽ ആണ് ഈ പ്രവണതക്ക് തുടക്കം കുറിച്ചത്. ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞ് വന്നതോടെ അവർ മറ്റ് മേഖലകളിലേക്ക് തിരിയുന്നതിന് കളമൊരുക്കി. ഇതോടോപ്പം നിലവിലുള്ള കൃഷിഭൂമി തരിശിടുവാനും, ജീവിത വരുമാന മാർഗ്ഗം കൃഷിയിൽ നിന്ന് മറ്റ് മേഖകളിലേക്ക് തിരിയുവാനും തുടങ്ങി. കൂലി നിലവാരം ഉയർന്നു വരുന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് ക്രമേണ കുറഞ്ഞ് വന്നു. നെൽകൃഷി ലാഭകരമല്ലാതായും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കർഷകത്തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷകത്തൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകൾ, തെങ്ങ് കൃഷിക്കും വീട് നിർമ്മാണത്തിനും വേണ്ടി നികത്തുക എന്ന പ്രകിയയുടെയും ഗതി വേഗം വർദ്ധിപ്പിച്ചു. കാർഷിക വൃത്തിയോട് വന്ന സമീപനത്തിന്റെ ഭാഗമായി പറമ്പിൽനിന്നും കൃഷി ചെയ്തിരുന്ന ഇടവിളകളുടെ ഉൽപാദനത്തിലും ഗണ്യമായ കുറവ് വരാൻ തുടങ്ങി. കർഷകരുടെ പ്രധാന വിനോദോപാധികളിൽ ഒന്നായിരുന്ന കാളപൂട്ട് മംഗലം, വേവണ്ണ, പരിയാപുരം, കാനൂർ എന്നിവിടങ്ങളിൽ പണ്ടുണ്ടായിരുന്നത് ഇന്ന് കുറ്റിയറ്റില്ലാതായി.

## *ഭൂവിനിയോഗം.*

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 22.65 ച.കി.മീ. ആണ്. തിരൂർ പൊന്നാനിപുഴക്കും, കനോലി കനാലിനും ചേർന്നു കിടക്കുന്നു ചതുപ്പ് പ്രദേശം, തൊട്ടുയർന്ന പാടശേഖര പ്രദേശങ്ങൾ, തീരസമതല ഭൂമി, തുരുത്ത്, സമുദ്രതീര പ്രദേശം എന്നിങ്ങനെയാണ് കാണപ്പെടുന്നത്.

പഞ്ചായത്തിന്റെ ചതുപ്പ് പ്രദേശങ്ങളിൽ പശിമയുള്ള ചെളിമണ്ണും, പാടങ്ങളിൽ പശിമയുള്ള മണ്ണും, തീരസമതല ഭൂമിയിൽ മണ്ണും, ചെമ്മണ്ണും ഇടകലർന്നതും, സമുദ്രതീരത്ത് മണൽ കലർന്ന മണ്ണു

കൃഷിഭൂമി സംബന്ധിച്ച വിവരങ്ങൾ

| കൃഷി ഇനം. | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉൽപാദനം/ഹെക്റ്റർ | ഉൽപാദനക്ഷമത /ഹെക്: | ആകെ |
|---|---|---|---|---|
| നെല്ല് | 95 | 2 ടൺ | 21/2 ടൺ | 362മെട്രിക്ടൺ |
| തെങ്ങ് | 1460 | 1000 തേങ്ങ | 20000 തേങ്ങ | 29200000 |
| കശുമാവ് | 35 | 12800 kg | 24000 kg | 448000 kg |
| തരിശ് കൃഷിക്ക് പറ്റിയത് | 76 (നെല്ല്) | | 21/2 ടൺ | |
| തരിശ് കൃഷിക്ക് പറ്റാത്തത് | 7 | | | |

മാണ് കാണപ്പെടുന്നത്.

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ തെങ്ങും, പാടങ്ങളിൽ നെല്ലും കൃഷിചെയ്തുവരുന്നു. വേണ്ടത്ര പരിചരണ മില്ലാത്ത കവുങ്ങും കശുമാവും ചില ഭാഗങ്ങളിൽ കൃഷിചെയ്യുന്നു.

തെങ്ങു കൃഷിയോടൊപ്പം നടത്തുന്ന കൃഷികൾഇടവിള

| കൃഷികളുടെപേര് | വിസ്തീർണ്ണം |
|---|---|
| വാഴ | 12 ഹെക്ടർ |
| പച്ചക്കറി. | 10 ഹെക്ടർ |
| പയർ | 25 ഹെക്ടർ |
| എള്ള് | 5 ഹെക്ടർ |
| കുരുമുളക് | 20 ഹെക്ടർ |
| കഴുങ്ങ് | 5 ഹെക്ടർ |

ഭൂമിസംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം. |
|---|---|
| നിലം | 95 ഹെക്ടർ |
| പുരയിടം | 1495 ഹെക്ടർ |
| പുറമ്പോക്ക് | 30 ഹക്ടർ |
| കൃഷി യോഗ്യതരിശ്. | 76 ഹെക്ടർ |
| കൃഷി യോഗ്യമല്ലാത്ത തരിശ് | 7ഹെക്ടർ |
| ആകെ | 1703 |

### *തെങ്ങ്കൃഷി*

നമ്മുടെ പുരയിടങ്ങളിൽ ഇപ്പോൾ തെങ്ങ് മാത്രമാണ് കൃഷിചെയ്യുന്നത്. മൊത്തം കൃഷിയുടെ 75% നാളികേര കൃഷിയാണ്. മറ്റ് കാർഷിക വിളകളുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങിന് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളൂ. മറ്റ് കൃഷിയിനങ്ങൾ ആദായകരമല്ലാത്തതിനാലും, കൂടുതൽ ശ്രദ്ധയും പരിചരണവും കൂലിച്ചെലവും വേണ്ടിവരുന്നതിനാലുമാണ് തെങ്ങ് ഒഴികെയുള്ള മറ്റ് കൃഷിയിനങ്ങളെല്ലാം നാമാവശേഷമാകാൻ കാരണം. മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉൽപാദനക്ഷമത 40എണ്ണമാണ്. ഇത് സംസ്ഥാന ശരാശരിയായ 38നേക്കാൾ ഉയർന്നു നിൽക്കുന്നു. പഞ്ചായത്തിൽ തെങ്ങ് കൃഷി ശരാശരി ഒരേ ക്രയിൽ 100 എണ്ണമാണ്. തീരപ്രദേശങ്ങളിലും പുഴയോരങ്ങളിലുമാണ് കൂടുതൽ വിളവ് ലഭിക്കുന്നത് വയൽ നികത്തി തെങ്ങ് വെച്ച് പലയിടങ്ങളിലും, നീർകെട്ടുകളും മറ്റ് കാരണങ്ങളാലും ഉൽപാദനം കുറഞ്ഞു വരുന്നു.

### *നെൽകൃഷി*

ഹെക്ടറിന് 2ടൺ എന്ന തോതിലാണ് ഇപ്പോഴത്തെ നെല്ലുൽപാദനം മൊത്തം ഉൽപാദനക്ഷമത ഹെക്ടറിന് 21/2 ടൺ ആണ്. തൊഴിലാളികളെ കിട്ടാത്ത ബുദ്ധിമുട്ടും, കൂലിച്ചെലവും ജലസേജന ദൗർലബ്യവും മൂലം കൃഷിക്ക് വരുന്ന ചെലവും അതിൽ നിന്ന് കിട്ടുന്ന ആദായവും ഒത്തു പോകുന്നില്ല. രാസവള വില വർദ്ധനയും ഒരു പ്രധാന പ്രശ്നമാണ്. വിരിപ്പ് കൃഷി മാത്രമെ ഇപ്പോൾ കർഷകർ ചെയ്യുന്നുള്ളൂ. പണ്ട് വ്യാപകമായി കണ്ടിരുന്ന പുഞ്ചകൃഷി ഇന്ന് നാമമാത്ര മായിരിക്കുന്നു. സങ്കരയിനം വിത്തിനങ്ങളോടാണ് കർഷകർക്ക് ഇപ്പോൾ പ്രിയം കാണുന്നത്. ജ്യോതി, ത്രിവേണി, ജയ, കൾച്ചർ എന്നീ വിത്തിനങ്ങളാണ് ഇപ്പോൾ കർഷകർ ഉപയോഗിക്കുന്നത്. ഒരുപ്പു കൃഷിക്ക് ശേഷം വയലുകൾ തരിശിടുന്നു. ഇത് മണ്ണിന്റെ ഗുണമേൻമ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. കനോലികനാലിന്റെ പടിഞ്ഞാറുള്ള 4,10,11,12,14 വാർഡുകളിൽ നെൽകൃഷി ചെയ്യുന്നില്ല. ബാക്കിയുള്ള എല്ലാ വാർഡിലും നെൽകൃഷിയുണ്ട്. നേരത്തേ 180 ഹെക്ടറുണ്ടായിരുന്നതിൽ 95 ഹെക്ടറിലെ ഇപ്പോൾ നെൽകൃഷിചെയ്യുന്നുള്ളൂ. ബാക്കി ഏകദേശം 50%വും തൂർത്തു പോയി.

### *കശുമാവ് കൃഷി*

പഞ്ചായത്തിൽ ഉദ്ദേശം 35 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിചെയ്യുന്നു. പ്രായേണ പരിചരണം കുറഞ്ഞ ഈ കൃഷി 3,4,6,9 വാർഡുകളിലാണ് ഏറിയ പങ്കുമുള്ളത്. പഞ്ചായത്തിൽ ഈ കൃഷിക്ക് നല്ല സാധ്യതയുള്ള പ്രദേശങ്ങളാണ് പൂഴി പ്രദേശങ്ങളായ പടിഞ്ഞാറൻ വാർഡുകൾ. എന്നാൽ ഈ കൃഷിയും നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞു വരികയാണ്

### *മത്സ്യകൃഷി.*

ജലസമ്പന്നമായ നമ്മുടെ പഞ്ചായത്തിൽ ഓരു മത്സ്യകൃഷിയും കായലോരമത്സ്യകൃഷിയും വളർത്താൻ നല്ല സാധ്യതയുള്ള പ്രദേശങ്ങളാണ്. വാർഡ് 1,2,7,8, 9,11, 13 വാർഡുകളിൽ നിന്ന് ഗ്രാമസഭകളിലൂടെ ഈ കൃഷി നടത്തിആദായകരമാക്കാമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. അതിനുള്ള പ്രോത്സാഹനവും മാർഗ്ഗ നിർദ്ദേശവും കൊടുക്കാൻ കഴിഞ്ഞാൽ ഒട്ടനവധി പേർ ഈ രംഗത്തേക്ക് ആകർഷിക്കപ്പെടും, ഒട്ടനവധി പേർക്ക് തൊഴിലവസരം ലഭ്യമാവുകയും ചെയ്യും.

## തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ

| | | തെങ്ങ് എണ്ണം | | | രോഗം ബാധിച്ചതെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽട്ട് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റം ബ്ലീഡിംങ് | മറ്റുള്ളവ | ആകെ |
| 1 | 130 | 4000 | 32060 | 36060 | | 25 | 12 | 66 | 30 | 133 |
| 2 | 140 | 14400 | 32500 | 36900 | | 42 | 8 | 54 | 22 | 106 |
| 3 | 100 | 3600 | 30050 | 33650 | | 12 | 6 | 24 | 40 | 82 |
| 4 | 90 | 4100 | 31600 | 35700 | | 18 | 3 | 18 | 41 | 81 |
| 5 | 110 | 4450 | 460050 | 50450 | . | 28 | 16 | 77 | 35 | 156 |
| 6 | 115 | 4450 | 42035 | 46685 | | 20 | 16 | 112 | 63 | 211 |
| 7 | 100 | 4500 | 30500 | 3500 | | 32 | 9 | 206 | 140 | 420 |
| 8 | 140 | 4600 | 41120 | 45720 | | 18 | 22 | 240 | 140 | 420 |
| 9 | 70 | 3300 | 25200 | 31500 | | Nil | 10 | 28 | 70 | 108 |
| 10 | 70 | 3008 | 2410 | 27418 | | 12 | 3 | 14 | 38 | 63 |
| 11 | 65 | 3400 | 24606 | 28006 | | 26 | 4 | 21 | 80 | 131 |
| 12 | 75 | 3100 | 22500 | 33600 | | | 6 | 32 | 65 | 103 |
| 13 | 130 | 5040 | 34330 | 39370 | | 22 | 14 | 62 | 25 | 123 |
| 14 | 65 | 4100 | 30100 | 34200 | | 17 | 7 | 75 | 40 | 139 |
| 15 | 60 | 3800 | 28640 | 35440 | | | 3 | 32 | 70 | 105 |

## രാസവള കീടനാശിനി വിപണനം.

| സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994- 95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസ വളം കി:ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസ വളം കി:ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസ വളം കി:ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
| സഹകരണം | 22949Kg | | | 24756Kg | | | 26938 Kg | | |
| സ്വകാര്യം | 76815 Kg | 52ലിറ്റർ | 550Kg | 78240Kg | 48ലിറ്റർ | 574Kg | 84400Kg | 46ലി | 470Kg |

വിളവിസ്തീർണ്ണവും ഉൽപാദനവും

| വിള | വിസ്തീർണ്ണം(ഹെക്ടർ) | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത/ഹെക്ടർ |
|---|---|---|---|
| നെല്ല്(ഒന്നാം വിള) | 75 | 150 മെട്രിക് ടൺ | 187.5 മെട്രിക് ടൺ |
| നെല്ല് (രണ്ടാം വിള) | 95 | 190 | 237.5 |
| നെല്ല്(മൂന്നാംവിള) | 11 | 27.5 | 27.5 |
| പയർ | 25 | 10 | 10 |
| എള്ള് | 10 | 2600Kg | 2600Kg |
| പച്ചക്കറികൾ | 10 | 3000Kg | 3000Kg |
| തെങ്ങ് | 14100 | 1400000 | 29200000 |
| വാഴ | 12 | 96 | 96 |
| മരച്ചീനി | 1 | 5000Kg | 5000Kg |
| കുരുമുളക് | 20 | 400 | 400 |
| പ്ലാവ് | 2000എണ്ണം | 2000Kg | 2000Kg |
| കശുമാവ് | 35 | 12800Kg | 24000 Kg |
| മാവ് | 1500 | 30 | 30 |
| റബർ | - | - | - |
| കവുങ്ങ് | 5 | 6 | 6 |

### *ഇടവിളകൾ*

പാടങ്ങളിലും പറമ്പുകളിലും മുമ്പുണ്ടായിരുന്ന ഇട വിളകളുടെ ഉൽപാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പണ്ട് പഞ്ഞ മാസങ്ങളിൽ ഇടവിളകളിൽ നിന്ന് കിട്ടുന്ന ധാന്യങ്ങളും കിഴങ്ങു വർഗ്ഗങ്ങളും. പയറ് വർഗ്ഗങ്ങളും ആഹാരത്തിന് ഉപയോഗിച്ചിരുന്നു. ഈ ഇടവിളകൾ പുനരാരംഭിക്കാൻ കഴിയണം. വിവിധ ങ്ങളായ നിർദ്ദേശങ്ങൾ വിശേഷാൽ ഗ്രാമസഭകളി ലൂടെ എല്ലാ. വാർഡുകളിൽ നിന്നും വന്നിട്ടുണ്ട്. കാർഷിക വൃത്തിയോടുള്ള നിലനിലുള്ള മനോഭാ വത്തിൽ മാറ്റം വന്നാൽ നമ്മുടെ ഗ്രാമത്തിന്റെ മുഖ ച്ഛായതന്നെ മാറുമെന്നതിൽ രണ്ടു പക്ഷമുണ്ടാവില്ല. നമ്മുടെ പാടങ്ങളിൽ മരച്ചീനി, മധുരക്കിഴങ്ങ്, വാഴ, പയർ വർഗ്ഗങ്ങൾ, എള്ള് പച്ചക്കറി എന്നിവയും പറ മ്പുകളിൽ ചേമ്പ്, ചേന, കാവിത്ത് തുടങ്ങിയ കിഴ ങ്ങുവർഗ്ഗങ്ങളും, രാഗികൃഷി കൈതച്ചക്ക എന്നി വയും വളർത്താം. വളരെ ആദായകരമായ കവുങ്ങ് കൃഷിയും കുരുമുളക് കൃഷിയും വ്യാപകമായി ഉണ്ടാക്കാൻ കഴിയും. അടുക്കളത്തോട്ടവും തേനീച്ച വളർത്തലും പ്രോത്സാഹിപ്പിക്കണം.

നമ്മുടെ പഞ്ചായത്തിൽ അരിക്കാഞ്ചിറ മുതൽ കൂ ട്ടായി വരെ താനൂർ - കൂട്ടായി ടിപ്പുസുൽത്താൻ റോഡിന് സമീപം നട്ടുവളർത്തിയ അക്കേഷ്യമര ങ്ങൾ പരിസ്ഥിതി പ്രശ്നവും രോഗാതുരതയും ഉണ്ടാക്കുന്നതായി പറയപ്പെടുന്നു. അവ വെട്ടിമാറ്റി പുളി, മുരിങ്ങ, ആരിവേപ്പ് എന്നീ മരങ്ങൾ നട്ടു വളർത്തുന്നത് നന്നായിരിക്കും. മുരിങ്ങാകൃഷി വീടു വളപ്പിലും വ്യാപകമായുണ്ടാക്കാൻ കഴിയും. കുറ്റി മുല്ല കൃഷി പ്രോത്സാഹിപ്പിക്കണം എന്ന നിർദേ ശവും വാർഡുകളിൽ നിന്ന് വന്നിട്ടുണ്ട്. ആന്തോ റിയം ഓർക്കിഡ് എന്നീ പുഷ്പ കൃഷിയും നമ്മുടെ മണ്ണിൽ വളരും.

### *വളം.*

സഹകരണ മേഖലയിലുള്ള മൂന്നും സ്വകാര്യമേഖ ലയിലുള്ള രണ്ടും ഉൾപ്പെടെ 4 വളം വിപണന കേന്ദ്ര ങ്ങളാണ് പഞ്ചായത്തിലുള്ളത് 5 വിപണ കേന്ദ്രങ്ങ ളുണ്ടായിട്ടും വളത്തിന് തിരൂരിനെ ആശ്രയിക്കേണ്ടി വരാൻ കാരണം ഈ സ്ഥാപനങ്ങൾ പഞ്ചായ ത്തിന്റെ രണ്ടറ്റങ്ങളിലാണ്. പറമ്പുകളിൽ കൂടുത ലായി ജൈവവളവും പാടങ്ങളിൽ 85% രാസവളങ്ങ ളുമാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. മണ്ണ് പരി ശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടക്കാറേ ഇല്ല. തെങ്ങിന് ഉപയോഗിക്കുന്ന കോഴി ക്കാഷ്ടം, മത്സ്യം, തുടങ്ങി ചാണകം പോലും പുറ ത്തുനിന്ന് ഇറക്കുമതി ചെയ്യുകയാണ്. രാസവള വില വർദ്ധനവും ജൈവവള ദൗർലഭ്യവുമാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

### *കാർഷികോപകരണങ്ങൾ*

ഒരുകാലത്ത് കൃഷിക്ക് പൂർണ്ണമായും ആശ്രയിച്ചി രുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യ ക്ഷ്യമായികൊണ്ടിരിക്കുകയാണ്. ആധുനിക കാർഷി കോപകരണങ്ങളായ ട്രാക്ടർ പവർ ട്രില്ലർ, റോക്കർ സ്പ്രേയർ എന്നിവ കൃഷിഭവൻ മുഖേന ലഭി ക്കേണ്ടതുണ്ട്. ഇരുപതോളം ജോഡി ഉഴവുകാളക ളാണ് പഞ്ചായത്തിലുള്ളത്. കൂടാതെ സമീപ പഞ്ചാ യത്തുകളിലെ യന്ത്രോപകരണങ്ങളും കൃഷിക്ക് ഉപ

യോഗിക്കാറുണ്ട്.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 4 പാടശേഖര സമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. 1. അരിമ്പ രുത്തി 2. മണ്ണുപാടം 3. പടിയം 4. കൊളാക്കുഴി എന്നി വയാണവ. ഒന്നും വേണ്ടത്ര ഫലപ്രദമായ രീതിയി ലല്ല പ്രവർത്തിക്കുന്നത്. ഓരോ സമിതികൾക്കും അവരുടേതായ പ്രശ്നങ്ങളുണ്ട്. ഈ സമിതികൾ കൂറെ കൂടി സജീവമായി. കൂട്ടായ്മയോടെ പ്രവർ ത്തിക്കേണ്ടതുണ്ട്. കൃഷിക്കാർക്ക് പുറമെ കാർഷക ത്തൊഴിലാളി പങ്കാളിത്തം സമിതികളിൽ ഉണ്ടാ യാൽ നന്നാവുമെന്ന നിർദ്ദേശമുണ്ട്.

### രാസവിള സഹകരണ മേഖല കേന്ദ്രങ്ങൾ

ഏജന്റിന്റെ പേര്, സ്ഥലം എന്നീ ക്രമത്തിൽ

1 വെട്ടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വെട്ടം ആലിശ്ശേരി-തീണ്ടാപടി റോഡിൽ

2. മംഗലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് , മംഗലം

3. മംഗലം ഹരിജൻ സൊസൈറ്റി., പുല്ലൂണി

### സ്വകാര്യമേഖല

1. കെ.കുമാരൻ FACT Agent. വെട്ടം നാരായ ണൻ പടി
2. സി. വത്സല FACT Agent. പച്ചാട്ടിരി

### ജലസേചനം

| പേര് | എണ്ണം |
|---|---|
| മണ്ണെണ്ണ പമ്പുസെറ്റുകൾ | 250 |
| ഇലക്ട്രിക് മോട്ടോറുകൾ | 1200 |
| ജലസേചന കിണറുകൾ | 3000 |
| കുളങ്ങൾ | 100 |
| ക്രോസ്ബാറുകൾ | 4 |

### പട്ടികജാതി കോളനികൾ വാർഡ്

| | |
|---|---|
| 1. മംഗലം ഹരിജൻ കോളനി | - 8 |
| 2. പുല്ലൂണിഹരിജൻ കോളനി | - 7 |
| 3. തിരുത്തുമ്മൽ ഹരിജൻ കോളനി | - 7 |
| 4. തിരുത്തിപ്പറമ്പ് ഹരിജൻ കോളനി | - 5 |
| 5. പച്ചാട്ടിരി ഹരിജൻ കോളനി | - 1 |
| 6. പള്ളിപ്പറമ്പ് ഹരിജൻ കോളനി | - 3,4 |
| 7. വാക്കാട് ഹരിജൻ കോളനി | - 9 |

## കാർഷിക വായ്പ

രണ്ടു സഹകരണ ബാങ്കുകളും, തിരൂർ അർബൻ ബേങ്കിന്റെ ശാഖയും, ഗ്രാമീൺബേങ്ക്, കത്തോലി ക്കാബേങ്ക് എന്നിവയടക്കം, അഞ്ച് ബാങ്കാണ് പഞ്ചാ യത്തിന്റെ പരിധിയിൽ വരുന്നത്. ഇത് കൂടാതെ തിരൂർ കാർഷിക വികസന ബേങ്കിൽ നിന്നും വായ്പകൾ നൽകാറുണ്ട്. കൃഷിക്ക് വേണ്ടി അനു വദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റാവശ്യ ങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്ന ഒരു പ്രവണത വ്യാപകമായി കാണുന്നു. മറ്റൊന്ന് കാർഷിക വായ്പക്ക് വേണ്ടി കൃഷിക്കാരൻ ഒട്ടനവധി സാങ്കേ തികത്വത്തിൽ കുരുങ്ങി പ്രയാസപ്പെടുന്ന അനുഭ വവും ഉണ്ട്. ഇത് രണ്ടും പരിഹരിക്കപെടേണ്ടതാ ണ്.

## കൃഷിഭവൻ

1987 സെപ്റ്റമ്പർ 1നാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നു. കാർഷിക മേഖലക്ക് പ്രാമുഖ്യ മുള്ള നമ്മുടെ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോ ടുകൂടിയാണ് കൃഷിഭവന്റെ പ്രവർത്തനം ആരം ഭി ച്ചതെങ്കിലും, നാട്ടിലെ കൃഷിക്കാരന്റെ പ്രതീക്ഷക്കൊ ത്തുയരാൻ കൃഷിഭവന് നാളിത് വരെ കഴിഞ്ഞിട്ടില്ല. അതിന് പ്രധാന കാരണം കൃഷിക്കാരന് എളുപ്പ ത്തിൽ ബന്ധപ്പെടാൻ പറ്റിയ സ്ഥലത്തല്ല അത് സ്ഥാപിതമായത്. ആ ആഫീസ് കൂടുതൽ സൗകര്യ പ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്. കൃഷി ഉദ്യോഗസ്ഥരിൽ നിന്നും ആത്മാർത്ഥത നിറ ഞ്ഞതും ക്ഷമാപൂർണ്ണവുമായ സേവനം ഇനിയും കിട്ടേണ്ടതുണ്ട്. 3കൃഷി അസിസ്റ്റന്റുമാരും 1 കൃഷി ഓഫീസറുമാണ് കൃഷി ഭവനിൽ പ്രവർത്തിക്കു ന്നത്. കൃഷി അസിസ്റ്റന്റുമാർ അഥവാ ഡമോൺ സ്ട്രേറ്റർമാർക്ക് വാർഡ് വിഭജിച്ച് കൊടുത്ത് കൃഷി ക്കാരെ നേരിൽ ചെന്നു കാണേണ്ടതാണ്.

## ജലസേചനം

"വെള്ളം വെള്ളം സർവത്ര തുള്ളി കുടിപ്പാനി ല്ലത്രെ"

കുടിക്കാനെന്നതിന് പകരം നനക്കാൻ എന്നാക്കി യാൽ, നമ്മുടെ പഞ്ചായത്തിന്റെ കാര്യത്തിൽ ഈ ചൊല്ല് അന്വർത്ഥമാണ്. 12 കിലോമീറ്റർ നീണ്ടു കിട ക്കുന്ന തിരൂർ പൊന്നാനിപ്പുഴയും, 7 കിലോമീറ്റർ നീളമുള്ള കനോലികനാലും, 8 km നീളമുള്ള ആവി പ്പുഴയ്ക്കും, അത്രയും ദൈർഘ്യമുള്ള സമുദ്രതീ രവും. എല്ലാറ്റിനും പുറമെ ഡസൺ കണക്കിന് തോടുകളും, പൊതുകുളങ്ങളും കിണറുകളും സ്വകാര്യകുളങ്ങളും കിണറുകളും ഒക്കെയുള്ള ജല സമ്പന്നമായ ഒരു ഗ്രാമമാണ് നമ്മുടേത്. എന്നിട്ടും കാർഷികാവശ്യത്തിനായുള്ള വെള്ളത്തിന് ഇപ്പോ ഴും മഴയെ ആശ്രയിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കാത്ത കാലവർഷം സപ്തമ്പർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷം എന്നീ 2 ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. കാർഷിക രംഗത്തെ ശോചനീയാ വസ്ഥയുടെ പ്രധാന കാരണം ജനസേചനത്തിന്റെ

അപര്യാപ്ത തന്നെയാണ്. തിരൂർ പൊന്നാനിപ്പുഴയിൽ നിന്നും കനോലി കനാലിൽ നിന്നും, നേരിട്ടും, ഇടത്തോടുകളിലൂടെയും വയലുകളിലേക്ക് കടക്കുന്ന ഉപ്പുവെള്ളത്തെ തടഞ്ഞുനിർത്തിയാലല്ലാതെ ഈ പഞ്ചായത്തിലെ കൃഷി അഭിവൃദ്ധിപ്പെടുത്താനോ കുടിവെള്ളക്ഷാമം പരിഹരിക്കാനോ സാധ്യമല്ല.

## കൂട്ടായി റഗുലേറ്റർ കംബ്രിഡ്ജ്

വെട്ടം പഞ്ചായത്ത് കനോലികനാൽ കൊണ്ടും തിരൂർ പൊന്നാനി പുഴകൊണ്ടും ജല സമൃദ്ധമാണ്. എന്നാൽ തിരൂർ പൊന്നാനി പുഴയിലും കനോലി കനാലിലും ഉപ്പുവെള്ളമായതിനാൽ കൃഷിക്ക് ഉപയോഗിക്കാൻ പറ്റുന്നില്ല. മഴയെ ആശ്രയിച്ചുമാത്രമാണ് കൃഷി പഞ്ചായത്തിൽ നടക്കുന്നത്. കാലവർഷം തെറ്റിയാൽ കൃഷിയാകെ തകരാറിലാവുന്ന സ്ഥിതിയുണ്ട്. മാത്രമല്ല ഇതുകാരണം പഞ്ചായത്തിലെ കുടിവെള്ള പ്രശ്നവും വലിയതാണ്.

ഈ പഞ്ചായത്തിലെ കൃഷി വികസിപ്പിച്ചെടുക്കണമെങ്കിലും കുടിവെള്ള പ്രശ്നം പരിഹരിക്കണമെങ്കിലും തിരൂർ പൊന്നാനി പുഴയിലും കനോലികനാലിലും ഉള്ള ഉപ്പുവെള്ളം തടയണം. അതിനാൽ നിർദ്ധിഷ്ട കൂട്ടായി റഗുലേറ്റർ കംബ്രിഡ്ജന്റെ പണി പൂർത്തിയാക്കണം.

കേരള സംസ്ഥാന പിറവിക്കു മുമ്പുതന്നെ കൂട്ടായി റഗുലേറ്റർ കംബ്രിഡ്ജിന്റെ ആശയഗതി നമ്മുടെ നാട്ടിൽവളർന്നു വന്നിരുന്നു. 1957ൽ EMS മുഖ്യമന്ത്രിയായും വി. ആർ. കൃഷ്ണയ്യർ പൊതുമരാമത്ത് മന്ത്രിയുമായ അവസരത്തിലാണ് ഈ പദ്ധതികക്ക് രൂപവും ഭാവവും നൽകി പ്രവർത്തി പഥത്തിൽ വരുത്താൻ കൃഷ്ണയ്യർ സ്ഥലം സന്ദർശിച്ചത്. പിന്നീട് 1979 ൽ CH മുഹമ്മദ് കോയ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് അതിന്റെ ആരംഭം കുറിക്കുന്ന നടപടികൾ ആരംഭിച്ചത് 17 കൊല്ലമായിട്ടും അതിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നതാണ് വാസ്തവം. അതുകാരണം പഞ്ചായത്തിലെ നൂറു കണക്കിന് ഹെക്ടർ കൃഷി സ്ഥലം 6മാസത്തിലധിക കാലം പുളിവെള്ളം കയറി കൃഷി ചെയ്യാൻ പറ്റാതായി തരിശിടുകയും നാണ്യവിളകൾ വെച്ചുപിചിപ്പിക്കുകയും ചെയ്തതായി കാണാൻ കഴിയും.

കൂട്ടായി റഗുലേറ്റർ കംബ്രിഡ്ജിന്റെ പണി പൂർത്തീകരിച്ചാൽ 6 പഞ്ചായത്തു കളിലേയും ഒരു മുൻസിപ്പാലിറ്റിയിലേതുമടക്കം 15000 ത്തോളം ഹെക്ടർ സ്ഥലത്ത് കൃഷി നടത്താത്തത് നടത്താനും നടത്തുന്ന സ്ഥലങ്ങളിൽ ഇരുപ്പൂലും മുപ്പൂലും ആക്കി മാറ്റാനും കഴിയും. അതുവഴി മേപ്പടി പ്രദേശങ്ങളുടെ സമഗ്രമായ അഭിവൃദ്ധിയുടെ നാന്ദികുറിക്കലായിരിക്കും. മാത്രമല്ല മേപ്പടി പ്രദേശങ്ങളിലെ കുടിവെള്ളം കിട്ടാതെ വിഷമിക്കുന്ന പതിനായിരക്കണക്കിൽ കുടുംബങ്ങൾ രക്ഷപ്പെടുകയും കുടിവള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയുകയും ചെയ്യും.

കൂട്ടായി റഗുലേറ്റർ കംബ്രിഡ്ജ് പണി പൂർത്തിയാക്കിയാൽ പഞ്ചായത്തിൽ ഏകദേശം 1750 ഹെക്ടർ സ്ഥലം കൃഷിക്കും തെങ്ങുകൃഷിക്കും പച്ചക്കറി കൃഷിക്കും ഉപയോഗിക്കാൻ കഴിയും.ആയിരക്കണക്കിൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്നവർ രക്ഷപ്പെടുകയും ചെയ്യും.

മാത്രമല്ല പുളിവെള്ളം തടയുന്നതിന് ഒട്ടനവധി VCBകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പലതും ഇപ്പോൾ നിലവിലുമുണ്ട്. മേപ്പടി റഗുലേറ്റർ കംബ്രിഡ്ജിന്റെ പണി പൂർത്തിയായാൽ VCBകൾ ഇല്ലാതെ തന്നെ ശുദ്ധജലം എത്തിക്കാൻ സാധിക്കും.

അതുകൊണ്ട് വെട്ടം പഞ്ചായത്തിനന്റെ സമഗ്രവികസനത്തിന്റെ അടിത്തറയാണ് കൂട്ടായി റഗുലേറ്റർ കംബ്രിഡ്ജിന്റെ പണി പൂർത്തിയാക്കൽ. അതുകൊണ്ട് മേപ്പടി പ്രവർത്തിയുടെ നിശ്ചലാവസ്ഥമാറ്റി പെട്ടെന്ന് പണി തീർക്കാനുള്ള സത്വര നടപടികൈകൊള്ളണം.

ജലസേചന സംവിധാനങ്ങൾ.

| വാർഡ് നമ്പർ | പൊതു ജല സേചനകിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കെട്ട് (ഹെ:) |
|---|---|---|---|---|---|
| 1 | | | 6 | | |
| 2 | | 1 | 8 | | |
| 3 | | 3 | 3 | | |
| 4 | | 3 | 2 | | |
| 5 | | 3 | 14 | | |
| 6 | | 2 | 22 | | |
| 7 | | | 11 | | |
| 8 | | | 36 | | |
| 9 | | 4 | | | |
| 10 | | 6 | | | |
| 11 | | 6 | 2 | | |
| 12 | | 4 | | | |
| 13 | | 3 | 6 | 2 | 6 |
| 14 | | | 18 | | |
| 15 | | | 2 | | |

## കുളങ്ങൾ

പഞ്ചായത്തിൽ 7 പൊതു കുളങ്ങളുണ്ട്. 2-ാം വാർഡിൽ കൊക്കരണി, പുത്തില്ലത്ത്, പൊന്നാത്ത് എന്നീ കുളങ്ങളും 4-ാം വാർഡിലെ തേവർകടപ്പുറം കുളവും 7-ാം വാർഡിൽ വല്യായക്കുളവും 8-ാം വാർഡിൽ പാടത്തെക്കുളവും 13-ാം വാർഡിൽ പാനക്കുളവും എന്നിവയാണ് പൊതുകുളങ്ങൾ. 6-ാം വാർഡിലെ കൊളാക്കഴിക്കുളവും 2-ാം വാർഡിലെ പൊന്നാത് കുളവും പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുണ്ട് ഈ പൊതു കുളങ്ങൾക്ക് പുറമെ

നൂറു കണക്കിന് സ്വകാര്യ കുളങ്ങളുണ്ട്. കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യങ്ങൾക്കുപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ ഈ കുളങ്ങളെല്ലാം നെൽകൃഷിക്കും വേനൽക്കാല പച്ചക്കറികൃഷിക്കും ഉപയോഗിച്ചിരുന്നു. മിക്ക കുളങ്ങളും വേനൽക്കാലത്ത് വറ്റുന്നവയാണ്. 2-ാംവാർഡിൽ പൊന്നാത്തുകുളം, സംരക്ഷിക്കാൻ 1,15000 രൂപയുടെ ഫണ്ട് കൃഷി ഭവൻ മുഖേന അനുവദിച്ചിട്ടുണ്ട്. കൊക്കർണികുളം നേരത്തെ ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് സൈഡ് കെട്ടി സംരക്ഷിച്ചിട്ടുണ്ട്. 7-ാം വാർഡിൽ ഏകദേശം 3/4 ഏക്രയോളം വിസ്തീർണ്ണമുള്ള വല്യാകുളം ഉപയോഗശൂന്യമായി പരിസരവാസികൾക്ക് ദുർഗന്ധം പരത്തി കിടക്കയാണ്. ഈ കുളത്തിലെ വെള്ളം ഉപയോഗിച്ചാണ് പണ്ട് 25 ഏക്രയോളം വരുന്ന കൃഷി സ്ഥലത്ത് കൃഷി നടന്നിരുന്നത്. എന്നാൽ ഇന്ന് ഈ പാടങ്ങൾ തരിശായി കിടക്കുന്നു. അതിനാൽ പ്രസ്തുത പൊതുകുളം സൈഡ് കെട്ടി ചെളി നീക്കി ഉപയോഗ പ്രദമാക്കണം. തിരൂർ ബ്ലോക്ക് 11/4 ലക്ഷം രൂപ ചെലവ് ചെയ്ത് ചുറ്റുമതിൽ കെട്ടി നിർമ്മിച്ച പൊതുകുളമാണ് 13-ാം വാർഡിലെ പാനകുളം. കൊല്ലത്തിൽ ഒരിക്കൽ ഈ കുളം ശുദ്ധീകരിക്കണമെന്ന ആവശ്യം ഗ്രാമസഭയിലൂടെ ഉയർന്ന് വന്നിട്ടുണ്ട്. മേൽ പ്രസ്ഥാവിച്ച എല്ലാ പൊതുകുളങ്ങളും സംരക്ഷിച്ച് കൃഷിഭവന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും പൊതുമോട്ടോറുകൾ സ്ഥാപിച്ചാൽ കൃഷിക്കും വേനൽക്കാല പച്ചക്കറികൾക്കും ഉപയോഗപ്രദമായിരിക്കും.

### 1995 സബ്സിഡി വിതരണ റജിസ്റ്റർ

| കൃഷികൾ | വിസ്തീർണ്ണം | കൊടുത്ത കൃഷിക്കാരുടെഎണ്ണം | സംഖ്യ |
|---|---|---|---|
| നെൽ | 100 | 120 | 25,000 |
| കിഴങ്ങു വർഗ്ഗം | 2കൃഷി സ്ഥലം | 2 | 550 |
| പയറു വർഗ്ഗം | 7-6 ഹെ: | 8 | 1044 |
| പാഠശേ ഖരധാന്യ വിള | 20 ഹെ: | പാഠശേഖരം | 5000 |

### പ്രകൃതി ക്ഷോഭ ദുരിതാശ്വാസ വിതരണ റജിസ്റ്റർ.

| പ്രകൃതി ക്ഷോഭത്തിന്റെ പേര് | നശിച്ച വിളകൾ | നശിച്ച എണ്ണം | ധനസഹായം |
|---|---|---|---|
| കാറ്റും ഇടിമിന്നലും | തെങ്ങ് | 20 | 4935 |
| വെള്ളപ്പൊക്കം | നെല്ല് | 1.5 ഹെ: | 1500 |

| മണ്ണിന്റെ തരം | Ph മൂല്യം |
|---|---|
| 1. പശിമരാശി മണ്ണ്. | 5 to 6 |

### മണ്ണ് സാമ്പിൾ റജിസ്റ്റർ

| NPK അളവുകൾ കുറവുള്ള | പോഷക ഘടകങ്ങൾ |
|---|---|
| പാക്യജനകം | നൈട്രജൻ |
| മീഡിയം | |
| ദ്രാവകം | |
| കൂടുതൽ | പൊട്ടാഷ് |
| ക്ഷാരം മീഡിയം | |

### പരിഹാര നിർദ്ദേശം

1. കാത്സ്യത്തിന്റെ അളവ് കൂട്ടണം (കുമ്മായം ചേർക്കണം)
2. ജൈവവളം നിർബ്ബന്ധമായും ചേർക്കണം.
3. രാസവളം ശരിയായ തോതിൽ ചേർക്കുക.

### നടീൽ വസ്തുക്കളുടെ വിതരണ റജിസ്റ്റർ 1995

1. വസ്തുക്കളുടെ പേര് എത്തിയ എണ്ണം (അളവ്) വിതരണം ചെയ്ത എണ്ണം എന്നീ ക്രമത്തിൽ

| | | |
|---|---|---|
| 1. തെങ്ങിൻ തൈകൾ | 700 | 700 |
| 2. നെൽ വിത്ത് | 500Kg | 500Kg |
| 3. കുരുമുളക്. | 3000 വള്ളി | 3000 |
| 4. പച്ചക്കറി. | 1000 പേക്കറ്റ് | 1000 പേക്കറ്റ് |
| 5. പയർ | 200Kg | 200Kg |
| 6. കമുങ്ങ് | 300 | 300 |
| 7. കശുമാവ്. | 1000 | 1000 |

### സമഗ്ര തെങ്ങു കൃഷി വികസന പരിപാടി പ്രകാരം 1995ൽ വിതരണം ചെയ്ത വസ്തുക്കൾ

വസ്തുക്കളുടെ പേര്, എണ്ണം, സബ്സിഡി എന്നീ ക്രമത്തിൽ

| | | |
|---|---|---|
| പമ്പ് സെറ്റ് | 30 | 2500 രൂപ (ഒന്നിന്) |
| കിണർ | 30 | 2500 രൂപ (ഒന്നിന്) |
| തെങ്ങുകയറ്റ യന്ത്രം | 3 | 500 രൂപ ഒന്നിന് |
| കാർഷിക സെമിനാർ | 2 | 500 രൂപ |
| പച്ചിലവളവിത്തുകൾ | 300kg | 900 രൂപ |
| പൊന്നാത്തുകുളം | 1 കുളം | 1,15000 രൂപയുടെ (സ്കീം നീക്കിയിരിപ്പ്.) |

447



നടീൽ വസ്തു വിവരണം.

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| | എണ്ണം | | |
| തെങ്ങ് | T x D 106 | 88 | 168 |
| | DxT - 25 | 59 | 50 |
| | WCT - 440 | 340 | 70 |
| കശുമാവ് | 1000 (ഒട്ടുതൈകൾ) | 960 | 1600 |
| കുരുമുളക് | 1776വള്ളി | 3000 | 3000 |
| കവുങ്ങ് | 166(മംഗള) | 100 | 250 |
| ഒട്ടു മാവ് | | | 80 |

## *കാർഷിക ജലസേചന രംഗത്തെ പ്രശ്നങ്ങൾ*

നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയാകെ തളർന്നിരിക്കുന്നു. ഉൽപാദനരംഗത്തേക്ക് ജനങ്ങളുടെ ശ്രദ്ധതിരിയേണ്ടിയിരിക്കുന്നു. ഇതിന് കൃഷിക്കാരുടെ മനോഭാവത്തിൽ ബോധപൂർവ്വമായ മാറ്റം വരേണ്ടിയിരിക്കുന്നു ഈ രംഗത്ത് കൃഷിക്കാരെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നു. ആ പ്രശ്നങ്ങളെ താഴെ പറയും പ്രകാരം സംഗ്രഹിക്കാം

1 പഞ്ചായത്തിന്റെ കാർഷിക ഭൂപടത്തിന്റെ മുഖച്ഛായ മാറ്റണമെങ്കിൽ നമ്മുടെ ജലാശയങ്ങളിൽ നിന്നും കടന്നു കയറുന്ന ഉപ്പു വെള്ളത്തെ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. തെങ്ങ്, നെല്ല്, ഇടവിളകൾ എന്നിവയെ മൊത്തത്തിൽ രക്ഷിക്കുവാനും, കുടിവെള്ളക്ഷാമം പരിഹരിക്കുവാനുമുള്ള കൂട്ടായി റഗുലെറ്ററിന്റെ പണി പൂർത്തിയാക്കേണ്ടതുണ്ട്.

2. തിരൂർ പൊന്നാനിപ്പുഴയിൽ നിന്നും കനോലികനാലിൽ നിന്നും തോടുകളിലേക്ക് പ്രവേശിക്കുന്ന പുളിവെള്ളം നിയന്ത്രിക്കുവാൻ തോടുകളിൽ ഒട്ടനവധി VCB കൾ പണിയേണ്ടതുണ്ട്.

3. തോടുകളും പൊതുകുളങ്ങളും മറ്റ് ജല സ്രോതസ്സുകളും സംരക്ഷിക്കാനാളില്ലാതെ തൂർന്നു പോയിക്കൊണ്ടിരിക്കുന്നു. അവ വികസിപ്പിക്കാനും തോടുകൾ കനാലുമായും പുഴയുമായും ബന്ധിപ്പിക്കാനും കഴിയണം.

4. കാർഷിക രംഗത്തെ വൈദ്യുതി പ്രശ്നം രൂക്ഷമാണ്. അതിന് പരിഹാരമുണ്ടാവണം.

5. തൊഴിലാളികളുടെ ദൗർലഭ്യവും കൂലിവർദ്ധനവും ഉൽപാദന ചെലവും കൃഷിക്കർ ഈ രംഗത്ത് നിന്ന് പിന്തിരിയാൻ നിർബ്ബന്ധിക്കുന്നു.

6. മണ്ണ് പരിശോധന തീരെ നടക്കാറില്ല മണ്ണിന്റെ ഗുണമേൻമ നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്നു.

7. തെങ്ങിന് ഓലമഞ്ഞളിപ്പ്, കറഒലിക്കൽ, മണ്ടചീയൽ എന്നീ രോഗങ്ങളും നെല്ലിന് മുഞ്ഞ, ചാഴിശല്യം, വെള്ളക്കുല എന്നീ രോഗങ്ങളും കാണുന്നു. പ്രസ്തുത രോഗങ്ങളും, കീടബാധയും, പ്രാണികളുടെ ആക്രമണവും ഇല്ലാതാക്കാൻ പ്രതിവിധി കാണണം. കണ്ടൽക്കാടുകളിലെ കിളിശല്യവും ഒരു പ്രശ്നമാണ്.

8. ഇടവിള കൃഷികളും വേനൽക്കാല പച്ചക്കറികളും കുറഞ്ഞുവരുന്നു.

9. ആധുനിക കാർഷികോപകരണങ്ങളും ദൗർലഭ്യം കാർഷിക ഉൽപാദനത്തെ നേരിട്ടു ബാധിക്കുന്നു.

10. ശാസ്ത്രീയ കൃഷി രീതികളെ ക്കുറിച്ചുള്ള അജ്ഞത ഈ രംഗത്ത് ഇപ്പോഴും നിലനിൽക്കുന്നു.

11. രാസവള വിലവർദ്ധനവും, ജൈവ വള ദൗർലഭ്യവും ഉൽപാദനക്ഷമത കുറയാനുള്ള കാരണങ്ങളാണ്.

ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം: വെള്ള പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഇരുൾ പൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക. |
|---|---|---|---|---|---|---|
| 1993-94 | | നെല്ല് 8 ഹെ: | 90 തെങ്ങ് | | 14 | 1962 രൂപ |
| 1994-95 | 10.5 ഹെ: | | 78 തെങ്ങ് | | 51 | 5564 രൂപ |
| 1995-96 | 2 ഹെ: | | 18 തെങ്ങ് | | 8 | 6435രൂപ |

12. പരിമിതമായ ജലസേചന സൗകര്യം, നികത്തിയ തെങ്ങിൽതോപ്പുകളിലെ നീർകെട്ട്, നാളികേര വില ക്കുറവ്, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നം, നല്ല യിനം തൈകൾ ലഭിക്കായ്ക. തുടങ്ങിയവയൊക്കെ നാളികേര കൃഷിക്കാരുടെ പ്രശ്നങ്ങളാണ്.

13. ഉൽപാദന ച്ചെലവിൽ വന്ന വർദ്ധനവ്, തൊഴി ലാളികളുടെ എണ്ണക്കുറവ്, കാലവർഷ വ്യതിയാന ങ്ങൾ തുടങ്ങിയവയൊക്കെ നെൽകൃഷി ഉൽബാ ദനം കുറക്കുന്നതിന് കാരണമായി.

14. കൃഷിഭവന്റെ പ്രവർത്തന പോരായ്മ, സർക്കാ റിൽ നിന്നുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞത എന്നിവയൊക്കെ കാർഷിക പുരോഗ തിയിലെ തടസ്സമായി നിൽക്കുന്നു.

## *പരിഹാരനിർദ്ദേശങ്ങൾ*

I കൂട്ടായി റഗുലേറ്റർ കംബ്രിഡ്ജ് പണി പെട്ടെന്ന് പൂർത്തിയാക്കാൻ പഞ്ചായത്ത് മുൻകൈ എടു ക്കണം. ഗുണഭോക്താക്കളായ മറ്റ് പഞ്ചായത്തുക ളുടെയും മുനിസിപ്പാലിറ്റിയുടേയും സഹകരണ ത്തോടെ സർക്കാറിൽ സമ്മർദ്ദം ചെലുത്തി പ്രസ്തുത പദ്ധതി നേടിയെടുക്കണം.

II തിരൂർ പൊന്നാനിപുഴയിൽ നിന്നും കനോലിക നാലിൽ നിന്നും കൈത്തോടുകൾ വഴി ഉള്ളോട്ട് പ്രവേശിക്കുന്ന പുളിവെള്ളം നിയന്ത്രിക്കുവാൻ വാർഡുകൾ തോറും താഴെ പറയും പ്രകാരം VCB കൾ പണിയുക.

വാർഡ്, നിർദ്ദിഷ്ട VCB കൾ പണിയേണ്ട സ്ഥല ങ്ങൾ, എന്നീ ക്രമത്തിൽ.

14 - കൂട്ടായി റഗുലേറ്റർ ബ്രിഡ്ജ് വന്നാലും പുളിവെള്ളം കയറാൻ സാധ്യതയുള്ള നടക്കായി തോട് (ആവിപ്പുഴ) തിരൂർ പൊന്നാനിപ്പുഴയിൽ ചേരുന്ന സ്ഥലത്ത് VCB പണിയുക.വൈച്യരോട് തോടിനും VCB പണിയണം.

1 - തൈക്കണ്ടക്കുളം - ഇഞ്ചക്കൽ പാടം തോ ട് തിരൂർ പൊന്നാനിപ്പുഴയിൽ ചേരുന്ന സ്ഥലത്ത്

2 - തിരൂർ പൊന്നാനിപ്പുഴയിൽ നിന്ന് തെക്കേ മണ്ണുപാടം പാടശേഖരങ്ങളിലേക്ക് വിവിധ കയക ളിലൂടെ കയറുന്ന പുളിവെള്ളം തടയാൻ പ്രധാന കയയിൽ VCB പണിത് മറ്റ് കയകൾ അടക്കേണ്ട താണ്.

2 - ഇടിയാട്ട് പച്ചാട്ടിരി പരിയാപുരം തോടും വള്ളിക്കാഞ്ഞിരം പച്ചാട്ടിരി - കാനൂർ തോടും കല്ലോ വിലെത്തിച്ച്. കനാലിൽ നിന്നും കല്ലോവിലേക്ക് വരു ന്നതോട്ടിന്റെ മുഖത്ത് VCB പണിയുക.

3 - കനോലി കനാലിൽ നിന്നും പുളിവെള്ളം കയറുന്ന പ്രധാന സ്ഥലത്ത്.

5 - കുണ്ടുപടന്നയിലെ നിലങ്ങളിൽ പുളി വെള്ളം തടയാൻ കനോലി കനാൽ ചേരുന്ന സ്ഥലത്ത് തോട്ടിൽ VCB പണിയുക.

6 - വെട്ടത്തിങ്കര പറമ്പ് മുതൽ C.അബ്ദു ല്ലയുടെ വീട്ടിലേക്കുള്ള റോഡ് വരെ ഇടത്തോടിന് ചീർപ്പ് പണിയുക.

6 - പടിയംപാടശേഖരം മുതൽ കൊളക്കുഴി പാടം വരെയുള്ള കൈതോട്ടിന് ചീർപ്പിടുക.

7 - പഴയ പോസ്റ്റാഫീസ് വഴി ഒഴുകുന്ന തോട് ആഴവും വീതിയും കൂട്ടി തിരൂർ-പൊന്നാനിപ്പുഴയി ലേക്കൊഴുക്കി പുഴയുമായി ബന്ധപ്പെടുന്ന സ്ഥലത്ത് ചീർപ്പ് നിർമിക്കുക.

7 - പയ്യാപാടം, വാളക്കരപാടം എന്നീ പ്രദേ ശങ്ങളിലെ അടഞ്ഞുകിടക്കുന്ന തോട് തുറന്ന് തിരൂർ പൊന്നാനിപുഴയിൽ പതിക്കുന്ന സ്ഥലത്ത് നിലവി ലുള്ള മൈനർ ഇറിഗേഷന്റെ ജീർണ്ണിച്ച ചീർപ്പ് അറ്റ കുറ്റപണി നടത്തുക.

7 - മംഗലം തിരുത്തുമ്മൽ പ്രദേശത്തേക്കുള്ള മൺകെട്ടിനു തെക്കു വശത്തുള്ള തോട്ടിന്റെ മുഖത്ത് ചീർപ്പ് പണിയുക.

8 - അർക്കര പറമ്പ്തോടിനും, ഒറ്റത്തെങ്ങ്- പൈങ്ങാലിൽ പറമ്പ്തോടിനും, അർക്കരപറമ്പ് പള്ളിക് സമീപമുള്ള തോടിനും ചുള്ളിക്കോറി തോടിനും, തേങ്ങാത്തുക്കോട്ടതോടിനും ചീർപ്പുകൾ പണിയുക.

9 - ആവിപ്പുഴക്ക് അഴീക്കലിൽ ക്രോസ്ബാർ പണിയുക.

11 - തിരൂർ പൊന്നാനിപുഴയുമായി ബന്ധ പ്പെട്ട് കിടക്കുന്ന തോടുകൾ തടയണകൾ കെട്ടി ജല സംഭരികളുണ്ടാക്കുക.

13 - നിലവിലുള്ള പണ്ടാരാറം ക്രോസ്ബാർ, അറ്റുകുറ്റ പണി നടത്തി ഉപയോഗപ്രദമാക്കുക.

13 - മണ്ണുപാടം തോട്, കുണ്ടുപടന്നതോട്, അണ്ണേക്കാട് തോട്, പള്ളിപടന്ന തോട്, അമ്പായ ക്കണ്ടം തോട് എന്നിവക്ക് കറുകെ ഓരോ ക്രോസ് ബാറുകൾ നിർമ്മിക്കുക.

4 - താനാളൂരിൽ നിന്നാരംഭിക്കുന്ന ആവി പ്പുഴ.പഞ്ചായത്തിലേക്ക് പ്രവേശിക്കുന്ന സ്ഥലത്ത് അവിപ്പുഴക്ക് കുറുകെ ബണ്ട് കെട്ടുക.

5 - പഴയ പുഴക്കര ബോട്ട് ജെട്ടിക്ക് സമീപം തിരൂർ പൊന്നാനിപുഴയിൽ നിന്നും മണ്ണു പാട ത്തേക്ക് വരുന്ന തോട്ടിൽ ക്രോസ്ബാർ പണിതാൽ, പുളിവെള്ളം നിയന്ത്രിക്കാനും കറ്റ കൊണ്ടുവരാ നുള്ള നിലവിലുള്ള മരപ്പാലത്തിന് പകരമാവുകയും ചെയ്യും.

III പഞ്ചായത്തിന്റെ പടിഞ്ഞാറൻ വാർഡുകളുടെ ഒരറ്റത്ത് നിന്ന് തുടങ്ങി മറ്റേ അറ്റം വരെ നീണ്ടു കിടക്കുന്ന ആവിപ്പുഴ (W:15 to 14) ജനപങ്കാളിത്തത്തോടെ നിർക്കെട്ട് മാറ്റി. ഇരു കരകളും കെട്ടി ഉപയോഗപ്രദമാക്കുക.

IV കനോലികനാലിന്റെ ഇരുകരകളും കെട്ടുക.

V

a. ഇടിയാട്ട്-പച്ചാട്ടിരി-പരിയാപുരം തോട്, സൈഡ് കെട്ടി കായൽപാടം വഴി പുതിയ തോടു നിർമ്മിച്ച് കനോലി കനാലിൽ മുട്ടിക്കുക.

b. വള്ളിക്കാഞ്ഞിരം - പച്ചാട്ടിരി - കാനൂർ തോട്, സൈഡ്കെട്ടി കായൽപാടം വഴി കനോലി കനാലിൽ മുട്ടിക്കുക.

c. വാർഡ് 7ൽ മുറിവഴിത്തോട് സൈഡ് സംരക്ഷിക്കുക

d. തിരുത്തിപറമ്പ് ഹരിജൻ കോളനിയുടെ അടുത്തുള്ള പുഞ്ചക്കുളത്തിൽ നിന്നും പോകുന്ന 2 തോടുകൾ വീതി കൂട്ടി സംരക്ഷിക്കുക

e. പടിയം പാടം മുതൽ കൊളാക്കുഴി പാടം വരെ കിടക്കുന്ന കൈത്തോട് ആഴം കൂട്ടി, സൈഡ് കെട്ടി സംരക്ഷിക്കുക.

f. കുരുക്കുറ്റിക്കുള (മംഗലം) ത്തിൽ നിന്ന് പഴയ പോസ്റ്റാഫീസ് വരെ 60 മീറ്റർ കാന നിർമ്മിച്ച് മംഗലം ശിവക്ഷേത്രത്തിന്റെ സമീപത്തുള്ള പുഞ്ചക്കുളത്തിൽ നിന്നാരംഭിക്കുന്ന തോടുമായി ബന്ധിക്കുക.

g. പയ്യാപ്പാടം, വാളക്കരപാടം എന്നീ പ്രദേശങ്ങളിലെ കൈത്തോടുകൾ അടഞ്ഞിരിക്കുന്നത് തുറന്ന് 300 മീറ്റർ കാന നിർമ്മിച്ച് പാട്ടത്തിൽപടി ഒഴുകുന്ന തോടുമായി ബന്ധിപ്പിക്കുക.

VI. പൊതു കുളങ്ങൾ സംരകഷിക്കുക. അവയിൽ കൃഷിഭവന്റെ നിയന്ത്രണത്തിൽ മോട്ടോർ വെച്ച് പുഞ്ച കൃഷിയും വേനൽക്കാല പച്ചക്കറിയും വികസിപ്പിച്ചെടുക്കുക.

VII. ഗ്രൂപ്പ് ഫാമിംഗ്:-

കൃഷി ലാഭകരമാക്കാൻ നിലവിലുള്ള പാട ശേഖര സമിതികൾ സജീവമാക്കിയും, പുതിയവ രൂപീകരിച്ചും ഗ്രൂപ്പ് ഫാമിംഗ് ആരംഭിക്കണം. അതേ പോലെ കൃഷിക്കനുയോജ്യമായ 76 ഹെക്ടർ തരിശ് ഭൂമിയിൽ കൂട്ടുകൃഷിയടിസ്ഥാനത്തിൽ കൃഷിയിറക്കണം. കൃഷിക്കാരേയും കാർഷിക തൊഴിലാളികളെയും സന്നദ്ധ പ്രവർത്തകരേയും കൂട്ടി യോജിപ്പിച്ച്, കൃഷിഭവന്റെ മാർഗ്ഗ നിർദ്ദേശങ്ങളോടെ ഗ്രൂപ്പ് ഫാമിംഗ് തുടങ്ങേണ്ടതാണ്.

VIII. പഞ്ചായത്തിലാകെ സമയബന്ധിതമായി മണ്ണ് പരിശോധന നടത്തണം.

IX. രോഗങ്ങളും, കീടബാധയും, പ്രാണികളുടെ ആക്രമണവും തടയാൻ കീടനാശിനികൾ ലഭ്യമാക്കണം. ശരിയായ സുരക്ഷാ സംവിധാനങ്ങളുടേയോ, ശരിയായ അളവിലോ അല്ല ഇന്നിത് ഉപയോഗിക്കുന്നത്. അത് മാറണം.

X. ഇടവിള കൃഷികളും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കണം:- ധാന്യവർഗ്ഗ, കിഴങ്ങുവർഗ്ഗ, പയറുവർഗ്ഗ ഇടവിളകൾ കൃഷിചെയ്യാൻ പ്രോത്സാഹനമേകണം.

പഞ്ചായത്തിലെ എല്ലാ വീടുകളിലും പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടുന്നതിന് വേണ്ടി അടുക്കളത്തോട്ടം തുടങ്ങാൻ കഴിയണം. കൂടാതെ പാടശേഖരസമിതികളുടെ നേതൃത്വത്തിൽ വേനൽക്കാല പച്ചക്കറി കൃഷി തുടങ്ങാൻ കഴിയണം. വീടുകളിലെ ഏറ്റവും നല്ല അടുക്കളത്തോട്ടത്തിനും പാടശേഖര സമിതി മുൻ കൈയെടുത്ത് ഉണ്ടാക്കുന്ന ഏറ്റവും നല്ല പച്ചക്കറിത്തോട്ടത്തിനും പഞ്ചായത്ത് വക പ്രോത്സാഹന സമ്മാനം നൽകണം. കൃഷിഭവന്റെ ഉപദേശ നിർദ്ദേശങ്ങൾ ഈ കാര്യത്തിൽ അത്യന്താപേക്ഷിതമാണ്.

XI. ട്രാക്ടർ, ട്രില്ലർ , നുരി വെക്കുന്ന യന്ത്രം എന്നിവ പാടശേഖര സമിതികൾക്ക് ലോണായും വ്യക്തികൾക്ക് സബ്സിഡിനിരക്കിലും വിതരണം ചെയ്യണം.

XII. ഗ്രാമീണ കർഷകന് ആധുനിക കൃഷിരീതികൾ സ്വായത്തമാക്കാൻ കൃഷിഭവൻ മുഖേന സമയാസമയങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

XIII. രാസവളം സബ്സിഡി നിരക്കിൽ ലഭ്യമാവണം, കൃഷിഭവൻ മുഖേന കുമ്മായം വിതരണം ചെയ്യണം.

ജൈവവള ദൗർലഭ്യമൊഴിവാക്കാൻ കന്നുകാലിവളർത്തലും കമ്പോസ്റ്റ് കുഴിയുണ്ടാക്കലും പ്രോത്സാഹിപ്പിക്കണം. സമുദ്രതീരമായതിനാൽ അഴുകിയ മത്സ്യം വളമായി ഉപയോഗിക്കാൻ കഴിയണം. ശീമക്കൊന്ന വ്യാപകമായി വെച്ചുപിടിപ്പിക്കണം.

XIV. നല്ലയിനം തെങ്ങിൻ തൈകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുക. പഞ്ചായത്തിൽ നടീൽ വസ്തുക്കളുടെ നഴ്സറി ആരംഭിക്കുക.

XV. സഹകരണാടിസ്ഥാനത്തിൽ നാളികേരം സംഭരിച്ച് സംസ്കരിച്ച് , വിപണനം ചെയ്യാൻ കഴിയണം,, നിശ്ചിത തോതിൽ കവിഞ്ഞ് തെങ്ങ് വെക്കുന്നത് നിരുത്സാഹപ്പെടുത്തണം.

XVI. അത്യുൽപാദനശേഷിയും രോഗപ്രതിരോധശേഷിയുമുള്ള നെൽവിത്തുകൾ കൃഷിഭവനിലൂടെ ലഭ്യമാക്കണം.

XVII. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

XVIII. കവുങ്ങ് കൃഷിയും കുരുമുളക് കൃഷിയും പ്രോത്സാഹിപ്പിക്കുക.

XIX. ഔഷധ സസ്യങ്ങളും, പുഷ്പകൃഷിയും പ്രോത്സാഹിപ്പിക്കുക.

XX. വാർഡ് തല കേരകർഷക സമിതികൾ പുനരുജ്ജീവിപ്പിക്കുക.

XXI. പടിഞ്ഞാറൻ വാർഡുകളിലെ തരിശുഭൂമിയിൽ കശുമാവ് കൃഷി ചെയ്യാൻ കഴിയണം.

XXII. പടിഞ്ഞാറൻ വാർഡുകളിലെ പുറമ്പോക്ക് ഭൂമികളിൽ അക്കേഷ്യക്ക് പകരം പുളി, മുരിങ്ങ, ആര്യവേപ്പ് എന്നിവ വെച്ചു പിടിപ്പിക്കണം.

XXIII. തിരൂർ പൊന്നാനിപ്പുഴയുടെ തീരങ്ങളിൽ പടർന്ന് പന്തലിച്ചു നിൽക്കുന്ന കണ്ടൽച്ചെടികൾ വെട്ടിത്തെളിച്ച് കിളിശല്യം ഒഴിവാക്കേണ്ടതാണ്.

XXIV. തുഞ്ചൻ കോളേജ് കോമ്പൗണ്ടിലെ അക്കേഷ്യമരങ്ങൾ വെട്ടിമാറ്റി ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കാൻ വനം വകുപ്പിനോട് ഉപദേശിക്കേണ്ടതുണ്ട്.

# മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും.

തയ്യാറാക്കിയത്:
1. സി. എം. ടി. ബാവ
2. ഡോ: ഇന്ദു രാമകൃഷ്ണൻ.
3. ഡോ: ഉഷ.
4. C.P. കുഞ്ഞിമോൻ.
5. K.P. കുട്ടിയമു.
6. K.P. ബാപ്പുട്ടി.
7. K.P. ഖാലിദ്കുട്ടി.
8. K.P. ചെറിയബാവ കുട്ടി.
9. K.P. ബഷീർ.

## മത്സ്യബന്ധനം.

വെട്ടം പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗം 9 കിലോമീറ്റർ നീളമുള്ള അറബി കടലോരവും, പഞ്ചായത്തിന്റെ ഏകദേശം മധ്യത്തിലൂടെ 13 കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന തിരൂർ പൊന്നാനി പുഴയും മേൽ കടലോരത്തിലും മദ്ധ്യത്തിലൂടെയും ഒഴുകുന്ന ഏകദേശം 7 കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന കനോലികനാൽ, മേൽ പുഴയിൽ നിന്നും കനോലി കനാലിൽ നിന്നും പുറപ്പെടുന്ന 22 കിലോമീറ്ററോളം ഇടത്തോടുകളും പുഴയോരങ്ങളോടും, കായൽ പാടങ്ങളോടും ചേർന്ന് കിടക്കുന്ന പൊതു കുളങ്ങളും, നിരവധി സ്വകാര്യ കുളങ്ങളും ഉൾകൊള്ളുന്നതാണ് ഈ പഞ്ചായത്തിലെ മത്സ്യമേഖല.

### 1. കടലോര മത്സ്യ മേഖല:

കടൽ മത്സ്യബന്ധനവുമായി ബന്ധപെട്ട് റജിസ്റ്റർ ചെയ്ത 3305 മത്സ്യതൊഴിലാളികളും, രജിസ്റ്റർ ചെയ്യാത്ത ഏകദേശം 3000 തിൽ പരം തൊഴിലാളികളുമാണ് ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നത്. പഞ്ചായത്തിലെ 9,10,12,15 എന്നീ വാർഡുകൾ മുഴുവനായും 3,4,6,11 ,13,14 എന്നീ വാർഡുകൾ ഭാഗികമായും മത്സ്യതൊഴിലാളികൾ തിങ്ങിതാമസിക്കുന്ന പ്രദേശങ്ങൾ ആണ്. ഈ മേഘലയിൽ മത്സ്യസം

A51



സ്കരണവുമായി ബന്ധപെട്ട് 250 സ്ത്രീകളും, 350 പുരുഷൻമാരും, വിപണനവുമായി ബന്ധപെട്ട് ഏകദേശം ആയിരംത്തോളം പേരും ജോലി ചെയ്യുന്നുണ്ട്.

ഈ പ്രദേശത്തെ കടലിൽ നിന്ന് ആയല, മത്തി, കോര, ചെമ്പാൻ, ചൂട, മാന്തൾ, ഞണ്ട്, എന്നിവയാണ് പ്രധാനമായും കിട്ടുന്ന മത്സ്യങ്ങൾ. ചെമ്മീൻ, മെത്തൾ, തളയൻ, മുള്ളൻ, തുടങ്ങി മത്സ്യങ്ങൾ ഭാഗികമായും ആവോലി, സ്രാവ്, ഏട്ട, ഉടുമ്പ്, നെയ്മീൻ, അയക്കറ എന്നീമത്സ്യങ്ങ്ല അപൂർവ്വമായും കിട്ടുന്നുണ്ട്. മുൻ കാലങ്ങളിൽ, മത്തി, ചെമ്മീൻ, കൂന്തൾ, ഏട്ട എന്നീ മത്സ്യങ്ങൾ ധാരാളമായി കിട്ടിയിരുന്നു. എന്നാൽ ഇപ്പോൾ ഇവയുടെ ലഭ്യത വളരെ കുറവാണ്

നിലവിൽ പള്ളിവളപ്പ് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, കൂട്ടായി മത്സ്യതൊഴിലാളി വികസന ക്ഷേമം സഹകരമ സംഘം, പറവണ്ണ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എന്നിവ പൂർണ്ണമായും ഇത് കൂടാതെ തേവർകടപ്പുറം, ചിരാൻ കടപ്പുറം മത്സ്യതൊഴിലാളി വികസന ക്ഷേമ സമഹകരണ സംഘം,തേവർ കടപ്പുറം മത്സ്യതൊഴിലാളി സഹകരണ സംഘം, പള്ളിവളപ്പ് പുറത്തൂർ മത്സ്യത്തൊഴിലാളി സഹകരണ സംഘം എന്നിവ ഭാഗികമായും ഈ മേഘലയിൽ പ്രവർത്തിക്കുന്നുണ്ട്.

30 പേർകയറുന്ന 14 ചുണ്ടൻ വള്ളങ്ങളും, 5 പേർകയറുന്ന 6 ഫൈബർ ബോട്ടുകളും, 5 പേർ കയറുന്ന 202 യന്ത്രവൽകൃത നാടൻ തോണികളും, 2 പേർ കയറുന്ന 162 ചെറുവള്ളങ്ങളും, 4 മത്സ്യബന്ധന ബോട്ടുകളും ആണ് ആകെ ഈ മേഖലയിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത്.

ഒമ്പത് (9) കിലോമീറ്റർ പരിധിയിൽ ഉള്ള കടലോര മത്സ്യതൊഴിലാളി മേഖലയിൽ ആകെ 10ാാം വാർഡിൽ വടക്കെ കൂട്ടായിയിൽ സ്ഥിതി ചെയ്യുന്ന 20 വീടുകൾ ഉള്ള ഒരു ഫിഷറീസ് കോളനി മാത്രമാണ് ഊമേഖലയിൽ കോളനിയായി ഗവൺമെന്റ് വക വീടുകൾ നിർമ്മിച്ച് കൊടുത്തിട്ടുള്ളത്. ഇത് നിർമ്മിച്ച് കൊടുത്തിട്ട് സുമാർ 25 വർഷം പിന്നിട്ടെങ്കിലും ഈ കോളനികൾക്ക് റിപ്പയർ ചെയ്യുന്നതിനൊ, മറ്റോ യാതൊരു വിധ നടപടികളും ഉണ്ടായിട്ടില്ല. അതിനാൽ ഈ കോളനിയിലെ വീടുകളുടെ സ്ഥിതി വളരെ ദയനീയമാണ്. ഇപ്പോൾ മാതൃകാമത്സ്യതൊഴിലാളി ഭവന പദ്ധതിയിൽ കീഴിൽ 10 വീടുകളുടെ പണി ഇതേ വാർഡിൽ മേൽ കോളനിക്ക് സമീപമായി നടന്ന് കൊണ്ടിരിക്കുന്നുണ്ട്. 2500ൽ പരം വീടുകൾ ഉള്ള ഈ മേഖലയിൽ 3000ത്തിൽപരം കുടുംബങ്ങൾ കൂട്ടു കുടുംബമായി താമസിച്ച് കൊണ്ടിരിക്കുന്നുണ്ട്. ഇതിൽ 90ശതമാനം വീടുകളും ചെറ്റ കുടിലുകൾ ആണ്. ഓടും, ടെറസ്സും വീടുകൾ വെറും 10 ശതമാനമാണ്. ഇതിൽ 40% വീടുകൾ സ്വന്തം ഭൂമിയിൽ വീട് നിർമ്മിച്ചവരും 60 ശതമാനം പുറമ്പോക്കിലും, താമസിക്കുന്നവരുമാണ്. പുറമ്പോക്കിൽ താമസിക്കുന്ന അധികം പേർക്കും ഇത് വരെയും ഗവൺമെന്റ് പട്ടയം നൽകിയിട്ടില്ല. പഞ്ചായത്തിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന "സാനിറ്റേഷൻ പദ്ധതി " പൂർത്തികരിച്ചാൽ 50 ശതമാനം വീടുകൾ കക്കൂസ് സ്വന്തമായി ഉള്ള വീടുകളായി തീരും. ഇനിയും ഈ മേഖലയിൽ 50ശതമാനം പേർക്ക് കക്കൂസ് ആവശ്യമാണ്. വൈദ്യുതീകരിച്ച വീടുകൾ 15 ശതമാനം മാത്രമാണ്. റേഷൻ ഷാപ്പുകൾ വഴി ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുന്ന മണ്ണെണ്ണ തികയാതെ കരിംചന്തയിൽ വളരെ വലിയ വിലകൊടുത്ത് മണ്ണെണ്ണ വാങ്ങേണ്ട സ്ഥിതി ആണ് ഉള്ളത്. ശുദ്ധജല വിതരണം ഇത്വരേയും കടലോര ഭാഗത്തേക്ക് എത്തി നോക്കിയിട്ടില്ല. ഇപ്പോൾ പഞ്ചായത്തിൽ പണി പൂർത്തികരിച്ചതും, പണി നടന്ന് കൊണ്ടിരിക്കന്നതുമായ 5 ശുദ്ധജല വിതരണ പദ്ധതിയിൽ 4 എണ്ണവും കടലോര മേഖലയിൽ ആണെങ്കിലും കടലോര ഭാഗത്തുള്ള മത്സ്യതൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നില്ല.

മത്സ്യഫെഡിന്റെ കീഴിൽ ഇത് വരെയായി ഈ മേഖലയിൽ 52 എഞ്ചിൻ, 12 തോണി, 3783 കിലോ വല, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി ആകെ 66,27,023 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇത് മേൽപറഞ്ഞ സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്തിട്ടുള്ളത്. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനായി മത്സ്യഫെഡ് ഓഹരി മൂലധനമായി കൂട്ടായി, പറവണ്ണ എന്നീ സംഘങ്ങൾക്ക് 30000/- ക വീതവും, ഭാഗികമായി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തേവർ കടപ്പുറം സംഘത്തിന് 30000/ രൂപയും നൽകിയിട്ടുണ്ട്. സംഘങ്ങൾ മെമ്പർ മാറായ മത്സ്യതൊഴിലാളികൾക് ഈ സംഖ്യ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കൂട്ടായി തീരദേശ മത്സ്യതൊഴിലാളി വനിതാ സംഘത്തിന്റെ കീഴിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അച്ചാർ നിർമ്മാണ യൂണിറ്റ് സാമൂഹ്യ കേഷേമ വകുപ്പിന്റെ കീഴിൽ ചെമ്മീൻ

ഉപയോഗിച്ചും, മറ്റ് വിവിധ സാധനങ്ങൾ ഉപയോഗിച്ചും അച്ചാർ നിർമ്മിച്ച് വിതരണം ചെയ്ത് കൊണ്ടിരിക്കുന്നുണ്ട്.

പഴയ കാലങ്ങളിൽ അഴീക്കോട് മുതൽ കണ്ണൂർ വരെ ഉള്ള ഭാഗങ്ങളിലെ മാത്സ്യ ബന്ധനത്തിന് പോകുന്ന തോണികളും, ചെറു തോണികളും മത്സ്യവുമായി വന്നാണ് മത്സ്യവിപണനം നടത്തിയിരുന്നത്. ഈ പഞ്ചായത്തിലെ പ്രധാന മസ്യബന്ധന കേന്ദ്രമായ പറവണ്ണയിലും, കൂട്ടായിയിലും ആയിരുന്നു ഫിഷ് ലാന്റിങ്ങ് സെന്റർ ഇല്ലാത്തത് കാരണം, വേണ്ടത്ര ഗാതാഗത സൗകര്യത്തിന്റെ അഭാവവും മത്സ്യം കേട്വരാതെ സൂക്ഷിക്കുന്നതിനുള്ള അസൗകര്യങ്ങളും കാരണം ഇപ്പോൾ പഴയതുപോലെ മത്സ്യവുമായി അണയലും, വില്പനയും നടക്കുന്നില്ല.

മത്സ്യബന്ധന മേഖലയിൽ യന്ത്രവൽകൃത മേഘല വിപുലമായതിനാലും ആഴകടൽ മത്സ്യബന്ധനം വിദേശ ട്രോളറുകൾ കയ്യടക്കിയതിനാലും, മൺസൂൺ കാലങ്ങളിൽ ട്രോളിങ്ങ് നടത്തുന്നതും, ദേശീയ സംസ്ഥാനത്തുള്ള നിയമം ലംഘിച്ച് ഫിഷിങ്ങ് ബോട്ടുകൾ മലപ്പുറം ജില്ലയുടെ കടലോര തീരങ്ങളിൽ വളരെ അടുത്ത് വന്ന് മത്സ്യബന്ധനം നടത്തുന്നതിനാലും പാരമ്പര്യത്തിന്ന് വിരുദ്ധമായി ചിങ്ങം, കന്നി, തുലാം എന്നീ മാസങ്ങളിൽ രാത്രി കാലങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിനാൽ മത്സ്യങ്ങൾ തിരഞ്ഞെടുക്കാതെ മാറി പോകുന്നതിനാലും ഇപ്പോൾ മത്സ്യത്തിന്റെ ലഭ്യത വളരെ കുറവാണ്.

കടലോര മത്സ്യമേഖല യന്ത്രവൽക്കരിച്ചതിനാൽ ഇന്ധനത്തിന്റെ ആവശ്യകത വളരെ അനിവാര്യമായിരിക്കുന്നു. 'ഒരു ഹോസ്പവറിന് 50 ലിറ്റർ എന്ന തോതിലാണ് ഇപ്പോൾ എഞ്ചിനുകൾക്കനുദവിച്ചിട്ടുള്ള മണ്ണെണ്ണയുടെ കോട്ട. ഇത് തന്നെ ആവശ്യത്തിനു മതിയാവാത്ത അവസ്ഥയിൽ നിലവിലുള്ള കോട്ടപോലും വെട്ടിക്കുറച്ച് 25 ലിറ്റർ എന്ന തോതിലാക്കിയിരിക്കുകയാണ്. രണ്ട് വർഷത്തിനുള്ളിൽ മത്സ്യഫെഡ് മുഖേനയും അല്ലാത്തതുമായി വാങ്ങിയ എഞ്ചിനുകൾക്ക് മണ്ണെണ്ണയുടെ ദൗർലഭ്യം എന്ന പേര് പറഞ്ഞ് പുതിയ പെർമിറ്റുകൾ കൊടുക്കുന്നില്ല. ഇത് കാരണം വാങ്ങിയ എഞ്ചിൻ ഉപയോഗിച്ച് ജോലിക്ക് പോകാൻ കഴിയാത്തതിനാൽ ലോൺ തിരിച്ചടക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. രാത്രി കാലങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്നതൊഴിലാളികൾക്ക് സ്ഥലം തിരിച്ചറിയാനുള്ള യാതൊരു വിധ സംവിധാനങ്ങളും ഇല്ലാത്തതിനാൽ വളരെ അധികം വിഷമം ഉണ്ട്.

ഈ പഞ്ചായത്തിത്തിലെ 10-ാം വർഡും 15-ാം വാർഡും മത്സ്യതൊഴിലാളികൾമാത്രം താമസിക്കുന്ന പ്രദേശങ്ങളാണ്. ഇവിടെ ഇത് വരെയുള്ള കാലയളവിൽ ഒരു വിദ്യാഭ്യാസസ്ഥാപനങ്ങളും ഉണ്ടായിട്ടില്ല. എന്നത് വളരെ ഖേദകരമാണ്.കടലോര മേഖലയിൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വേണ്ടത്ര മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല എന്ന് മത്രമല്ല, സാങ്കേതി വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ പിന്നിലുമാണ്. മണ്ണെണ്ണ വാങ്ങുന്നതിന് 14 കിലോ മീറ്റർ അകലെ തിരൂർ ടൗണിലുള്ള ഡിപ്പോകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. എഞ്ചിൻ കേടുവന്നാൽ അത് റിപ്പയർ ചെയ്യുന്നതിന് ഇവിടങ്ങളിൽ യാതരു സംവിധാനവുമില്ല ദിവസങ്ങളോളം ജോലി നിർത്തിവെച്ച് പൊന്നാനിയിലോ, പരപ്പനങ്ങാടിയിലോ ഉള്ള മത്സ്യഫെഡ്ഡിന്റെ വർക്ക് ഷാപ്പുകളിൽ കൊണ്ടുപോയി നന്നാക്കിയെടുക്കേണ്ട ഗതികേടാണുള്ളത്. പഞ്ചായത്തിൽ പറവണ്ണയിൽ സ്ഥിതി ചെയ്യുന്ന ഒരു മത്സ്യ മാർക്കറ്റ് മാത്രമാണ് ഉള്ളത്. ആയിരക്കണക്കിന് മത്സ്യ വിതരണ തൊഴിലാളികൾ ഉള്ള ഈ പഞ്ചായത്തിൽ കൂട്ടായി, പരിയാപുരം, ആലിശ്ശേരി, മംഗലം എന്നീ അങ്ങാടികളിൽ കൂടി ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റുകൾ വളരെ ആവശ്യമാണ്.

പുതുതായി കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുള്ള തീരദേശപരിപാലനനിയമം ഒട്ടേറെ വിഷമങ്ങൾ ഈ മേഖലയിലെ ജനങ്ങൾക്ക് ഉണ്ടാക്കിയിരിക്കുന്നു. .കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താൻ കഴിയുന്നില്ല. സ്ക്കൂൾകെട്ടിടം നിർമ്മിക്കാനുള്ള അനുവാദം പോലും നൽകുന്നില്ല. പൊന്നാനി അഴിമുഖത്തെ ഇടക്കിടെ ഉണ്ടാകുന്ന മണൽതിട്ട മത്സ്യതൊഴിലാളികൾക്ക് വലിയൊരു പ്രശ്നമാണ്. 9 കിലോ മീറ്റർ നീളമുള്ള കടലോരത്ത് ഒരു കിലോ മീറ്റർ കടൽ ഭിത്തിയാണ് ആകെ നിർമ്മിച്ചിട്ടുള്ളത്. കടൽ ക്ഷോഭം കാരണം ഓരോ വർഷവും നിരവധി വീടുകളും ഫലവൃക്ഷങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽമേഖല കടലോര മത്സ്യതൊഴിലാളി മേഖലയാണ് ഇവിടങ്ങളിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് അവരുടെ അഭിലാഷങ്ങൾ പൂർത്തീകരിച്ച്

അവരെ കൂടുതൽ കർമ്മോത്സുകരാക്കി മാറ്റിയെടുത്താൽ പഞ്ചായത്തിന്റെ നാനാവിധ അഭിവൃദ്ധിക്ക് അത് ഉതകുന്നതായിരിക്കും.

## പ്രശ്നങ്ങൾ.

1. ആധുനികരീതിയിലുള്ള മത്സ്യബന്ധന ഉപകരണ ങ്ങളുടെ കുറവ്.
2. സഹകരണ സംഘങ്ങളുടെ മൂലധനക്കുറവ്.
3. ഫിഷിംഗ് ലാന്റിംഗിന്റെയും എയ്ഡിന്റെയും കുറവ്.
4. പാർപ്പിട സൗകര്യങ്ങളുടെ പോരായ്മ.
5. മത്സ്യബന്ധന യന്ത്രങ്ങൾക്കാവശ്യമായ ഇന്ധനക്ഷാണം.
6. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവ്.
7. ശുദ്ധജല ക്ഷാമം.
8. വൈദ്യുതിയുടെ അഭാവം.
9. കടലാക്രമണ ഭീഷണി.
10. സിഗ്നൽ ലൈറ്റിന്റെ അഭാവം
11. മണ്ണെണ്ണ ഡിപ്പോയുടെയും. എഞ്ചിൻ വർക്ക് ഷോപ്പിന്റെയും അഭാവം.
12. മത്സ്യ മാർക്കറ്റുകളുടെ കുറവ്.

## ഉൾനാടൻ മത്സ്യബന്ധനം:

തിരൂർ പൊന്നാനി പുഴയും, കനോലി കനാലും ഇതിന്റെ രണ്ടിന്റേയും ഇടത്തോടുകളും പൊതുഉടമയിൽ ഉള്ളതും, സ്വകാര്യ ഉടമയിൽ ഉള്ളതും ആയ നിരവധി കുളങ്ങളുമാണ്. ഈ പഞ്ചായത്തിലെ ഉൾനാടൻ മത്സ്യമേഘല. പുഴ മത്സ്യങ്ങൾക്ക് ഇവിടെയും പരിസര പഞ്ചായത്തുകളിലും എന്നും നല്ല ഡിമാന്റ് ആണ് ഉള്ളത്. മാലാൻ, പൂഴാൻ, കരിമീൻ, വെട്ടൻ, കാരേട്ട, വെള്ളേട്ട, പ്രാച്ചി, വെള്ളചെമ്മീൻ, മുണ്ടക ചെമ്മീൻ, ചെമ്പല്ലി, എന്നിവയാണ് ഈ മേഘലയിലെ ജലാശയങ്ങളിൽ നിന്ന് സുലഭമായി കിട്ടുന്ന മത്സ്യങ്ങൾ. ഇത് കൂടാതെ നല്ല വിലയും, ഡിമാന്റും ഉള്ള ഞണ്ടുകളും, കാരചെമ്മീനും അപൂർവ്വമായി കിട്ടുന്നുണ്ട്. പുഴയോരത്തോട് അടുത്ത് കിടക്കുന്നതും, കായൽ പാടങ്ങളോട് ചേർന്ന് കിടക്കുന്നതുമായ കുളങ്ങൾ നീർമീനുകളുടെ സങ്കേതങ്ങളാണ്.

കടലോര മേഖലയിൽ ജോലിചെയ്യുന്ന ധാരാളം കുടുംബങ്ങൾ ഈ മേഘലയിലും ജോലിചെയ്യുന്നുണ്ട്. ഇത് കൂടാതെ 7,8 വാർഡുകളിൽ 45 കുടുംബങ്ങളും, 11ാം വാർഡിൽ 30 കുടുംബങ്ങളും, 13ാം വാർഡിൽ 15 കുടുംബങ്ങളും, 14ാം വാർഡിൽ 25 കുടംബങ്ങളിലുമായി മൊത്തം 260 പുരുഷൻമാരും, 75 സ്ത്രീ തൊഴിലാളികളും ഈ മേഘലയിൽ ജോലി ചെയ്യുന്നുണ്ട്, ഇത് കൂടാതെ സ്വന്തം വീട്ടാവശ്യത്തിന് വേണ്ടി പുഴ മത്സ്യങ്ങൾ പിടിക്കുന്ന ധാരാളം കുടുംബങ്ങൾ ഉണ്ട്. കുംഭം, മീനം മാസങ്ങളിൽ കുളങ്ങൾ വറ്റിച്ച് നീർമീൻ പിടിച്ച് കച്ചവടം നടത്തി ആയിരങ്ങൾ സമ്പാദിക്കുന്ന ഒട്ടനവധി കുടുംബങ്ങളും ഈ മേഘലയിൽ ഉണ്ട്. വരയാൽ, മുഴു, കടു, പൊരിക്ക്, വാലാത്തൻ എന്നീ മത്സ്യങ്ങളാണ് ഈ കുളങ്ങളിൽ പ്രധാനമായി കണ്ട് വരുന്നത്. ഇതിൽ വരായാൽ, മുഴു, കടു, എന്നിവക്ക് ഏത് കാലത്തും നല്ല വിലയും, ഡിമാന്റും ആണ്. അരിപ്പ വല ഉപയോഗിച്ച് പുഴയോരങ്ങളിൽ നിന്നും, ഇടത്തോടുകളിൽ നിന്നും, ചെമ്മീൻ കുഞ്ഞുങ്ങളെ പിടിച്ച് ഉണക്കിയെടുത്ത് വില്പന നടത്തുന്ന 75 ഓളം സ്ത്രീകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയി ഉണ്ട്.

ചെറു തോണിയിൽ ചവിട്ട് വല, വീശൽ വല,നീട്ട വല എന്നിവ ഉപയോഗിച്ചും, വെള്ളവലി, പൊന്നവളയൽ, മുങ്ങിതപ്പൽ, എന്നീ നാടൻ മുറകൾ ഉപയോഗിച്ചുമാണ് ഈ മേഘലയിൽ മത്സ്യം പിടിക്കുന്നത്. ഉൾനാടൻ ജലാശയങ്ങളായ തിരൂർ പൊന്നാനി പുഴയിലും, കനോലി കനാലിലും ജൂൺ മദ്ധ്യം മതൽ ഡിസംബർ പകുതി വരെ ശുദ്ധജലവും, ഡിസംബർ പകുതി മുതൽ ജൂൺ പകുതിവരെ ഉപ്പ് ജലവും ആണ് ഉണ്ടാകാറുള്ളത് ഉപ്പുജലം ഉള്ള 6 മാസക്കാലയളവിൽ പുഴ മത്സ്യങ്ങൾക്ക് രുചി കൂടുന്നതിനാൽ ഈ കാലങ്ങളിൽ കൂടുതൽ ഡിമാന്റും വിലയും ഉണ്ടാകാറുണ്ട്. ശുദ്ധ ജലമാകുന്ന 6 മാസകാലത്ത് രുചി കുറയും എന്ന് മാത്രമല്ല മത്സ്യങ്ങൾക്ക് രോഗബാധയും കണ്ട് വരുന്നു. ഈ കാലയളവിൽ ഈ മേഘലയിൽ തൊഴിൽ എടുക്കുന്ന തൊഴിലാളികൾക്ക് പട്ടിണി കിടക്കേണ്ട അവസ്ഥ ഉണ്ട്.

ഉൾനാടൻ ജലാശയ മേഖലയിൽ ഈ പഞ്ചായത്തിൽ ഒരു സഹകരണ സംഘം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.7,8, എന്നീ വാർഡുകളിലെ പുല്ലൂണി, മംഗലം ഭാഗത്ത് ഉള്ള 72 ഹരിജൻ ഉൾനാടൻ മത്സ്യതൊഴിലാളികളെ മെമ്പർ മാരാക്കി 5 വർഷത്തോളമായി *"കായലോര ഹരിജൻ മത്സ്യ തൊഴിലാളി സഹകരണ സംഘം"* എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്. മത്സ്യതൊഴിലാളി ജില്ലാ ഡയറക്ടറുടെ ഓഫീസ് മുഖേന 80000/- രൂപ ഈ സംഘത്തിൽ ഇതുവരെയായി ഗ്രാന്റ് ആയി കിട്ടുകയും മേൽസംഖ്യ ഉപയോഗിച്ച് 4 ചെറുതോണികളും, 4 വലകളും, 30 സ്ത്രീകൾക്ക്

അരിപ്പവലയും കുടയും വിതരണം ചെയ്തിട്ടുണ്ട്.

ചെമ്മീൻ കുഞ്ഞുങ്ങളെ പിടിച്ച് പുറത്ത് കൊണ്ട് പോയി പഞ്ചായത്തിന് പുറത്തുള്ള മത്സ്യവ ളർത്തൽ കേന്ദ്രങ്ങൾക്ക് വിൽപന നടത്തുന്ന വലിയ ഒരു സംഘം ഈ മേഖലയിൽ പ്രവർത്തി ക്കുന്നു. ചെള്ളി അരിക്കൽ എന്ന നാടൻമുറ വ്യാപ കമായി ഉപയോഗിച്ച് ചെമ്മീൻ കുഞ്ഞുങ്ങളെ പിടിച്ച് ഉണക്കി എടുത്ത് വില്പന നടത്തുകയും ചെയ്യുന്നു. ഇത് കാരണം ജല സമ്പത്തിലെ ഏറ്റവും വിലപിടിപ്പുള്ള ചെമ്മീനുകൾക്ക് വംശനാശം സംഭ വിച്ച് കൊണ്ടിരിക്കുകയും, ഇതിന്റെ ലഭ്യത കുറഞ്ഞ് കൊണ്ടിരിക്കുകയുമാണ്. പുഴയിൽ പൊന്തവളയൽ എന്ന നാടൻ മുറ വ്യപകമായി ക്രമം തെറ്റി ഉപയോ ഗിക്കുന്നതിനാൽ ചവിട്ടുവല, നീട്ടുവല എന്നിവ ഉപ യോഗിച്ച് മത്സ്യം പിടിക്കാൻ പ്രയാസം നേരിടു ന്നുണ്ട്. പ്രധാന ജലാശയങ്ങളായ തിരൂർ പൊന്നാനി പുഴയും, കനോലി കനാലിനും അരികിലായി പ്രവർത്തിച്ചു വരുന്ന ചകിരി മില്ലുകളിൽ നിന്നും പുറം തള്ളുന്ന ചകിരി ചോറ് ഈ മേഖലയെ വളരെ വിഷമത്തിൽ ആക്കിയിരിക്കുന്നു. ഇതിന്റെ കറ വെള്ളത്തിൽ വ്യാപിക്കുമ്പോൾ മത്സ്യങ്ങൾ അകത്ത് പോകുവാൻ ഇട വരുന്നതിനാൽ മത്സ്യ ങ്ങളുടെ ലഭ്യത ക്രമേണ കുറഞ്ഞ് കൊണ്ടിരി ക്കുന്നു. പുഴയിൽ ഇറങ്ങി മത്സ്യം പിടിക്കാൻ ചകി രിച്ചോറ് പുഴയിൽ തള്ളുന്നത് കാരണം സാധിക്കു ന്നില്ല. ഇത് തള്ളുന്ന ഭാഗങ്ങളിൽ തൊഴിലാളികൾ ഇറങ്ങി കഴിഞ്ഞാൽ താഴോട്ട് ആണ്ട് പോകുന്ന അവസ്ഥയാണ് ഉള്ളത്. ഇപ്പോൾ തന്നെ 8 മില്ലുകൾ ഈ ജലാശയങ്ങൾക്ക് അരികിലായി പ്രവർത്തിച്ച് വരുന്നുണ്ട്. ഈ മില്ലുകളിൽ നിന്ന് ഉള്ള ചകിരി ചോർ ഇനിയും പുഴയിലേക്കു തള്ളുന്നപക്ഷം നമ്മുടെ ഉൾനാടൻ ജലസമ്പത്ത് നഷ്ടപെടാൻ ഇട വരുകയും, പരിസ്ഥിതി മലിനീകരണം വ്യാപകമാ കുകയും ചെയ്യും. അതിനാൽ ഈ ഭവിഷ്യത്ത് മുൻ കൂട്ടി കാണേണ്ടിയിരിക്കുന്നു.

പുഴയോടും, കനോലികനാലിനോടും ചേർന്ന് കിട ക്കുന്ന ഇടത്തോടുകളിൽ മത്സ്യം വളർത്തലും, ചെമ്മീൻ കൃഷിയും, വളരെ വ്യാപകമായി നടത്താ വുന്നതാണ്. സ്വകാര്യ ഉടമകളുടെ കൈവശത്തിൽ ഇരിക്കുന്ന ഇടത്തോടുകളും, കൈപ്പാടങ്ങളും ഉപ യോഗിച്ച് മത്സ്യകൃഷി നടത്തുന്നതിന് ആവശ്യമായ ഉപദേശനിർദേശങ്ങളും, സാമ്പത്തിക സഹായവും നൽകി കൊണ്ട് ഒര് പദ്ധതി പഞ്ചായത്തിൽ ആവി ഷ്കരിച്ചാൽ ഉൾനാടൻ മത്സ്യമേഖലയിൽ വലിയ ഒരു മുന്നേറ്റം നമുക്ക് നടത്തുവാൻ കഴിയും.

ഈ ജലാശയങ്ങളിൽ നിന്ന് ഇപ്പോൾ വലിയ തോതിൽ പുഴഞണ്ട് പിടുത്തം നടന്ന് വരുന്നുണ്ട്. ഇവയെ ജീവനോട് കൂടി പിടിച്ച് കയറ്റുമതി ചെയ്യു കയാണ്. ഇപ്പോൾ ഈ ജോലിയിൽ ഏർപെട്ടിരിക്കു ന്നവരിൽ അധികവും നമ്മുടെ പഞ്ചായത്തിന് പുറത്ത് നിന്ന് ഉള്ളവരാണ്. ഇതിനെ സംബന്ധിച്ച് കൂടുതൽഅറിവും, അതിന് വേണ്ട ഉപ്കരണങ്ങളും നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികൾക്ക് നൽകി യാൽ ഏറെകുറെ തൊഴിലാളികളെ ഈ മേഘലി യിൽ തൊഴിൽ ഉള്ളവരും സമ്പാദ്യമുള്ളവരുമാക്കി മാറ്റി. എടുക്കുവാൻ കഴിയും.

നമ്മുടെ പഞ്ചായത്തിന്റെ കൈവശമുള്ള 2ാം വാർഡിലെ പുത്തില്ലത്ത് കുളം, കോക്കർണികുളം, പൊന്നാത്ത്കുളം 6-ാം വാർഡിലെ കൊളാക്കുഴി ക്കുളം, സ്വകാര്യ കുളങ്ങളായ ഇല്ലത്തെ കുളം എന്നിവ നീർമ്മീൻ സങ്കേതങ്ങളാണ്. ഇതിന് ശരി യായ സംരക്ഷണം കൊടുത്ത് ഓരോവർഷവും ഇത് ലേലം ചെയ്ത് കൊടുക്കുകയും മറ്റ് പൊതുകുള ങ്ങലിൽ വളരെ എളുപ്പത്തിൽ വളരുന്ന മത്സ്യകു ഞ്ഞുങ്ങളെ വളർത്തി എടുക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഇത് പഞ്ചായത്തിന് വരു മാനം ഉണ്ടാക്കിതരുന്ന ഒരു മേഖലയായി എടുക്കാം.

## പ്രശ്നങ്ങൾ:

1. സഹകണ സംഘത്തിന്റെയും, തൊഴിലുപക രണങ്ങളുടെയും, ധനസഹായത്തിന്റെയും അഭാവം.
2. പുഴ മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കു ന്നു.
3. നീർമീനുകൾക്കും, പുഴമത്സ്യങ്ങൾക്കും ഉള്ള രോഗബാധ.
4. ചകിരിചോർ പുഴകളിൽ തള്ളുന്നത് കൊണ്ടു ള്ള ബുദ്ധിമുട്ട്.
5. പൊതുകുളങ്ങളിൽ ഉള്ള കയ്യേറ്റം.

## മൃഗസംരക്ഷണം:-

ഈ പഞ്ചായത്തിലെ പ്രധാന വളർത്ത് മൃഗങ്ങൾ ആട്, പശു, എരുമ എന്നിവയാണ്. കാള, പോത്ത്, എന്നീ മൃഗങ്ങളെ വളരെ അപൂർവ്വമായി മാത്രമെ വളർത്തുന്നുള്ളൂ. വളർത്ത് പക്ഷികളായി പ്രധാന മായും കോഴിയും, താറാവും ആണ്. കൂടാതെ

HSS



| വർഷം | കാള (നാടൻ) | കാള (സങ്കരയിനം) | പശു (നാടൻ) | പശു (സങ്കരയിനം) | എരുമ | പോത്ത്. | ആട്. | പട്ടി. | കോഴി. | താറാവ് |
|---|---|---|---|---|---|---|---|---|---|---|
| 1987 | 164 | 19 | 1039 | 245 | 221 | 54 | 2567 | 277 | 13946 | 409 |
| 1995-96 | 22 | 7 | 814 | 304 | 202 | 50 | 3640 | 520 | 20022 | 610 |

വളർത്ത് നായ, മുയൽ, പ്രാവ്, എന്നിവയെ ഒര് ഹോബിക്കായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ വീടുകളിൽ വളർത്തി വരുന്നു.

പഞ്ചായത്തിൽ ഇപ്പോൾ 22 നാടൻ കാളകളും, 7 സങ്കരയിനം കാളകൂറ്റൻമാരും, 804 നാടൻ പശുക്കളും, 304 സങ്കരയിനം പശുകളും, 202 എരുമകളും, 50 പോത്തുകളും, 3640 ആടുകളും, 520 പട്ടികളും ആണ് ഉള്ളത്. 20022 കോഴികളും, 610 താറാവുകളും ആണ് ഇപ്പോൾ നിലവിലുള്ളത്.

താഴെ പട്ടികയിൽ 87 ലെ സെൻസസ് പ്രകാരമുള്ള കണക്കുകളും ഇപ്പോഴുള്ള കണക്കുകളും തമ്മിലുള്ള വ്യത്യാസം കാണാം:-

നെൽകൃഷി കുറഞ്ഞത് കാരണം വൈകോലിന് വനക്ഷാമവും, മേച്ചിൽ സ്ഥലങ്ങളുടെ കുറവും, കാലിതീറ്റകൾക്ക് ഉണ്ടായ അമിതമായ വില വർദ്ധനവും, കാർഷിക രംഗത്ത് ഉണ്ടായ യന്ത്രവൽകരണവും, കാരണമായി കന്നുകാലികളെ വളർത്തുന്നത് പൊതുവെ ജനങ്ങൾക്ക് താൽപര്യം കുറഞ്ഞിട്ടുണ്ട്. കൃത്രിമ ബീജ സങ്കലനത്തെ പറ്റിയുള്ള അജ്ഞതമൂലം നല്ലയിനം പശുക്കളുടെ ഉൽപാദനം കുറഞ്ഞിരിക്കുന്നു. ഉൽപാദനത്തിന് ഇപ്പോഴും സ്വകാര്യ വിത്ത് കാളകളെയാണ് ആശ്രയിച്ചിരിക്കുന്നത്. കന്ന് കാലികൾക്ക് ഉണ്ടാകുന്ന രോഗബാധയുടെ തുടക്കത്തിൽ തന്നെ മൃഗാശുപത്രിയെ സമീപിക്കാതെ അന്ധ വിശ്വാസങ്ങൾക്കടിമപ്പെട്ട് മറ്റു ചികിത്സകൾ ചെയ്ത ശേഷം മാത്രമാണ് മൃഗാശുപത്രിയെ സമീപിക്കുന്നത്. ഇത് കാരണം വളരെ ബുദ്ധിമുട്ടും സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നു. പ്രതിരോധ കുത്തിവപ്പുകൾ വേണ്ട സമയത്ത് ചെയ്യാൻ തയ്യാറാകാത്തത് വഴി ഈ മേഖലയിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഇവിടെ മൊത്തം ഉത്പാദിപ്പിക്കുന്ന പാൽ പഞ്ചായത്തിലെ മൊത്തം ആവശ്യക്കാരുടെ പകുതി പോലും നിറവേറ്റി കൊടുക്കുവാൻ പറ്റാത്ത സ്ഥിതിയിലാണ്. പഞ്ചായത്തിൽ ക്ഷീര സഹകരണ സംഘം ഇല്ലാത്തത് കാരണം പാലിന്റെ ലഭ്യതയെ പറ്റി ഇപ്പോൾ പറയാൻ സാദ്ധ്യമല്ലാത്ത അവസ്ഥയാണ്. ഇപ്പോൾ ഉൾപാദിപ്പിച്ച് കൊണ്ടിരിക്കുന്ന പാൽ പരിസര പ്രദേശങ്ങളിലെ വീടുകളിലും, കടകളിലും വിതരണം ചെയ്ത് വരികയാണ് പതിവ്.

വളർത്തു പക്ഷികളിൽ മുഖ്യയിനം കോഴിയാണ്. എങ്കിലും ഈ പഞ്ചായത്തിലേക്ക് ആവശ്യമുള്ള കോഴി മുട്ടയും, കോഴി ഇറച്ചിപോലും ലഭ്യമാകുന്നില്ല. കൂടുതലും നാടൻ ഇനങ്ങളെയാണ് വളർത്തുന്നത്. കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെപ്പ് നടത്താത്തതിനാൽ. "വസന്ത" ബാധകൾ കോഴി, താറാവ് കൃഷിയെ ഉലച്ചിരിക്കുകയാണ്. ഉൾനാടൻ ജലാശയങ്ങൾ ധാരാളം ഉള്ളതിനാൽ താറാവ് വളർത്തൽ വ്യാപകമാക്കാൻ സാദ്ധ്യതകൾ ഉണ്ട്. ഈ മേഖലയിൽ ഇപ്പോൾ വളരെ കുറഞ്ഞ തോതിലെ താറാവുകളെ വളർത്തുന്നുള്ളൂ.

പഞ്ചായത്തിൽ ഇപ്പോൾ രണ്ട് മൃഗാശുപത്രികളാണ് പ്രവർത്തിച്ച് വരുന്നത് 6ാം വാർഡിൽ പഞ്ചായത്ത് ഓഫീസിന്റെ അടുത്തായി 1963 ജൂലായ് 14ാം തീയ്യതി വെട്ടം മൃഗ സബ്സെന്റർ ആയി തുടക്കം കുറിച്ചു. അത് 1968 ഏപ്രിൽ 1ന് തിരൂർ N.E.S ബ്ലോക്ക് ഏറ്റെടുത്തു 30-3-1968ൽ 15 സെന്റ് സ്വന്തമായ സ്ഥലത്ത് ഇന്ന് നിലവിലുള്ള കെട്ടിടം നിർമ്മിച്ചു. 1-1-96ൽ ഈ സബ്സെന്റർ ഡിസ്പെൻസറിയായി. (മൃഗാശുപത്രി) ഉയർത്തി മറ്റൊന്ന് 1-1-95 ന് മൂന്നാം വാർഡിൽ പറവണ്ണയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ കെട്ടിടത്തിൽ മൃഗാശുപത്രിയായി തുടക്കം കുറിച്ചിട്ടുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളാണ് മൃഗപരിപാലന മേഖലയിൽ പ്രവർത്തിക്കുന്നത്. ഇതിൽ ഇപ്പോൾ വെട്ടം മൃഗാശുപത്രയിൽ ഒരു ഡോക്ടർ, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റന്റർ എന്നീ ജീവനക്കാർ ഉണ്ട്. പറവണ്ണയിൽ 1 ഡോക്ടർ, 1 ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, 1, അറ്റന്റർ, 1 സ്വീപ്പർ എന്നീ ജീവനക്കാർ ഉണ്ട്. പഞ്ചായത്തിലെ 7,8 വാർഡുകൾ ഉൾക്കൊള്ളുന്ന മംഗലം മേഖലയിൽ ഒരു മൃഗാശുപത്രി അത്യാവശ്യമാണ്. കൃത്രിമ ബീജസങ്കലനം, കന്നുകാലികളിലെ കുളമ്പ് രോഗം, കാലിവസന്ത,

കുരുളടപ്പൻ എന്നിവയും കോഴി വസന്തക്കെതിരായുള്ള പ്രതിരോധ കുത്തിവെപ്പുമാണ് ഇപ്പോൾ ഇവിടെ സാധാരണ ചികിത്സക്ക് പുറമെ നടത്തി വരുന്നത്. ഇത് കൂടാതെ പേവിഷബാധക്കെതിരെ ഉള്ള കുത്തിവെപ്പ് നടത്തുന്നുണ്ടെങ്കിലും ഇതിനുള്ള മരുന്ന് ചില അവസരങ്ങളിൽ മാത്രമെ സൗജന്യ നിരക്കിൽ കിട്ടുന്നുള്ളൂ. കാലികളിൽ പൊതുവെ കണ്ട് വരുന്നത് അകിട് വീക്കം, പരാത രോഗങ്ങൾ, ദഹന സംബന്ധമായ രോഗങ്ങൾ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ എന്നീ രോഗങ്ങളാണ് കണ്ട് വരുന്നത്. ആട്, പശു എന്നിവയെ കുറുക്കൻ, നായ എന്നിവ കടിച്ച് പരിക്കേൽപിച്ചുള്ള കേസുകൾ അടുത്ത കാലത്തായി വളരെ കൂടുതലാണ്. ഇങ്ങിനെ കടിച്ച് പേ ഇളകി പശുക്കൾ ചത്ത് പോയ സംഭവങ്ങളും അടുത്തിടെ ഉണ്ടായിട്ടുണ്ട്.

1995-96 കാലയളവിൽ പറവണ്ണ മൃഗാശുപത്രി മുഖേന "M.L.P.P" പദ്ധതി പ്രകാരം 60 പേർക്ക് 180 മേൽത്തരം മുട്ടകോഴി കുഞ്ഞുങ്ങളെയും, 60 ഗുണഭോക്താക്കൾക്ക് 2 പെണ്ണാട് വീതം 120 പെണ്ണാടുകളേയും, ഈ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുത്ത 12 പേർക്ക് ഓരോ മുട്ടനാടിനേയും വിതരണം ചെയ്തിട്ടുണ്ട്. 94-95 കാലയളവിൽ പള്ളിപ്പറമ്പ് ഹരിജൻ കോളനിയിൽ ആടുകളെ പ്രത്യേകം തിരഞ്ഞെടുത്ത വീട്ടുകാർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഓരോ വർഷവും പഞ്ചായത്തിൽ രണ്ട് വീതം "ഗോരക്ഷാ ക്യാമ്പ്" നടത്തി വരാറുണ്ട്. ഇത് കൂടാതെ IRDP സ്കീമിൽ കഴിഞ്ഞ 8ാം പഞ്ചവൽസര പദ്ധതി കാലയളവിൽ ഈ പഞ്ചായത്തിൽ 210 ആടുകളെയും, 56 പശുകളെയും സബ്സിഡി 2അനുവദിച്ച് വായ്പയായി വിതരണം നടത്തിയിട്ടുണ്ട്. *

പഞ്ചായത്തിന്റെ കനോലി കനാലിന്റെ പടിഞ്ഞാറ് ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന 15,3,4, 6, 9, 10, 11, 14 എന്നീ വാർഡുകളിലാണ് ആടുകളെ ധാരാളമായി വളർത്തുന്നത്. പശു, എരുമ എന്നിവയും ഈ മേഘലയിൽ വളരെ കുറവാണ്. ഈ മേഘലയിൽ കാലികളെ കെട്ട് അഴിച്ച് വിട്ട് മേയാൻ അനുവദിക്കുന്ന സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഇങ്ങിനെ അഴിച്ച് വിട്ട് കാലികളെ വളർത്തുന്നതിനാൽ കാർഷിക മേഖലയിൽ വിളവുകൾ നശിപ്പിക്കുകയും, ഗതാഗതത്തിന് സടസ്സം നേരിടുകയും പരിസര മലീനീകരണം, രോഗബാധ പരത്തൽ എന്നീ ദോഷഫലങ്ങൾ ഉണ്ടാകുന്നുമുണ്ട്. പശു, പോത്ത്, എരുമ എന്നിവയെ ധാരാളമായി വളർത്തുന്നത് കനോലികനാലിന് കിഴക്കുള്ള 1,2,5,6,13,7,8 എന്നീ പാർഡ് കളിലാണ്. ഇവിടെ കന്ന് കാലികളെ കെട്ടിയിട്ട് തന്നെയാണ് മേയാൻ അനുവദിക്കുന്നത്.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ മുൻകാലങ്ങളൽ യഥേഷ്ടം മേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്നു. കൊയ്ത് കഴിഞ്ഞാൽ പാടശേഖരങ്ങളിൽ കന്ന് കാലികൾക്ക് മേഞ്ഞ് തിന്നാൻ സാധിച്ചിരുന്നു. പാടശേഖരങ്ങളിൽ തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിക്കുവാൻ തുടങ്ങിയതോടു കൂടിയും, തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിച്ചതും അല്ലാത്തതുമായ വയലും തരിശ് ഭൂമിയും ഉൾകൊള്ളുന്ന മേച്ചിൽ സ്ഥലങ്ങൾ തൂർന്ന് കെട്ടിടങ്ങൾ നിർമ്മിക്കാൻ തുടങ്ങിയതോടുകൂടിയും മേച്ചിൽ സ്ഥലങ്ങൾ പാടേ നഷ്ടപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ധാരാളം സ്ഥലങ്ങൾ ഒഴിഞ്ഞ് കിടന്നിരുന്നതിനാൽ കാലികൾക്ക് യഥേഷ്ടം മേഞ്ഞ് നടന്ന് തിന്നാൻ കഴിഞ്ഞിരുന്നു. ഇവിടങ്ങളിൽ ധാരാളം തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിച്ചതിനാലും, കെട്ടിട നിർമ്മാണങ്ങൾ നടന്നതിനാലും ഈ മേഖലയിലും മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായിട്ടുണ്ട്. പഴയകാലത്ത് ഈ പ്രദേശത്തുള്ള പശുക്കളെ കറവു വറ്റിയാൽ തൊട്ടടുത്ത പുറത്തൂർ പഞ്ചായത്തിന്റെ പടിഞ്ഞാറക്കര ഭാഗത്ത് ജനവാസമില്ലാതെ കിടന്നിരുന്ന പുൽമേടുകൾ നിറഞ്ഞ കാട്ടിലെപ്പള്ളി പ്രദേശത്തേക്ക് അഴിച്ച് വിടുക പതിവായിരുന്നു. പിന്നീട് ഈ പശുക്കൾ പ്രസവത്തോടടുത്താലാണ് ഉടമസ്ഥൻ തിരിച്ചു പിടിച്ച് കൊണ്ടുവന്നിരുന്നത്. എന്നാൽ ഈ മേച്ചിൽ സ്ഥലവും ഇന്ന് നഷ്ടപ്പെട്ടിരിക്കയാണ്. അതിനാൽ നിർബന്ധമായും പറമ്പുകളിൽ പുൽകൃഷി ധാരാളമായി കൃഷി ചെയ്യേണ്ടിയിരിക്കന്നു. ഈ രണ്ട് മേഖലകളിലും ബയോഗ്യാസ് പ്ലാന്റുകൾ ഒന്നുമില്ല.

പഞ്ചായത്തിൽ 6-ാം വാർഡിൽ ഒന്നും, 2-ാം വാർഡിൽ ഒന്നും, 3-ാം വാർഡിൽ ഒന്നും ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകളുണ്ട്. ഈ യൂണിറ്റുകൾ എല്ലാം വളരെ ലാഭകരമായി മുന്നോട്ട് പോകുന്നു എന്നതിനാൽ ഇത് ഇനിയും കൂടുതൽ വ്യാപകമാക്കാവുന്നതാണ്. ഇവിടേക്ക് ആവശ്യമായ കോഴി ഇറച്ചിയുടെ ഒരു ശതമാനം പോലും നിറവേറ്റാൻ ഈ യൂണിറ്റുകൾക്ക് കഴിയുന്നില്ല. അതിനാൽ ഇറച്ചി ആവശ്യത്തിന് കോഴികളെ ഇറക്കുമതി ചെയ്യുകയാണ്. ഇറച്ചി കോഴി വിൽപനശാല പഞ്ചായത്തിലെ പരിധിയിൽ പെട്ട എല്ലാ മാർക്കറ്റുകളിലും പ്രവർത്തിച്ച് വരുന്നുണ്ട്. മുട്ടകോഴികളെ

വളർത്തുന്ന യൂണിറ്റുകളോ, കോഴികുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകളോ ഈ പഞ്ചായത്തിൽ ഇല്ല. വളരെ അധികം ജലാശയങ്ങൾ ഉണ്ട് . ഇപ്പോൾ വീട്ടാവശ്യത്തിനുള്ള മുട്ടകൾക്ക് വേണ്ടി അപൂർവ്വം പുഴയോരത്തുള്ള വീടുകളിൽ താറാവുകളെ വളർത്തി വരുന്നുണ്ട്. ഈ ഭാഗത്ത് വളർത്തുന്ന താറാവുകൾക്ക് അധികം രോഗബാധ കണ്ട് വരുന്നില്ല.

പഞ്ചായത്തിൽ അംഗീകൃത അറവ് ശാലയോ, മാംസവിൽപന ശാലയോ ഇല്ല. ദിവസം പ്രതി ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കശാപ്പു നടക്കുന്നുണ്ട്. ഏതെങ്കിലും ഒഴിഞ്ഞ സ്ഥലത്തോ, പറമ്പുകളിലോ, വഴികളിലോ വച്ചാണ് ഇവയെ അറക്കുന്നത്. മാരകരോഗം ബാധിച്ച മൃഗങ്ങളെപോലും അറവിനായി ഉപയോഗിക്കുന്നുണ്ട്. അറക്കുന്ന മൃഗങ്ങളുടെ ഉപയോഗയോഗ്യമല്ലാത്ത ഭാഗങ്ങൾ പുഴയിലേക്ക് തള്ളുകയോ, വഴികളിൽ ഉപേക്ഷിക്കുകയോ ആണ് ചെയ്യുന്നത്. മാംസ വിൽപനശാലകൾ ഇല്ലാത്തതിനാൽ മാർക്കറ്റുകളിൽ അറുത്ത മൃഗത്തിന്റെ തോൽ പരത്തി ഇട്ട് അതിൽ മാംസ വിൽപന നടത്തി വരുന്നു. മേൽപറഞ്ഞ കാരണങ്ങൾ കൊണ്ട് അറവ് നടത്തുന്ന പ്രദേശങ്ങളും, വിൽപന നടത്തുന്ന മാർക്കറ്റുകളും അവശിഷ്ടം തള്ളുന്ന ജലാശയങ്ങളും മലിനമാവുകയും, പരിസര ശുചിത്വത്തിന് ഹാനികരമാകുകയും ചെയ്യുന്നുണ്ട്. മംഗലം, വെട്ടം, പരിയാപുരം, പറവണ്ണ, വാക്കാട്, കോതപറമ്പ് എന്നീ സ്ഥലങ്ങളിൽ ആഴ്ചയിൽ ഒരിക്കലും, കൂട്ടായി നഗരത്തിൽ ആഴ്ചയിൽ ഭൂരിപക്ഷം ദിവസങ്ങളിലും കശാപ്പും, വിൽപനയും നടന്ന് വരുന്നുണ്ട്. അംഗീകൃത അറവ് ശാലയുടെ അഭാവവും മാംസവിൽപനശാലയുടെ അഭാവവും ഏറെ ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് ഉണ്ടാക്കിത്തീർക്കുന്നുണ്ട്. കൂട്ടായി നഗരത്തിൽ തെരുവത്തെ പള്ളി കമ്മിറ്റി വക നിർമ്മിച്ച് കൊടുത്ത മാംസ വിൽപന ശാല ഉണ്ടെങ്കിലും അത് വേണ്ടത്ര സൗകര്യങ്ങൾ ഉള്ളതല്ല.

പേവിഷബാധക്ക് എതിരെ ഈ പഞ്ചായത്തിൽ 95-96 കാലയളവിൽ മൃഗാശുപത്രികളുടെ കീഴിൽ 75 മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ട്. കടിയേറ്റതിന് ശേഷം 2 മൃഗങ്ങൾക്ക് കുത്തിവെപ്പ് നടത്തിയിട്ടുണ്ട്. 95 - 96 കാലയളവിൽ കൃത്രിമ ബീജസങ്കലനം നടത്തിയതിന്റെ വിശദ വിവരങ്ങളും രോഗം ബാധിച്ച് ചികിത്സിച്ചതിന്റെ വിവരങ്ങളും താഴെ പട്ടികയിൽ ചേർക്കുന്നുണ്ട്:-

**കൃത്രിമ ബീജ സങ്കലന വിവരങ്ങൾ 9596.**

| വളർത്തു മൃഗ ഇനം | കൃത്രിമ ബീജ സങ്കലനം | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ. |
|---|---|---|
| പശു. | 156 | 6 |
| കീടാലി. | 73 | 10 |
| എരുമ | 21 | 4 |

9596 കാലയളവിൽ മൃഗാശുപത്രികൾ മുഖേന കാലികളുടെ രോഗ സംബന്ധമായ വിവരങ്ങൾ:

Sl. No, രോഗങ്ങൾ, പശു, എരുമ, ആട്, കോഴി, മറ്റുള്ളവ എന്നീ ക്രമത്തിൽ,

1 ദഹന സംബന്ധമായ (Digestive Disordor) 180 30 650 266 10

2.ശ്വാസകോശ സംബന്ധം. 124 3 242 308 –

3. ഉപാപചയസംബന്ധം. 59 4 44 - -

4. ത്വക് രോഗങ്ങൾ 111 - 322 - -

5. ധാതു ലവണങ്ങളുടെ അഭാവം – – – 5 -

6. പരാദ രോഗങ്ങൾ 58 11 55 - -

7. പ്രത്യുൽപാദന പ്രശ്നവുമായി ബന്ധപ്പെട്ടവ. 37 8 17 - -

8. വന്ധ്യത. 13 3 2 - -

9. അകിട് വീക്കം 47 - 52 - -

10. മുടന്തൻ പനി. 15 - - - -

## പ്രധാന പ്രശ്നങ്ങൾ:

1. കാലിതീറ്റയുടെ വില വർദ്ധനവും, വൈക്കോലിന്റെ ലഭ്യതകുറവും
2. മൃഗചികിത്സാ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ അപര്യാപ്തത
3. ഉയർന്ന ജനിതക ഗുണങ്ങളുള്ള സങ്കരയിനം പശുക്കളുടെ എണ്ണത്തിൽ കുറവ്.
4. ക്ഷീര സഹകരണ സംഘത്തിന്റെ അഭാവം.
5. ശാസ്ത്രീയമായ പരിപാലനത്തെ പറ്റിയുള്ള അജ്ഞത.
6. ശാസ്ത്രീയവും, അംഗീകൃതവുമായ അറവ് ശാലയടെയും വിൽപനശാലയുടെയും കുറവ്.
7. പേപ്പട്ടി ശല്യം.
8. ആലയില്ലാത്ത ബുദ്ധിമുട്ട്.
9. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം.
10. ഗോബർ ഗ്യാസ് പ്ലാന്റുകൾ ഇല്ല.
11. അനധികൃക മാംസ വിൽപനക്കാരുടെയും കശാപ്പുകാരുടേയും ശല്യം

## സാധ്യതകൾ:

1. സഹകരണ അടിസ്ഥാനത്തിൽ കാലിതീറ്റ, കോഴി തീറ്റ നിർമ്മാണ യൂണിറ്റ്; (ഇവിടെ സുലഭമായി കിട്ടുന്ന നാളികേരം, മത്സ്യം എന്നിവ ഉപയോഗിച്ച്)

2. മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപെടുത്തുന്നതിനും ആധുനിക ചികിത്സാ സൗകര്യങ്ങൾ നൂതന വിദ്യകൾ ഉപയോഗിക്കുന്നതിനും ഉള്ള അന്തരീക്ഷം സൃഷ്ടിക്കുവാനുള്ള പദ്ധതികൾ.

3. കൃത്രിമ ബീജ സങ്കലനം, പ്രതിരോധ കുത്തിവെപ്പ്, കന്ന് കുട്ടികളുടെ വിര ഇളക്കൽ തുടങ്ങിയവയെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

4. കൂടുതൽ സങ്കരയിനം പശുക്കളെ വിതരണം ചെയ്യുക.

5. പാലുൽപാദനം ഉള്ള മുഴുവൻ കർഷകരെയും സംഘടിപ്പിച്ച് ക്ഷീര സഹകരണം സംഘം രൂപീകരിക്കുക.

6. കാലീതീറ്റ വിതരണം, കന്നുകുട്ടിപിരപാലന പദ്ധതി എന്നിവ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുക.

7. ശാസ്ത്രീയ-അംഗീകൃത അറവ് ശാലയും, വിൽപന ശാലകളും നിർമ്മിക്കുക.

8. പേവിഷത്തിനെതിരെ ഉള്ള " വാക്സിൻ" (മരുന്ന്) ലഭ്യമാക്കുക.

9. അലഞ്ഞ് തിരിയുന്ന നായ്ക്കളെ കൊല്ലുവാൻ പഞ്ചായത്തിൽ സന്നദ്ധസേന ഉണ്ടാക്കുക.

10. വളർത്ത് നായകൾക്ക് ലൈസൻസ് നിർബന്ധമാക്കുക.

11. പേവിഷബാധയെ പറ്റി ബോധവൽക്കരണക്ലാസ്സുകൾ നടത്തുക.

12. സൗകര്യപ്പെട്ട സ്ഥലത്ത് ആല സ്ഥാപിക്കുക.

13. കന്ന് കാലികളെയും, കോഴികളേയും വാങ്ങുന്നതിനുള്ള ലോണുകൾ കൂടുതൽ പേർക്ക് നൽകുക. ലോൺ താസമം കൂടാതെ, വളരെയെളുപ്പത്തിൽ ഗുണഭോക്താക്കൾക്ക് കിട്ടുവാൻ വേണ്ട സൗകര്യം ചെയ്യുക. വിതരണം ചെയ്യുന്നവയെ നിലനിർത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഏർപ്പാട് ഉണ്ടാക്കുക.

14. തൊഴുത്ത് നിർമ്മാണത്തിനും, ഗോബർ ഗ്യാസ് നിർമ്മിക്കൽ എന്നിവക്കും താൽപര്യം ഉള്ളവർക്ക് ധനസാഹായം നൽക്കുക.

15. മിനി ഡയറി യൂണിറ്റ്, ആട് വളർത്തൽ യൂണിറ്റ്,വീട് മുറ്റത്ത് കോഴിവളർത്തൽ പദ്ധതി, സ്കൂൾ പൗൾട്ടറി ക്ലബ്ബ്, ഇറച്ചി കോഴിവളർത്തൽ യൂണിറ്റ്, കാടവളർത്തൽ യൂണിറ്റ്, താറാവ് വളർത്തൽ യൂണിറ്റ് സ്വകാര്യ മേഖലയിൽ കോഴി കുഞ്ഞുങ്ങളെ വിരിയിക്കുവാനുള്ള ഹാർച്ചറി യൂണിറ്റ് എന്നിവ നടപ്പിലാക്കുക.

16. പുൽകൃഷി വ്യാപകമായി നടത്തുവാൻ പദ്ധതി ആവിഷ്കരിക്കുക.

17. കന്ന് കാലികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കുക. പേര് രജിസ്റ്റർ ചെയ്ത മൃഗ ഉടമസ്ഥർക്ക് മാത്രം ക്ഷീര കർഷകർക്കുള്ള ധനസഹായം നൽകുക.

18. ക്ഷീര രംഗത്തെ ഉത്പാദന ഗുണ, അളവുകളുടെ നിലവാരം മാനദണ്ഡമാക്കി സബ്സിഡി നൽകുക.

19. ക്ഷീരവികസന ഓഫീസ് ബ്ലോക്ക്തലത്തിൽ നിന്ന് പഞ്ചായത്ത് തലത്തിലേക്ക് കൊണ്ടവരുവാൻ വേണ്ട നടപടി സ്വീകരിക്കുക.

*

# വ്യവസായം

തയ്യാറാക്കിയത്:-

1. ടി.എം. മുഹമ്മദ് മാസ്റ്റർ.
2. പി.പി. മുഹമ്മദ് യാസീൻ.
3. കെ.പി. അബ്ദുറഹിമാൻ

1962ൽ വെട്ടം പഞ്ചായത്ത് നിലവിൽ വന്നെങ്കിലും വ്യാവസായിക മേഖലയിൽ നാളിതുവരെ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം പ്രത്യേകിച്ച് വൻകിട വ്യവസായങ്ങൾ പൊതുമേഖലയിലോ സഹകരണ മേഖലയിലോ സ്വകാര്യ മേഖലയിലോ തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ മൊത്തം സ്ഥിതി വിവരക്കണക്കു പരിശോധിച്ചാൽ വിരലിലെണ്ണാവുന്ന നാമമാത്ര ചെറുകിട വ്യവസായ യൂണിറ്റുകളും പരമ്പരാഗതമായ അല്പാല്പം കുടിൽ വ്യവസായങ്ങളും നടന്നു വരുന്നതായി കാണാൻ കഴിയും. പഞ്ചായത്തിന്റെ പ്രധാന കാർഷിക വിളയായ നാളികേരം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വൻകിട വ്യവസായത്തിനു സാധ്യതയുണ്ടെങ്കിലും ചെറുകിട മേഖലയിൽ നാമമാത്രമായ ചകിരി കൊപ്ര എന്നിവയെ ആശ്രയിച്ചു പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിൽ 9 ഓളം യൂണിറ്റുകൾ ചകിരി നാരുല്പാദനരംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ചകിരി നാരുപയോഗിച്ച് പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കാനൊ വിപണി കണ്ടെത്താനൊ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ 10ാം വാർഡ് ഉൾക്കൊള്ളുന്ന പ്രദേശത്തുനിന്ന് വൻതോതിൽ ചകിരിനാര് അന്യദേശങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട്. സഹകരണ മേഖലയിൽ വർഷങ്ങൾക്കു മുൻപ് കൂട്ടായിയിൽ ഒരു കയർ സഹകരണ സംഘം നിലവിൽ വരികയും പിന്നീടതിന്റെ ആസ്ഥാനം മംഗലത്തേക്ക്

മാറ്റി ലക്ഷ്യത്തിലെത്താൻ കഴിഞ്ഞില്ലെങ്കിലും പ്രവർത്തനം തുടർന്നു വരികയും ചെയ്യുന്നുണ്ട്. സഹകരണ മേഖലയിൽ ഈ രംഗത്ത് എടുത്തു കാട്ടാൻ കഴിയുന്ന മറ്റു സംരംഭങ്ങളൊന്നും നടന്നിട്ടില്ല. വ്യവസായ മേഖലയുമായി ബന്ധപ്പെട്ടു വിവിധ മേഖലകളിൽ ഏകദേശം 445പേരും അതിൽ സ്ത്രീ തൊഴിലാളികൾ 235 പേരുമാണ് തൊഴിൽ ചെയ്യുന്നത്. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യാ നിരക്കുമായി താരതമ്യം ചെയ്താൽ തൊഴിലാളികളുടെ എണ്ണം തുലോം കുറവാണെന്നു കാണാൻ കഴിയും. ചെറുകിട യൂണിറ്റുകളായി സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവ റൈസ് &ഫ്ളോർമിൽ, ഓയിൽമിൽ ഫർണിച്ചർ നിർമാണയൂണിറ്റ്, ഐസ് നിർമാണം, ഗാർമന്റ്സ്, ഇൻഡസ്ട്രിയൽസ് (വെൽഡിങ്) എന്നിവയുമായി ബന്ധപ്പെട്ടതാണ്. ഏകദേശം 9 കി.മീറ്ററോളം കടൽ തീരവും 8 കി.മീറ്ററോളം കനോലി കനാലും 15 കി.മീറ്ററോളം പുഴയോരവുമുള്ള വെട്ടം പഞ്ചായത്തിൽ മൽസ്യ, നാളികേരമടിസ്ഥാനമാക്കി വൻകിട ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സാധ്യതകളുണ്ടെങ്കിലും സാധ്യതകൾ ചൂഷണം ചെയ്യാൻ ഇതേവരെ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം.

കടൽ തീരവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ വർഷങ്ങൾക്കു മുമ്പ് മൽസ്യ എണ്ണ നിർമ്മിക്കുന്ന ഒരു പ്രസ്സുണ്ടായിരുന്നെങ്കിലും കാലക്രമേണ പ്രവർത്തന രഹിതമായി നശിച്ചു പോവുകയാണുണ്ടായത്. പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങളും മൽസ്യ മേഖലയെ ആശ്രയിച്ചു കഴിയുന്നവരാണ്. വർഷങ്ങൾക്കുമുമ്പ് വൻതോതിൽ ചെമ്മീൻ പരിപ്പുകൾ നിർമ്മിച്ച് അന്യദേശങ്ങളിലേക്ക് കയറ്റി അയക്കാറുണ്ടായിരുന്നെങ്കിലും ചെമ്മീൻ ഉണക്കാതെ തന്നെ വൻ വിപണി കണ്ടെത്താൻ കഴിഞ്ഞതിനാൻ ചെമ്മീൻ പരിപ്പുനിർമാണം നടക്കുന്നില്ല. വൻതോതിൽ മൽസ്യം ഉപ്പിട്ടുണക്കി അന്യ സംസ്ഥാനങ്ങളിലേക്കു പോലും കയറ്റി അയച്ചിരുന്നെങ്കിലും മൽസ്യ ദൗർലഭ്യം കാരണം ക്രമേണ ആ മേഖലയും തകരുകയാണുണ്ടായത്. ഉൾനാടൻ പുഴയോരം കൊണ്ടനുഗ്രഹീതമായ പഞ്ചായത്തിൽ ഒരു ജല ചെമ്മീൻ കൃഷിക്കാവശ്യമായ സാഹചര്യങ്ങൾ നിലവിലുണ്ടെങ്കിലും അത്തരം പുതിയ സംരംഭത്തിനു നാളിതുവരെയായി തുടക്കം കുറിക്കാൻ ആരും മുമ്പോട്ടുവന്നിട്ടില്ല. ലഭിക്കുന്ന മൽസ്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനാവശ്യമായ ഐസ് പഞ്ചായത്തിലെ 2 യൂണിറ്റുകളിൽ നിന്നുമായി ഉണ്ടാക്കുന്നുവെങ്കിലും മൽസ്യ ലഭ്യത കുറവു കാരണം ഭാഗികമായ പ്രവർത്തനമാണ് ഐസ് ഫാക്ടറിയിൽ നടക്കുന്നത്. അത് ഐസ് നിർമാണ രംഗത്തെ തൊഴിലാളികൾക്ക് തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടാൻ കാരണമാവുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരമ്പരാഗത ബീഡി വ്യവസായം നല്ല നിലയിൽ വളർന്നു വന്നിരുന്നെങ്കിലും ഇന്ന് ആ മേഖലയും വിവിധ കാരണങ്ങളാൽ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കയാണ്. തകർച്ചക്ക് പ്രധാനമായ കാരണം ആ മേഖലയിലെ കൂലികുറവും ബീഡി തെരപ്പിന്നാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും തൊഴിലിനോടുള്ള വിമുഖതയും ആണെന്ന് കാണാൻ കഴിയുന്നു.

സ്വകാര്യ മേഖലയിൽ മരത്തടിയുമായി ബന്ധപ്പെട്ടു 4 ടിമ്പർമില്ലുകളും 6ഫർണീച്ചർ നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. മരത്തടി ദൗർലഭ്യവും തൊഴിലാളികളുടെ കുറവും ഈ മേഖലയിലും പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ആധുനിക യന്ത്രവൽകൃതമായി ഫർണീച്ചർ നിർമ്മിക്കാൻ കഴിയുന്ന ഇന്ന് നവീന രീതിയിലുള്ള യൂണിറ്റുകൾക്കൊന്നും ഇവിടെ തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടില്ല. വിറകിനായുപയോഗിക്കുന്ന റബർതടികൾ ശാസ്ത്രീയമായി സംസ്ക്കരിച്ച് ഗുണമേന്മയുള്ള ഫർണീച്ചറുകളും കെട്ടിട നിർമ്മാണ സാമഗ്രികളും നിർമിച്ചാൽ മര ലഭ്യത ക്കുറവിനും പരിഹാരമാവുകയും പുതിയ മേഖലകണ്ടെത്തുക വഴി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുകയും ചെയ്യും.

കയറ്റുമതി ലക്ഷ്യം വച്ചുകൊണ്ട് റെഡിമെയ്ഡ് വസ്ത്രനിർമാണ രംഗത്ത് പഞ്ചായത്തിന്റെ 3ാം വാർഡുകൾ ഉൾക്കൊള്ളുന്ന പ്രദേശത്ത് സ്വകാര്യ മേഖലയിൽ ഒരു യൂണിറ്റ് സ്ഥാപിക്കുകയും അല്പാല്പം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ആമേഖലയിലും അല്പാല്പം നിരാശക്കു വഴിനൽകുന്നു.

മൊത്തത്തിൽ പറഞ്ഞാൽ പഞ്ചായത്തിൽ വ്യവസായ വളർച്ചക്കാവശ്യമായ ഏറെക്കുറെ അനുകൂല സാഹചര്യങ്ങളുണ്ടെങ്കിലും അതുപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. 21.60 ച.കിലോമിറ്റർ വിസ്തീർണമുള്ള പഞ്ചായത്തിൽ 6297കുടുംബങ്ങളിലായി 48522 വരുന്ന ജനങ്ങളുണ്ടെങ്കിലും വ്യവസായ മേഖലയിൽ 500നു താഴെയുള്ള തൊഴിൽ പങ്കാളിത്തം മാത്രമാണുണ്ടാക്കാൻ കഴിഞ്ഞതെന്ന

യാഥാർത്ഥ്യം വ്യവസായ മേഖലയിലൂന്നിയ ചിന്തകൾക്കും പ്രവർത്തനത്തിനും പ്രസക്തി വർദ്ധിപ്പിക്കുന്നു. ഈ ചിന്തയിലും പ്രവർത്തനത്തിലും ബന്ധപ്പെട്ടവരുടെ സജീവ പങ്കാളിത്തമുണ്ടായാൽ പുതിയൊരു വ്യവസായ വിപ്ലവത്തിനും വികസന സംസ്ക്കാരത്തിനും രൂപം നൽകാൻ കഴിയും. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ വിവരങ്ങളും തൊഴിൽ പങ്കാളിത്ത വിവരങ്ങളും പട്ടിക I ൽ നൽകുന്നു.

## വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ

വ്യവസായ വളർച്ചക്കാവശ്യമായ ഗതാഗത സൗകര്യം, വാർത്താവിനിമയ സൗകര്യം, ഉയർന്ന ഉപഭോഗ സംസ്ക്കാരം, സാക്ഷരത മുതലായ അനുകൂല ഘടകങ്ങൾ ഏറെക്കുറെയുണ്ടെങ്കിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിയാത്തത് താഴെ പറയുന്ന കാരണങ്ങളാലാണെന്ന് അനുമാനിക്കാം.

1. വൈദ്യുതിയുടെ അപര്യാപ്തത
2. വിവിധ ഡിപ്പാർട്ടുമെന്റിൽ ലൈസൻസ് നേടിയെടുക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
3. വ്യവസായ സംബന്ധമായ സാങ്കേതിക പരിജ്ഞാനക്കുറവ്.
4. മുന്നിട്ടിറങ്ങി മുതൽ മുടക്കാനുള്ള ധൈര്യക്കുറവ്.
5. ധനസഹായം ലഭ്യമാവുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
6. തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ ആത്മാർത്ഥത കുറവ്.
7. വൻതുക നൽകി പരസ്യത്തിലൂടെ മാർക്കറ്റിംങ് നേടാനുള്ള കഴിവില്ലായ്മ.
8. മൂലധനക്കുറവും ജയാപജയ ആശങ്കയും
9. ബന്ധപ്പെട്ടവരുടെ പ്രോൽസാഹനക്കുറവ്.

### *സാധ്യതകൾ*

1. കോക്കനട്ട് കോംപ്ലക്സ് നിർമ്മിക്കൽ : പൊതമേഖയിലൊ സഹകരണ മേഖലയിലൊ ഇതാരംഭിക്കാം. സഹകരണമേഖലയിലാണെങ്കിൽ നാളികേര കർഷകരുടെ കൂട്ടായ്മ പ്രയോജനപ്പെടുത്തുകയും സഹകരണ സംഘമായി നിയമാനുസൃതം രൂപകൽപ്പന ചെയ്യുകയുമാവാം. മുഖ്യ കാർഷിക വിളയായ നാളികേരമുപയോഗിച്ച് വിവിധയിനം വിപണി ലഭിക്കുന്ന ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും. തേങ്ങ, കൊപ്ര, ചിരട്ട എന്നിവ ഉപയോഗിച്ച് കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക്, ജാം, തേങ്ങാവെള്ളത്തിൽ നിന്നും സോഫ്റ്റ് ഡ്രിംങ് വിനാഗിരി, ചിരട്ടയിൽ നിന്നും ഓയിൽ കാർബൺ പൗഡർ, കാലിത്തീറ്റ എന്നു മാത്രമല്ല നല്ലനിലയിൽ വിപണി ലഭിക്കുന്ന പല വസ്തുക്കളും ശാസ്ത്രീയമായി നിർമ്മിക്കാനും വൻതോതിൽ വിപണി കണ്ടെത്താനും കഴിയും.

മത്സ്യവള നിർമാണ ശാല:- കിലോമിറ്ററുകൽ കടലോരം കൈവശമുള്ള പഞ്ചായത്തിൽ ഒരു മൽസ്യവള നിർമ്മാണ യൂണിറ്റ് പൊതു മേഖലയിലൊ സഹകരണ മേഖലയിലൊ ആരംഭിക്കുന്നത് നന്നായിരിക്കും. ചില സീസണിൽ വിലകുറഞ്ഞ മൽസ്യങ്ങൾ വൻ തോതിൽ ലഭിക്കുന്നതിനാൽ ഈ മേഖല വിജയിക്കാനേറെ സാധ്യതയുണ്ട്. വിലകുറഞ്ഞതും കടലിൽ നിന്നും കിട്ടുന്നതുമായ മൽസ്യവും മൽസ്യേതര വസ്തുക്കളും ചേർത്തു പാകപ്പെടുത്തി ജൈവ വളമാക്കി മാറ്റിയാൽ കാർഷിക മേഖലയിലെ ജൈവ വള ദൗർലഭ്യത്തിനു പരിഹാരമാവുകയും തൊഴിലില്ലാത്ത അനവധി പേർക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യതയേറുകയും ചെയ്യും. മൽസ്യം കൊണ്ടുതന്നെ കോഴി, താറാവ് എന്നിവക്ക് തീറ്റ നിർമ്മിച്ചാൽ പഞ്ചായത്തിന്റെ കിഴക്കൻ പുഴയോര മേഖലയിൽ ഒറ്റക്കും കൂട്ടായും താറാവു വളർത്തു കേന്ദ്രങ്ങൾക്ക് വ്യാവസായിക അടിസ്ഥാനത്തിൽ തന്നെ സാധ്യതകൾ ഏറെയുണ്ട്. പ്രത്യുൽപാദന ശേഷിയുള്ള കുഞ്ഞുങ്ങളും മിതമായ നിരക്കിൽ തീറ്റയും ലഭിച്ചാൽ ധാരാളം പേർ ഈ രംഗത്തേക്ക് കടന്നു വരികയും ആമേഖല വികസിക്കുകയും ചെയ്യും.

3. നൈലോൺ വല നിർമാണ യൂണിറ്റ്:- പഞ്ചായത്തിലെ നല്ലൊരു ശതമാനമാളുകളും മൽസ്യ മേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരായതിനാൽ നൈലോൺ വല നിർമ്മാണത്തിനു സാധ്യതകളേറെയുണ്ട്. പ്രധാന തൊഴിലു പകരണമായ വലക്ക് വേണ്ടി അന്യ ദേശക്കാരെ അശ്രയിച്ചു കഴിയേണ്ട ഗതികേടിൽ നിന്നും തൊഴിലാളികളെ രക്ഷിക്കാനും സ്വയം പര്യാപ്തമാക്കാനും ഈ യൂണിറ്റിനു കഴിയും.

4. സഹകരണ മേഖലയിൽ ബീഡി വ്യവസായം:- തൽപ്പരനായ മേഖലയുമായി ബന്ധപ്പെട്ടു ഒരു പറ്റം ആളുകളുടെ കൂട്ടായ്മ പ്രയോജനപ്പെടുത്തിയാൽ

ബീഡി ഉപഭോഗം കൂടുതലുള്ള പഞ്ചായത്തിൽ വിപണി പിടിച്ചെടുക്കാൻ കഴിയും.

5. കോഴി,താറാവ്,ആടു വളർത്തൽ യൂണിറ്റുകൾ ആരംഭിക്കൽ.

6. സ്കൂൾ ബാഗ്, കുട, നോട്ടു ബുക്ക്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവ സ്കൂളുകളിൽ പ്രവർത്തി പരിചയ സിലബസ്സിൽ നിർബന്ധ പാഠ്യ പദ്ധതിയിലുൾപ്പെടുത്തിയാൽ വളർന്നു വരുന്ന യുവ തലമുറയിൽ തൊഴിലിനോടുള്ള ആഭിമുഖ്യവും വർദ്ധിക്കുകയും ഭാവിയിൽ സ്വയം തൊഴിൽ കണ്ടെത്താനുള്ള അവസരത്തിനു കാരണമാവുകയും ചെയ്യും.

7. വനിതാ വ്യവസായ സഹകര സംഘം:- തൊഴിൽ മേഖലയിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തത്തിന് നിലവിൽ സാഹചര്യ കുറവായതിനാൽ അവസരങ്ങൾ സൃഷ്ടിക്കൽ അത്യാവശ്യമാണ്. തൊഴിൽ ചെയ്യാൻ തല്പരരായ സ്ത്രീകളെ കണ്ടെത്തി അവരുടെ കൂട്ടായ്മയിലൂടെ ഈ മേഖല വികസിപ്പിക്കാൻ കഴിയും. മൽസ്യമുപയോഗിച്ച് ഫുഡ് പ്രൊഡക്ഷൻ ഇനങ്ങളുണ്ടാക്കിയാൽ നല്ല വിപണി ലഭിക്കും. നാളികേരവുമായി ബന്ധപ്പെടുന്ന ചകിരിനാരുല്പാദനം, കയർ പിരി, ചവിട്ടി നിർമ്മാണം മുതലായവ തുടങ്ങിയാൽ തൊഴില വസരങ്ങൾ ധാരാളം വർദ്ധിക്കുകയും വരുമാനം കൂടുകയും ചെയ്യും.

8. ഗ്രൂപ്പ് ടെക്:- ടെക്നിക്കലായി ജോലി അറിയാവുന്ന പഞ്ചായത്തിലെ ടെക്നീഷ്യന്മാരുടെ കൂട്ടായ്മയിലൂടെ ഈ സംരംഭം ഫലപ്രദമായി വിജയിപ്പിക്കാൻ കഴിയും. പഞ്ചായത്തിലെ ടെക്നിക്കൽ സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിനെ കണ്ടെത്തി ഒരു സ്ഥാപനത്തിനു കീഴിൽ അവരുടെ കൂട്ടായ്മയും പ്രവർത്തന ശേഷിയും ഒരുമിപ്പിക്കുകയാണെങ്കിൽ ഇലക്ട്രിക്കൽ സർവീസിംങ്, ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, സിവിൽ, എയർ കണ്ടീഷനിംങ്, നവീന രീതിയിലുള്ള എംബ്രോയിഡറി, എന്നീ മേഖലകളിൽ സർവീസിങ്ങും പ്രൊഡക്ഷൻ യൂണിറ്റുകളും ഫലപ്രദമായി നടത്താൻ കഴിയും. പഞ്ചായത്തിൽ ടെക്നിക്കൽ സഹായം ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നേരിട്ട് ഈ സെന്ററുമായി ബന്ധമുള്ള ജോലികൾ മിതമായ നിരക്കിൽ ടെക്നീഷ്യന്മാർക്കു ചെയ്തു കൊടുക്കാവുന്നതുമാണ്.

9. ടൂറിസം വികസനം:- പഞ്ചായത്തിലെ 14-ാം വാർഡുൾക്കൊള്ളുന്ന മാടത്തെ പടന്ന തുരുത്തിനു സമീപത്തായി ടൂറിസവുമായി ബന്ധപ്പെട്ട് ഒരു കൗണ്ടർ ആരംഭിക്കാവുന്നതാണ്. കൊച്ചു ഫൈബർ ബോട്ടുകളുപയോഗിച്ച് ജലയാത്ര നടത്തുന്നതിനാവശ്യമായ സഹായം ബന്ധപ്പെട്ടവരിൽ നിന്നുണ്ടായാൽ വിശിഷ്യാ പൊന്നാനി അഴിമുഖം അടുത്തായതിനാൽ വിജയപ്രദമായി നടത്താൻ കഴിയും. ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധ്യതകളുണ്ട്.അതിനു വേണ്ട ഗതാഗത സൗകര്യമിവിടെയുണ്ട്.

10. ചകിരിച്ചോറുകൊണ്ട് വളവും ഇഷ്ടികയും നിർമ്മിക്കൽ:- പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വൻതോതിൽ ചകിരിനാരുല്പാദിപ്പിക്കുന്നു. അവിടെയുള്ള ഉപയോഗശൂന്യമായ ചകിരി ച്ചോറു കൊണ്ട് ശാസ്ത്രീയമായ കാഴ്ച്ചപ്പാടിൽ വളവും ഇഷ്ടികയും നിർമ്മിക്കാം.

11. പരമ്പരാഗത കുടിൽ വ്യവസായമായ പായ നെയ്ത്:- പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പായ നെയ്ത്തിനാവശ്യമായ കൈത ഓല ധാരാളമായി വളരുന്നുണ്ട്. അവ ഉപയോഗപ്പെടുത്തി തൽപ്പരരായ സ്ത്രീകളെ ഈ മേഖലയിൽ പ്രോൽസാഹിപ്പിക്കുകയാണെങ്കിൽ കുടിൽ വ്യവസായമായ പായ നെയ്ത്ത് നല്ല നിലയിൽ നടത്താൻ സാധ്യതയുണ്ട്. പരമാവധി പ്രോൽസാഹനം നൽകിയാൽ നമുക്കാവശ്യമായ പായ നല്ല ശതമാനമിവിടെ നിർമ്മിക്കാൻ കഴിയും.

12. വ്യവസായവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

13. സ്റ്റീൽ, മരത്തടി എന്നിവ കൊണ്ടുള്ള ഫർണീച്ചർ യൂണിറ്റുകൾ.

14. ചെരിപ്പു നിർമ്മാണയൂണിറ്റ് ആരംഭിക്കണം.

15. ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.

16. ഔട്ട് ബോഡ് എഞ്ചീൻ റിപ്പയർ സർവീസിംങ് സെന്റർ ആരംഭിക്കൽ.

17. ഓരു ജല, ശുദ്ധജല മൽസ്യ കൃഷി.

18. കറി പൗഡർ നിർമ്മാണം.

H63



## മറ്റു നിർദ്ദേശങ്ങൾ.

1. ശാസ്ത്രീയമായി വുഡ് ഇൻഡസ്ട്രീയൽ സ്ഥാപിക്കൽ.
2. പ്രയാസവും കാലതാമസവും കൂടാതെ ലൈസൻസ് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കൽ.
3. കക്ക ഉപയോഗിച്ചുള്ള വ്യവസായ യൂനിറ്റ് ആരംഭിക്കൽ
4. നവീന രീതിയിലുള്ള തുന്നൽ പരിശീലന കേന്ദ്രം ആരംഭിക്കൽ
5. കൂടുതൽ വ്യവസായ മേഖല ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കൽ.
6. ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ നൂൽ നൂൽപ്പുകേന്ദ്രങ്ങൾ ആരംഭിക്കൽ. ഖാദിബോഡിന്റെ കീഴിൽ നെയ്ത്തു ശാല രൂപം നൽകൽ,
7. കുട നിർമാണ കേന്ദ്രം,
8. 9-ാം വാർഡിൽ ഐസ് ഫാക്ടറി ആരംഭിക്കൽ.
9. സർക്കാർ ഉടമയിലുള്ള ഇൻഡസ്ട്രിയൽ ട്രയിനിംഗ് ഇൻസ്റ്റിട്ട്യൂട്ട് പഞ്ചായത്തിൽ സ്ഥാപിക്കുക.

മേൽ പറയപ്പെട്ട സാധ്യതകളും നിർദ്ദേശങ്ങളും ചർച്ചയിലൂടെ മുൻഗണന ക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ സമീപ ഭാവിയിൽ തന്നെ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാനാവും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും ആളോഹരി വരുമാനം വർദ്ധിപ്പിക്കാനും സാധ്യമാവും. വ്യവസായ മേഖലയിലുന്നിയ ചിന്തകളും പ്രവർത്തനങ്ങളും പുതിയൊരു വ്യവസായ വിസകന വിപ്ലവം സാധ്യമാക്കുമെന്നതിൽ തർക്കമില്ല.

പട്ടിക 1

വ്യവസായ യൂണിറ്റുകൾ

| വ്യവസായത്തിന്റെ തരം | തൊഴിലാളികളുടെ എണ്ണം | | മൊത്തം യൂണിറ്റുകൾ |
|---|---|---|---|
| | ആൺ | പെൺ | |
| ചകിരിമിൽ | 80 | 160 | 9 |
| ടിമ്പർമിൽ | 16 | – | 4 |
| ഫർണ്ണിച്ചർ യൂണിറ്റ് | 12 | – | 6 |
| വ്യവസായത്തിന്റെ തരം | തൊഴിലാളികളുടെ എണ്ണം | | മൊത്തം യൂണിറ്റുകൾ |
| | ആൺ | പെൺ | |
| റൈസ്ഫ്ളവർമിൽ | 17 | – | 17 |
| ഇൻഡസ്ട്രിയൽസ് (വെൽഡിംഗ് & ആണിനിർമാണം) | 18 | – | 6 |
| ഗാർമെന്റ്സ് | 30 | 75 | 2 |
| പ്രസ്സ് | 16 | – | 5 |
| ഓയിൽ മിൽ | 12 | – | 6 |
| ഐസ്ഫാക്റ്ററി | 9 | – | 3 |
| ആകെ | 210 | 235 | 58 |



# വിദ്യാഭ്യാസം

തയ്യാറാക്കിയവർ
കെ.കൃഷ്ണൻ
പി.പി. കാദർകുട്ടി.
സി.എം. ടി. മുഹമ്മദലി
എം. എൻ. മുഹമ്മദ് കുട്ടി
മുജീബ് റഹ്മാൻ
കുഞ്ഞികൃഷ്ണൻ മാസ്റ്റർ

**തി**രൂർ താലൂക്കിന്റെ പടിഞ്ഞാറ് അറബിക്കടലോരത്ത് സ്ഥിതിചെയ്യുന്ന വെട്ടം പഞ്ചായത്ത്, തിരൂർ റെയിൽവെ സ്റ്റേഷനിൽ നിന്ന് 2കിലോമീറ്ററും പ്രസിദ്ധമായ തിരൂർ തുഞ്ചൻ പറമ്പിൽ നിന്ന് 1കിലോമിറ്ററും പടിഞ്ഞാറായി കിടക്കുന്നു. തുഞ്ചത്തെഴുത്തച്ഛൻ, മഹാകവി വള്ളത്തോൾ, മേല്പത്തൂർ, കുട്ടികൃഷ്ണമാരാർ, കെ.ദാമോദരൻ, കുറ്റിപ്പുറത്ത് കേശവൻ നായർ, കിട്ടുണ്ണിനായർ എന്നിവരുടെ ജന്മംകൊണ്ട് അനുഗൃഹീതമായ പുരാതന വെട്ടത്തുനാടിന്റെ ആസ്ഥാനമാണ് വെട്ടം.

22.65 ച.കി.മീ വിസ്തൃതിയുള്ളതും 15 വാർഡുകൾ ഉൾക്കൊള്ളുന്നതുമായ ഈ പഞ്ചായത്തിൽ 6297 കുടുംബങ്ങളിലായി 48522 ജനങ്ങൾ അധിവസിക്കുന്നു. ജനസംഖ്യയിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും, മത്സ്യത്തൊഴിലാളികളുമാണ്. 1960ന് മുമ്പ് ഒരു ഹൈസ്ക്കൂൾ പോലുമില്ലാതിരുന്ന ഇവിടുത്തെ ജനങ്ങൾ ഉപരിപഠനത്തിനായി തിരൂർ ബോയ്സ് ഹൈസ്ക്കൂളിനെയും ഗേൾസ് ഹൈസ്ക്കൂളിനെയുമാണ് ആശ്രയിച്ചിരുന്നത്. 1960ൽ ആണ് ആദ്യമായി പഞ്ചായത്തിലെ കൂട്ടായി പ്രദേശത്ത് ഒരു ഹൈസ്ക്കൂൾ സ്ഥാപിതമാവുന്നത്. അതിനുശേഷം പറവണ്ണയിലും ഒരു ഹൈസ്ക്കൂൾ തുടങ്ങുകയുണ്ടായി. ഇവ രണ്ടും പഞ്ചായത്തിലെ പടി

ഞ്ഞാറൻ മേഖലയിലാണ്. കിഴക്കൻ മേഖലയിലു ള്ളവർക്ക് ഇപ്പോഴും തിരൂരിലെയും ആലത്തിയൂരി ലെയും ഹൈസ്ക്കൂളുകൾ മാത്രമാണ് ആശ്രയം. 1980ൽ ശ്രീ:കുറ്റിയിൽ കുമാരൻ, കെ.ടി. ബാപ്പു ഹാജി, സി.കെ. ഹമീദ്ഹാജി ആർ. മുഹമ്മദ് സാഹിബ്, CA. സൈതലവി, കുഞ്ഞുമൂസ, Dr. ആലി ക്കുട്ടി, കെ.അബ്ദുല്ല (തിരൂർ പോളിടെക്നിക്), എം. പി. നാരായണ മേനോൻ എന്നീ പ്രമുഖ വ്യക്തിക ളുടെയും നാട്ടുകാരുടെയും ശ്രമഫലമായി ആവശ്യ മായ സ്ഥലവും കെട്ടിടവും നൽകി പഞ്ചായത്തിൽ പടിഞ്ഞാറൻ മേഖലയിൽ ഭാഷാപിതാവിന്റെ നാമ ധേയത്തിൽ ഒരു ഗവ: കോളേജ് പ്രവർത്തന മാരം ഭിച്ചു. എന്നാൽ പ്രീഡിഗ്രി, ഡിഗ്രി തലങ്ങളിൽ സയൻസ് കോഴ്സുകൾ ഇപ്പോഴും ആരംഭിച്ചിട്ടില്ല.

ജി.എം.എൽ.പി.എസ്സ് പറവണ്ണ, എ.എം.എൽ .പി.എസ്സ് പരിയാപുരം, ടി.ഐ.എം.എൽപി.എസ്സ് വെട്ടം, ജി.എം.എൽപി.എസ് മംഗലം, എ.എൽ .പി.എസ് മംഗലം, ഐ.ഐ.എം.എൽ.പി.എസ് കൂട്ടായി നോർത്ത്, വാക്കാട് എ.എം.എൽപി.സ്ക്കൂൾ, ജി.എൽ.പി.എസ്സ് കൂട്ടായി നോർത്ത്, പിൽക്കാലത്ത് യു.പി. സ്കൂൾ ആയി ഉയർത്തപ്പെട്ട വെട്ടം എൽ.പി. സ്കൂൾ, കൂട്ടായി അങ്ങാടിയിലുള്ള എൽ.പി. സ്ക്കൂൾ, മംഗലം വള്ള ത്തോൾ എൽ.പി. സ്ക്കൂൾ എന്നിവയാണ് പഞ്ചാ യത്തിലെ ആദ്യകാല വിദ്യാലയങ്ങൾ. ആദ്യകാല ങ്ങളിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതി ക്കായി പ്രവർത്തിച്ച മഹത്‌വ്യക്തികളായ ശ്രീ. കുഞ്ഞിപ്പോക്കർ മൊല്ല, ശ്രീ. കെ. കുഞ്ഞിരാമമേ നോൻ, ശ്രീ. മരക്കാരകത്ത് ബീരാൻകുട്ടി, സി. കോയകുട്ടി, മാക്കുമാസ്റ്റർ, അച്ചുതൻ നായർ, ചങ്ക പ്പമേനോൻ, ശ്രീ.സുലൈമാൻ ഹാജി, ശ്രീ.കാക്കു മാസ്റ്റർ, പി.കെ. കോയാലിക്കുട്ടി മാസ്ററർ(ഖാജാ അലി) , പി.കെ. കോയമൊയ്തീൻ മാസ്റ്റർ തുടങ്ങി യവരെ വളരെ ആദരവോടും ബഹുമാനത്തോടും കൂടി ഇന്നും സ്മരിക്കുന്നു.

മലബാറിൽ വളർന്നു വന്ന ബ്രിട്ടീഷ് വിരുദ്ധ മനോഭാവത്തിന്റെ ഭാഗമായി ജനങ്ങളിൽ ഉളവായ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനെതിരായ ചിന്താഗതി, മത്സ്യബന്ധന മേഖലയിലും കാർഷിക മേഖല യിലും ജോലിചെയ്യുന്ന സാധാരണ ജനങ്ങളിൽ വിദ്യാഭ്യാസ അവബോധത്തിന്റെ അഭാവം, ഈ മേഖലകളിൽ ശൈശവ ദശയിൽ തന്നെ തൊഴിലി ലേക്ക് വലിച്ചിഴയ്ക്കപ്പെടുന്ന അവസ്ഥ, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുവാനുള്ള ഗതാഗത സൗകര്യങ്ങളുടെ ദൗർലഭ്യം എന്നീ ഘടകങ്ങൾ ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസത്തിന്റെ പിന്നോക്കാ വസ്ഥയ്ക്ക് പ്രധാന കാരണങ്ങളായി ചൂണ്ടിക്കാ ണിക്കാം. പഞ്ചായത്തിൽ ആകെ 12 എൽ.പി. സ്ക്കൂളുകൾ, 6യു.പി. സ്ക്കൂളുകൾ, 2 ഹയർസെ ക്കന്ററി സ്ക്കൂളുകൾ എന്നിങ്ങനെയാണ് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്ക്. ഇതു കൂടാതെ അംഗീകൃത അൺഎയ്ഡഡ് വിദ്യാലയ ങ്ങൾ 3 എണ്ണമുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്നായി തുഞ്ചൻ മെമ്മോറിയൽ ഗവ: കോളേജ്, തൊഴിലധി ഷ്ഠിത വിദ്യാഭ്യാസ സ്ഥാപനമായ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ട് എന്നിവയും പ്രവർത്തിക്കുന്നു. 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ, 6 സമാന്തര വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ എന്നിവയും ഈ പഞ്ചായ ത്തിലുണ്ട്. 36 അംഗൻവാടികളുമുണ്ട്.

12. എൽ.പി. സ്ക്കൂളുകളിലും 6 യു.പി. സ്ക്കൂളു കളിലുമായി 4807 ആൺകുട്ടികളും 4617 പെൺകു ട്ടികളും അടക്കം 9424 കുട്ടികൾ പഠിക്കുന്നു. യു.പി. സ്ക്കൂളുകളിൽ മാത്രമായി 3012 ആൺകുട്ടികളും 2852 പെൺകുട്ടികളും അടക്കം 5864 പേർ പഠനം നടത്തുന്നു. പഞ്ചായത്തിൽ എയ്ഡഡ് മേഖലയിൽ ഒരു ഹയർ സെക്കന്ററി സ്ക്കൂളും ഗവ: മേഖലയിൽ ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളു മാണുള്ളത്. 2 സ്ക്കൂളുകളിലുമായി ആകെ 1065 പെൺകുട്ടികളും 1084 ആൺ കുട്ടികളുമടക്കം 2149 വിദ്യാർത്ഥികളാണുള്ളത്. ഈ പഞ്ചായത്തിലെ 2 വിഭാഗങ്ങളിലുമായി മൊത്തം 11574 വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പഠനം നടത്തുന്നു.

പഞ്ചായത്തിലെ എൽ.പി. വിഭാഗത്തിൽ മാത്ര മായി SC, ST യിൽ പെട്ട 56 ആൺകുട്ടികളും 45 പെൺകുട്ടികളുമടക്കം 101 പേരും. UP. വിഭാഗത്തിൽ 152 ആൺകുട്ടികളും 129 പെൺകുട്ടികളും മടക്കം 281 കുട്ടികളും ഹൈസ്ക്കൂൾ വിഭാഗത്തിൽ 58 ആൺകുട്ടികളും 56 പെൺകുട്ടികളുമടക്കം 114 പേരും പഠിക്കുന്നു. തുഞ്ചൻ കോളേജിൽ 30 ആൺകുട്ടികളും 30 പെൺകുട്ടികളും പഠിക്കുന്നു. ആകെ ഈ പഞ്ചായത്തിലെ SC, ST വിഭാഗത്തിൽ പെട്ട കുട്ടികളുടെ എണ്ണം 555 ആണ്.

കുട്ടികൾക്കുള്ള അവാർഡിന്റെ കാര്യത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ പിറകിലാണ്. ALPS മംഗലത്തുള്ള രണ്ടു പെൺകു ട്ടികൾക്ക് LSS അവാർഡ് ലഭിച്ചതായി അറി വുണ്ട്.മുസ്ലീം പെൺകുട്ടിൾക്കുള്ള സ്കോളർ ഷിപ്പും മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പും ലംപ്സം ഗ്രാന്റും എല്ലാ വിദ്യാല

യങ്ങളിലും കൊടുക്കുന്നുണ്ട്. അർഹരായ, വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള ധനസഹായം വിതരണം ചെയ്തു വരുന്നു. മെറിറ്റ് അടിസ്ഥാനത്തിൽ പഞ്ചായത്തിലെ 10 കുട്ടികൾക്ക് സ്ക്കോളർഷിപ്പ് കിട്ടുന്നതായി രേഖകളിലുണ്ട്.

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അക്കാഡമിക്ക് സൗകര്യം പരമപ്രധാനമാണ്. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ബോർഡുകൾ, ഫർണ്ണീച്ചറുകൾ തുടങ്ങിയവ മിക്ക വിദ്യാലയങ്ങളിലും ഉണ്ടെങ്കിലും അവ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. ഇവയുടെ പരിമിതി വെളിപ്പെടുത്തുന്ന പട്ടിക താഴെ ചേർക്കുന്നു.

### അക്കാഡമിക്ക് സൗകര്യങ്ങൾ

ലൈബ്രറി. പ്രവർത്തിക്കുന്നത്, ലാബ് പ്രവർത്തിക്കുന്നത്, പഠനോപകരണങ്ങൾ, റേഡിയോ, ടേപ്റിക്കാർഡർ, ടെലിവിഷൻ, സിനിമാ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ മാതൃസംഗമം സജീവം, ക്ലാസ്സ് പി.ടി.എ. എന്നീ ക്രമത്തിൽ

| | |
|---|---|
| ഉള്ളത് | 21, 16, 18, 17, 17, 1, 0, 3, 6, 18 – |
| ഇല്ലാത്തത് | 0, 5, 3, 4, 4, 20, 21, 18,–, 3, 21. |

ആകെയുള്ള 20 സ്ക്കൂളുകളിൽ 6 സ്ക്കൂളുകൾ മാത്രമാണ് ഗവ: മേഖലയിൽ ഉള്ളത്. വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി പഞ്ചായത്തിലുള്ള തുഞ്ചൻ സ്മാരക ഗവ: കോളേജ് കൂടാതെ പുറത്തുള്ള കോളേജുകളെയും മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ആശ്രയിക്കേണ്ടിവരുന്നുണ്ട്. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലെയും വിജയശതമാനം മെച്ചപ്പെട്ടതല്ല. വിജയിക്കുന്നവർക്ക് തന്നെ മാർക്ക് കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രമേ അഡ്മിഷൻ ലഭിക്കുന്നുള്ളു. ബാക്കിയുള്ളവർ തിരൂരിലും പരിസരപ്രദേശത്തുമുള്ള പാരലൽ കോളേജുകളിൽ പോവുകയാണ് ചെയ്യുന്നത്.

സാമൂഹികസാമ്പത്തിക പിന്നോക്കാവസ്ഥ, രക്ഷാകർത്താക്കളുടെ അവ ബോധമില്ലായ്മ, ഗൾഫ് സ്വപ്നം എന്നിവയെല്ലാം വിജയനിലവാരക്കുറവിന് കാരണമായി ചൂണ്ടികാണിക്കപ്പെടുന്നു. കുട്ടികളുടെ കൊഴിഞ്ഞുപോക്കാണ് വിദ്യാഭ്യാസ രംഗത്തെ മറ്റൊരു പ്രശ്നം. 9596 അധ്യയന വർഷത്തിൽ 460 ഓളം വിദ്യാർത്ഥികൾ പഠനം നിർത്തിപോയിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ 36 എണ്ണമേയുള്ളു. ജനസംഖ്യാനുപാതികമായി കണക്കാക്കിയാൽ ചുരുങ്ങിയത് 12 അംഗൻവാടികളെങ്കിലും ഇനിയും അനുവദിച്ചുകിട്ടേണ്ടതാണ്. സാക്ഷരതാ പ്രവർത്തനം സജീവമായി നടന്നെങ്കിലും തുടർ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തതിനാൽ നിരക്ഷരർ പഞ്ചായത്തിന്റെ എല്ലാ വാർഡിലും ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ഗവ: മേഖലയിലായാലും എയിഡഡ് മേഖലയിലായാലും അധ്യാപകരും രക്ഷാിതാക്കളും മാനേജർ ഉൾപ്പെടെയുള്ള ബഹുജനങ്ങളും അടങ്ങിയ കൂട്ടായ്മ ഉണ്ടാവണം.

ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കും അന്ധമൂകബധിരരായ കുട്ടികൾക്കും വേണ്ടി ഈ പഞ്ചായത്തിൽ സ്ക്കൂളുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. ഇങ്ങനെയുള്ളവർക്കുവേണ്ടി ഈ പഞ്ചായത്തിൽ സ്ഥാപനങ്ങൾ അനിവാര്യമാണ്.

പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലും പ്രൈമറി വിഭാഗത്തിൽ ഭൂരിപക്ഷം സ്ക്കൂളുകളിലും മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി പ്രോസ്താഹിപ്പിക്കുന്നുണ്ട്. ഈ രംഗത്ത് സതുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ഒരു സംഘടനയാണ് യു.എ.ഇ. പറവണ്ണ വെൽഫെയർ അസോസിയേഷൻ.

പല ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ സജീവ ചർച്ചാവിഷയമായി. വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരു ക്കേണ്ടതിന്റെ ആവശ്യകത, അധ്യയന നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത, എസ്.എസ്.എൽ.സി നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത, പി.ടി.എ.യുടെ പ്രവർത്തനം, സർക്കാർ സ്ക്കൂളുകളിൽ സമയോചിതം അധ്യാപകരെ നിയമിക്കൽ, ഡി.പി.ഇ.പി. പാഠപുസ്തകങ്ങൾ സമയത്തിന് ലഭ്യമാക്കൽ, വിദ്യാലയങ്ങളെ അപ്ഗ്രേഡ് ചെയ്യൽ, സ്ക്കൂൾ കോംപ്ലക്സ്, പരീക്ഷാ നടത്തിപ്പിലെ അപാകതകൾ പരിഹരിക്കൽ എന്നിവയെല്ലാം ചർച്ചയ്ക്ക് വിധേയമായി. പറവണ്ണയിലെ ഏക ഗവ: ഹൈസ്ക്കൂളിലും, കൂട്ടായിനോർത്ത്, കൂട്ടായിസൗത്ത്, പറവണ്ണ എന്നിവിടങ്ങളിലെ എൽ.പി സ്ക്കൂളുകളിലും മിക്ക ക്ലാസ്സുകളും ഓലഷെഡുകളിലാണ് പ്രവർത്തിക്കുന്നത്. പച്ചാട്ടിരി ജി.എം. എൽ.പി. സ്ക്കൂളും, മംഗലം ജി.എം. എൽ.പി. സ്ക്കൂളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അവയ്ക്ക് ശാശ്വത പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്.

മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവ യുടെ ലഭ്യത പട്ടി IIIൽ ചേർത്തിരിക്കുന്നു.

മേൽപട്ടികയിൽ നിന്ന് വെട്ടം പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ ദയനീയാവസ്ഥ ബോധ്യപ്പെടും. ഇത്രയും പരിമിതമായ വിദ്യാഭ്യാസ സൗകര്യങ്ങ ളുള്ള ഈ പഞ്ചായത്തിൽ നിന്ന് കേരളത്തിലും അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും കേന്ദ്ര സർവ്വീസുകളിലും സർക്കാർ സ്വകാര്യ മേഖ ലകളിൽ ജില്ലാ കലക്ടർ, ഇൻഫർമേഷൻ ഡപ്യൂട്ടി ഡയറക്ടർ, ട്രഷറി ഡപ്യൂട്ടി ഡയറക്ടർ, ജില്ലാ ജഡ്ജി, ആകാശവാണി അസിസ്റ്റന്റ് സ്റ്റേഷൻ ഡയ റക്ടർ, സർവകലാശാലാ വകുപ്പ് മേധാവികൾ, സാഹിത്യകാരന്മാർ തുടങ്ങി ഒട്ടേറെ ഉന്നത പദവി കൾ അലങ്കരിക്കാൻ ഈ പഞ്ചായത്തിലുള്ളവർക്ക് കഴിഞ്ഞു എന്നത് അഭിമാനാർഹമാണ്.

പഞ്ചായത്തിലെ ഡി.ആർ.പി.മാർ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും അടിസ്ഥാനത്തിൽ 9ാം പഞ്ചവത്സ രപദ്ധതിക്കാലത്ത് വെട്ടം പഞ്ചായത്തിൽ നടത്തേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു.

ഒന്നാം വാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക, പച്ചാട്ടിരി എ.യു.പി. സ്ക്കൂളിന് കളിസ്ഥലം ഉണ്ടാക്കുക. പ്രസ്തുത വാർഡിലെ കെട്ടിടമില്ലാത്ത അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുക.

രണ്ടാം വർഡിൽ വിദ്യാനഗർ പ്രദേശത്ത് പുതു തായി ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കുകയും പരി യാപുരം എ.എം. എൽ.പി. സ്ക്കൂൾ യുപി. സ്ക്കൂൾ ആയി ഉയർത്തുകയും ചെയ്യുക. പരിയാപുരം എ.എം.എൽ.പി. സ്ക്കൂളിന് മൂത്രപുര നിർമ്മിക്കുക. വാർഡിൽ 2 അംഗനവാടികൾക്ക് സ്ഥലവും കെട്ടി ടവും വേണം.

മൂന്നാം വാർഡിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പച്ചാട്ടിരി ജി.എം. എൽ.പി. സ്ക്കൂളിന് സ്വന്തമായി കെട്ടിടം പണിയുക.

നാലാം വാർഡിൽ ലക്ഷം വീട് കോളനിക്ക് സമീപം ഒരു എൽ.പി.സ്ക്കൂൾ, ഒരു അംഗൻവാടി എന്നിവ സ്ഥാപിക്കുക. പഞ്ചായത്തിലെ ഏക ഗവ: ഹൈസ്ക്കൂളായ ജി.വി.എച്ച്.എസ്.എസ്. പറവണ്ണ യിൽ ഓലഷെഡുകൾക്ക് പകരം സ്ഥിരം കെട്ടിടം നിർമ്മിക്കുക. പറവണ്ണയിലെ സിറാജ്ജുൽഉലൂം വായനശാലയ്ക്ക് കെട്ടിടം നിർമ്മിക്കുകയും ടെലി വിഷൻ സ്ഥാപിക്കുകയും ചെയ്യുക.

അഞ്ചാം വാർഡിൽ വെട്ടം എ.എം.യു.പി. സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തുകയോ പുതുതായി ഹൈസ്കൂൾ സ്ഥാപിക്കുകയോ ചെയ്യുക. മൂന്ന് അംഗൻവാടികൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുക.

ആറാം വാർഡിൽ, ഒരു അൺ എയ്ഡഡ് സ്ക്കൂൾ ഉണ്ട്, ഇവിടെ ഒരു L.P സ്കൂൾ സ്ഥാപി ക്കുക.

ഏഴാം വാർഡിൽ പെട്ട തലൂക്കരയിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുക.

എട്ടാം വാർഡിൽ ഒരു യു.പി. സ്ക്കൂളും, അറ ക്കലപ്പറമ്പ്, ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ അംഗൻ വാടികളും സ്ഥാപിക്കുക. വാടക കെട്ടിട ത്തിൽ പ്രവർത്തിക്കുന്ന ജി.എം. എൽ.പി. സ്ക്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. മംഗലം അങ്ങാടിയിലെ അംഗൻ വാടി കെട്ടിട ത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കുകയും കക്കൂസ് നിർമ്മിക്കുയും ചെയ്യുക.

ഒമ്പതാം വാർഡിൽ വാക്കാട് എ.എം. എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂൾ ആയി ഉയർത്തുക. നില വിലുള്ള 5 അംഗൻ വാടികൾക്ക് കെട്ടിടം പണിയുക. അഴീക്കൽ പുതുതായി ഒരു അംഗൻപാടി തുട ങ്ങുക. വാർഡിന്റെ തെക്കെ അതിർത്തിയിൽ 10, 11, 12, വാർഡുകൾക്ക് പ്രയോജനപ്രദമായ സ്ഥലത്ത് ഒരു ഗേൾസ് ഹൈസ്ക്കൂൾ സ്ഥാപി ക്കുക. തുഞ്ചൻ കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുക, ചുറ്റുമതിൽ പണിയുക, അദ്ധ്യാപകരുടെ കുറവുകൾ നിക ത്തുക.

പത്താം വാർഡിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുക.

പതിനൊന്നാം വാർഡിലെ നിലവിലുള്ള എയ്ഡഡ് എൽ.പി. സ്കൂൾ യു.പി. സ്ക്കൂൾ ആയി ഉയർത്തുക. കേന്ദ്ര ഗവ: സ്കീമിൽ പെട്ടതും മല പ്പുറം ജില്ലയ്ക്ക് അനുവദിച്ചതുമായ മോഡൽ റെസി ഡൻഷ്യൽ ഓറിയന്റൽ സ്ക്കൂൾ സ്ഥാപിക്കുക. മൗലാനാ ആസാദ് സ്മാരക ലൈബ്രറി കെട്ടിടം

നിർമ്മിക്കുന്നതിന്ന് പി.ഡബ്ളിയു.ഡി സ്ഥലം വിട്ടു കൊടുത്ത് കെട്ടിടം നിർമ്മിക്കുക.

പന്ത്രണ്ടാം വാർഡിൽ ഗവ: എൽ.പി. സ്ക്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുകയും വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്യുക. നിലവിലുള്ള രണ്ട് അംഗൻവാടികൾ സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക.

പതിമൂന്നാം വാർഡിലെ കുറ്റിയിൽ എ.യു.പി. സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തുക. സ്വകാര്യ മേനേജ്മെന്റിന് അനുവദിക്കാത്ത പക്ഷം വെട്ടം രണ്ടത്താണി മുസ്ലീം സാധു സംരക്ഷണ സമിതി എന്ന സംഘടനയ്ക്കോ സർക്കാർതലത്തിലോ ആരംഭിക്കുക. വെട്ടം രണ്ടത്താണിയിൽ ഒരു ഗ്രന്ഥശാലയും വായന ശാലയും സ്ഥാപിക്കുക. വെട്ടം നാരായണൻ പടിയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു വയോജന വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കുക. കാരാറ്റ് കടവിലും പടിയത്ത് പറമ്പിലും അംഗൻ വാടികൾ സ്ഥാപിക്കുക.

പതിനാലാം വാർഡിൽ കൂട്ടായി സൗത്ത് ജി.എം. എൽ.പി. സ്ക്കൂളിന്റെ കെട്ടിടം പണി ഉടൻ ആരംഭിക്കുക, കൂട്ടായി ഹൈസ്ക്കൂൾ ഭാഗിച്ച് ഒരു പുതിയ ഗേൾസ് ഹൈസ്ക്കൂൾ തുടങ്ങുക. 10,12,14 എന്നീ വാർഡുകളിൽ നിന്നും ഈ നിർദ്ദേശം വന്നിട്ടുണ്ട്.

പതിനഞ്ചാം വാർഡിൽ ഒരു എൽ.പി. സ്ക്കൂളും അംഗൻ വാടിയും സ്ഥാപിക്കുക.

ഇവയൊന്നും കൂടാതെ പൊതുവായ ചില നിർദ്ദേശങ്ങൾ കൂടി ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. പറവണ്ണ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ ഫിഷറീസ് സയൻസ് കോഴ്സുകൾ ആരംഭിക്കുക. തുഞ്ചൻ കോളേജിൽ പ്രിഡിഗ്രി, ഡിഗ്രി തലങ്ങളിൽ സയൻസ് കോഴ്സുകൾ ആരംഭിക്കുക. മലയാളം ഡിഗ്രി കോഴ്സുകൾ ആരംഭിക്കുക. ഓലഷെഡുകളുള്ള എല്ലാ സ്ക്കൂളുകൾക്കും സ്ഥിരം കെട്ടിടം നിർമ്മിക്കുക. വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ ആവശ്യമായ ആധ്യാപകരെ നിയമിക്കുക. അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആക്കുക. അശാസ്ത്രീയമായ പ്രൊമോഷൻ സമ്പ്രദായം അവസാനിപ്പിക്കുക. യു.പി. സ്ക്കൂളിൽ അവസാനവർഷ പൊതുപരീക്ഷ ഏർപ്പെടുത്തുക. സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, പഠനസാമഗ്രികൾ അനുവദിക്കുക, അധ്യയന വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കുക, വിദ്യാലയങ്ങളിൽ രാഷ്ട്രീയാതി പ്രസരമുള്ള തെരഞ്ഞെടുപ്പുകൾ ഒഴിവാക്കുക, അനാവശ്യസമരങ്ങൾ ഒഴിവാക്കാൻ രക്ഷിതാക്കൾ സഹകരിക്കുക, അധ്യാപകർക്ക് കാലാകാലങ്ങളിൽ റഫ്രഷർ കോഴ്സുകൾ നടത്തുക, ആരോഗ്യവകുപ്പ് അധികൃതർ മാസത്തിൽ ഒരിക്കലെങ്കിലും സ്ക്കൂളുകൾ സന്ദർശിക്കുക മത്സ്യതൊഴിലാളികളുടെ കുട്ടികളെ ഫീസുകളിൽ നിന്നും ഒഴിവാക്കുക, സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കുക, വാർഡുതലത്തിൽ വയോജന വിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുക, സർക്കാർ വിദ്യാലയങ്ങൾക്ക് വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഫർണീച്ചർ വിതരണം പുനരാരംഭിക്കുക. ചോക്ക്, നോട്ട്ബുക്ക് ഫയൽ, കുട തുടങ്ങിയവയുടെ നിർമ്മാണത്തിന് യു.പി. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കുക, ക്ലാസ് പി.ടി.എ.യും മാതൃസംഗമങ്ങളും സജീവമാക്കുക, സ്കൂൾ കലാമേളകൾ ഒഴിവ് കാലങ്ങളിൽ നടത്തുക. സാഹിത്യ സമാജം, കൈയ്യെഴുത്തു മാസികകൾ തുടങ്ങിയവ കാര്യക്ഷമമായി നടത്തുക മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമപഞ്ചായത്തുകൾ മുൻ കൈ എടുത്ത് എല്ലാ വിദ്യാലയങ്ങളിലും ദൃശ്യ-ശ്രാവ്യ പ്രദർശനം സംഘടിപ്പിക്കുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ.

ഗ്രാമ സഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അധികൃതരും അധ്യാപകരും രക്ഷാകർത്താക്കളും കൂട്ടായി പ്രവർത്തിച്ചാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിയും.

പട്ടിക 1.A

**വിദ്യാർത്ഥികൾ, അദ്ധ്യാപകർ**

| നമ്പ്ര് | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | G.V.H.S.S പറവണ്ണ U.P | | 353 | 404 | 757 | 10 | 8 | 18 |
| | H.S | ഗവ | 654 | 680 | 1334 | 23 | 12 | 35 |
| 2. | M.M.M.H.S.S കൂട്ടായി U.P | എയ്ഡഡ് | 43 | 8 | 51 | | | |
| | H.S | | 411 | 404 | 815 | 22 | 17 | 39 |
| 3. | A.U.P.S പച്ചാട്ടിരി | " | 490 | 427 | 917 | 14 | 16 | 30 |
| 4. | A.M.U.P.S വെട്ടം | " | 525 | 531 | 1056 | 15 | 19 | 34 |
| 5. | A.U.P.S കുറ്റിയിൽ, വെട്ടം | " | 434 | 392 | 826 | 9 | 13 | 22 |
| 6. | S.H.M.U.P.S കൂട്ടായി | " | 556 | 488 | 1044 | 17 | 11 | 28 |
| 7. | P.K.T.B.M.U.P.S കൂട്ടായി | " | 182 | 204 | 386 | 10 | 4 | 14 |
| 8. | A.U.P.S വള്ളത്തോൾ, മംഗലം | " | 428 | 400 | 828 | 9 | 11 | 20 |
| 9. | G.M.L.P.S പച്ചാട്ടിരി | ഗവ | 99 | 110 | 209 | 2 | 4 | 6 |
| 10. | G.M.L.P.S പറവണ്ണ | " | 402 | 377 | 779 | 4 | 16 | 20 |
| 11. | A.M.L.P.S പരിയാപുരം | എയ്ഡഡ് | 114 | 126 | 240 | 2 | 5 | 7 |
| 12. | A.M.L.P.S വാക്കാട് | " | 151 | 168 | 319 | 4 | 6 | 10 |
| 13. | T.I.M.L.P.S വെട്ടം | " | 117 | 100 | 217 | 3 | 4 | 7 |
| 14. | I.I.M.L.P.S കൂട്ടായി | " | 210 | 227 | 437 | 7 | 5 | 12 |
| 15. | G.M.L.P.S കൂട്ടായി നോർത്ത് | ഗവ | 151 | 140 | 291 | 4 | 2 | 6 |
| 16. | G.M.L.P.S കൂട്ടായി സൗത്ത് | " | 209 | 184 | 393 | 4 | 4 | 8 |
| 17. | G.M.L.P.S മംഗലം | " | 49 | 50 | 99 | 2 | 3 | 5 |
| 18. | A.M.L.P.S മംഗലം | എയ്ഡഡ് | 115 | 113 | 228 | 2 | 5 | 7 |
| 19. | A.L.P.S മംഗലം | " | 99 | 95 | 194 | 0 | 7 | 7 |
| 20. | A.M.L.P.S പുല്ലൂണി | " | 79 | 75 | 154 | 4 | 1 | 5 |
| 21. | തുഞ്ചൻ കോളേജ് പറവണ്ണ | ഗവ | 357 | 228 | 585 | 39 | 11 | 50 |

പട്ടിക 1.B

**പെൺകുട്ടികളുടെ വിവരം**

| | L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 11574 | 1795 | 1765 | 49.57 | 3012 | 2852 | 48.63 | 1065 | 1084 | 50.44 |

പട്ടിക 1. C

**പട്ടികജാതി പട്ടിക വർഗ വിദ്യാർത്ഥികളുടെ കണക്ക്**

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 3560 | 101 | 2.83 | 5864 | 281 | 4.79 | 2149 | 114 | 5.3 |

പട്ടിക 1. D

**തുഞ്ചൻ സ്മാരക ഗവൺമെന്റ് കോളേജ്**

| വിദ്യാർത്ഥികൾ | | | അധ്യാപകർ | | | SC/ST | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | സ്ത്രീ | പുരുഷൻ | ആകെ | ആൺ | പെൺ | ആകെ |
| 357 | 228 | 585 | 11 | 39 | 50 | 30 | 30 | 60 |

പട്ടിക 111

## ഭൗതിക സാഹചര്യങ്ങൾ

| നമ്പ്ര് | സ്കൂളിന്റെ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | G.V.H.S.S പറവണ്ണ | 2091 | 53 | 3 | 3 | ഇല്ല | ഉണ്ട് |
| 2. | M.M.H.S.S കൂട്ടായി | 866 | 39 | 2 | 2 | ഉണ്ട് | ഉണ്ട് |
| 3. | A.U.P.S പച്ചാട്ടിരി | 917 | 30 | 1 | 1 | ഉണ്ട് | ഇല്ല |
| 4. | A.M.U.P.S വെട്ടം | 1058 | 34 | 2 | 1 | ഉണ്ട് | ഉണ്ട് |
| 5. | A.U.P.S കുറ്റിയിൽ, വെട്ടം | 826 | 22 | 2 | 1 | ഉണ്ട് | ഉണ്ട് |
| 6. | S.H.M.U.P.S കൂട്ടായി | 1044 | 28 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 7. | P.K.T.B.M.U.P.S കൂട്ടായി | 386 | 14 | 1 | 1 | ഉണ്ട് | ഇല്ല |
| 8. | A.U.P.S വള്ളത്തോൾ, മംഗലം | 828 | 20 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 9. | G.M.L.P.S പച്ചാട്ടിരി | 211 | 6 | 1 | 1 | ഇല്ല | ഇല്ല |
| 10. | A.M.L.P.S പറവണ്ണ | 779 | 20 | 1 | 1 | ഉണ്ട് | ഇല്ല |
| 11. | A.M.L.P.S പരിയാപുരം | 240 | 7 | 1 | 1 | ഉണ്ട് | ഇല്ല |
| 12. | A.M.L.P.S വാക്കാട് | 319 | 10 | ഇല്ല | 1 | ഉണ്ട് | ഇല്ല |
| 13. | T.I.M.L.P.S വെട്ടം | 217 | 7 | 1 | 1 | ഇല്ല | ഇല്ല |
| 14. | I.I.M.L.P.S കൂട്ടായി | 437 | 12 | ഇല്ല | 1 | ഉണ്ട് | ഇല്ല |
| 15. | G.M.L.P.S കൂട്ടായി നോർത്ത് | 291 | 6 | 2 | 1 | ഉണ്ട് | ഇല്ല |
| 16. | G.M.L.P.S കൂട്ടായി | 393 | 8 | 1 | 1 | ഇല്ല | ഇല്ല |
| 17. | G.M.L.P.S മംഗലം | 99 | 5 | 1 | ഇല്ല | ഇല്ല | ഇല്ല |
| 18. | A.M.L.P.S മംഗലം | 228 | 7 | 1 | ഇല്ല | ഇല്ല | ഇല്ല |
| 19. | A.L.P.S മംഗലം | 194 | 7 | 1 | 1 | ഇല്ല | ഇല്ല |
| 20. | A.M.L.P.S പുല്ലൂണി | 154 | 5 | 1 | 1 | ഇല്ല | ഇല്ല |
| 21. | തിരൂർ തുഞ്ചൻ കോളേജ് | 585 | 50 | 2 | 2 | ഉണ്ട് | ഉണ്ട് |

# ആരോഗ്യം കുടിവെള്ളം ശുചിത്വം

തയ്യാറാക്കിയത്
പി.കെ. അബ്ദുൽ ജബ്ബാർ
ഡോ: ആർ. വേലായുധൻ
കെ. ജയരാജ്
പി.പി. അഹമ്മദ് കബീർ
അബ്ദുൽ ഹമീദ് അടലോട്ടിൽ.
വി.ടി.എം. ജമാൽ മാസ്റ്റർ

## ആരോഗ്യം

ആരോഗ്യമെന്നാൽ രോഗമോ അംഗവൈകല്യമോ ഇല്ലാത്ത അവസ്ഥ മാത്രമല്ല ശാരീരികമായും മാനസികമായും സാമൂഹികമായും ഉള്ള പരിപൂർണ്ണ സുസ്ഥിതിയെയാണ് ആരോഗ്യം എന്ന് വിശേഷിപ്പിക്കുന്നത്. ലോകാരോഗ്യ സംഘടന (W.H.O) ആരോഗ്യത്തിന് നൽകിയിരിക്കുന്ന നിർവചനമാണിത്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സമ്പത്ത് ആരോഗ്യമാണല്ലോ. സമ്പന്നവും ഐശ്വര്യപൂർണ്ണവുമായ ഒരു നാടും രാഷ്ട്രവും കെട്ടിപ്പടുക്കാൻ ആരോഗ്യമുള്ള ഒരു ജനതക്കേ കഴിയൂ.

പടിഞ്ഞാറ് അറബിക്കടലും തെക്കും വടക്കും കിഴക്കുമായി തിരൂർ പുഴയും വട്ടമിട്ട് നിൽക്കുന്ന, ജനസാന്ദ്രത കൂടിയ ഒരു തീരദേശപഞ്ചായത്താണ് വെട്ടം. ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും പാവപ്പെട്ട മത്സ്യത്തൊഴിലാളികളും ചകിരിത്തൊഴിലാളികളുമാണ്. ദാരിദ്രരേഖക്ക് താഴെ കിടക്കുന്ന ഇവർ ആരോഗ്യ കാര്യങ്ങളിൽ പൊതുവെ അശ്രദ്ധാലുക്കളാണെന്ന് പറയേണ്ടതില്ലല്ലോ. അതിനാൽ 1978ൽ പ്രഖ്യാപിച്ച രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടണമെങ്കിൽ ഇവിടെ വമ്പിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതും, രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 'രോഗപ്രതിരോധം ചികിത്സയേക്കാൾ മെച്ചം' എന്ന ആപ്തവാക്യം ഇവിടെ വളരെ പ്രസക്തമാണ്.

വളരെക്കാലമായി ഇവിടുത്തെ നല്ലൊരു വിഭാഗം ജനങ്ങളും അന്ധവിശ്വാസജടിലമായ ചികിത്സാ

സമ്പ്രദായങ്ങൾക്കാണ് മുൻഗണന നൽകിപ്പോന്നത്. ഇപ്പോഴും ചില ഭാഗങ്ങളിൽ അവ നിലനിൽക്കുന്നു. ജനങ്ങളിൽ നിലനിൽക്കുന്ന അബദ്ധ ധാരണകളും, ആരോഗ്യ വകുപ്പുദ്യോഗസ്ഥന്മാരുടെ അപാകതകളും ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയുമാണിതിനു പ്രധാന കാരണങ്ങൾ.

തിരൂർ ബ്ലോക്കിന്റെ, ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രമടക്കം രണ്ട് PHC കളും, അവക്ക് കീഴിൽ ഏഴ് സബ്സെന്ററുകളും, ഒരു ഫിഷറീസ് ഡിസ്പെൻസറിയും, ഒരു ആയുർവ്വേദ ഡിസ്പെൻസറിയും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതു ജനാരോഗ്യ സംവിധാനം (പട്ടിക 4.1). ഇവയുടെ അവസ്ഥകളെക്കുറിച്ച് പിന്നീട് പ്രതിപാദിക്കുന്നുണ്ട് (പട്ടിക 4.2) ഇതിന് പുറമെ സ്വകാര്യമേഖലയിൽ ഒരു ആശുപത്രിയും (M.E.S ഹോസ്പിറ്റൽ പറവണ്ണ),5 അലോപ്പതി, 3 ആയുർവ്വേദ, 2 ഹോമിയോ ക്ലിനിക്കുകളും, പത്തോളം പാരമ്പര്യ വൈദ്യ കേന്ദ്രങ്ങളും, 1 ജിംനേഷ്യവും (അടലോട്ടിൽ ജിം, മുറിവഴിക്കൽ) പത്തോളം മെഡിക്കൽ ഷോപ്പുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. കൂടാതെ ഭ്രാന്ത്, അപസ്മാരം ചികിത്സക്ക് കീർത്തി കേട്ട കൂട്ടായി കീക്കോട് മാടത്തിങ്ങൽ തങ്ങൾ കുടുംബം വക ഒരു ആയുർവേദ - യുനാനി സമ്മിശ്ര കേന്ദ്രവും ഇവിടെ പ്രവർത്തിക്കുന്നു.

ഭൂരിപക്ഷം വരുന്ന ഇവിടുത്തെ സാധാരണക്കാരന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലൂടെയാണെങ്കിലും അവ കാര്യക്ഷമമല്ലാത്തതു കാരണം സ്വകാര്യ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണുള്ളത്. ഇത് അവരിൽ സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടാക്കുന്ന തോടൊപ്പം ആരോഗ്യ കാര്യങ്ങളിൽ അവജ്ഞയുമുണ്ടാക്കുന്നു. അതിനാൽ പഞ്ചായത്തിലെ പൊതു ജനാരോഗ്യ സംവിധാനം അടിയന്തിരമായും കാര്യക്ഷമമാക്കേണ്ടതാണ്.

പാവപ്പെട്ട ജനങ്ങൾ തിങ്ങിതാമസിക്കുന്ന ഇവിടങ്ങളിൽ പല മാരക രോഗങ്ങളും പെട്ടെന്ന് പടർന്ന് പിടിക്കുന്നു. 1995-96 വർഷത്തിൽ വെട്ടം PHC ൽ മാത്രമായി 1631 ജലജന്യരോഗങ്ങളും, 713 വായുജന്യ രോഗങ്ങളും, 87 പ്രാണിജന്യ രോഗങ്ങളും 25905 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു ഇതിൽ 17 പേർക്ക് മാരകമായ മലമ്പനി രോഗമായിരുന്നു. പഞ്ചായത്തിലെ ഏകദേശ ജനന നിരക്ക് 26 ഉം മരണ നിരക്ക് 7 ഉം ആണ്. വയറിളക്കം, ഛർദ്ദി, ചൊറി, ചിക്കൻ പോക്സ് പനി ചെങ്കണ്ണ് മുതലായ

പട്ടിക .1

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | കെട്ടിടം |
|---|---|---|---|---|---|
| 1. | പ്രൈമറി ഹെൽത്ത് സെൻറർ, വെട്ടം, പി.ഒ.വാക്കാട് | VI | 15/8/1964 | 26 | സ്ഥിരം |
| 2. | പ്രൈമറി ഹെൽത്ത് സെൻറർ, കൂട്ടായി | XIV | 1960 | 8 | വാടക |
| 3. | ഗവ. ഡിസ്പെൻസറി (ഫിഷറീസ്) ,കൂട്ടായി | X | 1993/94 | 6 | സ്ഥിരം |
| 4. | ഗവ. ആയ്യുർവേദ ഡിസ്പെൻസറി, വെട്ടം | VI | 1961 | 4 | വാടക |
| 5. | ഐ.പി.പി. സബ്സെന്റർ, വെട്ടം ചീർപ്പ് | XIII | 1984/85 | 1 | സ്വന്തം |
| 6. | ഐ.പി.പി. സബ്സെന്റർ, പൊൽപ്പാച്ചിറ,പി.ഒ.പച്ചാട്ടിരി | I | " | 1 | സ്വന്തം |
| 7. | ഐ.പി.പി. സബ്സെന്റർ, പറവണ്ണ | XV | " | 1 | സ്വന്തം |
| 8. | ഐ.പി.പി. സബ്സെന്റർ, വാടിക്കൽ | XIV | " | 1 | സ്വന്തം |
| 9. | ഐ.പി.പി. സബ്സെന്റർ, കൂട്ടായി നോർത്ത് | XI | " | 1 | സ്വന്തം |
| 10. | ഐ.പി.പി. സബ്സെന്റർ, പുല്ലൂണി പി.ഒ. മംഗലം | VII | " | 1 | സ്വന്തം |
| 11. | കുടുംബ ക്ഷേമ കേന്ദ്രം പച്ചാട്ടിരി പി.ഒ. പറവണ്ണ | III | " | 1 | സ്വന്തം |

പകർച്ചവ്യാധികൾ ഇവിടെ സാധാരണമാണ്. ഉയർന്ന ജനസാന്ദ്രത, ശുചിത്വമില്ലായ്മ, പരിസര മലിനീകരണം, ശുദ്ധജലക്ഷാമം, പോഷകാഹരക്കുറവ്, രോഗപ്രതിരോധ സംവിധാനത്തിലെ പാളിച്ചകൾ എന്നിവയും, ജനങ്ങളുടെ അശ്രദ്ധയുമാണ് ഇതിന് പ്രധാന കാരണങ്ങൾ. അതിനാൽ ഇവ പരിഹരിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതിനൊക്കെ പുറമെ മാറാവ്യാധികൾ പിടിപ്പെട്ട നിരവധി രോഗികൾ പഞ്ചായത്തിലുണ്ട്. പാവപ്പെട്ട ഇവർക്ക് വേണ്ട എല്ലാ സഹായങ്ങളും പഞ്ചായത്തും ആരോഗ്യകേന്ദ്രങ്ങളും നൽകേണ്ടതാണ്. കൂടാതെ ചിക്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് 'ഹെൽത്ത് കാർഡ്'. അതിവിടെ നടപ്പാക്കണം. സമ്പന്നതയുടെ രോഗങ്ങളായ പ്രമേഹം, പ്രഷർ, ഹൃദ്രോഗങ്ങൾ,മുതലായവയും ചുരുക്കമായി ഇവിടെ കണ്ടുവരുന്നു. അതിനാൽ അമിതാഹാരം, വ്യായാമക്കുറവ്, റെഡിമെയ്ഡ് ഭക്ഷണങ്ങളുടെ ദോഷങ്ങൾ എന്നിവയെ കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കണം. ആരോഗ്യം പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളെ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുമാണ്. പുകവലി, മുറുക്കൽ, മദ്യപാനം, മയക്കുമരുന്നുപയോഗം എന്നിവ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രിക്കേണ്ടതാണ്. കൂടാതെ, രക്തദാനം, നേത്രദാനം എന്നിവയെക്കുറിച്ച് ബോധവാന്മാരാക്കുകയും, കലാ-കായിക വിനോദങ്ങളും മറ്റും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

പട്ടിക. 2

പഞ്ചായത്തിലെ പൊതുജനാരോഗ്യ സംവിധാനം - പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

### I പ്രൈമറി ഹെൽത്ത് സെന്റർ, വെട്ടം

1. ഇവിടെ 1995 വരെ 5 മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഉണ്ടായിരുന്നങ്കിലും ഉണ്യാൽ, തിരുനാവായ PHC കളിലേക്ക് ഓരോ തസ്തിക മാറ്റി സ്ഥാപിച്ചതിനാൽ മൂന്ന് തസ്തികളെ നിലവിലുള്ളൂ. ഇതിൽ സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാലും, ഒന്നിൽ ഡോക്ടർ ദീർഘ കാലാവധിയിൽ പോയതിനാലും ഒരു ഡോക്ടരുടെ സേവന മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ.
2. IPP സ്കീമിന്റെ കീഴിൽ 10 ബെഡുകളും, കയർ വാർഡിന്റെ കീഴിൽ 6 ബെഡുകളും, ജനറലായി 6 വാർഡുകളും ഉണ്ടെങ്കിലും ഡോക്ടർമാരുടെ അഭാവത്തിൽ അവ ഇപ്പോൾ ഒഴിഞ്ഞ് കിടക്കുന്നു.
3. എല്ലാ സജ്ജീകരണങ്ങളോടുംകൂടിയ ഒരു ഓപ്പറേഷൻ തീയേറ്റർ ഉണ്ടെങ്കിലും, ഉപയോഗിക്കാത്തതിനാൽ ഉപകരണങ്ങൾ തുരുമ്പ് പിടിച്ച് നശിക്കുന്നു.
4. ജീവനക്കാർക്കുതാമസിക്കുവാനുള്ള 6 ക്വാർട്ടേസുകൾ ഉണ്ടെങ്കിലും യഥാകാലം അറ്റകുറ്റപണികൾ നടത്താത്തതിനാൽ അവ താമസ യോഗ്യമല്ല.
5. സബ്സെന്ററുകളിലും മറ്റും പോയി പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കും ഒരു വാഹനം (ജീപ്പ്) ഉണ്ടെങ്കിലും ഡോക്ടർമാരുടെ അഭാവത്തിൽ അത് ഫലപ്രദമല്ല.

### *സാധ്യതകൾ/നിർദ്ദേശങ്ങൾ*

1. ഒരു താലൂക്കാശുപത്രിക്ക് വേണ്ട സൗകര്യങ്ങളുള്ള ഈ PHC ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണം.
2. ഡോക്ടർമാരുടേയും, മറ്റു ജീവനക്കാരുടേയും ഒഴിവുകൾ നികത്തണം,കൂടുതൽ തസ്തികകൾ അനുവദിക്കണം.
3. പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ അഭയകേന്ദ്രമായ ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള നടപടികൾ സ്വീകരക്കണം. ഒരു മുഴുവൻ സമയഡോക്ടറുടെ സേവനം ലഭ്യമാക്കണം.
4. കെട്ടിടങ്ങളും മറ്റും യഥാസമയം അറ്റകുറ്റപണികൾ നടത്തണം.
5. ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി ഇടക്കിടെ ആരോഗ്യ ക്ലാസ്സുകളും, ക്യാമ്പുകളും മറ്റും നടത്തണം.
6. പ്രവർത്തനം ശ്രദ്ധിക്കാൻ ആശുപത്രി വികസന സമിതിയെ കാര്യക്ഷമമാക്കണം.
7. ഒരു ആമ്പുലൻസ് ലഭ്യമാക്കണം.
8. ആവശ്യ മരുന്നുകൾ ലഭ്യമാക്കണം.

### II പ്രൈമറി ഹെൽത്ത് സെന്റർ, കൂട്ടായി:

1. പഞ്ചായത്തിലെ ആദ്യത്തെ PHC ആയ ഇത് ഇപ്പോഴും താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ല.
2. തീരപ്രദേശങ്ങൾ ആരോഗ്യപ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു വാൻ അനുവദിച്ചുകിട്ടിയെങ്കിലും പാർക്കിംഗിനും മറ്റും സൗകര്യമില്ലാത്തതിനാൽ ഉപേക്ഷിക്കേണ്ടിവന്നു.
3. ചപ്പുചവറുകൾ നീക്കം ചെയ്യാൻ യാതൊരു സൗകര്യവുമില്ല.

### *നിർദ്ദേശങ്ങൾ*

1. പണിമുടങ്ങിക്കിടക്കുന്നPHC കെട്ടിടത്തിന്റെ പണി എത്രയും വേഗത്തിൽ പൂർത്തിയാക്കണം.

2. രോഗികളെകിടത്തി ചികത്സിക്കാൻ സൗകര്യമുള്ളതാക്കണം.
3. കുത്തിവെയ്പ്, മെഡിക്കൽ ക്യാമ്പുകൾ എന്നിവയുടെ ആവശ്യത്തിനായി ഒരു ജീപ്പ് അനുവദിക്കുക. അതുവരെ മറ്റുവാഹനങ്ങൾ ഉപയോഗിക്കുന്നതിനായി പ്രതിമാസം 250.ക അനുവദിക്കുക.
4. പരിസരം വൃത്തിയാക്കാൻ ഏർപ്പാട് ചെയ്യണം.

III ഗവ: ആയുർവ്വേദ ഡിസ്പെൻസറി, വെട്ടം.

1. വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുന്ന ആലിശ്ശേരിയിലെ വാടകകെട്ടിടത്തിൽ നിന്നും ഈ വർഷം മറ്റൊരു വാടക കെട്ടിടത്തിലേക്ക് മാറ്റി ,സ്ഥാപിച്ചു. ഇടക്കൊന്ന് മന്ദഗതിയിലായെങ്കിലും ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.
2. വെട്ടം കലാസാംസ്കാരിക വേദിയുടെ സഹകരണത്തോടെ കഴിഞ്ഞവർഷം നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പിൽ ആയിരത്തോളം രോഗികളെ പരിശോധിച്ചു.

*നിർദ്ദേശങ്ങൾ:-*

1. പഞ്ചായത്തിലെ 13-ാം വാർഡിലെ രണ്ടത്താണിയിൽ ഇതിനായി പതിച്ച് കിട്ടിയ 6 സെന്റ് ഭൂമിയിൽ കെട്ടിടത്തിന്റെ പണി ഉടൻ തുടങ്ങണം
2. ഡിസ്പെൻസറി കിടത്തി ചികിത്സിക്കുന്ന ഒരു ആശുപത്രി ആയി ഉയർത്തണം.
3. തയ്യാറാക്കിയ കഷായങ്ങളും, മറ്റു അവശ്യ ഔഷധങ്ങളും ലഭ്യമാക്കണം.

IV ഗവ. ഫിഷറീസ് ഡിസ്പെൻസറി , കൂട്ടായി:

പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും ആവശ്യത്തിന് പര്യാപ്തമല്ല. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല.

*സാധ്യതകൾ*

ഇതൊരു ആശുപത്രിയായി ഉയർത്തണം. കൂടുതൽ ജീവക്കാരെ നിയമിക്കണം. മരുന്നുകൾ ആവശ്യത്തിന് എത്തിക്കണം.

V PHC സബ്സെന്ററുകൾ;-

പഞ്ചായത്തിൽ മൊത്തം 7 സബ്സെന്റുകൾ ഉണ്ടെങ്കിലും പലതും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഡോക്ടർ വരാത്ത സബ്സെന്ററുകളുമുണ്ട്. പ്രതിരോധ കുത്തിവെയ്പ്പുകൾ നടക്കാറുണ്ടെങ്കിലും ആരോഗ്യക്ലാസുകളോ ഗൃഹസന്ദർശനമോ ശരിക്ക് നടക്കാറില്ല.
സബ്സെന്ററുകളുടെ കീഴിൽ നടന്ന 'പൾസ് പോളിയോ പ്രോഗ്രാം' വമ്പിച്ച വിജയമായിരുന്നു.

*നിർദ്ദേശങ്ങൾ:-*

1. സബ്സെന്ററുകളില്ലാത്ത 2,4,5,8, 9,12 വാർഡുകളിൽ ഉടൻ അവ ആരംഭിക്കണം.
2. സബ്സെന്ററുകളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം.
3. അത്യാവശ്യമരുന്നുകൾ ഇവ മുഖാന്തിരം ലഭ്യമാക്കണം.
4. പ്രതിരോധ കുത്തിവെയ്പ്പുകൾ, നടപടികൾ, ആരോഗ്യ ക്ലാസ്സുകൾ, ഗൃഹസന്ദർശനം, മുതലായവ കാര്യക്ഷമമാക്കണം.
5. ഗർഭിണികൾക്കും, അമ്മമാർക്കും, കുട്ടികൾക്കും ഇവ മുഖേന ആവശ്യമായ പോഷകാഹാരങ്ങൾ വിതരണം ചെയ്യണം.

VI പുതിയ സ്ഥാപനങ്ങൾ/സാധ്യതകൾ:-

50,000 - ത്തിലും കൂടുതൽ ജനസംഖ്യയുള്ള ഇവിടെ ഇന്നുള്ള ചകിത്സാ സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. അതിനാൽ നിലവിലുള്ളവയിൽ സൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം കൂടുതൽ പുതിയ സ്ഥാപനങ്ങളും തുടങ്ങണം. ജനങ്ങളുടെ വിശ്വാസം ആർജിച്ച ഹോമിയോപതി നാച്ചുറോപ്പതി കേന്ദ്രങ്ങളൊന്നുമില്ല.

1. പരിയാപുരം, പറവണ്ണ, കൂട്ടായി, വെട്ടം ചീർപ്പ്, ആലിശ്ശേരി എന്നിവിടങ്ങളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുറക്കണം
2. മംഗലം, കൂട്ടായി, പറവണ്ണ, പച്ചാട്ടിരി, എന്നിവിടങ്ങളിൽ പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ തുറക്കണം.
3. പുതിയ ഒന്നോ രണ്ടോ, നാച്ചുറോപ്പതി ചികിത്സാ കേന്ദ്രങ്ങളും, യോഗാസന കേന്ദ്രങ്ങളും തടങ്ങണം.
4. ഔഷധസസ്യകൃഷിയും നിർമ്മാണശാലയും ഉചിതമായ സ്ഥലങ്ങളിൽ തുടങ്ങണം.
5. വാർഡുകൾ തോറും 'ഹെൽത്തു ക്ലബ്ബുകൾ' രൂപീകരിച്ച് ബോധവൽക്കരണ, പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കണം.

# കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചികകളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും പല മാരക രോഗങ്ങളും പകരുന്നത് മലിന ജലത്തിയൂടെയാണല്ലോ. 1995-96 വർഷത്തിൽ

വെട്ടം PHC -യിൽ മാത്രമായി 1436 ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. മനുഷ്യനെ സംബന്ധിച്ചിടത്തോളം ശുദ്ധജലം കുടിക്കാൻ മാത്രം പോര, ഭക്ഷണംപാകം ചെയ്യാനും, കുളിക്കാനും അലക്കാനും, കഴുകാനും, കൃഷിക്കും ഒക്കെ വേണം. തിരൂർ പുഴ, കനോലികനാൽ, ആവിപ്പുഴ എന്നിവ പഞ്ചായത്തിലൂടെ ഒഴുകുന്നുണ്ടെങ്കിലും അവയിലെല്ലാം ഉപ്പുജലമായത് കാരണം മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യമല്ല.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ മിക്ക കിണറുകളിലും ലഭിക്കുന്നത് ഓരു ജലമായതിനാൽ അവ ഉപയോഗശൂന്യമാണ്. വലിയൊരു വിഭാഗം ജനങ്ങൾ പൊതു ജല സ്രോതസ്സുകളേയും പൊതു ജല വിതരണ സംവിധാനങ്ങളെയും ആശ്രയിക്കുന്നു (പട്ടിക 3, 4) കൃഷിക്കും മറ്റു ഗാർഹികാവശ്യങ്ങൾക്കും ചെറിയൊരു വിഭാഗം ജനങ്ങൾ കുളങ്ങളേയും ആശ്രയിക്കുന്നു. പഞ്ചായത്തിന്റെ വിസ്തൃതിയുടെ ഏകദേശം പകുതി ഭാഗവും രൂക്ഷമായ ശുദ്ധജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. പ്രത്യേകിച്ച് ഓരു ജലം കയറുന്ന കടലോരം, പുഴയോരം, കനാലോരം പ്രദേശങ്ങൾ. അതിനാൽ അംഗീകാരം കിട്ടിയ (പട്ടിക 5) ശുദ്ധ ജലവിതരണ പദ്ധതികൾ എത്രയും വേഗത്തിൽ പൂർത്തിയാക്കേണ്ടതും പുതിയ പദ്ധതികൾക്ക് രൂപം നൽകേണ്ടതുമാണ്. കുടിവെള്ളം ശേഖരിക്കുന്നതിനായി 2 കി.മീ. കൂടുതൽ സഞ്ചരിക്കേണ്ട കുടുംബങ്ങൾ ഇവിടെ നിരവധിയാണ്.

പാവപ്പെട്ട മത്സ്യതൊഴിലാളികളും, കയറു തൊഴിലാളികളും ഇടതിങ്ങി താമസിക്കുന്ന പഞ്ചായത്തിൽസ്വന്തമായി കിണർ നിർമ്മിക്കാൻ സാമ്പത്തികബുദ്ധിമുട്ടുള്ളവരും നിരവധിയാണ്. അവർക്ക് അതിനായി ധനസഹായം നൽകാൻ നടപടി സ്വീകരിക്കണം.

നിലവിൽ കേരളാവാട്ടർ അതോറിറ്റിയുടെ മൂന്ന് ജല വിതരണ പദ്ധതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അവയിൽ 153 പൊതുടാപ്പുകളും, 56 ഹൗസ് കണക്ഷനും ഉണ്ട്. ഇത് കൂടാതെ രണ്ട് ജലവിതരണ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നു വരികയും, രണ്ട് പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുമുണ്ട്. (പട്ടിക 4,5) വെട്ടം ഗ്രാമത്തിലെ മുഴുവൻ പ്രദേശങ്ങളിലും. ശുദ്ധജലമെത്തിക്കാൻ കഴിയുന്ന (R.W.SS) പദ്ധതിയുടെ ഒരു സർവ്വേയും പൂർത്തിയായിട്ടുണ്ട്.

പട്ടിക 3

പഞ്ചായത്തിലെ പൊതു ശുദ്ധജല ശ്രോതസ്സുകൾ

### *പ്രശ്നങ്ങൾ സാധ്യതകൾ:-*

1. പൊതു കിണറുകൾ - 44,പല കിണറുകളും ഉപയോഗശൂന്യം. കൂടുതൽ കിണറുകൾ ആവശ്യം. കിണറുകൾ നന്നാക്കി എടുക്കുക, ആഴം കൂട്ടുക, ചുറ്റും, കൊട്ടത്തളങ്ങൾ കെട്ടുക. ഉപഭോക്ത സമിതി രൂപീകരിച്ച് സംരക്ഷണം ഉറപ്പുവരുത്തുക. അത്യാവശ്യ ഇടങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക.
2. പൊതു കുഴൽകിണറുകൾ -18 ഒന്നും പ്രവർത്തിക്കുന്നില്ല. നന്നാക്കാവുന്നവ നന്നാക്കി എടുക്കണം. അല്ലാത്തിടങ്ങളിൽ സ്ഥിരം കിണറുകൾ സ്ഥാപിക്കണം.
3. പൊതു ടാപ്പുകൾ - 153, പലതും കേടുവന്നിരിക്കുന്നു. ചിലതിൽ സ്ഥിരം ലീക്ക് കാരണം ജലം നഷ്ടപ്പെടുന്നു. കേടുവന്നതും ലീക്കുള്ളതുമായ ടാപ്പുകൾ മാറ്റി സ്ഥാപിക്കണം. ലൈൻ നീട്ടി എണ്ണം

പട്ടിക 5

## KWA പ്രവർത്തി നടന്നുവരുന്ന പദ്ധതികൾ

| ക്രമ നമ്പ്ര് | പദ്ധതിയുടെ പേര് | പൂർത്തിയാക്കാനുദ്ദേശിക്കുന്ന തിയ്യതി | അടക്കൽ തുക | നീളം | ജനസംഖ്യ | പൊതു ടാപ്പുകൾ |
|---|---|---|---|---|---|---|
| 1. | തിരുത്തിപ്പറമ്പ്പട്ടികജാതി കോളനി യിലേക്കുള്ള ജലവിതരണ പദ്ധതി | 31/3/1997 | 7.85ലക്ഷം രൂപ | 2900 M | 438 | 20 |
| 2. | പള്ളിപ്പറമ്പ്പട്ടികജാതി കോളനി യിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി | 31/3/1997 | 6.2ലക്ഷം രൂപ | 2001 M | 235 | 20 |

H76



പട്ടിക 4

## പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന KWA പദ്ധതികൾ

| ക്രമ നമ്പ്ര് | പദ്ധതിയുടെ പേര് | പൂർത്തിയായ കൊല്ലം | ശേഷി | പൈപ്പ്ലൈൻ നീളം | ഗുണഭോക്താക്കളുടെ എണ്ണം | പൊതു ടാപ്പുകൾ | ഹൗസ് കണക്ഷൻ | ഗുണം ലഭിക്കുന്ന വാർഡുകൾ |
|---|---|---|---|---|---|---|---|---|
| 1. | വെട്ടം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, കൂട്ടായി മേഖല | 1984 | 0.21 | 17.8 K.M | 4000 | 42 | 31 | 2,3,4,15 |
| 2. | വെട്ടം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി – പറവണ്ണ മേഖല | 1989 | 0.135 | 12 K.M | 5000 | 70 | ഇല്ല | 7,8,12,13,14 |
| 3. | പുല്ലൂണി പട്ടികജാതി കോളനിയിലേക്കുള്ള ശുദ്ധ ജല വിതരണ പദ്ധതി | 1989 | 0.1 | 2 K.M | 1000 | 41 | 25 | 7,8 |

## KWA സമീപ ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി

1. തിരുത്തിപ്പറമ്പ് പദ്ധതിയുടെ വിപുലീകരണം – 50,000 ലിറ്റർ ശേഷിയുള്ള ടാങ്കും 2.5 പൈപ്പ് ലൈനും സ്ഥാപിക്കൽ – അടങ്കൽ തുക 4 ലക്ഷം രൂപ.

2. 6–ാം വാർഡിലെ ചെള്ളിപ്പടന്ന കേന്ദ്രീകരിച്ച്– 50,000 ലിറ്റർ ശേഷിയുള്ള ടാങ്കും 2500 m. പൈപ്പ്ലൈനും സ്ഥാപിക്കാൻ 16–2–96 ന് ഭരണാനുമതി ലഭിച്ചു.

## KWA ഭാവിയിൽ നടപ്പാക്കാനായി രൂപകല്പന ചെയ്ത പദ്ധതി

1. പുറത്തൂരും പരിസര ഗ്രാമങ്ങളിലുമുള്ള ത്വരിതഗതിയിലുള്ള ഗ്രാമീണ ജലവിതരണ പദ്ധതി (C.R.W.S.S) - ഈ പദ്ധതിയുടെ സർവ്വേപൂർത്തിയായിട്ടുണ്ട്. വെട്ടം പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കാൻ കൂടിയുള്ള ഈ പദ്ധതിയുടെ മൊത്തം ചെലവ് 30 കോടി രൂപയാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

ഇതിനൊക്കെ പുറമെ ഇവിടത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് നേരിട്ടു തന്നെ ചില പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. (പട്ടിക 6)

പട്ടിക 6

| ക്രമ നമ്പർ | പേര് | വർഷം | ശേഷി | ടാപ്പുകൾ | വാർഡുകൾ |
|---|---|---|---|---|---|
| 1. | കൂട്ടായി ശുദ്ധജല വിതരണ പദ്ധതി | 1991–92 | 2000 ലിറ്റർ | 28 | 8,12,14 |
| 2. | കൂട്ടായി അലിഅക്ബർ മഹിളാ സമാജം-ശുദ്ധജല വിതരണ പദ്ധതി (പണി നടന്നു വരുന്നു) | 1996–97 | 10000 " | – | 10,11,12 |

# ഗതാഗതം ഊർജ്ജം

തയ്യാറാക്കിയത്:

1. **കെ.ബാലൻ മംഗലം.**
2. **അബ്ദുൽ ജബ്ബാർ അഹമ്മദ്,**
3. **പി.പി. നാസർ പരിയാപുരം.**
4. **എ.പി. അൻവർ കാനൂർ.**
5. **ആലുങ്ങൽ ബാലൻ. വെട്ടം.**

## ഗതാഗതം

***"ഉണ്ണിയെ കണ്ടാലറിയാം ഊരിന്റെ പഞ്ഞം"*** എന്ന മൊഴി പോലെ ഒരു നാടിന്റെ വികസനം പ്രത്യക്ഷത്തിലറിയാൻ ആ നാട്ടിലെ ഗതാഗത സൗകര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും.

ഇവിടെ.. നമ്മുടെ പഞ്ചായത്ത്..............

ഇന്നലെകളിലൂടെ.... വർത്തമാന കാലഘട്ടത്തിലൂടെ.... ഭാവിയിലേക്ക് ഒരു ചുവട് വെയ്ക്കുകയാണ്. ടിപ്പുസുൽത്താന്റെ പടയോട്ടം മൂലം നമുക്ക് കിട്ടിയ കുറെ റോഡുകളും നടപ്പാതകളും ഗതാഗത യോഗ്യമായിരുന്നെങ്കിലും, പരസ്പരം കൂട്ടിയിണക്കാനോ മറ്റു പ്രദേശങ്ങളെ ബന്ധിപ്പിക്കുവാനോ പാലങ്ങൾ ഇല്ലായിരുന്നുവെന്നതിനാൽ യാത്രാക്ലേശം ഏറെ ദുസ്സഹമായിരുന്നു. എന്നാൽ ഈ ക്ലേശം മറ്റൊരു തരത്തില് - ഭാഗികമായെങ്കിലും - മറികടക്കുവാൻ അന്നത്തെ യാത്രക്കാർക്ക് ജലഗതാഗതത്തിലൂടെ കഴിഞ്ഞിരുന്നു. അതായത്, വെട്ടത്തു നാടിന്റെ-ഹൃദയാന്തർ ഭാഗത്തു കൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന തിരൂർ - പൊന്നാനി പുഴയും, താനൂർ-കൂട്ടായി കനോലികനാലും ഈ നാടിന്റെ ഗതാഗത മാർഗ്ഗമായിരുന്നു. മറ്റു പ്രദേശങ്ങളിലേക്കുള്ള യാത്രയ്ക്കും ചരക്കുകളുടെ ഇറക്കു-കയറ്റുമതികൾക്കും ഈ ജലഗതാഗതം ഏറെ ആശ്വാസകരമായിരുന്നു.

നാണം കുണുങ്ങികൊണ്ട് മന്ദമായി ഒഴുകുന്ന മനോഹരിയായ തിരൂർ - പൊന്നാനി പുഴയിലൂടെ, തിരൂരിനെയും പൊന്നാനിയെയും ബന്ധിപ്പിച്ച് കൊണ്ട് ഇടതടവില്ലാതെ എത്ര ബോട്ടുകൾ... വള്ള ങ്ങൾ... പ്രകൃതിരമണീയമായ ഈ പുഴയോരത്തിലെ ഹരിത സമ്പന്നത കണ്ട്, ഇളം കാറ്റേറ്റുള്ള യാത്ര..... അതനുഭവിച്ചവർക്ക് ഇന്നും ഓർമ്മയുടെ പച്ചത്തു രുത്തുകൾ.. പറഞ്ഞ് തീരാത്ത നിർവൃതി.... ! ആ ഓർമ്മകളിൽ ഇന്നും നിറഞ്ഞ് നിൽക്കുന്ന പ്രദേശ മാണ് തീണ്ടാപ്പടി. കനോലികനാലിൽ തീണ്ടാപ്പടിമു തൽ പൊന്നാനിവരെ മറ്റൊരു ജലപാതയുമുണ്ടായി രുന്നു. പൊതുവെ ഈ നാട്ടിലെ ജനത ജലഗതാഗ തത്തെ ആശ്രയിച്ചതോടെ വ്യാപാര മേഖലയും പുഴ യോരങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. മലിനമാ ക്കാത്ത - മനുഷ്യകരങ്ങൾ വികൃതമാക്കാത്ത പുഴ കളും തീരങ്ങളും ജനതക്ക് ആവേശവും അനുഗ്ര ഹവുമായിരുന്നു.

1962ൽ വെട്ടം പഞ്ചായത്ത് രൂപീകരിച്ചപ്പോൾ ജന ങ്ങളുടെ ഐക്യബോധത്തിനും ജാതിമത ചിന്ത കൾക്കതീതമായ കൂട്ടായ്മക്കും കീർത്തി നേടി ക്കൊണ്ട് ഗ്രാമവികസനത്തിന് നാന്ദികുറിച്ചു. കേര ളക്കരയൊട്ടുക്കും ഉണ്ടായിക്കൊണ്ടിരുന്ന ഒരു പുതിയ വികസന ബോധം നമ്മുടെ പഞ്ചായ ത്തിലും ഉടലെടുത്തുവെങ്കിലും വിഭവ സമാഹരണ ത്തിലും മറ്റും ഉണ്ടായ വീഴ്ചകൾ വികസനത്തിന് വേണ്ടത്ര ആക്കം കൂട്ടിയില്ലായെന്നത് വിസ്മരിച്ചിട്ടു കാര്യമില്ല.

വെട്ടം പഞ്ചായത്തിൽ ഗതാഗതയോഗ്യമായ റോഡു കളുടെ കാര്യത്തിൽ, ഏഴ്, എട്ട് വാർഡുകൾ ചേർന്ന മംഗലം-പുല്ലൂണി പ്രദേശങ്ങൾ പഞ്ചായത്തിന്റെ രൂപീകരണഘട്ടത്തിൽ തന്നെ സാമാന്യം ഭേദപ്പെട്ട നേട്ടം കൈവരിച്ചിരുന്നു. അത് കൊണ്ട് തന്നെ സമീ പപ്രദേശങ്ങളെ അപേക്ഷിച്ച് ഈ മേഖലയുടെ വികസനം മെച്ചപ്പെട്ടതായിരുന്നു.

1967ൽ മാങ്ങാട്ടിരിയിൽ തിരൂർ പൊന്നാനി പുഴക്ക് കുറുകെ പാലം പണിതതോടെ പഞ്ചായത്തിന്റെ മധ്യമേഖലയിൽ റോഡ് ഗതാഗതം സജീവമായി. 1977ൽ താനാളൂർ പഞ്ചായത്തിൽപെട്ട ഉണ്ണ്യാൽ പ്രദേശത്ത് കനോലികനാലിൽ പാലം നിർമ്മിച്ച തോടെ വെട്ടം പഞ്ചായത്തിലെ തീരദേശമേഖലക ളായ പറവണ്ണ, കൂട്ടായി തുടങ്ങി മുഴുവൻ പ്രദേശ ങ്ങൾക്കും ടിപ്പുസുൽത്താൻ റോഡിലൂടെ തൊട്ട ടുത്ത പട്ടണമായ തിരൂരുമായി ബന്ധപ്പെടുവാൻ സാഹചര്യമൊരുങ്ങി. അത് ഈ പ്രദേശങ്ങളുടെ വികസന പ്രക്രിയക്ക് ആക്കം കൂട്ടി. 1979ൽ അരി ക്കാഞ്ചിറയിൽ കനോലികനാലിൽ മറ്റൊരുപാലം കൂടിവന്നതോടെ വെട്ടം പഞ്ചായത്തിന് പൂർണ്ണ മായും സമീപപ്രദേശങ്ങളുമായിഎളുപ്പത്തിൽ ബന്ധപ്പെടുവാൻ പാകത്തിലായി.

പാലങ്ങൾ വന്ന് റോഡ് ഗതാഗതം സുഗമമായ പ്പോൾ നമ്മുടെ പഞ്ചായത്തിൽ ആദ്യമായി എന്നു തന്നെ പറയാം, ബി.പി. അങ്ങാടി- മാങ്ങാട്ടിരി- വെട്ടം റോഡ് PWD ഏറ്റെടുക്കുകയും ടാർ ചെയ്യുകയുമു ണ്ടായി. അതോടെ പഞ്ചായത്തിന്റെ മധ്യമേഖലയി ലൂടെ ബസ്സ് ഗതാഗതം ആരംഭിക്കുകയായി. പിന്നീട് കൂട്ടായി ടിപ്പുസുൽത്താൻ റോഡ് ഫിഷറീസ് വകുപ്പ് ഏറ്റെടുക്കുകയും ടാർ ചെയ്യുകയും ചെയ്തു. ഒപ്പം അരിക്കാഞ്ചിറ പാലം പണികഴിഞ്ഞ തോടെ അപ്രോച്ച് റോഡും ടാർചെയ്തു. പരിയാ പുരം വഴിയും കൂട്ടായി ഭാഗത്തേക്ക് ഗതാഗതം സജീവമായി. എല്ലാ ഭാഗങ്ങളെയും ബന്ധിപ്പിച്ച് കൊണ്ട് റോഡുകളും ഒപ്പം വാഹനങ്ങളും വന്ന തോടെ ഗതാഗത പ്രശ്നം ഒരു പരിധി വരെ പരി ഹൃതമായി. പക്ഷേ, വേദനാജനകമെന്നു തന്നെ പറ യട്ടെ, ഇവിടെ ജലഗതാഗതം ഇതോടെ അസ്തമിക്കു കയായിരുന്നു.

പ്രധാനപ്പെട്ട PWD റോഡുകളായ കൂട്ടായി ടിപ്പു സുൽത്താൻ റോഡ്, ബി.പി. അങ്ങാടി മാങ്ങാട്ടിരി- വെട്ടം റോഡ്, പരിയാപുരം-പറവണ്ണ റോഡ്, ആല ത്തൂർ പള്ളികടവ് റോഡിൽ മംഗലം ഭാഗം എന്നീ റോഡുകളിലൂടെ ബസ്സ് സർവ്വീസിനൊപ്പം മറ്റു പാര ലൽ സർവ്വീസുമുണ്ട്. എന്നാൽ KSRTC സർവ്വീസു കൾക്കുള്ള അയിത്തം തുടരുകയാണ്. പച്ചാട്ടിരി - മുറിവഴിക്കൽ ഭാഗത്തേക്കും ബസ്സ് സർവ്വീസും പാര ലൽ സർവ്വീസുമുണ്ട്. ഈ റോഡുകളിൽ മറ്റ് സ്വകാര്യ വാഹനങ്ങളും ടൂറിസ്റ്റ് - ടാക്സി വാഹന ങ്ങളും ഇടതടവില്ലാതെ ഓടുന്നു. എന്നാൽ ഒരു ഓട്ടോസ്റ്റാന്റ് പോലും ഇല്ല എന്ന കാര്യം ഒരു വസ്തുതയാണ്. ചില ഗ്രാമസഭകളിൽ നിന്നും ഇതിന് പുതിയ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട് എന്നത് സന്തോഷകരമാണ്.

നമ്മുടെ പഞ്ചായത്തിലെ PWD റോഡുകൾ ടാർ ചെയ്തതാണെങ്കിലും അറ്റകുറ്റ പണികളും മറ്റാവ ശ്യപ്രവർത്തികളും സമയാസമയങ്ങളിൽ നടത്താ ത്തതിനാൽ വളരെ ശോച്യാവസ്ഥയിലാണ്. എന്നാൽ പഞ്ചായത്ത് റോഡുകളുടെ സ്ഥിതിയും

മറിച്ചല്ല. PWD റോഡുകളെയും പഞ്ചായത്ത് റോഡുകളെയും കുറിച്ചുള്ള വിവരങ്ങൾ പട്ടികകൾ നൽകുന്നതാണ്.

## I റോഡ് നിർമ്മാണം:

### A. ടാർ റോഡുകളുടെ പ്രശ്നങ്ങൾ.

ഈ പഞ്ചായത്തിൽ നിലവിലുള്ള ടാർ ചെയ്ത റോഡുകൾ PWD 29 കി.മീറ്ററും പഞ്ചായത്തിന്റേത് 7.4 കി.മീറ്ററുമാണ്. PWD റോഡുകളിൽ ഒന്നിലും ഡ്രയിനേജ് സൗകര്യമില്ല. വേണ്ടത്ര വീതിയുമില്ല. ഡ്രയിനേജ് സൗകര്യമില്ലാത്തതിനാൽ മഴക്കാലത്ത് റോഡുകൾ തോടുകളാകുന്ന ദുരവസ്ഥയാണിന്നുള്ളത്. റോഡുകൾക്ക് വേണ്ടത്ര വീതി ഇല്ലാത്തതിനാൽ വാഹന ഗതാഗതം വളരെ അപകടമേറിയതും പ്രശ്ന ബദ്ധവുമാണ്.

### B. മൺ റോഡുകളുടെ പ്രശ്നങ്ങൾ:

പഞ്ചായത്ത് റോഡുകൾ ഭൂരിഭാഗവും മൺ പാതകളാണ്. ഗ്രാമസഭകളിൽ നിന്നും ഈ റോഡുകളെയെല്ലാം വികസിപ്പിച്ച് ടാർ ചെയ്യുവാനും മറ്റുമുള്ള നിർദ്ദേശങ്ങൾ ഉടലെടുത്തിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ഒറ്റയടിക്ക് ഏറ്റെടുത്ത് പൂർത്തിയാക്കുക പഞ്ചായത്തിന്റെ സാമ്പത്തിക നിലയനുസരിച്ച് വിഷമകരമാണ്. അതിനാൽ മുൻഗണനാക്രമത്തിൽ ഓരോന്നും ഏറ്റെടുത്ത് നടത്താവുന്നതാണ്. (വിശദവിവരം പട്ടികയിൽ)

### C. പുതിയ മൺ റോഡുകൾ:

പുതിയ റോഡുകൾ നിർമ്മിക്കണമെന്ന ആവശ്യം എല്ലാഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. നിലവിലുള്ള നടവഴികൾ വീതികൂട്ടി റോഡാക്കുക എന്നതാണ് പൊതുവെ ഉണ്ടായ നിർദ്ദേശങ്ങളുടെ കാതൽ. കൂടാതെ ഊടുവഴികൾ വികസിപ്പിച്ച് റോഡാക്കുകയും പ്രായോഗികമല്ലാത്തിടത്ത് ഫുട്പാത്തുകൾ നിർമ്മിക്കുയും വേണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

പഞ്ചായത്തിലെ ഭൂമിയെ പൊതുവെ രണ്ടായി തരംതിരിക്കാം. കനോലികനാലിന് പടിഞ്ഞാറൻ മേഖല പൂർണ്ണമായും മണൽ പ്രദേശമാണ്. കിഴക്കൻ മേഖല പൂഴികലർന്ന പശിമയുള്ള മണ്ണാണ്. മണൽ പ്രദേശങ്ങളിൽ റോഡുണ്ടാക്കുമ്പോൾ റോഡിന്റെ അടിത്തറ കാര്യമായും ഉറപ്പിക്കേണ്ടതുണ്ട്. ഇതിന് സാങ്കേതിക ഉപദേശം തേടാവുന്നതാണ്. നീർകെട്ടുള്ള ഇടുങ്ങിയ റോഡുകളിൽ കരിങ്കൽപാളികൾ പാകി ഒരു ഭാഗം മാത്രം ഡ്രയിനേജ് കൊടുത്ത് പ്രവൃത്തി നടത്താവുന്നതാണ്.

സാധ്യതകൾ:

റോഡ് ഗതാഗതത്തിൽ പഞ്ചായത്തിലെ പൊതുവായ സാധ്യതകൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കേണ്ടതാണ്.

1. ടാറിട്ടതും അല്ലാത്തതുമായ പഞ്ചായത്തിലെ എല്ലാ റോഡുവക്കിലും കെട്ടിടം നിർമ്മിക്കുമ്പോൾ മൂന്ന് മീറ്റർ അകലം റോഡിൽ നിന്നും ഉണ്ടായിരിക്കണം എന്ന നിയമം കർശനമായി പാലിക്കണം. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഇല്ലാതിരിക്കാൻ ഗ്രാമസഭകൾക്ക് ശ്രദ്ധിക്കാവുന്നതാണ്.

2. റോഡ് പാർശ്വങ്ങളിൽ മതിൽ കെട്ടുമ്പോൾ ഡ്രയിനേജിന് ഉതകും വിതം 1/2 മീറ്ററെങ്കിലും സ്ഥലം വിട്ടതിന് ശേഷമേ അനുമതി നൽകാവൂ.

3. പഞ്ചായത്തിലെ മുഴുവൻ ഇടവഴികളും റോഡാക്കുക. സാധ്യമല്ലാത്തിടത്ത് ഫുട്പാത്തുകൾ നിർമ്മിക്കുക.

4. റോഡുകളുടെ ഇരു പാർശ്വങ്ങളിലും ഡ്രയിനേജുകൾ നിർമ്മിക്കണം. ഡ്രയിനേജിൽ നിന്നും വരുന്ന വെള്ളം തിരിച്ച് വിടുവാൻ പ്രകൃതിദത്തമായ നീർച്ചാലുകളും തോടുകളും ഉപയോഗിക്കാവുന്നതാണ്. ഇത്തരം നീർച്ചാലുകളിലും തോടുകളിലും ഒഴുക്കുകളെ തടസ്സപ്പെടുത്തുന്നത് ശ്രദ്ധിക്കേണ്ടതാണ്. ഇവയെ നമുക്ക് റോഡിനും കൃഷിക്കും ഉപയോഗ്യമാക്കാവുന്നതാണ്.

5. PWD റോഡുകൾക്ക് അതിർത്തികെട്ടി സംരക്ഷിച്ച് അഞ്ചര മീറ്റർ വീതിയിൽ റോഡ് വൈഡനിംഗ് നടത്തി ഗതാഗതത്തിന് ആക്കം കൂട്ടേണ്ടതാണ്.

6. കൂട്ടായി-ടിപ്പുസുൽത്താൻ റോഡിന്റെ മുടങ്ങി കിടക്കുന്ന പണി ഉടൻ ത്വരിതപ്പെടുത്തുക.

7. ഏറ്റിരികടവ് പാലം സമയ ബന്ധിതമായി പൂർത്തിയാക്കുക. കൂഞ്ഞുളിക്കടവ് പാലം നിർമ്മിക്കുക.

## വെട്ടം ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ പട്ടിക:

| | | | | ടാർ | | മെറ്റൽ | | | ഓട | | കലുങ്ക് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീറ്റർ | ചെയ് തത് | ചെയ്യേ ണ്ടത് | ചെയ് തത് | ചെയ്യാ ത്തത് | ചെയ്യേ ണ്ടത | ഉള്ള ത് | വേണ്ട ത് | ഉള്ള ത് | വേണ്ട ത് | അറ്റ കുറ്റ പണി വേണ്ടത് |
| 1 | ഏറ്റിരിക്കടവ്– പറ വണ്ണ റോഡ്(PWD) | 3 | 8 | ✓ | | | | | | ✓ | | | ✓ |
| | പരിയാപുരം – പച്ചാട്ടിരി | 1 | 6 | ✓ | | | | | | | | | ✓ |
| | ഗ്രാമ ബന്ധു – ചെമ്പൻ തോട് | 2 | 4 | | ✓ | | ✓ | ✓ | | | | | |
| | കോങ്ങക്കാട്– ഓവുങ്ങൽ (പള്ളേരി) | | 4 | | | | ✓ | ✓ | | | | | |
| | പച്ചാട്ടിരി ബസ്റ്റോപ്പ് – അംഗണവാടി | 0.5 | 4 | | | | ✓ | ✓ | | | | | |
| | ഇടിയാട്ട്– ജനതാ ബസാർ | | | | | | ✓ | ✓ | | | | | |
| | മടത്തിൽപടി – കി ഴക്കേ അകായിൽ | | | | | | | | | | | | |
| | പോട്ടേക്കാട്– മഞ്ച ക്കൽ പാടം | | | | | | | | | | | | |
| | അരിക്കാഞ്ചിറ – ലക്ഷം വീട് | 0.4 | | | | | ✓ | ✓ | | | | ✓ | |
| | കോണ്ടേക്കാട്– കുഞ്ചേരി | 0.5 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| 2. | ബി. പി. അങ്ങാടി – മാങ്ങാട്ടിരി വെട്ടം റോഡ്(PWD) | 1.5 | 9 | ✓ | | | | | | | | | ✓ |
| | പരിയാപുരം – അരിക്കാഞ്ചിറ – പറവണ്ണ (PWD) | 2 | 9 | ✓ | | | | | | | | | ✓ |
| | പരിയാപുരം – പച്ചാട്ടിരി | 1 | 6 | ✓ | | | | | | | | | ✓ |
| | കാനൂർ – തീണ്ടാ പടി | 1.5 | 6 | ✓ | | | | | | | | | |
| | കാനൂർ അരിമ്പരു ത്തി – വാക്കാട് | 0.6 | 6 | ✓ | | | | | | | | | |
| | അവറാങ്കിൽ – നാ ലുപ്പറമ്പിൽ | 0.5 | 4 | | ✓ | | | | | | | | |
| | ആശാരിക്കോളനി – കൊക്കരണി | 1 | 4 | | | | ✓ | | | | | | |
| | കാനൂർ – മാ നാത്ത് | 0.5 | 4 | | | | | | | | | | |

| | | | | ടാർ | | മെറ്റൽ | | | ഓട് | | കലുങ്ക | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീറ്റർ | ചെയ്തത് | ചെയ്യേണ്ടത് | ചെയ്തത് | ചെയ്യാത്തത് | ചെയ്യേണ്ടത | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റ പണി വേണ്ടത് |
| | വിദ്യാനഗർ — കനാൽ | 0.5 | 4 | | | | | | | | | | |
| | പരിയാപുരം - ബോട്ടു ചെട്ടി | 0.5 | 4 | | | | | | | | | | |
| | കാനൂർ - കായൽ പാടം റോഡ് | 0.9 | 4 | | ✓ | | | | | | | ✓ | |
| 3. | ഏറ്റിരിക്കടവ്- പറവണ്ണ (PWD) | 0.5 | 8 | ✓ | | | | | | | | | ✓ |
| | അരിക്കാഞ്ചിറ — മുറിവഴിക്കൽ (PWD) | 1.5 | 8 | ✓ | | | | | | | | | ✓ |
| | കോട്ടേക്കാട്— കൂഞ്ചേരി | 0.6 | 4 | | | | | | | | | | |
| | കറുത്തങ്ങാട്റോഡ് | 0.8 | 4 | | | | | | | | | | |
| | ചേങ്ങോട്ട് റോഡ് | | | | | | | | | | | | |
| | മൂപ്പിലക്കണ്ടി റോഡ് | 0.6 | 4 | | | | | | | | | | |
| 4. | കൂട്ടായി ടിപ്പു സുൽത്താൻ റോഡ് (PWD) | 3 | 25 | ✓ | | | | | | | | | ✓ |
| | പറവണ്ണ ബീച്ച് റോഡ് | 0.5 | 8 | ✓ | | | | | | | | | |
| | ടിപ്പുസുൽത്താൻ — പുത്തങ്ങാടി | 0.5 | 8 | | | | | | | | | | |
| | അരിക്കാഞ്ചിറ — ലക്ഷം വീട് | 1 | 6 | | | | | | | | | | |
| | അഴീക്കൽ — ലക്ഷം വീട്- തെക്കെ പള്ളി - ടിപ്പുസുൽത്താൻ | 2.5 | 6 | | | | | | | | | | |
| | തെക്കെ പള്ളി — വടക്കെ പള്ളി | 0.6 | 4 | | | | | | | | | | |
| | ആലിൻ ചുവട്— ബീച്ച്റോഡ് | 0.6 | 4 | | | | | | | | | | |
| | എം . ഇ എസ് ആശുപത്രി - ബീച്ച്റോഡ് | 0.5 | 4 | | | | | | | | | | ✓ |
| | ശൈഖിന്റെ പള്ളി വടക്കെ പള്ളി റോഡ് | 0.6 | 4 | | | | | | | | | | ✓ |
| | ടിപ്പു സുൽത്താൻ റോഡ് - ബീച്ച് റോഡ് | 0.9 | 4 | | | | | | | | | | ✓ |

| | | | | ടാർ | | മെറ്റൽ | | | ഓട് | | കലുങ്ക | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീറ്റർ | ചെയ്തത് | ചെയ്യേണ്ടത് | ചെയ്തത് | ചെയ്യാത്തത് | ചെയ്യേണ്ടത | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റ പണി വേണ്ടത് |
| 5. | ബി. പി . അങ്ങാടി – മാങ്ങാട്ടിരി – വെട്ടം റോഡ്(PWD) | 2 | 8 | ✓ | | | | | | | | | |
| | കുഞ്ഞുളി കടവ്– തീണ്ടാപ്പടി (ഭാഗികം) | 0.6 | 6 | ✓ | | | | | | | | | |
| | വെട്ടത്തുകാവ്– തീണ്ടാപ്പടി | 0.6 | 6 | ✓ | | | | | | | | | |
| | റൈസ്മിൽ ശ്മശാനം റോഡ | | | | | | | | | | | | |
| 6. | ആലിശ്ശേരി – തീണ്ടാപ്പടി – ടിപ്പുസുൽത്താൻ | 1.8 | 6 | | ✓ | ✓ | | ✓ | | ✓ | | ✓ | |
| | ടിപ്പു സുൽത്താൻ – വൈശ്യംകണ്ടി പാലം | 1.3 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | മൃഗാശുപത്രി – ഇല്ലത്തപ്പടി | 0.9 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | ഒടേങ്ങലത്തെപ്പടി – പഞ്ചായത്ത് ഓഫീസ് | 0.6 | 4 | | | | ✓ | ✓ | | ✓ | | ✓ | |
| | കൂട്ടായി – ടിപ്പുസുൽത്താൻ റോഡ്(PWD) | 0.8 | 20 | ✓ | | | | | | ✓ | | | ✓ |
| 7. | ആലത്തൂയൂർ – പള്ളിക്കടവ്(PWD) | 1 | 8 | ✓ | | | | | | ✓ | | | ✓ |
| | പുല്ലൂണി – കാരാറ്റ്കടവ് റോഡ് | 0.9 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | ട്രാൻസ്ഫോർമർ –കൂട്ടായി കടവ് | 1.5 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| 8. | ട്രാൻസ്ഫോർമർ – കൂട്ടായി കടവ് | 1.5 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | മംഗലം – ലക്ഷം വീട് | 1.1 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | ആലുങ്ങൽ –കൂട്ടായികടവ്(PWD) | 3 | 8 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | ആലത്തിയൂർ – പള്ളിക്കടവ്(PWD) | 0.8 | 8 | ✓ | | | | | | ✓ | | | ✓ |
| | അന്നശ്ശേരി – ലക്ഷം വീട് | 0.75 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | സിണ്ടിക്കേറ്റ്– ലക്ഷം വീട് | 0.8 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | മംഗലം — അരക്കപറമ്പ് | 1 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |

| | | | | ടാർ | | മെറ്റൽ | | | ഓട് | | കലുങ്ക | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീറ്റർ | ചെയ്തത് | ചെയ്യേണ്ടത് | ചെയ്തത് | ചെയ്യാത്തത് | ചെയ്യേണ്ടത | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റ പണി വേണ്ടത് |
| 9. | കൂട്ടായി - ടിപ്പു സുൽത്താൻ (PWD) | 3 | 8 | ✓ | | | | | | ✓ | | | ✓ |
| | കോതപറമ്പ്- ബീച്ച്റോഡ് | .25 | 6 | ✓ | | | | | | ✓ | | | ✓ |
| | അരിമ്പുരുത്തി - വാക്കാട് | 0.3 | 6 | | ✓ | | | ✓ | | ✓ | | | ✓ |
| | വാക്കാട്- കാശ്മീർ | 3 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | സലാമത്ത്— അഴീക്കൽ | 1.5 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | തുഞ്ചൻ കോളേജ് - വാക്കാട്ബീച്ച് | 1.5 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| 10. | ഗ്രാമീണ ബാങ്ക്- ബീച്ച്റോഡ് | 0.5 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | സലാമത്ത്നഗർ - അലി അക്ബർ സമാജം | 0.75 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | നോർത്ത്കൂട്ടായി - വടക്കെ ബീച്ച് | 2 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | നോർത്ത്കൂട്ടായി - തെക്കെ ബീച്ച് | 0.25 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | അരയൻ കടപ്പുറം - ബീച്ച്റോഡ് | 0.3 | 6 | ✓ | | | | | | ✓ | | | ✓ |
| 11. | കൂട്ടായി - ടിപ്പു സുൽത്താൻ റോഡ് (PWD) | 1.25 | 8 | ✓ | | | | | | ✓ | | | ✓ |
| | പുതിയ ജുമുഅത്ത്പള്ളി - അങ്ങാടി | 0.3 | 6 | | ✓ | | ✓ | ✓ | | ✓ | | | |
| | ഫിഷറീസ് ആശുപത്രി - കോതപറമ്പ് | 0.4 | 4 | | ✓ | | ✓ | ✓ | | ✓ | | | |
| | മുഹ്‌യിദ്ധീൻ പള്ളി - റാത്തീബ് പള്ളി - സലാമത്ത്നഗർ റോഡ് | 0.5 | 4 | | ✓ | | ✓ | ✓ | | ✓ | | | |
| | ഗ്രാമീണ ബാങ്ക് - കച്ചേരിക്കിണർ | 0.8 | 4 | | ✓ | | ✓ | ✓ | | ✓ | | | |

| | | | | ടാർ | | മെറ്റൽ | | | ഓട് | | കലുങ്ക | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീറ്റർ | ചെയ്തത് | ചെയ്യേണ്ടത് | ചെയ്തത് | ചെയ്യാത്തത് | ചെയ്യേണ്ടത | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റ പണി വേണ്ടത് |
| 12. | കൂട്ടായി - ടിപ്പു സുൽത്താൻ റോഡ് (PWD) | 1.25 | 8 | ✓ | | | | | | ✓ | ✓ | | ✓ |
| | കൂട്ടായി - പോസ്റ്റോഫീസ് - അലി അക്ബർ സമാജം | 0.2 | 4 | | ✓ | | ✓ | ✓ | | ✓ | | | ✓ |
| | നേർ കൂട്ടായി - അരയൻ കടപ്പുറം | 0.3 | 4 | ✓ | | | | | | ✓ | | | ✓ |
| | തെക്കെ കൂട്ടായി — ബീച്ച്റോഡ് | 0.2 | 4 | | ✓ | | | | ✓ | ✓ | | ✓ | |
| | പള്ളിവളപ്പ്- മദ്രസ റോഡ് | 0.25 | 4 | | ✓ | | | | ✓ | ✓ | | ✓ | |
| 13. | ബി. പി . അങ്ങാടി - മാങ്ങാട്ടിരി - വെട്ടം (PWD) | 2.5 | 8 | ✓ | | | | | | ✓ | | | ✓ |
| | വെട്ടം ചീർപ്പ്- പുളിഞ്ചോട് | 2.5 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | കുരിയാടി-മുഹമ്മദലി റോഡ് | 0.5 | 4 | | | | | ✓ | | | | | |
| 14 | കൂട്ടായി - ടിപ്പു സൂൽത്താൻ റോഡ് | 0.75 | 8 | ✓ | | | | | | ✓ | | | ✓ |
| | അങ്ങാടി - കൂട്ടായിക്കടവ് | 0.3 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | അങ്ങാടി തെക്കേയിൽ | 0.6 | 4 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | ഇസ്മായിൽ നഗർ - റെഗുലേറ്റർ കംബ്രിഡ്ജ് | 0.2 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | ഹൈസ്കൂൾ - ബീച്ച്റോഡ് | 0.3 | 4 | ✓ | | | | | | ✓ | | | ✓ |
| | ഇസ്മായിൽ നഗർ - ഹയാത്ത് മദ്രസ | 0.2 | 5 | | ✓ | | ✓ | ✓ | | ✓ | | | |
| | പുതിയ പള്ളി - അങ്ങാടി - ഇസ്മായിൽ നഗർ | 0.2 | 4 | | ✓ | | ✓ | ✓ | | ✓ | | | |
| 15. | തേവർ കടപ്പുറം റോഡ് | 0.6 | 6 | | ✓ | | ✓ | ✓ | | ✓ | | ✓ | |
| | പറവണ്ണ - ബീച്ച് റോഡ് | 0.2 | 4 | ✓ | | | | | | ✓ | | | ✓ |

## പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകളുടെ വിവരം

| വാർഡ് | നിർദ്ദേശിക്കുന്ന റോഡിന് പേര് | ദൂരം | മെറ്റൽ ചെയ്യേണ്ടത് | കലുങ്ക്പാലം ആവശ്യമുള്ളത് |
|---|---|---|---|---|
| 1 | പച്ചാട്ടിരി റേഷൻകട-വാൽക്കണ്ടിപ്പാടം | 0.6 | ✓ | |
| | കോവിലകം പറമ്പ്-കല്ലിങ്കൽ റോഡ് | 0.6 | | |
| | മുള്ളത്തെപടി- പുളിയോളികോട്ട | 0.4 | | |
| 2. | പരിയാപുരം- ബോട്ട്ജെട്ടി- ഒരിക്കലെപാട് | 0.6 | ✓ | ✓ |
| | പരിയാപുരം-കൊക്കരണി- ആശാരികോളനി | 0.7 | | |
| | കാനൂർ മനാത്ത്- കനോലി കനാൽ | 0.4 | ✓ | ✓ |
| | വിദ്യാ നഗർ -കനോലി കനാൽ | 0.3 | ✓ | ✓ |
| | കാനൂർ അരിമ്പുരുത്തി- അരിക്കാഞ്ചിറ | 1 | | ✓ |
| | കാനൂർ ബാലവാടി - കൂനത്തിൽ റോഡ് | 0.3 | ✓ | |
| | കാനൂർ ബാലവാടി- കായൽപാടം റോഡ് | 0.8 | ✓ | ✓ |
| | പരിയാപുരം മദ്രസ -കൂനത്തിൽ ഫൂട്ട്പാത്ത് | 0.3 | | ✓ |
| 3. | പള്ളിപ്പറമ്പ്- ജനതാബസാർ | 1.5 | ✓ | ✓ |
| | ചേങ്ങോട്ട് - അമ്പലപ്പടി - വാൽക്കണ്ടി | 0.8 | ✓ | |
| | മുപ്പിലക്കണ്ടി- ഓവുങ്ങൽ തറ | 0.5 | | |
| | കനോലി കനാൽ - അരിക്കാഞ്ചിറ പാരലൽ റോഡ് | 1.8 | ✓ | ✓ |
| | അരിക്കാഞ്ചിറ - അരിമ്പുരുത്തി പാലം- കനോലി കനാൽ പാരലൽ | 1 K.M | ✓ | ✓ |
| 4. | പറവണ്ണ ജുമു അത്ത്പള്ളി - തെക്കെ പള്ളി | 0.5 | | |
| | പറവണ്ണ ബീച്ച്- ശൈഖ്പള്ളി - നോർത്ത്റോഡ് | 0.8 | | |
| | എം . ഇ . എസ് ആശുപത്രി- ബീച്ച്റോഡ് | 0.5 | | |
| 5. | വെട്ടത്ത്കാവ് - പനച്ചിപാലം | 0.6 | | ✓ |
| | കൂഞ്ഞുളി കടവ് - നടുവിലക്കടവ് | 0.2 | | |
| | പുത്തൻ ചേരി കുളം- മാങ്ങാട്ടിരി കുളം | 1.6 | | ✓ |
| | കൂഞ്ഞുളി ക്കടവ് ശ്മശാനം റോഡ് | 1 | | |
| | വാക്കയിൽ റോഡ് - വെട്ടത്തുകാവ്- ആലിശ്ശേരി | 0.2 | | |
| | വെട്ടത്തു കാവ് ആൽത്തറ - പുളിഞ്ചോട് | 0.2 | | |
| | കൂഞ്ഞുളി കടവ്- തലക്കാട് | 0.4 | | ✓ |
| 6. | അരിമ്പുരുത്തി പാലം - വൈശ്യം കണ്ടിപ്പാലം റോഡ് | 2.8 | | ✓ |
| | ആശാൻപടി - വൈശ്യംകണ്ടിപ്പാലം റോഡ് | 1 | | ✓ |
| | സലഫി മസ്ജിദ് ബീച്ച്റോഡ് | 1 | | |
| | തട്ടാൻ പടി - ഹെൽത്ത്സെന്റർ- വൈശ്യം കണ്ടിപ്പാലം | 1 | | |
| | ടിപ്പു സുൽത്താൻ - ചാത്തൻ കുളം - കനോലി കനാൽ | 1.2 | | ✓ |

| വാർഡ് | നിർദ്ദേശിക്കുന്ന റോഡിന് പേര് | ദൂരം | മെറ്റൽ ചെയ്യേണ്ടത് | കലുങ്ക്പാലം ആവശ്യമുള്ളത് |
|---|---|---|---|---|
| 7. | പുല്ലൂണി ഹരിജൻ കോളനി – കാരാറ്റുകടവ് | 1 | ✓ | ✓ |
| | തിരുത്തുമ്മൽ – ഹരിജൻ കോളനി | 1.4 | | ✓ |
| | തലൂക്കര ചീർപ്പ്– മുന്തിരിങ്ങപ്പാലം | 1.5 | | ✓ |
| | ട്രാൻസ്ഫോർമർ – കൂട്ടായിക്കടവ്– കാരാറ്റു കടവ്– പുല്ലൂണി ലിംഗ്റോഡ് | 1.6 | | ✓ |
| 8. | ആവണക്കാട്ട്തിരുത്തുമ്മൽ – കൂട്ടായി കടവ് | 1 | | ✓ |
| | മംഗലം കൂട്ടായിക്കടവ് – വി. പി. നഗർ – അരക്കപ്പറമ്പ് | 1.3 | | ✓ |
| | തൊട്ടിയിലങ്ങാടി – കാരാറ്റുകടവ് | 1.3 | | ✓ |
| | എം. ഇ. എസ്. സ്കൂൾ – ചേന്നര അങ്ങാടി | 1.8 | | ✓ |
| 9. | വാക്കാട്ബീച്ച്– അഴിമുഖം – നോർത്ത്റോഡ് | 1 | | ✓ |
| | സ്റ്റേഡിയം – വാക്കാട് ജുമുഅത്ത്പള്ളി | 1 | | |
| | വാക്കാട്ബീച്ച്– തുഞ്ചൻ കോളേജ് | 1 | | |
| | കാശ്മീർ ബീച്ച്– സലഫീ പള്ളി | 0.8 | | ✓ |
| | വാക്കാട്ജുമുഅത്ത്പള്ളി ടിപ്പു സുൽത്താൻ റോഡ് | 0.5 | | |
| 10. | വാക്കാട്– കാശ്മീർ – അരയൻ കടപ്പുറം ലിങ്ക്റോഡ് | 0.5 | | |
| 11. | കോതപറമ്പ്– വെട്ടം ചീർപ്പ് | 0.5 | ✓ | ✓ |
| | ടിപ്പു സുൽത്താൻ റോഡ്– വാളക്കുഴി | 0.7 | | ✓ |
| 12. | ടിപ്പു സുൽത്താൻ – ഒട്ടുംപുറം – പുതിയപള്ളി | 0.7 | ✓ | |
| | തീരദേശ പാരലൽ റോഡ് | 2 | | |
| | ബാലവാടി – അരയൻ കടപ്പുറം | 0.6 | ✓ | ✓ |
| 13. | നാരായണൻ പടി – രണ്ടത്താണി | 0.6 | | ✓ |
| | രണ്ടത്താണി – കോവിലക്കണ്ടി– ചീരടത്ത്പടന്ന | 0.5 | | ✓ |
| | പുതുച്ചിറപ്പള്ളി – കളത്തിൽ – അണ്ണേക്കാട് | 0.6 | | |
| | നാരായണൻ പടി – അഞ്ചൂടി കോളനി | 0.5 | | ✓ |
| | മറുത്തു മൂല – തായം പറമ്പ്. | 0.8 | | ✓ |
| | കായൽ പാടം – തീണ്ടാപടി | 1 | | ✓ |
| | കുറ്റിയിൽ സ്കൂൾ – പടിയത്ത് പറമ്പ് | 0.9 | | ✓ |
| | പൊളിയൻ പാലം – വെട്ടം ചീർപ്പ്– പുളിഞ്ചോട് | 0.8 | | ✓ |
| | വെട്ടം ചീർപ്പ്സബ്സെന്റർ – പുളിഞ്ചോട് | 1 | | ✓ |
| | പുളിഞ്ചോട്– തിരുത്തിപ്പറമ്പ് കോളനി | 1 | | ✓ |
| 14. | ഇസ്മായിൽ നഗർ – മൗലാന ഇടവഴി– പഴയ പള്ളി | 0.8 | ✓ | ✓ |
| | കൂട്ടായി അങ്ങാടി – വടക്കെ കടവ് | 0.4 | ✓ | ✓ |
| | തീരദേശ പാരലൽ റോഡ് | 1.5 | ✓ | |
| | ഇസ്മായിൽ നഗർ – പഴയ കടവ് | 0.4 | | |
| 15. | തേവർ കടപ്പുറം – അഴീക്കൽ – കാശ്മീർ | 2 | ✓ | ✓ |
| | പുത്തനങ്ങാടി – ബീച്ച്റോഡ് | 0.8 | | |

8. കനോലികനാലിന് പറവണ്ണ, തീണ്ടാപ്പടി, വെട്ടം ചീർപ്പ് എന്നിവിടങ്ങളിൽ റോഡ് പാലം നിർമ്മിക്കുക.

9. കാനൂർ - വിദ്യാനഗർ റോഡുകൾ മുട്ടുച്ച് കനോലികനാലിന് മരപ്പാലം പണിയുക.

10. കൂട്ടായി-ടിപ്പുസുൽത്താൻ റോഡ് തീരദേശ ഹൈവെ ആക്കാൻ ശ്രമം നടത്താവുന്നതാണ്.

11. ഇടവഴികളും, നടവഴികളും ഇല്ലാതാക്കി മതിലോ, വേലിയോ കെട്ടുന്നത് നിയമം മൂലം തടയുക.

12. റോഡുകളിലെ ഡ്രെയിനേജുകളും മൺഓടകളും മണ്ണിട്ട് മൂടി സ്വകാര്യ സ്ഥലങ്ങളിലേക്ക് വഴിയൊരുക്കുന്ന പ്രവണത അവസാനിപ്പിക്കുകയും ആവശ്യമുള്ളിടത്ത് ഇരുവശവും കെട്ടി മുകളിൽ സ്ലാബിട്ട് വഴിയുണ്ടാക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്.

13. കനോലികനാലിന് സമാന്തരമായി ഏതെങ്കിലും പാർശ്വവക്കിൽ ടാർ ചെയ്ത റോഡ് നിർമ്മിക്കുക.

14. ടിപ്പുസുൽത്താൻ റോഡിന് സമാന്തരമായി വാക്കാട് നിന്നും കൂട്ടായിലേക്ക് പോകുന്ന വാക്കാട് ബീച്ച്-കാൾമീർ റോഡ്, വാക്കാട് നിന്നും വടക്കോട്ട് നീട്ടി ഉണ്ണ്യാലുമായി ബന്ധിപ്പിക്കുക.

15. താനൂർ-തീണ്ടാപ്പടി റോഡ് കനോലികനാലിന്റെ ഓരത്ത് കൂടി തീണ്ടാപ്പടിയിലേക്ക് ബന്ധിപ്പിക്കുക.

16. പരിയാപുരത്ത് നിന്നും വെട്ടം ചീർപ്പിലേക്ക് പോകുന്ന PWD റോഡിന് സമാന്തരമായി ഇല്ലത്തെ പടി - മഹിളാ സമാജം റോഡ്, തീണ്ടാപ്പടി- വെട്ടത്തു കാവ് റോഡ്, വെട്ടത്തുകാവ് - ആശാരിമൂല റോഡ്, പുളിഞ്ചോട്- വെട്ടം ചീർപ്പ് റോഡ് എന്നിവ പരസ്പരം ബന്ധിപ്പിക്കുന്നത് നന്നായിരിക്കും.

17. പ്രധാന സ്റ്റോപ്പുകളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

18. കൂട്ടായി, വെട്ടം, മംഗലം എന്നിവിടങ്ങളിൽ നിന്നും KSRTC ദീർഘദൂര സർവ്വീസുകളും കൂടുതൽ ബസ് സർവ്വീസുകളും ആരംഭിക്കുക.

19. ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ റോഡിന്റെ പാർശ്വഭാഗങ്ങളിലേക്ക് പരമാവധി ഒതുക്കി നിർത്തുക.

20. റോഡിലേക്ക് തൂങ്ങി നിൽക്കുന്ന മരചില്ലകൾ അപ്പപ്പോൾ മുറിച്ചു മാറ്റേണ്ടതാണ്.

21. കൂട്ടായിയിൽ ബസ്സ് സ്റ്റാന്റ് നിർമ്മിക്കുക.

22. കാരാറ്റ് കടവിൽ പാലം നിർമ്മിക്കുക.

23. വഴിച്ചാലുള്ള തോടുകൾക്ക് നടപ്പാലമോ, ആവശ്യമെങ്കിൽ ചീർപ്പ് പാലമോ നിർമ്മിക്കുക.

24. ആലിൻചുവടിനെ തേവർ കടപ്പുറവുമായി ബന്ധപ്പെടുത്താൻ റോഡ് പാലം നിർമ്മിക്കുക.

25. പുതിയ മൺ റോഡുകളുടെ നിർമ്മാണം ശ്രമദാനം ആക്കുക.

26. ഒന്നര വ്യാഴവട്ടത്തിന് മുമ്പ് നിലച്ച് പോയതും ആധുനിക കാലഘട്ടത്തിലെ വളരെ ചെലവ് ചുരുങ്ങിയതുമായ ജലഗതാഗതം പുനരാരംഭിച്ചാൽ യാത്രാ-ചരക്ക് ഗതാഗതത്തിനും ടൂറിസം വികസനത്തിനും ഇത് ആക്കം കൂട്ടും. ഇതിന് വേണ്ടി ഗവൺമെന്റ് ബോട്ട് സർവ്വീസോ അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ കൂട്ടായ സംരംഭമോ, ബ്ലോക്ക് പഞ്ചായത്തിന്റെ മേൽ നോട്ടത്തിലുള്ള സർവ്വീസോ ഇതിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്.

27. നിലവിലുള്ള റോഡുകളുടെ സമീപത്തുള്ള പാറമ്പുടമസ്ഥൻമാർ പാർശ്വങ്ങളിൽ നിന്നും മണ്ണ് കിളച്ച് കയറ്റുന്നത് കർശനമായും തടയേണ്ടതാണ്.

## നടപ്പാലങ്ങൾക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ

**വാർഡ് നിർദ്ദേശിക്കുന്ന സ്ഥലം.**

1. അരിക്കാഞ്ചിറ-ലക്ഷം വീട് റോഡിനടത്തുള്ള തോട്ടിൽ.
2. വിദ്യാനഗറിന് നേരെ-കനോലികനാലിൽ.
3. പള്ളിപറമ്പിനെയും ജനതാബസാറിനെയും ബന്ധിപ്പിക്കാൻ കനോലികനാലിൽ.
4.

H88



❋ ലക്ഷം വീട്-ബീച്ച് റോഡിൽ ആവി പുഴക്ക് കുറുകെ.

❋ ബനാത്ത്-ബീച്ച് റോഡിൽ ആവിപുഴക്ക് കുറുകെ.

❋ എം. ഇ.എസ് - ബീച്ച് റോഡിൽ ആവിപുഴക്ക് കുറുകെ.

6. വൈശ്യം കണ്ടിപാലം റോഡ് അവസാനിക്കുന്നസ്ഥലത്ത് കനോലി കനാലിൽ.

7.

❋ തലൂക്കര MLA റോഡിലേക്ക്

❋ കാരാറ്റുകടവിൽ 7,8, വാർഡുകളെ ബന്ധിപ്പിക്കാൻ.

8.

❋ ആമത്തോടിന് സമീപം അമ്മാട്ടിൽ പറമ്പിലേക്ക്

❋ മംഗത്തേ പാടത്തേക്കുള്ള തോട്ടിൽ.

❋ കോപ്പി പടിയിൽ 7,8 വാർഡുകൾ ചേരുന്ന തോടിന്.

❋ തൊട്ടിയിലങ്ങാടി തോട്ടിൽ.

❋ ലക്ഷം വീട് തോട്ടിൽ

❋ അപ്പുണ്ണിപടിയിൽ റെഗുലേറ്ററിനടത്തുള്ള തോട്ടിൽ

9.

❋ കാഞ്ഞിരകുറ്റി ബീച്ചിൽ ആവിപ്പുഴക്ക്.

❋ കോതപറമ്പ് - ബീച്ച് റോഡിൽ

❋ നടക്കായിതോട് ആവിപ്പുഴയ്ക്കു പാലം.

10. അരയൻ കടപ്പുറത്തിന് പടിഞ്ഞാറ് ഭാഗത്ത് നടക്കായിത്തോട്ടിൽ ആവിപ്പുഴക്ക് പാലം.

13.

❋ ടി.കെ. കനാലിന് കാഞ്ഞിരങ്ങാടിനെയും വാളക്കുഴിയെയും ബന്ധിപ്പിക്കാൻ.

❋ കുറ്റിയിൽ സ്ക്കൂളിന് പടിഞ്ഞാറ് കടാൻ തോട്.

❋ അംഗനവാടിക്ക് പടിഞ്ഞാറ് വെള്ളാസൽ തോട്.

❋ അഞ്ചുകണ്ടത്തിൽ എട്ടടിതോട്.

❋ പടിയത്ത് പാടം തോട്.

14.

❋ കൂട്ടായി പുഴക്കൽ പള്ളിക്ക് സമീപം

❋ തെക്കെ കടവും മാടത്ത പടന്നയും ബന്ധിപ്പിക്കാൻ.

❋ നടുക്കണ്ടിക്കാരുടെ തോട്ടിലെ 4 പാലം

15. 4,9,15 വാർഡുകളെ ബന്ധിപ്പിക്കാൻ അഴിക്കലിൽ പാലം.

# ഊർജ്ജം

ദൈനംദിന ജീവിതത്തിനാവശ്യമായ വിവിധ ഊർജ്ജങ്ങളുടെ സമാഹരണത്തിന്റെയും സംരക്ഷണത്തിന്റെയും കാര്യത്തിൽ നമ്മുടെ ഗ്രാമം പുറകിലാണെന്നത് വസ്തുതയാണ്. അത്യാവശ്യങ്ങളായ വൈദ്യുതോർജ്ജവും താപോർജ്ജവും വേണ്ടരീതിയിൽ സംരക്ഷിച്ച് അവശ്യ മേഖലയിലേക്ക് മാത്രം തിരിച്ച് വിടാനുള്ള അജ്ഞതയോ, അലസതയോ മൂലം ഈ ഊർജ്ജങ്ങളുടെ ഗണ്യമായ നഷ്ടം മൊത്തത്തിൽ നമ്മെ സാരമായി ബാധിച്ചിട്ടുണ്ട്. ഇത്തരം ഊർജ്ജനഷ്ടം വലിയ രീതിയിൽ തന്നെ കുറയ്ക്കുവാൻ ഫലപ്രദമായ ബോധവൽക്കരണം കൊണ്ട് സാധ്യമാവുമെന്നു തന്നെയാണ് പ്രതീക്ഷ. ഊർജ്ജ സ്രോതസുകളുടെ അപര്യാപ്തത പരിഹരിക്കുവാനുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സേവനം കൂടുതൽ മെച്ചപ്പെടുത്തിയാൽ നമ്മുടെ ഗ്രാമത്തിൽ മത്സ്യ - കാർഷിക-വ്യാവസായിക മേഖലയിൽ ഒരു ത്വരിത വിപ്ലവം തന്നെ സൃഷ്ടിക്കാനാവുമെന്നതിൽ സംശയമില്ല.

1953ൽ വെട്ടം പഞ്ചായത്തിൽ മംഗലം ദേശത്താണ് വൈദ്യുതി ആദ്യമായി ലഭ്യമായി തുടങ്ങിയത്. പിന്നീടത് പഞ്ചായത്തിന്റെ മധ്യ- പടിഞ്ഞാറൻ മേഖലകളിലേക്കും വ്യാപിച്ചു. ഇത് വരെയായിട്ടും ചില വാർഡുകളിലെ ചില മേഖലകളിൽ വൈദ്യുതി എത്തിനോക്കിയില്ലാ എന്നത് നാം ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. വിവിധ മേഖലകളിലായി 4930 വൈദ്യുത ഉപഭോക്താക്കളുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു ഇലക്ട്രിക് സെക്ഷൻ ഓഫീസ് പോലുമില്ല എന്നത് അത്യന്തം ഖേദകരമായ വസ്തുതയാണ്. തിരൂർ, ആലത്തിയൂർ സെക്ഷനുകളിൽ നിന്നുമാണ് ഇവിടെ വൈദ്യുതവിതരണം നടത്തുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ വൈദ്യുത ചാർജ് അടയ്ക്കുന്നതിന് വേണ്ടി 3 മുതൽ 14 കിലോമീറ്റർ ദൂരങ്ങളിലുള്ള ആഫീസുകളെ ആശ്രയിക്കേണ്ട ദുര്യോഗമാണ് ഇന്നുള്ളത്. KSEBയുടെ കണക്കനുസരിച്ച് ഉപഭോക്താക്കളിൽ 67% ഗാർഹിക മേഖലയിലും, 23% വ്യാപാര മേഖലയിലും, 9% കാർഷിക മേഖലയിലും, 1% വ്യാവസായിക മേഖലിയുമാണുള്ളത്. അധികൃതരുടെ കണക്കുകളനുസരിച്ച് വിവിധ കപ്പാസിറ്റിയിലുള്ള 23 ട്രാൻസ്ഫോർമറുകളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ ഭൂരിഭാഗവും അമിതഭാരം വഹിക്കുന്നവയാണ്. തൻമൂലം

വൈദ്യുതിയുടെ പീക് ലോഡ് സമയത്ത് (വൈകുന്നേരം 6 മുതൽ 9 വരെ) എരിയുന്ന ബൾബുകൾ കാണുവാൻ പോലും പ്രയാസമായത്രയും രൂക്ഷമായ വോൾട്ടേജ് ക്ഷാമമാണ് ഉപഭോക്താക്കൾ നേരിട്ട് കൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും നിവിലുള്ളവയുടെ ഭാരം കുറക്കുവാനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ ഗ്രാമസഭകളും ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള എനർജി മീറ്ററുകളിൽ 50 ശതമാനത്തിലധികവും കേടായതിനാൽ തെറ്റായും ഊഹിച്ചും റീഡിംഗ് എടുക്കുന്നത് ഉപഭോക്താക്കളെ സാരമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും സൂചിപ്പിക്കുന്ന പട്ടിക അനുബന്ധപ്പെടുത്തുന്നുണ്ട്. പുതിയ ട്രാൻസ്ഫോർമറുകൾ അടിയന്തിരമായി സ്ഥാപിക്കേണ്ട സ്ഥലങ്ങളെ കുറിച്ചുള്ള പട്ടികയും അനുബന്ധപ്പെടുത്തുന്നുണ്ട്.

പഞ്ചായത്തിൽ 6 ഫ്ളൂറസെന്റ് ട്യൂബുകളടക്കം 217 സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാണ്. എന്നാൽ ഇനിയും അത്യാവശ്യ തെരുവുകൾ ഇരുട്ടിലാണെന്നത് വിസ്മരിച്ച് കൂടാ. കഴിഞ്ഞ സാമ്പത്തിക വർഷവും തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ പഞ്ചായത്ത് 32576 രൂപ ചെലവഴിച്ചെങ്കിലും ജീവനക്കാരുടെ അപര്യാപ്തത മൂലവും അനാസ്ഥ മൂലവും പല സ്ട്രീറ്റ്ലൈറ്റുകളും സമയത്തിന് തെളിയാറില്ല എന്നത് ഗൗരവമേറിയ പ്രശ്നമായി തന്നെ അവശേഷിക്കുന്നു. ജിവനക്കാരുടെ അനാസ്ഥ മൂലം പ്രേഷണ വിതരണ രംഗങ്ങളിലും പലപ്പോഴും ദിവസങ്ങളോളം വൈദ്യുതിയില്ലാത്ത അവസ്ഥ സൃഷ്ടിക്കാറുണ്ട്.

പഞ്ചായത്തിലെ 75 ശതമാനത്തിലധികം വീടുകളിലും പാചകത്തിന് വിറക് ആണ് ഉപയോഗിക്കുന്നത്. എന്നാൽ പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവുമാണ്. തൻമൂലം ഉൽപ്പാദിപ്പിക്കുന്ന താപോർജ്ജത്തിന്റെ വലിയൊരുഭാഗം സ്ഥിരമായി നഷ്ടപ്പെട്ട് കൊണ്ടിരിക്കുകയാണ്. ഇവിടെ ബോധവൽക്കരണത്തിന്റെ അപര്യാപ്തത നിഴലിക്കുന്നുണ്ട്. ഇത്തരത്തിൽ
മുന്നോട്ട് പോയാൽ വിറകിന്റെ ദൗർലഭ്യത ഭാവിയെ ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വൈദ്യുതി ഉപയോഗിച്ച് പാചകം നടത്തുന്നവർ ഒരു ശതമാനത്തിൽ താഴെ മാത്രമേ വരൂ. ബാക്കിയുള്ളവർ പാചകത്തിന് മണ്ണെണ്ണയും പാചക ഗ്യാസുമാണ് ആശ്രയിക്കുന്നത്. എന്നാൽ പൊതു വിതരണരംഗത്തെ മണ്ണെണ്ണയും പാചകഗ്യാസും ആവശ്യത്തിന് ലഭ്യമല്ലാതെ വരുന്നത് രൂക്ഷമായ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി ഗ്രാമസഭകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു.

## സാധ്യതകൾ:

1. വൈദ്യുതിയുടെ പ്രേഷണ - വിതരണ രംഗത്തെ പ്രധാന തടസ്സമായ മരച്ചില്ലകൾ സമയാസമയങ്ങളിൽ മുറിച്ച് മാറ്റുവാൻ പ്രദേശിക തലങ്ങളിൽ സംവിധാനമുണ്ടാക്കാവുന്നതാണ്.
2. സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി നീണ്ട പട്ടികകൾ തന്നെ ഗ്രാമസഭകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആവശ്യങ്ങളുടെ തീവ്രത മനസ്സിലാക്കി എത്രയും വേഗം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. സ്ട്രീറ്റ്ലൈറ്റുകൾക്ക് ആവശ്യമായ മെയിന്റൻസുകൾ നടത്തുവാൻ പ്രാദേശിക സമിതികൾ രൂപീകരിക്കാവുന്നതാണ്. എല്ലാ വാർഡുകളിലെയും പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്.
3. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും പഴകിയ ദ്രവിച്ച ഇലക്ട്രിക് പോസ്റ്റുകളാണുള്ളത്. ഇവ ഏത് സമയത്തും നിലം പതിക്കാവുന്ന അവസ്ഥയിലുമായതിനാൽ ഇവ എത്രയും വേഗം മാറ്റി കോൺക്രീറ്റിന്റെയോ ഇരുമ്പിന്റെയോ കാലുകൾ സ്ഥാപിച്ച് അപകടങ്ങൾ ഇല്ലാതാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. അമിത ലോഡുള്ള ട്രാൻസ്ഫോർമറുകളുടെ ഏരിയയിൽ പുതിയ ട്രാൻസ് ഫോർമറുകൾ സ്ഥാപിച്ചാൽ ഒരു പരിധിവരെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്.
5. കൂട്ടായി. പറവണ്ണ പ്രദേശങ്ങളിലെ തീരത്ത് സെർച്ച് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.
6. പഞ്ചായത്തിൽ ഒരു ഇലക്ട്രിക് സെക്ഷൻ ആഫീസ് സ്ഥാപിക്കേണ്ടതാണ്.
7. നമ്മുടെ പഞ്ചായത്തിലെ തീരദേശത്ത് തിരമാലകളിൽ നിന്നും. കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാനുതകുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടാവുന്നതാണ്.
8. സൂര്യപ്രകാശം നന്നായി ലഭിക്കുന്ന സ്ഥലമായതുകൊണ്ട് സ്ട്രീറ്റ്ലൈറ്റുകൾ
തെളിയിക്കുവാൻ സോളാർസെല്ലുകൾ ഉപയോഗിക്കാവുന്നതാണ്.
9. സ്ട്രീറ്റ്ലൈറ്റുകൾക്ക് വേണ്ടി മാത്രം പ്രത്യേകം

ലൈൻ ഉപയോഗിക്കുകയും ഇതിൽ നിന്ന് മറ്റ് ഉപഭോക്താക്കളെ ഒഴിവാക്കുകയും ചെയ്താൽ തരതമ്യേന ഉയർന്ന പ്രകാശം ലഭ്യമാക്കാൻ സാധിക്കും.

10. മണ്ണെണ്ണ ആവശ്യത്തിന് പൊതുവിതരണ ശൃംഖല വഴി ലഭ്യമാക്കുക.

11. പൊതുവിതരണ മേഖലയിൽ ഒരു പാചകഗ്യാസ് ഏജൻസി സ്ഥാപിക്കുക.

12. പുകയില്ലാത്ത അടുപ്പുകളെയും പ്രഷർകുക്കറുകളെയും ഊർജ്ജസംരക്ഷണത്തെയും സുരക്ഷയെയും പറ്റി ബോധവൽക്കരണം നടത്തുക.

13. തെരുവ് വിളക്കുകൾക്ക് പ്രത്യേകം മീറ്റർ സ്ഥാപിക്കുക.

14. കോളനി വൈദ്യുതീകരണം സൗജന്യമാക്കുക.

പട്ടിക 1

### നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

| നമ്പർ | പേര് | കപ്പാസിറ്റി. |
|---|---|---|
| 1. | ചേന്നര | 160 KVA |
| 2. | കൂട്ടായികടവ് | 100 KVA |
| 3. | തൊട്ടീലങ്ങാടി | 100 KVA |
| 4. | പുല്ലൂണി | 250 KVA |
| 5. | അന്നശ്ശേരി | 100 KVA |
| 6. | കൂറ്റിയിൽ | 160 KVA |
| 7. | വെട്ടം | 100 KVA |
| 8. | മാങ്ങാട്ടിരി | 160 KVA |
| 9. | പച്ചാട്ടിരി | 63 KVA |
| 10. | പരിയാപുരം | 100 KVA |
| 11. | വെട്ടം ആലിശ്ശേരി | 100 KVA |
| 12. | തീണ്ടാപ്പടി | 100 KVA |
| 13. | K M S | 100 KVA |
| 14. | വാക്കാട് | 100 KVA |
| 15. | താനൂർ | 63 KVA |
| 16. | കൂട്ടായി ഐസ്പ്ലാന്റ് | 160 KVA |
| 17. | കൂട്ടായി ടൗൺ | 160 KVA |
| 18. | വാടിക്കൽ | 100 KVA |
| 19. | അരിക്കാഞ്ചിറ-1 | 100 KVA |
| 20. | അരിക്കാഞ്ചിറ-2 | 100 KVA |
| 21. | പച്ചാട്ടിരി I | 160 KVA |
| 22. | പച്ചാട്ടിരി II | 100 KVA |
| 23. | ഏറ്റിരികടവ് | 63 KVA |

പട്ടിക 2

### പുതുയതായി സ്ഥാപിക്കേണ്ട ട്രാൻസ് ഫോർമറുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന സ്ഥലം | കപ്പാസിറ്റി |
|---|---|---|
| 2 | കാനൂർ | 160 KVA |
| 6 | വൈശ്യംകണ്ടിപാലം | 100 KVA |
| 8. | കൂട്ടായി കടവ് | 100 KVA |
| 8. | സിണ്ടിക്കേറ്റ് | 100 KVA |
| 10 | കൂട്ടായി നോർത്ത് | 160 KVA |
| 10 | സലാമത്ത് നഗർ റോഡ് | 160 KVA |
| 12 | നേർകൂട്ടായി | 160 KVA |
| 13. | പുളിഞ്ചോട് | 100 KVA |
| 13. | വെട്ടം ചീർപ്പ് | 160 KVA |
| 13. | നാരായണൻ പടി | 100 KVA |



# പാർപ്പിടവും സാമൂഹ്യ ക്ഷേമവും.

തയ്യാറാക്കിയത്

എ. ദാസൻ

സി. അബ്ദു.

എ. ബഷീർ

സരോജനി

സീത

സരസ്വതി

വിക്റ്റർ രാജ്

## പാർപ്പിടം.

പഞ്ചായത്തിൽ 52% മത്സ്യതൊഴിലാളികളും 27% കർഷക തൊഴിലാളികളും, ബാക്കി 21% ഇടത്തര ക്കാരും മറ്റുള്ളവരുമാണ്. വിദ്യാഭ്യാസ പരമായും സാംസ്ക്കാരികമായും, നമ്മുടെ പഞ്ചായത്തിലെ ജനങ്ങളെ രണ്ടു ഭാഗമായി തരം തിരിക്കാം. കനോലി-കനാലിന് കിഴക്കു ഭാഗത്തുള്ളവർ താര തമ്യേന വിദ്യാഭ്യാസപരമായും സാംസ്ക്കാരികപര മായും ഉയർന്ന നിലവാരം പുലർത്തുമ്പോൾ കനോലീ-കനാലിന് പടിഞ്ഞാറു ഭാഗത്തുള്ളവർ പ്രസ്തുത കാര്യങ്ങളിൽ ഇപ്പോഴും പിന്നോക്കാവ സ്ഥയിലാണ്.

പഞ്ചായത്തിലെ മൊത്തം വീടുകളെ സംബന്ധിച്ച സ്ഥിതി വിവരക്കണക്ക് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിക്കുന്നു.

വാർഡ്, ആകെ വിടുകൾ, ടെറസ്സ്, ഓട്, കുടിൽ ,കുടിവെള്ളം ഇല്ലാത്തവർ, വൈദ്യുതി ഇല്ലാത്തവർ, കക്കൂസ് ഇല്ലാത്തവർ, വീടില്ലാത്ത കുടുംബങ്ങൾ എന്നീ ക്രമത്തിൽ

1, 465, 148, 220, 97, 121, 170, 112, 118.
2, 441, 95, 200, 146, 110, 194, 115,51.
3, 365, 101, 156, 108, 42, 89, 75, 355
4, 461, 60, 201, 200, 220, 220, 100, 61.
5, 420, 70,180,170, 80, 120, 110, 70.
6, 583, 97, 145, 341, 270, 350, 247, 38.
7, 333, 52, 149, 132, 240, 200, 36, 40.
8, 54, 102, 207, 205, 210, 240, 116, 25.
9, 738, 52, 117, 569, 210, 325, 300, 150.
10, 463, 54, 106, 303, 300, 200, 150, 100.
11, 211, 27, 107, 77, 100, 110, 100, 20.
12, 419, 36, 105, 278, 210, 220, 180, 70
13, 560, 150, 100, 310, 200, 210, 180, 70.
14, 221, 19, 88, 114, 51, 118, 55, 10.
15, 322, 6, 16, 300, 250, 300, 240, 50.

പഞ്ചായത്തിൽ 6516 വീടുകൾ ഉണ്ട്. അതിൽ 1069 വീടുകൾ ടെറസ്സും 2097 വീടുകൾ ഓടും 3350 വീടുകൾ കുടിലുകളും ആണ്. കൂടാതെ, കുടിവെള്ളമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ചും വൈദ്യുതി കക്കൂസ് വീടില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ചും മേൽപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 10% ത്തോളം വീടുകളാണ് കടപ്പ, മാർബിൾ, മൊസൈക്ക് എന്നിവകൊണ്ട് നിർമ്മിച്ചിട്ടുള്ളത്. ഗൾഫ് പണത്തിന്റെ സ്വാധീനം മൂലം കടപ്പമാർബിൾ മൊസൈക്ക് എന്നിവയിൽ ജനങ്ങൾ ഭ്രമിച്ചുപോകുന്നവരായി കാണപ്പെടുന്നു പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വയലുകൾ നികത്തി വീട് വെയ്ക്കുന്ന പ്രവണത ധാരാളമായി കണ്ടുവരുന്നു. മുൻപ് അനുവദിച്ച കുടികിടപ്പിൽ ഒരു കുടികിടപ്പുകാരനാണ് ഉണ്ടായിരുന്നെങ്കിൽ ഇന്ന് രണ്ടും, മൂന്നും, കുടുംങ്ങൾ ഈ കുടികിടപ്പിൽ തന്നെയാണ് താമസിക്കുന്നത്. ഇതുമൂലം പാർപ്പിട ദൗർലഭ്യം അനുഭവപ്പെടുന്നു. തീര പ്രദേശങ്ങളിൽ മുൻപുണ്ടായിരുന്ന ഓരോ മത്സ്യതൊഴിലാളി കുടുംബങ്ങളിലും, നാലും, അഞ്ചും കുടുംബങ്ങൾ ഇന്ന് മാറി താസമിക്കുന്നവരാണ്. ഇതുമൂലം തീരപ്രദേശങ്ങളിലും, പാർപ്പിട ദൗർലഭ്യം അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ഭവന നിർമ്മാണ വായ്പയ്ക്ക് തിരൂർ അർബ്ബൻ ബാങ്ക്,തിരൂർകാർഷിക വികസന ബാങ്ക്, ജില്ലാ സഹകരണ ബേങ്കിന്റെ തിരൂർ ശാഖ ഭവന നിർമ്മാണ സഹകരണ സംഘം തുടങ്ങിയവയെയാണ് ആശ്രയിക്കുന്നത്. വായ്പ ലഭിക്കുന്നതിന് ബാങ്ക് നിയമങ്ങൾ സാങ്കേതിക കാരണങ്ങൾ തുടങ്ങി നൂലാമാലകളും അമിതമായ പലിശയും കാരണം ബാങ്ക് വായ്പ കിട്ടാകനിയാണ്.

മത്സ്യതൊഴിലാളികുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, മത്സ്യതൊഴിലാളി സഹകരണ സംഘം, മത്സ്യഫെഡ്,എന്നീ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭ്യമാണെങ്കിലും, സ്വന്തമായി ഭൂമിയില്ലാത്തതിനാൽ പ്രസ്തുത കുടുംബങ്ങൾക്ക് ഈ സഹായം ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു ഭവന നിർമ്മാണത്തിന് സർക്കാരും, വിവിധ ഏജൻസികളും പോർട്ടിംഗ് ചാർജ്ജ് എന്നിവയ്ക്ക് അപര്യാപ്തമാണ്. ആയതിനാൽ അനുവദിക്കുന്ന തുക കൊണ്ട് വീട് പൂർത്തിയാക്കുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. പഞ്ചായത്തിൽ കനോലി-കനാലിന്റെ കിഴക്ക് ഭാഗങ്ങളിൽ കാലവർഷത്തിലുണ്ടാകുന്ന വെള്ളപ്പൊക്കം മൂലം, വീട് വീണുപോകുകയോ, നാശനഷ്ടം സംഭവിക്കുകയോ ചെയ്യാറുണ്ട്. അതുപോലെ തീരപ്രദേശങ്ങളിൽ പ്രകൃതിക്ഷോഭവും,കടലാക്രമണവും മൂലം വീടുകൾ നശിച്ചുപോകുകയോ, കേടുപാടുകൾസംഭവിക്കുകയോ ചെയ്യാറുണ്ട്. ഇത്തരം വീടകുളുടെ കേടുപാടുകൾ തീർക്കുന്നതിനും, വീടുകളുടെ പുനരുദ്ധാരണത്തിനും, ആനുകൂല്യങ്ങൾ റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്നണ്ടെങ്കിലും അവ തീരെ പര്യാപ്തമല്ല.

വീട് കത്തിപോകുക തുടങ്ങിയ അത്യാഹിത സംഭവകങ്ങളുണ്ടായാൽ അവയുടെ പുനർ നിർമ്മാണത്തിന് അനുവദിക്കുന്ന തുകയും പര്യാപ്തമല്ല.

തീരദേശ സംരക്ഷണ നിയമം മൂലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വീടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾ ചെയ്യുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതുമൂലം ഭവനനിർമ്മാണ രംഗത്ത് വലിയ പ്രതിസന്ധി നേരിടുകയാണ്. വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ഭവനനിർമ്മണ വായ്പകളും മറ്റും സർക്കാർ ആനുകൂല്യങ്ങളും തടസ്സപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഭവന നിർമ്മാണത്തിന് ആവശ്യമായ വിഭവങ്ങളൊന്നും ലഭിക്കുന്നില്ല. കല്ലു മുതൽ മണൽ വരെ ഇറക്കുമതി ചെയ്യേണ്ട അവസ്ഥയാണുള്ളത്. ഇതുമൂലം മറ്റു ആറു പഞ്ചായത്തുകളെ അപേക്ഷിച്ച് അധിക ചെലവുകളാണുള്ളത്. ഭവന നിർമ്മാണ രംഗത്ത് വിദഗ്ധരായ തൊഴിലാളികളുടെ ദൗർലഭ്യത വളരെ പ്രകടമായാണുള്ളത്. ഈ രംഗത്ത് മറ്റു സ്ഥലങ്ങളിൽ നിന്ന് ഇറക്കുമതി

ചെയ്ത തൊഴിലാളികളാണ് പ്രവർത്തിച്ചു പോരുന്നത്. പഞ്ചായത്തിൽ അധികവും ഓലകൊണ്ട് മേഞ്ഞതോ, ഓലകൊണ്ട് മുഴുവായും നിർമ്മിച്ച വീടുകളാണുള്ളത്. കാലാകാലങ്ങളിൽ ഇവ കെട്ടി മേയുന്നതിന് ആവശ്യമായ വിഭവങ്ങൾ (ഓല,മുള, കവുങ്ങ്) പഞ്ചായത്തിൽ ലഭ്യമല്ലാതത്തിനാൽ, പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലും, വിശിഷ്യാ തീരപ്രദേശത്തും ഇവയുടെ ക്ഷാമം നേരിടുന്നു. ഇത് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. പുഴയുടെ തീരങ്ങളിലുള്ള വീടുകളും കടൽ തീരത്ത് നിർമ്മിച്ചിട്ടുള്ള വീടുകളും പ്രകൃതി ക്ഷോഭിത്തിന്റെയും, കടലാക്രമണത്തിന്റെയും ഭീതിസാധാനിലനിൽക്കുന്നു. ഇവയുടെ സംരക്ഷണത്തിന് പുഴയുടെ തീരങ്ങളിൽ പുഴഭിത്തിയും,കടൽ തീരങ്ങളിൽ കടൽ ഭിത്തിയും കെട്ടിപ്രസ്തുത വീടുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്.

1985-86 മുതൽ 96-97 വരെ വിവിധ പദ്ധതികളിലായി ലഭിച്ച ഭവനത്തിന്റെ പട്ടിക താഴെ കൊടുക്കുന്നു.

ഭവനലഭ്യത പട്ടിക.

| വർഷം | RLEGP | N.R.E.P | I.A.Y | M.W.S. | J.R.Y |
|---|---|---|---|---|---|
| 1985-86 | 7/SC | 20/SC | | | |
| 1986-87 | 13/SC | | | | |

| വർഷം | RLEGP | N.R.E.P | I.A.Y | M.W.S. | J.R.Y |
|---|---|---|---|---|---|
| 1988-89 | 4/SC | 17/SC | | | |
| 1989-90 | 6/sc | | 5/sc | | |
| 1990-91 | 10/sc | | 2/sc | 3/sc | 2/sc |
| 1991-92 | | | 5/sc | 3/sc | 5/sc |
| 1992-93 | | | 2/sc | | 2/sc |
| 1993-94 | | | 5/sc | | 3/sc |
| 1994-95 | | | 1/sc | 3/sc | |
| 1995-96 | | | 3/sc | 3/sc | |
| 1996-97 | | | 3/sc | | |

മറ്റു ദുർബല ജനവിഭാഗങ്ങൾക്കായി 95-96-ൽ IAY പദ്ധതി പ്രകാരം 3 വീടും, 95-96 ൽ MWS പദ്ധതിപ്രകാരം 1 വീടും 96-97ൽ MWS പദ്ധതി പ്രകാരം 1 വീടും ലഭിച്ചിട്ടുണ്ട്.

**ഭവന നിർമ്മാണ രംഗത്ത് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കുക.**

1. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കുക.

2. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് ഗൃഹനാഥന്റെ സമ്മത പത്രം ആധികാരിക രേഖയാക്കി വായ്പ അനുവദിക്കുക.

3.ബാങ്കിംഗ് നൂലാമാലകളിൽ നിന്ന് വായ്പക്കാരന് ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ദൂരീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

4. വായ്പ ദീർഘകാല അടിസ്ഥാനത്തിലാക്കുക, കൂട്ടുപലിശക്ക് പകരം സാധാരണ പലിശ ഈടാക്കുകയും ഇപ്പോൾ നല്കിവരുന്ന സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.

5. അനുവദിക്കുന്ന സംഖ്യ കാലാകാലങ്ങളിൽ അനുവദിക്കുക.

6. വായ്പ അനുവദിച്ച കുടുംബങ്ങൾ ശരിയായ രീതിയിൽവിനിയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും സമിതികൾ രൂപീകരിക്കുക.

7. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് വായ്പാ പദ്ധതികൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുകയും, അവ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

8. ഭവന നിർമ്മാണ രംഗത്ത് L.I.C തുടങ്ങിയ ഏജൻസികൾ പരമാവധി മുതൽ മുടക്ക് അനുവദിക്കുകയും, അവയ്ക്ക് നിർമ്മാണ രംഗത്ത് ആവശ്യമായ മാനവശേഷി സന്നദ്ധ സംഘടനകളിൽ കൂടി ലഭ്യമാക്കുവാനുള്ള സംവിധാനമുണ്ടാക്കുക.

9. പഞ്ചായത്തിൽ നടപ്പിലാക്കിയ സമ്പൂർണ്ണ സാനിറ്റേഷൻ മാതൃകയിൽ, ഗുണഭോക്താവിന്റെയും, മറ്റു ഡിപ്പാർട്ടുമെന്റിന്റെയും സഹായ സഹകരണത്തോടെ ഭവന നിർമ്മാണ ബോർഡിന് രൂപം നല്കുക.

10. പ്രകൃതി ക്ഷോഭം മൂലം നഷ്ടപ്പെട്ട ഭവനങ്ങളുടെ പുനർനിർമ്മാണം റവന്യൂവകുപ്പിൽ നിന്ന് ഗ്രാമ പഞ്ചായത്തിലേക്ക് മാറ്റുക.

11. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ, വിഭവങ്ങൾ (സിമന്റ്, കമ്പി)നിശ്ചിത വിലക്ക് സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യുക.

12. നിർമ്മാണ രംഗത്ത് ആവശ്യമായ വിദഗ്ധതൊഴിലാളികളുടെ അഭാവം നികത്തുന്നതിന് സന്നദ്ധരായ യുവതീ യുവാക്കൾക്ക് ആവശ്യമായ പരിശീലനം നൽകുക.

13. ഓലമേഞ്ഞ എല്ലാ വീടുകൾക്കും, ഓടുമേയുവാനുള്ള ധന സഹായം നലകുക.

14. എല്ലാ കുടിലുകളും ഓടിട്ട വീടുകളാക്കുക. അതുവരെ കുടിലുകൾക്ക് ഓലക്കു പകരം ആസ്ബെസ്റ്റോസ് വെയ്ക്കുന്നതിന് ആവശ്യമായ ധന സഹായം നൽകുക.

15. ഭവന നിർമ്മാണത്തിന് പൂർണ്ണമായോ, ഭാഗീകമായോ ഉള്ള ആവശ്യക്കാരുടെ ഒരു സമഗ്ര സർവ്വെയും അതോടൊപ്പം ഒരേ വീട്ടിൽ ഒന്നിൽ കൂടുതലായി കഴിയുന്ന കുടുംബങ്ങളുടെ സർവ്വെയും നടത്തുന്നു.

16. തീരപ്രദേശങ്ങളിൽ താമസിക്കുന്നവരെ, വിദ്യാഭ്യാസപരമായും സാംസ്ക്കാരിക പരമായും ഉയർത്തുന്നതിന് ആവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുക.

17. ഭവന നിർമ്മാണത്തിൽ കണ്ടുവരുന്ന ആഡംബര പ്രവണത നിയന്ത്രിക്കുന്നതിനും, അധിക ചെലവ് ഒഴിവാക്കുന്നതിനും, പഞ്ചായത്തിൽ ഹൗസ് പ്ലാനിംഗിന് വിധേയമായി പ്രവർത്തിക്കുവാനുള്ള നിയമമുണ്ടാക്കുക. ഇത്തരം വീടുകൾക്ക് കൂടുതൽ നികുതി ഈടാക്കുക.

18. ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വെയ്ക്കുന്നതിന് ആവശ്യമായ സ്ഥലം, പഞ്ചായത്തിന്റെ പരിധിയിൽപെട്ട പുറം പോക്ക്, തരിശുനിലം, മിച്ചഭൂമി കായൽ പ്രദേശങ്ങൾ തുടങ്ങിയവ കണ്ടെത്തി വിതരണം ചെയ്യുക.

ഈ വക ലക്ഷ്യങ്ങൾ നേടുന്നതിന്, പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും പഞ്ചായത്ത് അധികൃതരുടെയും കൂട്ടായ്മയോടുകൂടി നമുക്ക് ഒന്നിച്ചു മുന്നേറാം.

## സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്ത് രണ്ട് തട്ടിലായാണ് കാണപ്പെടുന്നത്. കനോലികനാലിന് കിഴക്കു ഭാഗത്തും, കനോലീകനാലിന് പടിഞ്ഞാറ് ഭാഗത്തും താമസിക്കുന്നവരിൽ സാമൂഹ്യ രംഗത്ത് വ്യത്യാസം പ്രകടമയി കാണാം. ജില്ലയിൽ നടപ്പിലാക്കിവരുന്ന സാമൂഹ്യ ക്ഷേമ വികസന പദ്ധതികളിൽ പലതും പഞ്ചായത്തിൽ എത്തിയിട്ടില്ല. പ്രത്യേകിച്ചും തീരപ്രദേശത്ത്. തീരപ്രദേശത്തുള്ള ജനങ്ങളുടെ സാമ്പത്തിക സാമൂഹ്യ സവിശേഷതകൾ പ്രത്യേകം കണ്ടുവേണം ക്ഷേമ പ്രവർത്തനത്തിന് രൂപം നൽകുവാൻ. കഴിഞ്ഞ കാലഘട്ടങ്ങളിൽ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അത് തീരെ അപര്യാപ്തമാണ്. തീരപ്രദേശ ജനങ്ങളിൽ ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾ തീരെ കടന്നു വന്നിട്ടില്ല. നാമമാത്രമായ ചില സംരംഭങ്ങൾ ഇവിടെ തുടങ്ങിയിട്ടുണ്ടെങ്കിലും, അത് തുടങ്ങിയിടത്തുതന്നെ അവസാനിച്ചതായി കാണാം. അതുപോലെ ഫിഷറീസ് വകുപ്പ് പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഇവയൊന്നും ജനങ്ങളിൽ എത്തുന്നില്ല. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക,ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ് ആവശ്യത്തിനും സമയത്തിനും കിട്ടായ്ക ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടവയാണ്. പഞ്ചായത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധയിനം സഹായ പദ്ധതികൾ അനർഹർക്കുകൂടി ലഭിക്കുന്നതായി കണ്ടു വരുന്നുണ്ട്.

പഞ്ചായത്തിൽ മത്സ്യതൊഴിലാളികൾ കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ എന്നിവർ ഉണ്ടെങ്കിലും എല്ലാ തൊഴിലാളികൾക്കും മത്സ്യതൊഴിളാലിക്ഷേമ കോർപ്പറേഷൻ വഴിയും, ഫിഷറീസ് ഡിപ്പാർട്ട് മെന്റ് വഴിയും, മത്സ്യഫെഡ് വഴിയും, നൽകുന്ന ക്ഷേമ പ്രവർത്തനങ്ങൾ ലഭിക്കാറില്ല.ഇത് യഥാസമയം ലഭ്യമാകുവാൻ സത്വര നടപടികൾ കൈകൊള്ളണം. പട്ടിക ജാതി കോർപ്പറേഷൻ വഴി വികസന ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നുണ്ടെങ്കിലും, അതിന്റെ ഹെഡ് ഓഫീസ് പാലക്കാടായതിനാൽ ആനുകൂല്യം ലഭിക്കാതെ വരുന്നു. സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് തിരൂർ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിന് (BDO) കീഴിൽ, വെട്ടം, പച്ചാട്ടിരി, എന്നീ രണ്ട് സർക്കി

ളുകളൂടെ മാത്രമാണ് പദ്ധതികൾ ലഭ്യമാകുന്നത്. രണ്ട് V.E.O സർക്കിളുകൾ വഴി നടപ്പിലാക്കിയ പദ്ധതികളുടെ പട്ടിക താഴെ കൊടുക്കുന്നു.

### I.R.D.P. സർവ്വേ സഹായ ലഭ്യതാ വിവരങ്ങൾ

| വർഷം | എണ്ണം | വായ്പ | സബ്സിഡി. |
|---|---|---|---|
| 1992-93 | 58 | 242432.ക | 125612.ക |
| 1993-94 | 86 | 475324.ക | 276428.ക |
| 1994-95 | 85 | 789728.ക | 340220.ക |
| 1995-96 | 70 | 711280.ക | 285974.ക |

രണ്ട് സർക്കിളിലുമായി 92-ലെ I.R.D.P സർവ്വെ പ്രകാരവും, 95ലെ അഡീഷണൽ സർവ്വെ പ്രകാരവുമായി 3520 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണെന്ന് കണ്ടെത്തി. ഇതിൽ നാളിതുവരെയായി 368 പേർക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. സഹായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 188കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയതായി കാണുന്നു. ബാക്കിവരുന്ന മുഴുവൻ കുടുംബങ്ങളേയും ദാരിദ്രരേഖയ്ക്ക് മുകളിൽ എത്തിക്കേണ്ടതായിട്ടുണ്ട്. ദാരിദ്രരേഖയുടെ പരിധി നിലവിലുള്ള പരിധിയിൽ നിന്ന് മാറ്റി 20000 രൂപയാക്കി ഉയർത്തണം. കൂടാതെ ധാരാളം കുടുംബങ്ങൾ ഇനിയും സർവെ ലിസ്റ്റിൽ ഉൾപ്പെടാത്തവരുണ്ട്. അവരെ കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപഭോക്താക്കളെ കണ്ടെത്തൽ എല്ലാ വർഷവും സർവ്വെ നടത്തണം. ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തിരൂർ, സൗത്ത് മലബാർ ഗ്രാമീണബാങ്ക് കൂട്ടായി. എന്നീ സ്ഥാപനങ്ങൾ വഴിയാണ് IRDP ധനസാഹായം ലഭിക്കുന്നത്. തിരൂർ അർബ്ബൻകോഓപ്പറേറ്റീവ് സഹകരണ ബാങ്ക് വഴിയും, വെട്ടം സർവ്വീസ് സഹകരണ ബാങ്ക് വഴിയും, സഹായ ധനം ലഭ്യമാകുവാനുള്ള നടപടികൾ സ്വീകരിക്കണം.

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭം.

വർഷം, തൊഴിൽ സംരംഭത്തിന്റെ ഇനം, അംഗങ്ങളുടെ എണ്ണം, അനുവദിച്ച തുക, സബ്സിഡി എന്നീ ക്രമത്തിൽ.

1992-93 ആട് വളർത്തൽ, ഓല കച്ചവടം, 11, 39100, രൂപ 39100, രൂപ.

1993-94 ആടുവളർത്തൽ, ഓലക്കച്ചവടം " 10 34250 രൂപ 34250 രൂപ

1991-92 കയർ യൂണിറ്റ് 10, 17100 രൂപ, 12200 രൂപ 17100 രൂപ, 12200 രൂപ

1995-96 ആട്, വളർത്തൽ ഓല കച്ചവടം. 11 45600രൂപ, 40,000 രൂപ

1991-92 ലെ സർവ്വെ പ്രകാരം നാളിതുവരെയായി പഞ്ചായത്തിൽ 4 യൂണിറ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് കണക്കുകൾ കാണിക്കുന്നു. ഓരോ വാർഡിലും, 4 യൂണിറ്റുകൾ DWCRA ഇനത്തിൽ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇത്തരം സംരംഭങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കിയാൽ ഒരു പരിധിവരെ സ്ത്രീകളുടെയും, കുട്ടികളുടെയും ക്ഷേമത്തിന് സഹായകമാകും.

### ടൂൾകിറ്റ്

| കൈതൊഴിലുകാരുടെ എണ്ണം. | സഹായം ലഭിച്ചവർ | ഇനി അർഹതയുള്ളവർ |
|---|---|---|
| 60 | 40 | 17 |

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. 1992-93 മുതൽ നാളിതുവരെയായി 40 പേർക്കാണ് സഹായം ലഭിച്ചത്. മൊത്തം 60 പേർക്കാണ് പഞ്ചായത്തിൽ സഹായം ലഭിക്കേണ്ടത്. ഇതിൽ ഇനിയും 20 പേർക്ക് സഹായം ലഭിക്കേണ്ടതുണ്ട്. ഇവർക്ക് തൊഴിൽ ഉപകരണങ്ങൾ ലഭിക്കുവാൻ വേണ്ട സത്വര നടപടികൾസ്വീകരിക്കേണ്ടതാണ് 1992-ൽ നടത്തിയ സർവ്വെ ലിസ്റ്റ് പ്രകാരമാണ് ഈ കണക്കുകൾ കണ്ടെത്തിയിട്ടുള്ളത്.

### ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരങ്ങൾ

വാർഡ് നമ്പർ പരിശീലന വിഷയത്തിന്റെ പേര്, പരിശീലനം ലഭിച്ചവരുടെ എണ്ണം, സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം. ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നീക്രമത്തിൽ,

| | | | | |
|---|---|---|---|---|
| 1 | കംമ്പോസിംഗ് ബുക്ക് ബൈന്റിംഗ്, | 3, | 3, | - |
| 2, | " | 4, | 4, | - |

3 " 1 1 -

4 വയറിംഗ് ഫോട്ടോഗ്രാഫി 4 1 3
5. കമ്പോസിംഗ് ബുക്ക് ബൈന്റിംഗ്, 6 - 10
6 " 17 2 4
7 റോഡിയോ T.V.മെക്കാനിക്ക് 5 1 3

8. കംമ്പോസിംഗ് ബുക്ക് ബൈന്റിംഗ് റോഡിയോ T.V. മെ. 6 2 3

9.

10 പ്രിന്റിംഗ് ബുക്ക് ബൈന്റിംഗ് 2 2 -

11. പ്രിന്റിംഗ് കംമ്പോസിംഗ് 2 1 1

12

13 പ്രിന്റിംഗ് കംമ്പോസിംഗ് 2 1 1

14 " " 1 1 1

1992-93 വർഷം മുതൽ നാളിതുവരെയായി 53 പേർക്ക് പഞ്ചായത്തിൽ ട്രൈസം തൊഴിൽ പരിശീലനം ലഭിച്ചതായി കണക്കുകൾ കാണിക്കുന്നു. എന്നാൽ 19 പേർ മാത്രമാണ് സ്വയംതൊഴിൽ കണ്ടെത്തിയവർ. 34 പേർ പരിശീലനം ലഭിച്ചിട്ടും ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സംരംഭം ആരംഭിക്കാൻ വായ്പാ സൗകര്യം ലഭിക്കുന്നില്ല എന്നാണ് മനസ്സിലാക്കാൻകഴിഞ്ഞത്. ഇത് ഈ പദ്ദതിയുടെഒരു പോരായ്മയാണ്. അതിനാൽ പരിശാനം പൂർത്തിയക്കിയവരെ കണ്ടെത്തി, തൊഴിൽ സംരംഭം തുടങ്ങുവാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിൽ ശ്രദ്ധിക്കണം. ഈ തൊഴിൽ സംരംഭത്തിന് വേണ്ടത്ര വായ്പാ സൗകര്യം ലഭിക്കാത്തതിനാൽ ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ ലഭിക്കാത്ത സ്ഥിതി വിശേഷവും സംജാതമായിട്ടുണ്ട്. അതിനാൽ അവരെ ബോധാന്മാരാക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

### CRSP കക്കൂസുകൾ

| വർഷം | എണ്ണം | S.C |
|---|---|---|
| 1992-93 | 10 | 3 |
| 1993-94 | 11 | 6 |
| 1994-95 | 13 | 1 |

1992-93 മുതൽ രണ്ട് V.E.O സർക്കിളിലൂടെ 34 CRSP കക്കൂസുകൾ ലഭിച്ചിട്ടുണ്ട് അതിൽ 10 കക്കൂസുകൾ Sc വിഭാഗത്തിൽപ്പെട്ടവർക്കാണ് അനുവദിച്ചിട്ടുള്ളത്.കൂടുതൽ ആളുകൾക്ക് കക്കൂസ് ലഭ്യമാക്കുകയും, തുക വർദ്ധിപ്പിക്കുകയും വേണം.

## വില്ലേജ് ഓഫീസുകൾ മുഖേനയുള്ള ക്ഷേമ പദ്ധതികൾ.

വില്ലേജ് ഓഫീസുകൾ മുഖേന വിവിധ ഇനം പെൻഷനുകൾ നിർദ്ധരരായവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ പെൻഷനുകൾ യഥാസമയം ജനങ്ങൾക്ക് കിട്ടാത്ത സ്ഥിതിയുണ്ട് അതുകൊണ്ട് മൂന്നുമാസം കുടുമ്പോഴെങ്കിലും അർഹരായവർക്ക് ലഭിക്കാൻ വേണ്ട സത്വര നടപടികൾകൈകൊള്ളേണ്ടതുണ്ട്. എല്ലാ ഗ്രാമ സഭകളിൽ നിന്നും പെൻഷനുകളെ സംമ്പന്ധിച്ച രൂക്ഷമായആരോപണങ്ങൾ ഗവൺമേന്റ് ശ്രദ്ധിക്കണം. നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം 5000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കണമെന്ന് ഭൂരിഭാഗം ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇപ്പോൾ ലഭ്യമാകുന്ന ധനസഹായം, ഇവരുടെ കൈകളിലെത്തുവാൻ വളരെ യധികം കാലതാമസം പിടിക്കുന്നുണ്ട്. ഇതിനുള്ള ഫണ്ടുകൾ എത്രയും പെട്ടെന്ന് ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിക്കണം. ഗ്രാമപഞ്ചായത്തുകൾക്ക് ഈ പദ്ധതി കൈമാറിയാൽ വളരെയധികം ഉപകാരപ്രദമായിരിക്കുമെന്നാണ് ഗ്രാമ സഭകളിൽ നിന്നും വന്ന നിർദ്ദേശം. കൂടാതെ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന എല്ലാ പെൻഷനുകളും ഗ്രാമ പഞ്ചായത്തുകളിലൂടെ വിതരണം ചെയ്യണമെന്നാണ് ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള പ്രധാന നിർദ്ദേശം. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്നു.

വർഷം വിധവാ പെൻഷൻ വികലാംഗ പെൻഷൻ വാർദ്ധക്യകാല പെൻഷൻ ക്ഷയരോഗപെൻഷൻ ക്യാൻസർ പെൻഷൻ കർഷക തൊഴിലാളി പെൻഷൻ തൊഴിലില്ലായ്മ വേതനം എന്നീ ക്രമത്തിൽ.

| | | | | | |
|---|---|---|---|---|---|
| 1991-92 | 11 | 13 | 1 | 2 | - 607 |
| 1992-93 | 5 | 7 | 1 | 7 | - 629 |
| 1993-94 | 11 | 5 | 6 | 7 | 2 598 |
| 1994-95 | 12 | 2 | 7 | 8 | 2 586 |
| 1995-96 | 8 | 5 | 1 | 9 | - 561 |
| 1996-97 | - | - | - | - | 2 - - |

പഞ്ചായത്തു മുഖേന 37 പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിച്ചിട്ടുണ്ട്. 100ൽ പരം പേരുടെ അപേക്ഷ അംഗീകാരത്തിനായി മേലാധികാരികൾക്ക് അയച്ചിട്ടുണ്ട്.

## പെൻഷനുകൾ

വിധവാ പെൻഷൻ:- വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കണം.

വികലാംഗ പെൻഷൻ:- വികലാംഗത്വം തെളിയിക്കുവാനുള്ള അധികാര സർട്ടിഫിക്കറ്റ് അതാതു താലൂക്കാശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർക്ക് നല്കണം.

കർഷകതൊഴിലാളിപെൻഷൻ:- അനർഹരായവർക്ക് പെൻഷൻ ലഭിക്കുന്നുണ്ട് എന്നാൽ അർഹരായവർക്ക് പല കാരണങ്ങൾ പറഞ്ഞ് തള്ളുന്ന സ്വാഭാവവുമുണ്ട്. അർഹരായവരെ കണ്ടെത്തുവാനുള്ള അധികാരം പഞ്ചായത്തുതല ജനകീയ സമിതികൾ രൂപീകരിച്ച് അതിലൂടെ ഗ്രാമപഞ്ചാചായത്തിന് ശുപാർശ ചെയ്യുവാനുള്ള സംവിധാനം രൂപപ്പെടുത്തണം.

തൊഴിലില്ലായ്മാവേതനം:- അനർഹനായവർ ധാരാളം പേർ തൊഴിലില്ലായ്മാ വേതനം കൈപറ്റുന്നതായി അറിയുന്നു. ശരിയായ അന്വേഷണത്തിലൂടെ അർഹരായവർക്ക് മാത്രം വേതനം നല്കുന്ന സമ്പ്രദായം ആവിഷ്ക്കരിക്കുക.

## അംഗൺവാടികൾ

പഞ്ചായത്തിലെ 15 വാർഡുകളിലായി ICDS ന്റെ കീഴിൽ പ്രവർത്തിക്കുന്ന 35 അങ്കണവാടികളും പഞ്ചായത്ത് നടത്തുന്ന ഒരു ബാലവാടിയും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 6 അങ്കണ വാടികൾക്ക് മാത്രമേ സ്വന്തം കെട്ടിടമൊള്ളു ബാക്കിവരുന്ന എല്ലാ അങ്കണവാടികൾക്കും സ്ഥലവും കെട്ടിടവും ഇല്ല. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യമില്ലായ്മ കളിസ്ഥലങ്ങളുടെ കുറവ് കളിപ്പാട്ടങ്ങളുടെയും പഠനോപകരണങ്ങളുടെയും. പോരായ്മ പാചകംചെയ്യുവാനുള്ള സ്ഥലമില്ലായ്മ എന്നിവ ഇതിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പ്രസ്തുത അംഗനവാടിയിൽ ജോലി ചെയ്യുന്ന ഹെൽപ്പർ, വർക്കർ എന്നിവർക്ക് ഇന്ന് ലഭിക്കുന്ന വേതനം വളരെ തുച്ഛമാണ്. അങ്കണവാടികളിലെ ക്ഷേമ പ്രവർത്തനങ്ങൾക്ക് രൂപം നല്കുമ്പോൾ ഈ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നല്കണം.

## നിർദ്ദേശങ്ങൾ

1. a ബഹുജനപങ്കാളിത്തത്തോടെ സ്ഥലവും, കെട്ടിടവും, ഇല്ലാത്ത അങ്കണ വാടികൾക്ക് ഗ്രാമപഞ്ചഅചായത്ത് ഇവ കണ്ടെത്തുക.

   b അങ്കണവാടി വർക്കർമാരെയും, ഹെൽപർമാരെയും, സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

   c 51 കുട്ടികളിൽ കൂടുതലുള്ള അംഗണവാടികൾക്ക് 2 ഡിവിഷൻ അനുവദിക്കുക.

**2. പുതുതായി വേണ്ട അംഗൺ വാടികൾ.**

വാർഡ് 2 അരിക്കാൻചിറ ഭാഗം
വാർഡ് 3 M.E.S ആശുപത്രിക്ക് സമീപം
വാർഡ് 4 ലക്ഷം വീട് കോളനിക്ക് സമീപം
വാർഡ് 5 ആലിശ്ശേരി കിഴക്കുഭാഗം
വാർഡ് 6 പഞ്ചായത്ത് ഓഫീസിന് സമീപം.
വാർഡ്7 കാരാറ്റ് കടവിന് സമീപം തേറാട്ടിൽ
വാർഡ് 9 സിദ്ധീഖ് പള്ളി, അഴിക്കൽ.
വാർഡ് 11. കോതപറമ്പിൽ.
വാർഡ് 12. ജാറത്തിന് സമീപം.
വാർഡ് 13. കാരാറ്റ് കടവ്, പടിയത്ത് പറമ്പ്.
വാർഡ് 14 കൂട്ടായി തെക്കേകടവ്.
വാർഡ് 15 കായക്കോട് ഭാഗം.

### C.B.N.P (സാമൂഹ്യാധിഷ്ഠിത പോഷകാഹാര ദാരിദ്ര്യശമനപരിപാടി)

ദരിദ്രജനവിഭാഗങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി ദാരിദ്ര്യത്തിന്റെ യാതന ഏറ്റവും അധികം അനുഭവിക്കുന്ന വനിതകളെ അടിസ്ഥാന സേവനങ്ങളും ജീവിത സൗകര്യവും നേടുവാൻ പ്രാപ്തരാക്കുകയും അതുവഴി അവരെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുകയും ചെയ്യുകയാണ് ഈ പരി

പാടിയുടെ ലക്ഷ്യം. അതോടൊപ്പം ദാരിദ്ര്യ ശമനം, പോഷകാഹാരകുറവ് പരിഹരിക്കൽ, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെ പറ്റി ബോധവാന്മാരാക്കുകയും ചെയ്യുന്നു. മിത വ്യായശീലം, സമ്പാദ്യശീലം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും സ്വയം സമ്പാദ്യങ്ങളുംമറ്റു ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉപയോഗിച്ച്സ്വയം തൊഴിൽ ചെയ്യുവാനുള്ള സംരംഭങ്ങളുംഈ പിരപാടിയിൽ ലക്ഷ്യമാക്കുന്നു. ഒരു സർവെ മൂലം കണ്ടെത്തിയ 2685 ദരിദ്രകുടുംബങ്ങളെ (Risk Family) ഏകോപിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഡവലെപ്പ് മെന്റ് സൊസൈറ്റി രൂപീകരിക്കുകയും, അവയ്ക്ക് കീഴിൽ 10 ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റികളും, അവയ്ക്ക് താഴെ 64 അയൽ ക്കൂട്ടങ്ങളും പ്രവർത്തിച്ചുവരുന്നു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സംഘടിപ്പിക്കുവാനുള്ള കഴിവ്, ചർച്ച ചെയ്യുവാനുള്ള കഴിവ്, തീരുമാനമെടുക്കുവാനുള്ള കഴിവ്, പദ്ധതികൾ രൂപീകരിക്കുവാനുള്ള കഴിവ്, നടപ്പിലാക്കുവാനുള്ള കഴിവ്, അവലോകനം ചെയ്യുവാനും വിലയിരുത്തുവാനുമുള്ള കഴിവ് എന്നീ ലക്ഷ്യങ്ങൾ നേടുന്നതിന്, പ്രസ്തുത അയൽ കൂട്ടങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

താഴെ കൊടുത്ത സ്ഥലങ്ങളിൽ ക്രഷുകൾ അനുവദിക്കേണ്ടതാണ്.

1 വാർഡ് 1 ഉം 3 ഉം ചേർന്ന മുറിവഴിക്കൽ.
2. പറവണ്ണ ഹൈസ്ക്കൂളിന് സമീപം.
3. കൂട്ടായി.
4. മംഗലം.
5. വെട്ടം.

### അഗതിമന്ദിരം

പഞ്ചായത്തിലെ സ്ത്രീകൾക്കായി സ്ത്രീ അഗതി മന്ദിരവും വൃദ്ധന്മാർക്കായി വൃദ്ധ അഗതി മന്ദിരവും സ്ഥാപിക്കുക.

### ആവശ്യങ്ങളും നിർദ്ദേശങ്ങളും

a. സമ്പൂർണ്ണ സാനിറ്റേഷൻ പരിപാടിയുടെ ഭാഗമായി നിർമ്മിക്കുന്ന 1600 കക്കൂസുകളും, അനുവദിച്ചവർക്ക് നിർബ്ബന്ധമായും നല്കുക.

b. എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗിക്കത്തക്കവിധം വാർഡ് അടിസ്ഥാനത്തിൽ പൊതുസ്മശാനം നിർമ്മിക്കുക. ഇതിനാവശ്യമായ സ്ഥലം ഗ്രാമ പഞ്ചായത്ത് കണ്ടെത്തി ഏറ്റെടുക്കുക. ബഹുജന പങ്കാളിത്തത്തോടെ സ്ഥലം മതിൽ കെട്ടി സംരക്ഷിക്കുക.

### സന്നദ്ധ സംഘടനകൾ

ധാരാളം സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വളരെ കുറച്ച് സംഘടനകൾ മാത്രമേ സൊസൈറ്റിആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടൊള്ളു. പഞ്ചായത്തിലെ മുഴുവൻ സന്നദ്ധ സംഘടനകളെയും രജിസ്റ്റർ ചെയ്യുകയും അവരെ നിർമ്മാണ വികസന രംഗത്ത് പ്രവർത്തിപ്പിക്കുകയും ഭാഗവാക്കുകളാക്കുകയും ചെയ്യുക.

### സാക്ഷരതാ പ്രവർത്തനം.

ഒന്ന്, രണ്ട്, മൂന്ന്, ഘട്ടങ്ങളിൽ സാക്ഷരരായ നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങളും നല്കുക.

### ജനവിദ്യാ കേന്ദ്രം.

നിലവിലുള്ള 4 ജനവിദ്യാകേന്ദ്രങ്ങൾക്ക് പുറമേ കൂടുതൽ ജനവിദ്യാകേന്ദ്രങ്ങൾ അനുവദിക്കുകയും അതിലൂടെ യുവജനങ്ങൾക്കും തൊഴിലാളികൾക്കും ബോധവൽക്കരണം ഉൾപ്പെടെ റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കുവാൻ സാമ്പത്തിക സഹായവും നല്കുക.

### പൊതുവിതരണം.

പഞ്ചായത്തിൽ ആകെ 16 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. 2 മാവേലിസ്റ്റോർ പഞ്ചായത്തിൽ കൂട്ടായി, മംഗലം എന്നീ മേഖലകളിലായി സ്ഥിതി ചെയ്യുന്ന. ഇപ്പോൾ പൊതു വിതരണ കേന്ദ്രങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം ഉണ്ട്. 2 മാവേലിസ്റ്റോറുകൾ കൂടി പഞ്ചായത്തിൽ അനുവദിച്ചാൽ അവശ്യ സാധനങ്ങളുടെ വിലകയറ്റം നിർബ്ബന്ധമായും പിടിച്ചു നിർത്താൻ സാധിക്കും. പരിയാപുരം പറവണ്ണ എന്നീ കേന്ദ്രങ്ങളിലാണ് മാവേലി സ്റ്റോർ അടിയന്തിരമായി തുടങ്ങേണ്ടത്.

### റേഷൻ ഷാപ്പ് (പൊതു വിതരണ കേന്ദ്രം)

റേഷൻ ഷാപ്പ്, പൊതു വിതരണ കേന്ദ്രം ആയതോടുകൂടി റേഷൻ ഷാപ്പിന്റെ പ്രവർത്തനം അനുദിനം വഷളായി കൊണ്ടിരിക്കുന്നു. അതുകൊണ്ട് അടിയ

ന്തിരമായും റേഷൻഷാപ്പ് എന്നാക്കി മാറ്റുകയും ഇതിന്റെ അധികാരം പഞ്ചായത്തിൽ കേന്ദ്രീകരിക്കുകയും വേണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണണം.

## ക്ഷേമ നിധികൾ:

### *കർഷകതൊഴിലാളി ക്ഷേമനിധി:*

പഞ്ചായത്തിൽ 600ൽ പരം തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങായിട്ടുണ്ട്. മുഴുവൻ പേരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. ക്ഷേമ നിധിയിൽ അംഗങ്ങായവർക്കുള്ള ആനുകൂല്യങ്ങൾ ക്ഷേമനിധി വ്യവസ്ഥ പ്രകാരം ലഭിക്കുവാൻ വേണ്ട സത്വര നടപടികൾ കൈകൊള്ളണം.

മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ലഭിക്കേണ്ട സഹായ ധനം ലഭ്യമാകുവാൻ കാലതാമസം നേരിടുന്നത് അടിയന്തിരമായി പരിഹരിക്കണം.

### *കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി:*

പഞ്ചായത്തിൽ 200ൽ പരം തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ അപകടത്തിൽപെട്ടാൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം വർദ്ധിപ്പിക്കുകയും, 55 വയസ്സിൽ പെൻഷൻ കൊടുക്കുന്ന സമ്പ്രദായം ആവിഷ്കരിക്കുകയും ചെയ്യുക.

### *കൈതൊഴിലാളി വിദഗ്ദതൊഴിലാളി ക്ഷേമനിധി:*

ബാർബർ, കൊല്ലന്മാർ, അലക്കുകാർ, ബീഡി തൊഴിലാളി, തുടങ്ങീ സമൂഹത്തിലെ കൈതൊഴിലാളികൾക്കും, വിദഗ്ദ്ധതൊഴിലാളികൾക്കും വെവ്വേറെ ക്ഷേമ നിധികൾരൂപീകരിച്ച് അവരെ ക്ഷേമനിധിയിൽ അംഗങ്ങലാക്കുക. എല്ലാ ക്ഷേമ നിധി അപേക്ഷകളും പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുവാൻ ഏർപ്പാട് ഉണ്ടാക്കണം.



വികസനരേഖ പ്രോജക്ട്

## പഞ്ചായത്തിലെ അംഗൻ വാടികളുടെ സ്ഥിതി–വിവര കണക്ക്

| Sl No. | വാർഡ് No. | എണ്ണം | അംഗന വാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | സ്ഥലം ഇല്ലാത്തത് | സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|
| 1. | I | 2 | 2 | 30 | | | | ഇല്ല | | | |
| 2. | II | 2 | 3 | 40 | | | | | | | |
| 3. | III | 2 | 7 | 40 | | | | | | | |
| 4. | IV | | 8 | 40 | | | ഉണ്ട് | | | | |
| 5. | V | 3 | 11 | 40 | ഉണ്ട് | | | | | | |
| 6. | | | 14 | 25 | | | | | | | |
| 7. | VI | 3 | 16 | 40 | | | | | | | |
| 8. | | | 17 | 50 | | | | | | | |
| 9 | VII | 2 | 19 | 40 | | | | | | | |
| 10. | VIII | 2 | 19 | 40 | | | | | | | |
| 11. | | 3 | 21 | 40 | | | | | | | |
| 12. | X | 1 | 26 | 25 | | | | | | | |
| 13. | XI | | 38 | 40 | | | | | | | |
| 14. | XII | 5 | 44 | 40 | | | | | | | |
| 15. | XIII | 1 | 53 | 40 | | | | | | | |
| 16. | XIV | 1 | 56 | 50 | | | | | | | |
| 17. | XV | 4 | 58 | 40 | | | | | | | |
| 18. | | | 62 | 40 | | | | | | | |
| 19. | VII | | 65 | 40 | | | | | | | |
| 20. | | | 68 | 50 | | | | | | | |
| 21. | | | 70 | 35 | | | | | | | |
| 22. | | | 76 | 30 | | | | | | | |
| 23. | | | 77 | 30 | | | | | | | |
| 24 | | | 78 | 40 | | | | | | | |
| 25 | | | 79 | 40 | | | | | | | |
| 26 | | | 83 | 30 | | | | | | | |
| 27. | XIII | | 84 | 40 | ഉണ്ട് | | | | | | |
| 28. | | | 87 | 30 | ഉണ്ട് | | | | | | |
| 29. | | | 90 | 30 | ഉണ്ട് | | | | | | |
| 30. | | | 93 | 25 | ഉണ്ട് | | | | | | |
| 31. | | | 97 | 40 | ഉണ്ട് | | | | | | |
| 32. | | | 134 | 40 | | | | | | | |
| 33. | | | 135 | 25 | | | | | | | |
| 34. | | | 136 | 40 | | | | | | | |
| 35. | | | 138 | 40 | | | | | | | |
| 36. | | | 138 | 40 | | | | | | | |

# സംസ്കാരം

തെയ്യാറാക്കിയത്

1. സി. എ. കരീം.
2. സി.പി. കരുണാകരൻ.
3. ആർ. പി. വിജയൻ.

## *സാംസ്കാരിക പൈതൃകം*

**വെ**ട്ടത്തുനാട് രാജാവിന്റെ കോവിലകങ്ങളും അദ്ദേഹത്തിന്റെ പടനായകന്മാർ ഒളിച്ചു നീങ്ങിയിരുന്ന കുണ്ടനിടവഴികളും കാലത്തിന്റെ കൈപ്പണികൾ മാറ്റി മറിച്ചെങ്കിലും അദ്ദേഹം സാംസ്കാരിക കേരളത്തിന് നല്കിയ സംഭാവനകളുടെ പിന്തുടർച്ചക്കാരായ കവികളും കലാകാരൻമാരും അവരുടെ ചിഹ്നങ്ങൾ വിട്ടേച്ചുപോയ ഒരു പ്രദേശമാണ് വെട്ടം. ആ നാട്ടിന്റെ സാംസ്ക്കാരിക പൈതൃകത്തിലേക്കുള്ള ഒരെത്തിനോട്ടം നാളെയെ കരുപ്പിടിപ്പിക്കാനുള്ള നമ്മുടെ പരിശ്രമത്തിനു ആക്കം കൂട്ടുമല്ലോ.

മഹാകവി വള്ളത്തോളിനു ജന്മം നൽകിയ പ്രദേശം വെട്ടത്തിന്റെ തൊട്ട് അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. വള്ളത്തോൾ തറവാട്ടുകാരുടെ കവിത്വസിദ്ധിയുടെ നിർദർശനങ്ങളായി പരിലസിച്ചിരുന്ന വള്ളത്തോൾ ഗോപാലമേനോനും കുറ്റിപ്പുറത്തു കിട്ടുണ്ണിനായരും ഇന്നലെയുടെ നേട്ടങ്ങളായി ഇവിടെ പരിഗണിക്കപ്പെടുന്നു.

സ്വാതന്ത്ര്യലബ്ധിയുടെ തൊട്ടടുത്ത വർഷം സ്ഥാപിതമായ മംഗലം കലാസമിതിയുടെ ചന്ദ്രശേഖരൻമാസ്റ്ററും, വിശ്വനാഥൻ മാസ്റ്ററുമൊക്കെ തുടങ്ങിവെച്ച പുരോഗമന കലാപ്രവർത്തനം അമ്പതുകളുടെ രണ്ടാംപകുതിയിൽ വെട്ടത്തുനാട്ടുകാരുടെ ആവേശമായി മാറി. ചെറുകാടിന്റെ 'കുട്ടിത്തമ്പുരാട്ടിയും' 'തറവാടിത്ത'വുമൊക്കെ നാടെങ്ങും അരങ്ങേറിയപ്പോൾ വെട്ടത്തുനാട് ഒരു സാംസ്ക്കാരിക വിപ്ലവത്തിന്റെ തീപ്പന്തം ഏറ്റുവാങ്ങുകയായിരുന്നു. ഏകദേശം ഇക്കാലത്തുതന്നെയാണ് പച്ചാട്ടിരിയിലെ ഗ്രാമബന്ധുകലാസമിതി നാരായണൻ കുട്ടിനായർ, അച്യുതൻ മാസ്റ്റർ, കാദർ കുട്ടിമാസ്റ്റർ, സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ 'നമ്മളൊന്ന്' 'കൂട്ടുകൃഷി' നാടകങ്ങൾ അവതരിപ്പിക്കാൻ തുടങ്ങിയത്. മലയാളസിനിമാരംഗത്ത് അവസരം ലഭിച്ച പറവണ്ണ അബ്ദുറഹിമാനെപ്പോലുള്ള കലാകാരൻമാർ ഇങ്ങനെയാണ് ജൻമമെടുത്തത്. കൂട്ടായിയിലെ കെ.എം. ബാപ്പുട്ടിയും സംഘവും സംഗീതം, ഗാനരചന എന്നിവയിലൂടെ നാട്ടുകാരുടെ കലാവാസനയെ പ്രോജ്ജ്വലിതമാക്കി. വാക്കാട്ടുകാരനായ കെ.പി. കുട്ടി, വെട്ടത്തുനാട്ടിന്റെ നാടകപാരമ്പര്യം തന്റെ സാമൂഹ്യ നാടകങ്ങളിൽ സൂക്ഷിച്ചു വെച്ചു. പ്രോത്സാഹനം ലഭിക്കാതെ പോയ തിരൂർ ദാസും ബീരാൻകുട്ടിയുമൊക്കെ നാടകരംഗത്തെ അക്കാലത്തെ പ്രതിഭകളായിരുന്നു.

സാമൂഹ്യ പരിവർത്തനത്തിന്റെ മുന്നോടിയായി കേരളമാകെ അയിത്തോച്ചാടനവും ജാതി നശീകരണ പ്രസ്ഥാനവും പടർന്നു പിടിച്ചപ്പോൾ വെട്ടത്തുനാട്ടിലെ ജനങ്ങളും ആ ജ്വാല ഏറ്റുവാങ്ങി. സവർണർക്കുമാത്രം താലപ്പൊലി എടുക്കാനവകാശമുണ്ടായിരുന്ന ക്ഷേത്രങ്ങളിൽ കെ.കുഞ്ഞിരാമമേനോന്റെ പ്രതിഷേധം ഒരു കൊടുങ്കാറ്റായി തന്നെ പരിണമിച്ചു. അദ്ധ്യാപക പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന വള്ളത്തോൾ കുമാരമേനോനും പച്ചാട്ടിരിയിലെ ബാലകൃഷ്ണപ്പണിക്കരും ജനങ്ങൾക്ക് സാംസ്ക്കാരിക ബോധത്തിന്റെ പുതിയ വെളിച്ചം പകർന്നു കൊടുത്തു. പറവണ്ണ മുഹിയിദ്ദീൻകുട്ടി മുസ്ല്യാരുടെയും, കൂട്ടായി അബ്ദുല്ലാഹാജി (വെട്ടം)യുടെയും നേതൃത്വത്തിൽ മുസ്ലീം സാമൂഹ്യ പരിഷ്കാരണവും നടന്നുവരുന്നുണ്ടായിരുന്നു. ഉത്പതിഷ്ണുത്വത്തിന്റെപേരിൽ നാട്ടിൽ നിന്നും ബഹിഷ്കൃതനായ കൂട്ടായിയിലെ സി.കെ.വി. മുഹമ്മദ് കുഞ്ഞിപിൽക്കാലത്ത് മുഹമ്മദ് മുഹാജിർ (പ്രവാസി) എന്ന പേരിൽ പ്രസിദ്ധനായിത്തീർന്നു.

അമ്പതുകളുടെ അവസാനത്തെ പകുതിയിൽ ടി.യു. രാധാകൃഷ്ണൻ മാസ്റ്ററുടെ പത്രാധിപത്യത്തിൽ 'വെട്ടത്തു നാട്' എന്നൊരു കൈയെഴുത്തു മാസിക ആലിശ്ശേരി കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചു. തുടർന്നുണ്ടായ ആവേശത്തിൽ രശ്മി, കുസുമം, കലിക എന്നീ കൈയെഴുത്തു മാസികകൾ ഉദയം ചെയ്തു. വെട്ടം ബി.യു.പി. സ്ക്കൂൾ മാനേജരും അധ്യാപകനുമായിരുന്ന സി.മൊയ്തീൻകുട്ടി മാസ്റ്ററുടെ പരിശ്രമഫലമായി 'ദേശപ്രകാശിനി' എന്ന ഒരു ഗ്രന്ഥാലയം ഉണ്ടായത് ഇക്കാലത്താണ്. പച്ചാട്ടരിയിലെ ഗ്രാമബന്ധുവായന ശാലയും പറവണ്ണയിലെ സിറാജുൽ ഉലൂം ഗ്രന്ഥാലയും ഇതേ കാലയളവിൽ തന്നെതുടങ്ങി. ഈ പ്രസ്ഥാനങ്ങൾ തുടങ്ങിവച്ച സാംസ്കാരിക മുന്നേറ്റത്തിന്റെ ഫലമായി നിരവധി യുവാക്കൾ കലാസാംസ്ക്കാരിക വേദികളിലും പത്രപ്രവർത്തന രംഗത്തും പ്രശോഭിച്ചു. ഇപ്പോൾ ആകാശവാണി നിലയം ഡയറക്ടറായ കൂട്ടായിയിലെ എ.പി. മെഹറലിയുടെ 'പരാജയം', 'ബലിയാടുകൾ' എന്നീ നാടകങ്ങൾ തീരപ്രദേശത്തെ ജനങ്ങൾക്കിടയിൽ സാംസ്കാരികമായൊരു ഉണർവ് സൃഷ്ടിക്കുന്നതിൽ നല്ലൊരു പങ്കാണ് വഹിച്ചത്. പത്രപ്രവർത്തന രംഗത്ത് ഉയർന്നുവന്ന ഇപ്പോൾ മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസറായ പി.ഏ. റഷീദ് (മലയാള മനോരമ, ചന്ദ്രിക), സി.എം. അബ്ദുറഹിമാൻ (ദേശാഭിമാനി) എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. കൂട്ടായിലെ പരേതനായ റിട്ടയേർഡ് ഡപ്യൂട്ടി തഹസിൽദാർ സി.പി. ബീരാൻകുട്ടി സാഹിബിന്റെ 'വാടിക്കരിഞ്ഞ പനിനീർപൂവ്' എന്ന നോവൽ ശ്രദ്ധേയമായിരുന്നു.

മുസ്ലീംകളും ഹൈന്ദവരും ഒത്തൊരുമിച്ചു ജീവിച്ച വെട്ടത്തുനാട്ടിൽ മത സൗഹാർദ്ദത്തിന്റെ മങ്ങാത്ത പ്രതീകങ്ങളുണ്ടായിരുന്നു. മംഗലത്തെ പുല്ലൂണിക്കാവിലെ ഉത്സവ ദിനത്തിൽ ഉറഞ്ഞുതുള്ളുന്ന വെളിച്ചപ്പാടിന്റെ പ്രതീകാത്മകമായ ഭാഷ വ്യാഖ്യാനിച്ചിരുന്നത് അമ്പലത്തിന്റെ ഗോപുരനടയിൽ വന്നു സ്ഥാനമുറപ്പിച്ചിരുന്ന യാഹും തങ്ങൾ എന്ന സിദ്ധനായിരുന്നുവത്രെ. നൂറ്റാണ്ടുകൾ പഴക്കമുള്ള തേങ്ങാത്ത കോട്ട ദേവീക്ഷേത്രവും തൊട്ടിയിൽ പള്ളിയും തൊട്ടുരുമ്മിനിൽക്കുന്ന കാഴ്ച മതമൈത്രിയുടെ തെളിവായി ഇന്നും തല ഉയർത്തി നിൽക്കുന്നു. ക്ഷേത്രത്തിലെ പ്രസാദമായ കാരോലപ്പം മുസ്ലീം തറാടുകളിൽ സ്വീകരിക്കപ്പെട്ടിരുന്നു. തൊട്ടിയിൽ പള്ളിക്കുളത്തിനരികിലൂടെയാണ് മുസ്ലീംകൾ സ്വമേധയാ വിട്ടുകൊടുത്ത സ്ഥലത്ത് അമ്പലത്തിലേക്കുള്ള പ്രധാനപാത നിർമ്മിച്ചിരിക്കുന്നത്. കൂട്ടായിയിലെ നെച്ചിക്കാട്ടിൽ ഔലിയായുടെ ജാറം ഹിന്ദുക്കളും മുസ്ലീംകളും ഒരു പോലെ സന്ദർശിക്കുന്ന ഒരു തീർഥാടന കേന്ദ്രമാണ്.

അമ്പതുകളുടെ തുടക്കത്തിൽ രാഷ്ട്രീയ പ്രസ്ഥാ

നങ്ങളുടെ സജീവസാന്നിദ്ധ്യം വെട്ടത്തുനാട്ടിന്റെ പുരോഗതിയെ കാര്യമായി സ്വാധീനിച്ചു. ആർ.മുഹമ്മദ്, ഗോപാലമേനോൻ, അലിഅക്ബർ, തുടങ്ങി നിരവധി കോൺഗ്രസ്സ് പ്രവർത്തകരും എം. ആർ. നമ്പൂതിരി, അച്യുതൻ നമ്പൂതിരി, പള്ളീരി ഗോപാലൻ, കമ്മുക്കുട്ടി, കെ.സി.ബാവ, കോരുസഖാവ്, നമ്പീശൻ മുഹമ്മദാലി തുടങ്ങിയ നിരവധി കമ്മ്യൂണിസ്റ്റ് പ്രവർത്തകരും, സി. മൊയ്തീൻകുട്ടി മാസ്റ്റർ, സി. കെ.വി. കുഞ്ഞമ്മദ്, ആർ. കുഞ്ഞാപ്പ തുടങ്ങിയ മുസ്ലിം ലീഗ് പ്രവർത്തകരും ഈ ഘട്ടത്തിലാണ് പൊതു രംഗത്ത് വന്നത്.

കായികരംഗം സജീവമാക്കിയ പ്രതിഭകൾ അമ്പതുകളുടെ അവസാനത്തോടെ വെട്ടത്തുനാട്ടിൽ ഉയർന്നുവന്നു. മുല്ലക്കടവത്ത് അബ്ദുറഹിമാൻ, സി.എം.പി. അബുദ്ദുള്ളക്കുട്ടി, ബാപ്പുട്ടി എന്നിവരുടെപ്രവർത്തന ഫലമായി പറവണ്ണയിലാരംഭിച്ച ഫുട്ബോൾ ടൂർണമെന്റ് അയൽ പ്രദേശങ്ങൾക്കു പോലും ഒരു മാതൃകയായിത്തീർന്നു. പിൽക്കാലത്ത് പ്രസിദ്ധരായിത്തീർന്ന എ.പി.അബ്ദുസ്സലാം (പറവണ്ണ) പി.പി. കോയമൊയ്തീൻ (കൂട്ടായി) തുടങ്ങിയ അത്‌ലറ്റുകൾ ഉയർന്നുവന്നത് ഈ കാലഘട്ടം സൃഷ്ടിച്ച കായിക സംസ്കാരതരംഗത്തിന്റെ തൊട്ടുപിറകെയാണ്. ഈ കാലഘട്ടത്തിൽ വോളിബോൾ രംഗത്ത് പ്രഗത്ഭരായ സി.വി. അബ്ദുല്ല മാസ്റ്റർ, പുതിയകത്ത് ബാവ ഹാജി, പി.കെ. മുഹമ്മദ്, സി. പി. മുഹമ്മദ്, സി.എം.ടി. അബ്ദുറഹിമാൻ എന്നിവർ മലബാറിന്റെ പല ഭാഗങ്ങളിലും കഴിവ് തെളിയിച്ചിട്ടുണ്ട്.

## ഇന്നത്തെ സാംസ്കാരികാന്തരീക്ഷം

കേരളത്തിന്റെ സാംസ്കാരികത്തനിമ കാത്തുസൂക്ഷിക്കുന്ന ഉത്സവങ്ങളും ആഘോഷങ്ങളും വെട്ടത്തുനാട്ടിൽ ഇന്നും സജീവമായി നിലനിൽക്കുന്നു. സ്ത്രീപുരുഷൻമാർ ഒന്നിച്ചു നൃത്തംചവിട്ടി മദോൻമത്തരായി ആർത്തുല്ലസിക്കുന്ന കൂളി ഉത്സവം പച്ചാട്ടിരിക്കാരുടെ സാംസ്കാരിക ബോധത്തിന്റെ തെളിമയാർന്നൊരു ഉദാഹരണമാണ്. ആവേൻകോട്ട, പരിയാപുരം കോട്ട, കുരുടൻപറമ്പുക്ഷേത്രം എന്നിവിടങ്ങളിലെ ഉത്സവങ്ങളും ഈ പ്രദേശത്തെ ഇന്നും പുളകം കൊള്ളിക്കുന്നു. ആലിശ്ശേരിയിലെ ആലുങ്ങൽ ഉത്സവത്തിൽ ഉറഞ്ഞുതുള്ളുന്നത് ഒരു സ്ത്രീവെളിച്ചപ്പാടാണ്. മംഗലത്തെ പുല്ലൂണിക്കാവിലും, ശിവക്ഷേത്രത്തിലും വെട്ടത്തുകാവു ക്ഷേത്രത്തിലുമൊക്കെ ഉത്സവാഘോഷങ്ങൾക്ക് ആയിരങ്ങൾ ആർപ്പുവിളികളുമായി ഒത്തുചേരുന്നു.

പറവണ്ണയിൽ സ്ഥാപിതമായ തുഞ്ചൻ മെമ്മോറിൽ കോളേജ് ഇന്നത്തെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമായി വിലസുന്നു. കോളേജ് കലോത്സവം, വനിതാ ദിനാഘോഷം, സ്പോർട്സ് മത്സരങ്ങൾ എന്നീ പ്രവർത്തന മേഖലകളിലൂടെ സമ്പന്നമായ ഒരു സാംസ്കാരികബോധം ഇവിടെ നിന്ന് ഉറവെടുക്കുന്നു. 'എഴുത്തോല 96' എന്ന കോളേജ് വാർഷികപ്പതിപ്പ് ഈ ദൃശ്യപ്രവർത്തനങ്ങളുടെ ഒരു രേഖാചിത്രം വരച്ചു കാട്ടുന്നുണ്ട്.

പറവണ്ണയിലെയും കൂട്ടായിയിലെയും ഹൈസ്കൂളുകളും പച്ചാട്ടിരി, മംഗലം, വെട്ടം എന്നീ ദേശങ്ങളിലെ യു.പി. എൽ.പി. സ്ക്കൂളുകളും നമ്മുടെ വിദ്യാഭ്യാസ സാംസ്കാരിക മേഖലയെ പുഷ്ടിപ്പെടുത്തുന്ന സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളിൽ വർഷം തോറും നടക്കുന്ന കലോത്സവങ്ങളും കായിക മത്സരങ്ങളും അത്യുന്നതമായ നിലവാരമാണ് പുലർത്തുന്നത്.

നിരവധി ഗ്രന്ഥാലയങ്ങളും വായനശാലകളും വെട്ടത്തുനാടിന്റെ മുക്കിലും മൂലയിലും ഉയർന്നു വന്നിട്ടുണ്ട്. (പട്ടിക.എ. നോക്കുക.) പല ഗ്രന്ഥാലയങ്ങളോടനുബന്ധിച്ചും ജനവിദ്യാകേന്ദ്രങ്ങളും സ്ഥാപിതമായി. വള്ളത്തോൾ മെമ്മോറിയൽ ലൈബ്രറി & റിസേർച്ച് സെന്ററി (മംഗലം) ന്റെ കീഴിൽ ഒരു സഞ്ചാര ഗ്രന്ഥാലയം പ്രവർത്തിക്കുന്നു. മംഗലത്തുതന്നെയുള്ള സൊസൈറ്റി റീഡിഗ് റൂം & റിഡേഴ്സ് ക്ലബ്ബിന് ഒരു ഓപ്പൺ എയർ റീഡിംഗ് ഹാൾ ഉണ്ട്. കുട്ടികൾക്കു വേണ്ടിയുള്ള റീഡേഴ്സ് ക്ലബ്ബും ഇതിന്റെ കീഴിലാണ്.

മലയാള മനോരമ ബാലജനസഖ്യം, മാതൃഭൂമി സ്റ്റഡിസർക്കിൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടക്കുന്നുണ്ട്. ആലിശ്ശേരിയിലെ ഗ്രാമീണ വായനശാലയും പച്ചാട്ടിരിയിലെ ഗ്രാമബന്ധുവായനശാലയും സിമ്പോസിയങ്ങളും സെമിനാറുകളും നടത്തി നാട്ടുകാരിൽ സാംസ്കാരിക പെരുമയും സാമൂഹ്യ ബോധവും വളർത്താറുണ്ട്. ആലിശ്ശേരിയിലെ വെട്ടം കലാസാംസ്കാരിക വേദി മതസൗഹാർദ്ദ സമ്മേളനങ്ങളും ലഹിരി വിരുദ്ധ ക്യാമ്പുകളും നറ്റു നടത്തി ജനപ്രീതി പിടിച്ചുപറ്റിയിട്ടുണ്ട്. ഈ വേദിയിലെ ഷിജി.കെ, സംസ്ഥാനതലത്തിൽ നടന്ന നൃത്തമത്സരത്തിൽ വിജയിച്ച ഒരു അനുഗൃഹീത കലാകാരിയാണ്. പറവണ്ണയിലെ അസാലിയസ് സംഗീത പഠന ക്ലാസ്സുകളും വെട്ടം ഗ്രാമീണ വായനശാലയും കലാസാംസ്കാരിക വേദിയും ഡാൻസ് ക്ലാസുകളും നടത്തി വരുന്നു. മംഗലത്തെ വള്ളത്തോൾ ആർട്ട്സ് ഗ്രൂപ്പ് കോൽക്കളിയിൽ പരിശീലനം കൊടുത്തുകൊണ്ടിരിക്കുന്നു.

പഞ്ചായത്തു വക സാംസ്കാരികനിലയവും ശിശു മന്ദിരവും വാക്കാട്ട് പ്രവർത്തിച്ചു വരുന്നുണ്ട്. അവിടത്തെ പഞ്ചായത്തു ലൈബ്രറിയും ഏറെ സജീവമാണ്. മംഗലത്തെ സീനത്ത്, വാക്കാട്ടെ അനീഷ എന്നീ സിനിമാ ശാലകൾ ഇന്നാട്ടിലെ ചല ച്ചിത്ര പ്രേമികളുടെ സന്ദർശന കേന്ദ്രങ്ങളാണ്.

ദിനപത്രങ്ങൾക്കും, പത്രമാസികൾക്കും അടുത്ത കാലത്ത് ഇവിടെ പ്രചാരം വർദ്ധിച്ചിട്ടുണ്ട്. മലയാള മനോരമ, മാതൃഭൂമി, മാധ്യമം എന്നീ പത്ര ങ്ങൾക്കാണ് കൂടുതൽ പ്രചാരം. ചന്ദ്രികയും, ദേശാ ഭിമാനിയും, കേരള കൗമുദിയും, സിറാജും പ്രചാര ത്തിലുണ്ട്. ആഴ്ചപ്പതിപ്പുകളിൽ മലയാള മനോരമ യ്ക്കാണ് പ്രഥമസ്ഥാനം. ഇംഗ്ലീഷ് പത്രങ്ങൾക്ക് പ്രചാരം വളരെ കുറവാണ്.

മംഗലത്തെ യുവജനങ്ങൾ, കനൽ, വസന്തം എന്നീ കൈയെഴുത്തു മാസികകളിലൂടെയും, പടിയം ദേശത്തെ യുവജനവായനശാല 'പെരുമ്പറ' എന്ന മാസികയിലൂടെയും തങ്ങളുടെ സാഹിത്യ വാസന പ്രകാശിപ്പിക്കുന്നു. മംഗലത്തെ അനിൽ വള്ള ത്തോൾ ഉയർന്നു വരുന്ന ഒരു യുവ കവിയാണ്. ആ പ്രദേശത്തു തന്നെയാണ് മുജീബുറഹ്മാൻ. എ എന്ന ലേഖകൻ തന്റെ കഴിവുകൾ ആനുകാലിക പ്രസിദ്ധീകരങ്ങളിലൂടെ വെളിപ്പെടുത്തിക്കൊണ്ടിരി ക്കുന്നത്. സംസ്ഥാന തലത്തിൽ ഫോട്ടോഗ്രാഫി യിൽ അവാർഡുകൾ വാങ്ങിയ പച്ചാട്ടിരിയിലെ ഉസ്മാൻകുട്ടി നല്ലൊരു ചിത്രകാരനും കൂടിയാണ്. 'പണിപ്പുര' എന്ന സ്ഥാപനം നടത്തുന്ന കൃഷ്ണൻ (പച്ചാട്ടിരി), 'കലാശാല' നടത്തുന്ന അശ്റഫ് കൂട്ടാ യി, പി.എ. നാസർ കൂട്ടായി, എം.പി. ഖമറുദ്ദീൻ എന്നിവർ നൃത്തം, നാടകം, ചിത്രകല, മാപ്പിളകല എന്നീ മേഖലകളിൽ വിദഗ്ധ സേവനം നടത്തുന്നു.

വെട്ടം പഞ്ചായത്തിലെ കായികരംഗം ഉന്നതമായ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു. നിരവധി സ്പോർട്സ് ക്ലബ്ബുകളാണ് ഇവിടെ പ്രവർത്തിക്കു ന്നത്. (പട്ടിക ബി. നോക്കുക) കൂട്ടായിയിലെ സമഭാ വനാ കലാകായിക വേദി, അബരൻസ് പറവണ്ണ എന്നാ സ്ഥാപനങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ തന്നെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഡിസ്ട്രിക് അത്ലറ്റിക് മീറ്റിൽ 1996ലെ വ്യക്തിഗത ചാമ്പ്യൻഷി പ്പ് പറവണ്ണയിലെ സംജയ്സ്പോർട്സ് & ആർട്സ് ക്ലബ്ബിനാണ് ലഭിച്ചത്. പറവണ്ണയിലെ ബധിരനും മൂക നുമായ പി. അയ്യൂബ് എന്ന വിദ്യാർത്ഥി സംസ്ഥാന തലത്തൽ നടന്ന സ്പോർട്സ് മത്സരങ്ങളിൽ ധാരാളം മെഡലുകൾ സമ്പാദിച്ചിട്ടുണ്ട്.

മുന്നൂറോളം അംഗങ്ങളുള്ള മംഗലത്തെ സോഷ്യൽ സർവ്വീസ് സൊസൈറ്റി നിരവധി ഡിപ്പാർട്ടുമെന്റു കളുമായും സ്ഥാപനങ്ങളുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വലിയൊരു സ്ഥാപനമാണ്. ഇക്കൊ ക്ലബ്, അഗ്രോ സൊസൈറ്റി, വള്ളത്തോൾ ആർട്സ് ഗ്രൂപ്പ് ആരോഗ്യ ബോധന യൂണിറ്റ്, സ്പോർട്സ് അരീന, വൊക്കേഷനൽ ട്രൈനിംഗ് സെന്റർ, ടാഗോർ എഡ്യുക്കേഷനൽ അക്കാദമി, സെന്റർ ഫോർ സയൻസ് & ടെക്നോളജി എന്നിവ ഈ സ്ഥാപനത്തിന്റെ ചില വിഭാഗങ്ങൾ മാത്രമാണ്. തൊഴിൽരഹിതരായ ചെറുപ്പക്കാർക്കുവേണ്ടി 'ടച്ച് മംഗലം' എന്നൊരു പ്രിന്റിംഗ് വിഭാഗം പ്രവർത്തി ക്കുന്നുണ്ട്. 'ആഗോള ഏകതയിലേക്ക് കാലത്തിന്റെ ചൂണ്ടുവിരൽ ' എന്ന അർഥ ഗർഭവും സാർവദേശീ യവുമായ മുദ്രാവാക്യം മുഴക്കുന്ന ഈ സംഘടന വെട്ടത്തുനാട്ടിലെ കലാകായിക രംഗത്തെ ഒരു ജ്വലദീപമായി പ്രശോഭിക്കുന്നു. കൂട്ടായിയിലെ മുഹാജിർ സാഹിബ് മെമ്മോറിയൽ കൾച്ചറൽ സെന്ററും, സി.എച്ച്. അസോസിയേഷനും, ജ്ഞാനോദയം ബാലജന സഖ്യവും വർഷങ്ങളായി സാമൂഹ്യരംഗത്ത് ചെയ്തു വരുന്ന പ്രവർത്തനങ്ങൾ ഏവരുടേയും പ്രശംസ പിടിച്ചുപറ്റിയതാണ്. വെട്ടം, രണ്ടത്താണി സാധുസംരക്ഷണസമിതിയുടെ റിലീഫ് പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്.

കരാട്ടെ പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. ഗൾഫ് നാടുകളിൽ ജിംനേഷ്യം നടത്തി പേരെടുത്ത അബ്ദുൽ ഹമീദ് എന്ന യുവാവ് നടത്തുന്ന മുറിവഴിക്കലെ 'അടലോ ട്ടിൽസ് ജിം' എന്ന സ്ഥാപനത്തിൽ അമ്പതിലധികം യുവാക്കൾ നിത്യവും പരിശീലനം നേടുന്നു. മംഗലം കൂട്ടായിക്കടവ് റോഡിൽ പ്രവർത്തിക്കുന്ന തൈക്കൊണ്ടോ പരിശീലന കേന്ദ്രത്തിൽ മുപ്പ തോളം യുവാക്കൾ പഠിക്കുന്നുണ്ട്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരം ഈ നാട്ടിൽ ഗുണപരമായ പല മാറ്റങ്ങളും വരുത്തിയി ട്ടുണ്ട്. പച്ചാട്ടരിയിലെ ഗ്രാമബന്ധുവായനശാല ഇക്കാരണം കൊണ്ട് വൈകുന്നേരങ്ങളിൽ ഏറെ സജീവമാണ്. ടെലിവിഷൻ കാണാനെത്തുന്ന നാട്ടു കാർ പരിപാടി തുടങ്ങുന്നതിനു മുൻപ് പത്രവായ നയും തുടർന്നുള്ള ചർച്ചകളും സ്വാഭാവികമായി ത്തന്നെ നടത്തിപ്പോരുന്നത് കൗതുകകരമായ ഒരു കാഴ്ചയാണ്. അന്നശ്ശേരിയിലെ സെവൻസ്റ്റാർസ് സ്പോർട്സ് ക്ലബ്ബിലും, തൊട്ടിയിലങ്ങാടിയിലെ സോക്കർ ക്ലബ്ബിലും, മംഗലത്തെ യുണൈറ്റ് സ്പോർട്സ് ക്ലബ്ബിലും തിരുത്തിപ്പറമ്പ്, പറവണ്ണ ഹരിജൻ കോളനികളിലും ടെലിവിഷൻ സെറ്റുകൾ

സ്ഥാപിത മായിട്ടുണ്ട്.

## പ്രശ്നങ്ങൾ

സാംസ്കാരിക രംഗത്ത് നമ്മുടെ പഞ്ചായത്തു നേരി ടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു!

1. ഗ്രന്ഥാലയങ്ങളിൽ വായനക്കാർ കുറഞ്ഞു വരുന്നു.
2. ഉള്ള വായനക്കാർ തന്നെ കഥകളിലും നോവ ലുകളിലും ഒതുങ്ങിനിൽക്കുന്നു.
3. സാമ്പത്തിക സഹായം ലഭിക്കാത്തഗ്രന്ഥാല യങ്ങൾ ഉണ്ട്.
4. സ്വന്തമായ കെട്ടിടം പല ഗ്രന്ഥാലയങ്ങൾ ക്കും ഇല്ല.
5. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതങ്ങ ളാണ്.
6. സ്വന്തമായി നാടകം എഴുതുകയും അഭിന യിക്കുകയും ചെയ്യുന്ന സമ്പ്രദായം കുറ ഞ്ഞുവരുന്നു. പ്രൊഫഷണൽ നാടകവേദി കളെ ആശ്രയിക്കാനാണ് പലരുടെയും പ്രവ ണത.
7. താത്കാലികാവശ്യങ്ങൾക്കുവേണ്ടി മുളച്ചുവ രുന്ന സ്പോർട്സ് ക്ലബ്ബുകൾ പെട്ടെന്ന് നിർജീവമാകുന്നു.
8. സൗകര്യ പ്രദമായ സ്ഥലത്ത് പൊതു സ്റ്റേഡി യത്തിന്റെയും, പലയിടത്തും പൊതു കളി സ്ഥലങ്ങളുടെയും അഭാവം.
9. സാഹിത്യ സംവാദങ്ങൾ, ചർച്ചകൾ, സെമിനാ റുകൾ എന്നിവതാരതമ്യേന കുറവാണ്.
10. രാഷ്ട്രീയവും മതപരവുമായ ചേരിതിരിവ് പലപ്പോഴും കലാകായിക രംഗത്തെ പുരോ ഗതിക്ക് തടസ്സമായി നില്ക്കുന്നു.
11. മതപരവും സാമുദായികവുമായ കാരണങ്ങ ളാൽ വനിതകൾ കലകായികരംഗത്തു പ്രവേ ശിക്കാൻ മടിച്ചു നിൽക്കുന്നു.
12. നാടൻ കലകൾ വിസ്മരിക്കപ്പെട്ടിരിക്കുന്നു.

## പരിഹാരങ്ങൾ

1. പുസ്തകങ്ങൾ വീടുകളിലെത്തിക്കുന്ന സഞ്ചാര ഗ്രന്ഥാലയങ്ങൾ തുടങ്ങണം. വായനശാല ഇല്ലാത്ത പ്രധാന കേന്ദ്രങ്ങളിൽ തുടങ്ങണം. ഇവയ്ക്ക് പഞ്ചാ യത്ത് സാമ്പത്തിക സഹായം നല്കണം.

2. സെമിനാറുകളും, സാഹിത്യ സംവാദങ്ങളും, സാഹിത്യ സമാജങ്ങളും ഗ്രന്ഥാലയങ്ങളുടെ കീഴിൽ മാസത്തിൽ ഒരു തവണയെങ്കിലും നടത്തു കയാണെ



## പട്ടിക ബി
## ക്ലബ്ബുകൾ

| Sl No. | പേര് | പ്രവർത്തനങ്ങൾ | റിമാർക്ക്സ് |
|---|---|---|---|
| 1. | സാഗർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൂട്ടായി | കലാകായിക പ്രവർത്തനങ്ങൾ | |
| 2. | ചൈതന്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കൂട്ടായി | സ്പോർട്ട്സ് | |
| 3. | ന്യൂ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കൂട്ടായി | സ്പോർട്ട്സ് | |
| 4. | ജ്ഞാനോദയം ബാലജനസഖ്യം കൂട്ടായി | സേവന കലാകായിക പ്രവർത്തനങ്ങൾ | |
| 5. | കൂട്ടായി സമഭാവനാ കലാകായിക വേദി, കൂട്ടായി | കലാകായികപ്രവർത്തനങ്ങൾ | Reg. No. 566/93 |
| 6. | യുണൈറ്റഡ് സ്പോർട്ട്സ് ക്ലബ്ബ്, മംഗലം | സ്പോർട്ട്സ് റിലീഫ് ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം | Reg. No. 254/1977 സ്വന്തം കെട്ടിടം ടെലഫോൺ |
| 7. | സെവൻസ്റ്റാർ സ്പോർട്ട്സ് ക്ലബ്ബ്, അന്നശ്ശേരി, മംഗലം | സ്പോർട്ട്സ് | Reg. No. 697/90 |
| 8. | സോക്കർ സ്പോർട്ട്സ് ക്ലബ്ബ് തൊട്ടിയിലങ്ങാടി, മംഗലം | സ്പോർട്ട്സ് | Reg. No. 280/8 |
| 9. | യുവതരംഗം മാതൃഭൂമി സ്റ്റഡി സർക്കിൾ, കൂട്ടായിക്കടവ്, മംഗലം | കലാകായിക പ്രവർത്തനങ്ങൾ | നെഹ്റു യുവകേന്ദ്രയുമായി ബന്ധം |
| 10. | വള്ളത്തോൾ ആർട്ട്സ് ഗ്രൂപ്പ് മംഗലം | കലാപ്രവർത്തനങ്ങൾ | കോൽക്കളിയിൽ പരിശീലനം. നാടൻ കലകൾ |
| 11. | ജലീൽ മെമ്മോറിയൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പറവണ്ണ | കലാകായിക പ്രവർത്തനങ്ങൾ, റിലീഫ് | Reg. No. 20/92 |
| 12. | അലാസിയസ്, പറവണ്ണ | സംഗീതം, സ്പോർടട്ട്സ് | Reg. No. 279/86 |
| 13. | അപരൻസ് - പറവണ്ണ | സ്പോർട്ട്സ് | Reg. No. 301/86 |
| 14. | സംജയ് സ്പോർട് & ആർട്സ് ക്ലബ് പറവണ്ണ | സ്പോർട്സ് | Reg. No..42/92 |
| 15. | അമാസ് പറവണ്ണ | സ്പോർട്സ് | നെഹ്റു യുവകേന്ദ്ര Reg. No. 551/91 |
| 16 | അൽഫ ആലിൻ ചുവട് പറണ്ണ | സ്പോർട്സ് | |
| 17 | പരീകുട്ടി മെമ്മോറിയൽ സ്പോർട് & ആർട്സ് ക്ലബ്ബ് മുറിവഴിക്കൽ | കലാകായിക പ്രവർത്തനങ്ങൾ | 1962 സ്ഥാപിച്ചത്. |
| 18 | നവയുഗ് കലാ സാംസ്ക്കാരിക - കായിക വേദി പരിയാപുരം | കലാകായിക പ്രവർത്തനങ്ങൾ | Reg. No. 86/94 |
| 19 | പരിയാപുരം കലാവേദി പരിയാപുരം | കലാപ്രവർത്തനങ്ങൾ | |
| 20 | സംഘമിത്രകലാകായിക വേദി പരിയാപുരം | കലാകായിക പ്രവർത്തനങ്ങൾ | |
| 21 | നേഷണൽ ആർട്സ് പരിയാപുരം | കലാപ്രവർത്തനം | |
| 22 | പ്രിയദർശിനി ആർട് & സ്പോർട്സ് ക്ലബ്ബ് പച്ചാട്ടിരി. | സ്പോർട്സ് | |
| 23 | ഗ്രാമബന്ധു സ്പോർട്സ് പച്ചാട്ടിരി | സ്പോർട്സ് | Reg. No. 542/93 |
| 24. | പണിപ്പുര കലാ കേന്ദ്രം പച്ചാട്ടിരി | കലാപ്രവർത്തനം | |
| 25. | മുദ്ര ആർട്സ് കാനൂർ | കലാപ്രവർത്തനം | |
| 26. | വെട്ടം കലാ സാംസ്ക്കാരിക വേദി വെട്ടം | കലാകായിക സാംസ്ക്കാരിക പ്രവർത്തനങ്ങൾ | |
| 27. | ക്ലാസിക് സ്പോർട്സ് ക്ലബ്ബ് വെട്ടം | സ്പോർട്സ് | |
| 28. | സെവൻസ്റ്റാർ ആർട്സ് ക്ലബ്ബ് വെട്ടം | കല | |
| 29. | ന്യൂബ്രദേഴ്സ് രണ്ടത്താണി | സ്പോർട്സ് | |

## പട്ടിക. ഏ.

## വെട്ടം ഗ്രാമ പഞ്ചായത്ത് – ഗ്രന്ഥശാലകൾ

| | പേര് | സ്ഥാപിച്ച വർഷം | കെട്ടിടം വാടക | അംഗങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിദിന പുസ്തക വിതരണം | ഗ്രാന്റ് | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1. | സിറജ്ജുൽ ഉലൂം വായനശാല ഗ്രന്ഥാലയം പറവണ്ണ | 1950 | വാടക | 566 | 4288 | 30 | ഉണ്ട് | സാക്ഷരത |
| 2. | ഗ്രാമബന്ധു വായന ശാല & കലാസമിതി പച്ചാട്ടിരി | 1954 | സ്വന്തം | 174 | 5558 | 20 | ഉണ്ട് | സാക്ഷരത സിമ്പോസിയം രോഗനിർണ്ണയം |
| 3. | വള്ളത്തോൾ മെമ്മോറിയൽ സഞ്ചാര ലൈബ്രറി റിസർച്ച്സെന്റർ മംഗലം | 1963 | വാടക | 365 | 2865 | 20 | ഇല്ല | ഗ്രന്ഥാലയം |
| 4. | മൗലാനാ ആസാദ് സ്മാരക വായന ശാല ഗ്രന്ഥാലയം കൂട്ടായി | 1964 | വാടക | 326 | 3000 | 20 | ഉണ്ട് | |
| 5. | സീതി സാഹിബ് മെമ്മോറിയൽ വായന ശാല, കൂട്ടായി | 1964 | വാടക | 160 | 1000 | 20 | ഇല്ല | |
| 6. | സീതി സാഹിബ് മെമ്മോറിയൽ ലൈബ്രറി & വായന ശാല, മംഗലം | 1965 | സ്വന്തം | 495 | 5084 | 20 | ഉണ്ട് | |
| 7. | ജവാഹിർ ഉലൂം ഗ്രന്ഥാലയം വായന ശാല കോത പറമ്പ് കൂട്ടായി | 1968 | വാടക | 72 | 500 | 40 | ഇല്ല | |
| 8. | ഗ്രാമീണ വായനശാല ഗ്രന്ഥാലയം, വെട്ടം | 1976 | വാടക | 132 | 2150 | 15 | ഉണ്ട് | സിമ്പോസിയം ചെസ്സ്ടൂർണ്ണമെന്റ് നൃത്ത ക്ലാസ്സ് |
| 9. | നഫ്ഠം വായനശാല ലൈബ്രറി, മുറിവഴിക്കൽ | 1992 | വാടക | 60 | 568 | 5 | ഇല്ല | |
| 10. | നവയുഗ്കലാ സാംസ്കാരിക കായിക സമിതി, പരിയാപുരം | 1994 | വാടക | 60 | 1000 | 5 | ഇല്ല | |
| 11. | യുവജന വായനശാല ഗ്രന്ഥാലയം,പടിയം വെട്ടം | 1994 | വാടക | 52 | 500 | 10 | ഇല്ല | കൈയെഴുത്ത് മാസിക ബാലവേദി ക്ലാസ്സുകൾ |

# വനിത

തയ്യാറാക്കിയത്:

പി. സുഭദ്ര ടീച്ചർ
സി.പി. കോമളവല്ലി
എൻ.പി. ശുശീല.
കോമളകുമാരി
പി. ഉഷ
ടി. ഹവ്വാഉമ്മ
വി.എ. സുലേഖ.
എ.പി. സൈനബ.
പി. സുഭദ്ര

ജനാധിപത്യ രാഷ്ട്രമായ ഭാരതത്തിലെ വിശിഷ്യ കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിലെ സ്ത്രീകൾ പുരോഗമനപരമായ കാര്യങ്ങളിൽ ഇന്നും വളരെയധികം പിന്നിലാണ്. അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് സ്ത്രീകൾ കടന്നു വരേണ്ടുന്ന കാലം സമാഗതമായി. പുരുഷ മേധാവിത്വം ഒരു പരിധിവരെ സ്ത്രീകളെ പൊതുരംഗത്തു നിന്നും അകറ്റി നിർത്തിയിരിക്കുകയാണെന്നു പറയാം.

സാമൂഹ്യ പ്രവർത്തന രംഗങ്ങളിൽ വെട്ടം പഞ്ചായത്തിലെ സ്ത്രീകൾ വളരെയധികം പിന്നിലാണ്. ഇതിനുള്ള പ്രധാന കാരണം സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയാണ്. മറ്റു തലങ്ങളിൽ നിന്ന് വേണ്ടത്ര പ്രോസ്താഹനവും കിട്ടാറില്ല. കുട്ടിത്തം വിട്ടുമാറാത്ത പ്രായത്തിൽത്തന്നെ വിവാഹിതരായി കുടുംബഭാരം പേറി ജീവിതത്തെ ശപിക്കുന്നവരും ഇല്ലാതെയില്ല.

1991 ലെ സെൻസസ് പ്രകാരം വെട്ടം പഞ്ചായത്തിലെ ജനസംഖ്യ 48522 ആണ്. ഇതിൽ പുരുഷന്മാർ 23344ഉം സ്ത്രീകൾ 25178ഉം ആണ്. സ്ത്രീ ജനസംഖ്യയുടെ ഈ വർദ്ധനവ് അവർക്ക് സമൂഹത്തിൽ ഉന്നത സ്ഥാനം കിട്ടേണ്ടതിന്റെ അവശ്യകത സൂചിപ്പിക്കുന്നു. സാക്ഷരത നേടിയ സ്ത്രീകൾ 16878 പേർ മാത്രമാണ്. അതിൽത്തന്നെ 1013 പേർ പട്ടിക ജാതിയിൽ പെട്ടവരാണ്.

തൊഴിൽരംഗത്ത് സ്ത്രീകൾ കടുത്ത അവഗണന നേരിട്ടു കൊണ്ടിരിക്കുകയാണ്. സേവന വേതന വ്യവസ്ഥകളിലെ വിവേചനം എടുത്തു പറയേണ്ടകാര്യമാണ്. പഞ്ചായത്തിലെ ഏകദേശം മൂന്നിലൊരു ഭാഗം വീടുകളിൽ സ്ത്രീകളാണ് ഗൃഹനാഥകൾ. ഗൃഹഭരണവും മറ്റു ചുറ്റുപാടുകളാലും നട്ടം തിരിയുന്ന സ്ത്രീജനങ്ങൾക്ക് പുറമെ പോയി തൊഴിൽ ചെയ്യുന്നതിന് വിഷമതകൾ ഏറെയാണ്.

പൊതു രംഗത്തെ സ്ത്രീ പങ്കാളിത്തം വളരെ കുറവാണെങ്കിലും 1965ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന മഹിളാ സമാജങ്ങളുണ്ട്. വെട്ടത്തുനാട് മഹിളാ സമാജവും ജനാധിപത്യ മഹിളാ അസോസിയേഷന്റെ വില്ലേജ് കമ്മിറ്റിയും വിവിധ അവാർഡുകൾ കരസ്ഥമാക്കിയ കൂട്ടായി അലിഅക്ബർ സ്മാരക മഹിളാ സമാജമുൾപ്പെടെയുള്ള മറ്റു മഹിളാ സമാജങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. സ്ഥിരമായ കെട്ടിടങ്ങൾ ഇവയിൽ ആറ് എണ്ണത്തിനു മാത്രമാണ്. C.B.N.P. യുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ സജീവമായി നടക്കുന്നുണ്ട്. ഇതിന്റെ പ്രസിഡന്റ് പട്ടയക്കാട്ടിൽ സരോജനിയാണ്. 15 വാർഡുകളിലായി 10ADS കളും അവയ്ക്കു സ്വന്തമായി ബാങ്ക് അക്കൗണ്ടുകളുമുണ്ട്. കൂടാതെ ത്രിഫ്റ്റ് സൊസൈറ്റിയിൽ 764 പേർ മെമ്പർമാരായിട്ടുണ്ട്. സജീവമായി പ്രവർത്തിക്കുന്ന 225 കമ്മ്യൂണിറ്റി വളണ്ടിയേഴ്സുണ്ട്. C.B.N.P പ്രവർത്തകർ ത്രിഫ്റ്റ് സൊസൈറ്റിയെ ഒരു വനിതാ ബാങ്ക് ആയി ഉയർത്താൻ ശ്രമിച്ചു വരികയാണ്. ഈ സൊസൈറ്റിയിൽ നിന്നും കോഴി വളർത്തൽ, തുന്നൽ, ഓലമെടയൽ, കയർ പിരിക്കൽ എന്നീ തൊഴിലുകൾക്ക് ലോൺ കൊടുത്തു വരുന്നു. സ്ത്രീകളെ സമ്പാദ്യശീലമുള്ളവരാക്കിത്തീർക്കാൻ മഹിളാ പ്രധാൻ ഏജന്റുമാർ നിസ്തുലമായ സേവനം നടത്തിവരുന്നുണ്ട്. ഏഴു മഹിളാ പ്രധാൻ ഏജന്റുമാർ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സ്ത്രീകൾ കൂടുതൽ സഹകരിച്ചാൽ അവർക്ക് പ്രോത്സാഹനവും ദേശീയ സമ്പാദ്യ പദ്ധതിയിൽ പുരോഗതിയുണ്ടാക്കുവാനും കഴിയും.

രൂക്ഷമായ തൊഴിലില്ലായ്മ വെട്ടം ഗ്രാമപഞ്ചായത്തിലെ സ്ത്രീകളെയും കാര്യമായി അലട്ടുന്നുണ്ട്. സ്ത്രീകൾ മാത്രമായി തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മേഖലകൾ കുറവാണെങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷന്മാരേക്കാൾ സ്ത്രീപങ്കാളിത്തം കൂടുതലാണ്. സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണത്തിലും പഠനപരിശീലനത്തിലും പെൺകുട്ടികളാണ് മുൻ നിരയിൽ. ബിരുദവും ബിരുദാനന്തരബിരുദവും എടുത്തവരിൽ അധികവും വനിതകൾ തന്നെ. സാങ്കേതിക വിദ്യാഭ്യാസ രംഗത്തും വനിതകൾ മുന്നിട്ടുനില്ക്കുന്നു. എന്നാൽ സാധാരണക്കാരിൽ

അധികവും പത്താം ക്ലാസ്സു വരെ പഠിച്ചു നിർത്തുകയാണ്. വെട്ടം ഗ്രാമപഞ്ചായത്തിൽ സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന പ്രധാന തൊഴിലുകൾ ചകിരിതല്ലൽ, കയർ പിരിക്കൽ, കൊപ്രഉണക്കൽ, കെട്ടിട നിർമ്മാണ ജോലികൾ തുടങ്ങിയവകളിലാണ്. കാർഷിക മേഖലകളിൽ തൊഴിലവസരങ്ങൾ വളരെ അപൂർവ്വമായേ ലഭിക്കാറുള്ളൂ.

പഞ്ചായത്തിലെ എട്ട് വാർഡുകൾ കടലോര പ്രദേശങ്ങളാണ്. ഇവിടങ്ങളിലെ പ്രധാന തൊഴിൽ മത്സ്യബന്ധനത്തോടനുബന്ധിച്ചുള്ള മത്സ്യം ഉണക്കൽ, വലനെയ്ത്ത് മുതലായവയാണ്. വിദ്യാഭ്യാസപരവും ആരോഗ്യപരവും മറ്റു പുരോഗമനപരവുമായ കാര്യങ്ങളിൽ ഇവർ തീരെ പിന്നോക്കമാണ്. കുടുംബാസൂത്രണ രംഗത്തേക്ക് അടുത്ത കാലത്തായി ഇവർ കൂടുതൽ സഹകരണം നല്കുന്നുണ്ടെങ്കിലും ഒരു വിഭാഗം ഇപ്പോഴും ഇതിനോട് നിസ്സഹകരണം പുലർത്തിവരുന്നു. പ്രതിരോധ കുത്തിവയ്പ്പുകളിലും വേണ്ടത്ര സഹകരിക്കാറില്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനില്ക്കുന്നു എന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്.

തൊഴിൽ രംഗത്ത് സ്ത്രീകൾ ശോഭിക്കാത്തതിനു പ്രധാന കാരണം ആത്മവിശ്വാസക്കുറവാണ്. ഏറ്റെടുക്കുന്ന തൊഴിലുകൾ ചുമതലാബോധത്തോടെ ചെയ്തുതീർക്കാൻ കഴിവുണ്ടെങ്കിലും തൊഴിലുകളിൽ ഏർപ്പെടാൻ വിമുഖത കാണിക്കുന്ന പ്രവണത നിലനിൽക്കുന്നു. എന്നാൽ ഈ പഞ്ചായത്തിലെ ചില യുവതികൾ ഓട്ടോറിക്ഷ ഓടിക്കുന്നതിൽ പ്രാവീണ്യം നേടിയത് എടുത്തു പറയേണ്ട കാര്യം തന്നെയാണ്.

പൊതുവെ പോഷകാഹാരക്കുറവ് ഈ പഞ്ചായത്തിലുൾപ്പെട്ട സ്ത്രീകളിലും കുട്ടികളിലും കണ്ടുവരുന്നു. സ്ത്രീധന സമ്പ്രദായത്തിന്റെ ദൂഷിത വലയത്തിൽ പെട്ട് നട്ടം തിരിയുന്ന വിവാഹപ്രായമെത്തിയവരുടെ എണ്ണം വളരെ കൂടുതലാണ്. സ്ത്രീപീഡന ക്കേസ്സുകളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഭർത്താക്കന്മാരുടെ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന ഒട്ടേറെ സ്ത്രീകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സ്വയം തൊഴിൽ സംരംഭങ്ങളിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.
2. കാർഷിക മേഖലകളിൽ തീരെ തൊഴിലവ

സരങ്ങൾ ലഭ്യമല്ല. തൊഴിലവസരങ്ങൾ ഉണ്ടാക്കണം.

3. മിക്കവരും സർക്കാർ സഹായപദ്ധതികളെപ്പറ്റി അജ്ഞരാണ്.

4. അങ്കണവാടി ജീവനക്കാർക്ക് ന്യായമായ വേതന വ്യവസ്ഥകളില്ല.

5. S.S.L.C. കഴിഞ്ഞ് തുടർന്ന് പഠിക്കുന്നില്ല.

6. അപവാദഭീതിയാൽ സാമൂഹ്യ പ്രവർത്തന രംഗത്തേക്ക് കടന്നുവരാൻ മടിക്കുന്നു.

പരിഹാരമാർഗ്ഗങ്ങൾ

1. താഴ്ന്ന വരുമാനക്കാരായ എല്ലാ സ്ത്രീകൾക്കും തൊഴിലവസരങ്ങളുണ്ടാക്കുന്ന വനിതാ വ്യവസായ സംരംഭങ്ങൾ അരംഭിക്കുക.

2. വനിതാ ക്ഷീര സൊസൈറ്റികൾ ആരംഭിക്കുക.

3. പഞ്ചായത്തിൽ സ്ത്രീകൾക്കായി ബുക്ക് ബയ്ന്റിംഗ് യൂണിറ്റ് ഏർപ്പെടുത്തുക.

4. എല്ലാ വിദ്യാലയങ്ങളേയും കേന്ദ്രീകരിച്ച് മാതൃസമിതി രൂപീകരിക്കുക.

5. കോഴിവളർത്തൽ, കാലിവളർത്തൽ, പച്ചക്കറിത്തോട്ടമുണ്ടാക്കൽ എന്നിവ സംഘടിപ്പിക്കുവാനുള്ള ബോധവൽക്കരണം.

6. എല്ലാ അങ്കണവാടികൾക്കും സ്ഥിരമായ കെട്ടിടങ്ങളും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ കാര്യമായ മാറ്റം വരുത്തുകയും വേണം.

7. ജോലിക്കുപോകുന്ന സ്ത്രീകളുടെ ശിശു പരിപാലനത്തിനായി പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങലിൽ ഡേ കെയർ സെന്റർ സ്ഥാപിക്കണം.

8. മദ്യത്തിനും മയക്കുമരുന്നിനും അശ്ലീല പോസ്റ്റർ പ്രദർശനത്തിനു മെതിരെ ശക്തിയായ ബോധവൽക്കരണം നടത്തുക. ടി.വിയിലൂടെയും മറ്റു മാധ്യമങ്ങളിലുടെയും സദാചാരബോധമുളവാക്കുന്ന പരിപാടികൾ അവതരിപ്പിക്കുക.

9. സ്ത്രീകളിൽ വായനാശീലം വളർത്തുവാൻ സഞ്ചരിക്കുന്ന വായന ശാലകൾ ഏർപ്പെടുത്തണം.

10. മഹിളാ സമാജങ്ങളുടെ പ്രവർത്തനം സജീവമാക്കണം.

11. സ്ത്രീപീഡനങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ നടപ്പാക്കുക.

12. സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽക്കരണം നടത്തുക.

13. അനാഥരും നിർദ്ധനരുമായ യുവതികൾക്ക് വിവാഹത്തിനുള്ള സാമ്പത്തിക സഹായം മഹിളാ സംഘടനകൾ വഹിക്കാനുള്ള ബോധവൽക്കരണം നടത്തുക.

14. പെൺകുട്ടികൾക്ക് സൈ്വര്യമായി യാത്രചെയ്യാനും വിദ്യാഭ്യാസം ചെയ്യാനുമുള്ള സുരക്ഷിതത്വം ഉറപ്പുവരുത്തുക.

15. സ്ക്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

16. C.B.N.P പ്രവർത്തകർക്ക് തൊഴിലിന്ന് അനുസൃതമായ വേതനം നൽകി പ്രോത്സാഹിപ്പിക്കുക.

17. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതികളിലെ ആനുകൂല്യങ്ങൾ മുതലായവ അർഹതപ്പെട്ടവർക്ക് തക്ക സമയത്ത് നല്കുക.

18. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് തൊഴിലവസരങ്ങൾ നല്കുക.

19. പഞ്ചായത്തു തലങ്ങളിലേതു പോലെ നിയമസഭകളിലേക്കും പാർലമെന്റിലേക്കും സ്ത്രീകൾക്ക് മൂന്നിലൊന്ന് ഭാഗം പ്രാതിനിധ്യം ഉറപ്പുവരുത്തുക.



# സഹകരണം

തയ്യാറാക്കിയത്:-
എം. പി. നാരായണമേനോൻ
പി.ആർ. ദാം കുമാർ
വി.എം. അബ്ദുൽ മജീദ്

ജനാധിപത്യത്തിന്റെ നേട്ടവും കോട്ടവും ഗ്രാമീണ തലത്തിൽ സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുന്ന ഒരു പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. ഇന്ത്യാ രാജ്യത്ത് സഹകരണ പ്രസ്ഥാ നം കൂടുതൽ ശക്തിപ്പെടുത്തുവാൻ മുന്നോട്ട് വന്നത് രാഷ്ട്രശില്പിയായ ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ശ്രീ: ജവഹർലാൽ നെഹ്റു ആയിരുന്നു. അതു കൊണ്ടാണ് അദ്ദേഹത്തിന്റെ ജന്മദിനം മുതൽ ഒരു ആഴ്ചകാലം 'സഹകരണ വാരമായി' കേരളീയരായ നാം ആഘോഷിച്ച് വരുന്നത്. ഇന്ന് സഹകരണ മേഖല ജീവിതത്തിന്റെ എല്ലാ തുറകളിലും വ്യാപിച്ചിരിക്കുകയാണ്. ഉദാ: കാർഷികം, വ്യവസായം, ആരോഗ്യം മറ്റും.

സഹകരണ വകുപ്പിന്റെ മുഴുവൻ അധികാരങ്ങളും ഇന്ന് സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുകയാണ്. അതിനാൽ സഹകരണ നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് സമയാസമയങ്ങൾ നിയമം കൊണ്ടുവരുവാൻ ഉള്ള അധികാരം സംസ്ഥാന ഗവർമെന്റിനാണ്. ഇത് കാരണം ഭരിക്കുന്ന പാർട്ടിയുടെ താൽപര്യത്തിന് അനുസരിച്ചും

അവരുടെ നയങ്ങൾക്കനുസരിച്ചും മാത്രം മുൻതൂക്കം നൽകികൊണ്ടുണ്ടാക്കുന്ന നിയമങ്ങളും കല്പനകളും സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ നിന്ന് പലപ്പോഴും മാറി പാർട്ടീ താല്പര്യങ്ങൾക്ക് മുൻഗണന നൽകി കാണുവാൻ കഴിയുന്നതാണ്. ഇതിന് ഉത്തരവാദികൾ ഇന്നും ഇന്നലേയും ഭരിച്ച രാഷ്ട്രീയ പാർട്ടിക്കാരാണ്. ഇതിന് ഒരു മാറ്റം വരേണ്ടത് അനിവാര്യമാണ്. എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ ഒരു നിയമം കേന്ദ്ര സർക്കാരിൽ നിന്ന് ഉണ്ടാവേണ്ടതാണ്.

കേരള സംസ്ഥാനത്തിൽ വായ്പാമേഖല (Credit) നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഉപഭോക്തൃ സഹകരണമേഖല മറ്റു സംസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. കേരളത്തിലെ ഗ്രാമീണ കർഷകരുടെ ഉന്നമനത്തെ ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ മേഖല ദിനം പ്രതി പിന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. അതിന് കാരണം സഹകരണ സംഘങ്ങളിലെ രാഷ്ട്രീയ ഇടപെടൽ, ഭരണകർത്താക്കളുടെ സഹകരണ നിയമങ്ങളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ, ഫണ്ടുകളുടെ അപര്യാപതത,ഗ്രാമീണരിൽ സഹകരണ ബോധവൽക്കരണത്തിന്റെ പോരായ്മ എന്നിവയാണ്.

വെട്ടം പഞ്ചായത്തിൽ ആദ്യമായി 8-3-1924-ൽ F 645-ാം നമ്പർ ആയി രജിസ്റ്റർ ചെയ്ത് ക്ലിപ്തപെടുത്താത്ത ബാദ്ധ്യതയോട് കൂടി 'മംഗലം ഐക്യനാണയ സംഘം" ആയിരുന്നു. മൺമറഞ്ഞ് പോയ ശ്രീ: ഇ.പി. ഗോവിന്ദൻ നമ്പ്യാർ, മണ്ണാടി നാരായണ മേനോൻ, കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ, കാരാറ്റ് കടവത്ത് മൊയ്തീൻകുട്ടി എന്നിവരാണ് സംഘത്തിന്റെ ആദ്യ ഭരണ കർത്താക്കൾ. 1924, വെട്ടം പഞ്ചായത്തിലെ കൂട്ടായി നഗരം മാത്രം പ്രവർത്തന പരിധിയാക്കി. ഇതു പോലെ മറ്റൊരു " ഐക്യനാണയ സംഘം" സി.പി ഇമ്പിച്ചിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുകയും. ആ സംഘം പിന്നീട് പ്രവർത്തന രഹിതമാവുകയും, പിരിച്ച് വിടുകയും ചെയ്തു. 1960ൽ ഗവൺമെന്റ് കല്പന പ്രകാരം. (Go. No: MS 879/60) ക്ലിപ്തപ്പെടുത്തിയ ബാദ്ധ്യതയോട് കൂടിയ സംഘങ്ങൾ രൂപീകരിക്കുവാൻ വിജ്ഞാപനമായി. ഈ കല്പനയുടെ അടിസ്ഥാനത്തിൽ മംഗലം ഐക്യനാണയസംഘം സർവ്വീസ് സഹകരണ സംഘം ആയിട്ടും 1980-ൽ സംഘം സർവ്വീസ് സഹകരണ ബാങ്ക് ആയും ഉയർന്നു. വെട്ടം പഞ്ചായത്തിലെ മംഗലം ഒഴികെയുള്ള ദേശങ്ങൾ പ്രവർത്തന പരിധിയായി 1977-ൽ ബാങ്ക് ആയും ഉയർന്നു. വെട്ടം സർവ്വീസ് സഹകരണ ബാങ്കിന്റേയും, മംഗലം സർവ്വീസ് സഹകരണ ബാങ്കിന്റേയും പ്രവർത്തന റിപ്പോർട്ട് (പട്ടിക 1 കാണുക)

ആവശ്യമായ സ്ഥലങ്ങളിൽ ബാങ്കുകൾക്ക് ബ്രാഞ്ച് തുറക്കേണ്ടതാണ്. കൂടാതെ തിരൂർ അർബ്ബൻ കോ-ഓപറേറ്റീവ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് പഞ്ചായത്തിലെ 2-ാം വാർഡിൽ പരിയാപുരത്ത് പ്രവർത്തിക്കുന്നു. ഈ ബാങ്ക് മുഖേന കാർഷികേതര വായ്പയായി ഒരു നല്ല സംഖ്യ മെമ്പർമാർക്ക് കിട്ടുന്നുണ്ട്.

ഇതിന് പുറമേ സഹകരണ മേഖലയിൽ അല്ലാതെ കൂട്ടായിയിൽ സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരു ശാഖയും മംഗലത്ത് കാത്തലിക്ക് സിറിയൻ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. ഇവ രണ്ടും സഹകരണ മേഖലയിൽ പ്രവർത്തിക്കാത്തതിനാൽ അവയേ പറ്റി പ്രതിപാദിക്കുന്നില്ല.

വെട്ടം പഞ്ചായത്തിൽ പുല്ലൂണി കായലോര ഹരിജൻ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന് പുറമെ പഞ്ചായത്തിൽ നാല് മത്സ്യതൊഴിലാളി സഹകരണ സംഘവും, വെട്ടം പഞ്ചായത്തിലെ കൂട്ടായിയിൽ ഒരു കയർ വ്യവസായ സഹകരണ സംഘവും പ്രർത്തിക്കുന്നുണ്ട്. വിശദ വിവരങ്ങൾക്ക് പട്ടിക 2 നോക്കുക. പഞ്ചായത്തിൽ നല്ലൊരു ഭാഗം കടലോര പ്രദേശമായിതനാൽ മത്സ്യവ്യവസായ സഹകരണ സംഘങ്ങൾക്ക് വളരെ അനുകൂലമായ ചുറ്റുപാടാണ്. കാലാകാലങ്ങളിൽ വരുന്ന സർക്കാരുകളുടെ രാഷ്ട്രീയ അതിപ്രസരം ഇവിടേയും വരുന്നത് കാരണം മത്സ്യവ്യവസായ സഹകരണ സംഘങ്ങൾ വേണ്ടത്ര വിജയിച്ചിട്ടില്ല. തദ്വാര കടലോര മത്സ്യതൊഴിലാളികൾക്ക സഹകരണ പ്രസ്ഥാനം വഴി വേണ്ടത്ര ആനുകൂല്യങ്ങളോ നേട്ടങ്ങളോ ലഭിച്ചിട്ടില്ല. വഞ്ചി,വല, ബോട്ട്, എഞ്ചിൻ മുതലായവ കടൽ തൊഴിലാളികൾക്ക് മിതമായ നിരക്കിൽ കിട്ടേണ്ടുന്നതിനായുള്ള സഹകരണ സംഘങ്ങൾ, മത്സ്യ സംസ്കരണത്തിനുള്ള സഹകരണ സംഘങ്ങൾ ഇതിനെല്ലാം പുറമേ ഇവർക്ക് മാത്രമായി വായ്പാ സഹകരണ സംഘങ്ങൾ ഉപഭോക്തൃ സഹകരണ സംഘങ്ങൾ എന്നിവ നിർബന്ധമായും കടലോര പ്രദേശത്ത് ഉണ്ടാക്കിയേ തീരൂ.

അതു പോലെ തന്നെ വെട്ടം പഞ്ചായത്ത് നല്ലൊരു നാളികേര കാർഷിക മേഖലയാണ് നാളികേരത്തിന്റെ ഉല്പാദനം, വിപണനം, വില ഇവയെ ആശ്രയിച്ചാണ് വെട്ടം പഞ്ചായത്തിലെ ഒരു വലിയ വിഭാഗം ജനങ്ങൾ ജീവിക്കുന്നത്. അതിനാൽ നാളികേര കർഷകരും ചൂഷണം ചെയ്യുന്ന മധ്യവർത്തികളിൽ നിന്ന് രക്ഷ കിട്ടുവാൻ സഹകരണ അടിസ്ഥാനത്തിൽ നാളികേര സംസ്ക്കരണ യൂണിറ്റുകൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. കൊപ്ര സംഭരണ കേന്ദ്രങ്ങൾ വെളിച്ചെണ്ണ ഉല്പാദനയൂണിറ്റുകൾ, നാളികേര പൊടി (Coconut Powder) യൂണിറ്റ് എന്നിവ രൂപീകരിക്കാൻ മുൻകൈ എടുക്കേണ്ടതാണ്. പഞ്ചായത്തിലേ 7.8 എന്നീ വാർഡുകളിൽ കൊപ്ര സംഭരണവും എണ്ണ ഉല്പാദന യൂണിറ്റുകൾ ഉണ്ടാക്കാം. പഞ്ചായത്തിലെ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് ഈ പ്രദേശത്ത് കൊപ്രയ്ക്ക കനം കൂടുതലും വെളിച്ചെണ്ണ കൂടുതലായും കിട്ടുന്നതാണ്. സഹകരണ പ്രസ്ഥാനങ്ങളിൽ കൂടി ഇതിന് രൂപം കൊടുക്കാവുന്നതാണ്.

പരമ്പരാഗത കയർ വ്യവസായ മേഖല നവീകരിച്ച് സഹകരണ സംഘങ്ങൾ ഉണ്ടാക്കുന്നത് കയർ തൊഴിലാളികൾക്ക് ക്ഷേമമായിരിക്കും. കൂട്ടായി കയർ സൊസൈറ്റി നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 1962-ൽ സ്ഥാപിച്ച ഈ സംഘത്തിന്റെ പ്രവർത്തന പരിധി മംഗലം, പുല്ലൂണ്ണി, നല്ലൂക്കര എന്നീ പ്രദേശങ്ങളാണ്. ഈ സൊസൈറ്റി നവീകരിച്ച് ആവശ്യമായ പ്രവർത്തന മൂലധനം അനുവദിച്ചാൽ ഈ സംഘത്തിന് മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയും.

പരമ്പരാഗത കൂലി തൊഴിലാളികളുടെ വേതന കുറവും ഗൾഫ് മേഖലയുടെ തരംഗവും ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് നീങ്ങിയിരിക്കയാൽ കയർ വ്യവസായ മേഖല യന്ത്രവൽക്കരിക്കണമെന്നത് നിർബന്ധമാണ്. കൂട്ടായി കയർ വ്യവസായ സഹകരണ സംഘത്തിന്റെ വിശദ വിവരം പ്ട്ടിക 2-ൽ നോക്കുക.

വർദ്ധിച്ച് വരുന്ന ജീവിത നിലവാരവും നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിച്ച വരുന്ന വിലക്കയറ്റവും കാരണം പഞ്ചായത്തിലെ ഓരോ കുടുബവും ജീവിതം മുന്നോട്ട് കൊണ്ടുപോകുവാൻ വളരെ ബുദ്ധിമുട്ടുന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. പഞ്ചായത്തിലെ പ്രധാന കാർഷികോല്പന്നമായ നാളികേരത്തിന്റെ വിലയിടിവും. സാധാരണ ജനങ്ങൾക്കു സാരമായി ബാധിച്ചിട്ടുണ്ട്. ഇതിന് പുറമേ കേരളം ഒരു ഉപഭോക്ത സംസ്ഥാനമായതിനാൽ ഉപഭോക്ത സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ അനിവാര്യമാണ്. 1980-ൽ വെട്ടം പഞ്ചായത്തിൽ പരിയാപുരത്ത് ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് അത് നാമമാത്രമായി അവശേഷിച്ചിരിക്കുകയാണ്. 1981-ൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക സഹകരണ കൺസ്യൂമർ സ്റ്റോർ നിലവിൽ വന്നെങ്കിലും ഇന്നവയെല്ലാം ബോർഡ് മാത്രമായി അവശേഷിച്ചിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ മംഗലം, കൂട്ടായി എന്നീ പ്രദേശങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കീഴിലുള്ള മാവേലി സ്റ്റോറുകൾ നിലവിലുണ്ട്. പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഉപഭോക്തൃ സഹകരണ സംഘം ഉണ്ടാക്കേണ്ടതാണ്. നിലവിലുള്ള സംഘങ്ങൾക്ക് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് താഴെ പറയുന്ന സഹായങ്ങൾ പ്രതീക്ഷിക്കേണ്ടതും കിട്ടേണ്ടതുമാണ്.

1. പ്രവർത്തന മൂലധനം ഗ്രാന്റായി അനുവദിക്കുക.
2. വില്പന നികുതിയിൽ നിന്ന് സംഘത്തെ ഒഴിവാക്കുക.
3. ഓഡിറ്റ് ഫീസ് പരിപൂർണ്ണമായും നിറുത്തൽ ചെയ്യുക.
4. ജീവനക്കാരുടെ ശമ്പളത്തിന് ഗവൺമെന്റ് സബ്സിഡി അനുവദിക്കുക.
5. പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ മേൽ പറഞ്ഞ കാരണങ്ങൾ സർക്കാർ നടപ്പിലാക്കാത്തിടത്തോളം കാലം പ്രാഥമിക ഉപഭോക്തൃ സംഘങ്ങൾ കാര്യക്ഷമമായി പ്രവൃത്തിക്കുവാൻ കഴിയുകയില്ലെന്ന് സർക്കാറിന്ന് അറിയുന്നതാണ്. അതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോർ ആലിശ്ശേരിയിൽ തുറന്ന് പ്രവൃത്തിക്കുക. ഇത് നിലവിൽ ഉള്ള വെട്ടം പ്രാഥമിക കൺസ്യൂമർ സ്റ്റോറിലേക്ക് അരി, മറ്റു വ്യഞ്ജനസാധനങ്ങൾ എന്നിവ സപ്ലൈ ചെയ്യുക. കൂടാതെ പറവണ്ണയിൽ ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ രൂപീകരിക്കേണ്ടതാണ്.

### *കോഴിവളർത്തൽ സഹകരണ കേന്ദ്രം*

വെട്ടം പഞ്ചായത്തിലേക്ക് ആവശ്യമായ ഇറച്ചി,

514



കോഴി, മുട്ട എന്നിവ തമിഴ് നാട്ടിൽ നിന്ന് വന്ന് തിരൂർ വഴിയാണ് നമുക്ക് കിട്ടുന്നത്. അതിനാൽ സാധാരണ കുടുംബങ്ങളുടെ ഒരു ഇടക്കാല വരുമാന മാർഗ്ഗ മായി കണ്ടുകൊണ്ട് പഞ്ചായത്തിൽ 3 കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ടാക്കാം. ഇത് സഹകരണ അടിസ്ഥാനത്തിലോ സ്വകാര്യ അടിസ്ഥാനത്തിലോ ആവാം. 7,8 വാർഡുകളിലേക്ക് ഒന്ന്. മറ്റൊന്ന് കട ലോര പ്രദേശമായ പറവണ്ണ മുതൽ വാടിവരെ. മൂന്നാമതൊന്ന് 13,6,5,2,1,14 എന്നീ വാർഡുകളിൽ. ഈ കേന്ദ്രങ്ങളിൽനിന്ന് കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വില്പന നടത്താം ഇതിന്റെ കീഴിലായി ഓരോ മെമ്പർ കുടുംബത്തിനും ഒന്നോ രണ്ടോ യൂണിറ്റു കൾ (ഒരു യൂണിറ്റിൽ പത്ത്) കൊടുക്കുക. യൂണിറ്റ് വഴിയും മുട്ട ശേഖരിച്ച് കോഴിമുട്ട വിപണിയിലിറക്കി വില്പന നടത്താം. മൃഗ ഡോക്ടർമാർ നമ്മുടെ പഞ്ചായത്തിൽ രണ്ടു പേരുള്ളൂ. എന്നാൽ അവരുടെ സേവനവും ഇതിന് വിനിയോഗിക്കാവുന്നതാണ്.

## ഹരിജൻ സഹകരണ സംഘം.

വെട്ടം പഞ്ചായത്തിൽ പുല്ലൂണി കേന്ദ്രമാക്കി ഇന്ന് ഒരു ഹരിജൻ സഹകരണ കേന്ദ്രം പ്രവൃത്തിച്ചു വരു ന്നുണ്ട്. അതിന്റെ പ്രവർത്തന പരിധി വെട്ടം പഞ്ചാ യത്തിലും പുറത്തൂർ പഞ്ചായത്തിലുമാണ് വെട്ടം പഞ്ചായത്തിന്ന് പ്രത്യേക മായി ഒരു ഹരിജൻ സഹ കരണ സംഘം ആവശ്യമാണ് (7,8 വാർഡ് ഒഴികെ) ഫണ്ടിന്റെ പോരായ്മ ഈ സംഘത്തെയും അലട്ടി കൊണ്ടിരിക്കുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥ ന്മാരുടെ പരിശോധനയും സമയാസമയങ്ങളിൽ പ്രവൃത്തന ഉപദേശവും ഈ സംഘത്തിന് അത്യാ വശ്യമാണ് പറവണ്ണ, പച്ചാട്ടിരി, എന്നീ പ്രദേശങ്ങ ളിലും ഹരിജൻ സഹകരണ സംഘം ആവശ്യമാണ് എന്നാൽ സംഘം മേനേജ്മെന്റ്, ഡിപ്പാർട്ട്മെന്റ് സമയാസമയങ്ങളിൽ നടത്തിയിട്ടില്ലെങ്കിൽ സംഘം പരാജയപ്പെടും.

വെട്ടം പഞ്ചായത്തിലെ 2. ഹൈസ്ക്കൂളുകളിലും 2യു.പി. സ്കൂളുകളിലും. 1. എൽ.പി. സ്കൂളുകളിലു മായി 5 സ്കൂൾ സൊസൈറ്റികൾ പ്രവർത്തിച്ച് വരു ന്നുണ്ട്. (വിശദ വിവരങ്ങൾക്ക് പട്ടിക 3 നോക്കുക). നാമമാത്രമായ സ്കൂൾ സംഘങ്ങളെ കൂടുതൽ ശക്തി യുക്തമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേ ശങ്ങൾ വെയ്ക്കുന്നു.

1. നിലവിലുള്ള സ്കൂൾ സഹകരണ സംഘങ്ങളിൽ വിദ്യാർത്ഥികൾക്ക ആവശ്യമായ യൂണിഫോം തുണികൾ, സ്റ്റേഷനറി സാധനങ്ങൾ മുതലായവ വിത രണം ചെയ്യുന്നതിനുള്ള സ്റ്റോർ ഉണ്ടാക്കുക.
2. എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും നിർബന്ധമായും സ്കൂൾ സഹകരണ സംഘങ്ങ ളിൽ അംഗങ്ങളാക്കുക.
3. സ്റ്റോറുകളുടെ നടത്തിപ്പിനായി ഒരു സ്ഥിരം ജീവ നക്കാരനെ നിയമിക്കുക.

***ക്ഷീര സഹകരണ സംഘങ്ങൾ*** നമ്മുടെ പഞ്ചായത്തിൽ ഇല്ല. 7.8 എന്നീ വാർഡു കൾക്കും 14.1.2 എന്നീ വാർഡുകൾക്കും 13,5,6 വാർഡുകൾക്കും ഓരോ ക്ഷീര സഹകരണ സംഘങ്ങളും ഉണ്ടാക്കാവുന്നതാണ്. ഇത്തരം സംഘങ്ങൾ കൂടി നല്ലയിനം കറവമാടുകളെ യും കാലിതീറ്റയും വിതരണം നടത്തേണ്ടതാ ണ് ഇതിൽകൂടെ കൃഷിക്കാർക്കും കർഷ ക തൊഴിലാളികൾക്കും ഒരു ഇടത്തര വരുമാന മാർഗ്ഗമാക്കി തീർക്കുവാൻ കഴിയും. പ ഞ്ചാ യത്തിൽ ഇന്ന് രണ്ട് മൃഗാശുപത്രികൾ ഉള്ള തിനാൽ ഈ സഹകരണ സംഘങ്ങൾ കൂടു തൽ മെച്ചമുണ്ടാക്കാവുന്നതാണ്.

പഞ്ചായത്തിൽ പാർപ്പിട പ്രശ്നം ഗുരുതരമാണ് ഭവന നിർമാണ സഹകരണ സംഘങ്ങൾ പഞ്ചായ ത്തിൽ ഇല്ല സഹകരണ മേഖലയിലെ വിവിധ സംഘങ്ങൾ വഴിയും വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന വായ്പയാണ് പഞ്ചായത്തിൽ ഭൂരി ഭാഗവും ഉപയോഗിക്കുന്നത്. ഭവന നിർമാണ പ്രവർത്തനങ്ങൾ പ്രധാനമായും വിതരണം ചെയ്ത് വരുന്നത്. തിരൂർ സഹകരണ കാർഷിക വികസന ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, തിരൂർ അർബ്ബൻ കോ-ഓപറേറ്റീവ് ബാങ്ക് എന്നിവയാണ് ഫണ്ടുകളുടെ അപര്യാപ്തതമൂലം ഈ സംഘ ങ്ങൾക്ക് വർദ്ധിച്ച വരുന്ന ആവശ്യങ്ങൾ നിറവേ റ്റാൻ സാധിക്കുന്നില്ല. അതിനാൽ പാർപ്പിട രംഗത്ത് കൂടതൽ വായ്പകൾ വിതരണം ചെയ്യുന്നതിന് ഹൗസിങ്ങ് സഹകരണ സംഘങ്ങൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുക ളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പാ ക്കുകവഴി വെട്ടം പഞ്ചായത്തിലെ കാർഷികരംഗ ത്തും തൊഴിൽരംഗത്തും സമൂലമായ മാറ്റം വരു ത്തുവാൻ സാധിക്കുന്നതും സാമ്പത്തിക മേഖല യിൽ ഒരു മുന്നേറ്റത്തിന് ഈ പഞ്ചായത്തിന് സജ്ജ മാക്കാൻ സാധിക്കുന്നതുമാണ്. ഗ്രാമങ്ങളുടെ സാമ്പ ത്തിക സാംസ്ക്കാരിക സാമൂഹിക വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ വെട്ടം പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കണം.

പട്ടിക -1

## കാർഷിക വായ്പാ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ കാർഷികം | വായ്പകൾ കാർഷിക ഇതരം | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | ജീവനക്കാർ സ്ഥിരം | ജീവനക്കാർ താത്കാലികം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | മംഗലം സർവ്വീസ് സഹകരണ ബാങ്ക് LTD No. 9701 മംഗലം | 1924 | മംഗലം വില്ലേജിൽ കൂട്ടായി ഒഴികെ യുള്ള 9 ദേശങ്ങൾ | 3800 | 735732 | 2825309 | 2698493 | 007540 | 12159672 | 13634225 | നഷ്ടം | 8 | 3 |
| 2. | വെട്ടം സർവ്വീസ് സഹകരണ ബാങ്ക് LTD No. 1823 വെട്ടം | | വെട്ടം, പച്ചാട്ടിരി, മംഗലം അംശത്തിൽ കൂട്ടായി ദേശം | 6511 | 445340 | 1510500 | 2766270 | 688272 | 2594850 | 3211610 | നഷ്ടം | 6 | 2 |
| 3. | തിരൂർ അർബൺ കോ- ഓപ്പറേറ്റീവ് ബാങ്ക് (പരിയാപുരം ശാഖ) പരിയാപുരം. | | | | | | | | | | | | |

പട്ടിക -2

## വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പ്ര് | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ വായ്പ നൽകിയത് | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | കൂട്ടായി കയർ വ്യവസായ സഹകരണ സംഘം LTD No. 360 | 1962 | മംഗലം, പുല്ലൂണി, തലൂക്കര | 287 | 141041 | 97000 | Nil | 270631 | Nil | | 1 സിക്രട്ടറി |
| 2. | കൂട്ടായി കൂട്ടായി മത്സ്യ തൊഴിലാളി വിക സന ക്ഷേമ സഹ കരണ സംഘം LTD No. DFM 137/93 | 1993 | കൂട്ടായി ദേശം | 417 | 34450 | Nil | 37635 | 102085 | 52025 | | 1 സിക്രട്ടറി |
| 3. | കൂട്ടായി പറവണ്ണ മത്സ്യ തൊഴിലാളി വിക സന ക്ഷേമ സഹക രണ സംഘം LTD No. DFM 138/93 | 1993 | പറവണ്ണ ദേശം | 381 | 35010 | Nil | Nil | 65010 | 33000 | | 1 സിക്രട്ടറി |
| 4. | പറവണ്ണ തേവർ കടപ്പുറം മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം LTD No. DFM 139/93 | 1993 | വാക്കാട് ദേശം | 350 | 33500 | Nil | Nil | 63500 | 35000 | | 1 സിക്രട്ടറി |
| 5. | പുല്ലൂണികായലോര മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം | | | | | | | | | | |

പട്ടിക -3

## സ്കൂൾ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | സർക്കാർ ഗ്രാന്റ് |
|---|---|---|---|---|---|---|
| 1. | S.H.M.U.P School Group Co-operative Society | 1990 | കൂട്ടായി ദേശത്തെ 4 എൽ.പി സ്കൂളുകളും, 2 യു.പി സ്കൂളുകളും | 102 | 2173 | 5000 |
| 2. | Govt. Vocational Higher Secondary School Group Co-operative Society, Paravanna | 1970 | ജി.വി.എച്ച്.എസ് പറവണ്ണ | | 4753 | 5000 |
| 3. | Kuttiyil A.U.P School Group Co-operative Society Vettom | 1976 | വെട്ടം വില്ലേജ് | 294 | 1681 | Nil |
| 4. | Mangalam A.M.L.P. School Group Co-operative Society Mangalam | 1991 | വെട്ടം പഞ്ചായത്തിലെ 7,8 വാർഡുകളിലെ 4 എൽ.പി സ്കൂളുകളും, 1 യു.പി. സ്കൂളും | 32 | 2000 | 2500 |
| 5. | M.M.M.High School Group Co-operative Society Kuttayi | | | | | |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം.

തയ്യാറാക്കിയത്:-

പി.ബാലകൃഷ്ണൻ
ടി.വേലായുധൻ
തങ്കപ്പൻ

**1991** ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 48522 ആണ്. ഇതിൽ 1985 പേരാണ് പട്ടികജാതി വിഭാഗത്തിലുള്ളത്.പട്ടിക വർഗ്ഗ വിഭാഗക്കാർ ആരുമില്ല. 15 വാർഡുകളുള്ളപഞ്ചായത്തിൽ 4 വാർഡുകളിൽ പട്ടിക ജാതിക്കാർതീരെഇല്ല 14ാം വാർഡിൽ രണ്ടു കുടുംബങ്ങൾ മാത്രമാണ് ഈ വിഭാഗത്തിൽ ഉള്ളത്. ബാക്കിയുള്ള 10 വാർഡുകളിലായി വ്യാപിച്ചുകിക്കുന്ന ഈ വിഭാഗത്തിന് നാല് അംഗീകൃത കോളനികൾ മാത്രമേ നിലവിലുള്ളൂ. 9 കോളനികൾ അംഗീകരത്തിനായി അപേക്ഷിച്ചിട്ടുണ്ട്.

കോളനികളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1(A) അംഗീകൃതകോളനികൾ

| നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|---|
| 1 | III, IV | പള്ളിപ്പറമ്പ് | 55 | 236 |
| 2. | V, XIII | തിരുത്തിപ്പറമ്പ് (IHDP) | 27 | 168 |
| 3. | VII | പുല്ലൂണി | 58 | 213 |
| 4. | VII | തിരുത്തുമ്മൽ | 23 | 168 |

പട്ടിക 1(B)

| അംഗീകാരത്തിനപേക്ഷിച്ചവ | | | | |
|---|---|---|---|---|
| നമ്പർ | വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങളുടെഎണ്ണം | ജനസംഖ്യ |
| 1. | I | വേലൻകണ്ടി | 22 | 76 |
| 2. | I | അരിക്കാഞ്ചിറ | 10 | 51 |
| 3. | II | മണ്ണുപ്പാടം | 11 | 61 |
| 4. | II | വിദ്യാനഗർ | 10 | 53 |
| 5. | V | വേമണ്ണ | 16 | 74 |
| 6. | VI | ചെള്ളിപ്പടുന്ന | 10 | 57 |
| 7. | VI | ആശാൻപടി | 11 | 47 |
| 8. | VI | ഹെൽത്ത് സെന്റർ | 10 | 41 |
| 9. | IX | കാശ്മീർ നഗർ | 12 | 75 |

## ജീവിതനിലവാരം

### *a, സാമൂഹികം:*

ഒരു കാലത്ത് തികച്ചും അടിമകളെപ്പോലെ ജീവിച്ചിരുന്ന ഇവർ സ്വാതന്ത്ര്യം ലബ്ധിയോടെ സാമൂഹിക അസമത്വത്തിൽ നിന്നും മോചത്തിനു തുടക്കം കുറിച്ചു. കുടികിടപ്പവകാശം, മിച്ചഭൂമിയുടെ ലഭ്യത എന്നിവ ഇവരുടെ മോചനത്തിന് ആക്കം വർദ്ധിപ്പിക്കയും ചെയ്തു. ഇന്ന് സമൂഹത്തിൽ മറ്റുള്ള സാമൂഹിക ഉച്ചനീചത്വങ്ങളില്ല. വിവാഹം തുടങ്ങിയ ചടങ്ങുകളിലും പൊതു പരിപാടികളിലും സമൂഹത്തിലെ മറ്റ വിഭാഗങ്ങളോടൊപ്പം ഇവർ ക്ഷണിക്കപ്പെടുകയും പങ്കെടുക്കുകയും ചെയ്യുന്നുണ്ട്.

### *b) സാമ്പത്തികം :*

സാമൂഹിക രംഗത്ത് ഉച്ചനീചത്വങ്ങൾ ഇല്ലെങ്കിൽകൂടി സാമ്പത്തിക രംഗത്ത് ഇവർ ഇന്നും വളരെ പിറകിലാണ് 95% ത്തിൽ അധികവും ദാരിദ്ര്യരേഖയ്ക്കുതാഴെയാണ്. ഇതിനുപല കാരണങ്ങളുമുണ്ട്. സർക്കാർ നടപ്പാക്കുന്ന പല ആനുകൂല്യങ്ങളും കൈപ്പറ്റുവാനോ കിട്ടിയവ ഉപയോഗപ്രദമായരീതിയിൽ വിനിയോഗിക്കുവാനോ ഇവരിൽ പലർക്കും കഴിയുന്നില്ല എന്നതാണ് പ്രധാനം. വിവിധോദ്ദേശ്യങ്ങളോടെ സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതികളുടേയും നാമമാത്രമായ നേട്ടങ്ങൾ മാത്രമേ ഇവർക്കു ലഭിക്കുന്നുള്ളൂ.

### *C) തൊഴിൽ:*

കൂലി വേലയാണ് ഭൂരിഭാഗത്തിന്റെയും പ്രധാനതൊഴിൽ. അടുത്തകാലംവരെ കാർഷികരംഗത്താണിവർ പ്രധാനമായും ജോലി ചെയ്തിരുന്നത്. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ പലരും കൃഷികയൊഴിഞ്ഞു. തന്മൂലം ഈ മേഖലയിൽ തൊഴിൽ കുറഞ്ഞു. അതിനാൽ ഈ വിഭാഗത്തിൽ പലർക്കും മറ്റുതൊഴിൽ മേഖല കണ്ടെത്തേണ്ടതായി വന്നു. അധിക പേരും നിർമ്മാണ തൊഴിലാണ് സ്വീകരിച്ചിട്ടുള്ളത്.സംതൃപ്തമായ കൂലിയും ലഭിക്കുന്നുണ്ട്.നടീൽ, കൊയ്ത്ത് തുടങ്ങിയ ജോലികൾക്ക് തൊഴിലാളികളെ കിട്ടാൻ പ്രയാസമുണ്ട്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉദ്പാദന വർദ്ധനവിന്റെ ആവശ്യകത മനസ്സിലാക്കി കൂടുതൽ തൊഴിലാളികളെ ഈ രംഗത്തേക്ക് ആകർഷിക്കേണ്ടിയിരിക്കുന്നു. കൃഷി പ്രവൃത്തി ഇല്ലാതിരുന്ന സീസണുകളിൽ പായനെയ്ത്തും,ഓലനെയ്ത്തും പോലുള്ള പാരമ്പര്യ തൊഴിലുകൾ പട്ടികജാതി വിഭാഗത്തിലെ സ്ത്രീകൾ ചെയ്തിരുന്നു. പായ നെയ്ത്തിനാവശ്യമായ കൈതോലയുടെ ദൗർലഭ്യം ഈ രംഗത്തു നിന്നും അവർ പിന്മാറാൻ കാരണമായി. ഗവൺമെന്റു സർവ്വീസിൽ വളരെ ചുരുക്കം പേരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായുള്ളൂ.

### *D) പാർപ്പിടം:*

പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതികൾക്കു കഴിഞ്ഞിട്ടുണ്ട്. കോളനികളിൽ മാത്രമായി 95 ഓലവീടുകളും 42 ചെറ്റക്കുടിലുകളുമുണ്ട്. കോളനികളിൽ വീടുവെക്കാൻ സ്ഥലമില്ലാത്ത 32 കുടുംബങ്ങൾ വേറെയുമുണ്ട്. കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട പട്ടികജാതി കുടുംബങ്ങളിൽ ഏതാനും പേർ വീടില്ലാത്തവരും വീടുവെക്കാൻ സ്ഥലമില്ലാത്തവരും ആണ്. ലഭിക്കുന്നതുക വളരെ പരിമിതമായതിനാൽപല വീടുകളും പണി പൂർത്തികരിക്കാൻ കഴിയാതെ വരുന്നു. തുകയുടെ ദുർവിനിയോഗവും ഇതിനൊരു കാരണമാണ്. വീടുവെക്കാൻ സ്ഥലമില്ലാത്തവരുടെ എണ്ണം കൂടിവവരികയാണ്. അത്തരം കുടുംബങ്ങൾക്ക് സ്ഥലവും വീടിനുള്ള സഹായവും അനുവദിക്കേണ്ടിയിരിക്കുന്നു.

പട്ടിക 2

| ക്രമ നമ്പർ | വാർഡ് | കോളനികളുടെ പേര് | വീടിന്റെ സ്വഭാവം | | | | ആവശ്യമുള്ള വീടുകൾ | വീടും സ്ഥലവും ആവശ്യമുള്ളവർ |
|---|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | ചെറ്റക്കുടിൽ | | |
| 1. | I | വേലൻകണ്ടി | 1 | 6 | 5 | | 6 | 11 |
| 2 | I | അരിക്കാഞ്ചിറ | | 2 | 3 | 5 | 8 | |
| 3 | II | മണ്ണൂപ്പാടം | | 2 | 5 | 3 | 6 | |
| 4. | II | വിദ്യാനഗർ | | 3 | 2 | 5 | 5 | |
| 5. | III,IV | പള്ളിപ്പറമ്പ് | | 42 | 6 | 7 | 13 | 10 |
| 6. | V, XIII | തിരുത്തിപ്പറമ്പ് | | 17 | 4 | 6 | 6 | 3 |
| 7. | V | വേമണ്ണ | 1 | 7 | 4 | 1 | 4 | |
| 8 | VI | ചെള്ളിപ്പടൂന്ന | | 5 | 3 | 2 | 4 | 3 |
| 9. | VI | ആശാൻപടി | | 5 | 3 | | 3 | 3 |
| 10. | VI | ഹെൽത്ത് സെന്റർ | | 2 | 6 | | 2 | 1 |
| 11. | VII | പുല്ലൂണി പട്ടിക (2) | | 16 | 38 | 4 | 4 | 1 |
| 12. | VII | തിരുത്തുമ്മൽ | 1 | 8 | 13 | 1 | 1 | |
| 13. | IX | കാശ്മീർ നഗർ | | | 4 | 8 | 12 | |

### *കക്കൂസ്:*

വെട്ടം പഞ്ചായത്തിന്റേയും സോഷ്യോ എക്കണോമിക് യൂണിറ്റിന്റെയും സംയുക്ത സഹകരണത്തോടെ വെട്ടം ഗ്രാമ പഞ്ചായത്തിൽ സമ്പൂർണ സാനിറ്റേഷൻ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഒന്നാംഘട്ടത്തിൽ 100 കക്കൂസുകളാണ് പട്ടിക ജാതി വിഭാഗത്തിൽ അനുവദിച്ചിരുന്നത്. 3000 രൂപ ചിലവു വരുന്ന ഒരു ക്കകൂസിന് 500 രൂപയാണ് പട്ടികജാതി വിഭാഗത്തിൽ പെട്ട ഗുണഭോക്താവ് നല്കേണ്ടിയിരുന്നത്.. ഒന്നാം ഘട്ടത്തിൽ 141 അപേക്ഷകർ ഉണ്ടായെങ്കിലും സാമ്പത്തിക വിഷമം മൂലം 88 പേർക്കേ അവരുടെ വിഹിതം അടച്ച് കക്കൂസ് നിർമ്മിക്കുവാൻകഴിഞ്ഞുള്ളൂ. ഒന്നാം ഘട്ടത്തിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർ വേറെയുമുണ്ട്. പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി കക്കൂസ് നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

### *കുടിവെള്ളം:*

കോളനികളിൽ പലതിലും കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. കോളനികളിൽ ഉൾപ്പെടാതെ ഒറ്റപ്പെട്ട ഒട്ടനവധി പട്ടികജാതി കുടുംബങ്ങൾ കുടിവെള്ള പ്രശ്നമുള്ളവരായിട്ട് വേറെയുണ്ട്. കോളനികൾ അധികവും ഓരു ജലപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. പൈപ്പുലേനിട്ട് ടേപ്പുകൾ വഴി ശുദ്ധ ജല വിതരണം ചെയ്താൽ മാത്രമേ ഈ പ്രദേശങ്ങളിലുള്ള കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുകയുള്ളൂ.

### *വിദ്യാഭ്യാസം, വിജ്ഞാനം, വിനോദം.*

വിദ്യാഭാസരംഗത്ത് പട്ടികജാതി വിഭാഗത്തിലുള്ളവർ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. മുതിർന്നവരിൽ ഭൂരിഭാഗവും നിരക്ഷരരാണ്. തുടർസാക്ഷരതാ പരിപാടിയോ, വയോജന വിദ്യാഭ്യാസ പരിപാടിയോ നടക്കാത്തതിനാൽ നവസാക്ഷരർ വീണ്ടും നിരക്ഷരരായിരിക്കുന്നു. എസ്.എസ്. എൽ.സി. ക്കുശേഷം തുടർന്നുപഠിക്കുന്ന വരുടെ എണ്ണം വിരളമാണ്. 96-97 അദ്ധ്യായന വർഷത്തിൽ L.P വിഭാഗത്തിൽ 101ഉം യു.പി. വിഭാഗത്തിൽ 281 ഉം ഹൈസ്ക്കൂൾ വിഭാഗത്തിൽ 114 ഉം കുട്ടികളാണ് പഠനം നടത്തുന്നത്. ഹൈസ്ക്കൂൾതലത്തിൽ കൊഴിഞ്ഞുപോകുന്ന കുട്ടികളുമുണ്ട്. രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ബോധമില്ലായ്മയും, താഴ്ന്ന ക്ലാസ്സിലെ നിലാരക്കുറവുമാണ് ഉയർന്ന ക്ലാസിലെ കൊഴിഞ്ഞുപോക്കിനു കാരണം. വിദ്യാഭ്യാത്തിനു ലഭിക്കുന്ന ആനുകൂല്യം പലതും വേണ്ട വിധത്തിൽ ഉപയോഗിക്കുന്നില്ല.

വിജ്ഞാനത്തിനും വിനോദത്തിനുമുള്ള ഉപാധികൾ കുറവാണ്. തിരുത്തിപ്പറമ്പ്, പള്ളിപ്പറമ്പ് എന്നീ കോളനികളിൽ മാത്രമേ, ടി.വി. സെറ്റുള്ളൂ. മറ്റു കോളനികളിൽ ഒന്നും തന്നെയില്ല.

### *മാതൃശിശു സംരക്ഷണം :*

പുല്ലൂണി, തിരുത്തുമ്മൽ, തിരുത്തിപ്പറമ്പ് എന്നീ കോളനികളിൽ അംഗൻവാടികൾ ഉണ്ട്. ഇവക്കൊന്നിനുംതന്നെ സ്വന്തമായ കെട്ടിടങ്ങളില്ല. കെട്ടിട

നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കാത്തതാണി തിനു കാരണം. പട്ടികജാതി കോളനികളിലെ അം ഗനവാടികൾക്ക് കെട്ടിടമുണ്ടാക്കുന്നതിനുള്ള സാമ്പ ത്തിക സഹായം ചെയ്യുന്നതോടൊപ്പം ഭൂമി വാങ്ങു ന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യേണ്ടതാണ്.

## പ്രശ്നങ്ങളും സാധ്യതകളും

### പാർപ്പിടം പ്രശ്നങ്ങൾ:

1. പലർക്കും ഓലവീടുകളും ചെറ്റക്കുടിലുകളുമാണ്.
2. വീടുവെക്കാൻ നല്കുന്ന സഹായധനം തീരെ കുറവായതിനാൽ പണിപൂർത്തിയാക്കാൻകഴിയു ന്നില്ല.
3. സഹായധനം ദുർവിനിയോഗം ചെയ്യപ്പെടുന്നു.
4. വീടുവെക്കാൻ സ്ഥലം ഇല്ലാത്തവരുണ്ട്.
5. കക്കൂസില്ലാത്ത വീടുകൾ ഇനിയും ഉണ്ട്.
6. പറവണ്ണ ലക്ഷം വീട് കോളനിയിൽ (പട്ടികജാതി കോളനിയല്ല) അധികവും ചെറ്റക്കുടിലുകളാണ്.

### സാധ്യതകൾ

1. പാർപ്പിട നിർമ്മാണത്തിനുള്ള സഹായത്തുക അപര്യാപ്തമാണ്. വിവിധ ഏജൻസികൾ നല്കുന്ന തുക ഏകോപിപ്പിച്ച് സഹായധനം 50,000 രൂപയെ ങ്കിലുമായി ഉയർത്തുക. തുക ഗുണഭോക്താവിനെ ഏല്പിക്കാതെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡുതല ജനകീയ സമിതികൾ രൂപീകരിച്ച് ചുരു ങ്ങിയ ചെലവിൽ വീടുകൾ പണിയുന്ന 'നിർമ്മിതി' പോലുള്ള ഏജൻസികളെക്കൊണ്ട് ചെയ്യിക്കുക.

2. ഭൂരഹിത ഭവന രഹിതരെ പുനരധിവസിപ്പി ക്കുക. ഇതിന് പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന പുനരധിവാസപദ്ധതി ഉപയോഗി ക്കുക

3. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റപ്പ ണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ രീതിയിൽ നൽകുക.

4. എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും കക്കൂസ് സൗജന്യമായി നിർമ്മിച്ചുകൊടുക്കുക.

5. ലക്ഷം വീട് കോളനിയിലെ 28 വീടുകൾക്ക് പട്ടയം ലഭിച്ചിട്ടുണ്ട്. ഇവരിൽ അധികവും മത്സ്യ ത്തൊഴിലാളികൾ ആണ്. ഇവർക്ക് ഫിഷറീസ് വകു പ്പിൽ നിന്ന് വീടുകളനുവദിക്കേണ്ടതാണ്.

### കുടിവെള്ളം

*പ്രശ്നങ്ങൾ:*

1) 3, 4, വാർഡുകളിലെ പള്ളിപ്പറമ്പുകോളനിയിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്.

2) 5,13 വാർഡുകളിലെ തിരുത്തിപ്പറമ്പുകോളനിയിൽ ഭൂരിഭാഗം വീട്ടുക്കാർക്കും കുടിവെള്ളം ലഭിക്കു ന്നില്ല.

3) പുല്ലൂണി കോളനിയിൽ ചെളിയും പൊടിയും കലർന്ന വെള്ളമാണ് പൈപ്പുവഴി ലഭിക്കുന്നത്. പഴ കികേടുവന്ന ടാപ്പുകളുണ്ട്.

4) മണ്ണുപാടം കോളനി ഓരു ജലപ്രദേശമാണ്. കുടി വെള്ളം ലഭിക്കുന്നില്ല.

5. വിദ്യാനഗർ കോളനിയിൽ കുടിവെള്ള പ്രശ്ന മുണ്ട്.

6. ചെള്ളിപ്പടുന്ന കോളനിയിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്.

7) 8-ാം വാർഡിൽ അറയ്ക്കൽ പറമ്പു ഭാഗത്തും മംഗലം എ.എം.എൽപി സ്ക്കൂൾ പരിസരത്തും ശുദ്ധജലം ലഭിക്കുന്നില്ല. അറയ്ക്കൽ പറമ്പിൽ ഓരു ജലവും A.M.L.P School ഭാഗത്ത് ഇരുമ്പിന്റെ അംശം കലർന്ന ജലവുമാണ്.

*സാധ്യതകൾ:*

1) പള്ളിപ്പറമ്പുകോളനിയുടെ കിഴക്കുവശത്തു കൂടെ ശുദ്ധജല വിതരണത്തിനുള്ള പൈപ്പുലൈൻ സ്ഥാപിട്ടിട്ടുണ്ട്. പടിഞ്ഞാറുവശത്തുകൂടി പൈപ്പു ലൈൻ സ്ഥാപിക്കുകയും കോളനിയുടെ മുഴുവൻ ഭാഗത്തും ടാപ്പുസ്ഥാപിച്ച് വാക്കാട് നിർമ്മിക്കുന്ന കിണറിന്റെ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത് പ്രശ്നം പരിഹരിക്കേണ്ടതാണ്.

2. തിരുത്തിപ്പറമ്പുകോളനിയിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി പൈപ്പും ടാപ്പും സ്ഥാപി ച്ചിട്ടുണ്ട് കിണറിന്റെ പണി പൂർത്തികരിച്ച് ജല ലഭ്യതയ്ക്കുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുക.

3) പുല്ലൂണികോളനിയിൽ പൈപ്പുവഴി ലഭിക്കുന്ന കുടിവെള്ളം തെളിയിട്ടു ലഭിക്കുനനതിനുള്ള മാർഗ്ഗം കാണേണ്ടതാണ്. പഴകിയ ടാപ്പുകൾ മാറ്റി സ്ഥാപിച്ച്

പ്രശ്നം പരിഹരിക്കേണ്ടതാണ്.

4) കൊക്കരണികുളത്തിന്റെ സമീപത്തുള്ള പറമ്പിൽ കിണറും ടാങ്കും സ്ഥാപിച്ച് പൈപ്പുവഴി ശുദ്ധ ജലം ലഭ്യമാക്കി മണ്ണുപാടം കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

5. വിദ്യാനഗർ കോളനി യോടനുബന്ധിച്ച് തിരൂർ ബ്ലോക്ക് സ്ഥാപിച്ച ഉപയോഗ ശൂന്യമായ ഒരു റിങ്ങിന്റെ കിണറുണ്ട്. ആ റിങ്ങുപയോഗിച്ച് അടുത്ത് ജല ലഭ്യതയ്ക്കുള്ള സാധ്യതയുള്ള മറ്റൊരുകിണർ സ്ഥാപിക്കാവുന്നതും പ്രശ്നം പരിഹരിക്കാവുന്നതുമാണ്.

6) കേരള വാട്ടർ അതോറിറ്റി ചെള്ളിപ്പടന്ന കോളനിക്ക് ഉപയോഗപ്രദമായ രീതിയിൽ 5000 ലിറ്റർ ശേഷിയുള്ള ഒരു ടാങ്ക് നിർമ്മിക്കുന്നതിനും 2500 M.M. പൈപ്പുലൈൻ ഇടുന്നതിനും 16-02-96ന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി പ്രശ്നം പരിഹരിക്കാവുന്നതാണ്.

7. അറയ്ക്കൽ പറമ്പിൽ ഭാഗത്തെ 6 പട്ടികജാതി കുടുംബങ്ങൾക്ക് ഓരു ജലമാണ് ലഭിക്കുന്നത് കൂട്ടായി വാട്ടർസപ്ലൈസ് സ്കീമിന്റെ ഇതു വഴിപോകുന്ന പേപ്പിൽ ടാപ്പുസ്ഥാപിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്. മംഗലം. AML P School പരിസരത്തു കൂടിയുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പുലൈനിൽ ടാപ്പുസ്ഥാപിച്ച് ഈ പ്രദേശത്തെ 8 പട്ടികജാതി കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നവും പരിഹരിക്കാൻ കഴിയും.

## റോഡുകൾ

*പ്രശ്നങ്ങൾ:*

1. കോളനികളിലേക്ക് റോഡുസൗകര്യങ്ങളില്ല.
2. പഞ്ചായത്തിലെ I.H.D.P. കോളനിയായ തിരുത്തിപ്പറമ്പു കോളനിയിലേക്ക് റോഡില്ല.
3. പുല്ലൂണി കോളനിക്ക് റോഡില്ല.
4. പള്ളിപ്പറമ്പുഹരിജൻ കോളനിയിൽ നിന്ന് ഗതാഗത യോഗ്യമായ റോഡില്ല.
5. തിരുത്തുമ്മൽ കോളനിയൽ നിന്ന് റോഡില്ല.
6. വേലൻകണ്ടി കോളനിയിൽ നിന്ന് റോഡില്ല.

*സാധ്യതകൾ:*

1. റോഡില്ലാത്ത എല്ലാ പട്ടികജാതി കോളനികളിലേക്കും റോഡു നിർമ്മിക്കേണ്ടതാണ്.

2. കോളനി റോഡെന്ന പേരിൽ വെട്ടം ചീർപ്പു റോഡിൽ നിന്ന് നടുവിലക്കടവു വരെ ഒരു മൺ റോഡ് നിലവിലുണ്ടങ്കിലും ഇത് തിരുത്തിപ്പറമ്പ് പട്ടിക ജാതി കോളനിയുമായി ബന്ധപ്പെടുന്നില്ല. ഇതിനെ കോളനിയിൽപ്പെട്ട തിരുത്തിപ്പറമ്പിനോടു ചേർന്നുള്ള പാടശേഖരത്തിലുള്ള പട്ടികജാതി കുടുംബങ്ങൾക്കുപ്രയോജനകരമാക്കി അണ്ണേക്കാട്ടുവരെ നീട്ടേണ്ടതാണ്. 150 ഏക്കറിലധികം വിസ്തീർണ്ണം വരുന്ന അണ്ണേക്കാടു പാടശേഖരത്തിന്റെ അത്ഭുതകരമായ മാറ്റത്തിന് ഇതു കാരണമാകും. കോളനിയിലെ തിരുത്തിപ്പറമ്പിൽ നിന്ന് പുളിഞ്ചോട് വഴി വെട്ടം ചിർപ്പുറോഡിലേക്ക് മറ്റൊരു റോഡും നിർമ്മിക്കേണ്ടതാണ്.

3. പുല്ലൂണി കോളനിയെ തിരൂർ പുറത്തൂർ റോഡുമായി ബന്ധിപ്പിക്കുന്ന റോഡു നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

4. പള്ളിപ്പറമ്പു കോളനി ടിപ്പുസുൽത്താൻ റോഡുമായി ബന്ധിപ്പിക്കുന്നതിന് 500 മീറ്റർ നീളത്തിൽ ആദ്യഘട്ട പ്രവർത്തനം മാത്രം കഴിഞ്ഞ ഒരു റോഡുണ്ട്. ഈ റോഡ് ഗതാഗതയോഗ്യമാക്കേണ്ടതാണ്. ഈ റോഡിന്റെ തുടർച്ചയായി T.K. കനാലിന്റെ കരയിലേക്ക് റോഡ് നീട്ടേണ്ടതാണ്.

5. തിരൂർ-പൊന്നാനി പുഴയിൽ ഒരു ദ്വീപായികിടക്കുന്ന തിരുത്തുമ്മൽ ഹരിജൻ കോളനിക്ക് മറുകരയുമായി ബന്ധപ്പെടാൻ ഒരു ബണ്ടുമാത്രമേയുള്ളു. ഈ ബണ്ട് റോഡുപാലമാക്കി മഗലവുമായി ബന്ധിപ്പിക്കുന്ന ഒരു റോഡു നിർമ്മിക്കുക.

6. ചെമ്പൻ തോടുറോഡിൽ നിന്ന് വേലൻകണ്ടി കോളനിയിലേക്ക് റോഡു നിർമ്മച്ച് വേലൻ കണ്ടി കോളനിയിലേക്ക്ഉള്ളയാത്രാ പ്രശ്നം പരിഹരിക്കേണ്ടതാണ്.

## വൈദ്യുതി

*പ്രശ്നങ്ങൾ:*

1. അംഗീകാരത്തിനപേക്ഷിച്ച പല കോളനികളും വൈദ്യുതികരിച്ചിട്ടില്ല.

2. കോളനിയ്ക്കു പുറത്ത് ഒറ്റപ്പെട്ടുകിടക്കുന്ന ഭൂരിഭാഗം പട്ടികജാതി വീടുകളും വൈദ്യുതീകരിക്കാത്തവയാണ്.

3. പറവണ്ണ ലക്ഷം വീടുകോളനിയിൽ വൈദ്യുതി യില്ല.

*സാധ്യതകൾ*

1. അംഗീകൃത കോളനികൾ 4ഉം വൈദ്യുതിക രിച്ചിരിയ്ക്കുന്നു. ഇതിൽ 29 വീടുകൾ കൂടി വൈദ്യു തികരിക്കേണ്ടതായുണ്ട്. അംഗീകാരത്തിപേക്ഷിച്ച വേലൻകണ്ടി കോളനിയിലും വൈദ്യുതിയുണ്ട്.

2. വൈദ്യുതീകരിക്കാത്ത കോളനികളും ഒറ്റപ്പെ ടുക്കിടക്കുന്ന വൈദ്യുതീകരിക്കാത്ത പട്ടികജാതി വീടുകളുംസൗജന്യമായി വൈദ്യുതീകരിക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകേണ്ട താണ്.

3. ലക്ഷം വീടുകോളനിയിൽ വൈദ്യുതി എത്തി ക്കാൻ വേണ്ട നടപടികൾ സ്വീകരകിക്കുക.

## വിദ്യാഭ്യാസം:

*പ്രശ്നങ്ങൾ:*

1. സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യ ങ്ങൾക്ക് ആനുപാതികമായി വിദ്യാഭ്യാസ പുരോ ഗതി കൈവരിച്ചിട്ടില്ല. S.S.L.S. കഴിഞ്ഞ് തുടർന്നു പഠി ക്കുന്നവരുടെ എണ്ണം കുറവാണ്.
2. നിരക്ഷരർ നിലനില്ക്കുന്നു. മുതിർന്നവരിൽ ഭൂരി ഭാഗവും നിരക്ഷരരാണ്.
3. എല്ലാ കോളനികളിലും അംഗൺവാടികളില്ല കോളനികളിൽ വിനോദവിജ്ഞാന കേന്ദ്രങ്ങളില്ല.

*സാധ്യതകൾ:*

1. കോളനികളിലെ അഭ്യസ്തവിദ്യരുടെ സമിതി രൂപീകരിച്ച് അവരുടെ നേതൃത്വത്തിൽ ബോധവത്ക്ക രണം നടത്തുക. തടർന്നുപഠിക്കാത്തത് പ്രധാന മായും താഴ്ന്നക്ലാസുമുതലേ ഉള്ള പഠന നിലവാര ക്കുറവുമൂലമാണ്. അഭ്യസ്ത വിദ്യരുടെ സമിതി യുട സേവനം കൊഴിഞ്ഞുപോകുന്നതുതടയാനും നിലവാരം ഉയർത്താനും ഉപയോഗിക്കേണ്ടതാണ് S.S.L.Cക്കുശേഷമുള്ള കോഴ്സുകൾക്ക് സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.

2. തുടർസാക്ഷരതാക്ലാസ്സുകളോ വയോജനക്ലാ സ്സുകളോ നടത്തുന്നതിന് പഞ്ചായത്തു സംവിധാനം ഉണ്ടാക്കേണ്ടതാണ്. തിരുത്തിപ്പറമ്പ്, പുല്ലൂണി, തിരു ത്തുമ്മൽ എന്നീ കോളനികളിൽ അംഗൺ വാടികൾ ഉണ്ട് ഇവയ്ക്ക് ഗവൺമെന്റ് ഭൂമിവാങ്ങികെട്ടിടം നിർമ്മിക്കേണ്ടതാണ്.

3. 20 കുടുംബങ്ങളിൽ കൂടുതലുള്ള എല്ലാ കോള നികളിലും അംഗൺ വാടികളോ ഡെകെയർ സെന്റ റുകളോ സ്ഥാപിക്കുക. കോളനികളിൽ വിനോദ വിജ്ഞാന കേന്ദ്രങ്ങൾക്കു രൂപം കൊടുക്കുക. അവിടെ വായന ശാലയും ടി.വി.സെറ്റും സ്ഥാപി ക്കുക. ഈ കേന്ദ്രങ്ങളുടെ മേൽ നോട്ടം കോളനി യിലെ അഭ്യസ്തവിദ്യരുടെ സമതിയെ പഞ്ചായത്തു മെമ്പറുടെ നേതൃത്വത്തിൽ ഏൽപ്പിക്കാവുന്നതാണ്.

## ആരോഗ്യം:

*പ്രശ്നങ്ങൾ*

1. കോളനികളിൽ ആരോഗ്യ സംരക്ഷണ സൗകര്യ ങ്ങൾ കുറവാണ്.

*സാധ്യതകൾ:*

1. നിലവിലുള്ള വെട്ടം ഗവ: ആയുർവേദ ഡിസ്പെൻസറി കെട്ടിടനിർമ്മാണത്തിന് 13-ാം വാർഡിൽ ഗവൺമെന്റ്ൽനിന്ന് ലഭിച്ച സ്ഥലത്ത് കെട്ടിടം പണിത് രോഗികളെ കിടത്തി ചികിത്സി ക്കുന്ന ആയുർവേദ ആശുപത്രിയായി ഉയർത്തുക. ഇത് 13,5,6,7,8, എന്നീ വാർഡുകളിലെ പട്ടികജാതി കോളനിവാസികൾക്ക് കൂടുതൽ പ്രയോജനപ്പെ ടുത്താം.

2. വെട്ടം ഹെൽത്തു സെന്ററിന്റെ കീഴിൽ തിരുത്തി പ്പറമ്പുകോളനിയിൽ കുടുംബക്ഷമ കേന്ദ്രം സ്ഥാപി ക്കുക.
3. ആറുമാസത്തിലൊരിക്കൽ കോളനികളിൽ ആരോ ഗ്യബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക.

*മറ്റു പൊതു പ്രശ്നങ്ങൾ:*

1. കോളനികളിൽ പട്ടികജാതി സഹകരണ സംഘ ങ്ങളില്ല.
2. വനിതാ ശിശു വകസന യൂണിറ്റുകളില്ല.
3. ക്ഷേമ പ്രവർത്തനങ്ങൾ പലതിനെക്കുറിച്ചും വേണ്ടത്ര പരിജ്ഞാനമില്ല.
4. ലഭിക്കുന്ന സഹായത്തിനനുസരിച്ച് നേട്ടമുണ്ടാ കുന്നില്ല.
5. കാർഷിക മേഖലയിൽ തൊഴിലവസരം കുറയു ന്നു. തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നു.

*സാധ്യതകൾ:-*

1. പുല്ലൂണികോളനിയിൽ പട്ടികജാതി സഹക

രണ സംഘവും കായലോര മത്സ്യത്തൊഴിലാളി സഹകരണ സംഘവുമുണ്ട് മറ്റു കോളനികൾക്ക് അതുപ്രയോജനകരമല്ല 5,6,13 എന്നീ വാർഡുകളെ ഉൾപ്പെടുത്തി തിരുത്തിപ്പറമ്പു കോളനിയിൽ പട്ടികജാതി സഹകരണ സംഘം സ്ഥാപിക്കുക. ഇതിനോടനുബന്ധിച്ച് ചെറുകിട വ്യവസായ യൂണിറ്റുകളും കൺസ്യൂമർ സ്റ്റോറും ആരംഭിക്കാവുന്നതാണ്

ഉത്പാദനങ്ങൾക്കുള്ള വിപണനസൗകര്യവും കാണേണ്ടതാണ്. 1,2,3,4,9 വാർഡുകളെ ഉൾപ്പെടുത്തി മറ്റൊരു പട്ടികജാതി സഹകരണ സംഘം കൂടി രൂപീകരിക്കേണ്ടതാണ്.

2. കോളനികളിൽ വനിതാ ശിശു വികസന യൂണിറ്റുകൾ ആരംഭിച്ച് ഡയറി യൂണിറ്റ്, തഴപ്പായ നെയ്ത്ത്. കുട്ട, മുറം എന്നിവയുടെ നിർമ്മാണം ഓലമുടയൽ എന്നിവ തുടങ്ങാൻ വേണ്ട സാമ്പത്തിക സഹായം ചെയ്യുക. മുട്ടക്കോഴി വളർത്തൽ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്. കോളനികളിൽ കൈതച്ചെടി വെച്ചു പിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.

3. ലഭിക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ആവശ്യമായ ബോധവൽക്രണം നടത്തുക.

4. പട്ടികജാതി വിഭാഗങ്ങൾക്ക് സർക്കാർ ഏജൻസികൾ നൽകി വരുന്ന എല്ലാ വിധ ധനസഹായവും വായ്പകളും ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുകയും അവയുടെ ഉപയോഗിമേൽനോട്ടം പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

കാർഷിക മേഖല ലാഭകരമായ വിധത്തിൽ അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിച്ച് ഈ രംഗത്തേക്ക് തൊഴിലാളികളെ ആകർഷിക്കുക.

പട്ടികജാതി- പട്ടികവർഗ്ഗക്ഷേമത്തിനുവേണ്ടി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ കൂടി താഴെ ചേർക്കുന്നു.

1. അംഗീകാരത്തിനപേക്ഷിച്ച എല്ലാകോളനികളും അംഗീകരിക്കുന്നത് പട്ടിക ജാതി - പട്ടിക വർഗ്ഗം ക്ഷേമത്തിന് ആക്കം കൂട്ടും.

2. കോളനികളുടെ അംഗീകരത്തിന് ചുരുങ്ങിയത് 10 കുടംബങ്ങൾ വേണമെന്ന നിർബന്ധന കർശനമാക്കാതിരിക്കുക.

3. ട്രൈസം പരിപാടിയനുസരിച്ച് പരിശീലനം നേടുന്ന എല്ലാ പട്ടികജാതിക്കാർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പ പൂർണ്ണമായും നൽകുകയും വായ്പയുടെ ദുരുപയോഗം തടയാൻ പഞ്ചായത്തിന് അധികാരം നൽക്കുകയും ചെയ്യുക.

4. മഴക്കാലത്ത് വെള്ളക്കെട്ടുള്ള പ്രദേശത്തെ വീടിനുചുറ്റും മണ്ണിട്ട് തൂർക്കാനും മണ്ണൊലിപ്പ് തടയാനും സംവിധാനം കാണുക.

5. നിർധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് സഹായധനം നൽകേണ്ടതാണ്.

6. പൊതുശ്മശാനം സ്ഥാപിക്കുക.

7. കോളനിയിൽ ഉൾപ്പെടാതെ കോളനിക്കു പുറത്ത് ഒറ്റപ്പെട്ടു കിടക്കുന്ന പട്ടിക ജാതി കുടുംബങ്ങളുടെ പ്രയാസങ്ങൾ കോളനിയിലുള്ള വരെക്കാൾ കൂടുതലാണ്. ഈ വസ്തുത കണക്കിലെടുത്ത് ആനുകൂല്യങ്ങളുടെ കാര്യത്തിൽ പ്രത്യേക പരിഗണന കൊടുത്ത് അവർക്കും കോളനിവാസികളെപ്പോലെ സാമ്പത്തിക സാമൂഹ്യ വിദ്യാഭ്യാസരംഗനേട്ടമുണ്ടാക്കേണ്ടതാണ്.

# വിഭവസമാഹരണം.

തയ്യാറാക്കിയത്:-
ബഷീർ കൊടക്കാട്ട്
ആർ. കുഞ്ഞിമൊയ്തീൻ കുട്ടി
കെ.സി. അബൂബക്കർ ഹാജി
പി. കുഞ്ഞിമൂസ
കെ. ശശികുമാർ

***പ***ഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽവഴി ചെയ്യുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള കുടിശ്ശിഖ പിരിച്ചുതീർക്കുകയും തുടർന്ന് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി അടക്കുകയും ചെയ്താൽ നമ്മുടെ വരുമാനം പതിൻമടങ്ങു കൂടും. നികുതി പിരിക്കാൻ ഉദ്യോഗസ്ഥരെ (ജീവനക്കാരെ) സഹായിക്കാൻ വാർഡ് പ്രതിനിധികൾ തയ്യാറാക്കുകയും ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ മെമ്പർമാർ സ്വയം ഉൾക്കൊള്ളുകയും ബഹുജനങ്ങളിലെത്തിക്കുകയും വേണം. വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി വസൂലാക്കാൻ കഴിയണം. ജീവിത പ്രയാസങ്ങൾ ഏറിവരുന്ന ഈ കാലഘട്ടത്തിൽ നികുതി ജനങ്ങൾക്ക് ഒരു ഭാരമാവാതെ, വരുമാനത്തിന്റെ ഒരു ചെറിയശതമാനം മാത്രമേ നികുതിയായി പിരിക്കാവൂ. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നു കൂടി ശക്തമാക്കേണ്ടതുണ്ട്. നികുതി പിരിവിനു മുന്നോടിയായി നോട്ടീസ് പ്രചാരണം നടത്തുകയും തുടർന്നു ജീവനക്കാർ ഗൃഹ സന്ദർശനം വഴി നികുതി പിരിച്ചെടുക്കണം. പിന്നീട് ഓരോ വാർഡിലും ഓരോ കേന്ദ്രം മുൻകൂട്ടി നിശ്ചയിച്ച് പിരിച്ചെടുക്കണം. ഇതിലും വീഴ്ച നടത്തുന്നവർക്ക് പുതിയ പഞ്ചായത്തിന് നിയമപ്രകാരമുഅളള 2% പിഴ പലിശ ഈടാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് കാർഷിക രംഗത്തെ താഴ്ന്ന ഉൽപാദനക്ഷമതയും കാർഷികോൽപന്നങ്ങളുടെ വിലയിലെ അസ്ഥിരതയുമാണ്. രണ്ടാമത്തെ പ്രതിസന്ധി പഞ്ചായത്തിലെ വ്യവസായിക മേഖലയിലെ ശൂന്യാവസ്ഥയാണ്. വിരലിലെണ്ണാവുന്ന ചില വ്യവസായ സംരംഭങ്ങളൊഴിച്ച് നിർത്തിയാൽ നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്ത് കാര്യമായ തൊന്നുമില്ല. വൈദ്യുതി പ്രശ്നം പരിഹരിച്ചാലല്ലാതെ ഈ രംഗത്ത് നിന്ന് പുതിയ വിഭവസമാഹരണം അസാധ്യമാണ്. മേൽപറഞ്ഞ കാർഷിക-വ്യവസായിക രംഗങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമഞ്ചായത്തുകൾക്ക് നൽകിയാൽ, ഗുണഫല

ങ്ങൾ നേടാനാവും.

ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് സർക്കാർ ഗ്രാന്റുകൾ പഞ്ചായത്തിലെത്തുന്നത്. സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നിലഇന്നും തുടരുന്നു. ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ വെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്താൻ സർക്കാർ സന്നദ്ധമാവണം.

## കെട്ടിടനികുതി.

സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നത് വാടകയുടെ അടിസ്ഥാനത്തിലാണ്. കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിലെ വൻ വീടുകൾക്ക് പോലും നിസ്സാര നികുതിയാണ് കണക്കാക്കിപ്പോരുന്നത്. അതിനാൽ വാർഡ് തിരിച്ച് അത്തരം വീടുകൾ കണ്ടെത്തി ആഡംബര നികുതിയായോ, സർച്ചാർജായോ, നിലിവുള്ള നിയമത്തിന് വിധേയമായി നികുതി പുനർ നിർണ്ണയം നടത്തേണ്ടതാണ്. അപ്രകാരം ഇപ്പോൾ നിലവിലുള്ള മുഴുവൻ വീടുകൾക്കും, കെട്ടിടങ്ങൾക്കുള്ള നികുതി ഏകീകരിക്കേണ്ടതാണ്. ഇനി മുതൽ നികുതി നിശ്ചയിക്കുമ്പോൾ ഏറ്റവും ചുരുങ്ങിയ, നിയമ പ്രകാരമുള്ള (6% മുതൽ10% വരെ) 6% എങ്കിലും കൃത്യമായി ചുമത്താൻ നമുക്ക് കഴിയണം. അതോടൊപ്പം തറ വിസ്തീർണ്ണത്തിന് പുറമെ ആഡംബരത്തവും, വില കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമായെടുക്കണം സ്റ്റാന്റിംഗ് കമ്മറ്റി വീട് അസ്സസ്സ് ചെയ്തത് എങ്ങിനെയെന്ന് ഓരോ വിട്ടുടമസ്ഥരോടും ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥർ തയ്യാറാവണം. പഴയ നിരക്ക് ഏകീകരിക്കലും പുതിയ വീടുകൾക്ക് 6% മെങ്കിലും ചുരുങ്ങിയ നികുതി ഏർപ്പെടുത്തുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം ഇരട്ടിക്കുമെന്നതിൽ രണ്ടുപക്ഷമുണ്ടാവില്ല. 97ലേക്കുള്ള പുതിയ റിവിഷൻ ഇപ്പോൾ നടന്നു വരുന്നു. ഈ റിവിഷന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള എല്ലാ കെട്ടിട നികുതിയും പുനർനിർണ്ണയം നടത്തുന്നത് ഉചിതമാവും.

## തൊഴിൽ നികുതി.

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും, സ്ക്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്ന് മാത്രമേ ഇപ്പോൾ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. ഇത് പോര. തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്ക്കീമിൽ കൊണ്ടുവരികയും അംഗത്തമുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. പഞ്ചായത്തിൽ വാടക നിയന്ത്രണ നിയമം ഉടനടി നടപ്പാക്കിയാൽ മാത്രമേ മേലിൽ തൊഴിൽ നികുതി ഇനത്തിൽ വരുമാനമുണ്ടാക്കാൻ കഴിയൂ.

## വിനോദ നികുതി.

പഞ്ചായത്തിലെ 2 സിനിമാ ശാലകളിൽ നിന്നും കിട്ടുന്ന വിനോദ നകുതി ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. ഈയ്യിടെയായി നികുതി കോമ്പൗണ്ട് ചെയ്യാറാണുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റി നേരിട്ട് ആറ് മാസത്തിലൊരിക്കൽ ടിക്കറ്റ് വില്പന പരിശോധിച്ച് നികുതി കോമ്പൗണ്ട് ചെയ്താൽ വരുമാന വർദ്ധനവുണ്ടാകും.

## ലൈസൻസ് ഫീസ്

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായികഴിഞ്ഞവർഷം 5855രൂപ വസൂലാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ഉദ്ദേശം 1000തോളം വരുന്ന കച്ചവടക്കാരിൽ 350 പേർ മാത്രമേ ലൈസൻസ് ഫീ അടക്കാറുള്ളൂ. പഞ്ചായത്തിൽ ഒരു സ്ഥാപനം തുടങ്ങി 15 ദിവസത്തിനകം ലൈസൻസെടുക്കണമെന്ന നിയമം കർശനമാക്കിയാൽ ഈ രംഗത്തെ വരുമാനം കുതിച്ചുയരും. ഇപ്പോൾ ലോൺ എടുക്കേണ്ട ആവശ്യം വരുമ്പോൾ മാത്രം ലൈസൻസ് എടുക്കുന്ന പ്രവണതയാണുകണ്ടുവരുന്നത്. വർഷങ്ങളായി വലിയ കച്ചവട സ്ഥാപനവുമായി കഴിയുന്ന പല കച്ചവടക്കാരും ലൈസൻസ് എടുന്നതായി കാണുന്നില്ല. അതിനാൽ വാർഡുകൾ തോറും ട്രേഡേഴ്സ് ലിസ്റ്റ് ഉണ്ടാക്കി, ലൈസൻസ് ഫീ കർശനമായിമൊത്തം കച്ചവടക്കാരെക്കൊണ്ടും ലൈസൻസെടുപ്പിക്കണം. മാത്രമല്ല നിലവിലുള്ള റേറ്റ് ഉയർത്തുകയും ചെയ്യാം.

## പുറമ്പോക്ക് ഭൂമിയിൽ നിന്നുള്ള വരുമാനം.

പ്രകൃതി നമുക്ക് കനിഞ്ഞേകിയ ഉദാരമായ ഈ വരുമാന മാർഗ്ഗം ശാസ്ത്രീയമായി ഉപയോഗിക്കാതെ പാഴായിപ്പോവുന്ന ഒരു ദുഃസ്ഥിതിനമ്മുടെ പഞ്ചായത്തിലുണ്ട്. ആകെ പുറമ്പോക്ക് ഭൂമി പഞ്ചാ

യത്തിൽ 420-35 ഏക്കറാണ്. ഇതിൽ പുഴപ്പുറമ്പോക്ക് (മംഗലം 204, വെട്ടം 129) ആകെ 333 ഏക്കറോളം വരും. അഥവാ പുഴ കഴിച്ചുള്ള പുറമ്പോക്ക് ഭൂമി 270 ഏക്കറോളം ഉദ്ദേശം ഉണ്ട്. അതിൽ വെറും 28-15 ഭൂമി മാത്രമേ ലീസിന് നൽകിയിട്ടുള്ളൂ. പുതുക്കിയ റേറ്റ് പ്രകാരം സെന്റിന് 8 രൂപ യാണ് നിശ്ചയിച്ചിട്ടുള്ളത്. 95-96 വർഷം ലീസിനത്തിൽ നമുക്ക് 13450 രൂപ കിട്ടി. നിലവിലുള്ള പുറമ്പോക്ക് ഭൂമി അനധികൃതമായി സ്വകാര്യ വ്യക്തികൾ കൈവശം വെച്ച് വരുന്നു. ഉദ്ദേശം 100 ഏക്കറോളം പുറമ്പോക്ക് ഭൂമി നികുതി അടക്കാതെ കൈവശം വെച്ച് വരുന്നു. ലീസ് ഭൂമിയിൽ തന്നെ 1 ഏക്കറോളം സ്ഥലം തെങ്ങ് കൃഷിയിടമായി മാറ്റക്കഴിഞ്ഞു. ഈ തരത്തിലുള്ള ഭൂമിയിലെ അനുഭവങ്ങൾ കൈവശക്കാർക്ക് തന്നെ മാർക്കറ്റ് വിലക്ക് ലേലം ചെയ്ത് കൊടുക്കേണ്ടതാണ്. ചുരുക്കി പറഞ്ഞാൽ പഞ്ചായത്തിലെ മൊത്തം പുറമ്പോക്ക് ഭൂമിയും ലീസിന് കൊടുത്ത ഭൂമിയും സർവ്വേ നടത്തി തിട്ടപ്പെടുത്തി, ലീസ് റേറ്റ് സെന്റിന് 10 രൂപയാക്കി ഉയർ ഉയർത്തണം എന്ന നിർദ്ദേശമുണ്ട്.

## ബാങ്ക് & ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ 2 സഹകരണ ബാങ്കുകളും, കത്തോലിക്കബാങ്ക്, ഗ്രാമീൺ ബാങ്കും, തിരൂർ അർബ്ബൻ സഹകരണ ബാങ്കിന്റെ ഒരു ശാഖയു പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്ന് സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പുതിയ പഞ്ചായത്ത് ആക്ട് പ്രകാരം ഗ്രാമ സഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികളിൽ വായ്പ കൊടുക്കാൻ ബാങ്കുകൾ തയ്യാറാവണം.

## *നിയന്ത്രിക്കപ്പെടേണ്ട ചെലവുകൾ*

പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് തീരെ പ്രത്യുൽപാദനപരമല്ല എന്നു മാത്രമല്ല അനാവശ്യമായ രീതിയിലുമാണ്. ഉദ്യോഗസ്ഥരും വാർഡു മെമ്പർമാരും, ജനങ്ങളാകെയും ഈ വിഷയത്തിൽ ജാഗ്രത കാണിക്കേണ്ടതുണ്ട്.

A കുടിവെള്ള ക്ഷാമ പരിഹാരത്തിനായി നമ്മുടെ പഞ്ചായത്തിൽ കേരളവാട്ടർ അതോറിറ്റിയുടെ കീഴിൽ വെട്ടം (73) കൂട്ടായി (42) പുല്ലൂണി (41) എന്നീ ശുദ്ധജല പദ്ധതികളിലായി മൊത്തം 156 പൊതു ടാപ്പുകളുണ്ട്. ഇതു കൂടാതെ പഞ്ചായത്തിന്റെ സ്വന്തമായ കൂട്ടായി ശുദ്ധജല സ്കീമിന്റെ കീഴിൽ 24 ടാപ്പുകളും ഉണ്ട്. ടാപ്പ് 1ന് 850 രൂപ വെച്ച് പ്രതി വർഷം നാം ഉദ്ദേശം ഒന്നരലക്ഷം രൂപ അടക്കുന്നുണ്ട്. എന്നാൽ ആകെയുള്ള 180 ടാപ്പുകളിൽ 100ൽ താഴെ ടാപ്പുകളെ ഉപയോഗിക്കുന്നുള്ളൂ. കേടുവന്നതും ഉപയോഗശൂന്യമായതുമായ ടാപ്പുകൾക്ക് അനാവശ്യമായി നാം ഫീസ് കൊടുക്കുന്നു.( വാട്ടർ അതോറിറ്റിയുടെ 30-9-96 ന്റെ ബില്ല് പ്രകാരം 9,83,628 രൂപ പഞ്ചായത്ത് അടച്ചു തീർക്കേണ്ട കുടിശ്ശികയുണ്ട് എന്നതുകൂടി കണക്കിലെടുക്കുക.) ഇത് ഒഴിവാക്കാൻ മീറ്റർ സമ്പ്രദായം നടപ്പാക്കണം എന്ന നിർദേശം ഉണ്ട്

ഇതിനുപുറമെ മംഗലം അർക്കല പറമ്പിൽ പത്തു വീടുകൾക്ക് ഹൗസ് കണക്ഷൻ കൊടുത്തിട്ടുണ്ട്. ഈ വീടുകളിലേക്ക് കണക്ഷൻ കൊടുത്ത സ്ഥിതിക്ക് അവർക്ക് മീറ്റർ കൂടി വെച്ച് കൊടുത്ത് ചാർജ്ജും വീട്ടുടമസ്ഥൻമാരിൽ നിന്നും ഈടാക്കേണ്ടതാണ്

B മുകളിൽ പറഞ്ഞ പ്രകാരം തെരുവുവിളക്കുകളുടെ കാര്യത്തിലും കത്താത്ത വിളക്കിന് ചാർജ്ജ് കൊടുത്ത് വരികയാണ്. 211 ബൾബിന് പതിമൂന്ന് രൂപ നിരക്കിലും 6 ട്യൂബിന് 35 രൂപ നിരക്കിലും പ്രതിമാസം 2758 രൂപ നാം അടച്ചുകൊണ്ടിരിക്കുന്നു. 95-96ൽ 32576രൂപ ഈ ഇനത്തിൽ ചെലവായി. വാസ്തവത്തിൽ ഉപയോഗിക്കാത്ത വിളക്കിനാണ് നാം ചാർജ്ജ് കൊടുക്കുന്നത്. അതിനാൽ പഞ്ചായത്തിലെ തെരുവിളക്കുകൾക്കുമാത്രം പ്രത്യേകം ലൈൻ വലിച്ച് മീറ്റർ സമ്പ്രദായം ഇവിടെയും ആവിഷ്കരിക്കണം. അല്ലാത്ത പക്ഷം തൃശൂർ നഗരസഭ മോഡലിൽ ഊർജ്ജ വിതരണ രംഗമാകെ പഞ്ചായത്തിലേക്ക് വിട്ടുതരാൻ KSEB തയ്യാറാകണം.

C. പൊതുമരാമത്തു രംഗത്ത് താൽകാലിക റിപ്പയർ വർക്കുകൾക്ക് പഞ്ചായത്തു ഫണ്ട് പാഴായി പോകുന്ന അനുഭവമുണ്ട്. താല്കാലികപണികൾ, മണ്ണിടലും മറ്റും മഴക്കാലത്ത് ഒലിച്ചു പോകുന്നതിനാൽ അവ നിയന്ത്രിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിലെ മൺ റോഡുകൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം അതാതു പ്രദേശത്തെ ജനങ്ങൾക്കുണ്ടെന്ന അവസ്ഥ വരണം.

D. ഗൾഫുരാജ്യങ്ങളിൽ നിന്നുള്ള വൻ വരുമാനം ഒന്നുകൊണ്ടു മാത്രമാണ് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക രംഗത്തെ രൂക്ഷമായ പ്രതിസന്ധി പ്രകടമാകാത്തതിന് കാരണം. സർക്കാർ അതിരൂക്ഷമായ

സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും നമ്മുടെ നാട്ടിൻപുറങ്ങളിലെ ഒരു വലിയ വിഭാഗത്തിന് പണത്തിന് പഞ്ഞമില്ല എന്നത് യാഥാർത്ഥ്യമാണ്. ചെറുതും വലുതുമായ കെട്ടിടങ്ങളും, മണിമേടകളും നിർമ്മിക്കുന്നതിനും, ഉപഭോഗ വസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനുമല്ലാതെ ഈ ഗൾഫ് പണം ഉൽപാദന മേഖലയിലേക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഇതിനു പുറമെ ഈ വരുമാനത്തിന്റെ നല്ലൊരു പങ്ക് ബാങ്കുകൾ വഴി സംസ്ഥാനത്തിന്റെ പുറത്തേക്കൊഴുകുകയും ചെയ്യുന്നു.

വരുമാനത്തിലെ വ്യതിയാനം.

ഇനം 1991–92 95–96 വ്യത്യാസം എന്നീക്യമത്തിൽ
1 തനത് വരുമാനം 5,50,513.00 9,57,301.99 +4,06,788.99
a) കെട്ടിട നികുതി 1,81,981.00 2,81,102.99+99,121.99
b) വിനോദ നികുതി 39,058.90 1,02,753.71+63,694.81
c) തൊഴിൽ നികുതി 83,845.00 1,41,405.00+57,560.00

2 ഉപാധിരഹിത ഫണ്ട്
എസ്.സി.പി. 2,00,437.00 3,15,000.00+1,14,563

3 ജെ.ആർ.വൈ 2,78,000.00 2,12,443.00 –65557.00
4 ഗ്രാന്റുകൾ, സംഭാവനകൾ 1,48,489.00 2,21,248.00+72,759.00
ആകെ വരവ് 11,05,662.91 18,08,310.91+702,648.00
എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 4,10,717.10 4,65,137.80+54,420.70

## മനുഷ്യാധ്വാനം

പഞ്ചായത്തു തലത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിനെയാണ് നാം മുഖ്യമായും ആശ്രയിക്കുന്നത്. എന്നാൽ ഒട്ടും മോശമാവാത്ത ഒരു പങ്ക് വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കുവാൻ നമുക്ക് കഴിയണം. ഇത്തരത്തിൽ പ്രാദേശികമായി സമാഹരിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട വിഭവിമാണ് മനുഷ്യാധ്വാന ശേഷി. കേരളത്തിലെ 1/5 പേർക്ക് തൊഴിൽ എടുക്കാൻ ആഗ്രഹമുണ്ടെങ്കിലും പണിയില്ലാത്ത അവസ്ഥയുണ്ട്. പണിയുള്ളവർക്കാവട്ടെ മുഴുവൻ സമയവും പണിയില്ലതാനും. ഇവരുടെ കായിക ശേഷി വ്യഥാവിലായി കൊണ്ടിരിക്കയാണ്. ഇവരിൽ ചെറുതല്ലാത്ത ഒരു വിഭാഗത്തെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ കർമ്മരംഗത്ത് ഇറക്കാനാകും.

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യ വിഭവം തന്നെയാണ്. ജാതി, മത, കക്ഷി രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം സംഭാവന നൽകുക എന്നത് വളരെ മഹത്തരമായ ഒരാശയമാണ്. റോഡുണ്ടാക്കുന്നതിനും, റോഡുകൾ സംരക്ഷിക്കുന്നതിനും, തോടുകൾ വെട്ടുന്നതിനും, പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, ആരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റും മറ്റുമായി മനുഷ്യ വിഭവം ഉപയോഗപ്പെടുത്താവുന്നതാണെന്ന് വിവിധ ഗ്രാമസഭകളുടെ റിപ്പോർട്ടിൽ പ്രഖ്യാപിച്ചിട്ടുള്ളത് ശുഭോദർക്കമാണ്.

***മേൽ പ്രസ്താവിച്ച വിഭവസമാഹരണ മാർഗ്ഗങ്ങൾക്ക് പുറമെ വിവിധ ഗ്രാമസഭകളിൽ നിന്നു വന്ന ശ്രദ്ധേയങ്ങളായ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.***

1. സ്വകാര്യ ചകിരിപൂഴ്ത്ത് നടത്തുന്ന വരിൽ നിന്നും കുഴി ഒന്നിന് 10 രൂപ എന്ന തോതിൽ നികുതി പിരിക്കാവുന്നതാണ്.

2. സ്റ്റാമ്പ് ഡ്യൂട്ടിയുടെ വിഹിതം ഇന്നുകിട്ടിക്കൊണ്ടിരിക്കുന്ന ശതമാനത്തിന്റെ ഇരട്ടിയാക്കണം.

3. ഇത്തിൾ ഖനനത്തിന് പഞ്ചായത്തിൽ 2 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. അനധികൃതമായി ഖനനം നടത്തുന്നവരിൽനിന്ന് ലൈസൻസ് ഈടാക്കണം.

4. സ്വകാര്യ ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ, വിൽക്കുന്നവരിൽ നിന്നും ഒരു ചെറിയ സംഖ്യ ഈടാക്കാൻ കഴിയണം.

5. കെട്ടിടങ്ങൾക്കുള്ള റവന്യൂനികുതി വില്ലേജധികൃതർ പിരിച്ചെടുത്താൽ അതിന്റെ 10% പഞ്ചായത്തിന് ലഭിക്കണം.

6. കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി (സാങ്കേതിക വിഭാഗങ്ങൾ ഒഴിവാക്കി) ശ്രമം നടത്തിയാൽ വരുമാനം വർദ്ധിപ്പിക്കാം.

7. പടിയം PHC ക്ക് സമീപമുള്ള R.S. 1/2 A3 പ്രകാരമുള്ള 10 സെന്റ് ഭൂമി ലഭിക്കുന്ന മുറക്ക് പഞ്ചായത്ത്

ഷോപ്പിംഗ് കോപ്ലസുണ്ടാക്കി വരുമാനമുണ്ടാക്കാം.

8. കൂട്ടായി. ടൗണിൽ ബസ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കി നികുതി പിരിച്ചെടുക്കാം.

9. ശിശു മന്ദിരം (വാക്കാട് ) പഞ്ചായത്തിന്റെ കീഴിലുള്ള ഉദ്ദേശം 40 ഏക്കർ വരുന്ന ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റിഹാൾ എന്നിവ ഉണ്ടാക്കി നികുതി പിരിക്കാം.

10. പരിയാപുരം പടിഞ്ഞാറ് റോഡിലും മംഗലത്തും റോഡിന്റെ വിതികൂടിയ ഭാഗം PWD വിട്ടുതന്നാൽ ടാക്സി, ഓട്ടോ, പിക്കപ്പ് സ്റ്റാന്റ് പണിത് വാഹനങ്ങളിൽ നിന്നും നികുതി പിരിക്കാവുന്നതാണ്.

11. ഗൾഫ് മേഖലയിലെ നിക്ഷേപം വ്യവസായ സ്ഥാപനങ്ങളിലേക്ക് തിരിച്ച് വിടാൻ കഴിയണം.

12. കാലതാമസം വരുത്തി ജനന മരണ സർട്ടിഫിക്കറിന് എത്തുന്നവരിൽ നിന്നും Section 13 അനുസരിച്ചുള്ള തെരച്ചിൽ ഫീസും, പകർപ്പ് ഫീസും യഥാക്രമം 1 രൂപ എന്നത് 5 രൂപ യാക്കിഉയർത്തണം.

13. പ്രൈവറ്റ് നഴ്സിംഗ് ഹോം, ക്ലിനിക്ക് എന്നിവക്കും പാരലൽ ട്യൂട്ടോറിയൽ കോളേജുകൾക്കും നികുതി ചുമത്താവുന്നതാണ്.

14. എല്ലാ വാർഡിലും മത്സ്യമാംസ പച്ചക്കറി മാർക്കറ്റുകൾ തുടങ്ങിയാൽ വരുമാനമുണ്ടാക്കാനാവും.

15. പുതിയ ബസ് വെയിംറ്റിംഗ് ഷെഡുകൾ നിർമ്മിക്കുമ്പോൾ ഒരു ബങ്ക് അറ്റാച്ച്ഡ് വെയിറ്റിംഗ് ഷെഡായി രൂപകൽപന ചെയ്താൽ വരുമാനമുയർത്താം.

16. കനോലി കനാലിന്റെ ഇരുകരയും കെട്ടി, വൈദ്യുതി വിളക്കുകൾ സ്ഥാപിച്ച് ഇരിപ്പിട സൗകര്യം ഉണ്ടാക്കി, ടൂറിസ്റ്റ് ബോട്ടുകൾ കനാലിൽ ഓടിച്ചാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും.

17. ബസ് വെയിറ്റിംഗ് ഷെഡുകൾ, സ്വകാര്യ സ്ഥാപനങ്ങൾക്ക് പരസ്യം ചെയ്യാൻ കൊടുക്കാം. അതേപോലെ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ബോർഡ്, ബാനർ എന്നിവ റജിസ്റ്റർ ഏർപ്പെടുത്തി ഒരു ചെറിയ തുക ഈടാക്കാവുന്നതാണ്.

18. അലഞ്ഞുതിരിഞ്ഞു നടക്കുന്ന മൃഗങ്ങൾക്കായി ആലയുണ്ടാക്കി പിഴ ചുമത്താവുന്നതാണ്.

19. ക്ലബുകളും മറ്റും നടത്തുന്ന ധനശേഖരണത്തിനായുള്ള കലാപരിപാടികൾക്കും ഉത്സവത്തിനുള്ള താല്ക്കാലിക കച്ചവടക്കാരിൽ നിന്നും ഫീസ് ചുമത്താം.

# ഞങ്ങൾ മുന്നോട്ട്

ഗ്രാമസ്വരാജിന്റെ സാക്ഷാത്കാരവുമായി വന്ന ഗ്രാമ പഞ്ചായത്തിന്റെ ഭരണസമിതി അധികാര മേറ്റത് ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് പറഞ്ഞ മഹാത്മജിയുടെ ജൻമവാർഷികദിനമായ 1995 ഒക്ടോബർ 2–നായിരുന്നു.

വെട്ടം ഗ്രാമപഞ്ചായത്തിന്റെ കാര്യാലയത്തിന് മുന്നിൽ പ്രത്യേകം സജ്ജമാക്കിയ അങ്കണത്തിൽ വെച്ച് നടന്ന സത്യപ്രതിജ്ഞാചടങ്ങിൽ വമ്പിച്ച പൗരാവലി തന്നെ സാക്ഷികളായി. ജാതി-മത-കക്ഷിരാഷ്ട്രീയത്തിനതീതമായ സൽഭരണം കാഴ്ച വെയ്ക്കുമെന്നും വികസനം പൊതു ജനപങ്കാളിത്തത്തോടെ മാത്രമായിരിക്കുമെന്നും തെരെഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പ്രസ്താവിച്ചു. പിന്നീട് നടന്ന പഞ്ചായത്തുബോർഡ് യോഗത്തിൽ വെച്ച് കെ.സി. അബൂബക്കർ ഹാജിയെ പ്രസിഡന്റായും, സി. മൊയ്തീൻകുട്ടി മാസ്റ്ററെ വൈസ് പ്രസിഡന്റായും തെരെഞ്ഞെടുത്തു.

വ്യാവസായികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിൽ തുടർന്നുള്ള കാലങ്ങളിൽ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും സാധ്യമായത് പൂർത്തീകരിക്കുകയും ചെയ്തു. തന്മൂലം നിരവധി റോഡുകളുടെ അറ്റകുറ്റപണികൾ തീർക്കുവാനും അതുവഴി ഗതാഗതയോഗ്യമാക്കുവാനും സാധിച്ചു.

1996 മെയ് മാസത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന മദ്യവർജ്ജന കലാജാഥ പഞ്ചായത്തിലെത്തിയപ്പോൾ ലഹരിക്കെതിരെയുള്ള പൗരാവലിയുടെ പ്രതികരണം ഉച്ചസ്ഥായി

യിലായി.

ജനങ്ങളിൽ ഭീതിയും ആശങ്കയും പരത്തികൊണ്ട് വന്ന ജപ്പാൻ പനിക്കെതിരെയും കോളറയ്ക്കെതിരെയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും സന്നദ്ധ സംഘടനാ പ്രവർത്തകരുടെ സഹായത്തോടെ കിണറുകളിൽ ക്ലോറിനേഷനും കൊതുകുനിവാരണത്തിന് മരുന്നുകൾ തെളിയ്ക്കുകയും ചെയ്തു.

1996 ജൂലായ് മാസത്തിൽ പഞ്ചായത്തിൽ രൂക്ഷമായ പേപ്പട്ടി ശല്യം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. മലയാളപിറവി ദിനത്തിൽ (ചിങ്ങം ഒന്ന്) കാർഷിക സെമിനാറുകൾ സംഘടിപ്പിക്കുകയും കർഷകരെ ആധുനിക കൃഷി രീതികളെ കുറിച്ച് ബോധവത്ക്കരിക്കുകയും ചെയ്തു.

സമ്പൂർണ്ണ സാനിറ്റേഷൻ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ 499 കുടുംബങ്ങൾക്കും 673 മത്സ്യതൊഴിലാളി കുടുംബങ്ങൾക്കും 88 പട്ടിക ജാതികുടുംബങ്ങൾക്കും രണ്ട് ടാങ്കും കോൺക്രീറ്റ് മേൽക്കുരയുമടങ്ങി കക്കൂസുകളുടെ നിർമ്മാണം സർവ്വരുടെയും പ്രശംസ പിടിച്ച് പറ്റിയതായിരുന്നു.

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നടത്തിയ വിശേഷാൽ ഗ്രാമസഭയുടെ മലപ്പുറം ജില്ലാ തല ഉദ്ഘാടനം 1996 സെപ്തംബർ 9-ന് 12-ാം വാർഡിലെ SHMUP സ്ക്കൂളിൽ വെച്ചാണ് നടന്നത്. ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പി. മറിയുമ്മയുടെ അദ്ധ്യക്ഷതയിൽ മുൻ വിദ്യാഭ്യാസ മന്ത്രി ഇ.ടി മുഹമ്മദ് ബഷീർ നിർവഹിച്ചു.

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായുള്ള ഒന്നാം ഘട്ട ശില്പശാല പഞ്ചായത്തിൽ 96 സെപ്തംബർ 17-ന് വെട്ടം കുറ്റിയിൽ AUPസ്ക്കൂളിൽ വെച്ച് നടക്കുകയുണ്ടായി. തുടർന്ന് 15 വാർഡുകളും വിശേഷാൽ ഗ്രാമസഭകൾ വിളിച്ച് ചേർക്കുകയും നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് വിശദമായ ചർച്ച നടത്തുകയും ചെയ്തു. കേരള പിറവി ദിനത്തിൽ 'രാഷ്ട്ര പുനരർപ്പണ ദിന'ത്തോടനുബന്ധിച്ച് 15 വാർഡുകളിലും ഓരോ പുതിയ പദ്ധതികൾക്കും തുടക്കം കുറിച്ചു. നവമ്പർ 7ന് വെട്ടം കുറ്റിയിൽ AUP സ്ക്കൂളിൽ നടന്ന രണ്ടാംഘട്ട ശില്പശാലയിൽ വെച്ച് ഈ വികസന റിപ്പോർട്ടിന് അന്തിമരൂപം നൽകുകയും 13-11-96 ന് നടന്ന ഗ്രാമപഞ്ചായത്ത് ബോർഡ് യോഗത്തിൽ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. വികസന റിപ്പോർട്ടിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ പ്രവർത്തിച്ച എല്ലാവരെയും യോഗം അഭിനന്ദിച്ചു.

ബഹുജന സഹകരണത്തോടെ നിരന്തരം പ്രവർത്തിക്കുകവഴി പുതിയ വികസന പ്രവർത്തനങ്ങൾക്ക് വിജയം കൊയ്യാനാകുമെന്നാണ് പ്രതീക്ഷ.

എന്ന്,

**സി.പി. കുഞ്ഞിമോൻ**

പ്രസിഡന്റ്,
വെട്ടം ഗ്രാമ പഞ്ചായത്ത്.

************

# ഉപസംഹാരം

സ്വാതന്ത്ര്യലബ്ധിക്ക്ശേഷം കൈവന്ന അധികാരം നമ്മുടെ ആത്മശുദ്ധിയേയും ത്യാഗമനോഭാവത്തെയും വികലപ്പെടുത്തി. അനാശാസ്യ പ്രവണതകൾ പതുക്കെപ്പതുക്കെ നമ്മുടെ ദേശീയ ജീവിതത്തിലേക്ക് ഇഴഞ്ഞുകയറുകയായിരുന്നു. ഏതുതരം പ്രലോഭനങ്ങളേയും അതിജീവിച്ചു നിൽക്കാൻ കരുത്തുള്ള നമ്മുടെ ദേശീയ നേതാക്കന്മാരുടെ തിരോധാനവും കൂടിയായപ്പോൾ ആദർശജീവിതത്തിന്റെ നീരുറവ വറ്റിപ്പോയ പ്രതീതി ജനിച്ചിരിക്കുന്നു. ജനാധിപത്യവും സോഷ്യലിസവും മതേതരത്വവും മഹത്തായ ജീവിത രീതിയായി സ്വീകരിക്കണമെന്ന് പഠിപ്പിച്ച ആചാര്യന്മാർ മൺമറഞ്ഞപ്പോൾ ആ ജീവിത രീതി കൈപറ്റിയുള്ള ധാരണകളുംകൂടി അസ്തമിച്ച പ്രതീതി ജനിക്കുന്നത് തികച്ചും ആപൽക്കരമാണ്. പരിവർത്തനത്തിന്റെ ശില്പികളും സന്ദേശവാഹകരുമാണ് രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും. സാഹചര്യങ്ങളുടെ സ്വാധീനത്തിലും സമ്മർദ്ദത്തിലും അറിയാതെ ഒഴുകിപ്പോകുന്ന രാഷ്ട്രീയ പ്രവർത്തകരെയും സാമൂഹ്യ പ്രവ്രത്തകരെയും അധികാരവും അതുവഴി ഉണ്ടാകുന്ന സുഖസൗകര്യങ്ങളും വഴി തെറ്റിപോകുമ്പോൾ അതുവഴി അവരുടെ കർമ്മശക്തിയും കർമ്മശുദ്ധിയുമാണ് നശിക്കുന്നത്. മഹത്തായ പാർലിമെന്ററി സമ്പ്രദായത്തിൽ ഇങ്ങനെ ദൗർഭാഗ്യകരമായ ഒരംശം കൂടിയുണ്ടെന്ന സത്യത്തിനു നേരെ നാം ജാഗ്രതയുള്ളവരായിരിക്കേണ്ടതുണ്ട്.

കൈകൂലി കൊടുക്കുന്നതും വാങ്ങുന്നതും അപഹാസ്യമാണെന്നു കരുതാത്തവർ നിരവധിയാണ്. അവിഹിത സമ്പാദ്യത്തിനുള്ള ഈ മാർഗ്ഗം സ്വീകരിക്കാൻ മടിക്കാത്തവരുടെ എണ്ണം ഒട്ടും കുറവല്ല. സ്വന്തമായി ഒരു തൊഴിലോ സ്ഥിരമായ വരുമാനമോ ഇല്ലാത്തവരുമായ ചില രാഷ്ട്രീയപ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും ധാരാളിത്തത്തോടുകൂടി ജീവിക്കുകയും ധനശേഷിയുള്ളവരായി മാറുകയും ചെയ്യുന്നതു കാണുമ്പോൾ അത്ഭുതം തോന്നാം. രാഷ്ട്രീയ പ്രവർത്തനത്തേയും സാമൂഹ്യപ്രവർത്തനത്തേയും നല്ല ബിസിനസ്സായി കാണുന്നവരും ഉണ്ട്. ആദർശവാദികൾ ബുദ്ധിശൂന്യരും വഞ്ചകരും നിർഗുണന്മാരുമായി ആക്ഷേപിക്കപ്പെടുന്നവരും അസാധാരണമല്ല. ജനസേവനം ത്യാഗികൾകുള്ള കർമ്മസരണിയാണെന്നുള്ള ധാരണ ഇവിടെ നിലവിലുണ്ടായി

രുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ബലിപീഠത്തിൽ ആത്മാർപ്പണം ചെയ്ത ത്യാഗികളുടെ മഹത്പാരമ്പര്യമാണ് നമ്മുടേത്. രാഷ്ട്രീയം, വിദ്യാഭ്യാസം, കല, സാംസ്കാരികം, സാമൂഹ്യ സേവനം, തൊഴിലാളി പ്രവർത്തനം എന്നീ രംഗങ്ങളിലൊക്കെയും കരിനിഴൽ വ്യാപിച്ചിട്ടുണ്ട്. ജനങ്ങളുടെ ചിന്താമണ്ഡലങ്ങളിൽ ഒട്ടേറെ വൈകല്യങ്ങൾ കടന്നുകൂടിയിരിക്കുന്നു. പുരോഗതിയുടെ പാതയിൽ വന്നു കയറിയ താളപ്പിഴകൾ തിരുത്തിയെടുക്കണം. ഇന്നും നമ്മുടെ സമൂഹം ഫ്യൂഡലിസത്തിന്റെ ദുഷിച്ച വഴക്കങ്ങളിൽ നിന്നും മോചനം നേടിയിട്ടില്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നമ്മുടെ സമൂഹത്തിൽ കൊടികുത്തിവാഴുന്നു. അവ സ്വതന്ത്രചിന്തയേയും രാഷ്ട്രീയ പ്രബുദ്ധതയേയും തടഞ്ഞു നിർത്തുന്ന ഫ്യൂഡലിസ്റ്റു സമ്പ്രദായത്തിന്റെ ഉല്പന്നങ്ങളാണ്. ഭൗതിക സാഹചര്യങ്ങളുടെ യഥാർത്ഥ്യം ജനങ്ങളെ ബോധ്യപ്പെടുത്താനും ചൂഷണങ്ങളുടെ പിടിയിൽനിന്ന് സമൂഹത്തെ സ്വതന്ത്രമാക്കാനും കഴിയണമെങ്കിൽ ജനങ്ങൾക്കിടയിൽ രാഷ്ട്രീയ പ്രബുദ്ധത വളർത്തിയെടുക്കണം. നമ്മുടെ നാട്ടിൽ രൂപം പൂണ്ട നവോത്ഥാന പ്രസ്ഥാനങ്ങൾ ഒരു പുതിയ ചിന്തയും ഒരു പുതിയ വീക്ഷണവും വളർത്തിയെടുക്കാൻ നടത്തിയ ശ്രമങ്ങൾ നാം ഓർക്കേണ്ടതുണ്ട്. എന്നാൽ അധികാര രാഷ്ട്രീയത്തിന്റെ വികൃത മുഖം പ്രത്യക്ഷപ്പെട്ടതോടെ മതത്തെയും ജാതിയെയും ദുരുപയോഗപ്പെടുത്തുന്ന രീതി ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇത് നമ്മുടെ പുരോഗതിയെ പിന്നോക്കം വലിക്കുന്ന ദുർഭൂതമായാണ് മാറിക്കൊണ്ടിരിക്കുന്നത്. സാമൂഹ്യപുരരോഗതിയുടെ കാര്യത്തിൽ വളരെയധികം മുന്നോട്ടുപോയി എന്നവകാശപ്പെടാവുന്ന കേരള സംസ്ഥാനത്തിൽപോലും ഈ അടുത്ത കാലത്തായി ചിലർ അഴിച്ചു വിടുന്ന പ്രവണതകൾ ഇതിന് ഉദാഹരണമാണ്. ഏകാധിപത്യ വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾ തങ്ങളുടെ രാഷ്ട്രീയം കുടിയിരുത്താൻ കണ്ടെത്തുന്ന താവളങ്ങൾ നമ്മുടെ സാമൂഹ്യ പുരോഗതിക്ക് നേരേ ഉയരുന്ന വെല്ലുവിളികളാണ്.

ഈ നാടിന്റെ വികസന സംരംഭങ്ങളിൽ പങ്കാളിത്തം കയ്യടക്കേണ്ടവരാണ് നാം. നമ്മുടെ രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും സമഗ്രമായ വികസനത്തെ സംബന്ധിച്ച് വ്യക്തമായ ഒരു ചിത്രം നമ്മുടെ മുമ്പിലുണ്ടായിരിക്കണം. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, സംസ്ഥാനം, കേന്ദ്രം എന്നീ വിവിധ തലങ്ങളിൽ ചെയ്യേണ്ടതെന്തെല്ലാമാണെന്ന് പഠിക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യാനും, ആസൂത്രിത പദ്ധതികൾ ബഹുജനപങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്താനുമുള്ള അവസരം 73-ാം ഭരണഘടനാ ഭേദഗതി ഇതോടു കൂടി കൈവന്നിരിക്കുന്നു. കേന്ദ്രീകൃത ആസൂത്രണത്തിനു പകരം താഴെ തട്ടിലൂടെയുള്ള ജനകീയാസൂത്രണം നമ്മുടെ വികസനസ്വപ്നങ്ങൾക്കും രാഷ്ട്രപിതാവിന്റെ ഗ്രാമ സ്വരാജിനും ആക്കം കൂട്ടുമെന്ന് കരുതാം.

ഉദ്യോഗസ്ഥരും കൂലിക്കാരും കരാറുകാരും മാത്രം പോര, ജനങ്ങൾ മുഴുവൻ ആസൂത്രണത്തിലും, ആസൂത്രിത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിലും പരിപൂർണ്ണ പങ്കാളികളും നിരീക്ഷകരും ആവേണ്ടതുണ്ട്. നിലവിലുള്ള എല്ലാ വിഭവങ്ങളെയും, പ്രയോജനപ്പെടുത്തി മുൻഗണനാ ക്രമത്തിൽ പ്രയോഗിക ബുദ്ധിയോടെ നമ്മുടെ നിർദ്ദേശങ്ങളെ പദ്ധതികളും സ്കീമുകളുമാക്കി രൂപപ്പെടുത്തുന്നതിന്, വിദഗ്ധ സമിതികളെ രൂപപ്പെടുത്തുന്നത് വഴി കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷ. സർക്കാർ നൽകുന്ന 40% പദ്ധതി വിഹിതവും മറ്റ് ഏജൻസികളിൽ നിന്നും സമാഹരിക്കാവുന്ന ഫണ്ടുകളും ഉപയോഗപ്പെടുത്തി ജനോപകാരപ്രദമായ ഈ പദ്ധതികൾ ത്വരിതഗതിയിൽ ഫലപ്രദമായി നടത്താൻ ഈ വികസന ജനകീയ രാഷ്ട്രീയത്തിന് സാധ്യമാവേണ്ടതുണ്ട്.

മഹത്തായ ഗ്രാമസ്വരാജ് സ്വപ്നം സാക്ഷാൽ കരിക്കുവാൻ എത്രയും നേരത്തെ തന്നെ കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്രവികസന റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് വികസന സമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനങ്ങൾ നടത്തി ഇത് പ്രായോഗികതലത്തിലെത്തിക്കുവാൻ നിങ്ങളുടെ ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കട്ടെ!

**സി.മൊയ്തീൻ കുട്ടിമാസ്റ്റർ.**

*(എഡിറ്റർ)*

••••••□□□□□□□□•••••••


രു സമുദായത്തിന്റേയും അവസ്ഥ ദൈവം മാറ്റുകയില്ല. അവർ
്വയം മാറ്റാത്തിടത്തോളം.

-വിശുദ്ധ ഖുർആൻ


ർമ്മരഹിതമായ ഒരു തപസ്സല്ല മനുഷ്യജീവിതത്തിലെ കടമ. മറിച്ച്
ർമ്മനിരതമായ ജീവിതമാണ്.

-ശ്രീമത് ഭഗവത്ഗീത

# മലപ്പുറം ജില്ല



# ഗ്രാമസ്വരാജിന്റെ സാക്ഷാത്കാരം



## അധികാരം ജനങ്ങൾക്ക്

അധികാര വികേന്ദ്രീകരണം വഴി
ജനകീയവും ശാസ്ത്രീയവുമായ
ഗ്രാമതല ആസൂത്രണം

9–ാം പദ്ധതി ജനകീയ പദ്ധതി

40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

വികസന പ്രക്രിയ അഴിമതിരഹിതമാകുകന്നു

ബഹുജന സഹകരണം അനിവാര്യം

ജനങ്ങളിലേക്ക്

ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ






നാവായ ഗ്രാമ പഞ്ചായത്ത്

പഷ്യൽ ഗ്രേഡ്)

538

# തിരുനാവായ ഗ്രാമപഞ്ചായത്ത്

## വികസന സെമിനാർ

# സമഗ്ര വികസന രേഖ

ഗ്രാമസഭാ റിപ്പോർട്ടുകൾ


ഡിപ്പാർട്ട്മെന്റ് റിവ്യു റിപ്പോർട്ട്

പ്രാദേശിക ചരിത്രം

സ്ഥിതി വിവരകണക്കുകൾ

ഭൂപ്രകൃതി പഠന പര്യടനം

# തിരുനാവായ ഗ്രാമ പഞ്ചായത്ത്



# ഭരണസാരഥികൾ



വൈസ്പ്രസിഡണ്ട്
പാറയിൽഅഹമ്മദ്കുട്ടി



പ്രസിഡണ്ട്
ആലുങ്ങൽ സുബൈദ



സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ
സി.വി. കുഞ്ഞമ്മുട്ടി

# മെമ്പർമാർ



തിലകം സാബു



കെ.പി.എ ലത്തീഫ്



എ.പി സൈതാലി
ഹാജി



കെ. സുഹറാബി

വെട്ടൻ ഹംസത്ത്



ടി.വേലായുധൻ




കെ.ഉണ്യാത്തൻ



ഇ.പി.ഫാത്തിമ



കെ.വി.സുബൈദ



കരിമ്പനക്കൽ
മൂസക്കുട്ടി



സി.മൊയ്തീൻ



കെ.പി ശങ്കരൻ
സെക്രട്ടറി

ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കും പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതാവണം. എന്നാൽ മാത്രമെ അവയെ പുനരുദ്ധാരിക്കാൻ പറ്റൂ. ഗ്രാമങ്ങൾ സ്വയം പര്യാപ്തമാവണം. ഗ്രാമങ്ങളുടെ ആവശ്യത്തിന് വേണ്ടസാധനങ്ങൾ അവിടെ തന്നെ നിർമ്മിക്കണം. അങ്ങിനെയുള്ള ഗ്രാമീണവ്യവസായങ്ങൾക്ക് വേണ്ട യന്ത്രങ്ങളും ഉപകരണങ്ങളും ഗ്രാമവാസികൾ ഉണ്ടാക്കുകയും ഉപയോഗിക്കുകയും വേണം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിന് ആവക സാധനങ്ങൾ പ്രയോജനപ്പെടുത്തരുത്.

-ഗാന്ധിജി-



## താളുകളിലൂടെ

പേജ് നമ്പർ


1 ആമുഖം .......... 9

2 പഞ്ചായത്ത് പൊതവിവരണം .......... 11

3 സാമൂഹിക-സാംസ്കാരിക ചരിത്രം .......... 12

4 ഭൂപ്രകൃതിയും വിഭവങ്ങളും .......... 16

5 വിവിധ വികസന മേഖലകൾ ..........

1 കൃഷിയും ജലസേജനവും .......... 20

2 മൃഗസംരക്ഷണവും മത്സ്യബന്ധനവും .......... 32

3 വ്യവസായം .......... 36

4 ഗതാഗതം-ഊർജ്ജം-മാർക്കറ്റ് .......... 45

5 പാർപ്പിടം ഭവന നിർമ്മാണം .......... 59

6 കുടിവെള്ളവും പൊതുജനാരോഗ്യവും .......... 62

7 വിദ്യാഭ്യാസം .......... 84

8 പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം .......... 91

9 വനിത .......... 95

10 സാമൂഹ്യക്ഷേമം .......... 97

11 സഹകരണം .......... 101

12 സംസ്കാരം - ടൂറിസം .......... 103

13 വിഭവ സമാഹരണം .......... 105

6 ഉപസംഹാരം .......... 111



**എഡിറ്റർ**

കായക്കൽ അലി

**എഡിറ്റോറിയൽ സ്റ്റാഫ്**

ആലുങ്ങൽസുബൈദ

പാറയിൽ അഹമ്മദ് കുട്ടി

സി.വി കുഞ്ഞമ്മുട്ടി

പി.സി.ഹൈദ്രോസ്

കെ.പി ശങ്കരൻ

ബാബു മലോൽ

പരപ്പിൽ അബുമാസ്റ്റർ

**Printed at:**

PRAHELIKA PRINTING PRESS,
B.P. ANGADI, TIRUR-676 102,
Phone: 24173 (04938)

**Type Setting:** CAD centre - Tirur-1
Ph: 22195 (04938)

43

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**പാറയിൽ അഹമ്മദ് കുട്ടി ചെയർമാൻ**

**സി.വി. കുഞ്ഞമ്മുട്ടി കൺവീനർ**

**നാട്ടറിവ് ചരിത്രം**

സുദർശനൻ മാസ്റ്റർ
കായക്കൽ അലി
ബാബു മലോൽ

**കൃഷി, ജലസേജനം**

പാറയിൽ അഹമ്മദ്കുട്ടി
ബാലകൃഷ്ണൻ
എം.പി ഉമ്മർബാവ
എം. അബ്ദുൽജബ്ബാർ
പി. മജീദ്
എം. കുട്ടിശങ്കരൻ നായർ

**ഭൂ പ്രകൃതി, ജലപ്രകൃതി**

ആലുങ്ങൽ സുബൈദ
പാറയിൽ അഹമ്മദ്കുട്ടി
പരപ്പിൽ അബുമാസ്റ്റർ
ബാവു മലോൽ
വി. ഹംസത്ത്
രാമചന്ദ്രൻ
എം. അബ്ദുൽ ജബ്ബാർ

**മൃഗസംരക്ഷണം**

സി.വി കുഞ്ഞമ്മുട്ടി
(വെറ്റിനറി സർജൻ തിരുന്നാവായ)
ഇ.കെ. ബക്കർ
കെ. മൂസക്കുട്ടി

**വിദ്യാഭ്യാസം**

ബാബു മലോൽ
പരപ്പിൽ അബുമാസ്റ്റർ
ആർ. നാരായണപിള്ള
തിലകം ബാബു
എൻ. സുദർശനൻമാസ്റ്റർ
ടി. വേലായുധൻ

**ആരോഗ്യം കുടിവെള്ളം**

എ.പി. വാസുദേവനുണ്ണി
വി.ഹംസത്ത്
സ്റ്റാൻലി. പി

**ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**

ടി. വേലായുധൻ
ഗോപാലകൃഷ്ണൻ
പരപ്പിൽ അബുമാസ്റ്റർ
കെ. ഉണ്യാത്തൻ
നസീബ് അനന്താവൂർ

**ഭവനനിർമ്മാണം-പാർപ്പിടം**

കെ. സുഹറാബി
സി.പി പാത്തുട്ടിടീച്ചർ
സൂസി.എം
ആനിഗോഡ്ലീഫ്
രമണി

**വ്യവസായം**

പി.സി ഹൈദ്രോസ്
നവാബ് ഖാൻ. എ
പോക്കർ. പി.വി
സെയ്തലവി ഹാജി. എ.പി

**സംസ്കാരംടൂറിസം**

കായക്കൽ അലി
ബാബു മലോൽ
പരപ്പിൽ അബുമാസ്റ്റർ

**സഹകരണം വിഭവസമാഹരണം**

ജാവിർ.എ
കുത്തുബുദ്ധീൻ.എ
മോഹനൻ
അബൂട്ടി.സി.പി

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം**


വി. ദേവയാനി
പ്രിയ. ആർ
സി.പി അബൂട്ടി
എം.വി സൈനുദ്ധീൻ

1

# ആമുഖം

സർക്കാർ ഉത്തരവ് നമ്പർ MS 161/61 DD Dated 20-11-61 പ്രാകാരം രൂപീകൃതമായ തിരുനാവായ പഞ്ചായത്ത് 1962 മാർച്ച് 1 നാണ് സി.പി അഹമ്മദ് ഹാജിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പന്ത്രണ്ടര രൂപ വാടകയ്ക്ക് പഞ്ചായത്ത് സ്പെഷൽ ഓഫീസർ മൊയ്തീൻ കുട്ടിയുടെ മേൽ നോട്ടത്തിൽ ഓഫീസ് പ്രവർത്തനം തുടങ്ങിയത്. 23-12-63 ൽ പണ്ടാരത്ത് വളപ്പ് കുഞ്ഞിമുഹമ്മദ് പ്രസിഡണ്ടും ആലുങ്ങൽ സൈതലവിഹാജി വൈസ്പ്രസിഡണ്ടുമായ ആദ്യത്തെ ജനകീയ ഭരണ സമിതി നിലവിൽ വന്നു. വെട്ടൻ ആലികുട്ടി, വി.കെ.എസ് മുഹമ്മദ്കോയതങ്ങൾ ടി.കെ അലിയാമുട്ടി എന്ന കുച്ചിരി, പുള്ളാട്ടുവളപ്പിൽ കുഞ്ഞമ്മു, മണ്ണുപറമ്പിൽ അബ്ദുലു ഹാജി, എരിഞ്ഞക്കാട് അബ്ദുറഹ്മാൻ, വി.പി രായിൻകുട്ടി എന്നിവരായിരുന്നു ബോർഡിലെ മറ്റു മെമ്പർമാർ 4-3-64ലാണ് പഞ്ചായത്തിലെ പ്രഥമ മെമ്പറായി പി.പി റസീനയെ തെരഞ്ഞെടുത്തത്. പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ വാങ്ങണമെന്നതായിരുന്നു ആദ്യത്തെ തീരുമാനം 17-4-72ൽ വി.കെ.എസ് മുഹമ്മദ് കോയതങ്ങൾ പഞ്ചായത്തിന്റെ രണ്ടാമത്തെ പ്രസിഡണ്ടും എം.പി അബദുൽഹാജി വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. എം.പി അബ്ദുൽഹാജിയാണ് പഞ്ചായത്തിന്റെ മൂന്നാമത്തെ പ്രസിഡണ്ട് ഇ.എൻ കുഞ്ഞെതദ്രുഹാജി, പി. കുഞ്ഞിമുഹമ്മദ്, എ മൊയ്തീൻകുട്ടി, ടി.കെ അലിയാമുട്ടി എന്ന കുച്ചിരി, എം സിംബലൈൻ, വി. ആലികുട്ടി, പി. കുഞ്ഞമ്മു, വി.പി രായീൻകുട്ടി എന്നിവരായിരുന്നു ബോർഡിലെ മറ്റംഗങ്ങൾ. ടി.എം ബാവയാണ് പഞ്ചായത്തിന്റെ നാലാമത്തെ പ്രസിഡണ്ട്. സി.പി കുഞ്ഞമ്മുട്ടി വൈസ്പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. പി. കുഞ്ഞീൻകുട്ടി, എം. അബ്ദു, വി മൊയ്തീൻകുട്ടി എന്ന കുഞ്ഞിബാവ, ഇ.കെ മുഹമ്മദ്കുട്ടി എ. സൈയ്തലവി ഹാജി, എം.പി കുഞ്ഞിക്കോയ എന്ന ബാപ്പു , എ.കെ ചെറിയത് ഇ. കുഞ്ഞിമുഹമ്മദ്, സൂസി ഡേവിഡ് എന്നിവരാണ് ഈ ബോർഡിലെ മറ്റ് മെമ്പർമാർ. 1988 മുതൽ നിലവിൽ വന്ന ബോർഡിൽ പാറയിൽ അഹമ്മദ് കുട്ടിയെന്ന് ബാപ്പുവായിരുന്നു പ്രസിഡണ്ട്. പഞ്ചായത്തിലെ അഞ്ചാമത്തെ പ്രസിഡണ്ടായ പാറയിൽ അഹമ്മദ്കുട്ടി എന്ന് ബാപ്പുവിന് ശേഷം ഇ.പി മൊയ്തീൻകുട്ടി പ്രസിഡണ്ടായി. പാറയിൽ അഹമ്മദ് കുട്ടി, ടി.എം ബാവ എന്ന മൊയ്തീൻകുട്ടി ടി. വേലായുധൻ, പി മറിയാമു ശരീഫ്, കെ. മൂസ കുട്ടി, എ.പി രവീന്ദ്രൻ , പി.പി സൈതാലി, കെ.എം

മുഹമ്മദുണ്ണി, ഇ.പി മൊയ്തീൻകുട്ടി, പി.സി ഹൈദ്രോസ്, എം റോബർട്ട് എന്നിവരാണ് 1988 മുതൽക്കുള്ള ഈ ബോർഡിലെ മെമ്പർമാർ ആലുങ്ങൾ സുബൈദയാണ് പഞ്ചായത്തിന്റെ നിലവിലുള്ള പ്രസിഡണ്ട്. ഇവർ പഞ്ചായത്തിന്റെ ഏഴാമത്തെ പ്രസിഡണ്ടും ആദ്യത്തെ വനിതാ പ്രസിഡണ്ടുമാണ്. മുൻ പഞ്ചായത്ത് പ്രസിഡണ്ട് പാറയിൽ അഹമ്മദ് കുട്ടിയെന്നബാപ്പു ഇപ്പോൾ പഞ്ചായത്ത് വൈസ് പ്രസിഡണ്ടായി തുടരുന്നു. സി.പി കുഞ്ഞമ്മുട്ടിയാണ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. അഞ്ച് ലക്ഷത്തോളം രൂപ ചെലവിൽ പഞ്ചായത്തിന് സ്വന്തമായി കെട്ടടം നിർമ്മിച്ചു പ്രവർത്തനം തുടങ്ങിയത് ഈ ഭരണ സമിതിയുടെ കാലത്താണ്. പൊതുശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പഞ്ചായത്തിലെ കേടുവന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ഭൂരിഭാഗം റോഡുകളുടെ ടാറിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ സഹകരണത്തോടെ കാർഷിക രംഗത്ത് ഗുണകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പഞ്ചായത്ത് ബസ്സ്സ്റ്റാന്റിന് PWD പുറംമ്പോക്ക് സ്ഥലം വിട്ടു തരാമെന്ന് ബന്ധപ്പെട്ടവർ ഉറപ്പു തന്നിട്ടുണ്ട്. ഓണം കലാമേള, കേരളോൽസവം, പോളിയോ ഇമ്മ്യുണലൈസേഷൻ പ്രോഗ്രാം, കോളറക്കെതിരെയുള്ള പ്രതിരോധ നടപടികൾ എന്നിവയുടെ വിജയകരമായ നടത്തിപ്പിന് ബന്ധപ്പെട്ടവരുമായി സഹകരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ഞങ്ങളുടെ പരിമിതികളിൽ നിന്നുകൊണ്ട് കഴിയാവുന്ന എല്ലാ സഹായ സഹകരണങ്ങളും ചെയ്തിട്ടുണ്ടെന്നും അടിസ്ഥാന ജീവിത സൗകര്യങ്ങളായ പാർപ്പിടം, ശുദ്ധജലം, കക്കൂസുകൾ എന്നിവക്ക് ഊന്നൽ നൽകികൊണ്ട് പ്രവർത്തിക്കാമെവന്നും ഉറപ്പു തരുന്നു. 14 ഗ്രാമ സഭകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും പരിശീലനം ലഭിച്ച 7 DRPമാരും 75 ഓളം LRP മാരും ചർച്ചകളിലൂടെയും ദ്വിദീയ സ്ഥിതിവിവരണത്തിലൂടെയും വിഭവ ഭൂപട സർവ്വേയിലൂടെയും ക്രോഡീകരിച്ച വികസന രേഖ, തിരുനാവായ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ജനപങ്കാളിത്തത്തോടുകൂടി പ്രയോജനപ്പെടുത്താമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.




## 2

# പഞ്ചായത്ത് പൊതുവിവരണം

# 1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തിരുനാവായ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | തിരുനാവായ, അനന്താവൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | തിരൂർ |
| താലൂക്ക് | : | തിരൂർ |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| അസംബ്ലി നിയോജക മണ്ഡലം | : | കുറ്റിപ്പുറം |
| പാർലിമെന്റ് മണ്ഡലം | : | പൊന്നാനി |
| അതിരുകൾ : | | |
| വടക്ക് | : | കൽപകഞ്ചേരി, ആതവനാട് പഞ്ചായത്തുകൾ |
| തെക്ക് | : | ഭാരതപ്പുഴ |
| കിഴക്ക് | : | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | തലക്കാട്, വളവന്നൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 37867 |
| പുരുഷൻമാർ | : | 17904 |
| സ്ത്രീകൾ | : | 19963 |
| ജനസാന്ദ്രത | : | 1934 |
| അക്ഷരഭ്യാസമുള്ളവർ | : | 25321 |
| വാർഡുകൾ | : | 14 |
| പഞ്ചായത്ത് പ്രസിഡണ്ട് | : | ആലുങ്ങൽ സുബൈദ |
| പഞ്ചായത്ത് വൈസ് പ്രസിഡണ്ട് | : | പാറയിൽ അഹമ്മദ്കുട്ടി |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | സി.വി. കുഞ്ഞമ്മുട്ടി |
| പഞ്ചായത്ത് സെക്രട്ടറി | : | കെ.പി ശങ്കരൻ |



3

# സാമൂഹിക-സാംസ്കാരിക ചരിത്രം

പൗരാണിക ജനാധിപത്യ കേന്ദ്രവും ഒട്ടനവധി ചരിത്രങ്ങളും സംസ്കാരങ്ങളും ഉറങ്ങിക്കിടക്കുന്നതുമായ തിരുനാവായയും നിളാ തീരവും കേരളോൽപത്തി മുതൽ ഐതിഹ്യങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

ഒരു കാലത്ത് കോഴിക്കോട് സാമൂതിരിയുടെ അധീനതയിലായിരുന്ന പ്രദേശമാണ് തിരുനാവായ. ചരിത്രത്താളുകളിലും പഴം പാട്ടുകളിലും പരാമർശമുള്ള മാമാങ്കം നടന്നിരുന്നത് ഇവിടെയാണ്. പന്തീരാണ്ടു കൂടുമ്പോൾ ജനങ്ങളുടെ ഒത്തുചേരലിനും ഭരണാധികാരികളെ തെരഞ്ഞെടുക്കുന്നതിനുമായിട്ടാണ് മാമാങ്കം നടത്തിയിരുന്നത്.

ഇന്ന് കൊടക്കൽ ഓട്ടു കമ്പനിക്കകത്ത് സ്ഥിതിചെയ്യുന്ന 'നിലപാടുതറ' യിലായിരുന്നു മാമാങ്കത്തിന്റെ രാക്ഷാപുരുഷനായ രാജാവ് എഴുന്നള്ളിയിരുന്നത്. ആദ്യം തളിയാതിരിമാരും പിന്നീട് പെരുമാക്കന്മാരും ഒടുവിൽ വള്ളുവക്കോനാതിരിമാരുമാണ് നിലപാടു തറയിൽ 'പെരുനില' നിന്നിരുന്നത്. A.D 135ൽകോഴിക്കോട് സാമൂതിരി മാങ്കത്തിന്റെ രക്ഷാപുരുഷസ്ഥാനം കൈയടക്കിയതിനെ തുടർന്നാണ് ചാവേർപടയുടെ ഉത്ഭവം. അങ്ങാടിപ്പുറത്തെ തിരുമാന്ധാം കുന്നിലുള്ള മാമാങ്കത്തറയിൽ നിന്നും പുറപ്പെടുന്ന ചാവേർ പടയാളികൾ ബീരാൻ ചിറയിലെ പട്ടിണിത്തറയിൽ എത്തി ക്യാമ്പു ചെയ്തതിന് ശേഷമാണ് വ്രതാനുഷ്ഠാനത്തോടെ നിലപാടുതറയെ ലക്ഷ്യമാക്കി പാഞ്ഞടുത്തിരുന്നത്. സാമൂതിരിയുടെ ഭടന്മാർ അരിഞ്ഞു വീഴ്ത്തിയിരുന്ന ചാവേർ പടയാളികളുടെ മൃതദേഹങ്ങൾ വാരിവലിച്ചിട്ട് ആനയെക്കൊണ്ട് ചവിട്ടിത്താഴ്ത്തിയിരുന്നത് കൊടക്കൽ മിഷ്യൻ ആശുപത്രി കോമ്പൗണ്ടിൽ ഇപ്പോഴും സ്ഥിതി ചെയ്യുന്ന മണിക്കിണറിലാണ്.

വീരനായകന്മാരെ മറവു ചെയ്ത സ്ഥലത്ത് കുടയുടെ രൂപത്തിൽ കല്ലു ചെത്തി രൂപപ്പെടുത്തി വെച്ചിരുന്നത്കൊണ്ടാണ് കുടക്കല്ല് (കൊടക്കൽ) എന്നു പേരു വരാൻ കാരണമെന്ന് 1992ൽ അന്തരിച്ച സാമൂതിരി കുടുംബാംഗവും സർദാർ കെ.എം. പണിക്കരുടെ സഹപ്രവർത്തകനുമായ കെ.സി.വി. രാജ പറഞ്ഞിരുന്നു.

മഴുവെറിഞ്ഞ് കടലിൽ നിന്നും കേരളത്തെ വീണ്ടെടുത്ത പരശുരാമന്റെ ആസ്ഥാനം തിരുനാവായ ആണെന്നാണ് ഐതിഹ്യം. കേരളചരിത്രത്തിലും സംസ്കാരത്തിലും തിരുനാവായയുടെ സ്ഥാനം വിശിഷ്ടമാണ്. ഇക്കരെ നവയോഗികളാൽ സ്ഥാപിച്ച മഹാ വിഷ്ണു ക്ഷേത്രം,

അക്കരെ ബ്രഹ്മാവിന്റെയും ശിവന്റെയും ക്ഷേത്ര ങ്ങൾ. ഈ വിശുദ്ധ സ്ഥലങ്ങൾക്കിടയിലൂടെ ഒഴുകി ഭാരതപ്പുഴ സംസ്കൃതമായ പുണ്യ തീർത്ഥത്തിന്റെ ചൈതന്യ പ്രവാഹമായി തീരുന്നു.

കോക സന്ദേശം, ഉണ്ണിയാടി ചരിതം, മുതലായ മധ്യ കാല സാഹിത്യ കൃതികളിൽ നിന്ന് ഒരു 700 വർഷം മുമ്പുപോലും തിരുനാവായക്കുള്ള പ്രാധാന്യം വ്യക്തമാവുന്നു. കേരളത്തിലേയും തമിഴ്നാട്ടിലേയും മഹാ പണ്ഡിതന്മാർ സമ്മേളിച്ച് അവരുടെ പാണ്ഡിത്യവും വാഗ്മിത്വവും പ്രകടിപ്പിക്കുന്ന 'പട്ടത്താനം' ഏറെ കാലം ഇവിടെ നടന്നിരുന്നു.

രാജാക്കന്മാർക്കുശേഷം തിരുനാവായയുടെ ഖ്യാതി ഉയർത്തിയത് ക്രിസ്ത്യൻ മിഷനറിമാരാണ്. ബ്രിട്ടീഷുകാരുടെ വരവിനു വളരെ മുമ്പ് ജർമ്മൻകാർ ഇവിടെ വരികയും മിഷനറി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിന് ചരിത്രം സാക്ഷിയാണ്. ഇതിന്റെ ഭാഗമായാണ് ബാസൽ ഇവാഞ്ചലിക് മിഷ്യൻ സ്ഥാപിച്ച് കൊടക്കൽ ബി.ഇ.എം. സ്കൂളും, ടൈൽ ഫാക്ടറിയും തുടങ്ങിയത്. ബ്രിട്ടീഷുകാരുടെ വരവിന് ശേഷം പല മാറ്റങ്ങളും തിരുനാവായ പ്രദേശത്ത് പ്രകടമായി. രണ്ടാം ലോക മഹാ യുദ്ധത്തിൽ ജർമ്മനിയുടെ പരാജയത്തെ തുടർന്ന് ഇന്ത്യയിലെ അവരുടെ എല്ലാ സ്ഥാപനങ്ങളും ബ്രിട്ടന്റെ നിയന്ത്രണത്തിലായി. അങ്ങനെയാണ് ബ്രിട്ടനിൽ ഏതാനും സ്വകാര്യ വ്യക്തികൾ രൂപം നൽകിയ കോമൺവെൽത്ത് ട്രസ്റ്റിന്റെ കീഴിൽ കൊടക്കൽ ടൈൽ ഫാക്ടറി വരാൻ കാരണം. ട്രസ്റ്റിന്റെ കേന്ദ്രം ലണ്ടനായിരുന്നു. 1906ൽ സ്ഥാപിച്ച ഈ കമ്പനി മംഗലാപുരത്തെ ജപ്പു ടൈൽ ഫാക്ടറിക്ക് ശേഷം ഇന്ത്യയിൽ സ്ഥാപിച്ച രണ്ടാമത്തേതാണ്.

അന്ന് കൊടക്കൽ കമ്പനിയിലേക്കുള്ള ഗതാഗത മാർഗ്ഗം ബന്തറിലേക്കുള്ള (തുറമുഖം) പാതയായിരുന്നു. ആ കാലഘട്ടത്തിൽ നിർമ്മിച്ച ചെത്തുവഴിയാണ് ഇന്നത്തെ ബി.പി. അങ്ങാടി - കുറ്റിപ്പുറം റോഡ്. കമ്പനിക്കു മുമ്പിലുള്ള പഴയ ബംഗ്ലാവ് വളപ്പിലാണ് 'മരുന്നറ' യുള്ളത്. ബന്തറിലുള്ള ഒരു ഗുഹയുടെ കവാടവും ഇവിടെ ദൃശ്യമാണ്.

തിരുനാവായ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ കേന്ദ്രം കൊടക്കൽ ബി.ഇ.എം. യു.പി. സ്കൂളായിരുന്നു. ഡോ. ഹെർമൻഗുണ്ടർട്ട് കോഴിക്കോട്ടു നിന്ന് എടക്കുളം റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുമ്പോൾ ആദ്ദേഹത്തെ കാളവണ്ടിയിൽ കൊടക്കൽ എത്തിച്ചിരുന്നത് യശഃശരീരനായ പുഴക്കൽ മുഹമ്മതായിരുന്നു. തവനൂർ മനക്കൽ വാസുദേവൻ നമ്പൂതിരി ഡിസ്ട്രിക്ട് ബോർഡിൽ മെമ്പറായിരിക്കുമ്പോഴാണ് എടക്കുളം റെയിൽവേ സ്റ്റേഷന്റെ പേര് 'തിരുനാവായ' എന്നാക്കിയത്. അക്കാലത്ത് ഇവിടത്തെ പ്രഗത്ഭ ആയുർവേദ ഭിഷഗ്വരനായിരുന്നു തൃപ്രങ്ങോട് ശങ്കരൻ മൂസ്സത്.

പ്രസിദ്ധമായ 'ചങ്ങമ്പള്ളി' കളരി തിരുനാവായയിലാണ്. മാമാങ്കത്തിൽ മുറിവേൽക്കുന്ന പടയാളികളെ പരിചരിക്കാനായി കർണാടകത്തിൽ നിന്നും കൊണ്ടുവന്ന ഗുരുക്കന്മാരെ സാമൂതിരി താഴത്തറ ചങ്ങമ്പള്ളി കുന്നിൽ കുടിയിരുത്തിയെന്നാണ് ഐതിഹ്യം. 400 വർഷം മുമ്പെത്തിയ ഇവർ ഇപ്പോൾ പല താവഴികളായി തിരിഞ്ഞ് ചികിത്സ നടത്തി വരുന്നു. പെരുമ്പിലാവിൽ കേളുമേനോനെ പോലുള്ള പ്രശസ്തരായ അഭ്യാസികൾ പരിശീലനം നേടിയത് താഴത്തറയിലെ ചങ്ങമ്പള്ളി കളരിയിലാണെന്ന് ഐതിഹ്യമാലയിൽ പറയുന്നു.

എടക്കുളം കുന്നുമ്പുറത്ത് സ്ഥിതി ചെയ്യുന്ന പഠാണി ശഹീദിന്റെ മഖ്ബറയും ചങ്ങമ്പള്ളി ഗുരുക്കന്മാരുടെ ആധീനതയിലാണ്. ടിപ്പു സുൽത്താൻ മലബാർ പടയോട്ടം നടത്തിയ കാലത്ത് ടിപ്പുവിന്റെ പടത്തലവന്മാരിൽ ഒരാളായിരുന്നു പഠാണി ശഹീദ് എന്നാണ് ചരിത്രം പറയുന്നത്. അദ്ദേഹത്തിന്റെ കീഴിൽ സൈനികർ പരിശീലനം നടത്തിവന്നിരുന്ന സ്ഥലമാണ് പഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന 'ഇടിവെട്ടിപ്പാറ' എന്നാണ് വിശ്വാസം. ഇവിടെ അടുത്ത കാലം വരെയുണ്ടായിരുന്ന വെള്ളത്തടാകവും ഊമ്പിപ്പാറയും പ്രസിദ്ധമാണ്. 1921ലെ മലബാർ ലഹളക്കാലത്ത് പട്ടാളം ക്യാമ്പ് ചെയ്തിരുന്നത് പഠാണി ശഹീദിന്റെ മഖ്ബറ പരിസരത്തായിരുന്നു. തൊട്ടടുത്ത അംശക്കച്ചേരിയിലായിരുന്നു തുക്ക്ടി സായ്പിന്റെ ഓഫീസ്. 400 വർഷത്തോളം പഴക്കമുള്ള കൈത്തക്കര ജുമാ മസ്ജിദ് ഈ പഞ്ചായത്തിലാണ്. ഈ പള്ളിയുടെ

ഖാസി സൈനുദ്ദീൻ മഖ്ദൂമായിരുന്നു. ഇദ്ദേഹമാണ് കോന്നല്ലൂർ പള്ളിക്ക് കുറ്റിയടിച്ചത്. 150 വർഷത്തിലേറെ പഴക്കമുള്ള രണ്ടാട്ടൂർ പള്ളിയും ആദ്യകാലത്ത് ഈ പഞ്ചായത്തിലായിരുന്നു. ഇതോടനുബന്ധിച്ച് മത പഠനത്തിനായി ഒരു ഓത്തുപള്ളിയും സ്ഥാപിച്ചിരുന്നു.

അഞ്ഞൂറോളം ഇല്ലങ്ങളുള്ള ഓത്തന്മാരുടെ ആസ്ഥാനവും തിരുനാവായയായിരുന്നു. ഇപ്പോൾ നിളയുടെ തെക്കെ കരയിൽ സ്ഥിതി ചെയ്യുന്ന ഓത്തന്മാർ മഠം മുമ്പ് വടക്കെ കരയിലായിരുന്നു. തീപ്പിടിച്ച് നശിച്ചതിനെതുടർന്നാണ് മഠം തവനൂരിലേക്കു മാറ്റിയത്.

തിരുനാവായ പഞ്ചായത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും മുമ്പ് നെൽ വയലുകളായിരുന്നു. കളിയടക്ക, വെറ്റില, താമരപ്പൂവ് എന്നിവയായിരുന്നു അന്നത്തെ മറ്റു പ്രധാന കയറ്റുമതി ഉൽപ്പന്നങ്ങൾ. വലിയ പറപ്പൂർ കായലിലെ താമരപ്പൂവ് കേരളത്തിനകത്തും പുറത്തും പേർ പെറ്റതാണ്, കൊടക്കൽ ടൈൽ ഫാക്ടറിയിൽ നിർമ്മിച്ചിരുന്ന ഓട് മുമ്പ് ബന്തർ കടവ് വഴിയും റെയിൽ മാർഗ്ഗവും നാടിന്റെ വിവിധ ഭാഗങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു.

അഞ്ച് ദശകങ്ങൾക്കു മുമ്പ് വളരെ വിപുലമായ ഒരു മത്സ്യ മാർക്കറ്റ് ഇന്നത്തെ തിരുന്നാവായ അങ്ങാടിക്കു പടിഞ്ഞാറു വശം പ്രവർത്തിച്ചിരുന്നതായി പഴമക്കാർ പറയുന്നു. ഇവിടെ നിന്നും തലച്ചുമടായി സമീപ പ്രദേശങ്ങളിലേക്ക് മത്സ്യം കൊണ്ടുപോയി കച്ചവടം നടത്തിയിരുന്നു. കുണ്ട്ലങ്ങാടി ചന്തയും പ്രസിദ്ധമാണ്. വെറ്റില വ്യാപാരത്തിനായിരുന്നു ഇവിടെ പ്രാധാന്യം.

ബർമ്മയിൽ നിന്ന് വന്ന അരിയും ജാവയിൽ നിന്ന് വന്ന പഞ്ചസാരയും മറ്റും പൊന്നാനി വാണിജ്യ കേന്ദ്രങ്ങൾ വഴി ഭാരതപ്പുഴയിൽ വളപുരം കെട്ടിയ വള്ളത്തിൽ തിരുനാവായ കടവത്ത് ഇറക്കിയിരുന്നതായി ചരിത്രം പറയുന്നു.

തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ ഉത്സവങ്ങൾക്ക് മുമ്പ് വളരെയേറെ പ്രാധാന്യമുണ്ടായിരുന്നു. തുലാം കുംഭം കർക്കിടക വാവു ദിവസങ്ങളിൽ നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നും നായാടിമാർ ഇവിടെ എത്തിയിരുന്നു. ഇവരുടെ പ്രധാന തൊഴിൽ ഉറി വിൽപ്പനയും ഭിക്ഷാടനവുമായിരുന്നു. തെങ്കാശിയെന്നറിയപ്പെടുന്ന തിരുനാവായ ത്രിമൂർത്തി സംഗമത്തിൽ പിതൃതർപ്പണത്തിനായി സംസ്ഥാനത്തിനകത്തു നിന്നും പുറത്തു നിന്നുമായി വർഷം തോറും നിരവധി ഹിന്ദുമത വിശ്വാസികൾ എത്താറുണ്ട്. ത്രിമൂർത്തികൾക്ക് ദർശിക്കാനായി സ്ഥാപിക്കപ്പെട്ട ക്ഷേത്ര വിളക്ക് കെട്ടു പോകാതിരിക്കാനായി, തച്ചുശാസ്ത്ര വിധി പ്രകാരം പെരുന്തച്ചൻ സ്ഥാപിച്ച കുത്തു കല്ല് എടക്കുളം എ.എം.യു.പി. സ്കൂളിനടുത്തായി നിലകൊള്ളുന്നു. സുമാർ ഒന്നരയാൾ ഉയരത്തിലുള്ള ഈ കല്ല് ഇന്നും കാണാവുന്നതാണ്. ഇത്തരത്തിലുള്ള വൻ കുത്തുകല്ലുകൾ കൈത്തരക്കര ജി.എൽ.പി. സ്കൂളിനടുത്തും അനന്താവൂർ കുത്തുകല്ല് പറമ്പിലും ഉണ്ട്.

1946ൽ യശഃശരീരനായ എ. ശങ്കുണ്ണി മേനോൻ തിരുനാവായ കടവത്ത് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സത്രത്തിൽ 'വിദ്യാ പീഠ' മെന്ന പേരിൽ സ്ഥാപിച്ച വിദ്യാലയമാണ് ഇന്നത്തെ നാവാമുകുന്ദ ഹൈസ്കൂൾ. മുസ്ലിംകൾക്കു വേണ്ടി എടക്കുളം റെയിൽവേ സ്റ്റേഷനടുത്ത് ഒരു നമസ്കാരപള്ളിയും അദ്ദേഹം സൗജന്യമായി നിർമ്മിച്ചിരുന്നു. 1921ലെ മലബാർ ലഹളയുമായി ബന്ധപ്പെട്ട് എടക്കുളം, കൊടക്കൽ, തിരുനാവായ, അനന്താവൂർ, വലിയ പറപ്പൂർ, പല്ലാർ പ്രദേശങ്ങളിൽ നിന്ന് നിരവധി പേരെ പട്ടാളക്കാർ പിടിച്ചുകൊണ്ടു പോയിരുന്നു. അവരിൽ പലരും ബെല്ലാരി, കോയമ്പത്തൂർ ജയിലുകളിൽ വെച്ചു മരിച്ചു. ചിലർ നിത്യരോഗികളായി തിരിച്ചെത്തി. ഇന്നത്തെ പഞ്ചായത്ത് വൈസ്പ്രസിഡണ്ടിന്റെ വലിയുപ്പയായിരുന്ന ശ്രീ പാറയിൽ അഹമ്മദ്കുട്ടി മലബാർ കലാപത്തിൽ വെടിയേറ്റു മരിച്ചതാണ്. അക്കൂട്ടത്തിൽ ജയിലിലടച്ച എടക്കുളം ചിറ്റകത്ത് പൊറ്റമ്മൽ മൊയ്തീൻ ഹാജിയെ കേന്ദ്രസർക്കാർ താമ്രപത്രം നൽകി ആദരിച്ചു.

തിരുനാവായ പഞ്ചായത്തിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ വൈരങ്കോട് ഭഗവതി ക്ഷേത്രം മലബാർ ലഹളക്കാലത്ത് പുറത്തു നിന്നും വന്ന അക്രമികൾ തകർക്കാൻ ശ്രമിച്ചെങ്കിലും അതിനെതിരിൽ ചെറുത്തു നിന്ന് ക്ഷേത്രം സംരക്ഷിച്ചത് അക്കാലത്തെ മാപ്പിളമാരാണ്. അന്നത്തെ നാട്ടു പ്രമാണിയായ വെള്ളാടത്ത് തറവാട്ടിലെ

വെള്ള തലേക്കെട്ടുകാരനായ തെക്കൻ മരക്കാർ മൂഷന്റെ നേതൃത്വത്തിലാണ് ചെറുത്തു നിൽപ്പുണ്ടായത്. ഇതേ തുടർന്ന് ഈ തറവാട്ടുകാർക്ക് അന്നു മുതൽ ക്ഷേത്രത്തിൽ നിന്നും വർഷം തോറും ഒര വകാശം കൽപ്പിച്ചിരുളുകയും തലമുറകളായി അവർ അത് കൈപ്പറ്റി വരികയും ചെയ്തിരുന്നു.


അക്കാലത്ത് തിരുനാവായയിലെ ഭൂമിയുടെ ഉടമസ്ഥാവകാശം ഏതാനും ജന്മി കുടുംബങ്ങളിലും തിരുനാവായ ദേവസ്വത്തിലും ഒതുങ്ങിനിന്നു. ആതവനാട് ആഴ്‌വാഞ്ചേരി മനക്കൽ നിന്നും 99 വർഷത്തെ ലീസിനു കൊടുത്ത സ്ഥലത്താണ് കൊടക്കൽ ടൈൽ ഫാക്ടറി സ്ഥാപിച്ചത്. ഈ സ്ഥലം പിന്നീട് കമ്പനിയുടെ അധീനതയിൽ വരികയായിരുന്നു.

ബ്രിട്ടീഷാധിപത്യത്തിനെതിരെ ജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിന്നായി മുൻപന്തിയിലുണ്ടായിരുന്ന മമ്പുറം സയ്യിദ് അലവി തങ്ങളും പൊന്നാനിയിലെ സൈനുദ്ദീൻ മഖ്ദൂമും ഈ പഞ്ചായത്തുമായി നിരന്തരം ബന്ധപ്പെട്ടിരിക്കുന്നു. തോന്നല്ലൂരിലെ കായൽ മഠത്തിൽ പാറളാത്ത് ബീരാൻ കുട്ടിയുടെ വീടിന് മമ്പുറം തങ്ങൾ കുറ്റിയടിച്ചതും സൈനുദ്ദീൻ മഖ്ദൂമും മഖ്ദൂം കുടുംബവും അടുത്ത കാലം വരെ കൈത്തക്കര മഹല്ല ഖാദിയായിരുന്നതും ഇതിനു ബലം നൽകുന്നു.

ഖിലാഫത്ത് പ്രസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ മുസ്ലിംകൾ വളരെ മുന്നണിയിലായിരുന്നു എന്ന് കാണാം. ബ്രിട്ടീഷു വിരോധം അവരുടെ മനസ്സുകളിൽ വളർന്നു വന്നതിന്റെ ഫലമായി ബ്രിട്ടീഷുകാർ കൊണ്ടുവന്ന എന്തിനേയും എതിർക്കുക എന്ന നയത്തിന്റെ ഭാഗമായാണ് ഇംഗ്ലീഷ് ഭാഷയോടും എതിർപ്പു പ്രകടിപ്പിക്കാൻ കാരണം. ഇംഗ്ലീഷ് വിദ്യാഭ്യാസം ഹറാമായാണ് (തെറ്റ്) അന്നു കണ്ടിരുന്നത്. ഇത് പഞ്ചായത്തിലെ മുസ്ലിംകളുടെ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണമായെന്ന് അരനൂറ്റാണ്ടിനു മുമ്പുള്ള തിരുനാവായയുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

ഇതിനു പുറമെ വിദ്യാഭ്യാസം ഉന്നത കുലത്തിൽ ജനിച്ചവരുടെയും സമ്പന്നരുടെയും മാത്രം അവകാശമാണെന്ന ചിന്താഗതി കുറഞ്ഞ തോതിലാണെങ്കിലും ഇവിടെ നില നിന്നിരുന്നു എന്നത് ഒരു വസ്തുതയാണ്. ഇതിന്റെ പേരിൽ നല്ലൊരു വിഭാഗം ജനങ്ങളെ താഴ്ന്ന ജാതിക്കാരെന്ന പേരിൽ തൊട്ടു കൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി മാറ്റി നിർത്തിയിരുന്നു. സാമൂഹിക പരിഷ്കർത്താക്കളുടെയും വിവിധ സാംസ്കാരിക സംഘടനകളുടേയും നിരന്തരമായ പ്രവർത്തന ഫലമായി പിൽക്കാലത്ത് അതിനു മാറ്റം വന്നതായി കാണാവുന്നതാണ്.

മഹാ പണ്ഡിതനും സൂഫീവര്യനുമായിരുന്ന കൈത്തക്കര മുഹ്‌യദ്ദീൻ കുട്ടി മുസലിയാർ, പല്ലാർ കമ്മു മുസലിയാർ, എടക്കുളം എൻ. അബൂബക്കർ മുസലിയാർ, കെ.പി. കമ്മു മുസലിയാർ, കെ.സി.വി. രാജ, വെള്ളുത്താട്ട് ~~കേശവൻ~~ നമ്പൂതിരി, അമരിയിൽ അബ്ദുറഹിമാൻ മാസ്റ്റർ, കെ.കെ. പല്ലാർ തുടങ്ങിയവരെല്ലാം ഈ പഞ്ചായത്തിൽ ജനിച്ച് മൺമറഞ്ഞുപോയ മതസാമൂഹിക സാംസ്കാരിക രംഗത്തെ പ്രതിഭാധനന്മാരാണ്.



## 4

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

പശ്ചിമഘട്ടത്തിലെ ആനമുടിയിൽ നിന്ന് ഉത്ഭവിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ നദിയായ ഭാരതപുഴ പഞ്ചായത്തിന്റെ തെക്കു വശത്തു കൂടെ ഒഴുകുന്നു. പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും പ്രയോജനപ്പെടും വിധം ജലസ്രോതസ്സായി മാറേണ്ട ഭാരതപുഴ അശാസ്ത്രീയമായ മണൽ വാരൽ മൂലം ഉണങ്ങിവറ്റിവരണ്ടു കിടക്കുന്നു. ഇത് വർഷക്കാലങ്ങളിൽ മാത്രം ഏതാനും മാസത്തേക്ക് ജലലഭ്യത പ്രദാനം ചെയ്യുന്നു. വടക്ക് ആതവനാട് കൽപകഞ്ചേരി പഞ്ചായത്തുകളും കിഴക്ക് കുറ്റിപ്പുറം പഞ്ചായത്തും പടിഞ്ഞാറ് തലക്കാട് വളവന്നൂർ പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു.

ഭൂ പ്രകൃതി അനുസരിച്ച് തിരുനാവായ പഞ്ചായത്തിനെ താഴ്‌വര, ചെരിവ് തലം, കുന്നുകൾ, സമതലങ്ങൾ കായലുകൾ, പുഴയോരം എന്നിവയായി തിരിക്കാം.

മൂന്ന്, ഏഴ് വാർഡുകളിലായി തിരുനാവായ അനന്താവൂർ വില്ലേജുകളിൽ സ്ഥിതിചെയ്യുന്ന പല്ലാർക്കായൽ ആറ്, അഞ്ച് വാർഡുകളിലെ വലിയ പറപ്പൂർ കായൽ എന്നിവയാണ് പ്രധാന കായലുകൾ. എട്ട് ഒമ്പത് വാർഡുകളിലായി പുഴയോരവും കുന്നിൻ പ്രദേശങ്ങളും കാണാവുന്നതാണ്. ഒന്ന് രണ്ട് വാർഡുകളിലായി പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളും പാടങ്ങളും കാണാപ്പെടുന്നു. മറ്റു ഭാഗങ്ങൾ സമതലങ്ങളായ ചെരിവു തലങ്ങളായും പാടങ്ങളായും അവശേഷിക്കുന്നു.



## ട്രാൻസെക്ട് 1


| | | | | |
|---|---|---|---|---|
| ഭൂപ്രകൃതി | കുന്നുംപുറം (അപൂർവ്വ നീരുറവ) | ചെറിയ ചെരിവുതലം | കുത്തനെയുള്ള ചെരിവുതലം | സമതലം |
| മൺതരം | ചെമ്മണ്ണ് ഇടക്ക് പാറ | ചരൽ മണ്ണ് | ചുവന്ന മണ്ണ് | ചരൽ മണ്ണ് |
| സസ്യാവരണം | തെങ്ങ്, പ്ലാവ് തെങ്ങ്, കവുങ്ങ്, വെറ്റിലക്കൊടി | തെങ്ങ്, കവുങ്ങ്, വെറ്റിലക്കൊടി | തെങ്ങ്, കവുങ്ങ് വെറ്റിലക്കൊടി | തെങ്ങ്, വെറ്റിലക്കൊടി |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് മണ്ണ് ഖനനം | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണടിയൽ |

## ട്രാൻസെക്ട്-2

| | | | | |
|---|---|---|---|---|
| ഭൂപ്രകൃതി | താഴ്‌വര | ചെറിയചെരിവുതലം | കുത്തനെകയറ്റം | സമതലം |
| മണൽ തരം | മണൽ കലർന്ന പശിമരാശിമണ്ണ് | ചരൽ മണ്ണ്, ചെങ്കൽപാറ | പാറ, ചരൽമണ്ണ് | ചെങ്കൽപാറ ഇടക്ക്മണ്ണ് |
| സ്യാവരണം | നെൽകൃഷി | കമുങ്ങ്, തെങ്ങ്, വെറ്റില വാഴ | കമുങ്ങ്, തെങ്ങ്, വെറ്റില വാഴ | കശുമാവ്, തെങ്ങ്, തരിശ്ഭൂമി |
| പരിസ്ഥിതി ശ്നങ്ങൾ | മണ്ണിടിയൽ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | വെട്ടുകൽ ഖനനം |

## ട്രാൻസെക്ട് 3

വലിയ പറപ്പൂർ കായൽ





താമരക്കുണ്ട് 4-5മീ. ആഴം

| | |
|---|---|
| Lo. | താമര |
| P. | നെല്ല് |
| Ny. | ആമ്പൽ |

## ട്രാൻസെക്ട് 4

പല്ലാർ കായൽ

തോട്




$P_1$ ഒന്നാം വിള മാത്രം

$P_2$ ഒന്നും രണ്ടും വിളകൾ

$P_3$ മൂന്നാം വിള മാത്രം

T - തോട്

## ജനപ്രകൃതി

1991 ലെ സെൻസസ് അനുസരിച്ച് തിരുനാവായ പഞ്ചായത്തിലെ ആകെ ജനസംഖ്യ 37,867 ഇതിൽ 17904 പുരുഷൻമാരും 19963 സ്ത്രീകളുമായി ആകെ വീടുകൾ 5342. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1934ആണ്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണം 19.58 ചതുരശ്ര കിലോമീറ്ററാണ്. പഞ്ചായത്തിലെ സ്കൂൾ കുട്ടികളുടെ എണ്ണം 13306 ആണ്. ഇതിൽ 6957 ആൺകുട്ടികളും 6349 പെൺകുട്ടികളുമുണ്ട്. ഇതിൽ പട്ടികജാതി വിഭാഗങ്ങളിലെ ആൺകുട്ടികൾ 323ഉം പെൺകുട്ടികൾ 317 മാണ്. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 67 ശതമാനമാണ്. പഞ്ചായത്ത് തല ജനസംഖ്യാ വിവരണം താഴെ കൊടുക്കുന്നു.

ജനസംഖ്യ

| പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികജാതി കുടുംബങ്ങൾ |
|---|---|---|---|
| 17904 | 19963 | 37867 | 2017 |

വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും പഠന നിലവാരം കുറയുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണം പെരുകിവരുന്നതും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവവും സങ്കീർണ്ണമാണ്. താഴ്ന്ന വരുമാനക്കാരും ഇടത്തരക്കാരും ഇടകലവർന്ന് ജീവിക്കുന്ന ഈ പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗം കൃഷിയും അനുബന്ധ മേഖലകളിൽ നിന്നുള്ള ആദായവുമാണ്.


പരമ്പരാഗത തൊഴിൽ മേഖലകളായ പായ നെയ്ത്ത്, കൊട്ട നെയ്ത്ത് തുടങ്ങിയവ പരിഷ്കാരങ്ങളുടെ വേലിയേറ്റങ്ങളിൽ മുങ്ങിത്താണു കിടക്കുന്നു. ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കേണ്ടതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.


ജാതിപരമായ ഉച്ചനീചത്വങ്ങൾ അവസാനിച്ചുവെങ്കിലും ഒരു പുതിയ മത നിരപേക്ഷസംസ്കാരം വളർത്തികൊണ്ട് വരേണ്ടതുണ്ട്. മതസൗഹാർദ്ദത്തിനും സാഹോദര്യത്തിനും കളങ്കമേൽക്കാതെ ഒരു പുതിയ വികസന സംസ്കാരം വളർത്തികൊണ്ടുവരേണ്ടിയിരിക്കുന്നു.


## ജലപ്രകൃതി

ജില്ലയിലെ മറ്റെല്ലാ പഞ്ചായത്തുകളിലും ലഭിക്കുന്നതുപോലെ എടവം, മിഥുനം, കർക്കിടകംമാസങ്ങളിലും തുലാമാസത്തിലും മഴലഭിക്കാറുണ്ട്. തിരുനാവായ പഞ്ചായത്തിന്റെ തെക്കു ഭാഗത്തുകൂടെ കടന്നു പോകുന്ന നിളാനദിയുടെ പഞ്ചായത്തതിർത്തിയിലുള്ള നീളം നാല് കിലോമീറ്ററാണ്. പഞ്ചായത്തിലാകെ 25 പൊതു കുളങ്ങളാണുള്ളത്.

പ്രധാന ജലശേഖരമായ വലിയ പറപ്പൂർ കായലും പല്ലാർ കായലും ആ പ്രദേശങ്ങളിലെ കർഷകർക്ക് തെല്ല് ആശ്വസം പകർന്നുകൊണ്ട് പഞ്ചായത്തിന്റെ വിഭവഭൂപടത്തിൽ സ്ഥാനം പിടിക്കുന്നു. പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിൽ മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ചാൽ മാത്രമേ ഇവിടുത്തെ ജലക്ഷാമത്തിന് അല്പമെങ്കിലും ആശ്വാസം ലഭിക്കൂ.







5-1

# കൃഷിയും ജലസേചനവും

ഭാരതപ്പുഴയോടു ചേർന്നുകിടക്കുന്ന ഒരു കാർഷിക പഞ്ചായത്താണ് തിരുന്നാവായ. കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുമാണ് ഇവിടുത്തെ ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗം. മുഖ്യ കൃഷികൾ നെല്ല്, തെങ്ങ്, കമുങ്ങ്, വാഴ, വെറ്റില, കശുമാവ് എന്നിവയും ഇടവിളയായി കിഴങ്ങ് വർഗ്ഗങ്ങളും, പച്ചക്കറികളും, കുരുമുളക് എന്നിവയും നെൽ വയലുകളിൽ മൂന്നാം വിളയായി ചിലഭാഗങ്ങളിൽ എള്ള്, പയറ്, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്തു വരുന്നു. ഭാരതപ്പുഴയിൽ വേനൽക്കാലങ്ങളിൽ ധാരാളം പച്ചക്കറി കൃഷിചെയ്തിരുന്നു.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും 1 ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ളവരാണ്. ഭൂവിസ്തൃതിയനിസരിച്ച് കർഷക കുടുംബങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| നമ്പർ | ഭൂവിസ്തൃതി | കർഷക കുടുംബങ്ങളുടെ എണ്ണം | കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ ) |
|---|---|---|---|
| 1 | 1ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ | 5139 | 947 |
| 2 | 1ഹെക്ടറിനും 2ഹെക്ടറിനും | 437 | 681 |
| 3 | 2ഹെക്ടറിനു മുകളിൽ | 26 | 114 |
| | ആകെ | 5602 | 1742 |

ആദ്യകാലത്ത് കൃഷി എന്നാൽ വേനൽ കൃഷിമാത്രമായിരുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് നെൽകൃഷിനടത്തിയിരുന്നത് കൂടാതെ കൃഷിക്കാർ സഹകരിച്ച് തോടിനോട് ചിറകെട്ടിയും കുളങ്ങളിൽ നിന്ന് ഏത്തം വെച്ച് തേവിയുമാണ് ഉണക്കം ബാധിക്കുമ്പോൾ കൃഷിയെ സംരക്ഷിച്ചിരുന്നത്. മുൻകാലങ്ങളിലെ ജന്മിമാരായ സാമൂതിരിക്കോവിലകം, ആഴ്വാഞ്ചേരിമന, വെളുത്താട്ട്മന, പാക്കത്ത്മന, പയ്യൂർമന, തുടങ്ങിയവരായിരുന്നു ഈ പഞ്ചായത്തിലെ കൃഷിഭൂമി ഉടമസ്ഥർ.

ആകെ ഭൂമിയുടെ 35% നെൽകൃഷിചെയ്തിരുന്ന വയലുകളായിരുന്നു. കൃഷിസ്ഥലങ്ങളിൽ കെട്ടി നിൽക്കുന്ന വെള്ളത്തിന്റെ തോതനുസരിച്ച് വത്യസ്ഥ സ്വഭാവമുള്ള വിത്തിനങ്ങളായിരുന്നു കൃഷിചെയ്തിരുന്നത്. ഒരു വിളമാത്രം കൃഷിചെയ്തിരുന്ന വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ കരിങ്കൊറ വിത്തുകളായിരുന്ന ഒടിയൻ, മുണ്ടോചീര, വെള്ളകൊടിയൻ, കവുങ്ങിൻ പൂത്താല തുടങ്ങിവയും രണ്ടുവിളകൃഷിചെയിതിരുന്നിടത്ത് വിരിപ്പുകൃഷിക്ക് തെക്കൻ ചീര, വെളുത്ത വട്ടൻ, ചുവന്ന വട്ടൻ, ചെറിയ ആര്യൻ, തുടങ്ങിയവയും മുണ്ടകൻകൃഷിക്ക് ചിറ്റേനി, പൊന്നാര്യൻ, ചെറുണ്ടം, പാണ്ടി, വട്ടൻ പള്ളിയാൽ, തവളക്കണ്ണൻ തുടങ്ങിയ വിത്തുകളുമായിരുന്നു കൃഷി ചെയിതിരുന്നത്. പുഞ്ചകൃഷിമാത്രം ചെയ്തിരുന്ന

കായലുകളിൽ തെക്കൻചീര, നവര, വട്ടൻ എന്നിവയും പറമ്പുകളിൽ കട്ടമോടൻ, കറുത്ത മോടൻ, ചുവന്നമോടൻ എന്നീ മോടൻ വിത്തിനങ്ങളും കൃഷി ചെയ്തിരുന്നു. രണ്ടാംവിള കൃഷിയിറക്കുന്ന സമയത്ത് വെള്ളകൂടുതൽ കാരണം കൃഷിയിറക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ വിരിപ്പുവിളയുടെയും മുണ്ടകൻ വിളയുടെയും വിത്തിനങ്ങൾ ഒരുമിച്ച വിരിപ്പ്വിള സമയത്ത് 70: 30 എന്ന റേഷ്യോയിൽ വിതച്ച് കൃഷിച്ചെയ്യുന്ന രീതിയാണ് ഉണ്ടായിരുന്നത്.

കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും പുതിയ അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഇറങ്ങിയതോടുകൂടി കൃഷിക്കാർ ഈ ഇനം വിത്തുകൾ ഉപയോഗിച്ചു കൃഷിചെയ്യുവാൻതുടങ്ങി. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും സസ്യസംരക്ഷണത്തിനായുള്ള കീടനാശിനികളും ഉപയോഗിക്കുവാൻ തുടങ്ങിയതോടുകൂടി ഉൽപാദനത്തിൽ 3 ഇരട്ടി മുതൽ 5ഇരട്ടി വരെ വിളവുവർദ്ധനവ് അനുഭവപ്പെട്ടു തുടങ്ങി. എന്നാൽ ഇപ്പോൾ ജൈവവളത്തിന്റെ ലഭ്യതക്കുറവും രാസവളങ്ങളുടെ തുടർച്ചയായ ഉപയോഗവും കാരണം ഉൽപ്പാദന വിത്തും പുറകോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

1978 മാർച്ച് 14-ാം തിയ്യതി തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ വന്നതോടുകൂടി 100ഹെക്ടറോളം വരുന്ന തിരുന്നാവായ പാടശേഖരത്തിൽ 3 വിളയും നല്ല നിലക്ക് കൃഷി ചെയ്യുകയും ഉൽപ്പാദനം ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. എന്നാൽ ഇന്ന് 3 വിളയും കൃഷി ചെയ്തിരുന്ന ഈ സ്ഥലത്തിന്റെ ഒരു ഭാഗം ഭൂമി നികത്തി തെങ്ങുകൃഷിയും പുരയിടങ്ങളുമായി മാറികൊണ്ടിരിക്കുന്നതിനാൽ നെൽകൃഷിയുടെ വിസ്തൃതി കുറയുകയും ഉൽപാദനം കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്.

പാടശേഖരങ്ങളിൽ നെൽകൃഷി കൂടാതെ എള്ള്, പയറ്, മരച്ചീനി, മധുരകിഴങ്ങ് എന്നിവയും വേനൽകാലങ്ങളിൽ പച്ചക്കറികളും കൃഷിചെയ്തിരുന്നു. പഞ്ഞമാസങ്ങളിൽ മരച്ചീനി, മധുരകിഴങ്ങ്, ചേമ്പ്, ചേന, കാച്ചൽ, കൊള്ളിക്കിഴങ്ങ്, നേന്ത്രവാഴക്കിഴങ്ങ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും പയറില , ചേമ്പിൻ തണ്ട്, പൂളത്തോല്, മത്തൻ, കുമ്പളം എന്നിവയുടെ ഇലകളും വാഴയുടെ ഉണ്ണിത്തണ്ടും ഭക്ഷണത്തിനായി ഈ പ്രദേശത്തുകാർ ഉപയോഗിക്കുന്നു.

ജലസേചനത്തിനാവശ്യത്തിനായി ഉപയോഗിച്ചിരുന്ന തോടുകളുടെ ഭിത്തികൾ പൊട്ടി കൃഷിനാശം സംഭവിക്കാതിരിക്കാൻ കൈത വെച്ച് പിടിപ്പിച്ച് സംരക്ഷിച്ചുപോന്നിരുന്നു. തോടുകളിൽ നിന്നും കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിന് തെങ്ങോല, മുളംകുറ്റി, പനയുടെ വിലങ്ങ്, വാഴയില, വൈക്കോൽ ഇവ ഉപയോഗിച്ച് ചിറ കെട്ടിയിരുന്നു. നാടൻ ജലസേചന ഉപകരണങ്ങളായ ഇടുപ്പ് ,ഏത്തം, കയറ്റുകൊട്ട എന്നിവയും ഉപയോഗിച്ചിരുന്നു. കാലം മാറിയതിനനുസരിച്ച് കൃഷികൾക്കുള്ള ജലസേചനം ഏത്തത്തിൽനിന്നും കാളത്തേക്കിലേക്കും അതിൽനിന്നും മണ്ണെണ്ണ എഞ്ചിനിലേക്കും ഇപ്പോൾ വൈദ്യുതി മോട്ടോറിലേക്കും മാറിയിരിക്കുന്നു. മുൻകാലങ്ങളിൽ നെൽകൃഷിയെ സംരക്ഷിക്കൽ പുഴുക്കേടിന് മുറം വീശൽ, ചാഴിക്ക്വീശൽ എന്നീ നാടൻ രീതികളാണ് പ്രയോഗത്തിലുണ്ടായിരുന്നത്.

പഴയകാലങ്ങളിൽ നെൽകൃഷിക്കുള്ള നിലം ഉഴവ് നടത്തിയിരുന്നത് കന്നുകാലികളെ ഉപയോഗിച്ചിയിരുന്നു. പോത്തുകളെയും, കാളകളേയുമായിരുന്നു ഇതിനുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. അന്ന് ഈപ്രദേശത്തെ ഓരോ കൃഷിക്കാർക്കും 2മുതൽ 8ജോഡിവരെ ഉഴവുമാടുകൾ ഉണ്ടായിരുന്നു. ഇന്ന് മൊത്തം ഈ പഞ്ചായത്തിൽ 50 ജോഡിയിൽ താഴെമാത്രമാണ് ഇവയുള്ളത്. കാളപൂട്ട് മത്സരം കൃഷിക്കാരുടെ ഒരു പ്രധാനകാർഷിക വിനോദമായിരുന്നു. കൂടാതെ ഈ പഞ്ചയത്തിൽ കാരത്തൂരിൽ ഒരു കാലി ചന്തയും എടക്കുളം പട്ടർനടക്കാവ്, കുണ്ടിലങ്ങാടി എന്നിവിടങ്ങളിൽ വെറ്റില, അടക്ക, വാഴക്കുല എന്നിവയുടെ വിപണന കേന്ദ്രങ്ങളും അന്നുണ്ടായിരുന്നു.

തെങ്ങ് , കമുങ്ങ് എന്നീ തോട്ടകൃഷികൾക്ക് നെൽകൃഷിയോട് കാണിച്ചിരുന്ന ആഭിമുഖ്യം മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ല. എന്നാലും കമുങ്ങ്, വെറ്റില , വാഴ എന്നിവയ്ക്ക് ഏത്തം ഉപയോഗിച്ച് ജലസേചനം നടത്തിയിരുന്നു.

ഈപഞ്ചായത്തിൽ നെൽകൃഷികഴിഞ്ഞാൽ

പ്രധാനകൃഷികൾ തെങ്ങ്, കമുങ്ങ്, വെറ്റില., വാഴ , പച്ചക്കറികൾ തുടങ്ങിയവയാണ്. ഏകദേശം 695 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയും 170-ഹെക്ടർ സ്ഥലത്ത് കമുങ്ങ് കൃഷിയും കമുങ്ങിൻ മേലുള്ള വെറ്റിലകൃഷിയും കൂട്ടക്കൊടിയുമടക്കം ഏകദേശം 70 ഹെക്ടറോളം വരുന്ന വെറ്റിലകൃഷിയും 45 ഹെക്ടറോളം വാഴകൃഷിയും 30 ഹെക്ടറോളം പച്ചക്കറികൃഷിയുമുണ്ട്. തെങ്ങ് കൃഷിക്ക് മുൻകാലങ്ങളിൽ ജലസേചനവും ശരിയായ പരിചരണവും നടത്തിയിരുന്നില്ല. എന്നാൽ നെൽകൃഷിയിൽ നിന്നുമുള്ള വരുമാനം ഉപജീവനത്തിന് തികയാതെ വരുകയും കൃഷിവകുപ്പിൽ നിന്നുള്ള ബോധവൽക്കരണവും പദ്ധതികളും ലഭിച്ചപ്പോൾ ജനങ്ങൾ തോട്ടകൃഷികളിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ തുടങ്ങി. ജലസേചനവും കാർഷിക പരിചരണവും നൽകിയതിന്റെ ഫലമായി ഉൽപാദനം മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായി വർദ്ധിച്ചു. തേങ്ങയുടെ വില അടുത്ത കാലങ്ങളിലായി ഉൽപാദനചിലവു വർദ്ധനവിനനുസരിച്ച് ഉയരേണ്ടതിനുപകരം കുറഞ്ഞു കൊണ്ട് വരുന്നതിനാൽ തെങ്ങ്കൃഷിയിൽനിന്നുള്ള ആദായം കൃഷിക്കാരുടെ ഉപജീവനത്തിന് തികയാത്ത അവസ്ഥവന്നിരിക്കുകയാണ്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെവിസ്തൃതി 1958 ഹെക്ടറാണ്. ഇത് പുഴയോരം, കുന്നുകൾ തുരുത്ത് സമതലപ്രദേശങ്ങൾ, വയലുകൾ, കായൽ എന്നിവയാണ്. ഈ ഭൂവിനിയോഗത്തിന്റെ പട്ടിക താഴെ ചേർക്കുന്നു.

| No. | പ്രദേശത്തിന്റെ സ്വഭാവം | മണ്ണിന്റെ സ്വഭാവം |
|---|---|---|
| 1 | പുഴയോരപ്രദേശം | മണൽകലർന്ന മണ്ണ് |
| 2 | കുന്നുകൾ | ചെങ്കൽപാറയും ചരൽമണ്ണും |
| 3 | തുരുത്ത് | ചരൽമണ്ണ് |
| 4 | സമതലപ്രദേശങ്ങൾ | മണൽകലർന്ന മണ്ണും ചരൽമണ്ണും |
| 5 | വയലുകൾ | കളിമണ്ണ് |
| 6 | കായൽ | കളിമണ്ണ് |
| ആകെ | | |

നെൽകൃഷിക്ക് രാസവളപ്രയോഗം കൂടുതലായി ജൈവവളങ്ങളും മണ്ണിന്റെ ഘടന നിലർത്തുന്നതിനാവശ്യമായ കുമ്മായം മുതലായ വസ്തുക്കളുടെ ഉപയോഗക്കുറവുമായതിനാൽ മണ്ണിന്റെ അമ്ലസ്വഭാവം കൂടുന്നതായിട്ടാണ് കാണുന്നത്. കൃഷിഭവൻ രേഖകൾ പ്രകാരം 1989-90 വർഷങ്ങളിൽ മണ്ണിന്റെ അമ്ലത 6.2 മുതൽ 6.5 വരെയായിരുന്നത് 95-96 ആയപ്പോഴേക്കും 5 മുതൽ 5.3 വരെയായികുറഞ്ഞു.

ഈ പഞ്ചായത്തിലെ നെൽകൃഷിയുടെ വിസ്തീർണ്ണം കൃഷിചെയ്യുന്ന കാലത്തിനനുസരിച്ച് ചുവടെ ചേർക്കുന്നു.

| No | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | വിരുപ്പവിള(ഒന്നാം വിള) | 290 |
| 2 | മുണ്ടകൻ വിള(2-ാം വിള) | 528 |
| 3 | പുഞ്ച (മൂന്നാം വിള) | 130 |

നെൽകൃഷിയുടെ ഉൽപാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 2000 മുതൽ 2250KGഉം അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾക്ക് 3400 മുതൽ 3600 കി.ഗ്രാം വരെയും ഒരു വിള മാത്രം കൃഷിചെയ്യുന്ന കായൽ പ്രദേശങ്ങളിൽ 4500 മുതൽ 5000 കി.ഗ്രാം വരെയുമാണ്. കൂടുതൽ കൃഷിക്കാരും അത്യുൽപദനശേഷിയുള്ള വിത്തിനങ്ങളാണ്. കൃഷിചെയ്യുന്നത് വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ നാടൻവിത്തിനങ്ങളാണ്. കൃഷിഭവനിലൂടെ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യാറുണ്ട്. കൂടാതെ കാലാകാലങ്ങളിൽ ഗവേഷണകേന്ദ്രങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന പുതിയ ഇനം വിത്തിനങ്ങൾ പരീക്ഷണാർത്ഥം മിനികിറ്റ് പദ്ധതികളിലൂടെ കൃഷിഭവനിൽ നിന്ന് വിതരണം ചെയ്യാറുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിലായി കൃഷിഭവനിൽ നിന്ന് താഴെ കാണിച്ചപ്രകാരം വിത്തിനങ്ങൾ വിതരണം ചെയിതിട്ടുണ്ട്.

| നമ്പർ | വിത്തിന്റെ ഇനം | വിത്തിന്റെ അളവ് (K.G.) |
|---|---|---|
| 1 | പവിഴം | 1000 |
| 2 | ത്രിവേണി | 2500 |
| 3 | ജ്യോതി | 4500 |
| 4 | ആതിര | 600 |

നെൽകൃഷിക്ക് ഉൽപ്പാദനചിലവ് കൂടിയതിനാലും, ജൈവവളങ്ങൾ ആവശ്യത്തിന് ലഭ്യമല്ലാത്തതിനാലും, കാർഷിക പ്രവൃത്തികൾ ഒരുമിച്ച് വരുന്നതിനാൽ ആവശ്യമായ തൊഴിലാളികളുടെ ലഭ്യതക്കുറവും, ഉള്ള തൊഴിലാളികളുടെ കൂലിയിൽ ഉൽപ്പാദനവുമായി ബന്ധമില്ലാത്ത വർദ്ധനവും നെൽകൃഷിക്ക് സർക്കാറിൽനിന്നുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തതിനാലും നെൽകൃഷിക്കാർ മറ്റുള്ള കൃഷിയിലേക്ക് തിരിയാൻ കാരണമായി. ഇതുകാരണം ഈ പഞ്ചായത്തിലെ നെൽകൃഷി സ്ഥലങ്ങളിൽ 20% ത്തോളം മണ്ണിട്ടു നിരത്തി തെങ്ങ് കൃഷിക്കും പുരയിടത്തിനുമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയ തുടർന്നാൽ സമീപഭാവിയിൽ ഈ പഞ്ചായത്തിൽ നെൽകൃഷി നാമാവശേഷമാകാൻ സാധ്യതയുണ്ട്.

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പ്രധാന പാടശേഖരങ്ങളിലെ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഗ്രൂപ്പ് ഫാമിങ്ങ് സമിതികളും തെങ്ങ് കൃഷിക്കാരെ കൂട്ടിയോജിപ്പിച്ച് കൊണ്ട് കേരവികസന സമിതികളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട പാടശേഖരസമിതികൾ രൂപീകരിച്ചതിന്റെ വിശദവിവരങ്ങൾ താഴെകാണിക്കുന്നു.

| No. | പാടശേഖര സമിതിയുടെപേര് | വിസ്തീർണ്ണം (ഹെക്ടർ) | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1. | തിരുന്നാവായ പാട ശേഖര സമിതി. | 60 | 140 |
| 2. | വെങ്കുളം പാട ശേഖര സമിതി. | 50 | 70 |
| 3. | വാവൂർ പാട ശേഖര സമിതി | 20 | 30 |
| 4. | മുട്ടിക്കാട് പാട ശേഖര സമിതി | 15 | 40 |
| 5. | ചാലിയെരണി പാട ശേഖര സമിതി | 20 | 28 |
| 6. | വലിയ പറപ്പൂർ പാട ശേഖരസമിതി. | 15 | 24 |
| 7. | പല്ലാറ്റ് കായൽ പാട ശേഖര സമിതി | 10 | 32 |

മറ്റൊരു പ്രധാന വിളയായ തെങ്ങിന്റെ ഉൽപാദന ക്ഷമത 42 എണ്ണമാണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. നെൽകൃഷിയിൽ ലാഭം കുറഞ്ഞതോട് കൂടി കർഷകർ തെങ്ങ് കൃഷിയിൽ ശ്രദ്ധകേന്ദ്രീകരിച്ചതും ജലസേചനവും മറ്റു പരിചരണമാർഗങ്ങളും ഒരുവിധം നടത്തുന്നതു കൊണ്ടുമാണ് സംസ്ഥാന ശരാശരിയെക്കാൾ ഉൽപാദനം കൂടുതലായത് എങ്കിലും നല്ല പരിചരണവും കൂടുതൽ സ്ഥലങ്ങളിൽ ജലസേചന സൗകര്യവും ഏർപ്പെടുത്തുകയാണെങ്കിൽ ഇനിയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. കൃഷിവകുപ്പിൽ നിന്ന് ലഭിക്കുന്ന ജലസേചന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ സ്ഥലങ്ങളിലേക്ക് ജലസേചനം നടത്തുവാൻ കൃഷിക്കാർ ശ്രമിക്കേണ്ടതാണ്.

ഏകദേശം 170 ഹെക്ടറോളം വരുന്ന കവുങ്ങ് കൃഷിയിൽ നിന്നുമുള്ള ശരാശരി ഉൽപാദനക്ഷമത ഹെക്ടറിന് 500 K.G ഉണക്കടക്കയാണ്. മഞ്ഞളിപ്പുരോഗം, മഹാളി രോഗം അശാസ്ത്രീയമായ നടീലും കാർഷിക പരിചരണ കുറവും ഉല്പാദനത്തെ ഗണ്യമായി കുറക്കുന്നുണ്ട്.

കൂട്ടകൊടിയും, കവുങ്ങിന്മേലുള്ള കൃഷിയടക്കം 70 ഹെക്ടറോളം വെറ്റിലകൃഷി ഈ പഞ്ചായത്തിലുണ്ട്. ഇത് 15% കർഷകരുടേയും, 25 % കർഷകത്തൊഴിലാളുടേയും ഉപജീവനമാർഗ്ഗമാണ്. കുറഞ്ഞ സ്ഥലത്ത് കൂടുതൽ തൊഴിലവസരങ്ങളും , കൂടുതൽ വരുമാനവും ലഭിക്കുന്നു എന്നത് ഈ കൃഷിയുടെ ഒരു പ്രത്യേകതയാണ്. അടുത്ത കാലങ്ങളിലുണ്ടായ വിലക്കുറവ് ഈ കൃഷിയുടെ വളർച്ചയെ ബാധിച്ചിട്ടുണ്ട്. ഈ കൃഷിക്ക് ഗവൺമെന്റിൽ നിന്ന് അർഹമായ ആനുകൂല്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

കുന്നിൻ പ്രദേശങ്ങളിൽ കശുമാവ് കൃഷിയും മറ്റു കൃഷികളിൽ ഇടവിളയായി കുരുമുളക് കൃഷിയും ഈ പഞ്ചായത്തിൽ ചെയ്തുവരുന്നുണ്ട്. വലിയപറപ്പൂർ കായൽ ഏകദേശം 2 ഏക്കർ സ്ഥലത്ത് താമരയും കൃഷിചെയ്തു വരുന്നുണ്ട്. ഇവിടെ നിന്ന് താമരപൂവ് മറ്റു സ്ഥലങ്ങളിലേക്ക് കയറ്റിഅയക്കാറുണ്ട്.

ഈ പഞ്ചായത്തിലെ നെൽകൃഷി ഒഴികെയുള്ള കൃഷികളുടെ വിസ്തീർണ്ണവും ഉൽപാദനവും താഴെ ചേർക്കുന്നു.

| നമ്പർ | വിളയുടെ പേര് | വിസ്തീർണ്ണം (ഹെക്ടർ) | ഉൽപാദനം |
|---|---|---|---|
| 1 | തെങ്ങ് | 695 | 5143 ലക്ഷംഎണ്ണം |
| 2 | കവുങ്ങ് | 170 | 85 ടൺഉണക്ക അടക്ക |
| 3 | വെറ്റില | 70 | 320 ലക്ഷം |
| 4 | വാഴ | 48 | 292 ടൺ വാഴ |
| 5 | കുരുമുളക് | 35 | 6 ടൺ |
| 6 | കശുമാവ് | 52 | 25 ടൺ |
| 7 | പച്ചക്കറികൾ | 28 | 140 ടൺ |
| 8 | പയർ | 15 | 10 ടൺ |
| 9 | എള്ള് | 12 | 2.3 ടൺ |
| 10 | മരച്ചീനി | 9 | 92 ടൺ |
| 11 | ഇഞ്ചി | 4 | 8.8 ടൺ |
| 12 | മഞ്ഞൾ | 1 | 1.3 ടൺ |
| 13 | കിഴങ്ങ് വർഗ്ഗങ്ങൾ | 16 | 64 ടൺ |
| 14 | ജാതി | 1 | 1800 എണ്ണം |
| 15 | ഗ്രാമ്പു | 0.5 | 10 കി.ഗ്രാം |
| 16 | താമര | 2 | 6000 എണ്ണം |

ഈ പഞ്ചായത്തിൽ രണ്ട് വളം ഡിപ്പോക ളാണുള്ളത്. ഇവ രണ്ടും സ്വകാര്യമേഖലയിലാണ്. സഹകരണമേഖലയിൽ ഒരു വളം ഡിപ്പോപോ ലുമില്ല.നെൽകൃഷിക്ക് 90% രാസവളങ്ങൾ മാത്ര മാണ് ഉപയോഗിക്കുന്നത്. ശാസ്ത്രീയരീതിയി ലുള്ള രാസവളപ്രയോഗമല്ല നടന്നുവരുന്നത്. അതുകൊണ്ട് കൃഷികൾ രോഗാകീടങ്ങളുടെ ആക്രമണങ്ങൾക്ക് കാരണമാകുന്നു. കൃഷിക്കാർ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള രാസവളപ്രയോഗത്തിന് താല്പര്യം കാണി ക്കുന്നില്ല. നെൽ കൃഷിയിൽ ജൈവവളങ്ങൾ വിര ളമാണ് ഉപയോഗിക്കുന്നതെങ്കിലും മറ്റു കൃഷിക ളിൽ ആവശ്യമുള്ളതിന്റെ പകുതിയോളമെങ്കിലും ജൈവവളങ്ങൾ ചേർക്കാറുണ്ട്. ഈ വളം സുലഭ മായി ലഭിക്കാത്തതും ഉള്ളവക്ക് വിലകൂടുതലു മാണ് ഇതിനുകാരണം. കഴിഞ്ഞ 3 വർഷങ്ങളായി ഈ പഞ്ചായത്തിലെ ഡിപ്പോകളിൽ നിന്നും വിൽപന നടത്തിയ വളങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

വളത്തിന്റെ ഉപയോഗം

| നമ്പർ | വർഷം | നൈട്രജൻ N | ഫോസ്ഫറസ് $P_2O_5$ | പൊട്ടാസിയം |
|---|---|---|---|---|
| 1 | 93-94 | 32.39.M.T | 18.3 M.T | 6.8 M.T |
| 2 | 94-95 | 36.42 M.T | 20.435 M.T | 9.92M.T |
| 3 | 95-96 | 37.16 M.T | 19.875M.T | 9.81M.T |

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ, വെറ്റില, തെങ്ങ്, കമുക് എന്നിവക്കാണ് കീടനാശിനികൾ പ്രധാന മായും ഉപയോഗിച്ചുവരുന്നത്. ഈ പഞ്ചായത്തി ലുള്ള 3 കീടനാശിനി ഡിപ്പോകളും സ്വകാര്യ മേഖ ലയിലാണ് കൂടുതൽ കൃഷിക്കാരും ശാസ്ത്രീയ രീതിയിലുള്ള കീടനാശിനി പ്രയോഗമല്ല നടത്തി വരുന്നത്. ഈ പഞ്ചായത്തിലെ ഡിപ്പോക ളിൽനിന്നും കഴിഞ്ഞ 3 വർഷമായി വില്പന നട ത്തിയ കീടനാശിനിയുടെ വിവരണം വലതുവശം ചേർക്കുന്നു.

പട്ടിക:

| നമ്പർ | വർഷം | ഖരം | ദ്രവം |
|---|---|---|---|
| 1 | 93-94 | 430 കി. | 493ലി. |
| 2 | 94-95 | 452കി | 446ലി |
| 3 | 95-96 | 448കി. | 422 ലി |

കാർഷികോപകരണങ്ങൾ

മുൻകാലങ്ങളിൽ കൃഷിക്കാർ കാർഷികോ പകരണങ്ങളായി ഉപയോഗിച്ചിരുന്നത് നാടൻ കലപ്പ, നുകം, കൈക്കോട്ട്, പിക്കാസ്, കട്ടാമുട്ടി തുടങ്ങിയവയും ജലസേചനത്തിനായി ഏത്ത കൊട്ട, തുടുപ്പ, കയറ്റുകൊട്ട, കാളത്തേക്കിനുള്ള കട്ടയും തുമ്മിയുമായിരുന്നു.

ഇന്ന് ബോസ് കലപ്പ, ട്രാക്ടർ, പവ്വർ ടില്ലർ, കൈക്കോട്ട്, പിക്കാസ് എന്നിവ ഉഴാനും ജലസേ ചനത്തിമായി മണ്ണെണ്ണ എൻജിൻ, ഡീസൽ എൻജിൻ, ഇലക്ട്രിക് മോട്ടോർ എന്നിവയും മരുന്നു തെളിക്കുന്നതിനായി നാപ്സാക്ക് സ്പെയർ റോക്കർ സ്പെയർ എന്നിവയും, തെങ്ങ്കയറുന്നതിനായി ചില കൃഷിക്കാർ തെങ്ങു ക്കയറ്റ യന്ത്രവും ഉപയോഗിച്ചുവരുന്നു.

ഇവയിൽ 2 ട്രാക്ടറുകളും 72 നാപ്സാക്ക് സ്പെയറുകളും 13 മണ്ണെണ്ണ പമ്പ് സെറ്റുകളും 87 വൈദ്യുത മോട്ടാർ പമ്പുസെറ്റുകളും 8 തെങ്ങു കയറ്റ യന്ത്രങ്ങളും കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കൃഷിഭവൻ ആനുകൂല്യങ്ങളോടുകൂടി വിതരണം നടത്തിയവയാണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ ആകെ ലഭ്യമായ പ്രധാന കാർഷികോപകരണങ്ങ ളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| നമ്പർ | കാർഷികോപ കരണങ്ങളുടെപേര് | എണ്ണം |
|---|---|---|
| 1 | ട്രാക്ടർ | 9 |
| 2 | പവ്വർ ടില്ലർ | 2 |
| 3 | നാടൻകലപ്പ | 25 |
| 4 | റോക്കർ സ്പേയർ | 59 |
| 5 | നാപ്സാക്ക് സ്പേയർ | 124 |

561

| | | |
|---|---|---|
| 6 | തെങ്ങ് കയറ്റയന്ത്രം | 8 |
| 7 | പോർട്ടബിൾ പമ്പ്സെറ്റ് | 121 |
| 8. | ഇലക്ട്രിക് മോട്ടോർ പമ്പ് സെറ്റുകൾ | |

### കൂലിനിരക്ക്

വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റവും ചെറുപ്പക്കാക്ക് കാർഷികമേഖലയോടുള്ള ആഭിമുഖ്യകുറവും, ഭൂരിഭാഗം ചെറുപ്പക്കാരും, ഗൾഫ് തൊഴിൽ സ്വപ്നം കണ്ട് കഴിയുന്നതിനാലും കൃഷിയിൽ നിന്നുള്ള വരുമാനമില്ലാതെ ഗൾഫിൽ നിന്നുള്ള വരുമാനവും കാരണം കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. ഏകീകൃത കൂലിനിരക്കും തൊഴിൽ സമയക്ലിപ്തതയും കാർഷിക മേഖലയിൽ കാണുന്നില്ല. പുരുഷൻമാർക്ക് 125 മുതൽ 150 രൂപ വരെയും സ്ത്രീ തൊഴിലാളികൾക്ക് 60 മുതൽ 90 രൂപ വരെയുമാണ് ഈ പഞ്ചായത്തിൽ ഇന്നുള്ള കൂലിനിരക്ക്.

### കാർഷികവായ്പ

മുൻകാലങ്ങളിൽ പാവപ്പെട്ട കർഷകർ സമ്പന്നരിൽ നിന്നും പണം വായ്പ വാങ്ങിയാണ് കൃഷിചെയ്തിരുന്നത്. എന്നാൽ ഇന്ന് വായ്പക്ക് ബാങ്കുകളെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ ഇപ്പോൾ കാർഷിക വായ്പ നൽകിവരുന്നത് 4 ബാങ്കുകളാണ്. അവയിൽ 2 എണ്ണം കൊമേഴ്സ്യൽ ബാങ്കുകളും 2 എണ്ണം സഹകരണ ബാങ്കുകളുമാണ്. കൂടാതെ തിരൂർ കാർഷിക വികസന ബാങ്കിൽ നിന്നും ഈ പഞ്ചായത്തിലെ കർഷകർക്ക് കാർഷികവായ്പനൽകിവരുന്നുണ്ട്. കൊമേഴ്സ്യൽ ബാങ്കായ സൗത്തിന്ത്യൻ ബാങ്ക് കാർഷികമേഖലയിൽ വായ്പ നൽകുന്നതിന് വേണ്ടത്ര ആഭിമുഖ്യം കാണിക്കാറില്ല. പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിക്കാരും തുണ്ട് തുണ്ട് ഭൂമിയുടെ ഉടമസ്ഥരാകയാൽ വായ്പ ബുദ്ധിമുട്ട് നേരിടുന്നു.

### ജലസേചനം

മുൻ കാലങ്ങളിൽ മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി പണികൾ ചെയ്തുവന്നിരുന്നത്. മഴ ലഭിക്കുന്നതിനനുസരിച്ച് വെള്ളം തോടുകളിൽകൂടി ഒഴുകി തിരൂർ പുഴയിൽ ചെന്നു ചേരുന്നു. ജലദൗർലഭ്യം നേരിടുമ്പോൾ തോടുകളിൽ ചിറകെട്ടി ജലസേചനം നടത്തിയിരുന്നു. 1978 ൽ നിലവിൽവന്ന തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അനുസരിച്ച് ഏകദേശം 100 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്ക് ജലസേചനം നടത്തി 3 വിളയും കൃഷിനടത്തിവരുന്നു. ബാക്കി ഭൂരിഭാഗം നെൽകൃഷിപ്രദേശങ്ങളിലും ഇന്നും മുൻകാലങ്ങളിലെ ജലസേചന സൗകര്യങ്ങൾ മാത്രമാണ് ഉള്ളത്. ചില സ്ഥലങ്ങളിൽ കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് കൃഷിക്കാർ ജലസേചനം നടത്തിവരുന്നുണ്ട്.

### തോടുകൾ

ഈ പഞ്ചായത്തിൽ പുരാതനമായി ഉണ്ടായിരുന്ന തോടുകളാണ് ഇന്നും ജലം ഒഴുകിപോകുന്നതിനായും ജലസേചനത്തിനായും ഉപയോഗിക്കുന്നത്. തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷനു വേണ്ടി മാത്രമാണ് പുതിയ തോടുകൾ നിർമ്മിച്ചിട്ടുള്ളത്. തോടുകൾക്ക് ചില ഭാഗങ്ങളിൽ വെള്ളം കൃഷിസ്ഥലങ്ങളിലേക്ക് പൊട്ടിഒഴുകി കൃഷിനശിക്കാതിരിക്കാൻ കരിങ്കല്ലുകൊണ്ട് ഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ ചീർപ്പുകൾ വേണ്ടവിധം ഉപയോഗിക്കുന്നില്ല. ഇപ്പോൾ ഈ പഞ്ചായത്തിൽ 7 ചീർപ്പുകളാണ് നിലവിലുള്ളത്. എല്ലാ പ്രധാനതോടുകൾക്കും നിരവധി ഉപതോടുകൾ ഉണ്ട്. ആകെ ഈ പഞ്ചായത്തിൽ 6.5 കി.മീ. തോടുകളുണ്ട്.

### കുളങ്ങൾ

പഴയകാലങ്ങളിൽ പ്രധാനപ്പെട്ട എല്ലാ വീടുകളിലും ഓരോ കുളങ്ങൾ ഉണ്ടായിരുന്നു. ഇവ കൂടാതെ ചില ഭാഗങ്ങളിൽ കൃഷിക്കുവേണ്ടിയും കാലികളെ കഴുകുന്നതിനു വേണ്ടിയും ഉണ്ടായിരുന്ന കുളങ്ങൾ പലതും ഇന്ന് ചില വ്യക്തികൾ സ്വകാര്യമാക്കിയിരിക്കുന്നു. വേനൽക്കാലത്ത് മുൻകാലങ്ങളിൽ പച്ചക്കറി കൃഷിചെയ്തു വന്നിരുന്നത് കുളങ്ങളോട് അടുത്ത്കിടക്കുന്ന വയലുകളിൽ ആയിരുന്നു. ഭൂമിയിലെ ജലനിരപ്പ് മുൻകാലങ്ങളേതിനേക്കാൾ താഴോട്ട് പോകുന്നത് കാരണം

പലകുളങ്ങളും വേനൽകാലങ്ങളിൽ വറ്റിപ്പോവുകയാണ്. ഗവർമെന്റ് സഹായത്തോടെ കുഴിച്ച 7 കുളങ്ങൾ ഈ പഞ്ചായത്തി[illegible]ണ്ട്. കൃഷിക്കാരുടെ കൈവശത്തിലുള്ള [illegible]ങ്ങൾ അടക്കം ആകെ ഈ പഞ്ചായത്തിൽ [illegible]3 കുളങ്ങൾ ഉണ്ട്.

### മണ്ണ് ജലസംരക്ഷണം

മുൻകാലങ്ങളിൽ ചരിവുള്ള പ്രദേശങ്ങൾ തട്ടുകളാക്കിയും വരമ്പുകൾ ഇട്ടും അതിർത്തികളിൽ മരങ്ങൾ വെച്ചു പിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയും മണ്ണും ജലവും സംഭരിച്ചു പോന്നിരുന്നു. എന്നാൽ ഉയരം കൂടിയ കുന്നിൻ പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ ഒന്നും തന്നെ ചെയ്തിരുന്നില്ല. എന്നാൽ ഇന്ന് ഈ പ്രദേശങ്ങളിൽ ജനങ്ങൾ താമസമാക്കിയതിനാലും കശുമാവ് തെങ്ങ് എന്നീ വിളകൾ കൃഷിചെയ്തു വന്നിരുന്നതിനാലും ഭൂമി തട്ടുകളാക്കി തിരിക്കുകയും മതിൽ കെട്ടുകയും മറ്റും ചെയ്തു മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. സർപ്പക്കാവുകളായി മരങ്ങൾ ഉള്ളത് കൊണ്ട് ചെറിയ തോതിൽ മണ്ണ് ജല സംരക്ഷണം നടക്കുന്നുണ്ട്.

### കൃഷിഭവൻ

1987 സപ്തമ്പർ 1-നാണ് കൃഷിഭവൻ നിലവിൽ വന്നത്. ഇതിനു മുമ്പ് കൃഷി ഓഫീസുമായി ബന്ധപ്പെടാൻ തിരൂരിൽ പോകേണ്ടിയിരുന്നത് ഈ പഞ്ചായത്തിൽ ഒരു കൃഷിഭവൻ തുടങ്ങിയതോട് കൂടി കൃഷിക്കാർക്ക് സൗകര്യപ്രദമായി. കൃഷിഭവൻ നടപ്പാക്കിയിരുന്ന ഗ്രൂപ്പ് ഫാമിങ്ങ്, അഗ്രോക്ലിനിക്ക് എന്നിവ നെൽകൃഷിയിൽ കൂടുതൽ ബോധവൽക്കരണത്തിന് സൗകര്യപ്രദമായി. നെൽകൃഷിക്ക് ഉൽപാദന ബോണസ് , സുഗന്ധ വിള വികസനപദ്ധതി, വിള ഇൻഷൂറൻസ് പദ്ധതി, കവുങ്ങ് കൃഷിക്ക് മഹാളിക്ക് മരുന്ന് തളിക്കൽ , ബയോഗ്യാസ് നിർമ്മാണ പദ്ധതി, പച്ചിലവളവിത്ത് വിതരണ പദ്ധതി, പട്ടികജാതിക്കാർക്കായി പ്രത്യേക ഘടക പദ്ധതി, കശുമാവ് വിസ്തൃതി വ്യാപന പദ്ധതി, കിഴങ്ങു വർഗ്ഗ മിനിക്കിറ്റ് പദ്ധതി, പയർ കൃഷി വികസന പദ്ധതി. കംപോസ്റ്റ് ഉൽപാദന പദ്ധതി, സമഗ്ര നാളികേര വികസന പദ്ധതി മിനിക്കിറ്റ് പദ്ധതി തുടങ്ങിയ പ്രധാനപ്പെട്ട പല പദ്ധതികളും ഈ ഓഫീസ് മുഖേന നടപ്പാക്കി വരുന്നുണ്ട്. ഈ പ്രദേശത്തെ യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാൻ വേണ്ടി നടപ്പാക്കിയ 'ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി' പ്രകാരം ഈ ഓഫീസിന്റെ ലക്ഷ്യം 100 ആയിരുന്നെങ്കിലും 104 പേർ ഇതിൽ അംഗങ്ങൾ ആയിട്ടുണ്ട്. പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം ഈ പഞ്ചായത്തിലെ 17 കുടുമ്പങ്ങൾക്ക് ജലസേജനത്തിനായി മുഴുവൻ സബ്സിഡിയോട് കൂടി 17 കിണറുകൾ കുഴിച്ചിട്ടുണ്ട്. കുടാതെ ഈ പദ്ധതി പ്രകാരം തിരുന്നാവായ ഹരിജൻ സർവ്വീസ് സഹകരണ സംഘത്തിന് മുഴുവൻ സബ്സിഡിയോട് കൂടി 1 ടാക്ടറും, മേടമ്മേൽ ഹരിജൻ കോളനിയിൽ ഒരു ഫാംഹൗസും നൽകിയിട്ടുണ്ട്. സമഗ്രനാളികേര വികസനപദ്ധതി പ്രകാരം കഴിഞ്ഞ 2 വർഷം കൊണ്ട് സബ്സിഡിയോട് കൂടി 73 കിണറുകൾ കുഴിക്കാനും 68 പമ്പ് സെറ്റുകൾ സ്ഥാപിക്കാനും കഴിഞ്ഞിട്ടുണ്ട്. സമഗ്രകീട നിയന്ത്രണ പദ്ധതി പ്രകാരം കീടനാശിനിയുടെ പ്രയോഗത്തെ പറ്റി ബോധവൽക്കരണം നടത്തുകയുമുണ്ടായി. ഇങ്ങനെയൊക്കെയാണെങ്കിലും ബോധവൽക്കരണവും കൂടുതൽ പദ്ധതികളും ഇനിയും കൂടുതൽ കർഷകരിലേക്ക് എത്തേണ്ടതുണ്ട്. കൂടാതെ നടീൽവസ്തുക്കളും നെൽവിത്തുക്കളും കൃഷിക്കുള്ള ഉൽപാദനബോണസ് തുടങ്ങി മറ്റു പദ്ധതികളും യഥാസമയം കൃഷിക്കാർക്ക് ലഭിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതുണ്ട്.

### നിർദ്ദേശങ്ങൾ

അനന്താവൂർകായലിൽനിന്നും തോടു നിർമ്മിച്ച് കുണ്ടനിതോടുമായി ബന്ധിപ്പിച്ച് പരപ്പാരതോട്ടിലേക്ക് എത്തിക്കുകയും കുണ്ടനിതോടിന് മേൽഭാഗത്തും കുണ്ടനി തോട് പരപ്പാരതോടുമായി ചേരുന്നിടത്ത് ഓരോ ചീർപ്പികൾ (വി.സി.ബി) നിർമ്മിക്കുകയും ചെയ്താൽ ഇപ്പോൾ നാടൻ വിത്തിനം ഉപയോഗിച്ച് രണ്ടാം വിളമാത്രം എടുക്കുന്ന 60 ഏറോക്കറോളം വരുന്ന ഫലഭൂയിഷ്ടമായ അനന്താവൂർകായൽ പാടശേഖരത്തിൽ അത്യുൽപാദനശേഷിയുള്ള വിത്തുപയോഗിച്ച് രണ്ടുവിളയും കൃഷിചെയ്യുവാൻ സാധിക്കും. ഇതുമൂലം ഇപ്പോൾ ലഭിക്കുന്ന ഉൽപാ

ദനം ഇരട്ടിയിലാക്കാനും കഴിയും.

കോന്നല്ലൂർ തോടിൽ മൂക്കിൽ ചിറമുതൽ പല്ലാറ്റുകായൽവരെ കൃഷിസ്ഥലത്തിന്റെ പ്രയോജനവിസ്തീർണ്ണനിബന്ധന ഒഴിവാക്കി പച്ചേരിച്ചിറ കുന്തനാക്കൽ , വള്ളിക്കാട് പാടം, മോയോട്ടിൽ പാടം, മാട്ടാൻ ചിറ, പരപ്പാരചിറ , കല്ലിങ്ങൽ ചിറ എന്നിവിടങ്ങളിൽ ചീർപ്പ്(വി.സി.ബി) നിർമ്മിക്കുകയും കൈത്തക്കര വി.സി.ബി യും അനുബന്ധ തോടും റിപ്പയർ ചെയ്യുകയും ചെയ്താൽ 150 ഏക്കറോളം വരുന്ന കൃഷിസ്ഥലം രണ്ടാം വിള ഉണക്കം കൂടാതെ സംരക്ഷിക്കാൻ കഴിയും. ഇപ്പോൾ രണ്ടാം വിളക്ക് ഉണക്കം ബാധിക്കുക സാധാരണമാണ്. ഇതുമൂലം ഇപ്പോൾ ലഭിക്കുന്ന ഉൽപാദനം ഒന്നര ഇരട്ടിയാക്കാൻ സാധിക്കും.

മുൻകാലങ്ങളിൽ രണ്ടുവിളകൃഷിചെയ്തിരുന്ന പല്ലാറ്റുകായലിൽ വെള്ളം കെട്ടിനിൽക്കുന്ന പൊതുസ്ഥലമായ 4.8 ഏക്കർ കുളം മണ്ണ് വന്ന് നികന്നതിലാൽ ഇവിടെ രണ്ട് വിളയും കൃഷിചെയ്യാൻ പറ്റാത്ത അവസ്ഥയിലാണ്. മുൻകാലത്തെപ്പോലെ പൊതുസ്ഥലമായ മേൽപ്പറഞ്ഞ 4.8 ഏക്കർ സ്ഥലം താഴ്ത്തിവെള്ളം സംഭരിച്ചു നിർത്താൻ സൗകര്യമുണ്ടാക്കുകയും, വർഷക്കാലങ്ങളിൽ വെള്ളം കൂടുതലാകുമ്പോൾ ഇവിടെ നിന്നും വെള്ളം ഒഴിവാക്കുന്നതിനും ആവശ്യം വരുമ്പോൾ തടഞ്ഞുനിർത്താനും കായലിൽനിന്നും റെയിൽവെ പാലം വരെ തോട് നിർമ്മിച്ച് അതിലൊരു ചീർപ്പുണ്ടാക്കിയാൽ 75 ഏക്കറോളം വിസ്തീർണ്ണമുള്ള പല്ലാറ്റ്കായലിൽ രണ്ട് വിളകൾ വിഷമംകൂടാതെ ഉണ്ടാക്കുവാനും തന്മൂലം ഇപ്പോൾ ലഭിക്കുന്ന ഉൽപ്പാദനം ഇരട്ടിയിലധികമാക്കാനും കഴിയും. കൂടാതെ ആഴംകൂട്ടുന്ന സ്ഥലത്ത് ഉൾനാടൻ മത്സ്യങ്ങൾ ധാരാളം വളരുവാൻ സാധ്യതയുണ്ട്.

കോന്നല്ലൂർ വരിക്കോട്ടുചിറ മുതൽ ചിറള പാടം കുന്തനാക്കൽ വരെ നിലവിലുള്ള തോട് ആഴംകൂട്ടി സൈഡ്കെട്ടി കുന്തനാക്കൽ എന്ന സ്ഥലത്ത് ചീർപ്പ് നിർമ്മിച്ചാൽ ഇപ്പോൾ കൃഷിചെയ്യുന്ന 30 ഏക്കർ സ്ഥലം 60 ഏക്കറായി വർദ്ധിപ്പിക്കാനും ഉൽപ്പാദനം ഇരട്ടിയാക്കുവാനും കഴിയും.

കോന്നല്ലൂർ പാടത്ത് പള്ളിയാൽകുളം മുതൽ കോന്നല്ലൂർ റോഡ് വരെ നിലവിലുള്ള കൈത്തോട് ആഴം കൂട്ടി സൈഡ്കെട്ടി കോന്നല്ലൂർ തോട്ടിലേക്ക് വെള്ളം ഒഴിവാക്കിയാൽ ഇപ്പോൾ ഒരുവിള മാത്രം എടുക്കുന്ന 50 ഏക്കർസ്ഥലത്ത് രണ്ടുവിളയാക്കുവാനും ഉൽപ്പാദനം ഇരട്ടിയാക്കുവാനം സാധിക്കും.

വലിയപരപ്പൂർ കിഴക്കേചാലിൽനിന്നും പടിഞ്ഞാറേ ചാലിൽ ചേരുന്ന തോട് ആഴംകൂട്ടി സൈഡ്കെട്ടി പടിഞ്ഞാറെ ചാലിൽ നിന്നും കന്മനം തോടുമായി ബന്ധിപ്പിക്കുന്ന കൈതോട് ആഴം കൂട്ടി സൈഡ് കെട്ടി വെള്ളം ഒഴിവാക്കുകയും ആവശ്യമുള്ളപ്പോൾ തടഞ്ഞുനിർത്താൻ ചീർപ്പ്(വി.സി.ബി) നിർമ്മിക്കുകയും ചെയ്താൽ രണ്ട് വിള എടുക്കുന്ന സുമാർ 25 ഏക്കർ സ്ഥലം മൂന്ന് വിളയും കൃഷിയെടുക്കുവാൻ പറ്റുന്ന വിധമാകും.

വലിയപറപ്പൂർ കായലിൽ നിന്നും വെള്ളം ഒഴിവാക്കുന്നതിന് കായലിന്റെ മദ്ധ്യത്തിൽ നിന്നും വാലില്ലാ പുഴയിലേക്കുള്ള തോട് ആഴം കൂട്ടി സൈഡ് കെട്ടുകയും വെള്ളം ആവശ്യമായിവരുമ്പോൾ തടഞ്ഞ് നിർത്തുന്നതിന് ചീർപ്പ് (വി.സി.ബി) നിർമ്മിക്കുകയും ചെയ്താൽ ഏകദേശം 150 ഏക്കർ സ്ഥലത്ത് ഇപ്പോൾ ലഭിക്കുന്നതിന്റെ ഇരട്ടി ഉൽപ്പാദനം ഉണ്ടാക്കാൻ കഴിയും. ഇതോടപ്പം തന്നെ താമര കൃഷിയും ഉൾനാടൻ മത്സ്യ സമ്പത്തും വർദ്ധിപ്പിക്കുവാനും ചുറ്റുഭാഗത്തുമുള്ള വരൾച്ച ഒരുപരിധിവരെ തടുക്കുവാനും കഴിയും.

നിലവിലുള്ള തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ ചീർപ്പ് കുണ്ട് വഴിചാലിയാർ പാടം വരെ നീട്ടി ഈ പ്രദേശത്തെ മൂന്നാം വിളയുടെ സംരക്ഷണം ഉറപ്പുവരുത്തുക.

ചീർപ്പുകുണ്ട്മുതൽ കോലൂപാലം വരെയുള്ള തോട് ആഴവും വീതിയും കൂട്ടി സൈഡ്കെട്ടി താഴെ പറയുന്ന സ്ഥലങ്ങളിൽ ചീർപ്പ് സ്ഥാപിക്കുക.

1. മൂന്ന്കണ്ണ് ഓവിനു സമീപം
2. ആരോട്ടി പാലത്തിന്നു മുകൾ ഭാഗം

3. പട്ടേരിക്കടവ്

4. വെങ്കുളം തോടുചേരുന്ന സ്ഥലത്ത്

5. ഒസ്സാൻ ഇടവഴിക്കു താഴെ

6. ആലംചേരി കൂടാതെ ഈ തോടിലേക്ക് തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ കൂടി വെള്ളം പമ്പ് ചെയ്യുകയാണങ്കിൽ 100 ഏക്കറോളം സ്ഥലത്ത് പുഞ്ച കൃഷി ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഫലമായി ഉൽപാദനം ഇപ്പോഴുള്ളതിന്റെ ഇരട്ടിയാക്കുവാൻ സാധിക്കും.

അഴകത്തുകുളം ഊളാൻതോട് ആഴംകൂട്ടി സൈഡ് കെട്ടുകയും ഭാരതപ്പുഴയിലേക്ക് വെള്ളം ഒഴുകിപോകാൻ സൗകര്യം ഉണ്ടാക്കുകയും ആവശ്യമുള്ളപ്പോൾ വെള്ളം സംഭരിച്ച് നിർത്തുവാൻ ഹരിജൻ ശ്മശാനത്തിനടുത്ത് ഒരു ചീർപ്പ് നിർമ്മിക്കുകയും ചെയ്താൽ ഒരുവിളമാത്രമെടുക്കുന്ന 25 ഏക്കറോളം സ്ഥലത്ത് രണ്ടുവിളയും കൃഷിചെയ്യുവാൻ സാധിക്കുകയും ഉൽപ്പാദനം ഇരട്ടിയിലധികമാക്കാൻ സാധിക്കുകയും ചെയ്യും.

വടക്കെ വയൽപാടം മുതൽ കാരത്തൂർ പുഴയിലേക്കുള്ള പെരികത്തോട് വീതിയും ആഴവും കൂട്ടി സൈഡ്കെട്ടി റോഡിന്റെ തുടക്കത്തിൽ ചീർപ്പ് നിർമ്മിച്ചാൽ ഒരു വിളമാത്രം കൃഷിചെയ്യുന്ന 20 ഏക്കർ സ്ഥലത്ത് രണ്ടവിളയും ലാഭകരമായി കൃഷിചെയ്യുവാൻ സാധിക്കും.

കാരത്തൂർ ചെറുവയൽ പാടത്തുനിന്ന് കാരത്തൂർ പുഴയിലേക്കുള്ള ചെറുതോട് വീതിയും ആഴവും കൂട്ടി സൈഡ് കെട്ടി തോടിന്റെ തുടക്കത്തിൽ ഒരു ചീർപ്പ് നിർമ്മിച്ചാൽ 10 ഏക്കർ വരുന്ന സ്ഥലത്ത് രണ്ടുവിളയും ലാഭകരമായി ചെയ്യുവാൻ സാധിക്കും.

നിലവിലുള്ള വെങ്കുളം ആഴം കൂട്ടുകയും സൈഡ്കെട്ടുകയും ഇതിൽ നിന്നും കാരത്തൂർ പുഴയിലേക്ക് തോടിന്റെ കേടുവന്നഭാഗങ്ങൾ റിപ്പയർ ചെയ്യുകയും ഈ തോടിന് വള്ളിക്കാട് എന്ന സ്ഥലത്ത് ഒരു ചീർപ്പ് (വി.സി.ബി) നിർമ്മിക്കുകയും ചെയ്താൽ മുണ്ടകൻ വിളമാത്രം എടുക്കുന്ന 40 ഏക്കർ സ്ഥലം മൂന്ന് വിളയും കൃഷിചെയ്യുവാൻ സാധിക്കും.

പന്നിക്കുഴി മുതൽ കാരത്തൂർ പുഴവരെ തോട് നിർമ്മിച്ച് വെള്ളം കൂടുതലുള്ളപ്പോൾ ഒഴിവാക്കുകയും വെള്ളം ആവശ്യമായിവരുമ്പോൾ ശേഖരിക്കുന്നതിനുവേണ്ടി ചീർപ്പ് നിർമ്മിക്കുകയും ചെയ്താൽ ഇപ്പോൾ ഒരുവിള മാത്രം എടുക്കുന്ന 25 ഏക്കർ സ്ഥലത്ത് രണ്ട് വിളയും കൃഷിചെയ്യുവാൻ സാധിക്കുകയും തൻമൂലം വിളവ് ഇരട്ടിയാക്കുവാനും കഴിയും.

തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷൻ കനാൽ വാവൂർ പാടം ആരോട്ടി പാടം എന്നീസ്ഥലങ്ങളിലേക്കുകൂടി വ്യാപിപ്പിച്ചാൽ സാധാരണയായി ഉണക്കം ബാധിക്കാറുള്ള രണ്ടാം വിള ഉണക്കം ബാധിക്കാതെയും കൂടാതെ മൂന്നാം വിളയും കൃഷിചെയ്യാവുന്നതാണ്. ഇതുകൊണ്ട് 100 ഏക്കറോളം വരുന്ന ഈ പ്രദേശത്ത് ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കും.

വാവൂർ പാടശേഖരത്തിൽ വർഷക്കാലത്ത് വെള്ളം കെട്ടിനിന്ന് കൃഷിനശിക്കുന്നത് ഒഴിവാക്കുന്നതിനായി തിരൂർ കുറ്റിപ്പുറം റോഡിൽ കൊടക്കൽ ഓട്ടുകമ്പനിക്ക് കിഴക്കുവശം ചെറിയ ഒരു പാലം നിർമ്മിച്ച് ഭാരതപുഴയിലേക്ക് തോടുണ്ടാക്കിയാൽ 60 ഏക്കർ സ്ഥലത്ത് ഒന്നാം വിളയെ കേടുകൂടാതെ സംരക്ഷിക്കാൻ കഴിയും.

താഴെത്തറ ചങ്ങംപള്ളിറോഡിൽ വാലില്ലാപുഴയുടെ പാലത്തിന് സമീപം ചീർപ്പ് സ്ഥാപിച്ചാൽ 25 ഏക്കറോളം വരുന്ന നെൽകൃഷി സ്ഥലത്ത് രണ്ടാംവിളയെ ബാധിക്കുന്ന ഉണക്കം ബാധിക്കുന്നത് ഒഴിവാക്കുവാൻ സാധിക്കും.

തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ സൈഡിലുള്ള PWD യുടെ സ്ഥലം മണ്ണിട്ടുനികത്തി റോഡാക്കിയാൽ നെൽകൃഷിസ്ഥലങ്ങളിലേക്ക് ട്രാക്ടർ, ടില്ലർ എന്നിവ കൊണ്ടുപോകുന്നതിനും കൊയ്ത്ത്കറ്റകളും മറ്റും കൊണ്ടുപോകുന്നതിനും സൗകര്യപ്രദമായിരിക്കും.

തിരുന്നാവായ ലിഫറ്റ് ഇറിഗേഷൻ കനാലിൽ വലിയപറമ്പ് പ്രദേശത്തുള്ള ഇപ്പോഴത്തെ നടപ്പാലം വലുതാക്കി കൃഷിക്കാർക്ക് ട്രാക്ടർ, ടില്ലർ എന്നിവ കൃഷിസ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

അശാസ്ത്രീയമായ വയൽ നികത്തൽ

കാരണം ജലസേചന സൗകര്യവും ജലനിർഗ്ഗമന സൗകര്യവും ഇല്ലാതാകുന്നതിനാൽ പല സ്ഥലങ്ങളിലും നെൽകൃഷി നശിക്കുവാൻ കാരണമാകുന്നു. കൂടാതെ ഇടക്കിടക്ക് സ്ഥലങ്ങൾ നികത്തപ്പെടുമ്പോൾ കാർഷിക ആവശ്യത്തിനുള്ള ട്രാക്ടർ, ടില്ലർ എന്നിവ കൃഷിസ്ഥലത്തേക്ക് എത്തിക്കുവാൻ കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതുകൊണ്ട് നെൽകൃഷിസ്ഥലം മറ്റാവശ്യങ്ങൾക്കായി നികത്തിയ കർഷകർ നെൽകൃഷിക്ക് ട്രാക്ടർ, ടില്ലർ എന്നിവ കൊണ്ടുപോകുവാനും വെള്ളം ഒഴുകിപ്പോകുന്നതിനായി സൗകര്യങ്ങൾ നിർബന്ധമായും ചെയ്യേണ്ടതാണ്.

ട്രാക്ടർ, പവ്വർടില്ലർ, കൊയ്ത്തുയന്ത്രം, മെതിയന്ത്രം തുടങ്ങിയവ പഞ്ചായത്തുമുഖേന കൃഷിക്കാർക്ക് വാടകക്ക് നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

വർഷക്കാലത്ത് തിരുന്നാവായ പ്രദേശത്തെ വെള്ളം ഒഴുകിപ്പോകുന്നതിനു വേണ്ടിയുള്ള ചീർപ്പുകുണ്ടു മുതൽ കാരത്തൂർ പുഴവഴി തിരൂർ വരെയുള്ള തോടിൽ മുട്ടിക്കൽ പ്രദേശത്ത് തടയിട്ട് മത്സ്യംപിടിക്കുന്നതുകാരണം വെള്ളം ഉയർന്ന് ഈ പ്രദേശത്ത് കൃഷി നശിക്കാൻ ഇടവരുന്നു. ആയതിനാൽ മേൽക്കാണിച്ച തോട്ടിൽ വർഷക്കാലത്ത് തടയിട്ടു മത്സ്യംപിടിക്കുന്നത് തടയാൻ നടപടിസ്വീകരിക്കണം.

തെങ്ങ്, കവുങ്ങ് എന്നീ ദീർഘകാലവിളകൾക്ക് ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാനും തുടർന്നു നൽകുവാനും നടപടികൾ സ്വീകരിക്കണം. കൂടാതെ നിലവിലുള്ള ഉപയോഗശൂന്യമായ കുളം, കിണർ എന്നിവ റിപ്പേർചെയ്യുന്നതിനും സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

തിരുന്നാവായപഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലെയും കവുങ്ങിൻ തോട്ടങ്ങളിൽ കണ്ടുവരുന്ന മഞ്ഞളിപ്പ് രോഗമുള്ള കവുങ്ങുകൾ വെട്ടിമാറ്റി പുതുതായി കൃഷിചെയ്യുന്നതിന് സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

പ്രകൃതിക്ഷോഭംകൊണ്ട് കൃഷിനശിക്കുന്നതിന് കിട്ടുന്ന ധനസഹായം രോഗംവന്ന് നശിക്കുന്ന കൃഷികൾക്ക് ബാധകമാക്കുകയും ഇപ്പോഴുള്ള നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യണം. വിളകൾക്കുള്ള ഇൻഷൂർ ആനുകൂല്യവും രോഗം വന്ന് നശിക്കുന്ന കൃഷികൾക്കും ബാധകമാക്കണം.

തെങ്ങ് കൃഷിക്ക് നൽകിവരുന്ന ജലസേചനആനുകൂല്യങ്ങൾക്ക് സ്ഥലത്തിന്റെ പരിധി ഒഴിവാക്കുകയും വെറ്റില, നെല്ല്, വാഴ, പച്ചക്കറി കവുങ്ങ് തുടങ്ങിയ എല്ലാ കൃഷികൾക്കും ലഭ്യമാക്കുകയും വേണം. കാർഷിക ആവശ്യങ്ങൾക്ക് പമ്പ്സെറ്റ് കണക്ഷനുവേണ്ടി ഇലക്ട്രിസിറ്റി ഓഫീസിൽ അപേക്ഷനൽകിയാൽ ഒരുമാസത്തിനുള്ളിൽ ഏർപ്പെടുത്തുകയും എല്ലാ വിളകൾക്കും വൈദ്യുതി സൗജന്യമാക്കുകയും വേണം.കർഷകതൊഴിലാളികളുടെ കൂലിയും ജോലിസമയവും ഏകീകരിച്ച് നിജപ്പെടുത്തണം.

ഈപഞ്ചായത്തിലെ ജലസേചനസൗകര്യങ്ങളായ കിണറുകൾ, കുളങ്ങൾ എന്നിവയിൽ വേനൽക്കാലത്ത് ജലസേചനത്തിനാവശ്യമായ വെള്ളം ആവശ്യാനുസരണം ലഭിക്കുന്നതിനു വേണ്ടി ഭാരതപ്പുഴയിൽ തടയണ കെട്ടി ജലനിരപ്പ് ഉയർത്തേണ്ടതാണ്.

തിരുന്നാവായ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന്വേണ്ടി സഹകരണമേഖലയിൽ ഒരു കാർഷികോല്പന്ന വിപണനകേന്ദ്രം പട്ടർനടക്കാവിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ഈ പഞ്ചായത്തിലേക്കാവശ്യമുള്ള കാർഷികനടീൽവസ്തുക്കൾ, അലങ്കാരചെടികൾ, ഫലവർഗ്ഗചെടികൾ, ഔഷധസസ്യങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്ത്തലത്തിൽ രണ്ട് നഴ്സറികൾ സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി താൽപ്പര്യമുള്ള കർഷകർക്ക് സൗജന്യമായി അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളും ഏക്കർ 1 ന് അയ്യായിരം രൂപനിരക്കിൽ സഹായധനം നൽകുന്നതിനു വേണ്ടിയും നടപടികൾസ്വീകരിക്കേണ്ടതാണ്.

ഏറ്റവും കുറഞ്ഞസ്ഥലത്തുനിന്നും കൂടു

തൽ ആദായവും കൂടുതൽ തൊഴിലവസരങ്ങളും ലഭിക്കുന്ന ഈ പഞ്ചായത്തിലെ ഒരു പ്രധാനകൃഷിയാണ് വെറ്റിലകൃഷി. ഇതിന് ഇപ്പോൾ കൃഷി വകുപ്പിൽ നിന്നും നൽകിവരുന്ന നാമമാത്രമായ ധനസഹായം വളരെ ചുരുക്കം കൃഷിക്കാർക്ക് മാത്രമാണ് ലഭിക്കുന്നത്. എന്നാൽ ഈ കൃഷി രോഗംബാധിച്ചും ഉൽപ്പന്നത്തിന്റെ വില ഇടിഞ്ഞും ഈ കൃഷി നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ആയതിനാൽ കൃഷിചെയ്യുന്ന വിസ്തൃതിക്കനുസരിച്ച് കൃഷിക്കാർക്ക് ഏക്കർ 1ന് കൃഷിച്ചിലവിന്റെ പേരിൽ മൂന്നിൽ ഒന്ന് ഭാഗം സബ്സിഡി നൽകി ഈ കൃഷിയെ സംരക്ഷിക്കേണ്ടതാണ്.

ഈ പഞ്ചായത്തിനെ പ്രധാനവിളയായ നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്നും നിലം തരിശിടുന്നതും മറ്റുകൃഷിക്കായി മാറ്റപ്പെടുന്നത് ഒഴിവാക്കുന്നതിനു വേണ്ടിയും ഇപ്പോൾ നൽകിവരുന്ന ഉൽപ്പാദനത്തിന് ബോണസ് ഏക്കറിന് 1000 രൂപയായി ഉയർത്തേണ്ടതും ഈ സംഖ്യകൃഷിയിറക്കുന്ന സമയത്തുതന്നെ നൽകുവാനും സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഈ സംഖ്യ ഉൽപ്പാദനച്ചിലവ് കൂടുന്നതനുസരിച്ച് വർദ്ധിപ്പിക്കേണ്ടതുമാണ്.

കൃഷിഭവൻ ഉദ്യോഗസ്ഥർക്ക് ഫീൽഡ്ജോലികളും ഓഫീസ്ജോലികളും ഒന്നിച്ച് നിർവ്വഹിക്കേണ്ടതുകൊണ്ട് ഇവർക്ക് കൃഷിയിടങ്ങളിൽ നേരിട്ടുവന്ന് കൃഷിക്കാർക്ക് വേണ്ടനിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകാൻ കഴിയുന്നില്ല. ആയതിനാൽ കൃഷിഭവനുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ പ്രധാനപ്പെട്ട എല്ലാ കൃഷിക്കും മികച്ചകൃഷിക്കാരെ കണ്ടെത്തി അവർക്ക് പഞ്ചായത്ത്തല അവാർഡ് നൽകേണ്ടതാണ്. പാടശേഖരസമിതികളുടെയും തെങ്ങ്കൃഷിവികസനസമിതികളുടെയും പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കണം.

കേരഫെഡിന്റെ കൊപ്രസംഭരണകേന്ദ്രങ്ങൾ ഈ പഞ്ചായത്തിലെ സഹകരണസംഘങ്ങളിൽകൂടി ആരംഭിക്കണം.

തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 2-ാം ഘട്ടം എത്രയും പെട്ടെന്ന് നടപ്പിൽവരുത്തേണ്ടതാണ്.

ഈ പഞ്ചായത്തിലെ പ്രധാനകുളങ്ങളായ ചിരപ്പുറംകുളം, മാമ്പറ്റക്കുളം, നെടിയാർകുളം, കൈത്തേക്കരകുറുകക്കുളം, പാറക്കങ്ങംകുളം, ദേവർകുളം, പാലത്തുംകുണ്ട്കുളം, കുണ്ടനിയിൽചോലക്കുളം, വരിക്കോട്ട്ചിറകുളം, പാലക്കുളം, കൊക്കരണിക്കുളം, കാവുംപറമ്പ്കുളം, തോയൽക്കുളം ഇവ റിപ്പേർ ചെയ്ത് പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചനയോഗ്യമാക്കണം.







5–2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

1963 ജൂലായി മാസത്തിലാണ് തിരൂർ എൻ. ഇ.എസ് ബ്ലോക്കിന്റെ സഹായത്തോടെ ഒരു മൃഗസംരക്ഷണ ഉപകേന്ദ്രം തിരുന്നാവായ പഞ്ചായത്തിൽ കുന്നും പുറത്ത് സ്ഥാപിച്ചത്. മൃഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും മൃഗസംരക്ഷണ വകുപ്പിന്റെ ക്ഷേമ പദ്ധതികൾക്കും ഇതോടെ പഞ്ചായത്തിൽ തുടക്കം കുറിച്ചു. 1968-ൽ സ്വന്തമായി ഒരു കെട്ടിടത്തിലേക്ക് ഉപകേന്ദ്രം മാറ്റിസ്ഥാപിച്ചു. 1990-ൽ ഈ മൃഗസംരക്ഷണഉപകേന്ദ്രം ഒരു വെറ്ററിനറി ഡിസ്പെൻസറിയായി ഉയർത്തുകയും ഒരു ഡോക്ടറുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് വികസിപ്പിക്കുകയും ചെയ്തു. നാടൻ പശുക്കളും എരുമകളും പാടത്തും മറ്റും പണിയെടുക്കുന്ന കന്നുകാലികളും, ആടുകളും, നാടൻ വർഗ്ഗത്തിൽപെട്ടകോഴികളുമായിരുന്നു അന്ന് ധാരാളമായി ഉണ്ടായിരുന്നത്.

കൃത്രിമ ബീജയാന പരിപാടിക്ക് പഞ്ചായത്തിൽ തുടക്കംകുറിച്ചതോടെ ഉല്പാദനത്തിൽ മെച്ചപ്പെട്ട പശുക്കളുടെയും, എരുമകളുടെയും എണ്ണം ക്രമാതീതമായി വർദ്ധിച്ചു തുടങ്ങി. പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ ഒരു താരതമ്യവർദ്ധനവ് വലതുവശം കൊടുക്കുന്നു.

| വളർത്തുമൃഗങ്ങൾ | 1987 | 1996 |
|---|---|---|
| കാളനാടൻ കാളസങ്കരം | 426 | 105 |
| പശുനാടൻ | 891 | 433 |
| പശുസങ്കരം | 154 | 750 |
| എരുമ | 167 | 51 |
| പോത്ത് | 326 | 154 |
| ആട് | 4952 | 1292 |
| പട്ടി | 198 | 222 |
| പൗൾട്രി | 1676 | - |

## മൃഗാശുപത്രിയിൽ നിന്നുള്ള സേവനങ്ങൾ

വളർത്തുമൃങ്ങളുടെ ആരോഗ്യ സംരക്ഷണവും പശുക്കളിലും എരുമകളിലും കൃത്രിമ ബീജയാന പരിപാടിയും ഉറപ്പുവരു

ത്തുന്നു.

കന്നുകാലികളിൽ പകർച്ചവ്യാധിയും മറ്റുരോഗങ്ങളും തടയുന്നതിനുള്ള പ്രധിരോധ കുത്തിവെപ്പുകൾ മൃഗസംരക്ഷണ വകുപ്പിലൂടെ നടപ്പിലാക്കുന്നു. പദ്ധതികളുടെ നിർവ്വഹണം, കർഷകർക്കുള്ള ബോധവൽകരണ ക്ലാസ്സുകൾ, രോഗരക്ഷാ കേന്ദ്രങ്ങൾ പട്ടികളിൽ പേ വിഷബാധക്കെതിരെയുള്ള പ്രതിരോധ കുത്തിവെപ്പുകൾ, മൃഗങ്ങളെ ഇൻഷൂർ ചെയ്യുന്നതിനുള്ള സഹായ സഹകരണങ്ങൾ ( സർട്ടിഫിക്കറ്റുകൾ നൽകുക തുടങ്ങിയവ) നടപ്പു പദ്ധതികളിൽ ഉൾപ്പെടുന്നു.

മൃഗസംരക്ഷണ ഉപകേന്ദ്രം മൃഗാശുപത്രിയായി ഉയർത്തിയെങ്കിലും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല.

പഞ്ചായത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യക്ക് ആനുപാതികമായി പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതാണ്. ഓരോ വീട്ടിലും ഒരു പശു എന്ന സങ്കൽപം യാഥാർത്ഥ്യമായാൽ ഇത് സാധ്യമാകും. മാംസത്തിന്റെ ഉപഭോഗം പഞ്ചായത്തിൽ വളരെയധികം വർദ്ധിച്ചിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിനായി ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കാവുന്നതാണ്. പാൽ ഉൽപാദനം വർദ്ധിക്കുന്നതോടൊപ്പം അത് വിറ്റൊഴിക്കുന്നിതിനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതുണ്ട്. കന്നുകാലി പരിപാലനത്തിന് ആവശ്യമായ കാലിത്തീറ്റയുടെ വില കൂടുകയും തീറ്റപുല്ലിന്റെ ലഭ്യത കുറയുന്നതുമാണ് ക്ഷീരകർഷകനെ പ്രതികൂലമായി ബാധിക്കുന്നത്. കോഴികളെ വളർത്തുന്നതിൽ വീട്ടമ്മമാർ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. ശാസ്ത്രീയമായ മൃഗസംരക്ഷണത്തെകുറിച്ചുള്ള അജ്ഞത ഇന്നും ഭൂരിപക്ഷം കർഷകരിലും നിലനിൽക്കുന്നു.

ദൈനംദിന ഉപഭോഗത്തിനുള്ള പാൽ ഇന്നും ഈ പ്രദേശത്തു നിന്നും ഉൽപാദിപ്പിക്കപ്പെടുന്നില്ല. ഏതുപ്രായക്കാർക്കും ഉത്തമാഹാരം എന്ന നിലയിൽ 'ലോകാരോഗ്യ സംഘടന അനുശാസിക്കുന്ന ഉപഭോഗത്തിൽ എത്താൻ നാം ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ഇതിലേക്കെത്തുന്നതിനും തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനും ക്ഷീരോൽപാദനരംഗം ഒരു വ്യവസായിക മേഖലയായിതന്നെ വളരേണ്ടിയിരിക്കുന്നു.

| വളർത്തു മൃഗം ഇനം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ |
|---|---|---|
| പശു | 583 | 62 |
| കിടാരി | 105 | 15 |
| എരുമ | 28 | 4 |

(അവലംബം സെക്കന്ററി ഡാറ്റ)

വികസന പദ്ധതിയിലെ ഒരു പ്രധാന സംരംഭം എന്ന നിലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള നടപടികൾ സമാരംഭിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ സ്വയം പര്യാപ്തത നേടുന്നതിനും അന്യസംസ്ഥാനങ്ങളിലെ ഉൽപന്നങ്ങൾക്കുള്ള കമ്പോളം എന്ന ദുഷ്പേര് മാറ്റിയെടുക്കാനും സാധിക്കുകയുള്ളു. പകൃതി ദത്തമായ പാടങ്ങളേയും പുല്ലു ലഭ്യമാക്കുന്ന കേന്ദ്രങ്ങളാക്കി വികസിപ്പിക്കേണ്ടിയിരിക്കുന്നു.

| | രോഗങ്ങൾ | പശു | ആട് | എരുമ |
|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 454 | 485 | 5 |
| 2 | ശ്വാസകോശ സംബന്ധം | 62 | 50 | - |
| 3 | ഉപാപചയ സംബന്ധം | 11 | 5 | - |
| 4 | ത്വക്ക് രോഗങ്ങൾ | 118 | 29 | - |
| 5 | ധാതുക്കളുടെ അഭാവം | 2 | 7 | - |
| 6 | പരാദ രോഗങ്ങൾ | 474 | 52 | 1 |
| 7 | പ്രത്യുൽപാദന സംബന്ധമായവ | 118 | 43 | 1 |
| 8 | വന്ധ്യത | 65 | - | 1 |
| 9 | അകിടുവീക്കം | 86 | 41 | - |
| 10 | മുടന്തൻ പനി | 100 | - | - |
| 11 | പകർച്ചവ്യാധികൾ | - | - | - |
| 12 | മറ്റുള്ളവർ | 296 | 122 | - |

(അവലംബം സെക്കന്ററി ഡാറ്റാ)

ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങളും സാധ്യതകളും

* പഞ്ചായത്തിലെ ഏക മൃഗാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളില്ല

* അത്യാവശ്യ ഫർണീച്ചറുകളും ശസ്ത്രക്രിയക്കുവേണ്ടി വരുന്ന ഉപകരണങ്ങളും പരിമിതമാണ്. ആവശ്യമായത്രയും മരുന്നുകൾ ലഭ്യമല്ല

* ശാസ്ത്രീയ രീതിയിലുള്ള അറവുശാലകൾ പഞ്ചായത്തിലില്ല

* പ്രകൃതി ദത്തമായ പുല്ലിനങ്ങളും വയ്ക്കോലും പ്രയോജനപ്പെടുത്തി പാലുൽപാദനം മെച്ചപ്പെടുത്തുകയും വിപണി കണ്ടെത്തുകയും ചെയ്യാവുന്നതാണ്.

* പാൽ ഉൽപാദന നിർമ്മാണ കേന്ദ്രങ്ങൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

* രണ്ട് വാർഡുകൾക്ക് ഒരു ക്ഷീരോപാദന സഹകരണ സംഘം സ്ഥാപിക്കുകയും ആ പ്രദേശങ്ങളിലെ മൊത്തം പാൽ സംഭരണവും. വിപണനവും ഈ സംഘത്തിന്റെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരണം.

* കന്നുകാലികൾക്ക് രജിസ്ട്രേഷൻ നടപ്പാക്കുകയും അവയുടെ എണ്ണവും ഉല്പാദനവും ക്ലിപ്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

*സങ്കര വർഗ്ഗ തീറ്റപ്പുല്ലുകൾ കൃഷി ചെയ്യുന്നതിനും ഫോഡർ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കക്കുന്നതിനും ധനസഹായങ്ങൾ ലഭ്യമാക്കണം.

* തിരുനാവായ കേന്ദ്രമാക്കി ക്ഷീരവികസന യൂണിറ്റിന്റെ ഒരു ഓഫീസ് സ്ഥാപിക്കുക.

* പാൽ സംഭരണം, വിപണനം സംസ്കരണം എന്നിവയ്ക്ക് വേണ്ടി സംഘടിത മേഖല (ക്ഷീരസംഘങ്ങൾ)സ്ഥാപിക്കുക.

* ക്ഷീരസംഘങ്ങൾ വഴി പഞ്ചായത്തുപ്രദേശത്തെ പുല്ലുൽപാദനവും അതിൽനിന്നും ലഭിക്കുന്ന വരുമാനവും രേഖപ്പെടുത്തുക.

* ക്ഷീര വികസന പദ്ധതിക്കായി സാമ്പത്തിക സഹായം നല്കുവാൻ ക്ഷീര സംഘം ഉൽപാദകരിൽ നിന്നും മാത്രം ഉപഭോക്താക്കളെ തെരഞ്ഞെടുക്കുക. ഇതുവഴി യഥാർത്ഥക്ഷീര കർഷകരെ തിരഞ്ഞെടുക്കാവുന്നതാണ്.

* ക്ഷീരവികനഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ വരുമാനം മാത്രം കണക്കിലെടുക്കാതെ ഉയർന്ന ഉല്പാദനം, ഉൽപാദനത്തിന്റെ ഉന്നതനിലവാരം എന്നിവ കണക്കിലെടുക്കുക.

* ഉൽപാദന നിലവാരം ഉറപ്പുവരുത്തുന്നതിന് കന്നുകാലികളുടെ വംശപരമ്പര രജിസ്റ്റർ സൂക്ഷിക്കുക. ഉയർന്ന ഉൽപാദനക്ഷമതയുള്ളവയെ മാത്രം നിലനിർത്തുക.

* കാലിത്തീറ്റച്ചിലവ്, ഉല്പാദനച്ചിലവ്, ജോലിഭാരം എന്നിവ കണക്കിലെടുക്കുന്നതിനും ആരോഗ്യവും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിനും കാലിത്തീറ്റപ്പുല്ലിന്റെ ഉൽപാദനം വർദ്ധിപ്പിക്കുക. കാലിത്തീറ്റസമ്പത്ത്, അവയുടെ ആസൂത്രണം എന്നിവ അനുസരിച്ച് തീറ്റപ്പുല്ലുൽപാദനം നിജപ്പെടുത്തേണ്ടതാണ്.

* ക്ഷീരവികസന, വ്യവസായ മേഖലകളിൽ വനിതകൾക്ക് മുൻതൂക്കം നൽകുക. അതുവഴി പാഴായിപ്പോകുന്ന മാനവശേഷി ഉപയോഗപ്പെടുത്തുക.

* സാങ്കേതിക സൗകര്യങ്ങൾ പഞ്ചായത്തുതലത്തിൽ ലഭ്യമാക്കുക.

* ഉല്പാദന രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് കർമ്മ പരിപാടികൾ ആവിഷ്കരിക്കുക.

* വെറ്ററിനറി സെന്ററിന്റെ സബ്സെന്റർ അനന്താവൂർ വില്ലേജിൽ സ്ഥാപിക്കുക.

# മത്സ്യ ബന്ധനം

1. മത്സ്യം വളർത്തുന്നതിന് ആവശ്യമായ കുളങ്ങൾ നിർമ്മിക്കുന്നതിനും, ആവശ്യമായ മത്സ്യകുഞ്ഞുങ്ങളെയും, തീറ്റയും സൗജന്യ നിരക്കിൽ

ലഭ്യമാക്കുക. ഇങ്ങിനെ ഉല്പാദനം നടത്തുന്ന മത്സ്യങ്ങൾക്കുള്ള വിപണന സൗകര്യവും ഏർപ്പെടുത്തുക.


2. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ ഇവർക്കു വേണ്ടി ഗവൺമെന്റ് നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ അവർ അറിയാത്തതിനാൽ ലഭിക്കാതെ വരുന്നു. അതിനാൽ ഇവർക്കുള്ള ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുക.

3. അലങ്കാര മത്സ്യങ്ങൾ ലഭ്യമാക്കാൻ നടപടിഎടുക്കണം.

4 ഉൾനാടൻ മത്സ്യങ്ങളിൽ കാണപ്പെടുന്ന രോഗങ്ങൾ കാരണം മത്സ്യത്തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്നതിനാൽ മത്സ്യങ്ങൾക്ക് രോഗം ഇല്ലാതാക്കാൻ നടപടിയുണ്ടാകണം.

5 നല്ലനിലയിൽ മത്സ്യങ്ങളെ വളർത്തിവരുന്ന പല്ലാറ്റ് കായലിന്റേയും വലിയ പറപ്പൂർ കായലിന്റേയും പ്രസക്തി മത്സ്യരോഗം കാരണം ഇല്ലാതായിരിക്കുന്നു. അതോടൊപ്പംതന്നെ വൈരംകോട് ക്ഷേത്രോൽസവത്തോടനുബന്ധിച്ചുള്ള മത്സ്യ വിപണനവും ഇല്ലാതാതി. ജില്ലയിലെ ഏക ശുദ്ധജല ചെമ്മീൻകൃഷി തിരുന്നാവായയിലുണ്ട്. ആയത് പോഷിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകണം.





## 5–3

# വ്യവസായം

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ വികസന രംഗത്ത് അത്ഭുതപൂർവ്വമായ വളർച്ച നേടുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വ്യാവസായിക മേഖലയുടെ പുരോഗതി വിലയിരുത്തുമ്പോൾ ആശാവഹമായ വളർച്ചകാണാൻ കഴിയുന്നില്ല. 1906ൽ ബാസൽ മിഷൻ എന്ന ജർമ്മൻ മിഷനറി ആരംഭിച്ച കൊടക്കൽ 'ടൈൽഫാക്ടറി' മാത്രമാണ് വലിയ വ്യാവസായിക സ്ഥാപനമായി ചൂണ്ടികാണിക്കാനുള്ളത്. ഈ അടുത്ത കാലത്തായി കാരത്തൂരിൽ കളിമണ്ണുപയോഗിച്ചുള്ള ഇഷ്ടിക നിർമ്മാണയൂണിറ്റും എടക്കുളത്ത് ഒരു ഹോളോബ്രിക്സ് യൂണിറ്റും കൈത്തക്കരയിൽ മരം ഉപയോഗിച്ചുകൊണ്ടുള്ള ഇലക്ട്രിക് സ്വിച്ച്ബോർഡ് നിർമ്മാണ യൂണിറ്റും ആരംഭിച്ചിട്ടുണ്ട്.

ഇവിടെ ധാരാളമായി ലഭ്യമാകുന്ന മണൽ, കളിമണ്ണ്, വെട്ട് കല്ല്, എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പുതിയ വ്യാവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു ദുഃഖസത്യമാണ്.

നാളികേരം, അടക്ക, കശുവണ്ടി എന്നീ നാണ്യവിളകൾ പഞ്ചായത്തിൽ കൃഷിചെയ്യുന്നുണ്ടെങ്കിലും ഇവയിൽ നിന്ന് കിട്ടുന്ന ഉല്പന്നങ്ങൾ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനവും തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

മേൽ സൂചിപ്പിച്ച നാണ്യ വിളകൾ സംസ്ഥാനത്തിനകത്തുംപുറത്തുമുള്ള മാർക്കറ്റുകളിലേക്കാണ് പോകുന്നത്. ഇതുകാരണം ഇവിടുത്തെ തൊഴിൽ രഹിതർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കി കൊടുക്കാനും കഴിഞ്ഞില്ല. ഈ പഞ്ചായത്തിലെ ധാരാളം ആളുകൾ 'ഗൾഫ്' മേഖലയിൽ തൊഴിൽ ചെയ്തുവരുന്നവരാണ്. ഇവരുടെ വരുമാനത്തിൽ നിന്ന് നല്ലൊരു പങ്ക് ആർഭാടങ്ങൾക്കും മറ്റുമായിദുരുപയോഗപ്പെടുത്തുകയാണ്. ഗൾഫ് പണം വ്യവസായിക മേഖലകളിൽ ഉപയോഗപ്പെടുത്താനും ഇതുവഴി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കി തൊഴിൽ പ്രശ്നം പരിഹരിക്കാനും കഴിഞ്ഞില്ല എന്ന വസ്തുത ഖേദപൂർവ്വം ഇവിടെ രേഖപ്പെടുത്തട്ടെ.

സാങ്കേതിക പരിശീലനം ലഭിച്ച (ഐ.ടി.ഐ, എഞ്ചിനീയറിംഗ് ഡിപ്ലോമ) വരും വ്യവസായ ശാലകളിൽ ജോലിയെടുത്ത് അനുഭവസമ്പത്തുള്ളവരുമായ മുഴുവൻ ആളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇവരുടെ സേവനം വ്യവസായിക മേഖലയിൽ പ്രയോജന

പ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നാട്ടിലും വിദേശത്തും ജോലി തേടിപ്പോകുന്ന ഇവർക്ക് തൊഴിൽ കൊടുക്കാനുള്ള വ്യവസായമേഖലങ്ങളോ, മറ്റ് തൊഴിൽ കേന്ദ്രങ്ങളോ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഇതിന് കാരണം. ഇവരുടെ സേവനങ്ങൾ നമ്മുടെ പഞ്ചായത്തിൽ തന്നെ ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു. നമ്മുടെ കൂട്ടായ്മയിലൂടെയുള്ള പരിശ്രമം കൊണ്ട് മാത്രമെ ഇത് സാധിക്കുകയുള്ളു.

അനാവശ്യമായ തൊഴിൽ സമരങ്ങളോടുള്ള ഭയവും, ഈ മേഖലയിൽ പണം മുടക്കാൻ തയ്യാറുള്ള വ്യവസായ സംരഭകരെ പിന്തിരിപ്പിക്കാനുള്ള കാരണങ്ങളിൽ ഒന്നാണ്. വ്യവസായിക മേഖലയിലേക്ക് കടന്നുവരുന്ന സംരംഭകർക്ക് മാന്യമായ അംഗീകാരവും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഈ മേഖലയിൽ സുരക്ഷിതത്വവും ഉറപ്പാക്കാൻ കഴിഞ്ഞ ധാരാളം ആളുകൾ ഈ മേഖലയിലേക്ക് കടന്നു വരും എന്നുള്ള കാര്യം തീർച്ചയാണ്.

## സ്ത്രീ പങ്കാളിത്തം

വളരെ കുറഞ്ഞ പങ്കാളിത്തം മാത്രമേ ഈ മേഖലയിലുള്ളൂ. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വ്യവസായിക പുരോഗതിക്ക് സ്ത്രീകളുടെ പങ്കാളിത്വം അനിവാര്യമാണ്. ഇത് ഉറപ്പു വരുത്താൻ നമ്മുക്ക് കഴിയണം. വ്യാപകമായ ബോധവൽകരണം മാത്രമാണ് ഇതിനുള്ള ഏക മാർഗ്ഗം. ജനപ്രധിനിധികൾ, സന്നദ്ധസംഘടനാ പ്രവർത്തകർ, മഹിളാ സംഘങ്ങൾ മറ്റു സർക്കാർ ഏജൻസികൾ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനം ഇതിനാവശ്യമാണ്.

പട്ടിക-1

### നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | ആകെ | ശതമാനം |
|---|---|---|---|---|---|
| | | പു | സ്ത്രീ | | |
| 1 | ചെറുകിട വ്യവസായം | 297 | 16 | 313 | |
| 2 | ഇടത്തരം വ്യവസായം | 122 | 20 | 142 | |
| 3 | പരമ്പരാഗത വ്യവസായം | 80 | 146 | 226 | |
| | ആകെ | 499 | 182 | 681 | |



പട്ടിക-II

## ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | |
| 1 | തടിവ്യവസായം | 12 | 48 | - | 48 |
| 2 | എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ | 12 | 48 | - | 45 |
| 3 | റൈസ് & ഫ്ളവർ മിൽ, ഓയിൽ | 26 | 60 | - | 60 |
| 4 | റേഡിയോ & ഇലക്ട്രോണിക് റിപ്പേർ | 8 | 16 | 2 | 18 |
| 5 | ഇഷ്ടിക നിർമ്മാണം | 2 | 10 | 6 | 16 |
| 6 | ഹോളോബ്രിക്സ് | 1 | 4 | 2 | 6 |
| 7 | എഞ്ചിനീറിംഗ് വർക്ക്ഷോപ്പ് | 8 | 36 | - | 36 |
| 8 | ടയർ റീസോളിംഗ് | 5 | 20 | - | 20 |
| 9 | സോഡാ നിർമ്മാണം | 2 | 6 | - | 6 |
| 10 | ടൈൽ ഫാക്ടറി | 1 | 122 | 20 | 142 |
| 11 | സിനിമാ തീയേറ്റർ | 1 | 6 | - | 6 |
| 12 | ഐസ് കമ്പനി | 41 | 4 | - | 4 |
| 13 | പ്രിന്റിങ്ങ് പ്രസ്സ് | 6 | 6 | 6 | 12 |
| 14 | ഇലക്ട്രിക് റിപ്പേർഷോപ്പ് | 10 | 20 | - | 20 |
| 15 | അലുമിനിയം ഫാബ്രിക്കേഷൻ | 1 | 2 | - | 2 |
| 16 | ഓകെ ഇലക്ട്രിക് റിപ്പയർഷോപ്പ് | 4 | 12 | - | 12 |
| 17 | റേഡിയേറ്റർ റിപ്പയർഷോപ്പ് | 1 | 2 | - | 2 |
| | | 101 | 419 | 36 | 455 |

പഞ്ചായത്തിൽ വ്യവസായ മേഖലയിൽ ജോലിയെടുക്കുന്ന തൊഴിലാകളുടെ എണ്ണം പരിശോധിച്ചാൽ തന്നെ നമ്മുടെ വ്യവസായിക വളർച്ചയുടെ പൂർണ്ണ രൂപം ലഭിക്കുന്നതാണ്.

പഞ്ചായത്തിലെ മൊത്തം 681 പേർ മാത്രമാണ് ഈ മേഖലയിൽ തൊഴിൽ എടുക്കുന്നത്. പര

മ്പരാഗത മേഖലയിൽ 226 പേരും ചെറുകിട മേഖലയിൽ313 പേരും വൻ വ്യവസായ മേഖലയിൽ ഒന്നായ കൊടക്കൽ ടൈൽ ഫാക്ടറിയിൽ 142 തൊഴിലാളികളും ജോലി ചെയ്യുന്നു.

പട്ടിക-III

## പരമ്പരാഗത, കുടിൽ വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പുരു | സ്ത്രീ | |
| 1 | പായ നെയ്ത്ത് | - | 25 | 25 |
| 2 | മൺപാത്രം | 15 | 13 | 28 |
| 3 | കുട്ട നെയ്ത്ത് | 25 | 35 | 60 |
| | ആകെ | 40 | 73 | 113 |

പരമ്പരാഗത മേഖലയിൽ പായ നെയ്ത്ത്, കുട്ടനെയ്ത്ത്, മൺപാത്ര നിർമ്മാണം എന്നിവയാണ് പ്രധാന തൊഴിൽ മേഖലകൾ. ഈ മേഖലയിൽ തൊഴിലാളികൾ അസംഘടിതരാണ്. ഇവർക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കളായ കൈതയോല, ഈറ്റ, മുള കളിമണ്ണ് തുടങ്ങിയവ ആവശ്യാനുസരണം ലഭിക്കുന്നില്ല എന്നതാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ പ്രധാന പ്രശ്നം. ഇതുകാരണം ഈ തൊഴിലുകൾ ഉപേക്ഷിച്ച് പകരം മറ്റുതൊഴിലുകൾ തേടിപ്പോകുന്ന അവസ്ഥയാണുള്ളത്.

ചെറുകിട വ്യവസായ മേഖലയിൽ ഇഷ്ടിക നിർമ്മാണം, തടിവ്യവസായം, എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ് എന്നിവയാണ് നാമമാത്രയി പുരോഗതി നേടിയ മേഖലകൾ. മലപ്പുറം ജില്ലയിലെ വളരെ പഴക്കം ചെന്നതും പ്രധാനവുമായ വൻ വ്യവസായങ്ങളിൽ ഒന്നാണ്. "കൊടക്ക ടൈൽ ഫാക്ടറി" ഒരുകാലത്ത് ഇവിടെ നിർമ്മിച്ചിരുന്ന ഓടുകൾ ഉറപ്പിലും ഭംഗിയിലും മുൻപന്തിയിൽ നിന്നിരുന്നു. ഇത് കാരണം ഇവിടെ നിന്നും ധാരാളം ഓടുകൾ റെയിൽമാർഗ്ഗവും റെയിൽമാർഗ്ഗവും മറ്റും രാജ്യത്തിന്റെ പല ഭാഗങ്ങളിലേക്കും കയറ്റിഅയച്ചിരുന്നു. തൊഴിൽ പ്രശ്നം മൂലം മാസങ്ങളോളമായി പൂട്ടിക്കിടക്കുന്ന ഈകമ്പനി എല്ലാവരുടേയും സഹകരണത്തോടെ തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുസഹകരണം, ഖാദി എന്നീ മേഖലകളിലുള്ള വ്യവസായ ശാലകൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല.



പട്ടിക-IV

വിവിധ മേഖലയിലെ കൂലി നിരക്കുകൾ

| ക്രമ നമ്പർ | ഇനം | പുരു. | സ്ത്രീ |
|---|---|---|---|
| 1 | തടി വ്യവസായം | 125 | - |
| 2 | എഞ്ചിനീറിംഗ് ഇൻഡസ്ട്രി | 75 | - |
| 3 | റൈസ് & ഫ്ളോർ മിൽ | 75 | - |
| 4 | റേഡിയോ ഇലക്ട്രോണിക് റിപ്പേർ | 80 | 60 |
| 5 | ഇഷ്ടിക നിർമ്മാണം | 100 | 75 |
| 6 | ഹോളോബ്രിക്സ് | 75 | 60 |
| 7 | എഞ്ചിനീറിംഗ് വർക്ക്ഷോപ്പ് | 70 | - |
| 8 | ടയർ റീസോൾ യൂണിറ്റ് | 100 | - |
| 9 | ടൈൽ ഫാക്ടറി | - | - |
| 10 | സിനിമാ തീയേറ്റർ | - | - |
| 11 | ഐസ് കമ്പനി | 80 | - |
| 12 | പ്രിന്റിംഗ് പ്രസ്സ് | 60 | 50 |
| 13 | സോഡാ നിർമ്മാണം | 75 | - |
| 14 | ഇലക്ട്രോണിക് റിപ്പേർ ഷോപ്പ് | 60 | - |
| 15 | അലുമിനിയം ഫാബ്രിക്കേഷൻ | 100 | - |
| 16 | മെഷീൻകല്ല് നിർമ്മാണ യൂണിറ്റ് | 125 | - |

നിളാ നദിയുടെ സാന്നിധ്യംകൊണ്ട് ധന്യമാണ് പഞ്ചായത്തിന്റെ തെക്കേ അതിർത്തിമുഴുവനും ഭാരതപ്പുഴയുടെ തീരങ്ങളാണ്. പഞ്ചായത്തിനെ രണ്ടായി വിഭജിച്ചുകൊണ്ട് ഷൊർണ്ണൂർ-മംഗലാപുരം റെയിൽവെപാത കടന്നുപോകുന്നു.

19.58 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 37867 ഉം വരുന്ന ജനസംഖ്യയും 6000ത്തിലതികം വീടുകളുമുള്ള നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ നിത്യോപയോഗസാധനങ്ങൾ നിർമ്മിച്ച് വിതരണം നടത്തുന്ന ഒരു വ്യവസായയൂണിറ്റുപോലും വളർന്നുവരാത്തത് ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു.

മറ്റു പ്രദേശങ്ങളിൽ നിർമ്മിക്കുന്ന സാധനങ്ങളുടെ ഒരു കമ്പോളമായി മാറിക്കഴിഞ്ഞിരിക്കുകയാണ് നമ്മുടെ പഞ്ചായത്ത്.

നമ്മുടെ വ്യവസായ വളർച്ചക്കാവശ്യമായ വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖ സൗകര്യങ്ങളോടെ ജീവിക്കാനുള്ള സാഹചര്യം എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ടവിധത്തിൽ വ്യവസായ വളർച്ച കൈവരിക്കാൻ താഴെ പറയുന്ന കാരണ

ങ്ങൾ പ്രധാനമാണ്.

1. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽരഹിതർക്ക് തൊഴിൽ നൽകാനുള്ള സാധ്യതയില്ല.

2. പ്രധാന നാണ്യവിളകളായ, അടക്ക, കൊപ്ര, കശുവണ്ടി എന്നിവ വ്യവസായ രംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല.

3. സാങ്കേതിക പരിജ്ഞാനം നേടിയവരുടെ കുറവ്

4. സാമ്പത്തിക സഹായം കിട്ടാനുള്ള പ്രയാസം

5. വിപണനത്തിനുള്ള പ്രയാസം

6. വനിതകൾക്ക് തൊഴിലവസരം കുറവ്

7. വ്യവസായ മേഖലയുമായി സമ്പർക്കക്കുറവ്.


8. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽകരണക്കുറവ്

9. വ്യവസായ സ്ഥലങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലതതിന്റെ കുറവ്

10. വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഉള്ള താമസം

11. അസംസ്കൃത വസ്തുക്കൾ കിട്ടാനില്ല

12. പ്രധാന അസംസ്കൃത വസ്തുക്കളായ മണൽ, കളിമണ്ണ്, വെട്ടുകല്ല് മുതലാവ വ്യവസായികമായി പ്രയോജനപ്പെടുത്തുന്നില്ല



പട്ടിക V

കുറഞ്ഞ മുതൽ മുടക്കിൽ തുടങ്ങാൻ കഴിയുന്ന യൂണിറ്റുകൾ

| വിഭാഗം | ക്രമ നമ്പർ | ഇനം |
|---|---|---|
| SSI ഇനങ്ങൾ | 1 | ശാസ്ത്രീയ രീതിയിലുള്ള കോഴി വളർത്തൽ |
| | 2 | മരം, ഫർണിച്ചർ |
| | 3 | ഹവായ് ചെരുപ്പുകൾ |
| | 4 | ഫാൻസി ലഥർ ഗുഡ്സ് |
| | 5 | പ്ലാസ്റ്റിക്ക് ബട്ടൻസ് |
| | 6 | അലങ്കാര പണികളുള്ള മരം കൊണ്ടുള്ള വസ്തുക്കൾ |
| | 7 | ക്ലീനിംഗ് പൗഡർ |
| | 8 | ഫിനോയിൽ നിർമ്മാണം |
| | 9 | പെയിന്റ് നിർമ്മാണം |
| | 10 | ഓട്ടോ ഇലക്ട്രിക്ക് ഷോപ്പ് |
| | 11 | ഇലക്ട്രിക്കൽ വർക്ക്ഷോപ്പ് |
| | 12 | ജനറൽ എഞ്ചിനീറിംഗ് |
| | 13 | ഇരു ചക്രവാഹന വർക്ക്ഷോപ്പ് |
| | 14 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| | 15 | ഇലക്ട്രോണിക് ഓവർ ലോഡ്കട്ട്ഓഫ് |
| | 16 | എമർജൻസി ലാമ്പ് |
| | 17 | സ്റ്റപ്പ്അപ്പ് |
| | 18 | സ്വിച്ച് ബോർഡ് നിർമ്മാണം. |
| | 19 | സിന്തറ്റിക്ക് വിനാഗിരി |
| | 20 | അച്ചാർ നിർമ്മാണം. |
| | 21 | പഴം സംസ്കരണ യൂണിറ്റ് |
| | 22 | പാക്ക് നിർമ്മാണം. |
| | 23 | അലുമിനിയം ഫാബ്രിക്കേഷൻ |
| | 24 | സോപ്പ് നിർമ്മാണം |
| | 25 | ഇലക്ട്രോണിക് ഫ്യൂസ് കാരിയർ |
| | 26 | വെളിച്ചണ്ണ |
| | 27 | തേങ്ങഉപയോഗിച്ചുള്ള മിഠായി നിർമ്മാണം. |

577

## സാധ്യതകൾ

'വ്യവസായ വൽകരിക്കുക അല്ലെങ്കിൽ നശിക്കുകും' എന്ന മുദ്രാവാക്യം ഒരു വെല്ലവിളിയായി സ്വീകരിച്ച് പഞ്ചായത്തിന്റെ സമഗ്രമായ വ്യവസായ വികസനത്തിന് ഓരോരുത്തരും അവരുടേതായ പങ്ക് നിർവ്വഹിക്കാൻ സന്നദ്ധരാകേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത മേഖലയിൽ തോഴിൽ ചെയ്യുന്നവർ വളരെ കുറവാണ്. കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കണമെങ്കിൽ മാന്യമായ അംഗീകാരം നേടിയെ തീരൂ. ഈ രംഗത്ത് തൊഴിലെടുക്കുന്നവർക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളായ 'കൈതയോല' 'ഈറ്റ', കളിമണ്ണ്, തുടങ്ങിയവ യഥേഷ്ടം ലഭ്യമാക്കാൻ കഴിയണം.

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാണ്യവിളകളായ നാളികേരം അടക്ക തുടങ്ങിയവ ഉപയോഗിച്ച് വ്യവസായ ശാലകൾ ആരംഭിക്കുകയാണെങ്കിൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കാനും കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾക്ക് പരമാവധി വില ലഭിക്കാനും സാധ്യതയുണ്ട്

പഞ്ചായത്തിൽ ധാരാളമായി ഖനനം ചെയ്യാൻ കഴിയുന്ന അസംസ്കൃത പദാർത്ഥങ്ങളാണ് മണൽ, കളിമണ്ണ് തുടങ്ങിയവ. ഈ അസംസ്കൃത വസ്തുക്കളുപയോഗിച്ച് വൻകിട ഫാക്ടറികൾ തന്നെ സ്ഥാപിക്കാൻ കഴിയും. ഇത് വഴി ധാരാളം പേർക്ക് തൊഴിൽ ലഭിക്കാനും സാധിക്കും

## വ്യവസായിക സ്ഥാപനങ്ങൾ

1 പഞ്ചായത്തിൽ ഒരു ഗ്ലാസ് ഫാക്റ്ററി സ്ഥാപിക്കുക

2 സഹകരണ മേഖലയിൽ ഓട് നിർമ്മാണ ഫാക്റ്ററി സ്ഥാപിക്കുക

3 കോക്കനറ്റ് കോംപ്ലക്സ് സ്ഥാപിക്കുക

4 പഞ്ചായത്തിൽ ഒരു അടക്ക സംസ്ക്കരണ ശാല ആരംഭിക്കുക

## ടൂറിസം

തിരുനാവായ പഞ്ചായത്തിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളാണ് തിരുനാവായ, വലിയ പറപ്പൂർ കായൽ, കൊടക്കൽ മുതലായ മേഖലകൾ. ഈ പ്രദേശങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുകയാണെങ്കിൽ ഏതാനും പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന് സാമ്പത്തിക നേട്ടമുണ്ടാകാനും സാധ്യതയുണ്ട്.

## മിനി വ്യവസായ എസ്റ്റേറ്റ്

പഞ്ചായത്തിലെ വ്യവസായ സംരംഭകർക്ക് വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാനുള്ള സ്ഥലസൗകര്യം കുറവായതുകൊണ്ട് ചുരുങ്ങിയ മൂന്ന് ഏക്കർ സ്ഥലമെങ്കിലും ഏറ്റെടുത്തുകൊണ്ട് ആവശ്യമായ പശ്ചാത്തല സൗകര്യത്തോട് കൂടി ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുകയാണെങ്കിൽ വ്യവസായ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയും.

## സെറി കൾച്ചർ

കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ വരുമാനം നൽകുന്ന ഒരു സ്വയം തൊഴിലാണ് സെറികൾച്ചർ. ഒരേക്കർ സ്ഥലത്തു നിന്ന് ഇതിന്റെ വിവിധ ഘട്ടങ്ങളിലായി 5 പേർക്ക് തൊഴിൽ അവസരം ലഭിക്കുന്നു. സബ്സിഡി ഇനത്തിൽ വിവിധ പദ്ധതിയിൽ വളരെയധികം സഹായങ്ങൾ ഈ ഇനത്തിൽ സർക്കാർ നൽകി വരുന്നു. ഇതിനാവശ്യമായ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും ജില്ലാ സെറികൾച്ചർ ഓഫീസിൽ നിന്നും ലഭ്യമാണ്.


ഈ പദ്ധതിയിൻകീഴിൽ ആവശ്യമായ ബോധവൽകരണം നടത്തി കുടിൽ വ്യവ

സായ മേഖലയെ പരിപോഷിപ്പിക്കാവുന്നതാണ്.

പട്ടിക VI

## സഹകരണ മേഖലയിൽ തുടങ്ങാൻ കഴിയുന്ന യൂണിറ്റുകൾ

| | | |
|---|---|---|
| വനിത | 1. | ഉന്നത നിലവാരമുള്ള നിരവധി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| | 2. | അലക്ക്സോപ്പ് നിർമ്മാണം |
| | 3. | പേപ്പർ കവർ |
| | 4. | ബുക്ക് ബെയ്ന്റിഗ് |
| | 5. | സോപ്പ് പൊടി |
| | 6. | ഫിനോയിൽ |
| | 7. | പഴംജാമുകൾ-ചക്ക,മാങ്ങ ഇവ ഉപയോഗിച്ച്. |
| സഹകരണ വനിത | 1. | കറിപൗഡർ നിർമ്മാണം. |
| | 2. | കരികല്ല് ജല്ലി. |
| | 3. | ബാഗ് നിർമ്മാണം. |
| | 4. | നോട്ട്ബുക്ക് നിർമ്മാണം. |
| | 5. | ഭക്ഷ്യസംസ്കരണ യൂണിറ്റ്. |
| സഹകരണം ജനറൽ | 1. | സ്റ്റീൽ ഫർണീച്ചർ |
| | 2. | ഓട് നിർമ്മാണം. |
| | 3 | ഇഷ്ടിക നിർമ്മാണം |
| | 4 | സിമന്റ് നിർമ്മാണം. |
| | 5 | ജനൽ, കട്ടില എന്നിവയുടെ നിർമ്മാണം. |
| | 6 | ഭക്ഷ്യ സംസ്കരണയൂണിറ്റ് |
| സഹകരണം - പട്ടികജാതി | 1 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| | 2 | പായ നെയ്ത്ത് |
| | 3 | കുട്ട നെയ്ത്ത് |
| | 4 | കിടക്ക നിർമ്മാണം. |



## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഴം സംസ്കരണയൂണിറ്റ്
2. പാൽ ഉൽപന്നങ്ങൾ
3. ഭക്ഷ്യ സംസ്കരണ യൂണിറ്റ്
4. സോപ്പ് നിർമ്മാണ യൂണിറ്റ്
5. വസ്ത്ര നിർമ്മാണശാല
6. മിഠായി നിർമ്മാണം.
7. പാക്ക് നിർമ്മാണം
8. കളിമൺ പാത്രവ്യവസായം

9 ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്

10 തൊഴിൽ പരിശീലന കേന്ദ്രം

11 തടികൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണ യൂണിറ്റ്

12 കോഴി വളർത്തൽ യൂണിറ്റ്

13 അച്ചാർ നിർമ്മാണം

14 അലുമിനിയം ഫാബ്രിക്കേഷൻ യൂണിറ്റ്

15 എംബ്രോയിഡറി യൂണിറ്റ്

16 ക്ലീനിംഗ് പൗഡർ

17 പെയ്ന്റ് നിർമ്മാണം.

18 കൂൺകൃഷിയിൽ പരിശീലനം നൽകുന്ന പദ്ധതികൾ ആരംഭിക്കുക.

19 ഫുഡ് ബേക്കിംഗ് യൂണിറ്റുകൾ ആരംഭിക്കുക.

20 റബർ പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക

21 ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

1. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള

വിവിധതരം വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നടത്തുന്നതിൽ നാളികേര വികസന ബോർഡ്, കേരഫെഡ്, റീജനൽ റിസേർട്ടിംഗ് ലബോറട്ടറി തുങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കണം.

2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്ത് പ്രസ്തുത രംഗത്തെ ആധുനിക വൽകരണത്തെപററിയും വിപണനസാധ്യതകളെപറ്റിയും വിദഗ്ദ്ദ പരിശീലനം നൽകുക.

3 ഗൾഫ് മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സഹകരണത്തോടെ ആധുനിക വ്യവസായശാലകൾ തുടങ്ങുന്നതിന് ചർച്ചനടത്തുകയും ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

4 വ്യവസായിക മേഖലയിലേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും 3ഫേസാക്കി മാറ്റുവാൻവേണ്ട നടപടികൾ സ്വീകരിക്കണം.

5 പഞ്ചായത്ത് തലത്തിൽ ഒരു വ്യവസായ വികസന സമിതിക്ക് രൂപം നൽകുക.

6 പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാണ്യവിളയായ അടക്ക ഉപയോഗിച്ച് വ്യവസായം തുടങ്ങുന്നതിന് ഈ മേഖലയുമായി ബന്ധപ്പെട്ടവർക്ക് ആവശ്യമായ പരിശീലന പരിപാടി സംഘടിപ്പിക്കുക.

7 വ്യവസായ മേഖലയെ കുറിച്ചുള്ള തെറ്റായ ധാരണനീക്കുന്നതിനും, സംരംഭകരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനും പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

8 വ്യവസായ സംരംഭകർക്ക് ആവശ്യമായ സാമ്പത്തികസഹായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.




9 ചാരായ നിരോധനത്തിന്റെ ഫലമായി ജോലി നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക

മേൽ നിർദ്ദേശിച്ചത് കൂട്ടായ ചർച്ചയിലൂടെ, മുൻഘടനാ ക്രമം നല്കി പഞ്ചായത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ചെറുകിട വ്യവസായ രംഗത്തും, കുടിൽ വ്യവസായ രംഗത്തും വ്യവസായ രംഗത്ത് വിപ്ലവകരമായ മാറ്റം ഉണ്ടാക്കാൻ സാധിക്കും. തന്നെയുമല്ല ഇതുവഴി നമ്മുടെ പഞ്ചായത്തിനാവശ്യമായ നിത്യോപയോഗ സാധനങ്ങൾ നമുക്ക്തന്നെ ഉല്പാദിപ്പിക്കാൻ കഴിയും. ഇതുവഴി മറ്റ് പ്രദേശങ്ങളിൽ ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെ വിപണനകേന്ദ്രം എന്ന നിലയിൽ നിന്നും ഒരു മാറ്റം ഉണ്ടാക്കുവാനും സാധിക്കും

കൂടാതെ കാർഷികമേഖലയുടെ പുരോഗതിക്കും, കൂടുതൽ പേർക്ക് തൊഴിൽ നൽകുവാനും കഴിയും

ഇതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയെ മെച്ചപ്പെടുത്താനും, നമ്മുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കാനും കഴിയും. ഇതുവഴിയൊരു വികസന സംസ്കാരം രൂപപ്പെടുത്തുവാൻ കഴിയും.



**5-4**

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

1906ൽ ജർമ്മൻ ഇവാൻഞ്ചലിക്കൽ മിഷൻ സ്ഥാപിച്ച കൊടക്കൽ ടൈൽ ഫാക്ടറിയിൽ നിന്നും ഉൽപന്നങ്ങൾ കൊണ്ടുപോകുന്നതിനായി നിർമ്മിച്ച ബന്തർ റോഡും, മൈസൂർ സുൽത്താന്റെ കാലത്ത് ബേപ്പൂരിൽ നിന്നും പാലക്കാട് കോട്ടയിലേക്കുള്ള പ്രധാനറോഡിന്റെ ഭാഗമായി കോലുപ്പാലം മുതൽ പള്ളിപ്പടിവരെയുള്ള ചെത്തുവഴിയും പഞ്ചായത്തിലെ പൊതുറോഡുകളാണ്. വെട്ടത്ത് തമ്പുരാന്റെ കോട്ടയിൽ നിന്ന് ആഴ്‌വാഞ്ചേരി മനക്കലേക്ക് പോകുന്നതിനുള്ള പ്രധാന വഴിയായിരുന്നു വൈരങ്കോട് ആതവനാട് റോഡായത്. ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ പാക്കത്ത് മനയുമായി ബന്ധപ്പെടുന്നതിന് ഉപയോഗിച്ചിരുന്ന ചെത്തുവഴിയായിരുന്നു പട്ടർനടക്കാവ്-പുത്തനത്താണി റോഡായും പിന്നീട് എടക്കുളം റെയിൽവേസ്റ്റേഷനിലേക്കുള്ള വഴികൂടിയായപ്പോൾ തിരുന്നാവായ - പുത്തനത്താണി റോഡായും മാറിയെതെന്നാണ് നാട്ടറിവ്. ആ കാലത്ത് വഴിയാത്രക്കാർക്കായി സ്ഥാപിച്ച തണ്ണീർ പന്തലുകളിൽ ഒരെണ്ണം പഞ്ചായത്ത് അതിർത്തിയായ രാങ്ങാട്ടൂരിലും, മറ്റൊന്ന് തിരുനാവായ കടവത്തുള്ള അരയാൽ ചുവട്ടിലും ആയിരുന്നു. വെൺമാടം എന്നപേരിൽ അറിയപ്പെടുന്ന വിശ്രമകേന്ദ്രം തിരുന്നാവയയിലെ പഴമക്കാർക്ക് ഇന്നും ഓർമ്മയുണ്ട്.

1961 ൽ തിരുനാവായ പഞ്ചായത്ത് രൂപീകൃതമായപ്പോൾ പഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങൾ വളരെ കുറവായിരുന്നു. പിന്നീട് പല റോഡുകളും ഉണ്ടായെങ്കിലും ചിലരുടെ നിസ്സഹകരണം മൂലം റോഡിന്റെ വികസനത്തിന് തടസ്സമുണ്ടായതായി കാണാം. നിശ്ചിത വീതിയില്ലാത്തതു കാരണം നിലവിലുള്ള പദ്ധതികൾ അനുസരിച്ച് ടാറിടാനും സാധിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. റോഡ് വികസനത്തിൽ. ഒരു വിഭാഗം ജനങ്ങൾക്കുള്ള സങ്കുചിത മനോഭാവം തിരുത്തപ്പെടേണ്ടതാണ്. അതുപോലെതന്നെ പഞ്ചായത്തുറോഡുകളുടെ കയ്യേറ്റവും ഒഴിവാക്കപ്പെടേണ്ടതാണ്. വികസനമെന്നാൽ റോഡും കോൺക്രീറ്റ് പാലങ്ങളുമല്ലെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നതിൽ വന്ന കാലതാമസം പഞ്ചായത്തിലെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചതായി കാണുന്നു.

ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഷൊർണ്ണൂർകോഴിക്കോട് റെയിൽവെ ലൈൻ 2 കി.മീറ്റർ നീളത്തിൽ തിരുന്നാവായ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നു. ആ കാലത്ത് കൊടക്കൽ ടൈൽ ഫാക്ടറിയിൽ നിന്നും ഓട്, നാടിന്റെ നാനാഭാഗങ്ങളിലേക്ക് കൊണ്ടുപോയിരുന്നത്

തിരുന്നാവായ റെയിൽ മുഖേനയാണ്. കുതിരവണ്ടി മാർഗ്ഗവും കാളവണ്ടി മാർഗ്ഗവും സാധനങ്ങൾ കൊണ്ടുപോകുകയും കൊണ്ടുവരികയും ചെയ്തിരുന്നു. ആദ്യകാലത്ത് തീവണ്ടി മാർഗ്ഗമായിരുന്നു ഇവിടത്തെ ജനങ്ങൾ പുറം നാടുകളുമായി ബന്ധപ്പെട്ടിരുന്നത്. പ്രധാന വാണിജ്യ കേന്ദ്രമായ പൊന്നാനിയുമായി ബന്ധപ്പെട്ടിരുന്നത് ഭാരതപ്പുഴവഴിയായിരുന്നു. അവിടെ നിന്നും അരി, പഞ്ചസാര തുടങ്ങിയ സാധനങ്ങൾ വളപ്പുര കെട്ടിയ വള്ളത്തിൽ തിരുനാവായ കടവത്ത് ഇറക്കിയിരുന്നു. ഒരു കാലത്ത് പ്രധാന ജലഗതാഗത മാർഗ്ഗമായിരുന്ന ഭാരതപ്പുഴ ഇന്ന് ഉണങ്ങി വരണ്ടുകിടക്കുന്നു.

**വിവിധ ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ട സ്ഥിതി വിവരക്കണക്കുകളും പ്രശ്നങ്ങളും താഴെ കൊടുക്കുന്നു.**

തിരൂർ-കുറ്റിപ്പുറം റോഡിൽ പള്ളിപ്പടി മുതൽ കോലുപ്പാലം വരെ 7 കി.മി നീളത്തിലുള്ള റോഡാണ് പഞ്ചായത്തിലെ ജനങ്ങളെ പുറം ലോകവുമായി പ്രധാനമായും ബന്ധപ്പെടുത്തുന്നത്. അതുപോലെ പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട റോഡാണ് പുത്തനത്താണി-തിരുനാവായ റോഡ്. തിരൂർ-കുറ്റിപ്പുറം റോഡിൽ താഴത്തറഭാഗത്ത് താൽക്കാലിക അറ്റകുറ്റപ്പണി മാത്രംനടത്തുന്നതിനാൽ എല്ലാ വർഷക്കാലങ്ങളിലും റോഡ് കേടുവരുകയും വഴി നടക്കാൻപോലും കഴിയാത്ത വിധം ദുരിതപൂർണ്ണമാവുകയും ചെയ്യുന്നു. ഈ റോഡിൽ പമ്പ് ഹൗസ്മുതൽ കിഴക്കോട്ട് 200 മീറ്റർ നീളത്തിൽ പുഴയോട് ചേർന്നു കിടക്കുന്നതിനാൽ കരഭാഗം കവർന്നെടുക്കപ്പെടുന്നു. പ്രസ്തുത റോഡിന്റെ തിരുനാവായ ജംഗ്ഷനിൽ ഓടകളില്ലാത്തതിനാൽ ടൗണിൽ വെള്ളം കെട്ടിക്കിടക്കുകയും കടകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ റോഡിൽ കുമിഞ്ഞുകൂടുകയും ചെയ്യുന്നു. അതുപോലെത്തന്നെ തിരുനാവായപുത്തനത്താണി റോഡിന്റെ എടക്കുളം അങ്ങാടിയിലെ ഡ്രെയിനേജ് നിർമ്മാണം പൂർത്തിയാക്കിയെങ്കിൽ മാത്രമേ അങ്ങാടിയിലെ ശുചീകരണവും മറ്റു കാര്യങ്ങളും ശരിയായ രീതിയിൽ നടക്കുകയുള്ളൂ.

## പഞ്ചായത്തു റോഡുകൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള ആകെ റോഡുകളുടെ നീളം 54.260 കി.മീറ്ററാണ്. ഇതിൽ 14.800 കി.മി ദൂരം ടാർ ചെയ്ത റോഡുകളാണ്. ഇവയിൽ രണ്ടാൽ-അല്ലൂർ റോഡ്, മുട്ടിക്കാട്-ഇല്ലത്തുപടി റോഡ്, മുട്ടിക്കാട്-മൈലാടിയാൽ റോഡ്, പള്ളിപ്പടി-NMHS റോഡ്, തിരുത്തി-പല്ലാർ ഹരിജൻ കോളനി റോഡ്പട്ടർനടക്കാവ്-വലിയുപറപ്പൂർ റോഡ്, വൈരംകോട്-മൈലാടിയാൽ റോഡ് കാരത്തൂർ-ബീരാഞ്ചിറ റോഡ്, എന്നിവ പ്രധാന റോഡുകളാണ്. പൊതുഫണ്ടിന്റെ ബഹുഭാഗവും ചെലിവഴിക്കപ്പെട്ടാലുണ്ടാകുന്ന വികസന പ്രതിസന്ധി തരണം ചെയ്യാൻ ജനകീയ സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കേണ്ടതുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കായി 615442 രൂപ ചെലവഴിച്ചിട്ടുണ്ട്. മിക്കറോഡുകൾക്കും നിശ്ചിത വീതിയില്ലെന്നത് നിലവിലുള്ള പദ്ധതിയനുസരിച്ച് ടാർ ചെയ്യുന്നതിനും മറ്റും തടസ്സം സൃഷ്ടിക്കുന്നു. നിലവിലുള്ള PWD റോഡുകളുടെയും പഞ്ചായത്ത് റോടുകളുടേയും വികസനപ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമ സഭയിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളാണ്

## PWD റോഡ്

1. PWD റോഡിൽ പമ്പ് ഹൗസ് മുതൽ പടിഞ്ഞാറോട്ട് ഏകദേശം 300 മീറ്റർ വരെ റോഡ് ഉയർത്തിയാൽ നീർകെട്ടുമൂലം റോഡ് കേടുവരുന്നത് ഒഴിവാക്കാം.
2. തിരുനാവായ ജംഗ്ഷൻ മുതൽ കടവുവരെ നിലവിലുള്ള ഡ്രെയിനേജ് സ്ലാബിട്ടു മൂടുക.
3. എടക്കുളം പട്ടർ നടക്കാവ്, വൈരംകോട്, തിരുനാവായ ടൗണുകളിൽ അവശേഷിക്കുന്ന സ്ഥലത്ത് പുതിയ ഡ്രെയിനേജുകൾ നിർമ്മിക്കണം.
4. തിരുന്നാവായ-പുത്തനത്താണി റോഡിൽ തിരുനാവായ ജംഗ്ഷനിൽ അവശേഷിക്കുന്ന 60 മീറ്ററോളം നീളം വരുന്ന സ്ഥലം റോഡ് ഉയർത്തി സൗകര്യപ്രദമാക്കണം.

# പട്ടിക-1

## തിരുനാവായ ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള റോഡുകൾ (പഞ്ചായത്ത് റോഡ്)

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ. | ഒരു വർഷത്തിൽ ചിലവഴിക്കപ്പെടുന്ന പൊതു ഫണ്ട് (രൂപ) | ടാർ & മെറ്റൽ | | ഓട | | കലുങ്ക് | | ടാർ ചെയ്യേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | |
| I | 1 | രണ്ടാൽ - അല്ലൂർ റോഡ് | 2.000 | 6 | | ✓ | | | | | | ✓ |
| | 2 | മേടിപ്പാറ-ചോഴിപ്പടി റോഡ് | 0.350 | 3 | | | ✓ | | | | | |
| | 3 | അനന്താവൂർ-അംഗൻവാടി റോഡ് | 0.500 | 4 | 4930.00 | | ✓ | | | | | |
| | 4 | ചോഴിപ്പടി-കണ്ടംപാററോഡ് . | 0.350 | 2.5 | | | ✓ | | | | | |
| | 5 | ചേരൂരാൽ ഹൈസ്ക്കൂൾ-അനന്താവൂർ പാടം റോഡ് | 0.600 | 4 | | | ✓ | | | | | |
| | 6 | അടിച്ചോല -ഇടവഴി റോഡ് . | 0.600 | 4 | 4889.00 | | ✓ | | | | | |
| | 7 | സ്ക്കൂൾ- പടിചെനപ്പുറം റോഡ് | 0.800 | 4 | | | ✓ | | | | | |
| | 8 | ചെനക്കൽകണ്ടംപാറ കുണ്ടനിതോട് റോഡ് | 0.750 | 4 | | | ✓ | | | | | |
| | 9 | മേടിപ്പാറ-ഇല്ലത്തപ്പടി റോഡ് | 0.150 | 6 | | | ✓ | | | | | |
| | 10 | കണ്ടംപാറ-ചെനക്കൽ റോഡ് | 0.450 | 4 | | ✓ | ✓ | | | | | |
| | 11 | ചേരുരാൽ മദ്രസ- രണ്ടാൽ റോഡ് | 0.650 | 4 | | ✓ | ✓ | | | | | |
| | 12 | ചേരുരാൽ അങ്ങാടി - മസ്ജിദ് റോഡ് | 0.100 | 4 | | | ✓ | | | | | |
| | 13 | മൈലാടിയാൽ-പാലക്കൽനിലം റോഡ് | 0.650 | 6 | | ✓ | ✓ | | | | | |
| I | 1 | മുട്ടിക്കാട് - ചെനപ്പുറം റോഡ് | 1.300 | 6, 7 | | 0.600 | ✓ | | | | | |
| | 2 | കമാനം - കാത്തക്കരപള്ളി റോഡ് | 0.600 | 4 | 22707 | 0.200 | ✓ | | | | | |
| | 3 | മുട്ടിക്കാട് - മന്ദകൈലം റോഡ് | 0.650 | 4 | | | ✓ | | | | | |
| | 4 | കൂത്ത്കല്ല് പറമ്പ്-ഹരിജൻ കോളനി റോഡ് | 0.500 | 4 | | 0.200 | ✓ ✓ | | | | | |
| | 5 | മുട്ടിക്കാട്-തോയൽപാടം റോഡ് | 0.400 | 4 | | | ✓ | | | | | |
| | 6 | മുട്ടിക്കാട് കൈത്തക്കര പള്ളിറോഡ് | 1.250 | 4 | 424140.00 | ✓ | | | | | | |
| | 7 | ചന്ദനക്കാവ്-ചെനപ്പുറം റോഡ് | 0.500 | 4 | | | ✓ | | | | | |
| I | 1 | കുത്തുകല്ല്-ചേലൂരുത്തി റോഡ് | 0.260 | 4 | 4729.00 | | ✓ | | | ✓ | | |
| | 2 | പരപ്പാര-മാട്ടാഞ്ചിറ റോഡ് | 0.350 | 3 | | | ✓ | | | | | |
| | 3 | കൈത്തക്കര -ചെനക്കൽ റോഡ് | 0.650 | 4 | | | ✓ | | | | | |
| | 4 | കൂത്ത്കല്ല് - പരപ്പാര റോഡ് | 0.450 | 4 | | 0.200 | ✓ | | | | | |
| V | 1 | മുട്ടിക്കാട്-കോന്നല്ലൂർ-വളയന്തടം റോഡ് | 2.200 | 4 | 40978.00 | 0.350 | ✓ | | | | | |
| | 2 | വല്ല്യാപ്പടി-വെള്ളാറമ്പ് റോഡ് | 0.350 | 3 | | | ✓ | | | | | |
| | 3 | വലിയപറപ്പൂർ-ഹരിജൻകോളനിറോഡ് | 0.850 | 6 | | | ✓ | | | | | |
| | 4 | വടക്കേത്തല-കോന്നല്ലൂർ റോഡ് | 0.600 | 4 | | | ✓ | | | | | |
| | 5 | പൂലിക്കാട് - അത്തിക്കാട് റോഡ് . | 0.500 | 3 | | | ✓ | | | | | |

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ. | ഒരു വർഷത്തിൽ ചിലവഴിക്കപ്പെടുന്ന പൊതു ഫണ്ട് (രൂപ) | ടാർ & മെറ്റൽ | | ഓട | | കലുങ്ക് | | റീ ടാർ ചെയ്യേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | |
| | 6 | കുണ്ടിലങ്ങാടി-മങ്കുത്തിപറമ്പ് റോഡ് | 0.650 | 4 | | | ✓ | | | | | |
| V | 1 | പട്ടർനടക്കാവ്-വലിയപറപ്പൂർ റോഡ് | 1.000 | 4 | | ✓ | | | | | | ✓ |
| | 2 | കുണ്ടുകുളം-വലിയപറപ്പൂർ കായൽ റോഡ് | 0.500 | 4 | | 0.260 | ✓ | | | | | |
| | 3 | പറപ്പൂർ -തലവലിയപറപ്പൂർ കായൽപാടം റോഡ് | 1.000 | 4 | 4956.00 | 0.200 | ✓ | | | | | |
| | 4 | കുണ്ടിലങ്ങാടി-വലിയപറപ്പൂർ വല്ലിപ്പറമ്പ് റോഡ് . | 0.600 | 3.5 | 4817.00 | | ✓ | | | | | |
| | 5 | താക്കലമ്പലം-വെള്ളാറമ്പ് റോഡ് | 0.700 | 4 | 4876.00 | | ✓ | | | | | |
| | 6. | പട്ടർനടക്കാവ്-പീടിയേക്കൽ റോഡ് | 0.750 | 4 | | | ✓ | | | | | |
| | 7. | പല്ലിപ്പറമ്പ്-വലിയപറപ്പൂർ മുക്കില പീടിക റോഡ് . | 0.350 | 3 | | | ✓ | | | | | |
| VI | 1. | കാതനങ്ങാടി- ഒളകര-മൂഡമ്പാറ കായൽറോഡ് | 0.600 | 4 | | | ✓ | | | | | |
| | 2 | മണ്ണാരക്കുന്ന്-ചെറുകുളം റോഡ് | 0.650 | 3 | 494200 | 0.50 | ✓ | | | | | |
| | 3 | കളരിപ്പറമ്പ് -ചെറുകുളം റോഡ് | 0.650 | 3 | 4608.00 | | ✓ | | | | | |
| | 4 | ഒളകര-വലിയപറപ്പൂർ കായൽ റോഡ് | 0.250 | 2.5 | | 0.200 | ✓ | | | | | |
| VII | 1 | കുമ്മുംപുറം കടകശ്ശേരി റോഡ് | 0.600 | 3 | 4998.00 | 0.200 | ✓ | | | | | |
| | 2 | നീറ്റിൻ കര-പാറമ്മൽ-ചാലിയപ്പാടം റോഡ് . | 0.400 | 4 | | | ✓ | | | | | |
| | 3 | കാതനങ്ങാടി-കുന്നുംപുറം രോഡ് | 0.350 | 2.5 | | | | | | | | |
| | 4 | കുണ്ടുകുളം-പല്ലാറ്റുകായൽ റോഡ് | 0.400 | 3 | | 0.200 | ✓ | | | | | |
| | 5 | കന്നുംപുറം-നീറ്റിൻകര റോഡ് | 0.600 | 4 | | 0.400 | ✓ | | | | | |
| VIII | 1 | പള്ളിപടി-നവാമുകുന്ദഹൈസ്ക്കൂൾ റോഡ് | 0.800 | 4, 5 | | 0.100 | ✓ | | | | | |
| | 2 | നവാമുകുന്ദഹൈസ്ക്കൂൾ-ചെറുപറമ്പ് ഹരിജൻകോളനിറോഡ് | 0.600 | 3.4 | | | ✓ | | | | | |
| | 3 | താഴത്തറ-ചങ്ങമ്പള്ളിറോഡ് | 1.000 | 4, 6 | | 0.500 | ✓ | | | | | |
| | 4 | ഗോവിന്ദൻകുട്ടി മെമ്മോറിയൽ റോഡ് | 0.800 | 3 | | | ✓ | | | | | |
| | 5 | അയനിക്കുളം റോഡ് | 0.250 | 3 | | | ✓ | | | | | |
| | 6 | പറേക്കളം റോഡ് | 0.400 | 3, 4 | 4970.00 | | ✓ | | | | | |
| | 7 | മൊയ്തീൻകുരിക്കൾ റോഡ് . | 500 | 4, 5 | | | ✓ | | | | | |
| | 8 | തുണൽ വളവിൽ നിന്ന് പള്ളിപടി N.M.H.S റോഡ് | 0.200 | 3.4 | | | ✓ | | | | | |
| | 9 | മാളിയേക്കൽ വലിയ പറമ്പ് ഫുട്പാത്ത് . | 0.350 | 2.5 | 4952.00 | | ✓ | | | | | |
| | 10 | കിഴക്കില്ലത്ത് ഫുട്പാത്ത് | 0.250 | 2 | 5000.00 | | ✓ | | | | | |
| | 11 | താഴത്തറ കടവ് റോഡ് | 0.100 | 15 | | | ✓ | | | | | |
| | 12 | കളത്തുംപറമ്പ് ഹരിജൻകോളനി ഫുട്പാത്ത് . | 0.500 | 2, 2.5 | | | ✓ | | | | | |
| IX | 1. | കൊടക്കൽ -വാവൂർകുന്ന് റോഡ് | 1.200 | 4 | | | ✓ | | | | | |
| | 2 | ചീർപ്പുംകുണ്ട് - ചെറുപറമ്പ് ഹരിജൻകോളനി റോഡ് | 0.400 | 3 | | | ✓ | | | | | |
| | 3 | തിരുനാവായ കടവ് റോഡ് | 0.100 | 15 | | | ✓ | | | | | |

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ. | ഒരു വർഷത്തിൽചിലവഴിക്കപ്പെടുന്ന പൊതു ഫണ്ട് (രൂപ) | ടാർ & മെറ്റൽ | | ഓട | | കലുങ്ക് | | റീ ടാർ ചെയ്യേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | |
| X | 1 | അജ്ജിതംപടി- ഇല്ലപറമ്പ് റോഡ് | 1.000 | 3 | | | ✓ | | | | | |
| | 2 | പല്ലാർ-ചൂണ്ടിക്കൽ റോഡ് | 0.500 | 3 | | | ✓ | | | | | |
| | 3 | പുഞ്ചപ്പാടം റോഡ് | 0.600 | 3 | | | ✓ | | | | | |
| | 4 | പാലത്തുകുണ്ട് ഫുട്പാത്ത് . | 0350 | 3.4 | | | ✓ | | | | | |
| XI | 1 | ബീരാൻഞ്ചിറകാരത്തൂർ റോഡ് | 1.600 | 6 | | ✓ | | | | | | ✓ |
| | 2 | കൊടക്കൽ ബന്തർക്കടവ് റോഡ് | 0.600 | 4.5 | | | ✓ | | | | | |
| | 3 | അഴകത്ത് കുളം ഹരിജൻകോളനി റോഡ് | 0.200 | 4 | | | ✓ | | | | | |
| | 4 | C.S.I റോഡ് | 0.300 | 4 | | | ✓ | | | | | |
| | 5 | C.S.I ബൈപാസ്റോഡ് | 0.300 | 4 | | | ✓ | | | | | |
| | 6 | മേടമ്മൽ ഹരിജൻകോളനി റോഡ് | 0.500 | 3 | 4369.00 | | ✓ | | | | | |
| XII | 1 | ശംസുൽഹുദാ മദ്രസ റോഡ് | 0.600 | 4 | 4272.00 | | | | | | | |
| | 2 | കാരത്തൂർ വടക്കെ വയൽപാടം റോഡ് . | 0.700 | 4 | | 0.500 | ✓ | | | | | |
| | 3 | വെളുത്താട്ടില്ലം റോഡ് | 0.600 | 4 | | | ✓ | | | | | |
| | 4 | വിഷവൈദ്യൻ റോഡ് | .350 | 4 | | 0 .180 | ✓ | | | | | |
| XIII | 1 | തിരുത്തി-പല്ലാർ ഹരിജൻകോളനി റോഡ് | 2.000 | 6 | | 1.300 | ✓ | | | | | |
| | 2 | വൈരങ്കോട് -പല്ലാർ ജുമാമസ്ജിദ് റോഡ് | 0.350 | 4 | | 0.100 | ✓ | | | | | |
| | 3 | വൈരങ്കോട് A.M.U.P.S -ചാലിയപ്പാടം റോഡ് | 0.450 | 4 | | | ✓ | | | | | |
| | 4 | പല്ലാർ ജുമാമസ്ജിദ്- ചൂണ്ടിക്കൽ റോഡ് | 0.750 | 4 | 60630.00 | 0.100 | | | | | | ✓ |
| XIV | 1 | വൈരങ്കോട് - മൈലാടിയാൽ റോഡ് | 1.350 | 6 | | ✓ | ✓ | | | | | |
| | 2 | കുത്ത കല്ല് -ചേലുരുത്തി-പടിഞ്ഞാറേക്കര റോഡ് | 1.000 | 4 | | | ✓ | | | | | |
| | 3 | വൈരങ്കോട് -കൊച്ചിക്കോട്-തുറക്കൽ റോഡ് | 1.400 | 4 | | | ✓ | | | | | |
| | 4 | മൈലാടിയാൽ-പടിക്കലപ്പാടം റോഡ് | 1.100 | 4 | | | ✓ | | | | | |
| | 5 | വൈരങ്കോട് A.M.U.P.S ഫുട്പാത്ത് | 0.400 | 1.5 | | | ✓ | | | | | |
| | | ആകെ | 54.260 | 14.800 | | | | | | | | |

585

പട്ടിക-II

## പഞ്ചായത്തിലെ ടാർറോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ഉടമ സ്ഥത | ആകെ ദൂരം. കി.മി | വീതി മീ. | ടാർ ചെയ്ത ദൂരം | ബസ്സ്/മററ് യാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | പള്ളിപ്പടി-കോലൂപാലം റോഡ് | PWD | 7 | 12 | 7 | ഉണ്ട് |
| 2 | കൊടക്കൽ - ബീരാൻചഞ്ചിറ റോഡ് | PWD | 1.5 | 8 | 1.5 | ഉണ്ട് |
| 3 | പട്ടർനടക്കാവ് -കാട്ടിലങ്ങാടി റോഡ് | PWD | 2.5 | 8 | 2.5 | ഭാഗികമായി ഉണ്ട് |
| 4 | പട്ടർനടക്കാവ് -വൈരങ്കോട് റോഡ് | PWD | 1.5 | 8 | 1.5 | ,, |
| 5 | തിരുനാവായ -ബാവപ്പടിറോഡ് | PWD | 7 | 12 | 7 | ഉണ്ട് |
| 6 | രണ്ടാൽ-അല്ലൂർ റോഡ് | പഞ്ചായത്ത് | 2 | 6 | 2 | ഇല്ല |
| 7 | മുട്ടിക്കാട് - ചെനപ്പുറം റോഡ് | ,, | 1.3 | 6.8 | 0.600 | ഇല്ല |
| 8 | കമാനം-കൈത്തക്കര പള്ളി റോഡ് | ,, | 0.600 | 4 | 0.200 | ഇല്ല |
| 9 | കൂത്ത്കല്ലപറമ്പ് ഹരിജൻകോളനി റോഡ് | ,, | 0.400 | 4 | 0.200 | ഇല്ല |
| 10 | കൂത്ത്കല്ല്-പരപ്പാര റോഡ് | ,, | 0.400 | 4 | 0.200 | ഇല്ല |
| 11 | മുട്ടിക്കാട് -കോന്നല്ലൂർ-വളയന്തടംറോഡ് | ,, | 2.000 | 4 | 0.350 | ഇല്ല |
| 12 | കുണ്ടുകുളം- വലിയപറപ്പൂർ കായൽ റോഡ് | ,, | 0.400 | 4 | 0.200 | ഇല്ല |
| 13 | കുണ്ടിലങ്ങാടി - വലിയപറപ്പൂർ -പള്ളിപറമ്പ്റോഡ് | ,, | 0.550 | 3.5 | 0.200 | ,, |
| 14 | മണ്ണാരകുന്ന് ചെറുകുളം റോഡ് | ,, | 0.600 | 3 | 0.150 | ,, |
| 15 | ഒളകര-വലിയപറപ്പൂർ കായൽ റോഡ് | ,, | 0.250 | 2.5 | 0.200 | ,, |
| 16 | കുന്നുംപുറം -കടകശ്ശേരി റോഡ് | ,, | 0.500 | 3 | 0.200 | ,, |
| 17 | കുണ്ടുകുളം - പല്ലാറ്റുകായൽ റോഡ് | ,, | 0.400 | 3 | 0.200 | ,, |
| 18 | പള്ളിപ്പടി - നവാമുകുന്ദ ഹൈസ്ക്കൂൾ റോഡ് | ,, | 0.800 | 4,5 | 0.100 | ,, |
| 19 | താഴത്തറ-ചങ്ങമ്പള്ളി റോഡ് | ,, | 0.900 | 4,6 | 0.500 | ,, |
| 20 | ബീരാൻചിറ-കാരത്തൂർ റോഡ് | ,, | 1.500 | 6 | 1.500 | ,, |
| 21 | കാരത്തൂർ വിഷവൈദ്യൻ റോഡ് | ,, | 0.350 | 4 | 0.180 | ,, |
| 22 | വെളുത്താട്ടില്ലം റോഡ് | ,, | 0.600 | 4 | 0.600 | ,, |
| 23 | തിരുത്തി - പല്ലാർ ഹരിജൻകോളനി റോഡ് | ,, | 2.000 | 6 | 1.300 | ,, |
| 24 | വൈരങ്കോട്-പല്ലാർ ജുമാമസ്ജിദ് റോഡ് | ,, | 0.300 | 4 | 0.100 | ,, |
| 25 | പല്ലാർ-ജുമാമസ്ജിദ് -ചൂണ്ടിക്കൽ റോഡ് | ,, | 0.700 | 4 | 0.100 | ,, |
| 26 | വൈരങ്കോട്- മൈലാടിയാൽ റോഡ് | ,, | 1.300 | 6 | 1.300 | ,, |
| 27 | പട്ടർനടക്കാവ്- വലിയ പറപ്പൂർ റോഡ് | ,, | 1.000 | 4 | 1.000 | ,, |
| 28 | മുട്ടിക്കാട് - കൈത്തക്കര പള്ളിറോഡ് | ,, | 1.250 | 4 | 1.250 | ,, |
| 29 | ചേരൂരാൽ മദ്രസ-രണ്ടാൽറോഡ് | ,, | 0.650 | 4 | 0.650 | ,, |
| 30 | മൈലാടിയാൽ -പാലക്കൽനിലം റോഡ് | ,, | 0.650 | 6 | 0.650 | ,, |
| 31 | കാരത്തൂർ വടക്കെ വയൽപാടം റോഡ് | ,, | 0.700 | 4 | 0.500 | ,, |

പട്ടിക III

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് | ക്രമ നമ്പർ | നിർദ്ദേശിക്കുന്ന പേര് | ദൂരം കി.മി |
|---|---|---|---|
| I | 1 | ചെനപ്പുറം ഇല്ലത്തുപടി ഹരിജൻകോളനി റോഡ് | 0.500 കി.മി |
| | 2 | കണ്ടംപാറ-ചെനപ്പുറം റോഡ് | 0.500 ,, |
| | 3 | അടിച്ചോല ഇടവഴി ചെനപ്പുറം റോഡ് | 0.600 ,, |
| II | 1 | മുട്ടിക്കാട് -പൂഴിക്കുന്ന് റോഡ് | 0.550 ,, |
| | 2 | ഇഖ്ബാൽ നഗർ-പാറമ്മൽ റോഡ് | 0.500,, |
| | 3 | മന്ദലം -കുന്ദനാക്കൽ - കുണ്ടിലങ്ങാടി റോഡ് | 0.500,, |
| III | 1 | പരപ്പാര - പാലക്കൽറോഡ് | 0.400,, |
| | 2 | കൈത്തക്കര-അമ്പലപറമ്പ് ഫുട്പാത്ത് റോഡാക്കൽ | 0.500,, |
| | 3 | പരപ്പാര-മോയോട്ടുപാടം റോഡ് | 0.200,, |
| | 4 | പുത്തനങ്ങാടി -അനന്താവൂർ കായൽ റോഡ് | 0.600,, |
| IV | 1 | പട്ടർനടക്കാവ് കമാനം കനാൽ സൈഡിലൂടെ കോന്നല്ലൂർ റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ ഫുട്പാത്ത് | 1.000,, |
| | 2 | കുണ്ടിലങ്ങാടി സ്കൂൾപടി -കോന്നല്ലൂർപള്ളി റോഡ് | 0.800,, |
| | 3 | നമ്പ്യാംകുന്ന് വെള്ളച്ചാൽ റോഡ് | 0.250,, |
| | 4 | കുണ്ടിലങ്ങാടി - ചോലപ്പാടം -കോന്നല്ലൂർ റോഡുമായി ബന്ധിപ്പിക്കുന്നറോഡ് | 0.600,, |
| V | 1 | കുണ്ടിലങ്ങാടി- വലിയ പറപ്പൂർ റോഡിൽ നിന്ന് പട്ടർനടക്കാവ് വലിയ പറപ്പൂർ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് | |
| | 2 | കുണ്ടരിച്ചോല-വെള്ളാറമ്പ് റോഡ് | 0.750,, |
| | 3 | പട്ടർനടക്കാവ്-വലിയപറപ്പൂർ പീടിയേക്കൽ ഫുട്പാത്ത് റോഡാക്കൽ | 0.300,, |
| | 4 | കുണ്ടിലങ്ങാടി -മകുത്തിപറമ്പ് റോഡ് | 0.650,, |
| VI | 1 | വലിയ പറപ്പൂർ കായൽ-നടുവട്ടംറോഡ് | 1.000,, |
| | 2 | ചക്കാലി -വലിയപറപ്പൂർ കായൽ വരെ റോഡ് | 0.500,, |
| | 3 | എടക്കുളം-തോട്ടായി പാലംറോഡ് | 1.000,, |
| VII | 1 | പീടിയേക്കൽ-കടകശ്ശേരി-കുന്നുംപുറം റോഡ് | 0.300,, |
| | 2 | നീറ്റിൻകര-കറുകയിൽ-ചാലിയപാടം റോഡ് | 0.500,, |
| VIII | 1 | പള്ളിപ്പടി N.M.H.S റോഡും , താഴത്തറ ചങ്ങമ്പള്ളിറോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ചങ്ങമ്പള്ളി ഹരിജൻകോളനിറോഡ് | 0.400,, |
| | 2 | തിരുനാവായ ജംഗ്ഷൻ- മാളിയേക്കൽ ഫുട്പാത്ത്റോഡ് | 0.300,, |
| | 3 | മാളിയേക്കൽ ഇടവഴി ഫുട്പാത്താക്കൽ | 0.300,, |

| വാർഡ് | ക്രമ നമ്പർ | നിർദ്ദേശിക്കുന്ന പേര് | ദൂരം കി.മി |
|---|---|---|---|
| IX | 1 | കൊടക്കൽ വാവൂർകുന്ന്റോഡ് -തിരുത്തിറോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് | 0.400കി.മി |
| | 2 | കിളിക്കൊടി ഇടവഴി അഭിവൃദ്ധിപ്പെടുത്തി റോഡാക്കൽ | 0.250,, |
| | 3 | മങ്കുഴി ഇടവഴി അഭിവൃദ്ധിപ്പെടുത്തൽ | 0.200,, |
| | 4 | തിരുത്തി -വാവൂർപാടം ഇടവഴി റോഡാക്കൽ | 0.250,, |
| | 5 | ലിഫ്റ്റ് ഇറിഗേഷൻ കനാൽ സൈഡിലൂടെ തിരുനാവായ ജംഗ്ഷൻ മുതൽ കനാൽ അവസാനിക്കുന്നത് വരെ ബൈപാസ് റോഡ് നിർമ്മിക്കൽ | 0.500,, |
| | 6 | തിരൂർ കുറ്റിപ്പുറം റോഡിൽ തിരുനാവായ ഗ്രാമീണ ബാങ്കിന് പടിഞ്ഞാറ് ഭാഗത്തു നിന്നും ഭാരതപ്പുഴയിലേക്ക് റോഡ് നിർമ്മിക്കൽ | 0.300,, |
| X | 1 | അവസാനകാരത്തൂരിൽ നിന്നും ഇല്ലപ്പറമ്പ്-അജിതപടി റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് | 0.250,, |
| XI | 1 | വെങ്കുളം -മുതിരവളപ്പിൽ ഇടവഴി ഫുട്പാത്താക്കി CSI ചർച്ച് റോഡുമായി ബന്ധിപ്പിക്കൽ | 0.400,, |
| | 2 | CSI ഫുട്പാത്ത് അവസാന കാരത്തൂർ വരെ നീട്ടി റോഡ് നിർമ്മിക്കൽ | 0.800,, |
| | 3 | കൊടപ്പുഴ-ഇരുമ്പുഴവഴി റോഡ് നിർമ്മിക്കൽ | 0.300,, |
| | 4 | അഴകത്തുകളം -ശ്മശാനം ഫുട്പാത്ത് | 0.400 ,, |
| XII | 1 | വിഷവൈദ്യൻ റോഡ് വടക്കെവയൽ പാടവുമായി ബന്ധിപ്പിക്കുലൽ | 0.150,, |
| | 2 | വെളുത്താട്ടില്ലം റോഡ്-പാടം- അംഗൻവാടിറോഡ് | 0.200,, |
| | 3 | കാരത്തൂർ പുഞ്ചപ്പാടം-പല്ലാർ നടപ്പാത | 0.200,, |
| | 4 | കാരത്തൂർ കടുക്കുണ്ട് റോഡ് | 0.400,, |
| XIII | 1 | പാലത്തുകുണ്ട് നടപ്പാത തുരുത്തിവാവൂർ കുന്നുമായി ബന്ധിപ്പിക്കൽ | 0.300,, |
| | 2 | പാലപറമ്പ് ഇടവഴി റോഡാക്കൽ | 0.500,, |
| | 3 | കല്ലിങ്ങൽ ഇടവഴി റോഡാക്കൽ | 0.600,, |
| | 4 | നുസ്റത്തുൽ ഇസ്ലാം പുഞ്ചപ്പാടം ഇടവഴി റോഡാക്കൽ | 0.650,, |
| | 5 | പല്ലാർ ജുമാമസ്ജിദ് മുതൽ പഴന്തലക്കാട്ട് വരെ | 0.400,, |
| XIV | 1 | മൈലാടിയാൽ-കൈത്തക്കരതോട് വരെ റോഡ് | 1.500,, |
| | 2 | വൈരങ്കോട്-വലിയപറമ്പ്-അല്ലൂരുമായി ബന്ധിപ്പിക്കുന്ന റോഡ് | |
| | 3 | കുണ്ടനാപ്പാലം മുതൽ അനന്താവൂർ കായൽപാടം വരെ റോഡ് | 0.500,, |
| | 4 | മൈലാടിയാൽ-ചീരാംകുളങ്ങര ജംഗ്ഷൻ റോഡ് | 0.300,, |

5. പുത്തനത്താണി-തിരുന്നാവായ-ചന്ദനക്കാവ് റോഡിന്റെ ഇരു ഭാഗത്തും ഡ്രെയിനേജ് നിർമ്മിച്ച് റോഡ് കേടുവരുന്നത് തടയേണ്ട താണ്.

6. വൈരംകോട് അങ്ങാടിയിൽ 200 മീറ്റർ നീള ത്തിൽ റോഡുയർത്തി ഡ്രേയിനേജ് നിർമ്മി ക്കണം.

7. കാരത്തൂർ അങ്ങാടിയിൽ റോഡിന്റെ ഇരുഭാ ഗത്തും റോഡ് ഉയർത്തി ഡ്രെയിനേജ് നിർമ്മി ക്കണം.

8. തിരുനാവായ ജംഗ്ഷൻ മുതൽ താഴത്തറ വരെ യുള്ള റോഡിന്റെ ഇരുഭാഗത്തും ഡ്രെയിനേജ് നിർമ്മിക്കണം.

9. തിരുനാവായ-കുറ്റിപ്പുറം റോഡിൽ പമ്പ്ഹൗസ് മുതൽ കിഴക്കോട്ട് 200 മീറ്റർ നീളത്തിൽ പുഴ യോട് ചേർന്നു കിടക്കുന്ന ഭാഗം സൈഡ് കെട്ടി സംരംക്ഷിക്കണം.

10. തിരുനാവായ കുറ്റിപ്പുറം റോഡിൽ തിരുന്നാ വായ ജംഗ്ഷന് സമീപമുള്ള ഓവുപാലം പുതുക്കി പണിയണം.

11 തിരുന്നാവായയും തവനൂരും തമ്മിൽ ബന്ധി പ്പിക്കുന്നതിന് ഭാരതപ്പുഴക്ക് കുറുകെ കോസ്‌വെ നിർമ്മിക്കണം..

12 പട്ടർനടക്കാവ്‌വൈരകോട് റോഡിലെ കൈത്ത ക്കരപാലം പുതുക്കി പണിയണം.

## റെയിൽവെ

1. തിരുനാവായ റെയിൽവേസ്റ്റേഷൻ വികസിപ്പിച്ച് പ്രധാനപ്പെട്ട ട്രെയിനുകൾക്ക് സ്റ്റോപ്പനുവധി ക്കുക.

2. തിരുനാവായ ലെവൽ ക്രോസിന് അടുത്ത് ഹെപ്പേഴസ കീ രീതിയിലുള്ള ഗെയ്റ്റ് സ്ഥാപിച്ച് ഗതാഗത തടസ്സ സമയം ലഘൂകരിക്കുക.

3. തിരുനാവായ ചൂണ്ടിക്കൽ റെയിൽവെലൈനിന് കുറുകെ ഫൂട്ട് ഓവർ ബ്രീഡ്ജ് നിർമ്മിക്കുക.

**പഞ്ചായത്തു റോഡുകളും മറ്റു കാര്യങ്ങളും.**

1. നീറ്റിൻകര പാലം പുതുക്കിപ്പണിയണം.

2. ഇല്ലപ്പറമ്പ് റോഡിൽ നിന്ന പുഴക്ക് പാലം നിർമ്മിച്ച് പല്ലാറുമായി ബന്ധിപ്പിക്കണം.

3. തിരുത്തി പല്ലാർ ഹരിജൻ കോളനി റോഡിന്റെ പാർശ്വഭാഗങ്ങൾ കെട്ടി സംരക്ഷിക്കണം.

4. അറോട്ടിപാലം പുതുക്കി പണിയണം.

5. മന്ദലംകുന്തനാക്കൽകുണ്ടിലങ്ങാടി റോഡിൽ കുന്തനാക്കൽ തോടിന് പാലം നിർമ്മിക്കണം.

6. തിരുനാവായയിൽ ബസ്സ്സ്റ്റാന്റ് നിർമ്മി ക്കണം.

7. തിരുന്നാവായ-, എടക്കുളം- പട്ടർനടക്കാവ്, വൈരംകോട്, കാരത്തൂർ, കൊടക്കൽ എന്നി വിടങ്ങളിൽ ടാക്സി സ്റ്റാന്റുകൾ സ്ഥാപി ക്കണം.

8. പഞ്ചായത്തിലെ താഴെ പറഞ്ഞിട്ടുള്ള സ്ഥങ്ങ ളിൽ വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മിക്കണം.

1. ബാവപ്പടി
2. ചേരുരാൽ ഹൈസ്ക്കൂൾ പടി
3. ഇക്ബാൽ നഗർ
4. മുട്ടിക്കാട്.
5.പട്ടർനടക്കാവ്.
6.കോഴിക്കാട്ടു കുന്ന്
7.കുണ്ടിലങ്ങാടി.
8. കാട്ടിലങ്ങാടി.
9. കുന്നുംപുറം
10. തിരുനാവായതിരുത്തി റേഡ് ജംഗ്ഷൻ
11. താഴത്തറ
12. തുണൽ വളവ്
13. അജിതപ്പടി
14. അവസാനകാരത്തൂർ
15 കാരത്തൂർ ലക്ഷം വീട്
16. ബീരാഞ്ചിറ
17 വൈരങ്കോട്

**മൈനർ ഇറിഗേഷൻ**

തിരുന്നാവായ ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ പ്ളാറ്റ്ഫോമിലൂടെ താഴത്തറ മുതൽ പടിഞ്ഞാററ്റം വരെ ഒരു റോഡ് നിർമ്മിക്കുക.

## ഊർജ്ജം

പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി കണക്ഷൻ ലഭിച്ചത് എന്നാണെന്നതിന് കൃത്യമായ തെളിവുകളില്ല. ഇന്ത്യയിലെത്തന്നെ രണ്ടാമത്തെ ടൈൽ ഫാക്ടറിയായ കൊടക്കൽ ടൈൽ ഫാക്ടറിയിൽ ആണ് ആദ്യമായി വൈദ്യുതി ലഭിച്ചത്.

പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ ആകെ എണ്ണം 6277 ആണ്. ഇനിയും വൈദ്യുതി ലഭിക്കേണ്ട അപേക്ഷകരുടെ എണ്ണം 405 ആണ്. ഇത്രയേറെ ഉപഭോക്താക്കളുണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഓഫീസുകളൊന്നുംതന്നെ തിരുനാവായ പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ഥാപിച്ചിട്ടില്ല.

മലപ്പുറം ജില്ലയിലെ എടരിക്കോട് 66 KVA സബ്സ്റേഷനിൽ നിന്നും തിരൂരിലെ 110 KVA സബ്സ്റേഷനിൽ നിന്നും വഞ്ചിനാട് ലൈൻ വഴിയും, എടപ്പാളിലെ 110 KVA സബ്സ്റ്റേഷനിൽ നിന്നുമാണ് പ്രധാനമായും തിരുന്നാവായ പഞ്ചായത്തിൽ വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ഇരുപത് വോൾട്ടിലും, ചില സ്ഥലങ്ങളിൽ 10 വോൾട്ടിലും കുറഞ്ഞുമാണ് വൈദ്യുതി ലഭിക്കുന്നത്. ആലത്തിയൂരിലും പുത്തനത്താണിയിലുമുള്ള ഇലക്ട്രിക് ഓഫീസുകളിലെത്തി വൈദ്യുതി ചാർജ്ജ് അടക്കുന്നതിനും മറ്റ് കാര്യങ്ങൾക്കും 5 മുതൽ 10 കി.മി വരെ യാത്ര ചെയ്യേണ്ടി വരുന്നു.

മിക്ക ഗ്രാമ സഭകളിൽ നിന്നും വോൾട്ടേജ് കമ്മിയെക്കുറിച്ചുള്ള പരാതികളും ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചാൽ ഇത് പരിഹരിക്കാവുന്നതാണ് എന്ന ധാരണയുമാണ് പുറത്തു വന്നിട്ടുള്ളത്. എന്നാൽ വൈദ്യുതി ഉൽപാദനം ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് വർദ്ധിപ്പിച്ചാലല്ലാതെ വൈദ്യുതി ക്ഷാമം പരിഹരിക്കാനാവില്ലെന്ന നിർദ്ദേശം ചില ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

തിരുന്നാവായ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 11 KVA ലൈനുകളും 3 ഫേസ് ലൈനുകളും സിംഗിൾ ഫേസ് ലൈനുകളും ഉണ്ട്. പഞ്ചായത്തിലെ

**പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ സ്ഥിതി വിവരം**

| ക്രമ നമ്പർ | കപ്പാസിറ്റി | സെക്ഷന്റെ പേര് | സ്ഥാപിച്ച സ്ഥലം |
|---|---|---|---|
| 1 | 250 KVA | ആലത്തിയൂർ | കൊടക്കൽ |
| 2 | 63 KVA | | കൊടക്കൽ |
| 3 | 160 ,, | | തിരുന്നാവായ |
| 4 | 63 ,, | | താഴത്തറ |
| 5 | 250 ,, | | താഴത്തറ |
| 6 | 100 ,, | | പല്ലാർ |
| 7 | 100 ,, | | അജിതപടി |
| 8 | 160 ,, | | കാരത്തൂർ |
| 9 | 160 KVA | പുത്തനത്താണി | എടക്കുളം ടൗൺ |
| 10 | 100 , | | എടക്കുളം പടിഞ്ഞാറ് മുക്ക് |
| 11 | 160 ,, | | കുന്നും പുറം |
| 12 | 100 ,, | | കാദനങ്ങാടി |
| 13 | 100 , | | പട്ടർ നടക്കാവ് |
| 14 | 100 ,, | | വൈരങ്കോട് വെസ്റ്റ് |
| 16 | 160 ,, | | കൈത്തക്കര |
| 15 | 160 ,, | | വലിയപറപ്പൂർ |
| 16 | 100 ,, | | നമ്പ്യാം കുന്ന് |
| 17 | 100 | | കാട്ടിലങ്ങാടി |
| 17 | 100 , | | മുട്ടിക്കാട് |
| 18 | 100, | | ചന്ദനക്കാവ് |
| 19 | 100 ,, | | ചേരുരാൽ H.S പടി |
| 20 | 160 ,, | | ചേരുരാൽ ബാവപ്പടി |

| സോഡിയം വേപ്പർ ലാമ്പുകൾ | ട്യൂബുകൾ | ബൾബുകൾ |
|---|---|---|
| 26 | 9 | 189 |

സ്ട്രീറ്റ് ലൈറ്റുകളെ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു

ഈ പഞ്ചായത്തിൽ ആകെയുള്ള 6277 ഉപഭോക്താക്കളിൽ 4415 ഗാർഹിക ഇനത്തിലും 1045 വ്യാപാര ഇനത്തിലും 77 വ്യവസായിക ഇനത്തിലും 740 കാർഷിക ഇനത്തിലുമാണ്. സ്ട്രീറ്റു ലൈറ്റുകൾക്ക് മാത്രം പ്രതിമാസം 3418 രൂപ അടക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്ത് പ്രധാനമായും രണ്ട് ഇലക്ട്രിസിറ്റി സബ് ഡിവിഷനുകളുടെ കീഴിൽ ആയതിനാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന പരാതികൾ പരിഗണിക്കുന്നതിനും വൈദ്യുതി ചാർജ്ജ് അടക്കുന്നതിനും 5 മുതൽ 10 കി. മീറ്റർ വരെ യാത്ര ചെയ്യേണ്ടി വരുന്നതിനാൽ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നു.
2. ആകെയുള്ള 13 ഹരിജൻ കോളനികളിൽ ഭാഗികമായി മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.
3. പ്രസരണ വിതരണ നഷ്ടം (ലൈനുകൾ മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്നതും, ലൈനുകളിൽ കൃത്യ സമയത്ത് അറ്റകുറ്റപണികൾ നടത്താത്തതും)നിലവിലുള്ള പ്രശ്നമാണ്.
4. പതിനാലു വാർഡുകളിലായി സോഡിയം വേപ്പർ ലാമ്പുകളും ട്യൂബുകളും ഉൾപ്പെടെ 224 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും അവയിൽ പ്രകാശിക്കുന്നവ 10 ശതമാനത്തിൽ താഴെയാണ്.
5. ഫലപ്രദമായി പ്രവർത്തിക്കാത്ത വൈദ്യുതി മീറ്ററുകളും അനധികൃത മാർഗ്ഗത്തിലൂടെയുള്ള ഉപഭോഗവും സർക്കാറിന് വൻ നഷ്ടം ഉണ്ടാക്കുന്നതിന് കാരണമാകുന്നു.
6. പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകാവശ്യത്തിന് ഉപയോഗിക്കുന്നത് വിറകാണ്. ഹരിജൻ കോളനികളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിലും പാചകാവശ്യത്തിന് വിറകുകൾ കിട്ടുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു.

   പഞ്ചായത്തിലെ ആകെ മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം 526 ആണ്
7. സമ്പന്ന കുടുംബങ്ങളിലെ സ്റ്റപ്പ അപ്പ് ഉപയോഗം സാധാരണക്കാരെ വളരെ ദോശകരമായി ബാധിക്കുന്നുണ്ട്.

| A.R.D നമ്പർ | പെർമിറ്റുകളുടെ എണ്ണം |
|---|---|
| 233 | 58 |
| 239 | 45 |
| 236 | 32 |
| 234 | 50 |
| 235 | 12 |
| 238 | 40 |
| 241 | 22 |
| 328 | 08 |
| 237 | 09 |
| 374 | 25 |
| 232 | 88 |
| 228 | 17 |
| 231 | 39 |
| 188 | 01 |
| 366 | 80 |
| ആകെ | 526 |

## സാധ്യതകൾ

1. തിരുന്നാവായ കേന്ദ്രമാക്കി ഒരു ഇലക്ട്രിസിറ്റി കണക്ഷൻ ഓഫീസ് സ്ഥാപിക്കണം.
2. കുറ്റിപ്പുറം 110 ഗഢഅ സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പൂർത്തിയാക്കണം.. സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി കണക്ഷൻ നൽകുമ്പോൾ തിരുന്നാവായ പഞ്ചായത്തിന് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്.
3. പഞ്ചായത്തിലെ സിംഗിൾ ഫേസ് കണക്ഷനുകൾ 3 ഫേസ് കണക്ഷനുകൾ ആക്കണം.

4. എടപ്പാൾ തിരൂർ ലൈനിന്റെ പണി പുനരാംരംഭിക്കണം.

5. തിരുന്നാവായ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം രൂക്ഷമായതിനാൽ ഇവിടേക്കുള്ള വൈദ്യുതി വിതരണം എടപ്പാൾ ഫീൽഡറുമായി ബന്ധിപ്പിച്ച് നടത്തണം.

മിക്ക ഗ്രാമസഭകളിൽ നിന്നും സ്ട്രീറ്റ് ലൈറ്റുകൾക്കും ട്രാൻസ്ഫോർമറുകൾക്കും ആവശ്യം ഉയർന്നു വന്നിട്ടുണ്ടെങ്കിലും പരിമിതികൾ കണക്കിലെടുത്ത് അവ നിജപ്പെടുത്തേണ്ടിയിരിക്കുന്നു.

6 ഉപഭോക്താക്കളുടെ സഹകരണത്തോടെ പ്രസരനഷ്ടം കുറക്കുന്നതിന് ലൈനുകളിൽ ടെച്ച് ചെയ്യുന്ന മരച്ചില്ലകളും മറ്റും മുറിച്ചു നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

7. വൈദ്യുതി കണക്ഷൻ ഇനിയും ലഭിച്ചിട്ടില്ലാത്ത ഹരിജൻ കോളനികളിലെ വീടുകൾ ഉടൻ വൈദ്യുതീകരിക്കേണ്ടതാണ്.

8. സൗരോർജ്ജവിളക്കുകളും സോളാർ പമ്പുകളും നടപ്പിലാക്കുന്നതിന് ആവശ്യമായ സൂര്യപ്രകാശം ലഭിക്കുന്ന പ്രദേശങ്ങളാണ് തിരുന്നാവായ പഞ്ചായത്തിലുള്ളത്. പ്രസ്തുത സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

9. ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരെക്കുറിച്ച് നിരവധി പരാധികൾ ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരിൽ നിന്നും നടപടി ഉണ്ടാകണം.

10 പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുകയും ഗ്യാസ്, മണ്ണെണ്ണ ഇവ ഉപയോഗിച്ച് പാചകം ചെയ്യുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുകയും വേണം. പുകയില്ലാത്ത അടുപ്പിന്റെ പ്രചരണത്തിനും പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും ബോധവത്കരണ ക്ലാസ്സുകൾ ഗ്രാമ സഭാ അടിസ്ഥാനത്തിൽ നട്ത്തണം.


> നമ്മളിലുയരാം നട്ടുകിൽ തിന്നാം നൽകുകിൽ നേട്ടാം
> നമുക്കുനാമേ പണിവതുനാകും നരകവുമതുപോലെ
>
> ഉള്ളൂർ

## പുതിയ ലൈനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കേണ്ടത് സംബന്ധിച്ച വിവരം

| വാർഡ് | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ലൈനിന്റെ സ്വഭാവം | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലം |
|---|---|---|---|
| 1 | | | ചെനപ്പുറം |
| 2 | കോന്നല്ലൂർ, അനന്താവൂർ ലക്ഷം വീടു കോളനികൾ, കുത്ത്കല്ല്പറമ്പ് ഹരിജൻ കോളനി എന്നിവിടങ്ങളിലേക്ക് | 3 ഫേസ് | മുട്ടിക്കാട്ട് നിലവിലുള്ള ട്രാൻഫോർമർ കപ്പാസിറ്റി കൂട്ടുക. കുത്ത്കല്ല്പറമ്പ് ചെനക്കൽ |
| 3 | | | കൈത്തക്കര കുത്ത്കല്ല് |
| 4 | ചെരക്കുരൽ ഭാഗത്തേക്ക് | 3ഫേസ് | കോന്നല്ലൂർ ജുമാമസ്ജിദിന് സമീപം |
| 5 | | 3 ഫേസ് | വലിയപറപ്പൂർ പള്ളിപ്പറമ്പ് |
| 6 | | 3 ഫേസ് | കിഴക്കൻമുക്ക് |
| 7 | | | |
| 8 | തിരുനാവായ ലക്ഷംവീട് കോളനിയിലേക്ക് | 3ഫേസ് | |
| 9 | | | 1.തിരുത്തിപല്ലാർ തിരുവിൽ<br>2.തിരുനാവായ കടവ് |
| 10 | | | വാവൂർ കുന്നിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണം |
| 11 | | | മേടക്കുന്ന് കോളനി |
| 12 | കാരത്തൂർ ലക്ഷം വീട് കോളനിയിലേക്ക് | 3 ഫേസ് | കാരത്തൂർ ജുമാ മസ്ജിദിന് സമീപം |
| 13 | 1.സൗത്ത് പല്ലാർ G.M.L.P.S മുതൽ പാലപറമ്പ് റയിൽവെ വരെ നിലവിലുള്ള ലൈൻ ത്രീഫേസാക്കണം.<br>2.നസ്റത്തുൽ ഇസ്ലാം മദ്രസ ഇടവഴി മുതൽ പുഞ്ചപ്പാടം വരെ നിലവിലുള്ള ലൈൻ ത്രീഫേസാക്കണം.<br>3.പല്ലാർ ജുമാമസ്ജിദ് മുതൽ പാലത്തു കുണ്ട് വരെ ത്രീഫേസാക്കണം | 3 ഫേസ്<br>3 ഫേസ്<br>3 ഫേസ് | ചുണ്ടിക്കൽ ഭാഗത്ത് |
| 14 | തുറക്കൽ ലൈൻ ത്രീഫേസ് ലൈനാക്കണം | 3 ഫേസ് | തുറക്കൽ, മൈലാടിയാൽ |

## മാർക്കറ്റ്

ഭാരതപ്പുഴ പ്രധാനജലഗതാഗതമായിരുന്ന കാലത്ത് വാണിജ്യകേന്ദ്രമായിരുന്ന പൊന്നാനിയിൽ നിന്നും അരിയും പഞ്ചസാരയും മറ്റു സാധനങ്ങളും തിരുന്നാവായ കടവത്ത് ഇറക്കിയിരുന്നു. വളരെ വിപുലമായ ഒരു മത്സ്യ മാർക്കറ്റ് കടവ് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് പ്രധാന മത്സ്യമാംസ മാർക്കറ്റുകളോ മററ് വിപണന കേന്ദ്രങ്ങളോ തിരുന്നാവായ പഞ്ചായത്തിൽ ഇല്ലെന്നതാണ് വാസ്തവം. പട്ടർനടക്കാവിൽ ഒരു മത്സ്യ വിപണന കേന്ദ്രം തുടങ്ങിയിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ മത്സ്യ വിൽപനയും മാംസ വിൽപനയും നടക്കുന്നുണ്ടെങ്കിലും അവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതേ വരെ ഏർപ്പെടുത്തിയിട്ടില്ല. തിരുന്നാവായ, വൈരങ്കോട്, ക്ഷേത്രങ്ങളിൽ നടന്നു വരുന്ന ഉത്സവങ്ങളോട് അനുബന്ധിച്ച് വിപുലമായ കച്ചവട ചന്തകൾ നടക്കാറുണ്ടെങ്കിലും അത് ദിവസങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. തിരുന്നാവായ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നാളികേരവും അടക്കയും വെറ്റിലയും ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും ഒരു വിപണന കേന്ദ്രമോ .സംസ്കരണ യൂണിറ്റോ ഇവിടെയില്ല. ചന്തപ്പറമ്പ് എന്നപേരിൽ പ്രസിദ്ധമായ കുണ്ടിലങ്ങാടി ഒരു കാലത്ത് വളരെ പ്രധാനപ്പെട്ട വെറ്റില വില്പനകേന്ദ്രമായിരുന്നു. കാൽ നൂറ്റാണ്ട് മുമ്പ് തിരുന്നാവായയിലെ പ്രധാന അടക്കാ മാർക്കാറ്റായിരുന്നു പട്ടർനടക്കാവ്. പച്ചില വളവും കന്നുകാലിത്തീറ്റയും (പുല്ല്) വാങ്ങുന്നതിനായി വിവിധ സ്ഥലങ്ങളിൽ നിന്നും ആളുകൾ ഇവിടെ എത്തുമായിരുന്നു. തിരുന്നാവായ പഞ്ചായത്തിലെ കാരത്തൂർ അങ്ങാടിയിലും കാട്ടിലങ്ങാടിയിലും സ്വകാര്യ വ്യക്തികൾ നടത്തുന്ന മാർക്കറ്റും കാരത്തൂരിലെ ആഴ്ച്ചച്ചന്തയും ഇപ്പോഴും നിലവിലുണ്ട്.




**തിരുന്നാവായ പഞ്ചായത്തിലെ പ്രധാന അങ്ങാടികളും പലചരക്ക് കച്ചവട കേന്ദ്രങ്ങളും**

1. തിരുന്നാവായ ടൗൺ
2. എടക്കുളം
3 പട്ടർനടക്കാവ്
4. വൈരംകോട്
5. കൊടക്കൽ
6. താഴത്തറ
7. കാരത്തൂർ
8. ബീരാഞ്ചിറ അങ്ങാടി
9. കോലൂപ്പാലം
10 ചേരുരാൽ ഹൈസ്ക്കൂൾപടി
11 കാട്ടിലങ്ങാടി
12 കാദനങ്ങാടി
13 ചൂണ്ടിക്കൽ

## പ്രശ്നങ്ങളും സാധ്യതകളും

പഞ്ചായത്തിൽ ഒരു പൊതു വിപണന കേന്ദ്രം ഇപ്പോൾ ഇല്ലാത്ത അവസ്ഥയാണ്. ആയതിന് പരിഹാരം എന്നോണം പട്ടർനടക്കാവിൽ പഞ്ചായത്ത് വക കാർഷിക വിപണന കേന്ദ്രം സ്ഥാപിക്കണം.

പട്ടർ നടക്കാവിലും കാരത്തൂരിലും ഓരോ മാവേലി സ്റ്റോറുകൾ സ്ഥാപിക്കണം.



5 - 5

# പാർപ്പിടം ഭവന നിർമ്മാണം

തിരുന്നാവായ, അനന്താവൂർ എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന തിരുന്നാവായ പഞ്ചായത്തിൽ മൊത്തം 5342 വീടുകളുണ്ട്. ഇതിൽ കുടിലുകളും ഇടത്തരം വീടുകളും കോൺക്രീറ്റ് സൗധങ്ങളും ഉൾപ്പെടുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം ഏറെയുള്ള ഈ പഞ്ചായത്തിൽ കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരുടെ എണ്ണവും കൂടുതലാണ്. ഇടത്തരക്കാരായ ഗവൺമെന്റ് ഉദ്യോഗസ്ഥരിൽ ഭൂരിപക്ഷം

വീടുകളുടെ തരം തിരിവ്, വാർഡ് തലത്തിൽ

| വാർഡ് | ഓട് | ടെറസ് | ഓല | കുടിൽ | ടെറസ്/ഓട് | ഇരുനില | ആകെ |
|---|---|---|---|---|---|---|---|
| 1. | 192 | 96 | 69 | 2 | | 188 | 547 |
| 2 | 206 | 110 | 77 | 10 | | 133 | 526 |
| 3. | 209 | 92 | 179 | | | 172 | 652 |
| 4 | 235 | 76 | 114 | | | 197 | 622 |
| 5 | 257 | 144 | 101 | | | 148 | 650 |
| 6 | 573 | 364 | 70 | | | 118 | 1125 |
| 7 | 876 | 203 | 114 | | | 120 | 813 |
| 8 | 370 | 204 | 101 | 30 | | 190 | 865 |
| 9 | 165 | 99 | 76 | 30 | | 247 | 587 |
| 10 | 213 | 109 | 108 | | | 142 | 572 |
| 11 | 340 | 141 | 77 | | | 120 | 678 |
| 12 | 391 | 218 | 174 | | | 204 | 987 |

(1996 97 ലെ കെട്ടിട നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ ആധാരമാക്കി തയ്യാറാക്കിയത്)

ജോലി ആവശ്യാർത്ഥം മറ്റു ജില്ലകളിൽ നിന്നും വന്നവരാണ്. 1958 Sq Km വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 37867 ആണ്.

മെയിൻ റോഡിന് സമീപം തന്നെ വീടു നിർമ്മിക്കാണമെന്നആവശ്യം കൂടുതലായി വന്ന തോടെ ഈ പ്രദേശങ്ങളിൽ സ്ഥലത്തിന് വില വർദ്ധി ച്ചതായി കാണാം.

കെട്ടിട നിർമ്മാണ രംഗത്ത് അനാവശ്യചില വുകൾ വർദ്ധിച്ചുവരുന്നതായി കാണാം. താഴ്ന്ന വരുമാനക്കാരും ആർഭാടമായി വീടുകൾ നിർമ്മി ക്കുന്നതിനാണ് താത്പര്യം കാണിക്കുന്നതെന്ന് സെക്കന്ററി ഡാറ്റകൾ വ്യക്തമാക്കുന്നു.

പഞ്ചായത്തിൽ ആകെ 13 ഹരിജൻവീടു കോളനികളും 4 ലക്ഷം വീടുകോളനികളുമുണ്ട്.

ചേരി പ്രദേശങ്ങളിലും പുറംമ്പോക്കുക ളിലും കുടിലുകെട്ടി താമസിക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. ലക്ഷംവീടു കോളനിക ളിലും ഹരിജൻവീടു കോളനികളിലും അടിസ്ഥാന ജീവിത സൗകര്യങ്ങളായ കക്കൂസ്, കിണർ എന്നിവ യില്ലെന്ന പ്രശ്നം സങ്കീർണ്ണമാണ്.

| വാർഡ് | ഹരിജൻ കോളനികളുടെ എണ്ണം |
|---|---|
| 1 | 1 |
| 2 | 1 |
| 3 | ഇല്ല |
| 4 | 1 |
| 5 | ഇല്ല |
| 6 | ഇല്ല |
| 7 | ഇല്ല |
| 8 | 2 |
| 9 | 4 |
| 10 | 1 |
| 11 | 3 |
| 12 | ഇല്ല |
| 13 | ഇല്ല |
| 14 | ഇല്ല |

പാടം നികത്തി കെട്ടിടം പണിയുന്നതും വീടുകൾക്ക് ചുറ്റും വൻമതില്കെട്ടുന്നതും വർദ്ധി ച്ചുവരുന്ന പ്രവണതയാണ്. ഗ്രാമ സഭകളിൽ നിന്നുരുത്തിരുഞ്ഞു വരുന്ന പ്രശ്നങ്ങളും സാദ്ധ്യ തകളും താഴെ കൊടുക്കുന്നു.


## പ്രശ്നങ്ങൾ


1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലക്കയറ്റവും ഇടത്തരം വരുമാനക്കാർക്ക് സ്വന്തം ഭവനം എന്ന സകൽപം തടസ്സമായി നിൽക്കുന്നു.
2. ഭൂമിയുടെ വിലക്കയറ്റംമൂലം താഴ്ന്ന വരുമാ നക്കാർക്ക് പാർപ്പിട നിർമ്മാണത്തിന് ബുദ്ധി മുട്ടുണ്ടാക്കുന്നു.
3. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതി നുള്ള വിദഗ്ദരുടെ അഭാവവും വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടും പാർപ്പിട നിർമ്മാണത്തിനുള്ള പ്രധാന പ്രശ്നങ്ങളാണ്.
4. ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ബാങ്കിന്റെ തിരൂർ ശാഖയിൽ നിന്നും വീടു നിർമ്മാണത്തിന് വായ്പ ലഭിക്കുമെങ്കിലും സങ്കീർണ്ണമായ വായ്പവ്യവസ്ഥയും അമിത മായ പലിശയും ജനങ്ങളെ ഇത്തരം സംരംഭ ങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുന്നു.
5. രണ്ട് സർവ്വീസ് സകരണബാങ്കുകൾ തിരു ന്നാവായ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ സേവനം പാർപ്പിട നിർമ്മാണ രംഗത്ത് ലഭ്യമ ല്ലെന്നു തന്നെ പറയാം.


താഴ്ന്ന വരുമാനക്കാർക്ക് ഇടത്തര ക്കാർക്കും വീടു നിർമ്മിക്കുന്നതിനും സർക്കാർ ഭവനനിർമ്മാണ ബോർഡ് വഴിയോ മറ്റ് ഏജൻസി കൾ വഴിയോ ലഭിക്കുന്ന സഹായങ്ങളും വായ്പ കളും പരിമിതമാണ്. മാത്രമല്ല ഇത്തരം ഏജൻസി കളെകുറിച്ച് ബഹുഭൂരിപക്ഷം ജനങ്ങളും അജ്ഞ രുമാണ്.

596

| വാർഡ് | ഭവന രഹിതരുടെ എണ്ണം |
|---|---|
| 1 | 9 |
| 2 | 10 |
| 3 | 8 |
| 4 | 13 |
| 5 | 6 |
| 6 | 10 |
| 7 | 9 |
| 8 | 30 |
| 9 | 30 |
| 10 | 8 |
| 11 | 9 |
| 12 | 10 |
| 13 | 9 |
| 14 | 10 |







**5–6**

# കുടിവെള്ളവും പൊതുജന ആരോഗ്യവും

ജീവന്റെ നിലനിൽപിന് ആവശ്യമായ മുഖ്യ ഘടകമാണ് വെള്ളം. വെള്ളം ലഭിക്കാത്ത ഒരവസ്ഥ യെപ്പറ്റി നമുക്ക് ചിന്തിക്കാൻപോലും കഴിയുകയില്ല.

തിരുന്നാവായ പഞ്ചായത്തിലെ 14 വാർഡുകളുൾ അനന്താവൂർ, തിരുന്നാവായ എന്നീ രണ്ട് വില്ലേജുകൾ ഉൾപ്പെട്ട പ്രദേശമാണ്.

പഞ്ചായത്തിന്റെ ഏറിയ ഭാഗങ്ങളും ഉയർന്ന സ്ഥലങ്ങളാണ്.

N.N.H.S കുന്ന്, വാവൂർകുന്ന്, നമ്പിയാംകുന്ന്, അണ്ണാരകൊട്ടൻ കുന്ന്, പഴക്കടകുന്ന്, പാലംകന്ന് കോഴിക്കാട്ടു കുന്ന്, കുണ്ടുപാറ, ഇടിവെട്ടിപ്പാറ, മുള്ളംപാറ, പരപ്പാരപാറ, ചെനപ്പുറം, പുത്തനങ്ങാടി, ബാവപ്പടി, അനന്താവൂർ ഹരിജൻ കോളനി എന്നീ സ്ഥലങ്ങൾ പഞ്ചായത്തിലെ പ്രധാന കുന്നും പ്രദേശങ്ങളിൽ പെട്ടതാണ്.

പഞ്ചായത്തിലെ 96% ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. 6 മാസക്കാലം മാത്രമെ കിണറുകളിൽ വെള്ളം ല ിക്കുകയുള്ളു.

K.W.A യുടെ ഒരു ചെറുകിട ജലസേജന പദ്ധതി തിരുന്നാവായ താഴത്തറയിൽ നിളയുടെ തീരത്തുണ്ട്. വിവിധ വാർഡുകളിൽ ഭാഗികമായി ജലം എത്തുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ നിന്നും വെള്ളം ലഭിക്കുന്ന വാർഡുകളിൽ പോലും അത് പൂർണ്ണമല്ലാത്തതിനാൽ കടുത്ത കുടവെള്ള ക്ഷാമം അനുഭവിക്കുന്നുണ്ട്.



# ശുദ്ധജല സ്രോതസ്സുകൾ


പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | | മൊത്തം കിണറുകൾ |
|---|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | | |
| വെള്ളമുള്ളത് | ഇല്ലാത്തത് | വെള്ളമുള്ളത് | ഇല്ലാത്തത് | വെള്ളമുള്ളത് | ഇല്ലാത്തത് | |
| 37 | 5 | 512 | 356 | 19 | 2 | 910 |

പട്ടിക 2

| **KWA** മുട്ടിക്കാട് ചെറുകിട ശുദ്ധജല വിതരണ പദ്ധതി | |
|---|---|
| മുട്ടിക്കാട് | 6 |
| പട്ടർ നടക്കാവ് | 10 |
| കുത്തകല്ല് വൈരങ്കോട് റോഡ് | 10 |
| മൊത്തം ടാപ്പുകൾ | 26 |
| സ്വകാര്യ കണക്ഷൻ | ഇല്ല |

| **KWA** തിരുനാവായ ചെറുകിട ശുദ്ധജല വിതരണ പദ്ധതി | |
|---|---|
| എടക്കുളം- കുന്നുപുറം കാദനങ്ങാടി | 14 |
| തിരുനാവായ തായത്തറ | 72 |
| കൊടക്കൽ കാരത്തൂർ | 22 |
| മൊത്തം ടാപ്പുകൾ | 58 |
| സ്വകാര്യ കണക്ഷൻ | |



## 1-ാം വാർഡ്

പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ വാർഡ് തികച്ചും കുന്നിൻ പ്രദേശങ്ങൾ ആണ്. ഇന്ന് പഞ്ചായത്തിൽ നില വിലുള്ള ശുദ്ധജല വിതരണ പദ്ധഃതിയിൽ നിന്നും പൈപ്പു ലൈൻ നീട്ടിക്കൊണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കുക അസാദ്ധ്യമാണ്.

### സ്ഥിരപരിഹാരം

ചേരുരാലിൽ ഒരു സ്വകാര്യവ്യക്തിയുടെ കൈവശമുള്ള പരമ്പരാഗത സ്ത്രോതസ്സിൽ നിന്നും വെള്ളം പമ്പ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തി ബാവപ്പടിയിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ ഇട്ടു ശുദ്ധജലവിതരണം നട ത്തിയും കണ്ടംപാറ ജുമുഃഅത്ത് പള്ളിക്ക് സമീപം പഞ്ചായത്ത് വക സ്ഥലത്ത് വാട്ടർ കിണർ കുഴിച്ച് ജലവിതരണ പദ്ധതി തുടങ്ങിയും ഈ വാർഡിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാം.

### താല്കാലിക പരിഹാരം

കുട്ടികളത്താണിരണ്ടാൽ റോഡ്- കുണ്ടനി ത്തോട്- കണ്ടംപാറപള്ളിറോഡ്- അനന്താവൂർ അംഗനവാടിക്ക് സമീപം- എന്നിവടങ്ങളിൽ കുഴൽ കിണർ കുഴിക്കുക.

## 2-ാം വാർഡ്

പഴക്കടകുന്ന്, പാലംകുന്ന്,കുത്ത് കല്ല് പറമ്പ് ഹരിജൻ കോളനി, അനന്താവൂർ, കോന്ന ല്ലൂർ ലക്ഷം വീട് കോളനി ചെനപ്പുറം എന്നീകു ന്നിൻ പ്രദേശങ്ങൾ അടങ്ങിയതാണ് ഈ വാർഡ്. 6-മാസക്കാലം ഈ വാർഡിലെ ജനങ്ങൾ കുടിവെ ള്ളത്തിന് ബുദ്ധിമുട്ടുന്നവരാണ്. K.W.A. യുടെ കീഴിൽ ഒരു മിനിസ്കീം വാർഡിലുണ്ടെങ്കിലും 7 ടാപ്പുകൾ മാത്രമാണ് ഈ വാർഡിലുള്ളത്. കാല പ്പഴക്കം കാഷണം പമ്പിഗ് നടത്തുന്ന കുഴൽ കിണറിലെ ജലലഭ്യത നാൾക്കുനാൾ കുറഞ്ഞുവ രാകയാണ്.

### സ്ഥിര പരിഹാരമാർഗങ്ങൾ

കോന്നല്ലൂർ തോട്ടിലെ കമാനംഭാഗത്തും, മുക്കിൽ ചിറഭാഗത്തും കിണറുകൾ കുഴിച്ച് പമ്പിംഗ് സംവിധാനം ഏർപ്പെടുത്തി നിലവിലുള്ള പൈപ്പുലൈനുമായി ബന്ധിപ്പിച്ച് കുത്ത്കല്ല് പറമ്പ് ഭാഗത്തേക്ക് കുടുതൽ പൈപ്പുലൈൻനീട്ടി ശുദ്ധജല വിതരണം നടത്തുക.

വാർഡിലുള്ള മാമ്പറ്റകുളം ആഴം കൂട്ടി നില വിലുള്ള കോന്നലൂർ ലക്ഷം വീടുകോളനിയിലെ ടാങ്കിലേക്ക് പമ്പിംഗ് നടത്തിയാൽ ലക്ഷം വീട് കോളനി ഉൾപ്പെടെ പരിസരനിവാസികളുടെ കുടി വെള്ള ക്ഷാമം തീർക്കാൻ കഴിയും.

### താല്കാലിക പരിഹാരങ്ങൾ

ചെനപ്പുറം, പഴക്കടക്കുന്ന്, കൈത്തക്കര ചെനക്കൽ റോഡ്, കുത്ത് കല്ല് പറമ്പ്, ചെനപ്പുറം റോഡ് എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുക

## 3-ാം വാർഡ്

കോഴിക്കാട് കുന്ന് , അണ്ണാരക്കൊട്ടൻ കുന്ന്, ആശുപത്രികുന്ന്, അമ്പലപ്പറമ്പ് മൂല- ഈടിവെട്ടിപ്പാറ, പരപ്പാരപ്പാറ, കൂത്ത്കല്ല് എന്നീ ഉയർന്ന സ്ഥലങ്ങൾ അടങ്ങിയതാണ് ഈ വാർഡ്. ഈ വാർഡിലെ കിണറുകളിൽ 6-മാസക്കാലം തികച്ചും മഴ ലഭിക്കുകയില്ല. 8 ടാപ്പുകൾ ഈ വാർഡിലെ റോഡരുകിൽ പേരിനുണ്ട്. മിക്കതും വർഷങ്ങളോളമായി വെള്ളം ലഭിക്കാതെ ചിലത് പൂർണ്ണമായും മറ്റ് ചിലത് ഭാഗികമായും നശിച്ചി രിക്കുന്നു. പഞ്ചായത്തിലെ ഏക പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡാണിത്. മാസ ങ്ങളോളം PHC യിൽ വെള്ളം ലഭിക്കാത്ത അവ സ്ഥയാണ്.

### സ്ഥിര പരിഹാര മാർഗ്ഗങ്ങൾ

വില്ലേജ് രേഖയിൽ പുറംപോക്കായിക്കാ ണുന്ന 4.5 സെന്റ് വിസ്തൃതിയുള്ള കുറുകാ

കുളം സംരക്ഷിച്ച് ഇടിവെട്ടി പാറയിൽ ഒരു ടാങ്കു നിർമ്മിച്ച് നിലവിലുള്ള പൈപ്പുലൈനുമായി ബന്ധിപ്പിച്ച് പൈപ്പ് ലൈൻ നീട്ടി പമ്പിംഗ് ഏർപ്പെടുത്തിയാൽ ഈ വാർഡിന് പുറമെ തൊട്ടടുത്ത 14ാം വാർഡിലെയും കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാം.

ഈ വാർഡിൽ തന്നെയുള്ള പുറംപോക്കു ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കാലാകാലങ്ങളിൽ വെള്ളം ലഭിക്കുന്ന പരമ്പരാഗത ജലസ്രോതസ്സാണ് പല്ലാറ്റ് കായൽ. പട്ടർ നടക്കാവ് സഹകരണ ബാങ്കിനു സമീപം ടാങ്ക് പണിത് കായലിൽ നിന്നും പമ്പിംഗ് നടത്താനുള്ള പദ്ധതി നിലവിൽ വന്നാൽ 1-2- 3-4-5-14 എന്നീ വാർഡുകളിലെ ശുദ്ധ ജല ക്ഷാമം പൂർണ്ണമായും പരിഹരിക്കാം. അതിലും ശുദ്ധ ജലം ലഭിക്കുന്ന ഒരു ജല സ്രോതസ്സാണ് ഈ കായൽ. ഈ കായൽ സംരക്ഷിച്ചാൽ പരിസര പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം വർദ്ധിക്കുന്നതിന് പുറമെ നെൽകൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കാനും കഴിയും. പട്ടർനടക്കാവ് മാർക്കറ്റ് കിണറുപയോഗിച്ചു ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടത്താൻ സൗകര്യം ഏറെയുണ്ട്.

### തൽക്കാലികപരിഹാരം

P. H. C ക്ക് സമീപം, അമ്പലപ്പറമ്പ് മൂല, കോഴിക്കാട്ട് കുന്ന് കേട് വന്ന ടാപ്പുകൾ നന്നാക്കുക പരപ്പാരപ്പാറ മോഴിയോട്ടിൽ ഇടവഴി എന്നിവടങ്ങളിൽ കുഴൽകിണറുകളും, ചക്കാലി ഇടവഴിക്ക് സമീപം C.P അബുട്ടിയുടെ സ്ഥലത്ത് ഒരു വട്ടക്കിണർ കുഴിക്കുക.

### 4-ാം വാർഡ്

നമ്പിയാംകുന്ന് ചിറക്കുന്ന്-ചിറക്കുന്ന്- അത്തിക്കാട്ട് കുന്ന്- വേപ്പത്തൂർ റോഡ് വലിയപറപ്പൂർ ഹരിജൻ കോളനി എന്നീ ഉയർന്ന പ്രദേശങ്ങൾ അടങ്ങിയതാണ് ഈ വാർഡ്.

പൈപ്പു ലൈൻ സംവിധാനമില്ലാത്ത ഈ വാർഡിൽ എന്നും കുടിവെള്ള ക്ഷാമം അനുഭവിക്കുന്നു.2- വട്ടക്കിണറും, 2-കുഴൽ കിണറും പഞ്ചായത്ത് വക ഈ വാർഡിലുണ്ടെങ്കിലും 2 ഉം വെള്ളമില്ലാത്തവയാണ്.

### സ്ഥിരമായ പരിഹാരം.

ഈ വാർഡിൽ 80-സെന്റ് വിസ്തൃതിയുള്ള വാരിക്കോട്ട് ചിറ എന്ന പേരിൽ ഒരു ജല സ്രോതസ്സുണ്ട്., ഈ ചിറസംരക്ഷിച്ചു ചിറക്കുന്ന് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പുലൈൻ ഇട്ടു ശുദ്ധ ജല വിതരണം നടത്താം. ഈ വാർഡിലുള്ള ഇട്ടീരിചോലയിൽ നിന്നും ഒരു മിനി സ്കീമിന് സാദ്ധ്യതയുണ്ട്.

### താല്കാലിക പരിഹാരം.

അത്തിക്കാട് കുന്ന്- ചിറക്കുന്ന്- വലിയപറപ്പൂർ ഹരിജൻ കോളനി- കോന്നല്ലൂർ പള്ളിപ്പടി- എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുക.

### 5-ാം വാർഡ്

6- മാസക്കാലം പൂർണ്ണ മായും ഈ വാർഡിലെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. വെള്ളം ലഭിക്കാത്ത ഏതാനും ടാപ്പുകൾ ഈവാർഡിൽ നിലവിലുണ്ട്. വ്ർഡിലെ പഞ്ചായത്ത് കിണറുകളിൽ ഒന്ന് വെള്ളമില്ലാതെ കരിമ്പാറയാൽ മൂടപ്പെട്ടിരിക്കുകയാണ്.

സ്ഥിരമായ പരിഹാരമാർഗ്ഗം റി.സ. 236/1 ൽ 8-സെന്റ് വിസ്തൃതിയുള്ള ഒരു വലിയ ജല സ്രോതസ്സാണ് വാർഡിലെ ഇട്ടീരിച്ചോല. ഈ ചോല ആഴം കൂട്ടി ഉയർന്ന സ്ഥലമായ നമ്പിയാംകന്നിൽ ടാങ്ക് നിർമ്മിച്ചു പൈപ്പ് ലൈൻ നീട്ടി ശുദ്ധജലവിതരണം നടത്തുക.

### താല്കാലിക പരിഹാരമാർഗ്ഗം

വല്ലിപ്പറമ്പ് കുണ്ടിലങ്ങാടി എൽ.പി. സ്കൂളിന്ന് താഴെ, വലിയ പറപ്പൂർ ജുമഅത്ത് പള്ളിക്ക് സമീപം മാഗ്ലിക്ലിനിക്കിന്ന് തൊട്ടടുത്ത് എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കുക

### 6-ാം വാർഡ്

ഈ വാർഡിൽ ഏതാനും സ്ഥലങ്ങളിൽ തിരുന്നാവായ പദ്ധതിയിൽ നിന്നും പൈപ്പു

ലൈൻ വഴി കുടിവെള്ളം ലഭിക്കുന്നുണ്ട്. ഒളക്കര -കിഴക്കൻ മൂക്ക് എന്നീ പ്രദേശങ്ങളിൽ പൈപ്പു ലൈനോ കുടിവെള്ളം ലഭിക്കാനുള്ള മറ്റു മാർഗ്ഗമോ ഇല്ല.

### സ്ഥിരം പരിഹാര മാർഗ്ഗം

തിരുന്നാവായ ചെറുകിട ശുദ്ധ ജല വിതരണ പദ്ധതിയിൽ നിന്നുള്ള വെള്ളം കുന്നുംപുറത്ത് ബൂസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തി പൈപ്പുലൈൻ നീട്ടി പരിഹാരം കാണാം.

### താല്കാലിക പരിഹാരം

ഒളകര കിഴക്കൻമൂക്ക് കാദനങ്ങാടി കുന്നുംപുറം വില്ലേജ് ഓഫീസിന് താഴെ കുഴൽ കിണറുകൾ കുഴിക്കുക.

## 7-ാം വാർഡ്

ഈ വാർഡിൽ ഭാഗികമായി പൈപ്പ് വെള്ളം കിട്ടുന്നുണ്ട്. പൈപ്പുലൈൻ എത്താത്ത സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. വാർഡിലെ കുന്നംപുറപരിസരത്ത് ജലമലിനീകരണം അനുഭവപ്പെടുകയും, കിണറുകളിലെ വെള്ളം തീർത്തും ഉപ്പു രസമുള്ളതുമാണ്.

### സ്ഥിരപരിഹാരം

നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി കുടിവെള്ളക്ഷാമുള്ള സ്ഥലങ്ങലിൽ ശുദ്ധജലം എത്തിക്കുക. ഉപ്പ് രസം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ശുദ്ധ ജലമെത്തിക്കുകയല്ലാതെ കുടി വെള്ളത്തിന് ഇന്ന് മറ്റു മാർഗ്ഗമൊന്നുമില്ല.

### താൽക്കാലിക പരിഹാരം.

നീറ്റിക്കര ഭാഗത്തും പടിഞ്ഞാറൻ മുക്കിലും കുഴൽ കിണർ കുഴിക്കുക.

## 8-ാം വാർഡ്

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള ചെറുതും വലുതുമായ 2 ടാങ്കുകൾ ഈ വാർഡിൽ സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും ടാങ്കിനു തൊട്ടടുത്തു പോലും വെള്ളം കിട്ടാത്ത അവസ്ഥ നിലവിലുണ്ട്. നിലവിൽ ഈ വാർഡിൽ ചില സ്ഥലങ്ങളിൽ പൈപ്പു ലൈൻ വഴി കുടിവെള്ളം ലഭിക്കുന്നുണ്ടെങ്കിലും പൈപ്പ് ലൈൻ നിലവിലില്ലാത്ത സ്ഥലങ്ങളിൽ കടുത്ത കുടിവെള്ള ക്ഷാമത്തിലാണ്.

### സ്ഥിരമായ പരിഹാരം

പാറക്കളം റോഡ്, കിഴക്കില്ലത്ത് മാളിയക്കൽ റോഡ്, വലിയ പറമ്പ് ഫുട്പാത്ത്, ഗോവിന്ദൻ കുട്ടി മെമ്മോറിയൽ റോഡും, രാങ്ങാട്ടൂർ മുതൽ ബാപ്പുട്ടി മുസ്ലിയാർ ഗൃഹപരിസരം എന്നീ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി വെള്ളം എത്തിക്കുക.

കുളത്തുപറമ്പ് ഹരിജൻ കോളനിയിലെ വട്ടക്കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്തു ,N.M.H.S കുന്നിൽ പുതിയ ടാങ്ക് നിമ്മിച്ച് ഈ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

### താത്കാലിക പരിഹാരം

നിലവിലുള്ള പമ്പ്ഹൗസിൽനിന്നു രാത്രി സമയങ്ങളിൽ പമ്പിംഗ് നടത്തുക. ഇപ്പോൾ പമ്പിംഗ് നടത്തുന്ന കിണർ തൂർന്ന് കൊണ്ടിരിക്കുന്നത് സംരക്ഷിക്കുക. പുതുതായി ഒരു കിണർ കുഴിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്റ്റെപ്പപ്പ്-ജനറേറ്റർ സ്ഥാപിക്കുക. പൈപ്പ് ലൈനിനുള്ള സ്ഥലങ്ങളിൽ ആവശ്യമായിടത്ത് പുതിയ ടാപ്പുകൾ സ്ഥാപിക്കുക.

## 9-ാം വാർഡ്

വാർഡിൽ മതിയായ പൈപ്പ് ലൈൻ ഇല്ല. പലയിടത്തും കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കുന്നിൻ പ്രദേശവും ഈ വാർഡിൽ ഏറെയുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ എന്നും ജനങ്ങൾ കുടി വെള്ള ക്ഷാമത്തിന്റെ പിടിയിലാണ്.

## സ്ഥിരപരിഹാരം

നിലവിലുള്ള പൈപ്പ് ലൈൻ സൗകര്യപ്പെടുന്ന ഭാഗങ്ങളിലേക്ക് നീട്ടുകയും ജല ലഭ്യത ഏറെയുള്ള അറോട്ടി പാലത്തിന് സമീപം കിണർകുഴിച്ച് വാവൂർകുന്നിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിപ്പിച്ച്പുതിയ ലൈനുകൾ നീട്ടി ശുദ്ധ ജല വിതരണം നടത്തുക.

## താല്കാലിക പരിഹാരം

പൈപ്പ് ലൈൻ പോകുന്നിടത്ത് അത്യാവശ്യ സ്ഥലങ്ങളിൽ ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക. തിരുത്തി, വാവൂർ കുന്ന് എന്നിവിടങ്ങളിൽ പുതുതായി കുഴൽകിണർ കുഴിക്കുക.

## 10-ാം വാർഡ്

വാർഡിൽ പൊതു ടാപ്പുകൾ കുറവാണ് ഭൂരിഭാഗവും ഉയർന്ന പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിൽ കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്നു.

## സ്ഥിരമായ പരിഹാരം

നിലവിലുള്ള പൈപ്പുലൈൻ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന അജ്ജിതപ്പടി ഇല്ലത്തുംപറമ്പ് മറ്റും ഉയർന്ന പ്രദേശം മുതലായ സ്ഥലങ്ങളിലേക്ക് നീട്ടി പുതിയടാപ്പുകൾ സ്ഥാപിക്കുക.

## താല്കാലിക പരിഹാരം

വാവൂർകുന്ന് , ഇല്ലപ്പടി റോഡ് എന്നിവിടങ്ങളിൽ കുഴൽകിണറുകളും, വട്ടക്കിണറിന് സമ്മതപത്രം ലഭിച്ച സ്ഥലത്ത് ഒരു വട്ടക്കിണറും കുഴിക്കുക.

പൈപ്പ് ലൈൻ പോകുന്നിടത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക.

## 11-ാം വാർഡ്

മേടമ്മൽ, അജ്ജിതപ്പടി , അകത്തിപ്പടി,അഴകത്തുകുളം, എന്നീ ഹരിജൻ കോളനികളിലും V.P.U.P സ്കൂൾ പരിസരത്തും കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്.

## സ്ഥിരപരിഹാരം

ഹരിജൻകോളനികളിലേക്കും V.P.U.P സ്കൂൾ പരിസരത്തേക്കും നിലവിലുള്ള പൈപ്പ് ലൈൻനീട്ടി കുടിവെള്ളം എത്തിക്കുന്നതിന് സൗകര്യമുണ്ടാക്കുക.

## താത്കാലിക പരിഹാരം

ലൈൻ പോകുന്നിടത്ത് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ ഏർപ്പെടുത്തുക. നിലവിലുള്ള പൊതുകിണറുകളും കുഴൽകിണറുകളും റിപ്പയർചെയ്യുക.

## 12-ാം വാർഡ്

ഈ വാർഡിൽ പൈപ്പ്ലൈൻ വഴി കുടിവെള്ളം ചില സ്ഥലങ്ങളിൽ ലഭിക്കുന്നുണ്ട്. പൈപ്പ്ലൈൻവരാത്ത സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു.

## സ്ഥിരപരിഹാരം

വിഷവൈദ്യൻ റോഡ്, കടുക്കുണ്ട് റോഡ്, S.H.M. റോഡ്, വടക്കെവയൽ പാടം റോഡ്, അംഗൻവാടി പരിസരം എന്നിവിടങ്ങളിലേക്ക് നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി പുതിയ ടാപ്പുകൾ സ്ഥാപിച്ചു വെള്ളം എത്തിക്കുക.

## താത്കാലിക പരിഹാരം

പൈപ്പ്ലൈൻ പോകുന്നിടത്ത് ആവശ്യമായ പുതിയ ടാപ്പുകൾ സ്ഥാപിക്കുക. പൈപ്പ് ലൈൻ ഇപ്പോൾ ഇല്ലാത്ത കുടിവെള്ളക്ഷാമദേശമായി സ്ഥാപിച്ച സ്ഥലങ്ങളിൽ കുഴൽകിണർ കുഴിക്കുക.

## 13-ാം വാർഡ്

വാർഡിൽ പൈപ്പ്ലൈൻ ഇന്നുവരെ

എത്തിയിട്ടില്ല. ഹരിജൻ കോളനി, ചൂണ്ടിക്കൽ, പല്ലാർ, എന്നീ പ്രദേശങ്ങളിൽ സ്ഥിരമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

### സ്ഥിരപരിഹാരം

ഇഷ്ടാനുസരണം വെള്ളം ലഭിക്കുന്ന പാലത്തും കുണ്ടിൽ മിനി വാട്ടർ സപ്ലൈസ്കീം സ്ഥാപിച്ചു ടാങ്ക് പണിതു വെള്ളം പമ്പ്ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കി പുതുതായി പൈപ്പ ലൈൻ ഇട്ട് ശുദ്ധജലവിതരണം ആരംഭിക്കുക. അറോട്ടി മുതൽ കാരത്തൂർ പുഴവരെയും ചൂണ്ടിക്കൽ റെയിൽവെലൈൻ കടന്ന് വൈരകോട് വരെയും പൈപ്പ് ലൈൻനീട്ടേണ്ടതാണ്.

### താത്കാലിക പരിഹാരം

വാവൂർ കുന്ന് വരെ എത്തിയിട്ടുള്ള പൈപ്പ് ലൈൻ പാലത്തും കുണ്ട് വഴി പല്ലാർ ഹരിജൻകോളനി വരെ നീട്ടുക. പയന്തലക്കാട് ഭാഗത്ത് ഒരു വട്ടകിണർ കിളക്കുക. ചൂണ്ടിക്കൽ ഒരു കുഴൽകിണർ കുഴിക്കുക.

## 14-ാം വാർഡ്

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നകതിന് ഈ വാർഡിൽ വൈരംകോട് ദേവീക്ഷേത്രപരിസരത്ത് ഒരു പൊതുടാപ്പ് മാത്രമാണുള്ളത്.

മൈലാടിയാൽ, വലിയപറമ്പ്, മദ്രസ പരിസരം, എന്നീ സ്ഥലങ്ങളിൽ 6 മാസവും കുടിവെള്ള ക്ഷാമംപതിവായി അനുഭവപ്പെടുന്നു.

### സ്ഥിരപരിഹാരം


വൈരകോട് ക്ഷേത്രപരിസരത്തുള്ള പഞ്ചായത്ത് കിണർ ഉപയോഗിച്ച് ഒരു മിനി വാട്ടർ ടാങ്ക് സപ്ലൈസ്കീം നടപ്പിലാക്കുക. അനന്താവൂർ V.C.B.ക്കു സമീപം സർക്കാർ വകസ്ഥലത്ത് കിണർ കുഴിച്ചു പമ്പിംഗിനുള്ള സംവിധാനമുണ്ടാക്കി മൈലാടിയാലിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ഇട്ടു ജലവിതരണം നടത്തുക.

3-ാം വാർഡിലുള്ള സർക്കാർ സ്ഥലത്തുള്ള കുറുകാകുളം ആഴം വരുത്തി ഇടിവെട്ടിപ്പാറയിൽ ടാങ്ക്നിർമ്മിച്ച് പമ്പിംഗ് നടത്തി നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിപ്പിച്ച് കുടിവെള്ളം എത്തിക്കുക.

### താത്കാലികപരിഹാരം

മൈലാടിയാൽ, വലിയപറമ്പ്, ഇഹ്ലാമുദ്ധീൻ മദ്രസക്ക് സമീപം, കന്മറമ്പ് എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുക. നിലവിലുള്ള പൈപ്പ് ലൈൻ കന്മറമ്പ് ഭാഗത്തേക്കുനീട്ടുക.

തിരുന്നാവായ വില്ലേജ് അഡ്ജോയിനിംഗ് പ്രോഗ്രാം എന്ന ശുദ്ധജലവിതരണ പദ്ധതിക്ക് തുടക്കം കുറിച്ചെങ്കിലും അതിന്റെ പ്രവർത്തനം മന്ദീഭവിച്ചു കിടക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം പൂർത്തികരിച്ചാൽ പഞ്ചായത്തിലെ മൊത്തം കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും.





# കുടിവെള്ളം പ്രശ്നപ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും


| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
| --- | --- | --- |
| I | കുന്നിൻ പ്രദേശങ്ങളായതിനാൽ ഈ വാർഡിൽമൊത്തംശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു<br>കണ്ടംപാറ, ബാവപ്പടി, ചെനപ്പുറം, ചന്ദനക്കാവ് | 1. ചേരുരാൽ ബാവപ്പടിയിൽ സ്വകാര്യവ്യക്തിയുടെ പക്കലുള്ള ജലസ്രോതസ്സ് സംരക്ഷിച്ച് ടാങ്ക് നിർമ്മിച്ചു പമ്പിംഗ് ഏർപ്പെടുത്തി പരിഹരിക്കാൻ കഴിയും<br>2. കണ്ടംപാറ ജുമാമസ്ജിദിന് സമീപം പഞ്ചായത്ത വക സ്ഥലത്ത് കിണർകുഴിച്ചു ബാവപ്പടിയിൽ ടാങ്കിംഗ് നിർമ്മിച്ചു പമ്പിംഗ് സൗകര്യം ഏർപ്പെടുത്തി ശുദ്ധജലക്ഷാമം പരിഹരിക്കാം<br>3. പഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുകുളങ്ങൾ ഉപയോഗിച്ച് ശുദ്ധജലവിതരണം ഏർപ്പെടുത്തണം.<br>4. കുട്ടികളത്താണി രണ്ടാൽ റോഡ്, കുണ്ടനിത്തോട്-കണ്ടംപാററോഡിൽ, അടിച്ചോല ഇടവഴി. അനന്താവൂർ അംഗനവാടിക്ക് സമീപം എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുക. |
| II | ഈ വാർഡിന്റെ മുക്കാൽഭാഗവും കുന്നിൻ പ്രദേശമാണ്. 6മാസവും രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്നു<br>പഴക്കടകുന്ന്, കാലംകുന്ന്, ചെനപ്പുറം, ഹരിജൻകോളനി | 1 കോന്നല്ലൂർ തോട്ടിലെ കമാനം ഭാഗത്തും മൂക്കിൽ ചിറഭാഗത്തും കിണറുകൾകുഴിച്ച് നിലവിലുള്ള പൈപ്പ്ലൈനിലേക്ക് പമ്പിംഗ് നടത്തുക<br>2. മാമ്പാറി കുളം സംരക്ഷിച്ച് കോന്നല്ലൂർ ഹരിജൻകോളനിയിലേക്ക് പമ്പിംഗ് നടത്തുക.<br>3. അനന്താവൂർ കുത്ത്കല്ല്പറമ്പ്, ചെനപ്പുറം, പഴക്കടക്കുന്ന്, പാലൻകുന്ന് ലക്ഷം വീട് കോളനി, ബാവപ്പടി എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുക<br>4. ചെനപ്പുറം, പഴക്കടകുന്ന്, കൈത്തക്കര, ചെനക്കൽറോഡിൽ, കുത്ത്കല്ല്പറമ്പ് ചെനപ്പുറം റോഡ് എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക. |

605

| വാർഡ് പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
|---|---|
| III വാർഡ് പോതുവെ ഉയർന്നപ്രദേശമാണ് ഇടിവെട്ടിപ്പാറ, അണ്ണാരൻകോട്ടൻകുന്ന്, കുത്ത് കല്ല്, ചാപ്പപ്പടി എന്നിവ പ്രധാന കുന്നുകളാണ്. 6മാസവും കടുത്തകുടിവെള്ളക്ഷാമം അനുഭവിക്കുന്നു | 1. നാലര സെന്റ് പുറംപോക്ക് ഭൂമിയുള്ള ഒരു ജലസ്രോതസ്സാണ് കുറുകാകുളം. ഈ കുളം സംരക്ഷിച്ച് പമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തിയാൽ 3, 14 എന്നീ വാർഡുകളുടെ ഏറെക്കുറെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും<br>2. 5ഏക്കറോളം വരുന്ന നീക്കഭൂമിയിൽ സ്ഥിതി ചെയ്യുന്ന പല്ലാറ്റ് കായലിൽ കിണറോ, കുളമോ നിർമ്മിച്ച് അനന്താവൂർ സഹകരണ ബാങ്കിന് സമീപം ടാങ്ക് നിർമ്മിച്ച് പമ്പിംഗ് നടത്തിയാൽ 1,2,3,4,5,14 എന്നീ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.<br>3. P.H.C ക്ക് സമീപത്തും, ചാപ്പപ്പടി ഫുട്പാത്തിലും, കോഴിയോട്ടിൽ ഇടവഴിയിലും കുഴൽ കിണർ നിർമ്മിക്കുക. |
| IV നമ്പിയാംകുന്ന്, കോന്നല്ലൂർ, മേല്പത്തൂർകുന്ന്, വലിയപറപ്പൂർ ഹരിജൻകോളനി പ്രദേശങ്ങൾഉൾപ്പെട്ടതാണ് ഈ വാർഡ്. സ്ഥിരമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു | 1. കോന്നല്ലൂർ വരിക്കോട്ട് ചിറ സംരക്ഷിച്ച് കുളം നിർമ്മിച്ച് ചിറക്കുന്ന് ഭാഗത്ത് ടാങ്ക് പണിത് പൈപ്പ്ലൈൻ സ്ഥാപിച്ച് പമ്പിംഗ് നട്ത്തുക.<br>2. വലിയ പറപ്പൂർ ഹരിജൻകോളനിയിലെ പുറംമ്പോക്ക് സ്ഥലത്തുള്ള 7 സെന്റ് ഇട്ടിരിച്ചോലയിൽ കുളം നിർമ്മിച്ച് ശുദ്ധജലവിതരണത്തിന് സൗകര്യപ്പെടുത്തുക<br>3. ഉയർന്നപ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക |
| V വാർഡിൽമൊത്തം കുടിൽവെള്ളക്ഷാമം അനുഭവപ്പെടുന്നു.<br>ശുദ്ധജലവിതരണത്തിന് നിലവിൽ സംവിധാനങ്ങളൊന്നുമില്ല.<br>മങ്കുത്തി, കുണ്ടിലങ്ങാടി, നമ്പിയാംകുന്ന്-വലിയപറപ്പൂർ | 1. 18 സെന്റ് നീക്കഭൂമിയിലുള്ള കുണ്ടേരിച്ചോല ആഴംക്കൂട്ടി നമ്പിയാം കുന്നിൽ ടാങ്ക് നിർമ്മിച്ച് മിനി സ്കീം നടപ്പിൽ വരുത്തുക.<br>2. വല്ലിപറമ്പ് കുണ്ടിലങ്ങാടി, L.P സ്ക്കൂൾ, മങ്കുത്തി എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക. |
| VI വാർഡിൽ പൊതുവെ ശുദ്ധജലക്ഷാമമുണ്ട്. ഭാഗികമായി പൈപ്പ്ലൈനുണ്ട്. കാദനങ്ങാടി, ഒളകര, കിഴക്കൻമുക്ക് എന്നിവിടങ്ങളിൽ കൂടുതൽ ക്ഷാമമനുഭവപ്പെടുന്നു. | 1. തിരുന്നാവായ പമ്പിംഗ് സ്റ്റേഷനിൽനിന്നുള്ള വെള്ളം കുന്നുംപുറത്ത് ബൂസ്റ്റർ സംവിധാനം ഏർപ്പെടുത്തി പമ്പിംഗ് നടത്തി നിലവിലുള്ള പൈപ്പ്ലൈൻനീട്ടിയാൽ ശുദ്ധജലക്ഷാമം പരിഹരിക്കാം<br>2 ഒളകര, കിഴക്കൻമുക്ക് എന്നിവിടങ്ങളിൽ കുഴൽ കിണറുകളും വട്ടക്കിണറുകളും നിർമ്മിക്കുക. |

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
| --- | --- | --- |
| VII | വാർഡിൽഭാഗികമായെ പൈപ്പ്ലൈനുള്ളു. ഭൂരിഭാഗവും ശുദ്ധജലക്ഷാമവും അനുഭവിക്കുന്നു. കന്നുംപുറംഭാഗത്ത് കിണറുകളിലെ വെള്ളം ഉപ്പുരസം കൂടുതലുളളവയാണ്. | 1. പല്ലാറ്റ് കായലിൽ നിന്നും പമ്പിംഗ് ഏർപ്പെടുത്തുക.<br>2. ഉപ്പുരസം കലർന്നഭാഗത്തേക്ക് അടിയന്തിരമായി പൈപ്പലൈൻ നീട്ടുക<br>3. കുന്നുംപുറത്ത് കുഴൽകിണർ നിർമ്മിക്കുക |
| VIII | പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്ന ചെറുതും വലുതുമായ ടാങ്കുകൾ ഈ വാർഡിലുണ്ട്.<br>വാർഡിന്റെ പലഭാഗങ്ങളിലും ശുദ്ധജലക്ഷാമം അനുഭവിക്കുന്നു. ടാങ്കിന്റെ തൊട്ടടുത്ത്പോലും വെള്ളം ലഭിക്കുന്നില്ല | 1. പാറെകുളം റോഡ്, കിഴക്കില്ലത്ത് മാളിയേക്കൽ വലിയപറമ്പ് ഫുട്പാത്ത്. ഗോവിന്ദൻകുട്ടി മെമ്മോറിയൽ റോഡ്, എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുക<br>2 കളത്തുപറമ്പിൽ പുതുതായി നിർമ്മിച്ച കിണറിൽ നിന്നും ഉയർന്ന പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് പമ്പിംഗ് നടത്തി ജലക്ഷാമത്തിന് പരിഹാരം കാണുക.<br>3. പഞ്ചായത്ത് അതിർത്തിയായ രാങ്ങാട്ടൂരിൽ നിന്നും ബാപ്പുട്ടിമുസ്ല്യാരും മറ്റും താമസിക്കുന്ന സ്ഥലംവരെ. |
| IX | ഈ വാർഡിൽ മതിയായ പൈപ്പ്ലൈനില്ല. ഉയർന്നപ്രദേശമാണ്. കുടിവെള്ളക്ഷാമം കൂടുതൽ അനുഭവപ്പെടുന്നു | 1. അറോട്ടിപാലത്തിന് സമീപം കുളം നിർമ്മിച്ച് പമ്പിംഗ് സംവിധാനം ഏർപ്പെടുത്തി പുതുതായി പൈപ്പ്ലൈൻ സ്ഥാപിച്ച് പ്രശ്നം പരിഹരിക്കാം.തിരുത്തി, വാവൂർകുന്ന് എന്നീ ഉയർന്നപ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിച്ച് താൽകാലിക പരിഹാരം കാണാം.<br>2. തിരുത്തിഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കണം |
| X | ഈ വാർഡിൽ പൊതുവെ ടാപ്പുകൾ കുറവാണ്. ഏറിയ ഭാഗവും ഉയർന്ന പ്രദേശമാണ്. 6മാസക്കാലം കുടിവെള്ളക്ഷാമം അനുഭവിക്കുന്നു | 1. നിലവിലുള്ള പൈപ്പ്ലൈൻ വ്യാപിപ്പിക്കുക<br>2. വട്ടക്കിണറിന് അനുമതി ലഭിച്ച സ്ഥലത്ത് കിണർ കുഴിക്കുക,<br>3. അജ്ജിതപ്പടി, വാവൂർകുന്ന്, എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക.<br>4. വെള്ളം ലഭിക്കാത്ത കുഴൽ കിണറുകൾ റിപ്പേർ ചെയ്യുക<br>5 അജ്ജിതപ്പടി ഇല്ലപറമ്പ്റോഡിൽ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കുക |

| വാർഡ് പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
|---|---|
| XI വാർഡ് ഉയർന്ന പ്രദേശമല്ല. ജലക്ഷാമം കൂടുതലുണ്ട്. അഴകത്ത്കുളം മേടമ്മൽ അങ്കത്തിപ്പടി എന്നീഹരിജൻകോളനികളിൽ കടുത്തജലക്ഷാമം അനുഭവപ്പെടുന്നു. | നിലവിലുള്ള പൈപ്പ്ലൈൻ ഹരിജൻകോളനിയിലേക്ക് നീട്ടി പ്രശ്നം പരിഹരിക്കാം.<br>ഇപ്പോൾ നിവിലുള്ള വട്ടക്കിണറുകളും, കുഴൽ കിണറുകളും റിപ്പേർ നടത്തിയാൽ താൽകാലിക പരിഹാരമായിരിക്കും.<br>V.P.U.P സ്ക്കൂളിലേക്ക് പൈപ്പ് ലാൻ നീട്ടിയാൽ വിദ്യാർത്ഥികളുടെ വെള്ളക്ഷാമത്തിന് പരിഹാരമാകും.<br>കൊടക്കൽ ബീരാഞ്ചിറ പൈപ്പ് ലൈൻ റോഡിന് വടക്ക് വശത്ത്മാറ്റി SIMSന് പടിഞ്ഞാറ്വശം ബന്തക്കോസ പള്ളിക്ക് മുൻവശം, ബീരാഞ്ചിറജംഗ്ഷൻ എന്നിവിടങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കണം |
| XII വിഷവൈദ്യൻ റോഡ്, കടുക്കുണ്ട്റോഡ്, ശംസുൽഹുദാ മദ്രസറോഡ് വടക്കെവയൽപാടം റോഡ് സ്ക്കൂൾറോഡ് അംഗൻവാടി പരിസരം കൂടുതൽശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു | പ്രശ്നമേഖലയിലേക്ക് നിലവിലുള്ള പൈപ്പ്ലൈൻ നീട്ടിയാൽ പ്രശ്നം പരിഹരിക്കാം.<br>അത്യാവശ്യ സ്ഥലങ്ങളിൽ വട്ടക്കിണറുകളും, കുഴൽകിണറുകളും കുഴിച്ച് താൽകാലിക പരിഹാരം കാണാം. |
| XIII വാർഡിൽ പൈപ്പ്ലൈൻ ഇല്ല<br>പോതുവെ എല്ലായിടത്തും ജലക്ഷാമമുണ്ട്, പല്ലാർ ഹരിജൻകോളനി | പാലത്തുംകുണ്ടിൽ മിനി വാട്ടർസ്കീം പദ്ധതി ആരംഭിച്ചു ടാങ്ക് നിർമ്മാണം നടത്തി അറോട്ടിമുതൽ കാരത്തൂർ പുഴവരെയും ചൂണ്ടിക്കൽ റെയിൽവെകടന്ന് വൈരങ്കോട് വരെയും പൈപ്പലൈൻ സ്ഥാപിച്ചാൽ വാർഡിലെ ജലക്ഷാമം പരിഹരിക്കാം<br>വാവൂർകുന്ന് ഭാഗത്തുനിന്നും പരലത്തുകുണ്ടുവഴി പല്ലാർ ഹരിജൻകോളനിയിലേക്ക് ലൈൻനീട്ടി വാട്ടർടാപ്പുകൾ സ്ഥാപിക്കണം. പഴന്തലങ്ങിൽ ഒരു വട്ടക്കിണർ സ്ഥാപിക്കണം. |
| XIV വലിയപറമ്പ് മൈലാടിയാൽ വൈരങ്കോട് ദേവീക്ഷേത്ര പരിസരം | ദേവീക്ഷേത്ര പരിസരത്തുള്ള പഞ്ചായത്തുകിണർ റിപ്പേർ നടത്തി ഒരു മിനി വാട്ടർസ്കീം നടപ്പാക്കിയാൽ ഒരു ഭാഗത്തെപ്രശ്നം തീരും<br>അനന്താവൂർ VCB യോട് ചേർന്ന് കിടക്കുന്ന സർക്കാർ സ്ഥലത്ത് കിണർ നിർമ്മിച്ച് ഉയർന്നഭാഗമായ മൈലാടിയാൽ ഭാഗത്ത് ടാങ്ക്നിർമ്മിച്ച് മിനിവാട്ടർ സപ്ലൈ സ്കീം ആരംഭിച്ചാൽ 14, 13, 3,1 വാർഡുകളിൽ കുടിവെള്ളം എത്തിക്കാം.<br>വൈരംങ്കോട്-മൈലാടിയാൽ റോഡിൽ 3 ടാപ്പും കമ്മറമ്പ് ഭാഗത്തേക്ക് ഒരു ടാപ്പും നിർമ്മിക്കണം. മൈലാടിയാൽ ഭാഗത്തൊരു വട്ടക്കിണറ.<br>മൈലാടിയാൽ-വലിയപറമ്പ് അംഗനവാടിക്കടുത്തും ഓരോ കുഴൽകിണർ കുഴിക്കണം.<br>മൂന്നാം വാർഡിലെ കുറുകുളം താഴ്ത്തി ഇടിവെട്ടിപ്പാറയിൽ ടാങ്ക് നിർമ്മിച്ചാൽ 14,3, എന്നീ വാഡുകളിലെ ശുദ്ധജലക്ഷാമ തീരും. |



# പൊതുജനാരോഗ്യം

പേരുകേട്ട തിരുന്നാവായ മൂസ്സതിന്റെ നാടൻ ചികിത്സ, ചങ്ങമ്പള്ളി ഗുരുക്കന്മാരുടെ മർമ്മ ചികിത്സയും ഉൾപ്പെടെയുള്ള ചികിത്സ, കാരത്തൂരിലെ വിഷ ചികിത്സ എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന ചികിത്സാ സമ്പ്രദായങ്ങൾ. ആധുനിക ചികിത്സാ സമ്പ്രദായം തുടങ്ങിയത് ഡോ: ഹെർമൻ ആണ്. 1940 കാലങ്ങളിൽ ഡോ. ഹെർമൻ കൊടക്കൽ ബംഗ്ലാവിൽ വെച്ച് രോഗികളെ പരിശോധിച്ച് ചികിത്സ നടത്തിയിരുന്നു. 1970 മെയ് മാസത്തിൽ കൊടക്കൽ മിഷൻ ആശുപത്രി നിലവിൽ വന്നത് ഈ പ്രദേശത്തെ ആധുനിക വൈദ്യ ശാസ്ത്രത്തിന്റെ ഒരു പ്രധാന മാർഗ്ഗംകൂടിയായി.

16-2-94 ൽ കൈത്തക്കര കുത്തുകല്ല് അങ്ങാടിയിൽ വാടക കെട്ടിടത്തിൽ സ്ഥാപിതമായ ഗവ:റൂറൽ ഡിസ്പൻസറിയാണ് സർക്കാർ മേഖലയിലെ ആധുനിക വൈദ്യശാസ്ത്ര സമ്പ്രദായത്തിന്റെ തുടക്കം. ഒരു മെഡിക്കൽ ഓഫീസർ 5 മറ്റു സ്റ്റാഫുകളും ഉൾപ്പെടെ 6 പേർ ഈ സ്ഥാപനങ്ങളിലുണ്ടായിരുന്നു. 28-1-84 ന് വെട്ടനൻ മുഹമ്മദ്കുട്ടിയിൽ നിന്നും ഇന്ന് നിലവിലുള്ള ഗവ: കെട്ടിടത്തിന്റെ ഉൽഘാടനം സ്ഥലത്തെ നിയമസഭാഗം കൊരമ്പയിൽ അഹമ്മദ്ഹാജിയുടെ അദ്ധ്യക്ഷതയിൽ ജലസേജന വകുപ്പ് മന്ത്രി എം. പി.ഗംഗാദരൻ നിർവ്വഹിച്ചു. രോഗപ്രതിരോധ പ്രവർത്തനവും ഇതിന്റെ കീഴിലായി. 1985 ൽ സബ്സിസം ഹെൽത്ത് സെന്ററാക്കി ഉയർത്തി. 1988 ൽ വെട്ടംപ്രാഥമികാരോഗ്യ കോന്ദ്രത്തിന്റെ കീഴിൽ ഈ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന രോഗപ്രതിരോധ ചികിത്സാ പ്രവർത്തനത്തിന്റെ ടെക്നിക്കൽ കൺട്രോൾ ഇതിന്റെ ഭാഗമാക്കി 1-8-91 ൽ മുതൽ ഇന്ന് നിലവിലുള്ള എല്ലാ ജീവനക്കാരും അവരുടെ പ്രവർത്തനവും നിയന്ത്രണവും വെട്ടം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് ഇതിനോട് ചേർത്ത് തിരുന്നാവായ പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം നിലവിൽ വന്നു. ലെപ്രസികൺട്രോൾജനറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ലെപ്രസി ഇൻസ്പെക്ടറടക്കം 2 9പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്.

ഇതിന്റെ പരിധിയിൽ 9 സബ് സെന്ററുകളുണ്ട്. ബ്ലോക്കിൽ 97നു മുമ്പ് പണി ചെയ്ത് ഒരു ഫാമിലി വെൽഫയർ സെന്ററും ഐ.പി.പി പണി ചെയ്ത 4 സബ്സെന്ററും പ്രാഥമികാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഒരു സബ്സെന്ററുമാണ് ഇപ്പോൾ നിലവിലുള്ളത്. കാരത്തൂർ തിരുന്നാവായ, എടക്കുളം അനന്താവൂർ എന്നീ നാല് ഹെൽത്ത് ഇൻസ്പെക്ടർ സെക്ഷനും ഉണ്ട്. ഇതിന് പുറമെ 1 ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ 1 ലെപ്രസി ഹെൽത്ത് ഇൻസ്പെക്ടർ എന്നവരടങ്ങുന്നതാണ് രോഗ പ്രതിരോധ കുടുംബക്ഷേമ പ്രവർത്തനത്തിന്റെ പരിധിയിൽ വരുന്ന ജീവനക്കാർ. ഇപ്പോൾ 5 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും 10 കിടക്കകളുള്ള വാർഡ് 24-7-95 ൽ തുറന്നു പ്രവർത്തനം തുടങ്ങി. നിലവിലുള്ള കുഴൽ കിണറിൽ നിന്ന് വെള്ളത്തിന്റെ ലഭ്യത ഉറപ്പു വരു

609

ത്താൻ കഴിയുന്നില്ല. ശുദ്ധജലത്തിന്റെ അപര്യാപ്തത ഒരു പ്രധാന പ്രശ്നമാണ്.. സോഷ്യൽ സേഫ്റ്റിനെറ്റ് വർക്ക് സ്കീം പ്രകാരം കെട്ടിടത്തിന്റേയും വെള്ളത്തിന്റേയും മരുന്നിന്റേയും പദ്ധതിക്ക് രൂപരേഖ കൊടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മരുന്ന് കുറച്ച് കഴിഞ്ഞ് ലഭിച്ചു.

സ്വകാര്യ മേഖലയിൽ പ്രസവാനന്തര ശസ്ത്രക്രിയ, മറ്റു ശസ്ത്രക്രിയകൾ, നേത്ര ചികിത്സ അത്യാഹിത വിഭാഗം പ്രധരോധ ചികിത്സ എന്നീ സൗകര്യങ്ങളുമുള്ള കൊടക്കൽ ആശുപത്രി അഡ്മിഷൻ സൗകര്യമുള്ള കാരത്തൂർ ആശുപത്രി, ദാറുശിഫാ ആശുപത്രി, മേനോൻസ് ആശുപത്രി എന്നിവ ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിനു പുറമെ അലോപതി ഹെമിയോപതി ആയുർവ്വേദ ക്ലിനുക്കുകൾ വേറെയുമുണ്ട്.

ആരോഗ്യ രംഗത്ത് ചികത്സാ സൗകര്യങ്ങളോടൊപ്പം വേണ്ട ഒരു സംവിധാനമാണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ. രോഗപ്രതിരോധ ചികിത്സയിൽ ജനങ്ങൾക്കുള്ള താത്പര്യക്കുറവും, പരിസര മലിനീകരണ നിവാരണ പ്രവർത്തനങ്ങളുടെ പോരായ്മയും രോഗങ്ങൾ വർദ്ദിക്കാൻ കാരണങ്ങളാണ്. നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ വീണ്ടും തിരിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. അതിന് ആരോഗ്യ പ്രവർത്തകരുടെ സഹകരണം അത്യാവശ്യമാണ്. അതോടൊപ്പം ജലപങ്കാളിത്തവും ഉറപ്പു വരുത്തണം. ഈ മേഖലയിൽ സന്നദ്ധസംഘടനകൾ, സാംസ്കാരിക പ്രവർത്തകർ എന്നിവർ ഉൾപ്പെടണം.

പ്രായോഗികക്ഷമത നഷ്ടപ്പെടുകയും കാലഹരണപ്പെട്ടതുമായ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമ വ്യവസ്ഥകൾകാലോചിതമായി പുതുക്കി ആരോഗ്യ രംഗത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ട നിയമ നിർമ്മാണങ്ങൾ നടത്തേണ്ടതാണ്.

പൊതുജനങ്ങളുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുകവലി, മുറുക്കൽ, മദ്യപാനം എന്നിവയുടെ ദോശങ്ങൾ ബോധ വൽകരണത്തിലൂടെ മനസ്സിലാക്കണം. അതോടൊപ്പം കൊണ്ടുനടന്നു വിൽക്കുന്ന ഐസ്ഉൽപന്നങ്ങൾ, വിലകുറഞ്ഞ പാക്കറ്റ് അച്ചാറുകൾ എന്നിവ ഉപയോഗിച്ചാലുണ്ടാകുന്ന ദോഷങ്ങൾ ബോധവൽകരണത്തിലൂടെ മനസ്സിലാക്കി ഉപഭോഗം കുറക്കാൻ വേണ്ട സംവിധാനങ്ങൾ ഉണ്ടാക്കണം.

19.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 1995ലെ സെൻസസ് പ്രകാരം 37867 ജനങ്ങൾ താമസിക്കുന്നുണ്ട്. ഒരു ചതുരശ്ര കിലോമീറ്ററിൽ 1942 ജനങ്ങൾ താമസിക്കുന്നു. അതുകൊണ്ട് ഇത്രയും ജനങ്ങളുടെ മാലിന്യങ്ങൾ വേണ്ട വിധത്തിൽ നഷിപ്പിക്കാൻ കഴിയാത്തത്കൊണ്ട് പരിസര മലിനീകരണം ഒരു പ്രധാന പ്രശ്നമാണ്. മാത്രമല്ല പ്രധാന കവലകളും ഇതിന്റെ പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. പാഴ്വസ്തുക്കൾ വേസ്റ്റ്ടിന്നിൽ നിക്ഷേപിക്കുകയും മലിനജലംവേണ്ടവിധം ഒഴിവാക്കുകയും ചെയ്യണം. കൂടാതെ മാലിന്യങ്ങൾ കുന്നുകൂടുമ്പോഴും മലിന ജലം കെട്ടിനിൽക്കുമ്പോഴും ഉണ്ടാകുന്ന ദോശഫലങ്ങൾ, ഈച്ച, കൊതുക് എന്നിവ മൂലം പരത്തുന്ന രോഗങ്ങളെപ്പറ്റി ബോധവൽകരണം നടത്തണം.

വീടുകളിൽ പാഴ്വസ്തുക്കൾ ഉപയോഗിച്ച് കമ്പോസ്റ്റ് കുഴികളുണ്ടാക്കുന്നിനും അടുക്കള തോട്ടം ഉണ്ടാക്കുന്നതിനും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും പൊതുജനങ്ങൾക്ക് കൊടുക്കണം. ഭക്ഷ്യജലപ്രാണി ജന്യ രോഗങ്ങളുടെ സാധ്യതകളും അവയുടെ നിവാരണ മാർഗ്ഗങ്ങളും പറഞ്ഞുമനസ്സിലാക്കി ബോധവൽകരണത്തിൽക്കൂടെ അറിയിക്കണം ഇതിൽ ആരോഗ്യ പ്രവർത്തകർ കൂടുതൽ ശ്രദ്ധപതിക്കണം. കൊതുകു നിവാരണത്തിന് മലിന ജലം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിൽ മണ്ണണ്ണയൊഴിച്ചോ മറ്റോ ലാർവനശീകരണവും ഉ.ഉ.ഠ സ്പ്രേയും നടത്തണം. ഇതിന്വേണ്ടി ഉ.ഉ.ഠ അടിക്കുന്നതിനായി ആളെ നിയമിക്കണം.

P.H.C യിൽ ഒരു P.C.O യെ അടിയന്തിരാമായി നിയമിക്കുകയും ഒരു ജനറൽ വാർഡ് നിർമ്മിക്കുകയും വേണം.

ഡോക്ടര്മാരുടേയും മറ്റു ജീവനക്കാരുടേയും ഡ്യൂട്ടിസമയങ്ങളിൽ കൃത്യത ഉറപ്പുവരുത്തുകയും വേണം.

# തിരുന്നാവായ പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലുള്ള സൗകര്യങ്ങൾ

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ബഡ്ഡുകളുടെ എണ്ണം | അസിസ്റ്റന്റ് സർജൻ | ഫിസിഷ്യൻ | സർജൻ | ശിശുരോഗ ചികിത്സാ വിദഗ്ദ്ധർ | സ്ത്രീരോഗ ചികിത്സാ വിദഗ്ദ്ധർ | E.N.T | നേത്രരോഗ ചികിത്സാ വിദഗ്ദ്ധർ | അനസ്തറ്റിസ്റ്റ് |
|---|---|---|---|---|---|---|---|---|---|---|
| 1. | പ്രാഥമികാരോഗ്യകേന്ദ്രം തിരുന്നാവായ | 10 | 2 | - | - | - | - | - | - | - |
| 2. | സി.എസ്.ഐ മിഷൻ ആശുപത്രി കൊടക്കൽ | 140 | 4 | 1 | 1 | 1 | 1 | 1 | 2 | 1 |
| 3. | മേനോൻസ് ക്ലിനിക് പട്ടർനടക്കാവ് | 9 | - | - | - | 1 | 1 | - | - | - |
| 4. | ദാറുശിഫാ ആശുപത്രി എടക്കുളം | 6 | 1 | - | - | - | - | - | - | - |
| 5. | കാരത്തൂർ ആശുപത്രി കാരത്തൂർ | 6 | 1 | - | - | - | - | - | - | - |
| 6. | ഐശ്വര്യ ക്ലിനിക് | - | 1 | - | - | - | - | - | - | - |
| | **ആയുർവ്വേദം** | | B.A.M.S | | | | | | | |
| 1. | R.T.K ആര്യവൈദ്യശാല, എടക്കുളം | - | 1 | - | - | - | - | - | - | - |
| | **ഹോമിയോ** | | B.H.M.S | | | | | | | |
| 1. | പ്രകാശ് പോളിയോ ക്ലിനിക് തിരുന്നാവായ | - | 1 | - | - | - | - | - | - | - |

24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ്, എക്സ്റേ ഫാർമസി എന്നിവ സി.എസ് ഐ മിഷൻ ഹോസ്പിറ്റലിൽ ലഭ്യമാണ്. ബ്ലഡ്ഡ് ബാങ്കിന് അടുത്ത് തന്നെ അനുമതി ലഭിച്ചേക്കും.

| തടസ്സകാരണം | പരിഹാരം |
|---|---|
| 1. സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. സ്ഥലപരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങളിലും) | പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇതു പരിഹരിക്കാവുന്നതാണ്. |
| 3. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ | ആരോഗ്യ ബോധവൽകരണ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യ പ്രവർത്തകരെഉദ്യോഗസ്ഥരെ ബന്ധപ്പെടുത്തി ചർച്ച ക്ലാസ്സുകൾ നടത്തുക. |

**തിരുന്നാവായ ഗ്രാമ പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | തിരുന്നാവായ പ്രാഥമികാരോഗ്യകേന്ദ്രം തിരുന്നാവായ | 3 | 16/2/1974 | 19 |
| 2. | ഐ.പി.പി സബ്സെന്റർ, അനന്താവൂർ | 2 | 1986-87 | 1 |
| 3. | കോന്നല്ലൂർ | 4 | സ്വന്തം കെട്ടിടം ഇല്ല | 1 |
| 4. | വലിയപറപ്പൂർ | 5 | സ്വന്തം കെട്ടിടം ഇല്ല | 1 |
| 5. | F.W സെന്റർ, എടക്കുളം | 7 | 19/6/364 | 1 |
| 6. | I.P.P സബ്സെന്റർ, തിരുന്നാവായ | 8 | 198788 | 1 |
| 7. | I.P.P സബ്സെന്റർ പല്ലാർ | 10 | 198990 | 1 |
| 8. | കാരത്തൂർ | 12 | സ്വന്തം കെട്ടിടം ഇല്ല | 1 |
| 9. | I.P.P സബ്സെന്റർ മൈലാടിയാൽ, വൈരംങ്കോട് | 14 | 198990 | 1 |

1. പ്രാഥമികാരോഗ്യ കേന്ദ്രം : 1
2. I.P.P സബ്സെന്റർ : 9 (ഒന്ന് P.H.C യോട് ചേർന്നപ്രവർത്തിക്കുന്നു.)

മൊത്തം ജീവനക്കാർ : 27

| വാർഡ് | സർക്കാർ ആശുപത്രി | സ്വകാര്യ ആശുപത്രി | സബ്സെന്റർ |
|---|---|---|---|
| 1. | | | |
| 2. | | | അനന്താവൂർ സബ് സെന്റർ |
| 3. | പ്രാഥമികാരോഗ്യ കേന്ദ്രം | | |
| 4. | | | കോന്നല്ലൂർ സ്വന്തം കെട്ടിടം ഇല്ല |
| 5 | | മേനോൻ ക്ലിനിക് | വലിയ പറപ്പൂർ സ്വന്തം കെട്ടിടം ഇല്ല |
| 6 | | | |
| 7 | | ദാറുശിഫാ, എടക്കുളം | സബ്സെന്റർ എടക്കുളം |
| 8 | | | സബ് സെന്റർ തിരുന്നാവായ |
| 9 | | | |
| 10 | | | സബ്സെന്റർ സൗത്ത് പല്ലാർ |
| 11 | | C.S.I മിഷൻ ആശുപത്രി കൊടക്കൽ | |
| 12 | | കാരത്തൂർ ആശുപത്രി കാരത്തൂർ | കാരത്തൂർ (സ്വന്തം കെട്ടിടം ഇല്ല) |
| 13 | | | |
| 14 | | | സബ്സെന്റർ മൈലാടിയാൽ, വൈരംങ്കോട |

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | ഇല്ല | ഇല്ല | വർഷക്കാലങ്ങളിൽ ജലജന്യ രോഗങ്ങൾ ഉണ്ടാകാറുണ്ട | ആരോഗ്യ വിദ്യാഭ്യാസത്തിന്റെ അഭാവം ഉണ്ട്. | ഒരു സബ് സെന്റർ നിർമ്മിച്ച് ആരോഗ്യ പ്രവർത്തകരുടെ മുഴുവന് സമയ സേവനം മെച്ചപ്പെടുത്തുക. ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക, ആരോഗ്യ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തുക. പൊതു ശ്മശാനം ആവശ്യമാണ്. ആയുർവ്വേദ, ഹോമിയോ ആശുപത്രി അനുവദിക്കുക. |
| 2 | അനന്താവൂർ സബ്സെന്റർ | ഇല്ല | വർഷക്കാലങ്ങളിൽ ജലജന്യരോഗങ്ങൾ ഉണ്ടാവാറുണ്ട് | P.H.C യിൽമരുന്നുകൾ കുറവാണ്. സബ്സെന്ററിൽ പ്രാഥമസുശ്രൂശ സൗകര്യമില്ല | P.H.C യിൽ രോഗികളുടെ തോതനുസരിച്ച് മരുന്നുകൾ ലഭ്യമാക്കുക. സബ്സെന്ററിൽ അടിസ്ഥാന സൗകര്യ ലഭ്യമാക്കുക, നിർധരർക്ക് കക്കൂസ് ലഭ്യമാക്കുക. |
| 3 | P.H.C തിരുന്നാവായ | ഇല്ല | ബാല ടി.ബി, ക്യാൻസർ, ജലജന്യ രോഗങ്ങൾ | ആരോഗ്യ പ്രവർത്തകരുടെ ഗൃഹ സന്ദർശനം പൂർണ്ണമല്ല. P.H.C യിൽ മരുന്നുകളുടെ പോരായ്മയുണ്ട്, കുടുംബക്ഷേമ സൗകര്യങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. | P.H.C യിൽ രോഗികളുടെ എണ്ണത്തിനനുസരിച്ച് മരുന്നു ലഭ്യമാക്കുക. സ്ത്രീരോഗ ചികിത്സാ വിദഗ്തയെ നിയമിക്കുക. ഗൃഹ സന്ദർശനം മെച്ചപ്പെടുത്തുക. പ്രതിരോധ പ്രവർത്തനത്തിന് ആവശ്യമായ D.D.T *powder*, ബ്ലീച്ചിംഗ് പൗഡർ, ഫിനോയിൻ, പ്രതി |

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെ ക്കുറിച്ചുള്ള വില യിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപ നങ്ങൾ | സ്വകാര്യ സ്ഥാപ ന ങ്ങൾ | | | |
| | | | | | രോധ കുത്തിവെപ്പ് മരുന്നുകൾ, മറ്റ് അത്യാവശ്യ മരുന്നുകൾ എന്നിവ ലഭ്യമാക്കണം. ആരോഗ്യ ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ഒരു പൊതു അറവുശാല നിർമ്മിക്കുക. കവലകളിൽവെയ്സ്റ്റ് ബിൻ സ്ഥാപിക്കുക. നിർദ്ധനർക്ക് 52 കക്കൂസ് നിർമ്മിക്കുക. |
| 4 | കോന്നല്ലൂർ സബ് സെന്റർ | സ്വന്തം കെട്ടിടം ഇല്ല | മഴക്കാലങ്ങളിൽ ജല ജന്യ രോഗങ്ങൾ | പ്രതിരോധകുത്തി വെപ്പുകളും കുടും ബക്ഷേമ പ്രവർത്ത നങ്ങളും, ബോധ വൽകണ ക്ലാസ്സു കളും തൃപ്തികര മല്ല | ജനറൽവാർഡ് നിർമ്മിക്കുക, പഞ്ചായത്ത് കെട്ടിടത്തിൽ ആയുർവ്വേദാശുപത്രി തുടങ്ങുക. |
| 5 | സബ്സെന്റർ വലിയപറമ്പൂർ (സ്വന്തം കെട്ടിടമില്ല) | മേമനാൻസ് ഹോസ്പിറ്റൽ | സിഥിരമായി പകർച്ച വ്യാധികൾ ഇല്ല | പ്രതി രോധ കുത്തി വെപ്പുകളും കുടുംബക്ഷേമ പ്രവർത്തനങ്ങളും, ബോധൽകരണ ക്ലാസ്സുകളും വേണ്ട വിധം നടക്കുന്നില്ല | സബ്സെന്റർ നിർമ്മിച്ച് ആരേഗ്യ പ്രവർത്തകരുടെ മുഴുവൻ സമയ പ്രവർത്തനം ല ്യമാക്കുക. ആരോഗ്യ ബോധവൽകരണ സെമിനാറുകൾ നടത്തുക. ആയുർവ്വദ ഹോമിയോ ആശുപത്രികൾ നിർമ്മിക്കുക വേസ്റ്റ് ബിൻ സ്ഥാപിക്കുക ഗൃഹ സന്ദർശനം മെച്ചപ്പെടുത്തുക. |

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 6 | ഇല്ല | ഹോമിയോ ക്ലിനിക് | വർഷക്കാലങ്ങളിൽ വയറിളക്ക രോഗം | ആരോഗ്യ പ്രവർത്തനങ്ങൾ തൃപ്തികരമല്ല പഴകിയ ക്ഷണ മത്സ്യമാംസങ്ങൾ എന്നിവയുടെ പരിശോധന തൃപ്തികരമല്ല | ഒരു ഡോക്ടറുടെ പ്രവർത്തനം ലഭ്യമാക്കുക. ഒരു സബ് സെന്റർ നിർമ്മിച്ച് ആരോഗ്യ പ്രവർത്തകരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കണം. കായലിലെ അട്ടയുടെ സല്യം ഒഴിവാക്കാൻ വേണ്ട പ്രവർത്തനം നടത്തുക. ഹോമിയോ ആയുർവ്വേദ ആശുപത്രികൾ അനുവധിക്കുക. കംഫാർട്ട് സ്റ്റേഷൻ സ്ഥാപിക്കുക വേസ്റ്റ്ബിൻ സ്ഥാപിക്കണം P.H.C ക്ക് ഒരു വാഹനം ലഭ്യമാക്കണം. |
| 7 | എടക്കുളം സബ് സെന്റർ | ദാറുശിഫാ ആശുപത്രി | വർഷക്കാലങ്ങളിൽ ജലജന്യ രോഗങ്ങൾ ഉണ്ടാകുന്നു. | ആരോഗ്യ പ്രവർത്തനം തൃപ്തികരമല്ല. സബ് സെന്ററിൽ അടിസ്ഥാന സൗകര്യം ലഭ്യമല്ല. വെള്ളം ഇല്ല. കറന്റ് ഇല്ല്, വഴി സൗകര്യമില്ല. | തുകൾ സംസ്കരണ ശാലയിൽ നിന്നുള്ള ജലവായു മലിനീകരണ നിവാരണ മാർഗ്ഗങ്ങളെടുക്കണം. ശുദ്ധജലം ലഭ്യമല്ലാത്തവർക്ക് ശുദ്ധജലം എത്തിക്കണം. കൂടുതൽ തൂപ്പുകാരെ നിയമിക്കണം. മാസത്തിൽ ഒരിക്കൽ ഉ.ഉ.ഠ അടിക്കാനുള്ള സൗകര്യം ചെയ്യുക. പഴകിയ ഭക്ഷണ മത്സ്യമാംസങ്ങൾ, സ്ക്കൂൾ പരിസരുത്തുള്ള മായം ചേർത്ത മീഠായികൾ, ഐസുകൾ എന്നിവ പരിശോധിച്ച് വേണ്ട നിയമ നടപടികൾ കൈകൊളളുക. സബ്സെന്ററിൽ വേണ്ട സൗകര്യം ലഭ്യമാക്കുക. |

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചുള്ള വില യിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപന ങ്ങൾ | സ്വകാര്യ സ്ഥാപന ങ്ങൾ | | | |
| 8 | തിരുന്നാവായ സബ്സെന്റർ | ഇല്ല | ഇല്ല ജലപ്രാണിജന്യ രോഗങ്ങൾ | സബ്സെന്ററിൽ അടിസ്ഥാന സൗകര്യം കുറവാണ്. പ്രഥമ ശുശ്രൂഷ സൗകര്യം ലഭ്യമല്ല | ഒരു ഡോക്ടറുടെ സേവനത്തോടുകൂടി സബ്സെന്റർ വിപുലീകരിക്കുക. കൊതുകു നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക. ഡി.ഡി.റ്റി അടിക്കൻ ആളെ നിയമിക്കുക. പൊതുശ്മശാനത്തിൽ വൈദ്യുതി ചൂള ഏർപ്പെടുത്തുക. സബ്സെന്ററിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക. ഗൃഹസന്ദർശനം മെച്ചപ്പെടുത്തുക |
| 9 | ഇല്ല | ഐശ്വര്യാ ക്ലിനിക്ക് | ജല-വായു-പ്രാണി ജന്യരോഗങ്ങൾ | ആരോഗ്യ ബോധവൽകരണ ക്ലാസ്സുകൾ പൂർണ്ണമല്ല | ഒരു, സബ്സെന്റർ നിർമ്മിച്ച് ഒരു ആരോഗ്യ പ്രവർത്തകയുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കുക. കൊതുകു നിവാരണ മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക. ബോധവൽകര ക്ലാസ്സുകൾ സംഘടിപ്പിക്കുക. |
| 10 | സൗത്ത്പല്ലാർ സബ് സെന്റർ | ഇല്ല | ജലപ്രാണി ജന്യരോഗങ്ങൾ | ഈ വാർഡിലുള്ള സബ്സെന്റർ 2കി.മി അകലെയാണ്. സബ്സെന്ററിൽ പ്രാഥമിക ശുശ്രൂഷ സൗകര്യം ഏർപ്പെടുത്തുക. ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാണ്. | ഒരു സബ് സെന്റർ കൂടി നിർമ്മിച്ച് ഒരു ഡോക്ടറുടെ സേവനവും ആരോഗ്യ പ്രവർത്തകയുടെ സേവനവും ലഭ്യമാക്കണം. കൊതുകു നിവാരണ മാർഗ്ഗങ്ങൾ കൈകൊള്ളണം. ഓരോ ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ ആരംഭിക്കണം. P.H.C ഗൈനക്കോളജിസ്റ്റിനെ നിയമിച്ചു I.P.P കാര്യക്ഷമമാക്കുക. |

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 11 | സബ് സെന്റർ ഇല്ല | C.S.I ആശുപത്രി കൊടക്കൽ | . ജലപ്രാണി ജന്യ രോഗങ്ങൾ | ആരോഗ്യ പ്രവർത്തകയുടെ സേവനം ലഭ്യമാണ്. പഴകിയ ഭക്ഷണ മാംസ മത്സ്യാതികളുടെ പരിശോധന പൂർണ്ണമല്ല | ഒരു സബ്സെന്റർ നിർമ്മിച്ച് ഒരു ആരോഗ്യ പ്രവർത്തകയുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം പ്രതിരോധ കുത്തിവെപ്പ്. കുടുംബക്ഷേമ കാര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തുക, ആയുർവ്വേദ ആശുപത്രി അനുവധിക്കുക. കൊതുക് നിവാരണ മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക. പോതുശ്മശാനം തുറന്നു കൊടുക്കുക. അറവുശാല നിർമ്മിക്കുക. ഹോമിയോ ആയുർവ്വേദാശുപത്രി അനുവദിക്കുക. |
| 12 | കാരത്തൂർ സബ്സെന്റർ(സ്വന്തം കെട്ടിടമില്ല) | കാരത്തൂർ ആശുപത്രി | ജലപ്രാണി ജന്യ രോഗങ്ങൾ | ആരോഗ്യ പ്രവർത്തകയുടെ സേവനം ലഭ്യമാണ്. പഴകിയ ഭക്ഷണ മാംസ മത്സ്യാതികളുടെ പരിശോധന പൂർണ്ണമല്ല. | ഒരു സബ്സെന്റർ നിർമ്മിച്ച് ഒരു ആരോഗ്യപ്രവർത്തകയുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം. പ്രതിരോധ കുത്തിവെപ്പ്. കുടുംബക്ഷേമ കാര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തുക. ആയുർവ്വേദാശുപത്രി അനുവദിക്കുക. കൊതുക് നിവാരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക |
| 13 | സബ്സെന്റർ ഇല്ല | ഇല്ല | ജലജന്യ രോഗങ്ങൾ | കുടുംബക്ഷേമ കാര്യം മെച്ചപ്പെടുത്തുക. | സബ് സെന്റർ നിർമ്മിച്ച് ആരോഗ്യ പ്രവർത്തകയുടെ സേവനം ലഭ്യമാക്കണം. ഹോമിയോ ആയുർവേദാശുപത്രികൾ നിർമ്മിക്കണം. ഡി.ഡി.റ്റി അടിക്കാനുള്ള സൗകര്യം ചെയ്യുക. |
| 14 | മൈലാടിയാൽ സബ് സെന്റർ | ഹോമിയോ ക്ലിനിക് ഉണ്ട് | പ്രാണിജലജന്യരോങ്ങൾ | P.H.C യിൽ വേണ്ടത്ര മരുന്നുകൾ ലഭ്യമാക്കുക. ജ.ഒ.ര യിൽ കുടുംക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. സബ്സെന്റർ ഉപയോഗശൂന്യമാണ്. | P.H.C യിൽ രോഗികൾക്കനുസരിച്ച് മരുന്നുകൾ ലഭ്യമാക്കുക. കുടുംബക്ഷേമകാര്യങ്ങൾ മെച്ചപ്പെടുത്താൻ സ്ത്രീരോഗ ചികിത്സാ വിദഗ്തയെ നിയമിക്കുക. സബ്സെന്ററിൽ വെള്ളവും വെളിച്ചവും എത്തിക്കുക. ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ അനുവധിക്കുക. ഡോക്ടർമാരും മറ്റു ജീവനക്കാരും കൃത്യസമയത്ത് ഡ്യൂട്ടിയിൽ ഹാജരായി ജോലി നിർവ്വഹിക്കുക. |


## ജനന, മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 1406 | 219 | 3 |
| 1994-95 | 1276 | 199 | 4 |
| 1995-96 | 1121 | 210 | 6 |


## പകർച്ചവ്യാധി വിവരങ്ങൾ


| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 371 | 305 | 4 | 6948 |
| 1994-95 | 398 | 317 | 5 | 7191 |
| 1995-96 | 388 | 311 | 4 | 7012 |

(അവലംബം :ദ്വിതീയവിവരക്കണക്ക്)




# തിരുനാവായ പഞ്ചായത്തിലെ ഗവൺമെന്റ് എയിഡഡ് സ്കൂളുകൾ





5-7



# വിദ്യാഭ്യാസം

തിരുന്നാവായ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായം ആരംഭിച്ചത് ജർമ്മൻ ഇവാഞ്ചലിക്കൽ മിഷന്റെ മിഷിനറി പ്രവർനത്തോടുകൂടിയാണ്. ഇതിന്റെ ഭാഗമായി 1906ൽ കൊടക്കൽ പ്രദേശത്ത് ബാസൽ ഇവാഞ്ചലിക്കൽ മിഷൻ ഒരു സ്ക്കൂൾ ആരംഭിച്ചു.

രണ്ടാം ലോക മഹാ യുദ്ധത്തിൽ ജർമ്മനിയുടെ പരാജയത്തെത്തുടർന്ന് അവരുടെ ഇന്ത്യയിലെ എല്ലാ സ്ഥാപനങ്ങളും ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലായി. പിന്നീട് ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ സ്ഥാപനവും ഉൾപ്പെട്ടു. മലബാർപ്രദേശത്തുണ്ടായ നിരവധി ലഹളകൾക്ക് കാരണം വിദ്യാഭ്യാസത്തിന്റെ അഭാവമാണെന്ന കണ്ടെത്തലോടുകൂടി ബ്രിട്ടീഷ് ഗവൺമെന്റ് കൂടുതൽ മുസ്ലീം വിദ്യാലയങ്ങൾ അനുവദിച്ചു. അന്നത്തെ മതപഠന കേന്ദ്രങ്ങളിൽ പലതും പിന്നീട് പൊതു വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറി. ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ പ്രവർത്തിച്ചുപോന്ന എടക്കുളത്തെ പ്രൈമറി സ്ക്കൂളും കൊടക്കൽതിരുത്തി പ്രദേശത്തെ ഏകാധ്യാപക വിദ്യാലയവും 1956ൽ കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിന് ശേഷം സർക്കാർ സ്ക്കൂളുകളായി മാറി.

ഏകദേശം 150 വർഷത്തിലേറെ പഴക്കമുള്ള രാങ്ങാട്ടൂർ പള്ളിയുടെ ഭാഗമായി ഒരു മതപഠന കേന്ദ്രം പ്രവർത്തിച്ചിരുന്നു.

1946ൽ തിരുന്നാവായ ക്ഷേത്ര പരിസരത്തിലെ സത്രത്തിൽ കേരള വിദ്യാപീഠം എന്നപേരിൽ സ്ഥാപിച്ച വിദ്യാഭ്യാസകേന്ദ്രമാണ് ഇന്നത്തെ നവാമുന്ദാ ഹൈസ്ക്കൂളായി മാറിയത്. ഇതിന്റെ സ്ഥാപകൻ കോഴിക്കോട്ടുകാരനായ ശങ്കുണ്ണിമേനോൻ ആയിരുന്നു. നവാമുകുന്ദാ ഹൈസ്ക്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്ററായി ശ്രീ കെ.വി ബാലകൃഷ്ണൻ നായർ 1946 ൽ ജൂൺ 26ന് ചാർജ്ജെടുത്തു. ഈ സ്ക്കൂളുകളിൽ നിന്നും ആദ്യത്തെ ബാച്ചിൽ 69 ശതമാനം പേർ പാസ്സായി.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലഭിച്ച സ്ഥിതിവിവരകണക്കുകളും പ്രശ്നങ്ങളും സാധ്യതകളും താഴെ കൊടുക്കുന്നു.

തിരുന്നാവായ പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളും മൂന്ന് U.P സ്ക്കൂളുകളും ഒമ്പത് L.P സ്ക്കൂളുകളുമാണ് ഉള്ളത്. ഇവ കൂടാതെ അൺഎയ്ഡഡ് വിഭാഗത്തിൽ രണ്ട് ഹൈസ്ക്കൂളുകളും ഒരു യു.പി സ്ക്കൂളും ഒരു എൽ.പി സ്ക്കൂളും ഭാരതീയ വിദ്യാൻഭവന്റെ കീഴിൽ തിരുന്നാവായ കേന്ദ്രമാക്കി ഒരു എൽ..പി സെക്ഷനും പ്രവർത്തിക്കുന്നു.

| സ്ക്കൂൾ | 91/92 | 92/93 | 93/94 | 94/95 | 95/96 |
|---|---|---|---|---|---|
| N.M.H.S | 17.5% | 18% | 12.5% | 11% | 7.8% |
| ചേരുരാൽ എച്ച്. എസ് | 14% | 15% | 16% | 13% | 15% |

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 115 | 99 | 214 | 96 | 81 | 177 | 123 | 145 | 268 |

പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്
(അവലംബം: സെക്കന്ററി ഡാറ്റ)

## സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ വിവരങ്ങൾ

ആകെയുള്ള സ്ക്കൂളുകളിൽ അഞ്ച് പ്രൈമറി സ്ക്കൂളുകൾ മാത്രമാണ് സർക്കാർ മേഖലയിലുള്ളത് മൊത്തം വിദ്യാർത്ഥികളിൽ 1345 ഉം അദ്ധ്യാപകരിൽ 37 ഉം സർക്കാർ മേഖലയിലാണുള്ളത്.

വിദ്യാഭ്യാസ രംഗത്ത് സേവനം അനുഷ്ഠിക്കുന്ന ബഹുഭൂരി ഭാഗവും അധ്യാപികമാരാണ്. പഞ്ചായത്തിലെ രണ്ടു ലോവർ പ്രൈമറി സ്ക്കൂളുകൾ ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്..

1. G.M.L.P.S സ്ക്കൂൾ എടക്കുളം
2. G.M.L.P.S സ്ക്കൂൾ , വലിയപറപ്പൂർ

മിക്കവാറും പ്രൈമറി സ്ക്കൂളുകളിൽ ആവശ്യത്തിന് ഫർണീച്ചറുകളോ, പഠനോപകരണങ്ങളോ മറ്റു അടിസ്ഥാനസൗകര്യങ്ങളോ ഇല്ല.

ഒരു ക്ലാസ്സ് ഡിവിഷനിൽ 30 മുതൽ 60 വരെ കുട്ടികൾ ഇരുന്നു പഠിക്കുന്നു. വിദ്യാർത്ഥികളുടെ അനുപാതത്തിനനുസരിച്ച് ഡസ്ക്കുകളും ബെഞ്ചുകളും ഇല്ലാത്ത സ്ക്കൂളുകളാണ് ഭൂരിപക്ഷവും.

മൊത്തം സ്ക്കൂളുകളിൽ ഏഴെണ്ണത്തിൽ വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനാവശ്യമായ കളിസ്ഥലം പോലുംഇല്ല. മൂത്രപ്പുരകളും കക്കൂസുകളുമില്ലാത്ത സ്ക്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. ഈ സൗകര്യങ്ങൾ ഉള്ള സ്ക്കൂളുകളിൽപോലും വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി പ്രസ്തുത സൗകര്യങ്ങളില്ല. തെളിയാത്തതും കേടുവന്നതുമായ ബ്ലാക്ക്ബോർഡുകളാണ് മിക്ക സ്ക്കൂളുകളിലും ഉള്ളത്. മൊത്തം സ്ക്കൂളുകളിൽ ഏഴെണ്ണത്തിൽ റേഡിയോയും, ടേപ്പ്റിക്കോർഡർ സംവിധാനവും ഉണ്ട്. മിക്ക സ്ക്കൂളുകളിലും ലബോറട്ടറി ലൈബ്രറി സൗകര്യങ്ങളില്ല. ഉള്ള സ്ക്കൂളുകളിൽ അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. സ്ക്കൂൾ പി.ടി.എ കളുടെ നിർജ്ജീവത്വവും അധ്യാപക വിദ്യാർത്ഥി ബന്ധത്തിൽ വന്നതകർച്ചയും പഠന നിലവാരത്തെ ഒരു പരിധിവരെ പിന്നിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സമരംകാരണം അധ്യയന ദിവസങ്ങൾ നഷ്ടപ്പെട്ടിട്ടില്ലായെന്നത് ഒരു ആശ്വാസമാണ്.

മിക്ക സ്ക്കൂളുകളിലും NCC, സ്കൗട്ട്, NSS തുടങ്ങിയ സന്നദ്ധസംഘടനകളുടെ യൂണിറ്റുകളില്ല. വിഞ്ജാനോൽസവം തുടങ്ങിയ മത്സരപരിപാടികളിൽ എല്ലാ സ്ക്കൂളുകളിൽ നിന്നും പങ്കാളിത്തമുണ്ടാകാറുണ്ട്.

## സാമ്പത്തിക ആനുകൂല്യ ലഭിക്കുന്ന കുട്ടികളുടെ വിവിരം 9596

ST/ST കുട്ടികളുടെ സ്കോളർഷിപ്പ് - 560

മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ് -894

വികലാംഗ സ്കേളർഷിപ്പ് - 33

91 ലെ സെൻസസ് പ്രകാരം 37867 ജനസംഖ്യയുള്ള തിരുനാവായ ഗ്രാമപഞ്ചായത്തിൽ ഉന്നതവിദ്യഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യഭ്യാസ സ്ഥാപനങ്ങളോ ഇല്ല. നവാമുകുന്ദ ഹൈസ്ക്കൂളിൽ നിന്നും ചേരുരാൽ ഹൈസ്ക്കൂളിൽ നിന്നും ചേരുരാൽ ഹൈസ്കൂളിൽ നിന്നും ൦ പൊന്നാനി, തിരൂരങ്ങാടി, വളാഞ്ചേരി, തിരൂർ കോളേജുകളെയാണ്. പഞ്ചായത്തിലെ രണ്ട്ഹൈസ്ക്കൂളുകളുടെയും വിജയ ശതമാനവും വളരെ കുറവായതിനാൽ മിക്കകുട്ടികളും ഉന്നത പഠനത്തിനായി പാരലൽ സ്ഥാപനങ്ങളെ

| നമ്പർ | സ്ക്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | N.M.H.S തിരുന്നാവായ | എയ്ഡഡ് | 1493 | 1079 | 2572 | 25 | 47 | 72 |
| 2 | ചേരുരാൽ H.S ചേരുരാൽ | ,, | 1989 | 1852 | 3841 | 42 | 37 | 79 |
| 3 | A.M.L.P.S തിരുന്നാവായ | ,, | 307 | 313 | 620 | 5 | 12 | 17 |
| 4 | A.M.L.P.Sചങ്ങമ്പള്ളി | ,, | 143 | 137 | 280 | 2 | 8 | 10 |
| 5 | V.P.L.P.S കാരത്തൂർ | ,, | 94 | 169 | 273 | 4 | 7 | 11 |
| 6 | A.M.L.P.S കോന്നല്ലൂർ | ,, | 199 | 205 | 404 | 5 | 9 | 14 |
| 7 | G.M.L.P.S എടക്കുളം | Govt. | 218 | 171 | 389 | 4 | 8 | 12 |
| 8 | G.M.L.P.S സൗത്ത് പല്ലാർ | ,, | 103 | 113 | 216 | 2 | 3 | 5 |
| 9 | G.L.P.S തിരുത്തി | ,, | 86 | 92 | 178 | 3 | 52 | 5 |
| 10 | G.M.L.P.S വലിയ പറപ്പൂർ | ,, | 171 | 157 | 328 | 6 | 4 | 10 |
| 11 | G.M.L.P.S കൈത്തക്കര | ,, | 116 | 138 | 234 | 1 | 4 | 5 |
| 12 | A.M.U.P.S എടക്കുളം | എയിഡഡ് | 337 | 307 | 644 | 8 | 15 | 23 |
| 13 | B.E.M.U.P.S | ,, | 571 | 603 | 1174 | 7 | 20 | 27 |
| 14 | A.M.U.P.S വൈരംകോട് | ,, | 701 | 631 | 1332 | 14 | 28 | 42 |
| 15 | K.M.S.I.U.P നോർത്ത് പല്ലാർ | അൺ എയ്ഡഡ് | ഇല്ല | 224 | 224 | 2 | 7 | 9 |
| 16 | N.U.P.S കാരത്തൂർ | ,, | 136 | 25 | 161 | | 6 | 6 |
| 17 | വിദ്യാനഗർ വലിയപറപ്പൂർ | ,, | 73 | 60 | 133 | 2 | 3 | 5 |
| 18 | ഭാരതീയ വിദ്യാ വൻ തിരുന്നാവായ | ,, | 120 | 73 | 193 | 1 | 14 | 15 |

(അവലംബം സെകന്ററി ഡാറ്റ)

ആശ്രയിക്കേണ്ടി വരുന്നു. സമീപപ്രദേശങ്ങളിൽ ഉള്ള ഇംഗ്ലീഷ്മീഡിയം അൺഎയ്ഡഡ് സ്ക്കൂളുകളിലേക്ക് വിദ്യാർത്ഥികളെ അയക്കുന്നത് മൂലം മുൻ വർഷങ്ങളിലേതിനേക്കാൾ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. മാതൃഭാഷയെ അവഗണിക്കുന്നത്കൊണ്ടുണ്ടാകുന്ന ഇത്തരം പ്രവർത്തനങ്ങളിൽ ആശങ്കയുണ്ട്.

SC/ST - 55

മറ്റുള്ളവർ - 1246

തോറ്റുപഠിക്കുന്നവരുടെ വിവരം 199596
(അവലംബം സെകന്ററി ഡാറ്റ)

ഫലപ്രദമായ P.T.A യുടെ അഭാവവും കൃത്യനിഷ്ഠയുടെ കാര്യത്തിൽ വിദ്യാർത്ഥികളും, അധ്യാപകരും വരുത്തുന്ന വീഴ്ചയും ശ്രദ്ധേയമാണ്. ചുറ്റുമതിലുകളും ശുദ്ധജല ലഭ്യതയും ഇല്ലായ്മ ചില സ്ക്കൂളുകളെയെങ്കിലും സാര

മായി ബാധിക്കുന്നു.

പ്രൈമറി സ്ക്കൂളുകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഉച്ച ക്ഷണ വിതരണം മൂന്ന് സ്ക്കൂളുകളിലെ നടക്കുന്നുള്ളു. പ്രൈമറി സ്ക്കൂളുകളിൽ കലാകായിക വിനോദങ്ങൾക്കും മറ്റു സാംസ്കാരിക പ്രവർത്തനങ്ങൾക്കും യാതൊരു വിധ ഫണ്ടുകളും നിലവിലില്ല.

യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിലും ആവശ്യമായത്ര ഫർണീച്ചറുകൾ നൽകുന്നതിലും ചില മാനേജ്മെന്റുകൾ വീഴ്ച വരുത്തുന്നതായി സെക്കന്ററി ഡാറ്റകൾ സൂചിപ്പിക്കുന്നു.

ശുചീകരണം നടത്തുന്നതിന് തൂപ്പുകാര് ഇല്ലാത്തതും, സ്റ്റാഫ് റൂം ഇല്ലാത്തതും, സ്ക്കൂൾ വൈദ്യുതീകരിക്കാത്തതും ശോചനീയം തന്നെ.

| തൂപ്പുകാരില്ലാത്തവ | വൈദ്യുതീകരിക്കാത്തവ | സ്റ്റാഫ് റൂമില്ലാത്തവ |
|---|---|---|
| 7 | 10 | 11 |

പ്രൈമറി സ്ക്കൂളുകളിൽ മിക്കവയും, ക്ലാസ്സ്റൂം ഓപറേഷൻ ഇല്ലാത്തവയാണ് ഇത് അച്ചടക്കത്തേയും, അധ്യാപനത്തേയും അതുവഴി പഠന നിലവാരത്തേയും ബാധിക്കുന്നു.

നിലവിലുള്ള പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സാചര്യങ്ങളുടെ അപര്യാപ്തതയും അധ്യായനനിലവാരത്തകർച്ചയും അൺ എയ്ഡഡ് സ്ക്കൂളുകളുടെ വളർച്ചക്കും അത്തരം സ്ഥാപനങ്ങളിലേക്ക് തങ്ങളുടെ മക്കളെ പറഞ്ഞയക്കുന്നതിന് ചില രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നതിനും ഇടവരുത്തുന്നു.

## വിദ്യാർത്ഥികളുടെ പഠന നിലവാരം

**ആവശ്യമായ ഫർണീച്ചറുകളുടെ വിവരം**

| ഡസ്ക്കുകൾ | ബെഞ്ചുകൾ | കസേര | മേശ | ഓഫീസ് ഫർണീച്ചർ(അലമാര) |
|---|---|---|---|---|
| 665 | 445 | 143 | 120 | 41 |

(അവലംബം സെക്കന്ററി ഡാറ്റ)

**ഗ്രാമസഭാ ചർച്ചകളിൽ നിന്നും ദ്വിതീയ വിവരശേഖരണത്തിൽ നിന്നും തെളിഞ്ഞുവരുന്ന പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.**

1. മിക്ക വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയുണ്ട്.
2. പി.ടി.എ ഫലപ്രദമല്ലാത്ത സ്ക്കൂളുകളിൽ പൊതുഅച്ചടക്കവും അദ്ധ്യയന നിലവാരവും കുറഞ്ഞുവരുന്നു.
3. പ്രൈമറി സ്ക്കൂളുകളിൽ ഉച്ച ഭക്ഷണ വിതരണം ഇല്ലാത്തതിനാൽ അത്തരം പ്രദേശങ്ങളിലെ പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രയാസങ്ങൾ നേരിടുന്നു.
4. മിക്കവാറും സ്ക്കൂളുകളിൽ യൂണിഫോം സമ്പ്രദായം നിലവിലുണ്ടെങ്കിലും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടത്ര യൂണിഫോമുകൾ വാങ്ങിച്ചുകൊടുക്കാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല.
5. മിക്കസ്ക്കൂളുകളിലും ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ഇല്ലാത്തത് വിദ്യാർത്ഥികളിൽ കലാകായിക, അഭിരുചി വളർത്തുന്നതിന് തടസ്സമുള്ള ഘടകമാണ്.
6. ചിലപ്രദേശങ്ങളിൽ പ്രൈമറിസ്ക്കൂളുകൾ ഇല്ലാത്തതിനാൽ അവിടത്തെ കുട്ടികൾക്ക് മൂന്ന് നാല്കിലോമീറ്ററോളം നടന്നുവേണം അടുത്തുള്ള സ്ക്കൂളുകളിൽ എത്താൻ.
7. പഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളോ സാങ്കേതിക വിദ്യാദ്യാസ കേന്ദ്രങ്ങളോ ഇല്ലാത്തതിനാൽ ഉന്നതപഠനത്തിനായി പന്ത്രണ്ട്മുതൽ ഇരുപത്തഞ്ച് വരെ കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങളേയാണ് ആശ്രയിക്കുന്നത്.

## സാദ്ധ്യതകൾ

1. സ്ക്കൂളുകളിൽ ഇന്നുള്ള ഭൗതിക സാഹചര്യങ്ങളുടെ കുറവ് നികത്തുന്നാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സ്ക്കൂൾ മാനേജ്മെന്റും പി.ടി.എ യും സഹകരിച്ച് പ്രവർത്തിക്കണം.
2. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് അധ്യാ

# വിദ്യാർത്ഥികളുടെ പഠന നിലവാരം സംബന്ധിച്ച വിവരം

(അവലംബം സെക്കന്ററി ഡാറ്റ)

| ക്ലാസ്സുകൾ | 30%ത്തിന് താഴെ മാർക്ക് ലഭിച്ചവർ | 30 %-40% മാർക്ക് ലഭിച്ചവർ | 40% - 50% മാർക്ക് നേടിയവർ | 50% - 60% മാർക്ക് നേടിയവർ | 60% ത്തിന് മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| III | 87 | 189 | 177 | 189 | 185 |
| IV | 185 | 168 | 190 | 195 | 179 |
| V | 199 | 190 | 369 | 215 | 245 |
| VI | 175 | 260 | 148 | 196 | 238 |
| VII | 261 | 179 | 221 | 184 | 289 |
| VIII | 114 | 189 | 240 | 210 | 64 |
| IX | 196 | 271 | 160 | 93 | 71 |
| X | 183 | 100 | 070 | 086 | 061 |

പകരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ക്രിയാത്മക സഹകരണം ഉണ്ടാകണം. ഇതിനായി ക്ലാസ്സ് റൂം പി.ടി.എ കൾ ഫലപ്രദമാക്കണം. പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സ്സുകൾ സജീവമാക്കണം. നിലവിലുള്ള വില്ലേജ് എഡ്യൂക്കേഷണൽ കമ്മറ്റിയിൽ ഗ്രാമസഭാ പ്രതിനിധികളെ ഉൾപ്പെടുത്താവുന്നതാണ്. അധ്യാപകർക്ക് കാലോചിതമായി ഇൻസർവ്വീസ് കോഴ്സുകൾ നടത്തുകയും അധ്യായന നിലവാരം പരിശോധിക്കുന്നതിൽ ഇന്നുള്ള രീതി മാറ്റി ശാസ്ത്രീയമായ മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യണം. സർക്കാർ സ്ക്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകൾ നികത്തിയും ദീർഘകാല അവധിയിൽ പ്രവേശിക്കുന്നവർക്കു പകരമായി നിയമനം നടത്തുകയും ചെയ്യണം.

3. അധ്യാപക വിദ്യാർത്ഥി അനുപാതം പുനർനിർണ്ണയിക്കുകയും ആവശ്യമായ ഡിവിഷനുകൾ ആരംഭിക്കുകയും വേണം.

4. ജില്ലാ പ്രൈമറി സ്ക്കൂളുകളിലും ഉച്ചഭക്ഷണത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുകയും ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും വേണം.

5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് യൂണിഫോമുകളും പഠനസാമഗ്രികളും സ്ക്കൂൾ പി.ടി.എ യുടെ സഹകരണത്തോടെ നടപ്പിലാക്കാവുന്നതാണ്.

6. സ്ക്കൂൾ കോംപ്ലക്സ്സുകളുടെ സഹകരണത്തോടെ ലബോറട്ടറി, ലൈബ്രറി, സ്പോർട്സ് സൗകര്യങ്ങൾ എല്ലാ സ്ക്കൂളുകൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. കോംപ്ലക്സ്സ് മീറ്റിംങ്ങുകളിൽ സിലബസിനെ കുറിച്ചും വിവിധ വിഷയങ്ങളെ കുറിച്ചും സമഗ്രമായ ചർച്ചകൾ നടത്തണം. മീറ്റിങ്ങുകൾ കേവലം ചടങ്ങുകളായാൽ അധ്യായന ദിവസങ്ങൾ നഷ്ടപ്പെടുത്തുന്നതിന് മാത്രമേ സഹായിക്കൂ.

## നിർദ്ദേശങ്ങൾ


തിരുന്നാവായ പഞ്ചായത്തിലെ നവാമുകുന്ദഹൈസ്ക്കൂളും, ചേരുരാൽ ഹൈസ്ക്കൂളും വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളുകളാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവുണ്ടാകണം. ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇപ്പോഴുണ്ട്.

തിരുത്തി G.L.P സ്ക്കൂൾ, സൗത്ത് പല്ലാർ G.M.L.P സ്ക്കൂൾ, വലിയ പറപ്പൂർ G.L.P സ്ക്കൂൾ കൈത്തക്കര G.L.P എന്നിവ യു.പിസ്ക്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യണം.

തിരുത്തി-വാവൂർകുന്നിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കണം. വൈരംകോട് എ.ങ.ഡ.ജ സ്ക്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്തേണ്ടത് അനിവാര്യമാണ്.

പഞ്ചായത്തീരാജ് സംവിധാനപ്രകാരം പഞ്ചായത്തിന്റെ കീഴിൽ വരുന്ന പ്രൈമറി സ്ക്കൂളുകളിലെ താത്കാലിക ഒഴിവുകളിൽ അധ്യാപകരെ നിയമിക്കാനുള്ള അധികാരത്തിന് നൽകണം. സർക്കാർ സ്ക്കൂളുകളിൽ മെറ്റേണിറ്റി ലീവിൽ വരുന്ന ഒഴിവുകളിൽ താൽകാലികമായി അധ്യാപകരം നിയമിക്കാനുള്ള നടപടിയുണ്ടാകണം.





(5-8)

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

ഒരു കാലത്ത് നിന്ദിതരും, പീഢിതരും, അയിത്തജ്ജാതിക്കാരുമായി കഴിഞ്ഞിരുന്ന ഒരു ജനവിഭാഗമായിരുന്നു പട്ടിക ജ്ജാതിക്കാർ. ജൻമിത്വം കൊടികുത്തിവാണിരുന്നകാലത്ത് പല ജന്മിമാരും ഇവരെ അടിമകളാക്കി മൃഗങ്ങൾക്ക് തുല്യമായി പണിയെടുപ്പിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ജന്മികളുടെ കൃഷി ഭൂമികളിൽ അടിമകളാക്കി അധ്വാനിപ്പിച്ചിരുന്ന ഇവർക്ക് ഒരു പ്രത്യേക സ്ഥലം നൽകി കുടിൽകെട്ടി താമസിച്ചിരുന്നു. ഇന്ന് കാണുന്ന കോളനികളിൽ അധികവും ഒരോജന്മിതമ്പുരാക്കൻമാരും അടിമകളാക്കി വെച്ചിരുന്ന അടിയാളൻമാരുടെ ചാളകളായിരുന്നു.

മറ്റുള്ളവർക്കുവേണ്ടി അദ്ധ്വാനിക്കുകയും വിയർപ്പൊഴുക്കുകയും ചെയ്തിരുന്ന ഈ വിഭാഗത്തിന് കൈമുതലായി ഒന്നും തന്നെ ഇല്ലായിരുന്നു. ഭൂപരിഷ്കരണ നിയമം വന്നതിന് ശേഷമാണ് തന്റേതെന്ന് അവകാശപ്പെടാൻ ഒരു പിടിമണ്ണുണ്ടായത്.

തിരുന്നാവായ ഗ്രാമപഞ്ചായത്തിൽ അനന്താവൂർ, തിരുന്നാവായ എന്നീ വില്ലേജുകളാണുള്ളത്. അതിൽ അനന്താവൂർ വില്ലേജിൽ ഇല്ലത്തുപടി, അനന്താവൂർ, കത്ത്കല്ല് പറമ്പ്, വലിയ പറപ്പൂർ എന്നീ നാലു കോളനികളും തിരുന്നാവായ വില്ലേജിൽ മേടമ്മൽ, അങ്കത്തിപ്പടി, വെങ്ങാലുപറമ്പ്, അഴകത്ത് കളം തിരുത്തി വാവൂർ കുന്ന്, പല്ലാർ, ചെറുപറമ്പ്, കളത്തും പറമ്പ്, പള്ളിയാൽപറമ്പ്, ചങ്ങമ്പള്ളി എന്നീ പത്ത് പട്ടിക ജ്ജാതി കോളനികളടക്കം തിരുന്നാവായ പഞ്ചായത്തിൽ മൊത്തം പതിമൂന്ന് അംഗീകൃത പട്ടിക ജ്ജാതി കോളനികളാണുള്ളത്. ആകെയുള്ള 14 വാർഡുകളിൽ ഏഴ് വാർഡുകളിലായിട്ടാണ് ഇവ സ്ഥിതിചെയ്യുന്നത്. മറ്റുള്ള വാർഡുകളിൽ പട്ടിക ജ്ജാതിക്കാർ ഉണ്ടെങ്കിലും അംഗീകൃത കോളനിയുടെ പട്ടികയിൽ ഉൾപ്പെടുന്നില്ല.

അംഗീകൃതകോളനികളിൽ മൊത്തം 279 കുടുംബങ്ങളും ഒറ്റപ്പെട്ടുകിടക്കുന്ന 125 കുടുംബങ്ങളും ഉൾപ്പെടെ മൊത്തം 404 കുടുംബങ്ങളാണ് ഉള്ളത്. ഇവരുടെ ആകെ അംഗസംഖ്യ 2017 ആണ്. കർഷകത്തൊഴിലാളികളാണ് ഇവരിൽ ഭൂരിഭാഗവും. കൂടാതെ പരമ്പരാഗത തൊഴിലുകളായ കുട്ടനെയ്ത്ത്, പായ നെയ്ത്ത്, അലക്ക്, ക്ഷൗരം എന്നീതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവരും വീടില്ലാത്തവരും ഇവരുടെ ഇടയിൽ ധാരാളമുണ്ട്. പഴയ തലമുറയിൽ വിദ്യാഭ്യാസം കുറവാണെങ്കിലും

പുതിയ തലമുറയിൽ വിദ്യാഭ്യാസമുള്ളവരാണ് അധികംപേരും. തൊഴിലവസര വിദ്യാഭ്യാസം നേടിയവരും, സാങ്കേതിക വിദ്യാഭ്യാസം നേടിയവരും ഇവർക്കിടയിലുണ്ട്. സംവരണാനുകൂല്യമുണ്ടെങ്കിലും ഉദ്യോഗങ്ങളിൽ ഇവരുടെ എണ്ണം കുറവാണ്.

എട്ട്കോളനികളിൽ വൈദ്യുതിയുണ്ടെങ്കിലും അഞ്ച്കോളനികളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ആറ് കോളനികളിൽ കുടിവെള്ള പ്രശ്നം പരിഹരിച്ചിട്ടുണ്ടെങ്കിലും ഏഴ് കോളനികളിൽ ശുദ്ധജലപ്രവാഹം രൂക്ഷമാണ്. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ കക്കൂസില്ലാത്ത സ്ഥിതിയാണ് പലകോളനികളിലും ഉള്ളത്. ശുദ്ധജലം ലഭ്യമല്ലാത്തുകൊണ്ട് പലകോളനികളിലും ഛർദ്ദി, അതിസാരം എന്നിവ ചിലപ്പോഴൊക്കെയുണ്ടാകാറുണ്ട്.

പലകോളനികളിലും ഗതാഗതത്തിന് റോഡുകളുടെ അസൗകര്യം നേരിടുന്നുണ്ട്. ഒരു കോളനിയൊഴികെ മറ്റുള്ള കോളനിയിലേക്കുള്ള റോഡുകൾ ഒന്നും തന്നെ ടാർ ചെയ്തിട്ടില്ല. മിക്കവാറും കോളനികളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അംഗൻവാടികൾ ഇല്ല. കോളനികൾക്കടുത്ത് ആരോഗ്യ കേന്ദ്രങ്ങളോ വിനോദോപാധികളോവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളോ ഇല്ലാത്ത സ്ഥിതിയാണുള്ളത്.

ഇവരുടെ ഇടയിലുള്ള പലതരത്തിലുള്ള നാടൻ കലകളും ഇന്നുമുരടിച്ചുകിടക്കുന്ന അവസ്ഥയാണ് ഉള്ളത്. വയലേലകളിൽപണിയെടുക്കുമ്പോൾ പാടാറുള്ള ഞാറ്റ്പാട്ടും വിരിപ്പ് കൊയ്ത്ത് കഴിഞ്ഞ് ഓണത്തിന് കളിക്കാറുള്ള ചവിട്ടുകളിയും, പാട്ടുകളും, മുണ്ടകൻകൊയ്ത്തുകഴിഞ്ഞശേഷമുള്ള ഉൽസവപറമ്പുകളിലേക്കുള്ള നാടൻ കലാ പ്രകടനങ്ങളും, പുഞ്ചക്കൊയ്ത്ത് കഴിഞ്ഞ് വിഷുനാളിലെ ഉത്സാഹത്തിമർപ്പാർന്ന ഉണർത്തുപാട്ടുകളും ഇന്നിവർക്കിടയിൽ ഒരോർമ്മമാത്രമായി അവശേഷിക്കുന്നു.

**പട്ടികജ്ജാതി സഹകരണസംഘം.**

| സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ഇപ്പോഴുള്ള അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭത്തിലാണോ നഷ്ടത്തിലാണോ |
|---|---|---|---|---|---|---|
| തിരുന്നാവായ പഞ്ചായത്ത് പട്ടികജ്ജാതി സഹകരണ സംഘം | 1985 | | ഒന്ന് | | | നഷ്ടത്തിൽ |

പട്ടികജ്ജാതി ജനസംഖ്യ (അവലംബം 1991 ലെ സെൻസസ് റിപ്പോർട്ട്)

| ആൺ | പെൺ | ആകെ |
|---|---|---|
| 981 | 1036 | 2017 |

**പട്ടികജ്ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾ**

(അവലംബം സെക്കന്ററി ഡാറ്റ)

| ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|
| 323 | 317 | 640 |

പാടശേഖരങ്ങൾ മണ്ണിട്ടു നികത്തി കെട്ടിടങ്ങളും സൗധങ്ങളും നിർമ്മിക്കുന്നത്കൊണ്ട് കർഷകത്തൊഴിലാളികളായ ഇവർക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്, നിർമ്മാണ രംഗത്താണ് തൊഴിലാളികളിൽ അധികംപേരും ചേക്കേറിയിരിക്കുന്നത്. നൂതനമായ കൃഷിപരിഷ്കാരങ്ങൾകൊണ്ട് വന്നാലെ ഈ രംഗത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ കഴിയുകയുള്ളു. രഹിതരായ കർഷകത്തൊഴിലാളികൾക്ക് മിച്ചഭൂമിവിതരണം ചെയ്യുകയും കൃഷിപോഷിപ്പിക്കാൻ സാമ്പത്തിക സഹായം ചെയ്തുകൊടുക്കുകയും ചെയ്യുക. ഒരേവീടുകളിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്ന ഭൂരഹിത വനരഹിത പട്ടികജാതി കുടുംബങ്ങൾക്ക് സൗജന്യമായി ഭൂമിയും വീടും അനുവദിച്ചുകൊടുക്കുക. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക. സഹകരണാടിസ്ഥാനത്തിൽ കുടിൽവ്യവസായമായി പ്രോൽസാഹിപ്പിക്കുക. ഓരോ കോളനികളിലും ശിശു മന്ദിരങ്ങളും ബാലവാടികളും അനുവദിക്കുക. പട്ടികജാതി കോളനികൾ അധികമുള്ള വാർഡുകൾ കേന്ദ്രീകരിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അനുവദിക്കുകയാണെങ്കിൽ തൊഴിൽ പരമായി ഉയർന്നുപോകുവാൻ കഴിയുന്നതാണ്. കുടിവെള്ളപ്രശ്നം രൂക്ഷമായ കോളനികളിൽ മിനിവാട്ടർ സപ്ലൈ സ്കീം ഏർപ്പടുത്തുകയും നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി കോളനികളിൽ വെള്ളം എത്തിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. വൈദ്യുതി എത്താത്ത കോളനികളിൽ വൈദ്യുതി എത്തിക്കുകയും വയറിംഗ് നടത്തിക്കൊടുത്ത് വൈദ്യുതി കണക്ഷൻ അനുവദിക്കുകയും ചെയ്യുക. എല്ലാ കോളനികളിലും സോഡിയം വേബറബ് ലാംബുകൾ അനുവദിക്കുകയും വയറിംഗ് നടത്തിയിട്ടുള്ള വീടുകൾ വൈദ്യുതി കണക്ഷൻ കൊടുക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

എല്ലാ കോളനികളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുവാൻ കക്കൂസ് നിർമ്മിച്ചുകൊടുക്കുകയും പണിപൂർത്തിയാവാതെ കിടക്കുന്ന കാലതാമസം വരുത്തിയതായ കക്കൂസുകൾ പുനർ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക. പട്ടികജാതിക്കാർ തിങ്ങിത്താമസിക്കുന്ന രണ്ടോ മൂന്നോ വാർഡുകളെ കേന്ദ്രീകരിച്ച് ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുകയാണെങ്കിൽ ഇവരുടെ ഇടയിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുന്നതാണ്. എല്ലാ പട്ടികജാതി കോളനികളും I.H.D.P കോളനികളാക്കി ഉയർത്തുകയും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹായങ്ങൾ അനുവദിക്കുകയും ചെയ്യുക.

കോളനികളിലേക്കുള്ള മുഴുവൻ റോഡുകളും ടാർചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. പട്ടികജാതിക്കാരുടെ സ്വകാര്യ ശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കുകയും പഞ്ചായത്തിൽ നിലവിലുള്ള പൊതുശ്മശാനത്തിന് ലൈസൻസ് അനുവദിച്ചുകിട്ടുന്നതിന് വേണ്ട നടപടികൾ ഉടനെ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഓരോ ഡിപ്പാർട്ടുമെന്റും ഓരോ കോളനികളെ ഓരോ വർഷവും ദത്തെടുത്ത് സാമ്പത്തികാനുകൂല്യങ്ങൾ നല്കുകയും അവർക്ക് അനുവദിച്ച ഫണ്ട് ലാപ്സാകാതെ വിനിയോഗിക്കേണ്ടതുമാണ്.

പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷന്റെ പല പദ്ധതികളും പട്ടികജാതിക്കാർക്ക് അറിയാത്തത് കൊണ്ട് പഞ്ചായത്തിൽ അതിന്റെ പ്രവർത്തനം മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പഞ്ചായത്ത് കേന്ദ്രീകരിച്ച് മീറ്റിംഗ് നടത്തേണ്ടതാണ്. പട്ടിക ജാതിക്കാർക്ക് വേണ്ടി ഈ പഞ്ചായത്തിൽ ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി ആനുകൂല്യങ്ങൾ അനുവദിച്ച് എല്ലാവർക്കും പ്രയോജനപ്പെടുന്ന രീതിയിലാക്കുക. പട്ടിക ജാതി കോളനികളിൽ വിനോദത്തിനായി കളിസ്ഥലവും, ടി.വി സെറ്റും അനുവദിച്ചുകൊടുക്കേണ്ടതാണ്. കൃഷിഭവൻ മുഖാന്തിരം കാർഷികോപകരണങ്ങളും നടീൽ വസ്തുക്കളും എല്ലാ കോളനികൾക്കും അനുവദിച്ചുകൊടുക്കുക. നഴ്സറികളും, കുറ്റിമുല്ല കൃഷിയും നടപ്പിലാക്കുന്നതിന് കോളനികൾക്ക് മുൻഗണന കൊടുക്കുക. മൃഗസംരക്ഷണ വകുപ്പിന്റെ ആനുകൂല്യങ്ങൾ എല്ലാകോളനികൾക്കും അനുവദിക്കുക. കോഴിവളർത്തൽ, ആട് വളർത്തൽ, താറാവ് വളർത്തൽ എന്നീ യൂണിറ്റു

കൾ അനുവദിക്കുന്നതിന് സാമ്പത്തികസഹായം അനുവദിക്കുകയും ചെയ്യുക. പട്ടിക്ജാതി വികസന വകുപ്പിന്റെ പദ്ധതികൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കുകയും വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും ചെയ്യുക.

പട്ടികജ്ജാതിക്കാരുടെ നാടൻ കലകളായ ചവിട്ടുകളി, പൂതം കളി, കാളകളി, കോൽക്കളി, തപ്പുമേളം, ഞാറ്റ്പാട്ട്, വായ്പാട്ട് എന്നിവ പ്രോൽസാഹിപ്പിക്കുകയും ഉപകരണങ്ങൾ വാങ്ങാൻ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുകയും ചെയ്തുകൊണ്ട് അസ്തമിക്കാൻപോകുന്ന ഈ നാടൻകലകളെ ജന മദ്ധ്യത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന് നമ്മുടെ സംസ്കാരത്തിന് മുതൽകൂട്ടാക്കുകയും ചെയ്യുക.

മാറ്റുവിൻ ചട്ടങ്ങളെ ! സ്വയമല്ലെങ്കിൽ
മാറ്റുമതുകളി നിങ്ങളെത്താൻ


കുമാരനാശാൻ



630



5-9



# വനിത

ആകെ ജനസംഖ്യയിൽ പകുതിയിലധികമ പേരും സ്ത്രീകളാണ്. പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളുടെ ദൗർബല്യങ്ങളിലൊന്നായി കണക്കാക്കുന്നത് വികസപ്രക്രിയയിലെ കുറഞ്ഞ സ്ത്രീ പങ്കാളിത്തമാണ്.

ഇത് പരിഹരിക്കാൻ പഞ്ചായത്ത് തലത്തിലെ മുഴുവൻ വികസനാസൂത്രണത്തിലും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. മൊത്തം സ്ത്രീകളിൽ 25 ശതമാനം അധ്വാനംകൊണ്ട് കുടുംബം പുലർത്തുന്നവരാണ്.

സ്ക്കൂൾ വിദ്യാർത്ഥികളുടെ ആകെ എണ്ണത്തിൽ പകുതി പെൺകുട്ടികൾ ആണ്. പക്ഷേ യാത്രാ പ്രശ്നം കൂടുതൽ ബാധിക്കുക ഈ വിഭാഗത്തെയാണ്.

നെൽകൃഷിയിൽ നിന്നും ദീർഘകാല നാണ്യവിളയിലേക്കുള്ള മാറ്റം സ്ത്രീകളെ കൂടുതൽ ദുരിതത്തിലാഴ്ത്തി. സ്ത്രീകളുടെ തൊഴിലവസരം കുറയ്ക്കാൻ ഇത് കാരണമായിട്ടുണ്ട്. ഇക്കാരണത്താൽ സ്ത്രീകൾ ഉപജീവനത്തിന് കെട്ടിട നിർമ്മാണം, റോഡ്പണി, കരിങ്കൽപണി, കൂലിപ്പണി പാറമടയിലെ പണി എന്നിവ ആശ്രയിക്കുന്നു.

നിലവിലുള്ള പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ആലുങ്ങൽ സുബൈദ പ്രഥമ വനിതാ പ്രസിഡണ്ടാണ്. സാമൂഹ്യപ്രവർത്തന മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. തൊഴിൽ മേഖലയിൽ പുരുഷതൊഴിലാളികളേക്കാൾ കുറഞ്ഞ കൂലിമാത്രമേ സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. ബോധപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ സ്ത്രീകളെ സാമൂഹ്യമേഖലയിലേക്കും അതുവഴി നേതൃനിരയിലേക്കും ഉയർത്താൻ കഴിയൂ.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും.

- കുടുംബം പുലർത്തേണ്ട സ്ത്രീകളിൽ ബഹുഭൂരിപക്ഷവും തൊഴിൽ ഇല്ലാത്തവരായതിനാൽ കൂടുതൽ തൊഴിൽ യൂണിറ്റുകളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.
- സർക്കാർ പദ്ധതികളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും അജ്ഞരായതിനാൽ ബോധവൽകരണ ക്ലാസ്സുകളിലൂടെ ഇതിന് പരിഹാരം കാണാവുന്നതാണ്.
- നിലവിലുള്ള അംഗനവാടികൾ മെച്ചപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ശിശുക്കൾക്കും ആവശ്യമായ പരിചരണവും

ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക.

- പഞ്ചായത്തിലെ എല്ലാ വീടുകളിലും കോഴിവളർത്തലിനുള്ള സാമ്പത്തിക സഹായം ഉറപ്പുവരുത്തുക.
- സമഗ്രമായ സർവ്വേയിലൂടെ വിധവ/ അഗതികളുടെ എണ്ണം കണ്ടെത്തി മുഴുവൻ പേർക്കും പെൻഷൻ ആനുകൂല്യങ്ങൾ നൽകുക.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധന സഹായം നൽകുക.
- കൂടുതൽ മഹിളാസമാജങ്ങൾ രൂപീകരിച്ച് സ്ത്രീകൾകളുടെ സാമൂഹ്യ പദവി മെച്ചപ്പെടുത്താവുന്നതാണ്.
- തൊഴിലിന് പോകുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ക്രഷ് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്.
- മലപ്പുറം ജില്ലയിൽ നടത്തപ്പെടുന്ന *CBNP, P.A.P* പ്രൊജക്ട് എന്നിവ തിരുന്നാവായ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.
- ദരിദ്രകുടുംബങ്ങളിലെ വനിതകളെ ഉൾപ്പെടുത്തിയിട്ടുള്ള അയൽപക്ക കൂട്ടങ്ങളെ കേന്ദ്രീകരിച്ച് നടത്തുന്ന ഈ പ്രവർത്തനം സ്ത്രീകളുടെ സമ്പാദ്യ ശീലം വളർത്തൽ, സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണം, സ്ത്രീകളുടെ പൊതു പ്രവർത്തനക്ഷമത എന്നിവ പരിപോഷിപ്പിക്കുന്നു.


തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ എണ്ണം കുറയാനുള്ള മറ്റൊരു കാരണം രൂക്ഷമായ തൊഴിലില്ലായ്മയാണ്. രോഗാതുരതയുടെ കാര്യത്തിലും സ്ത്രീകളുടെ കാര്യം ശോചനീയമാണ്. തിരുനാവായ പഞ്ചായത്ത് പൂർണ്ണ മദ്യ വിമുക്ത മേഖലയാക്കിയാൽ ഇന്ന് മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന വനിതകൾക്ക് ആശ്വാസകരമാവും. പഞ്ചായത്തിലെ സ്ത്രീകൾ വിദ്യാഭ്യാസ പരമായി പിന്നിലാണ്. അതിനാൽ സ്ത്രീകൾക്ക് മാത്രമായി പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത് അനിവാര്യമാണ്.

പഞ്ചായത്തിലെ സ്ത്രീകളിൽ വിദഗ്ദ തൊഴിലാളികൾ വളരെ കുറവാണ്. അതിനാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് വിദഗ്ദ വനിതാ തൊഴിലാളികളെ വളർത്തെയടുക്കണം.

വനിതാ സ്വയം തൊഴിൽ സംരംഭകർക്ക് സാങ്കേതിക സഹായവും പ്രോത്സാഹനവും നൽകുകയും സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ നിരോധിക്കുകയും വേണം. വനിതകൾക്ക് തൊഴിലിന് കൂലി പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. അതിന് ഒരേ സ്വഭാവമുള്ള തൊഴിലുകൾക്ക് പഞ്ചായത്തു തലത്തിൽ വേതനം ഏകീകരിക്കണം.

SSLC വിജയ ശതമാനം പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളിലും വളരെ മോശമായതിനാൽ തോറ്റപെൺകുട്ടികളിൽ 85 ശതമാനവും പഠനം നിർത്താൻ നിർബന്ധിതരായി തീരുന്നു. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.





5-10

# സാമൂഹ്യ ക്ഷേമം

കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സഹകരണത്തോടു കൂടിയുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും വിവിധ ക്ഷേമ നിധി ബോർഡുകൾ വഴിയുള്ള ക്ഷേമ പദ്ധതികളുമാണ് സാമൂഹ്യ രംഗത്ത് ഇന്നുള്ള പ്രധാന പദ്ധതികൾ. കൂടാതെ പട്ടിക ജാതി വികസന കോർഷറേഷനും വനിതാ വികസന കോർഷറേഷനും പ്രവർത്തിക്കുന്നുണ്ട്. ഇത്തരം പദ്ധതികളെല്ലാമുണ്ടെങ്കിലും ഈ മേഖലയിൽ ഇല്ലായ്മയുടെ ഒരു പട്ടിക തന്നെ നിരത്താനുണ്ട്.

തിരുനാവായ അനന്താവൂർ വില്ലേജുകൾ ഉൾഷെടുന്ന തിരുനാവായ പഞ്ചായത്തിൽ നടഷിലാക്കിയ പദ്ധതികളെ കുറിച്ചുള്ള പൂർണ്ണ വിവരം ശേഖരിക്കപ്പെട്ടിട്ടില്ല.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അധിലതികമോ കൂട്ടമായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് DWCRA

## അംഗൻ വാടികൾ

പഞ്ചായത്തിൽ ആകെ 16 അംഗൻ വാടികൾ ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്തവയാണ് അവയിൽ എട്ടെണ്ണം. ഗ്രാമ സഭാ ചർച്ചകളിൽ നിന്നും കൂടുതൽ അംഗൻ വാടികൾക്കായി ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

**IRDP സർവ്വെ സഹായ ലഭ്യതാ കണക്ക് തിരുനാവായ വില്ലേജ്**

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 27 | 63545.00 | 122662.00 |
| 93-94 | 25 | 85200.00 | 157291.00 |
| 94-95 | 25 | 101453.00 | 224954.00 |
| 95-96 | 19 | 83034.00 | 209870.00 |

### IRDP സർവ്വേ സഹായ ലഭ്യതാ കണക്ക് അനന്താവൂർ വില്ലേജ്

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 46 | 122196.00 | 224082.00 |
| 93-94 | 43 | 142553.00 | 264455.00 |
| 94-95 | 41 | 156358.00 | 338365.00 |
| 95-96 | 18 | 74055.00 | 180970.00 |

### DWCRA സഹായ ലഭ്യതാ കണക്ക്

| തിരുനാവായ വില്ലേജ് | | | | അനന്താവൂർ വില്ലേജ് | | | |
|---|---|---|---|---|---|---|---|
| വർഷം | സ്കീമുകളുടെ എണ്ണം | സബ്സിഡി | വായ്പ | വർഷം | സ്കീമുകളുടെ എണ്ണം | സബ്സിഡി | വായ്പ |
| 89-90 | 1 | 30,000 | 60,000 | 89-90 | 1 | 30,000 | 60,000 |
| 90-91 | ഇല്ല | | | 90-91 | ഇല്ല | | |
| 91-92 | ഇല്ല | | | 91-92 | ഇല്ല | | |
| 92-93 | 1 | 30,000 | 60,000 | 92-93 | 2 | 63,000 | 63,000 |

### DWCRA ടൂൾ കിറ്റ്

| തിരുനാവായ വില്ലേജ് | | | അനന്താവൂർ വില്ലേജ് | | |
|---|---|---|---|---|---|
| കൊല്ലം | എണ്ണം | തുക | കൊല്ലം | എണ്ണം | തുക |
| 92-93 | 5 | 10,000 | 92-93 | ഇല്ല | ഇല്ല |
| 93-94 | 3 | 6,000 | 93-94 | 3 | 6,000 |
| 94-95 | 9 | 18,000 | 94-95 | 3 | 6,000 |
| 95-96 | ഇല്ല | ഇല്ല | 95-96 | ഇല്ല | ഇല്ല |
| ആകെ | 1 7 | 34,000 | ആകെ | | |

### ട്രൈസം

18 മുതൽ 35 വയസ്സ് വരെയുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം

#### ട്രൈസം പരിശീലന ലഭ്യതാ പട്ടിക

| തിരുനാവായ വില്ലേജ് | | അനന്താവൂർ വില്ലേജ് | |
|---|---|---|---|
| വർഷം | എണ്ണം | വർഷം | എണ്ണം |
| 92-93 | 1 | 92-93 | 1 |
| 93-94 | 1 | 93-94 | 10 |
| 94-95 | 4 | 94-95 | 5 |
| 95-96 | 2 | 95-96 | 4 |

നിലവിലുള്ളവയുടെ ജീർണ്ണാവസ്ഥയും പഠനോപകരണങ്ങളുടെ അപര്യാപ്തതയും ചർച്ചകൾക്കു വിധേയമായി വിരലിലെണ്ണാവുന്ന മഹിളാ സമാജങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം വ്യാപകമാക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. സ്വന്തമായി കെട്ടടമോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്ത അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുകയും ശാസ്ത്രീയ രീതിയിലുള്ള പഠന സമ്പ്രദായത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

2. കളിപ്പാട്ടങ്ങൾ വാങ്ങുന്നതിന് കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കുകയും പോഷകാഹാരം നൽകുന്നതിനുള്ള സാമ്പത്തിക പരിധി വർദ്ധിപ്പിക്കുകയും ചെയ്യുക.

3. നിലവിലുള്ള വിവിധ പദ്ധതികളെകുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ആനുകൂല്യങ്ങൾ യഥാ സമയം ല ിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4 വനിതകൾക്കായി വിവിധ വാർഡുകളിൽ പുതിയ DWCRA യൂണിറ്റുകൾ സ്ഥാപിക്കുകയും ആവശ്യമായ ധന സഹായം നൽകുകയും ചെയ്യുക.

5. നിലവിലുള്ള ഹരിജൻ കോളനികളും ലക്ഷം വീടുകളും കേന്ദ്രമാക്കിക്കൊണ്ട് ട്രൈസം തൊഴിൽ പരിശീലന യൂണിറ്റുകൾ സ്ഥാപിക്കുകയും ജനപങ്കാളിത്തത്തോടു കൂടി പുതിയ തൊഴിൽ സാദ്ധ്യതകൾ നടപ്പിലാക്കുകയും ചെയ്യുക.

6. അംഗൻ വാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും ചെയ്യുക

## പൊതു വിതരണം

1966ലെ റേഷനിംഗ് ആക്ട് പ്രകാരം നിലവിൽ വന്ന ന്യായവില ഷാപ്പുകളുടെ പ്രവർത്തനം സാധാരണ ജനങ്ങൾക്ക് ആശ്വാസം പകരുന്നതായിരുന്നു.


ഇവ പൊതുവിതരണ കേന്ദ്രങ്ങളായതോടുകൂടി സാധാരണക്കാരന്റെ പരാതികളും ഏറിവന്നു. മൊത്തം പതിമൂന്ന് പൊതുവിതരണ കേന്ദ്രംങ്ങളാണ് തിരുന്നാവായ പഞ്ചായത്തിൽ ഉള്ളത്. 5234 റേഷൻ കാർഡുകളാണ് പഞ്ചായത്തിൽ ആകെയുള്ളത്. ഒരു മാവേലിസ്റ്റോർ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പൊതുവെ മോശമായിരുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം മെച്ചപ്പെട്ടുവരുന്നുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്ത് കുറഞ്ഞ വിലയിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ രണ്ട് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവരുടെ കീഴിൽ ഓണം, റംസാൻ, ക്രിസ്മസ്സ് ചന്തകളൊന്നും നടത്താറില്ല. പൊതുവിതരണ കേന്ദ്രത്തിൽ നിന്നും അരിയും പഞ്ചസാരയും മണ്ണെണ്ണയും കൃത്യമായി ല ിക്കാറുണ്ടെങ്കിലും, ഗോതമ്പ്, മൈദ, പാമോയിൽ പച്ചരി എന്നിവ ഈ കേന്ദ്രങ്ങളിൽ നിന്നും വളരെ പരിമിതമായെ ലഭിക്കാറുള്ളൂ. മിക്ക കേന്ദ്രങ്ങളിൽ നിന്നും വളരെ ഗുണനിലവാരം കുറഞ്ഞ അരിയാണ് പലപ്പോഴും ലഭിക്കുന്നു.

പുതിയ റേഷൻകാർഡ് ല ിച്ചപ്പോൾ ഉണ്ടായ നിരവധി പരാതികൾ പരിഹരിക്കുന്നതിന് ഗുണഭോക്താക്കൾ ഏറെ പ്രയാസപ്പെടേണ്ടി വന്നു. ഇത്തരം പരാതികൾ പൊതുവിതരണ കേന്ദ്രത്തിൽ വച്ചു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധം കൂടുതൽ മാവേലിസ്റ്റോറുകൾ അനുവദിക്കണം. പഞ്ചായത്തിൽ ഒരു ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ടെങ്കിലും കൂടുതൽ ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം. പൊതുവിതരണ കേന്ദ്രങ്ങൾ നടത്തിക്കൊണ്ടു പോകുന്നത് ജീവിത ചിലവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ ലാ കരമല്ലാത്തതിനാൽ പുതിയതായി അനുവദിക്കപ്പെട്ട റേഷൻഷാപ്പുകൾ നടത്തിക്കൊണ്ടു പോകാൻ ആരും തയ്യാറാകുന്നില്ല. ഇത്തരം റേഷൻ ഷാപ്പുകൾ സർവ്വീസ് സഹകരണ ബാങ്കുകൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്.

# അംഗൻ വാടികളുടെ വിവരം 96

| | | | | |
|---|---|---|---|---|
| 1 | (a) | പഞ്ചായത്തിലെ ആകെ ജനസംഖ്യ | : | ³7867 |
| | (b) | പുരുഷന്മാർ | : | 17904 |
| | (C) | സ്ത്രീകൾ | : | 19963 |
| 2 | (a) | പട്ടിക ജാതി ജനസംഖ്യ | : | 2017 |
| | (b) | പട്ടികവർഗ്ഗ ജനസംഖ്യ | | |
| 3. | | അംഗൻ വാടികളുടെ എണ്ണം | : | 16 |
| 4. | (a) | ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | : | 804 |
| | (b) | 12 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 944 |
| | (C) | 23 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 1064 |
| | (d) | 35 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 20253 |
| 5 | (a) | വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | : | 298 |
| | (b) | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | 35 |
| 6. | | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമായ കുട്ടികളുള്ള) | : | 330 |
| 7 | (a) | കഴിഞ്ഞ വർഷത്തെ ആകെ ജനനങ്ങൾ | : | 853 |
| | (b) | ചാപിള്ള ജനനങ്ങൾ | : | 6 |
| 8. | (a) | ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (9596) | : | 6 |
| | (b) | 13 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | : | 7 |
| | (C) | 36 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | : | ഇല്ല |
| 9. | (a) | ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം. | : | ഇല്ല |
| | (b) | മറ്റ് കാരണങ്ങളുടെ എണ്ണം | : | 155 |
| 10 | (a) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 849 |
| | (b) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : | 152 |
| | (C) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 159 |

(അവലംബം സെക്കന്ററി ഡാറ്റ)



## 5–11

# സഹകരണം.

തിരുന്നാവായ പഞ്ചായത്തിലെ ആദ്യത്തെ സർവ്വീസ് സഹകരണ ബാങ്ക് രൂപംകൊണ്ടത് 1952 ലാണ്. പിന്നീട് രൂപീകൃതമായ തിരുന്നാവായ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ഇടക്കാലത്ത് നിലച്ചുപോയെങ്കിലും പിന്നീട് പ്രവർത്തന നിരതമായി.

## പ്രശ്നങ്ങളും സാധ്യതകളും

കാർഷികാവശ്യങ്ങൾക്ക് മതിയായ ഫണ്ട് ലഭ്യമാക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാൽ സാഹകരണ സ്ഥാപനങ്ങളിൽ മെമ്പർഷിപ്പ് എടുക്കുന്നതിൽ ആളുകൾ വിമുഖത കാട്ടുന്നു.

ധാരാളം ക്ഷീര കർഷകരുള്ള ഈ പഞ്ചായത്തിൽ പാൽസംഭരണ വിതരണകേന്ദ്രങ്ങളില്ല.

സഹകരണ മേഖലയിൽ മാവേലി സ്റ്റോറുകളോ വാണിജ്യ വിപണന കേന്ദ്രങ്ങളോ നിലവിലില്ല.

നവാമുകുന്ദ ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുന്നാവായ സർവ്വീസ് സഹകരണ ബാങ്കിന്റെ പരിധിയിൽ വരുമെങ്കിലെ 2000 നും 3000 നും ഇടയിലുള്ള വിദ്യാർത്ഥികൾക്കായി ഒരു നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ് പോലും നിലവിലില്ല.

പാരമ്പര്യതൊഴിലുകൾക്കുള്ള ധനസഹായം വളരെ മിതമായതിനാൽ തകർച്ചയുടെ വക്കിലാണ്.

പട്ടർനടക്കാവ് കേന്ദ്രമാക്കി അടക്ക വിപണന സംസ്കരണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

തിരൂർ അർബൻ കോഓപറേറ്റീവ് പട്ടർനടക്കാവ് ശാഖയുടെ സഹകരണത്തോടുകൂടി വനിതാ തൊഴിൽയൂണിറ്റ് ആരം ിക്കേണ്ടതാണ്.

പട്ടികജാതി വിഭാഗത്തിൽപെട്ട് തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് ഹരിജൻ സഹകരണ ബാങ്കുകൾ മുഖേന ധനസഹായം ലഭ്യമാക്കേണ്ടതാണ്.

ടാക്സി ഡ്രൈവർമാർ ധാരാമുള്ള ഈ പഞ്ചായത്തിൽ സ്വന്തമായി വാഹനങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം വാങ്ങാനുദ്ദേശിക്കുന്ന വാഹനത്തിന്റെ ഈടിൻമേൽ ലഭ്യമാ

ക്കേണ്ടതാണ്.

നിലവിലുള്ള ജാമ്യവ്യവസ്ഥകളും പലിശ നിരക്കുകളും ഒഴിവാക്കേണ്ടതാണ്. വൈരങ്കോട് കേന്ദ്രമാക്കി ഒരു വനിതാ സർവ്വീസ് സഹകരണബാങ്ക് ആരംഭിക്കുക. തിരുന്നാവായ കേന്ദ്രമാക്കി നേഷണലൈസ്ഡ് ബാങ്കിന്റെ ഒരു ശാഖതുറക്കുക.

സഹകരണാടിസ്ഥാനത്തിൽ അടക്ക, തേങ്ങ എന്നിവയുടെ സംസ്കരണ, വിപണന കേന്ദ്രം തുടങ്ങുക.

കൂടുതൽ കാർഷിക വായ്പകൾ ലഭ്യമാക്കുകയും, വിത്ത്, വളം, കീട നാശിനികൾ എന്നിവ മിതമായ നിരക്കിൽ സഹകരണസ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുക

കാർഷികോൽപന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുകയും സഹകരണ സംഘങ്ങൾ അവ ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുക. സഹകരണ സംഘങ്ങൾ നിത്യോപയോഗസാധനങ്ങളുടെയും പച്ചക്കറികളുടേയും വിതരണം നടത്തുക.

സഹകരണ ബാങ്കുകൾ N.R.I കൗണ്ടറുകൾ സ്ഥാപിക്കുക.

പഞ്ചായത്തിന് പുറത്ത് പോകുന്ന നിക്ഷേപങ്ങൾ പഞ്ചായത്തിനകത്തുള്ള സഹകരണ ബാങ്കുകളിലേക്ക് ആകർഷിക്കാനുള്ള നടപടികൾ ആരംഭിക്കുക.

പെൻഷനാനുകൂല്യങ്ങൾ സഹകരണബാങ്കുകളിലൂടെ വിതരണം ചെയ്യുക


സദാശാന്തമായ ഒരു സമുദ്രത്തിനും സമർത്ഥനായ ഒരു നാവികനെ സൃഷ്ടിക്കാനാവില്ല.

-ഇംഗ്ലീഷ് പഴമൊഴി.

*ഉത്തമ പൗരനാവുക എന്നതാകണം നമ്മുടെ ലക്ഷ്യം സ്വന്തം താൽപര്യങ്ങൾക്ക് രണ്ടാം സ്ഥാനം നൽകിക്കൊണ്ട് പൊതു നന്മാക്കായ് പ്രവർത്തിക്കുക.*

-നെഹ്റു





5-12

# സംസ്കാരം, ടൂറിസം

ഉന്നത സാംസ്കാരിക പാരമ്പര്യമുള്ള തിരുന്നാവായ സാംസ്കാരിക രംഗത്ത് ഇന്ന് വളരെ പിന്നിലാണെന്ന് വസ്തുതകൾ തെളിയിക്കുന്നു. കലാസാഹിത്യരാഷ്ട്രീയസാമൂഹികസാംസ്കാരിക മേഖലകളിൽ മായാത്ത വ്യക്തിമുദ്രകൾ പതിപ്പിച്ച ഒട്ടേറെ മഹാരഥന്മാർ ഇവിടെ മാഞ്ഞുപോയിട്ടുണ്ട്. 26 അംഗീകൃത കലാസാംസ്കാരിക സമിതികളും ഒരു സിനിമാ തീയേറ്ററും ഈ പഞ്ചായത്തിലുണ്ടെങ്കിലും 17 എണ്ണം മാത്രമേ പ്രവർത്തന രംഗത്തുള്ളു. സാമ്പത്തിക പരാധീനതകളും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നുള്ള പ്രോൽസാഹനക്കുറവുമാണ് മിക്ക സമിതികളേയും തളർത്തുന്നത്. കലാകായിക ആരോഗ്യസാംസ്കാരികസാമൂഹിക രംഗങ്ങളിൽ മുന്നിട്ടു പ്രവർത്തിക്കുന്ന സമിതികൾ വിരലിലെണ്ണാവുന്നത്രയേയുള്ളു. മറ്റുള്ളവയാകട്ടെ വർഷത്തിലൊരിക്കൽ നടത്തുന്ന ഫുട്ബാൾ ടൂർണ്ണമെന്റിലോ വാർഷികത്തിലോ ഒതുങ്ങി നിൽക്കുന്നു.

പട്ടർനടക്കാവിൽ പഞ്ചായത്തു വക സാംസ്കാരിക നിലയമുണ്ടെങ്കിലും മുഴുവൻസമയ ലൈബ്രറിയനില്ലാത്തത് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു. ഇതോടനുബന്ധിച്ചു സ്റ്റേജ് മേൽപ്പുരകെട്ടി നന്നാക്കലും കലാ പ്രദർശനത്തിന് യോജിച്ച ഹാൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. അനന്താവൂരിലും വലിയ പറപ്പൂരിലും കൊടക്കല്ലിലും വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.

തിരുന്നാവായയിൽ ലോക്കൽ ലൈബ്രറി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ലൈബ്രറി നഷ്ടപ്പെട്ടുപോകാതിരിക്കാൻ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ടതും സ്വന്തമായി കെട്ടിടമ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അജ്ജിതപ്പടിയിലും, ചേരുരാലിലും, എടക്കുളത്തും, ലൈബ്രറിയോടുകൂടിയ വായനശാല അനുവദിക്കണം. കൊടക്കല്ലിൽ നാടൻ കലകൾ പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സ്പോട്സ് കോംപ്ലക്സ്സും സ്റ്റേഡിയവും നിർമ്മിക്കേണ്ടതാണ്. കൊടക്കൽ സി, എസ് ഐ മിഷൻ ആസ്പത്രിയിലുള്ള മാമാങ്ക സ്മരണയായ മണിക്കിണർ ടൈൽഫാക്ടറി കോമ്പൗണ്ടിലുള്ള നിലപാടുതറ കമ്പനിവക ബംഗ്ലാവ് വളപ്പിലുള്ള

മരുന്നറ എന്നിവയും സംരക്ഷിക്കേണ്ടിയിരിക്കുന്നു. കൊടക്കലിൽ ഒരു ടെലിവിഷൻ സെറ്റും അനുവദിക്കേണ്ടതാണ്. ഉത്തരകേരളത്തിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ വൈരങ്കോട് ഭഗവതിക്ഷേത്ര പരിസരത്ത് അനുഷ്ടാന കലകളിൽ പരിശീലനം നേടുന്നതിനായി ഇൻസ്ററിറ്റ്യൂട്ട് സ്ഥാപിക്കുകയും അതോടൊപ്പം ഒരു സംസ്കാരിക നിലയവും സ്റ്റേഡിയവും നിർമ്മിക്കേണ്ടതുമാണ്.

## ടൂറിസം


പ്രകൃതി മനോഹാരിതയും മിത്തുകളുടെ സമ്പൽ സമൃതിയും തിരുന്നാവായയുടെ ടൂറിസ്റ്റ് പ്രാധാന്യം വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് തന്നെ തീർത്ഥാടനവുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമായി വികസിപ്പിക്കാൻ അനുയോജ്യമായ സ്ഥലമാണ് തിരുന്നാവായ.

രാഷ്ട്രപിതാവിന്റേയും ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, ലാൽബഹദൂർശാസ്ത്രി, കെ.പി കേശവമേനോൻ, എസ്.കെ പൊറ്റക്കാട് തുടങ്ങിയ ഒട്ടനവധി ദേശീയ നേതാക്കളുടേയും സാംസ്കാരിക നായകന്മാരുടേയും ചിതാഭസ്മം നിമ്മർജ്ജനം ചെയ്തതും ഇവിടെ നിളയിലെ ത്രിമൂർത്തി സംഗമത്തിലാണ്. നിളയുടെ തെക്കെകരയിൽ കേളപ്പജി സ്ഥാപിച്ച ശാന്തികുടീരം സ്ഥിതി ചെയ്യുന്നു. ഈ ശാന്തി മന്ദിരത്തിൽ താമസിച്ചാണ് കേളപ്പജി നാൽപതുവർഷത്തോളം സർവ്വോദയ പ്രവർത്തനം നടത്തിയത്. ഇപ്പോൾ നവോദയമേള നടക്കുന്നതും ഇവിടെയാണ്. രാഷ്ട്രപിതാവിന്റെ ചിതാഭസ്മം തിരുന്നാവായയിൽ നിമജ്ജനം ചെയ്ത 1948 മുതൽക്കാണ് തിരുന്നാവായ നവോദയ മേളക്കു തുടക്കം കുറിച്ചത്. നിളയുടെ വടക്കെക്കരയിൽ ആരംഭിച്ച സർവ്വോദയമേള പിന്നീട് തെക്കേകരയിലേക്ക് മാറ്റുകയായിരുന്നു. ഇവിടെയാണ് കോഴിക്കോട് നവോദയ സംഘത്തിന്റെ ഖാദി നെയ്ത്ത് കേന്ദ്രവും കേളപ്പജി സ്തൂപവും സ്ഥിതി ചെയ്യുന്നത്. സർവോദയ മേളയോടനുബന്ധിച്ച് ഓരോ വർഷവും ഫെബ്രുവരി 12 ന് നിളയുടെ തെക്കെ കരയിൽ നിന്ന് വടക്കെ കരയിലേക്ക് ശാന്തി യാത്ര നടത്താറുണ്ട്. 48 വർഷമായി ഇതു മുടങ്ങാതെ നടക്കുന്നു. വടക്കെകരയിലെ പ്രസിദ്ധമായ നാവാമുകുന്ദാ ക്ഷേത്രത്തിലേക്ക് പോകുന്ന പാതയുടെ കവാടത്തിൽ ഗാന്ധിജിയുടെ ഒരു സ്മാരസ്തൂപം സ്ഥിതി ചെയ്യുന്നുണ്ട്. തവനൂർ മനക്കൽ വാസുദേവൻ നമ്പൂതിരിയാണ് ഇത് നിർമ്മിക്കാൻ നേതൃത്വം കൊടുത്തത്. മാർക്കണ്ഡേയ പുരാണത്തിലൂടെ പ്രസിദ്ധമായ തൃപ്രങ്ങോട് മഹാദേവക്ഷേത്രവും ഇവിടെ അടുത്താണ്. നാരായണീയ കർത്താവായ മേൽപ്പത്തൂർ നാരായണ ഭട്ടതിരിയുടെ ആസ്ഥാനമായ ചന്ദനക്കാവ് അരിയിട്ട് വാഴ്ചയുടെ അധിപന്മാരായ ആഴ്വാഞ്ചേരി തമ്പ്രാക്കൾ വാഴുന്ന ആതവനാട് കുട്ടികൃഷ്ണമാരാരുടെ ജന്മഗൃഹം നിലകൊള്ളുന്ന തൃപ്രങ്ങോട് എന്നീ സാംസ്കാരിക കേന്ദ്രങ്ങളൊക്കെ തിരുനാവായ പഞ്ചായത്തിന്റെ അയൽപക്കങ്ങളിലാണ്. നൽ പിറക്കുന്നതോടെ നിളയുടെ തീരങ്ങളിലും മണൽ പരപ്പിലും വിവിധയിനം ദേശാടനക്കിളികളും അതിഥികളായി എത്താറുണ്ട്.

മലപ്പുറം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ചരിത്രാന്വേഷകർക്കായി ഒരു മ്യൂസിയവും ആയോദന കലകളെ പറ്റി ഗവേഷണം നടത്താൻ ഒരു ലൈബ്രറിയും റഫറൻസ് ഹാളും തിരുനാവായയിൽ സ്ഥാപിക്കാനും ചരിത്ര സാംസ്കാരിക കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു കണ്ടക്റ്റട് ടൂർ സംഘടിപ്പിക്കാനും പരിപാടികൾ ആവിഷ്കരിച്ചിരുന്നു. ഇതിന്റെ മുന്നോടിയായി നിളാ മണപ്പുറത്ത് ത്രിദ്വിന അഖില കേരള കളരിപ്പയറ്റ് മത്സരവും കളരി ആയുധങ്ങളുടെ പ്രദർശനവും നടത്തിയിരുന്നു.

തിരുനാവായ വിനോദ സഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ആദ്യ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചതായി പത്രക്കുറിപ്പുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തൃശൂർ മ്യൂസിയത്തിലെ ക്യൂറേറ്റർ തിരുനാവായയിലേയും പരിസരങ്ങളിലേയും ചരിത്ര സാംസ്കാരിക പ്രാധാന്യമുള്ള കേന്ദ്രങ്ങൾ സന്ദർശിച്ച് സംതൃപ്തി രേഖപ്പെടുത്തുകയും അധികൃതർക്ക് റിപ്പോർട്ട നൽകുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സത്വര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

*രാഷ്ട്രങ്ങൾ വ്യക്തികളെ പോലെ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു. എന്നാൽ സംസ്കാരത്തിന് മരിക്കാനാവില്ല. -മാസിനി-*



5-13

# വിഭവ സമാഹരണം

തിരുനാവായ ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക പഞ്ചായത്താണ്. ഭൂരിപക്ഷം ജനങ്ങളും കർഷകരാണ്. കാർഷികമേഖലയിലെ അഭിവൃദ്ധിയാണ് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള അഭിവൃദ്ധി. അതുകൊണ്ട് തന്നെ കാർഷി രംഗത്തിന് മുൻഗണന നൽകേണ്ടതുണ്ട്. അത് പോലെ തന്നെ പഞ്ചായത്തിന്റെ ഉന്നമനത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട വ്യവസായ സ്ഥാപനങ്ങൾ പേരിന് മാത്രമേ ഈ പഞ്ചായത്തിലുള്ളൂ. ഒരു വലിയ വ്യവസായ സ്ഥാപനവും വളരെകുറഞ്ഞ എണ്ണത്തിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുമുണ്ട്. കാർഷിക മേഖലയിലേയും വ്യവസായിക മേഖലയിലേയും മുന്നേറ്റങ്ങൾ കൊണ്ടുമാത്രമേ പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിൽ മുന്നേറ്റം നടത്തുവാൻ സാധിക്കുകയുള്ളു.

അത് പോലെ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള നികുതികൾ, കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വിനോദ നികുതി എന്നിവയാണ്. ഇവ ശാസ്ത്രീയമായി പരിഷ്കരിച്ച് പഞ്ചായത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വരവ് വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രസ്തുത കാര്യത്തിൽ പഞ്ചായത്തിലെ പൊതു ജനങ്ങളെ കൂടുതൽ ബോധവാ്ന്മാരാക്കേണ്ടതുമുണ്ട്.

## വ്യവസായ സ്ഥാപനങ്ങൾ

തിരുനാവായ ഗ്രാമ പഞ്ചായത്തിലെ ഒരു വൻകിട വ്യവസായ സ്ഥാപനമാണ് കൊടക്കൽ ടൈൽ ഫാക്ടറി. നിരവധി തൊഴിലാളികൾ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ അടിക്കടി ഉണ്ടാകുന്ന തൊഴിൽ സമരങ്ങളും കുഴപ്പങ്ങളും ആ മേഖലയെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളിൽ ദുരിതങ്ങളുണ്ടാക്കുന്നു. ഈ സ്ഥിതി മാറ്റിയെടുക്കാൻ മാനേജ്മെന്റും തൊഴിലാളികളും ഒത്തൊരുമിച്ച് വിട്ടു വീഴ്ചക്ക് തയ്യാറായി കമ്പനിയുടെ വികസനം ലക്ഷ്യമാക്കിയെങ്കിൽ മാത്രമേ ഈ മേഖലയെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളുടെ ദുരിതം ശാശ്വതമായി പരിഹരിക്കപ്പെടുകയുള്ളൂ.

പഞ്ചായത്തിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പട്ടികയിൽ പെടുത്താവുന്നതായി രണ്ട് ഇഷ്ടിക കമ്പനികളും 5 മരമില്ലുകളുമാണുള്ളത്. കൂടാതെ റൈസ് ആന്റ് ഫ്ളവർ മില്ലുകളും പ്രവർത്തിച്ചു വരുന്നു. ഇവയെല്ലാം സ്വകാര്യ മേഖലയിൽ ഉള്ളവയാണ്.

പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ധനകാര്യ സ്ഥാപനങ്ങൾ പുതുതായി വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകേണ്ടത് വളരെ അത്യാവശ്യമായിരിക്കുന്നു.

641

## പട്ടിക- -I

## വരുമാനത്തിലെ വ്യതിയാനം

| | ഇനം | 1991-92 | 1995-96 | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| 1 | തനത് വരുമാനം | 895633 | 1187568 | 291935 | 32.60 |
| a | കെട്ടിട നികുതി | 259546 | 345697 | 86151 | 33.19 |
| b | വിനോദ നികുതി | 104086 | 117919 | 13833 | 13.29 |
| c | തൊഴിൽ നികുതി | 123819 | 101923 | 21896 | 17.68 |
| 2 | ഉപാധിരഹിത നിധി ജനറൽ | 108000 | 146500 | 38500 | 35.64 |
| | എസ്.സി.പി | 52637 | 114500 | 61863 | 117.52 |
| 3. | ജെ.ആർ.വൈ | 312900 | 249190 | 63710 | 20.36 |
| 4 | ഗ്രാന്റുകൾ സം ാവനകൾ | 63601 | 580952 | 517351 | 813.43 |
| 5 | ആകെ വരവ് | 12,51,743 | 24,32,639 | 1180896 | 94.34 |
| | ചെലവ് എക്സ്റ്റാബ്ലിഷ്മെന്റ് | 392965 | 626475 | 233510 | 59.42 |

ഭൂമിയുടെ ദൗർലഭ്യം, ഉയർന്ന ഭൂ വില, കൂടിയി ഉൽപാദനച്ചിലവ്, വൈദ്യുതികമ്മി, വ്യവസായികളുടെ കുറവ്, കൂടിവരുന്ന ചുവപ്പുനാടക്കുരുക്ക്, തൊഴിൽ പ്രശ്നങ്ങൾ എന്നിവ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തടസ്സമാവുന്നു.

# കാർഷിക രംഗം

നെൽകൃഷി ആദായകരമല്ലാത്തതിനാൽ നെൽ വയലുകൾ നികത്തി കെട്ടിടങ്ങൾ ഉയർന്നു വരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. വയലുകൾക്ക് താരതമ്യേന വിലകുറവായതിനാൽ കൂടുതൽ പേരും വയലുകൾ വാങ്ങി നികത്തി പുരയിടങ്ങളാക്കി മാറ്റുന്നു. നെൽകൃഷിയും മറ്റ് കൃഷികളും ആദായകരമാക്കി മാറ്റുന്നതിന് കൃഷിഭവൻ മുഖേനയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയും കർഷകർക്ക് ലഭ്യമാകുന്ന ധന സഹായങ്ങളെയും വി വ ലഭ്യതകളെയും പറ്റി കൃഷിക്കാർക്ക് ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. ചിങ്ങം ഒന്നിന് കർഷക ദിനം പഞ്ചായത്തിൽ ആഘോഷിച്ചു വരുന്നു. ഇതോടൊപ്പം തന്നെ പഞ്ചായത്തിലെ നല്ല കർഷകർക്ക് അവാർഡുകളും പ്രോത്സാഹന സമ്മാനങ്ങളും ഏർപ്പെടുത്താവുന്നതാണ്.

കാർഷിക വിളകൾക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയും കർഷകർക്ക് പെൻഷൻ സ്കീമും മറ്റും ഏർപ്പെടുത്തുന്നത് വളരെ പ്രയോജനകരമായിരിക്കും. ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കികൊണ്ട് കൃഷിച്ചെലലവ് കുറച്ചും സംയോജിത കൃഷിയിലൂടെ ഉൽപാദനം വർദ്ധിപ്പിച്ചുമേ കാർഷികമേഖല രക്ഷപ്രാപിക്കീ. പച്ചക്കറി ഉല്പാദനത്തിലെങ്കിലും സ്വാശ്രയത്വം കൈവരിക്കാനുള്ള ശ്രമം ഓരോ വീട്ടിലുമ ഉണ്ടാകേണ്ടിയിരിക്കുന്നു.

### ലൈസൻസ് ഫീസുകൾ

1995-96 വർഷത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസിനത്തിൽ 12133 രൂപ പിരിച്ചെടുത്തിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരെയും ലൈസൻസ്ഫീസ് അടവാക്കുന്നവരാക്കുന്ന കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ 1987 ൽ നിലവിൽ വന്ന ബൈലോ പ്രകാരമാണ് ലൈസൻസ്ഫീസ് ചുമത്തി വരുന്നത്. ഇത്

വളരെ തുച്ഛമായ തുകയായതിനാൽ ബൈലോ അടിയന്തിരമായും പുതുക്കി നിശ്ചയിക്കുകയും എല്ലാ കച്ചവടക്കാരിൽ നിന്നും ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കുകയും വേണം.

## പരസ്യ നികുതി

പഞ്ചായത്തിൽ ഇപ്പോൾ പരസ്യ നികുതി ഈടാക്കുന്നില്ല. ആയതിനുള്ള ബൈലോ അംഗീകരിച്ച് പരസ്യ നികുതിപിരിവ് ഏർപ്പെടുത്തിയാൽ നല്ലൊരു തുക പഞ്ചായത്തിന് സ്വരൂപിക്കാനാകും.

## കെട്ടിട നികുതി

പഞ്ചായത്തിൽ ഇപ്പോൾ കെട്ടിട നികുതി ചുമത്തിവരുന്നത് 6ശതമാനം നിരക്കിലാണ്. ഏകദേശം മൂന്നര ലക്ഷത്തോളം രൂപ ഈ ഇനത്തിൽ ലഭിക്കുന്നു. 1997-98 വർഷം കെട്ടിടനികുതി ഡിവിഷൻ വർഷമായതിനാൽ ഈ ഇനത്തിൽ കൂടുതൽ വർദ്ധനവ് ഉണ്ടാകും. ഇപ്പോൾ കെട്ടിട നികുതി ചുമത്തുന്ന രീതി ശാസ്ത്രീയമായി പരിഷ്തകരിക്കേണ്ടതും, വാടക ലഭിക്കുന്ന കെട്ടിടങ്ങൾക്ക് വാടക നിരക്കിൽ തന്നെ നികുതി ചുമത്തേണ്ടതുമാണ്. കൂടാതെ റവന്യുവകുപ്പ് ചുമത്തുന്ന കെട്ടിട നികുതിയിനത്തിള്ള തുക അതാത് പഞ്ചായത്തിന് തന്നെ ല ിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. വെള്ളം, വൈദ്യുതി മറ്റ് ആഡംബരങ്ങൾ എന്നിവയുള്ള വീടുകൾക്ക് കെട്ടിട നികുതിയിൻമേൽ നിശ്ചിത ശതമാനം സർച്ചാർജ്ജ് ഏർപ്പെടുത്താവുന്നതാണ്.

## തൊഴിൽ നികുതി.

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ, എയ്ഡഡ്, അൺ എയ്ഡഡ് സ്ക്കൂളുകൾ ആശുപത്രികൾ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും കച്ചവടക്കാരിൽ നിന്നുമാണ് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നത്. ശമ്പളം വാങ്ങുന്നവർക്ക് മാത്രം തൊഴിൽ നികുതി എന്ന രീതിയാണ് തുടർന്നുവരുന്നത്. മറ്റുമേഖലയിൽതൊഴിലെടുക്കുന്നവരൊന്നും തന്നെ പഞ്ചായത്തിൽ വരാത്തത് കാരണം ഇവരിൽ നിന്നും യാതൊരു നികുതിയും പഞ്ചായത്തിന് ലഭിക്കുന്നില്ല. പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളേയും ഗ്രൂപ്പ് ഇൻഷൂറൻസ് പരിധിയിൽ കൊണ്ടുവരികയും എല്ലാ വിഭാഗങ്ങളുടേയും രജിസ്ട്രേഷൻ പഞ്ചായത്തിൽ ഏർപ്പെടുത്തുകയും ചെയ്താൽ ഇവരിൽ നിന്നും ഒരു നിശ്ചിത തുക പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ ലഭിക്കുന്നതാണ്. കച്ചവടക്കാരിൽ നിന്നും ലഭിക്കുന്ന തൊഴിൽ നികുതി ഇപ്പോൾ വളരെ കുറഞ്ഞതോതിലാണ്. അവരിൽ നിന്നും ശരിയായ വിറ്റുവരവ് ശേഖരിച്ച് നികുതി ചുമത്തേണ്ടതാണ്.

# വാഹനനികുതി

പഞ്ചായത്തിൽ ഇപ്പോൾ വാഹനനികുതി ചുമത്തുന്നില്ല. പഞ്ചായത്തിലെ സൈക്കുളുകൾക്ക് മാത്രം മുമ്പ് നികുതി ചുമത്തിയിരുന്നത്. അത് വളരെ തുച്ഛമായ തുകയായീയതിനാൽ പ്രസ്തുത നികുതി എടുത്തുകളഞ്ഞിരിന്നു. എന്നാൽ ഇപ്പോൾ ബസ്സ്സർവ്വീസ്, ട്രക്കർ സർവ്വീസ്, മുതലായവ നടത്തുന്നവർ പഞ്ചായത്തിൽ ധാരാളമുണ്ട്. പഞ്ചായത്തിലെ വാഹനയുടമകൾക്ക് പഞ്ചായത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുയും അവരിൽ നിന്നും ഒരു നിശ്ചിത തുക നികുതിയിനത്തിൽ പിരിച്ചെടുക്കാവുന്നതുമാണ്.

# വിനോദ നികുതി

പഞ്ചായത്തിൽ തിരുനാവായിലുള്ളൊരു സിനിമാ തീയേറ്റർ മാത്രമെയുള്ളു. ഇതിൽ നിന്നുള്ള വരവു മാത്രമെ വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നുള്ളു. ഇത് തന്നെ വളരെ കുറവുമാണ്. പട്ടർനടക്കാവ് കേന്ദ്രമായി ഒരു തീയേറ്റർ കൂടി ആരംഭിക്കുകയാണെങ്കിൽ ഈ ഇനത്തിലുള്ള വരവ് വർദ്ധിക്കുന്നതാണ്.

# വസ്തുനികുതി

പഞ്ചായത്തിൽ വസ്തുനികുതിപ്പിരിവ് നിലവിലില്ല. റവന്യു വകുപ്പ്പിരിച്ചെടുക്കുന്ന വസ്തു നികുതിയുടെ നിശ്ചിതശതമാനം മാത്രമെ പഞ്ചായത്തിന് ലഭിക്കുന്നുള്ളു. ഈ സ്ഥിതി മാറി

643

മുഴുവൻ തുകയും പഞ്ചായത്തിന് ലഭിക്കുന്നതിന് നടപടികളുണ്ടാകേണ്ടതാണ്. കൂടാതെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലുള്ള വരവിലും ചോർച്ചയുണ്ടാകുന്നു. ഈ സ്ഥിതിയും മാറേണ്ടതുണ്ട്.

## മണൽ

പഞ്ചായത്തിലെ താഴത്തറ, തിരുനാവായ ബന്തർ എന്നീ മൂന്ന് കടവുകളിലെ ഭാരതപ്പുഴ പുറമ്പോക്ക് സ്ഥലത്തുനിന്നുമാണ് ഇപ്പോൾ മണൽ ലേലം നടത്തി വരുന്നത്. തിരൂർതഹസിദാറാണ് ഇപ്പോൾ ലേലം നടത്തുന്നത്. ഈ അവസ്ഥമാറി ലേലം പഞ്ചായത്തിനെത്തന്നെ ഏൽപിക്കേണ്ടതാണ്.

### വാടക

പട്ടർനടക്കാവിലുള്ള പഞ്ചായത്ത് വകഷോപ്പിംഗ് കോംപ്ലക്സിൽ നിന്നാണ് വാടക ഇനത്തിൽ പഞ്ചായത്തിന് താരതമ്യേന കുറവായ നിരക്കിലുള്ള വരുമാനം ലഭിക്കുന്നത്. നിലവിലുള്ള ഷോപ്പിംങ് കോംപ്ലക്സിന്റെ മുകൾനില മുഴുവൻ ഉപയോഗ്യശൂന്യമായിക്കിടക്കുകയാണ്. ആയത് ഉടൻതന്നെ റിപ്പയർ നടത്തുകയാണെങ്കിൽ ഈ ഭാഗം നല്ലവാടക നിരക്കിൽ നൽകാവുന്നതാണ്. ഇപ്പോൾപണി പൂർത്തിയായിട്ടുള്ള മാർക്കറ്റ് കെട്ടിടങ്ങളിൽ നിന്നും നല്ല വാടക പ്രതീക്ഷിക്കാം. പട്ടർനടക്കാവിൽ പഞ്ചായത്ത് വകയിൽ ഇനിയും സ്ഥലം ബാക്കികിടക്കുന്നു. ആയതും വരുമാനം ലഭിക്കുന്ന രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. സ്വശ്രയ ഗ്രാമവികസന പദ്ധതിപ്രകാരം 1995-96 വർഷത്തേക്കുലഭിച്ച മാച്ചിംഗ് ഗ്രാന്റ് ഉപയോഗിച്ച് പട്ടർനടക്കാവിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികളായിട്ടുണ്ട്. കൂടാതെ എടക്കുളം മാർക്കറ്റിൽ ഉപാധിരഹിതനിധി ഉപയോഗിച്ച് മാർക്കറ്റ് കെട്ടിടം ഉയർന്നു വരുന്നു.

തിരുന്നാവായ ജംഗ്ഷന് സമീപം സൗജന്യമായി നിർമ്മിച്ച 25 സെന്റ് സ്ഥലത്ത് സംസ്ഥാനഗ്രാമവികസന ബോർഡിന്റെ ധനസഹായത്തോടെ ഏറ്റെടുത്ത ഷോപ്പിംഗ് കോംപ്ലക്സ്കംലോഡിജിന്റെ പണി ഏകദേശം പൂർത്തിയായി വരുന്നു. ഈ സ്ഥാപനത്തിൽ നിന്നും പഞ്ചായത്തിന് വാടകയിനത്തിൽ നല്ലൊരു തുക സ്വരൂപിക്കാനാവുന്നതാണ്. ഇതിനോടനുബന്ധിച്ച്തന്നെയുള്ള കമ്മ്യൂണിറ്റിഹാളിന്റെ പ്രവർത്തിയും മടന്നു വരുന്നു. ഇതിൽ നിന്നും ഭാവിയിൽ നല്ലൊരു വരുമാനം പഞ്ചായത്തിന് ലഭിക്കുന്നതാണ്.

പഞ്ചായത്ത് മേലിലും ഇത്തരം വരുമാനം ലഭിക്കാവുന്ന പ്രവൃത്തികൾ കൂടുതൽ ഏറ്റെടുക്കുന്നതിന് സമൂലശ്രദ്ധപതിക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രമുഖ കച്ചവടകേന്ദ്രങ്ങളും ഷോപ്പിംഗ് കോംപ്ലസുകളും നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്ക് പ്രോൽസാഹനം നൽകാവുന്നതും അവയിൽ നിന്നും നികുതിയിനത്തിൽ പഞ്ചായത്തിന് നല്ലൊരുതുക വസൂലാക്കാവുന്നതുമാണ്.

പഞ്ചായത്തിലെ പുറമ്പോക്കുകൾ അളന്നുതിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവ പഞ്ചായത്തിന് ലഭിച്ചാൽ ധാരാളം വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ കഴിയും.

തിരുന്നാവായ എടക്കുളം റോഡിൽ ചീർപ്പുകുണ്ട് എന്നസ്ഥലത്ത് നിലവിലുള്ള P.W.D പുറംവമ്പോക്ക് ഭൂമി പഞ്ചായത്തിന് വിട്ടുകിട്ടുന്നതിന് അപേക്ഷിച്ചിരിക്കുന്നു. ഇത് ലഭിക്കുകയാണെങ്കിൽ അവിടെ ബസ്സ്സ്റ്റാൻഡ് നിർമ്മിക്കുന്നതോടൊപ്പം തിരുന്നാവായ മുതൽ എടക്കുളം വരെയുള്ള സ്ഥലത്ത് കൂടുതൽ കച്ചവടസ്ഥാപനങ്ങളും വ്യവസായങ്ങളും വരാൻ സാധ്യതയുണ്ട്. പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്യും.

### ഗ്രാന്റുകൾ

മൈനർഇറിഗേഷൻ ഗ്രാന്റ്, വി.ആർ. എം ഗ്രാന്റ്, വെഹിക്കിൾ ടാക്സ്, കോമ്പൻസേഷൻ, ഉപാധിരഹിത നിധി, ജെ.ആർ.വൈ പദ്ധതിവിഹിതം, സ്വാശ്രയഗ്രാമവികസന പദ്ധതിപ്രകാരം ലഭിക്കുന്ന ഫണ്ട് എന്നിവയാണ് പഞ്ചായത്തിനിപ്പോൾ ല ിച്ചുവരുന്ന ഗ്രാന്റുകൾ. മൈനർഇറിഗേഷൻ ഗ്രാന്റിനത്തിലും പഞ്ചായത്തിന് ലഭിക്കുന്നത് തുച്ഛമായ തുകകളാണ്. അതേപോലെ തന്നെ വെഹിക്കിൾടാക്സ് കോമ്പൻസേഷൻ ഇന

ത്തിലും തുക വളരെ കുറച്ചുമാത്രമേ ലഭിക്കുന്നുള്ളു., ഗ്രാന്റുകൾ നൽകുന്ന രീതി പരിഷ്കരിക്കേണ്ടതും, പഞ്ചായത്തിന്റെ വിസ്തീർണ്ണം, ജനസംഖ്യാനുപാതം മുതലായവ കണക്കിലെടുക്കേണ്ടതുമാണ്.

## ടൂറിസം

തിരുന്നാവായ ടൂറിസ്റ്റ് കേന്ദ്രമാക്കുന്ന പരിപാടി കേരള സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതും ആയതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയുമാണ്. ടൂറിസം പരിപാടികളും നടപ്പായി വരുമ്പോൾ അവയിൽ നിന്നും പഞ്ചായത്തിന് നല്ലൊരു വരുമാനം ല ിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

## ധനകാര്യ സ്ഥാപനങ്ങൾ

സൗത്ത് മലബാർ ഗ്രാമീൺബാങ്ക്, തിരുന്നാവായ സൗത്ത് ഇൻഡ്യൻ ബാങ്ക്, എടക്കുളം, തിരൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, പട്ടർനടക്കാവ്, അനനന്താവൂർ സർവ്വീസ് സഹകരണബാങ്ക് തിരുനാവാ സർവ്വീസ്. സഹകരണബാങ്ക് എന്നീ സ്വകാര്യ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത്.. കൂടാത കൊടക്കല്ലിൽ തിരുന്നാവായ പഞ്ചായത്ത് ഹരിജൻ വെൽഫയർ സൊസൈറ്റിയും പ്രവർത്തിച്ചു വരുന്നു. വികസന പ്രക്രിയയിൽ സജീവമായ പങ്കാളിത്വം ഉറപ്പു വരുത്തുന്നതിന് വിവിധ തലങ്ങളിൽ വിവിധ ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് ആസൂത്രിതമായ ഒരു സമീപനം ഈ ധനകാര്യ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കേണ്ടതാണ്. ബാങ്ക് വായ്പകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നതായിരിക്കണം മുഖ്യ ലക്ഷ്യം. പഞ്ചായത്ത് സമിതികളും ബാങ്കുകളും തമ്മിലുള്ള ബന്ധം ശക്തമാക്കണം. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ബാങ്കധികാരികളെ വിളിച്ചുചേർത്ത് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ചർച്ച നടത്തണം. ഒമ്പതാം പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ബാങ്കുകൾ തയ്യാറാക്കുന്ന ക്രെഡിറ്റ് പ്ലാനുകളെ ഇതുമായി ബന്ധപ്പെടുത്തണം.

സർവ്വീസ് ഏരിയാ വാർഡുകൾ ഓരോ ബങ്കിലും ഒരു പഞ്ചായത്തിലെ അടുത്തടുത്ത വാർഡുകൾ ആകുന്നതാണ് നല്ലത്. കാർഷിക രംഗത്തെ ഉൽപാദനവർദ്ധനവ് ലക്ഷ്യമാക്കിയാവണം വായ്പകൾ നൽകേണ്ടത്. ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ആധുനികകൃഷിഉപകരണങ്ങളുടെ ഉപയോഗം ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ജൈവവളത്തിന്റെ വ്യാപനം തുടങ്ങിയവക്കെല്ലാം ബാങ്ക് വായ്പ ഉപയോഗപ്പെടുത്തേണ്ടതാണ്. കാർഷികവ്യാവസായിക വളർച്ചക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിന് പഞ്ചായത്ത് സമിതികൾക്ക് ബാങ്കുകളെ സമീപിക്കാൻ കഴിയേണ്ടതാണ്. കാർഷികവ്യാവസായിക രംഗങ്ങളിൽ കൃഷിവകുപ്പ്, ബാങ്കുകൾ എന്നിവയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ചെറുകിട വായ്പകൾക്കുള്ള ബാങ്ക് വായ്പ ല ിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മിക്ക ബാങ്കുകളിലും സങ്കീർണ്ണമാണ്. ഇടക്കിടെ ബാങ്കുകളിൽ വരുന്ന വായ്പാ നിയന്ത്രണം ആവശ്യക്കാരന് ആവശ്യമായ സമയത്ത് ലോൺ ല ിക്കുന്നതിന് തടസ്സമുണ്ടാക്കുന്നു. ഐ.ആർ.ഡി.പി., പി.എം.ആർ.വൈ, എൻ.ആർ.വൈ തുടങ്ങിയ ദാരിദ്രനിർമ്മാജ്ജനപദ്ദതികളും തൊഴിൽദാന പദ്ധതികളും വിജയിക്കുന്നതിന് ബാങ്കുകൾ അടിയന്തിര ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## സന്നദ്ധപ്രവർത്തനം

പഞ്ചയത്തിന്റെ ആകെ ചിലവിന്റെ പകുതിയിലതികവും പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് വന്നത്. ഇവയിൽതന്നെ കൂടുതലും റോഡ് റിപ്പയർ പ്രവർത്തികളാണ്. ഈ അവസ്ഥ മാറ്റിക്കിട്ടുന്നതിന് സന്നദ്ധപ്രവർത്തകർ മുന്നിട്ടിറങ്ങേണ്ടത് വളരെ അത്യാവശ്യമായിരിക്കുന്നു. ഇപ്പോൾ 5000 രൂപ എസ്റ്റിമേറ്റിൽ ഏറ്റെടുത്ത പ്രവർത്തികൾ പലതും ഒരുപകാരവുംമില്ലാതെ വരുന്നഅവസ്ഥയാണ്. ഇത്തരം ചെറിയ പ്രവർത്തികൾ ഇനിയും പഞ്ചായത്ത് കരാർ നൽകാതെ സന്നദ്ധപ്രവർത്തനത്തിലൂടെ നടത്തുകയാണെങ്കിൽ നല്ലൊരു പങ്ക് മറ്റ് വികസന പ്രവർത്തനങ്ങൾക്കായി പ്രവയോജനപ്പെടുത്താൻ കഴിയും. ചില ഗ്രാമ സ കളിൽ നിന്നും ഇത്തരത്തിലുള്ള സന്നദ്ധപ്രവർത്തനങ്ങൾക്ക് തയ്യാറായിക്കൊണ്ട് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ആ പങ്ക് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുമ്പോൾ പ്രാധാന്യം കൊടുക്കേണ്ടതാണ്.

പുറം വരുമാനം ഗൾഫ്, അന്യസംസ്ഥാനങ്ങൾപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജോലി

യെടുക്കുന്നവർ ഉണ്ട്. ഇത് പല കുടുംബങ്ങൾക്കും നല്ല നിലയിൽ കഴിയുവാൻ അവസരമൊരുക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ സമ്പത്ത്വ്യവസ്ഥയിൽ ഇത് വലിയ സ്വാധീനമൊന്നും വരുത്തിയിട്ടില്ല. ഗൾഫ് വരുമാനം ഉല്പാദന മേഖലയിൽ നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ ഗൾഫ്മേഖലയിലെ ജോലിക്കാരെല്ലാം അവരുടെ വരുമാനം പഞ്ചായത്ത് അതിർത്തിയിലുള്ള ധനകാര്യസ്ഥാപനങ്ങളിൽ തന്നെ നിക്ഷേപിക്കുകയും അവയുടെ സഹായങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകേണ്ടതുമാണ്.

## പ്രകൃതി വിഭവങ്ങൾ പ്രയോജനപ്പെടുത്തൽ

പഞ്ചായത്തിൽ ലഭിക്കുന്ന വിഭവങ്ങൾക്ക് ഇവിടെത്തന്നെ മാർക്കറ്റ് തണ്ടെത്തുക എന്നുള്ളത് വളരെ അത്യാവശ്യമാണ്. പട്ടർനടക്കാവ് കേന്ദ്രം ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിൽ ഇപ്പോൾ ലഭിച്ചു വരുന്ന നാളികേരം, അടക്ക തുടങ്ങിയവക്കെല്ലാം ഇപ്പോൾപുറം സ്ഥലങ്ങളിൽ വിപണി കണ്ടെത്തേണ്ട അവസ്ഥയാണുള്ളത്. കൂടാതെ [illegible] ഉപയോഗിച്ച് എണ്ണയാട്ടുമിൽ, ചകുരി ഉപയോഗിച്ചുള്ള കയർ ഫാക്ടറി എന്നിവ സ്വകാര്യമേഖലയിൽ ആരംഭിക്കുന്നതിന് പ്രോൽസാഹനം നൽകാവുന്നതാണ്.

## നാഷണൽ സേവിംഗ് സ്കീം

മഹിളാ പ്രധാൻ ഏജന്റുമാർമുഖേന , പഞ്ചായത്ത് ഭരണസമിതിയും, അയൽക്കൂട്ടങ്ങളും ഉൾപ്പെട്ടുകൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യ നിക്ഷേപം ഇന്ദിരാഗാന്ധിവികാസ് പത്ര മുഖേന സ്ഥാപിച്ചാൽ അത് പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗമായിത്തീരും.

## ചെലവുകൾ

തിരുന്നാവായ ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ വന്നിട്ടുള്ള മൊത്തം ചെലവിൽ 5834 ശതമാനത്തോളം തുകയും പൊതുമരാമത്ത് പ്രവർത്തികൾക്കാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ 2.57% ശുദ്ധജലവിതരണത്തിനും 3.51 % ആരോഗ്യ, പരിസര ശുചീകരണത്തിനും 0.30% വിദ്യാ ്യാസത്തിനും ചെലവഴിച്ചിട്ടുണ്ട്. 22. 96% തുകയാണ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇനിയും കൂടിവരികയല്ലാതെ ഒരിക്കലും കുറവ്വരാൻ സാധ്യതയുമില്ല. പൊതുമരാമത്ത് പ്രവൃത്തികൾക്കായി ചെലവ് കുറച്ചുകൊണ്ടുവരേണ്ടത് ആത്യാവശ്യമാണ്. ഇതിനായി സന്നദ്ധപ്രവർത്തകരുടെ കായിക ശക്തി ഉപയോഗിച്ചും മറ്റും സ്വരൂപിക്കാവുന്നതാണ്. മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് കൂടുതൽ പ്രത്യുൽപാദനപരമായപ്രവൃത്തികൾക്കായി മാറ്റേണ്ടതാണ്. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്ക് മുൻഗണനനൽകി ആയവനടപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്. പഞ്ചായത്തിന്റെ വിഭവചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണ്. പഞ്ചായത്ത റോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ആറോഡുകൾക്കിരുവശവുമുള്ള കുടുംബങ്ങൾക്കയിരിക്കണം. മഴക്കാലം തുടങ്ങുന്നതിന് മുമ്പായി റോഡുകളിലുള്ള കാവാച്ചാലുകൾ സന്നദ്ധ പ്രവർത്തനം വഴി ഉണ്ടാക്കിയാൽ റോഡുകൾ തോടുകളായി മാറുന്നത് ഒഴിവാക്കാം.

## മനുഷ്യദ്ധ്വാനം

തിരുന്നാവായ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളവും മനുഷ്യവിഭവം തന്നെയാണ് പ്രധാനം. പലഗ്രാമങ്ങളിൽ നിന്നും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യുന്നതിനുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്. രാഷ്ട്രീയ, സാംസ്കാരിക സന്നദ്ധസംഘടന പ്രവർത്തനങ്ങൾ ജാതിമതചിന്തകൾ വെടിഞ്ഞുകൊണ്ട് തങ്ങളുടെ പഞ്ചായത്തിന്റെ വികസനത്തിന് തന്റേതായ പങ്ക് എന്ന നിലക്ക്തന്നെ അദ്ധ്വാനം സംഭാവന ചെയ്യാൻ തയ്യാറായി എന്നത് എന്തുകൊണ്ടും മഹത്തരമാണ്. കാർഷിക മേഖലയുടെ അഭിവൃദ്ധി ഗതാഗത മേഖലയുടെ വികസനത്തിനുമാണ് ഏറിയപങ്കും ജനങ്ങൾ തയ്യാറായിട്ടുള്ളത്.

വളരെയധികം നല്ലനിലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളും പ്രവർത്തകരും നമുക്കുണ്ട്. അതുപോലെ എല്ലാവിധ സന്നദ്ധ സംഘടനകൾക്കും തിരുന്നാവായ പഞ്ചായത്തിൽ സ്വാധീനമുണ്ട്. ഇങ്ങനെയുള്ള സംഘടനകളുടെ സഹകരണം ഈ മേഖലയിൽ വമ്പിച്ചൊരു മുന്നേറ്റത്തിന് സാദ്ധ്യതകൾ കാണുന്നു.



6

# ഉപസംഹാരം

ഇന്നു നാം അനുഭവിച്ചുപോരുന്ന മൂലധന ദാരിദ്രവും. വേണ്ടത്ര മനുഷ്യശേഷിയും. പ്രകൃതിവിഭവങ്ങളുമുള്ള നമ്മുടെ നാട്ടിൽ വികേന്ദ്രീകരണത്തിലുള്ള ഉൽപാദന വിപണന സമ്പ്രദായത്തിലൂടെ മാത്രമെ മുമ്പ് പ്രതിപാദിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുകയുള്ളൂ. വികേന്ദ്രീകരണം മൂലം നാടിന്റെ മുതൽകൂട്ടായ സാംസ്കാരിക വൈരുദ്ധ്യവും കരകൗശല വിദ്യകളും തൊഴിലാളികളുടെ സർഗ്ഗശേഷിയും പോഷിപ്പിക്കുന്നതിന് കാരണമാകുന്നു. കേന്ദ്രീകരണ ഉല്പാദന വിപണനപ്രക്രിയയുടെ ഉപോൽപന്നമായ രാഷ്ട്രീയാധികാരം കേന്ദ്രീകരണത്തെ ഇല്ലാതാക്കാൻ ഇതുമൂലം കഴിയും. പ്രധാനമായും മനുഷ്യശേഷിയുടെ അടിസ്ഥാനത്തിലുള്ള ഉൽപാദന പ്രക്രിയയാകുമ്പോൾ വിലയുടെ വലിയൊരു ഭാഗം കൂലിയായി തൊഴിലാളികൾക്ക് ലഭിക്കുന്നു. അങ്ങനെ കൂടുതൽ പേർക്ക് ക്രിയാശേഷി വർദ്ധിപ്പിക്കുന്നു. ആവശ്യങ്ങൾ കൂടുന്നതിനനുസരിച്ച് ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയും. കൂടുതൽപേർക്ക് അത് തൊഴിലവസരവും നൽകും.

റോഡും പാലവുംകുടിവെള്ളവുമായാൽ വികസനമായി എന്നുള്ള അശാസ്ത്രീയവും ജനവിരുദ്ധവുമായ വികസന സമീപനം തിരുത്തേണ്ട കാലം ആതിക്രമിച്ചിരിക്കുന്നു. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവന മേഖല വികസിപ്പിക്കുന്നതിന് മുൻഗണനനൽകുകയാണ് ഇന്നാവശ്യമായി വന്നിട്ടുള്ളത്. ഡിപ്പാർട്ട്മെന്റുകളുടെ വികസനേതര താൽപര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നിലമാറി സാർവ്വത്രികമായ അഴിമതിയിൽ നിന്നും വികസന രംഗത്തെ മോചിപ്പിച്ച്ജനപങ്കാളിത്തത്തോടെയുള്ള ഊർജ്ജസ്വലമായ വികസന പ്രക്രിയ രൂപപ്പെടുത്തണം.

മൂലധനമില്ലാതെ വികസനം സാധ്യമല്ലാത്തതിനാൽ ആവശ്യമായ വിഭവസമാഹരണത്തിന് പുതിയ പദ്ധതികൾ രൂപപ്പെടുത്തിയേതീരൂ. പദ്ധതികൾ നടപ്പാക്കുമ്പോൾ വസ്തുനിഷ്ടമായ സമീപനം കൈകൊള്ളണം.

സാമൂഹ്യരാഷ്ട്രീയ രംഗത്തുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രശ്നങ്ങൾ വസ്തുനിഷ്ഠമായും തെളിവിന്റെ അടിസ്ഥാനത്തിലും വിശകലനം ചെയ്യേണ്ടതാണ്. അങ്ങിനെയായാൽ തർക്കങ്ങൾ ഇല്ലാതാകുകയും ഐക്യം വളർന്നുവരികയുംചെയ്യും. ജനകീയവും കാര്യക്ഷമവു

മായ മാനദണ്ഡങ്ങളെ ആധാരമാക്കിക്കൊണ്ട് മുൻഗണനകൾ നിർണ്ണയിക്കേണ്ടതും അതുപ്രകാരം പദ്ധതികൾ നടപ്പിലാക്കാൻ നാം ശ്രമിക്കുകയും വേണം. ആസൂത്രണം അർത്ഥവത്താകുന്നത് തന്നെ വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

സ്വന്തം പ്രദേശത്തിന്റെ വിഭവ സാധ്യതകളും വികസന പ്രശ്നങ്ങളും സ്വയം പഠിക്കുകയും അവക്കുള്ള പരിഹാര നടപടികൾ സ്വയം നിർണ്ണയിക്കുന്നതിന് ഓരോ ഗ്രാമീണനേയും പ്രാപ്തനാക്കുക എന്ന സ്വാശ്രയത്തിന്റെ അടിസ്ഥാന ലക്ഷ്യം നേടുന്നതിലേക്ക് ജനകീയ ആസൂത്രണ പ്രസ്ഥാനം നമ്മെ നയിക്കുന്നു. അതുകൊണ്ട് തന്നെ സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിൽ ഈ രീതിക്ക് വലിയ പ്രാധാന്യമുണ്ട്. പ്രകൃതി വിഭവങ്ങളും ജനവിഭാങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടും ചരിത്രപരമായ സാഹചര്യങ്ങളെ വിശകലനം ചെയ്തുകൊണ്ടും പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തി എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളാക്കിയും പദ്ധതികളാക്കിയും രൂപപ്പെടുത്തുവാൻ വിദഗ്ദസമിതികളെ ഏല്പിക്കാവുന്നതാണ്. സർക്കാരേതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കുകയും അവരുടെ നിബന്ധനകൾ പഠിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിന് അതാത് വിഷയങ്ങളിലെ വിദഗ്ദ സംഘത്തെ ഏല്പിക്കുകയും വേണം.

ഒൻപതാം പഞ്ചവൽസര പദ്ധതിയുടെ 40% പദ്ധതിവിഹിതം പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് നൽകുമെന്ന് സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്. ഇത് കഴിഞ്ഞകാലങ്ങളിലെ സാമ്പത്തിക നിലയേക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാകും. ഒൻപതാം പദ്ധതി വിഹിതമായ 14800 കോടിയുടെ 40 ശതമാനമായ 5920 കോടിയിൽ 2960 കോടി ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പം 25 ശതമാനം മനുഷ്യ വിഭവശേഷികൂടി പ്രയോജനപ്പെടുത്തുമ്പോൾ പ്രതിവർഷം ഏകദേശം 80 ലക്ഷം രൂപയിൽ കുറയാതെയുള്ള തുക നമ്മുടെ പഞ്ചായത്തിന് ലഭിക്കും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നാം പുതിയ പദ്ധതികൾക്ക് രൂപം നൽകേണ്ടത്. ഇത് നമ്മുടെ ഗ്രാമത്തിന്റെ വികസനരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് വഴിതെളിക്കുകയും ചെയ്യും. ആസൂത്രണം അടിത്തട്ടിൽ നിന്നും മേൽതട്ടിലേക്ക് ആകുമ്പോഴുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പംഈ വികസന മുന്നേറ്റം നമുക്ക് കൈവരിക്കാനാകും. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദമേഖലയല്ലെന്നും, മറിച്ച് ജനോപകാര പ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമമായി നടപ്പിലാക്കാനുള്ള സാമൂഹ്യ ആയുധമാണെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നാം ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ഈ വികസനരേഖ പൂർണ്ണമാണെന്ന് നമുക്ക് അവകാശപ്പെടാൻ കഴിയില്ല. സെമിനാറിൽ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഇതിൽ ഇനിയും ചർച്ച നടത്തേണ്ടതായിട്ടുണ്ട്. ആ ചർച്ചയിലെ നിർദ്ദേശങ്ങളും നമുക്ക് ഇതിനോടനുബന്ധമായി ചേർക്കേണ്ടതുണ്ട്. അതുകൊണ്ട്തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ സമ്പുഷ്ടമാക്കി കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തേണ്ടിയിരിക്കുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി, ജനത ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽ നിന്നുയർന്നുവരും. അത് നമ്മുടെ ഗ്രാമവികസനത്തിൽ വലിലൊയൊരു വേലിയേറ്റം സൃഷ്ടിക്കും. മഹാത്മാ ഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സങ്കൽപത്തിലേക്ക് ചെറിയൊരളവോളം നമുക്കിതിനെ കണക്കാക്കാം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ പഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമഗ്രമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനുമായി സമർപ്പിച്ചുകൊള്ളുന്നു.

648

തിരുനാവായ ഗ്രാമ പഞ്ചായത്ത്

(സ്പെഷ്യൽ ഗ്രേഡ്)




PRAHELIKA PRINTING PRESS
B.P. ANGADI, TIRUR-676 102
Phone: 24173